# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

2022 ജൂൺ 30, വ്യാഴം

# ഔദ്യോഗിക റിപ്പോർട്ട്


വാല്യം 188 – നമ്പർ 3

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

2022 ജൂൺ 30, വ്യാഴം

സ്പീക്കർ
ശ്രീ. എം. ബി. രാജേഷ്

ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. ചിറ്റയം ഗോപകുമാർ

സെക്രട്ടറി-ഇൻ-ചാർജ്ജ്
ശ്രീമതി കവിത ഉണ്ണിത്താൻ

ചീഫ് എഡിറ്റർ
ശ്രീമതി എസ്. ജയശ്രീ

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം,മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി | : ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : ശ്രീമതി ജെ. ചിഞ്ചുറാണി |
| തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി | : ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി | : ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. പി. പ്രസാദ് |
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : ശ്രീ. പി. രാജീവ് |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി | : ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി | : ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി | : ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി | : ശ്രീമതി വീണാ ജോർജ് |

## ഉള്ളടക്കം


**I. ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ
   (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ
   (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

**II. അടിയന്തരപ്രമേയം**

ഇക്കോ സെൻസിറ്റീവ് സോൺ

(അവതരണാനുമതി നിഷേധിച്ചു.)

**III. ശ്രദ്ധ ക്ഷണിക്കൽ**

1. എസ്.എസ്.എൽ.സി. പരീക്ഷ ജയിച്ചവർക്ക് തുടർപഠനം ഉറപ്പാക്കൽ
   --ശ്രീ. കെ. എം. സച്ചിൻദേവ്

2. അങ്കണവാടി ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ
   -- ഡോ. മാത്യു കുഴൽനാടൻ

**IV. സബ്മിഷൻ**

(1) ചവറ പ്രകൃതിവാതക സംഭരണ കേന്ദ്രം
   --ഡോ. സുജിത് വിജയൻപിള്ള

(2) പെരിന്തൽമണ്ണയിലെ എസ്.സി. കോളനി നിവാസികൾക്ക് ആധാരവും പട്ടയവും
   --ശ്രീ. നജീബ് കാന്തപുരം

(3) എയ്ഡഡ് മേഖലയിൽ ഭിന്നശേഷിക്കാർക്ക് സംവരണം
   -- ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്)

(4) കലശമല ഇക്കോടൂറിസം പദ്ധതി
   --ശ്രീ. എ. സി. മൊയ്തീൻ

(5) ഈസ്റ്റ് ടിപ്പുസുൽത്താൻ റോഡ് നിർമ്മാണം

--ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

(6) ആറളം ഫാം ഹയർസെക്കണ്ടറി സ്കൂളിലെ അദ്ധ്യാപക തസ്തികകൾ

--ശ്രീ. സണ്ണി ജോസഫ്

(7) കുറത്തിക്കാട് കുടിവെള്ള പദ്ധതി

--ശ്രീ. എം. എസ്. അരുൺ കുമാർ

(8) ഗുരുവായൂർ സ്വീവേജ് പദ്ധതി

--ശ്രീ. എൻ. കെ. അക്ബർ

(9) കരുനാഗപ്പള്ളി കേരള ഫീഡ്സ് പ്ലാന്റിലെ ജീവനക്കാരുടെ ആവശ്യങ്ങൾ

--ശ്രീ. സി. ആർ. മഹേഷ്

(10) ചൂരുപാറ മേഖലയിലെ കൈവശഭൂമിക്ക് പട്ടയം

--ശ്രീ. കെ. ഡി. പ്രസേനൻ

## V. റൂളിംഗ്

28-06-2022-ന് ശ്രീ. മാത്യു ടി. തോമസ് ഉന്നയിച്ച ക്രമപ്രശ്നത്തിന്മേലുള്ള റൂളിംഗ്

## VI. ധനകാര്യം

2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ XXXVII- വ്യവസായങ്ങൾ

ധനാഭ്യർത്ഥന നമ്പർ XXXIX- വൈദ്യുത പദ്ധതികൾ

## VII. തിരുത്ത്

ധനകാര്യം-തുടർച്ച

## VIII. അറിയിപ്പ്

സന്തോഷ് ട്രോഫി ജേതാക്കൾക്ക് അനുമോദനം

## അനുബന്ധം I, II, III

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

2022 ജൂൺ 30, വ്യാഴം


---

വാല്യം 188} ഔദ്യോഗിക റിപ്പോർട്ട് {നമ്പർ 3

---


നിയമസഭ 2022 ജൂൺ മാസം 30-ാം തീയതി വ്യാഴാഴ്ച രാവിലെ 09.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ... ഓർഡർ... ചോദ്യം നമ്പർ (*61)

### മത്സ്യത്തൊഴിലാളികൾക്ക് വില നിർണ്ണയ അവകാശം

1 (*61) ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. എച്ച്. സലാം:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിച്ച് ആപേക്ഷിക പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് നടത്തുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(ബി) ഇടത്തട്ടുകാരെ ഒഴിവാക്കി വില നിർണ്ണയത്തിന് മത്സ്യത്തൊഴിലാളികൾക്ക് അവകാശം നൽകുന്ന നിയമം കാര്യക്ഷമമായി നടപ്പിലാക്കാൻ വേണ്ട ഇടപെടൽ നടത്തുന്നുണ്ടോ; വിശദമാക്കാമോ;

(സി) പരമ്പരാഗത മത്സ്യത്തൊഴിലാളികളെ മത്സ്യബന്ധന യാനങ്ങളുടെയും ഉപകരണങ്ങളുടെയും ഉടമസ്ഥരാക്കുന്നതിനുള്ള പദ്ധതികളെക്കുറിച്ച് അറിയിക്കാമോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) : സർ,

(എ) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിച്ച് ആപേക്ഷിക പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് സാഫ്, മത്സ്യഫെഡ്, മത്സ്യബോർഡ്, ഫിഷറീസ് വകുപ്പ് എന്നിവ മുഖേന നടപ്പാക്കുന്ന പ്രധാന പ്രവർത്തനങ്ങൾ അനുബന്ധം 1+ ആയി ചേർക്കുന്നു. വിശദാംശങ്ങൾ മേശപ്പുറത്തുവയ്ക്കുന്നു

മത്സ്യസംഭരണവും ലേലവും വിപണനവും നിയന്ത്രിക്കുന്നതിനും വ്യവസ്ഥാപിതവും ശുചിത്വപൂർണ്ണവും കാര്യക്ഷമമവുമായ ലേലവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനും ഗുണനിലവാരം പരിപാലിക്കുന്നതിനും അവയുമായി ബന്ധപ്പെട്ടതോ അതിന് ആനുഷാംഗികമായ മറ്റ് കാര്യങ്ങൾക്കുംവേണ്ടി കേരള മത്സ്യസംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും നിയമം 2021-ൽ നിലവിൽ വന്നിട്ടുണ്ട്.

(ബി) പ്രസ്തുത നിയമം നടപ്പിലാക്കുന്നതിലൂടെ ഇടത്തട്ടുകാരെ ഒഴിവാക്കി മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിന് ന്യായമായ വില

+ അനുബന്ധമായി ചേർത്തിട്ടുണ്ട്

ഉറപ്പാക്കുന്നതിനും ഇടത്തട്ടുകാരുടെ ചൂഷണത്തിൽനിന്നും മുക്തമാക്കുന്നതിനും സഹായകമാകുന്നതാണ്.

(സി) പരമ്പരാഗത മത്സ്യത്തൊഴിലാളികളെ മത്സ്യബന്ധന യാനങ്ങളുടെയും ഉപകരണങ്ങളുടെയും ഉടമസ്ഥരാക്കുന്നതിനുള്ള വിവിധ പദ്ധതികൾ അനുബന്ധം II+ ആയി ചേർക്കുന്നു.

<u>ശ്രീമതി ഒ. എസ്. അംബിക</u>: സർ, സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിച്ച് ആപേക്ഷിക പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് നടത്തുന്ന പ്രധാന പ്രവർത്തനങ്ങളെന്തെല്ലാമാണ്?

<u>ശ്രീ. സജി ചെറിയാൻ</u>: സർ, കടലിൽ മത്സ്യസമ്പത്ത് ക്രമാതീതമായി കുറഞ്ഞുകൊണ്ടിരിക്കുന്ന അവസ്ഥയ്ക്ക് പരിഹാരം കാണുന്നതിന് സർക്കാർ നിരവധി നടപടികൾ സ്വീകരിക്കുന്നുണ്ട്. കടലിന്റെ അടിത്തട്ടിൽ കൃത്രിമ ആവാസവ്യവസ്ഥ സൃഷ്ടിച്ച് മത്സ്യലഭ്യത വർദ്ധിപ്പിക്കുന്നതിന് കൃത്രിമപ്പാരുകൾ നിർമ്മിച്ച് നിക്ഷേപിക്കുന്ന പദ്ധതി നടപ്പാക്കിവരുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ പുല്ലുവിള, തുമ്പ, പുതുക്കുറിച്ചി, കൊച്ചുതുറ, പൂന്തുറ, ബീമാപ്പള്ളി, വലിയതുറ, പൂവാർ, പുതിയതുറ എന്നീ

\+ അനുബന്ധമായി ചേർത്തിട്ടുണ്ട്

ഗ്രാമങ്ങളിലെ തീരക്കടലിൽ 2730 കൃത്രിമപ്പാരുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിനുപുറമെ വിഴിഞ്ഞം പുനരധിവാസ പദ്ധതിയിലുൾപ്പെടുത്തി തെരഞ്ഞെടുത്ത മത്സ്യഗ്രാമങ്ങളായ കൊല്ലംകോട്, പരുത്തിയൂർ, വലിയതുറ, കൊച്ചുതുറ, പുതിയതുറ, പള്ളം, അടിമലത്തുറ എന്നിവിടങ്ങളിലായി ഇപ്പോൾ 1400 കൃത്രിമപ്പാരുകൾ സ്ഥാപിച്ചിട്ടുണ്ട്. കൃത്രിമപ്പാരുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി ആവാസ വ്യവസ്ഥയിൽ ആവശ്യമായ മാറ്റംവരുത്തി മത്സ്യസമ്പത്ത് ക്രമേണ വർദ്ധിക്കുന്ന സാഹചര്യം സൃഷ്ടിച്ചിട്ടുണ്ട്.

ശ്രീമതി ഒ. എസ്. അംബിക: സർ, കടൽ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിന് കടലിന്റെ അടിത്തട്ടിൽ കൃത്രിമ ആവാസവ്യവസ്ഥ സൃഷ്ടിക്കുന്ന പദ്ധതി നിലവിലുണ്ടോ?

ശ്രീ. സജി ചെറിയാൻ: സർ, ആദ്യത്തെ ചോദ്യത്തിന് മറുപടിയായി ആ പദ്ധതിയെ സംബന്ധിച്ചാണ് വിശദീകരിച്ചത്.

ശ്രീ. എച്ച്. സലാം: സർ, മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് എം.ബി.ബി.എസ്. ഉൾപ്പെടെയുള്ള പ്രൊഫഷണൽ കോഴ്സുകൾക്ക് അഡ്മിഷൻ ലഭിക്കുന്നതിന് സഹായകമായ വിദ്യാതീരം പദ്ധതിപ്രകാരം

പരിശീലനം ലഭിച്ച എത്രപേർക്ക് എം.ബി.ബി.എസ്. പ്രവേശനം ലഭിച്ചിട്ടുണ്ട്. ഈ പദ്ധതി വിപുലപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, ഒന്നും രണ്ടും പിണറായി ഗവൺമെന്റുകളുടെ കേരളത്തിലെ ഏറ്റവും വലിയ നേട്ടങ്ങളിലൊന്നാണ് വിദ്യാതീരം പദ്ധതി. ഒരു കാലത്തും ആരും ശ്രദ്ധിക്കാതിരുന്ന തീരദേശമേഖലയിലെ മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസത്തിനുവേണ്ടി പിണറായി ഗവണ്മെന്റ് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അനുബന്ധം-1-ലും അനുബന്ധം-2 ലുമായി അക്കാര്യങ്ങൾ വിശദീകരിച്ചിട്ടുണ്ട്. 57 ഫിഷറീസ് സ്കൂളുകൾക്ക് പുതിയ കെട്ടിടം നിർമ്മിച്ചതിൽ 22 എണ്ണത്തിന്റെ ഉദ്ഘാടനം കഴിഞ്ഞു. ഈ പദ്ധതി പ്രകാരം എൻട്രൻസ് കോച്ചിംഗ് നൽകിയ 421 കുട്ടികളിൽ 54 പേർക്ക് എം.ബി.ബി.എസ്.-നും 40 പേർക്ക് BDS (Bachelor of Dental Surgery), BAMS (Bachelor of Ayurvedic Medicine and Surgery), BHMS (Bachelor of Homeopathic Medicine and Surgery), B.V.Sc (Bachelor in Veterinary Science) എന്നീ കോഴ്സുകൾക്കും 55 പേർക്ക് ഇതര

പ്രൊഫഷണൽ കോഴ്സുകൾക്കും പ്രവേശനം ലഭിച്ചിട്ടുണ്ട്. ഇതുകൂടാതെ മത്സ്യത്തൊഴിലാളികളുടെ മക്കൾ താൽപ്പര്യപ്പെടുന്ന ഏത് പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്നതിനും ആവശ്യമായ എല്ലാ സഹായവും സംസ്ഥാന ഗവൺമെന്റ് ഉറപ്പുനൽകിയിട്ടുണ്ട്.

ഡോ. സുജിത് വിജയൻപിള്ള: സർ, അടിക്കടിയുണ്ടാകുന്ന പ്രകൃതിക്ഷോഭങ്ങൾ മത്സ്യബന്ധനമേഖലയിൽ വലിയ പ്രതിസന്ധി സൃഷ്ടിച്ചിരിക്കുന്നു. മത്സ്യലഭ്യത കുറയുന്നതോടൊപ്പം തൊഴിൽ ദിനങ്ങളും കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ഇത്തരുണത്തിൽ മത്സ്യത്തൊഴിലാളികളുടെ യാനങ്ങൾക്ക് സുരക്ഷ ഉറപ്പാക്കാൻ എന്തെല്ലാം പദ്ധതികളാണ് വിഭാവന ചെയ്തിട്ടുള്ളത്; പരമ്പരാഗത മേഖലയിലെ മത്സ്യത്തൊഴിലാളികൾക്ക് ഇൻഷ്വറൻസ് കമ്പനികൾ യാനങ്ങൾക്ക് പ്രീമിയമായി ആവശ്യപ്പെടുന്ന ഭീമമായ തുക അടയ്ക്കാൻ സാധിക്കുന്നില്ല. ഇവർക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിന് ഒരു ഗ്രൂപ്പ് ഇൻഷ്വറൻസ് പ്ലാൻ ചെയ്യുമോ?

ശ്രീ. സജി ചെറിയാൻ: സർ, ഈ മേഖലയിൽ ഗവൺമെന്റ് നല്ല ഇടപെടലാണ് നടത്തുന്നത്. 2018-19 വർഷം മുതലാണ് പരമ്പരാഗത യാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നടപ്പാക്കിയത്. ഇൻഷ്വർ ചെയ്യുന്ന

തുകയുടെ 1.3 ശതമാനമാണ് പ്രീമിയം തുക. ഇതിന്റെ 90 ശതമാനവും സർക്കാരാണ് അടയ്ക്കുന്നത്. 10 ശതമാനം മാത്രമാണ് ഗുണഭോക്തൃവിഹിതം. ഈ വർഷംമാത്രം 2758 മത്സ്യബന്ധനയാനങ്ങൾക്കും എൻജിനും ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് മൊത്തം 34064 പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ പതിനാലായിരത്തോളം യാനങ്ങൾ പത്തുവർഷത്തിൽതാഴെ കാലപ്പഴക്കമുള്ളവയാണ്. എല്ലാ പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്കും ഇൻഷ്വറൻസ് ഏർപ്പെടുത്തുകയെന്നതാണ് ഗവൺമെന്റ് നയം. വകുപ്പ് ഇതിനാവശ്യമായ ബോധവൽക്കരണം നടത്തുന്നുണ്ട്. ഇക്കാര്യത്തിന് എം.എൽ.എ.-മാരുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേതടക്കമുള്ള എല്ലാ ജനപ്രതിനിധികളുടെയും പിന്തുണ ആവശ്യമാണ്. ഇൻഷ്വർ ചെയ്യാത്ത യാനങ്ങളിൽ പോകുന്ന മത്സ്യത്തൊഴിലാളികൾക്ക് കടലിൽവച്ച് അപകടമുണ്ടാകുമ്പോൾ നഷ്ടപരിഹാരം ലഭ്യമാക്കാൻ സാധിക്കുന്നില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം കടലിൽവച്ച് മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങളെ സഹായിക്കുന്നതിനുവേണ്ടി രണ്ട് ഘട്ടങ്ങളായി അദാലത്ത് നടത്തി പന്ത്രണ്ടരക്കോടി രൂപയുടെ നഷ്ടപരിഹാരം ലഭ്യമാക്കിയിട്ടുണ്ട്. ഏതെങ്കിലും കാരണവശാൽ

ഇൻഷ്വറൻസിന്റെ പരിധിയിൽവരാത്ത മത്സ്യത്തൊഴിലാളി കടലിൽവച്ച് അപകടത്തിൽപ്പെട്ട് മരിച്ചാൽ അഞ്ച് ലക്ഷം രൂപ വീതം കൊടുക്കുന്ന പദ്ധതി ഇപ്പോൾ കേരള ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിൽ അപകടത്തിൽ മരിച്ച മത്സ്യത്തൊഴിലാളിയുടെ കുടുംബത്തിന് ആ തുക നൽകിക്കഴിഞ്ഞു.

<u>ശ്രീ. കെ. വി. സുമേഷ്</u>: സർ, പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് യാനങ്ങളും മത്സ്യബന്ധനോപകരണങ്ങളും സ്വായത്തമാക്കുന്നതിന് പലിശരഹിത വായ്പാപദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. സജി ചെറിയാൻ</u>: സർ, മത്സ്യബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സജീവ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധയാനങ്ങളും മത്സ്യബന്ധനോപകരണങ്ങളും സ്വായത്തമാക്കുന്നതിന് മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കുന്ന മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണസംഘങ്ങളിൽനിന്നും പലിശരഹിത വായ്പകളായാണ് നൽകുന്നത്. ഈ പലിശ മുഴുവനും സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. ഇതിനായി 2022-23 സാമ്പത്തിക വർഷം 400 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. സഹകരണ സംഘത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളികൾക്കാവശ്യമായ യാനങ്ങൾക്ക് പലിശ രഹിത വായ്പ

കൊടുക്കുന്നതിനുള്ള തുകയും സംസ്ഥാന ഗവൺമെന്റ് വകയിരുത്തിയിട്ടുണ്ട്.

ശ്രീ. ടി. ജെ. വിനോദ്: സർ, മത്സ്യബന്ധനം, വിപണനം, സംസ്കരണം എന്നീ മേഖലകൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് രൂപീകരിച്ച മത്സ്യഫെഡിന്റെ പ്രവർത്തനം നിരാശാജനകമാണ്. കഴിഞ്ഞ ആറ് വർഷത്തിലേറെയായി 370-ഓളം പിൻവാതിൽ നിയമനം നടത്തിയിട്ടുണ്ട്. ഇതിൽ പത്ത് ശതമാനംപോലും മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽനിന്നുള്ളവരില്ല. മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് മത്സ്യഫെഡിൽ 100 ശതമാനം തൊഴിൽ ഉറപ്പുവരുത്താൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. സജി ചെറിയാൻ: സർ, മത്സ്യവകുപ്പിന്റെ കീഴിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്ന മത്സ്യഫെഡിൽ ജോലിചെയ്യുന്നവരിൽ 100 ശതമാനവും മത്സ്യമേഖലയുമായി ബന്ധപ്പെട്ടവരാണ്. അല്ലാത്തവർക്ക് അവിടെ ജോലി ലഭിക്കാൻ സാധ്യത കുറവാണ്. ഏതെങ്കിലും പ്രത്യേക കേസ്സുണ്ടെങ്കിൽ അത് എന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ അക്കാര്യം പരിശോധിക്കുന്നതാണ്. അക്കാര്യത്തിൽ ഗവൺമെന്റ് യാതൊരു വിട്ടുവീഴ്ചയ്ക്കും തയ്യാറല്ല.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, കേരളത്തിലെ മത്സ്യത്തൊഴിലാളി മേഖല നേരിടുന്ന ഏറ്റവും ഗുരുതരമായ പ്രശ്നം മണ്ണെണ്ണയുടെ

വിലവർദ്ധനവാണ്. കേന്ദ്രസർക്കാർ തുടർച്ചയായി മണ്ണെണ്ണയുടെ വില വർദ്ധിപ്പിച്ചുകൊണ്ടിരിക്കുകയാണ്; ഒരുവർഷത്തിനുള്ളിൽ മണ്ണെണ്ണയുടെ വില എത്രമാത്രം വർദ്ധിപ്പിച്ചെന്നും മത്സ്യത്തൊഴിലാളികൾക്ക് ലഭിച്ചുകൊണ്ടിരുന്ന മണ്ണെണ്ണയുടെ അളവിൽ എത്ര ലിറ്റർ വെട്ടിക്കുറച്ചിട്ടുണ്ടെന്നത് സംബന്ധിച്ചും രൂക്ഷമായ ഈ പ്രതിസന്ധി നേരിടുന്നതിന് സംസ്ഥാന സർക്കാർ നടത്തിക്കൊണ്ടിരിക്കുന്ന ഇടപെടലിനെ സംബന്ധിച്ചും വിശദീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. സജി ചെറിയാൻ</u>: സർ, ഇത് വളരെ ഗൗരവമുള്ള ഒരു പ്രശ്നമാണ്. സംസ്ഥാന ഗവൺമെന്റിന്റെ ഇടപെടൽകൊണ്ടുമാത്രം പരിഹരിക്കാൻ കഴിയുന്ന പ്രശ്നമല്ല. ഇപ്പോൾ ഒരു ലിറ്റർ മണ്ണെണ്ണയുടെ വില 134 രൂപയാണ്. ഒന്നാം പിണറായി സർക്കാർ അധികാരമേറ്റശേഷം 25 രൂപ സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്. അന്ന് ഒരു ലിറ്റർ മണ്ണെണ്ണയുടെ വില 49 രൂപയായിരുന്നു. 25 രൂപയ്ക്ക് മണ്ണെണ്ണ വിതരണം ചെയ്യുമെന്നുള്ള പ്രകടനപത്രികയിലെ വാഗ്ദാനം നടപ്പാക്കാൻ സാധിച്ചു. ഗവൺമെന്റ് എത്ര രൂപ സബ്സിഡിയായി കൊടുക്കണമെന്ന് ആഗ്രഹിച്ചാലും അതിന്റെ പതിന്മടങ്ങായി വില വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്.

മത്സ്യത്തൊഴിലാളികളുടെ വള്ളങ്ങൾക്ക് അനുവദിച്ചുവരുന്ന മണ്ണെണ്ണകൊണ്ട് അവരുടെ യഥാർത്ഥ ആവശ്യത്തിന്റെ പകുതിപോലും നിറവേറ്റാൻ കഴിയില്ലെന്നുള്ളത് ഒരു വസ്തുതയാണ്. മത്സ്യബന്ധന രീതി അടിസ്ഥാനപ്പെടുത്തി 8 HP മുതൽ 40 HP വരെ ശക്തിയുള്ള എഞ്ചിനുകൾ ഉപയോഗിക്കുന്നുണ്ട്. തീരക്കടലിലും ആഴക്കടലിലുമുള്ള മത്സ്യബന്ധനത്തെ അടിസ്ഥാനമാക്കി മണ്ണെണ്ണയുടെ ഉപയോഗത്തിലും കാര്യമായ വ്യത്യാസമുണ്ട്. പരമ്പരാഗത മത്സ്യത്തൊഴിലാളികൾ 28 അടി മുതൽ 38 അടിവരെയുള്ള യാനങ്ങളിൽ പ്രധാനമായും 9.9 HP-യുള്ള രണ്ട് എഞ്ചിനുകൾ ഉപയോഗിച്ചാണ് മത്സ്യബന്ധനം നടത്തുന്നത്. ഇതിനുപുറമെ ഒരു 9.9 HP എഞ്ചിനും 25HP അഥവാ 40 HP-യുള്ള എഞ്ചിനുകളും മത്സ്യബന്ധനത്തിനായി ഉപയോഗിച്ചുവരുന്നു. 9.9 HP എഞ്ചിൻ മണിക്കൂറിൽ ശരാശരി ഏഴ് ലിറ്റർവരെ മണ്ണെണ്ണ ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുമ്പോൾ, കുറഞ്ഞത് 35 മുതൽ 65 ലിറ്റർവരെ മണ്ണെണ്ണ പ്രതിദിനം ആവശ്യമായിവരും. ആയതിനാൽ പ്രതിമാസം 500 ലിറ്റർ മണ്ണെണ്ണയെങ്കിലും ഒരു 9.9 HP ഘടിപ്പിച്ച യാനത്തിന് ആവശ്യമായിവരും. എന്നാൽ നിലവിൽ 9.9 HP എഞ്ചിന് പ്രതിമാസം മത്സ്യഫെഡുവഴി 140 ലിറ്ററും സിവിൽസപ്ലൈസ് വഴി 129 ലിറ്ററുമുൾപ്പെടെ 269 ലിറ്റർ

മണ്ണെണ്ണയാണ് ലഭിക്കുന്നത്. കേന്ദ്ര സർക്കാരിൽനിന്നും പ്രതിവർഷം ഒരു ലക്ഷം ലിറ്റർ മണ്ണെണ്ണയെങ്കിലും സബ്സിഡി രഹിത ക്വാട്ടയിൽ ലഭ്യമായാൽ മാത്രമേ ഒരു പരിധിവരെയെങ്കിലും മത്സ്യബന്ധനത്തിനുള്ള മണ്ണെണ്ണയുടെ ആവശ്യം നിറവേറ്റാൻ സാധിക്കുകയുള്ളൂ. ഇതിനുവേണ്ടി ബഹുമാനപ്പെട്ട സിവിൽസപ്ലൈസ് വകുപ്പുമന്ത്രിയും ഞാനുംകൂടി പങ്കെടുത്ത അഞ്ച് യോഗങ്ങളാണ് ചേർന്നത്. പ്രസ്തുത യോഗത്തിൽ കേരളത്തിലെ പ്രധാനപ്പെട്ട  എല്ലാ ഓയിൽ കമ്പനികളിലെയും ബന്ധപ്പെട്ട വ്യക്തികളെ വിളിച്ചുവരുത്തിയിരുന്നു.  മത്സ്യഫെഡിനെ ഒരു റീട്ടെയിൽ ഏജന്റായി അംഗീകരിക്കാൻ അവർ തയ്യാറല്ല. കേന്ദ്രമന്ത്രിക്ക് നിരവധി തവണ കത്തുകളയക്കുകയും ഈ വിഷയം ചർച്ച ചെയ്യുകയുമുണ്ടായി.  ഈ പ്രശ്നത്തിന് പരിഹാരം കാണണമെങ്കിൽ  മണ്ണെണ്ണയുടെ  സബ്സിഡി ക്വാട്ടയിൽ വർദ്ധന വരുത്തി ഒരു ലക്ഷം ലിറ്റർ മണ്ണെണ്ണയെങ്കിലും മത്സ്യബന്ധന വകുപ്പിന് ലഭിക്കണം. കൂടാതെ മത്സ്യഫെഡിനെ ഒരു ഹോൾസെയിൽ ഏജന്റായി അംഗീകരിക്കുകയും വേണം. ഇതിനുവേണ്ടി കേന്ദ്ര സർക്കാരിൽ  സമ്മർദ്ദം ചെലുത്തുന്നതിനോടൊപ്പം കൂട്ടായ ഒരു പ്രക്ഷോഭം നടത്തേണ്ടതുമുണ്ട്. കഴിഞ്ഞ നിയമസഭാ സമ്മേളന കാലത്തും പ്രതിപക്ഷാംഗങ്ങളുൾപ്പെടെയുള്ളവരോട്  ഇക്കാര്യം ആവശ്യപ്പെട്ടിരുന്നു.

പ്രതിപക്ഷം ഗവൺമെന്റിനെ വിമർശിച്ചുകൊണ്ട് നിരവധി പ്രസ്താവനകൾ നടത്തുന്നുണ്ടെങ്കിലും കൂട്ടായ പ്രക്ഷോഭത്തിലൂടെ മുന്നോട്ടുപോയാൽ മാത്രമെ ഈ പ്രതിസന്ധിക്ക് പരിഹാരം കാണാൻ കഴിയൂ.

മി. സ്പീക്കർ: ശ്രീ. എം. വിൻസെന്റ്, അങ്ങേയ്ക്ക് കഴിഞ്ഞ ദിവസവും ഉപചോദ്യത്തിന് അവസരം നൽകിയിരുന്നു, പ്രതിപക്ഷത്തുനിന്നും മറ്റാരും ഉപചോദ്യം ആവശ്യപ്പെടാത്തതുകൊണ്ടാണ് ഇന്ന് വീണ്ടും അങ്ങേയ്ക്ക് അവസരം ലഭിക്കുന്നത്. ഒരാൾക്ക് എല്ലാ ദിവസവും ഉപചോദ്യം ലഭിക്കുമെന്ന് പ്രതീക്ഷിക്കരുത്.

ശ്രീ. എം. വിൻസെന്റ്: സർ, എനിക്ക് വീണ്ടും ഉപചോദ്യമുന്നയിക്കാൻ അവസരം നൽകിയതിന് അങ്ങയോട് നന്ദി അറിയിക്കുന്നു. കേന്ദ്ര ഗവൺമെന്റ് മണ്ണെണ്ണയുടെ കാര്യത്തിൽ സ്വീകരിക്കുന്ന തെറ്റായ സമീപനത്തിനെതിരെ കൂട്ടായ പ്രക്ഷോഭം നടത്തുകയും സമ്മർദ്ദം ചെലുത്തുകയും ചെയ്യണമെന്നുള്ള മന്ത്രിയുടെ പ്രസ്താവനയെ ഞാൻ സ്വാഗതം ചെയ്യുന്നു. മത്സ്യത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം മണ്ണെണ്ണയുടെ വില വർദ്ധന വളരെ ക്രൂരമായ നടപടിയാണ്. പല മത്സ്യത്തൊഴിലാളികൾക്കും ഇപ്പോൾ മത്സ്യബന്ധനത്തിനുതന്നെ പോകാൻ

കഴിയാത്ത അവസ്ഥയാണുള്ളത്. ഈയൊരു പശ്ചാത്തലത്തിൽ മണ്ണെണ്ണയുടെ വർദ്ധിപ്പിച്ച വിലയിൽനിന്നുള്ള ടാക്സ് കുറയ്ക്കാൻ സർക്കാർ നടപടി സ്വീകരിക്കണം. ശ്രീ. ഉമ്മൻചാണ്ടി മുഖ്യമന്ത്രിയായിരുന്ന സമയത്താണ് ആദ്യമായി മണ്ണെണ്ണയ്ക്ക് സബ്സിഡി ഏർപ്പെടുത്തിയത്. അന്ന് മണ്ണെണ്ണയുടെ വില 52 രൂപയായിരുന്നപ്പോൾ 25 രൂപ സബ്സിഡി അനുവദിച്ചിരുന്നു. 27 രൂപയ്ക്ക് ഒരു ലിറ്റർ മണ്ണെണ്ണ അന്ന് ലഭിക്കുമായിരുന്നു. എന്നാൽ ഇന്ന് ഒരു ലിറ്റർ മണ്ണെണ്ണയുടെ വില 137 രൂപയായിട്ടും സബ്സിഡി അതേനിലയിൽതന്നെ തുടരുകയാണ്. അതുകൊണ്ട് കേന്ദ്ര ഗവൺമെന്റിനെതിരെ കൂട്ടായ പ്രക്ഷോഭം സംഘടിപ്പിക്കുന്നതോടൊപ്പംതന്നെ സർക്കാർ മണ്ണെണ്ണ സബ്സിഡി വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. സജി ചെറിയാൻ</u>: സർ, മണ്ണെണ്ണയ്ക്ക് 25 രൂപ സബ്സിഡി നൽകിയത് പിണറായി വിജയൻ ഗവൺമെന്റാണ്, അതിനെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം നടത്തിയ പ്രസ്താവന തെറ്റാണ്. ഒരു ലിറ്റർ മണ്ണെണ്ണയുടെ വില 49 രൂപയായിരുന്നപ്പോൾ 25 രൂപയാണ് സബ്സിഡിയായി നൽകിയിരുന്നത്. അതിനർത്ഥം ഒരു ലിറ്റർ

മണ്ണെണ്ണയുടെ വില 24 രൂപ എന്നാണ്. ഇതിലൂടെ പ്രകടനപത്രികയിലെ വാഗ്ദാനം ഞങ്ങൾ നടപ്പാക്കുകയായിരുന്നു. നിലവിൽ ഒരു ലിറ്റർ മണ്ണെണ്ണയുടെ വില 134-137 രൂപയായി വർദ്ധിക്കുമ്പോൾ 25 രൂപയ്ക്കാനുപാതികമായി സബ്സിഡി വർദ്ധിപ്പിച്ചു നൽകണമെങ്കിൽ 350 കോടി രൂപ വേണ്ടിവരും. സബ്സിഡി 125 രൂപയിലെത്തുമ്പോൾ 1,500 കോടി രൂപ വേണ്ടിവരും. 1500 കോടി രൂപ സബ്സിഡി നൽകാൻ കഴിയുന്ന ഒരു സാമ്പത്തികാവസ്ഥ കേരളത്തിനില്ല. കേന്ദ്ര ഗവൺമെന്റിനെതിരെ യോജിച്ച സമരം നടത്തുകയും സബ്സിഡി വിലയ്ക്കുള്ള മണ്ണെണ്ണ സംസ്ഥാനത്തിന് അനുവദിപ്പിക്കുകയും മത്സ്യഫെഡിനെ ഹോൾസെയിൽ ഡീലറായി മാറ്റുകയും ചെയ്യുകയെന്ന കാര്യത്തിൽ പ്രതിപക്ഷംകൂടി ആത്മാർത്ഥമായി സഹകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: സർ, മത്സ്യത്തിന്റെ വില നിർണ്ണയിക്കാൻ കഴിയുന്നില്ലെന്നതാണ് മത്സ്യത്തൊഴിലാളികൾ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം. സാമ്പത്തിക പ്രശ്നമാണ് ഇവിടത്തെ പ്രധാനപ്പെട്ട വിഷയം. ഹ്രസ്വകാല വായ്പയ്ക്കുപോലും വലിയ പലിശ നൽകേണ്ട ഒരു

സ്ഥിതിവിശേഷം ഈ മേഖലയിൽ നിലനിൽക്കുന്നുണ്ട്. സഹകരണ സംഘങ്ങൾ, മത്സ്യഫെഡ് തുടങ്ങി മത്സ്യമേഖലയുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളിൽനിന്നും പെട്ടെന്ന് വായ്പ ലഭ്യമാക്കാനും തിരിച്ചടയ്ക്കാനും കഴിയുന്ന രീതി കൂടുതൽ മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. സജി ചെറിയാൻ: സർ, മത്സ്യസഹകരണ സംഘങ്ങളുടെ അപ്പക്സ് ബോഡിയാണ് മത്സ്യഫെഡ്. മത്സ്യ സഹകരണ സംഘങ്ങളുടെ നിലവിലെ ദയനീയ സ്ഥിതി പരിഹരിക്കുന്നതിന് സർക്കാർ ശക്തമായ നടപടി സ്വീകരിച്ചിട്ടുണ്ട്. സഹകരണ വകുപ്പുമന്ത്രിയുമായി ഇക്കാര്യം പ്രത്യേകം ചർച്ച ചെയ്യുകയും അതിന്റെ ഭാഗമായി നിരവധി യോഗങ്ങൾ കൂടുകയും ചെയ്തു. 675-ഓളം മത്സ്യസംഘങ്ങളുണ്ടെങ്കിലും ഇപ്പോൾ നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ ഫലമായി 200-ഓളം സംഘങ്ങളെ സ്വയംപര്യാപ്തതയിലേയ്ക്ക് എത്തിക്കാൻ സാധിച്ചിട്ടുണ്ട്. ബാക്കി സംഘങ്ങളെക്കൂടി ശാക്തീകരിക്കാനുള്ള നടപടികളാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നത്. ഇടനിലക്കാരുടെ ചൂഷണത്തിൽനിന്നും മത്സ്യത്തൊഴിലാളികളെ രക്ഷപ്പെടുത്തുന്നതിനായി ഇവിടെ പാസ്സാക്കിയ നിയമം നടപ്പാക്കുമ്പോൾ മത്സ്യ സഹകരണ സംഘങ്ങളെ ശാക്തീകരിച്ച് അതിന്റെ സാമ്പത്തിക അടിത്തറ മെച്ചപ്പെടുത്തേണ്ടതുണ്ട്. ഇപ്പോൾ മത്സ്യ

വിപണനത്തിലേർപ്പെടുന്ന വനിതകൾക്ക് പലിശരഹിത വായ്പയായി 10,000 രൂപയും അതിന്റെ തുടർ വായ്പയായി 20,000 രൂപയും നൽകുന്നുണ്ട്. National Backward Classes Finance & Development Corporation (**NBCFDC**), National Minorities Development & Finance Corporation (**NMDFC**) എന്നീ സ്ഥാപനങ്ങളിൽനിന്ന് വായ്പയായി ലഭിക്കുന്ന തുകയാണ് ഇപ്പോൾ നൽകുന്നത്. ഇനിയും കൂടുതൽ തുക നൽകാൻ സാധിക്കുമെന്നാണ് പ്രതീക്ഷ. അതിന്റെ പലിശ പൂർണ്ണമായും വഹിക്കുന്നത് സംസ്ഥാന സർക്കാരാണ്. 2022-23 വർഷം ഇതിനുവേണ്ടി രണ്ടുകോടി രൂപ നീക്കിവച്ചിട്ടുണ്ട്. ഇപ്പോൾ സഹകരണവകുപ്പ് തീരദേശത്ത് താമസിക്കുന്ന വനിതകൾക്കുവേണ്ടി പലിശനിരക്ക് തീരെ കുറവുള്ള 'സ്നേഹതീരം' എന്ന ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. പലിശ നിരക്ക് കുറച്ചും പലിശ രഹിതമായും മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്താൻ സഹായിക്കേണ്ടതായിട്ടുണ്ട്. ഗവൺമെന്റിന്റെ ഒരു ലക്ഷം ചെറുകിട വ്യവസായ സംരംഭങ്ങളിൽ ധാരാളം പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. അതിൽ പരമാവധി പലിശ കുറച്ചും മത്സ്യമേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളെ സഹായിക്കുന്ന രീതിയിലുള്ള നിലപാട് സ്വീകരിക്കാമെന്ന് ധനകാര്യ വകുപ്പുമന്ത്രി വാക്കാൽ പറഞ്ഞിട്ടുണ്ട്.

അക്കാര്യത്തിൽ നല്ല ഇടപെടൽ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

ശ്രീ. തോമസ് കെ. തോമസ്: സർ, ഏറ്റവുമധികം ഉൾനാടൻ മത്സ്യത്തൊഴിലാളികളുള്ള മേഖലയിലാണ് ഞാനുൾപ്പെടെയുള്ള നാല് എം.എൽ.എ.മാരും (ശ്രീമതി സി. കെ. ആശ, ശ്രീ. എച്ച്. സലാം, ശ്രീ. പി. പി. ചിത്തരഞ്ജൻ) രണ്ട് മന്ത്രിമാരും (ശ്രീ. വി. എൻ. വാസവൻ, ശ്രീ. പി. പ്രസാദ്) പ്രതിനിധാനം ചെയ്യുന്നത്. വേമ്പനാട്ടുകായലിൽ ' സി - ബ്ലോക്ക് എന്ന പ്രദേശത്ത് പോള അടിഞ്ഞുകിടക്കുന്നതുകൊണ്ട് മത്സ്യങ്ങൾക്ക് വളരാനും മത്സ്യബന്ധനം നടത്തുന്നതിനും ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. പോള നീക്കം ചെയ്യുന്നതിനും മത്സ്യങ്ങൾ വളരുന്നതിനുള്ള സാഹചര്യം ഒരുക്കുന്നതിനും സഹായകരമായ സംവിധാനം ഏർപ്പെടുത്താൻ സാധിക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, വേമ്പനാട്ടുകായലിന്റെ നവീകരണത്തിനുവേണ്ടി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആവിഷ്കരിച്ച പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട കൃഷി, റവന്യൂ, ജലവിഭവ വകുപ്പുമന്ത്രിമാരും ഞാനും ചേർന്ന് രണ്ട് യോഗങ്ങൾ നടത്തുകയുണ്ടായി. പരിസ്ഥിതി വകുപ്പിന്റെ കൂടി സഹകരണത്തോടെ ആ

പദ്ധതി നടപ്പിലാക്കാൻ ആലോചിച്ചിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഈ വർഷത്തെ ബഡ്ജറ്റിലും വേമ്പനാട്ടുകായലിന്റെ നവീകരണത്തിനുവേണ്ടിയുള്ള പ്രോജക്ട് ഉൾപ്പെടുത്തിയിട്ടുണ്ട്. അക്കാര്യത്തിൽ ഒരു കോ-ഓർഡിനേഷൻ ഉണ്ടാക്കിയെടുത്തുകൊണ്ട് ഈ പദ്ധതിയുമായി മുന്നോട്ടുപോകാൻ സാധിക്കും. ഇതിനോടകംതന്നെ കോട്ടയം എറണാകുളം, ആലപ്പുഴ, ജില്ലകളുടെ ഭാഗത്തുനിന്നും ബ്ലോക്ക്/ പഞ്ചായത്തുതലത്തിലുള്ള സംവിധാനങ്ങൾ രൂപീകരിക്കപ്പെട്ടിട്ടുണ്ട്. അത് കുറച്ചുകൂടി ശക്തിപ്പെടുത്തി മുന്നോട്ടുപോകാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## അംബേദ്കർ ഗ്രാമം പദ്ധതി

2(*62) ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:

ശ്രീ. മാണി. സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്ത് എല്ലാ പട്ടികജാതി, ലക്ഷംവീട് കോളനികളിലും അംബേദ്കർ ഗ്രാമം പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) പട്ടികജാതി വിഭാഗക്കാരുടെ എണ്ണത്തിന് പകരം കോളനികളുടെ പിന്നാക്കാവസ്ഥ മാനദണ്ഡമാക്കി പദ്ധതികൾ ആവിഷ്കരിക്കാൻ നടപടി കൈക്കൊള്ളുമോ;

(സി) പല കോളനികളിലും യഥാർത്ഥ ഉടമകൾക്കുപകരം കൈവശക്കാരായ ആളുകൾ താമസക്കാരായുള്ള സാഹചര്യത്തിൽ ഇവർക്ക് ഉടമസ്ഥാവകാശം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; ഉടമസ്ഥാവകാശം ഇല്ലാത്തതിന്റെ പേരിൽ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽനിന്നും പുറത്താകുന്ന അവസ്ഥയ്ക്ക് പരിഹാരം കണ്ടെത്തുമോ;

(ഡി) കോളനികളുടെ നവീകരണം നടത്തുമ്പോൾ അടിസ്ഥാന സൗകര്യ വികസനത്തിന് മുൻതൂക്കം നൽകുമോ; ഇരട്ട വീടുകളായവ ഒറ്റ വീടുകളാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ?

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ,

(എ) മുപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങളുള്ള കോളനികളെയാണ് നിലവിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. തദ്ദേശസ്വയംഭരണ വകുപ്പ് മുഖേനയാണ് നിലവിൽ ലക്ഷം വീട്

കോളനികളിലെ വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നത്. നിലവിലെ വ്യവസ്ഥകൾ പ്രകാരമുള്ള ഫീസിബിലിറ്റി ലഭ്യമാക്കുകയാണെങ്കിൽ ലക്ഷം വീട് കോളനികളിലും പദ്ധതി നടപ്പാക്കുന്ന വിഷയം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(ബി) മുപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങളുള്ള കോളനികൾ കണ്ടെത്തി പിന്നാക്കാവസ്ഥ പരിഗണിച്ച് അവയിൽ നിന്നും ബന്ധപ്പെട്ട എം.എൽ.എ.-മാർ തെരഞ്ഞെടുക്കുന്ന കോളനികളെയാണ് നിലവിൽ ഈ പദ്ധതിയിൽ പരിഗണിക്കുന്നത്.

(സി) ഇത്തരത്തിലുള്ള പരാതികൾ ലഭിക്കുകയാണെങ്കിൽ പരിശോധിക്കുന്നതാണ്.

(ഡി) കോളനികളിൽ അടിസ്ഥാന സൗകര്യ വികസനത്തിന് മുൻഗണന നൽകിക്കൊണ്ടാണ് അംബേദ്കർ ഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്.

ലക്ഷം വീട് കോളനികളിലെ ഇരട്ട വീടുകൾ ഒറ്റ വീടുകളാക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങൾക്ക് പദ്ധതി തയ്യാറാക്കി നിർവഹിക്കുവാൻ 28.05.2022-ലെ സ.ഉ(കൈ) 115/2022/LSGD പ്രകാരം തദ്ദേശ

സ്വയംഭരണ വകുപ്പ് മാർഗരേഖയിൽ നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. അനൂപ് ജേക്കബ്ബ്: സർ, അംബേദ്കർ ഭവന പദ്ധതിയുമായി ബന്ധപ്പെട്ട് ബഡ്ജറ്റിൽ ആവശ്യമായ തുക വകയിരുത്തിയിട്ടില്ലെന്ന് ചൂണ്ടിക്കാട്ടാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇപ്പോൾ ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത് വിവിധ എൻലിസ്റ്റഡ് കമ്പനികളാണ്. അതുകൊണ്ടുതന്നെ പല സന്ദർഭങ്ങളിലും അതിൽ ചില അപാകതകൾ ചൂണ്ടിക്കാട്ടിയിട്ടുള്ളതാണ്. പട്ടികജാതി കോളനികളുടെ നവീകരണം ഒരു ഓപ്പൺ ടെണ്ടർ വഴി നൽകാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ; അങ്ങനെ ഇക്കാര്യത്തിൽ കുറച്ചുകൂടി മെച്ചപ്പെട്ട കരാർ കൊണ്ടുവരാനുള്ള സാഹചര്യം സർക്കാർ പരിശോധിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചത് ശരിയാണ്. ഏറ്റെടുക്കുന്ന പദ്ധതികൾ പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിടുന്നുണ്ടെന്ന് മനസ്സിലാക്കി കുറേക്കൂടി സാങ്കേതിക മികവുള്ള ഏജൻസികളെ ഏൽപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കുകയും ചർച്ച നടത്തുകയും വിവിധ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ ഫലമായി ഈ രംഗത്ത് നല്ല രീതിയിലുള്ള പുരോഗതി

ഉണ്ടായിട്ടുണ്ട്. ഏകദേശം 450 അംബേദ്കർ ഗ്രാമ വികസന കോളനികളെ തെരഞ്ഞെടുത്തിട്ടുള്ളതിൽ 98 കോളനികളിലെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇപ്പോൾ ഏകദേശം 281 പ്രദേശങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചുവരികയാണ്. ഓരോ പ്രവൃത്തിയും പൂർത്തീകരിക്കുന്നതിനുവേണ്ടിയുള്ള നല്ല ഇടപെടൽ ഉണ്ടായിട്ടുണ്ട്. പദ്ധതികളിൽ വീഴ്ച വരുത്തുന്ന ഏജൻസികൾക്കെതിരെ നടപടി സ്വീകരിക്കുന്നുമുണ്ട്.

ശ്രീ. അനൂപ് ജേക്കബ്: സർ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് പ്രത്യേകമായൊരു ഭവനപദ്ധതി നടപ്പാക്കണമെന്ന ആവശ്യം പല സന്ദർഭങ്ങളിലും ഉയർന്നുവന്നിട്ടുണ്ട്. പക്ഷെ അത് ഗവൺമെന്റിന്റെ പരിഗണനയിലില്ലെന്ന് അങ്ങ് കഴിഞ്ഞ ഫെബ്രുവരി മാസം നൽകിയ മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്. കൂടാതെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 42249 വീടുകളും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 14854 വീടുകളും ലൈഫ് പദ്ധതിയുടെ 1, 2, 3 ഘട്ടങ്ങളിൽ അനുവദിച്ചിട്ടുള്ളത് ഇതുവരെ പൂർത്തിയായിട്ടില്ലെന്നും അങ്ങ് സൂചിപ്പിക്കുകയുണ്ടായി. പ്രത്യേക ഭവന പദ്ധതി ഇല്ലാത്തതിന്റെ ന്യൂനതകൾ ഇവിടെ പ്രത്യക്ഷമായിത്തന്നെ വന്നുകൊണ്ടിരിക്കുകയാണ്. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക്

മാത്രമായി ഒരു ഭവന പദ്ധതി നടപ്പിലാക്കാൻ  സർക്കാർ തയ്യാറാകുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, എല്ലാ ഭവന പദ്ധതികളും ലൈഫ് പദ്ധതിയിലൂടെയാണ് നടപ്പാക്കുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷം ലൈഫ് പദ്ധതിക്ക് എസ്.സി./എസ്.ടി. ഡിപ്പാർട്ടുമെന്റിൽ നിന്നും ഏകദേശം 418 കോടി രൂപ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ഇപ്പോൾ അതിന്റെ സെലക്ഷൻ പ്രോസസ്സ് ആരംഭിച്ചിട്ടുണ്ട്. ഈ വർഷംതന്നെ പരമാവധി വീടുകൾ കൊടുക്കാൻ കഴിയും. രണ്ടോമൂന്നോ വർഷം കൊണ്ടുതന്നെ കേരളത്തിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭവന പ്രശ്നം പരിഹരിക്കാനുള്ള നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്.

ശ്രീ. മോൻസ് ജോസഫ് ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീമതി കെ. കെ. രമ: സർ, നമ്മുടെ സംസ്ഥാനത്ത് കോളനികളിലും സങ്കേതങ്ങളിലുമൊക്കെ ജീവിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വൈദ്യുതീകരണത്തിനും, വീട് നിർമ്മാണത്തിനുമൊക്കെ എം.എൻ. പദ്ധതിയും അംബേദ്കർ ഗ്രാമ പദ്ധതിയുമുണ്ട്. ഇങ്ങനെയല്ലാതെ ഒറ്റപ്പെട്ട് താമസിക്കുന്ന ഒന്നോ രണ്ടോ കുടുംബങ്ങളുള്ള പല സ്ഥലങ്ങളുമുണ്ട്. ഇവരെ സംബന്ധിച്ച കണക്കുകൾ സർക്കാരിന്റെ കൈവശമുണ്ടോയെന്നും അത്തരം കുടുംബങ്ങൾക്ക് ആവശ്യമായ എന്തെങ്കിലും പദ്ധതികൾ

സർക്കാരിന്റെ പരിഗണനയിലുണ്ടോയെന്നും വ്യക്തമാക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, സ്കാറ്റേർഡ് ഏരിയയിൽ താമസിക്കുന്ന ആളുകളുടെ കാര്യങ്ങളിൽ ശ്രദ്ധകൊടുക്കണമെന്നാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞത്. ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ എന്നിവയ്ക്ക് ഗ്രാന്റ് ഇൻ എയ്ഡായി കൊടുക്കുന്ന തുകയിൽ നിന്നും സ്കാറ്റേർഡ് ഏരിയയിൽ താമസിക്കുന്ന ആളുകൾക്ക് പ്രത്യേക പരിഗണന കൊടുക്കണമെന്നും മറ്റ് സഹായങ്ങൾ ലഭ്യമാക്കുന്നതിന് ഡിപ്പാർട്ടുമെന്റും തീരുമാനമെടുത്തിട്ടുണ്ട്.

ശ്രീ. പി. ജെ. ജോസഫ് ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പദ്ധതികൾ ആസൂത്രണം ചെയ്യാനുള്ള ഊര് സഭകളിൽ പങ്കെടുക്കുന്ന ഒരു ജനപ്രതിനിധിയാണ് ഞാൻ. പല ഊരുകളിലും തീരെ വാസയോഗ്യമല്ലാത്ത വീടുകളുണ്ട്. കോളനികളുടെ പുനരുദ്ധാരണത്തിന് ഒരു കോടി രൂപ കൊടുക്കുമ്പോഴും അതിൽ വീട് നിർമ്മിക്കാനുള്ള പെർമിഷനില്ല. പൂർണ്ണമായും നശിച്ചുപോയ, വാസയോഗ്യമല്ലാത്ത അഞ്ചോ പത്തോ വീടുകൾ ഈ പദ്ധതിയിലുൾപ്പെടുത്തി ചെയ്യാൻ കഴിഞ്ഞാൽ അത് വലിയൊരു ആശ്വാസമായിരിക്കും. ഡ്രെയിനേജും കുടിവെള്ളവും സാനിറ്റേഷനുമൊക്കെയുണ്ടെങ്കിലും വീട് നിർമ്മിക്കാൻ പെർമിഷനില്ല.

വീടിന്റെ അറ്റകുറ്റപ്പണികൾക്ക് ഒന്നരലക്ഷം രൂപവരെ ചെലവഴിക്കാമെന്നതാണ് നിലവിലെ കണ്ടീഷൻ. ഊര് സഭ/ഊര് കൂട്ടം തെരഞ്ഞെടുക്കുന്ന ഏതാനും വീടുകൾകൂടി നിർമ്മിക്കാനുള്ള പെർമിഷൻ കൊടുത്താൽ അത് വളരെ ഗുണപ്രദമായിരിക്കും. അതുപോലെ ലൈഫ് ഭവന പദ്ധതിയുടെ പൂർത്തീകരണത്തിന് ഈ ഫണ്ട് ഉപയോഗിക്കാൻ അനുവദിക്കുന്നില്ല. അട്ടപ്പാടിയിൽ ഒരു വീടിന് 6 ലക്ഷം രൂപയാണ് അനുവദിക്കുന്നത്. സാധനസാമഗ്രികൾ എത്തിക്കാൻ വളരെ പ്രയാസമാണ്. ലൈഫ് പദ്ധതി പൂർത്തീകരിക്കുന്നതിന് ഇതിൽ നിന്നും പണം നൽകാനുള്ള അനുവാദംകൂടി നൽകിയാൽ നന്നായിരിക്കും, അതിന് സർക്കാർ ശ്രമിക്കുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, ഇപ്പോഴുള്ള ഉത്തരവനുസരിച്ച് അംബേദ്കർ ഗ്രാമം വികസന പദ്ധതിപ്രകാരം വീടുകൾ നിർമ്മിക്കാൻ കഴിയില്ല. അറ്റകുറ്റപ്പണികൾ നടത്താൻ ഒന്നരലക്ഷം രൂപവരെ കൊടുക്കുന്നുണ്ട്. സാധാരണഗതിയിൽ ലൈഫ് പദ്ധതിയിൽ ഓരോ വീടിനും 4 ലക്ഷം രൂപയാണ് കൊടുക്കുന്നത്. സാധനസാമഗ്രികൾ എത്തിക്കാൻ പ്രയാസമുള്ള സ്ഥലങ്ങളിലാണ് രണ്ട് ലക്ഷം രൂപകൂടി കൂട്ടി 6 ലക്ഷം രൂപ കൊടുക്കുന്നത്. ആ തുക വർദ്ധിപ്പിക്കുന്ന കാര്യത്തെക്കുറിച്ച്

ആലോചിക്കാവുന്നതാണ്. ഏതായാലും മുഴുവൻ വീടുകളും ലൈഫ് പദ്ധതിയിലാണ് കൊടുക്കാൻ തീരുമാനിച്ചിരിക്കുന്നത്. ഈ വർഷം അത് കൂടുതൽ ഫലപ്രദമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കും. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ അക്കാര്യത്തിൽ നേതൃത്വപരമായ പങ്ക് വഹിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതുപോലെ തദ്ദേശസ്വയംഭരണ വകുപ്പും പട്ടികജാതി പട്ടികവർഗ്ഗ വകുപ്പും സംയുക്തമായി പാർപ്പിട പ്രശ്നം പരിഹരിക്കാൻ വേണ്ടിയുള്ള ഇടപെടൽ നടത്തിക്കഴിഞ്ഞിട്ടുണ്ട്.

ശ്രീ. മാണി സി. കാപ്പൻ: സർ, പട്ടികജാതി വിഭാഗക്കാരുടെ പാർപ്പിടം, വിദ്യാഭ്യാസം, അടിസ്ഥാന ജീവിതോപാധികൾ, തുടങ്ങിയ മേഖലകളിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, നിരവധി പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്. അവരുടെ സാമൂഹിക-സാമ്പത്തിക വളർച്ചയ്ക്കും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വേണ്ടിയാണ് ഇത്തരം പദ്ധതികൾ നടപ്പാക്കുന്നത്. അംബേദ്കർ ഗ്രാമ വികസന പദ്ധതിയായാലും സ്വയം പര്യാപ്തഗ്രാമങ്ങളായാലും മറ്റു പദ്ധതികളായാലും അവരുടെ സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ നിലവാരവും ഭൗതിക സാഹചര്യങ്ങളും മെച്ചപ്പെടുത്താനുമാണ് തീരുമാനിച്ചത്. നിരവധി പദ്ധതികൾ

നടപ്പാക്കുന്നുണ്ട്, അവ അനുബന്ധമായി+ ചേർത്തിട്ടുണ്ട്,

ശ്രീമതി. ശാന്തകുമാരി കെ.: സർ, അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഇപ്പോൾ മുപ്പതിലധികം വീടുകളുള്ള കോളനികളിൽ ഒരു കോടി രൂപ എന്ന നിലയിലാണ് തുക അനുവദിച്ചുവരുന്നത്. എന്നാൽ പാലക്കാട് ജില്ലയിൽ നൂറിലധികം വീടുകളുള്ള കോളനികളായിട്ടാണ് താമസിക്കുന്നത്. ഒരുകോടി എന്നതിനുപകരം തെരഞ്ഞെടുക്കപ്പെടുന്ന കോളനികളിൽ അധിക സംഖ്യ ചെലവഴിച്ചുകൊണ്ട്, മോഡൽ റസിഡൻഷ്യൽ കോളനികൾക്ക് സമാനമായ രൂപത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഓരോ കോളനികളുടെയും വികസനത്തിന് ഒരുകോടി രൂപ മാറ്റിവയ്ക്കുകയെന്ന സ്ഥിതിക്ക് മാറ്റം വരേണ്ടതുണ്ട്. ഓരോ കോളനികളുടെയും ഫീസിബിലിറ്റി സ്റ്റഡി നടത്തിയതിനുശേഷമേ ഇനി തുക അനുവദിക്കേണ്ടതുള്ളൂവെന്ന് തീരുമാനിച്ചിട്ടുണ്ട്. ആവശ്യത്തിന് തുക കൊടുക്കുക; ചിലപ്പോൾ ഒരു കോടി രൂപയിൽ കൂടുതൽ ചെലവഴിക്കേണ്ടി വരും, ചിലപ്പോൾ ഒരുകോടി രൂപ ആവശ്യമില്ലാതെയും വരും. ഓരോ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോളനികളുടേയും ഫീസിബിലിറ്റി സ്റ്റഡി നടത്തി എം.എൽ.എ. മാരുടെ സമ്മതത്തോടുകൂടിയാണ് ഇനി പദ്ധതികൾ നടപ്പിലാക്കുക. തീർച്ചയായും ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയും.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, മിക്ക മണ്ഡലങ്ങളിലും അംബേദ്കർ കോളനികൾക്ക് ഫണ്ട് നൽകുന്നുണ്ടെങ്കിലും പലപ്പോഴും പ്രവൃത്തികൾ പൂർത്തീകരിക്കപ്പെടുന്നില്ല. ജോലി ഏറ്റെടുക്കുന്ന ഏജൻസികൾ പ്രവൃത്തി പൂർത്തീകരിക്കാതെ പോകുന്നതുകാരണം പദ്ധതികൾ ഫലപ്രാപ്തിയിൽ എത്തുന്നില്ലെന്നത് കഴിഞ്ഞ കാലങ്ങളിൽ ബോധ്യപ്പെട്ട കാര്യമാണ്. അതുകൊണ്ട് സംസ്ഥാനതലത്തിലും ജില്ലാതലത്തിലും മോണിറ്ററിംഗ് സമിതി രൂപീകരിച്ച്, പ്രവൃത്തികൾ കൃത്യസമയത്ത് പൂർത്തീകരിച്ച് അവർക്ക് കൈമാറുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുള്ള നിലപാട് സ്വീകരിക്കാൻ ഗവൺമെന്റിന് കഴിയുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച കാര്യം ഞാൻ നേരത്തെ പറഞ്ഞതാണ്. ഇതുവരെ നമ്മൾ തെരഞ്ഞെടുത്തത് 450 കോളനികൾ ആയിരുന്നു. അതിൽ 98 എണ്ണത്തിന്റെ പണി പൂർത്തീകരിച്ചു കഴിഞ്ഞു. എന്നാൽ നല്ല ഇടപെടൽ നടത്തുകയും സംസ്ഥാനതലത്തിൽ മോണിറ്ററിംഗ് സംവിധാനം മെച്ചപ്പെടുത്തുകയും

ചെയ്തതിന്റെ ഫലമായി ഇപ്പോൾ 281 കോളനികളിലെ പണി പൂർത്തീകരിച്ചുകഴിഞ്ഞു. ശേഷിക്കുന്നവ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്. മോണിറ്ററിംഗ് കമ്മിറ്റിയുടെ കാര്യം ഇവിടെ ചൂണ്ടിക്കാണിച്ചു, അതുകൊണ്ടാണ് എം.എൽ.എ.-മാർ ചെയർമാൻമാരായിട്ടുള്ളതും മണ്ഡലാടിസ്ഥാനത്തിലുള്ളതുമായ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുള്ളത്. ആ മണ്ഡലത്തിൽ വരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തലവന്മാരും അവിടുത്തെ ഉദ്യോഗസ്ഥരും ചേർന്നുകൊണ്ട്, കൃത്യമായി മോണിറ്ററിംഗ് നടത്തി പോരായ്മയുള്ളത് പരിഹരിക്കാൻ വേണ്ട ഇടപെടൽ നടത്താൻ കഴിയും.

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി ഈ ഗവൺമെന്റ് നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുവെന്നതിൽ ഗവൺമെന്റിനെയും വകുപ്പുമന്ത്രിയെയും പ്രത്യേകം അഭിനന്ദിക്കുകയാണ്. അംബേദ്കർ ഗ്രാമം പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഈ

വർഷം 202 കോളനികളെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്. എം.എൽ.എ.മാരുടെ നേതൃത്വത്തിൽത്തന്നെയാണ് പ്രസ്തുത കോളനികളെല്ലാം തെരഞ്ഞെടുത്തിരിക്കുന്നത്.പദ്ധതി നിർവ്വഹണത്തിനായി വിവിധ ഏജൻസികളെ ചുമതലപ്പെടുത്തുന്നുണ്ട്. ഏതെങ്കിലും ഏജൻസി കൃത്യനിർവ്വഹണത്തിന് പ്രാര്യാപ്തമല്ലെങ്കിൽ അവരെ മാറ്റി പുതിയ ഏജൻസിയെ നിയമിക്കുന്നതിനുള്ള അധികാരംകൂടി എം.എൽ.എ.മാർക്ക് നൽകിയിട്ടുണ്ട്. അതായത്, നിലവിലെ ഏജൻസി മോശമാണെങ്കിൽ അവരെ മാറ്റി പുതിയ ഏജൻസി മുഖാന്തരം സമയബന്ധിതമായി പണി പൂർത്തീകരിക്കാൻ സാധിക്കും. പദ്ധതി നടത്തിപ്പ് ടെണ്ടർ നടപടികളിലൂടെയായാൽ കാലതാമസം നേരിടുമെന്നതിനാലാണ് പലപ്പോഴും ഏജൻസികളെ ഏൽപ്പിക്കുന്നത്. അപ്പോഴും പണി സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ലെന്ന പരാതിയുണ്ട്. പ്രസ്തുത വിഷയത്തിൽ സ്വീകരിക്കേണ്ട നിലപാടിനെ സംബന്ധിച്ച് തീർച്ചയായും ചർച്ച ചെയ്യാവുന്നതാണ്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, പട്ടികജാതി കോളനികളുടെ നവീകരണവുമായി ബന്ധപ്പെട്ട വളരെ മാതൃകാപരമായ പദ്ധതിയാണ് അംബേദ്കർ ഗ്രാമം പദ്ധതി. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ആളുകൾക്ക്

കൃഷിചെയ്ത് ജീവിക്കാനാവശ്യമായ ഭൂമിയും അതോടൊപ്പം വീടും എന്ന സ്വപ്നത്തിലേയ്ക്കെത്താൻ നമുക്ക് കഴിയുന്നില്ല. ലൈഫ് പദ്ധതിയിൽ ഉൾപ്പട്ടുത്തി അവർക്ക് ഫ്ലാറ്റ് നൽകുന്നതിലൂടെ ഫലത്തിൽ ഫ്ലാറ്റുകൾ വെർട്ടിക്കൽ കോളനികളായി മാറുകയാണ്. കോളനി സങ്കൽപ്പത്തിൽനിന്നും വെർട്ടിക്കൽ കോളനി സങ്കൽപ്പത്തിലേയ്ക്കുള്ള മാറ്റമാണ് നടക്കുന്നത്. അതുകൊണ്ട് പട്ടികജാതി വിഭാഗങ്ങൾക്ക് അവരുടെ ഭൂമിയിൽ അന്തസ്സോടെ കൃഷി ചെയ്ത് ജീവിക്കാനാവശ്യമായ തരത്തിൽ ഭൂമിയും വീടും നൽകുന്നതിന് മുൻഗണന നൽകിക്കൊണ്ട് പ്രത്യേകമായ പദ്ധതി ആവിഷ്കരിക്കാനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഭൂമിയും വീടും ലഭ്യമാക്കുന്നതിനുതന്നെയാണ് സർക്കാർ പ്രാധാന്യം നൽകുന്നത്. ഭൂമി ലഭ്യമാകാത്ത പ്രദേശങ്ങളിൽ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ഫ്ലാറ്റ് നൽകുന്നുണ്ട്. ഭൂമി ലഭ്യമാകാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ ഭൂമിയും വീടും ഒരുമിച്ച് നൽകുന്ന പദ്ധതിയാണ് നടപ്പിലാക്കുന്നത്; ശരിയായ നടപടിയും അതുതന്നെയാണ്. ഭൂപരിഷ്കരണ നിയമം ഫലപ്രദമായി നടപ്പാക്കിയിരുന്നെങ്കിൽ കേരളത്തിലെ പട്ടികജാതിക്കാരുടെയും

കർഷകത്തൊഴിലാളികളുടെയും ഭൂമിപ്രശ്നം ഇപ്പോൾ നമുക്ക് ചർച്ചചെയ്യേണ്ട അവസ്ഥ ഉണ്ടാകുമായിരുന്നില്ല. ഭൂപരിഷ്കരണ നിയമത്തിന്റെ ഭാഗമായി മിച്ചഭൂമി കണ്ടെത്തിയിരുന്നെങ്കിലും അത് കൃത്യമായി വിതരണം ചെയ്യാൻ കഴിഞ്ഞില്ല, കാലക്രമത്തിൽ അത് നഷ്ടപ്പെടുന്ന അവസ്ഥയുണ്ടാകുകയും ചെയ്തു. അന്ന് മിച്ചഭൂമി കൃത്യമായി വിതരണം ചെയ്യപ്പെട്ടിരുന്നെങ്കിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും ആദിവാസികൾക്കും പാവപ്പെട്ട കർഷകത്തൊഴിലാളികൾക്കും ഭൂമി നൽകാൻ സാധിക്കുമായിരുന്നു. മിച്ചഭൂമി വിതരണം കൃത്യമായി നടപ്പാക്കിയില്ലെന്ന ഒരു വീഴ്ച നമുക്ക് സംഭവിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ ഭൂമിയും വീടും ലഭ്യമാക്കുക എന്നതിനുതന്നെയാണ് മുൻഗണന നൽകുന്നത്, അക്കാര്യം വളരെ ഭംഗിയായി നടപ്പാക്കിവരുന്നു.

ശ്രീ. ജോബ് മൈക്കിൾ: സർ, എൻ. ഒ. സി. ലഭ്യമാകാത്തതിനാൽ ചില ആളുകൾക്ക് പട്ടയം ലഭ്യമായിട്ടും അത് ഫലത്തിലാകാത്ത അവസ്ഥയുണ്ടെന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വിഷയത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭൂമിയുടെ കൈവശാവകാശം ലഭ്യമായിട്ടില്ലെന്ന പരാതി ലഭിച്ചപ്പോൾത്തന്നെ പ്രസ്തുത വിഷയം റവന്യൂ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കാനാവശ്യമായ

നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. പട്ടയം ലഭിച്ച ആളുകൾക്ക് യുദ്ധകാലാടിസ്ഥാനത്തിൽ ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നൽകുന്ന ആനുകൂല്യങ്ങളുടെ അർഹതാ മാനദണ്ഡം പട്ടികജാതി വികസന വകുപ്പിലും തദ്ദേശസ്വയംഭരണ വകുപ്പിലും വ്യത്യസ്തമാണ്. ഉദാഹരണമായി, പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വകുപ്പ് മുഖാന്തരം 'പഠനമുറി' നൽകുമ്പോൾ വരുമാനപരിധി ഒരു ലക്ഷം രൂപയാണെങ്കിൽ അതേ പദ്ധതിക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് നിശ്ചയിച്ച വരുമാനപരിധി മൂന്ന് ലക്ഷം രൂപയാണ്. അതുപോലെതന്നെ സ്ഥലം വാങ്ങി വീട് വയ്ക്കുന്ന പദ്ധതിക്ക് പഞ്ചായത്ത് / മുനിസിപ്പാലിറ്റികൾ നൽകുന്നത് സെന്റിന് എഴുപത്തയ്യായിരം (75,000/-) രൂപയാണെങ്കിൽ ഇതേ പദ്ധതി പട്ടികജാതി വികസന വകുപ്പ് മുഖാന്തരമാണെങ്കിൽ ഒരു ലക്ഷത്തി ഇരുപത്തയ്യായിരം (1,25,000/-) രൂപ വരെ നൽകാൻ സാധിക്കും. ഒരേ ആനുകൂല്യത്തിന് രണ്ടുതരം മാനദണ്ഡം വയ്ക്കുന്നത് വൈരുദ്ധ്യമല്ലേ; ഇത്തരം പദ്ധതികൾ ഏകോപിപ്പിച്ചുകൊണ്ട് ഒരു സർക്കാർ ഉത്തരവ് പുറപ്പെടുവിക്കാൻ കഴിയുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, പട്ടികജാതി വികസന വകുപ്പുമുഖാന്തരം ഗ്രാമപ്രദേശങ്ങളിൽ അഞ്ച് സെന്റ് ഭൂമി വാങ്ങുന്നതിന് മൂന്ന് ലക്ഷത്തി എഴുപത്തയ്യായിരം (3,75,000/-)രൂപയും മുനിസിപ്പാലിറ്റി പരിധിയിലാണെങ്കിൽ നാലരലക്ഷം (4,50,000/-)രൂപയും കോർപ്പറേഷൻ പരിധിയിലാണെങ്കിൽ ആറ് ലക്ഷം (6,00,000/-) രൂപയുമാണ് നൽകുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പട്ടികജാതി വികസന വകുപ്പും നടപ്പാക്കുന്ന പദ്ധതികൾ ഏകീകരിക്കണമെന്ന ആവശ്യം ഉയർന്നുവന്നിട്ടുണ്ട്. അതുപോലെതന്നെ ഇത്തരം പദ്ധതികളിൽ ഡ്യൂപ്ലിക്കേഷനും വരുന്നുണ്ട്. ഈ സാഹചര്യത്തിൽ ഡ്യൂപ്ലിക്കേഷൻ വരാതിരിക്കാനും പദ്ധതികൾ ഏകീകരിക്കുന്നതിനുമായി വകുപ്പുകൾ തമ്മിൽ ചർച്ച നടന്നുവരികയാണ്.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, അംബേദ്കർ ഗ്രാമം പദ്ധതിയിലുൾപ്പെട്ട പ്രവർത്തനങ്ങൾക്ക് ഒരു കോടി രൂപയാണ് അനുവദിക്കുന്നതെങ്കിലും പലപ്പോഴും നികുതിയിനത്തിലും മറ്റുമായി തുകയിൽ കുറവ് വരുന്നതുകൊണ്ട് ഫലത്തിൽ 75-80 ലക്ഷം രൂപ മാത്രമേ യഥാർത്ഥത്തിൽ കോളനികളിൽ ചെലവഴിക്കപ്പെടുന്നുള്ളൂ. അതുകൊണ്ട് ഇത്തരം പ്രത്യേക പദ്ധതികളിൽ ചുമത്തപ്പെടുന്ന നികുതി ഒഴിവാക്കി അനുവദിച്ച തുക പൂർണ്ണമായും പദ്ധതിക്കുവേണ്ടി ചെലവഴിക്കാനാവശ്യമായ

നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച കാര്യം ശരിയാണെങ്കിലും അക്രെഡിറ്റഡ് ഏജൻസികൾ മുഖാന്തരം നടപ്പാക്കുന്ന പ്രവൃത്തികൾക്ക് നികുതി ഏർപ്പെടുത്താതിരിക്കാൻ സാധിക്കുമോയെന്ന കാര്യത്തിൽ വ്യക്തത വരുത്തേണ്ടത് ധനകാര്യ വകുപ്പാണ്. ഇത്തരം ഏജൻസികളുടെ പദ്ധതി നടത്തിപ്പിൽ 18% ജി.എസ്.ടി. നിർബന്ധമാണ്. ഉദാഹരണത്തിന് പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വീട് നിർമ്മാണത്തിന് അനുവദിക്കുന്ന തുക ആറ് ലക്ഷമാണെങ്കിലും പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഒരു അക്രെഡിറ്റഡ് ഏജൻസിയെ ചുമതലപ്പെടുത്തുകയാണെങ്കിൽ ഏജൻസി കമ്മീഷനും ജി.എസ്.ടി. വിഹിതവും ചേർന്ന് 25% തുക കുറവ് വരുമെന്നതിനാൽ ഫലത്തിൽ ലഭ്യമാകുന്ന തുകയിൽ ഒന്നര ലക്ഷം രൂപയുടെ കുറവുണ്ടാകും. അത്തരം കാര്യങ്ങൾ ഒഴിവാക്കാൻ കഴിയുന്ന സാഹചര്യം ഇപ്പോഴില്ല. ജി.എസ്.ടി. ലഭ്യമായില്ലെങ്കിൽ സംസ്ഥാനത്തിന് വരുമാനമുണ്ടാകില്ല. അതുകൊണ്ടുതന്നെ അക്രെഡിറ്റഡ് ഏജൻസികൾ മുഖാന്തരമല്ലാതെ നേരിട്ട് നടത്തുന്ന പദ്ധതികൾക്കുമാത്രമേ നികുതി ഒഴിവാക്കാൻ കഴിയുകയുള്ളൂ.

<u>ശ്രീ. പി. പി. സുമോദ്</u>: സംസ്ഥാനത്തെ പട്ടികജാതി വിഭാഗങ്ങളുടെ

സമഗ്രവികസനം ലക്ഷ്യംവച്ചുകൊണ്ട് സർക്കാർ നടപ്പാക്കുന്ന അംബേദ്കർ ഗ്രാമം പദ്ധതി അനുവദിക്കുന്നതിന് കുടുംബങ്ങളുടെ എണ്ണം മാത്രം കണക്കിലെടുക്കുന്നതിനുപകരം പ്രശ്നാധിഷ്ഠിത സമീപനം മാനദണ്ഡമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഇക്കാര്യത്തെക്കുറിച്ച് ഞാൻ നേരത്തെ പരാമർശിച്ചിട്ടുണ്ട്. പ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ വികസന പ്രവർത്തനങ്ങളെ സമീപിക്കണമെന്നതുകൊണ്ടാണ് പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള പദ്ധതികളിൽ മൈക്രോലെവൽ പ്ലാനിംഗ് ആവശ്യമാണെന്ന് പറയുന്നത്. ഓരോ കുടുംബത്തിന്റെയും പ്രശ്നം പരിശോധിച്ച് അവ പരിഹരിക്കുന്ന രീതിയിലേയ്ക്ക് വികസനമെത്തിക്കുക എന്ന ലക്ഷ്യത്തിനായി കമ്മ്യൂണിറ്റി ഡെവലപ്മെന്റ് പ്രോഗ്രാം എന്ന രീതിയിൽ ബന്ധപ്പെട്ട വകുപ്പുകളും ഗുണഭോക്താക്കളും ചേർന്നുള്ള ഒരു വികസന കാഴ്ചപ്പാട് സ്വീകരിക്കുന്നതിനായി മൈക്രോലെവൽ പ്ലാനിംഗ് കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

മി. സ്പീക്കർ: നക്ഷത്രചിഹ്നമിട്ട 63-ാം നമ്പർ ചോദ്യം നക്ഷത്രചിഹ്നമിട്ട 88-ാം നമ്പർ ചോദ്യവുമായി ക്ലബ്ബ് ചെയ്യുന്നതിന് ശ്രീ. പ്രമോദ് നാരായൺ നോട്ടീസ് നൽകിയിട്ടുണ്ട്. ക്ലബ്ബിംഗ് അനുവദിക്കുന്നില്ല.

## ബഫർ സോൺ

3(*63 )ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയോദ്യാനങ്ങളുടെയും വന്യജീവി സങ്കേതങ്ങളുടെയും ഒരു കിലോമീറ്റർ ചുറ്റളവിൽ ബഫർ സോണായി പ്രഖ്യാപിച്ചുകൊണ്ടുള്ള സുപ്രീം കോടതി വിധി സംസ്ഥാനത്തെ മലയോര കർഷകരെ പ്രതികൂലമായി ബാധിക്കുമെന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) പ്രസ്തുത വിഷയത്തിൽ സംസ്ഥാനം ഫയൽ ചെയ്ത റിവ്യൂ പെറ്റീഷൻ സുപ്രീം കോടതിയുടെ പരിഗണനയ്ക്ക് വരുന്നതിനുമുമ്പായി ബഫർ സോണുകളിൽ സമഗ്രമായ സർവ്വേ നടത്തി ജനവാസ കേന്ദ്രങ്ങൾ അടയാളപ്പെടുത്തി മേഖലയിൽ ഉണ്ടാകാനിടയുള്ള പ്രത്യാഘാതങ്ങൾ ബോധ്യപ്പെടുത്തുന്നതിന് തയ്യാറാകുമോ;

(സി) റിവ്യൂ പെറ്റീഷൻ പരിഗണിക്കുമ്പോൾ സംസ്ഥാനത്തിന് അനുകൂലമായ സാഹചര്യമൊരുക്കുന്നതിന് ശാസ്ത്രീയ അടിത്തറയുള്ള പഠന റിപ്പോർട്ട് അനിവാര്യമായതിനാൽ വനം, റവന്യൂ, കൃഷി, തദ്ദേശസ്വയംഭരണ വകുപ്പുകളുടെ ഏകോപനത്തോടെ സർവ്വേ നടത്തി പഠന റിപ്പോർട്ട്

പ്രസിദ്ധീകരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ,

(എ) ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 03-06-2022-ലെ IA-1000/2003 നമ്പർ കേസിലെ ഉത്തരവുപ്രകാരം ദേശീയോദ്യാനങ്ങളുടെയും വന്യജീവി സങ്കേതങ്ങളുടെയും നിശ്ചയിക്കപ്പെട്ട അതിരിൽ നിന്നും ഒരു കിലോ മീറ്റർ ചുറ്റളവ് ഇക്കോ സെൻസിറ്റീവ് സോണായി (ESZ) പ്രഖ്യാപിക്കുമ്പോൾ, മലയോര മേഖലയിലെ ജനവാസ കേന്ദ്രങ്ങളെ ബാധിക്കുമെന്ന കാര്യം വളരെ ഗൗരവത്തോടെയാണ് സർക്കാർ കാണുന്നത്.

(ബി&സി) സംരക്ഷിത പ്രദേശങ്ങളുടെ ഒരു കി.മീ പരിധിയിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് ഈ പ്രദേശങ്ങൾ ഇക്കോ സെൻസിറ്റീവ് സോണായി പ്രഖ്യാപിച്ചാൽ അത് ജനവാസ മേഖലകളെ എങ്ങനെ ബാധിക്കുമെന്ന കാര്യവും അതിന്റെ പ്രത്യാഘാതങ്ങളും ബന്ധപ്പെട്ട അധികാര സ്ഥാപനങ്ങളെ ബോധ്യപ്പെടുത്തുന്നതാണ്. നിലവിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ മുമ്പാകെയുള്ള ഇക്കോ സെൻസിറ്റീവ്

സോൺ പ്രൊപ്പോസലുകൾ, ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി, അംഗീകാരം ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതിനും ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ഉത്തരവിന്മേൽ റിവ്യൂ പെറ്റീഷൻ സമർപ്പിക്കുന്നതിനും കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ കേന്ദ്ര സർക്കാരിനെയും കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും ബഹുമാനപ്പെട്ട സുപ്രീംകോടതിയെയും ബോദ്ധ്യപ്പെടുന്നതിനുമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിന് അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകുകയും കേന്ദ്ര സർക്കാരിന് കത്തയയ്ക്കുകയും ചെയ്തിട്ടുണ്ട്. ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ പരിശോധിച്ചശേഷം ജനവാസ കേന്ദ്രങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, ആശുപത്രികൾ, കൃഷിസ്ഥലങ്ങൾ, തോട്ടങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേരള സംസ്ഥാന റിമോട്ട് സെൻസിങ് ആൻഡ് എൻവയോൺമെൻറ് സെന്ററിനെ (KSREC) ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ച് എത്രയും വേഗം പഠന റിപ്പോർട്ട് തയ്യാറാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. തുടർനടപടി സ്വീകരിക്കുമ്പോൾ ഇതര

വകുപ്പുകളുടെ സഹകരണം ആവശ്യമെങ്കിൽ സ്വീകരിക്കുന്നതാണ്. പഠന റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

ശ്രീ. ടി. സിദ്ദീഖ് ചുമതലപ്പെടുത്തിയതുപ്രകാരം ഡോ. മാത്യു കുഴൽനാടൻ: സർ, ബഫർ സോണുമായി ബന്ധപ്പെട്ട് 8-5-2013- ലെ മന്ത്രിസഭാ യോഗത്തിലാണ് കേരള സർക്കാർ ആദ്യമായി നയപരമായൊരു തീരുമാനം കൈക്കൊണ്ടത്. വന്യമൃഗസങ്കേതങ്ങൾക്ക് പുറത്തുള്ള ജനവാസ മേഖലകളെ പൂർണ്ണമായും ഒഴിവാക്കി ബഫർ സോൺ തീരുമാനിക്കുകയും അപ്രകാരം ജനങ്ങളെ സംബന്ധിച്ച് സീറോ ബഫർ സോൺ എന്ന തീരുമാനമാണ് മന്ത്രിസഭായോഗം കൈക്കൊണ്ടിരുന്നത്. അപ്രകാരമുള്ള നിർദ്ദേശങ്ങൾ കരട് വിജ്ഞാപനമായി ഇറങ്ങിയെങ്കിലും അധിക വിവരം ചോദിച്ചപ്പോൾ നല്കാത്തതിനെത്തുടർന്ന് അത് ലാപ്സാകുകയുണ്ടായി. പിന്നീട് 23-10-2019-ൽ മന്ത്രിസഭാ യോഗം ചേർന്ന് വീണ്ടും ബഫർ സോൺ സംബന്ധിച്ച് കരട് വിജ്ഞാപനങ്ങൾ അയയ്ക്കുമ്പോൾ മാറ്റങ്ങൾ വരുത്തേണ്ടതുണ്ടെന്ന് തീരുമാനിക്കുകയും അപ്രകാരം 31-10-2019-ൽ ഉത്തരവിറക്കിയപ്പോൾ 1 മുതൽ 3 കി. മീ. വരെ ബഫർ സോൺ ആകാമെന്ന് പഴയ സീറോ ബഫർ സോൺ എന്നതിൽനിന്ന് മാറ്റി തീരുമാനിക്കാനുണ്ടായ സാഹചര്യം എന്തായിരുന്നു; പഴയ തീരുമാനം മാറ്റിയത്

എന്തിനുവേണ്ടിയായിരുന്നു?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ബഹുമാനപ്പെട്ട അംഗത്തിന് ഈ വിവരങ്ങൾ കിട്ടിയത് എങ്ങനെയാണെന്നറിയില്ല. 13-8-2013-ന് അന്നത്തെ സർക്കാർ പൂജ്യം കിലോ മീറ്റർ എന്നല്ല 0 മുതൽ 12 കി. മീ. വരെ എന്നാണ് പരിധിവച്ചിട്ടുള്ളത്. അടിയന്തരപ്രമേയം അവതരിപ്പിക്കുന്ന സമയത്ത് അതിനെപ്പറ്റി കൂടുതൽ കാര്യങ്ങൾ വ്യക്തമാക്കാം. 2013-ൽ സമർപ്പിച്ച റിപ്പോർട്ടിന്മേൽ കേന്ദ്ര ഗവൺമെന്റ് ചോദിച്ചിട്ടുള്ള അധികവിവരം 2016-വരെ സമർപ്പിച്ചിരുന്നില്ലെന്ന് അങ്ങ് തന്നെ ഇവിടെ പറഞ്ഞു. മൂന്ന് വർഷം യു.ഡി.എഫ്. ഗവൺമെന്റാണ് ഭരണത്തിലുണ്ടായിരുന്നതെന്ന് ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാവുന്ന കാര്യമാണ്. 2019-ൽ 0 മുതൽ 1 വരെ എന്നാണ് പറഞ്ഞിരിക്കുന്നത്. അതിനർത്ഥം 1 കിലോ മീറ്റർ എന്നല്ല. അത് 10 മീറ്ററാകാം 250 മീറ്ററാകാം 800 മീറ്ററാകാം 1000 മീറ്ററുമാകാം. അങ്ങനെയാണ് വച്ചിട്ടുള്ളത്. എന്നാൽ അതുമാറ്റി പൂജ്യം എന്ന് 2020-ൽ നല്കുകയും ചെയ്തിട്ടുണ്ട്.

ഡോ. മാത്യു കുഴൽനാടൻ: സർ, 31-10-2019-ൽ ഈ സർക്കാർ ഇറക്കിയ ഉത്തരവിന്റെ ഒരു വരി ഞാനിവിടെ വായിക്കാം. അങ്ങ് മന്ത്രിയെന്ന നിലയ്ക്ക് സഭയിൽ ഇപ്പോൾ പറഞ്ഞ വാചകത്തിന്റെ മറുപടി,

‘ 8-5-2013-ൽ മന്ത്രിസഭാ യോഗം പരിഗണിക്കുകയും സംരക്ഷിത പ്രദേശങ്ങൾക്ക് പുറത്തുള്ള എല്ലാ മനുഷ്യവാസ കേന്ദ്രങ്ങളെയും ഇക്കോ സെൻസിറ്റീവ് സോണുകളുടെ പരിധിയിൽനിന്നും ഒഴിവാക്കിക്കൊണ്ട് പ്രൊപ്പോസൽ അയയ്ക്കാൻ തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം II-ലെ കത്ത് പ്രകാരം സംരക്ഷിത പ്രദേശങ്ങൾ/ഇക്കോ സെൻസിറ്റീവ് സോണുകൾ സംബന്ധിച്ച കരട് നിർദ്ദേശങ്ങൾ 13-5-2015-ൽ കേന്ദ്ര വനം മന്ത്രാലയത്തിന് സമർപ്പിക്കുകയുമുണ്ടായി. ജനവാസ മേഖലയിൽ ബഫർ സോൺ ബാധകമാകുമെന്ന് പറയുന്നത് എങ്ങനെയാണെന്ന് വ്യക്തമാക്കാമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, പൂജ്യം മുതൽ പന്ത്രണ്ട് കി. മീ. വരെയുള്ള ഭാഗമാണ് അദ്ദേഹം ബോധപൂർവ്വം വിട്ടുപോയത്.

ശ്രീ. സജീവ് ജോസഫ്: സർ, മലയോര മേഖലയായ ഇരിക്കൂർ നിയോജക മണ്ഡലം ഉൾപ്പെടെയുള്ള കേരളത്തിലെ പ്രദേശങ്ങളിൽ കർണ്ണാടക സംസ്ഥാന പരിധിയിലുള്ള ബ്രഹ്മഗിരി ഉൾപ്പെടെയുള്ള വന്യമൃഗ സങ്കേതങ്ങൾ ഉൾപ്പെടുന്നതും ആ വനമേഖലയുമായി അതിർത്തി പങ്കിടുന്ന നിരവധി ജനവാസ കേന്ദ്രങ്ങളുണ്ട്. ഇതിൽ ചെറിയ പട്ടണങ്ങൾ പോലുമുണ്ട്. ബഫർ സോൺ സംബന്ധിച്ച സുപ്രീംകോടതി വിധി ഈ പ്രദേശത്തെ

ജനങ്ങളെ ബാധിക്കുമെന്ന ആശങ്കയുണ്ട്. ഈ സാഹചര്യത്തിൽ സുപ്രീംകോടതി വിധി ഏതൊക്കെ വില്ലേജുകളെ ബാധിക്കുമെന്നുള്ളതിനെ സംബന്ധിച്ച് പരിശോധന നടത്തിയതായി കാണുന്നില്ല. വനം കർണ്ണാടകത്തിന്റേതും ജനവാസ കേന്ദ്രങ്ങൾ കേരളത്തിന്റേതുമാണ്. ഇക്കാര്യത്തിൽ ഇരു സർക്കാരുകളുടെയും നിലപാട് വളരെ നിർണ്ണയകമാണ്. കർണ്ണാടകം ഇക്കാര്യത്തിൽ എന്ത് സമീപനം സ്വീകരിക്കുമെന്നതിൽ യാതൊരു വ്യക്തതയുമില്ല. ജനവാസ കേന്ദ്രങ്ങൾ ഉൾപ്പെടുന്ന കേരളത്തിലെ പ്രദേശങ്ങളിലെ ജനങ്ങളുടെ ആശങ്ക പരിഹരിക്കാൻ സർക്കാർ എന്തുനടപടി സ്വീകരിക്കും?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, കർണ്ണാടക വനമേഖലയുമായി ബന്ധപ്പെട്ട പ്രദേശങ്ങളിൽ കർണ്ണാടക സർക്കാരിന്റെ സഹകരണത്തോടുകൂടി മാത്രമേ ഇക്കാര്യം പരിശോധിക്കാനും നിർണ്ണയിക്കാനും സാധിക്കുകയുള്ളുവെന്ന് ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞത് ശരിയാണ്. കേരള അതിർത്തി മാത്രമായുള്ള മറ്റ് പ്രദേശങ്ങളിൽ വില്ലേജുകൾ ഏതാണെന്ന് നിശ്ചയിച്ച് അവയുടെ വിവരങ്ങൾ തയ്യാറാക്കി ടി പട്ടിക നേരത്തെതന്നെ കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആ പ്രക്രിയകളൊക്കെ പൂർത്തീകരിച്ച് വർഷങ്ങൾ

കഴിഞ്ഞതിനാൽ ചില മാറ്റങ്ങളുണ്ടാകാനുള്ള സാധ്യത കണക്കിലെടുത്ത് പുതിയൊരു പരിശോധനകൂടി നടത്തി ഇത് സമ്പുഷ്ടമാക്കാനാണ് തീരുമാനിച്ചിരിക്കുന്നത്.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. റോജി എം. ജോൺ: സർ, സുപ്രീംകോടതിയുടെ നിർദ്ദേശപ്രകാരം ബഫർ സോൺ സംബന്ധിച്ച് ജനങ്ങൾക്കുള്ള ആശങ്ക പരിഹരിക്കുന്നതിനാവശ്യമായ കാര്യങ്ങൾ എംപവേർഡ് കമ്മിറ്റിയുടെയും മിനിസ്ട്രി ഓഫ് എൻവയോൺമെന്റ് ആൻഡ് ഫോറസ്റ്റിന്റെയും ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുവേണ്ടി ഗവൺമെന്റ് സ്വീകരിച്ച നടപടികളെ സംബന്ധിച്ച് അറിയാൻ താല്പര്യമുണ്ട്. ഇതിനായി സർക്കാർ ഉന്നതതലയോഗം വിളിക്കുന്നുവെന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. ഈ പ്രശ്നത്തിൽ ഏറ്റവും കൂടുതൽ ബുദ്ധിമുട്ടനുഭവിക്കുന്ന ജനങ്ങൾ അവരുടെ ആശങ്കകൾ പങ്കുവയ്ക്കുന്നത് ജനപ്രതിനിധികളോടാണ്. ആയതിനാൽ ബന്ധപ്പെട്ട മേഖലയിലെ ജനപ്രതിനിധികളുടെ യോഗം വിളിച്ചുചേർക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ ഈ പ്രദേശങ്ങളിലൊക്കെ ആശങ്ക നിലനില്ക്കുന്നുവെന്നത്

സത്യമാണ്. ഈ ആശങ്കകൾക്കൊക്കെ മറുപടിയായി കഴിഞ്ഞ ദിവസത്തെ ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിനുള്ള മറുപടിയിൽ സർക്കാർ നിലപാട് വ്യക്തമാക്കാൻ ശ്രമിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ.-മാരുടെ യോഗം വിളിച്ചുചേർക്കണമെന്ന പുതിയ നിർദ്ദേശത്തിന്മേൽ പരിശോധന നടത്തിയശേഷം അത്യാവശ്യമെങ്കിൽ അപ്പോൾ ആലോചിക്കാമെന്ന് മാത്രമേ പറയാൻ സാധിക്കുകയുള്ളൂ.

ശ്രീ. സണ്ണി ജോസഫ്: സർ, 8-5-2013-ലെ മന്ത്രിസഭാ തീരുമാനത്തെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രി ഇവിടെ കടകവിരുദ്ധമായാണ് സംസാരിച്ചിരിക്കുന്നത്. 2013-ലെ തീരുമാനപ്രകാരം ESZ-ൽ നിന്ന് ജനവാസ കേന്ദ്രങ്ങളെ പൂർണ്ണമായും ഒഴിവാക്കണമെന്നായിരുന്നു തീരുമാനിച്ചിരുന്നത്. ആ തീരുമാനം റദ്ദ് ചെയ്തത് 23-10-2019-ലാണ്. അതിനുശേഷം 31-10-2019-ലെ ഉത്തരവിൽ ഇക്കാര്യങ്ങളെക്കുറിച്ച് പ്രതിപാദിച്ചിട്ടുണ്ട്. ആയതിനാൽ 31-10-2019-ലെ ഉത്തരവിനിടയാക്കിയ 23-10-2019-ലെ തെറ്റായ മന്ത്രിസഭാ തീരുമാനം തിരുത്താൻ ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ; നടപടി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ബഹുമാനപ്പെട്ട മെമ്പർ വീണ്ടും അതേ

കാര്യം ആവർത്തിച്ചതുകൊണ്ട് എനിക്കത് ഒന്നുകൂടി വ്യക്തമാക്കേണ്ടതുണ്ട്. ഇത് 08-05-2013-ലെ മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകളുടെ രേഖയാണ്. അത് ഞാൻ വായിക്കാം, 'സംരക്ഷിത മേഖലകൾക്കുചുറ്റും ഇക്കോ സെൻസിറ്റീവ് മേഖലയായി പ്രഖ്യാപിക്കുന്നത് സംബന്ധിച്ച്; കുറിപ്പിലെ നിർദ്ദേശം (1)-ൽ വനപ്രദേശത്തിന് പുറത്തുള്ള ജനവാസകേന്ദ്രങ്ങൾ പൂർണ്ണമായും ഒഴിവാക്കി സംരക്ഷിത മേഖലകൾക്കുചുറ്റും പൂജ്യം മുതൽ പന്ത്രണ്ട് കിലോമീറ്റർ വരെ പാരിസ്ഥിതിക സംവേദക മേഖലയായി വിജ്ഞാപനം ചെയ്യാൻ തീരുമാനിച്ച്'. ഇതാണ് മന്ത്രിസഭാ യോഗ തീരുമാനം. ഇതാണ് നേരത്തെ ഇവിടെ സൂചിപ്പിച്ച കടലാസ്. (കടലാസ് ഉയർത്തിക്കാട്ടി) അദ്ദേഹം ചോദിച്ചപ്പോൾ ടി കടലാസ് എന്റെ കൈവശമുണ്ടായിരുന്നില്ല. 2019-ൽ പൂജ്യം മുതൽ പന്ത്രണ്ട് വരെ എന്നല്ല, പൂജ്യം മുതൽ ഒന്ന് എന്നാണ് സൂചിപ്പിച്ചിരിക്കുന്നത്. പന്ത്രണ്ടാണോ വലുത് ഒന്നാണോ വലുതെന്ന് സഭ തീരുമാനിക്കട്ടെ.

ശ്രീ. പി. എസ്. സുപാൽ: സർ, ബഫർ സോൺ വിഷയത്തിൽ കടുത്ത ആശങ്കയാണ് നിലനിൽക്കുന്നത്. വന്യജീവി സങ്കേതങ്ങൾ, ദേശീയോദ്യാനങ്ങൾ എന്നിവയ്ക്ക് ചുറ്റും 12 കിലോമീറ്റർ വരെ ബഫർ സോൺ എന്ന നിർദ്ദേശമുണ്ടായത് രണ്ടാം യു.പി.എ. സർക്കാരിന്റെ കാലത്താണ്.

08-05-2013-ൽ അതേ നിർദ്ദേശമാണ് നിങ്ങൾ സ്വീകരിച്ചത്. എൽ.ഡി.എഫ്. സർക്കാരാണ് ഇതിൽനിന്നും വ്യത്യസ്തമായ നിലപാട് സ്വീകരിച്ചത്. ഇപ്പോൾ സുപ്രീംകോടതിയുടെ വിധിയിൽ ഒരു കിലോമീറ്റർ വരെ ബഫർ സോൺ എന്നാണ് പറഞ്ഞിരിക്കുകയാണ്. ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റാണ് ഇനിയൊരു തീരുമാനമെടുക്കേണ്ടത്. കേന്ദ്ര ഗവൺമെന്റ് തീരുമാനമെടുത്തെങ്കിൽ മാത്രമേ ജനങ്ങളുടെ ആശങ്കകൾ ദൂരീകരിക്കാൻ കഴിയുകയുള്ളൂ. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വനം വകുപ്പുമന്ത്രിയും ഇക്കാര്യത്തിലിടപെട്ട് പ്രശ്നപരിഹാരത്തിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ജനങ്ങളുടെ ആശങ്കകൾ ദൂരീകരിച്ച് ഈ വിഷയത്തിന് പരിഹാരമുണ്ടാക്കാൻ സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച കാര്യം ശരിയാണ്. കിലോമീറ്ററോ മീറ്ററോ കണക്കാക്കാതെ മേഖല പൂർണ്ണമായും ജനവാസകേന്ദ്രമായി പ്രഖ്യാപിക്കണമെന്നാണ് 2020-ലെ ഉത്തരവിൽ പറഞ്ഞിട്ടുള്ളത്. ഈ പ്രശ്നത്തിന്റെ ഗൗരവം കണക്കിലെടുത്ത് ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റും വനം വന്യജീവി വകുപ്പും നടത്തിയ

പ്രവർത്തനങ്ങൾക്കുപുറമെ ഇന്ന് വൈകുന്നേരം 4.00 മണിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു ഉന്നതതലയോഗം വിളിച്ചുചേർത്തിട്ടുണ്ട്. കഴിഞ്ഞ 3-ാം തീയതിയിൽ ടി ഉത്തരവ് വന്നതിനുശേഷം 4-ാം തീയതിതന്നെ ഇക്കാര്യത്തിൽ സർക്കാർ കർഷകരോടൊപ്പമാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അസന്ദിഗ്ദ്ധമായി പ്രഖ്യാപിച്ചിട്ടുണ്ട്. പ്രതിപക്ഷത്തിനും ഗവൺമെന്റിനും കർഷകർക്കും ഈ ഉത്തരവിനോട് വിയോജിപ്പാണ്. ഒരു തർക്കവുമില്ലാത്ത പ്രശ്നത്തിന് കക്ഷി രാഷ്ട്രീയ ഭേദമന്യേ ഒരുമിച്ചുനിന്ന് കേന്ദ്ര ഗവൺമെന്റിനെക്കൊണ്ട് തീരുമാനമെടുപ്പിക്കാൻ കഴിയുംവിധം ശക്തമായ സമ്മർദ്ദം ചെലുത്തേണ്ടതുണ്ട്. കേരളം സമർപ്പിച്ച പ്രൊപ്പോസൽ കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിലാണ്. അത് പരിഷ്കരിച്ചുകൊടുക്കുകയെന്ന നടപടിയോട് പൂർണ്ണമായും സഹകരിച്ചാൽ ഈ സഭയ്ക്ക് മലയോര കർഷകരെ സംരക്ഷിക്കാൻ കഴിയും.

<u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>: സർ, കുടിയേറ്റത്തിനുശേഷം മലയോരമേഖലയിലെ ജനങ്ങൾ ആശങ്കയില്ലാതെ ജീവിക്കുകയായിരുന്നു. 2011-ൽ കേന്ദ്രമന്ത്രിയായിരുന്ന ശ്രീ. ജയറാം രമേശാണ് ബഫർ സോണെന്ന നിർദ്ദേശം മുന്നോട്ടുവച്ചതിന്റെ ഭാഗമായാണ് ഇപ്പോൾ സുപ്രീംകോടതി വിധിയുണ്ടായിട്ടുള്ളത്. ഇന്നത്തെ പ്രതിപക്ഷനേതാവായ ശ്രീ. വി. ഡി.

സതീശൻ, ശ്രീ. ടി. എൻ. പ്രതാപൻ എന്നിവരുൾപ്പെടുന്ന മൂന്നംഗ നിയമസഭാ സമിതി രൂപീകരിക്കുകയും ഇതുസംബന്ധിച്ച് പഠിക്കാൻ സംസ്ഥാന സർക്കാർ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. ആ സമിതി സർക്കാരിന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എത്ര കിലോമീറ്റർ ചുറ്റളവിനുള്ളിൽ നിയന്ത്രണങ്ങൾ വരുത്തണമെന്ന നിർദ്ദേശമാണ് ടി സമിതി ഗവൺമെന്റിനുമുന്നിൽ വച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, പലവട്ടം ചർച്ച ചെയ്തൊരു കാര്യമായതുകൊണ്ടാണ് അത്രയും വിശദമായി നേരത്തേ പറയാതിരുന്നത്. പ്രസ്തുത സമിതി ഫലപ്രദമായി പ്രവർത്തിക്കുകയും പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തിരുന്നു. വേണമെങ്കിൽ അതിന്റെ നടപടിക്കുറിപ്പുകൾ ഉൾപ്പെടെ സഭയിൽ ഹാജരാക്കാൻ സർക്കാർ തയ്യാറാണ്. ഇത്തരത്തിലാണ് കാര്യങ്ങൾ നടന്നുപോകുന്നതെങ്കിൽ ഊട്ടിയുടെ അനുഭവം വന്യമൃഗപ്രദേശങ്ങളിലുണ്ടാകുമെന്നും അക്കാര്യം ഗൗരവത്തിൽ കാണേണ്ടതാണെന്നുമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അന്നത്തെ അദ്ദേഹത്തിന്റെ കുറിപ്പിൽ പറഞ്ഞിരിക്കുന്നത്. ഇപ്പോഴും ഞാൻ അദ്ദേഹത്തോട് യോജിക്കുന്നു. ടി വിഷയം ഗൗരവത്തിൽ കാണേണ്ടതാണെന്ന നിലപാട് അങ്ങേയ്ക്കുണ്ടെങ്കിൽ ആ നിലപാട്

എനിക്കുമുണ്ട്. പക്ഷേ ഈ മേഖലകളെയാകെ പരിസ്ഥിതിലോല മേഖലയായി പ്രഖ്യാപിക്കണമെന്ന അങ്ങയുടെ ഇന്റൻഷൻ. അങ്ങയുടെ ഉദ്ദേശ്യശുദ്ധിയെ ഞാൻ ചോദ്യം ചെയ്യുന്നില്ല; ഇന്റൻഷൻ അതായിരുന്നുവെന്ന് വ്യക്തമാക്കുകയാണ്.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, 1 കിലോമീറ്റർ വരെ ബഫർ സോണാകാമെന്ന നയതീരുമാനം കൈക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള കേരളം ആ ഉത്തരവ് പിൻവലിക്കാതെ 1 കിലോമീറ്റർ ബഫർ സോൺ എന്ന ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവിനെതിരെ റിവ്യൂ പെറ്റീഷൻ സമർപ്പിച്ചതിലെ വൈരുദ്ധ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, 2013-ലെ ഉത്തരവ് റദ്ദ് ചെയ്തിട്ടുണ്ടോ; അങ്ങയുടെ വാദം അംഗീകരിച്ചാൽ, 2013-ലെ ഉത്തരവ് റദ്ദ് ചെയ്യാതെ 2019 ആയാലും നിലനിൽക്കുന്നത് 2013-ലെ ഉത്തരവല്ലേ; 2013-ലെ ഉത്തരവിൽ അങ്ങ് ഉറച്ചുനിൽക്കുന്നുണ്ടോ?

ശ്രീ. പ്രമോദ് നാരായൺ: സർ, ഇന്ത്യപോലെ വിപുലവും വൈവിദ്ധ്യമാർന്നതുമായ ഒരു രാജ്യത്തെ മുഴുവൻ ഒരേ അളവുകോൽകൊണ്ട് സമീപിക്കുന്ന കേന്ദ്രസർക്കാരിന് ഈ വിധിയെ മറികടക്കാൻ നിയമനിർമ്മാണം നടത്തേണ്ട ഉത്തരവാദിത്വമുണ്ട്. നിലവിൽ റിവ്യൂ

പെറ്റീഷൻ നൽകാനും മലയോര മേഖലയിലെ ജനങ്ങളുടെ ആശങ്ക പരിഹരിക്കാനും സംസ്ഥാന സർക്കാർ ഉറച്ച നിലപാട് സ്വീകരിച്ചുവെന്നതിൽ ഞങ്ങൾ പ്രതീക്ഷയർപ്പിക്കുന്നു. കേന്ദ്ര എംപവേർഡ് കമ്മിറ്റിയുടെ മുമ്പിൽ വിവരങ്ങൾ സമർപ്പിക്കുന്നതിനായി വനം, കൃഷി, പഞ്ചായത്ത്, റവന്യൂ തുടങ്ങിയ വകുപ്പുകളുടെ സമഗ്ര വിവരശേഖരണത്തിനായി ഒരു സ്പെഷ്യൽ ടീമിനെ നിയോഗിക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ചതുപോലെ ഇപ്പോൾ വനം വകുപ്പ് സ്വീകരിച്ച നടപടികൾക്കുപുറമെ ഇനിയും എന്തൊക്കെ ചെയ്യാനുണ്ടെന്ന് ചർച്ച ചെയ്യുന്നതിനുവേണ്ടിയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്ന് വൈകുന്നേരം ഉന്നതതലയോഗം വിളിച്ചിട്ടുള്ളത്. ആ യോഗത്തിൽ ഉയരുന്ന നിർദ്ദേശങ്ങൾകൂടി പരിഗണിച്ചശേഷമേ സർക്കാർ മുന്നോട്ടുപോകുകയുള്ളൂ. അത് കർഷക താൽപ്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ടുള്ളതായിരിക്കും.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഭരിക്കുന്ന കേരളത്തിലാണ് റവന്യൂ - വനം പരിസ്ഥിതി വകുപ്പുകൾ സംയുക്തമായി കൂടുതൽ പേർക്ക് പട്ടയം കൊടുത്തത്. ഇപ്പോൾ

വനം മേഖലയിലും മറ്റിതര മേഖലകളിലും ധാരാളം പേർക്ക് പട്ടയം ലഭിക്കാനുണ്ട്. അടിയന്തരമായി വനം-പരിസ്ഥിതി-റവന്യൂ വകുപ്പുകൾ സംയുക്ത പരിശോധന നടത്തി ബഫർ സോൺ മേഖലയ്ക്കാവശ്യമായ പട്ടയം കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. എ. കെ. ശശീന്ദ്രൻ: പട്ടയം കൊടുക്കുന്ന കാര്യത്തിൽ സർക്കാർ ഉചിതമായ നടപടി സ്വീകരിച്ചുവരുന്നുണ്ട്; അതിനിയും സ്വീകരിക്കും.

മി. സ്പീക്കർ: ഓർഡർ....... ഓർഡർ......ചോദ്യോത്തരവേള അവസാനിച്ചു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## 2. രേഖാമൂലം നല്കിയ ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

അന്തിപ്പച്ച ക്രമക്കേടിൽ അന്വേഷണം

4 (*64) ശ്രീ.എ. കെ. എം. അഷ്റഫ്:

ശ്രീ. പി. ഉബൈദുള്ള:

ശ്രീ. യു. എ. ലത്തീഫ്:

ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) മത്സ്യഫെഡ് ആരംഭിച്ച മൊബൈൽ മീൻ വിപണന സംവിധാനമായ അന്തിപ്പച്ചയിൽ സാമ്പത്തിക ക്രമക്കേട് നടന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

ഉണ്ട്. മത്സ്യഫെഡ് കൊല്ലം കോമൺ പ്രീ-പ്രോസ്സസിംഗ് സെന്റർ (സി.പി.സി.)-ൽ നടന്ന സാമ്പത്തിക ക്രമക്കേട് സംബന്ധിച്ച് ഫിഷറീസ് സഹകരണ സംഘം രജിസ്ട്രാർ/ ഫിഷറീസ് ഡയറക്ടർ നടത്തിയ പ്രാഥമികാന്വേഷണ റിപ്പോർട്ട് പ്രകാരം ടി സെന്ററിലെ കരാർ ജീവനക്കാരനും അക്കൗണ്ടന്റുമായിരുന്ന ശ്രീ. എം. മഹേഷ്, അന്തിപ്പച്ച യൂണിറ്റുകളിൽനിന്നും മത്സ്യം വിറ്റവകയിൽ ലഭിക്കുന്ന ഡെയ്‌ലി സെയിൽസ് റിപ്പോർട്ട് പ്രകാരമുള്ള യഥാർത്ഥ തുക മറച്ചുവച്ച് വളരെ കുറഞ്ഞ തുക മാത്രം കാഷ് ബുക്കിലും ടാലി സിസ്റ്റത്തിലും രേഖപ്പെടുത്തുകയും ഇപ്രകാരം രേഖപ്പെടുത്തിയ തുകമാത്രം ബാങ്കിൽ നിക്ഷേപിക്കുകയും ചെയ്തതുകൊണ്ട് പ്രാഥമിക അന്വേഷണത്തിൽ 92,94,081/- രൂപയുടെ ക്രമക്കേട് കണ്ടെത്തിയിട്ടുണ്ട്.

(ബി) സാമ്പത്തിക ക്രമക്കേടുകൾ സംബന്ധിച്ച അന്വേഷണത്തിൽ കുറ്റക്കാരായി കണ്ടെത്തിയവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

സാമ്പത്തിക ക്രമക്കേടുകൾ സംബന്ധിച്ച പ്രാഥമികാന്വേഷണത്തിൽ കുറ്റക്കാരായി കണ്ടെത്തിയവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. കോമൺ പ്രീ-പ്രോസസ്സിംഗ് സെന്ററിലെ അക്കൗണ്ട്സ് കൈകാര്യം ചെയ്തിരുന്ന താത്കാലിക ജീവനക്കാരനായിരുന്ന ശ്രീ. എം. മഹേഷിനെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുകയും സ്ഥിരം ജീവനക്കാരനായ ജൂനിയർ അസിസ്റ്റന്റ് ശ്രീ. കെ. അനിമോനെ സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്യുകയും ചെയ്തു. കരാർ ജീവനക്കാരനായ ശ്രീ. സി. മണിയപ്പനെ 31/5/2022-ന് കരാർ കാലാവധി അവസാനിച്ച മുറയ്ക്ക് ഒഴിവാക്കിയിട്ടുണ്ട്. കോമൺ പ്രീ-പ്രോസസ്സിംഗ് സെന്റർ (സി.പി.സി)-യുടെ മാനേജർ ചുമതല വഹിച്ചിരുന്ന ശ്രീമതി ലിസി അഗസ്റ്റിനെ സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്യുകയും ശ്രീമതി നീതു പി. എസ്, പ്രോജക്ട് ഓഫീസർ (കരാർ), ശ്രീ. സഞ്ജയ് ഖാൻ, ഡെവലപ്മെന്റ് ഓഫീസർ (കരാർ), ശ്രീ. എസ്. അനീഷ്, പ്രോജക്ട് ഓഫീസർ (ദിവസവേതനം) എന്നിവരെ സർവ്വീസിൽനിന്ന് പിരിച്ചുവിടുകയും നിലവിലെ ജില്ലാ മാനേജർ ഡോ. എം. നൗഷാദിനോട് വിശദീകരണം ആവശ്യപ്പെടുകയും പ്രസ്തുത സ്ഥാപനത്തിലെ ക്രമക്കേടുകൾ

സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തുന്നതിന് ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്.

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

അന്തിപ്പച്ച യൂണിറ്റുകളുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനും സാമ്പത്തിക ഇടപാടുകൾ കാര്യക്ഷമമാക്കുന്നതിനും ഒരു മോണിറ്ററിംഗ് സംവിധാനം നടപ്പാക്കി വരുന്നു. ഇന്റേണൽ ഓഡിറ്റ് വിഭാഗം സമയബന്ധിതമായി കണക്കുകൾ പരിശോധിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സ്ഥിരം ജീവനക്കാരെ കണക്കുകൾ കൈകാര്യം ചെയ്യുന്നതിന് നിയമിച്ചിട്ടുണ്ട്. കൃത്യമായി അവലോകനയോഗങ്ങൾ ചേരുവാനും വരവ്-ചെലവ് കണക്കുകളും ബാങ്ക് ഇടപാടുകൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളും അതത് മാസം സമർപ്പിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. സാമ്പത്തിക ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെടുന്നപക്ഷം കാരണക്കാരാകുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

## എൻ ഊര് ഗോത്ര പൈതൃക ഗ്രാമം പദ്ധതി

5 (*65) ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടിക ഗോത്രവർഗ്ഗ സഹകരണസംഘങ്ങൾ, സഹകരണ ഫാമുകൾ തുടങ്ങിയവയുടെ ശാക്തീകരണത്തിനും വിപുലീകരണത്തിനും പദ്ധതിയുണ്ടോ?

സംസ്ഥാനത്തെ പട്ടികഗോത്രവർഗ്ഗ സംഘങ്ങളുടെ ശാക്തീകരണത്തിനും വിപുലീകരണത്തിനും എസ്.സി/എസ്.ടി ഫെഡറേഷനിൽ പദ്ധതി നിലവിലുണ്ട്. അനുബന്ധം - I ആയി ചേർക്കുന്നു*. കൂടാതെ സഹകരണ വകുപ്പ് മുഖേന നടപ്പാക്കിവരുന്ന പദ്ധതികൾ അനുബന്ധം - II ആയി ചേർക്കുന്നു*.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഗോത്രജീവിതക്കാഴ്ചകൾ വിനോദസഞ്ചാരവുമായി സമന്വയിപ്പിച്ചുകൊണ്ട് വയനാട് പൂക്കോട് ആരംഭിച്ച എൻ ഊര് ഗോത്ര പൈതൃക ഗ്രാമം പദ്ധതിയുടെ വിശദാംശം അറിയിക്കാമോ?

വയനാട് ജില്ലയിലെ വൈത്തിരി താലൂക്ക് കുന്നത്തിടവക വില്ലേജ്, ബ്ലോക്ക് 25, റീസ. 172/pt-യിൽപ്പെടുന്ന 10.1214 ഹെക്ടർ ഭൂമിയിലാരംഭിച്ച 'എൻ ഊര്' ട്രൈബൽ ഹെറിറ്റേജ് വില്ലേജ് പട്ടികവർഗ്ഗ വിഭാഗക്കാർക്ക് കൂടുതൽ മെച്ചപ്പെട്ട ഉപജീവനമാർഗ്ഗം എന്ന ലക്ഷ്യം മുൻനിർത്തിയുള്ളതാണ്. 2022 ജൂൺ 4-ന് പദ്ധതി നാടിന് സമർപ്പിച്ചു.

ഒരു മോഡൽ ട്രൈബൽ വില്ലേജ് പുനഃസൃഷ്ടിച്ച് പരമ്പരാഗത ആദിവാസി ജീവിതരീതി, ആചാരാനുഷ്ഠാനങ്ങൾ, കലാരൂപങ്ങൾ മുതലായവ പുറംലോകത്തിന് പരിചയപ്പെടുത്തുന്നതും മെച്ചപ്പെട്ട ജീവിതമാർഗ്ഗവും വരുമാനവും ലക്ഷ്യമിട്ടുള്ളതും തീർത്തും പ്രകൃതി സൗഹൃദപരവുമായ 'എൻ ഊര്' പദ്ധതി 50 പട്ടികവർഗ്ഗക്കാർക്ക് പ്രത്യക്ഷമായും ആയിരത്തോളം പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് പരോക്ഷമായും മെച്ചപ്പെട്ട ജീവിത/തൊഴിൽ സാഹചര്യം സൃഷ്ടിക്കുന്നതാണ്. മാനന്തവാടി സബ്കളക്ടറുടെ അദ്ധ്യക്ഷതയിൽ പൊഴുതന ഗ്രാമപഞ്ചായത്തിലെ ഊര് മൂപ്പന്മാർ അംഗങ്ങളായി സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത്

പ്രവർത്തിക്കുന്ന 'എൻ ഊര്' സൊസൈറ്റിയുടെ പ്രവർത്തനത്തിന് വൈത്തിരി, പൊഴുതന ഗ്രാമപഞ്ചായത്തുകളിലെ ഊര് മൂപ്പന്മാരടങ്ങിയ ഭരണ സമിതിയാണ് നേതൃത്വം നൽകുന്നത്.

(സി) സാംസ്കാരികോദ്ഗ്രഥനത്തിനും വരുമാനദായകമായ മികച്ച തൊഴിൽ അവസരങ്ങൾ ലഭ്യമാക്കുന്നതിനും സഹായകരമായ പ്രസ്തുത പദ്ധതി മറ്റു പ്രദേശങ്ങളിൽക്കൂടി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വന വിഭവങ്ങൾക്കും ഗോത്രവർഗ്ഗക്കാരുടെ ഉല്പന്നങ്ങൾക്കും മികച്ച വിപണി ഉറപ്പാക്കാൻ പരിപാടിയുണ്ടോ; വിശദമാക്കാമോ?

സമാനമായ പദ്ധതികൾ മറ്റ് സ്ഥലങ്ങളിൽ നടപ്പാക്കുന്ന വിഷയം തല്ക്കാലം പരിഗണനയിലില്ല. എന്നാൽ ഇത് പരിഗണിക്കാവുന്നതാണ്. പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പരമ്പരാഗത കലാരൂപങ്ങളുടെ പ്രദർശനത്തിനും വനവിഭവങ്ങളുടെയും ഗോത്ര ഉത്പന്നങ്ങളുടെയും പ്രദർശനത്തിനും വിപണനത്തിനുമായി വകുപ്പ് എല്ലാ വർഷവും 'ഗദ്ദിക' എന്ന പേരിൽ ഒരു മേള സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ ഉത്പന്നങ്ങളുടെ പ്രദർശനത്തിനും വിപണനത്തിനുമായി എറണാകുളം ജില്ലയിൽ ട്രൈബൽ കോംപ്ലക്സും പ്രവർത്തിക്കുന്നുണ്ട്.

## പരിസ്ഥിതി ലോല മേഖല സംബന്ധിച്ച സുപ്രീംകോടതി വിധി

6(*66) ഡോ. എം. കെ . മുനീർ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) സംരക്ഷിത വനമേഖലയ്ക്ക് ഒരു കിലോമീറ്റർ ചുറ്റളവിൽ പരിസ്ഥിതിലോല മേഖലയായിരിക്കുമെന്ന ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി സംസ്ഥാനത്തെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ?

ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 03-06-2022-ലെ വിധി വിലയിരുത്തുന്നതിനും തുടർനടപടികൾ കൂടിയാലോചിക്കുന്നതിനുമായി 08-06-2022-ന് വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ അഡ്വക്കേറ്റ് ജനറൽ, സുപ്രീംകോടതിയിലെ സ്റ്റാൻഡിംഗ് കൗൺസിൽ, ഉന്നത ഉദ്യോഗസ്ഥർ എന്നിവരുടെ ഒരു യോഗം ചേർന്നിരുന്നു. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഉത്തരവ് നടപ്പാക്കുകയാണെങ്കിൽ അത് ഉത്തരവ് പ്രകാരം ആവശ്യമാകുന്ന സംരക്ഷിത പ്രദേശങ്ങളുടെ

അതിർത്തികളിൽനിന്നും ഒരു കിലോമീറ്റർ പരിധിയിൽ വരുന്ന ജനവാസ മേഖലയെ ബാധിക്കുമെന്ന് പ്രാഥമികമായി യോഗം വിലയിരുത്തിയിട്ടുണ്ട്.

(ബി) പരിസ്ഥിതിലോല മേഖലയിൽ താമസിക്കുന്ന ജനങ്ങളുടെ ആശങ്ക അകറ്റുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യം പരിഗണിച്ച് ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയിൽനിന്നും ഇളവ് നേടാൻ നടപടി സ്വീകരിക്കുമോ?

(ബി & സി) ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഉത്തരവിന്മേൽ റിവ്യൂ പെറ്റീഷൻ സമർപ്പിക്കുന്നതിന് തീരുമാനിച്ചു. അപ്രകാരം നടപടി സ്വീകരിക്കുന്നതിനായി അഡ്വക്കേറ്റ് ജനറലിന് രേഖാമൂലം നിർദ്ദേശം നൽകിയിട്ടുണ്ട്. കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ കേന്ദ്ര സർക്കാരിനേയും കേന്ദ്ര എംപവേർഡ് കമ്മിറ്റിയേയും സുപ്രീംകോടതിയേയും ബോദ്ധ്യപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചു.

സുപ്രീംകോടതി ഉത്തരവ് പ്രകാരം സംരക്ഷിത മേഖലകളുടെ അതിർത്തികളിൽനിന്നും ഒരു കിലോമീറ്റർ പരിസ്ഥിതിലോല മേഖലയിൽ

ഉൾപ്പെടാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ ജനവാസ കേന്ദ്രങ്ങൾ, ആരാധനാലയങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, കൃഷിസ്ഥലങ്ങൾ, തോട്ടങ്ങൾ എന്നിവയുടെ വിശദാംശം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേരള സംസ്ഥാന റിമോർട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്ററിനെ (KSREC) ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ച് എത്രയുംവേഗം പഠന റിപ്പോർട്ട് ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇപ്രകാരം ശേഖരിക്കുന്ന വിവരങ്ങൾ ഉപയോഗപ്പെടുത്തി കേരളത്തിലെ ജനസാന്ദ്രതയും പ്രത്യേക സാഹചര്യങ്ങളും സുപ്രീംകോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി പൊതുതാല്പര്യാർത്ഥം പ്രസ്തുത ഒരു കിലോമീറ്റർ പരിസ്ഥിതിലോല പ്രദേശം എന്ന നിർദ്ദേശത്തിൽ ഇളവ് നേടാൻ നടപടി സ്വീകരിക്കുന്നതാണ്. പ്രസ്തുത റിപ്പോർട്ട് ലഭ്യമായാൽ കോടതിവിധി സംസ്ഥാനത്തെ എങ്ങനെ ബാധിക്കുമെന്നതിന്റെ പൂർണ്ണചിത്രം സുപ്രീംകോടതിയേയും സെൻട്രൽ എംപവേർഡ് കമ്മിറ്റിയേയും കേന്ദ്ര സർക്കാരിനേയും ബോദ്ധ്യപ്പെടുത്താൻ സാധിക്കും. ജനവാസമേഖലകൾ ഒഴിവാക്കിക്കൊണ്ട് സംസ്ഥാനം

നേരത്തേതന്നെ നൽകിയ പുതുക്കിയ ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ പരിഗണിച്ചുകൊണ്ട്, ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവിലെ ഖണ്ഡിക 44(f) പ്രകാരമുള്ള നടപടികൾക്കായി കേന്ദ്ര എംപവേർഡ് കമ്മിറ്റിയേയും ബഹുമാനപ്പെട്ട സുപ്രീംകോടതിയേയും സമീപിക്കാനായി കേന്ദ്ര സർക്കാരിന് വകുപ്പുതലത്തിൽ കത്തയച്ചിട്ടുണ്ട്. കൂടാതെ വനം-വന്യജീവി വകുപ്പുമന്ത്രിയുടെ ഒരു കത്ത് കേന്ദ്ര പരിസ്ഥിതി-വനം വകുപ്പുമന്ത്രിക്കും അയച്ചിട്ടുണ്ട്.

**മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം**

7(*67) <u>ശ്രീ. പി. ഉബൈദുള്ള</u>:
<u>ശ്രീ. ടി. വി. ഇബ്രാഹിം</u>:
<u>ശ്രീ. നജീബ് കാന്തപുരം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരശോഷണംമൂലം വീട് നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളെ ക്യാമ്പുകളിൽ പാർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. തിരുവനന്തപുരം ജില്ലയിൽ തീരശോഷണംമൂലം വീട് നഷ്ടപ്പെട്ട് 12 ക്യാമ്പുകളിലായി 71 കുടുംബങ്ങളിലെ 260 പേരെയും ആലപ്പുഴ

ജില്ലയിൽ 2 കുടുംബങ്ങളിലെ 6 പേരെയും ദുരിതാശ്വാസ ക്യാമ്പുകളിൽ പാർപ്പിച്ചിട്ടുണ്ട്.

(ബി) ഇവരുടെ പുനരധിവാസത്തിനായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ?

ഉണ്ട്. 2018-ൽ ഫിഷറീസ് വകുപ്പ് തീരദേശത്ത് നടത്തിയ വിശദമായ സർവ്വേപ്രകാരം കടലോരത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ 18685 കുടുംബങ്ങൾ അധിവസിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. തീരശോഷണംമൂലം വീട് നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി പുനർഗേഹം പദ്ധതി നടപ്പാക്കിവരുന്നു. സർവ്വേയുടെ അടിസ്ഥാനത്തിൽ കണ്ടെത്തിയ 18685 കുടുംബങ്ങളും അപ്പീൽ അപേക്ഷകളും ഉൾപ്പെടെ ആകെ 20908 കുടുംബങ്ങളാണ് 50 മീറ്ററിനുള്ളിൽ അധിവസിക്കുന്നത്. സർക്കാർ ഭരണാനുമതി നൽകിയ പുനർഗേഹം പദ്ധതിയിൽ 8235 ഗുണഭോക്താക്കൾ മാറിത്താമസിക്കുന്നതിന് സന്നദ്ധത അറിയിച്ചിട്ടുള്ളതും 3313 ഗുണഭോക്താക്കൾ കണ്ടെത്തിയ ഭൂമിയുടെ വില ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി അംഗീകരിക്കുകയും 2594 ഗുണഭോക്താക്കൾ ഭൂമി രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 2122 ഗുണഭോക്താക്കൾ

ഭവനനിർമ്മാണം ആരംഭിച്ചിട്ടുള്ളതും 1435 ഗുണഭോക്താക്കൾ പദ്ധതി ആനുകൂല്യം പൂർണ്ണമായും കൈപ്പറ്റിയിട്ടുള്ളതുമാണ്.

(സി) ഇവരെ എന്നത്തേയ്ക്ക് പൂർണ്ണമായി പുനരധിവസിപ്പിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

തിരുവനന്തപുരം ജില്ലയിൽ ക്യാമ്പിൽ കഴിയുന്ന 71 കുടുംബങ്ങളിൽ 7 പേർ ഭൂമി രജിസ്റ്റർ ചെയ്യുകയും മറ്റുള്ളവർ ഭൂമി കണ്ടെത്തുന്നതിനുള്ള ശ്രമത്തിലുമാണ്. ആലപ്പുഴ ജില്ലയിലെ 2 കുടുംബങ്ങളും പുനർഗേഹം പദ്ധതിയിൽ ഉൾപ്പെട്ട് ഭവനനിർമ്മാണത്തിന്റെ അന്തിമഘട്ടത്തിലാണ്. ഭൂമി കണ്ടെത്തിക്കഴിഞ്ഞാൽ ഒരു വർഷത്തിനകം പുനരധിവസിപ്പിക്കുവാൻ കഴിയും.

## വന്യജീവി ആക്രമണം തടയാൻ പദ്ധതിരേഖ

8(*68) ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവികൾ ജനവാസ മേഖലകളിലിറങ്ങി ജീവനോ സ്വത്തിനോ നാശമുണ്ടാക്കിയ സംഭവങ്ങൾ മുൻവർഷം മാത്രം

പതിനായിരത്തിലധികമായിരുന്നെന്ന് പറയപ്പെടുന്നത് വന്യജീവി ആക്രമണത്തിന്റെ വ്യാപ്തി വെളിപ്പെടുത്തുന്ന സാഹചര്യത്തിൽ വന്യജീവി ആക്രമണം ഫലപ്രദമായി തടയാൻ പദ്ധതിരേഖ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാനത്ത് ഉയർന്ന തോതിൽ മനുഷ്യ-വന്യജീവി സംഘർഷം നിലനിൽക്കുന്ന മേഖലകൾ കണ്ടെത്തി, നിലവിൽ ഇത്തരം സംഘർഷങ്ങൾ നേരിടുന്നതിനായി അനുവർത്തിച്ചുവരുന്ന പ്രതിരോധ പരിഹാര മാർഗ്ഗങ്ങൾ വിശകലനം ചെയ്ത്, മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കത്തക്ക രീതിയിൽ വിശദമായ ഒരു പദ്ധതിരേഖ (Project Proposal for Management of Human Wildlife Conflict in Kerala) തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത ആവശ്യത്തിനായി വെബ്സൈറ്റ്, പത്രങ്ങൾ, റേഡിയോ എന്നിവയിലൂടെ പൊതുജനാഭിപ്രായം തേടുകയും 1600 ഓളം അഭിപ്രായങ്ങൾ രേഖാമൂലം ലഭ്യമാവുകയും ചെയ്തു. വിശദമായ പഠനങ്ങളുടെയും ബഹുമാനപ്പെട്ട എം.പി.-മാർ, എം.എൽ.എ.-മാർ, ഇതര ജനപ്രതിനിധികൾ, ശാസ്ത്രജ്ഞർ, കർഷക സംഘടനകൾ, പൊതുജനങ്ങൾ തുടങ്ങിയവരിൽനിന്നും ലഭിച്ച അഭിപ്രായങ്ങളുടെയും ഉദ്യോഗസ്ഥതല ചർച്ചകളുടെയും അടിസ്ഥാനത്തിൽ 620 കോടി രൂപയുടെ 5

വർഷത്തേയ്ക്കുള്ള ഒരു സമഗ്ര പദ്ധതി തയ്യാറാക്കി 07-09-2021-ന് സർക്കാരിന്റെ അംഗീകാരത്തിനായി പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിരേഖയിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങളാണ് വിഭാവന ചെയ്തിട്ടുള്ളത്.

1. വന്യജീവികൾ മനുഷ്യരുടെ വാസ സ്ഥലങ്ങളിലേയ്ക്കും കൃഷിയിടങ്ങളിലേയ്ക്കും പ്രവേശിക്കുന്നത് തടയുന്നതിനായി പ്രതിരോധ സംവിധാനങ്ങൾ നിർമ്മിക്കുക.

2. മനുഷ്യനും-വന്യജീവികളും തമ്മിലുള്ള സംഘർഷം ഒഴിവാക്കുന്നതിന് മുൻകൂർ മുന്നറിയിപ്പ് സംവിധാനം അടക്കമുള്ള നൂതന മാർഗ്ഗങ്ങൾ നടപ്പാക്കുക.

3. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ഫലപ്രദമായ അടിസ്ഥാന സൗകര്യങ്ങളും മാനവ-വിഭവശേഷിയും വികസിപ്പിക്കുക.

4. വന്യജീവി മൂലമുള്ള നാശനഷ്ടത്തിന് നഷ്ടപരിഹാരം, വിള ഇൻഷ്വറൻസ്, ലൈഫ് ഇൻഷ്വറൻസ്, എക്സ്-ഗ്രേഷ്യ എന്നിവ നടപ്പിൽ

വരുത്തുക.

5. ലൈൻ ഡിപ്പാർട്ട്മെന്റുകളുടെ സേവനം ഉപയോഗപ്പെടുത്തുക.

6. ജനപങ്കാളിത്തത്തോടെയുള്ള നടപടികൾ ശക്തിപ്പെടുത്തുക.

7. പുൽമേടുകളും ജലസ്രോതസ്സുകളും ഉൾപ്പെടെയുള്ള ആവാസ വ്യവസ്ഥ മെച്ചപ്പെടുത്തി വനത്തിനുള്ളിൽ ഭക്ഷണവും വെള്ളവും ലഭ്യമാക്കുക.

8. സംഘർഷം കുറയ്ക്കുന്നതിനുതകുംവിധം അവബോധം സൃഷ്ടിക്കുന്നതിന് പരിശീലനങ്ങളും ഗവേഷണങ്ങളും നടത്തുക.

കൂടാതെ അടുത്ത 10 വർഷത്തേയ്ക്ക് മനുഷ്യ-വന്യജീവി സംഘർഷം ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനാവശ്യമായ 1150 കോടി രൂപയുടെ ഒരു പദ്ധതികൂടി ആയതിന് രൂപീകൃതമായ സംസ്ഥാന പ്ലാനിംഗ് ബോർഡിന് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ 25-01-2021-ന് സമർപ്പിച്ചിട്ടുണ്ട്.

(ബി) വന്യജീവി ആക്രമണ പ്രതിരോധത്തിൽ ജനപങ്കാളിത്തവും ഡ്രോൺ ഉൾപ്പെടെയുള്ള ആധുനിക ഉപകരണങ്ങളുടെ വിനിയോഗവും സാധ്യമാക്കാൻ പരിപാടിയുണ്ടോ?

വന്യജീവി ആക്രമണ പ്രതിരോധത്തിൽ ജനപങ്കാളിത്തം ഉറപ്പുവരത്തക്കരീതിയിൽ വനാതിർത്തി പങ്കിടുന്ന പഞ്ചായത്തുകളിൽ തദ്ദേശീയരും ജനപ്രതിനിധികളും വന ഉദ്യോഗസ്ഥരും ചേർന്നുള്ള ജനജാഗ്രതാ സമിതികൾ 07-02-2017-ലെ സ.ഉ.(സാധാ)നം. 51/2017/വനം പ്രകാരം രൂപീകരിച്ച് 2017 മുതൽ പ്രവർത്തിച്ചുവരുന്നുണ്ട്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/മുനിസിപ്പൽ ചെയർപേഴ്സൺ അദ്ധ്യക്ഷനും ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ്/മുനിസിപ്പൽ വൈസ് ചെയർപേഴ്സൺ ഉപാദ്ധ്യക്ഷനും ജില്ലാ പഞ്ചായത്ത് മെമ്പർ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ എന്നിവർ അംഗങ്ങളുമായ 261 ജനജാഗ്രതാ സമിതികൾ സംസ്ഥാനത്ത് നിലവിൽ രൂപീകരിച്ചിട്ടുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിനുള്ള ജനജാഗ്രതാ സമിതികളുടെ ഉത്തരവാദിത്വങ്ങളും കടമകളും ചുവടെചേർക്കുന്നു.

1) വന്യജീവി ആക്രമണമുണ്ടാകുന്ന മേഖലകളിൽ വനം വകുപ്പിന്റെ ജനകീയ മുഖമായി പ്രവർത്തിച്ച് ജനങ്ങളെ സഹായിക്കുക.

2) പ്രദേശത്തിന് ഏറ്റവും യോജിച്ച പ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ച് വനം വകുപ്പിനെ അറിയിക്കുക.

3) മൂന്ന് മാസത്തിലൊരിക്കൽ യോഗംകൂടി വേണ്ട ശിപാർശകൾ വനം വകുപ്പ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് നൽകുക.

4) നിലവിൽ നിർമ്മിച്ചിട്ടുള്ള ഫെൻസിംഗ് ഉൾപ്പെടെയുള്ള പ്രതിരോധ മാർഗ്ഗങ്ങൾക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ ആ വിവരം ബന്ധപ്പെട്ട റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസറെ അറിയിക്കുകയും കമ്മിറ്റിയിൽ ചർച്ചചെയ്ത് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുക.

5) വന്യജീവി ആക്രമണമുണ്ടാകുന്നപക്ഷം സ്ഥലത്തെത്തി വേണ്ട നടപടികൾ സ്വീകരിക്കാൻ വനം വകുപ്പിനെ സഹായിക്കുക.

6) വനാതിർത്തി പങ്കിടുന്ന മേഖലകളിൽ വന്യജീവികളെ ആകർഷിക്കാത്ത തരത്തിലുള്ള കൃഷി ചെയ്യുന്നതിന് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്ന വകുപ്പിന്റെ നടപടികളിൽ പങ്കാളികളാകുക.

7) വന്യജീവികൾ കാടിന് പുറത്തേയ്ക്കുവരുന്നത് തദ്ദേശവാസികളെ മുൻകൂട്ടി അറിയിക്കുന്നതിനുള്ള എസ്.എം.എസ്. അലർട്ട് സിസ്റ്റം തുടങ്ങിയ സംവിധാനങ്ങളുടെ പ്രവർത്തക്ഷമത ഉറപ്പുവരുത്തുക.

സംസ്ഥാനത്തെ വനാതിർത്തിയോട് ചേർന്നുണ്ടാകുന്ന മനുഷ്യ-വന്യജീവി സംഘർഷംമൂലമുള്ള മരണങ്ങൾ, കൃഷിനാശം എന്നിവ

ഒഴിവാക്കുന്നതിന് തദ്ദേശസ്വയംഭരണം, വനം വകുപ്പുകൾ യോജിച്ച് പ്രവർത്തിക്കുന്നതുമായി ബന്ധപ്പെട്ട് ഇരുവകുപ്പുകളിലെയും മന്ത്രിമാർ 14-09-2021-ന് യോഗം ചേരുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ വന്യജീവി ആക്രമണം തടയുന്നതിനുള്ള നടപടികൾ ഫലപ്രദമായി നടപ്പാക്കുന്നതിനുള്ള നിർദ്ദേശം ഉൾപ്പെടുന്ന കരട് സർക്കുലർ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ മനുഷ്യ- വന്യജീവി സംഘർഷം ലഘൂകരിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന്റെ അഡൈ്വസറി പ്രകാരം സംസ്ഥാന ജില്ലാതലങ്ങളിൽ ഏകോപന സമിതികൾ രൂപീകരിച്ച് 09-12-2021-ലെ G.O.(Rt) No.402/2021/F&WLD പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതും തുടർനടപടികൾ സ്വീകരിച്ച് വരുന്നതുമാണ്. കൂടാതെ കൃഷിക്കും ജീവനും സ്വത്തിനും നാശനഷ്ടം വരുത്തുന്ന കാട്ടുപന്നികളെ നിയമാനുസൃതം കൊല്ലുന്നതിനുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ബന്ധപ്പെട്ട ഓണററി വൈൽഡ് ലൈഫ് വാർഡന്/ അധികാരപ്പെട്ട ഉദ്യോഗസ്ഥന് നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്.

വന്യജീവി ആക്രമണം ഫലപ്രദമായി തടയുന്നതിന് തയ്യാറാക്കിയ 5 വർഷത്തേയ്ക്കുള്ള സമഗ്ര പദ്ധതിയിൽ ഡ്രോൺ ഉൾപ്പെടെയുള്ള ആധുനിക

ഉപകരണങ്ങളുടെ ഉപയോഗം സാധ്യമാകത്തക്കരീതിയിൽ പദ്ധതികൾ വിഭാവന ചെയ്തിട്ടുണ്ട്. ഡ്രോണുകളുടെ ഉപയോഗം കൂടാതെ ഏർളി വാർണിംഗ് ഇലക്ട്രോണിക് സിസ്റ്റം, റേഡിയോ കോളറുകളുടെ ഉപയോഗം എന്നിവയും പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്.

(സി) കാട്ടുപന്നികളെ ക്ഷുദ്രജീവിയായി പ്രഖ്യാപിച്ച് അനിയന്ത്രിത വംശവർദ്ധനവ് നിയന്ത്രിക്കുന്നതിന് കേന്ദ്ര സർക്കാർ അനുമതി നൽകാത്ത സാഹചര്യത്തിൽ കൃഷിഭൂമിയിലിറങ്ങുന്ന കാട്ടുപന്നികളെ വെടിവച്ച് കൊല്ലാനുള്ള അനുമതി നൽകാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരം നൽകിയത് ഏറെ പ്രയോജനപ്രദമാകുമെന്ന് കരുതുന്നുണ്ടോ; കാട്ടുപന്നികളെ വെടിവച്ച് കൊല്ലുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ?

കരുതുന്നുണ്ട്. ജനവാസമേഖലകളിൽ ജനങ്ങളുടെ ജീവനും സ്വത്തിനും നാശം വരുത്തുന്ന കാട്ടുപന്നികളെ ഇല്ലായ്മ ചെയ്യാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ബന്ധപ്പെട്ട ഓണററി വൈൽഡ് ലൈഫ് വാർഡന്/അധികാരപ്പെട്ട ഉദ്യോഗസ്ഥന് അനുമതി നൽകിക്കൊണ്ട് സ.ഉ.(കൈ)നം 29/2022/വനം തീയതി 28-05-2022 ഉത്തരവ്

പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിലും തുടർ ഉത്തരവുകളുടെ അടിസ്ഥാനത്തിലും ഉപദ്രവകാരികളായ കാട്ടുപന്നികളെ കൊല്ലുന്നതിനുള്ള വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.

1. ഇപ്രകാരം കാട്ടുപന്നികളെ കൊല്ലുന്ന വേളകളിൽ മനുഷ്യജീവനും സ്വത്തിനും വളർത്തുമൃഗങ്ങൾക്കും ഇതര വന്യജീവികൾക്കും നാശനഷ്ടങ്ങൾ ഉണ്ടാകുന്നില്ലെന്ന് ബന്ധപ്പെട്ടവർ ഉറപ്പ് വരുത്തേണ്ടതാണ്.

2. കൊല്ലപ്പെടുന്ന കാട്ടുപന്നിയുടെ ജഡം ശാസ്ത്രീയമായി സംസ്കരിക്കേണ്ടതും ആയത് ബന്ധപ്പെട്ടവർ ഉറപ്പ് വരുത്തേണ്ടതുമാണ്.

3. കൊല്ലപ്പെടുന്ന കാട്ടുപന്നികളുടെയും സംസ്കരിക്കപ്പെടുന്ന ജഡങ്ങളുടെയും വിവരങ്ങൾ അതത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ ആയതിനായി തയ്യാറാക്കിയ രജിസ്റ്ററിൽ യഥാവിധി എഴുതി സൂക്ഷിക്കേണ്ടതാണ്.

4. ജനജാഗ്രതാ സമിതികളുടെ സേവനം കാട്ടുപന്നികളെ കൊല്ലുന്നതിനും ജഡം യഥാവിധി സംസ്കരിക്കുന്നതിലും മേൽ പ്രസ്താവിച്ച അധികാര സ്ഥാനങ്ങൾക്കും പഞ്ചായത്തീരാജ് സ്ഥാപനങ്ങൾക്കും ആവശ്യമെങ്കിൽ ഉപയോഗിക്കാവുന്നതാണ്.

5. 05-05-2022-ലെ സ.ഉ.(കൈ) നം. 23/2022/വനം സർക്കാർ ഉത്തരവിലേതിന് പകരമായി മേൽ നടപടിക്രമങ്ങൾ പാലിക്കേണ്ടതും ആയതിന് 27-05-2023 വരെ പ്രാബല്യം ഉണ്ടായിരിക്കുന്നതുമാണ്.

6. മേൽ പ്രകാരം ജനവാസമേഖലകളിൽ മനുഷ്യ ജീവനും സ്വത്തിനും കൃഷിക്കും നാശം വരുത്തുന്ന കാട്ടുപന്നികളെ ഉന്മൂലനം ചെയ്യുന്നതിനായി, പൊതുജനങ്ങളുടെ അപേക്ഷയിന്മേൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഓണററി വൈൽഡ് ലൈഫ് വാർഡൻ / അധികാരപ്പെട്ട ഉദ്യോഗസ്ഥന്, അങ്ങനെയുള്ള പ്രദേശത്ത് അത്തരം കാട്ടുപന്നികളെ സ്വയം വേട്ടയാടി കൊല്ലുന്നതിന് അല്ലെങ്കിൽ മറ്റാരെങ്കിലും മുഖേന കൊല്ലിക്കുന്നതിന്, അതിനുള്ള കാരണം വ്യക്തമാക്കിക്കൊണ്ട്, ഉത്തരവ് നൽകാവുന്നതാണ്. മനുഷ്യജീവനും മറ്റ് വന്യജീവികൾ, വളർത്തുമൃഗങ്ങൾ എന്നിവയ്ക്കും അപകടം സംഭവിക്കാതിരിക്കുന്നതിനായി വിഷപ്രയോഗം, സ്ഫോടകവസ്തുപ്രയോഗം, വൈദ്യുതി ഷോക്കേൽപ്പിക്കൽ എന്നിവ ഒഴികെയുള്ള മറ്റ് രീതികളിൽ ഇത്തരം കാട്ടുപന്നികളെ കൊല്ലുന്നതിന് അനുമതി നൽകാവുന്നതാണ്.

## മത്സ്യബന്ധന ബോട്ടുകൾക്ക് ഇന്ധന സബ്സിഡി

9 (*69) ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന ബോട്ടുകളിൽ ഉപയോഗിക്കുന്ന ഡീസൽ, പെട്രോൾ, സി.എൻ.ജി., എൽ.എൻ.ജി., മണ്ണെണ്ണ തുടങ്ങിയ ഇന്ധനങ്ങൾക്ക് സബ്സിഡി ലഭ്യമാക്കുവാൻ മുൻകയ്യെടുക്കുമോ; ഇതുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ?

സി.എൻ.ജി, എൽ.എൻ.ജി തുടങ്ങിയ ഇന്ധനങ്ങളുപയോഗിച്ച് പ്രവർത്തിക്കുന്ന എഞ്ചിനുകൾ കേരളത്തിലെ മത്സ്യബന്ധന മേഖലയിൽ പ്രവർത്തിച്ച തുടങ്ങിയിട്ടില്ല. ഡീസൽ എഞ്ചിൻ ഉപയോഗിച്ച് പ്രവർത്തിക്കുന്ന യന്ത്രവത്കൃത യാനങ്ങൾക്ക് കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ ഡീസൽ സബ്സിഡി അനുവദിച്ചുവന്നിരുന്നെങ്കിലും തുടർന്ന് സബ്സിഡി ബി.പി.എൽ. വിഭാഗങ്ങൾക്ക് മാത്രമായി കേന്ദ്ര സർക്കാർ നിജപ്പെടുത്തി. കേരളത്തിലെ യന്ത്രവത്കൃത ബോട്ടുടമകളിൽ

ഭൂരിഭാഗവും ബി.പി.എൽ. വിഭാഗത്തിൽ ഉൾപ്പെടാത്തതിനാൽ നിലവിൽ ഡീസൽ സബ്സിഡി അനുവദിക്കുന്നില്ല. 2016-17 കാലഘട്ടം മുതലാണ് പെട്രോൾ ഇന്ധനമായി ഉപയോഗിക്കുന്ന ഒ.ബി.എം. എഞ്ചിനുകൾ സംസ്ഥാനത്ത് മത്സ്യബന്ധനത്തിനായി ഉപയോഗിച്ചു തുടങ്ങിയത്. സംസ്ഥാനത്ത് പെട്രോൾ ഇന്ധനമായി ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്ന ഏകദേശം 5000 മത്സ്യബന്ധന യാനങ്ങൾ നിലവിൽ പ്രവർത്തിച്ചുവരുന്നു. എന്നാൽ മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന പെട്രോളിന് നിലവിൽ സബ്സിഡി നൽകുന്നില്ല. കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന സബ്സിഡിരഹിത മണ്ണെണ്ണ മത്സ്യബന്ധനത്തിന് വിതരണം ചെയ്യുന്നതിന് പുറമേ പൊതുവിപണിയിൽ ലഭ്യമാകുന്ന നോൺ പി.ഡി.എസ്സ്. മണ്ണെണ്ണ മത്സ്യഫെഡ് മുഖേന സംസ്ഥാന സർക്കാർ 25 രൂപ സബ്സിഡി നൽകി പരമ്പരാഗത മത്സ്യബന്ധനത്തിന് അനുവദിച്ചു വരുന്നു. അർഹരായവർക്ക് എഞ്ചിൻ ക്ഷമതയുടെ അടിസ്ഥാനത്തിൽ

| | | |
|---|---|---|
| 10 HP വരെ | - | 140 ലിറ്റർ |
| 10 HP മുതൽ 15 HP വരെ | - | 150 ലിറ്റർ |
| 15 HP-ക്ക് മുകളിൽ | - | 190 ലിറ്റർ വരെയാണ് ഇത്തരത്തിൽ അനുവദിക്കുന്നത്. |

(ബി) മത്സ്യബന്ധന ബോട്ടുകളിൽ ഉപയോഗിക്കുന്ന ഡീസൽ, പെട്രോൾ എന്നിവയ്ക്ക് ഈടാക്കുന്ന റോഡ് സെസ് ഒഴിവാക്കാനും ഉല്പാദനച്ചെലവിന് അനുസൃതമായി മത്സ്യത്തൊഴിലാളികൾക്ക് കുറഞ്ഞ നിരക്കിൽ മണ്ണെണ്ണ നൽകാനും സംസ്ഥാനത്തിനുള്ള മണ്ണെണ്ണ വിഹിതം വർദ്ധിപ്പിക്കാനും കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ?

റോഡ് സെസ് ഒഴിവാക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല. കേന്ദ്ര സർക്കാരിൽനിന്ന് കേരളത്തിന് ആവശ്യമായ അളവിൽ സബ്സിഡി മണ്ണെണ്ണയും സബ്സിഡി രഹിത മണ്ണെണ്ണയും അനുവദിക്കപ്പെടാത്തതിനാൽ മത്സ്യബന്ധനത്തിന് ആവശ്യമായ മണ്ണെണ്ണ ലഭ്യമാക്കുന്നതിന് കഴിയുന്നില്ലെന്നത് വസ്തുതയാണ്. മത്സ്യബന്ധനത്തിന് ആവശ്യമായ മണ്ണെണ്ണയുടെ കാൽ ഭാഗംപോലും കേന്ദ്രം സബ്സിഡിരഹിത മണ്ണെണ്ണ (Non PDS) ആയി അനുവദിക്കുന്നില്ല. 2022-23 വർഷം ഇതുവരെ 2160 KL മണ്ണെണ്ണ ലഭ്യമാക്കുകയും മത്സ്യബന്ധനമേഖലയ്ക്ക് അത് പൂർണ്ണമായും വിതരണം ചെയ്യുകയും ചെയ്തു. നടപ്പുവർഷത്തേയ്ക്ക് ആവശ്യമുള്ള പരമാവധി മണ്ണെണ്ണ നേടിയെടുക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തിവരികയാണ്.

(സി) മത്സ്യബന്ധന ബോട്ടുകൾക്ക് സംസ്ഥാന സർക്കാർ മണ്ണെണ്ണ സബ്സിഡി നൽകുന്നുണ്ടോ; വിശദാംശം നൽകാമോ?

മത്സ്യഫെഡ് മുഖാന്തരം 25 രൂപ സംസ്ഥാന സർക്കാർ സബ്സിഡിയോടെ മത്സ്യബന്ധനത്തിന് വെള്ള മണ്ണെണ്ണ അനുവദിച്ചു വരുന്നു. അർഹരായ മത്സ്യത്തൊഴിലാളികൾക്ക് എഞ്ചിൻ ക്ഷമതയുടെ അടിസ്ഥാനത്തിൽ

10 HP വരെ - 140 ലിറ്ററും

10 HP മുതൽ 15 HP വരെ - 150 ലിറ്ററും

15 HP-ക്ക് മുകളിൽ - 190 ലിറ്ററുമാണ് പ്രതിമാസം മണ്ണെണ്ണ അനുവദിക്കുന്നത്. സബ്സിഡി തുക DBT ആയാണ് അനുവദിച്ചുവരുന്നത്.

(ഡി) സബ്സിഡി നൽകുന്നതിൽ സർക്കാർ കുടിശ്ശിക വരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

കുടിശ്ശിക വരുത്തിയിട്ടില്ല. 2022 ഏപ്രിൽ മാസം വരെയുള്ള സബ്സിഡി വിതരണം ചെയ്തുകഴിഞ്ഞു. 2022 മേയ് മാസത്തെ സബ്സിഡി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## സിനിമ വ്യവസായം നേരിടുന്ന പ്രശ്നങ്ങൾ

10 (*70) ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. എം. മുകേഷ്:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സിനിമ വ്യവസായം നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ നടത്തിയ ഇടപെടലുകളെക്കുറിച്ച് അറിയിക്കാമോ?

സംസ്ഥാനത്ത് സിനിമാ വ്യവസായത്തെ സംരക്ഷിക്കുന്നതിനായി കിഫ്ബിയുടെ ധനസഹായത്തോടെ 100 കോടി രൂപ മുതൽമുടക്കിൽ അനുയോജ്യമായ സ്ഥലങ്ങളിൽ തിയേറ്റർ സമുച്ചയങ്ങൾ നിർമ്മിക്കുന്ന പദ്ധതിയുടെ ഭാഗമായി കായംകുളം, അളഗപ്പനഗർ, പയ്യന്നൂർ എന്നിവിടങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. വൈക്കം, പായം, കാക്കനാട്, പേരാമ്പ്ര, താനൂർ എന്നിവിടങ്ങളിൽ തിയേറ്ററുകൾ നിർമ്മിക്കുന്നതിന് കിഫ്ബിയിൽനിന്നും അംഗീകാരം ലഭിച്ചിട്ടുണ്ട്.

തിരുവല്ലത്തെ ചിത്രാഞ്ജലി സ്റ്റുഡിയോ കിഫ്ബിയുടെ ധനസഹായത്താൽ അത്യാധുനിക സൗകര്യങ്ങളോടെ പുനഃനിർമ്മിക്കുന്ന പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ഈ പ്രോജക്റ്റ് പൂർത്തീകരിക്കപ്പെടുമ്പോൾ സിനിമാ നിർമ്മാതാക്കൾക്ക് നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെ ചിത്രങ്ങൾ നിർമ്മിക്കുവാൻ സാധിക്കും. കൂടാതെ ചിത്രാഞ്ജലി പാക്കേജിൽ നിർമ്മിക്കുന്ന ചിത്രങ്ങൾക്ക് ഇപ്പോൾ 5 ലക്ഷം രൂപവരെ വ്യവസ്ഥകൾക്ക് വിധേയമായി സബ്സിഡിയായി നൽകിവരുന്നു. 2019-20 ബഡ്ജറ്റിൽ വനിതാ സംവിധായകരെ പ്രോൽസാഹിപ്പിക്കുന്നതിനായി കെ.എസ്.എഫ്.ഡി.സി.-യുടെ നേതൃത്വത്തിൽ രണ്ട് ചലച്ചിത്രങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ച് പ്രദർശനത്തിന് തയ്യാറാക്കിയിട്ടുണ്ട്.

2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ വനിത/പട്ടികജാതി/ പട്ടികവർഗ്ഗ സംവിധായകരുടെ ചലച്ചിത്രങ്ങൾ നിർമ്മിക്കുന്നതിനായി 1.5 കോടി രൂപ വീതം വകയിരുത്തിയിരുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

തിയേറ്റർ റിലീസിംഗിനുശേഷവും നിർമ്മാതാക്കൾക്ക് തുടർവരുമാനം

ലഭിക്കുന്നതിനായി ഡിജിറ്റൽ റിലീസിംഗിനുള്ള സാങ്കേതിക രൂപമായ ഒ.ടി.ടി. പ്ലാറ്റ്ഫോം സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ സർക്കാർ ധനസഹായത്തോടെ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

കോവിഡ് കാലത്ത് ചലച്ചിത്ര വ്യവസായം നേരിട്ട രൂക്ഷമായ പ്രതിസന്ധി പരിഹരിക്കുന്നതിനായി വിവിധ ആശ്വാസ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് നിയന്ത്രിതമായ തോതിൽ ഷൂട്ടിംഗ് പുനരാരംഭിക്കാൻ അനുമതി നൽകി. കോവിഡ് വ്യാപനതോത് കുറഞ്ഞപ്പോൾ 50 ശതമാനം സീറ്റിംഗ് കപ്പാസിറ്റിയിൽ തിയേറ്ററുകൾ തുറന്നുപ്രവർത്തിക്കാൻ അനുമതി നൽകി. തുടർന്ന് കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് നൂറ് ശതമാനം സീറ്റിംഗ് കപ്പാസിറ്റിയിൽ തുറന്ന് പ്രവർത്തിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് സിനിമാ വ്യവസായം നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി ചരക്ക് സേവന നികുതി നിലവിൽ വരുന്നതിനുമുൻപ് 20% ആയിരുന്ന സിനിമാ ടിക്കറ്റിനുള്ള വിനോദ നികുതി 31-08-2019 തീയതിയിലെ സ.ഉ.(കൈ)നം.112/2019/ത.സ്വ.ഭ.വ പ്രകാരം 100/-രൂപയിൽ കുറവുള്ള

ടിക്കറ്റുകൾക്ക് 5% ആയും 100/-രൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5% ആയും നിജപ്പെടുത്തിയിരുന്നു. 2021 ഏപ്രിൽ മുതൽ 2021 ഡിസംബർ വരെയുള്ള വിനോദ നികുതി ഒഴിവാക്കിയും തിയേറ്ററുകൾ അടഞ്ഞു കിടന്ന കാലത്തെ വൈദ്യുതിയുടെ ഫിക്സഡ് ചാർജ്ജിൽ 50 ശതമാനം ഇളവ് നൽകിയും ആശ്വാസനടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) സിനിമാരംഗത്ത് പ്രവർത്തിക്കുന്നവർക്കിടയിൽ വ്യാപകമെന്ന് പറയപ്പെടുന്ന മയക്കുമരുന്ന് ഉപയോഗം തുടങ്ങിയ ആശാസ്യമല്ലാത്ത പ്രവണതകൾ ഉന്മൂലനം ചെയ്യുന്നതിന് ഇടപെടൽ നടത്തുമോ?

ലഹരി ഉപയോഗിക്കാൻ സാധ്യതയുള്ള എല്ലായിടങ്ങളിലും സിനിമാ നിർമ്മാണ സെറ്റുകൾ, വിനോദസഞ്ചാര കേന്ദ്രങ്ങൾ, ഹോട്ടലുകൾ, റിസോർട്ടുകൾ, വാഹനങ്ങൾ ഉൾപ്പെടെ പരിശോധനകൾ നടത്താറുണ്ട്. രഹസ്യനിരീക്ഷണം നടത്തിയും രഹസ്യവിവരങ്ങളുടെ വിശ്വാസ്യത ബോദ്ധ്യപ്പെടുന്നമുറയ്ക്ക് പരിശോധനകൾ നടത്തിയും ആശാസ്യമല്ലാത്ത പ്രവണതകൾ ഉന്മൂലനം ചെയ്യുന്നതിന് നിയമവിധേയമായി മതിയായ ഇടപെടൽ നടത്താറുണ്ട്.

(സി) സിനിമാരംഗത്തെ സ്ത്രീകൾ നേരിടുന്ന ലൈംഗിക, സാമ്പത്തിക ചൂഷണങ്ങൾ അവസാനിപ്പിക്കാൻ ഏത് വിധത്തിൽ ഇടപെടാൻ ഉദ്ദേശിക്കുന്നുവെന്ന് അറിയിക്കാമോ?

സിനിമാരംഗത്ത് സ്ത്രീകൾ നേരിടുന്ന ലൈംഗിക, സാമ്പത്തിക ചൂഷണങ്ങൾ തടയുന്നതിനായി കെ.എസ്.എഫ്.ഡി.സി.-യുടെ നേതൃത്വത്തിൽ നിർമ്മിക്കുന്ന സിനിമകൾക്ക് ഇന്റേണൽ കംപ്ലയിന്റ് കമ്മിറ്റി രൂപീകരിക്കുന്നുണ്ട്.

സിനിമാ മേഖലയിലെ വനിതകൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി രൂപീകരിച്ച ജസ്റ്റിസ് ഹേമ കമ്മിറ്റിയുടെ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ കൂടി അടിസ്ഥാനമാക്കിയുള്ള കരട് നിയമം പരിശോധനയിലാണ്. ലൈംഗികാതിക്രമത്തിനെതിരായ നടപടികളും മറ്റ് ചൂഷണങ്ങൾക്കെതിരായ നടപടികളും നിർദ്ദിഷ്ട നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സിനിമാ രംഗത്തെ സ്ത്രീകൾ നേരിടുന്ന ചൂഷണത്തെക്കുറിച്ച് പഠിക്കുന്നതിനായി നിയോഗിച്ച ജസ്റ്റിസ് ഹേമ കമ്മിറ്റി സർക്കാരിന് സമർപ്പിച്ച ശിപാർശകളിൻമേൽ സിനിമാ മേഖലയിലെ വിവിധ

സംഘടനകളുമായി സർക്കാർ ചർച്ച നടത്തുകയും അവ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്.

## മത്സ്യഫെഡിലെ അഴിമതി അന്വേഷിക്കാൻ നടപടി

11 (*71) ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളിൽനിന്ന് സംഭരിക്കുന്ന മീൻ വിൽക്കുന്നതിന്റെ മറവിൽ മത്സ്യഫെഡിൽ അഴിമതിനടന്നു എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

അന്തിപ്പച്ച വഴി മത്സ്യവില്പനയിലൂടെ ലഭിച്ച പണം ബാങ്കിൽ നിക്ഷേപിക്കുന്നതിൽ മത്സ്യഫെഡിന്റെ അധീനതയിലുള്ള കൊല്ലം കോമൺ പ്രീ-പ്രോസ്സസിംഗ് സെന്റർ (സി.പി.സി)-ൽ സാമ്പത്തിക ക്രമക്കേട് നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ അഴിമതി സംബന്ധിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ അന്വേഷണത്തിന്റെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെ എന്ന് വ്യക്തമാക്കാമോ?

മത്സ്യഫെഡ് കൊല്ലം കോമൺ പ്രീ-പ്രോസ്സസിംഗ് സെന്റർ (സി.പി.സി.)-ൽ നടന്ന സാമ്പത്തിക ക്രമക്കേട് സംബന്ധിച്ച് ഫിഷറീസ് സഹകരണ സംഘം രജിസ്ട്രാർ കൂടിയായ ഫിഷറീസ് ഡയറക്ടർ നടത്തിയ പ്രാഥമികാന്വേഷണ റിപ്പോർട്ട് പ്രകാരം ടി സെന്ററിലെ കരാർ ജീവനക്കാരനും അക്കൗണ്ടന്റുമായിരുന്ന ശ്രീ. എം. മഹേഷ്, അന്തിപ്പച്ച യൂണിറ്റുകളിൽനിന്നും മത്സ്യം വിറ്റവകയിൽ ലഭിക്കുന്ന ഡെയ്‌ലി സെയിൽസ് റിപ്പോർട്ട് പ്രകാരമുള്ള യഥാർത്ഥ തുക മറച്ചുവെച്ച് വളരെ കുറഞ്ഞ തുക മാത്രം കാഷ് ബുക്കിലും ടാലി സിസ്റ്റത്തിലും രേഖപ്പെടുത്തുകയും ഇപ്രകാരം രേഖപ്പെടുത്തുന്ന തുക മാത്രം ബാങ്കിൽ നിക്ഷേപിക്കുകയും ചെയ്തതായി കണ്ടെത്തിയിട്ടുണ്ട്.

(സി) ഉന്നത ഉദ്യോഗസ്ഥരുടെ ഒത്താശയില്ലാതെ ഇത്തരമൊരു അഴിമതി നടത്താൻ സാധിക്കില്ലെന്നിരിക്കെ രണ്ടു ജീവനക്കാരുടെ മേൽ മാത്രം കുറ്റമാരോപിച്ച് മറ്റുള്ളവരെ രക്ഷിക്കാനുള്ള ശ്രമമാണ് നടത്തുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത തട്ടിപ്പിനെക്കുറിച്ച് സമഗ്രഅന്വേഷണം നടത്തി കുറ്റവാളികളെ നിയമത്തിന് മുന്നിൽ കൊണ്ടുവരാൻ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

(സി & ഡി) ഇല്ല. കോമൺ പ്രീ-പ്രോസസ്സിംഗ് സെന്ററിലെ അക്കൗണ്ട്സ് കൈകാര്യം ചെയ്തിരുന്ന താത്കാലിക ജീവനക്കാരനായിരുന്ന ശ്രീ. എം. മഹേഷിനെ സർവ്വീസിൽനിന്നും നീക്കം ചെയ്യുകയും സ്ഥിരം ജീവനക്കാരനായ ശ്രീ. കെ. അനിമോനെ സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്യുകയും ചെയ്തതുകൂടാതെ കരാർ ജീവനക്കാരനായ ശ്രീ. സി. മണിയപ്പനെ കരാർ കാലാവധി 31-05-2022-ന് അവസാനിച്ച മുറയ്ക്ക് ഒഴിവാക്കിയിട്ടുണ്ട്. മാത്രമല്ല കോമൺ പ്രീ-പ്രോസസ്സിംഗ് സെന്റർ (സി.പി.സി)-യുടെ മാനേജർ ചുമതല വഹിച്ചിരുന്ന ശ്രീമതി ലിസി അഗസ്റ്റിനെ സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്യുകയും ശ്രീമതി നീതു. പി. എസ്, പ്രോജക്ട് ഓഫീസർ (കരാർ), ശ്രീ. സഞ്ജയ് ഖാൻ, ഡെവലപ്മെന്റ് ഓഫീസർ (കരാർ), ശ്രീ. എസ്. അനീഷ്, പ്രോജക്ട് ഓഫീസർ (ദിവസവേതനം) എന്നിവരെ സർവ്വീസിൽനിന്ന് പിരിച്ചുവിടുകയും നിലവിലെ മാനേജർ ഡോ. എം. നൗഷാദിനോട് വിശദീകരണം ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിലെ തട്ടിപ്പിനെക്കുറിച്ച് വിജിലൻസ് അന്വേഷണം നടത്തുന്നതിനും ശിപാർശ ചെയ്തിട്ടുണ്ട്.

**ജില്ലകളിൽ സാംസ്കാരിക സമുച്ചയങ്ങൾ പദ്ധതി**

12 (*72) <u>ശ്രീ. ഐ. ബി. സതീഷ്</u>:
<u>ശ്രീ. പി. ടി. എ. റഹീം</u>:

<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) നാടിന്റെ ബഹുസ്വരത ഉയർത്തിപ്പിടിച്ചുകൊണ്ടുള്ള സാംസ്കാരിക പ്രവർത്തനങ്ങൾക്കുള്ള ഇടങ്ങൾ എന്ന നിലയിൽ ആവിഷ്കരിച്ച ജില്ലകളിൽ സാംസ്കാരികസമുച്ചയങ്ങൾ എന്ന പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; ഇവ സ്ഥാപിക്കുന്നതിലൂടെ എന്തെല്ലാം കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്; വിശദാംശം നൽകാമോ?

കേരളത്തിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃക സംരക്ഷണത്തിനും വ്യാപനത്തിനും പ്രോത്സാഹനത്തിനുമായി സംസ്ഥാനത്തെ എല്ലാ ജില്ലാ കേന്ദ്രങ്ങളിലും നവോത്ഥാന നായകരുടെ നാമധേയത്തിൽ സ്ഥാപിക്കുന്ന ബൃഹത്തായ സാംസ്കാരിക സമുച്ചയങ്ങൾ, നിർമ്മാണ പ്രവർത്തനങ്ങളുടെ വിവിധ ഘട്ടങ്ങളിലാണ്. 'ജില്ലകളിൽ സാംസ്കാരിക സമുച്ചയങ്ങൾ' എന്ന പദ്ധതിയുടെ തൽസ്ഥിതി റിപ്പോർട്ട് അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു*. നാടിന്റെ കലാസംസ്കാരിക രംഗം ചലനാത്മകമാക്കാനുതകുന്ന ഒരു പദ്ധതി രാജ്യത്ത് ഇദംപ്രഥമമാണെന്ന്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കരുതുന്നു. നൃത്ത, സംഗീത നാടകങ്ങൾ, നാടോടി അനുഷ്ഠാന കലാരൂപങ്ങൾ, ചിത്രശില്പരചനകൾ എന്നുവേണ്ട എല്ലാവിധ കലാസാഹിത്യ പ്രവർത്തനങ്ങൾക്കും ഒരു സജീവ പ്രയോഗകേന്ദ്രമായി ഈ സമുച്ചയങ്ങൾ മാറുന്നതാണ്. മാനുഷികത, സാഹോദര്യം, ജനാധിപത്യം തുടങ്ങിയ മൂല്യങ്ങളിൽ അധിഷ്ഠിതമായതും കേരളത്തിന്റെ തനത് സാംസ്കാരികമൂല്യങ്ങൾ പ്രചരിപ്പിക്കുന്നതുമാവും ഈ സാംസ്കാരിക സമുച്ചയങ്ങൾ. ഓരോ സമുച്ചയത്തിലും നൃത്ത, സംഗീത, നാടകശാലകൾ, ആഡിറ്റോറിയങ്ങൾ, ചലച്ചിത്ര പ്രദർശനഹാളുകൾ, ഗ്രന്ഥശാലകൾ, ശില്പികൾക്കും കരകൗശല വിദഗ്ധർക്കുമുള്ള പണിപ്പുരകൾ, കലാസൃഷ്ടി പ്രദർശനശാലകൾ, ഹ്രസ്വകാല താമസസൗകര്യങ്ങൾ, ഓപ്പൺ എയർ ഓഡിറ്റോറിയം, ശില്പോദ്യാനം തുടങ്ങിയവയാണ് സജ്ജീകരിക്കുന്നത്.

(ബി) കേരളത്തിന്റെ പരമ്പരാഗതമായ കല-കരകൗശല വിദ്യകൾ സംരക്ഷിക്കാനും അറിവുകൾ അടുത്ത തലമുറയ്ക്ക് കൈമാറാനും കഴിയുന്നതിനുതകുംവിധം പ്രശസ്തമായ ഗ്രാമങ്ങളെ സാംസ്കാരിക പൈതൃക ഗ്രാമങ്ങളായി പ്രഖ്യാപിക്കുന്ന പദ്ധതി പരിഗണനയിലുണ്ടോ; എങ്കിൽ ഇതിലൂടെ എന്തെല്ലാം കാര്യങ്ങളാണ് ലക്ഷ്യമിടുന്നതെന്ന് വിശദമാക്കാമോ?

സമ്പന്നമായ സാംസ്കാരിക പൈതൃകമുള്ള സ്ഥലങ്ങളിലും പരമ്പരാഗത കരകൗശല വസ്തുക്കളുടെ നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന ആളുകളിലും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് സാംസ്കാരിക പൈതൃകഗ്രാമം പദ്ധതി. പൈതൃകഗ്രാമങ്ങളിലെ അടിസ്ഥാനസൗകര്യ വികസനത്തോടൊപ്പം കേരളത്തിന്റെ പരമ്പരാഗതമായ കലാപൈതൃകം സംരക്ഷിക്കുകയും വരുംതലമുറയിലേയ്ക്ക് പ്രചരിപ്പിക്കുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ പ്രധാനലക്ഷ്യം. കേരളത്തിന്റെ സമ്പന്നമായ പൈതൃകത്തെ പ്രതിഫലിപ്പിക്കുന്ന നാടൻ പാരമ്പര്യങ്ങളും കലകളും കരകൗശലവസ്തുക്കളും പ്രദർശിപ്പിക്കാനാണ് ഈ പദ്ധതി വിഭാവന ചെയ്തിരിക്കുന്നത്. കേരളത്തിലെ കലാഗ്രാമങ്ങളേയും പൈതൃകഗ്രാമങ്ങളേയും കരകൗശല ഗ്രാമങ്ങളേയും കോർത്തിണക്കുന്ന ബൃഹത്പദ്ധതിയാണ് പൈതൃകഗ്രാമം പദ്ധതി. ഈ സാമ്പത്തിക വർഷം പദ്ധതിക്ക് ഒരുകോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. (ഉത്തരവിന്റെ പകർപ്പ് അനുബന്ധം-2 ൽ ക്രമനമ്പർ-9 ആയി ചേർത്തിട്ടുണ്ട്*). പദ്ധതി ആരംഭദശയിലാണ്.

സംസ്ഥാനത്തെ ഗ്രാമീണ കലാകാരന്മാരുടെയും കരകൗശല

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിദഗ്ധരുടെയും ഉപജീവന സുസ്ഥിരത ഉറപ്പാക്കുക, അവരുടെ നൈപുണ്യം ശക്തിപ്പെടുത്തുക, ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ഈടുറ്റ വിപണി ബന്ധങ്ങൾ സ്ഥാപിക്കുക എന്നീ ലക്ഷ്യങ്ങളോടെ ആരംഭിച്ച പദ്ധതിയാണ് കലാകാരൻമാരുടെ ഉപജീവനം അഥവാ ഗ്രാമീണ കലാകേന്ദ്രം പദ്ധതി (റൂറൽ ആർട്ട് ഹബ് പദ്ധതി). സംസ്കാരിക വകുപ്പിനുകീഴിലുള്ള വാസ്തുവിദ്യാ ഗുരുകുലമാണ് പദ്ധതിയുടെ നിർവ്വഹണ ഏജൻസി. നിർവ്വഹണ ഏജൻസിക്ക് സംസ്കാരികവകുപ്പ് നൽകുന്ന പദ്ധതിവിഹിതം, ഡയറക്ടറേറ്റിൽ രജിസ്റ്റർചെയ്യുന്ന സ്വയംസഹായ സംഘങ്ങളുടെ പരിശീലനത്തിനും ഉപകരണസാമഗ്രികളും അസംസ്കൃതവസ്തുക്കളും വാങ്ങുന്നതിനും മറ്റ് പദ്ധതി പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനും വിനിയോഗിക്കാനാണുദ്ദേശിക്കുന്നത്. നിർവ്വഹണ ഏജൻസി സംസ്ഥാനത്തൊട്ടാകെയുള്ള വിവിധ കരകൗശല കലാഗ്രാമങ്ങളിൽ സ്വയംസഹായസംഘങ്ങൾ രൂപീകരിക്കുന്നതിനായി പ്രസ്തുത ഗ്രാമങ്ങൾ സന്ദർശിച്ച് ശിപാർശ നൽകുന്നമുറയ്ക്ക് ഡയറക്ടറേറ്റിൽ സംഘങ്ങളെ രജിസ്റ്റർ ചെയ്യുകയും അംഗീകൃത ഡി.പി.ആർ. പ്രകാരം പദ്ധതിയിൻകീഴിൽ നിലവിൽ ഉൾപ്പെടുത്തിയിട്ടുള്ള 20 ഗ്രാമങ്ങൾക്കുപുറമെ

സാധ്യമായ എല്ലാ ഗ്രാമങ്ങളിലേയ്ക്കും പദ്ധതി വ്യാപിപ്പിക്കാനാണുദ്ദേശിക്കുന്നത്. ഈ പദ്ധതിയുടെ ഭാഗമായി 20 പൈതൃക ഗ്രാമങ്ങളിലെ 433 കലാകാരന്മാർക്ക് നൈപുണ്യ പരിശീലനം നൽകകയും 5 കലാരൂപങ്ങളിൽ 100 കലാകാരന്മാർക്ക് കലാപരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്.

സ്വയംസഹായസംഘങ്ങൾ കേന്ദ്രീകരിച്ചും ഓൺലൈനായും ഫ്രാഞ്ചൈസികൾ മുഖേനയും സാധ്യമായ എല്ലാ സാംസ്കാരിക സ്ഥാപനങ്ങളിലും ഷോപ്പിംഗ് വിൻഡോകൾ സ്ഥാപിച്ചും വിപണനം ശക്തിപ്പെടുത്താനാണ് ലക്ഷ്യമിടുന്നത്. നിർവ്വഹണ ഏജൻസിവഴി സംസ്ഥാനത്തെ വിവിധ ജില്ലകളിൽ നിലവിലുള്ളതും പുതുതായി രൂപീകരിക്കുന്നതുമായ സ്വയംസഹായസംഘങ്ങൾക്ക് വിദഗ്ദ്ധ പരിശീലനം നൽകി, വിപണന മാർഗ്ഗങ്ങൾ സൃഷ്ടിച്ച് സ്വയം പര്യാപ്തമാക്കി പരമ്പരാഗത കരകൗശല ഉൽപ്പന്നങ്ങൾക്കൊപ്പം വിപണി ആവശ്യപ്പെടുന്ന പുത്തൻ ഡിസൈനുകൾ സൃഷ്ടിച്ച് പദ്ധതിയെ കൂടുതൽ ആകർഷകവും ഫലപ്രദവുമാക്കാനും ഉദ്ദേശിക്കുന്നു. ഈ സാമ്പത്തികവർഷം 2.50 കോടി

രൂപയുടെ പദ്ധതി പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. (ഉത്തരവിന്റെ പകർപ്പ് അനുബന്ധം-2 ൽ ക്രമനമ്പർ-3 ആയി ചേർത്തിട്ടുണ്ട്*.) പൈതൃക ഗ്രാമം പദ്ധതിയും റൂറൽ ആർട്ട് ഹബ്ബ് പദ്ധതിയും പരസ്പരപൂരകങ്ങളാണ്.

## പരിസ്ഥിതിലോല മേഖല

13 (*73) ശ്രീ എ. സി. മൊയ്തീൻ:
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. ഡി. കെ. മുരളി:

ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് ആകെ ബാധകമായ വിധത്തിൽ സംരക്ഷിത വനത്തോട് ചേർന്നുള്ള ഒരു കിലോമീറ്റർ പ്രദേശം പരിസ്ഥിതിലോല മേഖലയാക്കി മാറ്റണമെന്ന ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി സംസ്ഥാനത്തെ ജനസാന്ദ്രതയേറിയ മലയോര പ്രദേശത്താകെ ആശങ്ക സൃഷ്ടിച്ചിട്ടുള്ളതിനാൽ ജനവാസമേഖലയെ ഒഴിവാക്കാൻ കേന്ദ്ര സർക്കാരുമായി ചർച്ച നടത്തിയിരുന്നോ;

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംരക്ഷിതമേഖലയ്ക്ക് ചുറ്റും ഒരു കി.മീ. (ഇക്കോ സെൻസിറ്റീവ് സോൺ) വേണമെന്ന വ്യവസ്ഥയിൽ കേരളത്തിന് പ്രത്യേക ഇളവ് വേണമെന്ന് കേന്ദ്ര വനം വകുപ്പുമന്ത്രി ശ്രീ. അശ്വനി കുമാർ ചൗബെയോട് 18-06-2022-ൽ നടന്ന ചർച്ചയിൽ കേരള വനംവകുപ്പ് ആവശ്യപ്പെട്ടിരുന്നു. ഇതര സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമായ സാഹചര്യമാണ് കേരളത്തിലേതെന്ന് ചൂണ്ടിക്കാട്ടിയാണ് അവലോകന യോഗത്തിൽ വനംവകുപ്പ് ഇളവ് അഭ്യർത്ഥിച്ചത്. സംസ്ഥാനം നൽകിയ, ജനവാസ മേഖലകളെ ഒഴിവാക്കി കരുതൽമേഖല എന്ന പരിഷ്കരിച്ച ശിപാർശ പരിഗണിച്ച് അന്തിമവിജ്ഞാപനം ഇറക്കേണ്ടതുണ്ട്. വിദഗ്ദ്ധസമിതി യോഗങ്ങൾ ഉൾപ്പെടെയുള്ളവ പൂർത്തിയാക്കിയാണ് ശിപാർശ നൽകിയതെന്ന് വനംവകുപ്പ് കേന്ദ്ര വനം വകുപ്പുമന്ത്രിയെ അറിയിച്ചിട്ടുണ്ട്.

ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 03-06-2022-ലെ വിധിയുടെ അടിസ്ഥാനത്തിൽ സംരക്ഷിത വനത്തോടുചേർന്നുള്ള ഒരു കിലോമീറ്റർ പ്രദേശം പരിസ്ഥിതിലോല മേഖലയാക്കി മാറ്റണമെന്ന നിർദ്ദേശം സംസ്ഥാനത്തെ ജനസാന്ദ്രതയേറിയ മലയോര പ്രദേശത്താകെ ആശങ്ക സൃഷ്ടിച്ചിട്ടുള്ളതിനാൽ പ്രസ്തുത വിധി വിലയിരുത്തുന്നതിനും തുടർനടപടികൾ ചർച്ച ചെയ്യുന്നതിനുമായി 08-06-2022-ന് വനം വകുപ്പുമന്ത്രിയുടെ

അദ്ധ്യക്ഷതയിൽ അഡ്വക്കേറ്റ് ജനറലിനെക്കൂടി ഉൾപ്പെടുത്തി ഉന്നത ഉദ്യോഗസ്ഥരുടെ യോഗം ചേരുകയും സംരക്ഷിത പ്രദേശങ്ങളുടെ ഒരു കി.മീ, പരിധിയിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ  വിവിധ സർക്കാർ ഏജൻസികളുടെ സഹായത്തോടെ ശേഖരിക്കുന്നതിനും നിലവിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ മുമ്പാകെയുള്ള ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ  സുപ്രീംകോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി അംഗീകാരം ലഭ്യമാക്കുന്നതിനുമായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതിനും  ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഉത്തരവിന്മേൽ റിവ്യൂ പെറ്റീഷൻ സമർപ്പിക്കുന്നതിനും കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ, കേന്ദ്ര സർക്കാരിനെയും കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും ബഹുമാനപ്പെട്ട സുപ്രീംകോടതിയെയും ബോദ്ധ്യപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചു. തുടർന്ന്, 03-06-2022-ലെ ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവിനെതിരെ റിവ്യൂ പെറ്റീഷൻ സമർപ്പിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നതിനായി അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകുകയും ജനവാസമേഖലകൾ ഒഴിവാക്കിക്കൊണ്ടുള്ള പുതുക്കിയ ഇക്കോ

സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ പരിഗണിച്ചുകൊണ്ട്, ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഉത്തരവിലെ ഖണ്ഡിക 44(f) പ്രകാരമുള്ള നടപടികൾക്കായി കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും ബഹുമാനപ്പെട്ട സുപ്രീംകോടതിയെയും സമീപിക്കാനായി കേന്ദ്ര സർക്കാരിലേയ്ക്ക് കത്തയയ്ക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ നിർദ്ദേശം സംസ്ഥാനത്തുണ്ടാക്കാവുന്ന ആഘാതത്തിന്റെ വ്യാപ്തി പഠന വിധേയമാക്കിയിട്ടുണ്ടോ?

വനം വകുപ്പുമന്ത്രിയുടെ 08-06-2022-ലെ യോഗ തീരുമാനപ്രകാരം ഒരു കിലോ മീറ്റർ ഇക്കോ സെൻസിറ്റീവ് സോണിൽ ഉൾപ്പെടാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ വനാതിർത്തി പരിശോധിച്ചശേഷം ജനവാസകേന്ദ്രങ്ങൾ, വ്യാപാരസ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, ആശുപത്രികൾ, കൃഷിസ്ഥലങ്ങൾ, തോട്ടങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ

നിയന്ത്രണത്തിലുള്ള കേരള സംസ്ഥാന റിമോർട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്ററിനെ (KSREC) ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പഠന റിപ്പോർട്ട് ലഭ്യമായാൽ മാത്രമേ സംരക്ഷിത വനമേഖലയ്ക്ക് 1 കി.മീ. ചുറ്റളവിൽ പരിസ്ഥിതിലോല മേഖല വന്നുകഴിഞ്ഞാൽ സംസ്ഥാനത്തെ എപ്രകാരം ബാധിക്കുമെന്ന് കൃത്യമായി വിലയിരുത്താൻ കഴിയൂ.

(സി) ബഹുമാനപ്പെട്ട സുപ്രീംകോടതിവിധിയുടെ പുനഃപരിശോധന തേടുന്നതും വിധിക്കെതിരെ സെൻട്രൽ എംപവേർഡ് കമ്മിറ്റിയെ സമീപിക്കുന്നതും സംബന്ധിച്ച് ആലോചന നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 03-06-2020-ലെ വിധിയിൽ സംരക്ഷിത വനത്തോട് ചേർന്നുള്ള ഒരു കിലോമീറ്റർ പ്രദേശം പരിസ്ഥിതിലോല മേഖലയാക്കി മാറ്റണമെന്ന നിർദ്ദേശത്തെത്തുടർന്ന് വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 08-06-2022-ന് ഉന്നത ഉദ്യോഗസ്ഥരുടെ യോഗം ചേരുകയും സുപ്രീംകോടതിവിധിയിൽ നിർദ്ദേശിക്കുന്ന പ്രകാരം സംരക്ഷിത പ്രദേശങ്ങളുടെ ഒരു കി.മീ, പരിധിയിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ

പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ വിവിധ സർക്കാർ ഏജൻസികളുടെ സഹായത്തോടെ ശേഖരിക്കുന്നതിനും നിലവിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ മുമ്പാകെയുള്ള ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ സുപ്രീംകോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി അംഗീകാരം ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതിനും സുപ്രീംകോടതിയുടെ ഉത്തരവിന്മേൽ റിവ്യൂ പെറ്റീഷൻ സമർപ്പിക്കുന്നതിനും കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ കേന്ദ്ര സർക്കാരിനെയും കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും ബഹുമാനപ്പെട്ട സുപ്രീംകോടതിയെയും ബോദ്ധ്യപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതിനും ഈ വിഷയത്തിൽ സംസ്ഥാനത്തിന്റെ പൊതുതാൽപ്പര്യം സംരക്ഷിക്കുന്നതിനായുള്ള തുടർനടപടികൾക്കായി കേന്ദ്ര സർക്കാരിനെ സമീപിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. തുടർന്ന്, 03-06-2022-ലെ ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവിനെതിരെ റിവ്യൂ പെറ്റീഷൻ സമർപ്പിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നതിനായി അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകുകയും ജനവാസ മേഖലകൾ ഒഴിവാക്കിക്കൊണ്ടുള്ള പുതുക്കിയ ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ പരിഗണിച്ചുകൊണ്ട് ബഹുമാനപ്പെട്ട സുപ്രീംകോടതി

ഉത്തരവിലെ ഖണ്ഡിക 44 (f) പ്രകാരമുള്ള നടപടികൾക്കായി കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും ബഹുമാനപ്പെട്ട സുപ്രീംകോടതിയെയും സമീപിക്കുവാനായി കേന്ദ്ര സർക്കാരിലേക്ക് കത്തയയ്ക്കുകയും ചെയ്തിട്ടുണ്ട്.

**നദികളിലെ ചെളിയും മണലും നീക്കം ചെയ്യാൻ നടപടി**

14 (*74) ശ്രീ. അബ്ദുൽ ഹമീദ് പി.:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നദികളിൽ കെട്ടിക്കിടക്കുന്ന ചെളിയും മണലും നീക്കം ചെയ്യുന്നത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

സംസ്ഥാനത്ത് കാലാകാലങ്ങളിൽ, പ്രത്യേകിച്ചും 2018-2021-ൽ ഉണ്ടായ അതിശക്തമായ മഴയും മണ്ണിടിച്ചിലും വെള്ളപ്പൊക്കവുംമൂലം ചെളിയും മണലും എക്കലും മറ്റ് പാഴ്‌വസ്തുക്കളും നദികളിൽ അടിഞ്ഞുകൂടുകയും തന്മൂലം നദികളുടെ സ്വാഭാവിക ഒഴുക്ക് തടസ്സപ്പെടുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത തടസ്സങ്ങൾ നീക്കംചെയ്യുന്നതിന്റെ ഭാഗമായി ജലസേചന വകുപ്പിന് കീഴിലുള്ള സാങ്കേതികവിദഗ്ദ്ധരുടെ നേതൃത്വത്തിൽ

പ്രാഥമിക വിവരശേഖരണം നടത്തി. കൂടാതെ, പ്രളയം കൂടുതലായി ബാധിച്ച നദികളായ അച്ചൻകോവിൽ, പമ്പ, മണിമല, മീനച്ചിൽ, മൂവാറ്റുപുഴ എന്നീ നദികളിൽ അടിഞ്ഞുകൂടിയ എക്കൽ, മണൽ, ചെളി എന്നിവയുടെ അളവ് നിർണ്ണയിക്കാനുള്ള പഠനവും മറ്റ് വിവരശേഖരണവും ജലസേചന വകുപ്പിന് കീഴിലുള്ള കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, മറ്റു നദികളുടെ ചാർജ്ജുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും മുഖാന്തരം നടത്തി. ടി പഠനത്തിന്റെയും ലഭിച്ച വിവരങ്ങളുടെയും അടിസ്ഥാനത്തിൽ നദികളുടെ സ്വാഭാവിക ഒഴുക്ക് വീണ്ടെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഏതെല്ലാം നദികളിൽ മണൽ ഓഡിറ്റ് നടത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ?

2012-2022 കാലയളവിൽ സംസ്ഥാനത്തെ 31 നദികളുടെ മണൽ ഓഡിറ്റ് റവന്യൂ വകുപ്പ് നടത്തിയിട്ടുണ്ട്. നെയ്യാർ, കരമന, വാമനപുരം, ഇത്തിക്കര, കല്ലട, കുളത്തൂപ്പുഴ, അച്ചൻകോവിൽ, പമ്പ, മണിമല, മീനച്ചിൽ, മൂവാറ്റുപുഴ, പെരിയാർ, ചാലക്കുടി, കരുവന്നൂർ, കേച്ചേരി, ഗായത്രിപ്പുഴ, ഭാരതപ്പുഴ (സ്ട്രെച്ച് -I, സ്ട്രെച്ച്-II, സ്ട്രെച്ച് -III), കടലുണ്ടിപ്പുഴ, ചാലിയാർ, കുറ്റ്യാടി, കബനി, അഞ്ചരക്കണ്ടി, പെരുമ്പ, വളപട്ടണം, മാഹി, ശ്രീകണ്ഠപുരം, വള്ളിത്തോട്, ചന്ദ്രഗിരി (പാർട്ട് 1, പാർട്ട് 2), ഉപ്പള,

മൊഗ്രാൽ, ഷിറിയ എന്നീ നദികളുടെ മണൽ ഓഡിറ്റിംഗാണ് റവന്യൂ വകുപ്പ് നടത്തിയിട്ടുള്ളത്.

കേരളത്തിൽ 2018-ാമാണ്ട് ആഗസ്റ്റ് 1-ാം തീയതി മുതൽ 19-ാം തീയതി വരെ 758.6mm മഴ ലഭിക്കുകയുണ്ടായി. ഇത് ഈ കാലയളവിൽ ലഭിക്കേണ്ട മഴയെക്കാൾ 164% (ശതമാനം) കൂടുതലാണ്. അതുപോലെ, 2021-ാമാണ്ട് ഒക്ടോബർ 1 മുതൽ 19-ാം തീയതി വരെ കേരളത്തിന് 453.5mm മഴ ലഭിക്കുകയുണ്ടായി, ഇത് ഈ കാലയളവിൽ ലഭിക്കേണ്ട മഴയുടെ അളവിനെക്കാൾ ഏകദേശം 135%(ശതമാനം) അധികമാണ്. കൂടാതെ 2019, 2020 വർഷങ്ങളിലും കേരളത്തിൽ അതിശക്തമായ മഴ ലഭിക്കുകയുണ്ടായി. കുറഞ്ഞ സമയത്തിനുള്ളിൽ കൂടുതൽ മഴ ലഭിച്ചതുമൂലം 2018-ാമാണ്ട് കേരളത്തിൽ മഹാപ്രളയത്തിനും തുടർന്നുള്ള വർഷങ്ങളിൽ വെള്ളപ്പൊക്കത്തിനും മണ്ണിടിച്ചിലിനും കാരണമായി. അനന്തര ഫലമായി കേരളത്തിലെ 44 നദികളിലും വൻതോതിൽ ചെളിയും എക്കലും മറ്റ് പാഴ്‌വസ്തുക്കളും അടിഞ്ഞു കൂടി സ്വാഭാവിക ഒഴുക്കും വാഹകശേഷിയും കുറയുന്നതിന് കാരണമായിട്ടുണ്ട്. 2018-ാമാണ്ടിലെ പ്രളയത്തെ തുടർന്ന്,

കേരളത്തിലുണ്ടായ പ്രളയത്തിന്റെ കാരണവും ഭാവിയിൽ ഇവ ലഘൂകരിക്കുന്നതിനുള്ള മാർഗ്ഗങ്ങളും നിർദ്ദേശിക്കുന്നതിനുമായി നെതർലാൻഡ്സിൽനിന്നും ജലവിഭവ മേഖലയിൽ പ്രാഗത്ഭ്യമുള്ള ഒരു സംഘം സന്ദർശിക്കുകയുണ്ടായി. "റൂം ഫോർ റിവർ" ആശയവും Integrated Water Resources Management (IWRM) ആശയവും കേരളത്തിലും നടപ്പാക്കാൻവേണ്ട നടപടികൾ സ്വീകരിക്കുവാനുള്ള ഒരു നിർദ്ദേശം നെതർലാൻഡ്സ് സംഘം മുന്നോട്ടുവച്ചതിന്റെ ചുവടുപിടിച്ച് സംസ്ഥാനത്തെ 44 നദികളിലും അടിഞ്ഞുകൂടിയിട്ടുള്ള ചെളിയും എക്കലും മറ്റ് പാഴ്‌വസ്തുക്കളും മാറ്റി നദികളുടെ സ്വാഭാവിക ഒഴുക്കും വാഹക ശേഷിയും വർദ്ധിപ്പിക്കുന്നതിന് നെതർലാൻഡ്സ് മാതൃകയായ "റൂം ഫോർ റിവർ" ആശയം നടപ്പാക്കി, ജലസേചന വകുപ്പ് സർക്കാർ നിർദ്ദേശപ്രകാരം ഒക്ടോബർ 2021-ന് പ്രളയ സാധ്യത ലഘൂകരിക്കുന്നതിനുള്ള നടപടികൾ ഏറ്റെടുത്തതിന്റെ ഭാഗമായി സംസ്ഥാനത്തെ 44 നദികളിലും അടിഞ്ഞു കൂടിയിട്ടുള്ള ചെളിയുടെയും എക്കലിന്റെയും മറ്റ് പാഴ്‌വസ്തുക്കളുടെയും അളവ് കണക്കാക്കുകയും ഇവ നീക്കം ചെയ്യുന്നതിനുള്ള ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കി നടപ്പാക്കിവരുകയും ചെയ്യുന്നു. 44 നദികളിലുമായി 3,04,95,570.66 $M^3$ ചെളിയും എക്കലും

മറ്റും ഉള്ളതായി കണക്കാക്കിയിട്ടുണ്ട്. ഇതിൽനിന്നും 25/06/2022-വരെ $89{,}91{,}635.82M^3$ നീക്കം ചെയ്തിട്ടുണ്ട്. 23/02/2022-ന് തുടക്കം കുറിച്ച പദ്ധതി, 124 ദിവസത്തിനകം $89{,}91{,}635.82M^3$ ചെളിയും എക്കലും department execution-ലൂടെ മാറ്റുകയും 29 നദികളിലെ പ്രവൃത്തി പൂർണ്ണമായും തീർക്കുകയും ചെയ്തു.

(സി) നദികളുടെ ഒരു ഭാഗത്ത് അടിഞ്ഞുകൂടിക്കിടക്കുന്ന മണൽ ആഴമുള്ള ഭാഗങ്ങളിലേയ്ക്ക് മാറ്റുവാൻ നടപടി സ്വീകരിക്കുമോ?

നദികളിൽ ഒരു ഭാഗത്ത് അടിഞ്ഞുകൂടിക്കിടക്കുന്ന മണൽ ആഴമുള്ള ഭാഗങ്ങളിലേയ്ക്ക് മാറ്റുന്ന ഒരു പ്രവൃത്തിയും ഇപ്പോൾ ജലസേചന വകുപ്പ് മുഖാന്തരം നടപ്പാക്കിയിട്ടില്ല. ഇതുസംബന്ധമായ ശാസ്ത്രീയ പഠനങ്ങൾക്കുശേഷം പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കുന്നത് സംബന്ധിച്ച് ആലോചിക്കാവുന്നതാണ്.

## ഇക്കോ-സെൻസിറ്റീവ് സോൺ

15 (*75) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. സജീവ് ജോസഫ്:

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ എല്ലാ വന്യജീവി സങ്കേതങ്ങൾക്കും ദേശീയ ഉദ്യാനങ്ങൾക്കും ഒരു കിലോമീറ്റർ ചുറ്റളവിൽ ഇക്കോ-സെൻസിറ്റീവ് സോൺ നിർബന്ധമാക്കണമെന്ന സുപ്രീം കോടതി ഉത്തരവ് സംരക്ഷിത വനങ്ങൾക്ക് ചുറ്റുമുള്ള ഗ്രാമങ്ങളിലെ വികസന പ്രവർത്തനങ്ങളെയും ഉപജീവന പ്രവർത്തനങ്ങളെയും ബാധിക്കുമെന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ?

ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 03-06-2022-ലെ IA 1000/2003 നമ്പർ കേസിലെ വിധി പ്രകാരം ദേശീയോദ്യാനങ്ങളുടെയും വന്യജീവി സങ്കേതങ്ങളുടെയും നിശ്ചയിക്കപ്പെട്ട അതിരിൽനിന്നും ഒരു കിലോ മീറ്റർ ചുറ്റളവ് വരെ ഇക്കോസെൻസിറ്റീവ് സോണായി (ESZ) പ്രഖ്യാപിക്കുമ്പോൾ വനങ്ങൾക്ക് ചുറ്റുമുള്ള ഗ്രാമങ്ങളിലെ വികസന പ്രവർത്തനങ്ങളെയും ഉപജീവന പ്രവർത്തനങ്ങളെയും ഒരു പരിധിവരെ ബാധിക്കുമെന്നത് ഗൗരവത്തോടെയാണ് കാണുന്നത്.

കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ 09-02-2011-ലെ F.No.

19/2007 WL-1 (pt) നമ്പർ കത്തിലെ മാർഗ്ഗനിർദ്ദേശങ്ങൾപ്രകാരം ഇക്കോ സെൻസിറ്റീവ് സോണിൽ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ നിരോധിക്കപ്പെടുന്നതും (Prohibited) നിയന്ത്രിക്കപ്പെടുന്നതുമായ (Regulated) പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) പ്രസ്തുത വിഷയം പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 03-06-2022-ലെ വിധി വിലയിരുത്തുന്നതിനും തുടർനടപടികൾ ചർച്ച ചെയ്യുന്നതിനുമായി 08-06-2022-ന് വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ അഡ്വക്കേറ്റ് ജനറലിനെക്കൂടി ഉൾപ്പെടുത്തി ഉന്നത ഉദ്യോഗസ്ഥരുടെ യോഗം ചേരുകയും സംരക്ഷിത പ്രദേശങ്ങളുടെ ഒരു കി.മീ. പരിധിയിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ വിവിധ സർക്കാർ ഏജൻസികളുടെ സഹായത്തോടെ ശേഖരിക്കുന്നതിനും നിലവിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ മുമ്പാകെയുള്ള ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രദ്ധയിൽപ്പെടുത്തി അംഗീകാരം ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതിനും ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഉത്തരവിന്മേൽ റിവ്യൂ പെറ്റീഷൻ സമർപ്പിക്കുന്നതിനും കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ കേന്ദ്ര സർക്കാരിനെയും കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും ബഹുമാനപ്പെട്ട സുപ്രീംകോടതിയെയും ബോദ്ധ്യപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചു. ടി യോഗ തീരുമാനപ്രകാരം ഒരു കിലോ മീറ്റർ ESZ ൽ ഉൾപ്പെടാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ വനാതിർത്തി പരിശോധിച്ചശേഷം ജനവാസകേന്ദ്രങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, ആശുപത്രികൾ, കൃഷിസ്ഥലങ്ങൾ, തോട്ടങ്ങൾ എന്നിവയുടെ വിശദാംശം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേരള സംസ്ഥാന റിമോർട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്ററിനെ (KSREC) ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 03-06-2022-ലെ ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവിനെതിരെ റിവ്യൂ പെറ്റീഷൻ സമർപ്പിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നതിനായി അഡ്വക്കേറ്റ്

ജനറലിന് നിർദ്ദേശം നൽകുകയും ജനവാസമേഖലകൾ ഒഴിവാക്കിക്കൊണ്ടുള്ള പുതുക്കിയ ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ പരിഗണിച്ചുകൊണ്ട് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഉത്തരവിലെ ഖണ്ഡിക 44(f) പ്രകാരമുള്ള നടപടികൾക്കായി കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും ബഹുമാനപ്പെട്ട സുപ്രീംകോടതിയെയും സമീപിക്കുവാനായി കേന്ദ്ര സർക്കാരിലേയ്ക്ക് കത്തയയ്ക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഇക്കോ-സെൻസിറ്റീവ് സോൺ നിർബന്ധമാക്കുന്നത് സംസ്ഥാനത്തെ ഇരുപതോളം പട്ടണങ്ങളെയും ഒരു ലക്ഷം കുടുംബങ്ങളെയും ബാധിക്കുമെന്ന വസ്തുത നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് നിയമനിർമ്മാണം നടത്താൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ?

ഒരു കിലോ മീറ്റർ പരിസ്ഥിതിലോല മേഖലയിൽ ഉൾപ്പെടാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ വനാതിർത്തി പരിശോധിച്ചശേഷം ജനവാസകേന്ദ്രങ്ങൾ, ആരാധനാലയങ്ങൾ, വ്യാപാരസ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, കൃഷിസ്ഥലങ്ങൾ, തോട്ടങ്ങൾ എന്നിവയുടെ

വിശദാംശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേരള സംസ്ഥാന റിമോർട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്ററിനെ (KSREC) ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പഠന റിപ്പോർട്ട് ലഭ്യമായിക്കഴിഞ്ഞാൽ മാത്രമെ സംരക്ഷിത വനമേഖലയ്ക്ക് ഒരു കിലോമീറ്റർ ചുറ്റളവിൽ പരിസ്ഥിതിലോല മേഖല വന്നുകഴിഞ്ഞാൽ സംസ്ഥാനത്തെ എത്ര പട്ടണങ്ങളെയും എത്ര കുടുംബങ്ങളെയും ഇതുമൂലം ബാധിക്കുമെന്ന് വിലയിരുത്താൻ സാധിക്കുകയുള്ളൂ.

03.06.2022-ലെ ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവിനെതിരെ റിവ്യൂ പെറ്റീഷൻ സമർപ്പിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നതിനായി അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകുകയും ജനവാസമേഖലകൾ ഒഴിവാക്കിക്കൊണ്ടുള്ള പുതുക്കിയ ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ പരിഗണിച്ചുകൊണ്ടുള്ള സുപ്രീംകോടതിയുടെ ഉത്തരവിലെ ഖണ്ഡിക 44(f) പ്രകാരമുള്ള നടപടികൾക്കായി കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും ബഹുമാനപ്പെട്ട

സുപ്രീംകോടതിയെയും സമീപിക്കുവാനായി കേന്ദ്ര സർക്കാരിലേക്ക് കത്തയയ്ക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഇക്കാര്യത്തിൽ നിയമ നിർമ്മാണം നടത്തണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര മന്ത്രിക്ക് കത്തും അയച്ചിട്ടുണ്ട്.

## പ്രളയ ഭീഷണി നേരിടുന്നതിന് മാസ്റ്റർ പ്ലാൻ

16 (*76) ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. മഞ്ഞളാംകുഴി അലി:

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രളയ ഭീഷണി നേരിടുന്നതിനായി പ്രധാന നദികളെ അടിസ്ഥാനമാക്കി മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ?

നിലവിൽ നദീതടത്തെയാകെ പഠന വിധേയമാക്കിക്കൊണ്ടുള്ള നദീതട മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടില്ല. നദീതടാധിഷ്ഠിത മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിലൂടെ നദീതടത്തിലെ ജലവിഭവത്തിന്റെ ലഭ്യതയും ആവശ്യകതയും മനസ്സിലാക്കി കാര്യക്ഷമമായ ഉപയോഗവും വികസന പ്രവർത്തനങ്ങളുടെ സംയോജിത ആസൂത്രണവും

സാധ്യമാകുന്നതാണ്. നദീതട മാസ്റ്റർ പ്ലാനുകളുടെ സഹായത്തോടെ നേരിട്ട് പ്രളയത്തെ പ്രതിരോധിക്കാനാവുകയില്ലെങ്കിലും ഇതിന്റെ അടിസ്ഥാനത്തിൽ ജലം വഴിതിരിച്ചുവിടാനോ സംഭരിക്കുവാനോ ഉൾക്കൊള്ളാനോ ആവശ്യമായ നിർമ്മിതികൾ/പ്രവർത്തനങ്ങൾ വിഭാവന ചെയ്യുന്നതിലൂടെ ഒരു പരിധിവരെ പ്രളയത്തെ നിയന്ത്രിക്കാനാകും.

വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും സഹകരണമുണ്ടെങ്കിൽ മാത്രമേ നദീതട മാസ്റ്റർ പ്ലാനുകൾ രൂപപ്പെടുത്താനും ആസൂത്രണ/ നിർവ്വഹണ പ്രവർത്തനങ്ങൾ ഏറ്റെടുക്കാനും സാധിക്കുകയുള്ളൂ.

പ്രാരംഭഘട്ടത്തിൽ സംസ്ഥാനത്തെ പ്രധാന നദികളായ ഭാരതപ്പുഴ, പെരിയാർ, പമ്പ, ചാലിയാർ, മണിമല തുടങ്ങിയവയുടെ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിനുവേണ്ട പ്രാഥമിക വിവര ശേഖരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) നദീതടവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഏകോപിപ്പിക്കുന്നതിനായി സംസ്ഥാനതല റിവർ അതോറിറ്റി രൂപീകരിക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ

ഇതുസംബന്ധിച്ച് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

പരിശോധിച്ചിട്ടുണ്ട്. കേരളത്തിലെ നദികളുടെ സംരക്ഷണവും സുസ്ഥിരപരിപാലനവും ലക്ഷ്യമിട്ട് "റിവർ ബേസിൻ കൺസർവേഷൻ ആൻഡ് മാനേജ്മെന്റ് അതോറിറ്റി (ആർ.ബി.സി.എം.എ)" രൂപീകരിക്കുന്നതിനുള്ള നയപരമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. പ്രസ്തുത അതോറിറ്റി രൂപീകരിക്കുന്നതിനുള്ള കരട് ബിൽ സർക്കാരിന്റെ പരിശോധനയിലാണ്. റിവർ ബേസിൻ അതോറിറ്റി രൂപീകരണത്തിന് കേരള പുനർനിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി 8 കോടി രൂപ നീക്കിവച്ചിട്ടുണ്ട്.

## മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി

17(*77) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനവും മത്സ്യത്തിന്റെ ലഭ്യതക്കുറവും പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ഗുരുതരമായ പ്രതിസന്ധിയിലാക്കിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ?

ഉണ്ട്. കാലാവസ്ഥാ വ്യതിയാനത്തിന് പുറമേ അശാസ്ത്രീയ മത്സ്യബന്ധനവും മത്സ്യശോഷണത്തിന് കാരണമായിട്ടുണ്ട്. കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ നിയമം കാലോചിതമായി പരിഷ്കരിച്ച് അശാസ്ത്രീയമായ മത്സ്യബന്ധന മാർഗ്ഗങ്ങൾ നിരോധിച്ചും നിയന്ത്രിച്ചും മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാനുതകുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. മത്സ്യവിഭവ പരിപാലനത്തിന് മത്സ്യത്തൊഴിലാളികളുടെകൂടി പങ്കാളിത്തം ഉറപ്പാക്കിയിട്ടുള്ള പ്രാദേശിക സമിതികൾ രൂപീകരിച്ച് പ്രവർത്തിക്കുന്നു. തീരക്കടലിലെ മത്സ്യബന്ധന സമ്മർദ്ദം കുറയ്ക്കുന്നതിനായി 20 മീറ്ററിന് മുകളിൽ നീളവും 250 എച്ച്.പി.-ക്ക് മുകളിൽ ഇന്ധനക്ഷമതയുള്ളതുമായ യാനങ്ങൾക്ക് തീരക്കടലിൽ (12 നോട്ടിക്കൽ മൈൽ വരെ) മത്സ്യബന്ധന ലൈസൻസ് നിരോധിച്ചു. ചെറുമത്സ്യങ്ങളെ പിടിച്ച് വളം നിർമ്മാണത്തിനും മത്സ്യത്തീറ്റ നിർമ്മാണത്തിനുംമറ്റും ഉപയോഗിക്കുന്നത് മത്സ്യസമ്പത്തിന്റെ ശോഷണത്തിന് കാരണമാകുന്നുവെന്ന് മനസ്സിലാക്കി കേരളാ തീരത്ത്

സുലഭമായ 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന കുറഞ്ഞ വലിപ്പം നിശ്ചയിച്ച് വിജ്ഞാപനമിറക്കുകയും ആയത് നടപ്പാക്കുകയും ചെയ്തു. കൂടാതെ മൺസൂൺ കാലത്തെ ട്രോൾ ബാൻ 47 ദിവസത്തിൽനിന്നും 52 ദിവസമായി വർദ്ധിപ്പിച്ചു. കടലിൽ കൃത്രിമ ആവാസ വ്യവസ്ഥയായ കൃത്രിമ പാര് നിക്ഷേപിക്കുന്ന പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം കടൽ മത്സ്യോത്പാദനം 6.02 ലക്ഷം മെട്രിക് ടൺ ആയി വർദ്ധിച്ചിട്ടുണ്ട്.

(ബി) മണ്ണെണ്ണയുടെ വില ക്രമാതീതമായി ഉയരുന്നതും ഇന്ധന വില ഉയർന്നുനിൽക്കുന്നതും മത്സ്യത്തൊഴിലാളികളുടെ ജീവിതം കൂടുതൽ പ്രതിസന്ധിലാക്കിയിട്ടുള്ളതായി വിലയിരുത്തിയിട്ടുണ്ടോ?

ഉണ്ട്. മണ്ണെണ്ണയുടെയും ഡീസലിന്റെയും വിലവർദ്ധന സംസ്ഥാനത്തെ മത്സ്യബന്ധന മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

(സി) മത്സ്യത്തൊഴിലാളികൾ കടുത്ത പ്രതിസന്ധി നേരിടുന്ന ഈ കാലഘട്ടത്തിൽ ധനകാര്യ വകുപ്പുമായി ചേർന്ന് ബോട്ടുകളിൽ ആവശ്യമായ ഇന്ധനത്തിന് സംസ്ഥാന നികുതിയിൽ ഇളവ് ലഭ്യമാക്കാൻ വകുപ്പ് മുൻകയ്യെടുക്കുമോ എന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

ബോട്ടുകളിൽ ആവശ്യമായ ഇന്ധനത്തിന് നികുതി ഇളവ് നൽകുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല. സംസ്ഥാന സർക്കാർ അർഹരായ മത്സ്യത്തൊഴിലാളികൾക്ക് എഞ്ചിൻക്ഷമതയുടെ അടിസ്ഥാനത്തിൽ മത്സ്യഫെഡ് മുഖേന നിശ്ചിത അളവ് മണ്ണെണ്ണ ലിറ്ററിന് 25 രൂപ നിരക്കിൽ സബ്സിഡിയോടെ നൽകിവരുന്നു. കൂടാതെ സബ്സിഡിരഹിത മണ്ണെണ്ണ കൂടുതൽ അളവിൽ ലഭ്യമാക്കുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**പട്ടികജാതി, പട്ടികഗോത്രങ്ങളിൽപ്പെട്ടവരുടെ മാനവ വിഭവശേഷി വികസനം**

18 (*78) ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. ടി. പി .രാമകൃഷ്ണൻ:
ശ്രീ. പി. പി. സുമോദ്:
ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി, പട്ടികഗോത്രങ്ങളിൽപ്പെട്ടവരുടെ സാമൂഹിക, സാമ്പത്തിക വികസനത്തിന് അടിസ്ഥാനമായ മാനവ

വിഭവശേഷി വികസനം സാധ്യമാക്കുന്നതിനുവേണ്ടി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്?

പട്ടികജാതി, പട്ടികഗോത്രങ്ങളിൽപ്പെട്ടവരുടെ സാമൂഹിക, സാമ്പത്തിക വികസനത്തിന് അടിസ്ഥാനമായ മാനവ വിഭവശേഷി വികസനം സാധ്യമാക്കുന്നതിനുവേണ്ടി ആവിഷ്കരിച്ചിട്ടുള്ള പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.

വിദ്യാഭ്യാസ പദ്ധതികൾ: -

1. പ്രീ-മെട്രിക് & പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതി
2. ഓവർസീസ് സ്കോളർഷിപ്പ്
3. മോഡൽ റസിഡൻഷ്യൽ സ്കൂൾ, പ്രീമെട്രിക് പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, സ്പോർട്ട്സ് മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ.
4. ഇതര സംസ്ഥാന പഠനം.
5. അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്പ്മെന്റ് പദ്ധതി.
6. സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം.
7. മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്കുള്ള ധനസഹായം.
8. വിവിധ പൊതുപ്രവേശനപരീക്ഷകൾക്കുള്ള പരിശീലനം.
9. ലാപ്ടോപ് വിതരണം.
10. പഠനമുറി പദ്ധതി.

11. ഗോത്രബന്ധു പദ്ധതി.

12. ഗോത്രസാരഥി( വിദ്യാ വാഹിനി) പദ്ധതി.

13. സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം.

14. വിംഗ്സ് - വൈമാനിക പരിശീലന പരിപാടി.

15. നൈപുണ്യ വികസന പരിശീലന പരിപാടികൾ.

സാമൂഹിക, സാമ്പത്തിക, ആരോഗ്യ സുരക്ഷ പദ്ധതികൾ:

1. ഏകവരുമാനദായകൻ മരണമടഞ്ഞതുമൂലം ധനസഹായം അനുവദിക്കുന്ന പദ്ധതി.

2. ചികിത്സാ ധനസഹായം.

3. സ്വയം തൊഴിൽ പദ്ധതി.

4. വിദേശ തൊഴിൽ ധനസഹായ പദ്ധതി.

5. ഭവന പൂർത്തീകരണ പദ്ധതി.

6. ഭൂമി വാങ്ങൽ ധനസഹായം/ഭൂരഹിത പുനരധിവാസ പദ്ധതി.

7. അംബേദ്കർ ഗ്രാമം പദ്ധതി.

8. ദുർബല വിഭാഗ പുനരധിവാസ പദ്ധതികൾ

9. വിവാഹ ധനസഹായ പദ്ധതി

10. മിശ്ര വിവാഹ ധനസഹായ പദ്ധതി.

11. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർ അംഗങ്ങളായുള്ള സ്വാശ്രയ സംഘങ്ങൾക്കുള്ള ധനസഹായം, തുടങ്ങിയവ.

(ബി) പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെ പഠിക്കുന്ന പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ താരതമ്യേന ഉയർന്നതോതിലുള്ള

കൊഴിഞ്ഞുപോക്ക് കുറയ്ക്കുന്നതിനും കോവിഡാനന്തരം ഇത് കൂടുതൽ രൂക്ഷമാകാതിരിക്കുന്നതിനും പ്രത്യേകം ശ്രദ്ധ പതിപ്പിക്കുന്നുണ്ടോ?

ഉണ്ട്. കൊഴിഞ്ഞുപോക്ക് കുറയ്ക്കുന്നതിനായി വകുപ്പ് വിവിധ തരത്തിലുള്ള ഇടപെടലുകളാണ് നടത്തുന്നത്. എം.ആർ.എസ്, പ്രീമെട്രിക് ഹോസ്റ്റൽ എന്നിവിടങ്ങളിലെ കുട്ടികൾക്കായി പ്രത്യേകം ട്യൂട്ടർമാരെയും കൗൺസിലർമാരെയും നിയമിച്ചിട്ടുണ്ട്. സ്കൂളിലേയ്ക്കെത്താത്ത വിദ്യാർത്ഥികളെ കണ്ടുപിടിച്ച് തിരികെ എത്തിക്കുന്നതിന് വകുപ്പിലെ ഉദ്യോഗസ്ഥരുടെയും അദ്ധ്യാപകരുടെയും പ്രൊമോട്ടർമാരുടെയും നേതൃത്വത്തിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്. ബി.ടെക്കിന് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠിക്കുമ്പോൾതന്നെ ആവശ്യമുള്ള വിഷയങ്ങളിൽ കോച്ചിംഗ് നൽകുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. കൂടാതെ, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി ഗോത്രസാരഥി, ഗോത്രബന്ധു പദ്ധതികളും നടപ്പിലാക്കിവരുന്നുണ്ട്.

(സി) പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ പഠന സൗകര്യങ്ങൾ ഒരുക്കുന്നതിനുവേണ്ടി നടപ്പാക്കിയ കാര്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് അറിയിക്കാമോ?

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി KITE മുഖേന ലാപ്ടോപ്പുകൾ, സാമൂഹ്യ പഠനമുറി, പഠനമുറി, ഊരു വിദ്യാകേന്ദ്രങ്ങൾ, ക്ലബ്ബുകൾ, വായനശാലകൾ, അങ്കണവാടികൾ, മൾട്ടി ഗ്രേഡ് ലേണിംഗ് സെന്ററുകൾ മുതലായ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. സെറ്റിൽമെന്റുകളിലെ പൊതുഇടങ്ങളിൽ താൽക്കാലികമായി ഓൺലൈൻ പഠന സൗകര്യം നൽകിയിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി 1006 പട്ടികവർഗ്ഗ കോളനികളിൽക്കൂടി ഇന്റർനെറ്റ് കണക്ടിവിറ്റി ലഭ്യമാക്കി. ഇടമലക്കുടിയിലേയ്ക്ക് മാത്രം ഇന്റർനെറ്റ് കണക്ടിവിറ്റി ലഭ്യമാക്കുന്നതിന് 4.31 കോടി രൂപയാണ് നൽകിയിരിക്കുന്നത്.

## മത്സ്യഫെഡിലെ അഴിമതിയിൽ അന്വേഷണം

19 (*79) ശ്രീ. അൻവർ സാദത്ത്:
ശ്രീമതി. ഉമ തോമസ്:

ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളിൽനിന്ന് സംഭരിക്കുന്ന മീൻ വിൽക്കുന്നതിന്റെ മറവിൽ കൊല്ലം ജില്ലയിലെ മത്സ്യഫെഡിൽ നടന്നതായി

ആരോപിക്കപ്പെടുന്ന തട്ടിപ്പിന് സമാനമായി മറ്റ് ജില്ലകളിലും തട്ടിപ്പ് നടന്നിട്ടുണ്ടോ എന്ന കാര്യം അന്വേഷണ വിധേയമാക്കിയിട്ടുണ്ടോ?

വകുപ്പുതലത്തിലും മത്സ്യഫെഡ്തലത്തിലും അന്വേഷണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിജിലൻസ് അന്വേഷണത്തിനും ശിപാർശ ചെയ്തിട്ടുണ്ട്.

(ബി) ഇത് സംബന്ധിച്ച് അന്തിപ്പച്ച വാഹനങ്ങളിൽ മീൻ വിൽക്കുന്ന കൊല്ലം ജില്ലയിലെ സ്ത്രീ തൊഴിലാളികൾ പരാതി നൽകിയിട്ടും നടപടി സ്വീകരിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(സി) പത്തനംതിട്ട ജില്ലയിൽനിന്നും സമാനമായ പരാതി ലഭിച്ചിരുന്നോയെന്നും അതിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്നും വിശദമാക്കാമോ?

(ബി & സി) ഇതു സംബന്ധിച്ച് പരാതികളൊന്നും ലഭിച്ചിട്ടില്ല.

(ഡി) സമാനമായ തട്ടിപ്പുകളെക്കുറിച്ച് സമഗ്രാന്വേഷണം നടത്തി കുറ്റവാളികളെ നിയമത്തിന് മുന്നിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

സമഗ്രാന്വേഷണം നടത്തി കുറ്റവാളികളെ നിയമത്തിനുമുന്നിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## മത്സ്യബന്ധനത്തിന് സബ്സിഡി നിരക്കിൽ ഇന്ധനം

20(*80) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) മണ്ണെണ്ണയുടെയും ഡീസലിന്റെയും വിലവർദ്ധന സംസ്ഥാനത്തെ മത്സ്യബന്ധനമേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ ?

മണ്ണെണ്ണയുടെയും ഡീസലിന്റെയും വിലവർദ്ധനവ് സംസ്ഥാനത്തെ മത്സ്യബന്ധന മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

(ബി) മത്സ്യബന്ധനത്തിനാവശ്യമായ ഇന്ധനം ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

ഇപ്പോൾ കേന്ദ്ര സർക്കാരിൽനിന്ന് സബ്സിഡി മണ്ണെണ്ണ ലഭിക്കുന്നില്ല. കേന്ദ്ര സർക്കാരിൽനിന്നും അനുവദിക്കുന്ന സബ്സിഡിരഹിത മണ്ണെണ്ണയുടെ അളവ് മത്സ്യത്തൊഴിലാളികൾക്ക് ആവശ്യാനുസരണം വർദ്ധിപ്പിച്ച് നൽകുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തിവരികയാണ്. മത്സ്യബന്ധന യാനങ്ങൾക്ക്

മത്സ്യഫെഡ് വഴി 25 രൂപ സംസ്ഥാന സർക്കാർ സബ്സിഡിയോടെ വെള്ള മണ്ണെണ്ണ വിതരണം ചെയ്തുവരുന്നു. അർഹരായ മത്സ്യത്തൊഴിലാളികൾക്ക് എഞ്ചിൻക്ഷമതയുടെ അടിസ്ഥാനത്തിലാണ് ആയത് അനുവദിക്കുന്നത്.

(സി) തമിഴ്നാട്, കർണ്ണാടക സർക്കാരുകൾ സബ്സിഡി നിരക്കിൽ മണ്ണെണ്ണ നൽകുന്നതുപോലെ സംസ്ഥാനത്തും നൽകാൻ നടപടിയെടുക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

അർഹരായ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് എഞ്ചിൻക്ഷമതയുടെ അടിസ്ഥാനത്തിൽ നിശ്ചിത അളവ് മണ്ണെണ്ണ ലിറ്ററിന് 25 രൂപ സംസ്ഥാന സർക്കാർ സബ്സിഡിയോടെ നൽകിവരുന്നുണ്ട്.

10 HP വരെ - 140 ലിറ്ററും

10 HP മുതൽ 15 HP വരെ 150 ലിറ്ററും

15 HP-ക്ക് മുകളിൽ 190 ലിറ്ററും മണ്ണെണ്ണയ്ക്കാണ് സബ്സിഡി അനുവദിക്കുക. 2023 ഏപ്രിൽ വരെയുള്ള ഈ സബ്സിഡി ഗുണഭോക്താക്കൾക്ക് DBT മുഖാന്തരം ബാങ്ക് അക്കൗണ്ടിലേയ്ക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

## തീരദേശ മേഖലയ്ക്ക് പ്രത്യേക മണ്ണെണ്ണ പാക്കേജ്

21(*81) ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. വി. ജോയി:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) മണ്ണെണ്ണയുടെ വില വർദ്ധനവും മത്സ്യലഭ്യതയുടെ കുറവും കാരണം നിരവധി ബോട്ടുടമകളും തൊഴിലാളികളും കടക്കെണിയിൽ അകപ്പെട്ടിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

മണ്ണെണ്ണയുടെ വില വർദ്ധനവ് മത്സ്യബന്ധന മേഖലയെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. നിലവിൽ പൊതുവിപണിയിൽ മണ്ണെണ്ണയ്ക്ക് ലിറ്ററിന് 137 രൂപയും സിവിൽ സപ്ലൈസ് വഴി വിതരണം ചെയ്യുന്ന Non subsidised PDS മണ്ണെണ്ണയ്ക്ക് 86.69 രൂപയുമാണ് വില. തന്മൂലം മത്സ്യബന്ധന ചെലവ് വർദ്ധിച്ചതിനാൽ ആയത് മത്സ്യത്തൊഴിലാളികളെ സാമ്പത്തിക ഞെരുക്കത്തിലേക്ക് തള്ളിവിടുന്നുണ്ട്. എന്നാൽ 2021-22 വർഷം കടൽമത്സ്യ ലഭ്യതയിൽ നേരിയ പുരോഗതി കൈവരിക്കുകയും 6.02 ലക്ഷം മെട്രിക് ടൺ ആയി വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) മണ്ണെണ്ണയുടെ വില വർദ്ധനവ് കാരണം തൊഴിലില്ലാതെ കഷ്ടപ്പെടുന്ന തീരദേശ മേഖലയ്ക്ക് പ്രത്യേക മണ്ണെണ്ണ പാക്കേജ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

സംസ്ഥാന സർക്കാർ മത്സ്യഫെഡ് മുഖേന നിരക്കിൽ പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് ഇന്ധന ക്ഷമത അടിസ്ഥാനമാക്കി 25 രൂപ സബ്സിഡിയിൽ നിശ്ചിത അളവ് മണ്ണെണ്ണ അനുവദിച്ചുവരുന്നു. ഇതിനു പുറമേ മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡിരഹിത മണ്ണെണ്ണ വർദ്ധിച്ച അളവിൽ അനുവദിക്കാൻ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചുവരികയാണ്.

(സി) സംസ്ഥാനത്ത് മണ്ണെണ്ണ സബ്സിഡി അനുവദിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാന സർക്കാർ ധനസഹായത്താൽ പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് മത്സ്യഫെഡ് മുഖേന, വെള്ള മണ്ണെണ്ണ ലിറ്ററിന് 25 രൂപ സബ്സിഡിയിൽ വിതരണം ചെയ്തുവരുന്നു. അർഹരായ മത്സ്യത്തൊഴിലാളികൾക്ക് എഞ്ചിൻക്ഷമതയുടെ അടിസ്ഥാനത്തിൽ 10 HP വരെ 140 ലിറ്ററും 10 HP മുതൽ 15 HP വരെ 150 ലിറ്ററും 15 HP- ക്ക് മുകളിൽ 190 ലിറ്ററും മണ്ണെണ്ണയാണ് പ്രതിമാസം സബ്സിഡി നിരക്കിൽ

അനുവദിക്കുന്നത്. സബ്സിഡിത്തുക ഗുണഭോക്താക്കൾക്ക് ബാങ്ക് അക്കൗണ്ടിലേക്ക് DBT ആയാണ് അനുവദിക്കുന്നത്.

## പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ ലഭ്യത

22(*82) ശ്രീ. കെ. പി. എ. മജീദ്:
ഡോ. എം. കെ . മുനീർ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ വള്ളങ്ങൾക്ക് നൽകിവരുന്ന മണ്ണെണ്ണ വളരെ അപര്യാപ്തമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. സംസ്ഥാനത്ത് പരമ്പരാഗത മത്സ്യബന്ധനമേഖലയിൽ പ്രവർത്തിക്കുന്ന മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനരീതിയെ അടിസ്ഥാനപ്പെടുത്തി വിവിധ കുതിര ശക്തിയുള്ള എഞ്ചിനുകൾ (8 HP മുതൽ 40 HP വരെ) ഉപയോഗിക്കുന്നുണ്ട്. തീരക്കടലിലും ആഴക്കടലിലുമുള്ള മത്സ്യബന്ധനത്തെ അടിസ്ഥാനമാക്കി മണ്ണെണ്ണയുടെ ഉപയോഗത്തിലും കാര്യമായ വ്യത്യാസം സംഭവിക്കുന്നുണ്ട്. പരമ്പരാഗത

മത്സ്യത്തൊഴിലാളികൾ 28 അടി മുതൽ 32 അടി വരെയുള്ള യാനങ്ങളിൽ പ്രധാനമായും 9.9 കുതിര ശക്തിയുള്ള 2 എഞ്ചിനുകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനത്തിന് പുറമേ 25 HP, 40 HP എന്നീ എഞ്ചിനുകളും മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്നുണ്ട്. 9.9 HP എഞ്ചിൻ മണിക്കൂറിൽ ശരാശരി 7 ലിറ്റർ മണ്ണെണ്ണ ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുമ്പോൾ കുറഞ്ഞത് 35 മുതൽ 65 വരെ ലിറ്റർ മണ്ണെണ്ണ പ്രതിദിനം ഉപയോഗിക്കാറുണ്ട്. ആയതിനാൽ 500 ലിറ്റർ മണ്ണെണ്ണയെങ്കിലും പ്രതിമാസം ആവശ്യമാണ്. എന്നാൽ നിലവിൽ മത്സ്യഫെഡ് വഴി പ്രതിമാസം നൽകുന്ന പരമാവധി മണ്ണെണ്ണ 190 ലിറ്ററും സിവിൽ സപ്ലൈസ് വകുപ്പ് വഴി നൽകുന്ന പരമാവധി മണ്ണെണ്ണ 180 ലിറ്ററും ഉൾപ്പെടെ മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്ന പരമാവധി മണ്ണെണ്ണ 370 ലിറ്ററാണ്.

(ബി) മണ്ണെണ്ണയുടെ ലഭ്യത വർദ്ധിപ്പിക്കുവാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിനാവശ്യമായ അത്രയും നോൺ സബ്സിഡൈസ്ഡ് മണ്ണെണ്ണ ലഭ്യമാക്കണമെന്നതാണ് ലക്ഷ്യം. ഇതിനായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ട് വരികയാണ്.

(സി) ഒരു ലിറ്റർ മണ്ണെണ്ണ ഇരുപത്തിയഞ്ച് രൂപനിരക്കിൽ നൽകണമെന്ന തൊഴിലാളികളുടെ ആവശ്യത്തിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

മത്സ്യബന്ധനത്തിന് ആവശ്യമായ മണ്ണെണ്ണ ലിറ്ററിന് 25 രൂപ നിരക്കിൽ ലഭ്യമാക്കുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം. നിലവിൽ മത്സ്യഫെഡ് മുഖേന സംസ്ഥാന സർക്കാർ പരമ്പരാഗത മത്സ്യബന്ധനത്തിനുള്ള മണ്ണെണ്ണയ്ക്ക് 25 രൂപ സബ്സിഡി അനുവദിച്ചുവരുന്നു. 2020 ഏപ്രിലിൽ ഒരു ലിറ്റർ മണ്ണെണ്ണയുടെ പൊതുവിപണിയിലെ വില 52.52 രൂപയായിരുന്നതാണ് ഇന്ന് വർദ്ധിച്ച് 137 രൂപയായിരിക്കുന്നത്. കേന്ദ്ര സർക്കാർ പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില നിർണ്ണയാവകാശം എണ്ണക്കമ്പനികൾക്ക് നൽകിയതിനെ തുടർന്നാണ് ഇത്തരത്തിൽ മണ്ണെണ്ണയുടേതടക്കം വില ഉയരുന്നത്. ഇക്കാലയളവിൽ സബ്സിഡിരഹിത ക്വാട്ടയിൽ കേന്ദ്ര സർക്കാർ അനുവദിച്ചിരുന്ന മണ്ണെണ്ണയുടെ വിലയും ഇരട്ടിയിലധികം വർദ്ധിച്ച് 86 രൂപയായിരിക്കുകയാണ്. ആവശ്യകതയുടെ കാൽ ഭാഗംപോലും സബ്സിഡിരഹിത മണ്ണണ്ണ കേന്ദ്ര സർക്കാർ അനുവദിക്കുന്നില്ല. മണ്ണെണ്ണയ്ക്ക് പെട്രോളിനേയും ഡീസലിനേയുംകാൾ ഉയർന്ന വിലയുണ്ടായ സാഹചര്യം

മുമ്പുണ്ടായിട്ടില്ല. നിലവിൽ പെർമിറ്റ് അനുവദിച്ചിട്ടുള്ള 14332 മത്സ്യബന്ധന എഞ്ചിനുകൾക്ക് മാത്രം മത്സ്യഫെഡ് മുഖാന്തരം അനുവദിക്കുന്ന അതേ നിരക്കിൽ മണ്ണെണ്ണ 25 രൂപയ്ക്ക് അനുവദിക്കണമെങ്കിൽ പ്രതിവർഷം 321 കോടി രൂപ വേണ്ടിവരും. മണ്ണെണ്ണയുടെ വില കുറയ്ക്കുന്ന കാര്യം സംബന്ധിച്ചും ആവശ്യത്തിനുള്ള അളവ് കേരളത്തിന് അനുവദിക്കുന്നത് സംബന്ധിച്ചും കേന്ദ്രത്തിൽ കൂടുതൽ സമ്മർദ്ദം ചെലുത്തുന്നതിന് ഉചിതമായ തുടർനടപടികൾ സ്വീകരിക്കും.

## ബഫർ സോൺ നിർണ്ണയം

23(*83) ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

പരിസ്ഥിതിലോല പ്രദേശങ്ങൾക്ക് സമീപമുള്ള ബഫർസോൺ നിർണ്ണയം സംബന്ധിച്ച സുപ്രീംകോടതി വിധി ജനവാസ മേഖലകളിൽ ഉയർത്തുന്ന ആശങ്കകൾ അകറ്റുവാൻ സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 03-06-2022-ലെ വിധി സംസ്ഥാനത്തെ എങ്ങനെയെല്ലാം ബാധിക്കുമെന്ന കാര്യം പരിശോധിക്കുന്നതിനായി വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 08-06-2022-ന് അഡ്വക്കേറ്റ് ജനറൽ, സുപ്രീം കോടതിയിലെ സ്റ്റാന്റിംഗ് കൗൺസൽ, ഉന്നത ഉദ്യോഗസ്ഥർ എന്നിവരുടെ യോഗം ചേരുകയും ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഉത്തരവിന്മേൽ റിവ്യൂ പെറ്റീഷൻ സമർപ്പിക്കുന്നതിനും കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ കേന്ദ്ര സർക്കാരിനെയും കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും ബഹുമാനപ്പെട്ട സുപ്രീംകോടതിയെയും ബോദ്ധ്യപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. കൂടാതെ സംരക്ഷിത പ്രദേശങ്ങളുടെ ഒരു കിലോ മീറ്റർ പരിധിയിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിനും നിലവിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ മുമ്പാകെയുള്ള ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി അംഗീകാരം ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതിനും തീരുമാനിച്ചു. അപ്രകാരം

തുടർനടപടികൾ സ്വീകരിക്കുന്നതിനായി അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കേന്ദ്രസർക്കാരിന് കത്തയച്ചിട്ടുമുണ്ട്. ടി യോഗ തീരുമാന പ്രകാരം, ഒരു കിലോ മീറ്റർ ഇക്കോ സെൻസിറ്റിവ് സോണിൽ ഉൾപ്പെടാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ ജനവാസ കേന്ദ്രങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, ആശുപത്രികൾ, കൃഷിസ്ഥലങ്ങൾ, തോട്ടങ്ങൾ എന്നിവയുടെ വിശദാംശം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്ററിനെ (KSREC) ചുമതലപ്പെടുത്തിയിട്ടുണ്ട്.

ജനവാസ മേഖലകൾ ഒഴിവാക്കിക്കൊണ്ട് സംസ്ഥാനം നേരത്തെ സമർപ്പിച്ച പുതുക്കിയ ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ പരിഗണിച്ചുകൊണ്ട്, ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഉത്തരവിലെ ഖണ്ഡിക 44(f) പ്രകാരമുള്ള നടപടികൾക്കായി കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും ബഹുമാനപ്പെട്ട സുപ്രീംകോടതിയെയും സമീപിക്കാനായി കേന്ദ്ര സർക്കാരിലേയ്ക്ക് കത്തയയ്ക്കുകയും ചെയ്തിട്ടുണ്ട്.

## ജലജീവൻ പദ്ധതി

24(*84) ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. വി. ശശി:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലജീവൻ പദ്ധതി പ്രകാരം 21 ലക്ഷം കുടുംബങ്ങൾക്ക് കുടിവെള്ളമെത്തിക്കുന്ന പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

2024-ഓടെ എല്ലാ ഗ്രാമീണ വീടുകളിലും കുടിവെള്ള കണക്ഷൻ നൽകുവാൻ ലക്ഷ്യമിട്ടാണ് ജലജീവൻ മിഷൻ പ്രവർത്തനം നടന്നുവരുന്നത്. സംസ്ഥാനത്ത് ജലജീവൻ പദ്ധതിയുടെ പ്രവർത്തന പുരോഗതി അനുബന്ധമായി ചേർക്കുന്നു+. 2020-21, 2021-22 കാലയളവിൽ കോവിഡ് മഹാമാരിയുടെ ഭാഗമായുള്ള നിയന്ത്രണവും വെള്ളപ്പൊക്കവും പൈപ്പ് തുടങ്ങിയ മെറ്റീരിയൽസിന്റെ വില വർദ്ധനവും കാരണം പദ്ധതി നിർവ്വഹണത്തിൽ തടസ്സങ്ങൾ നേരിട്ടിരുന്നു. നിലവിൽ 21 പഞ്ചായത്തുകളിൽ എല്ലാ വീടുകളിലും കുടിവെള്ള കണക്ഷൻ നൽകി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലക്ഷ്യം കൈവരിച്ചിട്ടുണ്ട്. കൂടാതെ എല്ലാ ഗ്രാമീണ സ്കൂളുകളിലും അങ്കണവാടികളിലും ശുദ്ധജല ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധനയ്ക്കായി കുടുബശ്രീ മുഖാന്തരം 5000-ത്തിൽപ്പരം വനിതകൾക്ക് പരിശീലനം നൽകി പരിശോധന നടത്തിവരുന്നു. കൂടാതെ വാട്ടർ അതോറിറ്റിയുടെ 63 കുടിവെള്ള ഗുണനിലവാര പരിശോധന ലാബുകൾക്ക് NABL അംഗീകാരം ലഭ്യമായിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി പൂർണ്ണമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണോ നടപ്പാക്കുന്നതെന്ന് വ്യക്തമാക്കാമോ?

ജലജീവൻ മിഷനിൽ ഉൾപ്പെട്ട കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിന്റെ ചുമതല ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടി കേരള വാട്ടർ അതോറിറ്റി, ജലനിധി, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് എന്നീ ഏജൻസികൾ വഴിയാണ് പദ്ധതി നടപ്പാക്കുന്നത്. പദ്ധതിയുടെ ആസൂത്രണം മുതൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അംഗീകാരത്തോടെയാണ് നടപ്പാക്കുന്നത്. ഇതിനായി ഗ്രാമീണ തലത്തിൽ വില്ലേജ് വാട്ടർ ആന്റ് സാനിറ്റേഷൻ കമ്മിറ്റികൾ നിലവിലുണ്ട്.

ഓരോ പദ്ധതിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ബന്ധപ്പെട്ട ഡിസ്ട്രിക്ട് വാട്ടർ ആന്റ് സാനിറ്റേഷൻ മിഷനുകളും അംഗീകരിച്ചശേഷമാണ് അന്തിമ അനുമതി നല്കുന്നത്.

(സി) സംസ്ഥാനത്ത് കൂടുതലായി നൽകുന്ന കുടിവെള്ള കണക്ഷനുകൾക്ക് ആവശ്യമായ ജല സ്രോതസ്സുകൾ നിലവിലുണ്ടോ; കൂടുതൽ ജലസ്രോതസ്സുകൾ കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

ജലജീവൻ പദ്ധതിയുടെ കേന്ദ്ര മാർഗ്ഗരേഖ പ്രകാരം നിഷ്കർഷിച്ചിട്ടുള്ള പ്രതിദിന ആളോഹരി ജല ലഭ്യത ഏറ്റവും കുറഞ്ഞത് 55 ലിറ്റർ ആണ്. ഇത് ഉറപ്പുവരുത്തുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥരും ജില്ലാ പഞ്ചായത്ത് മെമ്പറും അടങ്ങുന്ന സോഴ്സ് ഫൈൻഡിംഗ് കമ്മിറ്റി സ്രോതസ്സ് വിലയിരുത്തിയതിനുശേഷമാണ് പദ്ധതികൾ അംഗീകാരത്തിനായി സമർപ്പിക്കുന്നത്. സ്രോതസ്സുകളിലെ ജലലഭ്യതയും സുസ്ഥിരതയും പ്രസ്തുത കമ്മിറ്റി ഉറപ്പുവരുത്തുന്നുണ്ട്. ഇപ്രകാരം കുടിവെള്ള പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾതന്നെ പ്രതിദിന ആളോഹരി ജലലഭ്യത ഉറപ്പുവരുത്തുന്നുണ്ട്. നിലവിലുള്ള കുടിവെള്ള പദ്ധതികളിൽനിന്നും ഗാർഹിക കുടിവെള്ള കണക്ഷനുകൾ

നൽകുമ്പോൾ ആവശ്യമായ പദ്ധതികളിൽ തടയണ ഉൾപ്പെടെ നിർമ്മിച്ച് സ്രോതസ്സുകളുടെ ശേഷി വർദ്ധിപ്പിച്ച് ജല ലഭ്യത ഉറപ്പാക്കുന്നുണ്ട്.

(ഡി) പ്രസ്തുത പദ്ധതിയിലൂടെ തീരദേശ, മലയോര മേഖലകളിലെ കുടിവെള്ള ക്ഷാമം പൂർണ്ണമായും പരിഹരിക്കാൻ കഴിയുമോയെന്ന് വ്യക്തമാക്കാമോ?

ഗ്രാമീണ മേഖലയിൽ വരുന്ന തീരദേശ, മലയോര പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പൂർണ്ണമായും പരിഹരിക്കുന്നതിന് വേണ്ട നടപടികൾ പദ്ധതിപ്രകാരം ആസൂത്രണം ചെയ്തിട്ടുണ്ട്.

(ഇ) വിദൂര വനമേഖലകളിലെ പട്ടികവർഗ്ഗ കോളനികളിൽ പ്രാദേശിക സ്രോതസ്സുകൾ ഉപയോഗപ്പെടുത്തി ജലജീവൻ പദ്ധതി വിപുലീകരിക്കുമോയെന്ന് അറിയിക്കാമോ?

സമഗ്ര കുടിവെള്ള പദ്ധതികൾ നടപ്പാക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്ന വിദൂര വനമേഖലകളിൽ പ്രാദേശിക സ്രോതസ്സുകൾക്ക് പ്രാധാന്യം നൽകി ചെറുകിട പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. വനത്തിനുള്ളിലെ സ്വാഭാവിക നീർച്ചാലുകൾ പ്രയോജനപ്പെടുത്തിയും കുളങ്ങൾ, കുഴൽക്കിണറുകൾ എന്നിവ നിർമ്മിച്ചും സൗരോർജ്ജത്താൽ പ്രവർത്തിക്കുന്ന പമ്പ്ഹൗസുകൾ സ്ഥാപിച്ചും

നിർവഹണ ഏജൻസികൾ വിദൂര വനമേഖലകളിലെ പട്ടികവർഗ്ഗ കോളനികളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

## മത്സ്യത്തൊഴിലാളികളുടെ ഭവന നിർമ്മാണ പദ്ധതി

25(*85) ശ്രീ. എൻ. കെ. അക്ബർ:
ശ്രീമതി യു പ്രതിഭ:
ശ്രീ. എം.വിജിൻ:
ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭവനരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് വീട് നിർമ്മിച്ച് നൽകുന്നതിനുള്ള പദ്ധതി പ്രകാരം എത്ര പേർക്കാണ് വീടിന് അർഹതയുള്ളതായി കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഇവരുടെ ഭവന നിർമ്മാണത്തിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഹൈദരാബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ് (NIRD) 2010-ലെ പഠന റിപ്പോർട്ടുപ്രകാരം സംസ്ഥാനത്ത് ആകെ 29209 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭവനരഹിതരെന്ന്

കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 16359 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭവനരഹിതരും 12850 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭൂരഹിതരുമായിരുന്നു. 2011-12 മുതൽ 2015-16 വരെയുള്ള കാലയളവിൽ ഫിഷറീസ് വകുപ്പ് വിവിധ പദ്ധതികളിലായി ധനസഹായം നൽകി 15603 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 2016-17-ൽ ഫിഷറീസ് വകുപ്പ് മുഖേന നടപ്പാക്കിയ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി 3561 പേരെ ഭവന നിർമ്മാണ ധനസഹായത്തിന് പരിഗണിച്ചതിൽ, 3041 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

2017-18 വർഷം മുതൽ മത്സ്യത്തൊഴിലാളികൾക്കുള്ള ഭവന നിർമ്മാണ പദ്ധതി ലൈഫ് മിഷൻ മുഖേനയാണ് നടപ്പാക്കിവരുന്നത്. ഫിഷറീസ് വകുപ്പ് 7778 ഭവനരഹിതരായ മത്സ്യത്തൊഴിലാളികളുടെ വിവരം ലൈഫ് മിഷന് കൈമാറിയതിൽ 5744 പേർ അർഹരാണെന്ന് കണ്ടെത്തുകയും അതിൽ 3447 പേർ കരാറിൽ ഏർപ്പെടുകയും 1325 പേർ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) കടലാക്രമണ ഭീഷണി നേരിടുന്ന പ്രദേശങ്ങളിൽ വസിക്കുന്നവരെ മാറ്റിത്താമസിപ്പിക്കുന്നതിനുള്ള പുനർഗേഹം പദ്ധതിയുടെ പുരോഗതി അറിയിക്കാമോ?

പുനർഗേഹം പദ്ധതി പ്രകാരം മാറിത്താമസിക്കാൻ സന്നദ്ധത അറിയിച്ചിട്ടുള്ള 8235 കുടുംബങ്ങളിൽ, 3313 പേർ കണ്ടെത്തിയ ഭൂമിയുടെ വില ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി അംഗീകരിക്കുകയും 2594 ഗുണഭോക്താക്കൾ ഭൂമി രജിസ്ട്രേഷൻ നടപടി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 2122 പേർ ഭവന നിർമ്മാണം ആരംഭിക്കുകയും 1435 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

പദ്ധതി പ്രകാരം 276 ഫ്ലാറ്റ് അപ്പാർട്ട്മെന്റുകൾ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. 342 ഫ്ലാറ്റുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. 556 ഫ്ലാറ്റുകളുടെ നിർമ്മാണത്തിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) നിർദ്ദിഷ്ട പ്രദേശങ്ങളിൽനിന്നും മാറ്റിപ്പാർപ്പിക്കേണ്ടവരിൽ എത്ര കുടുംബങ്ങൾ അതിന് തയ്യാറായിട്ടുണ്ടെന്നുള്ള വിവരം ലഭ്യമാക്കുമോ?

പദ്ധതി പ്രകാരം മാറിത്താമസിക്കുവാൻ സന്നദ്ധത അറിയിച്ചിട്ടുള്ള 8235 കുടുംബങ്ങളാണുള്ളത്.

## മത്സ്യഫെഡിലെ അഴിമതി

26(*86) ശ്രീ. റോജി എം. ജോൺ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ . ഐ .സി. ബാലകൃഷ്ണൻ:
ശ്രീ സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) മത്സ്യഫെഡിൽ വ്യാപകമായ പിൻവാതിൽ നിയമനം നടന്നു എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് അന്വേഷണ വിധേയമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

17/02/2016-ലെ ജി.ഒ.(പി) നം.5/2016/എഫ് & പി.ഡി ഉത്തരവ് പ്രകാരമാണ് മത്സ്യഫെഡിൽ സ്പെഷ്യൽ റൂൾസിന് അംഗീകാരം നൽകിയത്. സ്പെഷ്യൽ റൂൾസ് നിലവിൽ വന്നശേഷമുണ്ടായ ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി. എസ്. സി.-യിൽനിന്ന് ഉദ്യോഗാർത്ഥികളെ ലഭ്യമാകുന്നതിന് കാലതാമസം നേരിട്ടതിനാൽ അവശ്യം വേണ്ടുന്ന ജീവനക്കാരെ വർത്തമാനപത്രങ്ങൾ, വെബ്സൈറ്റ്

എന്നിവ മുഖേന പരസ്യം നൽകിയും സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സി.എം.ഡി), ഐ.എം.ജി. എന്നീ സർക്കാർ ഏജൻസികൾ മുഖേന ടെസ്റ്റ് നടത്തിയും മാനദണ്ഡങ്ങൾ പാലിച്ച് താത്കാലികാടിസ്ഥാനത്തിലും വിവിധ വകുപ്പുകളിൽനിന്നും ഡെപ്യൂട്ടേഷൻ മുഖേനയും നിയോഗിച്ചിട്ടുണ്ട്.

(ബി) 2016 ഓഗസ്റ്റ് മുതൽ 2021 ഓഗസ്റ്റ് വരെ 342 നിയമനങ്ങൾ മത്സ്യഫെഡിൽ നടന്നു എന്നത് വസ്തുതയാണോ; എങ്കിൽ ചട്ടങ്ങൾ പാലിച്ചുകൊണ്ടാണോ പ്രസ്തുത നിയമനങ്ങൾ നടത്തിയതെന്ന് വ്യക്തമാക്കാമോ?

മത്സ്യഫെഡിലെ നിയമനങ്ങൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിരുന്നുവെങ്കിലും ഉദ്യോഗാർത്ഥികളെ ലഭിക്കുന്നതിന് കാലതാമസം നേരിടുന്ന സാഹചര്യത്തിൽ സ്ഥാപനത്തിന്റെ പ്രവർത്തനത്തിനാവശ്യമായ ജീവനക്കാരെ മാനദണ്ഡങ്ങൾ പാലിച്ച് താത്കാലികമായി നിയമിച്ചിട്ടുണ്ട്.

(സി) മത്സ്യഫെഡിലെ കോടിക്കണക്കിന് രൂപയുടെ ഇടപാടുകൾ കൈകാര്യം ചെയ്യുന്നത് പിൻവാതിൽ നിയമനം നേടിയവരാണെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ

കാണുന്നുണ്ടോ; പിൻവാതിൽ നിയമനം നേടിയവരാണ് അഴിമതി നടത്തിയത് എന്നത് വസ്തുതയാണോ; വ്യക്തമാക്കാമോ?

മത്സ്യഫെഡിൽ ജീവനക്കാരുടെ വിരമിക്കൽമൂലം സ്ഥിരം ജീവനക്കാരുടെ അപര്യാപ്തതയുണ്ട്. ഇതുമൂലം പ്രവർത്തനങ്ങൾക്ക് തടസ്സം വരാതിരിക്കുവാൻ അവശ്യം വേണ്ടുന്ന ജീവനക്കാരെ വർത്തമാനപത്രങ്ങൾ വെബ്സൈറ്റ് എന്നിവ മുഖേന പരസ്യങ്ങൾ നൽകിയും സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സി.എം.ഡി), ഐ.എം.ജി എന്നീ സർക്കാർ ഏജൻസികൾ മുഖേന ടെസ്റ്റ് നടത്തിയും മാനദണ്ഡങ്ങൾ പാലിച്ച് താത്കാലികാടിസ്ഥാനത്തിലും വിവിധ വകുപ്പുകളിൽനിന്നും ഡെപ്യൂട്ടേഷൻ മുഖേനയും നിയോഗിച്ചിട്ടുണ്ട്. സാമ്പത്തിക ക്രമക്കേടുമായി ബന്ധപ്പെട്ട് പുറത്താക്കപ്പെട്ട അക്കൗണ്ടന്റിനെ 2013-ലാണ് മത്സ്യഫെഡിൽ താത്കാലികമായി നിയോഗിച്ചത്.

(ഡി) മത്സ്യത്തൊഴിലാളികളിൽനിന്നും സംഭരിച്ചതെന്ന പേരിൽ അയൽ സംസ്ഥാനങ്ങളിൽനിന്നും മീൻ എത്തിക്കുന്നുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പാവപ്പെട്ട മത്സ്യത്തൊഴിലാളികളെ എപ്രകാരമാണ് ബാധിക്കുന്നതെന്ന് വ്യക്തമാക്കാമോ?

മത്സ്യത്തൊഴിലാളികൾ അംഗങ്ങളായിട്ടുള്ള മത്സ്യത്തൊഴിലാളി വികസനക്ഷേമ സഹകരണ സംഘങ്ങളിൽനിന്ന് നേരിട്ടും സംഘങ്ങൾ മുഖേനയും മത്സ്യത്തൊഴിലാളികളിൽനിന്നുമാണ് മത്സ്യഫെഡിന്റെ ഫിഷ് ബൂത്തുകൾക്കാവശ്യമായ മത്സ്യശേഖരണം നടത്തുന്നത്. എന്നാൽ ഫിഷ്ബൂത്തുകളിൽ എല്ലാത്തരം മത്സ്യങ്ങളും ലഭ്യമാക്കേണ്ടതുള്ളതിനാൽ കേരള തീരത്ത് ലഭിക്കാത്ത മത്സ്യങ്ങൾ കന്യാകുമാരി ജില്ലയിൽനിന്നും ലഭ്യമാക്കി ഗുണമേന്മ ഉറപ്പുവരുത്തി മത്സ്യഫെഡ് ഫിഷ് ബൂത്തുകളിൽ വിപണനം നടത്തിവരുന്നു. ആയതിനാൽ കേരളത്തിലുള്ള മത്സ്യത്തൊഴിലാളികളെ ഇത് ബാധിക്കുന്നില്ല.

## ജലജീവൻ മിഷൻ

27(*87) ശ്രീ. കെ. കെ. രാമചന്ദ്രൻ:
ഡോ. കെ. ടി. ജലീൽ:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലജീവൻ മിഷൻ ഇതുവരെ കൈവരിച്ച നേട്ടം വിശദമാക്കാമോ; എത്ര ശതമാനം വീടുകൾക്ക് പൈപ്പ് കണക്ഷൻ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

2024-ഓടെ എല്ലാ ഗ്രാമീണ വീടുകളിലും കുടിവെള്ള കണക്ഷൻ നല്കുവാൻ ലക്ഷ്യമിട്ടാണ് ജലജീവൻ മിഷൻ പദ്ധതി പ്രവർത്തനം നടന്നുവരുന്നത്. സംസ്ഥാനത്ത് ജലജീവൻ മിഷൻ ഇതുവരെ കൈവരിച്ച നേട്ടം അനുബന്ധമായി ചേർക്കുന്നു+.

(ബി) ജലസ്രോതസ്സുകളുടെ ലഭ്യതയും സുസ്ഥിരതയും പരിപാലനവും സംരക്ഷണവും ഉറപ്പുവരുത്തുന്നതിന് ചെയ്തുവരുന്ന കാര്യങ്ങൾ എന്തെല്ലാമാണ്?

ജലജീവൻ മിഷൻ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളിലൊന്നാണ് കുടിവെള്ള സ്രോതസ്സുകളുടെ സംരക്ഷണം. ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കുടിവെള്ളപദ്ധതികൾക്ക് അംഗീകാരം ലഭ്യമാക്കുന്നതിന് സ്രോതസ്സുകളുടെ ലഭ്യത ഉറപ്പാക്കുന്നതിനായി എല്ലാ ജില്ലകളിലും സോഴ്സ് ഫൈൻഡിംഗ് കമ്മിറ്റികൾ നിലവിലുണ്ട്. പ്രസ്തുത കമ്മിറ്റി പരിശോധിച്ച് സ്രോതസ്സിന്റെ സുസ്ഥിരത ഉറപ്പാക്കിയാണ് പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നത്. കേരള വാട്ടർ അതോറിറ്റി കുടിവെള്ള പദ്ധതികളുടെ സ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും ജലലഭ്യത ഉറപ്പുവരുത്തുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. കുടിവെള്ള സ്രോതസ്സുകളുടെ ഗുണനിലവാര

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പരിശോധന പ്രവർത്തനങ്ങളും ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുകൂടാതെ കുടിവെള്ള ഗുണനിലവാര പരിശോധന സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി നിലവിൽ സംസ്ഥാനത്ത് 85 കുടിവെള്ള പരിശോധന ലാബുകളും സ്ഥാപിച്ചിട്ടുണ്ട്. ഇതിൽ 63 ലാബുകൾക്ക് എൻ.എ.ബി.എൽ അംഗീകാരം ലഭ്യമായിട്ടുണ്ട്. കുടുംബശ്രീ മുഖാന്തരം 5000 ത്തിൽപ്പരം വനിതകൾക്ക് ഫീൽഡ് ടെസ്റ്റ് കിറ്റ് (FTK) ഉപയോഗിച്ച് കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധന നടത്തുവാനുള്ള പരിശീലനം നൽകുകയും കുടിവെള്ള സ്രോതസ്സുകളുടെ ഗുണനിലവാര പരിശോധന നടത്തി വരികയും ചെയ്യുന്നുണ്ട്.

(സി) പദ്ധതി നിർവ്വഹണം തടസ്സരഹിതമായി നടക്കുന്നുവെന്ന് ഉറപ്പുവരുത്താൻ ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണം അറിയിക്കാമോ?

ജലജീവൻ മിഷൻ പദ്ധതി നിർവ്വഹണ മേൽനോട്ടത്തിനായി സംസ്ഥാനതലത്തിൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സ്റ്റേറ്റ് വാട്ടർ ആന്റ് സാനിറ്റേഷൻ മിഷനും ജില്ലാതലത്തിൽ ജില്ലാകളക്ടർമാർ അദ്ധ്യക്ഷരായ ഡിസ്ട്രിക്ട് വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷനുകളും നിലവിലുണ്ട്. ജില്ലാ കളക്ടർമാർ അദ്ധ്യക്ഷരായിട്ടുള്ള ഡിസ്ട്രിക്ട് വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷനുകളാണ് പദ്ധതികൾക്ക് ജില്ലാതല അനുമതി

നൽകുന്നത്. ഇപ്രകാരം ജില്ലാതലത്തിൽ അംഗീകാരം ലഭ്യമാക്കിയ പദ്ധതികൾക്കാണ് ജലജീവൻ മിഷനിൽ ഉൾപ്പെടുത്തി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ അംഗീകാരം ലഭ്യമാക്കുന്നത്. ജലജീവൻ മിഷൻ പദ്ധതിയുടെ പുരോഗതി ബന്ധപ്പെട്ട ഡിസ്ട്രിക്റ്റ് വാട്ടർ ആന്റ് സാനിറ്റേഷൻ മിഷനുകൾ തുടർച്ചയായി അവലോകനം ചെയ്യുന്നുണ്ട്. പദ്ധതിയുടെ മിഷൻ ഡയറക്ടറായ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറും കേന്ദ്ര-സംസ്ഥാന സർക്കാരുകളും നിരന്തരം അവലോകനം ചെയ്യുന്നതുകൂടാതെ മുഖ്യമന്ത്രിയുടെ മുൻഗണനാ പദ്ധതികളിൽ ഉൾപ്പെടുത്തിയും നിരന്തരം വിലയിരുത്തുന്നുണ്ട്. ഇപ്രകാരം അവലോകനം നടത്തി പദ്ധതി നിർവ്വഹണത്തിലെ തടസ്സങ്ങൾ യഥാസമയം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതിനുപുറമെ പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട പ്രതിദിന പുരോഗതിയും തടസ്സങ്ങളും ഉൾപ്പെടെയുള്ള വിവരങ്ങൾ കേരള വാട്ടർ അതോറിറ്റിയുടെ വെബ്സൈറ്റിൽ ദിവസംതോറും പ്രസിദ്ധപ്പെടുത്തിവരുന്നുണ്ട്.

(ഡി) പദ്ധതിക്കുവേണ്ടി റോഡ് മുറിക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹിക്കുന്നതിന് ഏകോപന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ?

പദ്ധതിക്കുവേണ്ടി റോഡ് മുറിക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹിക്കുന്നതിന് ഏകോപന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പൊതുമരാമത്തു റോഡുകളുടെ പരിപാലനവും ജലവിഭവ പദ്ധതി പ്രവൃത്തികളും ഏകോപിപ്പിക്കാൻ പൊതുമരാമത്ത്, ജലസേചന വകുപ്പുകളുടെ ഉന്നതതല യോഗം, സ്ഥിരം കമ്മിറ്റിക്കു രൂപം നൽകിയിട്ടുണ്ട്. കൂടാതെ പൊതുനിരത്തുകളിൽ കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി റോഡ് മുറിക്കുന്നതുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അതത് ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ എല്ലാ മാസവും ഡി.ഐ.സി.സി (ഡിസ്ട്രിക്റ്റ് ഇൻഫ്രാസ്ട്രക്ച്ചർ കോ-ഓർഡിനേഷൻ കമ്മിറ്റി) യോഗം കൂടുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരിട്ട് അവലോകനം നടത്തുന്ന മുൻഗണനാ പട്ടികയിലുള്ള ജലജീവൻ മിഷൻ പദ്ധതിക്കായി റോഡ് കട്ടിംഗ് അനുമതി ലഭ്യമാക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനായി സർക്കാർതലത്തിൽ നേരിട്ട് ഇടപെടൽ നടത്തുന്നുണ്ട്. ജലജീവൻ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ വകുപ്പുകളിൽനിന്നും അനുമതി ലഭ്യമാകേണ്ട പ്രവൃത്തികൾ സംബന്ധിച്ചുള്ള വിവരങ്ങൾ കേന്ദ്ര സർക്കാർ നേരിട്ട് വിലയിരുത്തി അനുമതി നല്കുന്നതിനുള്ള സംവിധാനം, വെബ് സൈറ്റിൽ

നേരിട്ട് നൽകുന്ന സംവിധാനം ഉൾപ്പെടെ ഏർപ്പെടുത്തിയിട്ടുണ്ട്. അനുമതികൾ സമയബന്ധിതമായി നല്കുവാൻ കേന്ദ്രതലത്തിലും വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചു യോഗങ്ങൾ നടത്തുന്നുണ്ട്.

**പരിസ്ഥിതിലോല മേഖല**

28(*88) ശ്രീ. പ്രമോദ് നാരായൺ:
ഡോ. എൻ. ജയരാജ്:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) വന മേഖലയ്ക്ക് ഒരു കിലോമീറ്റർ ചുറ്റളവിൽ പരിസ്ഥിതി ലോല മേഖലയായി പ്രഖ്യാപിക്കണമെന്ന സുപ്രീംകോടതി ഉത്തരവിനെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

ബഹു. സുപ്രീംകോടതിയുടെ 03-06-2022-ലെ വിധി വിലയിരുത്തുന്നതിനും തുടർനടപടികൾ കൂടിയാലോചിക്കുന്നതിനുമായി വനം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ അഡ്വക്കേറ്റ് ജനറൽ, സുപ്രീം കോടതിയിലെ സ്റ്റാൻഡിംഗ് കൗൺസൽ, ഉന്നത ഉദ്യോഗസ്ഥർ എന്നിവരുടെ ഒരു യോഗം 08-06-2022 -ന് ചേർന്നിരുന്നു.

സംരക്ഷിത പ്രദേശങ്ങളുടെ ഒരു കി.മീ പരിധിയിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിനും നിലവിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ മുമ്പാകെയുള്ള ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ സുപ്രീംകോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി അംഗീകാരം ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതിനും ബഹു. സുപ്രീംകോടതിയുടെ ഉത്തരവിൻമേൽ റിവ്യൂ പെറ്റീഷൻ സമർപ്പിക്കുന്നതിനും കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ കേന്ദ്ര സർക്കാരിനേയും കേന്ദ്ര എംപവേർഡ് കമ്മിറ്റിയേയും ബഹു. സുപ്രീംകോടതിയേയും ബോദ്ധ്യപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചു.

ടി യോഗ തീരുമാനപ്രകാരം ഒരു കിലോ മീറ്റർ പരിസ്ഥിതി ലോല മേഖലയിൽ ഉൾപ്പെടാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ ഉപഗ്രഹചിത്രങ്ങളുടെ സഹായത്തോടെ വനാതിർത്തി പരിശോധിച്ചശേഷം ജനവാസ കേന്ദ്രങ്ങൾ, ആരാധനാലയങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, കൃഷിസ്ഥലങ്ങൾ, തോട്ടങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേരള സംസ്ഥാന റിമോർട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്ററിനെ (KSREC) ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 03-06-2022-ലെ ബഹു. സുപ്രീംകോടതി ഉത്തരവിനെതിരെ റിവ്യൂ പെറ്റീഷൻ സമർപ്പിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നതിനായി അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകുകയും ജനവാസ മേഖലകൾ ഒഴിവാക്കിക്കൊണ്ട് സംസ്ഥാനം നേരത്തേതന്നെ നൽകിയ ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ പരിഗണിച്ചുകൊണ്ട്, ബഹു. സുപ്രീംകോടതി ഉത്തരവിലെ ഖണ്ഡിക 44 (f) പ്രകാരമുള്ള നടപടികൾക്കായി കേന്ദ്ര എംപവേർഡ് കമ്മിറ്റിയേയും ബഹു. സുപ്രീംകോടതിയേയും സമീപിക്കുവാനായി കേന്ദ്ര സർക്കാരിലേയ്ക്ക് കത്ത് അയക്കുകയും ചെയ്തിട്ടുണ്ട്. സംരക്ഷിത മേഖലയ്ക്ക് ചുറ്റും ഒരു കി. മീ ഇക്കോ സെൻസിറ്റീവ് സോൺ വേണമെന്ന വ്യവസ്ഥയിൽ കേരളത്തിന് പ്രത്യേക ഇളവ് വേണമെന്ന് കേന്ദ്ര വനം സഹമന്ത്രി ശ്രീ. അശ്വനി കുമാർ ചൗബെയോട് 18-06-2022- ന് നടന്ന ചർച്ചയിൽ കേരള വനം വകുപ്പ് ആവശ്യപ്പെട്ടിരുന്നു. ഇതര സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്ഥമായ സാഹചര്യമാണ് കേരളത്തിലേതെന്ന് ചൂണ്ടിക്കാട്ടിയാണ് അവലോകന യോഗത്തിൽ കേരള വനം വകുപ്പ് ഇളവ് അഭ്യർത്ഥിച്ചത്.

സംസ്ഥാനം നേരത്തെ പുതുക്കി നൽകിയ കരട് വിജ്ഞാപനത്തിൻമേൽ അന്തിമ വിജ്ഞാപനം ഇറക്കേണ്ടതുണ്ട്. വിദഗ്ദ്ധ സമിതി യോഗങ്ങൾ ഉൾപ്പെടെയുള്ളവ പൂർത്തിയാക്കിയാണ് ശിപാർശ നൽകിയതെന്ന് വനം വകുപ്പ് ബഹു. കേന്ദ്ര വനം മന്ത്രിയെ അറിയിച്ചിട്ടുണ്ട്.

(ബി) സുപ്രീംകോടതി വിധി പുനഃപരിശോധിക്കുന്നതിന് സമാന സാഹചര്യമുള്ള മറ്റ് സംസ്ഥാനങ്ങളോടൊപ്പം ഹർജി നൽകുവാൻ തയ്യാറാകുമോ?

നിലവിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ മുമ്പാകെയുള്ള ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ സുപ്രീംകോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി അംഗീകാരം ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതിനും സുപ്രീംകോടതിയുടെ ഉത്തരവിന്മേൽ, റിവ്യൂ പെറ്റീഷൻ സമർപ്പിക്കുന്നതിനും കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ കേന്ദ്ര സർക്കാരിനെയും കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും സുപ്രീംകോടതിയെയും ബോദ്ധ്യപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചതിന്റെ വെളിച്ചത്തിൽ നടപടി സ്വീകരിച്ച് വരികയാണ്.

(സി) വനമേഖലയ്ക്ക് ചുറ്റുമുള്ള പ്രദേശം ജനവാസ മേഖലയാണെന്ന സംസ്ഥാനത്തെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് സുപ്രീംകോടതി വിധി മറികടക്കുവാൻ ആവശ്യമായ നിയമനിർമ്മാണം നടത്തുവാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ?

കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ കേന്ദ്ര സർക്കാരിനേയും കേന്ദ്ര എംപവേർഡ് കമ്മിറ്റിയേയും സുപ്രീംകോടതിയേയും ബോധ്യപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചതിന്റെ വെളിച്ചത്തിൽ നടപടി സ്വീകരിച്ചുവരുന്നു. ഇക്കാര്യത്തിൽ നിയമനിർമ്മാണം നടത്തണമെന്നാവശ്യപ്പെട്ട് കേന്ദ്ര മന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ട്.

**പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭൂമിയും വീടും**

29(*89) ശ്രീ എം എസ് അരുൺ കുമാർ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. പി. വി. അൻവർ:
ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിലെ മുഴുവൻ കുടുംബങ്ങൾക്കും ഭൂമിയും വീടും ഉറപ്പാക്കുന്നതിനായി ഈ സർക്കാരിന്റെ കാലയളവിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) നവകേരള കർമ്മപദ്ധതിയിലുൾപ്പെട്ട ലൈഫ് ഭവന പദ്ധതി പ്രകാരം പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട ഭൂമിയുള്ളവർക്ക് വീട് നിർമ്മിക്കുന്നതിനും ഭൂരഹിതർക്ക് ഭവനസമുച്ചയമോ ഹൗസിംഗ് ക്ലസ്റ്ററുകളോ വീടുകളോ നിർമ്മിച്ച് നൽകുന്നതിനുമായി ഈ സർക്കാർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം നൽകുമോ?

(എ & ബി) ഉണ്ട്.

പട്ടികജാതി വികസന വകുപ്പ് മുഖാന്തിരം 2021-22 സാമ്പത്തിക വർഷത്തിൽ 4020 ഗുണഭോക്താക്കൾക്ക് ഭൂമി നൽകിയിട്ടുണ്ട്. നിലവിൽ ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നത് പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകൾ നേരിട്ടല്ല. ലൈഫ് മിഷൻ മുഖാന്തരമാണ്. 2021-22-ൽ 278 കോടി രൂപ പട്ടികജാതി വികസന വകുപ്പിൽനിന്ന് ലൈഫ് മിഷന് കൈമാറിയിട്ടുണ്ട്. നടപ്പുവർഷം പദ്ധതി നിർവ്വഹണത്തിനായി 300 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

ഈ സർക്കാരിന്റെ കാലത്ത് പട്ടികവർഗ്ഗ വികസന വകുപ്പിൽ ലൈഫ് മിഷൻ പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തി 518 വീടുകളും മൂന്നാംഘട്ടത്തിൽ 271 വീടുകളും പട്ടിക വർഗ്ഗ വികസന വകുപ്പ് മുഖേന 626 വീടുകളും പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ ഭവന പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി 2597 വീടുകൾ ഏറ്റെടുക്കുകയും ആയതിൽ 200 വീടുകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 2021-22 ൽ പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും 140 കോടി രൂപ ലൈഫ് മിഷന് കൈമാറിയിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി കണ്ടെത്തി വാങ്ങി നൽകുന്ന ' ലാൻഡ് ബാങ്ക് ' പദ്ധതി പ്രകാരം 126 പേർക്ക് 21.54 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ഭൂരഹിതരായവർക്ക് വിതരണം ചെയ്യുന്നതിനായി പത്തനംതിട്ട, പാലക്കാട്, കോഴിക്കോട്, തിരുവനന്തപുരം എന്നീ ജില്ലകളിലായി 21.2 ഏക്കർ ഭൂമി വാങ്ങി രജിസ്റ്റർ ചെയ്തിട്ടുമുണ്ട്.

മലപ്പുറം ജില്ലയിൽ കേന്ദ്രാനുമതി ലഭിച്ച നിക്ഷിപ്ത വനഭൂമിയിൽ 109.259 ഹെക്ടർ ഭൂമി സർവ്വേ ചെയ്ത് 1254 പ്ലോട്ടുകളായി തരംതിരിച്ചിട്ടുണ്ട്. ആയത് ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വിതരണം

ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പുനരധിവാസ മേഖലകളിലെ 171 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഈ സർക്കാർ വന്നതിനുശേഷം റ്റി.ആർ.ഡി.എം. മുഖേന ഭവന നിർമ്മാണ ധനസഹായം അനുവദിച്ചിട്ടുണ്ട്.

നിലവിൽ പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകൾ നേരിട്ടല്ല ഭവന പദ്ധതി നടപ്പിലാക്കുന്നത്. ലൈഫ് മിഷനാണ് പദ്ധതി നിർവ്വഹണ ചുമതല. പട്ടികവർഗ വികസന വകുപ്പ് മുഖേന ലൈഫിൽ ഉൾപ്പെടുത്തി ഭവന സമുച്ചയമോ ഹൗസിംഗ് ക്ലസ്റ്ററുകളുടെ നിർമ്മാണമോ ഏറ്റെടുത്തിട്ടില്ല.

(സി) വനാവകാശ നിയമ പ്രകാരം ഈ സർക്കാരിന്റെ കാലത്ത് ഇത് സംബന്ധിച്ച് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വനാവകാശ നിയമം, 2006 പ്രകാരം 435 പേർക്ക് 782 ഏക്കർ ഭൂമിയുടെ കൈവശാവകാശരേഖ വിതരണം ചെയ്തിട്ടുണ്ട്.

## മത്സ്യത്തൊഴിലാളികൾക്ക് ബദൽ ഉപജീവന പദ്ധതി

30(*90) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:
ശ്രീ കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ നീല സമ്പദ് വ്യവസ്ഥയെന്ന പേരിൽ തീരക്കടൽ മത്സ്യബന്ധന അനുമതിയിലും കടന്നുകയറ്റം നടത്താൻ പോകുന്നതായുള്ള വാർത്ത മത്സ്യത്തൊഴിലാളികളെ ആശങ്കയിലാഴ്ത്തിയെന്ന കാര്യം പരിശോധിച്ചിരുന്നോ?

കേന്ദ്ര സർക്കാർ പ്രസിദ്ധീകരിച്ച നീല സമ്പദ് വ്യവസ്ഥയെക്കുറിച്ചുള്ള കരട് നയത്തിൽ സംസ്ഥാന മത്സ്യബന്ധന മേഖലയെ ബാധിക്കുന്ന വിഷയങ്ങളിൽ സംസ്ഥാനത്തിന്റെ ആശങ്കകളും അഭിപ്രായവും 20-09-2021 തീയതിയിലെ കത്ത് പ്രകാരം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. രാജ്യത്ത് നടപ്പിലാക്കുന്ന നീല സമ്പദ് വ്യവസ്ഥയെ കുറിച്ചുള്ള കരട് നയ ചട്ടക്കൂടിൽ പരാമർശിച്ചിട്ടുള്ള വിവിധ ശിപാർശകൾ പരിഗണിക്കുമ്പോൾ തീരപ്രദേശങ്ങളിലെ പരമ്പരാഗത

മത്സ്യത്തൊഴിലാളികളുടെ ഏക ഉപജീവന മാർഗ്ഗമായ കടലും മത്സ്യബന്ധന വിഭവങ്ങളും അവയിൻമേലുള്ള അവകാശങ്ങളും സംരക്ഷിക്കുന്നുവെന്ന് അന്തിമ നയ ചട്ടക്കൂടിൽ ഉറപ്പാക്കേണ്ടത് അത്യാവശ്യമാണ്.

(ബി) തീരദേശ മത്സ്യത്തൊഴിലാളികളുടെ ദാരിദ്ര്യ നിർമ്മാർജനത്തിന് സംസ്ഥാന സർക്കാർ നടത്തുന്ന ക്ഷേമ, വികസന പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(സി) മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ബദൽ ഉപജീവന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

(ബി&സി) പൊതുവിഭാഗത്തിന്റെ വാർഷിക പ്രതിശീർഷ വരുമാനത്തിന്റെ പകുതിയിൽ താഴെ മാത്രമാണ് മത്സ്യത്തൊഴിലാളികളുടെ ആളോഹരി പ്രതിശീർഷ വരുമാനം. വിവിധ മേഖലകളിൽ പ്രത്യേകിച്ച് മത്സ്യ വിഭവ സംരക്ഷണത്തിനും വിഭവ മാനേജ്മെന്റിനും പൊതുമേഖലാ സംവിധാനം വഴി വായ്പകൾ യഥാസമയം അനുവദിച്ച ധനമാനേജ്മെന്റിൽ ബോധവൽക്കരണം നടത്തിയും മത്സ്യത്തൊഴിലാളികളുടെ വരുമാനത്തിൽ വർദ്ധനവ് ഉണ്ടാക്കുന്നതിന് കഴിഞ്ഞ വർഷങ്ങളിൽ വകുപ്പിനും അനുബന്ധ സ്ഥാപനങ്ങൾക്കും കഴിഞ്ഞിട്ടുണ്ട്. മത്സ്യത്തൊഴിലാളി സമൂഹത്തെയും വിശിഷ്യാ മത്സ്യത്തൊഴിലാളികളെയും സാമൂഹികമായും സാമ്പത്തികമായും

ഉയർത്തിക്കൊണ്ടുവരുന്നതിന് ഫിഷറീസ് വകുപ്പും അനുബന്ധ ഏജൻസികളും ബദൽ ഉപജീവന പദ്ധതി ഉൾപ്പെടെ വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

## ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ആദിവാസികളുടെ ഭൂപ്രശ്ന പരിഹാരം

1 (775) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികളുടെ ഭൂപ്രശ്ന പരിഹാരത്തിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ലാൻഡ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം എന്നീ പദ്ധതികളിലായി ഭൂമി വിതരണം ചെയ്തുവരുന്നു. കൂടാതെ വനാവകാശ നിയമപ്രകാരം അർഹരായവർക്ക് ഭൂമിക്ക് കൈവശാവകാശ രേഖയും നൽകുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി കണ്ടെത്തി വാങ്ങി നൽകുന്ന ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം 126 പേർക്ക് 21.54 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. വിവിധ ജില്ലകളിലായി 21.2 ഏക്കർ ഭൂമി വാങ്ങി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയത് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിൽ കേന്ദ്രാനുമതി ലഭിച്ച നിക്ഷിപ്ത വനഭൂമിയിൽ 109.259 ഹെക്ടർ ഭൂമി സർവ്വേ ചെയ്ത് 1254 പ്ലോട്ടുകളായി തരംതിരിച്ചിട്ടുണ്ട്. ആയത് ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. വനാവകാശ നിയമം 2006 പ്രകാരം 435 പേർക്ക് 782 ഏക്കർ ഭൂമിയുടെ കൈവശാവകാശരേഖ വിതരണം ചെയ്തിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിൽ ചെറ്റച്ചൽ ജെഴ്സി ഫാമിൽ 2003 മുതൽ നടന്നുവരുന്ന ആദിവാസി ഭൂ പ്രശ്നം പരിഹരിച്ച് 33 പേർക്ക് വനാവകാശ നിയമ പ്രകാരം കൈവശാവകാശരേഖ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ട്. ഇടുക്കി ജില്ലയിൽ ഇടമലക്കുടി പഞ്ചായത്തിൽ ഇക്കാലയളവിൽ 18 പുതിയ വനാവകാശ കമ്മിറ്റികൾ രൂപീകരിച്ചു.

കൈവശാവകാശ രേഖ ലഭിക്കുന്നതിനായി 350 അപേക്ഷകൾ ടി കമ്മിറ്റി മുമ്പാകെ ലഭിച്ചിട്ടുണ്ട്. ആയതിന് കൈവശാവകാശ രേഖ നൽകുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ആദിവാസി കുടുംബങ്ങൾക്ക് കുറഞ്ഞത് ഒരേക്കർ ഭൂമി നൽകും എന്ന വാഗ്ദാനം നടപ്പാക്കാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ?

ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഒരേക്കർ ഭൂമി നൽകുമെന്ന തീരുമാനം പൂർണ്ണതോതിൽ പ്രാവർത്തികമാക്കുവാൻ സാധിച്ചിട്ടില്ല. എല്ലാവർക്കും ഒരേക്കർ ഭൂമി വീതം നൽകുവാനുള്ള ഭൂമിയുടെ ലഭ്യതക്കുറവാണ് പ്രധാന കാരണം. എങ്കിലും ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ലാൻഡ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം എന്നീ പദ്ധതികളിലായി പരമാവധി ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഇത്തരത്തിൽ ഭൂമി നൽകുന്നതിനായി ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടിക്രമങ്ങൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കുമോ?

20.07.2002-ലെ സ.ഉ (അച്ചടി)നം.41/2002/പജപവവിവ പ്രകാരമാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. ഓരോ ജില്ലയിലും ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്തൃ ലിസ്റ്റ് അന്തിമമാക്കി ഭൂമി വിതരണം ചെയ്തുവരുന്നു.

(ഡി) പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിനായി തരിശുഭൂമി, മിച്ചഭൂമി, പാട്ടക്കാലാവധി കഴിഞ്ഞ തോട്ടങ്ങൾ എന്നിവ ഏറ്റെടുക്കാൻ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

റവന്യൂ വകുപ്പു മുഖേന നടപടി സ്വീകരിക്കേണ്ട വിഷയമായതിനാൽ റവന്യൂ വകുപ്പുമായി ചേർന്ന് നടപടി സ്വീകരിക്കുന്നതാണ്.

## പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ വീടുകളുടെ പുനർനിർമ്മാണം

2 (776) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ വാസയോഗ്യമല്ലാത്തതും കേടുപാടുകൾ സംഭവിച്ചതുമായ വീടുകൾ

പുനർനിർമ്മിക്കുന്നതിന് വടക്കാഞ്ചേരി മണ്ഡലത്തിൽ സർക്കാർ നടപ്പാക്കിയ പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ പട്ടികപ്പെടുത്തി ലഭ്യമാക്കാമോ?

പട്ടികവർഗ്ഗ വികസന വകുപ്പ്

പ്രസ്തുത മണ്ഡലത്തിലെ തെക്കുംകര ഗ്രാമ പഞ്ചായത്തിൽ ഉൾപ്പെട്ട കാക്കിനിക്കാട് പട്ടികവർഗ്ഗ കോളനിയിലെ 4 കുടുംബങ്ങൾക്ക് 2019-20 വർഷം 1,50,000/- രൂപ നിരക്കിൽ ഭവന നവീകരണത്തിന് വകുപ്പ് മുഖേന ധനസഹായം അനുവദിച്ചിട്ടുണ്ട്.

പട്ടികജാതി വികസന വകുപ്പ്

ഭവന പുനർ നിർമ്മാണത്തിനായി വകുപ്പ് മുഖേന ധനസഹായം നൽകുന്നില്ല. എന്നാൽ 10 വർഷത്തിനുള്ളിൽ നിർമ്മിച്ചതും വാസയോഗ്യമല്ലാത്തതും സാമ്പത്തിക ബുദ്ധിമുട്ടുകാരണം പൂർത്തീകരിക്കാത്തതുമായ പട്ടികജാതിക്കാരുടെ വീടുകൾ പൂർത്തീകരിക്കുന്നതിനായി വകുപ്പ് 2020-21 മുതൽ നടപ്പാക്കിവരുന്ന ഭവന പൂർത്തീകരണ പദ്ധതി പ്രകാരം വടക്കാഞ്ചേരി മണ്ഡലത്തിലെ 8 ഗ്രാമ

പഞ്ചായത്തുകളിൽനിന്നും ആകെ 113 പേർക്ക് ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്.

## കായംകുളം നിയോജകമണ്ഡലത്തിലെ ഭവനരഹിതരായ പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾ

3 (777) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം നിയോജകമണ്ഡലത്തിൽ ഭവനരഹിതരായ എത്ര പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങളുണ്ടെന്നും ആയതിൽ ഭൂരഹിതരും ഭവനരഹിതരും എത്രപേരുണ്ടെന്നുമുള്ള കണക്കുകൾ തദ്ദേശസ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിൽ വിശദമാക്കാമോ?

കായംകുളം നിയോജക മണ്ഡലത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 445 ഭൂമിയുള്ള ഭവനരഹിതരും 276 ഭൂരഹിത ഭവന രഹിത കുടുംബങ്ങളും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 29 ഭൂരഹിത ഭവനരഹിതരും 9 ഭവനരഹിത കുടുംബങ്ങളും ഉണ്ട്. വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പട്ടയം ലഭ്യമാക്കാൻ നടപടി

4 (778) <u>ശ്രീ. സി. കെ ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിൽ കുന്നത്തുകാൽ ഗ്രാമപഞ്ചായത്തിലെ മുവേരിക്കര വാർഡിൽ 1991-92 കാലഘട്ടത്തിൽ ഭൂരഹിതരായ ഭവനരഹിതർക്കായി പട്ടികജാതി വികസന വകുപ്പ് മുഖേന ആവിഷ്കരിച്ച പദ്ധതി പ്രകാരം പട്ടികജാതി വിഭാഗത്തിലെ ഒൻപത് പേർക്ക് ഭൂമിയും സർക്കാർ ഗ്രാന്റുപയോഗിച്ച് വീടും നൽകിയെങ്കിലും നാളിതുവരെ ഇവർക്ക് പട്ടയം ലഭ്യമാക്കിയിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രദേശത്തെ സ്ഥിര താമസക്കാർക്ക് പട്ടയം ലഭ്യമാക്കി നൽകുന്നതിന് അവർ സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; ഫയൽ നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) ഇവർക്ക് എന്നേയ്ക്ക് പട്ടയം ലഭ്യമാക്കി നൽകാൻ കഴിയുമെന്നും ആയതിലേയ്ക്കായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികളുടെ പുരോഗതിയും അറിയിക്കുമോ?

(എ-സി) ഉണ്ട്. പ്രസ്തുത വസ്തു 1989-90 കാലഘട്ടത്തിൽ പട്ടികജാതി വികസന വകുപ്പ് മുഖേന നൽകിയതാണ്. 46 സെന്റ് വസ്തു 4 സെന്റ് വീതം പത്ത് പേർക്ക് നൽകുകയുണ്ടായി. പട്ടയം ലഭ്യമാക്കുന്നതിലേയ്ക്കായി 2019-ൽ ബന്ധപ്പെട്ട റവന്യൂ അധികാരികളെയും തിരുവനന്തപുരം ജില്ല പട്ടികജാതി ഓഫീസിനെയും വസ്തു ഉടമകൾ സമീപിച്ചതിനെത്തുടർന്ന് 2020-ൽ തിരുവനന്തപുരം ജില്ലാ പട്ടികജാതി ഓഫീസർ സ്ഥലം സന്ദർശിച്ച് നിലവിൽ പ്രദേശത്ത് താമസിക്കുന്നവരോട് ബന്ധപ്പെട്ട വില്ലേജ് ഓഫീസിൽ പട്ടയം ലഭ്യമാക്കേണ്ട ഭൂമിയുടെ രേഖകളും അപേക്ഷയും നൽകാൻ ആവശ്യപ്പെടുകയും അപ്രകാരം മൂന്നുപേർ പട്ടയത്തിനായി അപേക്ഷ സമർപ്പിക്കുകയുമുണ്ടായി .

അവകാശ രേഖകൾ ഹാജരാക്കുന്നതിന് ടി കക്ഷികൾക്ക് അറിയിപ്പ് നൽകുന്നതിന് കുന്നത്തുകാൽ വില്ലേജ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും ടി രേഖകൾ ഹാജരാക്കുന്നമുറയ്ക്ക് സത്വര നടപടി സ്വീകരിക്കുമെന്ന് ജില്ലാ വികസന സമിതി യോഗത്തിൽ തഹസിൽദാർ

റിപ്പോർട്ട് ചെയ്തിട്ടുള്ളതാണെന്നും തിരുവനന്തപുരം ഡെപ്യൂട്ടി കളക്ടർ **(എൽ.ആർ)** അറിയിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത സ്ഥലത്തെ അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് യഥാർത്ഥ ഉടമകൾക്ക് പട്ടയം ലഭ്യമാക്കി നൽകാനും ബാക്കിയുള്ള ഭൂമി ഏറ്റെടുത്ത് ഈ പഞ്ചായത്തിലെ ഭൂരഹിതരായ പട്ടികജാതി വിഭാഗത്തിലുള്ളവർക്ക് ലൈഫ് പദ്ധതി പ്രകാരം വീട് നിർമ്മിച്ച് നൽകുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ?

പ്രസ്തുത വിഷയം സർക്കാർ പരിശോധിക്കുന്നതാണ്.

**ചാലക്കുടി നിയോജകമണ്ഡലത്തിലെ ഭവന/ഭൂരഹിതരായ പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങൾ**

5 (779) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭവനരഹിതർ, ഭൂരഹിതരായ ഭവനരഹിതർ എന്നിവരെ സംബന്ധിച്ച വിശദാംശങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) ലൈഫ് ഭവന പദ്ധതി മുഖേന മണ്ഡലത്തിലെ എത്ര പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീട് അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

ലൈഫ് ഭവന പദ്ധതിയിലൂടെ പ്രസ്തുത മണ്ഡലത്തിലെ 249 പട്ടികജാതി കുടുംബങ്ങൾക്കും 15 പട്ടികവർഗ കുടുംബങ്ങൾക്കും ഭവന നിർമ്മാണ ധനസഹായം അനുവദിച്ചിട്ടുണ്ട്.

(സി) പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പ് മുഖേന നടപ്പിലാക്കിയ ഭവന നിർമ്മാണ പദ്ധതിവഴി 2016-17 മുതൽ മണ്ഡലത്തിൽ എത്ര കുടുംബങ്ങൾക്ക് വീട് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

പട്ടികജാതി വികസന വകുപ്പിന്റെ ഭവന നിർമ്മാണ പദ്ധതി പ്രകാരം 2016-17 മുതൽ ചാലക്കുടി മണ്ഡലത്തിലെ 189 പട്ടികജാതി കുടുംബങ്ങൾക്കും 59 പട്ടികവർഗ കുടുംബങ്ങൾക്കും ഭവന നിർമ്മാണ ധനസഹായം അനുവദിച്ചിട്ടുണ്ട്.

## നെന്മാറ മണ്ഡലത്തിലെ ഭവന നിർമ്മാണം

6(780) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിൽ ആകെ എത്ര പട്ടികവർഗ്ഗ കുടുംബങ്ങളാണ് താമസമുള്ളതെന്ന് വിശദമാക്കുമോ?

നെന്മാറ നിയോജക മണ്ഡലത്തിൽ 2219 പട്ടികവർഗ്ഗ കുടുംബങ്ങളാണ് താമസിച്ചുവരുന്നത്.

(ബി) ഇതിൽ എത്ര കുടുംബങ്ങൾക്കാണ് സ്വന്തമായി വീട് ഇല്ലാത്തതെന്ന് വിശദമാക്കുമോ?

സ്വന്തമായി വീടില്ലാത്ത 316 പട്ടികവർഗ്ഗ കുടുംബങ്ങളുണ്ട്.

(സി) വീട് ഇല്ലാത്തവർക്ക് വീട് അനുവദിക്കുന്നതിനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി വീട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഉടുമ്പൻചോല മണ്ഡലത്തിലെ ഭവന നിർമ്മാണ ധനസഹായം**

7 (781) <u>ശ്രീ. എം. എം. മണി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും

പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല മണ്ഡലത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭവനരഹിതർ, ഭൂരഹിതരായ ഭവനരഹിതർ എന്നിവരെ സംബന്ധിച്ച വിശദാംശം പഞ്ചായത്ത് തിരിച്ച് നൽകുമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

(ബി) പ്രസ്തുത മണ്ഡലത്തിൽ പുതുതായി ഭവന നിർമ്മാണ സഹായത്തിനായി 2016 മേയ് മുതൽ 2022 മേയ് വരെ എത്ര അപേക്ഷകൾ ലഭിച്ചു; ഇതിൽ എത്ര അപേക്ഷകർക്ക് ഭവന നിർമ്മാണ ധനസഹായം നൽകി; വിശദാംശം നൽകുമോ?

പട്ടികജാതി വിഭാഗത്തിൽ ഈ കാലയളവിൽ ആകെ 369 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 356 പേർക്ക് ഭവനനിർമ്മാണ ധനസഹായം അനുവദിച്ചിട്ടുണ്ട്.

ലൈഫ് മിഷൻ പദ്ധതി വന്നതിനുശേഷം വീടുകൾ അനുവദിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് അപേക്ഷ ക്ഷണിച്ചിട്ടില്ല. എന്നാൽ 'ആശിക്കും ഭൂമി ആദിവാസികൾക്ക് സ്വന്തം' എന്ന പദ്ധതിയിൽ ഭൂമി നൽകിയവർക്കും കാലവർഷക്കെടുതിയിൽ വീടുകൾ നഷ്ടപ്പെട്ടവർക്കും അടിയന്തര

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സാഹചര്യങ്ങളിൽ വീട് അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം 2016 മേയ് മുതൽ 2022 മേയ് മാസം വരെ ആകെ 51 പേർക്ക് വകുപ്പ് മുഖേന ഭവന നിർമ്മാണ സഹായം അനുവദിച്ചിട്ടുണ്ട്.

**പട്ടിക ഗോത്രവർഗ്ഗക്കാരുടെ ഭവന പദ്ധതികൾ**

8 (782) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടിക ഗോത്രവർഗ്ഗത്തിൽപ്പെട്ട മുഴുവൻ ഭവനരഹിതർക്കും അവരുടെ ആവശ്യങ്ങളും താൽപര്യവുംകൂടി കണക്കിലെടുത്ത് വീട് നൽകാനുള്ള ലക്ഷ്യം പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ കൈവരിച്ച നേട്ടങ്ങൾ വിശദമാക്കുമോ?

ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി അർഹരായ മുഴുവൻ പട്ടികവർഗ്ഗക്കാർക്കും വീട് ലഭ്യമാക്കുന്നതിനും അതോടോപ്പം അർഹരായ മുഴുവൻ ഭൂരഹിത ഭവനരഹിതർക്കും ഭവന സംവിധാനമൊരുക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) പൂർത്തിയാകാതെ കിടന്ന വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് പ്രത്യേക ധനസഹായം നൽകിയിരുന്നോയെന്നും എത്ര വീടുകളുടെ പണി പൂർത്തിയാക്കാനായെന്നും അറിയിക്കുമോ?

2016-വരെ പൂർത്തീകരിക്കാതെ കിടന്ന 17287 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ടി പദ്ധതിയുടെ നടത്തിപ്പിനായി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പാക്കിയ ഭവന നിർമ്മാണ പദ്ധതിക്ക് വകുപ്പിന്റെ ജനറൽ ഹൗസിംഗിൽ ഉൾപ്പെടുത്തി ഗുണഭോക്താവിന് നേരിട്ട് തുക അനുവദിച്ചു.

(സി) പട്ടിക ഗോത്രവർഗ്ഗ ഊരുകളുടെ അടിസ്ഥാന സൗകര്യവികസനത്തിനുള്ള അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയുടെ പുരോഗതി അറിയിക്കുമോ?

അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രകാരം തെരഞ്ഞെടുത്ത 94 കോളനികളിൽ 27 കോളനികളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 2021-22 വർഷം 64 കോളനികളിൽ നിർവ്വഹണ ഏജൻസികളെ തെരഞ്ഞെടുത്ത് പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**കുന്നത്തുനാട് മണ്ഡലത്തിൽ അനുവദിച്ച അംബേദ്കർ ഗ്രാമം പദ്ധതി**

9 (783) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ അനുവദിച്ച അംബേദ്കർ ഗ്രാമം പദ്ധതിയിലുൾപ്പെട്ട കോളനി നവീകരണ പ്രവൃത്തികളുടെ നിലവിലെ അവസ്ഥ വിശദമാക്കുമോ?

വിവരങ്ങൾ അനുബന്ധമായിചേർക്കുന്നു+.

(ബി) ഓരോ കോളനിക്കും അനുവദിച്ച തുക എത്രയാണെന്നും ആയത് വിനിയോഗിച്ച് പൂർത്തീകരിച്ച പ്രവൃത്തികൾ ഏതെല്ലാമെന്നും വിശദമാക്കുമോ?

പള്ളിമുകൾ കോളനി പ്രവൃത്തികൾക്ക് ഏജൻസിക്ക് Centage ചാർജ്ജ് ഉൾപ്പെടെ ആകെ 90,80,363/- രൂപ അനുവദിച്ചു റോഡ് സൈഡ് കെട്ടി കട്ട വിരിക്കൽ, റോഡ് റീ ടാറിംഗ്, വാട്ടർടാങ്ക് നിർമ്മാണം, സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ, പമ്പ്സെറ്റ്, പൈപ്പ് ലൈൻ സ്ഥാപിക്കൽ, കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം എന്നീ പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കുറ്റകോളനിയിൽ നടപ്പിലാക്കിയ പ്രവൃത്തികൾക്കായി ഏജൻസിക്ക് centage ചാർജ്ജൊഴികെ ആകെ 72,57,432/- രൂപ അനുവദിച്ചു. ഓവർഹെഡ് വാട്ടർടാങ്ക് നിർമ്മാണം, തൊണ്ടങ്ങൽമൂല റോഡ് റീ- ടാറിംഗ്, സാംസ്കാരിക സമിതി കെട്ടിട നിർമ്മാണം, കുടിവെള്ള പദ്ധതി, ഭവന നവീകരണം, ചിറ നവീകരണം, സോളാർ ലൈറ്റ് സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ട്.

(സി) ഇനിയും പൂർത്തീകരിക്കേണ്ട പ്രവൃത്തികൾ ഏതെല്ലാമാണെന്നും എപ്പോൾ പൂർത്തീകരിക്കുമെന്നും വിശദമാക്കാമോ; ഓരോ പ്രവൃത്തിയും ഏത് വർഷത്തിലാണ് തുടങ്ങിയതെന്ന് വ്യക്തമാക്കുമോ?

കുറ്റകോളനിയിലെ കുടിവെള്ള പദ്ധതിയിൽ പൈപ്പ് ലൈൻ കണക്ഷൻ നൽകുന്നതിനുള്ള കുറച്ചു പ്രവൃത്തികൾ മാത്രമാണ് ശേഷിക്കുന്നത്. ആയത് 30-06-2022-നകം പൂർത്തീകരിക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് നിർദേശം നൽകിയിട്ടുണ്ട്.

കുറ്റകോളനിയിൽ സിവിൽ വർക്ക് 25-07-2018 ലും കേരള വാട്ടർ അതോറിറ്റി വഴി നടപ്പാക്കുന്ന കുടിവെള്ള പദ്ധതി 10-06-2020 -ലുമാണ് ആരംഭിച്ചിട്ടുള്ളത്.

പള്ളിമുകൾ കോളനിയിൽ പ്രവൃത്തി തുടങ്ങിയത് 25-07-2018-ലും അവസാനിച്ചത് 09-02-2021 -ലുമാണ്.

**തിരൂരങ്ങാടി മണ്ഡലത്തിലെ അംബേദ്കർ സ്വാശ്രയഗ്രാമം പദ്ധതി**

10 (784) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ പരപ്പനങ്ങാടിയിൽ അംബേദ്കർ സ്വാശ്രയഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരണം നടക്കുന്ന അയ്യങ്കാളി കോളനി, മീൻകുഴി നഗരയിൽ കറി കോളനി എന്നീ കോളനികളുടെ നിർമ്മാണത്തിലുണ്ടായ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് .

(ബി) പ്രസ്തുത കോളനികളുടെ നിർമ്മാണത്തിൽ വന്ന കാലതാമസം കാരണം സർക്കാരിനുണ്ടായ സാമ്പത്തിക നഷ്ടം കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

അംഗീകരിച്ച നൽകിയ എസ്റ്റിമേറ്റ് പ്രകാരം നിർവഹണ ഏജൻസി പ്രസ്തുത കോളനികളിലെ പ്രവൃത്തികൾ ആരംഭിച്ചെങ്കിലും മോണിറ്ററിംഗ് കമ്മിറ്റിയുടെ തീരുമാനപ്രകാരം പ്രവൃത്തികൾ റിവൈസ് ചെയ്യേണ്ട സാഹചര്യമുണ്ടായി. ഭരണാനുമതി നൽകിയതിൽനിന്നും വ്യത്യസ്തമായി പ്രവൃത്തികൾ മോണിറ്ററിംഗ് കമ്മിറ്റിയുടെ തീരുമാനപ്രകാരം പുതുതായി ചേർക്കുകയും റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്യേണ്ടി വന്നതുമൂലമുണ്ടായ കാലതാമസം കാരണം സർക്കാരിനുണ്ടായ സാമ്പത്തിക നഷ്ടം കണക്കാക്കിയിട്ടില്ല. നിലവിൽ റിവൈസ്ഡ് എസ്റ്റിമേറ്റിന് അനുമതി നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണത്തിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോയെന്നും പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്നും വ്യക്തമാക്കുമോ?

അയ്യങ്കാളി കോളനിയിൽ റിവിഷൻ എസ്റ്റിമേറ്റ് അടിസ്ഥാനത്തിൽ ടെണ്ടർ വിളിച്ചിട്ടുണ്ടെന്നും 02-07-2022-ന് ഓപ്പൺ ചെയ്യുമെന്നും ഏജൻസിയായ KAICO അറിയിച്ചിട്ടുണ്ട്.

മീൻകുഴി നഗരയിൽ കറി കോളനിയിൽ പുതുക്കിയ എസ്റ്റിമേറ്റടിസ്ഥാനത്തിൽ ഉടൻതന്നെ ടെണ്ടർ വിളിക്കുമെന്ന് ഏജൻസിയായ KAICO അറിയിച്ചിട്ടുണ്ട്.

**പട്ടികവർഗ്ഗ കോളനികളിലെ സന്ദർശന നിയന്ത്രണം**

11 (785) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികവർഗ്ഗ കോളനികളിൽ സന്ദർശനം നടത്തുന്നതിന് എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ?

സംസ്ഥാനത്തെ പട്ടികവർഗ്ഗ കോളനികൾ സന്ദർശിക്കുന്നത് സംബന്ധിച്ച് വകുപ്പ് യാതൊരു നിയന്ത്രണങ്ങളും ഏർപ്പെടുത്തിയിട്ടില്ല. പട്ടികവർഗ്ഗ മേഖലകളിലെ റിസർച്ച് പെർമിഷൻ, ഫീൽഡ് സർവ്വെ, ഇന്റേൺഷിപ്പ്, ക്യാമ്പ് സംഘടിപ്പിക്കൽ, വീഡിയോഗ്രാഫി എന്നിവയ്ക്കായി ലഭിച്ചിട്ടുള്ള അപേക്ഷകൾ പരിശോധിച്ച് പ്രസ്തുത പ്രവൃത്തി പട്ടികവർഗ്ഗ

കുടുംബങ്ങളുടെ സ്വകാര്യതയെ പ്രതികൂലമായി ബാധിക്കുന്നില്ലെന്ന് ഉറപ്പുവരുത്തിക്കൊണ്ട് അനുമതി നൽകിവരുന്നു. ഈ മേഖലയിൽ ചില തെറ്റായ പ്രവണതകൾ ഉയർന്നുവരുന്നത് ഒഴിവാക്കുന്നതിനാണ് ഇപ്രകാരം ചെയ്തുവരുന്നത്.

(ബി) പട്ടികവർഗ്ഗ കോളനികളിലെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനും അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

പിന്നാക്കം നിൽക്കുന്ന പട്ടികവർഗ്ഗ കോളനികളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനായി അത്തരം കോളനികൾ അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി ഊരുകൂട്ടം ശിപാർശ ചെയ്യുന്ന വികസന പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പും ത്രിതല പഞ്ചായത്തുകളും വിവിധ ജില്ലകളിലെ പട്ടികവർഗ്ഗ കോളനികളുടെ വികസനത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പട്ടികവർഗ്ഗ ഉപപദ്ധതിയിൽ ഉൾപ്പെടുത്തി അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നു.

വകുപ്പിന്റെ കോർപ്പസ് ഫണ്ടിലുൾപ്പെടുത്തി കോളനികളിലെ അടിസ്ഥാന സൗകര്യ വികസനത്തിനാവശ്യമായ വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. പട്ടികവർഗ്ഗക്കാരുടെ ജീവിതനിലവാരം ഉയർത്തുന്നതിനായി ഊരുകൂട്ട തീരുമാനപ്രകാരമുള്ള വിവിധ പദ്ധതികൾ പട്ടികവർഗ വികസന വകുപ്പും ത്രിതല പഞ്ചായത്തുകളും നടപ്പിലാക്കി വരുന്നു.

**പുതുക്കാട് മണ്ഡലത്തിലെ അംബേദ്കർ ഗ്രാമ പദ്ധതി**

12 (786) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുതുക്കാട് മണ്ഡലത്തിൽ ഉൾപ്പെടുന്ന കൊടകര, ചേർപ്പ്, ഇരിങ്ങാലക്കുട എന്നീ ബ്ലോക്ക് പഞ്ചായത്തുകളിലെ ഏതെല്ലാം പട്ടികജാതി കോളനികളിലാണ് അംബേദ്കർ ഗ്രാമ പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളത്; പ്രസ്തുത നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദവിവരം അറിയിക്കാമോ?

**1.** <u>കൊടകര ബ്ലോക്ക്</u> -കാവനാട്, മുരിക്കിങ്ങൽ (2016-17) പട്ടികജാതി കോളനികളിൽ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. വേലൂപ്പാടം, രണ്ടാംകല്ല് (2021-22) പട്ടികജാതി കോളനികളിൽ യഥാക്രമം 21-6-22, 22-06-22 തീയതികളിൽ ബഹുമാനപ്പെട്ട എം.എൽ.എ. അദ്ധ്യക്ഷനായുള്ള ആദ്യ ആലോചനയോഗം നടത്തി.

2. <u>ഇരിങ്ങാലക്കുട ബ്ലോക്ക്</u> - 2020-21 വർഷത്തെ അംബേദ്കർ ഗ്രാമം പദ്ധതിയിലേയ്ക്ക് പുതുക്കാട് നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട പറപ്പൂക്കര പഞ്ചായത്തിലെ പോങ്കോത്ര സെറ്റിൽമെന്റ് കോളനിയെ തെരഞ്ഞെടുത്തിരുന്നു. എന്നാൽ നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തിയിരുന്ന ജില്ലാ നിർമ്മിതികേന്ദ്രത്തിന്റെ അക്രെഡിറ്റേഷൻ പരിധി 15 കോടി രൂപയേക്കാൾ അധികരിക്കുന്നതിനാൽ ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 24-06-2022-ൽ നിർവഹണ ഏജൻസിയായി KEL-നെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്.

3. <u>ചേർപ്പ് ബ്ലോക്ക് </u>- വല്ലച്ചിറ പഞ്ചായത്തിലെ കൊക്കിരിപ്പള്ളം കോളനിയിൽ (2019-20) വികസന പദ്ധതികൾ നടന്നുവരുന്നു.

**മൂഴിക്കൽ എസ്.സി. കോളനിയുടെ നിർമ്മാണ പ്രവൃത്തി**

13 (787) <u>ശ്രീ. കെ. പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ മൂഴിക്കൽ എസ്.സി. കോളനിയുടെ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വിശദവിവരം സഹിതം അറിയിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് എന്നാണ് ഭരണാനുമതി നൽകിയത്; പ്രവൃത്തിയുടെ എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുണ്ടോ; അറിയിക്കുമോ;

(സി) ഏതു ഏജൻസി വഴിയാണ് ടി പ്രവൃത്തി നടപ്പാക്കുന്നത്; പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി നടപ്പാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്; അറിയിക്കുമോ?

(എ-സി) 01-03-2019-ലെ സ.ഉ.(സാധാ) നം.233/2019/ പജപവവിവ പ്രകാരം പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റിൽ ന്യൂനതയുള്ളതിനാൽ ആയത് അംഗീകരിച്ചിട്ടില്ല.

പ്രസ്തുത കോളനിയുടെ എസ്റ്റിമേറ്റ് അംഗീകാരത്തിനായി ലഭ്യമാക്കിയിട്ടുണ്ട്. ആയതിൽ ഉൾപ്പെട്ട സംരക്ഷണഭിത്തിയുടെ ആവശ്യകത പരിശോധിച്ചുവരുന്നു .

ജില്ലാ നിർമ്മിതി കേന്ദ്രം കോഴിക്കോട് ആണ് നിർവഹണ ഏജൻസി.

ജില്ലാകളക്ടറുടെ അദ്ധ്യക്ഷതയിൽ അവലോകന യോഗങ്ങൾ ചേർന്ന് പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിനും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

## കാഞ്ഞങ്ങാട് നിയോജമണ്ഡലത്തിലെ പട്ടികജാതി - പട്ടികവർഗ്ഗ കോളനികൾ

14(788) <u>ശ്രീ ഇ ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ എത്ര പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുണ്ടെന്നും അവ ഏതെല്ലാമാണെന്നുമുള്ള വിവരം പഞ്ചായത്തടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(ബി) ഓരോ കോളനിയിലും നിലവിൽ എത്ര പട്ടികജാതി, പട്ടികവർഗ കുടുംബങ്ങളുണ്ടെന്ന് അറിയിക്കുമോ ?

(എ &ബി) വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**കോളനികളുടെ പുനരുദ്ധാരണ പ്രവൃത്തികൾ**

15 (789) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പ് നടപ്പാക്കുന്ന കോളനികളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വിശദവിവരങ്ങൾ സഹിതം അറിയിക്കുമോ;

(ബി) പ്രസ്തുത പുനരുദ്ധാരണ പ്രവൃത്തികൾ കരാർ പ്രകാരം സമയബന്ധിതമായാണോ നടപ്പാക്കുന്നതെന്നും പ്രവൃത്തികൾ എന്ന് പൂർത്തിയാക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്നും അറിയിക്കുമോ?

(എ & ബി) പ്രസ്തുതമണ്ഡലത്തിൽനിന്നും ഈ പദ്ധതിക്കായി തെരഞ്ഞെടുത്ത മീനത്തുകര, വെള്ളൂക്കര (2016-17), മങ്കര (2018-19) എന്നീ കോളനികളുടെ നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പാലയാട് കോളനി (2016-17)-യിലെ 80% പ്രവൃത്തികളും തുരുത്തി എസ്.സി.കോളനി (2016-17)-യിലെ 60% പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. ജൂൺ 30-നകം ശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

മൂഴിക്കൽ ഐ.എച്ച്.ഡി.പി. കോളനി (2019-20) നവീകരണത്തിനായി നിർവഹണ ഏജൻസി സമർപ്പിച്ച എസ്റ്റിമേറ്റിൽ ന്യൂനതയുള്ളതിനാൽ ആയത് പരിഹരിച്ച് പുന:സമർപ്പിക്കുന്നതിന് നിർദേശം നൽകിയിട്ടുണ്ട്.

2021-22 വർഷത്തിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം നൽകിയിട്ടുള്ള വാളാഞ്ഞി കുളങ്ങരത്ത്, കുളിക്കുന്ന് എന്നീ പട്ടികജാതി കോളനികളിലെ നവീകരണ പ്രവൃത്തികൾ MOU ഒപ്പുവെച്ച് പത്തുമാസത്തിനുള്ളിൽ പൂർത്തീകരിക്കുന്നതിന് ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## കൂത്തുപറമ്പ് മണ്ഡലത്തിലെ കോളനികളുടെ നവീകരണത്തിന് നടപടി

16 (790) <u>ശ്രീ. കെ. പി. മോഹനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ പാട്യം പഞ്ചായത്തിൽപ്പെട്ട ആദിവാസി കോളനികളായ മുണ്ടയാട്, കടവ് എന്നിവയുടെ പിന്നോക്കാവസ്ഥയ്ക്കും ശോച്യാവസ്ഥയ്ക്കും പരിഹാരം കാണുന്നതിനായി പ്രത്യേക പദ്ധതിയിൽ ഉൾപ്പെടുത്താൻ മുൻകയ്യെടുക്കുമോ?

കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ പാട്യം പഞ്ചായത്തിൽപ്പെട്ട മുണ്ടയോട്, കടവിൽ എന്നീ കോളനികളെ 2021-22 വർഷത്തിൽ അംബേദ്കർ സെറ്റിൽമെന്റ് സമഗ്രവികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഊരുമൂപ്പന്റെയും വകുപ്പുദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും യോഗത്തിൽ ഉയർന്നുവന്ന ആദിവാസികളുടെ വിവിധ ആവശ്യങ്ങളായ സാംസ്കാരിക കേന്ദ്രത്തിന്റെ പുനർനിർമ്മാണം,

റേഷൻ കട അനുവദിക്കൽ, ശ്മശാനം, തെരുവ് വിളക്ക്, കോൺക്രീറ്റ് റോഡ്, മൊബൈൽ നെറ്റ്‌വർക്ക്, കുടിവെള്ളപ്രശ്നം, കരകൗശല പരിശീലന കേന്ദ്രം, താൽക്കാലിക പട്ടയം തുടങ്ങിയ കാര്യങ്ങളിൽ പ്രത്യേക പരിഗണന നൽകി പദ്ധതികൾ ആവിഷ്കരിക്കുമോ;

(സി) പ്രസ്തുത കോളനികളുടെ ഉന്നമനത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

(ബി&സി) കോളനികളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി നിർവ്വഹണ ഏജൻസിയായ ജില്ലാനിർമ്മിതി കേന്ദ്രം മുഖേന നടപടി സ്വീകരിച്ചിട്ടുണ്ട്.

മുണ്ടയോട് തോടിന് കുറുകെ പാലം നിർമ്മാണം, കടവിൽ മുണ്ടയോട് റോഡ് കോൺക്രീറ്റ്, മുണ്ടയോട് - പാത്തിക്കൽ റോഡ് കോൺക്രീറ്റ്, കുടിവെള്ള പദ്ധതി, കടവിൽ തോടിന് കുറുകെ പാലം, വായനശാല, മുണ്ടയോട് അങ്കണവാടിയിൽ കുടിവെള്ള സൗകര്യം, ഷീറ്റ് മേയൽ, റോഡ് ടാറിംഗ്, കുടിവെള്ളമില്ലാത്ത വീടുകളിൽ കുടിവെള്ളം എത്തിക്കൽ, സ്വയംതൊഴിൽ സംരംഭം, കയർ നിർമ്മാണം, തയ്യൽ പരിശീലനം, തയ്യൽ

മെഷീൻ വിതരണം, തെരുവുവിളക്ക് സ്ഥാപിക്കൽ, പൊതുശ്മശാനം നിർമ്മാണം, ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുന്നതിനായി ടവർ സ്ഥാപിക്കൽ, റേഷൻകട എന്നീ പദ്ധതികൾ പ്രത്യേക ഊരുകൂട്ട തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രകാരം ആവിഷ്കരിക്കുന്നതാണ്.

**അരൂർ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമവികസന പദ്ധതി**

17 (791) <u>ശ്രീമതി ദെലീമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമവികസനവുമായി ബന്ധപ്പെട്ട് അരൂർ മണ്ഡലത്തിൽ ഏതൊക്കെ കോളനികളിലാണ് നാളിതുവരെ പദ്ധതികൾ നടപ്പാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ:

(ബി) പ്രസ്തുത പദ്ധതികളിൽ പൂർത്തീകരിച്ചതും പൂർത്തീകരിക്കാനുള്ളവയും ഏതൊക്കെയാണ്; ഏത് കാരണത്താലാണ് പദ്ധതി പൂർത്തീകരിക്കാത്തത്; വിശദമാക്കുമോ?

(എ & ബി) പൊറ്റേത്തറ കോളനി, ഉളവെയ്പ്പ് അംബേദ്കർ കോളനി (തൈക്കാട്ടുശ്ശേരി ബ്ലോക്ക്), ഇളയപാടം ലക്ഷം വീട് കോളനി (പട്ടണക്കാട് ബ്ലോക്ക്) എന്നിവയെയാണ് പ്രസ്തുത മണ്ഡലത്തിൽനിന്നും അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

പൊറ്റേത്തറ കോളനി നവീകരണത്തിൽ (2016-17) 407 മീറ്റർ നീളമുള്ള ഒരു റോഡ് ചെയ്യുന്നതിനാണ് ഭരണാനുമതി നൽകിയിരുന്നത്. എന്നാൽ സ്ഥലം വിട്ടുകിട്ടാത്തതിനാൽ അതിൽ 225 മീറ്റർ റോഡ് നിർമ്മാണം മാത്രമേ പൂർത്തീകരിക്കുന്നതിന് സാധിച്ചിരുന്നുള്ളൂ.

ശേഷിക്കുന്ന തുക ഉപയോഗിച്ച് രണ്ട് റോഡുകൾ നിർമ്മിക്കുന്നതിന് അനുമതി നൽകിയിരുന്നുവെങ്കിലും അതിൽ ഒരു റോഡ് പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടാത്തതിനാൽ ഉപേക്ഷിക്കേണ്ടിവന്നു.

റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം ശേഷിക്കുന്ന ഒരു റോഡ് മാർച്ച് മാസത്തിനുള്ളിൽ പൂർത്തീകരിക്കേണ്ടതാണെന്നും അല്ലാത്ത പക്ഷം പൂർത്തിയാക്കിയ ഘട്ടം വച്ച് പ്രവൃത്തി അവസാനിപ്പിക്കുന്നതിനും 9-9-2022-ൽ ചേർന്ന ഉന്നതതല അവലോകന യോഗത്തിൽ നിർദ്ദേശം നൽകുകയും അപ്രകാരം 225 മീറ്റർ റോഡ് മാത്രം കണക്കാക്കി പദ്ധതി അവസാനിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ഉളവെയ്യ് അംബേദ്കർ കോളനി, ഇളയപാടം ലക്ഷം വീട് കോളനി എന്നിവ 2021-22 സാമ്പത്തിക വർഷം ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് .

(സി) മുൻകാലങ്ങളിൽ പൂർത്തീകരിക്കാത്ത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

പൊറ്റേത്തറ കോളനിയിൽ പൂർത്തീകരിക്കാനുള്ള റോഡ് കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**നെയ്യാറ്റിൻകര മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

18 (792) <u>ശ്രീ. കെ. ആൻസലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിപ്രകാരം അനുവദിച്ച ഫണ്ടുപയോഗിച്ച് നവീകരിക്കുന്ന അതിയന്നൂർ പഞ്ചായത്തിലെ ഭാസ്കർ നഗർ, കുളത്തൂർ പഞ്ചായത്തിലെ പൂഴിക്കുന്ന് എന്നീ

കോളനികളിലെ പ്രവൃത്തികളുടെ നിലവിലെ അവസ്ഥ എന്തെന്ന് വ്യക്തമാക്കുമോ:

(ബി) ഓരോ കോളനിയിലും ഇതുവരെ എത്ര തുകയാണ് വിനിയോഗിച്ചതെന്ന് വിശദമാക്കുമോ;

(സി) ഇനി പൂർത്തീകരിക്കേണ്ട പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദമാക്കുമോ?

(എ-സി) പ്രസ്തുത കോളനികളുടെ നവീകരണത്തിനായി എൺപത് ലക്ഷം രൂപാ വീതം അനുവദിക്കുകയും ടി തുക വിനിയോഗിച്ച് പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട് .

**ട്രൈബൽ കോളനികളിലെ കുട്ടികളുടെ പഠന പിന്നോക്കാവസ്ഥ**

19 (793) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രൈബൽ കോളനികളിലെ കുട്ടികളിൽ കാണപ്പെടുന്ന പഠന പിന്നോക്കാവസ്ഥയുടെ കാരണം കണ്ടെത്തുന്നതിന് ശാസ്ത്രീയ പഠനം

നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ പ്രസ്തുത കണ്ടെത്തലുകൾ വിശദമാക്കുമോ?

ഇല്ല.

(ബി) പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന മാർഗ്ഗങ്ങൾ വിശദമാക്കുമോ?

പട്ടികവർഗ്ഗ വിദ്യാർത്ഥികളിൽ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് സ്കൂളുകളിൽനിന്നും തിരികെ ഊരിലെത്തുന്ന കുട്ടികൾക്ക് ഊരുകൾ കേന്ദ്രീകരിച്ച് 500 സാമൂഹ്യ പഠനമുറികൾ സ്ഥാപിക്കുന്നതിന് നിലവിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ഒരു പഠനമുറിയിൽ 30 വിദ്യാർത്ഥികൾക്ക് സൗകര്യം ഏർപ്പെടുത്തിക്കൊണ്ട്, അഭ്യസ്തവിദ്യരായ യുവതീയുവാക്കളെ ഫെസിലിറ്റേറ്റർമാരായി തെരഞ്ഞെടുത്ത് പരിശീലനം നൽകി നിയമിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് ലഘുഭക്ഷണം, പഠന സാമഗ്രികൾ, ഇന്റർനെറ്റ് സൗകര്യം, പുസ്തകങ്ങൾ തുടങ്ങിയ അധികസൗകര്യങ്ങളും ഇവിടെ ലഭ്യമാക്കുന്നു. ഒന്നും രണ്ടും ഘട്ടങ്ങളിലായി 264 സാമൂഹ്യ പഠനമുറികൾ പ്രവർത്തിച്ചുവരുന്നു. വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുക, ഭാഷാപ്രശ്നം പരിഹരിക്കുക, പട്ടികവർഗത്തിൽപ്പെട്ട അഭ്യസ്തവിദ്യർക്ക് തൊഴിൽ നൽകുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി

വയനാട്, പാലക്കാട് ജില്ലകളിലായി 287 മെന്റർ ടീച്ചർമാരെ നിയമിച്ചിട്ടുണ്ട്. ഈ പദ്ധതി മുഖേന 13620 കുട്ടികൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്. കൂടാതെ മലപ്പുറം ജില്ലയിൽ 29 പേരെ കൂടി നിയമിക്കുന്നതിന് നടപടിയായിട്ടുണ്ട്.

പട്ടികവർഗ്ഗ ഊരുകൾ, ദുർഘട വനപ്രദേശം, മതിയായ വാഹനസൗകര്യം ഇല്ലാത്ത ഒറ്റപ്പെട്ട ഉൾപ്രദേശങ്ങൾ എന്നിവിടങ്ങളിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ സ്കൂളിൽ കൊണ്ടുപോയി തിരികെ വീട്ടിലെത്തിക്കുന്നതിനായുള്ള പദ്ധതിയും നടപ്പാക്കിവരുന്നു.

പ്രൈമറി ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളെ മുടങ്ങാതെ സ്കൂളിൽ അയയ്ക്കുന്നതിന് ഒരു കുട്ടിക്ക് പ്രതിവർഷം 500/- രൂപ വീതം എന്ന നിലയിൽ രക്ഷിതാക്കൾക്ക് നൽകിവരുന്നു. സമർത്ഥരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹന ധനസഹായം നൽകിവരുന്നു. പ്രീമെട്രിക് തലത്തിൽ സ്കോളർഷിപ്പും ലംപ്സം ഗ്രാന്റും നൽകുന്നു. കൂടാതെ 9, 10 ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് കേന്ദ്രസഹായ സ്കോളർഷിപ്പും നൽകിവരുന്നു.

(സി) ട്രൈബൽ കോളനികളിലെ കുട്ടികൾക്ക് പോഷകാഹാരം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്ന പ്രീ പ്രൈമറി വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ കുട്ടികൾക്ക് വകുപ്പ് സമീകൃത പോഷകാഹാരം നൽകിവരുന്നുണ്ട്.

ഗർഭിണികളായ അമ്മമാർക്ക് പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി ജനനി ജന്മരക്ഷ എന്ന പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കിവരുന്നു. അനുപൂരക പോഷകാഹാര പദ്ധതിക്ക് പുറമേ, സംയോജിത ശിശു വികസന പദ്ധതി മുഖേന 50% സംസ്ഥാനവിഹിതവും 50% കേന്ദ്രവിഹിതവും ഉപയോഗിച്ച് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ മുഖേന ട്രൈബൽ കോളനിയിലെ കുട്ടികൾക്ക് പോഷകാഹാരം നൽകുന്ന പദ്ധതി വനിതാ ശിശു വികസന വകുപ്പ് നടപ്പിലാക്കിവരുന്നു. ഈ പദ്ധതി പ്രകാരം സംസ്ഥാനത്തെ ട്രൈബൽ മേഖലകളിൽ ഉൾപ്പെടെയുള്ള 6 മാസം മുതൽ 6 വയസ്സ് വരെയുള്ള കുട്ടികൾക്കും ഗുരുതര പോഷകാഹാരക്കുറവുള്ള കുട്ടികൾക്കും

ഗർഭിണികൾക്കും പാലൂട്ടുന്ന അമ്മമാർക്കും പോഷകാഹാരം നൽകിവരുന്നു.

## തൃശ്ശൂർ ജില്ലയിലെ അംബേദ്കർ ഗ്രാമം പദ്ധതി

20 (794) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 വർഷത്തിൽ തൃശ്ശൂർ ജില്ലയിൽ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

2020-21 വർഷത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിലേയ്ക്ക് പ്രസ്തുത ജില്ലയിൽ നിന്നും പത്ത് കോളനികളെ തെരഞ്ഞെടുക്കുകയും നിർവഹണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രത്തിന് 20,00,000/- രൂപ വീതം മൊബിലൈസേഷൻ അഡ്വാൻസ് അനുവദിച്ച് നൽകിയിട്ടുമുണ്ട്.

(ബി) ജില്ലാ നിർമ്മിതി കേന്ദ്രത്തിന് പകരമായി മറ്റേതെങ്കിലും ഏജൻസികളെ പ്രവൃത്തികൾ ഏൽപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

തൃശ്ശൂർ ജില്ലാ നിർമ്മിതി കേന്ദ്രത്തിന്റെ അക്രഡിറ്റേഷൻ പുതുക്കി കൊണ്ടുള്ള ഉത്തരവ് പ്രകാരം ഒരേ സമയം പതിനഞ്ച് കോടി രൂപ വരെയുള്ള പ്രവൃത്തികളേ ചെയ്യാൻ സാധിക്കുകയുള്ളൂ. എ. ജി തടസ്സവാദം ഉന്നയിച്ചിട്ടുള്ളതിനാൽ മറ്റു സർക്കാർ അംഗീകൃത അക്രെഡിറ്റഡ് ഏജൻസികൾ എം. എൽ. എ. നിർദ്ദേശിക്കുന്നമുറയ്ക്ക് പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകുകയും ആയത് പ്രകാരം മൂന്ന് കോളനികളുടെ നിർവഹണ ഏജൻസികളെ മാറ്റി ഉത്തരവായിട്ടുമുണ്ട്.

## പറമ്പിക്കുളത്തെ ആദിവാസി കോളനികളിലെ പാർപ്പിട സൗകര്യം

21 (795) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളത്തെ ഏതെല്ലാം ആദിവാസി കോളനികളിലാണ് മതിയായ പാർപ്പിട സൗകര്യം ഇല്ലാത്തത് എന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. പറമ്പിക്കുളത്തെ അഞ്ചാം കോളനി, കുരിയാർകുറ്റി കോളനി, കടവ് കോളനി, എർത്ത് ഡാം കോളനി, അല്ലിമൂപ്പൻ കോളനി, മൂപ്പതേക്കർ കോളനി, ഒറവൻപാടി കോളനി, സുങ്കം കോളനി, പൂപ്പാറ കോളനി, കച്ചിത്തോട് കോളനി തുടങ്ങിയ 10 കോളനികളിലും മതിയായ പാർപ്പിട സൗകര്യമില്ല എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരം കോളനികളിൽ മതിയായ പാർപ്പിട സൗകര്യം ഒരുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പറമ്പിക്കുളം മേഖലയിലെ പട്ടികവർഗ്ഗ കോളനികളിൽ 152 വീടുകൾ അനുവദിച്ചിട്ടുണ്ട്.

കൂടാതെ, സുങ്കം കോളനിയിൽ ജീർണ്ണാവസ്ഥയിലുള്ളതായി കണ്ടെത്തിയിട്ടുള്ള 42 വീടുകളുടെ അറ്റകുറ്റപ്പണികൾ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നിർവ്വഹിക്കുന്നതിനായി പദ്ധതി തയ്യാറാക്കിവരുന്നു.

ഒറവൻപാടി കോളനിയിൽ 15/09/2020-ന് വനാവകാശ കൈവശരേഖ കൈപ്പറ്റിയിട്ടുള്ള 30 കുടുംബങ്ങൾക്കും കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തിലെ PMAY പദ്ധതിയിൽ ഉൾപ്പെടുത്തി വീട് അനുവദിച്ചിട്ടുണ്ട്.

പറമ്പിക്കുളം കടവ് കോളനിയിൽ നിലവിൽ കോൺക്രീറ്റ് വീടുകൾ ഉണ്ടെങ്കിലും 3 സെന്റിന് താഴെ മാത്രം ഭൂമിയിൽ ഇടുങ്ങിയ വീടുകളിലാണ് താമസിച്ചുവരുന്നത്. ടി കോളനിയിലെ 49 കുടുംബങ്ങൾക്ക് അതേ സ്ഥലത്തുതന്നെ സൗകര്യത്തോടുകൂടി വീട് നിർമ്മിക്കുവാൻ സംസ്ഥാന നിർമ്മിതികേന്ദ്രം ലഭ്യമാക്കിയ എസ്റ്റിമേറ്റിന്മേൽ നടപടികൾ സ്വീകരിച്ചു വരുന്നു.

## ഉദുമയിലെ അംബേദ്കർ ഗ്രാമ വികസന പദ്ധതി

22 (796) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദുമ നിയോജകമണ്ഡലത്തിലെ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ കഴിഞ്ഞ ആറ് വർഷത്തിനിടെ എത്ര കോളനികളെയാണ് തിരഞ്ഞെടുത്തിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) പ്രസ്തുത കോളനികളുടെ നിർമ്മാണ പുരോഗതി ഏതു വരെയായിട്ടുണ്ടെന്ന് വിശദമാക്കുമോ?

(എ &ബി) വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(സി) ഈ പദ്ധതിയിൽ തുക അനുവദിച്ചിട്ടും പ്രവൃത്തി ഏറ്റെടുത്ത ഏജൻസികൾ യഥാസമയം പ്രവൃത്തി പൂർത്തിയാക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി)എങ്കിൽ ഇത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ?

(സി & ഡി) ഉണ്ട്. ദേവരടുക്ക കോളനിയിൽ കമ്മ്യൂണിറ്റി ഹാൾ പൊളിച്ചുമാറ്റുന്നതിന് മോണിറ്ററിംഗ് കമ്മിറ്റിയുടെ തീരുമാനം വൈകിയതിനാലും ഉജ്ജംപാടി കോളനിയിൽ കമ്മ്യൂണിറ്റിഹാൾ നിർമ്മാണത്തിന് സ്ഥലം വിട്ടുകിട്ടുന്നതിന് കാലതാമസം നേരിട്ടതിനാലുമാണ് യഥാസമയം പദ്ധതി പൂർത്തീകരിക്കാൻ സാധിക്കാതിരുന്നത്. നിലവിൽ ടി രണ്ടു കോളനികളുടെയും എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മോണിറ്ററിംഗ് കമ്മിറ്റിയുടെ തീരുമാനപ്രകാരം പ്രസ്തുത കോളനികളുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിച്ചുനൽകിയിട്ടുണ്ട്.

**ചങ്ങനാശ്ശേരി മണ്ഡലത്തിലെ അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതി**

23 (797) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതി പ്രകാരം ചങ്ങനാശ്ശേരി മണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭ്യമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ, വിശദാംശം നൽകുമോ?

പ്രസ്തുത മണ്ഡലത്തിൽനിന്നും മുതലപ്ര, വെള്ളൂക്കുന്ന് എന്നീ രണ്ടു പട്ടികജാതി കോളനികളെ 2021-22 വർഷത്തിലെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരണ പ്രവർത്തനങ്ങൾക്കായി തെരഞ്ഞെടുത്തിട്ടുണ്ട് .

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്ന പ്രവൃത്തികൾ പൂർത്തീകരിക്കാൻ നിയോഗിക്കപ്പെട്ടിട്ടുള്ള അക്രെഡിറ്റഡ് ഏജൻസികൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ?

സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

(സി) അക്രെഡിറ്റഡ് ഏജൻസികളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വ്യക്തമാക്കുമോ?

18-3-2017-ലെ സ.ഉ(കൈ)നം.15/2017/പജപവവിവ, 03-12-2021-ലെ സ.ഉ(കൈ)നം.54/2021/പജപവവിവ എന്നീ ഉത്തരവുകളിലെ മാനദണ്ഡങ്ങൾ പ്രകാരമാണ് അംബേദ്കർ ഗ്രാമം പദ്ധതിയിൽ അക്രെഡിറ്റഡ് ഏജൻസികളെ തെരഞ്ഞെടുക്കുന്നത് (പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു)+.

**അംബേദ്കർ ഗ്രാമവികസന പദ്ധതി നിർവ്വഹണം**

24 (798) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കോളനികളുടെ വികസനത്തിനായി നടപ്പിലാക്കുന്ന അംബേദ്കർ ഗ്രാമവികസന പദ്ധതിയുടെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിർവ്വഹണത്തിന് നിശ്ചയിച്ചിരിക്കുന്ന ഏജൻസികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിർവ്വഹണത്തിന് അക്രെഡിറ്റഡ് ഏജൻസിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ ചുമതലപ്പെടുത്തുന്നതിൽ എന്തെങ്കിലും തടസ്സമുണ്ടോ എന്ന വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ കാരണം വിശദമാക്കുമോ?

(എ & ബി) 18-03-2017-ലെ സ.ഉ. (കൈ) നം.15/2017/പജപവവിവ പ്രകാരം അംബേദ്കർ ഗ്രാമവികസന പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി അതാത് ജില്ലാ നിർമ്മിതി കേന്ദ്രങ്ങളെയാണ് ചുമതലപ്പെടുത്തിയിരുന്നത്. നിർമ്മിതി കേന്ദ്രങ്ങൾക്ക് എന്തെങ്കിലും പരിമിതിയുള്ള പക്ഷം ബന്ധപ്പെട്ട എം. എൽ. എ.- മാർ നിർദ്ദേശിക്കുന്ന സർക്കാർ ഏജൻസികൾക്കും നിർവ്വഹണ ചുമതല നൽകാൻ വ്യവസ്ഥയുണ്ടായിരുന്നു. 03-12-2021-ൽ പുറപ്പെടുവിച്ച പരിഷ്കരിച്ച (സ.ഉ. (കൈ) നം.54/2021/പജപവവിവ) ഉത്തരവ് പ്രകാരം, നിർമ്മിതി കേന്ദ്രങ്ങൾക്കു പുറമെ അംഗീകൃത സർക്കാർ ഏജൻസികളെയും പദ്ധതി നിർവ്വഹണത്തിനായി ചുമതലപ്പെടുത്താവുന്നതാണ്. ഊരാളുങ്കൽ ലേബർ

കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി അംഗീകൃത സർക്കാരിതര ഏജൻസി ആണ്.

**ആദിവാസി കോളനികളിലെ അടിസ്ഥാന സൗകര്യ വികസനം**

25 (799) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി കോളനികളിലെ അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങളുടെ മെല്ലെപ്പോക്ക് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. നിർമ്മാണസാമഗ്രികളുടെ ലഭ്യതക്കുറവ്, അവ കോളനികളിലെത്തിക്കുന്നതിനുള്ള കാലതാമസം, വനം വകുപ്പിന്റെ അംഗീകാരം ലഭ്യമാകാനുള്ള താമസം, പ്രകൃതിക്ഷോഭം, നിർവ്വഹണ ഏജൻസികളുടെ ഭാഗത്തെ വീഴ്ചകൾ തുടങ്ങിയ കാരണങ്ങളാലാണ് ആദിവാസി കോളനികളിലെ അടിസ്ഥാന സൗകര്യവികസന പദ്ധതികളുടെ പൂർത്തീകരണത്തിന് കാലതാമസമുണ്ടാകുന്നത്.

(ബി) എങ്കിൽ ഇവ ത്വരിതപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

കോളനികളിലെ അടിസ്ഥാന വികസനത്തിനായുള്ള അംബേദ്കർ ഊരു വികസന പദ്ധതിയിൽ 2016-17-ൽ ആരംഭിച്ച് പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെ പൂർത്തീകരണത്തിനായി വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ 2 തവണ പ്രത്യേക യോഗം വിളിച്ചുചേർത്തതിന്റെ ഫലമായി നിലവിൽ പദ്ധതികൾ പൂർത്തീകരണത്തിന്റെ അവസാന ഘട്ടത്തിലാണ്.

എല്ലാ മാസവും പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാരുടെ അവലോകന യോഗത്തിൽ വിഷയം ചർച്ച ചെയ്ത് വനം വകുപ്പിന്റെ അംഗീകാരം ലഭ്യമാക്കുന്നതിനും നിർമ്മാണ സാമഗ്രികൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) ആദിവാസി മേഖലയിൽ കഴിഞ്ഞ 5 വർഷക്കാലയളവിനുള്ളിൽ ആരംഭിച്ചതും പൂർത്തീകരിക്കാൻ കഴിയാത്തതുമായ വികസന പദ്ധതികൾ എത്ര; അവ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നറിയിക്കുമോ?

പട്ടികവർഗ്ഗ മേഖലയിൽ 2017-18 കാലയളവിൽ അടിസ്ഥാനസൗകര്യ വികസനത്തിനായി ആരംഭിച്ച 94 അംബേദ്കർ സെറ്റിൽമെന്റ് വികസന

പദ്ധതികൾ പൂർത്തീകരിക്കുന്നതിനായി പ്രത്യേക യോഗങ്ങൾ 2021 സെപ്തംബറിലും ഡിസംബറിലും ചേർന്നിരുന്നു. നിലവിൽ പൂർത്തീകരണത്തിന്റെ അന്തിമഘട്ടത്തിലാണ്.

**അംബേദ്കർ ഗ്രാമം പദ്ധതിയുടെ പൂർത്തീകരണം**

26 (800) <u>ശ്രീ. കെ. ബാബു (നെന്മാറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന അംബേദ്കർ ഗ്രാമം പദ്ധതിയുടെ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല എന്ന വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരം പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വകുപ്പ് മന്ത്രിതലത്തിൽ നിർവ്വഹണ ഏജൻസികളുടെയും ഉദ്യോഗസ്ഥരുടെയും അവലോകനയോഗം നടത്തുകയുണ്ടായി. പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിച്ച് ഫൈനൽ ബിൽ സമർപ്പിക്കുന്നതിന് ഡയറക്ടറേറ്റുതലത്തിലും ബന്ധപ്പെട്ട നിർവ്വഹണ ഏജൻസികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

ജില്ലാ കളക്ടർ, അസി. കളക്ടർ, ജില്ലാ പട്ടികജാതി വികസന ഓഫീസർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ ജില്ലാതലത്തിൽ നിർമ്മാണ ഏജൻസികളുടെ യോഗം വിളിച്ചുചേർക്കുകയും പ്രവൃത്തി പുരോഗതി വിലയിരുത്തുകയും പദ്ധതികൾ പൂർത്തീകരിക്കാൻ വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

അംബേദ്കർഗ്രാമം പദ്ധതിയുടെ നടത്തിപ്പ് കൂടുതൽ കാര്യക്ഷമമാക്കി, പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും 3/12/2021-ലെ സ.ഉ (കൈ) നം. 54/2021/പ.ജ.പ.വി.വ പ്രകാരം പദ്ധതി നടത്തിപ്പിലെ വ്യവസ്ഥകൾ പരിഷ്കരിച്ചിട്ടുണ്ട്.

## അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം

27 (801) <u>ശ്രീ വി. ജോയി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമ പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിനായി തെരഞ്ഞെടുത്ത കോളനികളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(ബി) നിർമ്മാണം ആരംഭിക്കാത്ത കോളനികളിൽ അടിയന്തരമായി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(എ & ബി) പ്രസ്തുത മണ്ഡലത്തിൽനിന്നും 2016-17 വർഷത്തിൽ അംബേദ്കർ ഗ്രാമ പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഇ.പി കോളനി, പുളിയറക്കോണം കൈപ്പടകോണം കോളനി എന്നിവയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

2019-20 വർഷം ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയ ശ്രീനിവാസപുരം കോളനിയുടെ നവീകരണ പ്രവൃത്തികൾ 50% പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന പ്രവൃത്തികൾ പുരോഗമിക്കുന്നു.

2020-21 വർഷം പദ്ധതിയിൽ ഉൾപ്പെടുത്തിയ മുനിക്കുന്ന് കോളനിയുടെ എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിന് ജില്ലാ നിർമ്മിതികേന്ദ്രത്തിന് നിർദ്ദേശം നൽകിയിട്ടുമുണ്ട്.

വട്ടപ്ലാമൂട്, തേരിക്കൽ എന്നീ കോളനികളെ 2021-22 വർഷത്തിൽ പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുക്കുകയും എസ്റ്റിമേറ്റ്, മോണിറ്ററിംഗ് കമ്മിറ്റി മിനിട്ട്സ് എന്നിവ ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട നിർവഹണ ഏജൻസികൾക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട് .

## കല്ല്യാശ്ശേരി മണ്ഡലത്തിലെ അംബേദ്കർ സ്വയംപര്യാപ്തഗ്രാമം പദ്ധതി

28 (802) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ അംബേദ്കർ സ്വയംപര്യാപ്തഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി ഇപ്പോൾ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്ന കോളനികൾ ഏതൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ?

വിവരം അനുബന്ധമായി ചേർക്കുന്നു+.

## അംബേദ്കർ ഗ്രാമം പദ്ധതി

29 (803) <u>ശ്രീ. വി. ആർ. സുനിൽകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ നടപ്പിലാക്കുന്ന അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി എന്തൊക്കെ പ്രവർത്തനങ്ങളാണ് കോളനികളിൽ നടപ്പാക്കുന്നതെന്ന് അറിയിക്കുമോ?

നിലവിലെ വ്യവസ്ഥ പ്രകാരം അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഏറ്റെടുക്കാവുന്ന പ്രവൃത്തികൾ: കോളനിക്കുള്ളിലെ റോഡ്/നടപ്പാത, ഡ്രെയ്നേജ്, ഇന്റർനെറ്റ് കണക്റ്റിവിറ്റി സൗകര്യങ്ങൾ, കുടിവെള്ളത്തിനും ജലസേചനത്തിനുമുള്ള സൗകര്യങ്ങൾ, കോളനിക്കുള്ളിലെ പൊതുസ്ഥലങ്ങളിലെയും വീടുകളിലെയും വൈദ്യുതീകരണം, സോളാർ തെരുവ് വിളക്കുകൾ സ്ഥാപിക്കൽ, പൊതുസ്ഥലങ്ങളിലെയും വീടുകളിലെയും ഖര-ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ, ഭവന പുനരുദ്ധാരണം, പൊതുആസ്തികളുടെ മെയിന്റനൻസ്, പൊതുവായ സൗകര്യങ്ങൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മെച്ചപ്പെടുത്തൽ/കളിസ്ഥലങ്ങൾ മുതലായവ (സ്ഥലം ലഭ്യമാണെങ്കിൽ), സംരക്ഷണഭിത്തി നിർമ്മാണം, വനിതകൾക്കുള്ള സ്വയംതൊഴിൽ പദ്ധതികൾ എന്നിവയാണ്.

(ബി) കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം നവീകരിച്ച കോളനികൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ?

2016-17

1. പൂപ്പത്തി കിഴക്കേ കോളനി
2. ചാപ്പാറ പട്ടികജാതി കോളനി

2019-20

1. വെള്ളൂർ അംബേദ്കർ കോളനി

2021-22 വർഷത്തിലേയ്ക്ക് മാള കോൾക്കുന്ന് കോളനി, പുത്തൻചിറ പുളിയലക്കുന്ന് കോളനി എന്നീ രണ്ട് കോളനികളെ തെരഞ്ഞെടുത്തിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിപ്രകാരം കൊടുങ്ങല്ലൂർ നിയോജക മണ്ഡലത്തിൽ അനുമതി ലഭിച്ചതിൽ ഇനി പൂർത്തിയാക്കാനുള്ള

കോളനികൾ ഏതൊക്കെ ആണെന്നും അവയുടെ നിലവിലുള്ള സ്ഥിതിയും അറിയിക്കുമോ?

<u>പൂപ്പത്തി കിഴക്കേ കോളനി</u>

ടി കോളനിയിലെ കുടിവെള്ള വ്യവസായ പദ്ധതി, വനിതാ വ്യവസായ കേന്ദ്രത്തിന്റെ വയറിംഗ്, ടൈൽസ് പാകൽ, ടോയ്‌ലറ്റ് നിർമ്മാണം എന്നിവ ഒഴിച്ച് ബാക്കി എസ്റ്റിമേറ്റ് പ്രകാരമുള്ള എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. കുടിവെള്ള പദ്ധതിയുടെ അവശേഷിക്കുന്ന പൈപ്പ്ലൈൻ സ്ഥാപിക്കൽ, വീടുകളിലേയ്ക്ക് കണക്ഷൻ നൽകൽ എന്നീ പ്രവൃത്തികളും വനിതാ വ്യവസായ കേന്ദ്രത്തിന്റെ ബാക്കി പ്രവൃത്തികളും രണ്ടാഴ്ച്ചയ്ക്കകം പൂർത്തീകരിക്കുമെന്ന് ഏജൻസിയായ ജില്ലാ നിർമ്മിതികേന്ദ്രം അറിയിച്ചിട്ടുണ്ട്.

<u>വെള്ളൂർ അംബേദ്കർ കോളനി</u>

വനിതാ വ്യവസായ കേന്ദ്രത്തിന്റെ ടി കോളനിയിലെ ജനൽ, കതകുകൾ വയ്ക്കുക, പെയിന്റിംഗ് എന്നിവ ഒഴികെയുള്ള എസ്റ്റിമേറ്റ് പ്രകാരമുള്ള എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചു.

2021-22 വർഷത്തെ കോളനികളായ കോൾക്കുന്ന് കോളനി, പുത്തൻചിറ പുളിയലക്കുന്ന് കോളനി എന്നീ കോളനികളുടെ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല.

**വെണ്ടേക്കുംപൊയിൽ കോളനി നിവാസികളുടെ പുനരധിവാസം**

30 (804) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിദുരന്ത ഭീഷണി നേരിടുന്ന കോടഞ്ചേരി പഞ്ചായത്തിലെ വെണ്ടേക്കുംപൊയിൽ ട്രൈബൽ കോളനി നിവാസികളെ പുനരധിവസിപ്പിക്കുന്ന പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കുമോ?

ദുരന്തനിവാരണ വകുപ്പ്/റവന്യൂ വകുപ്പ് മുഖേന വെണ്ടേക്കുംപൊയിൽ കോളനി നിവാസികളെ പുനരധിവസിപ്പിക്കുന്നതിനായി ഭൂമി കണ്ടെത്തിയിട്ടുണ്ട്.

(ബി) കോളനി നിവാസികളുടെ പുനരധിവാസം വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

കണ്ടെത്തിയ ഭൂമിയിലേയ്ക്ക് കോളനി നിവാസികൾ മാറിത്താമസിക്കുവാൻ തയ്യാറാകാത്തതിനാലാണ് പുനരധിവാസം വൈകുന്നത്.

(സി) പ്രസ്തുത കോളനി നിവാസികളുടെ പുനരധിവാസം വേഗത്തിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിന് കോളനി നിവാസികൾക്ക് നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കോളനി നിവാസികൾ ഭൂമി കണ്ടെത്തുകയും ടി ഭൂമി വാങ്ങുന്നതിനായി ഭൂവുടമയുമായി ഭൂമിയുടെ വില നിശ്ചയിച്ച് രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു.

## അംബേദ്കർ ഗ്രാമം പദ്ധതി

31 (805) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ നിന്നും അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഇറിഗേഷൻ പട്ടികജാതി കോളനികളുടെയും

കരിക്കൊടി പട്ടികജാതി കോളനികളുടെയും നവീകരണത്തിനായി നടപ്പിലാക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണ്?

മണലൂർ മണ്ഡലത്തിൽനിന്നും ഇറിഗേഷൻ പട്ടികജാതി കോളനി, കരിക്കൊടി പട്ടികജാതി കോളനി എന്നിവയെ അംബേദ്കർ ഗ്രാമം പദ്ധതിയിലേയ്ക്ക് തെരെഞ്ഞെടുത്തിരുന്നു.

കരിക്കൊടി കോളനിയിൽ ഭവന പുനരുദ്ധാരണം, ടോയ്‌ലറ്റ് മെയിന്റനൻസ് എന്നീ പ്രവൃത്തികളും ഇറിഗേഷൻ പട്ടികജാതി കോളനിയിൽ 22 വീടുകളുടെ പുനരുദ്ധാരണം, സൈഡ് പ്രൊട്ടക്ഷൻ വർക്ക്, കോൺക്രീറ്റ് റോഡ് നിർമ്മാണം എന്നീ പ്രവൃത്തികളും ഉൾപ്പെടുത്തിയിരുന്നു.

(ബി) പ്രസ്തുത കോളനികളിലെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ന് പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കാമോ; വിശദാംശങ്ങൾ നൽകുമോ?

രണ്ട് കോളനികളിലെയും പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

## എരുമേലി എരുത്വാപ്പുഴ മലവേടർ പട്ടികവർഗ്ഗകോളനി വികസനം

32 (806) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ എരുമേലി എരുത്വാപ്പുഴ മലവേടർ പട്ടികവർഗ്ഗകോളനി നവീകരിക്കുന്നതിനായി അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ?

എരുത്വാപ്പുഴ പട്ടികവർഗ്ഗ കോളനിയിലെ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനായി 10/03/2022-ന് പ്രത്യേക ഊരുകൂട്ടം ചേർന്ന്, കരട് ഡി.പി.ആർ തയ്യാറാക്കുന്നതിന് നിർവ്വഹണ ഏജൻസിയായ സംസ്ഥാന നിർമ്മിതികേന്ദ്രത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) ഏതൊക്കെ പ്രവൃത്തികളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്?

- ഭവന പുനരുദ്ധാരണം

- നിലവിലുള്ള കിണറുകളുടെ പുനരുദ്ധാരണം (ആഴം കൂട്ടി റിംഗ് ഇറക്കുക)
- കിണറുകൾക്ക് സംരക്ഷണ ഭിത്തി കെട്ടൽ
- നടപ്പുവഴി കോൺക്രീറ്റിംഗ്
- നടപ്പാത/സ്റ്റെപ്പ് നിർമ്മാണം
- സോളാർ ലൈറ്റ്
- വീടുകൾക്ക് സംരക്ഷണ ഭിത്തി
- കോളനിയിലെ പൊതുആവശ്യത്തിലേയ്ക്ക് ദഹനപ്പെട്ടി
- ജീവനോപാധി വിതരണം
- കാർഷിക ഉപകരണങ്ങളുടെ വിതരണം എന്നീ പദ്ധതികളാണ് ഊരുകൂട്ടം തീരുമാനിച്ചിട്ടുള്ളത്. ഡി.പി.ആർ തയ്യാറാക്കി ജില്ലാതല വർക്കിംഗ് ഗ്രൂപ്പ് അംഗീകരിക്കുന്നമുറയ്ക്ക് മാത്രമാണ് നടപ്പിലാക്കുന്ന പദ്ധതികളുടെ അന്തിമതീരുമാനം എടുക്കുന്നത്.

(സി) പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി ആരംഭിച്ച് കോളനി നവീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

സംസ്ഥാന നിർമ്മിതി കേന്ദ്രം പദ്ധതിയുടെ ഡി.പി.ആർ ലഭ്യമാക്കിയാലുടൻ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**പയ്യന്നൂർ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

33 (807) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ കോളനികളിലെ പ്രവർത്തന പുരോഗതി അറിയിക്കുമോ?

വിവരം അനുബന്ധമായി ചേർക്കുന്നു+.

(ബി) പദ്ധതി എപ്പോൾ പൂർത്തികരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

2023 മാർച്ച് 31-നുള്ളിൽ പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കായംകുളം മണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗ കോളനികളുടെ കണക്ക്

34 (808) <u>ശ്രീമതി യു. പ്രതിഭ</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ എത്ര പട്ടികജാതി പട്ടികവർഗ്ഗ കോളനികൾ ഉണ്ടെന്നും പ്രസ്തുത കോളനികളിൽ ഓരോന്നിലും എത്ര കുടുംബങ്ങൾ ഉണ്ട് എന്നുമുള്ള കണക്കുകൾ ലഭ്യമാക്കുമോ?

കായംകുളം നിയോജകമണ്ഡലത്തിൽ രണ്ട് പട്ടികവർഗ്ഗ കോളനികളാണ് ഉള്ളത്. വിശദവിവരം ചുവടെ ചേർക്കുന്നു.

1. അയ്യൻകോയിക്കൽ കോളനി - 3 കുടുംബങ്ങൾ

2. അരുവന്നൂർകുറ്റി കോളനി - 15 കുടുംബങ്ങൾ

പട്ടികജാതി കോളനികളുടെയും കുടുംബങ്ങളുടെയും വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മണ്ണാർക്കാട് മണ്ഡലത്തിലെ പട്ടികജാതി /പട്ടികവർഗ്ഗ കോളനികളുടെ വികസനം

35 (809) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് മണ്ഡലത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ കോളനികളുടെ വികസനത്തിന് 2021-22 സാമ്പത്തിക വർഷത്തിൽ ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ; ഇവയിൽ പൂർത്തീകരിക്കാത്ത ഏതെല്ലാം പദ്ധതികളുണ്ടെന്ന വിവരം ലഭ്യമാക്കുമോ?

മണ്ണാർക്കാട് മണ്ഡലത്തിലെ പട്ടികജാതി കോളനികളുടെ വികസനത്തിനായി 2021-22 സാമ്പത്തിക വർഷം കോർപ്പസ് ഫണ്ട്, അംബേദ്കർ ഗ്രാമം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ കോളനികളുടെ വികസനത്തിനായി ആവിഷ്കരിച്ച പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

(ബി) നടപ്പ് സാമ്പത്തിക വർഷത്തിൽ പ്രസ്തുത മണ്ഡലത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ കോളനികളുടെ വികസനത്തിന് എന്തെങ്കിലും

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ ഇവയുടെ വിശദവിവരം ലഭ്യമാക്കുമോ?

നടപ്പ് സാമ്പത്തിക വർഷം പട്ടികവർഗ്ഗ കോളനികളുടെ വികസനത്തിനായി അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി നടപ്പാക്കുന്നതിനായി മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽനിന്നും പോത്തുപ്പാടി ഫസ്റ്റ് സൈറ്റ്, വെള്ളക്കുളം എന്നീ പട്ടികവർഗ്ഗ കോളനികളെ തെരഞ്ഞെടുത്തിട്ടുണ്ട്. ഈ കോളനികളിൽ പദ്ധതി നടപ്പാക്കുന്നതിന് നിർവ്വഹണ ഏജൻസികളെ തെരഞ്ഞെടുത്തിട്ടുണ്ട്. കോളനികളിൽ നടപ്പാക്കേണ്ട പദ്ധതികൾ ഊരുകൂട്ടം ചേർന്ന് തീരുമാനിക്കുന്നതിനും ഡി.പി.ആർ. തയ്യാറാക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

നടപ്പു സാമ്പത്തികവർഷം പട്ടികജാതി കോളനികളുടെ വികസന പ്രവർത്തനങ്ങൾക്കായി പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല.

**കരിങ്കാളിമ്മൽ കോളനിയുടെ നിർമ്മാണ പ്രവൃത്തി**

36 (810) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതിയിലൂടെ ബാലുശ്ശേരിയിലെ ഉണ്ണിക്കുളം പഞ്ചായത്തിൽ നവീകരിക്കുന്ന കരിങ്കാളിമ്മൽ കോളനിയുടെ പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കാലതാമസം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കുന്നതിൽ എന്തുകൊണ്ടാണ് കാലതാമസം നേരിട്ടതെന്നും അത് പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചതെന്നും അറിയിക്കുമോ?

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തുന്ന പ്രസ്തുത കോളനിയിലെ ഭരണാനുമതി ലഭിച്ച പ്രവൃത്തികളിൽ ഭവന പുനരുദ്ധാരണം, റോഡ് പ്രവൃത്തി, ഫുട്പാത്ത്, കുടിവെള്ള പദ്ധതിയുടെ ഭാഗമായ കിണർ, വാട്ടർടാങ്ക്, പമ്പ് ഹൗസ് എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. കിണർ, വാട്ടർടാങ്ക്, പമ്പ് ഹൗസ് എന്നിവയ്ക്ക് അനുയോജ്യമായ സ്ഥലം വിട്ടുകിട്ടുന്നതിന് കാലതാമസം വന്നത് പ്രവൃത്തിയുടെ പൂർത്തീകരണത്തിന് കാലതാമസമുണ്ടാക്കിയിട്ടുണ്ട്. ടി കോളനിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് സമർപ്പിച്ചതിൽ അങ്കണവാടി നിർമ്മിക്കുന്നതിന് അനുമതി

ആവശ്യപ്പെട്ടിരുന്നെങ്കിലും പദ്ധതി മാനദണ്ഡ പ്രകാരമല്ലാത്ത ടി പ്രവൃത്തിക്ക് അംഗീകാരം നൽകിയിരുന്നില്ല. എന്നാൽ മോണിറ്ററിംഗ് കമ്മിറ്റി നിർദ്ദേശപ്രകാരം അങ്കണവാടിക്ക് പകരം സാംസ്കാരിക നിലയം ഉൾപ്പെടുത്തി റിവൈസ്ഡ് എസ്റ്റിമേറ്റ് ലഭ്യമാക്കി അംഗീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**പട്ടികജാതി കോളനികളിലെ അടിസ്ഥാന സൗകര്യങ്ങൾ**

37 (811) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് **പട്ടികജാതി, പട്ടികവർഗ്ഗ,** പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ കുടിവെള്ള ലഭ്യതയില്ലാത്ത പട്ടികജാതി കോളനികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ;

നാവായിക്കുളം ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ടിട്ടുള്ള പണിക്കക്കുടി കോളനി, പത്തനാപുരം കോളനി, കോണത്ത് കിഴക്കേക്കര കോളനി, ഇടമൺ നില പുളിയറക്കോണം കോളനി, തററ്റയിൽ കോളനി മടവൂർ ഗ്രാമ പഞ്ചായത്തിൽ ഉൾപ്പെട്ടിട്ടുള്ള മണ്ണടിക്കോണം കോളനി, കാലരാട്ട്കോണം

കോളനി, വാറുപൊയ്ക കോളനി, മാങ്കുഴി കോളനി എന്നിവയാണ് പ്രസ്തുത മണ്ഡലത്തിലെ കുടിവെള്ള ലഭ്യതയില്ലാത്ത പട്ടികജാതി കോളനികൾ.

(ബി) പ്രസ്തുത കോളനികളിൽ വാസയോഗ്യമല്ലാത്ത വീടുകളിൽ താമസിക്കുന്ന കുടുംബങ്ങൾ എത്രയെന്നും വൈദ്യുതി കണക്ഷൻ ഇല്ലാത്ത വീടുകൾ എത്രയെന്നും വിശദമാക്കുമോ?

പ്രസ്തുത കോളനികളിൽ വാസയോഗ്യമല്ലാത്ത വീടുകളിൽ താമസിക്കുന്ന 21 കുടുംബങ്ങളുണ്ട്. ടി കോളനികളിലെ എല്ലാ വീടുകളിലും വൈദ്യുതി കണക്ഷനുണ്ട്.

**ട്രൈബൽ സ്കൂളുകളിലെ കുട്ടികൾക്ക് യാത്രാസൗകര്യത്തിന് സ്കൂൾ ബസ്**

38 (812) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്. ടി വിഭാഗത്തിൽ ഉൾപ്പെട്ട വിദ്യാർഥികൾ പഠിക്കുന്ന സർക്കാർ ട്രൈബൽ സ്കൂളുകൾക്ക് സ്കൂൾ ബസ് നൽകുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) വകുപ്പ് ഫണ്ട് ഉപയോഗിച്ച് ട്രൈബൽ സ്കൂളുകൾക്ക് ബസ്സുകൾ വാങ്ങി നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

(എ&ബി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും വിദൂരവും ദുർഘടവുമായ പട്ടികവർഗ്ഗസങ്കേതങ്ങളിൽനിന്നും സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളെ സ്കൂളിൽ കൊണ്ടുപോയി തിരികെ വീട്ടിലെത്തിക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നതിനാൽ പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾ പഠിക്കുന്ന സർക്കാർ ട്രൈബൽ സ്കൂളുകൾക്ക് സ്കൂൾ ബസ് നൽകുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല.

**നിയമ ഗോത്രം പദ്ധതി**

39 (813) ശ്രീമതി സി. കെ. ആശ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ വിദ്യാർഥികളുടെ ഉന്നത വിദ്യാഭ്യാസ പുരോഗതിക്കുവേണ്ടി ഈ സർക്കാർ നടപ്പാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് ഇപ്പോൾ സർക്കാർ നൽകിവരുന്ന വിദ്യാഭ്യാസ സേവനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതി

നഴ്സറിതലം മുതൽ എസ്.എസ്.എൽ.സി വരെ പഠനം നടത്തുന്ന കുട്ടികൾക്ക് നൽകുന്ന ലംപ്സം ഗ്രാന്റ്, പ്രതിമാസ സ്റ്റൈപന്റ് എന്നിവയുടെ നിരക്കുകൾ അനുബന്ധമായി ചേർക്കുന്നു+.

2. പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതി - 9, 10 ക്ലാസ്സുകളിൽ (100% കേന്ദ്രാവിഷ്കൃത പദ്ധതി)

9, 10 ക്ലാസുകളിൽ പഠിക്കുന്നതും കുടുംബ വാർഷികവരുമാനം 2.5 ലക്ഷത്തിൽ താഴെയുള്ളതുമായ വിദ്യാർത്ഥികൾക്ക് കേന്ദ്രസർക്കാർ പ്രതിവർഷം 2250/- രൂപ സ്കോളർഷിപ്പ് ഇനത്തിലും 750/- രൂപ ബുക്സ് തുടങ്ങിയ പഠനസാമഗ്രികൾ വാങ്ങുന്നതിന് ഗ്രാന്റ് ഇനത്തിലും നൽകുന്നു. ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് യഥാക്രമം 5250/- രൂപയും 1000/- രൂപയും നൽകുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

3. <u>പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതി</u>

പട്ടിക വർഗ്ഗ വിഭാഗത്തിലെ പത്താം ക്ലാസിന് മുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 'പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് സ്കീം' എന്ന പദ്ധതി മുഖേന വിദ്യാഭ്യാസ ആനുകൂല്യം വിതരണം ചെയ്തുവരുന്നു.

4) <u>വിദേശപഠനത്തിനുള്ള ധനസഹായം</u>

സംസ്ഥാനത്ത് സ്ഥിരതാമസക്കാരായ പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികൾക്ക് വിദേശത്ത് മികച്ച സർവകലാശാലകളിൽപോയി പഠനം നടത്തുന്നതിനുള്ള സ്കോളർഷിപ്പ് പദ്ധതി നടപ്പാക്കിവരുന്നു.

5) <u>ഇതരസംസ്ഥാന പഠനം</u>

സംസ്ഥാനത്തിന് പുറത്തുള്ള വിവിധ സർക്കാർ അംഗീകൃത പോസ്റ്റ് മെട്രിക് സ്ഥാപനങ്ങളിൽ അംഗീകൃത കോഴ്സുകൾക്ക് പഠിച്ചുവരുന്നതും കുടുംബ വാർഷിക വരുമാനം രണ്ടരലക്ഷം രൂപയിൽ താഴെയുള്ളതുമായ പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് കേന്ദ്ര മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങളനുസരിച്ച് വിദ്യാഭ്യാസാനുകൂല്യം അനുവദിച്ചുവരുന്നു. കൂടാതെ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശ രാജ്യങ്ങളിലെ യൂണിവേഴ്സിറ്റികളിൽ ഉപരിപഠനം

നടത്തുന്നതിന് വകുപ്പ് മുഖേന 25 ലക്ഷം രൂപ വരെ ധനസഹായം നൽകി വരുന്നു.

6) <u>അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആൻഡ് ഡെവലപ്പ്മെന്റ് പദ്ധതി</u>

സമർത്ഥരായ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ കണ്ടെത്തി അവരുടെ 5-ാം ക്ലാസ്സ് മുതലുള്ള തുടർപഠനത്തിനുള്ള എല്ലാ സഹായങ്ങളും ചെയ്തു കൊടുക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ പദ്ധതി.

7) <u>സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം</u>

അക്കാഡമിക്-കലാ-കായിക മൽസരങ്ങളിൽ ഉന്നത വിജയം നേടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം നൽകുന്ന ഒരു പദ്ധതിയാണിത്. എസ്.എസ്.എൽ.സി, പ്ലസ് ടു പഠിക്കുന്ന കുട്ടികൾക്ക് ഗ്രേഡിന്റെ അടിസ്ഥാനത്തിൽ യഥാക്രമം 3000/- രൂപയും, ബിരുദം, ബിരുദാനന്തര ബിരുദം എന്നീ പരീക്ഷകളിൽ ഒന്നാം ക്ലാസ്സിൽ പാസ്സാകുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് യഥാക്രമം 4500/-, 6000/- രൂപ നിരക്കിൽ പ്രത്യേക പ്രോത്സാഹന സമ്മാനവും നൽകിവരുന്നു.

8) മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്കുള്ള ധനസഹായം

മെഡിക്കൽ എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്ക് (വാർഷിക വരുമാനം 40,000/-രൂപയ്ക്കു താഴെ) പ്രാരംഭ ചെലവിനത്തിൽ 5,000/- രൂപ ധനസഹായം നൽകിവരുന്നു.

9) പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പൊതുപ്രവേശന പരീക്ഷാ പരിശീലനം

പ്ലസ് ടു സയൻസ്, കണക്ക് വിഷയങ്ങളെടുത്ത് വിജയിച്ച വിദ്യാർത്ഥികളെ പ്ലസ് ടു കോഴ്സുകൾക്ക് ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത്, എം.ബി.ബി.എസ്/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭ്യമാക്കുന്നതിനായി ഒരുമാസത്തെ ക്രാഷ് കോഴ്സ്, 10 മാസത്തോളം നീണ്ടുനിൽക്കുന്ന ഒരു വർഷത്തെ റിപ്പീറ്റിംഗ് കോഴ്സ് എന്നിവ വകുപ്പ് നടത്തുന്നു.

10) ലാപ്ടോപ്പ് വിതരണം

11) സാമൂഹ്യപഠന മുറി

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നത് ലക്ഷ്യംവച്ച് സ്കൂളുകളിൽ നിന്നും ഊരുകളിൽ തിരികെയെത്തുന്ന കുട്ടികൾക്ക്

പഠനസൗകര്യവും ഇന്റർനെറ്റ് സൗകര്യവും ലഘുഭക്ഷണവും ഒരുക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണ് സാമൂഹ്യപഠനമുറി.

12) <u>ഗോത്രബന്ധു പദ്ധതി</u>

വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുക, ഭാഷാപ്രശ്നം പരിഹരിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി സർക്കാർ/എയ്ഡഡ് പ്രൈമറി സ്കൂളുകളിൽ മെന്റർ ടീച്ചർമാരെ നിയമിക്കുന്ന പദ്ധതി പ്രകാരം വയനാട്, പാലക്കാട് ജില്ലകളിലായി 287 മെന്റർ ടീച്ചർമാരെ നിയമിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിലെ നിലമ്പൂരും പദ്ധതി ഈ വർഷം ആരംഭിക്കുന്നതാണ്.

13) <u>മോഡൽ റസിഡൻഷ്യൽ സ്കൂൾ, പ്രീമെട്രിക് & പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ</u>

വകുപ്പിന് കീഴിൽ 21 മോഡൽ റസിഡൻഷ്യൽ സ്കൂളുകളും, 105 പ്രീ-മെട്രിക് ഹോസ്റ്റലുകളും 9 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും പ്രവർത്തിക്കുന്നു.

14) <u>സിവിൽ സർവ്വീസ് പരിശീലനം</u>

തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് സിവിൽ സർവ്വീസ് പഠനത്തിനാവശ്യമായ പരിശീലനം നൽകുന്ന പദ്ധതിയും ഈ സർക്കാർ

ആരംഭിക്കുകയാണ്. 30-06-2022-ന് ആദ്യ ബാച്ചിന്റെ പരിശീലനം ആരംഭിക്കും.

(ബി) പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നും നിയമ വിദ്യാർത്ഥികളെ സൃഷ്ടിക്കുന്നതിനുവേണ്ടി നിയമ ഗോത്രം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി പ്രകാരം എന്തെല്ലാം സഹായങ്ങളാണ് വിദ്യാർത്ഥികൾക്ക് ലഭിക്കുന്നതെന്ന് വിശദമാക്കുമോ?

ഉണ്ട്. വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ, ഹോസ്റ്റലുകൾ എന്നിവയിലെ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിയാണ് ക്ലാസ്സുകൾ സംഘടിപ്പിച്ചുവരുന്നത്. ടി പദ്ധതി പ്രകാരം ക്ലാസ്സുകളെടുക്കുന്നത് District Legal Services Authority-കൾ മുഖേനയാണ്. കുട്ടികൾക്കുള്ള ഭക്ഷണം, താമസസൗകര്യം, സ്റ്റേഷനറി എന്നിവ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നൽകിവരുന്നു.

(സി) പ്രസ്തുത പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനുവേണ്ടി ഏതെല്ലാം ഏജൻസികളുടെ സഹായമാണ് ലഭിക്കുകയെന്ന് വ്യക്തമാക്കുമോ?

Kerala State Legal Services Authority-യുടെ നിയന്ത്രണത്തിലുള്ള District Legal Services Authority-കൾ മുഖേനയാണ് പദ്ധതി നടപ്പാക്കുന്നത്.

(ഡി) ഉന്നത വിദ്യാഭ്യാസത്തിനായി വിദേശത്ത് പോകുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സർക്കാർ ധനസഹായം നൽകുന്നുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശ രാജ്യങ്ങളിലെ യൂണിവേഴ്സിറ്റികളിൽ ഉപരിപഠനം നടത്തുന്നതിന് വകുപ്പ് മുഖേന 25 ലക്ഷം രൂപ വരെ ധനസഹായം നൽകിവരുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വ്യോമയാന മേഖലയിലെ പഠനം**

40 (814) <u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വ്യോമയാന മേഖലയിൽ പഠനം നടത്തുവാൻ എന്തൊക്കെ സഹായങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കുമോ?

തിരുവനന്തപുരം രാജീവ് ഗാന്ധി ഏവിയേഷൻ അക്കാദമിയിൽ പഠിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കൊമേഴ്സ്യൽ പൈലറ്റ് ലൈസൻസ് കോഴ്സിനായി കോഴ്സ് ഫീസ് പൂർണ്ണമായും നൽകുന്നുണ്ട്. മുൻപ് പട്ടികവിഭാഗത്തിൽനിന്നുള്ള ഒരു വിദ്യാർത്ഥിക്ക് മാത്രമായിരുന്നു സ്കോളർഷിപ്പ് നൽകിയിരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒരുവർഷം മൂന്ന് പട്ടികജാതി വിദ്യാർത്ഥികൾക്കും രണ്ട് പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും ഒരു മറ്റർഹ വിദ്യാർത്ഥിക്കും വിദ്യാഭ്യാസ സഹായം നൽകുന്നതിന് വിംഗ്സ് എന്ന പേരിൽ പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇരുത്തിനാല് ലക്ഷത്തോളം രൂപയാണ് കോഴ്സ് ഫീസായി ഒരു വിദ്യാർത്ഥിക്ക് ഗഡുക്കളായി അനുവദിക്കുന്നത്. നിലവിൽ വിവിധ ബാച്ചുകളിലായി 5 പട്ടികജാതി വിദ്യാർത്ഥികൾക്കും ഒരു മറ്റർഹ വിദ്യാർത്ഥിക്കും സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്.

**കരിന്തളം ഏകലവ്യ സ്പോർട്സ് മോഡൽ റസിഡൻഷ്യൽ സ്കൂൾ**

41 (815) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് **പട്ടികജാതി,** പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരിന്തളം ഏകലവ്യ സ്പോർട്സ് മോഡൽ റസിഡൻഷ്യൽ സ്കൂൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ?

2017-18 ലാണ് കാസർഗോഡ് കരിന്തളത്ത് ഏകലവ്യ സ്പോർട്സ് എം.ആർ.എസ് അനുവദിച്ചത്. എന്നാൽ പ്രവർത്തനമാരംഭിക്കാൻ സാധിച്ചിരുന്നില്ല. കരിന്തളം വില്ലേജിൽ 89/1 സർവ്വേ നമ്പരിലുള്ള 10 ഏക്കർ സ്ഥലം ഏകലവ്യ സ്പോർട്സ് മോഡൽ റസിഡൻഷ്യൽ സ്കൂളിനായി ലഭ്യമായിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്കൂൾ കെട്ടിട നിർമ്മാണത്തിനായി 25 കോടി രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. സാങ്കേതികാനുമതി നൽകുന്നതിനായി സമിതി രൂപീകരിച്ചിട്ടുണ്ട്. ഡി.പി.ആർ പരിശോധിച്ച് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത സ്കൂളിൽ ക്ലാസുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവോ; എങ്കിൽ വിശദാംശം നൽകാമോ; സ്കൂൾ കെട്ടിടത്തിനായുള്ള നിർമ്മാണ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

സ്വീകരിച്ചിട്ടുണ്ട്. മടിക്കൈ പഞ്ചായത്തിൽ ഒരു വാടക കെട്ടിടം കണ്ടെത്തി സ്കൂൾ, ഹോസ്റ്റൽ എന്നിവ പ്രവർത്തിപ്പിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. പ്രിൻസിപ്പാൾ, മറ്റ് ജീവനക്കാർ എന്നിവരെ നിയമിക്കുകയും രണ്ട് ഘട്ടങ്ങളിലായി സെലക്ഷൻ ട്രയൽ നടത്തി കുട്ടികളെ കണ്ടെത്തുകയും ചെയ്തു. സ്കൂളിൽ കായിക കരിക്കുലം രൂപീകരിക്കുന്നതിനായി ഒരു സ്പോർട്സ് ഡയറക്ടറെ താല്കാലികമായി നിയമിച്ചിട്ടുണ്ട്. 2022 ജൂലൈയിൽ സ്കൂൾ പ്രവർത്തനം ആരംഭിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ഹരിപ്പാട് മണ്ഡലത്തിലെ പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ**

42 (816) <u>ശ്രീ. രമേശ് ചെന്നിത്തല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിൽ അനുവദിച്ചിരുന്ന പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററിന്റെ നിർമ്മാണ പുരോഗതി അറിയിക്കുമോ;

(ബി) ആലപ്പുഴ ജില്ലാപഞ്ചായത്ത് പ്രസ്തുത ആവശ്യത്തിനായി സ്ഥലം ലഭ്യമാക്കിയിട്ടും ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അനന്തമായി വൈകുന്നതിന്റെ കാരണം അറിയിക്കുമോ;

(സി) പ്രസ്തുത സെന്ററിന്റെ നിർമ്മാണം എന്നുമുതൽ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

(എ-സി) നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. ആലപ്പുഴ ജില്ലാ പഞ്ചായത്തും പട്ടികജാതി വികസനവകുപ്പും തമ്മിൽ ഏർപ്പെടേണ്ട കരാറിലെ വ്യവസ്ഥകൾ സംബന്ധിച്ച് ധാരണയിലെത്താത്തതിനാൽ ജില്ലാപഞ്ചായത്തിൽ നിന്നും സ്ഥലം കൈമാറി ലഭിച്ചിട്ടില്ല.

**പിന്നാക്ക വിഭാഗക്കാരായ വിദ്യാർത്ഥികൾ കൂടുതലായി പഠിക്കുന്ന പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാനസൗകര്യ വികസനം**

43 (817) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u>
<u>ശ്രീ. ഷാഫി പറമ്പിൽ:</u>
<u>ശ്രീ. എ. പി. അനിൽ കുമാർ:</u>
<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി പിന്നാക്ക ക്ഷേമ വകുപ്പിന്റെ ഫണ്ട് വിനിയോഗിക്കുന്നതിന് നിലവിൽ സാധ്യമാണോ; എങ്കിൽ അതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ആദിവാസി വിഭാഗങ്ങൾ ഉൾപ്പെടെയുള്ള പിന്നാക്ക വിഭാഗക്കാർക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നേടുന്നതിനുള്ള ഭൗതിക സാഹചര്യം ഒരുക്കുന്നതിനായി പിന്നാക്കവിഭാഗ വിദ്യാർത്ഥികൾ കൂടുതലായി പഠിക്കുന്ന പൊതുവിദ്യാലയങ്ങളിൽ അടിസ്ഥാന സൗകര്യ വികസനത്തിന് പിന്നാക്കക്ഷേമ വകുപ്പിന്റെ ഫണ്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

(എ & ബി) സാധ്യമല്ല. സംസ്ഥാനത്ത് പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി പിന്നാക്ക വിഭാഗ വികസന വകുപ്പിൽ പ്രത്യേക ഫണ്ട് വകയിരുത്തിയിട്ടില്ല. കൂടാതെ വകുപ്പ് നടപ്പാക്കുന്ന വിവിധ പദ്ധതികൾക്കായി വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതത്തിൽനിന്ന് മേൽ ആവശ്യത്തിലേയ്ക്കായി തുക വിനിയോഗിക്കുന്നതിന് നിലവിൽ നിർവ്വാഹമില്ല.

(സി) യാത്രാസൗകര്യങ്ങൾ പരിമിതമായ ആദിവാസി മേഖലകളിലെ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിനായി വകുപ്പ് മുൻകയ്യെടുത്ത് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

നടപടി സ്വീകരിക്കേണ്ടത് പൊതു വിദ്യാഭ്യാസ വകുപ്പാണ്.

**വിദേശ പഠനത്തിന് ഒ.ബി.സി. വിഭാഗങ്ങൾക്ക് ധനസഹായം**

44 (818) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്ത് ഉപരിപഠനം നടത്തുന്നതിന് ഒ.ബി.സി. വിഭാഗങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്തെ ഒ.ബി.സി. വിഭാഗത്തിൽ ഉൾപ്പെട്ടതും ഉന്നത പഠന നിലവാരം പുലർത്തിവരുന്നതുമായ വിദ്യാർത്ഥികൾക്ക് വിദേശ സർവ്വകലാശാലയിൽ മെഡിക്കൽ/എഞ്ചിനീയറിംഗ്, പ്യുവർ സയൻസ്, അഗ്രികൾച്ചർ, സോഷ്യൽ സയൻസ്, നിയമം, മാനേജ്മെന്റ് എന്നീ വിഷയങ്ങളിൽ ഉപരിപഠനം നടത്തുന്നതിന് (പി.ജി, പി.എച്ച്.ഡി.

കോഴ്സുകൾക്ക് മാത്രം) പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന പരമാവധി 10 ലക്ഷം രൂപ സ്കോളർഷിപ്പ് അനുവദിക്കുന്ന പദ്ധതിയാണ് ഓവർസീസ് സ്കോളർഷിപ്പ് പദ്ധതി. ടൈംസ് ഹയർ എഡ്യൂക്കേഷൻ ലോക യൂണിവേഴ്സിറ്റി റാങ്കിംഗിൽ ആദ്യ 600-ാം റാങ്ക് വരെയുള്ള യൂണിവേഴ്സിറ്റികളിൽ പ്രവേശനം നേടിയ/ഓഫർ ലെറ്റർ ലഭിച്ച വിദ്യാർത്ഥികൾക്കാണ് അപേക്ഷിക്കുന്നതിന് അർഹതയുള്ളത്.

(ബി) പ്രസ്തുത ആനുകൂല്യത്തിനായി അപേക്ഷിക്കുന്നതിനുള്ള രീതി, അർഹതാ മാനദണ്ഡം, തെരഞ്ഞെടുക്കുന്ന രീതി എന്നിവ വിശദമാക്കുമോ?

ഓവർസീസ് സ്കോളർഷിപ്പ് പദ്ധതിക്കായി ഇ-ഗ്രാന്റ്സ് 3.0 പോർട്ടൽ മുഖേന ഓൺലൈനായാണ് അപേക്ഷിക്കേണ്ടത്.

1. അപേക്ഷകൻ/അപേക്ഷക കേരളീയനായിരിക്കണം.

2. പി.ജി. കോഴ്സുകൾക്ക് അപേക്ഷിക്കുന്നവർ 60% മാർക്കിൽ കുറയാതെ അല്ലെങ്കിൽ സമാന ഗ്രേഡിൽ ബിരുദം നേടിയവരായിരിക്കണം. പി.എച്ച്.ഡി. കോഴ്സിന് അപേക്ഷിക്കുന്നവർക്ക് ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തര ബിരുദമുണ്ടായിരിക്കണം.

3. പി.ജി, പി.എച്ച്.ഡി. കോഴ്സുകൾക്ക് മാത്രമേ സ്കോളർഷിപ്പ് അനുവദിക്കുകയുള്ളൂ.

4. ബിരുദം നേടിയിട്ടുള്ള വിഷയത്തിലോ, ആയതുമായി ബന്ധപ്പെട്ട വിഷയത്തിലോ ഉപരി പഠനം നടത്തുന്നവരായിരിക്കണം.

5. അപേക്ഷകരുടെ കുടുംബ വാർഷിക വരുമാന പരിധി 6 ലക്ഷം രൂപ.

6. ഒരേ രക്ഷാകർത്താക്കളുടെ ഒരു കുട്ടിക്ക് മാത്രമേ സ്കോളർഷിപ്പിന് അർഹതയുള്ളൂ.

7. ആദ്യ 200 റാങ്കിൽ ഉൾപ്പെട്ട യൂണിവേഴ്സിറ്റി തെരഞ്ഞെടുത്ത് പഠനം നടത്തുന്നവർക്ക് വിദേശ പഠന/ജീവിത ചെലവ് അടിസ്ഥാനമാക്കി പരമാവധി 10 ലക്ഷം രൂപയും 201 മുതൽ 600 വരെയുള്ള യൂണിവേഴ്സിറ്റി തെരഞ്ഞടുത്ത് പഠനം നടത്തുന്നവർക്ക് വിദേശ പഠന/ജീവിത ചെലവിന്റെ 50% തുക എന്നതിന് വിധേയമായി പരമാവധി 10 ലക്ഷം രൂപയും സ്കോളർഷിപ്പായി അനുവദിക്കുന്നതാണ്.

8. സ്കോളർഷിപ്പിന് തെരഞ്ഞെടുക്കപ്പെട്ടശേഷം കോഴ്സോ പഠന കേന്ദ്രമോ മാറാൻ പാടില്ല.

<u>തെരഞ്ഞടുക്കുന്ന രീതി</u>

പിന്നാക്ക വിഭാഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി ചെയർമാനായും പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ, ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നുള്ള പ്രതിനിധി എന്നിവരുൾപ്പെട്ട സെലക്ഷൻ കമ്മിറ്റിയാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. ലഭ്യമായ ഫണ്ടിന്റെ അടിസ്ഥാനത്തിൽ കുറഞ്ഞ വാർഷിക വരുമാനമുള്ളവർക്ക് മുൻഗണന നൽകിയാണ് തെരഞ്ഞെടുപ്പ് നടത്തുന്നത്.

**കാസർഗോഡ് മോഡൽ റസിഡൻഷ്യൽ സ്കൂളിലെ +2 കോഴ്സ്**

45 (819) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കൊടക്കാട് പ്രവർത്തിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കായുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളിൽ +2 കോഴ്സ് അനുവദിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) 5 കോടി രൂപയുടെ കെട്ടിട സൗകര്യം കിഫ്ബി വഴി ഏർപ്പെടുത്തിയിട്ടും +2 കോഴ്സ് അനുവദിക്കാൻ വൈകുന്നതുമൂലം

വിദ്യാർത്ഥികൾക്കുണ്ടായ പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

(എ & ബി) കാസർഗോഡ് ജില്ലയിലെ കൊടക്കാട് (വെള്ളച്ചാൽ) പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളിൽ പൊതുവിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് +2 കോഴ്സിന്റെ 2 ബാച്ചുകൾ (സയൻസ്, കോമേഴ്സ്) ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**സാമൂഹ്യ പഠന മുറികളുടെ പ്രവർത്തനം**

46 (820) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികളുടെ ചെലവിനുള്ള തുക മാറി ലഭിക്കാത്ത എത്ര സാമൂഹ്യ പഠന മുറികൾ സംസ്ഥാനത്തുണ്ടെന്ന് വ്യക്തമാക്കുമോ?

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള എല്ലാ സാമൂഹിക പഠനമുറികളിലും കുട്ടികളുടെ ചെലവിനുള്ള തുക അനുവദിച്ച് നൽകിയിട്ടുണ്ട്. നിലവിൽ സംസ്ഥാനത്ത് ആകെ 264 സാമൂഹിക പഠനമുറികളാണുള്ളത്.

(ബി) നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന എത്ര പഠന മുറികളിൽ കമ്പ്യൂട്ടറുകൾ, ടെലിവിഷൻ എന്നിവ പ്രവർത്തിക്കാത്ത നിലയിൽ കിടക്കുന്നുവെന്ന് വ്യക്തമാക്കുമോ?

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള പഠനമുറികളിൽ പ്രവർത്തനരഹിതമാണെന്ന് കണ്ടെത്തുന്ന കമ്പ്യൂട്ടറുകൾ, ടെലിവിഷനുകൾ യഥാസമയം സർവ്വീസ് ചെയ്ത് പ്രവർത്തനക്ഷമമാക്കുന്നതിന് ജില്ലാതല ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പഠന മുറികളുടെ പ്രവർത്തനം എല്ലാ മാസവും സർക്കാർതലത്തിൽ വിലയിരുത്തുന്ന കാര്യം പരിഗണിക്കുമോ?

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള പഠനമുറികളുടെ പ്രവർത്തനം വിലയിരുത്തുന്നതിന് വകുപ്പിന്റെ ജില്ലാതല ഓഫീസർമാർ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ തുടങ്ങിയവർ യഥാസമയം പരിശോധനകൾ നടത്തി പ്രവർത്തനങ്ങൾ വിലയിരുത്തുന്നു. കൂടാതെ പഠനമുറികളിലെ ഫെസിലിറ്റേറ്റർമാരുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി ഫെസിലിറ്റേറ്റർമാർക്ക് പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## മാവേലിക്കര ഐ. ടി. ഐ.-യ്ക്ക് പുതിയ കെട്ടിടം

47 (821) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര മണ്ഡലത്തിൽ ഉമ്പർനാട് സ്ഥിതി ചെയ്യുന്ന പട്ടികജാതി വികസന വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഐ. ടി. ഐ. -യുടെ പുതിയ കെട്ടിടം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; ആവശ്യമായ തുക അനുവദിക്കുമോ; വിശദമാക്കുമോ?

മാവേലിക്കര ഐ.റ്റി.ഐ.-യ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ തയ്യാറാക്കി സമർപ്പിച്ച 200.00 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സർക്കാർ അംഗീകരിക്കുകയും തുക <u>പൊതുമരാമത്ത്</u> വകുപ്പിന് കൈമാറുകയും ചെയ്തിട്ടുണ്ട്. കെട്ടിട നിർമ്മാണം പുരോഗമിക്കുന്നു. എന്നാൽ ടി തുക മൂന്ന് നില കെട്ടിട നിർമ്മാണത്തിന് മതിയാകില്ലെന്നും കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിന് 165 ലക്ഷം രൂപ കൂടി ആവശ്യമായി

വരുമെന്നതിനാൽ പ്രസ്തുത തുക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്.

## ചാലക്കുടി മോഡൽ റെസിഡൻഷ്യൽ സ്കൂളിൽ ഹ്യൂമാനിറ്റീസ് കോഴ്സ് ആരംഭിക്കുന്നതിനുള്ള നടപടി

48 (822) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മോഡൽ റെസിഡൻഷ്യൽ സ്കൂളിൽ ഹയർ സെക്കണ്ടറി കോഴ്സിന്റെ ഏതൊക്കെ ബാച്ചുകളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ?

ചാലക്കുടി മോഡൽ റസിഡൻഷ്യൽ സ്കൂളിൽ സയൻസ് ബാച്ചാണ് നിലവിലുള്ളത്;

(ബി) പ്രസ്തുത സ്കൂളിൽ ഹ്യൂമാനിറ്റീസ് കോഴ്സ് നിലവിലില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഹ്യൂമാനിറ്റീസ് കോഴ്സ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഹ്യൂമാനിറ്റീസ് കോഴ്സ് അനുവദിക്കുന്ന വിഷയം സംബന്ധിച്ച വിശദമായ പ്രൊപ്പോസൽ ലഭിക്കുന്നമുറയ്ക്ക് പരിശോധിക്കുന്നതാണ്.

(സി) പ്രസ്തുത സ്കൂളിന് കളിസ്ഥലം നിർമ്മിക്കുന്നതിനായുള്ള നടപടികൾ നിലവിൽ ഏതു ഘട്ടത്തിലാണ്?

സ്കൂൾ ഗ്രൗണ്ടിന്റെ നിർമ്മാണ പ്രവർത്തനം കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രത്തിനെ ഏൽപ്പിക്കുകയും ഗ്രൗണ്ട് ലെവലിംഗ് പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

**ഉന്നതവിദ്യാഭ്യാസത്തിന് അർഹത നേടാനാകാത്ത പട്ടികജാതി, പിന്നാക്ക വിഭാഗങ്ങൾ**

49 (823) ശ്രീ. ജോബ് മൈക്കിൾ:
ഡോ. എൻ. ജയരാജ്:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി. പരീക്ഷയിൽ ഉന്നതവിദ്യാഭ്യാസത്തിന് അർഹത നേടാനാകാതെ പോയവരിൽ

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗങ്ങൾ കൂടുതലായി ഉൾപ്പെട്ടിരിക്കുന്നതായ പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിപുലമായ ശാക്തീകരണ പ്രവർത്തനങ്ങൾ പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗങ്ങളുടെ ഇടയിൽ നടത്തിയിട്ടും ഇത്തരമൊരു സാഹചര്യമുണ്ടായതെങ്ങനെയെന്ന് അന്വേഷിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത സാഹചര്യം ഭാവിയിൽ ഉണ്ടാകാതിരിക്കാൻ നടപടികൾ ഊർജിതമാക്കുമോ; വിശദമാക്കുമോ?

(എ-സി) ഉണ്ട്. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾക്ക് കീഴിലുള്ള എം.ആർ.എസ്.-കളിലും പ്രീ-മെട്രിക് സ്കൂളുകളിലും എസ്.എസ്.എൽ.സി. പരീക്ഷയിൽ ഉന്നതവിജയത്തിനായി മുന്നൊരുക്കങ്ങൾ വളരെ നേരത്തെതന്നെ ആരംഭിച്ചിരുന്നു. ഇതിന്റെ ഫലമായി വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളിൽനിന്നും പരീക്ഷ എഴുതിയ 691 പട്ടികജാതി വിഭാഗം വിദ്യാർത്ഥികളിൽ 685 പേരെയും പട്ടികവർഗ്ഗ വിഭാഗത്തിൽ 1557 പേരിൽ 1498 പേരെയും വിജയിപ്പിക്കുവാൻ സാധിച്ചു. എസ്.സി. വിഭാഗത്തിൽ 6 വിദ്യാർത്ഥികളും എസ്.റ്റി. വിഭാഗത്തിൽ 59

വിദ്യാർത്ഥികളും മാത്രമാണ് പരാജയപ്പെട്ടത്. എന്നാൽ പൊതുവിദ്യാലയത്തിലെ പട്ടികവിഭാഗം വിദ്യാർത്ഥികളുടെ വിജയശതമാനം പൊതുവിഭാഗത്തെക്കാൾ കുറവാണെന്നാണ് മനസിലാക്കുന്നത്. ഇതു പരിഹരിക്കുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് നടപടികൾ സ്വീകരിക്കുന്നതാണ്. ഗോത്രബന്ധു, ഗോത്രസാരഥി, സാമൂഹ്യപഠനമുറി, പഠനമുറി എന്നീ പദ്ധതികൾ നിലവിൽ നടപ്പാക്കിവരുന്നു. കൂടാതെ വിദ്യാർത്ഥികളുടെ മാനസികശേഷി വർദ്ധിപ്പിക്കുന്നതിനും വ്യക്തിത്വ വികസനം സാധ്യമാക്കുന്നതിനുമായി ഹോസ്റ്റലുകളിലും എം.ആർ.എസ്.-കളിലും സ്റ്റുഡന്റ്സ് കൗൺസിലർമാരെ നിയമിച്ചിട്ടുണ്ട്.

**ഏകാദ്ധ്യാപക വിദ്യാലയങ്ങളുടെ അടച്ചുപൂട്ടൽ**

50 (824) <u>ശ്രീമതി കെ. കെ.രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 334 ഏകാദ്ധ്യാപക വിദ്യാലയങ്ങൾ അടച്ചുപൂട്ടുന്നതിനുള്ള സർക്കാർ തീരുമാനം ഉൾനാടൻ പ്രദേശങ്ങളിലെയും വനാന്തര

ഭാഗങ്ങളിലെയും പട്ടികവർഗ്ഗ വിഭാഗക്കാരായ വിദ്യാർഥികൾക്ക് സ്കൂളിൽ പോയി പഠിക്കാനുള്ള അവസരം ഇല്ലാതാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ 19 ഏകാദ്ധ്യാപക വിദ്യാലയങ്ങൾ നിലവിലും പ്രവർത്തിക്കുന്നുണ്ട് .

(ബി) പ്രസ്തുത നടപടിമൂലം പട്ടികവർഗ്ഗ വിഭാഗക്കാരുടെ ആവാസവ്യവസ്ഥകളിൽനിന്നും വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള അകലം വൻതോതിൽ വർദ്ധിച്ചതിനാൽ ഡ്രോപ്പ് ഔട്ട് ആകുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടാകുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ?

വിദ്യാഭ്യാസ വകുപ്പ് നിർത്തലാക്കിയ ഏകാദ്ധ്യാപക വിദ്യാലയങ്ങളിൽ പഠിച്ചിരുന്ന കുട്ടികൾക്ക് അവർ താമസിക്കുന്ന കോളനികളിലെ മറ്റ് കുട്ടികളോടൊപ്പം അവരുടെ കോളനിക്ക് സമീപമുള്ള സ്കൂളുകളിൽത്തന്നെ ചേർന്ന് പഠിക്കുന്നതിന് സാഹചര്യമുള്ളതിനാൽ ഡ്രോപ് ഔട്ടാകുന്ന വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിക്കുന്ന സാഹചര്യം നിലവിലില്ല.

(സി) എങ്കിൽ ഇത്തരത്തിൽ ഒറ്റപ്പെട്ട മേഖലകളിൽ കഴിയുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൗജന്യവും നിർബന്ധിതവുമായ

വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കും; വ്യക്തമാക്കുമോ?

ഒറ്റപ്പെട്ട മേഖലയിൽ കഴിയുന്ന ഏകാദ്ധ്യാപക വിദ്യാലയങ്ങളിൽ പഠിച്ചിരുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് തുടർവിദ്യാഭ്യാസം ഉറപ്പാക്കുന്നതിനായി അവരവരുടെ കോളനികളിലെതന്നെ മറ്റ് മുതിർന്ന വിദ്യാർത്ഥികളോടൊപ്പം സമീപത്തുള്ള സ്കൂളുകളിൽ ചേർന്നു പഠിക്കുന്നതിനുള്ള സാഹചര്യമൊരുക്കിയിട്ടുണ്ട്. കൂടാതെ ഒറ്റപ്പെട്ട ദുർഘട മേഖലയിൽ നിന്നുള്ള വിദ്യാർത്ഥികൾക്ക് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിക്കൊടുത്തുകൊണ്ടും വകുപ്പിന്റെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ അഡ്മിഷൻ നൽകിക്കൊണ്ടും അവരവരുടെ വിദ്യാഭ്യാസം ഉറപ്പ് വരുത്തിയിട്ടുണ്ട്. വീട്ടിൽനിന്ന് സ്കൂളിൽപോയി പഠിക്കുന്നവരായ വിദ്യാർത്ഥികളെ പട്ടികവർഗ്ഗ വികസന വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും ചേർന്ന് നടപ്പാക്കുന്ന "ഗോത്രസാരഥി" പദ്ധതി, ജില്ലാ പഞ്ചായത്ത് നടപ്പാക്കുന്ന "ഗോത്രവാഹിനി" പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി സ്കൂളുകളിലെത്തിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

## ഇ-ഗ്രാന്റ്

51 (825) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർവ്വകലാശാലകളിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ഏതെല്ലാം കോഴ്സുകൾക്കാണ് ഇ - ഗ്രാന്റിന് അർഹതയുള്ളത്?

കേരളത്തിലെ സർവ്വകലാശാലകളിൽ പഠിക്കുന്ന മെറിറ്റ്/റിസർവേഷൻ അടിസ്ഥാനത്തിൽ പ്രവേശനം നേടിയ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗ വിദ്യാർത്ഥികൾക്ക് കാലാകാലങ്ങളിൽ സർക്കാർ/യൂണിവേഴ്സിറ്റി അംഗീകരിക്കുന്ന കോഴ്സുകൾക്ക് ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പിന് അർഹതയുണ്ട്.

<u>ഇ-ഗ്രാന്റിന് അർഹതയുള്ള കോഴ്സുകൾ</u>

All Degree courses, MSW, BE/BTECH, MCOM/BCOM, MFSC/BFSC, BA LLB, BCA, Phd, MPhil, LLM, MTECH/ME, BSc.Nursing/GNM, MCh, MD/MS/MDS/MVSC, MCA, MSW,BBM,

BPharm/MPharm, MBBS,BSc/MSc Agriculture, BPED/MPED Certificate courses <=1 yr, BEd/Med

(ബി) 2016-2021 കാലയളവിൽ ഡിഗ്രി കോഴ്സിന് പഠിച്ചിരുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് എല്ലാവർക്കും ഇ-ഗ്രാന്റ് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ?

2016-21 കാലയളവിൽ ഡിഗ്രി കോഴ്സ് പഠിച്ചിരുന്ന പട്ടികവർഗ വിഭാഗത്തിൽപ്പെട്ട എല്ലാ വിദ്യാർത്ഥികളുടെയും ഇ-ഗ്രാന്റസ് അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ട്. 2016-17 മുതൽ 2017-18 വരെ ഇ-ഗ്രാന്റ്സ് അപേക്ഷ സമർപ്പിച്ച പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്. 2018-19 അധ്യയന വർഷം മുതൽ ഡയറക്ടറേറ്റിൽ ലഭിച്ച ഇ-ഗ്രാന്റ്സ് ക്ലെയിമുകളും നൽകിയിട്ടുണ്ട്. എന്നാൽ 2018-19 വർഷം മുതൽ വിവിധ കാരണങ്ങളാൽ നൽകാൻ സാധിക്കാതിരുന്ന സ്കോളർഷിപ്പ് വിദ്യാർത്ഥികളുടെ ക്ലെയിം ലഭിക്കുന്ന മുറയ്ക്ക് ഇപ്പോൾ നൽകുന്നുണ്ട്.

## എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം

52 (826) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നാക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിവിധ മത്സര പരീക്ഷാ പരിശീലനത്തിന് അനുവദിക്കുന്ന ധനസഹായം അപര്യാപ്തമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല. പിന്നാക്ക സമുദായങ്ങളിൽപ്പെട്ട (OBC) ഉദ്യോഗാർത്ഥികൾക്ക് കേന്ദ്ര സംസ്ഥാന സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ജോലി ലഭിക്കുന്നതിനുള്ള വിവിധ മത്സര പരീക്ഷാ പരിശീലനത്തിന് ധനസഹായം നൽകുന്ന പദ്ധതിയാണ് എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം. ഈ പദ്ധതി പ്രകാരം ഓരോ ഇനങ്ങളിലും താഴെപ്പറയും പ്രകാരം തുക അനുവദിച്ചുവരുന്നു.

1. മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ് - Rs. 30,000/-

2. സിവിൽ സർവ്വീസ് - Rs. 25,000/-

3. ബാങ്കിംഗ് സർവ്വീസ് - Rs. 20,000/-

4. GATE/MAT, UGC/NET/JRF - Rs. 25,000/-

(ബി) എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാമിൽ നിലവിൽ അനുവദിക്കുന്ന ധനസഹായം പരിഷ്കരിച്ചത് ഏത് കാലയളവിലാണെന്ന് അറിയിക്കുമോ?

എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാമിലൂടെ നിലവിൽ അനുവദിക്കുന്ന ധനസഹായ നിരക്ക് പരിഷ്കരിച്ചിട്ടില്ല.

(സി) ധനസഹായം കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

നിലവിൽ തുക വർദ്ധിപ്പിക്കുന്ന വിഷയം പരിഗണനയിലില്ല.

**ഐ.റ്റി.ഐ.-യിൽ പുതിയ കോഴ്സുകൾ**

53 (827) <u>ശ്രീ. വി. ശശി</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് താലൂക്കിൽ പുകയിലത്തോപ്പ് പട്ടികജാതി കോളനിക്കടുത്ത് പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഐ.റ്റി.ഐ.-യിൽ തൊഴിൽ

സാധ്യതയുള്ള പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

ഉണ്ട്. എന്നാൽ പുതിയ കോഴ്സ് തുടങ്ങുന്നതിനുള്ള ഭൗതിക സാഹചര്യം ഐ.റ്റി.ഐ.-യിൽ നിലവിൽ ലഭ്യമല്ല. പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കെട്ടിടം നിർമ്മിച്ചശേഷം പുതിയ കോഴ്സുകൾ തുടങ്ങുന്ന കാര്യം പരിശോധിക്കുന്നതാണ്.

**ഐ.ടി.ഐ.-കളുടെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ**

54 (828) <u>ശ്രീ. വി. ശശി</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടിവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളുടെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തി പുതിയ ട്രേഡുകൾ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള വിവിധ ഐ. ടി. ഐ.-കളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി 3.306 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കാലപ്പഴക്കമുള്ളതും ശോച്യാവസ്ഥയിലായതുമായ ഓട്/ഷീറ്റ് മേഞ്ഞ കെട്ടിടങ്ങൾക്ക് പകരം ആധുനിക സൗകര്യങ്ങളോടുകൂടിയ പുതിയ കെട്ടിടങ്ങളുടെ നിർമ്മാണം നടത്തിവരുന്നു. കൂടാതെ പരിശീലന കേന്ദ്രങ്ങളിൽ ആവശ്യമായ അറ്റകുറ്റപണികളും പുനരുദ്ധാരണ പ്രവൃത്തികളും നടത്തിവരുന്നു. വിവിധ ഐ.ടി.ഐ.-കളിൽ സ്മാർട്ട് ക്ലാസ്സ് റൂമുകൾ സജ്ജീകരിക്കുന്നതിനാവശ്യമായ ഉപകരണങ്ങൾ, ഫർണിച്ചർ വാങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനു പുറമേ പരിശീലനത്തിനാവശ്യമായ പഠനോപകരണങ്ങളും വാങ്ങി നൽകുന്നു. എല്ലാ ഐ.ടി.ഐ.-കളിലും ഇന്റർനെറ്റ് സൗകര്യത്തോടുകൂടിയ കമ്പ്യൂട്ടർ ലാബുകൾ സജ്ജീകരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസനവകുപ്പിന്റെ കീഴിൽ ഇടുക്കി ഐ.റ്റി.ഡി.പി.-യുടെ അധികാരപരിധിയിലുള്ള നാടുകാണി ഐ.ടി.ഐ.-യിൽ കിഫ്ബി പദ്ധതിയിൽപ്പെടുത്തി 3.84 കോടി രൂപ ചെലവിൽ പുതിയ അക്കാഡമിക് ബ്ലോക്കിന്റെയും 3.31 കോടി രൂപ

ചെലവിൽ 100 പേർക്ക് താമസ സൗകര്യമുള്ള പുതിയ ഹോസ്റ്റൽ ബ്ലോക്കിന്റെയും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

മികച്ച ഭൗതിക സൗകര്യമുള്ള ഐ.ടി. ഐ.- കളിൽ കൂടുതൽ തൊഴിൽ സാധ്യതയുള്ള ട്രേഡുകൾ ആരംഭിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

**വി.ആർ. പുരം ഐ.ടി.ഐ.-യിൽ പുതിയ തസ്തികകൾ**

55 (829) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വി.ആർ. പുരം ഐ.ടി.ഐ.-യുടെ സുഗമമായ പ്രവർത്തനത്തിനായി ക്ലാർക്ക്, അക്കൗണ്ടന്റ് തസ്തികകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; ആയതിനായുള്ള ശിപാർശയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

പരിശോധിച്ചുവരികയാണ്.

(ബി) പ്രസ്തുത ഐ.ടി.ഐ.-യിലെ കാലപ്പഴക്കമുള്ള ബെഞ്ചുകളും ഡെസ്കുകളും റിപ്പയർ ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

വി.ആർ. പുരം ഐ.ടി.ഐ.-യിലെ കാലപ്പഴക്കമുള്ള ബെഞ്ചുകളും ഡെസ്കുകളും റിപ്പയർ ചെയ്ത് ഉപയോഗയോഗ്യമാക്കിയിട്ടുണ്ട്

## എസ്.സി./എസ്.ടി. വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രീ-മെട്രിക് ഹോസ്റ്റലുകൾ

56 (830) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.സി./എസ്.ടി. വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രീ-മെട്രിക് ഹോസ്റ്റലുകളുടെ കണക്ക് ജില്ല തിരിച്ച് സീറ്റുകളുടെ എണ്ണം ഉൾപ്പെടെ വ്യക്തമാക്കുമോ?

എസ്.സി./എസ്.ടി. വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രീ-മെട്രിക് ഹോസ്റ്റലുകളുടെ എണ്ണം ജില്ല തിരിച്ച് സീറ്റുകളുടെ എണ്ണം ഉൾപ്പെടെ അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ബി) പ്രീ-മെട്രിക് ഹോസ്റ്റലുകളിലേക്ക് അഡ്മിഷൻ ലഭിക്കുന്നതിന്റെ നടപടിക്രമങ്ങൾ അറിയിക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രീ-മെട്രിക് ഹോസ്റ്റലുകളിലേക്ക് അഡ്മിഷൻ ലഭിക്കുന്നതിനായി ജാതി, വരുമാനം, സ്കൂൾ വാർഷിക പരീക്ഷയുടെ ഗ്രേഡ് സർട്ടിഫിക്കറ്റ് എന്നിവ സഹിതം ബന്ധപ്പെട്ട ബ്ലോക്ക്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ/ പട്ടികജാതി വികസന ഓഫീസർ/പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസർ/ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ എന്നീ ഓഫീസുകളിൽ സമർപ്പിക്കുന്ന അപേക്ഷകൾ അർഹതാ മാനദണ്ഡങ്ങൾ പരിശോധിച്ച് സീനിയോറിറ്റി അനുസരിച്ച് മെരിറ്റിന്റെ/ഒഴിവിന്റെ അടിസ്ഥാനത്തിൽ അഡ്മിഷൻ നൽകിവരുന്നു.

(സി) ഇതര വിഭാഗങ്ങൾക്ക് പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ സംവരണം ഏപ്പെടുത്തിയിട്ടുണ്ടോ; എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ?

പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ അനുവദനീയമായ അന്തേവാസികളുടെ എണ്ണത്തിന്റെ 10% സംവരണം ഇതര വിഭാഗങ്ങൾക്ക് നൽകുന്നതാണ്.

(ഡി) പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ അഡ്മിഷൻ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ അഡ്മിഷൻ വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിക്കുന്നതാണ്.

## പുതിയ ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി

57 (831) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വകുപ്പിന് കീഴിൽ തിരുവനന്തപുരം പൂച്ചെടിവിളയിൽ പ്രവർത്തിക്കുന്ന പെൺകുട്ടികൾക്കായുള്ള ഹോസ്റ്റലിൽ അപേക്ഷകരുടെ എണ്ണം വർദ്ധിച്ചതുമൂലം പട്ടികജാതി വിഭാഗത്തിലുള്ള പെൺകുട്ടികൾക്ക് ഹോസ്റ്റൽ സൗകര്യം ലഭിക്കുന്നില്ലെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വകുപ്പിന് കീഴിൽ തിരുവനന്തപുരം ജില്ലയിൽ പെൺകുട്ടികൾക്കായി പ്രവർത്തിക്കുന്ന പൂച്ചെടിവിള പോസ്റ്റ്മെട്രിക് ഹോസ്റ്റലിൽ നിലവിൽ അനുവദനീയമായ കുട്ടികളുടെ എണ്ണം 338 ആണ്. ജില്ലയിൽ നിരവധി പോസ്റ്റ്മെട്രിക് വിദ്യാഭ്യാസ സ്ഥാപനങ്ങളുള്ളതിനാൽ അനുവദനീയമായ എണ്ണത്തേക്കാൾ കൂടുതൽ അപേക്ഷകൾ ലഭ്യമാകുന്നുണ്ട്.

(ബി) പ്രസ്തുത വിഷയം പരിഹരിക്കുന്നതിനായി പുതിയ കെട്ടിടം പണിയുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

പ്രസ്തുത വിഷയം പരിഹരിക്കുന്നതിനായി വകുപ്പിനുകീഴിൽ തിരുവനന്തപുരം ജില്ലയിൽ പെൺകുട്ടികൾക്കായി പുതിയ പോസ്റ്റ്മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## കൊണ്ടോട്ടി മണ്ഡലത്തിൽ പട്ടികജാതി വിദ്യാർത്ഥികൾക്കായുള്ള ഹോസ്റ്റൽ

58 (832) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ പട്ടിക സമുദായ വിദ്യാർത്ഥികൾക്കുവേണ്ടി പ്രീ -എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ, പോസ്റ്റ്-മെട്രിക് ഹോസ്റ്റൽ, മോഡൽ റസിഡൻഷ്യൽ സ്കൂൾ എന്നിവ എവിടെയെല്ലാമുണ്ടെന്ന് വ്യക്തമാക്കുമോ?

മലപ്പുറം ജില്ലയിലെ നിലമ്പൂരിൽ പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ ദുർബല ഗോത്ര വിഭാഗങ്ങൾക്കായി ഇന്ദിരാഗാന്ധി മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ പ്രവർത്തിച്ചുവരുന്നു. പ്രീ-എക്സാമിനേഷൻ സെന്റർ, പോസ്റ്റ്-മെട്രിക് ഹോസ്റ്റൽ എന്നിവ മലപ്പുറം ജില്ലയിൽ പ്രവർത്തിക്കുന്നില്ല.

പട്ടികജാതി വികസന വകുപ്പിൻ കീഴിൽ മലപ്പുറം ജില്ലയിൽ പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ, പോസ്റ്റ് മെട്രിക് ഹോസ്റ്റൽ, മോഡൽ റെസിഡൻഷ്യൽ സ്കൂൾ എന്നിവ ഇല്ല.

(ബി) കൊണ്ടോട്ടി എൻ.എച്ച്. കോളനിയിൽ മതിയായ സ്ഥലം ലഭിച്ചാൽ ഇവയിൽ ഏതെങ്കിലും ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പരിശോധിക്കുന്നതാണ്.

**കാസർകോട് ജില്ലയിലെ പട്ടികജാതി - പട്ടികവർഗ്ഗക്കാരുടെ വിവരം**

59 (833) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കാസർകോട് ജില്ലക്കാരായ എത്ര ഉദ്യോഗസ്ഥന്മാരുണ്ടെന്ന് വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ജില്ലയിൽ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട സ്കൂൾ - കോളേജ് - പ്രൊഫഷണൽ കോളേജ് തലത്തിൽ പഠിക്കുന്ന എത്ര വിദ്യാർഥികളുണ്ടെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ജില്ലയിൽ കോഴ്സ് പൂർത്തിയാക്കി തൊഴിലിനായി കാത്തിരിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട എത്ര പേരുണ്ടെന്ന് വ്യക്തമാക്കുമോ?

(എ-സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഡി) പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങളും സഹായങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

<u>വിദ്യാഭ്യാസ പദ്ധതികൾ: -</u>

1. പ്രീ-മെട്രിക് & പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതി

2. വിദേശ പഠന സഹായ പദ്ധതി.

3. മോഡൽ റസിഡൻഷ്യൽ സ്കൂൾ, പ്രീ-മെട്രിക് പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ

4. ഇതര സംസ്ഥാന പഠനം

5. അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആൻഡ് ഡെവലപ്പ്മെന്റ് പദ്ധതി.

6. സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം.

7. മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്കുള്ള ധനസഹായം

8. പൊതു പ്രവേശനപരീക്ഷാ പരിശീലനം.

9. ലാപ് ടോപ് വിതരണം

10. പഠന മുറി

11.ഗോത്രബന്ധു പദ്ധതി

12. ഗോത്രസാരഥി പദ്ധതി ( വിദ്യാവാഹിനി )

13. സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം

14. വിംഗ്സ് - പൈലറ്റ് ലൈസൻസ് കോഴ്സ്

15. നൈപുണ്യ വികസന പരിശീലന പരിപാടി തുടങ്ങിയവ

(ഇ) പ്രസ്തുത ജില്ലയിൽ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി കോച്ചിംഗ് സെന്ററുകളോ മറ്റോ പ്രവർത്തിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

കാസർഗോഡ് ജില്ലയിൽ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി വകുപ്പ് നേരിട്ട് നടത്തുന്ന കോച്ചിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നില്ല.

(എഫ്) പ്രസ്തുത ജില്ലയിൽ കഴിഞ്ഞ 10 വർഷത്തിൽ പട്ടികജാതി - പട്ടികവർഗ്ഗത്തിൽപ്പെട്ട എത്ര ഉദ്യോഗാർത്ഥികൾ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും അതിൽ എത്രപേർക്ക് ജോലി ലഭിച്ചുവെന്നും മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ?

കാസർഗോഡ് ജില്ലയിൽ കഴിഞ്ഞ 10 വർഷം പ്രസിദ്ധീകരിച്ച 416 റാങ്ക് പട്ടികകളിലുംകൂടി ഉൾപ്പെട്ടിരുന്ന പട്ടികജാതി/പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികളിൽനിന്നും ആകെ 1054 പട്ടികജാതി ഉദ്യോഗാർത്ഥികളെയും 400 പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികളെയും നിയമനത്തിന് ശിപാർശ ചെയ്തിട്ടുണ്ട് .

**പാലക്കാട് ജില്ലയിലെ പട്ടികവർഗ്ഗ കോർപ്പസ് ഫണ്ട് വിനിയോഗം**

60 (834) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2021-22 സാമ്പത്തിക വർഷത്തെ പട്ടികവർഗ്ഗ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് പാലക്കാട് ജില്ലയിൽ എന്തെല്ലാം പ്രവൃത്തികളാണ് നടത്തിവരുന്നതെന്ന് അറിയിക്കുമോ; പ്രവൃത്തിയുടെ പേര്, അനുവദിച്ച തുക എന്നീ വിശദാംശങ്ങൾ നിയമസഭാ മണ്ഡലം തിരിച്ച് ലഭ്യമാക്കുമോ?

വിവരം ശേഖരിച്ചു വരുന്നു.

**പാറശ്ശാല മണ്ഡലത്തിലെ കോർപ്പസ് ഫണ്ട് പദ്ധതികൾ**

61 (835) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ പാറശ്ശാല മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കിയ പദ്ധതികൾ പഞ്ചായത്ത് തിരിച്ച് വിശദമാക്കുമോ; പ്രസ്തുത പദ്ധതികളുടെ പ്രവർത്തന പുരോഗതിയുൾപ്പെടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം അനുബന്ധം I ആയും പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം അനുബന്ധം II ആയും ചേർക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പാറശ്ശാല മണ്ഡലത്തിലെ വിവിധ കോളനികളുടെ നവീകരണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് അംബേദ്കർ ഗ്രാമ വികസന പദ്ധതി പ്രകാരം പുല്ലച്ചക്കോണം കല്ലുവിള കോളനിയുടെയും വേങ്കവിള കുട്ടത്തിവിള നക്കോട്ടുകോണം കോളനിയുടെയും പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. എ.കെ.ജി കോളനി, മലഞ്ചൂറ്റ് കോളനി എന്നിവയുടെ നവീകരണത്തിനായി എസ്റ്റിമേറ്റും മോണിറ്ററിംഗ് കമ്മറ്റി മിനിറ്റ്സും ലഭ്യമാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രകാരം തെന്മല പട്ടികവർഗ്ഗ സങ്കേതങ്ങളിൽ കമ്മ്യൂണിറ്റി കിച്ചൺ ഹാൾ നിർമ്മാണം (അമ്പൂരി ഗ്രാമപഞ്ചായത്ത്) - 75% പണി പൂർത്തിയായി (റൂഫ് ലെവൽ)

പുരവിമല- തേക്കിൻമൂട് റോഡ്- ഇന്റർലോക്ക് (അമ്പൂരി ഗ്രാമപഞ്ചായത്ത്) രണ്ടാംഘട്ടം - 95 % പണി പൂർത്തിയായിട്ടുണ്ട്.

പീയണിപ്പാറ- കണ്ണമാമൂട് റോഡ് കോൺക്രീറ്റ് - രണ്ടാംഘട്ടം- 25% പണി പൂർത്തിയായിട്ടുണ്ട്. ഇതിനപുറമേ ട്രൈബൽ എക്സ്റ്റെൻഷൻ

ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുന്ന മുറയ്ക്കും 6 വർഷം പഴക്കംചെന്ന വീടുകളെ ഭവന പുനഃരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തിവരുന്നു.

**കോർപ്പസ് ഫണ്ട് വിനിയോഗം**

62 (836) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2021-22 സാമ്പത്തിക വർഷം പട്ടികജാതി കോർപ്പസ് ഫണ്ട് വിനിയോഗിച്ച് പാലക്കാട് ജില്ലയിൽ എന്തെല്ലാം പ്രവൃത്തികളാണ് നടത്തിവരുന്നതെന്ന് വിശദമാക്കുമോ; പ്രവൃത്തിയുടെ പേര്, അനുവദിച്ച തുക എന്നീ വിശദാംശങ്ങൾ മണ്ഡലം തിരിച്ച് ലഭ്യമാക്കുമോ?

വിശദാംശങ്ങൾ ശേഖരിച്ച് വരുന്നു.

**ആലത്തൂർ മണ്ഡലത്തിലെ കോർപ്പസ് ഫണ്ട് വിനിയോഗം**

63 (837) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ 2016 മുതൽ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നടപ്പാക്കിയ പദ്ധതികൾ പഞ്ചായത്ത് തിരിച്ച് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

(എ & ബി) പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം അനുബന്ധം I ആയും പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം അനുബന്ധം II ആയും ചേർക്കുന്നു+.

**ദുരിതാശ്വാസ നിധിയിൽനിന്നുള്ള ധനസഹായത്തിന്റെ വിവരങ്ങൾ**

64 (838) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ (ഡി.ആർ.എഫ്) നിധി മുഖാന്തരം 2016-17 മുതൽ 2021-22 വരെ ഓരോ വർഷവും എത്രപേർക്ക് ധനസഹായം നൽകിയിട്ടുണ്ട് എന്ന വിവരം നൽകുമോ?

പട്ടികജാതി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ (ഡി.ആർ.എഫ്) നിധി മുഖാന്തരം 2016-17 മുതൽ 2021-22 വരെ ഓരോ വർഷവും ചികിത്സ/പ്രളയദുരിതാശ്വാസം/ഏക വരുമാനദായകന്റെ മരണം എന്നീ ഇനങ്ങളിൽ എത്രപേർക്ക് ധനസഹായം നൽകിയിട്ടുണ്ടെന്നുള്ളത് സംബന്ധിച്ച് വിശദ വിവരം ചുവടെ ചേർക്കുന്നു.

<u>പട്ടികജാതി</u>

2016-17 - 23,297

2017-18 - 24,435

2018-19 - 46,983

2019-20 - 16,046

2020-21 - 12,165

2021-22 - 12,471

ആകെ- 1,35,397

<u>പട്ടികവർഗ്ഗം</u>

2016-17 - 5643

2017-18 - 5867

2018-19 - 5647

2019-20 - 6743

2020-21 - 6620

2021-22 - 8530

ആകെ - 39,050

(ബി) അസുഖബാധിതർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ എത്ര കാലയളവ് കഴിഞ്ഞാണ് വീണ്ടും ധനസഹായത്തിനായി അപേക്ഷിക്കാൻ കഴിയുകയെന്ന് വിശദമാക്കുമോ?

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് തുടർചികിത്സ ആവശ്യമുണ്ടെങ്കിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഒരിക്കൽ ചികിത്സാ ധനസഹായം അനുവദിച്ച് 6 മാസം കഴിഞ്ഞാൽ വീണ്ടും അപേക്ഷിക്കാവുന്നതാണ്.

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ചികിത്സാ ധനസഹായത്തിനായി സമർപ്പിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റിൽ ഒരു

രോഗത്തിന് നിശ്ചിത കാലയളവിലുള്ള ചികിത്സാ ചെലവ് സംബന്ധിച്ച ശിപാർശയാണ് മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തി നൽകാറുള്ളത്. ഈ കാലാവധിക്കുശേഷമോ കാലാവധിക്കുള്ളിൽ മറ്റ് അടിയന്തര ചികിത്സാ ആവശ്യമായി വരുന്നമുറയ്ക്കോ വീണ്ടും ധനസഹായത്തിനായി അപേക്ഷിക്കാവുന്നതാണ്.

**പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് ഭൂമി ലഭ്യമാക്കുന്നതിന് പദ്ധതി**

65 (839) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഭൂരഹിതരായ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് ഭൂമി ലഭ്യമാക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് നിലവിൽ ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കാൻ ഭൂരഹിത പുനരധിവാസ പദ്ധതി നടപ്പാക്കിവരുന്നുണ്ട്. ഗ്രാമപ്രദേശത്ത് 5 സെന്റ് ഭൂമി വാങ്ങുന്നതിന് 3.75 ലക്ഷം രൂപയും മുനിസിപ്പൽ പ്രദേശത്ത് 3 സെന്റ് ഭൂമി വാങ്ങുന്നതിന് 4.50 ലക്ഷം രൂപയും

കോർപ്പറേഷൻ പരിധിയിൽ 3 സെന്റ് ഭൂമി വാങ്ങുന്നതിന് 6 ലക്ഷം രൂപയും അനുവദിച്ചുവരുന്നു. നിലവിൽ ലൈഫ് മിഷൻ തയ്യാറാക്കുന്ന ലൈഫ് ലിസ്റ്റിൽ നിന്നുമാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തുവരുന്നത്. 2021-22 സാമ്പത്തിക വർഷം 1,58,60,64,611/- രൂപ ചെലവഴിച്ച് 4020 കുടുംബങ്ങൾക്ക് ഭൂമിയുടെ ധനസഹായം അനുവദിച്ചു.

2022-23 ൽ 5000 പേർക്ക് ഭൂമി വാങ്ങുന്നതിന് ധനസഹായം നൽകുന്നതിനായി ഭൗതിക ലക്ഷ്യം കണക്കാക്കി പദ്ധതി നിർവ്വഹണത്തിനായി 180 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ലാൻഡ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം എന്നീ പദ്ധതികളിലായി ഭൂമി വിതരണം ചെയ്തുവരുന്നു. കൂടാതെ വനാവകാശ നിയമപ്രകാരം അർഹരായവർക്ക് ഭൂമിക്ക് കൈവശാവകാശ രേഖയും നൽകുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി കണ്ടെത്തി വാങ്ങി നൽകുന്ന ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം 126 പേർക്ക് 21.54 ഏക്കർ ഭൂമി വിതരണം

ചെയ്തിട്ടുണ്ട്. വിവിധ ജില്ലകളിലായി 21.2 ഏക്കർ ഭൂമി വാങ്ങി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയത് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിൽ കേന്ദ്രാനുമതി ലഭിച്ച നിക്ഷിപ്ത വനഭൂമിയിൽ 109.259 ഹെക്ടർ ഭൂമി സർവ്വേ ചെയ്ത് 1254 പ്ലോട്ടുകളായി തരംതിരിച്ചിട്ടുണ്ട്. ആയത് ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. വനാവകാശ നിയമം 2006 പ്രകാരം 435 പേർക്ക് 782 ഏക്കർ ഭൂമിയുടെ കൈവശാവകാശരേഖ വിതരണം ചെയ്തിട്ടുണ്ട്.

**ലൈഫ് ഭവന പദ്ധതി**

66 (840) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ആദിവാസി കുടുംബങ്ങൾക്ക് വീട് നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി കാസർഗോഡ് ജില്ലയിൽ എത്ര കുടുംബങ്ങൾക്കാണ് വീട് നൽകാൻ ഉദ്ദേശിക്കുന്നത്; വിശദാംശം അറിയിക്കുമോ?

(എ & ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീട് നൽകാൻ നടപടി സ്വീകരിച്ചുവരുന്നു.

**പട്ടികജാതി വിഭാഗത്തിലെ ഭൂരഹിതർക്ക് ഭൂമി നൽകുന്ന നടപടി**

67 (841) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ജനുവരി 1 മുതൽ നാളിതുവരെ ഒറ്റപ്പാലം മണ്ഡലത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭൂരഹിതർക്ക് ഭവന നിർമ്മാണത്തിനായുള്ള ഭൂമി വാങ്ങുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചു; എത്ര പേർക്ക് ഭൂമി നൽകാൻ കഴിഞ്ഞു; വിശദമാക്കുമോ?

നിലവിൽ ലൈഫ് ലിസ്റ്റിൽ നിന്നുമാണ് പ്രസ്തുത പദ്ധതിയിലേയ്ക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. 2021 ജനുവരി 1 മുതൽ

നാളിതുവരെ പ്രസ്തുത മണ്ഡലത്തിൽ ആകെ ലഭ്യമായ 104 അപേക്ഷകളിൽനിന്നും 26 പേർക്ക് ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം ഭൂമി വാങ്ങുന്നതിനായി ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കാലയളവിൽ ഭാഗികമായി നിർമ്മിച്ച ഭവനങ്ങളുടെ പൂർത്തീകരണം, ദുർബലമായവയുടെ നവീകരണം, പഠനമുറികളുടെ നിർമ്മാണം എന്നിവയ്ക്കായി പട്ടികജാതി വിഭാഗത്തിൽനിന്നും എത്ര അപേക്ഷകൾ ലഭിച്ചു; എത്രയെണ്ണം നൽകുവാൻ സാധിച്ചു; വിശദാംശം ലഭ്യമാക്കുമോ?

ഭാഗികമായി നിർമ്മിച്ച ഭവനങ്ങളുടെ പൂർത്തീകരണം

ആകെ ലഭിച്ച അപേക്ഷകൾ : 244

ആനുകൂല്യം അനുവദിച്ചിട്ടുള്ളത് : 197

പഠനമുറികളുടെ നിർമ്മാണം

ആകെ ലഭിച്ച അപേക്ഷകൾ : 72

ആനുകൂല്യം അനുവദിച്ചിട്ടുള്ളത് : 72

ഭവന നവീകരണത്തിനായി നിലവിൽ വകുപ്പ് മുഖേന ധനസഹായം അനുവദിക്കുന്നില്ല.

**പട്ടികജാതി ക്ഷേമവകുപ്പിൽ നിന്നും ലഭിച്ച ചികിത്സാധനസഹായം**

68 (842) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി ക്ഷേമവകുപ്പിൽനിന്നും എത്രപേർക്ക് ചികിത്സാധന സഹായം അനുവദിച്ചു; ആകെ അനുവദിച്ച തുക എത്രയെന്ന് വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ട 14371 പേർക്ക് 32,21,86,746/-രൂപയും (മുപ്പത്തിരണ്ട് കോടി ഇരുപത്തിയൊന്ന് ലക്ഷത്തി എൺപത്താറായിരത്തി എഴുന്നൂറ്റി നാല്പത്തിയാറ് രൂപ മാത്രം) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 10899 പേർക്ക് 3,62,79,213/-രൂപയും (മൂന്ന് കോടി അറുപത്തിരണ്ട് ലക്ഷത്തി എഴുപത്തൊമ്പതിനായിരത്തി ഇരുന്നൂറ്റി പതിമൂന്ന് രൂപ മാത്രം) ചികിത്സാ ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

## വീടിന്റെ അറ്റകുറ്റപണികൾക്കായി ധനസഹായം

69(843) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ടവരുടെ വീടിന്റെ അറ്റകുറ്റപണികൾക്കായി സാമ്പത്തിക സഹായം നൽകിവരുന്നുണ്ടോ;

(ബി) പ്രസ്തുത ധനസഹായത്തിനായി ആലപ്പുഴ നിയോജക മണ്ഡലത്തിൽ നിന്നും എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത് ; അവയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(സി) ഈ പദ്ധതിക്കായി പരമാവധി എത്ര രൂപയാണ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(എ-സി) പട്ടികജാതി വിഭാഗക്കാരുടെ വീടിന്റെ അറ്റകുറ്റപ്പണികൾക്ക് നിലവിൽ വകുപ്പ് മുഖേന സാമ്പത്തിക സഹായം നൽകുന്നില്ല. എന്നാൽ വിവിധ സർക്കാർ വകുപ്പുകളിൽനിന്ന് പട്ടികജാതി വിഭാഗക്കാർക്ക് അനുവദിച്ച നൽകിയ ഭവന നിർമ്മാണ ധനസഹായ തുക പൂർണ്ണമായും കൈപ്പറ്റിയിട്ടും നിർമ്മാണം പൂർത്തീകരിക്കാത്തവരും നിർദിഷ്ട രീതിയിലുള്ള

മേൽക്കൂര നിർമ്മിക്കാത്തതുമൂലം അവസാന ഗഡു ലഭിക്കാത്തവരും സ്വന്തമായി ഭവനനിർമ്മാണം ആരംഭിച്ച് നിർമ്മാണം പൂർത്തീകരിക്കാത്തവരുമായ പട്ടികജാതി കുടുംബങ്ങൾക്ക് പരമാവധി ഒന്നര ലക്ഷം രൂപവരെ പ്രത്യേക ധനസഹായം അനുവദിക്കുന്ന "ഭവന പൂർത്തീകരണ പദ്ധതി" വകുപ്പ് മുഖേന നടപ്പാക്കിവരുന്നു.

**ആദിവാസി മേഖലകൾ സന്ദർശിക്കുന്നതിന് വിലക്ക്**

70 (844) <u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി മേഖലകളിൽ വ്യക്തികളും സന്നദ്ധ സംഘടനകളും നടത്താറുള്ള ഗവേഷണങ്ങൾ, ഫീൽഡ് സർവ്വേകൾ തുടങ്ങിയവയ്ക്ക് അനുമതി ലഭിക്കുന്നത് സംബന്ധിച്ച് പുതിയ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടോ?

പട്ടികവർഗ്ഗ മേഖലകളിൽ വ്യക്തികളും സന്നദ്ധ സംഘടനകളും നടത്താറുള്ള ഗവേഷണങ്ങൾ, ഫീൽഡ് സർവ്വേകൾ എന്നിവയ്ക്ക് വകുപ്പിൽ സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ അനുമതി നൽകുന്നത് സംബന്ധിച്ച് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത സർക്കുലറിലെ പ്രധാന വ്യവസ്ഥകൾ എന്തൊക്കെയാണ്; സർക്കുലറിന്റെ പകർപ്പ് ലഭ്യമാക്കുമോ?

പട്ടികവർഗ്ഗ മേഖലകളിൽ റിസർച്ച് പെർമിഷൻ, ഫീൽഡ് സർവ്വേ, ഇന്റേൺഷിപ്പ്, ക്യാമ്പ് സംഘടിപ്പിക്കൽ, വീഡിയോഗ്രാഫി എന്നിവയ്ക്ക് അനുമതി നൽകുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പാലിക്കേണ്ട നടപടിക്രമങ്ങളെക്കുറിച്ചും അനുമതി ലഭിക്കുന്ന സന്ദർശകർ പാലിക്കേണ്ട നിബന്ധനകളെപ്പറ്റിയുമാണ് സർക്കുലറിൽ പ്രധാനമായും വ്യവസ്ഥ ചെയ്തിരിക്കുന്നത്. സർക്കുലറിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.

(സി) സർവ്വേകൾക്കായുള്ള അനുമതി അപേക്ഷയോടൊപ്പം ചോദ്യാവലികൂടി നൽകുന്നതിനും പഠനഫലം അധികൃതരെ കാണിക്കുന്നതിനും സർക്കുലർ വ്യവസ്ഥ ചെയ്യുന്നുണ്ടോ; വ്യക്തമാക്കുമോ?

സർവ്വേകൾക്കായുള്ള അനുമതി അപേക്ഷയോടൊപ്പം ചോദ്യാവലികൂടി സമർപ്പിക്കുന്നതിനും പഠനഫലം അധികൃതർക്ക് ലഭ്യമാക്കണമെന്നും സർക്കുലറിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. ഗവേഷണ വിദ്യാർത്ഥികൾ പട്ടികവർഗ്ഗക്കാരിൽനിന്നും ശേഖരിക്കാനുദ്ദേശിക്കുന്ന വിവരങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിക്കുന്നതിനായാണ് അപേക്ഷയോടൊപ്പം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചോദ്യാവലി വാങ്ങുന്നത്. പട്ടികവർഗ്ഗക്കാരുടെ ഉന്നമനം ലക്ഷ്യംവച്ചുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് ലഭ്യമായ പഠന ഫലങ്ങൾ പ്രയോജനം ചെയ്യുമോ എന്ന് പരിശോധിക്കുന്നതിനാണ് പഠന റിപ്പോർട്ട് ലഭ്യമാക്കുവാൻ സർക്കുലറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്.

(ഡി) ആദിവാസി മേഖലയിൽ സാമൂഹിക പ്രതിബന്ധങ്ങൾ നിലനിൽക്കുന്ന സാഹചര്യത്തിൽ ഇത്തരമൊരു സർക്കുലർ ആദിവാസികളുടെ ഉന്നമനം ലക്ഷ്യംവച്ച് സാമൂഹിക സേവന മേഖലകളിൽ പ്രവർത്തിക്കുന്ന സംഘടനകളുടെയും പ്രവർത്തകരുടെയും പ്രവർത്തനങ്ങൾക്ക് വിഘാതമാകുമെന്ന് കരുതുന്നുണ്ടോ?

ഇല്ല. ടി സർക്കുലർ പഠന ഗവേഷണത്തിന്റെ ഭാഗമായി പാലിക്കേണ്ട നടപടിക്രമങ്ങൾ വിശദീകരിക്കുക മാത്രമാണ് ചെയ്തിരിക്കുന്നത് .

(ഇ) ഈ സർക്കുലർ ആദിവാസികളുടെ ഭരണഘടനാപരമായ അവകാശങ്ങളുടെ ലംഘനമാകുമെന്നത് പരിശോധിച്ചിട്ടിട്ടുണ്ടോ; എങ്കിൽ സർക്കുലർ പിൻവലിക്കുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കുമോ?

ഈ സർക്കുലർ പട്ടികവർഗ്ഗക്കാരുടെ ഭരണഘടനാപരമായ യാതൊരു അവകാശങ്ങളുടെയും ലംഘനമാണെന്ന് കാണുന്നില്ല. പട്ടികവർഗ്ഗ

മേഖലകളിലെ റിസർച്ച് പെർമിഷൻ ഫീൽഡ് സർവ്വേ, ഇന്റേൺഷിപ്പ്, ക്യാമ്പ് സംഘടിപ്പിക്കൽ, വീഡിയോഗ്രാഫി എന്നിവയ്ക്ക് പട്ടികവർഗ്ഗ വികസന വകുപ്പിൽ ലഭിക്കുന്ന അപേക്ഷകളിന്മേൽ അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട സർക്കുലർ ആയതിനാൽ ഇത് പിൻവലിക്കുന്ന കാര്യം പരിഗണനയിലില്ല.

## മാവൂർ ഗ്രാമപഞ്ചായത്തിലെ കുടിവെള്ള പദ്ധതി

71 (845) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ ഗ്രാമപഞ്ചായത്തിലെ അടുവാട് കോട്ടക്കുന്ന് കോളനിയിൽ കുടിവെള്ള പദ്ധതി നടപ്പാക്കുന്നതിന് അനുവദിച്ച 60 ലക്ഷം രൂപ നിർവ്വഹണ ഏജൻസിയായ കേരള വാട്ടർ അതോറിറ്റിക്ക് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസം വരാനിടയാക്കിയ കാരണം വിശദമാക്കുമോ?

ഇല്ല. 2020-21 സാമ്പത്തിക വർഷത്തിൽ കോർപ്പസ് ഫണ്ട് ശീർഷകത്തിലെ ഫണ്ടിന്റെ അപര്യാപ്തതമൂലവും തെരഞ്ഞെടുപ്പ്

പെരുമാറ്റച്ചട്ടം നിലനിന്നിരുന്ന സാഹചര്യമായതിനാലും കേരള വാട്ടർ അതോറിറ്റി പദ്ധതിയുടെ പ്രോഗ്രസ് റിപ്പോർട്ട് സമയബന്ധിതമായി സമർപ്പിക്കാത്തതിനാലുമാണ് പ്രസ്തുത തുക ഡെപ്പോസിറ്റ് ചെയ്യാൻ സാധിക്കാതിരുന്നത്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഭാഗമായി പൈപ്പിടുന്നതിന് റോഡ് കട്ട് ചെയ്യാൻ പൊതുമരാമത്ത് വകുപ്പിൽ അടവാക്കേണ്ട പണം ലഭ്യമാക്കാത്തത് കാരണം പദ്ധതി പാതി വഴിയിൽ ഉപേക്ഷിക്കപ്പെടേണ്ട സാഹചര്യമാണ് നിലവിലുള്ളതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

നിലവിൽ പ്രസ്ഥുത പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. നിർവ്വഹണ ഏജൻസിയായ കേരള വാട്ടർ അതോറിറ്റി പ്രോഗ്രസ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. ആയതിൻ പ്രകാരം ടി പദ്ധതിക്ക് അനുവദിച്ചിട്ടുള്ള 60,00,000/- രൂപ (അറുപത് ലക്ഷം) നടപ്പു സാമ്പത്തിക വർഷത്തെ

എസ്.സി കോർപ്പസ് ഫണ്ടിൽനിന്നും അനുവദിച്ച് നിർവ്വഹണ ഏജൻസിക്ക് ഡെപ്പോസിറ്റ് ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു .

**അംബേദ്കർ ഗ്രാമം പദ്ധതി**

72 (846) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതിയിൽ തെരെഞ്ഞെടുക്കപ്പെട്ട കോളനികളുടെ പ്രവൃത്തികൾ നിലവിൽ ഏതൊക്കെ ഏജൻസികളാണ് ഏറ്റെടുത്ത് നടത്തിക്കൊണ്ടിരിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

അംബേദ്കർ ഗ്രാമവികസന പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി അതാത് ജില്ലാ നിർമ്മിതി കേന്ദ്രങ്ങളെയാണ് ചുമതലപ്പെടുത്തിയിരുന്നത്. നിർമ്മിതികേന്ദ്രങ്ങൾക്ക് എന്തെങ്കിലും പരിമിതിയുള്ള പക്ഷം ബന്ധപെട്ട എം. എൽ. എ.- മാർ നിർദ്ദേശിക്കുന്ന സർക്കാർ ഏജൻസികൾക്കും നിർവ്വഹണ ചുമതല നൽകുവാൻ വ്യവസ്ഥയുണ്ടായിരുന്നു. എന്നാൽ 03-12-2021-ൽ പുറപ്പെടുവിച്ച പരിഷ്കരിച്ച (സ.ഉ. (കൈ) നം.54/2021/പജപവവിവ) ഉത്തരവുപ്രകാരം, നിർമ്മിതി

കേന്ദ്രങ്ങൾക്കുപുറമെ അംഗീകൃത സർക്കാർ ഏജൻസികളെയും പദ്ധതി നിർവ്വഹണത്തിനായി ചുമതലപ്പെടുത്താവുന്നതാണ്. നിലവിൽ ജില്ലാ നിർമ്മിതി കേന്ദ്രം, കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് ലിമിറ്റഡ് (KEL), സ്മാൾ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് കോർപ്പറേഷൻ (SIDCO), കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രം (KESNIK), KAICO ലിമിറ്റഡ്, കേരളാ സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് (KSHB), ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് (FIT), സ്റ്റീൽ ഇൻഡസ്ട്രീസ് കേരളാ ലിമിറ്റഡ് (SILK) എന്നീ ഏജൻസികൾ പദ്ധതി നിർവ്വഹണം നടത്തിവരുന്നുണ്ട്.

(ബി) പ്രസ്തുത ഏജൻസികൾ ഏത് വിധത്തിലാണ് പ്രവൃത്തി നടത്തുന്നതെന്ന് വിശദമാക്കുമോ?

പ്രസ്തുത ഏജൻസികൾ പി.എം.സി (പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റ്) ആയും നോൺ പി.എം.സി (നോൺ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റ്) ആയും പ്രവൃത്തികൾ നടപ്പാക്കിവരുന്നു.

(സി) പ്രസ്തുത ഏജൻസികൾക്ക് എന്തെങ്കിലും കൺസൾട്ടൻസി ചാർജ്ജുണ്ടോ; വിശദമാക്കുമോ?

25-07-2017- ലെ ജി.ഒ (പി) നം.95/17/ഫിൻ. പ്രകാരം ഒരു കോടി രൂപയ്ക്ക് താഴെയുള്ള എല്ലാ വർക്കുകൾക്കും 8 ശതമാനം സെന്റേജ് ചാർജ് അനുവദിക്കാവുന്നതാണ്. ഒരു കോടി രൂപയുടെ പ്രവൃത്തികൾക്ക് 7 ശതമാനം സെന്റേജ് ചാർജ് അനുവദിക്കുന്നു.

(ഡി)നിലവിൽ നിർമ്മിതി കേന്ദ്രം പോലുള്ള ഏജൻസികൾ പ്രവൃത്തി നടപ്പാക്കുന്ന കോളനികളിലെ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ഇ) ഇത്തരം പ്രവൃത്തികൾ ധനകാര്യ വകുപ്പിന്റെ അക്രെഡിറ്റഡ് ഏജൻസിയായ യു.എൽ.സി.സി.എസ്.-ന് നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എം.എൽ.എ.-മാരിൽനിന്നും കത്ത് ലഭിച്ചിരുന്നോ; ഉണ്ടെങ്കിൽ ഏതൊക്കെ എം.എൽ.എ.- മാരിൽ നിന്നുമാണ് കത്ത് ലഭിച്ചത്?

ശ്രീ. കെ. പി. .കുഞ്ഞഹമ്മദ്കുട്ടി മാസ്റ്റർ, ശ്രീ.കെ. എം. സച്ചിൻദേവ്, ശ്രീ. ടി. പി. രാമകൃഷ്ണൻ എന്നീ ബഹുമാനപ്പെട്ട എം.എൽ.എ.മാരിൽനിന്നും കത്തുകൾ ലഭിച്ചിട്ടുണ്ട്.

(എഫ്) ഇങ്ങനെയുള്ള പ്രവൃത്തികൾ യു.എൽ.സി.സി.എസ്.-ന് നൽകുന്നതിൽ എന്തെങ്കിലും തടസ്സമുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

നിലവിലെ വ്യവസ്ഥപ്രകാരം അംഗീകൃത സർക്കാർ ഏജൻസികൾക്ക് മാത്രമാണ് നിർവ്വഹണ ചുമതല നൽകുവാൻ സാധിക്കുന്നത് യു.എൽ.സി.സി.എസ്. അംഗീകൃത സർക്കാരിതര (Non-government) ഏജൻസി ആയതിനാൽ നിലവിലെ ഉത്തരവ് പ്രകാരം ടി ഏജൻസിയെ പ്രവൃത്തി ഏൽപ്പിക്കാൻ കഴിയില്ല.

**മങ്കട മണ്ഡലത്തിലെ അംബേദ്കർ ഗ്രാമ വികസന പരിപാടി**

73 (847) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിൽ അംബേദ്കർ ഗ്രാമ വികസന പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പട്ടിയിൽപറമ്പ് എസ്.സി. കോളനി, കല്ലറാംകുന്ന് എസ്.സി. കോളനി എന്നിവിടങ്ങളിൽ നടപ്പാക്കുന്ന

വികസന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കാനുദ്ദേശിക്കുന്ന സമയപരിധി അറിയിക്കുമോ?

പ്രസ്തുത കോളനികളിൽ 06/06/2022 ന് ചേർന്ന മോണിറ്ററിംഗ് സമിതി യോഗത്തിൽ വീട് റിപ്പെയർ, കുടിവെള്ള പദ്ധതി വിപുലപ്പെടുത്തൽ, മാലിന്യ നിർമ്മാർജ്ജനം, ശ്മശാന നവീകരണം, പകൽ വീട് നവീകരണം, സോളാർലൈറ്റ് സ്ഥാപിക്കൽ, റോഡ് നവീകരണം, പാത്ത് വേ നിർമ്മാണം, റോഡ് സൈഡ് കെട്ടൽ, കിണർ സംരക്ഷണം എന്നീ പ്രവൃത്തികൾ നടത്തേണ്ടതാണെന്ന് തീരുമാനിച്ചിട്ടുണ്ട്.

പദ്ധതി പ്രവൃത്തികളുടെ എസ്റ്റിമേറ്റ് നിർവ്വഹണ ഏജൻസിയിൽനിന്നും അടിയന്തരമായി ലഭ്യമാക്കി പ്രവൃത്തികൾ കാലതാമസം കൂടാതെ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) മങ്കട മണ്ഡലത്തിൽ അംബേദ്കർ ഗ്രാമ വികസന പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതും നടന്നുവരുന്നതുമായ മറ്റ് കോളനികളുടെ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ; ഓരോ പ്രവൃത്തിയും എത്ര ശതമാനം പൂർത്തിയായിട്ടുണ്ട്; ഓരോ കോളനിയിലും അവശേഷിക്കുന്ന പ്രവൃത്തികൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

പ്രസ്തുത മണ്ഡലത്തിലെ കുറുവ പഞ്ചായത്തിൽപ്പെട്ട കളത്തിൽചാള, ചൊവ്വാണ, അമ്പലപ്പറമ്പ് എന്നീ മൂന്ന് പട്ടികജാതി കോളനികളാണ് നിലവിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്. ഇവയിൽ കളത്തിൽ ചാള കോളനിയുടെയും ചൊവ്വാണ പട്ടിക ജാതി കോളനിയുടെയും പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട് . അമ്പലപ്പറമ്പ് പട്ടികജാതി കോളനിയുടെ പ്രവൃത്തികൾ 50% പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന പ്രവൃത്തികൾ പുരോഗമിക്കുന്നു.

(സി) പ്രസ്തുത പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ പ്രവൃത്തികളും സമയപരിധി നിശ്ചയിച്ച് പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

## പട്ടിക ജാതി, പട്ടിക വർഗ്ഗ കോളനികളിൽ സ്കിൽ ഡവലപ്മെന്റ് സെന്ററുകൾ

74 (848) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി, പട്ടിക വർഗ്ഗ കോളനികൾ കേന്ദ്രീകരിച്ച് സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്ക ള മോ?

സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ കോളനികൾ കേന്ദ്രീകരിച്ച് നടപ്പാക്കുന്നതിനല്ല സർക്കാർ ഉദ്ദേശിക്കുന്നത്.

വകുപ്പ് പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരായ യുവതീയുവാക്കളെ ഒരേ സമയം തൊഴിൽസംരംഭകരും തൊഴിൽദാതാക്കളുമായി മാറ്റുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചു വരുന്നതിന്റെ ഭാഗമായി എംപവർമെന്റ് സൊസൈറ്റികളും ടാലന്റ് സെന്ററുകളും ആരംഭിക്കുന്നത് സംബന്ധിച്ച് നയ പ്രഖ്യാപന പ്രസംഗത്തിൽ പരാമർശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ നടപടികൾ പുരോഗമിച്ചുവരുന്നു .

സിവിൽ എഞ്ചിനീയറിംഗ് ബിരുദ/ഡിപ്ളോമ/ഐ.ടി.ഐ. യോഗ്യതയുള്ള പട്ടിക വിഭാഗം ഉദ്യോഗാർത്ഥികളെ തദ്ദേശസ്ഥാപനങ്ങളിൽ താത്കാലികാടിസ്ഥാനത്തിൽ അക്രെഡിറ്റഡ് എഞ്ചിനീയർമാരായി

നിയമിക്കുന്നതിനുള്ള വകുപ്പിന്റെ ശിപാർശ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

സമാന രീതിയിൽ Bsc നഴ്സിംഗ്/ ജനറൽ നഴ്സിംഗ് / പാരാമെഡിക്കൽ കോഴ്സുകൾ പാസായ പട്ടിക വിഭാഗം ഉദ്യോഗാർത്ഥികളെ പ്രാഥമികാരോഗ്യ കേന്ദ്രം മുതൽ മെഡിക്കൽ കോളേജ് വരെയുള്ള ആശുപത്രികളിൽ താത്കാലികാടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള നടപടിയും പുരോഗമിക്കുകയാണ്. ഇത്തരത്തിൽ അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾക്ക് പരിശീലനവും പ്രവൃത്തിപരിചയവും വേതനവും നൽകി അവരെ കൂടുതൽ മെച്ചപ്പെട്ട തൊഴിൽ മേഖലയിലേയ്ക്ക് എത്തിക്കുന്നതിനുള്ള നടപടികളാണ് വകുപ്പ് സ്വീകരിക്കുന്നത്.

**കുണ്ടറ നിയോജകമണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

75 (849) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2021 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ കുണ്ടറ നിയോജകമണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള അംബേദ്കർ ഗ്രാമം

പദ്ധതികളിൽ ഇനിയും പൂർത്തിയാക്കാൻ കഴിയാത്തവയുണ്ടെങ്കിൽ അവ ഏതൊക്കെയെന്ന് വിശദമാക്കുമോ?

പ്രസ്തുത കാലഘട്ടത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം കുണ്ടറ നിയോജകമണ്ഡലത്തിൽനിന്നും തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള കോളനികളിൽ എല്ലുകുഴി കോളനി (2019-20) നവീകരണം മാത്രമാണ് നിലവിൽ പൂർത്തീകരിക്കാനുള്ളത്.

(ബി) മേൽപ്പറഞ്ഞവയിൽ പൂർത്തിയാക്കിയിട്ടില്ലാത്തവ ഉണ്ടെങ്കിൽ ആയതിനുള്ള കാരണം വിശദമാക്കുമോ?

എല്ലുകുഴി കോളനിയിലെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതുമായി ബന്ധപ്പെട്ട് തർക്കം നിലനിന്നിരുന്നതിനാൽ മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം ലഭ്യമായിട്ടില്ല. ആയതിനാൽ പ്രവൃത്തി ആരംഭിക്കുവാൻ സാധിച്ചിട്ടില്ല.

(സി) പ്രസ്തുത മണ്ഡലത്തിൽ 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ചിട്ടുള്ള അംബേദ്കർ ഗ്രാമം പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ; അവയുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ?

മുക്കുട് ജയന്തി കോളനി , പാലക്കട ജയന്തി കോളനി എന്നീ രണ്ടു കോളനികളെ 2021-22 സാമ്പത്തിക വർഷത്തിലേയ്ക്ക് പ്രസ്തുത പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുക്കുകയുണ്ടായി. മുക്കുട് ജയന്തി കോളനിയിൽ ആദ്യ മോണിറ്ററിംഗ് കമ്മിറ്റി കൂടിയിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. പാലക്കട ജയന്തി കോളനിയിൽ ഒരു കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടത്താനില്ലാത്തതിനാൽ ആയത് ഉപേക്ഷിക്കുകയും പകരം മറ്റൊരു കോളനിയെ എം.എൽ.എ.-യുടെ ശിപാർശയോടെ നിർദേശിക്കുവാൻ അറിയിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തെ പ്രസ്തുത പദ്ധതിയിലേയ്ക്ക് കോളനികളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നതേയുള്ളൂ.

**ചികിത്സാ ധനസഹായ പദ്ധതി**

76 (850) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്കക്ഷേമ വകുപ്പുമന്ത്രിയുടെ ചികിത്സാ ധനസഹായ പദ്ധതിയിൽനിന്നും എത്ര പേർക്ക് ചികിത്സാ ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്; ഇതിനു വേണ്ടി എത്ര രൂപ ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ട 14371 പേർക്ക് 32,21,86,746/-രൂപയും (മുപ്പത്തി രണ്ട് കോടി ഇരുപത്തിയൊന്ന് ലക്ഷത്തി എൺപത്താറായിരത്തി എഴുന്നൂറ്റി നാല്പത്തിയാറ് രൂപ മാത്രം) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 10899 പേർക്ക് 3,62,79,213/-രൂപയും (മൂന്ന് കോടി അറുപത്തിരണ്ട് ലക്ഷത്തി എഴുപത്തിയൊമ്പതിനായിരത്തി ഇരുന്നൂറ്റി പതിമൂന്ന് രൂപ മാത്രം) ചികിത്സാ ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

(ബി) മട്ടന്നൂർ നിയോജകമണ്ഡലത്തിൽ പ്രസ്തുത ചികിത്സാ ധനസഹായ പദ്ധതിയിൽനിന്ന് എത്ര രൂപ വീതം ആർക്കൊക്കെ അനുവദിച്ചിട്ടുണ്ട്; വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മട്ടന്നൂർ നിയോജകമണ്ഡലത്തിൽ പ്രസ്തുത ചികിത്സാ ധനസഹായ പദ്ധതിയിൽ നിന്ന് പട്ടികജാതി വിഭാഗത്തിൽപ്പെട്ട 7 പേർക്ക് 1,90,000/-രൂപ (ഒരു ലക്ഷത്തി തൊണ്ണൂറായിരം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

മട്ടന്നൂർ നിയോജക മണ്ഡലത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ചികിത്സാ ധനസഹായ പദ്ധതി പ്രകാരം അപേക്ഷയൊന്നും ലഭിച്ചിട്ടില്ല.

(സി) ചികിത്സാ ധനസഹായം പരിഗണിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ?

<u>പട്ടികജാതി</u>

മാരകമായ രോഗങ്ങൾ ബാധിച്ചവരും ദീർഘകാല ചികിത്സ ആവശ്യമുള്ളവരുമായ 1,00,000/-രൂപയിൽ താഴെ വാർഷിക വരുമാനമുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് 50,000/-രൂപ വരെ ധനസഹായം അനുവദിക്കുന്നു. ഹൃദയ ശസ്ത്രക്രിയ, ക്യാൻസർ, കിഡ്നി തകരാർ തുടങ്ങിയ ഗുരുതര രോഗം ബാധിച്ചവർക്ക് 1,00,000/-രൂപ വരെ ധനസഹായം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അനുവദിക്കുന്നു. നിശ്ചിത ഫോറത്തിലുള്ള അപേക്ഷ ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, ചികിത്സിക്കുന്ന ഡോക്ടറുടെ മെഡിക്കൽ സർട്ടിഫിക്കറ്റ്, റേഷൻ കാർഡ്, ആധാർ കാർഡ് ഇവയുടെ പകർപ്പ്, ബാങ്ക് അക്കൗണ്ട് പാസ് ബുക്കിന്റെ പകർപ്പ് എന്നിവ സഹിതം അക്ഷയ കേന്ദ്രങ്ങളിലൂടെ സൗജന്യമായി ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനോടൊപ്പം അക്ഷയ കേന്ദ്രങ്ങളിൽനിന്നും ലഭിക്കുന്ന പ്രിന്റ് സഹിതം ടി അപേക്ഷ ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പൽ/ കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിക്കണം. ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ ടി അപേക്ഷ ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് കൈമാറും. ബഹുമാനപ്പെട്ട എം.എൽ.എ യുടെ ശിപാർശയുള്ള അപേക്ഷകൾ നേരിട്ട് പട്ടികജാതി പട്ടികവർഗ്ഗക്ഷേമ വകുപ്പുമന്ത്രിയുടെ ഓഫീസിലേക്ക് അയയ്ക്കുന്നതാണ്. ജില്ലാ പട്ടികജാതി വികസന ഓഫീസർ ടി അപേക്ഷ ഡെപ്യൂട്ടി ഡയറക്ടർക്കും പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പുമന്ത്രിയുടെ ഓഫീസിലേയ്ക്കും അയയ്ക്കുന്നു. മന്ത്രിയുടെ ഓഫീസിൽനിന്നും ടി അപേക്ഷയ്ക്ക് ധനസഹായം അനുവദിച്ച് ഉത്തരവാകുന്നു. ധനസഹായം അനുവദിച്ച് ഉത്തരവാകുന്ന അപേക്ഷകർക്ക് ധനസഹായത്തുക ബാങ്ക് അക്കൗണ്ടിൽ ലഭിക്കും.

<u>പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ</u>

ചികിത്സാ ധനസഹായം ലഭിക്കുന്നതിനായി നിശ്ചിത ഫാറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം അപേക്ഷകന്റെ/ അപേക്ഷകയുടെ ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, റേഷൻ കാർഡ്/ ആധാർ കാർഡ്, പകർപ്പുകൾ, ആശുപത്രി മേധാവി സാക്ഷ്യപ്പെടുത്തിയ ചികിത്സാ രേഖകളും അസൽ ബില്ലുകളും ,ചികിത്സ നടത്തിയത് സ്വകാര്യ ആശുപത്രിയിലാണെങ്കിൽ ഗവൺമെന്റ് മെഡിക്കൽ ഓഫീസറിൽനിന്നും ലഭ്യമാക്കിയ മെഡിക്കൽ സർട്ടിഫിക്കറ്റ്, ചികിത്സാവശ്യത്തിനായി പഞ്ചായത്തിൽനിന്നും ധനസഹായം അനുവദിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതാണ്.

ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ചികിത്സാ ധനസഹായം അനുവദിക്കുന്നതിനുള്ള വരുമാന പരിധി നിലവിൽ ഒരു ലക്ഷം രൂപയാണ്.

അപകടത്തെ തുടർന്ന് ചികിത്സയിൽ കഴിയുകയാണെങ്കിൽ 25,000/- രൂപ വരെ ധനസഹായം അനുവദിക്കുന്നു.

ക്യാൻസർ, ഹൃദയശസ്ത്രക്രിയ, വൃക്കമാറ്റിവയ്ക്കൽ, ഡയാലിസിസ്, ബ്രെയിൻ ട്യൂമർ, പക്ഷാഘാതം, ഹീമോഫീലിയ തുടങ്ങിയ മാരകരോഗങ്ങളുടെ ചികിത്സയ്ക്കായി 1 ലക്ഷം രൂപവരെ ധനസഹായം അനുവദിക്കുന്നു. ഇപ്രകാരം അനുവദിക്കുന്ന തുക രോഗി ചികിത്സയിലിരിക്കുന്ന ആശുപത്രിയിലെ ഡോക്ടറുടെ സർട്ടിഫിക്കറ്റ്, ചികിത്സയ്ക്ക് വേണ്ടിവരുന്ന ചെലവ് സംബന്ധിച്ച് ആശുപത്രി അധികൃതർ നൽകുന്ന എസ്റ്റിമേറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ആശുപത്രിക്ക് നൽകുന്നു.

മറ്റ് രോഗങ്ങൾക്ക് രോഗത്തിന്റെ തീവ്രത അനുസരിച്ച് 50,000/-രൂപ വരെ ചികിത്സാ ധനസഹായം അനുവദിക്കുന്നു.

പട്ടികവർഗ്ഗ പ്രൊമോട്ടർമാർ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ, പി.ഒ/ടി.ഡി.ഒ-മാർ, ജനപ്രതിനിധികൾ എന്നിവർ മുഖേനയോ വകുപ്പുമന്ത്രിക്ക് നേരിട്ടോ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

പട്ടികവർഗ്ഗ വിഭാഗത്തിനുള്ള ചികിത്സാ ധനസഹായം ഓൺലൈനാക്കുന്നതിന്റെ പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്.

## കോങ്ങാട് മണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ പദ്ധതികൾ

77 (851) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോങ്ങാട് മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമത്തിനായി നടപ്പിലാക്കിയ വികസനക്ഷേമ പരിപാടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോങ്ങാട് മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമത്തിനായി നടപ്പാക്കിയ വികസനക്ഷേമ പരിപാടികൾ അനുബന്ധമായി ചേർക്കുന്നു+.

## പട്ടികജാതി വിഭാഗ ഭവനനിർമ്മാണ പദ്ധതി

78 (852) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) പട്ടികജാതി വിഭാഗ ഭവന നിർമ്മാണ പദ്ധതി പ്രകാരം 2017-18 സാമ്പത്തിക വർഷം പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്തിൽ ഭവന നിർമ്മാണം പൂർത്തീകരിച്ച കുടുംബങ്ങൾക്ക് തുക പൂർണ്ണമായും അനുവദിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ;

ഉണ്ട്.

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടാണ് അനുവദിക്കാത്തതെന്നും തുക എപ്പോൾ നൽകുമെന്നും വ്യക്തമാക്കുമോ;

ബാധകമല്ല.

(സി) ഇതുസംബന്ധിച്ച് വകുപ്പുമന്ത്രിക്ക് സ്ഥലം എം.എൽ.എ. നൽകിയ നിവേദനത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

2017-18 സാമ്പത്തിക വർഷം പെരിന്തൽമണ്ണ ബ്ലോക്ക് പരിധിയിൽ വകുപ്പ് മുഖേന ഭവന നിർമ്മാണ ധനസഹായം അനുവദിച്ചതിൽ 83 പേർക്ക് അനുവദിക്കാനുണ്ടായിരുന്ന കുടിശ്ശിക തുകയായ 24,15,000/- രൂപ (ഇരുപത്തി നാലു ലക്ഷത്തി പതിനയ്യായിരം രൂപ മാത്രം) ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് ബില്ല് മാറി നൽകിയിട്ടുണ്ട്.

## പട്ടിക ജാതി വിഭാഗത്തിന്റെ ചികിത്സാധനസഹായം

79 (854) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലത്തൂർ നിയോജക മണ്ഡലത്തിലെ പട്ടികജാതി വിഭാഗത്തിന്റെ ചികിത്സാ ധനസഹായത്തിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അതിൽ എത്ര പേർക്ക് ധനസഹായം ലഭ്യമാക്കിയിട്ടുണ്ടെന്നും എത്ര രൂപ ഇതിനകം അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലത്തൂർ നിയോജക മണ്ഡലത്തിലെ പട്ടികജാതി വിഭാഗത്തിന്റെ ചികിത്സാ ധനസഹായത്തിനായി ലഭിച്ച 143 അപേക്ഷകളിലും ധനസഹായം അനുവദിച്ചിട്ടുണ്ട്. ആയതിൽ 97 പേർക്ക് ആകെ 20,36,000/-രൂപ (ഇരുപത് ലക്ഷത്തി മുപ്പത്തി ആറായിരം രൂപ മാത്രം) നാളിതുവരെ അവരുടെ അക്കൗണ്ടിലേക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. അവശേഷിക്കുന്ന

അപേക്ഷകരുടെ തുക അനുവദിക്കുന്നതിനായി ബില്ലുകൾ തയ്യാറാക്കിയിട്ടുണ്ട്.

**അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ**

80 (855) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമ പദ്ധതി പ്രകാരം മഞ്ചേരി മുനിസിപ്പാലിറ്റിയിലെ ആര്യംപാടം കുരുങ്കട്ടുകുന്ന് കോളനിയിലും തൃക്കലങ്ങോട് ഗ്രാമപഞ്ചായത്തിലെ ആമയൂര് ചക്കിങ്ങൽകണ്ടി കോളനിയിലും പാണ്ടിക്കാട് പഞ്ചായത്തിലെ ഏഴാച്ചേരി കോളനിയിലും നടന്നുവരുന്ന പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന അറിയിക്കുമോ?

ആര്യംപാടം കുറുങ്കാട്ട്കുന്ന് കോളനിയിൽ അംഗീകരിച്ച എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ 98 ശതമാനത്തോളം പൂർത്തീകരിച്ചിട്ടുണ്ട്. പൂർത്തീകരിച്ച പ്രവൃത്തികളിൽ ബാലൻസ് വന്ന തുകയ്ക്ക് ഉൾപ്പെടുത്തേണ്ട അഡീഷണൽ വർക്കുകൾ 21-06-2022 തീയതിയിൽ നടന്ന മോണിറ്ററിംഗ്

കമ്മിറ്റിയിൽ തീരുമാനിച്ചിട്ടുണ്ട്. അതുപ്രകാരം റിവൈസ്ഡ് എസ്റ്റിമേറ്റ് നിർമ്മിതികേന്ദ്രം 30-06-2022-നുള്ളിൽ ലഭ്യമാക്കുന്നതിന് നിർദേശം നൽകിയിട്ടുണ്ട്.

ആമയൂർ ചക്കിങ്ങൽകണ്ടി കോളനിയിൽ (തൃക്കലങ്ങോട് പഞ്ചായത്ത്) കുടിവെള്ള പദ്ധതി ഒഴികെ മറ്റെല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. 31-07-2022-നുള്ളിൽ മുഴുവൻ പ്രവൃത്തികളും പൂർത്തീകരിക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് നിർദേശം നൽകിയിട്ടുണ്ട് .

ഏറാഞ്ചേരി കോളനിയിലെ (പാണ്ടിക്കാട് പഞ്ചായത്ത്) കുടിവെള്ള പദ്ധതി ഒഴികെ മറ്റെല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുള്ളതാണ്. ബാലൻസ് വന്ന പ്രവൃത്തികളുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിച്ച് നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഒരു കോടി രൂപ വീതം അനുവദിച്ച മഞ്ചേരിനഗരസഭയിലെ പാക്കരത്ത് കോളനിയിലെയും പാണ്ടിക്കാട് ഗ്രാമപഞ്ചായത്തിലെ ആനക്കോട് കോളനിയിലെയും പ്രവൃത്തികൾ എന്ന് ആരംഭിക്കാൻ കഴിയും; വിശദമാക്കുമോ?

പ്രസ്തുത കോളനികളിലെ പ്രാഥമിക യോഗം കൂടിയിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

## വയനാട് ജില്ലയിലെ ലൈഫ് ഭവന പദ്ധതി

81 (856) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ 2016 ജൂൺ മുതൽ നാളിതുവരെ ലൈഫ് ഭവന പദ്ധതിയിലുൾപ്പെടുത്തി നിർമ്മാണം പൂർത്തീകരിച്ച പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ വീടുകളുടെ എണ്ണം വ്യക്തമാക്കുമോ?

വയനാട് ജില്ലയിൽ 2016 ജൂൺ മുതൽ നാളിതുവരെ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി 2816 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) നിലവിൽ നിർമ്മാണം പൂർത്തീകരിച്ചുകൊണ്ടിരിക്കുന്ന പട്ടികവർഗ്ഗക്കാരുടെ വീടുകളുടെ എണ്ണം വ്യക്തമാക്കുമോ?

261 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചുവരുന്നു.

## മണിമലയിലെ മുക്കട സാംസ്കാരിക കേന്ദ്രം

82 (857) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പ് മുഖേന നിർമ്മിച്ച മണിമലയിലെ മുക്കട സാംസ്കാരിക കേന്ദ്രം തുറന്നുകൊടുക്കാൻ ഇതുവരെ സാധിക്കാത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

സ്വയംപര്യാപ്തഗ്രാമം 2012-13-ൽ ഉൾപ്പെട്ട മാതൃക മണിമല കോളനിയിലാണ് മുക്കട സാംസ്കാരിക നിലയം. ടോയ്‌ലറ്റ്, അടുക്കള എന്നിവ പൂർത്തികരിക്കാനുള്ളതിനാലാണ് ഇതുവരെ തുറന്നുകൊടുക്കാൻ സാധിക്കാത്തത്.

(ബി) പ്രസ്തുത പ്രവൃത്തി ഏറ്റെടുത്തിരുന്ന ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് എന്ന സ്ഥാപനം എത്ര ശതമാനം പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്; സമയബന്ധിതമായി പണികൾ തീർക്കുന്നതിൽ പ്രസ്തുത ഏജൻസി അലംഭാവം കാട്ടിയതായ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത സാംസ്കാരിക കേന്ദ്രം എത്രയും വേഗം തുറന്നു കൊടുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി&സി) 95% പ്രവൃത്തികൾ പൂർത്തീകരിച്ചു. എന്നാൽ സാംസ്കാരിക നിലയത്തിലെ അവസാനഘട്ട പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കുന്നതിൽ ഏജൻസിയുടെ ഭാഗത്തുനിന്നും വീഴ്ച ഉണ്ടായതിനാൽ തുടർന്നുള്ള പ്രവൃത്തികൾ ചെയ്യുന്നതിൽനിന്നും ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡിനെ ഒഴിവാക്കി പട്ടികജാതി വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് പദ്ധതി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് സാംസ്കാരിക കേന്ദ്രം തുറന്നുകൊടുക്കുന്നതാണ്

**വട്ടിയൂർക്കാവ് മണ്ഡലത്തിലെ പദ്ധതികൾ**

83 (858) <u>ശ്രീ. വി. കെ. പ്രശാന്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് **പട്ടികജാതി, പട്ടികവർഗ്ഗ,** പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ വകുപ്പ് നേരിട്ടും വകുപ്പിന് കീഴിലെ മിഷനുകൾ, ഏജൻസികൾ,

ബോർഡുകൾ എന്നിവ മുഖാന്തരവും നടപ്പാക്കിവരുന്ന പദ്ധതികൾ സംബന്ധിച്ച തൽസ്ഥിതി റിപ്പോർട്ട് ഉൾപ്പെടെയുള്ള വിശദാംശം ലഭ്യമാക്കുമോ?

വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പ് നേരിട്ട് നടത്തിയ പദ്ധതിയായ അംബേദ്കർ ഗ്രാമ വികസനപദ്ധതിയിലൂടെ (2016-17) ഹാർവ്വിപുരം കോളനി, കൊക്കോട്ട് വയലരികത്ത് കോളനി എന്നിവയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് നൈപുണ്യ വികസനവുമായി ബന്ധപ്പെട്ട് മണ്ണന്തല കേന്ദ്രീകരിച്ച് Centre for Skill Excellence എന്ന സ്ഥാപനം പ്രവർത്തിച്ചിരുന്നു. പരിശീലനം നടത്തിയവരിൽ 65 പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്.

(ബി) 2019-20, 2020-21, 2021-22, 2022-23 വർഷങ്ങളിലെ സംസ്ഥാന ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ചിട്ടുള്ളതും പട്ടികജാതി, പട്ടിക വർഗ്ഗ വകുപ്പ് നേരിട്ടും വകുപ്പിന് കീഴിലെ മിഷനുകൾ, ഏജൻസികൾ, ബോർഡുകൾ എന്നിവ മുഖാന്തരവും പ്രസ്തുത മണ്ഡലത്തിൽ നടപ്പാക്കേണ്ട

പദ്ധതികൾ ഏതൊക്കെയാണെന്നും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കുമോ?

വട്ടിയൂർക്കാവ് മണ്ഡലത്തിൽ 2019-20, 2020-21 വർഷങ്ങളിൽ പട്ടികജാതി വികസന വകുപ്പ് പദ്ധതികളൊന്നുംതന്നെ നടപ്പാക്കിയിട്ടില്ല. 2021-22, 2022-23 വർഷങ്ങളിൽ അംബേദ്കർ ഗ്രാമം പദ്ധതി നടപ്പാക്കുന്നതിന് കോളനികൾ സെലക്ട് ചെയ്യേണ്ടതായിട്ടുണ്ട്.

2019-20, 2020-21 സാമ്പത്തിക വർഷം പട്ടികവർഗ്ഗ വികസന വകുപ്പ് നൈപുണ്യ വികസനവുമായി ബന്ധപ്പെട്ട് മണ്ണന്തല കേന്ദ്രീകരിച്ച് Centre for Skill Excellence എന്ന സ്ഥാപനം പ്രവർത്തിച്ചിരുന്നു. പരിശീലനം നേടിയവരിൽ 65 പേർക്ക് തൊഴിൽ ലഭിച്ചിരുന്നു. കോവിഡ് ലോക്ഡൗണിന് ശേഷം താത്കാലികമായി ടി സ്ഥാപനത്തിന്റെ പ്രവർത്തനം നിർത്തലാക്കിയിരുന്നു; ഉടൻ പുനരാരംഭിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത മണ്ഡലത്തിൽ 2021 ഏപ്രിൽ മാസത്തിനുശേഷം പട്ടികജാതി, പട്ടികവർഗ്ഗ വകുപ്പ് നേരിട്ടും വകുപ്പിന് കീഴിലെ മിഷനുകൾ, ഏജൻസികൾ, ബോർഡുകൾ എന്നിവ മുഖാന്തരവും പൂർത്തീകരിച്ച

പദ്ധതികളുടെ ഫണ്ട്, ഭരണാനുമതി തുക, എസ്റ്റിമേറ്റ് തുക, ചെലവഴിച്ച തുക എന്നിവ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

**പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗങ്ങൾക്ക് സിവിൽസർവീസ് പരിശീലന കേന്ദ്രം**

84(859) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യത്തിന് **പട്ടികജാതി, പട്ടികവർഗ്ഗ,** പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗങ്ങൾക്കായി എല്ലാ ജില്ലയിലും സിവിൽ സർവീസ് പരീക്ഷാ പരിശീലന കേന്ദ്രം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ സിവിൽ സർവീസ് പരീക്ഷാ പരിശീലനം നൽകുന്നതിനായി ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി (ICSETS) എന്ന സ്ഥാപനം പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്തെ പ്രധാനപ്പെട്ട സിവിൽ സർവീസ് പരിശീലന കേന്ദ്രങ്ങളിൽ ചേർന്ന് പഠിക്കുന്നതിനായി ഈ സ്ഥാപനം വഴി 'ലക്ഷ്യ സ്കോളർഷിപ്പ്' പദ്ധതി നടപ്പാക്കിവരുന്നുണ്ട്. കൂടാതെ

കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിയുടെ തിരുവനന്തപുരം, കോഴിക്കോട്, പാലക്കാട്, മലപ്പുറം എന്നീ സെന്ററുകൾ വഴി സിവിൽ സർവീസ് പരിശീലനം നേടുന്ന പട്ടികവിഭാഗം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുന്നുണ്ട്. 50 പട്ടികവർഗ്ഗ വിദ്യാർത്ഥകളെ പ്രാഥമികമായി തെരഞ്ഞെടുത്ത് അവർക്ക് ഓറിയന്റേഷൻ ട്രെയിനിംഗ് നൽകി മികവ് തെളിയിക്കുന്ന 20 പേർക്ക് ഇൻഡ്യയിലെ മികച്ച സിവിൽസർവീസ് പരീശീല കേന്ദ്രങ്ങളിൽ ദീർഘകാല പരിശീലനം നൽകി അവരെ സിവിൽസർവീസ് പരീക്ഷയ്ക്ക് സജ്ജരാക്കുന്നതിനുള്ള പദ്ധതി ഈ സർക്കാർ ആരംഭിച്ചിട്ടുണ്ട്. 30/06/2022 ന് ആദ്യ ബാച്ചിന്റെ പരീശീലനം ആരംഭിക്കുന്നതാണ്.

**ആലത്തൂർ മണ്ഡലത്തിലെ പട്ടികജാതി സഹകരണ സംഘങ്ങൾ**

85 (860) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ പ്രവർത്തിക്കുന്ന പട്ടികജാതി സഹകരണ സംഘങ്ങൾ എത്രയെന്ന് വ്യക്തമാക്കുമോ?

ഒരു പട്ടികജാതി സഹകരണ സംഘമാണ് പ്രവർത്തിക്കുന്നത്. (ആലത്തൂർ ഹരിജൻ അലക്കു തൊഴിലാളി സഹകരണ സംഘം ക്ലിപ്തം നമ്പർ പി.890).

(ബി) പ്രസ്തുത മണ്ഡലത്തിൽ വർഷങ്ങളായി പ്രവർത്തിക്കാത്ത സംഘങ്ങളുടെ വിശദാംശങ്ങൾ നൽകുമോ?

ആലത്തൂർ മണ്ഡലത്തിൽ 8 പട്ടികജാതി സഹകരണ സംഘങ്ങൾ പ്രവർത്തനരഹിതമാണ്.

ആലത്തൂർ ഹരിജൻ സഹകരണ സംഘം ക്ലിപ്തം നമ്പർ പി.419.

കുഴൽമന്ദം ബ്ലോക്ക് പട്ടികജാതി മുള, ഈറ്റ തൊഴിലാളി സഹകരണ സംഘം ക്ലിപ്തം നമ്പർ പി.1110.

വണ്ടാഴി ഹരിജൻ സേവന സഹകരണ സംഘം ക്ലിപ്തം നമ്പർ പി.857.

മേലാർകോട് പഞ്ചായത്ത് പട്ടികജാതി സഹകരണ സംഘം ക്ലിപ്തം നമ്പർ പി. 1094.

കിഴക്കഞ്ചേരി ഹരിജൻ സേവന സഹകരണ സംഘം ക്ലിപ്തം നമ്പർ പി. 854.

തേങ്കുറുശ്ശി പഞ്ചായത്ത് പട്ടികജാതി സഹകരണ സംഘം ക്ലിപ്തം നമ്പർ പി.1024.

ഡോ അംബേദ്കർ സ്മാരക പട്ടികജാതി സഹകരണ സംഘം ക്ലിപ്തം നമ്പർ പി. 807.

കുഴൽമന്ദം ഹരിജൻ സേവന സഹകരണ സംഘം ക്ലിപ്തം നമ്പർ പി. 861.

(സി) പ്രസ്തുത സംഘങ്ങളെ പ്രവർത്തന സജ്ജമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

നിലവിൽ പ്രവർത്തനരഹിതമായ സഹകരണ സംഘങ്ങളിൽ ഭരണസമിതിയെ തെരഞ്ഞെടുക്കുന്നതിനും സെക്രട്ടറി തസ്തികയിൽ നിയമനം നടത്തുന്നതിനും സംഘം പ്രവർത്തനക്ഷമമാക്കുവാൻ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. ആയത് നടപ്പാക്കുന്നത് സംബന്ധിച്ച് വിശദമായി പരിശോധിക്കുന്നതാണ്.

**പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗ ക്ഷേമ വകുപ്പിന്റെ ഫണ്ട് വിനിയോഗം**

86 (861) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ വകയിരുത്തുന്ന ഫണ്ടിന്റെ പകുതിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന പ്രവണത പുനഃപരിശോധിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം ഫണ്ട് നൽകുന്നത് അവസാനിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) അമ്പത് ശതമാനം ഫണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതുമൂലം യഥാസമയം ചെലവഴിക്കാതെയും ഇടനിലക്കാരുടെ സാന്നിധ്യവും കാരണം പാഴായി പോകുന്ന സാഹചര്യമുള്ളതായി വിലയിരുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി നീക്കിവെക്കുന്ന തുക പൂർണമായും അവരുടെ ക്ഷേമ പ്രവർത്തനങ്ങൾക്ക് തന്നെ വിനിയോഗിക്കുവാൻ നടപടി സ്വീകരിക്കുമോ?

(എ-സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 20-05-2022-ലെ സ.ഉ(കൈ)നം.24/2022/പജപവവിവ ഉത്തരവ് പ്രകാരം നിയോജകമണ്ഡലം അടിസ്ഥാനത്തിൽ തദ്ദേശസ്ഥാപനങ്ങൾ ഉൾപ്പെടെ പട്ടികജാതി പട്ടികവർഗ്ഗ മേഖലയിൽ നടപ്പാക്കുന്ന ക്ഷേമവികസന പദ്ധതികളുടെ മേൽനോട്ടത്തിനായി മോണിട്ടറിംഗ് സമിതികൾ രൂപീകരിച്ചിട്ടുണ്ട്. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി നീക്കിവെയ്ക്കുന്ന തുക പൂർണ്ണമായും അവരുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് തന്നെയാണ് വിനിയോഗിക്കുന്നത്.

**ചക്കാല വിഭാഗത്തിൽപെട്ടവർക്ക് ഒ.ബി.സി. സർട്ടിഫിക്കറ്റ്**

87 (862) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ചാത്തമംഗലം ഗ്രാമപഞ്ചായത്തിലുള്ള ചക്കാല വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് ഒ.ബി.സി. സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നത് സംബന്ധിച്ച് കിർത്താഡ്സ് നടത്തിയ അന്വേഷണ റിപ്പോർട്ട് പിന്നാക്ക വിഭാഗ കമ്മീഷന് മുമ്പാകെ സമർപ്പിച്ചിട്ടുണ്ടോ?

സമർപ്പിച്ചിട്ടില്ല.

(ബി) പ്രസ്തുത റിപ്പോർട്ട് സമർപ്പിക്കുന്നതിൽ അനാവശ്യ കാലതാമസം വരുത്തുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള ഉത്തരവാദിത്തം ഏത് ഉദ്യോഗസ്ഥനാണെന്ന് വ്യക്തമാക്കാമോ; പിന്നാക്ക വിഭാഗങ്ങളുടെ അർഹമായ ആനുകൂല്യം തടയുന്ന ഉദ്യോഗസ്ഥ നടപടികൾ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

(ബി & സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് സമർപ്പിക്കുന്നതിന് കിർത്താഡ്സിലെ ഒരു റിസർച്ച് അസിസ്റ്റന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ചക്കാല സമുദായ അവകാശം ഉന്നയിക്കുന്ന ആളുകളെ കണ്ട് അവരിൽനിന്നും സമുദായത്തിന്റെ സാമൂഹിക സാംസ്കാരിക സവിശേഷതകളും ആചാരനുഷ്ഠാനങ്ങളും ഉൾപ്പെടുന്ന എതിനോഗ്രാഫിക്ക് വിവരശേഖരണം നടത്തി, ആയത് സമുദായത്തെകുറിച്ച് ലഭ്യമായ ഗ്രന്ഥങ്ങളിലെ വിവരങ്ങളുടെയും മുൻപ് നടത്തിയ നരവംശ ശാസ്ത്രപരമായ അന്വേഷണങ്ങളുടെയും പശ്ചാത്തലത്തിൽ വിശകലനം ചെയ്താൽ മാത്രമെ കോഴിക്കോട് ജില്ലയിലെ ചാത്തമംഗലം പ്രദേശത്തെ ചക്കാല സമുദായ

അവകാശം ഉന്നയിക്കുന്നവർക്ക് ഒ.ബി.സി ചക്കാല സമുദായ സർട്ടിഫിക്കറ്റ് ലഭിക്കുന്നതുമായി ബന്ധപ്പെട്ട അന്വേഷണ റിപ്പോർട്ട് പൂർത്തിയാക്കുവാൻ സാധിക്കുകയുള്ളൂ. മേൽ പ്രസ്താവിച്ച ഒ.ബി.സി അവകാശവാദത്തിന് സമാനമായ ധാരാളം അന്വേഷണങ്ങളും പഠനങ്ങളും സമാന്തരമായി വകുപ്പിലെ ഗവേഷണവിഭാഗത്തിന് പരിമിത ജീവനക്കാരെകൊണ്ട് നിർവ്വഹിക്കേണ്ടതുണ്ട്. മേൽസാഹചര്യത്തിൽ പിന്നോക്ക വിഭാഗക്കാരുടെ അർഹമായ ആനുകൂല്യം തടയുന്ന ഒരു നടപടിയും വകുപ്പിലെ ജീവനക്കാരുടെ ഭാഗത്തുനിന്നും വന്നിട്ടില്ല.

**പട്ടികവർഗ്ഗ വകുപ്പുകളിലെ ബഡ്ജറ്റ് വിഹിതം സംബന്ധിച്ച്**

88 (863) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2021-22 സാമ്പത്തിക വർഷത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുമായി ബന്ധപ്പെട്ട ബഡ്ജറ്റ് ശീർഷകത്തിലോരോന്നിലും അനുവദിച്ചിരുന്ന തുകയും പ്രസ്തുത ശീർഷകങ്ങളിൽനിന്നും ചെലവഴിച്ച

തുകയും സംബന്ധിച്ച പ്ലാൻ, നോൺപ്ലാൻ ഇനങ്ങളിലായുള്ള വിശദാംശം ലഭ്യമാക്കുമോ?

വിശദവിവരം ശേഖരിച്ചുവരുന്നു.

**പട്ടികജാതി, പട്ടിക ഗോത്രത്തിൽപ്പെട്ടവരുടെ തൊഴിൽ വൈദഗ്ദ്ധ്യം വർദ്ധിപ്പിക്കാൻ നടപടി**

89 (864) ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :
ശ്രീ. കെ. ആൻസലൻ :
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടിക ഗോത്രത്തിൽപ്പെട്ട നിരവധിപേർ ഉന്നത ബിരുദങ്ങളുണ്ടായിട്ടും തൊഴിൽരഹിതരായി കഴിയുന്നുവെന്നതിനാൽ അവരുടെ തൊഴിൽ വൈദഗ്ദ്ധ്യം വർദ്ധിപ്പിക്കുന്നതിനും വിദേശത്തുൾപ്പെടെ മികച്ച തൊഴിൽ കരസ്ഥമാക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനുമായി പ്രത്യേകം പരിപാടികൾ ആലോചനയിലുണ്ടോ; വിശദമാക്കുമോ?

പട്ടികജാതി വിഭാഗത്തിൽപ്പെട്ട തൊഴിൽരഹിതരായ യുവതീയുവാക്കൾക്ക് തൊഴിൽ വൈദഗ്ദ്ധ്യം വർദ്ധിപ്പിക്കുന്നതിനും

വിദേശത്തുൾപ്പെടെ തൊഴിൽ കരസ്ഥമാക്കുന്നതിനും വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. നൈപുണ്യ വികസന പരിശീലന പരിപാടി

2. വിദേശതൊഴിൽ ധനസഹായ പദ്ധതി

3.പട്ടികജാതി വിഭാഗക്കാർ അംഗങ്ങളായുള്ള സ്വാശ്രയ സംഘങ്ങൾക്കുള്ള ധനസഹായം.

(ബി) പട്ടികവർഗ്ഗ കുടുംബങ്ങളിലെ ഒരാൾക്കെങ്കിലും സ്ഥിരവരുമാനമുള്ള തൊഴിൽ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്?

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട തൊഴിൽരഹിതരായ യുവതീയുവാക്കൾക്ക് തൊഴിൽ വൈദഗ്ധ്യം വർദ്ധിപ്പിക്കുന്നതിനും വിദേശത്തുൾപ്പെടെ തൊഴിൽ കരസ്ഥമാക്കുന്നതിനും വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. വെർച്വൽ ട്രൈബൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്

പട്ടികവർഗ്ഗക്കാരിൽ ഉയർന്ന വിദ്യാഭ്യാസവും തൊഴിൽ പരിശീലനം നേടിയവർക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്കനുസരിച്ച് തൊഴിൽ

ലഭിക്കുന്ന മേഖലകളെ കണ്ടെത്തി അവിടത്തെ തൊഴിൽ ദാതാക്കളുമായി സഹകരിച്ച് തൊഴിൽ നൽകുന്നതിനായി 'വെർച്വൽ ട്രൈബൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്' എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. നിശ്ചിത യോഗ്യതയുള്ള എല്ലാ പട്ടികവർഗ്ഗക്കാർക്കും തൊഴിൽലഭ്യത ഉറപ്പാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

2. ഗോത്രജീവിക

ഈ പദ്ധതിപ്രകാരം 1170 തൊഴിൽരഹിതരെ കണ്ടെത്തി മേസ്തിരി, കാർപെന്ററി, ഇലക്ട്രീഷ്യൻ, പ്ലംബിംഗ്, വയറിംഗ്, ഡ്രൈവിംഗ്, തുടങ്ങിയ ഇനങ്ങളിലുള്ള തൊഴിൽ നൈപുണ്യ പരിശീലനം നൽകി സംരംഭകത്വ വികസനത്തിലൂടെ തൊഴിൽ നൽകിവരുന്നു.

3. തൊഴിലുറപ്പ് പദ്ധതിയിൽ കേരള ട്രൈബൽ പ്ലസ് പദ്ധതി

MGNREGS പദ്ധതി പ്രകാരം ഉറപ്പുവരുത്തിയിട്ടുള്ള 100 ദിവസം കൂടാതെ കേരളത്തിലെ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും അധികമായി 100 തൊഴിൽ ദിനങ്ങൾകൂടി ലഭ്യമാക്കുന്നതിന് " കേരള ട്രൈബൽ പ്ലസ്" എന്ന പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പാക്കിവരുന്നു. പദ്ധതിവഴി പട്ടികവർഗ്ഗക്കാർക്ക് 200 തൊഴിൽ ദിനങ്ങൾ അനുവദിക്കുന്നതിലൂടെ

അവരുടെ സാമൂഹിക സാമ്പത്തിക വികസനം ലക്ഷ്യപ്രാപ്തി കൈവരിക്കുന്നു. ഇതിലൂടെ തൊഴിൽ ചെയ്യാൻ സന്നദ്ധരായ മുഴുവൻ പട്ടികവർഗ്ഗക്കാർക്കും പ്രയോജനം ലഭിക്കുന്നു.

(സി) എയ്ഡഡ് വിദ്യാഭ്യാസ മേഖലയിലെ തൊഴിലുകളിൽ പ്രസ്തുത വിഭാഗങ്ങളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് സാമൂഹ്യനീതി ഉറപ്പുവരുത്താൻ വേണ്ട ഇടപെടൽ നടത്തുമോ?

ഇപ്പോൾ പരിഗണനയിലില്ല.

**പട്ടികജാതി, പട്ടികവർഗ്ഗ ക്ഷേമ പദ്ധതികളുടെ ഗുണഫലം**

90 (865) ഡോ. എം.കെ . മുനീർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ . എൻ . ഷംസുദ്ദീൻ :
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ ക്ഷേമത്തിനായി നടപ്പാക്കുന്ന പദ്ധതികളുടെ ഗുണഫലം താഴെത്തട്ടിൽ ഫലപ്രദമായി ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ നിലവിലുള്ള സംവിധാനം പര്യാപ്തമാണോ എന്ന്

പരിശോധിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ പുതിയ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

പട്ടികജാതി/പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ വികസനത്തിനും ക്ഷേമത്തിനുമായി സർക്കാർ നടപ്പാക്കിവരുന്ന പദ്ധതികളുടെ കാര്യക്ഷമവും സുതാര്യവും സമയബന്ധിതവുമായ നടത്തിപ്പിന് മേൽനോട്ടം വഹിക്കുവാൻ 20-05-2022-ലെ സ.ഉ.(കൈ)നം.24/2022/ SCSTDD ഉത്തരവ് പ്രകാരം നിയമസഭാ നിയോജകമണ്ഡലാടിസ്ഥാനത്തിൽ മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനും ജില്ലാ കളക്ടർ മെമ്പർ സെക്രട്ടറിയുമായ ജില്ലാ ആസൂത്രണ സമിതിയുടെ മേൽനോട്ടത്തിൽ ജില്ലാതലത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വികസന സ്കീമുകൾ വിലയിരുത്തിവരുന്നുണ്ട്. ഓരോ ജില്ലയിലെയും പദ്ധതി അവലോകന യോഗങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗ വികസന പദ്ധതികൾ പ്രത്യേകം വിലയിരുത്തുകയും പദ്ധതി വിനിയോഗം കുറഞ്ഞ സ്കീമുകൾ പ്രത്യേകം അവലോകനം ചെയ്യുകയും തുടർനടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

വിവിധ ഏജൻസികൾ, വകുപ്പുകൾ എന്നിവ മുഖേന നടപ്പാക്കുന്ന പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പ് വിലയിരുത്തുന്നതിനായി

ജനപ്രതിനിധികൾകൂടി ഉൾപ്പെടുന്ന മോണിറ്ററിംഗ് സമിതികൾ ജില്ലാ കളക്ടറുടെ നേതൃത്വത്തിലും പ്രവർത്തിക്കുന്നുണ്ട്.

വകുപ്പിന്റെ എല്ലാ വ്യക്തിഗത ആനുകൂല്യങ്ങളും ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് മാറി നൽകുന്ന ഓൺലൈൻ സംവിധാനം നിലവിൽവന്നിട്ടുണ്ട്. ഓൺലൈൻ അപേക്ഷയോടൊപ്പം ഗുണഭോക്താവിന്റെ ബാങ്ക് പാസ്ബുക്കിന്റെ ഒന്നാം പേജിന്റെ ഫോട്ടോകൂടി അപ്‌ലോഡ് ചെയ്യുന്നതിനാൽ യഥാർത്ഥ ഗുണഭോക്താവിനുതന്നെ ആനുകൂല്യം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നുണ്ട്. തുക ഗുണഭോക്താവിന് ലഭിച്ചുവെന്ന് ഉറപ്പുവരുത്തുന്നതിന് വകുപ്പിലെ പ്രൊമോട്ടർമാരുടെ സേവനം ഉപയോഗപ്പെടുത്തുന്നു. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും അർഹതപ്പെട്ട ആനുകൂല്യം ലഭ്യമാക്കുന്നതിന് പട്ടികവർഗ്ഗ പ്രൊമോട്ടർമാരുടെ പ്രവർത്തനവും സഹായകരമാകുന്നുണ്ട്.

ഫണ്ടുകളുടെ വിനിയോഗം വിലയിരുത്തുവാൻ പ്ലാൻസ്പെയ്സ് എന്ന ഐ.റ്റി.അധിഷ്ഠിത സംവിധാനം നിലവിലുണ്ട്. ഈ സംവിധാനം വഴി എല്ലാ തലങ്ങളിലെയും വിനിയോഗ വിവരങ്ങൾ ലഭ്യമാകുന്നതാണ്.

പദ്ധതി പുരോഗതി വിലയിരുത്തുന്നതിനായി പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർമാരുടെ നേതൃത്വത്തിൽ സംസ്ഥാനതലത്തിൽ

മാസംതോറും യോഗങ്ങൾ ചേരുന്നുണ്ട്. പദ്ധതി നടത്തിപ്പിന്റെ സാമ്പത്തിക ഭൗതിക നേട്ടങ്ങൾ എല്ലാ മാസവും ജില്ലാകളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാതലത്തിൽ ചേരുന്ന ജില്ലാവികസന സമിതി യോഗത്തിൽ പ്ലാൻസ്പെയിസിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തുന്നുണ്ട്.

ഇതിനുപുറമേ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും കൃത്യമായ ഇടവേളകളിൽ പ്രത്യേകമായി പദ്ധതികളുടെ അവലോകനം നടത്തിവരുന്നു.

(ബി) പദ്ധതി വിനിയോഗത്തിലെ കുറവ് കണ്ടെത്തി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പദ്ധതി വിനിയോഗത്തിലെ കുറവ് കണ്ടെത്തി പരിഹരിക്കുന്നതിന് വകുപ്പുതലത്തിലും ഡയറക്ടറേറ്റുതലത്തിലും പട്ടികജാതി/പട്ടികവർഗ്ഗ വികസന ഓഫീസർമാർ മുഖേനയും നിശ്ചിത ഇടവേളകളിൽ അവലോകന യോഗങ്ങൾ സംഘടിപ്പിക്കുന്നുണ്ട്.

പ്ലാൻസ്പേസ് സംവിധാനത്തിലൂടെ ഓരോ പദ്ധതിയുടെയും ഫണ്ട് വിനിയോഗം അവലോകനം ചെയ്യാൻ സാധിക്കുന്നു. എല്ലാ മാസവും ജില്ലാ/പ്രോജക്ട്തല ഉദ്യോഗസ്ഥരുടെ അവലോകനയോഗം നടത്തി ഫണ്ട്

വിനിയോഗം കുറഞ്ഞ ശീർഷകങ്ങളെ കണ്ടെത്തി ആയത് പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നുണ്ട്.

**വനവിഭവ ശേഖരണവും വിതരണവും**

91 (866) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികവർഗ്ഗ വിഭാഗങ്ങൾ ശേഖരിക്കുന്ന വനവിഭവങ്ങൾ കൂടുതൽ ഇടങ്ങളിൽ എത്തിക്കുന്നതിനുമുള്ള പദ്ധതികൾ ഉണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

പട്ടികവർഗ്ഗ വിഭാഗങ്ങൾ ശേഖരിക്കുന്ന വനവിഭവങ്ങൾ കൂടുതൽ ഇടങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ നിലവിലില്ല. വനവിഭവങ്ങളുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വികസനത്തിനും വിപണനത്തിനുമായി പട്ടികജാതി പട്ടികവർഗ്ഗ വികസന ഫെഡറേഷൻ ചെറുകിട വനവിഭവ ഉൽപ്പന്ന വികസന ഡിവിഷൻ ആരംഭിച്ചിട്ടുണ്ട്. കൂടുതൽ ഇടങ്ങളിൽ വനവിഭവങ്ങളെത്തിച്ച് വിപണനം നടത്തുന്നതിനുള്ള പദ്ധതികൾ സംബന്ധിച്ച് പരിശോധിച്ചുവരികയാണ്.

## അട്ടപ്പാടിയിലെ നവജാത ശിശുക്കളുടെ മരണം

92 (867) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ നവജാത ശിശുക്കൾ പോഷകാഹാരക്കുറവ് നിമിത്തം മരിക്കാനിടയായ സംഭവങ്ങളെ തുടർന്ന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ?

പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ചുവടെ ചേർത്തിരിക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. കോട്ടത്തറ ഗവ. ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ പാലക്കാട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ നിന്നുള്ള വിദഗ്ധ ഡോക്ടറുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫണ്ട് ഉപയോഗപ്പെടുത്തി അധികമായി ഒരു ആംബുലൻസ് സേവനം ലഭ്യമാക്കിയിട്ടുണ്ട്.

2. ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവർക്ക് സഹായം എത്തിക്കുന്നതിനായി ഹെൽപ് ഡെസ്ക് രൂപീകരിച്ച് 24 മണിക്കൂർ സേവനം ലഭ്യമാക്കിവരുന്നു.

3. അർഹരായവർക്കെല്ലാം ജനനി-ജന്മരക്ഷാ പദ്ധതി പ്രകാരം പ്രതിമാസം ധനസഹായം നൽകിവരികയും ലഭ്യമാകുന്ന തുക പോഷകാഹാരം വാങ്ങുന്നതിനായി ഉപയോഗിക്കുന്നുണ്ടെന്ന് എസ്.ടി. പ്രൊമോട്ടർമാർ മുഖേന ഉറപ്പ് വരുത്തുകയും ചെയ്യുന്നു.

4. ഫുഡ് സപ്പോർട്ട് പ്രോഗ്രാം പദ്ധതിയിലുൾപ്പെടുത്തി ഗർഭിണികൾക്ക് അട്ടപ്പാടി കോ-ഓപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റി (ACFS) മുഖേന പോഷകാഹാര കിറ്റ് നൽകിവരുന്നു.

5. അട്ടപ്പാടി ഐ.ടി.ഡി.പി-യുടെ കീഴിലുള്ള ആംബുലൻസ് സർവീസ് 24 മണിക്കൂറും ലഭ്യമാക്കി.

6. ODK Collect App വഴി അട്ടപ്പാടി ഊരുകളിലെ പട്ടികവർഗ്ഗ ഗർഭിണികളുടെ വിവരങ്ങൾ ശേഖരിച്ച് പ്രത്യേകം നിരീക്ഷിച്ച് വരികയും ഒറ്റപ്പാലം സബ്കളക്ടറുടെ നേതൃത്വത്തിൽ ആയത് പ്രതിവാരം അവലോകനം നടത്തുകയും ചെയ്യുന്നു.

7. ഗർഭിണികളുടെ ആരോഗ്യ പരിചരണം കൃത്യമായി ഉറപ്പ് വരുത്തുന്നതിനായി എസ്.ടി പ്രൊമോട്ടർമാർ, ഹെൽത്ത് നേഴ്സുമാർ, കമ്മിറ്റഡ് സോഷ്യൽ വർക്കർ എന്നിവർക്ക് ചുമതല നൽകി പ്രവർത്തനം പരിശോധിക്കുന്നതിനായി 3 പഞ്ചായത്തുകളിലും പ്രത്യേകം സ്ക്വാഡ് രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തിവരുന്നു.

8. അട്ടപ്പാടി ഉൾപ്പെടെയുള്ള ആദിവാസി മേഖലയിലെ ആരോഗ്യ, പോഷക ക്ഷേമപ്രവർത്തനങ്ങൾ കോ-ഓർഡിനേറ്റ് ചെയ്യുന്നതിനായി യൂണിസെഫിന്റെ സാമ്പത്തിക സഹായത്തോടെ കൺസൾട്ടന്റ് (ട്രൈബൽ ഹെൽത്ത് ആന്റ് ന്യൂട്രീഷൻ)-നെ നിയമിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

1. അട്ടപ്പാടി മേഖലയിലെ ഗർഭിണികളിലെ വിളർച്ചാ നിർണ്ണയം നടത്തുന്നതിന് 2022 ഏപ്രിൽ മാസം ക്യാമ്പ് സംഘടിപ്പിക്കുകയും വിളർച്ചയുള്ളവരിൽ സിക്കിൾസെൽ അനീമിയ കണ്ടെത്തുന്നതിന് സ്ക്രീനിംഗ് ടെസ്റ്റ് നടത്തുകയും ചെയ്തിട്ടുണ്ട്.

2. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന അട്ടപ്പാടി എം.ആർ.എസ്-ലെ 11, 12 ക്ലാസുകളിലെ വിദ്യാർത്ഥികളിലെ വിളർച്ചാ

നിർണ്ണയം പൂർത്തിയാക്കിയിട്ടുണ്ട്. മറ്റ് ക്ലാസുകളിലെ കുട്ടികളിൽ പരിശോധന നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

3. അട്ടപ്പാടിയിൽ നടപ്പാക്കിവരുന്ന കമ്മ്യൂണിറ്റി കിച്ചൺ പദ്ധതിയിലൂടെ ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കുട്ടികൾ, കൗമാരപ്രായക്കാരായ കുട്ടികൾ, ഭിന്നശേഷിക്കാർ, കിടപ്പുരോഗികൾ, വൃദ്ധർ, വിധവകൾ തുടങ്ങിയവർക്ക് പാകം ചെയ്ത ഭക്ഷണം വിതരണം ചെയ്തുവരുന്നു.

(ബി) അട്ടപ്പാടിയിലെ ശിശുമരണം തടയാൻ നടപടി സ്വീകരിക്കുമ്പോഴും ശിശു മരണങ്ങൾ ആവർത്തിക്കുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉണ്ട്. നിലവിലുള്ള ശിശുമരണങ്ങളെല്ലാംതന്നെ ജന്മനായുള്ള അസുഖങ്ങൾ കാരണമോ മുലയൂട്ടുമ്പോൾ അനുഭവപ്പെട്ട ശ്വാസതടസം കാരണമോ ആണ് സംഭവിച്ചതെന്ന് ആരോഗ്യ വകുപ്പ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ചെറുപ്രായത്തിലുള്ള വിവാഹം, രക്തബന്ധമുള്ളവർ തമ്മിലുള്ള വിവാഹം, തുടർച്ചയായുള്ള ഗർഭധാരണം എന്നിവയും ശിശുമരണങ്ങൾക്ക് കാരണമാകാറുണ്ട്. പട്ടികവർഗ്ഗ മേഖലയിലെ ശിശുമരണങ്ങൾ ഒഴിവാക്കുന്നതിനും സമഗ്ര ആരോഗ്യ സംരക്ഷണത്തിനുമായി വിവിധ

സർക്കാർ വകുപ്പുകളുടെ ഏകോപനത്തോടെ ക്ഷേമപദ്ധതികൾ നടപ്പാക്കിവരുന്നു. സർക്കാർ നടപ്പാക്കിയ പദ്ധതികളുടെ ഭാഗമായി മുൻവർഷങ്ങളെ അപേക്ഷിച്ച് മരണനിരക്ക് കുറഞ്ഞുവരുന്നുണ്ട്.

(സി) അട്ടപ്പാടിയിലെ ആദിവാസികളുടെ നിലവിലെ അവസ്ഥയെക്കുറിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

അട്ടപ്പാടി മേഖലയിലെ നിലവിലെ അവസ്ഥ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി വകുപ്പുമന്ത്രി നിരവധി തവണ അട്ടപ്പാടി സന്ദർശിക്കുകയും ജനപ്രതിനിധികൾ, ജില്ലാകളക്ടർ, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, സംഘടനാ പ്രതിനിധികൾ എന്നിവരുമായി ചർച്ചകൾ നടത്തുകയും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കുകയുമുണ്ടായി. പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകൾ അട്ടപ്പാടിയിൽ സംയുക്ത പ്രവർത്തനമാണ് നടത്തിവരുന്നത്. ഇതിനുപുറമേ അട്ടപ്പാടിയിൽ പ്രാദേശികമായുണ്ടാകുന്ന പ്രശ്നങ്ങൾ ജില്ലാകളക്ടറുടെ നേതൃത്വത്തിൽ പരിശോധിച്ച് യഥാസമയം പരിഹരിച്ചുവരുന്നു.

അതോടൊപ്പം ജില്ലയിലെ MP, മണ്ണാർക്കാട് MLA ഉൾപ്പെടെയുള്ള ജനപ്രതിനിധികൾ അടങ്ങുന്നതും ഒറ്റപ്പാലം സബ്കളക്ടർ കൺവീനറുമായുള്ള 10 അംഗ ഏകോപന സമിതി അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാരുടെ പ്രശ്നങ്ങൾ അവലോകനംനടത്തി ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നുണ്ട്.

അട്ടപ്പാടിയിൽ ശിശുവികസന പദ്ധതി ഓഫീസർ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ, അങ്കണവാടി വർക്കർമാർ തുടങ്ങിയവർ ഐ.സി.ഡി.എസ്. ഗുണഭോക്താക്കളുടെ ഭവനം സന്ദർശിക്കുകയും അവരുടെ നിലവിലെ അവസ്ഥ മനസ്സിലാക്കി ആവശ്യമായ ബോധവൽക്കരണവും ഇടപെടലുകളും നടത്തുകയും ചെയ്യുന്നു.

**പട്ടികജാതി, പട്ടിക വർഗ്ഗക്കാരുടെ ഉന്നമനത്തിനുള്ള പദ്ധതികൾ**

93 (868) <u>ശ്രീ. വി. ആർ. സുനിൽകുമാർ:</u>
<u>ശ്രീ. ഇ. കെ. വിജയൻ:</u>
<u>ശ്രീ. സി. സി. മുകുന്ദൻ:</u>
<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് സംരംഭകത്വ വികസന പദ്ധതികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

(ബി) പട്ടികജാതിക്കാരുടെ വ്യവസായ സംരംഭകത്വ വികസനത്തിന് പ്രത്യേക സാമ്പത്തിക പാക്കേജ് നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) പട്ടികജാതി സംരംഭകർക്കുവേണ്ടിയുള്ള സ്റ്റാർട്ട് അപ് ഡ്രീംസ് പദ്ധതി വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) പട്ടികജാതി വിഭാഗങ്ങൾക്കായി എംപവർമെൻറ് സൊസൈറ്റികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ-ഡി) ഉണ്ട്. സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്ന പട്ടികജാതി വിഭാഗത്തിലെ വ്യക്തികൾക്കും സ്വയം തൊഴിൽ സബ്സിഡി അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവ സംരംഭകർക്ക് പരിശീലനം നൽകി സ്റ്റാർട്ടപ്പ് ഇൻക്യുബേഷൻ, മെന്റർഷിപ്പ്, സപ്പോർട്ട് എന്നീ

സേവനങ്ങൾ ലഭ്യമാക്കി Scalable Business ഉള്ള സംരംഭങ്ങളായി മാറ്റിയെടുക്കുന്നതിനുതകുന്ന സ്റ്റാർട്ടപ്പ് ഡ്രീംസ് എന്ന പദ്ധതിയും വകുപ്പ് മുഖേന നടപ്പാക്കിവരുന്നു.

പട്ടികവർഗ്ഗ ജനതയുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും സ്ഥിരവരുമാനം ഉറപ്പ് വരുത്തുന്നതിനുമായി നൂതനമായ സംരഭകത്വ വികസന പദ്ധതികൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പദ്ധതിയുടെ മാർഗ്ഗരേഖ അന്തിമമാക്കിയാലുടൻ പദ്ധതി ആരംഭിക്കുന്നതാണ്.

പട്ടികവിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരായ യുവതീയുവാക്കളെ ഒരേ സമയം തൊഴിൽ സംരംഭകരായും തൊഴിൽ ദാതാക്കളുമാക്കി മാറ്റി പുരോഗതി കൈവരിക്കുന്നതിനായി 2022-23 സാമ്പത്തിക വർഷം ആവിഷ്കരിച്ച പുതിയ പദ്ധതിയാണ് എംപവർമെന്റ് സൊസൈറ്റികളും ടാലന്റ് സെന്ററുകളും. ടി പദ്ധതികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മങ്കട നിയോജകമണ്ഡലത്തിലെ പട്ടികജാതി വികസന പദ്ധതികൾ**

94 (869) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ പട്ടികജാതി വിഭാഗങ്ങൾക്കായി ഈ സാമ്പത്തിക വർഷം നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാമാണ്; വ്യക്തമാക്കുമോ?

പട്ടികജാതി വിഭാഗങ്ങൾക്കായി വകുപ്പ് മുഖേന നടപ്പാക്കിവരുന്ന പദ്ധതികൾ അപേക്ഷകളും ശിപാർശകളും ലഭിക്കുന്നമുറയ്ക്ക് ആവശ്യമായ പരിശോധന നടത്തി മണ്ഡലത്തിൽ നടപ്പാക്കുന്നതാണ്.

(ബി) മുൻവർഷം വിവിധ പദ്ധതികളിലായി എത്ര ഗുണഭോക്താക്കൾക്ക് ഈ വകുപ്പുവഴി നടപ്പാക്കിയ പദ്ധതികളുടെ ആനുകൂല്യം ലഭ്യമായിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ; അർഹതപ്പെട്ട ആർക്കെങ്കിലും ആനുകൂല്യം നിഷേധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

3767 ഗുണഭോക്താക്കൾക്ക് വിവിധ പദ്ധതികളുടെ ആനുകൂല്യം ലഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+. അർഹതയുള്ള ഒരാൾക്കും ആനുകൂല്യം നിഷേധിച്ചിട്ടില്ല.

(സി) നിയോജകമണ്ഡലത്തിലെ അർഹതപ്പെട്ട എല്ലാ പട്ടികജാതി വിഭാഗങ്ങൾക്കും സർക്കാർ നടപ്പാക്കുന്ന പദ്ധതികളുടെ ആനുകൂല്യം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ആദിവാസി പുനരധിവാസ മിഷൻ**

95 (870) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ഭൂരഹിതരായ ആദിവാസി കുടുംബങ്ങൾക്ക് പതിച്ചു നൽകാനായി എത്ര ഏക്കർ നിക്ഷിപ്ത വനഭൂമിയാണ് റവന്യൂ വകുപ്പിന് കൈമാറിയിട്ടുള്ളതെന്നും ഏതെല്ലാം പ്രദേശങ്ങളിൽ എത്ര ഏക്കർ വീതമാണ് വനഭൂമി ലഭ്യമാക്കിയതെന്നും അറിയിക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഭൂരഹിത പട്ടികവർഗ്ഗക്കാർക്ക് വിതരണം ചെയ്യുന്നതിന് കേന്ദ്രസർക്കാർ അനുമതി ലഭിച്ചതിൽ 203.64 ഹെക്ടർ ഭൂമി മലപ്പുറം ജില്ലയിലാണ്. ആയതിൽ 10 ഹെക്ടർ കണ്ണൻകുണ്ട് തേക്ക് തോട്ടം 34 പേർക്ക് 50 സെന്റ് വീതം അനുവദിച്ചിരുന്നു. ശേഷിക്കുന്ന ഭൂമി (3.12 ഹെക്ടർ) ഗുണഭോക്താക്കളുടെ പൊതു ആവശ്യത്തിനായി മാറ്റിവെച്ചിട്ടുണ്ട്. കൂടാതെ മലപ്പുറം ജില്ലയിലെ ഭൂരഹിതരായ ആദിവാസി കുടുംബങ്ങൾക്ക് പതിച്ചു നൽകാനായി 109.259 ഹെക്ടർ നിക്ഷിപ്ത വനഭൂമികൂടി റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്. ആയതിന്റെ വിവരങ്ങൾ അനുബന്ധം - 1 ആയി ചേർക്കുന്നു+.

(ബി) ആദിവാസി പുനരധിവാസ മിഷൻ മുഖേന ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി പതിച്ചു നൽകുന്നതിനായി ഗുണഭോക്തൃ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ പട്ടികയുടെ പകർപ്പും ഓരോ കുടുംബത്തിനും പതിച്ചു നൽകാനുദ്ദേശിക്കുന്ന ഭൂമിയുടെ വിവരങ്ങളും ലഭ്യമാക്കുമോ?

ഗുണഭോക്താക്കളുടെ കരട് പട്ടിക തയ്യാറാക്കിയിട്ടുണ്ട്. ഓരോ കുടുംബത്തിനും പതിച്ച് നൽകാനുദ്ദേശിക്കുന്ന ഭൂമിയുടെ അളവ് സംബന്ധിച്ച് കരട് പട്ടിക അംഗീകരിക്കുന്ന മുറയ്ക്ക് തീരുമാനം എടുക്കുന്നതാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത ഭൂമിക്കായി അപേക്ഷ സമർപ്പിച്ച ഭൂരഹിതരായ ആദിവാസികളുടെ പേരും വിലാസവും സങ്കേതവുമടക്കമുള്ള വിവരങ്ങളുടെ പട്ടിക ലഭ്യമാക്കുമോ; ഈ പട്ടികയിൽ ഉൾപ്പെട്ടവർക്ക് പുറമേ മലപ്പുറം ജില്ലയിൽ ഭൂരഹിതരായ ആദിവാസി കുടുംബങ്ങൾ ഇനിയും അവശേഷിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

മലപ്പുറം ജില്ലയിലെ ഭൂരഹിതരായ 747 പേരിൽ അപേക്ഷ സമർപ്പിച്ച 639 പേരും ഗുണഭോക്തൃ ലിസ്റ്റ് കരട് പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്. ആയതിന്റെ വിവരം അനുബന്ധം - 2 ആയി ചേർക്കുന്നു+.

## പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്ക വിഭാഗങ്ങളിലെ കുട്ടികൾക്കുള്ള പഠന സഹായം

96 (871) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്ക വിഭാഗങ്ങളിലെ കുട്ടികൾക്ക് സംസ്ഥാനത്തിന് പുറത്തുപോയി പഠിക്കുന്നതിന് എന്തൊക്കെ സഹായങ്ങളാണ് നൽകുന്നത്; ഓരോ വിഭാഗത്തിനും അനുവദിക്കുന്ന തുക ഇനം തിരിച്ച് വിശദമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനത്തിന് പുറത്തുള്ള വിവിധ സർക്കാർ അംഗീകൃത പോസ്റ്റ് മെട്രിക് സ്ഥാപനങ്ങളിൽ അംഗീകൃത കോഴ്സുകൾക്ക് പഠിച്ചുവരുന്നതും കുടുംബ വാർഷിക വരുമാനം രണ്ടര ലക്ഷം രൂപയിൽ താഴെയുള്ളതുമായ പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗം വിദ്യാർത്ഥികൾക്ക് കേന്ദ്ര സർക്കാരിന്റെ മാർഗരേഖയിലെ നിർദ്ദേശങ്ങളനുസരിച്ച് സ്കോളർഷിപ്പ് അനുവദിച്ചുവരുന്നു. കൂടാതെ നാഷണൽ എൻട്രൻസ് പോലുള്ള പൊതുപ്രവേശന പരീക്ഷവഴി സംസ്ഥാനത്തിന് പുറത്ത് വിവിധ യൂണിവേഴ്സിറ്റികൾ/കോളേജുകളിൽ മെറിറ്റ്/റിസർവേഷൻ അടിസ്ഥാനത്തിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് വരുമാന പരിധിയില്ലാതെ സംസ്ഥാന സർക്കാർ സ്കോളർഷിപ്പ് അനുവദിച്ചുവരുന്നു. കോഴ്സിന്റെ ഫീസ് ഘടന അനുസരിച്ചാണ് തുക അനുവദിക്കുന്നത്.

(ബി) പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്ക വിഭാഗങ്ങളിലെ കുട്ടികൾക്ക് രാജ്യത്തിന് പുറത്ത് പോയി പഠിക്കുന്നതിന് നൽകുന്ന സഹായങ്ങൾ എന്തൊക്കെയെന്ന് ഇനം തിരിച്ച് വിശദമാക്കുമോ;

(സി) ഓരോ വിഭാഗത്തിനും എത്ര തുക വീതമാണ് അനുവദിക്കുന്നത്; ഇത് വാർഷിക ഗ്രാന്റ് ആയിട്ടാണോ അതോ ഒറ്റത്തവണയായിട്ടാണോ അനുവദിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

(ബി&സി) പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് വിദേശ പഠനത്തിനായി ട്യൂഷൻ ഫീസ്, ലിവിംഗ് എക്സ്പെൻസ്, വിമാനയാത്രാ ചാർജ്ജ്, വിസ ചാർജ്ജ്, ഹെൽത്ത് ഇൻഷുറൻസ്, തിരികെ ലഭ്യമല്ലാത്ത മറ്റ് ഫീസുകൾ, എന്നിവയുൾപ്പടെ പരമാവധി 25 ലക്ഷം രൂപ ഒറ്റത്തവണയായും പട്ടികജാതി വിദ്യാർത്ഥികൾക്ക് 2 തവണയായും നൽകിവരുന്നു. പിന്നാക്ക വിഭാഗം വിദ്യാർത്ഥികൾക്ക് പരമാവധി 10 ലക്ഷം രൂപ വരെ ഘട്ടംഘട്ടമായി അനുവദിച്ചുവരുന്നു.

**ആദിവാസി പുനരധിവാസ മിഷൻ**

97 (872) <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി പുനരധിവാസ മിഷൻ മുഖേന മലപ്പുറം ജില്ലയിലെ ഭൂരഹിതരായ ആദിവാസി കുടുംബങ്ങൾക്ക് പതിച്ചു നൽകാനായി റവന്യൂ

വകുപ്പിന് കൈമാറിയിട്ടുള്ള നിക്ഷിപ്ത വനഭൂമിയിൽ മരംമുറിക്കൽ, കാട് വെട്ടിത്തെളിക്കൽ, അളന്ന് തിട്ടപ്പെടുത്തി അതിർത്തിക്കല്ല് സ്ഥാപിക്കൽ തുടങ്ങിയവ നടന്നിട്ടുണ്ടോ; എങ്കിൽ ചെലവഴിച്ച തുക, ഇനം, തീയതി, പ്രവൃത്തിയുടെ കരാർ സ്വഭാവം, ദർഘാസ് തീയതി, ദർഘാസിൽ പങ്കെടുത്തവരുടെ വിവരങ്ങൾ തുടങ്ങിയ വിശദാംശം ലഭ്യമാക്കുമോ?

ആദിവാസി പുനരധിവാസ മിഷൻ മുഖേന മലപ്പുറം ജില്ലയിലെ ഭൂരഹിതരായ ആദിവാസി കുടുംബങ്ങൾക്ക് പതിച്ചു നൽകാനായി റവന്യൂ വകുപ്പിന് കൈമാറിയിട്ടുള്ള നിക്ഷിപ്ത വനഭൂമിയിൽ കാട് വെട്ടിത്തെളിക്കൽ, അളന്ന് തിട്ടപ്പെടുത്തി അതിർത്തിക്കല്ല് സ്ഥാപിക്കൽ തുടങ്ങിയവ നടത്തിയിട്ടുണ്ട്. മരംമുറിക്കൽ വനം വന്യജീവി വകുപ്പ് മുഖേനയാണ് നടപ്പാക്കുന്നത്. കാട് വെട്ടിത്തെളിച്ച് സർവ്വേക്കല്ല് സ്ഥാപിക്കുന്നതിനായി 29,28,758/- രൂപ ചെലവഴിച്ചു. ആയതിൽ 13,51,438/- രൂപ റവന്യൂ വകുപ്പ് മുഖേന സർവ്വേ നടപടികൾക്കും 15,77,320/- രൂപ കാട് വെട്ടിത്തെളിക്കുന്നതിനായും പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ചെലവഴിച്ചിട്ടുണ്ട്. ആദിവാസി പുനരധിവാസ വികസന ജില്ലാ മിഷന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജില്ലയിലെ തൊഴിൽരഹിതരായ പട്ടികവർഗ്ഗക്കാർക്ക്മാത്രം ദിവസ വേതനാടിസ്ഥാനത്തിൽ ജോലി നൽകി

നിശ്ചിത ഭൂമിയിലെ കാട് വെട്ടിത്തെളിക്കുകയും ആയതിന് അർഹതപ്പെട്ട തുക ബന്ധപ്പെട്ട അർഹരായ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നിലമ്പൂർ സബ് ട്രഷറി മുഖേന നിലമ്പൂർ പ്രോജക്ട് ഓഫീസർ അനുവദിച്ചു നൽകി. സർവ്വേ പ്രവർത്തനങ്ങൾക്കായുള്ള നടപടിക്രമങ്ങൾ റവന്യൂ വകുപ്പ് മുഖേനയാണ് നടപ്പാക്കിയത്.

(ബി) പ്രസ്തുത പ്രവൃത്തികൾക്കായി ഏതെല്ലാം വകുപ്പുകളുടെ ഫണ്ടുകളാണ് ചെലവഴിച്ചതെന്നും പട്ടികവർഗ്ഗ വികസന വകുപ്പ് എത്ര പണമാണ് ചെലവഴിച്ചതെന്നും ഇനം തിരിച്ച് അറിയിക്കുമോ; മറ്റ് വകുപ്പുകൾക്കാണ് തുക നൽകിയതെങ്കിൽ വിവരങ്ങൾ ലഭ്യമാക്കുമോ?

പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയാണ് 29,28,758/- രൂപയും അനുവദിച്ചത്. സർവ്വേ നടപടികൾക്ക് നിലമ്പൂർ തഹസിൽദാർ മുഖേന 13,51,438/- രൂപയും കാട് വെട്ടിത്തെളിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന 15,77,320/- രൂപയും ചെലവഴിച്ചിട്ടുണ്ട്.

(സി) മേൽ പ്രവൃത്തികൾക്കായി ചെലവഴിച്ച തുക, കൈപ്പറ്റിയവരുടെ പേരും വിലാസവും കൈപ്പറ്റിയ തുകയും തീയതിയും ഇനവും പ്രവൃത്തി നിർവ്വഹിച്ച സ്ഥലങ്ങളും അടക്കമുള്ള വിവരങ്ങൾ ലഭ്യമാക്കുമോ?

29,28,758/- രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

(ഡി) പ്രസ്തുത പ്രവൃത്തിക്കായി തുക കൈപ്പറ്റിയവരെ തെരഞ്ഞെടുത്ത മാനദണ്ഡങ്ങളും സുതാര്യമായ ലേല, ദർഘാസ് വ്യവസ്ഥകളിലൂടെയാണോ ഇവർക്ക് പ്രവൃത്തി നിർവ്വഹിക്കാനുള്ള അനുമതി നൽകിയതെന്നും ഏത് ഉദ്യോഗസ്ഥനാണ് ഇവർക്ക് പ്രവൃത്തിയും തുകയും അനുവദിച്ചതെന്നുമുള്ള വിശദാംശം അറിയിക്കുമോ?

ആദിവാസി പുനരധിവാസ വികസന ജില്ലാ മിഷന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജില്ലയിലെ തൊഴിൽരഹിതരായ പട്ടികവർഗ്ഗക്കാർക്ക് മാത്രം ദിവസവേതനാടിസ്ഥാനത്തിൽ ജോലി നൽകി നിശ്ചിത ഭൂമിയിലെ കാട് വെട്ടിത്തെളിക്കുകയും ആയതിന് അർഹതപ്പെട്ട തുക ബന്ധപ്പെട്ട അർഹരായ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നിലമ്പൂർ സബ് ട്രഷറി മുഖേന നിലമ്പൂർ പ്രോജക്ട് ഓഫീസർ അനുവദിച്ചുനൽകുകയും ചെയ്തു. ഭൂമി സർവ്വേ ചെയ്ത് അതിർത്തിക്കല്ല് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ നിലമ്പൂർ താലൂക്ക് തഹസിൽദാർ മുഖേനയാണ് നടപ്പാക്കിയത്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## എസ്.സി., എസ്.ടി. വിഭാഗങ്ങളുടെ ഭവന പദ്ധതികൾ

98 (873) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ എസ്.സി., എസ്.ടി. വിഭാഗങ്ങളുടെ ഭവന നിർമ്മാണത്തിനായി ഏതെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന വിവരം നൽകുമോ?

സംസ്ഥാന സർക്കാരിന്റെ സമ്പൂർണ പാർപ്പിട സുരക്ഷാ പദ്ധതിയായ ലൈഫ് മിഷൻ മുഖേനയാണ് നിലവിൽ എസ്.സി/എസ്.ടി വിഭാഗങ്ങൾക്ക് ഭവന നിർമ്മാണ ധനസഹായം നൽകിവരുന്നത്.

(ബി) ഇത്തരത്തിൽ പട്ടാമ്പി മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിവരം നൽകുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടാമ്പി നിയോജകമണ്ഡലത്തിലെ എസ്.സി., എസ്.ടി. വിഭാഗങ്ങൾക്ക് അനുവദിച്ച

ധനസഹായം എത്രയെന്ന വിവരം പഞ്ചായത്ത് തിരിച്ചുള്ള ലിസ്റ്റ് സഹിതം നൽകുമോ?

(ബി&സി)

പട്ടികജാതി വികസന വകുപ്പ്

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

പട്ടികവർഗ വികസന വകുപ്പ്

പ്രസ്തുത മണ്ഡലത്തിൽനിന്നും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 6 ഭൂരഹിത ഭവനരഹിത കുടുംബങ്ങളും 3 ഭവനരഹിത കുടുംബങ്ങളും ലൈഫ് മിഷൻ അർഹത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. ടി കുടുംബങ്ങൾക്ക് ധനസഹായം അനുവദിച്ചിട്ടില്ല.

**പട്ടികജാതി, പട്ടികവർഗ്ഗ കോളനികളുടെ നവീകരണം**

99 (874) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തുന്ന പട്ടികജാതി, പട്ടികവർഗ്ഗ കോളനി നവീകരണത്തിന്റെ ഒന്നാംഘട്ട പ്രവർത്തനം നിലച്ചിട്ടുണ്ടോ; എങ്കിൽ ഇത് പുനരാരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകൾ നടപ്പാക്കുന്ന അംബേദ്കർ ഗ്രാമം, അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതികൾ എന്നിവ ഒറ്റഘട്ടമായാണ് നടപ്പാക്കുന്നത്. ആയതിന്റെ പ്രവർത്തനം നിലച്ചിട്ടില്ല.

(ബി) കോളനി നവീകരണം സമയബന്ധിതമായി പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

കോളനി നവീകരണ പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിനായി പട്ടികജാതി പട്ടികവർഗ്ഗക്ഷേമ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ അവലോകനയോഗം ചേരുകയും ഡയറക്ടറേറ്റ് തലത്തിലും ജില്ലാ കളക്ടർമാർ, വകുപ്പിലെ ഉദ്യോഗസ്ഥർ എന്നിവരുടെ സാന്നിദ്ധ്യത്തിലും നിർവ്വഹണ ഏജൻസികളുടെ യോഗം വിളിച്ചു ചേർക്കുകയും പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുകയും പദ്ധതികൾ പൂർത്തീകരിക്കാൻവേണ്ട

നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. ഫീൽഡ്തലത്തിൽ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി വകുപ്പിലെ ജില്ലാതല ഉദ്യോഗസ്ഥർ ഇടപെടുന്നുണ്ട്.

(സി) പ്രസ്തുത പദ്ധതിയുടെ രണ്ടാംഘട്ടം പൂർത്തീകരിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

2020-21 സാമ്പത്തിക വർഷം അംബേദ്കർ ഗ്രാമം, അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി നടപ്പാക്കുന്നതിന് തെരഞ്ഞെടുത്ത പട്ടികജാതി, പട്ടികവർഗ്ഗ കോളനികളിൽ സർക്കാർ അംഗീകൃത ഏജൻസികൾ മുഖേന പദ്ധതി പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിച്ചിട്ടുണ്ട്.

**പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ഫണ്ട് വിനിയോഗം**

100 (875) ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ .സി .ബാലകൃഷ്ണൻ:
ശ്രീമതി ഉമ തോമസ്:
ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിൽനിന്നും ത്രിതല പഞ്ചായത്തുകൾക്ക് അനുവദിക്കുന്ന ഫണ്ട് വിനിയോഗം പരിശോധിക്കുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇപ്രകാരം ഒരു സംവിധാനം അടിയന്തരമായി ഏർപ്പെടുത്തിക്കൊണ്ട് ചെലവഴിക്കുന്ന പണം ഫലപ്രാപ്തിയിൽ എത്തുന്നുവെന്ന് ഉറപ്പാക്കുമോ; വിശദാംശം നൽകുമോ?

(എ&ബി) പട്ടികജാതി പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ വികസനത്തിനും ക്ഷേമത്തിനുമായി സർക്കാർ നടപ്പാക്കിവരുന്ന പദ്ധതികളുടെ കാര്യക്ഷമവും സുതാര്യവും സമയബന്ധിതവുമായ നടത്തിപ്പിന് മേൽനോട്ടം വഹിക്കുവാൻ 20-05-2022 ലെ സർക്കാർ ഉത്തരവ് പ്രകാരം നിയമസഭാ നിയോജകമണ്ഡലാടിസ്ഥാനത്തിൽ MLA മാരുടെ അദ്ധ്യക്ഷതയിൽ മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ജില്ലാതലത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് അദ്ധ്യക്ഷനും ജില്ലാ കളക്ടർ മെമ്പർ സെക്രട്ടറിയുമായ ജില്ലാ ആസൂത്രണ സമിതിയുടെ മേൽനോട്ടത്തിൽ പട്ടികജാതി വികസന സ്കീമുകൾ വിലയിരുത്തിവരുന്നു. ഓരോ ജില്ലയിലും ബ്ലോക്കടിസ്ഥാനത്തിലുള്ള പദ്ധതി അവലോകന യോഗങ്ങളിൽ പട്ടികജാതി വികസന പദ്ധതികൾ

പ്രത്യേകം വിലയിരുത്തുകയും പദ്ധതി വിനിയോഗം കുറഞ്ഞ സ്കീമുകൾ പ്രത്യേകം അവലോകനം ചെയ്യുകയും തുടർനടപടി സ്വീകരിക്കുകയും ചെയ്യുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പിലെ പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസർമാർ അംഗങ്ങളായ ജില്ലാ പ്ലാനിംഗ് കമ്മിറ്റികൾ പഞ്ചായത്തുകൾക്ക് അനുവദിക്കുന്ന ഫണ്ട് വിനിയോഗം സംബന്ധിച്ച് അവലോകനം ചെയ്യുന്നു.

(സി) പ്രസ്തുത ഫണ്ട് വിനിയോഗം വിലയിരുത്തിക്കൊണ്ട് പിന്നാക്ക വിഭാഗക്കാരുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്താനുതകുന്ന പദ്ധതികൾ ആവിഷ്കരിക്കുന്നതിനും ഫണ്ട് ലഭ്യത ഉറപ്പാക്കി പദ്ധതികൾ നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

നടപടി സ്വീകരിച്ചുവരുന്നു.

**മാവേലിക്കരയിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ ഓഫീസ്**

101 (876) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ ഓഫീസ് മാവേലിക്കരയിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

പരിശോധിക്കുന്നതാണ്.

## ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകൾ, കുളങ്ങൾ, ആൽത്തറകൾ എന്നിവയുടെ സംരക്ഷണം

102 (877) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകൾ, കുളങ്ങൾ, ആൽത്തറകൾ എന്നിവ സംരക്ഷിക്കുന്നതിനായി ഗുരുവായൂർ മണ്ഡലത്തിൽ ഏതൊക്കെ ക്ഷേത്രങ്ങൾക്ക് സർക്കാർ ധനസഹായം നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

ക്ഷേത്രങ്ങളോടുചേർന്നുള്ള കുളങ്ങൾ, കാവുകൾ, ആൽത്തറകൾ എന്നിവയുടെ നവീകരണത്തിനായി ഗുരുവായൂർ മണ്ഡലത്തിൽ ഉൾപ്പെടുന്ന ചുവടെ പറയുന്ന ക്ഷേത്രങ്ങൾക്ക് സർക്കാർ ഗ്രാന്റിന്റെ അടിസ്ഥാനത്തിൽ മലബാർ ദേവസ്വം ബോർഡ് ധനസഹായം അനുവദിച്ചിട്ടുണ്ട്.

| ക്ഷേത്രം | വർഷം | അനുവദിച്ച തുക |
|---|---|---|
| എളവള്ളി ദുർഗ്ഗാഭഗവതി ക്ഷേത്രം | 2014-15 | 4,00,000/- |
| എളവള്ളി ദുർഗ്ഗാഭഗവതി ക്ഷേത്രം | 2017-18 | 1,00,000/- |
| മണികണ്ഠേശ്വരം ക്ഷേത്രം | 2014-15 | 40,000/- |
| പറമ്പന്തളി മഹാദേവക്ഷേത്രം | 2014-15 | 40,000/- |
| ഗോവിന്ദപുരം മഹാവിഷ്ണു ക്ഷേത്രം | 2014-15 | 40,000/- |
| മരുതയൂർ ദുർഗ്ഗാഭഗവതി ക്ഷേത്രം | 2017-18 | 20,000/ |

(ബി) സർക്കാർ/ ദേവസ്വം ബോർഡിലേയ്ക്ക് സമർപ്പിക്കേണ്ട അപേക്ഷ ഫോറം, മറ്റ് രേഖകൾ എന്നിവയുടെ വിശദാംശം ലഭ്യമാക്കുമോ?

ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകൾ, കുളങ്ങൾ, ആൽത്തറകൾ എന്നിവയുടെ നവീകരണത്തിനായുള്ള പദ്ധതിയിൽ ഉൾപ്പെടുന്നതിനായി 09/05/2014-ലെ സ.ഉ(കയ്യെഴുത്ത്).നം.185/2014-റവ നമ്പർ ഉത്തരവ്, 20/05/2017-ലെ 107/ദേവ 2/2017/റവന്യൂ നമ്പർ സർക്കുലർ എന്നിവ പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങളും അപേക്ഷാ ഫോറവും അനുബന്ധമായി ചേർക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ശബരിമല പുണ്യദർശനം കോംപ്ലക്സ് നിർമ്മാണം

103 (878) <u>ശ്രീ. പ്രമോദ് നാരായൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ദേവസ്വം ബോർഡിൽ നിലനിർത്തികൊണ്ട് ശബരിമല പുണ്യദർശനം കോംപ്ലക്സ് നിർമ്മാണത്തിനായി സംസ്ഥാന സർക്കാരിന്റെ നിർവ്വഹണ ഏജൻസിയായ ഡി.ടി.പി.സി.-ക്ക് സ്ഥലം വിട്ടുകൊടുക്കുന്നതിന് ദേവസ്വം വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) അടിയന്തരമായി സ്ഥലം വിട്ടുകൊടുത്ത് നിർമ്മാണം ആരംഭിക്കാത്തപക്ഷം സർക്കാർ അനുവദിച്ച ഫണ്ട് നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കാനും ശബരിമല തീർത്ഥാടകരുടെ താൽപ്പര്യം സംരക്ഷിക്കാനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

(എ&ബി) 17-05-2016-ൽ ശബരിമലയിലെ 20 സെന്റ് സ്ഥലത്ത് പുണ്യദർശനം കോംപ്ലക്സ് നിർമ്മിക്കുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡ് ടൂറിസം വകുപ്പിന് അനുമതി നൽകുകയും തുടർന്ന് 17-10-2017-ൽ

ബഹുമാനപ്പെട്ട മുഖ്യമന്ത്രി പദ്ധതിക്ക് തറക്കല്ലിടുകയും ചെയ്തിരുന്നു. പിന്നീട് ഈ പദ്ധതിയുമായി മുന്നോട്ടുപോകുന്നതിന് വനം വകുപ്പ് ചില തടസ്സവാദങ്ങൾ ഉന്നയിച്ചതായി തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. 06-07-2021-ൽ പത്തനംതിട്ട ഡി.റ്റി.പി.സി പദ്ധതി ആരംഭിക്കുന്നതിന് നൽകിയ അപേക്ഷ 14-07-2021-ൽ ചേർന്ന ശബരിമല ഉന്നതാധികാര സമിതി യോഗം ചർച്ച ചെയ്യുകയും ശബരിമല പൂണ്യദർശനം കോംപ്ലക്സ് ശബരിമല ലേ ഔട്ട് പ്ലാനിൽ ഉൾപ്പെട്ടിട്ടില്ലാത്ത സാഹചര്യത്തിൽ തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളജ് മുഖേന പുനഃക്രമീകരിക്കുന്ന ലേ ഔട്ട് പ്ലാനിൽ മാറ്റംവരുത്തി ഉൾപ്പെടുത്താൻ തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളജിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതിനിടയിൽ വനം വകുപ്പുമായുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിനായി ശബരിമല ഉൾപ്പെടുന്ന പ്രദേശത്തെ ജോയിന്റ് സർവ്വേ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി നിയോഗിച്ച അഭിഭാഷക സമിതിയുടെ ചുമതലയിൽ നടത്തിയിട്ടുള്ളതും പ്രസ്തുത സർവ്വേ റിപ്പോർട്ട് ഹൈക്കോടതി അംഗീകരിക്കുകയും തുടർന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ്, സംസ്ഥാന സർവ്വേ വകുപ്പ്, വനം വകുപ്പ് എന്നിവർ അഭിഭാഷക കമ്മിറ്റിയുടെ ചുമതലയിൽ അതിർത്തി നിശ്ചയിച്ച് കല്ലിടുന്ന നടപടികൾ

പുരോഗമിക്കുകയുമാണ്. അതിർത്തി നിശ്ചയിച്ച് ജണ്ടകൾ സ്ഥാപിച്ചതിന് ശേഷം ഹൈക്കോടതി മുമ്പാകെയുള്ള ബന്ധപ്പെട്ട ഹർജികളുടെ തീർപ്പിന് വിധേയമായി മാത്രമേ സ്ഥലം കൈമാറ്റം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ സാധിക്കുവെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

**ക്ഷേത്രങ്ങളുടെ നവീകരണ പ്രവൃത്തികൾ**

104 (879) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ 2021-22 വർഷത്തിൽ ഏതൊക്കെ ക്ഷേത്രങ്ങൾക്കാണ് നവീകരണ പ്രവൃത്തികൾക്ക് ഫണ്ട് അനുവദിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ ക്ഷേത്രത്തിനും അനുവദിച്ച തുക എത്ര എന്ന് വ്യക്തമാക്കുമോ?

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

## ആരാധനാലയങ്ങളുടെ വിവരം സംബന്ധിച്ച്

105 (880) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ ദേവസ്വം ബോർഡിന് കീഴിൽവരുന്ന ആരാധനാലയങ്ങളുടെ വിവരം ലഭ്യമാക്കുമോ?

ആലപ്പുഴ മണ്ഡലത്തിൽ ദേവസ്വം ബോർഡിന് കീഴിൽ കൊറ്റംകുളങ്ങര ഭദ്രകാളി ക്ഷേത്രം, വലിയകലവൂർ മഹാവിഷ്ണു ക്ഷേത്രം, ചെറിയകലവൂർ ശാസ്താ ക്ഷേത്രം, മടത്തുംകര മഹാദേവ ക്ഷേത്രം എന്നീ ദേവസ്വങ്ങളാണുള്ളത്.

(ബി) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ പ്രസ്തുത ആരാധനാലയങ്ങളിൽ നടക്കുന്ന വികസന പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരം ലഭ്യമാക്കുമോ?

വലിയകലവൂർ ദേവസ്വത്തിൽ ദേവസ്വം മരാമത്ത് വിഭാഗത്തിന്റെ കീഴിൽ തിടപ്പള്ളി നവീകരണവും അകത്തെ തിരുമുറ്റം സ്പോൺസർഷിപ്പ് മുഖാന്തരം കരിങ്കൽ പാകൽ എന്നീ പ്രവൃത്തികളുമാണ് നടത്തിയിട്ടുള്ളത്.

(സി) പ്രസ്തുത ആരാധനാലയങ്ങളിൽ തീർത്ഥാടക ടൂറിസം മുഖേന വികസന പ്രവൃത്തികൾ നടന്നിട്ടുണ്ടോ; എങ്കിൽ അവയുടെ വിവരം ലഭ്യമാക്കുമോ?

ഇല്ല.

**മലബാർ ദേവസ്വം ബോർഡ് വഴി നൽകുന്ന സാമ്പത്തിക സഹായം**

106 (881) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആചാരസ്ഥാനീകർക്കും കോലധാരികൾക്കും മലബാർ ദേവസ്വം ബോർഡുവഴി പ്രതിമാസം നൽകുന്ന സാമ്പത്തിക സഹായം പല തവണകളായി മുടങ്ങിക്കിടക്കുന്നതൊഴിവാക്കി പ്രസ്തുത സഹായം വീണ്ടും നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തര മലബാറിലെ ആചാരസ്ഥാനികർക്കും കോലധാരികൾക്കും മലബാർ ദേവസ്വം ബോർഡ് മുഖേന നൽകിവരുന്ന സാമ്പത്തിക സഹായം, 2021 ഒക്ടോബർ മാസം വരെയുള്ളത് കൊടുത്തുതീർത്തിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം 1811 ആചാരസ്ഥാനികർക്കും 397 കോലധാരികൾക്കും

പ്രതിമാസം 1400/-രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്നുണ്ട്. ആയതിന് സർക്കാരിൽനിന്നും പ്രതിവർഷം 1.25 കോടി രൂപ ബോർഡിന് അനുവദിച്ചുനൽകുന്നു. കുടിശ്ശിക തുക അനുവദിക്കുന്നതിനായി മലബാർ ദേവസ്വം ബോർഡ് സമർപ്പിച്ച 4.45 കോടി രൂപയുടെ ശിപാർശ പരിശോധിച്ചുവരുന്നു.

(ബി) പുതുതായി ഈ വിഭാഗത്തിൽ ധനസഹായത്തിന് അർഹതയുള്ളവർക്കായി അപേക്ഷ സ്വീകരിച്ച് സഹായം വിതരണം ചെയ്യാൻ നടപടിയുണ്ടാകുമോ; വ്യക്തമാക്കുമോ?

നിലവിൽ പരിഗണനയിലില്ല;

## മലബാർ ദേവസ്വം നിയമം

107 (882) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡിലെ എച്ച്. ആർ. ആൻഡ് സി. ഇ. ആക്ടിനു പകരമായി സമഗ്രമായ മലബാർ ദേവസ്വം നിയമം കൊണ്ടുവരുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നിയമം നിയമസഭയിൽ എപ്പോൾ അവതരിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(എ & ബി) പരിശോധിച്ചുവരുന്നു.

**ക്ഷേത്രകലാ അക്കാദമിക്ക് ആസ്ഥാനമന്ദിരം**

108 (883) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിൽ മലബാർ ദേവസ്വം ബോർഡിന് കീഴിൽ മാടായിക്കാവിൽ പ്രവർത്തിക്കുന്ന ക്ഷേത്രകലാ അക്കാദമിക്ക് ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിനായി സ്ഥലം ലഭ്യമാക്കുന്നതിനുവേണ്ടി സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

കണ്ണൂർ ജില്ലയിലെ ക്ഷേത്രകലാ അക്കാദമിക്ക് ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിനായി ശ്രീ മാടായിക്കാവ് ദേവസ്വം ഉടമസ്ഥതയിലുള്ള സ്ഥലം ക്ഷേത്രകലാ അക്കാദമിക്ക് പാട്ടത്തിന് നൽകുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

## മലബാർ ദേവസ്വം ജീവനക്കാരുടെ ശമ്പളപരിഷ്കരണം

109 (884) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ജീവനക്കാരുടെ ശമ്പള പരിഷ്കരണ ഉത്തരവ് പുറപ്പെടുവിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ; പുതുക്കിയ ശമ്പള പരിഷ്കരണ പ്രകാരമുള്ള ശമ്പളം എല്ലാ ജീവനക്കാർക്കും ലഭ്യമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ ശമ്പള പരിഷ്കരണം പൂർണ്ണമായി നടപ്പാക്കുന്നതിലുണ്ടായ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ?

(എ&ബി) മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പളം 01-01-2019 പ്രാബല്യത്തിൽ പരിഷ്കരിക്കുന്നതിന് 12-02-2021-ലെ GO(Ms)No.57/2021/RD നമ്പറായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ശമ്പള പരിഷ്കരണ ഉത്തരവിലെ അനോമലികൾ പരിഹരിച്ച് മലബാർ ദേവസ്വം ബോർഡ് യോഗതീരുമാനപ്രകാരം 19-01-2022-ന് കമ്മീഷണർ ഉത്തരവ്

പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന് ധനകാര്യ വകുപ്പിന്റെ സാധൂകരണം ലഭ്യമാക്കി ശമ്പള പരിഷ്കരണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതമായി നടന്നുവരുന്നു.

(സി) മലബാർ ദേവസ്വം ബോർഡിന് 2016-2021 കാലയളവിൽ എത്ര തുകയാണ് സർക്കാർ ധനസഹായമായി നൽകിയിട്ടുള്ളത്; 2021 മുതൽ നാളിതുവരെ എത്ര തുക ധനസഹായം നൽകിയിട്ടുണ്ട്; വ്യക്തമാക്കുമോ?

വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | സർക്കാരിൽ നിന്നും വിവിധ ഇനങ്ങളിലായി നൽകിയ ഗ്രാന്റ്-ഇൻ-എയ്ഡ് |
|---|---|
| 2016-17 | 46,41,35000/- |
| 2017-18 | 28,89,57,000/- |
| 2018-19 | 36,95,78,985/- |
| 2019-20 | 18,16,13,333/- |
| 2020-21 | 44,30,53,740/- |
| 2021-22 | 32,27,58,620/- |
| 01.04.2022 മുതൽ 23.06.2022 വരെ | 12,05,00,000/- |

(ഡി) മലബാർ ദേവസ്വം ക്ഷേമനിധി ബോർഡിന് സർക്കാർ ധനസഹായം നൽകുന്നുണ്ടോ; ഇല്ലെങ്കിൽ ജീവനക്കാരുടെ പെൻഷൻ

തുടങ്ങിയുള്ള ആനുകൂല്യങ്ങൾ യഥാസമയം നൽകുന്നതിനായി സഹായധനം നൽകുന്നതിന് നടപടി കൈക്കൊള്ളുമോ; വ്യക്തമാക്കുമോ?

മലബാറിലെ ക്ഷേത്ര ജീവനക്കാരുടെയും എക്സിക്യൂട്ടീവ് ഓഫീസർമാരുടെയും ക്ഷേമനിധി പദ്ധതിയുടെ രൂപീകരണ വേളയിൽ ഒറ്റത്തവണ ധനസഹായമായി 50 ലക്ഷം രൂപ സർക്കാർ അനുവദിച്ചിരുന്നു. കോവിഡ്-19 നെ തുടർന്നുണ്ടായ സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ 2021 മാർച്ചിൽ ബോർഡിന് അനുവദിച്ച സർക്കാർ ഗ്രാന്റ്-ഇൻ-എയ്ഡിൽ നിന്നും 1 കോടി രൂപ ക്ഷേമനിധി ബോർഡിന് അനുവദിച്ചിട്ടുണ്ട്. വിരമിച്ച ജീവനക്കാരുടെ പെൻഷൻ മുതലായ ആനുകൂല്യങ്ങൾ മുടക്കമില്ലാതെ നൽകുന്നതിനുള്ള നടപടികൾ ക്ഷേമനിധി ബോർഡ് സ്വീകരിച്ചിട്ടുണ്ട്. നിലവിൽ ക്ഷേത്ര ജീവനക്കാരുടെ വിരമിക്കൽ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് മുടക്കംവരുന്നില്ല.

**കാഞ്ഞിയിൽ ശ്രീകൃഷ്ണ സ്വാമി ക്ഷേത്ര നവീകരണം**

110(885) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ വിലക്കിനിമംഗലം കാഞ്ഞിയിൽ ശ്രീകൃഷ്ണ സ്വാമി ക്ഷേത്രം ക്ഷേത്രോപദേശക സമിതിയുടെ നേതൃത്വത്തിൽ പൊതുജന സഹായത്തോടെ നവീകരിക്കാനുള്ള അനുവാദത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അപേക്ഷയിൻമേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ?

കാഞ്ഞിയിൽ ശ്രീകൃഷ്ണസ്വാമി ക്ഷേത്രോപദേശക സമിതിയുടെ അപേക്ഷയിന്മേലുള്ള പ്രാരംഭനടപടികൾ തിരുവിതാംകൂർ ദേവസ്വം ബോർഡ് സ്വീകരിച്ചുവരുന്നു. നവീകരണ പ്രവർത്തനങ്ങൾക്ക് തടസ്സമായി നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റി ലേലം ചെയ്യുന്നതിന് മൂല്യനിർണ്ണയം നടത്തുന്നതിനുള്ള അനുമതിക്കായി ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ, സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ, തിരുവനന്തപുരത്തിന് 24-05-2022-ന് വർക്കല അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ കത്ത് നൽകിയിട്ടുണ്ട്.

**ക്ഷേത്ര നവീകരണ പ്രവർത്തനങ്ങൾ**

111(886) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ശ്രീകൃഷ്ണ സ്വാമി ക്ഷേത്രത്തിലെ വലിയ കുളവും കണ്ടിയൂർ മഹാദേവ ക്ഷേത്രത്തിലെ കുളവും നവീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

മാവേലിക്കര കണ്ടിയൂർ ക്ഷേത്രക്കുളം നവീകരണത്തിനായി തിരുവിതാംകൂർ ദേവസ്വം ബോർഡ് 27,84,000/- രൂപയുടെ ശിപാർശ സമർപ്പിച്ചിരുന്നുവെങ്കിലും സർക്കാരിന്റെ നിലവിലെ സാമ്പത്തിക പ്രതിസന്ധി നിമിത്തം നിർമ്മാണത്തിനായി ഫണ്ടും ഭരണാനുമതിയും നൽകിയിട്ടില്ല.

(ബി) മാവേലിക്കര ശ്രീകൃഷ്ണ സ്വാമി ക്ഷേത്രത്തിന്റെ നവീകരണ പ്രവർത്തനങ്ങൾക്ക് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

മാവേലിക്കര ശ്രീകൃഷ്ണ സ്വാമി ക്ഷേത്രത്തിലെ ഉത്സവത്തോടനുബന്ധിച്ച് വാർഷിക അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ട്.

**എം.എൽ.എ.-മാരുടെ അഡീഷണൽ സ്റ്റാഫുകളുടെ വേതനം**

112 (887) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.എൽ.എ.- മാരുടെ അഡീഷണൽ സ്റ്റാഫുകളുടെ വേതനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഇതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

(ബി) അഡീഷണൽ സ്റ്റാഫുകൾക്ക് നിലവിലെ ജീവിത സാഹചര്യത്തിനനുസരിച്ചുള്ള വർദ്ധിപ്പിച്ച വേതനം നൽകാൻ 2022-ൽ തന്നെ നടപടി സ്വീകരിക്കുമോ?

(എ&ബി) എ.എൽ.എ.- മാരുടെ അഡീഷണൽ സ്റ്റാഫുകളുടെ വേതനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി നിയമസഭാ സെക്രട്ടറി സമർപ്പിച്ച നിർദ്ദേശം ധനകാര്യ വകുപ്പുമായി ചേർന്ന് സർക്കാർ പരിശോധിച്ചുവരികയാണ്.

**സംരക്ഷിത വനമേഖലയ്ക്ക് ചുറ്റുമുള്ള ബഫർസോൺ**

113 (888) ശ്രീ. എ . പി . അനിൽ കുമാർ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ . സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരക്ഷിത വനമേഖലയ്ക്ക് ചുറ്റുമുള്ള ബഫർസോൺ സംബന്ധിച്ച് 2015-ലെ സർക്കാർ കേന്ദ്രത്തിന് നിർദേശം സമർപ്പിച്ചിരുന്നോ;

വിശദാംശം നൽകുമോ; പ്രസ്തുത നിർദ്ദേശത്തിൽ നിന്ന് വ്യത്യസ്തമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി 2019-ൽ പുതുക്കിയ നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

സംരക്ഷിത വനമേഖലയ്ക്ക് ചുറ്റുമുള്ള ബഫർസോൺ സംബന്ധിച്ച പ്രൊപ്പോസലുകൾ സംസ്ഥാന സർക്കാർ 13-05-2013-ൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. പ്രസ്തുത പ്രൊപ്പോസലുകളിൽ 11 എണ്ണത്തിൽ കൃത്യമായ കളർ കോഡിലുള്ള ഭൂപടങ്ങൾ ഉൾപ്പെടുത്തി വീണ്ടും സമർപ്പിക്കുന്നതിന് 12-07-2017-ലെ കത്ത് പ്രകാരം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം നിർദ്ദേശിച്ചതിൻപ്രകാരം മാറ്റങ്ങൾ വരുത്തിയ 11 പ്രൊപ്പോസലുകളാണ് 2019 ഫെബ്രുവരി മാസത്തിൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ചീഫ് വൈൽഡ് ലൈഫ് വാർഡൻ സംസ്ഥാന സർക്കാരിന് സമർപ്പിച്ചത്. 2019 ഫെബ്രുവരി മാസത്തിൽ സമർപ്പിച്ച പ്രൊപ്പോസലുകളിൽ മറ്റ് മാറ്റങ്ങളൊന്നും വരുത്തിയിരുന്നില്ല.

2018 ജൂലൈ-ആഗസ്റ്റ് മാസങ്ങളിൽ കേരളം അഭിമുഖീകരിച്ച പ്രളയക്കെടുതി പാരിസ്ഥിതിക ദുരന്തമായി വിലയിരുത്തപ്പെട്ടു. പരിസ്ഥിതി

ലോല/ദുർബ്ബല വനമേഖലയുടെ സമീപസ്ഥമായ പ്രദേശങ്ങളിലെ ഖനനവും അനിയന്ത്രിതമായ നിർമ്മാണ പ്രവർത്തനങ്ങളും കെടുതികൾക്ക് ആക്കം കൂട്ടിയിട്ടുണ്ട്. തുടർന്നുള്ള മൺസൂൺ കാലത്തുണ്ടായ മണ്ണിടിച്ചിലും മറ്റ് വിപത്തുകളും ഇത് അടിവരയിടും. അതിനാൽ അനധികൃത നിർമ്മാണം പുതിയ മലിനീകരണ വ്യവസായങ്ങൾ, ജനവാസ മേഖലകളിൽ അനിയന്ത്രിതമായ ക്വാറി തുടങ്ങിയവ നിയന്ത്രിക്കുന്നതിന് ഇക്കോ സെൻസിറ്റീവ് സോണിനെക്കുറിച്ചുള്ള പുതിയ തീരുമാനങ്ങൾ എടുക്കേണ്ടതായിവന്നു. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ജീവഹാനിയുൾപ്പെടെയുള്ള ഗുരുതരമായ പാരിസ്ഥിതിക ദുരന്തങ്ങൾ കേരളത്തിലുണ്ടാകുന്നത് കണക്കിലെടുത്ത് സംരക്ഷിത പ്രദേശങ്ങളോട് ചേർന്നുകിടക്കുന്ന മനുഷ്യവാസ കേന്ദ്രങ്ങളുൾപ്പെടെ സംരക്ഷിത പ്രദേശങ്ങൾക്കു ചുറ്റും 0 മുതൽ 1 കി.മീ. വരെ ഇക്കോ സെൻസിറ്റീവ് സോൺ ആയി തത്വത്തിൽ നിശ്ചയിച്ചുകൊണ്ട് കരട് വിജ്ഞാപന നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിന് അംഗീകാരം നൽകിയതിനെ തുടർന്നാണ് 03-01-2020 ൽ മനുഷ്യവാസ കേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള പ്രദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള കരട് വിജ്ഞാപന നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാരിലേയ്ക്ക് സമർപ്പിച്ചത്.

28-09-2020-ൽ വനം-വന്യജീവി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റുമുള്ള ഇക്കോ സെൻസിറ്റീവ് സോൺ പരിധിയിൽനിന്ന് ജനവാസ മേഖലകളെ ഒഴിവാക്കണമെന്ന പൊതുജനാഭിപ്രായം വിശദമായി ചർച്ച ചെയ്യുകയും കേരളത്തിലെ 23 ദേശീയോദ്യാന/വന്യജീവി സങ്കേതങ്ങളുടെ ചുറ്റുമുള്ള 0 മുതൽ 1 കി.മീ. ദൂരം ഇക്കോ സെൻസിറ്റീവ് സോൺ ആയി പ്രഖ്യാപിക്കുമ്പോൾ പ്രസ്തുത പ്രദേശത്തുവരുന്ന ജനസാന്ദ്രത കൂടിയ മേഖലകളെയും സർക്കാർ/ അർദ്ധസർക്കാർ/ പൊതുസ്ഥാപനങ്ങൾ ഉൾക്കൊള്ളുന്ന പ്രദേശങ്ങളെയും ഒഴിവാക്കുന്നതിനും ആയതിലേയ്ക്കായി പ്രസ്തുത പ്രദേശങ്ങളുടെ പുതുക്കിയ ഭൂപടത്തോടുകൂടിയ കരട് ഭേദഗതി നിർദ്ദേശങ്ങൾ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയ്ക്ക് അയച്ചുകൊടുക്കുന്നതിനായി സർക്കാരിലേയ്ക്ക് സമർപ്പിക്കാൻ ചീഫ് വൈൽഡ് ലൈഫ് വാർഡനെ ചുമതലപ്പെടുത്തുകയും ചെയ്തു. ആയതു പ്രകാരം ജനവാസ മേഖലകൾ ഒഴിവാക്കി തയ്യാറാക്കി സമർപ്പിച്ച പ്രൊപ്പോസലുകളാണ് നിലവിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലുള്ളത്.

(ബി) ഇക്കോ സെൻസിറ്റീവ് സോണുകൾ സംബന്ധിച്ച് 2019 ഫെബ്രുവരി മാസത്തിൽ പ്രിൻസിപ്പൽ കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സംസ്ഥാന സർക്കാരിന് സമർപ്പിച്ച നിർദ്ദേശത്തിൽ ബഫർ സോണുകൾ സംബന്ധിച്ച വ്യവസ്ഥ എപ്രകാരമായിരുന്നുവെന്ന് വ്യക്തമാക്കുമോ?

2013-ൽ സമർപ്പിച്ച പ്രൊപ്പോസലുകളിൽ 11 എണ്ണത്തിൽ കൃത്യമായ കളർ കോഡിലുള്ള ഭൂപടങ്ങൾ ഉൾപ്പെടുത്തി വീണ്ടും സമർപ്പിക്കുന്നതിന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ 12-07-2017-ലെ കത്ത് പ്രകാരം നിർദ്ദേശിച്ചിരുന്നു. അപ്രകാരം മാറ്റം വരുത്തിയ 11 പ്രൊപ്പോസലുകളാണ് 2019 ഫെബ്രുവരി മാസത്തിൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ചീഫ് വൈൽഡ് ലൈഫ് വാർഡൻ, സംസ്ഥാന സർക്കാരിന് സമർപ്പിച്ചത്. 2019 ഫെബ്രുവരി മാസത്തിൽ സമർപ്പിച്ച പ്രൊപ്പോസലുകളിൽ മറ്റ് മാറ്റങ്ങളൊന്നും വരുത്തിയിരുന്നില്ല.

(സി) പ്രസ്തുത നിർദ്ദേശങ്ങളിൽനിന്ന് വ്യത്യസ്തമായി ഒരു കിലോമീറ്റർ പ്രദേശം ബഫർ സോണിൽ നിർബന്ധമായും ഉൾപ്പെടുത്തണമെന്ന് 2019 ഒക്ടോബർ 23-ന് ചേർന്ന മന്ത്രിസഭായോഗം തീരുമാനമെടുക്കാനുണ്ടായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ചീഫ് വൈൽഡ് ലൈഫ് വാർഡൻ സർക്കാരിലേയ്ക്ക് സമർപ്പിച്ച കരട് പ്രൊപ്പോസലുകൾ സംരക്ഷിത പ്രദേശങ്ങൾക്ക് പുറത്തുള്ള എല്ലാ മനുഷ്യവാസ കേന്ദ്രങ്ങളെയും ഇക്കോസെൻസിറ്റീവ് സോണുകളുടെ പരിധിയിൽനിന്ന് ഒഴിവാക്കിക്കൊണ്ട് നിലവിലുള്ള വന പ്രദേശങ്ങൾമാത്രം ഉൾപ്പെടുത്തിയുള്ളതായിരുന്നു. ഇക്കാര്യം ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതിനായുള്ള സുപ്രീം കോടതി നിർദ്ദേശങ്ങൾക്ക് വിരുദ്ധമായതിനാൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം അംഗീകരിക്കണമെന്നില്ല.

2018 ജൂലൈ-ആഗസ്റ്റ് മാസങ്ങളിൽ കേരളം അഭിമുഖീകരിച്ച പ്രളയക്കെടുതി പാരിസ്ഥിതിക ദുരന്തമായി വിലയിരുത്തപ്പെട്ടതാണ്. പരിസ്ഥിതി ലോല/ദുർബ്ബലമായ വനമേഖലയുടെ സമീപസ്ഥമായ പ്രദേശങ്ങളിലെ ഖനനവും അനിയന്ത്രിതമായ നിർമ്മാണ പ്രവർത്തനങ്ങളും കെടുതികൾക്ക് ആക്കം കൂട്ടിയിട്ടുണ്ട്. തുടർന്നുള്ള മൺസൂൺ കാലത്തുണ്ടായ മണ്ണിടിച്ചിലും മറ്റ് വിപത്തുകളും ഇത് അടിവരയിടും. അതിനാൽ അനധികൃത നിർമ്മാണങ്ങളും പുതിയ മലിനീകരണ വ്യവസായങ്ങളും ജനവാസ മേഖലകളിലെ അനിയന്ത്രിതമായ ക്വാറിയും നിയന്ത്രിക്കുന്നതിന് ഇക്കോ

സെൻസിറ്റീവ് സോണിനെക്കുറിച്ചുള്ള പുതിയ തീരുമാനങ്ങൾ എടുക്കേണ്ടതായിവന്നു. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ജീവഹാനിയുൾപ്പെടെയുള്ള ഗുരുതരമായ പാരിസ്ഥിതിക ദുരന്തങ്ങൾ കേരളത്തിലുണ്ടാകുന്നത് കണക്കിലെടുത്ത് സംരക്ഷിത പ്രദേശങ്ങളോട് ചേർന്നുകിടക്കുന്ന മനുഷ്യവാസകേന്ദ്രങ്ങളുൾപ്പെടെ സംരക്ഷിത പ്രദേശങ്ങൾക്കു ചുറ്റും 0 മുതൽ 1 കി.മീ. വരെ ഇക്കോ സെൻസിറ്റീവ് സോൺ ആയി തത്വത്തിൽ നിശ്ചയിച്ചുകൊണ്ട് കരട് വിജ്ഞാപന നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിന് 31-10-2019 ലെ സ.ഉ. (കൈ) നം. 29/2019/വനം പ്രകാരം അംഗീകാരം നൽകിയതിനെ തുടർന്നാണ് 03-01-2020-ൽ മനുഷ്യവാസ കേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള പ്രദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള കരട് വിജ്ഞാപന നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാരിലേയ്ക്ക് സമർപ്പിച്ചത്.

28-09-2020 ൽ വനം-വന്യജീവി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റുമുള്ള ഇക്കോ സെൻസിറ്റീവ് സോൺ പരിധിയിൽനിന്ന് ജനവാസ മേഖലകളെ ഒഴിവാക്കണമെന്ന പൊതുജനാഭിപ്രായം വിശദമായി ചർച്ച ചെയ്യുകയും

കേരളത്തിലെ 23 ദേശീയോദ്യാന/വന്യജീവി സങ്കേതങ്ങളുടെ ചുറ്റുമുള്ള 0 മുതൽ 1 കി.മീ. ദൂരം ഇക്കോ സെൻസിറ്റീവ് സോൺ ആയി പ്രഖ്യാപിക്കുമ്പോൾ പ്രസ്തുത പ്രദേശത്തുവരുന്ന ജനസാന്ദ്രത കൂടിയ മേഖലകളെയും സർക്കാർ/അർദ്ധസർക്കാർ/പൊതു സ്ഥാപനങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന പ്രദേശങ്ങളെയും ഒഴിവാക്കുന്നതിനും ആയതിലേയ്ക്കായി പ്രസ്തുത പ്രദേശങ്ങളുടെ പുതുക്കിയ ഭൂപടത്തോടുകൂടിയ കരട് ഭേദഗതി നിർദ്ദേശങ്ങൾ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയ്ക്ക് അയച്ചു കൊടുക്കുന്നതിനായി സർക്കാരിലേയ്ക്ക് സമർപ്പിക്കുവാനുമായി ചീഫ് വൈൽഡ് ലൈഫ് വാർഡനെ ചുമതലപ്പെടുത്തുകയും ചെയ്തു. ആയതു പ്രകാരം ജനവാസ മേഖലകൾ ഒഴിവാക്കി തയ്യാറാക്കി സമർപ്പിച്ച പ്രൊപ്പോസലുകളാണ് നിലവിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലുള്ളത്.

## പരിസ്ഥിതിലോല മേഖല

114 (889) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി സങ്കേതങ്ങൾക്ക് ഒരു കിലോമീറ്റർ ചുറ്റളവിൽ പരിസ്ഥിതിലോല മേഖല നിർണ്ണയിക്കണമെന്ന സുപ്രീം കോടതി വിധി മലയോര കർഷകരെ ഭീതിയിലാഴ്ത്തിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സുപ്രീം കോടതിയുടെ 03-06-2022-ലെ IA 1000/2003 നമ്പർ കേസ്സിലെ വിധിപ്രകാരം വന്യജീവി സങ്കേതങ്ങൾക്ക് ഒരു കിലോമീറ്റർ ചുറ്റളവിൽ പരിസ്ഥിതിലോല മേഖല നിർണ്ണയിക്കണമെന്ന നിർദ്ദേശം മലയോര കർഷകരെ ഒരു പരിധിവരെ ബാധിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

03-06-2022-ലെ സുപ്രീംകോടതി വിധി വിലയിരുത്തുന്നതിനും തുടർനടപടികൾ ചർച്ച ചെയ്യുന്നതിനുമായി 08-06-2022-ന് വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ അഡ്വക്കേറ്റ് ജനറലിനെകൂടി ഉൾപ്പെടുത്തി ഉന്നത ഉദ്യോഗസ്ഥരുടെ യോഗം ചേരുകയും സംരക്ഷിത പ്രദേശങ്ങളുടെ ഒരു കി.മീ. പരിധിയിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ

വിവിധ സർക്കാർ ഏജൻസികളുടെ സഹായം തേടിക്കൊണ്ട് ശേഖരിക്കുന്നതിനും നിലവിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ മുമ്പാകെയുള്ള ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ, സുപ്രീംകോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി അംഗീകാരം ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതിനും സുപ്രീംകോടതിയുടെ ഉത്തരവിന്മേൽ റിവ്യൂ പെറ്റീഷൻ സമർപ്പിക്കുന്നതിനും കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ കേന്ദ്ര സർക്കാരിനെയും കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും സുപ്രീംകോടതിയെയും ബോദ്ധ്യപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചു.

ടി യോഗ തീരുമാന പ്രകാരം, ഒരു കിലോ മീറ്റർ ESZ-ൽ ഉൾപ്പെടാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ വനാതിർത്തി പരിശോധിച്ചശേഷം ജനവാസകേന്ദ്രങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ ആശുപത്രികൾ, കൃഷിസ്ഥലങ്ങൾ, തോട്ടങ്ങൾ എന്നിവയുടെ വിശദാംശം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേരള

സംസ്ഥാന റിമോർട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്ററിനെ (KSREC) ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 03-06-2022-ലെ സുപ്രീംകോടതി ഉത്തരവിനെതിരെ റിവ്യൂ പെറ്റീഷൻ സമർപ്പിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നതിനായി അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകുകയും ജനവാസമേഖലകൾ ഒഴിവാക്കിക്കൊണ്ടുള്ള പുതുക്കിയ ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ പരിഗണിച്ചുകൊണ്ട് സുപ്രീംകോടതി ഉത്തരവിലെ ഖണ്ഡിക 44(f) പ്രകാരമുള്ള നടപടികൾക്കായി കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും സുപ്രീംകോടതിയെയും സമീപിക്കുവാനായി കേന്ദ്ര സർക്കാരിലേയ്ക്ക് കത്തയയ്ക്കുകയും ചെയ്തിട്ടുണ്ട്.

(സി) 2019 ഒക്ടോബറിലെ മന്ത്രിസഭാ യോഗത്തിൽ ഒരു കിലോമീറ്റർ പ്രദേശം പരിസ്ഥിതിലോല മേഖല ആക്കണമെന്ന നയം അംഗീകരിച്ചിരുന്നോ എന്ന് വ്യക്തമാക്കുമോ?

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ചീഫ് വൈൽഡ് ലൈഫ് വാർഡൻ സർക്കാരിലേയ്ക്ക് സമർപ്പിച്ച കരട് പ്രൊപ്പോസലുകളിൽ സംരക്ഷിത പ്രദേശങ്ങൾക്ക് പുറത്തുള്ള എല്ലാ മനുഷ്യവാസ കേന്ദ്രങ്ങളെയും

ഇക്കോസെൻസിറ്റീവ് സോണുകളുടെ പരിധിയിൽനിന്ന് ഒഴിവാക്കിക്കൊണ്ട് നിലവിലുള്ള വനപ്രദേശങ്ങൾ മാത്രം ഉൾപ്പെടുത്തിയുള്ളതായിരുന്നു. ഇക്കാര്യം ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതിനായുള്ള സുപ്രീംകോടതി നിർദ്ദേശങ്ങൾക്ക് വിരുദ്ധമായതിനാൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം അംഗീകരിക്കണമെന്നില്ല.

2018 ജൂലൈ-ആഗസ്റ്റ് മാസങ്ങളിൽ കേരളം അഭിമുഖീകരിച്ച പ്രളയക്കെടുതി പാരിസ്ഥിതിക ദുരന്തമായി വിലയിരുത്തപ്പെട്ടതാണ്. പരിസ്ഥിതി ലോല/ദുർബലമായ വനമേഖലയുടെ സമീപ പ്രദേശങ്ങളിലെ ഖനനവും അനിയന്ത്രിതമായ നിർമ്മാണ പ്രവർത്തനങ്ങളും കെടുതികൾക്ക് ആക്കം കൂട്ടിയിട്ടുണ്ട്. തുടർന്നുള്ള മൺസൂൺ കാലത്തുണ്ടായ മണ്ണിടിച്ചിലും മറ്റ് വിപത്തുകളും ഇതിന് അടിവരയിടും. അതിനാൽ അനധികൃത നിർമ്മാണം പുതിയ മലിനീകരണ വ്യവസായങ്ങൾ, ജനവാസ മേഖലകളിൽ അനിയന്ത്രിതമായ ക്വാറി തുടങ്ങിയവ നിയന്ത്രിക്കുന്നതിന് ഇക്കോ സെൻസിറ്റീവ് സോണിനെക്കുറിച്ചുള്ള പുതിയ തീരുമാനങ്ങളെടുക്കേണ്ടതായിവന്നു. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ജീവഹാനി ഉൾപ്പെടെയുള്ള

ഗുരുതരമായ പാരിസ്ഥിതിക ദുരന്തങ്ങൾ കേരളത്തിലുണ്ടാകുന്നത് കണക്കിലെടുത്ത് സംരക്ഷിത പ്രദേശങ്ങളോട് ചേർന്നുകിടക്കുന്ന മനുഷ്യവാസ കേന്ദ്രങ്ങളുൾപ്പെടെ സംരക്ഷിത പ്രദേശങ്ങൾക്കു ചുറ്റും 0 മുതൽ 1 കി.മീ വരെ ഇക്കോ സെൻസിറ്റീവ് സോൺ ആയി തത്വത്തിൽ നിശ്ചയിച്ചുകൊണ്ട് കരട് വിജ്ഞാപന നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിന് അംഗീകാരം നൽകിയതിനെ തുടർന്നാണ് 19-12-2019 ൽ മനുഷ്യവാസ കേന്ദ്രങ്ങളുൾപ്പെടെയുള്ള പ്രദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് സർക്കാരിലേയ്ക്ക് കരട് വിജ്ഞാപന നിർദ്ദേശങ്ങൾ സമർപ്പിച്ചത്.

28-09-2020- ൽ ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റുമുള്ള ഇക്കോ സെൻസിറ്റീവ് സോൺ പരിധിയിൽനിന്ന് ജനവാസ മേഖലകളെ ഒഴിവാക്കണമെന്ന പൊതുജനാഭിപ്രായം വിശദമായി ചർച്ച ചെയ്യുകയും കേരളത്തിലെ 23 ദേശീയോദ്യാന/വന്യജീവി സങ്കേതങ്ങളുടെ ചുറ്റുമുള്ള 0 മുതൽ 1 കി.മീ. ദൂരത്തിൽ ഇക്കോ സെൻസിറ്റീവ് സോൺ ആയി പ്രഖ്യാപിക്കുമ്പോൾ പ്രസ്തുത പ്രദേശത്ത് വരുന്ന ജനസാന്ദ്രത കൂടിയ മേഖലകളെയും സർക്കാർ/അർദ്ധ സർക്കാർ/പൊതുസ്ഥാപനങ്ങൾ എന്നിവ

ഉൾക്കൊള്ളുന്ന പ്രദേശങ്ങളെയും ഒഴിവാക്കുന്നതിനും ആയതിലേയ്ക്കായി പ്രസ്തുത പ്രദേശങ്ങളുടെ പുതുക്കിയ ഭൂപടത്തോടുകൂടിയ കരട് ഭേദഗതി നിർദ്ദേശങ്ങൾ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയ്ക്ക് അയച്ചുകൊടുക്കുന്നതിനുമായി സർക്കാരിലേയ്ക്ക് സമർപ്പിക്കുവാൻ ചീഫ് വൈൽഡ് ലൈഫ് വാർഡനെ ചുമതലപ്പെടുത്തിയതു പ്രകാരം ജനവാസ മേഖലകൾ ഒഴിവാക്കി തയ്യാറാക്കി സമർപ്പിച്ച പ്രൊപ്പോസലുകളാണ് നിലവിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലുള്ളത്.

(ഡി) വന്യജീവി സങ്കേതമെന്ന പദവി ലഭിക്കണമെങ്കിൽ 1972-ലെ വന്യജീവി സംരക്ഷണ നിയമം 26 A പ്രകാരം വിജ്ഞാപനം ഇറക്കേണ്ടതുണ്ടോ; എങ്കിൽ സംസ്ഥാനത്തെ ഏതെല്ലാം വന്യജീവി സങ്കേതങ്ങൾ ഇതിലുൾപ്പെടുമെന്ന് വ്യക്തമാക്കുമോ?

വന്യജീവി (സംരക്ഷണ) നിയമം 1972 - 44-ാം നിയമ ഭേദഗതി പ്രകാരമാണ് 02-10-1991-ൽ സെക്ഷൻ 26 A വന്യജീവി സംരക്ഷണ നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അതിനാൽ 02-10-1991- ന് മുൻപ് സെക്ഷൻ 18 പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള വന്യജീവി സങ്കേതങ്ങൾക്ക് സെക്ഷൻ 26 A യുടെ നിബന്ധനകൾ

ബാധകമല്ല. ഈ കാര്യം 02-06-2022-ലെ IA 1000/2003-ന്റെ വിധി പ്രകാരം സാധൂകരിച്ചിട്ടുണ്ട്. എന്നാൽ 02-10-1991-ന് ശേഷം സെക്ഷൻ 18 പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള വന്യജീവി സങ്കേതങ്ങൾ 26 A പ്രകാരം വിജ്ഞാപനം ഇറക്കേണ്ടതുണ്ട്. അങ്ങനെ 26 A പ്രകാരം വിജ്ഞാപനം ഇറക്കേണ്ടത് മംഗളവനം പക്ഷി സങ്കേതം, ചൂലന്നൂർ മയിൽ സങ്കേതം, കുറിഞ്ഞിമല വന്യജീവി സങ്കേതം, മലബാർ വന്യജീവി സങ്കേതം എന്നിവയാണ്.

(ഇ) പ്രസ്തുത വിധിയുടെ പശ്ചാത്തലത്തിൽ കർഷകർക്ക് പ്രയാസകരമല്ലാത്ത തീരുമാനങ്ങൾ യോജിച്ചെടുക്കാൻ കർണ്ണാടക, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളുമായി ചർച്ച നടത്തുന്നതിന് തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ?

സുപ്രീം കോടതിയുടെ, 03-06-2022-ലെ വിധി വിലയിരുത്തുന്നതിനും തുടർനടപടികൾ ചർച്ച ചെയ്യുന്നതിനുമായി 08-06-2022-ന് വനം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ അഡ്വക്കേറ്റ് ജനറലിനെക്കൂടി ഉൾപ്പെടുത്തി ഉന്നത ഉദ്യോഗസ്ഥരുടെ യോഗം ചേരുകയും വിവിധ സർക്കാർ ഏജൻസികളുടെ സഹായം തേടിക്കൊണ്ട് സംരക്ഷിത പ്രദേശങ്ങളുടെ ഒരു

കി.മീ, പരിധിയിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിനും നിലവിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ മുമ്പാകെയുള്ള ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ സുപ്രീംകോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി അംഗീകാരം ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതിനും സുപ്രീംകോടതിയുടെ ഉത്തരവിന്മേൽ റിവ്യൂ പെറ്റീഷൻ സമർപ്പിക്കുന്നതിനും കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ കേന്ദ്ര സർക്കാരിനെയും കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും സുപ്രീംകോടതിയെയും ബോദ്ധ്യപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചു.

സംരക്ഷിത മേഖലയ്ക്കു ചുറ്റും ഒരു കി.മീ. (ഇക്കോ സെൻസിറ്റീവ് സോൺ) വേണമെന്ന വ്യവസ്ഥയിൽ കേരളത്തിനു പ്രത്യേക ഇളവ് വേണമെന്ന് 18-06-2022-ൽ നടന്ന ചർച്ചയിൽ കേന്ദ്ര വനംവകുപ്പു മന്ത്രി ശ്രീ. അശ്വനി കുമാർ ചൗബെയോട് കേരള വനം വകുപ്പ് ആവശ്യപ്പെട്ടിരുന്നു. ഇതര സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമായ സാഹചര്യമാണ് കേരളത്തിലേതെന്ന് ചൂണ്ടിക്കാട്ടിയാണ് അവലോകന യോഗത്തിൽ കേരള

വനം വകുപ്പ് ഇളവഭ്യർത്ഥിച്ചത്. ജനവാസ മേഖലകളെ ഒഴിവാക്കി കരുതൽ മേഖല എന്ന പരിഷ്കരിച്ച ശിപാർശ സംസ്ഥാനം നൽകിയിട്ടുണ്ട്. ഇത് പരിഗണിച്ച് അന്തിമ വിജ്ഞാപനം ഇറക്കേണ്ടതായിട്ടുണ്ട്. വിദഗ്ധ സമിതി യോഗങ്ങൾ ഉൾപ്പെടെയുള്ളവ പൂർത്തിയാക്കിയാണ് ശിപാർശ നൽകിയതെന്ന് വനം വകുപ്പ് കേന്ദ്ര വനംവകുപ്പ മന്ത്രിയെ അറിയിച്ചു.

മറ്റ് സംസ്ഥാനങ്ങളുമായി ചർച്ച നടത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**പരിസ്ഥിതിലോല മേഖല**

115 (890) ശ്രീ. ഒ . ആർ. കേളു:
ശ്രീ. സി കെ ഹരീന്ദ്രൻ:
ശ്രീ. എ. രാജ :
ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതിലോല മേഖല സംബന്ധിച്ച സുപ്രീം കോടതിയുടെ ഉത്തരവിന്റെ പശ്ചാത്തലത്തിൽ ജനങ്ങളുടെ ആശങ്ക ദൂരീകരിക്കുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കുമോ?

സുപ്രീംകോടതിയുടെ 03-06-2022-ലെ വിധി വിലിരുത്തുന്നതിനും തുടർനടപടികൾ ചർച്ച ചെയ്യുന്നതിനുമായി 08-06-2022-ന് വനം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ അഡ്വക്കേറ്റ് ജനറലിനെക്കൂടി ഉൾപ്പെടുത്തി ഉന്നത ഉദ്യോഗസ്ഥരുടെ യോഗം ചേരുകയും സംരക്ഷിത പ്രദേശങ്ങളുടെ ഒരു കി.മീ, പരിധിയിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ വിവിധ സർക്കാർ ഏജൻസികളുടെ സഹായം തേടിക്കൊണ്ട് ശേഖരിക്കുന്നതിനും നിലവിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ മുമ്പാകെയുള്ള ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ സുപ്രീംകോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി അംഗീകാരം ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതിനും സുപ്രീം കോടതിയുടെ ഉത്തരവിന്മേൽ റിവ്യൂ പെറ്റീഷൻ സമർപ്പിക്കുന്നതിനും കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ കേന്ദ്ര സർക്കാരിനെയും കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും സുപ്രീംകോടതിയെയും ബോദ്ധ്യപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചു.

ടി യോഗ തീരുമാന പ്രകാരം ഒരു കിലോ മീറ്റർ ESZ -ൽ ഉൾപ്പെടാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ വനാതിർത്തി പരിശോധിച്ചശേഷം ജനവാസകേന്ദ്രങ്ങൾ, ആരാധനാലയങ്ങൾ, വ്യാപാരസ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, കൃഷിസ്ഥലങ്ങൾ, തോട്ടങ്ങൾ എന്നിവയുടെ വിശദാംശം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേരള സംസ്ഥാന റിമോർട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്ററിനെ (KSREC) ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 03-06-2022-ലെ സുപ്രീംകോടതി ഉത്തരവിനെതിരെ റിവ്യൂ പെറ്റീഷൻ സമർപ്പിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നതിനായി അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകുകയും ജനവാസ മേഖലകൾ ഒഴിവാക്കിക്കൊണ്ടുള്ള പുതുക്കിയ ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ പരിഗണിച്ചുകൊണ്ട് സുപ്രീംകോടതി ഉത്തരവിലെ ഖണ്ഡിക 44 (f) പ്രകാരമുള്ള നടപടികൾക്കായി കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും സുപ്രീംകോടതിയെയും സമീപിക്കാനായി കേന്ദ്ര സർക്കാരിലേയ്ക്ക് കത്തയയ്ക്കുകയും ചെയ്തിട്ടുണ്ട്.

(ബി) സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ ഈ മേഖലയിലെ ജനങ്ങൾക്കുണ്ടായ ആശങ്ക പരിഹരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ?

സംരക്ഷിത മേഖലയ്ക്കു ചുറ്റും ഒരു കി.മീ (ഇക്കോ സെൻസിറ്റീവ് സോൺ) വേണമെന്ന വ്യവസ്ഥയിൽ കേരളത്തിനു പ്രത്യേക ഇളവ് വേണമെന്ന് 18-06-2022 -ന് നടന്ന ചർച്ചയിൽ കേരള വനം വകുപ്പ്, കേന്ദ്ര വനംവകുപ്പ് മന്ത്രി ശ്രീ. അശ്വനി കുമാർ ചൗബെയോട് ആവശ്യപ്പെട്ടിരുന്നു. ഇതര സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമായ സാഹചര്യമാണ് കേരളത്തിലേതെന്ന് ചൂണ്ടിക്കാട്ടിയാണ് അവലോകന യോഗത്തിൽ കേരള വനം വകുപ്പ് ഇളവഭ്യർത്ഥിച്ചത്. സംസ്ഥാനം ജനവാസ മേഖലകളെ ഒഴിവാക്കി പരിഷ്കരിച്ച ശിപാർശ നൽകിയിട്ടുണ്ട്. ഇത് പരിഗണിച്ച് അന്തിമ വിജ്ഞാപനം ഇറക്കേണ്ടതായിട്ടുണ്ട്. വിദഗ്ധ സമിതി യോഗങ്ങൾ ഉൾപ്പെടെയുള്ളവ പൂർത്തിയാക്കിയാണ് ശിപാർശ നൽകിയതെന്ന് വനം വകുപ്പ് കേന്ദ്ര വനം വകുപ്പുമന്ത്രിയെ അറിയിച്ചിട്ടുണ്ട്.

(സി) ജനവാസ മേഖല പൂർണ്ണമായും ഒഴിവാക്കിയാണോ വന്യജീവി സങ്കേതങ്ങളുടെയും ദേശീയോദ്യാനങ്ങളുടെയും പരിസ്ഥിതിലോല മേഖല

നിശ്ചയിച്ച് കേന്ദ്രസർക്കാരിന് സമർപ്പിച്ചത്; ഇതു സംബന്ധിച്ച് ചിലർ നടത്തുന്ന പ്രചരണത്തിന്റെ യഥാർത്ഥ വസ്തുതയെന്തെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

28-09-2020-ൽ വനം-വന്യജീവി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റുമുള്ള ഇക്കോ സെൻസിറ്റീവ് സോൺ പരിധിയിൽനിന്ന് ജനവാസ മേഖലകളെ ഒഴിവാക്കണമെന്ന പൊതുജനാഭിപ്രായം വിശദമായി ചർച്ച ചെയ്യുകയും കേരളത്തിലെ 23 ദേശീയോദ്യാന/വന്യജീവി സങ്കേതങ്ങളുടെ ചുറ്റുമുള്ള 0 മുതൽ 1 കി.മീ. ദൂരം ഇക്കോ സെൻസിറ്റീവ് സോൺ ആയി പ്രഖ്യാപിക്കുമ്പോൾ പ്രസ്തുത പ്രദേശത്ത് വരുന്ന ജനസാന്ദ്രത കൂടിയ മേഖലകളെയും സർക്കാർ/അർദ്ധ സർക്കാർ/പൊതുസ്ഥാപനങ്ങൾ ഉൾക്കൊള്ളുന്ന പ്രദേശങ്ങളെയും ഒഴിവാക്കുന്നതിനും ആയതിലേയ്ക്കായി പ്രസ്തുത പ്രദേശങ്ങളുടെ പുതുക്കിയ ഭൂപടത്തോടുകൂടിയ കരട് ഭേദഗതി നിർദ്ദേശങ്ങൾ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയ്ക്ക് അയച്ചുകൊടുക്കുന്നതിനായി സർക്കാരിലേയ്ക്ക് സമർപ്പിക്കുവാൻ ചീഫ് വൈൽഡ് ലൈഫ് വാർഡനെ ചുമതലപ്പെടുത്തുകയും ചെയ്തു. ആയതു പ്രകാരം ജനവാസ മേഖലകൾ ഒഴിവാക്കി തയ്യാറാക്കി സമർപ്പിച്ച

പ്രൊപ്പോസലുകളാണ് നിലവിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലുള്ളത്.

**കണ്ടൽക്കാടുകളുടെ സംരക്ഷണം**

116 (891) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:
ശ്രീ. കെ. എം.സച്ചിൻദേവ്:
ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി സന്തുലനത്തിനും, ഹരിതവൽക്കരണത്തിന്റെ പ്രാധാന്യം മനസ്സിലാക്കി സാധ്യമായ തീരദേശങ്ങളിലെല്ലാം കണ്ടൽ വനങ്ങളും അനുബന്ധ വൃക്ഷത്തൈകളും വച്ചുപിടിപ്പിക്കുന്നതിനും നിലവിൽ എന്തെല്ലാം പദ്ധതികളാണുള്ളതെന്ന് വ്യക്തമാക്കുമോ?

സാമൂഹ്യ വനവൽക്കരണ വിഭാഗത്തിന്റെ നഴ്സറികളിൽ വിതരണത്തിനായി കണ്ടൽത്തൈകൾ ഉത്പാദിപ്പിച്ചുവരുന്നു. കൂടാതെ കണ്ടൽവനങ്ങളുടെ സംരക്ഷണത്തിനായി ധനസഹായ പദ്ധതിയും നിലവിലുണ്ട്. Conservation and Management of Mangroves എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ടൽക്കാടുകൾ വച്ചുപിടിപ്പിച്ച് സംരക്ഷിച്ചുവരുന്നു.

(ബി) കണ്ടൽച്ചെടികൾ നടുന്നവർക്കും സംരക്ഷിക്കുന്നവർക്കും പ്രോത്സാഹനമായി എന്തെല്ലാം നൽകിവരുന്നുണ്ട്?

കണ്ടൽച്ചെടി നടുന്നവർക്കും സംരക്ഷിക്കുന്നവർക്കും പ്രോൽസാഹനമായി Conservation and Management of Mangroves എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി കുടിവെള്ള വിതരണം, ഗ്യാസ് കണക്ഷൻ, ബയോ ഗ്യാസ് പ്ലാന്റ് നിർമ്മാണം, മീൻകുഞ്ഞുങ്ങളുടെ വിതരണം എന്നീ പ്രവൃത്തികൾ നടത്തിവരുന്നു. കൂടാതെ കണ്ടൽ സംരക്ഷിക്കുന്നവർക്ക് ഏക്കറിന് 4000/- രൂപ നിരക്കിൽ ധനസഹായവും നൽകിവരുന്നു.

(സി) സംസ്ഥാനത്ത് എവിടെയെല്ലാമാണ് കണ്ടൽവനങ്ങൾ റിസർവ് ഫോറസ്റ്റായും പ്രൊപ്പോസ്ഡ് റിസർവ് ഫോറസ്റ്റായും പ്രഖ്യാപിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഡി) നിലവിലുള്ള നിയമപ്രകാരം കണ്ടൽക്കാടുകളുള്ള മറ്റു ഭൂമികൾ റിസർവ് വനമായി പ്രഖ്യാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

(സി & ഡി) കണ്ണൂർ ജില്ലയിൽ 237.92 ഹെക്ടറും തൃശ്ശൂർ ജില്ലയിൽ (ചേറ്റുവ) 3.3853 ഹെക്ടറും കാസർഗോഡ് ജില്ലയിൽ 54.6952 ഹെക്ടറും

കണ്ടൽ വനങ്ങൾ 1961-ലെ കേരളവന നിയമം, 19-ാം വകുപ്പ് പ്രകാരം റിസർവ് ഫോറസ്റ്റായി വിജ്ഞാപനം പുറപ്പെടുവിച്ച് സംരക്ഷിച്ചുവരുന്നുണ്ട്. സംസ്ഥാനത്തെ വിവിധ ജില്ലകളിലായി ആലപ്പുഴ ജില്ലയിലെ പുറക്കാട് ഗാന്ധിവനം- 174.7914 ഹെക്ടർ, തൃശ്ശൂർ (വെൺമനാട്)- 94.77 ഹെക്ടർ, മലപ്പുറം-20.78 ഹെക്ടർ, കോഴിക്കോട് - 2.82 ഹെക്ടർ, എറണാകുളം (പുതുവൈപ്പ്) - 65.83 ഹെക്ടർ എന്നിങ്ങനെ ആകെ - 358.9914 ഹെക്ടർ കണ്ടൽ വനങ്ങൾ 1961-ലെ കേരളവന നിയമം സെക്ഷൻ 4 പ്രകാരം പ്രൊപ്പോസ്ഡ് റിസർവ് ഫോറസ്റ്റായി വിജ്ഞാപനം പുറപ്പെടുവിക്കുകയും തുടർനടപടി സ്വീകരിച്ചുവരുകയും ചെയ്യുന്നു.

(ഇ) സ്വകാര്യ ഭൂമിയിലെ കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിന് എന്തെങ്കിലും ധനസഹായം നൽകുന്നുണ്ടോ; എങ്കിൽ അതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കുമോ?

24/12/2016- ലെ സ.ഉ (സാധാ) നമ്പർ. 485/16/വനം, സർക്കാർ ഉത്തരവ് പ്രകാരം കണ്ടൽച്ചെടികൾ നടുന്നവർക്കും സംരക്ഷിക്കുന്നവർക്കും പ്രോത്സാഹനമായി സ്വകാര്യ വ്യക്തികളുടെ അപേക്ഷയുടെ

അടിസ്ഥാനത്തിൽ വിദഗ്ധസമിതി തെരഞ്ഞെടുക്കുന്ന അർഹരായവർക്ക് ഏക്കറിന് 4000/- രൂപ വീതം ധനസഹായം നൽകിവരുന്നുണ്ട്.

**വനസംരക്ഷണ പ്രവർത്തനങ്ങൾ**

117 (892) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. ജി. സ്റ്റീഫൻ:
ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനാതിർത്തി സർവ്വേയും വനസംരക്ഷണവുമായി ബന്ധപ്പെട്ട് ഈ സർക്കാരിന്റെ കാലയളവിൽ നടന്നിട്ടുള്ള പ്രവർത്തനങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ?

വനഭൂമി സംരക്ഷിക്കുന്നതിന് വനാതിർത്തികളിൽ ജണ്ടകൾ നിർമ്മിച്ച് വനഭൂമിയും റവന്യൂ ഭൂമിയും വേർതിരിച്ചു വരുന്നുണ്ട്. വനസംരക്ഷണത്തിന്റെ ഭാഗമായി സേനയെ നവീകരിക്കുന്നതിന് പുതിയ മോഡൽ ഫോറസ്റ്റ് സ്റ്റേഷൻ ആരംഭിക്കുകയും ആധുനിക സുരക്ഷ സംവിധാനങ്ങൾ, പുതിയ സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള കാട്ടുതീ പ്രതിരോധ സംവിധാനങ്ങൾ, നിരീക്ഷണ സംവിധാനങ്ങൾ, അലർട്ടുകൾ, ആധുനിക വാഹനങ്ങൾ എന്നിവയും ഉപയോഗിച്ചുവരുന്നു. കൂടാതെ ഫീൽഡ് സ്റ്റാഫുകളെയും

താൽക്കാലിക വാച്ചർമാരെയും നിയോഗിച്ച് കൃത്യമായ ഇടവേളകളിൽ പട്രോളിംഗും ഫീൽഡ് പരിശോധനയും നടത്തി വനസംരക്ഷണം ഉറപ്പാക്കിവരുന്നു. വനകുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ കർശന നിയമനടപടികളും സ്വീകരിച്ചുവരുന്നു.

(ബി) മാതൃകാ ഫോറസ്റ്റ് സ്റ്റേഷനുകളുടെ നിർമ്മാണത്തിനും നിലവിലുള്ള അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി നടത്തിയ പ്രവർത്തനങ്ങൾ അവലോകനം ചെയ്തതിന്റെ വിശദാംശം നൽകുമോ?

നബാർഡ് ആർ.ഐ.ഡി.എഫ് ട്രാഞ്ച് XXII പദ്ധതിയിൽ 2016-17 സാമ്പത്തിക വർഷം 12 ഫോറസ്റ്റ് സ്റ്റേഷനുകളും 2 ഫോറസ്റ്റ് സ്റ്റേഷൻ സമുച്ചയവും 32 ആന്റിപോച്ചിംഗ് ക്യാമ്പ് ഷെഡ്ഡിനുമായി 2262 ലക്ഷം രൂപയും 2017-18 സാമ്പത്തിക വർഷത്തിൽ നബാർഡ് ട്രാഞ്ച് XXIII പദ്ധതിയിൽ 25 ഫോറസ്റ്റ് സ്റ്റേഷനുകൾക്കായി 2250 ലക്ഷം രൂപയും 2018-19 സാമ്പത്തിക വർഷത്തിൽ നബാർഡ് ആർ.ഐ.ഡി.എഫ് ട്രാഞ്ച് XXIV പദ്ധതിയിൽ ഒരു ഫോറസ്റ്റ് സ്റ്റേഷൻ സമുച്ചയത്തിനുവേണ്ടി 838.07 ലക്ഷം രൂപയും 2020-21 സാമ്പത്തിക വർഷം നബാർഡ്

ആർ.ഐ.ഡി.എഫ് ട്രാഞ്ച് XXVI പദ്ധതിയിൽ 16 ഫോറസ്റ്റ് സ്റ്റേഷനുകൾ, ഒരു ഫോറസ്റ്റ് സ്റ്റേഷൻ സമുച്ചയം 14 ഇന്റഗ്രേറ്റഡ് ചെക്ക് പോസ്റ്റുകൾ എന്നിവയ്ക്കായി 3258.39 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. യഥാസമയം പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി അവലോകനം ചെയ്യുകയും സർക്കാരിന്റെ നൂറുദിന പരിപാടിയിൽ ഉൾപ്പെടുത്തി ടി കെട്ടിടങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ ദ്രുതഗതിയിലാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. നബാർഡ് ആർ.ഐ.ഡി.എഫ്. ട്രാഞ്ച് XXVII-ൽ 2021-22 സാമ്പത്തിക വർഷം 20 ഫോറസ്റ്റ് സ്റ്റേഷനുകളുടെ നിർമ്മാണത്തിനായി 3092.57 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുള്ളതും ആയതിന്റെ തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

(സി) ഉൾവനങ്ങളിൽ മെച്ചപ്പെട്ട നിരീക്ഷണത്തിനും കാട്ടുതീ, കഞ്ചാവ്, കൃഷി എന്നിവയുൾപ്പെടെയുള്ളവ കണ്ടുപിടിക്കുന്നതിനും സഹായകമാകുംവിധം വകുപ്പിനെ സജ്ജീകരിക്കുന്നതിനും ഈ സർക്കാരിന്റെ കാലയളവിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വെളിപ്പെടുത്തുമോ?

ഉൾവനങ്ങളിൽ കാട്ടുതീ ഉണ്ടാകുന്നത് തടയുന്നതിനായി സംസ്ഥാന വനം വകുപ്പിന് കീഴിലുള്ള എല്ലാ സർക്കിളുകളിലും ബ്ലോക്ക് തലം (സ്റ്റേഷൻ/ സെക്ഷനുകൾക്കു കീഴിൽ) മുതൽ ഫയർ സീസണുകളിൽ നടപ്പാക്കേണ്ട കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങളെ സംബന്ധിച്ച ഫയർ മാനേജ്മെന്റ് പ്ലാൻ മുൻകൂറായി തയ്യാറാക്കി നടപ്പാക്കിവരുന്നുണ്ട്. മുൻകാല രേഖകളുടെ അടിസ്ഥാനത്തിൽ വനമേഖലയെ തീ കത്തുന്നതിന് കൂടുതൽ സാദ്ധ്യതയുള്ള മേഖല, മിതമായ സാദ്ധ്യതയുള്ള മേഖല, സാദ്ധ്യത കുറവായ മേഖല എന്നിങ്ങനെ തരംതിരിച്ച് ഫയർ ബ്ലോക്കുകൾ തയ്യാറാക്കുകയും ഓരോ മേഖലകളിലും കാട്ടുതീ ഉണ്ടാകാനുള്ള സാദ്ധ്യതയ്ക്കനുസരിച്ച് ബന്ധപ്പെട്ട ഫയർപ്ലാനിൽ നിഷ്കർഷിച്ചിട്ടുള്ള പ്രതിരോധ പ്രവർത്തനങ്ങൾ (ടി പ്രദേശത്തെ ഇന്ധനശേഷി കുറയ്ക്കുന്നതിനുള്ള നടപടികൾ, ഫയർ ബ്രേക്ക് നിർമ്മാണം, ഫയർലൈൻ നിർമ്മാണം, ഫയർ ഗാങ്ങുകളെ നിയോഗിക്കുക തുടങ്ങിയവ) നടപ്പാക്കുകയും ഫയർ വാച്ചർമാരെ സുരക്ഷയ്ക്കായി നിയോഗിക്കുകയും ചെയ്തുവരുന്നു. ഇക്കോ ഡെവലപ്പ്മെന്റ് കമ്മറ്റി (EDC)/ വനസംരക്ഷണ സമിതി (VSS) അംഗങ്ങളെ ഉൾപ്പെടുത്തി ഫയർ ഗാങ്ങുകളെ ഉണ്ടാക്കി ആവശ്യാനുസരണം ടിയാളുകളെ കാട്ടുതീ മേഖലകളിലേയ്ക്ക് നിയോഗിക്കുകയും ചെയ്തുവരുന്നു. ട്രക്ക് പാത്തുകളും കൂപ്പ് റോഡുകളും

നവീകരിച്ച് ഉൾക്കാടുകളിൽ വേഗത്തിലെത്തി കാട്ടുതീ കണ്ടെത്തി തടയുന്നതിന് വേണ്ട നടപടികളും സ്വീകരിച്ചിട്ടുണ്ട്. വനമേഖലയിലെ കാട്ടുതീ യഥാസമയം കണ്ടെത്തി നടപടി സ്വീകരിക്കുന്നതിലേയ്ക്കായി ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ (FSI) വികസിപ്പിച്ചെടുത്തിട്ടുള്ള നൂതന സാങ്കേതിക വിദ്യയായ ഫയർ അലർട്ട് സിസ്റ്റത്തിൽ വനംവകുപ്പിലെ ഉദ്യോഗസ്ഥരും പൊതുജനങ്ങളുമടക്കം രജിസ്റ്റർ ചെയ്ത് ടി സേവനം ഫലപ്രദമായി ഉപയോഗിച്ചുവരുന്നു. ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യയുടെ ഫോറസ്റ്റ് ഫയർ അലർട്ട് സംവിധാനം ഉപയോഗപ്പെടുത്തുന്നതിന് ഹെഡ്ക്വാർട്ടേഴ്സ്തലത്തിലും ഫീൽഡുതലത്തിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ ഫയർ സീസണിൽ തുറക്കുകയും അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്തുവരുന്നു. കാട്ടുതീ തടയുന്നതിനായി ആധുനിക സാങ്കേതികവിദ്യയിൽ പ്രവർത്തിക്കുന്ന രണ്ട് 'മിനി ഫയർ റെസ്പോണ്ടർ' വാഹനങ്ങൾ ഉപയോഗിച്ചുവരുന്നു. കൂടാതെ ഈ വർഷം മുതൽ കാട്ടുതീ തടയാൻ, പാലക്കാട് ഡിവിഷന് അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾക്കായി ഒരു ട്രാക്ടർ അനുവദിച്ചിട്ടുണ്ട്. കാട്ടുതീ സംരക്ഷണ പ്രവർത്തനങ്ങളിലേർപ്പെടുന്ന ജീവനക്കാർക്ക് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരം Indian Council for Forestry

Research Education (ICFRE) വികസിപ്പിച്ച ഉപയോഗ സൗഹൃദപരമായ കാട്ടുതീ പ്രതിരോധ ഉപകരണങ്ങളുടെ ഏതാനും മാതൃകകൾ പരീക്ഷണാടിസ്ഥാനത്തിൽ ഈസ്റ്റേൺ സർക്കിൾ പാലക്കാടിന് നൽകിയിട്ടുണ്ട്. സാമൂഹ്യവിരുദ്ധർ വനപ്രദേശത്ത് പ്രവേശിക്കുന്നത് തടയുന്നതിന് പട്രോളിംഗ് ശക്തമാക്കുകയും താൽക്കാലിക വാച്ച്ടവർ നിർമ്മിക്കുകയും ക്യാമറ ട്രാപ്പുകൾ സ്ഥാപിച്ച് നിരീക്ഷണം ശക്തമാക്കുകയും ചെയ്യുന്നുണ്ട്.

**പരിസ്ഥിതി ലോലപ്രദേശം സംബന്ധിച്ച സുപ്രീംകോടതി വിധി**

118 (893) <u>ശ്രീ. പ്രമോദ് നാരായൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജകമണ്ഡലത്തിലേതുൾപ്പടെ കർഷകരെ പ്രതിസന്ധിയിലാക്കുന്ന രീതിയിൽ വനമേഖലയ്ക്ക് ചുറ്റും ഒരു കിലോമീറ്റർ പരിസ്ഥിതിലോല മേഖലയായി പ്രഖ്യാപിക്കണമെന്ന സുപ്രീം കോടതി ഉത്തരവിനെതിരെ സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

03-06-2022-ലെ സുപ്രീംകോടതി വിധി വിലയിരുത്തുന്നതിനും തുടർനടപടികൾ ചർച്ച ചെയ്യുന്നതിനുമായി 08-06-2022-ന് വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ അഡ്വക്കേറ്റ് ജനറലിനെക്കൂടി ഉൾപ്പെടുത്തി ഉന്നത ഉദ്യോഗസ്ഥരുടെ യോഗം ചേരുകയും സംരക്ഷിത പ്രദേശങ്ങളുടെ ഒരു കി.മീ. പരിധിയിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ വിവിധ സർക്കാർ ഏജൻസികളുടെ സഹായം തേടിക്കൊണ്ട് ശേഖരിക്കുന്നതിനും നിലവിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ മുമ്പാകെയുള്ള ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ സുപ്രീം കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി അംഗീകാരം ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതിനും സുപ്രീംകോടതിയുടെ ഉത്തരവിന്മേൽ റിവ്യൂ പെറ്റീഷൻ സമർപ്പിക്കുന്നതിനും കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ കേന്ദ്ര സർക്കാരിനെയും കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും സുപ്രീംകോടതിയെയും ബോദ്ധ്യപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചു. ടി യോഗ തീരുമാന പ്രകാരം ഒരു കിലോ മീറ്റർ ESZ-ൽ ഉൾപ്പെടാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ വനാതിർത്തി

പരിശോധിച്ചശേഷം ജനവാസകേന്ദ്രങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ ആശുപത്രികൾ, കൃഷിസ്ഥലങ്ങൾ, തോട്ടങ്ങൾ എന്നിവയുടെ വിശദാംശം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേരള സംസ്ഥാന റിമോർട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്ററിനെ (KSREC) ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 03-06-2022-ലെ സുപ്രീംകോടതി ഉത്തരവിനെതിരെ റിവ്യൂ പെറ്റീഷൻ സമർപ്പിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നതിനായി അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകുകയും ജനവാസമേഖലകൾ ഒഴിവാക്കിക്കൊണ്ടുള്ള പുതുക്കിയ ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ പരിഗണിച്ചുകൊണ്ട് സുപ്രീംകോടതി ഉത്തരവിലെ ഖണ്ഡിക 44(f) പ്രകാരമുള്ള നടപടികൾക്കായി കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും സുപ്രീംകോടതിയെയും സമീപിക്കുവാനായി കേന്ദ്ര സർക്കാരിലേയ്ക്ക് കത്തയയ്ക്കുകയും ചെയ്തിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ വനാതിർത്തിയിൽ പതിറ്റാണ്ടുകളായി താമസിക്കുന്ന കർഷകരെയും ജനവിഭാഗങ്ങളെയും സംരക്ഷിക്കുന്നതിന്

സുപ്രീംകോടതി വിധി മറികടക്കുവാൻ ആവശ്യമായ നിയമനിർമ്മാണം നടത്താൻ കേന്ദ്ര സർക്കാരിൽ സംസ്ഥാന സർക്കാർ സമ്മർദ്ദം ചെലുത്തുമോ?

സംരക്ഷിത മേഖലയ്ക്കു ചുറ്റും ഒരു കി.മീ. (ഇക്കോ സെൻസിറ്റീവ് സോൺ) വേണമെന്ന വ്യവസ്ഥയിൽ കേരളത്തിന് പ്രത്യേക ഇളവ് വേണമെന്ന് 18-06-2022- ന് നടന്ന ചർച്ചയിൽ കേരള വനം വകുപ്പ് കേന്ദ്ര വനംവകുപ്പ് മന്ത്രി ശ്രീ. അശ്വനി കുമാർ ചൗബെയോട് ആവശ്യപ്പെട്ടിരുന്നു. ഇതര സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമായ സാഹചര്യമാണ് കേരളത്തിലേതെന്ന് ചൂണ്ടിക്കാട്ടിയാണ് കേരള വനം വകുപ്പ് അവലോകന യോഗത്തിൽ ഇളവ് അഭ്യർത്ഥിച്ചത്. സംസ്ഥാനം ജനവാസമേഖലകളെ ഒഴിവാക്കി കരുതൽമേഖല എന്ന പരിഷ്കരിച്ച ശിപാർശ നൽകിയിട്ടുണ്ട്. ഇത് പരിഗണിച്ച് അന്തിമ വിജ്ഞാപനം ഇറക്കേണ്ടതായിട്ടുണ്ട്. വിദഗ്ധ സമിതി യോഗങ്ങൾ ഉൾപ്പെടെയുള്ളവ പൂർത്തിയാക്കിയാണ് ശിപാർശ നൽകിയതെന്ന് വനം വകുപ്പ് കേന്ദ്ര വനം വകുപ്പ് മന്ത്രിയെ അറിയിച്ചു. ആവശ്യമായ നിർമ്മാണം നടത്തണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര മന്ത്രിക്ക് കത്തും നൽകിയിട്ടുണ്ട്.

## ജണ്ടകെട്ടി വനാതിർത്തി നിർണ്ണയിക്കുന്ന നടപടി

119 (894) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനം കയ്യേറ്റം പൂർണ്ണമായി തടയുന്നതിനും വനം അതിർത്തി നിശ്ചയിക്കുന്നതിനും സ്ഥിരം ജണ്ടകൾ കെട്ടി വേർതിരിക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

സംസ്ഥാനത്ത് വനം കയ്യേറ്റം പൂർണ്ണമായി തടയുന്നതിനും വനം അതിർത്തി നിശ്ചയിക്കുന്നതിനും സ്ഥിരം ജണ്ടകൾ കെട്ടി വേർതിരിക്കുന്ന നടപടി അന്തിമഘട്ടത്തിലാണ്. ഭൂമിയിൽ വനാതിർത്തി അടയാളപ്പെടുത്തുവാൻ ശേഷിക്കുന്ന ഭാഗങ്ങളിലും കോടതി കേസുകൾ നിലനിൽക്കുന്നയിടങ്ങളിലും തർക്കം നിലനിൽക്കുന്ന പ്രദേശങ്ങളിലും ഇനിയും ജണ്ടകൾ സ്ഥാപിക്കുവാനുണ്ട്.

(ബി) ഇത്തരം നടപടികൾ പൂർത്തിയാക്കാത്തതുമൂലം ഇടുക്കി ജില്ലയിൽ വനംവകുപ്പ് ഉദ്യോഗസ്ഥരും പൊതുജനങ്ങളും തമ്മിൽ സ്ഥിരമായി പ്രശ്നങ്ങൾ നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഹൈറേഞ്ച് സർക്കിളിനു കീഴിൽ കോട്ടയം വനം ഡിവിഷന്റെ പരിധിയിൽവരുന്ന പാൽക്കുളമേട്, കോതമംഗലം വനം ഡിവിഷനിലെ കാളിയാർ, തൊടുപുഴ, മുള്ളരിങ്ങാട് റെയിഞ്ചുകളിലും മറയൂർ വനം ഡിവിഷനിലെ കാന്തല്ലൂർ റെയിഞ്ചിൽപ്പെട്ട ബ്ലോക്ക് നം. 52 ഭാഗത്തും പൊതുജനങ്ങളുടെ തടസ്സപ്പെടുത്തലുകൾ കാരണം സർവ്വേ നടപടികൾ പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ല.

(സി) ജണ്ടകെട്ടി വനാതിർത്തി നിർണ്ണയിക്കുന്ന നടപടി വേഗത്തിൽ പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

വനാതിർത്തി നിർണ്ണയിക്കുവാൻ ശേഷിക്കുന്ന ഭാഗങ്ങളിൽ സർവ്വേ നടപടികൾ പൂർത്തീകരിക്കുന്നതിനുള്ള പ്രവൃത്തികൾ ത്വരിതഗതിയിൽ നടത്തിവരുന്നു.

**വനസമ്പത്ത് നിലനിർത്താൻ നടപടികൾ**

120 (895) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മാണി. സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ സംസ്ഥാനത്ത് വന വിസ്തീർണം കുറഞ്ഞിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

2009-10 മുതൽ 2019-20 വരെയുള്ള ഭരണ റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തെ വന വിസ്തീർണ്ണത്തിൽ കുറവ് വന്നിട്ടില്ല.

(ബി) വനസമ്പത്ത് നിലനിർത്താൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ജൈവ വൈവിധ്യങ്ങളുടെ കലവറയായ വനമേഖലകൾ സംരക്ഷിക്കുന്നതിനായി അഗ്നി പ്രതിരോധ പ്രവൃത്തികൾ, മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ, വന്യജിവി സംരക്ഷണം, ഗവേഷണങ്ങൾ, പരിസ്ഥിതി പുന:സ്ഥാപന പ്രവൃത്തികൾ, പങ്കാളിത്ത വനപരിപാലന പ്രവൃത്തികൾ, വനം കുറ്റകൃത്യങ്ങൾ തടയാൻ പട്രോളിംഗ്, ഫോറസ്റ്റ് സ്റ്റേഷൻ കൂടുതലായി തുറക്കുക, സംരക്ഷണ വിഭാഗം ജീവനക്കാരുടെ പ്രത്യേകിച്ച് ആദിവാസി വിഭാഗക്കാരുടെ എണ്ണം വർദ്ധിപ്പിച്ച് വനസംരക്ഷണം കാര്യക്ഷമമാക്കൽ, വനാതിർത്തി നിർണ്ണയ പ്രവർത്തനങ്ങൾ തുടങ്ങിയ

വിവിധ സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പാക്കി വനസമ്പത്ത് സംരക്ഷിച്ചുവരുന്നു.

(സി) വനങ്ങളിലെ അമൂല്യങ്ങളായ ഔഷധ സസ്യങ്ങൾ സംരക്ഷിക്കാൻ എന്തെല്ലാം പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുവെന്ന് അറിയിക്കുമോ?

സംസ്ഥാനത്തെ ആദിവാസി വിഭാഗങ്ങൾ ഉൾപ്പെടെയുള്ള വനാശ്രിത സമൂഹങ്ങളുടെ വരുമാന വർദ്ധനയും ജീവിത നിലവാര ഉയർച്ചയും ലക്ഷ്യമിട്ട് 1988-ലെ വന നയത്തിന്റെ ഭാഗമായി 1992 മുതൽ സംസ്ഥാനത്ത് പങ്കാളിത്ത വനപരിപാലന പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നു. ഇത്തരത്തിൽ സംസ്ഥാനത്ത് ലഭ്യമായതും ആവശ്യമുള്ളതുമായ വിവിധ ഇനം ഔഷധസസ്യങ്ങൾ വച്ചുപിടിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനുമായി ദേശീയ-സംസ്ഥാന ഔഷധസസ്യ ബോർഡുകളുടെ ധനസഹായം ഉപയോഗപ്പെടുത്തി വിവിധ പദ്ധതികൾ വന സംരക്ഷണ സമിതികളും ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളുംവഴി സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ട്. കൂടാതെ വനം വകുപ്പ്, ദേശീയ വനവൽക്കരണ പരിപാടിയുടെ ഭാഗമായും ഗ്രീൻ ഇന്ത്യാ മിഷൻ പദ്ധതി

വഴിയും ഈറ്റയും മുളയും മറ്റ് ഔഷധ സസ്യങ്ങളും വച്ചുപിടിപ്പിക്കുന്നതിനുള്ള പരിപാടികൾ നടപ്പാക്കിയിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾ തൻ വർഷവും തുടർന്നുവരുന്നു. മേൽ പദ്ധതികളുടെ നടത്തിപ്പിലൂടെ വനാശ്രിതരായ വന സംരക്ഷണ സമിതി, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി അംഗങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ഉറപ്പുവരുത്തുന്നതിനും വരുമാനം ലഭ്യമാക്കുന്നതിനും അതുവഴി അവരുടെ ജീവിതനിലവാര ഉയർച്ചയ്ക്കും സഹായകരമാകുന്നുണ്ട്.

(ഡി) കാട്ടുമൃഗങ്ങൾ നാട്ടിലേക്കിറങ്ങുന്നത് തടയാൻ വനങ്ങളിൽ ഫലവൃക്ഷങ്ങൾകൂടി നട്ടുപിടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

വന്യമൃഗങ്ങൾ നാട്ടിലിറങ്ങുന്നത് തടയുന്നതിനുവേണ്ടി വനത്തിനുള്ളിൽതന്നെ ഭക്ഷണവും ജലവും സമ്പുഷ്ടമായ ആവാസ വ്യവസ്ഥയും ഉറപ്പാക്കുന്ന നടപടികൾക്കൊപ്പം അനുയോജ്യമായ ഫലവൃക്ഷങ്ങളും മറ്റും നട്ടുപിടിപ്പിക്കുന്നതിന് വിവിധ പദ്ധതികൾ പ്രകാരം നടപടി സ്വീകരിക്കുന്നതാണ്.

## ബഫർ സോൺ ദൂരപരിധി

121 (896) ശ്രീ. എ. പി . അനിൽ കുമാർ:

<u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>:
<u>ശ്രീ. സണ്ണി ജോസഫ്</u>:
<u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗസങ്കേതങ്ങൾക്കും ദേശീയോദ്യാനങ്ങൾക്കും ചുറ്റും ഒരു കിലോമീറ്റർ ബഫർ സോൺ ആയി നിജപ്പെടുത്തിയ സുപ്രീംകോടതി ഉത്തരവിൽ സംസ്ഥാന സർക്കാരുകൾക്ക് ചെയ്യാൻ കഴിയുന്നതായി പരാമർശിച്ചിട്ടുള്ള കാര്യങ്ങൾ സർക്കാർ ഗൗരവമായി പരിശോധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

സുപ്രീംകോടതിയുടെ 03-06-2022-ലെ IA 1000/2003 നമ്പർ കേസിലെ വിധിപ്രകാരം ദേശീയോദ്യാനങ്ങളുടെയും വന്യജീവി സങ്കേതങ്ങളുടെയും നിശ്ചയിക്കപ്പെട്ട അതിരിൽനിന്നും ഒരു കിലോ മീറ്റർ ചുറ്റളവ് വരെ ഇക്കോ സെൻസിറ്റീവ് സോണായി (ESZ) പ്രഖ്യാപിക്കുമ്പോൾ മലയോര മേഖലയിലെ ജനവാസ കേന്ദ്രങ്ങളെ ബാധിക്കുമെന്ന കാര്യം ഗൗരവത്തോടെയാണ് കാണുന്നത്.

(ബി) പ്രസ്തുത നിർദ്ദേശങ്ങൾ സംബന്ധിച്ച് നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

സുപ്രീംകോടതിയുടെ, 03-06-2022-ലെ വിധി വിലയിരുത്തുന്നതിനും തുടർനടപടികൾ ചർച്ച ചെയ്യുന്നതിനുമായി 08-06-2022-ന് വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ അഡ്വക്കേറ്റ് ജനറലിനെക്കൂടി ഉൾപ്പെടുത്തി ഉന്നത ഉദ്യോഗസ്ഥരുടെ യോഗം ചേരുകയും സംരക്ഷിത പ്രദേശങ്ങളുടെ ഒരു കി.മീ, പരിധിയിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ, വിവിധ സർക്കാർ ഏജൻസികളുടെ സഹായം തേടിക്കൊണ്ട് ശേഖരിക്കുന്നതിനും നിലവിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ മുമ്പാകെയുള്ള ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ സുപ്രീംകോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി അംഗീകാരം ലഭ്യമാക്കുന്നതിനുമായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതിനും സുപ്രീംകോടതിയുടെ ഉത്തരവിന്മേൽ റിവ്യൂ പെറ്റീഷൻ സമർപ്പിക്കുന്നതിനും കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ കേന്ദ്ര സർക്കാരിനെയും കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും സുപ്രീംകോടതിയെയും ബോദ്ധ്യപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചു.

ടി യോഗ തീരുമാന പ്രകാരം ഒരു കിലോ മീറ്റർ ESZ-ൽ ഉൾപ്പെടാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ വനാതിർത്തി പരിശോധിച്ചശേഷം, ജനവാസകേന്ദ്രങ്ങൾ, വ്യാപാരസ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ ആശുപത്രികൾ, കൃഷിസ്ഥലങ്ങൾ, തോട്ടങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേരള സംസ്ഥാന റിമോർട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്ററിനെ (KSREC) ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 03-06-2022-ലെ സുപ്രീംകോടതി ഉത്തരവിനെതിരെ റിവ്യൂ പെറ്റീഷൻ സമർപ്പിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നതിനായി അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകുകയും ജനവാസമേഖലകൾ ഒഴിവാക്കിക്കൊണ്ടുള്ള പുതുക്കിയ ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ പരിഗണിച്ചുകൊണ്ട് സുപ്രീംകോടതി ഉത്തരവിലെ ഖണ്ഡിക 44 (f) പ്രകാരമുള്ള നടപടികൾക്കായി കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും സുപ്രീംകോടതിയെയും സമീപിക്കുവാനായി കേന്ദ്ര സർക്കാരിലേയ്ക്ക് കത്തയയ്ക്കുകയും ചെയ്തിട്ടുണ്ട്.

(സി) ജനങ്ങളുടെ പരാതികൾ കേൾക്കുന്നതിനും ആയത് പ്രകാരം ദൂരപരിധി നിശ്ചയിച്ചുകൊണ്ട് സെൻട്രൽ എംപവർ കമ്മിറ്റി മുഖേന നിർദ്ദേശങ്ങൾ കോടതിയിൽ എത്തിക്കുന്നതിനും സമയബന്ധിതമായി നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

8-6-2022-ലെ യോഗത്തിൽ, നിലവിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ മുമ്പാകെയുള്ള ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ സുപ്രീംകോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി അംഗീകാരം ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതിനും സുപ്രീംകോടതിയുടെ ഉത്തരവിന്മേൽ റിവ്യൂ പെറ്റീഷൻ സമർപ്പിക്കുന്നതിനും കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ കേന്ദ്ര സർക്കാരിനെയും കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും സുപ്രീംകോടതിയെയും ബോദ്ധ്യപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചു.

സംരക്ഷിത മേഖലയ്ക്കു ചുറ്റും ഒരു കി.മീ. ഇക്കോ സെൻസിറ്റീവ് സോൺ വേണമെന്ന വ്യവസ്ഥയിൽ കേരളത്തിന് പ്രത്യേക ഇളവ് വേണമെന്ന് 18-06-2022-ന് നടന്ന ചർച്ചയിൽ കേരള വനം വകുപ്പ് കേന്ദ്ര വനംവകുപ്പ് മന്ത്രി ശ്രീ. അശ്വനി കുമാർ ചൗബെയോട് ആവശ്യപ്പെട്ടിരുന്നു. ഇതര

സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമായ സാഹചര്യമാണ് കേരളത്തിലേതെന്ന് ചൂണ്ടിക്കാട്ടിയാണ് അവലോകന യോഗത്തിൽ കേരള വനം വകുപ്പ് ഇളവഭ്യർത്ഥിച്ചത്. ജനവാസ മേഖലകളെ ഒഴിവാക്കി പരിഷ്കരിച്ച ശിപാർശ സംസ്ഥാനം നൽകിയിട്ടുണ്ട്. ഇത് പരിഗണിച്ച് അന്തിമ വിജ്ഞാപനം ഇറക്കേണ്ടതായിട്ടുണ്ട്. വിദഗ്ദ്ധ സമിതി യോഗങ്ങൾ ഉൾപ്പെടെയുള്ളവ പൂർത്തിയാക്കിയാണ് ശിപാർശ നൽകിയതെന്ന് വനം വകുപ്പ് കേന്ദ്ര വനം സഹമന്ത്രിയെ അറിയിച്ചിട്ടുണ്ട്.

**ജനാധിവാസമേഖലകളെ ബഫർസോൺ പരിധിയിൽനിന്നും ഒഴിവാക്കാൻ നടപടി**

122 (897) ശ്രീ. കെ. എം.സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതിലോല പ്രദേശങ്ങളിൽ ഒരു കിലോമീറ്റർ ബഫർ സോണായി കരുതുമെന്ന സുപ്രീംകോടതി വിധി സംസ്ഥാനത്തെ ഏത് രീതിയിൽ ബാധിക്കുമെന്ന് വ്യക്തമാക്കുമോ?

സുപ്രീംകോടതിയുടെ 03-06-2022-ലെ വിധി വിലിരുത്തുന്നതിനും തുടർനടപടികൾ ചർച്ചചെയ്യുന്നതിനുമായി വനം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 08-06-2022-ന് അഡ്വക്കേറ്റ് ജനറലിനെക്കൂടി

ഉൾപ്പെടുത്തി ഉന്നത ഉദ്യോഗസ്ഥരുടെ യോഗം ചേരുകയും സംരക്ഷിത പ്രദേശങ്ങളുടെ ഒരു കി.മീ, പരിധിയിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ, ശേഖരിക്കുവാൻ തീരുമാനിക്കുകയുണ്ടായി.

ടി യോഗ തീരുമാന പ്രകാരം ഒരു കിലോ മീറ്റർ പരിസ്ഥിതി ലോല മേഖലയിൽ ഉൾപ്പെടാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ വനാതിർത്തി പരിശോധിച്ചശേഷം ജനവാസകേന്ദ്രങ്ങൾ, ആരാധനാലയങ്ങൾ, വ്യാപാരസ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, കൃഷിസ്ഥലങ്ങൾ, തോട്ടങ്ങൾ എന്നിവയുടെ വിശദാംശം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേരള സംസ്ഥാന റിമോർട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്ററിനെ (KSREC) ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പഠന റിപ്പോർട്ട് ലഭ്യമായി കഴിഞ്ഞാൽ മാത്രമേ സംരക്ഷിത വനം മേഖലയ്ക്ക് ഒരു കിലോ മീറ്റർ ചുറ്റളവിൽ പരിസ്ഥിതി ലോല മേഖല വന്നു

കഴിഞ്ഞാൽ സംസ്ഥാനത്തെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്താൻ സാധിക്കുകയുള്ളു.

(ബി) ജനവാസമേഖലകളെ ബഫർസോൺ പരിധിയിൽനിന്നും ഒഴിവാക്കുന്നതിനായി കേന്ദ്രസർക്കാരിൻമേൽ സമ്മർദ്ദം ചെലുത്താൻ തയ്യാറാകുമോ?

സുപ്രീംകോടതിയുടെ 03-06-2022-ലെ വിധിയുടെ സാഹചര്യത്തിൽ 08-06-2022-ന് വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഉന്നത ഉദ്യോഗസ്ഥരുടെ യോഗം ചേരുകയും സുപ്രീംകോടതിയുടെ വിധിയിൽ നിർദ്ദേശിക്കുംപ്രകാരം സംരക്ഷിത പ്രദേശങ്ങളുടെ ഒരു കി.മീ. പരിധിയിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിനും നിലവിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ മുമ്പാകെയുള്ള ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ സുപ്രീംകോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി അംഗീകാരം ലഭ്യമാക്കുന്നതിനും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതിനും കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ കേന്ദ്ര സർക്കാരിനെയും കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും സുപ്രീംകോടതിയെയും

ബോദ്ധ്യപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചതിന്റെ വെളിച്ചത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

**സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റും ബഫർസോൺ**

123 (898) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയോദ്യാനങ്ങളോടും വന്യജീവി സങ്കേതങ്ങളോടും ചേർന്നുകിടക്കുന്ന മനുഷ്യവാസ കേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റും ഒരു കിലോമീറ്റർ ബഫർസോൺ ആയി നിശ്ചയിച്ചുകൊണ്ടുള്ള കരട് വിജ്ഞാപന നിർദ്ദേശങ്ങളിലെ മാറ്റം 23.10.2019-ലെ സംസ്ഥാന മന്ത്രിസഭാ യോഗത്തിൽ അംഗീകരിച്ചിരുന്നോ എന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാന സർക്കാരിന്റെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് കേന്ദ്ര സർക്കാർ ബഫർ സോൺ തീരുമാനിച്ചതെന്ന് 2021-ൽ അന്നത്തെ കേന്ദ്ര മന്ത്രി പാർലമെന്റിൽ പ്രസ്താവന നടത്തിയത് ശ്രദ്ധയിൽപ്പെട്ടിരുന്നോ; എങ്കിൽ ഇതിന്റെ നിജസ്ഥിതി വിശദമാക്കുമോ;

(സി) സംസ്ഥാന സർക്കാരിന്റെ പ്രസ്തുത നിലപാടിന്റെ അടിസ്ഥാനം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ?

(എ-സി) 2019 ഫെബ്രുവരിയിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരം അധികവിവരങ്ങൾ ഉൾപ്പെടുത്തി പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ചീഫ് വൈൽഡ് ലൈഫ് വാർഡൻ സർക്കാരിലേയ്ക്ക് സമർപ്പിച്ച കരട് പ്രൊപ്പോസൽ സംരക്ഷിത പ്രദേശങ്ങൾക്ക് പുറത്തുള്ള എല്ലാ മനുഷ്യവാസ കേന്ദ്രങ്ങളെയും ഇക്കോസെൻസിറ്റീവ് സോണുകളുടെ പരിധിയിൽനിന്ന് ഒഴിവാക്കിക്കൊണ്ട് നിലവിലുള്ള വനപ്രദേശങ്ങൾ മാത്രം ഉൾപ്പെടുത്തിയുള്ളതായിരുന്നു. ഇക്കാര്യം ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതിനായുള്ള സുപ്രീംകോടതി നിർദ്ദേശങ്ങൾക്ക് വിരുദ്ധമായതിനാൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം അംഗീകരിക്കണമെന്നില്ല.

2018 ജൂലൈ-ആഗസ്റ്റ് മാസങ്ങളിൽ കേരളം അഭിമുഖീകരിച്ച പ്രളയക്കെടുതി പാരിസ്ഥിതിക ദുരന്തമായി വിലയിരുത്തപ്പെട്ടതാണ്. പരിസ്ഥിതിലോല/ദുർബ്ബലമായ വനമേഖലയുടെ സമീപ പ്രദേശങ്ങളിലെ ഖനനവും അനിയന്ത്രിതമായ നിർമ്മാണ പ്രവർത്തനങ്ങളും കെടുതികൾക്ക്

ആക്കം കൂട്ടിയിട്ടുണ്ട്. തുടർന്ന് മൺസൂൺ കാലത്തുണ്ടായ മണ്ണിടിച്ചിലും മറ്റു വിപത്തുകളും ഇതിന് അടിവരയിട്ടു. അതിനാൽ അനധികൃത നിർമ്മാണം, പുതിയ മലിനീകരണ വ്യവസായങ്ങൾ, ജനവാസ മേഖലകളിലെ അനിയന്ത്രിതമായ ക്വാറി തുടങ്ങിയവ നിയന്ത്രിക്കുന്നതിന് ഇക്കോ സെൻസിറ്റീവ് സോണിനെ കുറിച്ച് പുതിയ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതായിവന്നു. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ജീവഹാനി ഉൾപ്പെടെയുള്ള ഗുരുതരമായ പാരിസ്ഥിതിക ദുരന്തങ്ങൾ കേരളത്തിലുണ്ടാകുന്നത് കണക്കിലെടുത്ത് സംരക്ഷിത പ്രദേശങ്ങളോട് ചേർന്നുകിടക്കുന്ന മനുഷ്യവാസ കേന്ദ്രങ്ങളുൾപ്പെടെ സംരക്ഷിത പ്രദേശങ്ങൾക്കു ചുറ്റും 0 മുതൽ 1 കി.മീ. വരെ ഇക്കോ സെൻസിറ്റീവ് സോൺ ആയി തത്വത്തിൽ നിശ്ചയിച്ചുകൊണ്ട് കരട് വിജ്ഞാപന നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിന് 31-10-2019 ലെ സ.ഉ (കൈ) നം. 29/2019/വനം, പ്രകാരം അംഗീകാരം നൽകിയതിനെ തുടർന്നാണ് 03-01-2020-ൽ മനുഷ്യവാസ കേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള പ്രദേശങ്ങൾ ഉൾപ്പെടുത്തി കേന്ദ്രസർക്കാരിലേയ്ക്ക് കരട് വിജ്ഞാപന നിർദ്ദേശങ്ങൾ സമർപ്പിച്ചത്. 28-09-2020-ൽ വനം-വന്യജീവി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ

സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റുമുള്ള ഇക്കോ സെൻസിറ്റീവ് സോൺ പരിധിയിൽനിന്ന് ജനവാസമേഖലകളെ ഒഴിവാക്കണമെന്ന പൊതുജനാഭിപ്രായം വിശദമായി ചർച്ച ചെയ്യുകയും കേരളത്തിലെ 23 ദേശീയോദ്യാന / വന്യജീവി സങ്കേതങ്ങളുടെ ചുറ്റുമുള്ള 0 മുതൽ 1 കി.മീ. ദൂരം ഇക്കോ സെൻസിറ്റീവ് സോൺ ആയി പ്രഖ്യാപിക്കുമ്പോൾ പ്രസ്തുത പ്രദേശത്ത് വരുന്ന ജനസാന്ദ്രത കൂടിയ മേഖലകളെയും സർക്കാർ / അർദ്ധ സർക്കാർ / പൊതുസ്ഥാപനങ്ങൾ ഉൾക്കൊള്ളുന്ന പ്രദേശങ്ങളെയും ഒഴിവാക്കുന്നതിനും ആയതിലേയ്ക്കായി പ്രസ്തുത പ്രദേശങ്ങളുടെ പുതുക്കിയ ഭൂപടത്തോടുകൂടിയ കരട് ഭേദഗതി നിർദ്ദേശങ്ങൾ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയ്ക്കയച്ചു കൊടുക്കുന്നതിനുമായി സർക്കാരിലേയ്ക്ക് സമർപ്പിക്കുവാൻ ചീഫ് വൈൽഡ് ലൈഫ് വാർഡനെ ചുമതലപ്പെടുത്തുകയും ചെയ്തു. ആയതു പ്രകാരം ജനവാസ മേഖലകൾ ഒഴിവാക്കി തയ്യാറാക്കി സമർപ്പിച്ച പ്രൊപ്പോസലുകളാണ് നിലവിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലുള്ളത്.

**മലബാർ വന്യജീവി സങ്കേതത്തിന്റെ ബഫർ സോൺ**

124 (899) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ വന്യജീവി സങ്കേതത്തിന്റെ ബഫർ സോൺ നിശ്ചയിക്കുമ്പോൾ ജനവാസകേന്ദ്രം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി താലൂക്കിലെ ചക്കിട്ടപ്പാറ, ചെമ്പനോട, കൂരാച്ചുണ്ട് റവന്യൂ വില്ലേജുകളിലായി സ്ഥിതി ചെയ്യുന്ന മലബാർ വന്യജീവി സങ്കേതം 74.22 ച.കി.മീ വ്യാപിച്ചുകിടക്കുന്നു. 28-09-2020-ൽ വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിലെ തീരുമാനപ്രകാരം എല്ലാ ജനവാസമേഖലകളെയും ഒഴിവാക്കികൊണ്ടും ആകെ വിസ്തീർണ്ണം 42.815 ച.കി.മീ ആയി കുറച്ചുകൊണ്ടും 13-10-2020-ൽ പുതുക്കിയ പ്രൊപ്പോസൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ഇതിൽ അന്തിമ വിജ്ഞാപനം ഇറങ്ങിയിട്ടില്ല. മലബാർ വന്യജീവി സങ്കേതത്തിന്റെ 1 കിലോ മീറ്റർ ചുറ്റളവിൽ ജനവാസകേന്ദ്രങ്ങൾ പൂർണ്ണമായും ഒഴിവാക്കികൊണ്ടും ചെമ്പനോട, ചക്കിട്ടപ്പാറ കൂരാച്ചുണ്ട് എന്നീ വില്ലേജുകളിലെ കുറച്ച് ഭാഗങ്ങൾ ഒഴിവാക്കിക്കൊണ്ടും പേരാമ്പ്ര, ചെങ്ങരോത്ത്, കെടവൂർ എന്നീ വില്ലേജുകളെ

പൂർണ്ണമായി ഒഴിവാക്കിക്കൊണ്ടുമാണ് പുതുക്കിയ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളത്.

(ബി) ഇതിനായി നിയമനിർമ്മാണം പരിഗണനയിലുണ്ടോ?

സുപ്രീംകോടതിയുടെ 03-06-2022-ലെ വിധിയിൽ വന്യജീവി സങ്കേതങ്ങളുടെയും ദേശീയോദ്യാനങ്ങളുടെയും ഒരു കിലോ മീറ്റർ പരിധിയിലുള്ള പ്രദേശങ്ങൾ പരിസ്ഥിതിലോല പ്രദേശമായി പ്രഖ്യാപിക്കണമെന്ന് നിർദ്ദേശമുണ്ട്. പ്രസ്തുത വിധിയുടെ അടിസ്ഥാനത്തിൽ വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 08-06-2022-ന് ഉന്നത ഉദ്യോഗസ്ഥരുടെ യോഗം ചേരുകയും സംരക്ഷിത പ്രദേശങ്ങളുടെ ഒരു കി മീ. പരിധിയിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ, വിവിധ സർക്കാർ ഏജൻസികളുടെ സഹായം തേടിക്കൊണ്ട് ശേഖരിക്കുന്നതിനും നിലവിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ മുമ്പാകെയുള്ള ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ സുപ്രീംകോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി അംഗീകാരം ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതിനും സുപ്രീംകോടതിയുടെ ഉത്തരവിന്മേൽ

റിവ്യൂ പെറ്റീഷൻ സമർപ്പിക്കുന്നതിനും കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ കേന്ദ്ര സർക്കാരിനെയും കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും സുപ്രീംകോടതിയെയും ബോദ്ധ്യപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ നിയമനിർമ്മാണം നടത്തണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് കത്ത് അയച്ചിട്ടുമുണ്ട്.

**പരിസ്ഥിതിലോല നിർണയവുമായി ബന്ധപ്പെട്ട സുപ്രീംകോടതി ഉത്തരവ്**

125 (900) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ മലയോര ജനവാസ മേഖലയെ ബാധിക്കുന്ന പരിസ്ഥിതിലോല നിർണ്ണയവുമായി ബന്ധപ്പെട്ട സുപ്രീംകോടതി ഉത്തരവുമൂലം ജനങ്ങൾക്കിടയിൽ ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ആശങ്കകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

03-06-2022- ലെ I.A 1000/2003 നമ്പർ കേസ്സിലെ സുപ്രീംകോടതി വിധി പ്രകാരം വന്യജീവി സങ്കേതങ്ങൾക്ക് ഒരു കിലോമീറ്റർ ചുറ്റളവിൽ പരിസ്ഥിതിലോല മേഖല നിർണ്ണയിക്കണമെന്ന നിർദ്ദേശം മലയോര

ജനവാസ മേഖലയെ ഒരു പരിധിവരെ ബാധിക്കുമെന്നതും അതുമൂലം ജനങ്ങൾക്കുണ്ടായിട്ടുള്ള ആശങ്കകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ബഫർസോൺ പരിധിയിൽനിന്നും ജനവാസമേഖലകളെ പൂർണമായും ഒഴിവാക്കുവാനും പരിസ്ഥിതിലോല നിർണയവുമായി ബന്ധപ്പെട്ട സുപ്രീംകോടതി ഉത്തരവിന് എതിരായും സർക്കാർ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

സുപ്രീംകോടതിയുടെ 03-06-2022-ലെ വിധി വിലയിരുത്തുന്നതിനും തുടർനടപടികൾ ചർച്ച ചെയ്യുന്നതിനുമായി 08-06-2022-ന് വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ അഡ്വക്കേറ്റ് ജനറലിനെക്കൂടി ഉൾപ്പെടുത്തി ഉന്നത ഉദ്യോഗസ്ഥരുടെ യോഗം ചേരുകയും സംരക്ഷിത പ്രദേശങ്ങളുടെ ഒരു കി.മീ, പരിധിയിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ വിവിധ സർക്കാർ ഏജൻസികളുടെ സഹായം തേടിക്കൊണ്ട് ശേഖരിക്കുന്നതിനും നിലവിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ മുമ്പാകെയുള്ള ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ

സുപ്രീംകോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി അംഗീകാരം ലഭ്യമാക്കുന്നതിനുമായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതിനും സുപ്രീംകോടതിയുടെ ഉത്തരവിന്മേൽ റിവ്യൂ പെറ്റീഷൻ സമർപ്പിക്കുന്നതിനും കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ കേന്ദ്ര സർക്കാരിനെയും കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും സുപ്രീംകോടതിയെയും ബോദ്ധ്യപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചു.

ടി യോഗ തീരുമാനപ്രകാരം ഒരു കിലോ മീറ്റർ ESZ- ൽ ഉൾപ്പെടാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ വനാതിർത്തി പരിശോധിച്ചശേഷം ജനവാസകേന്ദ്രങ്ങൾ, വ്യാപാരസ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, ആശുപത്രികൾ, കൃഷിസ്ഥലങ്ങൾ, തോട്ടങ്ങൾ എന്നിവയുടെ വിശദാംശം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേരള സംസ്ഥാന റിമോർട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്ററിനെ (KSREC) ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, 03-06-2022- ലെ സുപ്രീംകോടതി ഉത്തരവിനെതിരെ റിവ്യൂ പെറ്റീഷൻ സമർപ്പിക്കുന്നതിനുള്ള

നടപടികൾ സ്വീകരിക്കുന്നതിനായി അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകുകയും ജനവാസമേഖലകൾ ഒഴിവാക്കിക്കൊണ്ടുള്ള പുതുക്കിയ ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ പരിഗണിച്ചുകൊണ്ട് സുപ്രീംകോടതി ഉത്തരവിലെ ഖണ്ഡിക 44(f) പ്രകാരമുള്ള നടപടികൾക്കായി കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും സുപ്രീംകോടതിയെയും സമീപിക്കുവാനായി കേന്ദ്ര സർക്കാരിലേയ്ക്ക് കത്തയയ്ക്കുകയും ചെയ്തിട്ടുണ്ട്.

സംരക്ഷിത മേഖലയ്ക്കു ചുറ്റും ഒരു കി.മീ. (ഇക്കോ സെൻസിറ്റീവ് സോൺ) വേണമെന്ന വ്യവസ്ഥയിൽ കേരളത്തിന് പ്രത്യേക ഇളവ് വേണമെന്ന് 18-06-2022-ന് നടന്ന ചർച്ചയിൽ കേരള വനം വകുപ്പ് കേന്ദ്ര വനംവകുപ്പു മന്ത്രി ശ്രീ. അശ്വനി കുമാർ ചൗബെയോട് ആവശ്യപ്പെട്ടിരുന്നു. ഇതര സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമായ സാഹചര്യമാണ് കേരളത്തിലേതെന്ന് ചൂണ്ടിക്കാട്ടിയാണ് അവലോകന യോഗത്തിൽ കേരള വനം വകുപ്പ് ഇളവ് അഭ്യർത്ഥിച്ചത്. ജനവാസ മേഖലകളെ ഒഴിവാക്കി സംസ്ഥാനം കരുതൽ മേഖല എന്ന പരിഷ്കരിച്ച ശിപാർശ നൽകിയിട്ടുണ്ട്. ഇത് പരിഗണിച്ച് അന്തിമ വിജ്ഞാപനമിറക്കണം. വിദഗ്ധ സമിതി യോഗങ്ങൾ ഉൾപ്പെടെയുള്ളവ

പൂർത്തിയാക്കിയാണ് ശിപാർശ നൽകിയതെന്ന് വനം വകുപ്പ് കേന്ദ്ര വനം വകുപ്പ് മന്ത്രിയെ അറിയിച്ചു.

**ബഫർ സോൺ**

126 (901) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഫർ സോൺ നിശ്ചയിച്ചതുമായി ബന്ധപ്പെട്ട് ഇടുക്കി ജില്ലയിലെ ജനങ്ങളുടെ ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

03-06-2022-ലെ IA 1000/2003 നമ്പർ കേസ്സിലെ സുപ്രീംകോടതി വിധി പ്രകാരം വന്യജീവി സങ്കേതങ്ങൾക്ക് ഒരു കിലോമീറ്റർ ചുറ്റളവിൽ പരിസ്ഥിതിലോല മേഖല നിർണ്ണയിക്കണമെന്ന നിർദ്ദേശവുമായി ബന്ധപ്പെട്ട് ഇടുക്കി ജില്ലയിലുൾപ്പെടെയുള്ള മലയോര ജനതയ്ക്കുണ്ടായിട്ടുള്ള ആശങ്കകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ജനങ്ങളുടെ ആശങ്ക അകറ്റുന്നതിന് എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദീകരണം നൽകുമോ?

സുപ്രീംകോടതിയുടെ 03-06-2022-ലെ വിധി വിലയിരുത്തുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്നതിനുമായി വനംവകുപ്പ് മന്ത്രിയുടെ

അദ്ധ്യക്ഷതയിൽ 08-06-2022-ന് അഡ്വക്കേറ്റ് ജനറലിനെക്കൂടി ഉൾപ്പെടുത്തി ഉന്നത ഉദ്യോഗസ്ഥരുടെ യോഗം ചേരുകയും സംരക്ഷിത പ്രദേശങ്ങളുടെ ഒരു കി.മീ. പരിധിയിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ വിവിധ സർക്കാർ ഏജൻസികളുടെ സഹായം തേടിക്കൊണ്ട് ശേഖരിക്കുന്നതിനും നിലവിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ മുമ്പാകെയുള്ള ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ സുപ്രീംകോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി അംഗീകാരം ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതിനും സുപ്രീംകോടതിയുടെ ഉത്തരവിന്മേൽ റിവ്യൂ പെറ്റീഷൻ സമർപ്പിക്കുന്നതിനും കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ കേന്ദ്ര സർക്കാരിനെയും കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും സുപ്രീംകോടതിയെയും ബോദ്ധ്യപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചു.

ടി യോഗ തീരുമാനപ്രകാരം ഒരു കിലോ മീറ്റർ ESZ -ൽ ഉൾപ്പെടാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ വനാതിർത്തി പരിശോധിച്ചശേഷം ജനവാസകേന്ദ്രങ്ങൾ,

ആരാധനാലയങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, കൃഷിസ്ഥലങ്ങൾ, തോട്ടങ്ങൾ എന്നിവയുടെ വിശദാംശം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേരള സംസ്ഥാന റിമോർട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്ററിനെ (KSREC) ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 03-06-2022- ലെ സുപ്രീംകോടതി ഉത്തരവിനെതിരെ റിവ്യൂ പെറ്റീഷൻ സമർപ്പിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നതിന് അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകുകയും ജനവാസ മേഖലകൾ ഒഴിവാക്കിക്കൊണ്ടുള്ള പുതുക്കിയ ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ പരിഗണിച്ചുകൊണ്ട് സുപ്രീംകോടതി ഉത്തരവിലെ ഖണ്ഡിക 44 (f) പ്രകാരമുള്ള നടപടികൾക്കായി കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും സുപ്രീംകോടതിയെയും സമീപിക്കുവാനായി കേന്ദ്ര സർക്കാരിലേയ്ക്ക് കത്തയയ്ക്കുകയും ചെയ്തിട്ടുണ്ട്.

സംരക്ഷിത മേഖലയ്ക്ക് ചുറ്റും ഒരു കി.മീ(ഇക്കോ സെൻസിറ്റീവ് സോൺ) വേണമെന്ന വ്യവസ്ഥയിൽ കേരളത്തിന് പ്രത്യേക ഇളവ് വേണമെന്ന്

18-06-2022-ന് നടന്ന ചർച്ചയിൽ കേരള വനം വകുപ്പ് കേന്ദ്ര വനം വകുപ്പുമന്ത്രി ശ്രീ. അശ്വനി കുമാർ ചൗബെയോട് ആവശ്യപ്പെട്ടിരുന്നു. ഇതര സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമായ സാഹചര്യമാണ് കേരളത്തിലേതെന്ന് ചൂണ്ടിക്കാട്ടിയാണ് അവലോകന യോഗത്തിൽ കേരള വനം വകുപ്പ് ഇളവ് അഭ്യർത്ഥിച്ചത്. ജനവാസ മേഖലകളെ ഒഴിവാക്കിക്കൊണ്ട് പുതുക്കി സമർപ്പിച്ച പ്രൊപ്പോസൽ പരിഗണിച്ച് അന്തിമ വിജ്ഞാപനം ഇറക്കേണ്ടതായിട്ടുണ്ട്. വിദഗ്ദ്ധ സമിതി യോഗങ്ങൾ ഉൾപ്പെടെയുള്ളവ പൂർത്തിയാക്കിയാണ് ശിപാർശ നൽകിയതെന്ന് വനം വകുപ്പ് കേന്ദ്ര വനം സഹ മന്ത്രിയെ അറിയിച്ചിട്ടുണ്ട്.

(സി) സംരക്ഷിത വനത്തിന് ഒരു കിലോമീറ്റർ ചുറ്റളവിൽ പരിസ്ഥിതിലോല മേഖലയാക്കിയ തീരുമാനത്തിൽ ഇടപെടണമെന്ന് ആവശ്യപ്പെട്ട് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനെ സമീപിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

സംരക്ഷിത മേഖലയ്ക്കുചുറ്റും ഒരു കി.മീ. ഇക്കോ സെൻസിറ്റീവ് സോൺ വേണമെന്ന വ്യവസ്ഥയിൽ കേരളത്തിന് പ്രത്യേക ഇളവ് വേണമെന്ന് 18-06-2022-ന് നടന്ന ചർച്ചയിൽ കേരള വനം വകുപ്പ് കേന്ദ്ര വനം

സഹമന്ത്രി ശ്രീ. അശ്വനി കുമാർ ചൗബെയോട് ആവശ്യപ്പെട്ടിരുന്നു. ഇതര സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമായ സാഹചര്യമാണ് കേരളത്തിലേതെന്ന് ചൂണ്ടിക്കാട്ടിയാണ് അവലോകന യോഗത്തിൽ കേരള വനം വകുപ്പ് ഇളവ് അഭ്യർത്ഥിച്ചത്. ജനവാസ മേഖലകളെ ഒഴിവാക്കി പരിഷ്കരിച്ച ശിപാർശ സംസ്ഥാനം നൽകിയിട്ടുണ്ട്. ഇത് പരിഗണിച്ച് അന്തിമ വിജ്ഞാപനം ഇറക്കേണ്ടതായിട്ടുണ്ട്. വിദഗ്ദ്ധ സമിതി യോഗങ്ങൾ ഉൾപ്പെടെയുള്ളവ പൂർത്തിയാക്കിയാണ് ശിപാർശ നൽകിയതെന്ന് വനം വകുപ്പ് ബഹു. കേന്ദ്ര വനം മന്ത്രിയെ അറിയിച്ചിട്ടുണ്ട്.

**നല്ല തടികൾ വിറകാക്കി കാണിച്ച് ലേലം ചെയ്യുന്നത് വഴിയുള്ള നഷ്ടം**

127 (902) ശ്രീമതി കെ.കെ.രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിലെ ഡിപ്പോകൾ കേന്ദ്രീകരിച്ച് നല്ല തടികൾ വിറകാക്കി കാണിച്ച് ലേലം ചെയ്യുന്നതുവഴി കോടികളുടെ നഷ്ടം വരുത്തുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇപ്രകാരം ചെയ്യുന്നതുമൂലം തടി ഇനത്തിൽ ലഭിക്കേണ്ടിയിരുന്ന വിലയ്ക്കു പുറമെ, വിറകിന് ജി.എസ്.ടി. ഇല്ലാത്തതിനാൽ ആ ഇനത്തിലും സർക്കാരിന് നഷ്ടമുണ്ടാകുന്നുണ്ടോ;

(സി) ഇപ്രകാരം ചെയ്തതുമൂലം സംസ്ഥാനത്തിന് എത്ര രൂപയുടെ നഷ്ടമാണ് ഉണ്ടായിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

(ബി &സി) ഉത്തരം (എ) യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

(ഡി) പ്രസ്തുത ക്രമക്കേടുമായി ബന്ധപ്പെട്ട് വകുപ്പ് ഏതെങ്കിലും തരത്തിലുള്ള അന്വേഷണങ്ങൾ നടത്തുകയുണ്ടായോ; എങ്കിൽ കുറ്റക്കാരായി കണ്ടെത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരങ്ങൾ ലഭ്യമാക്കുമോ?

വനം വകുപ്പിൽ വിജിലൻസ് വിഭാഗവും മറ്റ് വകുപ്പുതല ഉദ്യോഗസ്ഥരും സമയാസമയങ്ങളിൽ ആവശ്യമായ പരിശോധനകൾ നടത്തിവരുന്നുണ്ട്. ടി വിഷയവുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥരെ ആരെയും നിലവിൽ കുറ്റക്കാരായി കണ്ടെത്തിയിട്ടില്ല.

(ഇ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നടന്നതായി കണ്ടെത്തിയിട്ടുള്ള ഇത്തരം ക്രമക്കേടുകൾ തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

തടി മുറിച്ച് ശേഖരിക്കുമ്പോൾ ടിംബർ ക്ലാസിഫിക്കേഷൻ റൂളുകൾ കർശനമായി പാലിക്കുന്നുണ്ട്. ഇതിനായി 23-11-2021-ൽ 12/2021 നമ്പരായി സർക്കുലർ പുറപ്പെടുവിച്ച്, ടിംബർ സെയിൽസ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ ഉൾപ്പെടെ എല്ലാ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കും ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും വിജിലൻസ് വിഭാഗത്തിനുംകർശന മാർഗ്ഗനിർദ്ദേശങ്ങൾ നൽകി കർശന പരിശോധന നടത്തിവരുന്നു. കൂടാതെ വകുപ്പുതല അവലോകന യോഗങ്ങളിൽ ഇക്കാര്യങ്ങൾ ഉറപ്പുവരുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**വനാതിർത്തികൾ ഡിജിറ്റലൈസ് ചെയ്യാൻ പദ്ധതി**

128 (903) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനാതിർത്തികൾ ആധുനിക സാങ്കേതിക സംവിധാനങ്ങൾ ഉപയോഗിച്ച് ഡിജിറ്റലൈസ് ചെയ്യാൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

തെരഞ്ഞെടുക്കപ്പെട്ട ഫോറസ്റ്റ് ഡിവിഷനുകളിൽ വനാതിർത്തി സർവ്വേ, ജിയോ റഫറൻസിംഗ് എന്നിവ Differential Global Positioning

System (DGPS) ഉപയോഗിച്ച് നിർണ്ണയിക്കുന്നതിനുവേണ്ട പ്രാരംഭ പഠനം (Pilot Study) നടത്തുന്നതിനും ആയത് ഉപയോഗപ്പെടുത്തി ഒരു Standard Operating Procedure (SOP) തയ്യാറാക്കുന്നതിലേയ്ക്കുമായി Ministry of Environment Forest and Climate Change ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യയെ (FSI) ചുമതലപ്പെടുത്തിയിട്ടുണ്ട്. കേരളത്തിൽ ചാലക്കുടി വനം ഡിവിഷനിലാണ് പൈലറ്റ് സ്റ്റഡി നടത്തിയത്. ഇപ്രകാരം ഫോറസ്റ്റ് സർവ്വെ ഓഫ് ഇന്ത്യ തയ്യാറാക്കിയ കരട് Standard Operating Procedure (SOP) അഭിപ്രായങ്ങൾക്കും നിർദ്ദേശങ്ങൾക്കുമായി ലഭിച്ചിട്ടുള്ളതാണ്. ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ Standard Operating Procedure (SOP) പൂർത്തീകരിക്കുന്ന മുറയ്ക്ക് സംസ്ഥാനത്തെ വനങ്ങളുടെ സർവ്വേയ്ക്കും വനാതിർത്തികളുടെ ഡിജിറ്റൈസേഷനും റവന്യൂ സർവ്വേ എന്നീ വകുപ്പുകളുടെ സഹായത്തോടുകൂടി നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) എങ്കിൽ പ്രസ്തുത പദ്ധതിക്കായി നാളിതുവരെ എത്ര തുകയാണ് ചെലവഴിച്ചത്?

ഈ പദ്ധതിക്കായി നാളിതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

(സി) ഇതുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ നിലവിലെ പുരോഗതി എന്തെല്ലാമെന്ന് വിശദമാക്കുമോ?

സംസ്ഥാനത്തെ വനാതിർത്തികൾ ഡിജിറ്റൈസ് ചെയ്യുന്നതിലേയ്ക്കായി വകുപ്പ് തയ്യാറാക്കിയ കരട് Standard Operating Procedure (SOP)-ൽ റവന്യൂ വകുപ്പുമായുള്ള ചർച്ച നടക്കാനിരിക്കുകയാണ്.

(ഡി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ; പദ്ധതി പൂർത്തീകരിച്ചാലുണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

പദ്ധതി 2022-23-ൽ ആരംഭിച്ച് 5 വർഷം കൊണ്ട് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. റിസർവ് വനം/സംരക്ഷിത വന പ്രദേശങ്ങൾ എന്നിവയുടെ കൃത്യമായ അതിർത്തി ഡിജിറ്റൽ രൂപത്തിൽ ലഭ്യമാക്കുന്നതിലൂടെ വനാതിർത്തികൾ സംബന്ധിച്ച് വ്യക്തത വരുത്തുന്നതിനും വനാതിർത്തി സംബന്ധിച്ച തർക്കങ്ങൾ ഒഴിവാക്കുന്നതിനും സാധിക്കും. വനങ്ങളുടെ കൃത്യമായ അതിർത്തിയുടെ ലഭ്യത വന പരിപാലന പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സഹായിക്കും.

## തടികൾ വിറകാക്കി കാണിച്ച് ലേലം ചെയ്യുന്നത് തടയാൻ നടപടി

129 (904) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ 27 ഡിപ്പോകൾ കേന്ദ്രീകരിച്ച് തടി ലേലത്തിൽ അഴിമതി നടക്കുന്നതായുള്ള റിപ്പോർട്ടുകൾ സർക്കാർതലത്തിൽ പരിശോധിച്ചിട്ടുണ്ടോ?

ഇത്തരം റിപ്പോർട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഗുണമേന്മയുള്ള തടികൾ വിറകാക്കി കാണിച്ച് ലേലം ചെയ്യുന്നത് തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഗുണമേന്മയുള്ള തടികൾ വിറകാക്കി കാണിച്ച് ലേലം ചെയ്യാറില്ല. ജി.എസ്.ടി. നിയമപ്രകാരമുള്ള 30-06-2017-ലെ G.O(P) No.63/2017/Tax(ബി) Department നോട്ടിഫിക്കേഷൻ പ്രകാരം ഫയർ വുഡ്ഡിന് ജി.എസ്.ടി. ബാധകമല്ലാത്തതിനാൽ നല്ലതരം ബില്ലറ്റുകൾ ഫയർ വുഡ്ഡായി തരംതിരിക്കുകയാണെങ്കിൽ സർക്കാരിന് നികുതിയിനത്തിൽ നഷ്ടം സംഭവിക്കാൻ സാദ്ധ്യതയുണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടിംബർ ക്ലാസിഫിക്കേഷൻ റൂൾ കർശനമായി പാലിച്ച്

തടി, ബില്ലറ്റ്സ്, ബില്ലറ്റ്സ് (ബി.എസ്), വിറക് എന്നിവ യഥാവിധം തരംതിരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് 23-11-2021-ൽ 12/2021 നമ്പരായി സർക്കുലർ പുറപ്പെടുവിച്ച്, വകുപ്പുതലത്തിൽ കർശന മാർഗ്ഗനിർദ്ദേശങ്ങൾ ടിംബർ സെയിൽസ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ ഉൾപ്പെടെ എല്ലാ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കും ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും വിജിലൻസ് വിഭാഗത്തിനും നൽകി കർശന പരിശോധന നടത്തിവരുന്നുണ്ട്. കൂടാതെ വകുപ്പുതല അവലോകന യോഗങ്ങളിൽ ഇക്കാര്യങ്ങൾ ഉറപ്പുവരുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(സി) ഇത്തരത്തിൽ എത്ര തുകയുടെ തടിയാണ് ലേലത്തിൽ നൽകിയതെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ജി.എസ്.ടി. ഇനത്തിൽ ഇതിലൂടെ സർക്കാർ ഖജനാവിന് നഷ്ടമായ തുക എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

(ഇ) എങ്കിൽ ഉത്തരവാദികളായവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

(സി - ഇ) ഗുണമേന്മയുള്ള തടികൾ വിറകാക്കി കാണിച്ച് ലേലം ചെയ്യാറില്ല. ആകയാൽ നഷ്ടം സംഭവിച്ചിട്ടില്ല.

**സംരക്ഷിത മേഖലകൾക്ക് ചുറ്റും ബഫർസോൺ**

130 (905) <u>ശ്രീ. പി. ജെ. ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരക്ഷിത മേഖലകളുടെ ഒരു കിലോമീറ്റർ ചുറ്റളവിൽ ബഫർസോൺ ഏർപ്പെടുത്തണമെന്ന സുപ്രീംകോടതി ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സുപ്രീംകോടതിയുടെ 03-06-2022-ലെ IA 1000/2003 നമ്പർ കേസ്സിലെ വിധിപ്രകാരം വന്യജീവി സങ്കേതങ്ങൾക്ക് ഒരു കിലോമീറ്റർ ചുറ്റളവിൽ പരിസ്ഥിതിലോല മേഖല നിർണ്ണയിക്കണമെന്ന നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേരളത്തിൽ പ്രസ്തുത നിർദ്ദേശം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് മലയോര മേഖലയിലെ ജനങ്ങളുടെ ആശങ്കകൾ പരിഹരിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണ്?

സുപ്രീംകോടതിയുടെ 03-06-2022-ലെ വിധി വിലയിരുത്തുന്നതിനും തുടർനടപടികൾ ചർച്ച ചെയ്യുന്നതിനുമായി വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 08-06-2022-ന് അഡ്വക്കേറ്റ് ജനറലിനെക്കൂടി ഉൾപ്പെടുത്തി ഉന്നത ഉദ്യോഗസ്ഥരുടെ യോഗം ചേരുകയും സംരക്ഷിത പ്രദേശങ്ങളുടെ ഒരു കി.മീ. പരിധിയിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ വിവിധ സർക്കാർ ഏജൻസികളുടെ സഹായം തേടിക്കൊണ്ട് ശേഖരിക്കുന്നതിനും നിലവിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ മുമ്പാകെയുള്ള ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ സുപ്രീംകോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി അംഗീകാരം ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതിനും സുപ്രീംകോടതിയുടെ ഉത്തരവിന്മേൽ റിവ്യൂ പെറ്റീഷൻ സമർപ്പിക്കുന്നതിനും കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ കേന്ദ്ര സർക്കാരിനെയും കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും സുപ്രീംകോടതിയെയും ബോദ്ധ്യപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചു.

ടി യോഗ തീരുമാന പ്രകാരം, ഒരു കിലോ മീറ്റർ ESZ ൽ ഉൾപ്പെടാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ വനാതിർത്തി പരിശോധിച്ചശേഷം ജനവാസകേന്ദ്രങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ ആശുപത്രികൾ, കൃഷിസ്ഥലങ്ങൾ, തോട്ടങ്ങൾ എന്നിവയുടെ വിശദാംശം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേരള സംസ്ഥാന റിമോർട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്ററിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 03-06-2022- ലെ സുപ്രീംകോടതി ഉത്തരവിനെതിരെ റിവ്യൂ പെറ്റീഷൻ സമർപ്പിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നതിനായി അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകുകയും ജനവാസമേഖലകൾ ഒഴിവാക്കിക്കൊണ്ടുള്ള പുതുക്കിയ ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ പരിഗണിച്ചുകൊണ്ട് സുപ്രീംകോടതി ഉത്തരവിലെ ഖണ്ഡിക 44 (f) പ്രകാരമുള്ള നടപടികൾക്കായി കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും സുപ്രീംകോടതിയെയും സമീപിക്കുവാനായി കേന്ദ്ര സർക്കാരിലേയ്ക്ക് കത്തയയ്ക്കുകയും ചെയ്തിട്ടുണ്ട്. സംരക്ഷിതമേഖലയ്ക്കുചുറ്റും ഒരു

കി. മീ. ഇക്കോ സെൻസിറ്റീവ് സോൺ വേണമെന്ന വ്യവസ്ഥയിൽ കേരളത്തിന് പ്രത്യേക ഇളവ് വേണമെന്ന് 18-06-2022- ന് നടന്ന ചർച്ചയിൽ കേരള വനം വകുപ്പ്, കേന്ദ്ര വനംവകുപ്പ് മന്ത്രി ശ്രീ. അശ്വനി കുമാർ ചൗബെയോട് ആവശ്യപ്പെട്ടിരുന്നു. ഇതര സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമായ സാഹചര്യമാണ് കേരളത്തിലേതെന്ന് ചൂണ്ടിക്കാട്ടിയാണ് അവലോകന യോഗത്തിൽ കേരള വനം വകുപ്പ് ഇളവിന് അഭ്യർത്ഥിച്ചത്. ജനവാസമേഖലകളെ ഒഴിവാക്കി പരിഷ്കരിച്ച ശിപാർശ സംസ്ഥാനം നൽകിയിട്ടുണ്ട്. ഇത് പരിഗണിച്ച് അന്തിമ വിജ്ഞാപനം ഇറക്കേണ്ടതായിട്ടുണ്ട്. വിദഗ്ധ സമിതി യോഗങ്ങൾ ഉൾപ്പെടെയുള്ളവ പൂർത്തിയാക്കിയാണ് ശിപാർശ നൽകിയതെന്ന് വനം വകുപ്പ് കേന്ദ്ര വനം വകുപ്പ് മന്ത്രിയെ അറിയിച്ചിട്ടുണ്ട്.

(സി) 2019 ഒക്ടോബർ 23-ാം തീയതി ചേർന്ന മന്ത്രിസഭാ യോഗത്തിൽ സംരക്ഷിത മേഖലകൾക്ക് ചുറ്റും ഒരു കിലോമീറ്റർ ചുറ്റളവിൽ ബഫർസോൺ ഏർപ്പെടുത്തണമെന്ന തീരുമാനം എടുത്തിട്ടുണ്ടോ എന്ന് അറിയിക്കുമോ?

2019 ഫെബ്രുവരിയിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ നിർദ്ദേശ പ്രകാരം അധിക വിവരങ്ങൾ ഉൾപ്പെടുത്തി പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ചീഫ് വൈൽഡ് ലൈഫ് വാർഡൻ സർക്കാരിലേയ്ക്ക് സമർപ്പിച്ച കരട് പ്രൊപ്പോസലുകൾ സംരക്ഷിത പ്രദേശങ്ങൾക്ക് പുറത്തുള്ള എല്ലാ മനുഷ്യവാസ കേന്ദ്രങ്ങളെയും ഇക്കോസെൻസിറ്റീവ് സോണുകളുടെ പരിധിയിൽനിന്ന് ഒഴിവാക്കിക്കൊണ്ട് നിലവിലുള്ള വനപ്രദേശങ്ങൾ മാത്രം ഉൾപ്പെടുത്തിയുള്ളതായിരുന്നു. ഇക്കാര്യം ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതിനായുള്ള സുപ്രീംകോടതി നിർദ്ദേശങ്ങൾക്ക് വിരുദ്ധമായതിനാൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം അംഗീകരിക്കണമെന്നില്ല.

2018 ജൂലൈ-ആഗസ്റ്റ് മാസങ്ങളിൽ കേരളം അഭിമുഖീകരിച്ച പ്രളയക്കെടുതി പാരിസ്ഥിതിക ദുരന്തമായി വിലയിരുത്തപ്പെട്ടതാണ്. പരിസ്ഥിതിലോല/ദുർബ്ബലമായ വനമേഖലയുടെ സമീപസ്ഥമായ പ്രദേശങ്ങളിലെ ഖനനവും അനിയന്ത്രിതമായ നിർമ്മാണപ്രവർത്തനങ്ങളും കെടുതികൾക്ക് ആക്കം കൂട്ടിയിട്ടുണ്ട്. 03-06-2022-ലെ വിധി വിലയിരുത്തുന്നതിനും തുടർനടപടികൾ ചർച്ച ചെയ്യുന്നതിനുമായി വനം

വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 08-06-2022-ന് അഡ്വക്കേറ്റ് ജനറലിനെക്കൂടി ഉൾപ്പെടുത്തി ഉന്നത ഉദ്യോഗസ്ഥരുടെ യോഗം ചേരുകയും സംരക്ഷിത പ്രദേശങ്ങളുടെ ഒരു കി.മീ. പരിധിയിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ വിവിധ സർക്കാർ ഏജൻസികളുടെ സഹായം തേടിക്കൊണ്ട് ശേഖരിക്കുന്നതിനും നിലവിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ മുമ്പാകെയുള്ള ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ, സുപ്രീംകോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി അംഗീകാരം ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതിനും സുപ്രീംകോടതിയുടെ ഉത്തരവിന്മേൽ റിവ്യൂ പെറ്റീഷൻ സമർപ്പിക്കുന്നതിനും കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ കേന്ദ്ര സർക്കാരിനെയും കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും സുപ്രീംകോടതിയെയും ബോദ്ധ്യപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചു. മൺസൂൺ കാലത്തുണ്ടായ മണ്ണിടിച്ചിലും മറ്റു വിപത്തുകളും ഇത് അടിവരയിടുന്നു. അതിനാൽ അനധികൃത നിർമ്മാണം പുതിയ മലിനീകരണ വ്യവസായങ്ങൾ, ജനവാസ മേഖലകളിൽ അനിയന്ത്രിതമായ ക്വാറി തുടങ്ങിയവ നിയന്ത്രിക്കുന്നതിന് ഇക്കോ സെൻസിറ്റീവ് സോണിനെ

കുറിച്ചുള്ള പുതിയ തീരുമാനങ്ങൾ എടുക്കേണ്ടതായിവന്നു. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ജീവഹാനി ഉൾപ്പെടെയുള്ള ഗുരുതരമായ പാരിസ്ഥിതിക ദുരന്തങ്ങൾ കേരളത്തിലുണ്ടാകുന്നത് കണക്കിലെടുത്ത് സംരക്ഷിത പ്രദേശങ്ങളോട് ചേർന്നു കിടക്കുന്ന മനുഷ്യവാസ കേന്ദ്രങ്ങളുൾപ്പെടെ സംരക്ഷിത പ്രദേശങ്ങൾക്കു ചുറ്റും 0 മുതൽ 1 കി.മീ. വരെ ഇക്കോ സെൻസിറ്റീവ് സോൺ ആയി തത്വത്തിൽ നിശ്ചയിച്ചുകൊണ്ട് കരട് വിജ്ഞാപന നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിന് 31-10-2019-ലെ സ.ഉ (കൈ) നം. 29/2019/വനം, പ്രകാരം അംഗീകാരം നൽകിയതിനെ തുടർന്നാണ് 19-12-2019-ൽ മനുഷ്യവാസകേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള പ്രദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള കരട് വിജ്ഞാപന നിർദ്ദേശങ്ങൾ സർക്കാരിലേയ്ക്ക് സമർപ്പിച്ചത്. 28-09-2020-ൽ വനം-വന്യജീവി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റുമുള്ള ഇക്കോ സെൻസിറ്റീവ് സോൺ പരിധിയിൽനിന്ന് ജനവാസ മേഖലകളെ ഒഴിവാക്കണമെന്ന പൊതുജനാഭിപ്രായം വിശദമായി ചർച്ച ചെയ്യുകയും കേരളത്തിലെ 23 ദേശീയോദ്യാന/വന്യജീവി സങ്കേതങ്ങളുടെ ചുറ്റുമുള്ള 0 മുതൽ 1 കി.മീ. ദൂരം ഇക്കോ സെൻസിറ്റീവ് സോൺ ആയി

പ്രഖ്യാപിക്കുമ്പോൾ പ്രസ്തുത പ്രദേശത്ത് വരുന്ന ജനസാന്ദ്രത കൂടിയ മേഖലകളെയും സർക്കാർ/ അർദ്ധസർക്കാർ/ പൊതുസ്ഥാപനങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന പ്രദേശങ്ങളെയും ഒഴിവാക്കുന്നതിനും ആയതിലേയ്ക്കായി പ്രസ്തുത പ്രദേശങ്ങളുടെ പുതുക്കിയ ഭൂപടത്തോടുകൂടിയ കരട് ഭേദഗതി നിർദ്ദേശങ്ങൾ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയ്ക്ക് അയച്ചുകൊടുക്കുന്നതിനായി സർക്കാരിലേയ്ക്ക് സമർപ്പിക്കുവാൻ ചീഫ് വൈൽഡ് ലൈഫ് വാർഡനെ ചുമതലപ്പെടുത്തുകയും ചെയ്തു. ആയതു പ്രകാരം ജനവാസ മേഖലകൾ ഒഴിവാക്കി തയ്യാറാക്കി സമർപ്പിച്ച പ്രൊപ്പോസലുകളാണ് നിലവിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലുള്ളത്.

(ഡി) കേരളത്തിൽ ബഫർസോൺ ഒഴിവാക്കണമെന്ന ഡോ. ഉമ്മൻ വി. ഉമ്മൻ കമ്മിറ്റി റിപ്പോർട്ടിലെ നിർദ്ദേശം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിൽ സമർപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ വ്യത്യസ്ത തീരുമാനം എടുത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

ഡോ. ഉമ്മൻ. വി. ഉമ്മൻ കമ്മിറ്റി റിപ്പോർട്ട് വന്യജീവി സങ്കേതങ്ങൾക്കും ദേശീയ പാർക്കുകൾക്കും പുറത്തായി പാരിസ്ഥിതിക സംവേദക മേഖല (ESZ) രൂപീകരിക്കുന്നത് സംബന്ധിച്ചുള്ളതല്ല.

(ഇ) ഇതുസംബന്ധിച്ച് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന തുടർനടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

സുപ്രീംകോടതിയുടെ 03-06-2022-ലെ വിധി വിലിരുത്തുന്നതിനും തുടർനടപടികൾ ചർച്ച ചെയ്യുന്നതിനുമായി വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 08-06-2022-ന് അഡ്വക്കേറ്റ് ജനറലിനെക്കൂടി ഉൾപ്പെടുത്തി ഉന്നത ഉദ്യോഗസ്ഥരുടെ യോഗം ചേരുകയും സംരക്ഷിത പ്രദേശങ്ങളുടെ ഒരു കി.മീ, പരിധിയിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ വിവിധ സർക്കാർ ഏജൻസികളുടെ സഹായം തേടിക്കൊണ്ട് ശേഖരിക്കുന്നതിനും നിലവിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ മുമ്പാകെയുള്ള ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ സുപ്രീംകോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി അംഗീകാരം ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതിനും സുപ്രീംകോടതിയുടെ

ഉത്തരവിന്മേൽ റിവ്യൂ പെറ്റീഷൻ സമർപ്പിക്കുന്നതിനും കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ, കേന്ദ്ര സർക്കാരിനെയും കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും സുപ്രീംകോടതിയെയും ബോദ്ധ്യപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചു.

ടി യോഗ തീരുമാന പ്രകാരം ഒരു കിലോ മീറ്റർ ESZ ൽ ഉൾപ്പെടാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ വനാതിർത്തി പരിശോധിച്ചശേഷം ജനവാസകേന്ദ്രങ്ങൾ, വ്യാപാരസ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ ആശുപത്രികൾ, കൃഷിസ്ഥലങ്ങൾ, തോട്ടങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേരള സംസ്ഥാന റിമോർട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്ററിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 03-06-2022- ലെ സുപ്രീംകോടതി ഉത്തരവിനെതിരെ റിവ്യൂ പെറ്റീഷൻ സമർപ്പിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നതിനായി അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകുകയും ജനവാസ മേഖലകൾ ഒഴിവാക്കിക്കൊണ്ടുള്ള പുതുക്കിയ ഇക്കോ

സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ പരിഗണിച്ചുകൊണ്ട് സുപ്രീംകോടതി ഉത്തരവിലെ ഖണ്ഡിക 44 (f) പ്രകാരമുള്ള നടപടികൾക്കായി കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും സുപ്രീംകോടതിയെയും സമീപിക്കുവാനായി കേന്ദ്ര സർക്കാരിലേയ്ക്ക് കത്തയയ്ക്കുകയും ചെയ്തിട്ടുണ്ട്.

**പരിസ്ഥിതിലോല മേഖലയുടെ വ്യാപ്തിയിൽ ഇളവ് വരുത്താൻ നടപടി**

131 (906) <u>ശ്രീ സി കെ ഹരീന്ദ്രൻ</u>:
<u>ശ്രീ. കെ. ബാബു (നെന്മാറ)</u>:
<u>ശ്രീ. എ. രാജ</u>:
<u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി സങ്കേതങ്ങളുടെയും ദേശീയോദ്യാനങ്ങളുടെയും ഒരു കിലോമീറ്റർ പരിധിക്കുള്ളിലുള്ള പ്രദേശങ്ങളെല്ലാം പരിസ്ഥിതിലോല പ്രദേശമായി മാറ്റണമെന്ന സുപ്രീംകോടതി നിർദ്ദേശം പ്രാവർത്തികമാക്കിയാൽ സംസ്ഥാനത്തെ എത്ര വില്ലേജുകളിലെ ജനങ്ങളെ ബാധിക്കാനിടയുണ്ടെന്ന് അറിയിക്കുമോ?

സുപ്രീംകോടതിയുടെ 03-06-2022-ലെ വിധി വിലിരുത്തുന്നതിനും തുടർനടപടികൾ ചർച്ച ചെയ്യുന്നതിനുമായി വനം വകുപ്പുമന്ത്രിയുടെ

അദ്ധ്യക്ഷതയിൽ 08-06-2022-ന് അഡ്വക്കേറ്റ് ജനറലിനെക്കൂടി ഉൾപ്പെടുത്തി ഉന്നത ഉദ്യോഗസ്ഥരുടെ യോഗം ചേരുകയും സംരക്ഷിത പ്രദേശങ്ങളുടെ ഒരു കി.മീ. പരിധിയിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ വിവിധ സർക്കാർ ഏജൻസികളുടെ സഹായം തേടിക്കൊണ്ട് ശേഖരിക്കുവാൻ തീരുമാനിക്കുകയുമുണ്ടായി.

ടി യോഗ തീരുമാന പ്രകാരം ഒരു കിലോ മീറ്റർ പരിസ്ഥിതിലോല മേഖലയിൽ ഉൾപ്പെടാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ വനാതിർത്തി പരിശോധിച്ചശേഷം ജനവാസകേന്ദ്രങ്ങൾ, ആരാധനാലയങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, കൃഷിസ്ഥലങ്ങൾ, തോട്ടങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേരള സംസ്ഥാന റിമോർട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്ററിനെ (KSREC) ചുമതലപ്പെടുത്തിയിട്ടുണ്ട്. എത്ര വില്ലേജുകളെ ബാധിക്കുമെന്നത് പഠനം പൂർത്തിയാക്കിയാൽ മാത്രമേ

അറിയാൻ സാധിക്കുകയുള്ളൂ. കൂടാതെ 03-06-2022-ലെ സുപ്രീംകോടതി ഉത്തരവിനെതിരെ റിവ്യൂ പെറ്റീഷൻ സമർപ്പിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നതിനായി അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകുകയും ജനവാസമേഖലകൾ ഒഴിവാക്കിക്കൊണ്ടുള്ള പുതുക്കിയ ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ പരിഗണിച്ചുകൊണ്ട് സുപ്രീംകോടതി ഉത്തരവിലെ ഖണ്ഡിക 44 (f) പ്രകാരമുള്ള നടപടികൾക്കായി കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും സുപ്രീംകോടതിയെയും സമീപിക്കുവാനായി കേന്ദ്ര സർക്കാരിലേയ്ക്ക് കത്തയയ്ക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പൊതുതാല്പര്യം കണക്കിലെടുത്ത് പരിസ്ഥിതിലോല മേഖലയുടെ വ്യാപ്തിയിൽ ഇളവ് വരുത്താൻ കേന്ദ്ര സർക്കാരിനെ സമീപിക്കണമെന്ന് കോടതി ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

പൊതുതാല്പര്യം കണക്കിലെടുത്ത് പരിസ്ഥിതിലോല മേഖലയുടെ വ്യാപ്തിയിൽ ഇളവ് വരുത്താൻ കേന്ദ്ര സർക്കാർ / എംപവേർഡ് കമ്മിറ്റി മുഖേന സുപ്രീംകോടതിയെ സമീപിക്കാവുന്നതാണെന്ന്

സുപ്രീംകോടതിയുടെ 03-06-2022-ലെ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പ്രകാരം സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ കേന്ദ്രസർക്കാരിനെയും കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും ബോധ്യപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് 08/06/2022-ൽ വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനിക്കുകയും തുടർനടപടികൾ സ്വീകരിച്ചുവരികയുമാണ്.

സംരക്ഷിത മേഖലയ്ക്കു ചുറ്റും ഒരു കി.മീ. ഇക്കോ സെൻസിറ്റീവ് സോൺ വേണമെന്ന വ്യവസ്ഥയിൽ കേരളത്തിന് പ്രത്യേക ഇളവ് വേണമെന്ന് 18-06-2022- ൽ വച്ചുനടന്ന ചർച്ചയിൽ കേരള വനം വകുപ്പ് കേന്ദ്ര വനം മന്ത്രി ശ്രീ. അശ്വനി കുമാർ ചൗബെയോട് ആവശ്യപ്പെട്ടിരുന്നു. ഇതര സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമായ സാഹചര്യമാണ് കേരളത്തിലേതെന്ന് ചൂണ്ടിക്കാട്ടിയാണ് അവലോകനയോഗത്തിൽ കേരള വനം വകുപ്പ് ഇളവ് അഭ്യർത്ഥിച്ചത്. ജനവാസ മേഖലകളെ ഒഴിവാക്കി സംസ്ഥാനം പരിഷ്കരിച്ച ശിപാർശ നൽകിയിട്ടുണ്ട്. ഇതു പരിഗണിച്ച് അന്തിമവിജ്ഞാപനം ഇറക്കേണ്ടതായിട്ടുണ്ട്. വിദഗ്ദ്ധ സമിതി യോഗങ്ങൾ

ഉൾപ്പെടെയുള്ളവ പൂർത്തിയാക്കിയാണ് ശിപാർശ നൽകിയതെന്ന് വനം വകുപ്പ് കേന്ദ്ര വനം മന്ത്രിയെ അറിയിച്ചിട്ടുണ്ട്.

(സി) വന സംരക്ഷണത്തിന് പ്രാധാന്യം നൽകുന്നതോടൊപ്പം പരിസ്ഥിതിലോലമെന്ന പേരിൽ മലയോര പ്രദേശങ്ങളിലെ വികസന നിർമ്മാണ പ്രവർത്തനങ്ങൾ അസാധ്യമാകാനിടയുള്ള സാഹചര്യം സംജാതമാകാതിരിക്കാൻ നടത്തുന്ന ഇടപെടലുകൾ അറിയിക്കുമോ?

03.06.2022 ലെ സുപ്രീംകോടതി ഉത്തരവിനെതിരെ റിവ്യൂ പെറ്റീഷൻ സമർപ്പിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നതിനായി അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകുകയും ജനവാസ മേഖലകൾ ഒഴിവാക്കിക്കൊണ്ടുള്ള പുതുക്കിയ ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ പരിഗണിച്ചുകൊണ്ട് സുപ്രീംകോടതി ഉത്തരവിലെ ഖണ്ഡിക 44 (f) പ്രകാരമുള്ള നടപടികൾക്കായി കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും സുപ്രീംകോടതിയെയും സമീപിക്കുവാനായി കേന്ദ്ര സർക്കാരിലേയ്ക്ക് കത്തയയ്ക്കുകയും ചെയ്തിട്ടുണ്ട്.

## പരിസ്ഥിതി ലോലമേഖലയിലെ ജനജീവിതം

132 (907) <u>ശ്രീ. എം. എം. മണി</u> :

ശ്രീ. ഒ. ആർ. കേളു:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവിസങ്കേതങ്ങളുടെയും ദേശീയോദ്യാനങ്ങളുടെയും ഒരു കിലോമീറ്റർ പരിധിക്കുള്ളിലെ പ്രദേശങ്ങൾ പരിസ്ഥിതിലോല മേഖലയാക്കണമെന്ന സുപ്രീം കോടതി ഉത്തരവ് മലയോര പ്രദേശങ്ങളിലെ ജനങ്ങളിലാകെ അരക്ഷിതാവസ്ഥ സൃഷ്ടിച്ചിട്ടുള്ളതിനാൽ ഇക്കാര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

സുപ്രീംകോടതിയുടെ 03-06-2022-ലെ വിധി വിലയിരുത്തുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്നതിനും വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ അഡ്വക്കേറ്റ് ജനറൽ, സുപ്രീംകോടതിയിലെ സ്റ്റാൻഡിംഗ് കൗൺസൽ, ഉന്നത ഉദ്യോഗസ്ഥർ എന്നിവരുടെ ഒരു യോഗം 08-06-2022- ൽ ചേരുകയും സംരക്ഷിത പ്രദേശങ്ങളുടെ ഒരു കി.മീ, പരിധിയിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിനും നിലവിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ മുമ്പാകെയുള്ള ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ സുപ്രീംകോടതിയുടെ

ശ്രദ്ധയിൽപ്പെടുത്തി അംഗീകാരം ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതിനും സുപ്രീംകോടതിയുടെ ഉത്തരവിന്മേൽ റിവ്യൂ പെറ്റീഷൻ സമർപ്പിക്കുന്നതിനും കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ കേന്ദ്ര സർക്കാരിനെയും കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും സുപ്രീംകോടതിയെയും ബോദ്ധ്യപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചു.

ടി യോഗ തീരുമാന പ്രകാരം, ഒരു കിലോ മീറ്റർ ESZ- ൽ ഉൾപ്പെടാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ, ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ വനാതിർത്തി പരിശോധിച്ചശേഷം ജനവാസകേന്ദ്രങ്ങൾ, വ്യാപാരസ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ ആശുപത്രികൾ, കൃഷിസ്ഥലങ്ങൾ, തോട്ടങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേരള സംസ്ഥാന റിമോർട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്ററിനെ (KSREC) ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, 03-06-2022- ലെ സുപ്രീംകോടതി ഉത്തരവിനെതിരെ റിവ്യൂ പെറ്റീഷൻ

സമർപ്പിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നതിനായി അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകുകയും ജനവാസ മേഖലകൾ ഒഴിവാക്കിക്കൊണ്ടുള്ള പുതുക്കിയ ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ പരിഗണിച്ചുകൊണ്ട്, സുപ്രീംകോടതി ഉത്തരവിലെ ഖണ്ഡിക 44 (f) പ്രകാരമുള്ള നടപടികൾക്കായി കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും സുപ്രീം കോടതിയെയും സമീപിക്കുവാനായി കേന്ദ്ര സർക്കാരിലേയ്ക്ക് കത്തയയ്ക്കുകയും ചെയ്തിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ വന്യജീവി സങ്കേതങ്ങളും ദേശീയോദ്യാനങ്ങളും ഏതൊക്കെയാണെന്ന് അറിയിക്കുമോ; ഇവയുടെ അതിർത്തിയിൽനിന്ന് ഒരു കിലോമീറ്റർ ചുറ്റളവിൽ വസിക്കുന്ന എത്ര കുടുംബങ്ങളുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; ഇത്തരം പ്രദേശങ്ങളിൽ നടപ്പാക്കേണ്ടിവരുന്ന നിയന്ത്രണങ്ങൾ എന്തെല്ലാമാണ്; അറിയിക്കുമോ?

നെയ്യാർ-പേപ്പാറ, ഷെന്തുരുണി, ഇടുക്കി, ചിന്നാർ, കുറിഞ്ഞിമല, ചിമ്മിനി, പീച്ചി-വാഴാനി, മലബാർ, വയനാട്, ആറളം, കൊട്ടിയൂർ, കരിമ്പുഴ എന്നീ വന്യജീവി സങ്കേതങ്ങളും തട്ടേക്കാട്, മംഗളവനം, ചൂളന്നൂർ എന്നീ പക്ഷി സങ്കേതങ്ങളും ഇരവികുളം, മതികെട്ടാൻ ഷോല, പാമ്പാടും ഷോല,

ആനമുടി ഷോല, സൈലന്റ് വാലി എന്നീ ദേശീയോദ്യാനങ്ങളും പെരിയാർ, പറമ്പിക്കുളം എന്നീ ടൈഗർ റിസർവ്വുകളുമാണ് സംസ്ഥാനത്ത് സംരക്ഷിത പ്രദേശങ്ങളായി നിലവിലുള്ളത്.

സംരക്ഷിത പ്രദേശങ്ങളുടെ ഒരു കി.മീ. പരിധിയിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുവാൻ തീരുമാനിച്ച പ്രകാരം ഒരു കിലോ മീറ്റർ പരിസ്ഥിതിലോല മേഖലയിൽ ഉൾപ്പെടാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ വനാതിർത്തി പരിശോധിച്ചശേഷം ജനവാസകേന്ദ്രങ്ങൾ, ആരാധനാലയങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, കൃഷിസ്ഥലങ്ങൾ, തോട്ടങ്ങൾ എന്നിവയുടെ വിശദാംശം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേരള സംസ്ഥാന റിമോർട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്ററിനെ (KSREC) ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പഠന റിപ്പോർട്ട് ലഭ്യമായിക്കഴിഞ്ഞാൽ മാത്രമേ സംരക്ഷിത വനമേഖലയ്ക്ക് ഒരു കിലോമീറ്റർ ചുറ്റളവിൽ പരിസ്ഥിതി

ലോല മേഖല വന്നുകഴിഞ്ഞാൽ സംസ്ഥാനത്തെ എത്ര കുടുംബങ്ങൾ 1 കി.മീ. ചുറ്റളവിൽ ഉൾപ്പെടുമെന്നത് വിലയിരുത്താൻ കഴിയുകയുള്ളൂ.

കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ 09.02.2011-ലെ കത്ത് നം. F.No.1-9/2007/WL-1(pt) പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ഇക്കോ സെൻസിറ്റീവ് സോണിൽ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ നിരോധിക്കപ്പെടുന്നതും (Prohibited) നിയന്ത്രിക്കപ്പെടുന്നതുമായ (Regulated) പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(സി) ജനവാസ കേന്ദ്രങ്ങളെ പരിസ്ഥിതിലോല മേഖലയാക്കുന്നതിൽനിന്നും ഒഴിവാക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കുമോ?

08-06-2022-ന് ഉന്നത ഉദ്യോഗസ്ഥരുടെ യോഗം ചേരുകയും നിലവിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ മുമ്പാകെയുള്ള ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ സുപ്രീംകോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി അംഗീകാരം ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതിനും സുപ്രീം ടതിയുടെ ഉത്തരവിന്മേൽ റിവ്യൂ പെറ്റീഷൻ സമർപ്പിക്കുന്നതിനും കേരളത്തിന്റെ പ്രത്യേക

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സാഹചര്യങ്ങൾ കേന്ദ്ര സർക്കാരിനെയും കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും സുപ്രീംകോടതിയെയും ബോദ്ധ്യപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചു. തുടർന്ന്, 03-06-2022-ലെ സുപ്രീം കോടതി ഉത്തരവിനെതിരെ റിവ്യൂ പെറ്റീഷൻ സമർപ്പിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നതിനായി അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകുകയും ജനവാസ മേഖലകൾ ഒഴിവാക്കിക്കൊണ്ടുള്ള പുതുക്കിയ ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ പരിഗണിച്ചുകൊണ്ട് സുപ്രീംകോടതി ഉത്തരവിലെ ഖണ്ഡിക 44(f) പ്രകാരമുള്ള നടപടികൾക്കായി കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും സുപ്രീം കോടതിയെയും സമീപിക്കുവാനായി കേന്ദ്ര സർക്കാരിലേയ്ക്ക് കത്തയയ്ക്കുകയും ചെയ്തിട്ടുണ്ട്.

സംരക്ഷിത മേഖലയ്ക്ക് ചുറ്റും ഒരു കി.മീ. (ഇക്കോ സെൻസിറ്റീവ് സോൺ) വേണമെന്ന വ്യവസ്ഥയിൽ കേരളത്തിന് പ്രത്യേക ഇളവ് വേണമെന്ന് 18-06-2022-ൽ നടന്ന ചർച്ചയിൽ കേരള വനം വകുപ്പ് കേന്ദ്ര വനം സഹ മന്ത്രി ശ്രീ. അശ്വനി കുമാർ ചൗബെയോട് ആവശ്യപ്പെട്ടിരുന്നു. ഇതര സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമായ സാഹചര്യമാണ് കേരളത്തിലേതെന്ന് ചൂണ്ടിക്കാട്ടിയാണ് അവലോകന യോഗത്തിൽ കേരള

വനം വകുപ്പ് ഇളവിന് അഭ്യർത്ഥിച്ചത്. ജനവാസ മേഖലകളെ ഒഴിവാക്കി സംസ്ഥാനം കരുതൽ മേഖല എന്ന പരിഷ്കരിച്ച ശിപാർശ നൽകിയിട്ടുണ്ട്. ഇത് പരിഗണിച്ച് അന്തിമ വിജ്ഞാപനം ഇറക്കേണ്ടതുണ്ട്. വിദഗ്ധ സമിതി യോഗങ്ങൾ ഉൾപ്പെടെയുള്ളവ പൂർത്തിയാക്കിയാണ് ശിപാർശ നൽകിയതെന്ന് വനം വകുപ്പ് കേന്ദ്ര വനം മന്ത്രിയെ അറിയിച്ചു.

## കേരളത്തിലെ നിലവിലെ വനവിസ്തൃതി

133 (908) ശ്രീ. അൻവർ സാദത്ത് :
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ നിലവിലെ വന വിസ്തൃതി എത്രയാണെന്ന് വ്യക്തമാക്കുമോ; ഇത് കേരള ഭൂവിസ്തൃതിയുടെ എത്ര ശതമാനമാണെന്ന് അറിയിക്കുമോ ?

കേരളത്തിന്റെ വനവിസ്തൃതി 2019-20 വർഷത്തെ ഭരണ റിപ്പോർട്ട് പ്രകാരം 11521.993 ച.കി.മീ ആണ്. ഇത് കേരള ഭൂവിസ്തൃതിയുടെ 29.65 % ആണ്.

(ബി) കസ്തൂരിരംഗൻ റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തെ അംഗീകൃത വന വിസ്തൃതി എത്ര ചതുരശ്ര കിലോമീറ്റർ ആയിരുന്നുവെന്ന് വ്യക്തമാക്കുമോ?

കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ട് തയ്യാറാക്കുന്ന കാലഘട്ടത്തിൽ, വനം വകുപ്പിന്റെ 2009-10 മുതൽ 2013-14 വരെയുള്ള വർഷങ്ങളിലെ ഭരണ റിപ്പോർട്ടുകൾ പ്രകാരം സംസ്ഥാനത്തെ വനവിസ്തൃതി 11309.4754 ച. കി. മീറ്റർ എന്നാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്.

(സി) കേന്ദ്ര സർക്കാർ പ്രസിദ്ധീകരിച്ച ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യയുടെ റിപ്പോർട്ടുകൾ പ്രകാരം കേരളത്തിൽ 2017-നുശേഷം വന വിസ്തൃതിയിൽ എണ്ണൂറ്റി ഇരുപത്തിമൂന്ന് ചതുരശ്ര കിലോമീറ്റർ വർദ്ധന ഉണ്ടായിരിക്കുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ?

കേന്ദ്ര സർക്കാർ പ്രസിദ്ധീകരിച്ച ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യയുടെ 2019-ലെ റിപ്പോർട്ട് പ്രകാരം കേരളത്തിൽ 2017-ന് ശേഷം വനാവരണത്തിൽ (Forest cover) 823 ചതുരശ്ര കിലോമീറ്റർ വർദ്ധനവുണ്ടായതായുള്ള റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്ര സർക്കാർ

പ്രസിദ്ധീകരിച്ച ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യയുടെ റിപ്പോർട്ട് പ്രകാരമുള്ള 2017- ലെയും 2019- ലെയും വനാവരണം (forest cover) അനുബന്ധമായി ചേർക്കുന്നു+.

(ഡി) കാർബൺ ഫണ്ട് നേടിയെടുക്കുന്നതിനായി റവന്യൂ, വനം രേഖകളിൽ കൃത്രിമം നടത്തി വനവിസ്തൃതി ഉയർത്തിക്കാണിക്കുന്നതായി ആക്ഷേപം ഉയർന്നിരിക്കുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിലെ നിജസ്ഥിതി വ്യക്തമാക്കുമോ ?

ഇത്തരം ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ഇക്കോ സെൻസിറ്റീവ് മേഖലയുമായി ബന്ധപ്പെട്ട് കേന്ദ്രവുമായി നടത്തിയിട്ടുള്ള കത്തിടപാടുകൾ**

134 (909) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ഒക്ടോബർ 23-ലെ മന്ത്രിസഭാ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സംരക്ഷിത വനപ്രദേശങ്ങൾക്ക് ചുറ്റുമുള്ള സ്ഥലങ്ങൾ ഇക്കോ സെൻസിറ്റീവ് മേഖലയായി പ്രഖ്യാപിക്കുന്നതിനുള്ള കരട് വിജ്ഞാപന നിർദ്ദേശങ്ങൾ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ?

2018 ജൂലൈ-ആഗസ്റ്റ് മാസങ്ങളിൽ കേരളം അഭിമുഖീകരിച്ച പ്രളയക്കെടുതി പാരിസ്ഥിതിക ദുരന്തമായി വിലയിരുത്തപ്പെട്ടതാണ്. പരിസ്ഥിതിലോല/ദുർബ്ബല വനമേഖലയുടെ സമീപ പ്രദേശങ്ങളിലെ ഖനനവും അനിയന്ത്രിതമായ നിർമ്മാണ പ്രവർത്തനങ്ങളും കെടുതികൾക്ക് ആക്കം കൂട്ടിയിട്ടുണ്ട്. തുടർന്നുള്ള മൺസൂൺ കാലത്തുണ്ടായ മണ്ണിടിച്ചിലും മറ്റു വിപത്തുകളും ഇതിന് അടിവരയിടുന്നു. അതിനാൽ അനധികൃത നിർമ്മാണം, പുതിയ മലിനീകരണ വ്യവസായങ്ങൾ, ജനവാസ മേഖലകളിലെ അനിയന്ത്രിതമായ ക്വാറി തുടങ്ങിയവ നിയന്ത്രിക്കുന്നതിന് ഇക്കോ സെൻസിറ്റീവ് സോണിനെക്കുറിച്ച് പുതിയ തീരുമാനങ്ങളെടുക്കേണ്ടതായിവന്നു. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ ജീവൻ നഷ്ടപ്പെടുന്നതുൾപ്പെടെയുള്ള ഗുരുതര പാരിസ്ഥിതിക ദുരന്തങ്ങളുണ്ടാകുന്നത് കണക്കിലെടുത്ത് സംരക്ഷിത പ്രദേശങ്ങളോട് ചേർന്നുകിടക്കുന്ന മനുഷ്യവാസ കേന്ദ്രങ്ങളുൾപ്പെടെ സംരക്ഷിത പ്രദേശങ്ങൾക്കുചുറ്റും 0 മുതൽ 1 കി.മീ. വരെ ഇക്കോ സെൻസിറ്റീവ് സോൺ ആയി തത്വത്തിൽ

നിശ്ചയിച്ചുകൊണ്ട് കരട് വിജ്ഞാപന നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിന് 31-10-2019- ലെ സ.ഉ (കൈ) നം. 29/2019/വനം, പ്രകാരം അംഗീകാരം നൽകിയതിനെ തുടർന്നാണ് 19-12-2019-ൽ മനുഷ്യവാസ കേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള പ്രദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള കരട് വിജ്ഞാപന നിർദ്ദേശങ്ങൾ സർക്കാരിലേയ്ക്ക് സമർപ്പിച്ചത്. ഇപ്രകാരം ചീഫ് വൈൽഡ് ലൈഫ് വാർഡൻ 19-12-2019-ൽ സംസ്ഥാന സർക്കാരിലേയ്ക്കും സർക്കാരിൽനിന്നും 03-01-2020-ൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിലേയ്ക്കും നൽകിയ കത്തുകളുടെ പകർപ്പുകൾ അനുബന്ധം 1 ആയി ഉള്ളടക്കം ചെയ്യുന്നു +.

എന്നാൽ 28-09-2020-ൽ വനം വന്യജീവി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റുമുള്ള ഇക്കോ സെൻസിറ്റീവ് സോൺ പരിധിയിൽനിന്ന് ജനവാസ മേഖലകളെ ഒഴിവാക്കണമെന്ന പൊതുജനാഭിപ്രായം വിശദമായി ചർച്ച ചെയ്യുകയും കേരളത്തിലെ 23 ദേശീയോദ്യാന/വന്യജീവി സങ്കേതങ്ങളുടെ ചുറ്റുമുള്ള 0 മുതൽ 1 കി.മീ ദൂരം ഇക്കോ സെൻസിറ്റീവ് സോൺ ആയി പ്രഖ്യാപിക്കുമ്പോൾ പ്രസ്തുത പ്രദേശത്തുവരുന്ന ജനസാന്ദ്രത കൂടിയ

\+ നിയമസഭയുടെ ഒദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മേഖലകളെയും സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങൾ ഉൾക്കൊള്ളുന്ന പ്രദേശങ്ങളെയും ഒഴിവാക്കുന്നതിനും ആയതിലേയ്ക്കായി പ്രസ്തുത പ്രദേശങ്ങളുടെ പുതുക്കിയ ഭൂപടത്തോടുകൂടിയ കരട് ഭേദഗതി നിർദ്ദേശങ്ങൾ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയ്ക്ക് അയച്ചു കൊടുക്കുന്നതിനായി സർക്കാരിലേയ്ക്ക് സമർപ്പിക്കാൻ ചീഫ് വൈൽഡ് ലൈഫ് വാർഡനെ ചുമതലപ്പെടുത്തുകയും ചെയ്തു. ആയത് പ്രകാരം ജനവാസ മേഖലകളെ ഒഴിവാക്കി തയ്യാറാക്കി സമർപ്പിച്ച പ്രൊപ്പോസലുകളാണ് നിലവിൽ കേന്ദ്ര വനം പരിസഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലുള്ളത്.

(ബി) ഈ വിഷയത്തിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയവുമായി 2015 മുതൽ നടത്തിയിട്ടുള്ള കത്തിടപാടുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതുമായി ബന്ധപ്പെട്ട് വനം വകുപ്പ് 2015 മുതൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയവുമായി നടത്തിയിട്ടുള്ള കത്തിടപാടുകളുടെ പകർപ്പുകൾ അനുബന്ധം 2+ ആയി ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഇക്കോ സെൻസിറ്റീവ് സോണിൽ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ എന്തൊക്കെ നിയന്ത്രണങ്ങളാണ് ഉണ്ടാകുകയെന്ന് വിശദീകരിക്കുമോ?

കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ 09-02-2011-ലെ കത്ത് നം. F.No.1-9/2007 WL-1 (pt) പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് ഇക്കോ സെൻസിറ്റീവ് സോണിൽ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ നിരോധിക്കപ്പെടുന്നതും (prohibited) നിയന്ത്രിക്കപ്പെടുന്നതുമായ (regulated) പ്രവർത്തനങ്ങൾ അനുബന്ധം 3+ ആയി ചേർക്കുന്നു.

ഇതോടൊപ്പം മഴവെള്ള സംഭരണം, ജൈവ കൃഷി, ഹരിത സാങ്കേതികവിദ്യ സ്വീകരിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ പ്രോൽസാഹിപ്പിക്കാനും നിർദ്ദേശമുണ്ട്.

**കേരളത്തിലെ വനഭൂമിയിൽ നിന്നും പുറം മരങ്ങൾ ഒഴിവാക്കുന്നത്**

135 (910) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനഭൂമിയിൽ വച്ചുപിടിപ്പിച്ചിരിക്കുന്ന യൂക്കാലിപ്റ്റസ്, അക്കേഷ്യ, ഗ്രാന്റീസ് തുടങ്ങിയ മരങ്ങൾ പിഴുതുമാറ്റി കാട്ടുമരങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉണ്ട്.

(ബി) എങ്കിൽ എത്രമാത്രം സ്ഥലത്ത് ഇത് പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കുമോ?

സ്വാഭാവിക വന പുനഃസ്ഥാപന നയത്തിന്റെ ഭാഗമായി ഇതുവരെ 567.56 ഹെക്ടർ സ്ഥലത്തെ വ്യാവസായിക തോട്ടങ്ങൾ സ്വാഭാവിക വനങ്ങളാക്കാനുള്ള പ്രവൃത്തികൾ സ്വീകരിച്ചുതുടങ്ങിയിട്ടുണ്ട്.

(സി) കേരളത്തിലെ വനഭൂമിയിൽ നിന്നും എത്ര കാലയളവിനുള്ളിൽ പ്രസ്തുത മരങ്ങൾ ഒഴിവാക്കുന്നതിനായാണ് സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്; വിശദമാക്കുമോ?

കേരള വനം വകുപ്പിന് കീഴിലുള്ള 27,000 ഹെക്ടറോളം വ്യാവസായിക തോട്ടങ്ങൾ സ്വാഭാവിക വനമാക്കി മാറ്റുന്ന ബൃഹത് പദ്ധതി രണ്ട് പതിറ്റാണ്ടുകൊണ്ട് പൂർത്തീകരിക്കുന്നതാണെന്ന് 17.02.2021-ലെ സ.ഉ.(കൈ)നം.29/2021/വനം പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ള സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപന നയരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്.

## കണ്ണവം പോലീസ് സ്റ്റേഷന് വനംവകുപ്പിന്റെ സ്ഥലം

136 (911) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ കണ്ണവം പോലീസ് സ്റ്റേഷൻ നിർമ്മാണത്തിന് സ്ഥലം വിട്ടുനൽകുന്നതിനുവേണ്ടി വനംവകുപ്പിന് നൽകിയ അപേക്ഷയിൽ കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത സ്ഥലം വിട്ടുനൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

(എ&ബി) കണ്ണൂർ ഡിവിഷനു കീഴിലുള്ള കണ്ണവം റേഞ്ചിലുൾപ്പെട്ട 0.10926 Ha വനഭൂമി, കണ്ണവം പൊലീസ് സ്റ്റേഷൻ നിർമ്മാണത്തിനുവേണ്ടി പൊലീസ് വകുപ്പിന് കൈമാറുന്നതിന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ stage I, stage II അംഗീകാരങ്ങൾ ലഭ്യമാകുകയും തുടർന്ന് 1980- ലെ വനസംരക്ഷണ നിയമ പ്രകാരമുള്ള എല്ലാ നടപടികളും പൂർത്തിയാക്കി ടി ഭൂമി പൊലീസ് വകുപ്പിന് വിട്ടുനൽകിയിട്ടുള്ളതുമാണ്. തുടർന്ന് 0.1214 ha വനഭൂമി കൂടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് യൂസർ ഏജൻസിയായ District Police Chief, Kannur സമർപ്പിച്ച online

അപേക്ഷ മതിയായ ന്യായീകരണത്തിന്റെ അഭാവത്തിൽ നിരസിച്ചിട്ടുള്ളതാണ്. ടി വിവരം യൂസർ ഏജൻസിയെ അറിയിച്ചിട്ടുമുണ്ട്.

**പരിസ്ഥിതി ലോല മേഖല നിശ്ചയിക്കുന്നതിൽ സർക്കാർ നയം**

137 (912) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുപ്രീംകോടതി വിധിയുടെ പശ്ചാത്തലത്തിൽ പരിസ്ഥിതിലോല മേഖല നിശ്ചയിക്കുന്നതിലുള്ള സർക്കാർ നയം വ്യക്തമാക്കുമോ ?

സുപ്രീംകോടതിയുടെ 03-06-2022-ലെ വിധി വിലയിരുത്തുന്നതിനും തുടർനടപടികൾ ചർച്ച ചെയ്യുന്നതിനുമായി വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 08-06-2022-ന് അഡ്വക്കേറ്റ് ജനറലിനെക്കൂടി ഉൾപ്പെടുത്തി ഉന്നത ഉദ്യോഗസ്ഥരുടെ യോഗം ചേരുകയും സംരക്ഷിത പ്രദേശങ്ങളുടെ ഒരു കി.മീ. പരിധിയിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ വിവിധ സർക്കാർ ഏജൻസികളുടെ സഹായം തേടിക്കൊണ്ട് ശേഖരിക്കുന്നതിനും നിലവിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ മുമ്പാകെയുള്ള ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ

സുപ്രീംകോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി, അംഗീകാരം ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതിനും സുപ്രീംകോടതിയുടെ ഉത്തരവിന്മേൽ റിവ്യൂ പെറ്റീഷൻ സമർപ്പിക്കുന്നതിനും കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ കേന്ദ്ര സർക്കാരിനെയും കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും സുപ്രീംകോടതിയെയും ബോദ്ധ്യപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചു.

ടി യോഗ തീരുമാന പ്രകാരം, ഒരു കിലോ മീറ്റർ ESZ-ൽ ഉൾപ്പെടാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ വനാതിർത്തി പരിശോധിച്ചശേഷം ജനവാസകേന്ദ്രങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ ആശുപത്രികൾ, കൃഷിസ്ഥലങ്ങൾ, തോട്ടങ്ങൾ എന്നിവയുടെ വിശദാംശം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള, കേരള സംസ്ഥാന റിമോർട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്ററിനെ (KSREC) ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 03-06-2022-ലെ സുപ്രീംകോടതി ഉത്തരവിനെതിരെ റിവ്യൂ പെറ്റീഷൻ

സമർപ്പിക്കുന്നതിനായുള്ള നടപടി സ്വീകരിക്കുന്നതിനായി അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശംനൽകുകയും ജനവാസ മേഖലകൾ ഒഴിവാക്കിക്കൊണ്ടുള്ള പുതുക്കിയ ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ പരിഗണിച്ചുകൊണ്ട് സുപ്രീംകോടതി ഉത്തരവിലെ ഖണ്ഡിക 44(f) പ്രകാരമുള്ള നടപടികൾക്കായി കേന്ദ്ര എംപവേർഡ് കമ്മിറ്റിയേയും സുപ്രീംകോടതിയേയും സമീപിക്കുവാനായി കേന്ദ്ര സർക്കാരിലേയ്ക്ക് കത്തയയ്ക്കുകയും ചെയ്തിട്ടുണ്ട്.

(ബി) സംരക്ഷിത വനമേഖലയ്ക്ക് ചുറ്റുമുള്ള ഒരു കിലോമീറ്റർ പ്രദേശം പരിസ്ഥിതിലോല പ്രദേശമായി പ്രഖ്യാപിക്കണമെന്ന് 2019 ഒക്ടോബർ 23-ന് ചേർന്ന മന്ത്രിസഭായോഗം തീരുമാനിച്ചിരുന്നോ?

2018 ജൂലൈ-ആഗസ്റ്റ് മാസങ്ങളിൽ കേരളം അഭിമുഖീകരിച്ച പ്രളയക്കെടുതി പാരിസ്ഥിതിക ദുരന്തമായി വിലയിരുത്തപ്പെട്ടതാണ്. പരിസ്ഥിതിലോല/ദുർബല വനമേഖലയുടെ സമീപ പ്രദേശങ്ങളിലെ ഖനനവും അനിയന്ത്രിതമായ നിർമ്മാണ പ്രവർത്തനങ്ങളും കെടുതികൾക്ക് ആക്കം കൂട്ടിയിട്ടുണ്ട്. തുടർന്നുള്ള മൺസൂൺ കാലത്തുണ്ടായ മണ്ണിടിച്ചിലും മറ്റു വിപത്തുകളും ഇതിന് അടിവരയിടുന്നു. അതിനാൽ അനധികൃത നിർമ്മാണം,

പുതിയ മലിനീകരണ വ്യവസായങ്ങൾ, ജനവാസ മേഖലകളിൽ അനിയന്ത്രിതമായ ക്വാറി തുടങ്ങിയവ നിയന്ത്രിക്കുന്നതിന് ഇക്കോ സെൻസിറ്റീവ് സോണിനെക്കുറിച്ചുള്ള പുതിയ തീരുമാനങ്ങൾ എടുക്കേണ്ടതായിവന്നു. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ ജീവൻ നഷ്ടപ്പെടുന്നതുൾപ്പെടെയുള്ള ഗുരുതരമായ പാരിസ്ഥിതിക ദുരന്തങ്ങളുണ്ടാകുന്നത് കണക്കിലെടുത്ത് സംരക്ഷിത പ്രദേശങ്ങളോട് ചേർന്നുകിടക്കുന്ന മനുഷ്യവാസ കേന്ദ്രങ്ങളുൾപ്പെടെ സംരക്ഷിത പ്രദേശങ്ങൾക്കു ചുറ്റും 0 മുതൽ 1 കി.മീ വരെ ഇക്കോ സെൻസിറ്റീവ് സോൺ ആയി തത്വത്തിൽ നിശ്ചയിച്ചുകൊണ്ട് കരട് വിജ്ഞാപന നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിന് 31-10-2019-ലെ സർക്കാർ ഉത്തരവ് സ.ഉ. (കൈ) നമ്പർ.29/2019/വനം, പ്രകാരം അംഗീകാരം നൽകിയതിനെ തുടർന്നാണ് 19-12-2019-ൽ മനുഷ്യവാസ കേന്ദ്രങ്ങളുൾപ്പെടെയുള്ള പ്രദേശങ്ങൾ ഉൾപ്പെടുത്തികൊണ്ടുള്ള കരട് വിജ്ഞാപന നിർദ്ദശങ്ങൾ സമർപ്പിച്ചത്.

(സി) മന്ത്രിസഭാ തീരുമാനം എന്തുകൊണ്ടാണ് നിലനിൽക്കാത്തതെന്ന് വിശദമാക്കുമോ; പ്രസ്തുത തീരുമാനം റദ്ദ് ചെയ്തിരുന്നോ എന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത തീരുമാനം കേന്ദ്ര പരിസ്ഥിതി വകുപ്പിനു കീഴിലെ എംപവേർഡ് കമ്മിറ്റിക്ക് അയച്ചു കൊടുത്തോയെന്ന് വ്യക്തമാക്കുമോ?

(സി&ഡി) 28.09.2020-ൽ വനം-വന്യജീവി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റുമുള്ള ഇക്കോ സെൻസിറ്റീവ് സോൺ പരിധിയിൽനിന്ന് ജനവാസമേഖലകളെ ഒഴിവാക്കണമെന്ന പൊതുജനാഭിപ്രായം വിശദമായി ചർച്ച ചെയ്യുകയും കേരളത്തിലെ 23 ദേശീയോദ്യാന/വന്യജീവി സങ്കേതങ്ങളുടെ ചുറ്റുമുള്ള 0 മുതൽ 1 കി.മീ. ദൂരം ഇക്കോ സെൻസിറ്റീവ് സോൺ ആയി പ്രഖ്യാപിക്കുമ്പോൾ പ്രസ്തുത പ്രദേശത്തുവരുന്ന ജനസാന്ദ്രത കൂടിയ മേഖലകളെയും സർക്കാർ/ അർദ്ധസർക്കാർ/ പൊതുസ്ഥാപനങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന പ്രദേശങ്ങളെയും ഒഴിവാക്കുന്നതിനും ആയതിലേയ്ക്കായി പ്രസ്തുത പ്രദേശങ്ങളുടെ പുതുക്കിയ ഭൂപടത്തോടുകൂടിയ കരട് ഭേദഗതി നിർദ്ദേശങ്ങൾ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയ്ക്ക്

അയച്ചുകൊടുക്കുന്നതിനായി സർക്കാരിലേയ്ക്ക് സമർപ്പിക്കുവാൻ ചീഫ് വൈൽഡ് ലൈഫ് വാർഡനെ ചുമതലപ്പെടുത്തുകയും ചെയ്തു. ആയതുപ്രകാരം ജനവാസ മേഖലകൾ ഒഴിവാക്കി തയ്യാറാക്കി സമർപ്പിച്ച പ്രൊപ്പോസലുകളാണ് നിലവിൽ കേന്ദ്ര-വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലുള്ളത്.

(ഇ) ഒരു കിലോമീറ്റർ ദൂരപരിധി തിരുത്തുവാൻ വേണ്ടി കേന്ദ്ര വനം, പരിസ്ഥിതി, കാലാവസ്ഥ വ്യതിയാന വകുപ്പിന് നിർദേശങ്ങളും അഭിപ്രായങ്ങളും അറിയിച്ചിരുന്നോ ; വിശദവിവരം നൽകുമോ ?

03-06-2022-ലെ സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ, 08-06-2022-ന് വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഉന്നത ഉദ്യോഗസ്ഥരുടെ യോഗം ചേരുകയും സുപ്രീംകോടതി വിധിയിൽ നിർദ്ദേശിക്കുംപ്രകാരം സംരക്ഷിത പ്രദേശങ്ങളുടെ ഒരു കി.മീ. പരിധിയിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ വിവിധ സർക്കാർ ഏജൻസികളുടെ സഹായം തേടിക്കൊണ്ട് ശേഖരിക്കുന്നതിനും നിലവിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ മുമ്പാകെയുള്ള ഇക്കോ

സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ സുപ്രീംകോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി, അംഗീകാരം ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതിനും സുപ്രീംകോടതിയുടെ ഉത്തരവിന്മേൽ റിവ്യൂ പെറ്റീഷൻ സമർപ്പിക്കുന്നതിനും കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ കേന്ദ്ര സർക്കാരിനെയും കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും സുപ്രീംകോടതിയെയും ബോദ്ധ്യപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചു. ടി തീരുമാന പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ചു വരികയാണ്.

**ചേത്തയ്ക്കൽ റിസർവ് വനം**

138 (913) <u>ശ്രീ. വി. ആർ. സുനിൽകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫോറസ്റ്റ് കോഡ് പ്രകാരവും വന നിയമം 21, 26 വകുപ്പുകൾ പ്രകാരവും സംസ്ഥാനത്തെ റിസർവ് വനങ്ങളെ സംബന്ധിച്ച് സൂക്ഷിക്കേണ്ടതും സർക്കാരിലേയ്ക്ക് പകർപ്പ് സമർപ്പിക്കേണ്ടതും മാറ്റങ്ങൾ കാലാകാലങ്ങളിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമായ രജിസ്റ്റർ വനം വകുപ്പ് ആസ്ഥാനത്ത് ലഭ്യമാണോ?

കേരള ഫോറസ്റ്റ് കോഡ് പ്രകാരം ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഓഫീസിൽ സൂക്ഷിക്കേണ്ട രജിസ്റ്റർ വനം വകുപ്പ് ആസ്ഥാനത്ത് നടത്തിയ പ്രാഥമിക പരിശോധനയിൽ ലഭ്യമായിട്ടില്ല. പ്രസ്തുത കോഡ് പ്രകാരമുള്ള രജിസ്റ്റർ എല്ലാ ഡിവിഷനുകളിലും കൃത്യമായി രേഖപ്പെടുത്തി സൂക്ഷിച്ചുവരുന്നു. റിസർവ് വിജ്ഞാപനത്തിന്റെ പകർപ്പുകൾ പുരാവസ്തു വകുപ്പിൽനിന്നും വിവിധ ലൈബ്രറികളിൽനിന്നും ശേഖരിച്ച് വനം വകുപ്പ് ആസ്ഥാനത്തെ ഇൻഫർമേഷൻ ടെക്നോളജി വിഭാഗം ഡിജിറ്റൈസ് ചെയ്ത് സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) മേല്പറഞ്ഞ രേഖകളിൽനിന്നും പത്തനംതിട്ട ജില്ലയിലെ ചേത്തയ്ക്കൽ റിസർവ് വനം, റാന്നി റിസർവ് വനം എന്നിവയുടെ വന നിയമം 21, 26 വകുപ്പുകൾ പ്രകാരമുള്ള മാറ്റങ്ങൾ ഉൾപ്പെടുത്തിയ പകർപ്പ് ലഭ്യമാക്കുമോ?

പത്തനംതിട്ട ജില്ലയിലെ ചേത്തയ്ക്കൽ റിസർവ് വനം, റാന്നി റിസർവ് വനം എന്നിവിടങ്ങളിൽ വന നിയമം 21, 26 വകുപ്പുകൾ പ്രകാരം അതിർത്തികൾക്ക് മാറ്റം വരുത്തേണ്ട ആവശ്യകതയില്ല.

(സി) ചേത്തയ്ക്കൽ റിസർവിന്റെ എത്ര ഏക്കർ സ്ഥലമാണ് 13-04-1970-ലെ സർക്കാർ ഉത്തരവ് പ്രകാരം പതിച്ചുകൊടുക്കുന്നതിന് റവന്യൂ വകുപ്പിന് കൈമാറിയിട്ടുള്ളത്; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

13-04-1970-ലെ സ.ഉ.(എം.എസ്) 169/1970/അഗ്രി., പ്രകാരം 1400 ഏക്കർ വനഭൂമി ചേത്തയ്ക്കൽ റിസർവിൽനിന്നും റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു+.

(ഡി) ചേത്തയ്ക്കൽ റിസർവിൽപ്പെട്ട എത്ര ഹെക്ടർ സ്ഥലമാണ് നിലവിൽ വനംവകുപ്പിന്റെ കസ്റ്റഡിയിലും നിയന്ത്രണത്തിലുമുള്ളതെന്ന് അറിയിക്കുമോ?

റാന്നി വനം ഡിവിഷന്റെ നിലവിലെ വർക്കിംഗ് പ്ലാൻ (2014-15 മുതൽ 2023-24 വരെ) പ്രകാരം വനം വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ചേത്തയ്ക്കൽ റിസർവിന്റെ 2939.24 ഏക്കർ വനഭൂമിയും ചേത്തയ്ക്കൽ എക്സ്റ്റെൻഷൻ റിസർവിന്റെ 602 ഏക്കർ വനഭൂമിയും ഉൾപ്പെടെ റിസർവ് സ്റ്റാറ്റസുള്ള ആകെ 3541.24 ഏക്കർ വനഭൂമിയിൽ 1400 ഏക്കർ റവന്യൂ വകുപ്പിന്റെ കസ്റ്റഡിയിലും 629.473 ഏക്കർ റബ്ബർ ബോർഡിന്റെ കസ്റ്റഡിയിലുമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ഇക്കോ സെൻസിറ്റിവിറ്റി സോൺ

139 (914) ശ്രീ എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇക്കോ സെൻസിറ്റിവിറ്റി സോണുമായി ബന്ധപ്പെട്ട് ജനങ്ങൾക്ക് ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന ആശങ്കകൾ ദൂരീകരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

03-06-2022-ലെ സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ 08-06-2022-ന് വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഉന്നത ഉദ്യോഗസ്ഥരുടെ യോഗം ചേരുകയും സുപ്രീംകോടതിയുടെ വിധിയിൽ നിർദ്ദേശിക്കുന്ന പ്രകാരം സംരക്ഷിതപ്രദേശങ്ങളുടെ ഒരു കി.മീ. പരിധിയിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ വിവിധ സർക്കാർ ഏജൻസികളുടെ സഹായം തേടിക്കൊണ്ട് ശേഖരിക്കുന്നതിനും നിലവിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ മുമ്പാകെയുള്ള ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ സുപ്രീംകോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി അംഗീകാരം ലഭ്യമാക്കുന്നതിനായി കേന്ദ്ര

സർക്കാരിനോട് ആവശ്യപ്പെടുന്നതിനും സുപ്രീംകോടതിയുടെ ഉത്തരവിന്മേൽ റിവ്യൂ പെറ്റീഷൻ സമർപ്പിക്കുന്നതിനും കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ കേന്ദ്ര സർക്കാരിനെയും കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും സുപ്രീംകോടതിയെയും ബോദ്ധ്യപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചു. ടി യോഗ തീരുമാന പ്രകാരം, ഒരു കിലോ മീറ്റർ ESZ-ൽ ഉൾപ്പെടാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ വനാതിർത്തി പരിശോധിച്ചശേഷം ജനവാസകേന്ദ്രങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ ആശുപത്രികൾ, കൃഷിസ്ഥലങ്ങൾ, തോട്ടങ്ങൾ എന്നിവയുടെ വിശദാംശം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേരള സംസ്ഥാന റിമോർട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്ററിനെ (KSREC) ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 03-06-2022-ലെ സുപ്രീംകോടതി ഉത്തരവിനെതിരെ റിവ്യൂ പെറ്റീഷൻ സമർപ്പിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നതിനായി അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകുകയും ജനവാസമേഖലകൾ ഒഴിവാക്കിക്കൊണ്ടുള്ള പുതുക്കിയ ഇക്കോ സെൻസിറ്റീവ് സോൺ

പ്രൊപ്പോസലുകൾ പരിഗണിച്ചുകൊണ്ട് സുപ്രീംകോടതി ഉത്തരവിലെ ഖണ്ഡിക 44 (f) പ്രകാരമുള്ള നടപടികൾക്കായി കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും സുപ്രീംകോടതിയെയും സമീപിക്കുവാനായി കേന്ദ്ര സർക്കാരിലേയ്ക്ക് കത്തയയ്ക്കുകയും ചെയ്തിട്ടുണ്ട്.

സംരക്ഷിത മേഖലയ്ക്കുചുറ്റും ഒരു കി.മീ. (ഇക്കോ സെൻസിറ്റീവ് സോൺ) വേണമെന്ന വ്യവസ്ഥയിൽ കേരളത്തിന് പ്രത്യേക ഇളവ് വേണമെന്ന് കേന്ദ്ര വനം സഹമന്ത്രി ശ്രീ.അശ്വനി കുമാർ ചൗബെയോട് 18-06-2022-ന് നടന്ന ചർച്ചയിൽ കേരള വനം വകുപ്പ് ആവശ്യപ്പെട്ടിരുന്നു. ഇതര സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമായ സാഹചര്യമാണ് കേരളത്തിലേതെന്ന് ചൂണ്ടിക്കാട്ടിയാണ് അവലോകന യോഗത്തിൽ കേരള വനം വകുപ്പ് ഇളവിന് അഭ്യർത്ഥിച്ചത്. സംസ്ഥാനം ജനവാസ മേഖലകളെ ഒഴിവാക്കി പരിഷ്കരിച്ച ശിപാർശ നൽകിയിട്ടുണ്ട്. ഇത് പരിഗണിച്ച് അന്തിമ വിജ്ഞാപനം ഇറക്കേണ്ടതായിട്ടുണ്ട്. വിദഗ്ദ്ധ സമിതി യോഗങ്ങൾ ഉൾപ്പെടെയുള്ളവ പൂർത്തിയാക്കിയാണ് ശിപാർശ നൽകിയതെന്ന് വനം വകുപ്പ് കേന്ദ്ര വനം സഹമന്ത്രിയെ അറിയിച്ചിട്ടുണ്ട്.

## ബഫർ സോൺ

140 (915) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. എ. പി . അനിൽ കുമാർ:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗസങ്കേതങ്ങൾക്കും ദേശീയോദ്യാനങ്ങൾക്കും ചുറ്റും ഒരു കിലോമീറ്റർ ബഫർസോൺ ആയി പ്രഖ്യാപിച്ച സുപ്രീംകോടതി വിധി നടപ്പാക്കുന്നതോടുകൂടി വനാതിർത്തികളിലുള്ള മലയോര കർഷകരുടെ കൃഷിഭൂമി വനം വകുപ്പിന്റെ നിയന്ത്രണങ്ങൾക്കും നിരോധനങ്ങൾക്കും വിധേയമായിത്തീരുമെന്ന ആക്ഷേപം വസ്തുതാപരമാണോ; വിശദാംശം നൽകുമോ?

കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ 09.02.2011-ലെ കത്ത് നം.F No.1-9/2007 WL-1 (pt) പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ഇക്കോ സെൻസിറ്റീവ് സോണിൽ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ നിരോധിക്കപ്പെടുന്നതും (Prohibited) നിയന്ത്രിക്കപ്പെടുന്നതുമായ (Regulated) പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു+. ഇതോടൊപ്പം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മഴവെള്ള സംഭരണം, ജൈവകൃഷി, ഹരിത സാങ്കേതികവിദ്യ സ്വീകരിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കാനും നിർദ്ദേശമുണ്ട്. ആയതിനാൽ ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതുമൂലം മലയോര കർഷകരുടെ കൃഷിഭൂമി വനം വകുപ്പിന്റെ നിയന്ത്രണങ്ങൾക്കും നിരോധനങ്ങൾക്കും വിധേയമാകുമെന്ന ആക്ഷേപം വസ്തുതാപരമല്ല.

(ബി) ബഫർ സോണിൽ ഏതൊക്കെ കൃഷി നടത്താമെന്നത് സംബന്ധിച്ച് വനം വകുപ്പിന്റെ അനുമതി ആവശ്യമുണ്ടോ; എങ്കിൽ ഇതിനായി വനംവകുപ്പ് എന്തെങ്കിലും മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

സംരക്ഷിത പ്രദേശങ്ങൾക്കുചുറ്റും ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നത് സംബന്ധിച്ച് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം നാളിതുവരെ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളിലോ ഉത്തരവുകളിലോ കൃഷി നടത്തുന്നതിന് വനം വകുപ്പിന്റെ അനുമതി വേണമെന്ന നിബന്ധന ഉൾപ്പെടുന്നില്ല. 09-02-2011-ൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം ഈ വിഷയത്തിൽ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളിൽ ജൈവകൃഷി, ഹരിത സാങ്കേതികവിദ്യ സ്വീകരിക്കൽ എന്നിവയെ പ്രോത്സാഹിപ്പിക്കണമെന്ന്

നിർദ്ദേശിക്കുന്നുണ്ട്. ഇക്കോ സെൻസിറ്റീവ് സോണിൽ കൃഷി നടത്തുന്നത് സംബന്ധിച്ച് സംസ്ഥാന വനം വകുപ്പ് നാളിതുവരെ പ്രത്യേകമായി മാർഗ്ഗനിർദ്ദേശങ്ങളൊന്നുംതന്നെ തയ്യാറാക്കിയിട്ടില്ല.

(സി) ബഫർസോൺ മേഖലയായി നിലവിൽ വിജ്ഞാപനം ചെയ്തിട്ടുള്ള സ്ഥലങ്ങളിൽ കൃഷി അനുവദിച്ചിട്ടുണ്ടോ; പ്രസ്തുത കാർഷിക വിളകൾ വിളവെടുത്ത് വിൽപ്പന നടത്തുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ?

ഇക്കോ സെൻസിറ്റീവ് സോണായി വിജ്ഞാപനം ചെയ്യപ്പെടുന്ന പ്രദേശങ്ങളിൽ കൃഷി നടത്തുന്നതിനോ കാർഷിക വിളകൾ വിളവെടുത്ത് വിൽപ്പന നടത്തുന്നതിനോ നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ/ഉത്തരവുകൾ പ്രകാരം തടസ്സങ്ങളൊന്നും ഏർപ്പെടുത്തിയിട്ടില്ല.

(ഡി) ബഫർസോൺ വിഷയത്തിൽ കർഷകരുടെ താല്പര്യങ്ങളും അവകാശങ്ങളും സംരക്ഷിക്കുന്ന രീതിയിൽ സെൻട്രൽ എംപവർ കമ്മിറ്റിയിൽ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

03-06-2022-ലെ സുപ്രീംകോടതി വിധി വിലയിരുത്തുന്നതിനും തുടർനടപടികൾ ചർച്ച ചെയ്യുന്നതിനുമായി 08-06-2022-ന് വനം

വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ അഡ്വക്കേറ്റ് ജനറലിനെക്കൂടി ഉൾപ്പെടുത്തി ഉന്നത ഉദ്യോഗസ്ഥരുടെ യോഗം ചേരുകയും സംരക്ഷിത പ്രദേശങ്ങളുടെ ഒരു കി.മീ, പരിധിയിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ വിവിധ സർക്കാർ ഏജൻസികളുടെ സഹായം തേടിക്കൊണ്ട് ശേഖരിക്കുന്നതിനും നിലവിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ മുമ്പാകെയുള്ള ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ സുപ്രീംകോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി അംഗീകാരം ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതിനും സുപ്രീംകോടതിയുടെ ഉത്തരവിന്മേൽ റിവ്യൂ പെറ്റീഷൻ സമർപ്പിക്കുന്നതിനും കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ കേന്ദ്ര സർക്കാരിനെയും കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും സുപ്രീംകോടതിയെയും ബോദ്ധ്യപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചു. ടി തീരുമാന പ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ചുവരികയാണ്.

## "വിദ്യാവനം" പദ്ധതി

141 (916) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) "വിദ്യാവനം" പദ്ധതിയിലൂടെ എത്ര വൃക്ഷത്തൈകളാണ് ഈ വർഷം നട്ടിട്ടുള്ളത്; വിശദമാക്കുമോ?

"വിദ്യാവനം"പദ്ധതിയിലൂടെ ഈ വർഷം 16,429 വൃക്ഷത്തൈകളാണ് നട്ടിട്ടുള്ളത്.

(ബി) എത്ര സ്കൂളുകളാണ് ഈ പദ്ധതിയുടെ ഭാഗമായതെന്ന് വിശദമാക്കുമോ?

ഈ വർഷം 28 സ്കൂളുകളാണ് 100 ദിന പരിപാടിയിലുൾപ്പെടുത്തി ഈ പദ്ധതിയുടെ ഭാഗമായത്.

## കാട്ടാക്കട നിയോജകമണ്ഡലത്തിൽ 100 ചെറുവനങ്ങൾ നിർമ്മിക്കുന്ന പദ്ധതി

142 (917) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജകമണ്ഡലത്തിൽ 100 ചെറുവനങ്ങൾ നിർമ്മിക്കുന്ന പദ്ധതിക്ക് സംസ്ഥാന ബഡ്ജറ്റിൽ ഇരുപത് ശതമാനം തുക വകയിരുത്തിയതിന്റെ തുടർനടപടികൾ എന്തായെന്ന് വിശദമാക്കുമോ; ഇതുസംബന്ധിച്ച പ്രൊപ്പോസൽ തയ്യാറാക്കപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

കാട്ടാക്കട നിയോജകമണ്ഡലത്തിൽ 100 ചെറുവനങ്ങൾ നിർമ്മിക്കുന്ന പദ്ധതിയുടെ ഭാഗമായി വിദ്യാവനം നിർമ്മിക്കുന്നതിന് ചുവടെ ചേർത്തിരിക്കുന്ന 12 സ്കൂളുകൾ തെരഞ്ഞെടുത്തിട്ടുണ്ട്.

1. മലയിൻകീഴ് വി.എച്ച്.എസ്.എസ്

2. മഞ്ചാടി എൽ.പി.എസ്

3. എച്ച്.എസ്. ബാലരാമപുരം

4. കണ്ടല എച്ച്.എസ്

5. ഡി.എൻ.എം.എൻ എം.എച്ച് എസ്.എസ്.മാറനല്ലൂർ

6. കുരുതംകോട് എൽ.പി.എസ്. കാട്ടാക്കട

7. സെന്റ് സേവ്യേഴ്സ് എച്ച്.എസ്.എസ്.പേയാട്

8. എൽ.പി.എസ്. പുന്നാവൂർ

9. കുഴിവിള പി.വി.എൽ.പി.എസ്.പള്ളിയ്ക്കൽ

10. റസ്സൽപുരം യു.പി.എസ്

11. വിളപ്പിൽശാല യു.പി.എസ്

12. ഏഴക്കോട് യു.പി.എസ്. വിളവൂർക്കൽ

ആയത് സംബന്ധിച്ച പ്രൊപ്പോസൽ തയ്യാറാക്കുന്നതിനുവേണ്ടി സ്കൂൾ അധികൃതരുമായുള്ള ചർച്ചകൾ പുരോഗമിച്ചുവരികയാണ്.

**വിദ്യാവനം പദ്ധതി**

143 (918) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ഏതെല്ലാം സ്കൂളുകളിലാണ് വിദ്യാവനം പദ്ധതി നടപ്പാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

പാലക്കാട് ജില്ലയിൽ 2020-21 വർഷത്തിൽ DMSB സ്കൂൾ കക്കയൂർ, ഗവൺമെന്റ് ടെക്നിക്കൽ എച്ച്. എസ്, മരുതുർ റോഡ്, പാലക്കാട് എന്നീ സ്കൂളുകളിലും 2021-22 വർഷത്തിൽ മൗണ്ട് കാർമൽ യു. പി. എസ്,

ജെല്ലിപ്പാറ, അഗളി, VPAUP സ്കൂൾ കണ്ടൂർക്കുന്ന് എന്നീ സ്കൂളുകളിലും 2022-23 വർഷത്തിൽ കല്ലടി എച്ച്. എസ്. എസ്, കുമരംപുത്തൂർ, എം. ഇ. എസ്. എച്ച്. എസ്. എസ് മണ്ണാർക്കാട് എന്നീ സ്കൂളുകളിലും വിദ്യാവനം പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്നതിനുള്ള മാനദണ്ഡവും നടപടിക്രമങ്ങളും വ്യക്തമാക്കുമോ?

ഒരു വിദ്യാവനത്തിന് ഏറ്റവും കുറഞ്ഞത് 5 സെന്റ് സ്ഥലം ആവശ്യമാണ്. ടി സൗകര്യമുള്ളതും ഫോറസ്ട്രി ക്ലബുകൾ സജീവമായി പ്രവർത്തിക്കുകയും സ്കൂൾ മേലധികാരി സമ്മതം അറിയിക്കുകയും ചെയ്യുന്ന സ്കൂളുകളെ വിദ്യാവനം പദ്ധതിക്കായി തിരഞ്ഞെടുക്കുന്നു. വനം വകുപ്പ് ഒരു വിദ്യാവനത്തിന് ചെലവുകൾക്കായി പരമാവധി രണ്ട് ലക്ഷം രൂപ നൽകിവരുന്നു.

(സി) പ്രസ്തുത പദ്ധതി കൂടുതൽ സ്കൂളുകളിൽ നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

വിദ്യാവനം പദ്ധതി വിപുലമാക്കുന്നതിനായി ഫീൽഡ്തലത്തിൽ സ്കൂളുകളിൽ സ്ഥലപരിശോധനയും ചർച്ചയും നടത്തി സ്കൂൾ അധികാരികളുടെ സമ്മതത്തോടുകൂടി പദ്ധതി നടപ്പാക്കിവരുന്നു.

**ഇരിക്കൂർ മണ്ഡലത്തിലെ സാമൂഹ്യവനവത്കരണം പദ്ധതി**

144 (919) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിൽ സാമൂഹ്യവനവത്കരണ പദ്ധതി എത്ര വിസ്തൃതിയിൽ നടപ്പാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ?

സാമൂഹ്യവനവൽക്കരണ പദ്ധതി പ്രകാരം പഞ്ചായത്തുകൾക്കും മറ്റ് പൊതുസ്ഥാപനങ്ങൾക്കും സൗജന്യമായി തൈകൾ വിതരണം ചെയ്ത് വരുന്നു. ഈ വർഷം മുതൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം പഞ്ചായത്തുകളാണ് തൈകൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നത്. 2019 മുതൽ ഇതുവരെ സാമൂഹിക വനവൽക്കരണ പദ്ധതി പ്രകാരം 52,655 വൃക്ഷത്തൈകൾ ടി മണ്ഡലത്തിലെ വിവിധ സ്ഥാപനങ്ങൾക്കും സ്കൂൾ, കോളേജുകൾക്കും നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി ഏതൊക്കെ പ്രദേശങ്ങളിലാണ് നടപ്പാക്കിയതെന്ന് അറിയിക്കുമോ?

കണ്ണൂർ സോഷ്യൽ ഫോറസ്ട്രി റെയിഞ്ചിൽപ്പെട്ട ഇരിക്കൂർ ബ്ലോക്കിൽ പഞ്ചായത്ത് നഴ്സറികൾക്ക് ആവശ്യമായ വിത്തുകളും സാങ്കേതിക സഹായവും ഈ വർഷം നൽകിയിട്ടുണ്ട്. ടി ബ്ലോക്കിൽ ഉൾപ്പെടുന്ന താഴെപ്പറയുന്ന പഞ്ചായത്തുകളിൽ മഹാത്മാഗാന്ധി ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നഴ്സറികൾ എടുത്ത് താഴെ കൊടുത്തിട്ടുള്ള പ്രകാരം തൈകൾ പ്ലാന്റ് ചെയ്തുവരുന്നു.

| | | |
|---|---|---|
| മലപ്പട്ടം ഗ്രാമപഞ്ചായത്ത് | - | 2282 തൈകൾ. |
| കല്യാട് ഗ്രാമപഞ്ചായത്ത് | - | 11,550 തൈകൾ. |
| പയ്യാവൂർ ഗ്രാമപഞ്ചായത്ത് | - | 2,345 തൈകൾ. |
| എരുവേശ്ശി ഗ്രാമപഞ്ചായത്ത് | - | 1,069 തൈകൾ. |
| കുറ്റ്യാട്ടൂർ ഗ്രാമപഞ്ചായത്ത് | - | 1,201 തൈകൾ. |
| മയ്യിൽ ഗ്രാമപഞ്ചായത്ത് | - | 1,797 തൈകൾ |

(സി) പ്രസ്തുത പദ്ധതിയിൽ ഈ മണ്ഡലത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്ന പ്രദേശങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കുമോ?

മേൽ പ്രസ്താവിച്ച സ്ഥലങ്ങളിലാണ് ഇപ്പോൾ പദ്ധതി നടപ്പാക്കിവരുന്നത്. പദ്ധതിയിൽ കൂടുതൽ സ്ഥലങ്ങൾ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് തീരുമാനമെടുക്കേണ്ടത്.

## സാമൂഹ്യ വനവത്കരണം

145 (920) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ വനവിസ്തൃതി വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ആലപ്പുഴ ജില്ലയിലെ പുറക്കാട് വില്ലേജിൽ ഗാന്ധിസ്മൃതിവനം 174.7914 ഹെക്ടർ ഭൂമി റിസർവ് വനമായി പ്രഖ്യാപിക്കുന്നതിന്റെ ഭാഗമായി 1961-ലെ കേരള വനനിയമം നാലാം വകുപ്പ് പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ വനത്തിനുപുറത്ത് വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിനായി ഹരിതകേരളം പദ്ധതിപ്രകാരം തൈകൾ

ഉത്പാദിപ്പിച്ച് വിതരണം ചെയ്തിട്ടുണ്ട്. വഴിയോരത്തണൽ, ബ്ലോക്ക് പ്ലാന്റിംഗ്, ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ്, നഗരവനം, വിദ്യാവനം, തീരവനം എന്നീ പദ്ധതികളും നടപ്പാക്കിവരുന്നു. കൂടാതെ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നവർക്ക് ധനസഹായം നൽകുന്ന പദ്ധതിയും നിലവിലുണ്ട്.

(ബി) കാവും കുളവും സംരക്ഷിക്കുന്നതിന് സാമൂഹ്യ വനവത്ക്കരണ വിഭാഗം സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

24-12-2016-ലെ സ.ഉ. (സാധാ) നമ്പർ. 485/16/വനം, പ്രകാരം കാവുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി പദ്ധതി നിലവിലുണ്ട്. പ്രസ്തുത ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി ജൈവവൈവിദ്ധ്യ സംരക്ഷണത്തിന്റെ ഭാഗമായി കാവുകളുടെ സംരക്ഷണ പുനരുദ്ധാരണ പദ്ധതിയിലുൾപ്പെടുത്തി ഫണ്ട് ലഭ്യതയനുസരിച്ച് ജില്ലാടിസ്ഥാനത്തിൽ തെരെഞ്ഞെടുക്കപ്പെടുന്ന കാവുകൾക്ക് എല്ലാ വർഷവും ധനസഹായം നൽകിവരുന്നു. ടി പദ്ധതി പ്രകാരം കാവുകളുടെ സംരക്ഷണ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുന്നതിലേയ്ക്കായി അപേക്ഷ ക്ഷണിച്ചുകൊണ്ട് പത്രക്കുറിപ്പ് നൽകുകയും വിപുലമായ പ്രചാരം നൽകിവരുകയും ചെയ്യുന്നു. അപ്രകാരം ലഭ്യമാകുന്ന അപേക്ഷകളിൽ

സ്ഥലപരിശോധന നടത്തി ഏറ്റവും അനുയോജ്യമായതും നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കുന്നതുമായ നിശ്ചിതഎണ്ണം (സാധാരണയായി ഒരു ജില്ലയിൽനിന്നും ഒരു സാമ്പത്തിക വർഷം 5 കാവുകൾക്ക്) കാവുകളുടെ പേരുവിവരങ്ങൾ സംസ്ഥാനതല വിദഗ്ദ്ധ സമിതിക്ക് സമർപ്പിക്കുന്നു. ആയതിൽനിന്നും സംസ്ഥാനതല വിദഗ്ദ്ധ സമിതി തെരഞ്ഞെടുക്കുന്ന കാവുകൾ അടുത്ത 5 വർഷത്തെ പ്രവർത്തന വിവരങ്ങൾ അടങ്ങിയതും നിശ്ചിത മാനദണ്ഡ പ്രകാരമുള്ളതുമായ സൂക്ഷ്മാസൂത്രണരേഖ തയ്യാറാക്കി സമർപ്പിക്കുകയും ആയത് അംഗീകരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ വനം വകുപ്പുമായി ചേർന്ന് ധാരണാപത്രം ഒപ്പുവയ്ക്കുകയും തുടർന്ന് ടി കാവുകൾക്ക് അടുത്ത 5 വർഷത്തേയ്ക്ക് ദീർഘകാലാടിസ്ഥാനത്തിൽ ധനസഹായം നൽകിവരികയും ചെയ്യുന്നു.

**റിംഗ് ചെക്ക്ഡാം നിർമ്മിക്കുന്നതിനുള്ള അനുമതി**

146 (921) <u>ശ്രീ. കെ. പി. മോഹനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് മണ്ഡലത്തിലെ മുണ്ടയാട് കോളനിയിലെ ആദിവാസികളുടെ കുടിവെള്ളക്ഷാമത്തിന് പരിഹാരം കാണുന്നതിന്

മുണ്ടയാട് തോട്ടിൽ റിംഗ് ചെക്ക്ഡാം നിർമ്മിക്കുന്നതിന് ഭൂജലവകുപ്പ് അനുമതിക്കായി സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ച നടപടിയുടെ പുരോഗതി വിശദമാക്കുമോ;

(ബി) ഇത്തരം ആവശ്യങ്ങൾക്ക് വനംവകുപ്പിന്റെ അനുമതിക്കുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കുമോ?

(എ&ബി) കൂത്തുപറമ്പ് മണ്ഡലത്തിലെ മുണ്ടയാട് കോളനിയിലെ ആദിവാസികളുടെ കുടിവെള്ളക്ഷാമത്തിന് പരിഹാരം കാണുന്നതിന് മുണ്ടയാട് തോട്ടിൽ റിംഗ് ചെക്ക്ഡാം നിർമ്മിക്കുന്നതിനുള്ള അനുമതിക്കായി 1980-ലെ വനസംരക്ഷണ നിയമം അനുശാസിക്കുന്നതരത്തിൽ കേന്ദ്ര സർക്കാരിന്റെ പരിവേഷ് പോർട്ടിൽ ഭൂജലവകുപ്പ് അപേക്ഷകളൊന്നും സമർപ്പിച്ചിട്ടില്ല.

ഇത്തരം ആവശ്യങ്ങളുമായി ബന്ധപ്പെട്ട് വനഭൂമി വനേതര ആവശ്യത്തിന് കൈമാറുന്നതിന്, 1980 ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്ട് വിവക്ഷിക്കുന്നവിധത്തിൽ കേന്ദ്ര സർക്കാരിന്റെ വെബ്സൈറ്റായ പരിവേഷ് പോർട്ടലിൽ യൂസർ ഏജൻസി അപേക്ഷ അപ്‌ലോഡ് ചെയ്യേണ്ടതാണ്. ആയത് വിവിധതലങ്ങളിൽ പരിശോധിച്ച് സംസ്ഥാന

സർക്കാരിന്റെ ശിപാർശയോടുകൂടി കേന്ദ്ര വനം-പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന്റെ അനുമതി നേടേണ്ടതായിട്ടുണ്ട്. എന്നാൽ പൊതുജനോപയോഗത്തിന് അത്യന്താപേക്ഷിതമായ ഇത്തരം പദ്ധതികൾക്ക് വനഭൂമി ഒരു ഹെക്ടറിന് താഴെയാണെങ്കിൽ കേന്ദ്ര സർക്കാരിന്റെ ജനറൽ അപ്രൂവലിന് കീഴിൽ സംസ്ഥാന സർക്കാരിന് അനുവാദം നൽകാവുന്നതാണ്.

## സസ്യജാലങ്ങളുടെയും കണ്ടൽക്കാടുകളുടെയും സംരക്ഷണം

147 (922) ശ്രീ. എ. എൻ. ഷംസീർ:
ശ്രീമതി ദെലീമ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കടൽത്തീര ശോഷണത്തിന്റെയും രൂക്ഷമായിക്കൊണ്ടിരിക്കുന്ന കടലാക്രമണത്തിന്റെയും പശ്ചാത്തലത്തിൽ നദീതീര സ്വാഭാവിക സസ്യജാലങ്ങളും കണ്ടൽക്കാടുകളും സംരക്ഷിക്കുന്നതിന് വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ആലപ്പുഴ ജില്ലയിൽ 2007 വർഷത്തിൽ ആലപ്പുഴ ബീച്ച് മുതൽ പുന്നപ്ര വരെ തോട്ടപ്പള്ളി പൊഴിമുഖത്തും മാരാരിക്കുളം വടക്ക് പഞ്ചായത്തിലെ കുറ്റ്യാടി കടപ്പുറത്തും കാറ്റാടിത്തൈകൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. കൂടാതെ 2021 വർഷത്തിൽ മാരാരിക്കുളം വടക്ക് പഞ്ചായത്ത് അതിർത്തിവരെ ഒരു ലക്ഷം കാറ്റാടിത്തൈകൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിലെ തീരവനം പദ്ധതിയുടെ ഭാഗമായി ചേറായി, വളപ്പ് എന്നീ സ്ഥലങ്ങളിൽ കാറ്റാടിത്തൈകൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. 2017-18-ൽ ചാപ്പാ ബീച്ചിലും 2021-22 വർഷത്തിൽ മാലിപ്പുറത്തും കാറ്റാടിതൈകൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്.

കണ്ടൽക്കാടുകളെ സംരക്ഷിക്കാനായി വനം വകുപ്പ് വിവിധ പദ്ധതികൾ നടത്തിവരുന്നുണ്ട്. 2006-07 വർഷം മുതൽ കേന്ദ്ര സഹായത്തോടെ വേമ്പനാട്, കണ്ണൂർ ഭാഗങ്ങളിലെ കണ്ടൽക്കാടുകളുടെ സംരക്ഷണത്തിനായുള്ള പദ്ധതി നടപ്പാക്കിയിട്ടുണ്ട്. Conservation and Management of Mangroves (60 % CSS) എന്ന പ്രസ്തുത കേന്ദ്രാവിഷ്കൃത പദ്ധതിപ്രകാരം വേമ്പനാട്, കണ്ണൂർ മേഖലകളിൽ കണ്ടൽ സംരക്ഷണ പ്രവൃത്തികൾ നടത്തിവരുന്നു. ടി പദ്ധതിപ്രകാരം കണ്ടൽത്തൈകളും തീരപ്രദേശങ്ങളിൽ നട്ടുപിടിപ്പിക്കാവുന്ന അനുബന്ധ തൈകളായ കാറ്റാടി, രാമച്ചം, പൂവരശ്ശ് എന്നിവയും വനം വകുപ്പ് ഉത്പാദിപ്പിച്ച് നേരിട്ട്

നട്ടുപിടിപ്പിക്കുകയും കൂടാതെ നട്ടുപിടിപ്പിക്കുന്നതിനായി പൊതുജനങ്ങൾക്ക് വിതരണം ചെയ്യുകയും ചെയ്യുന്നു. കൂടാതെ കണ്ടൽച്ചെടി നടുന്നവർക്കും സംരക്ഷിക്കുന്നവർക്കും പ്രോൽസാഹനമായി പ്രസ്തുത സ്കീമിൽ ഉൾപ്പെടുത്തി കുടിവെള്ള വിതരണം, ഗ്യാസ് കണക്ഷൻ, ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം, മീൻകുഞ്ഞുങ്ങളുടെ വിതരണം എന്നീ പ്രവൃത്തികളും നടത്തിവരുന്നു. സ്വകാര്യ വ്യക്തികൾക്ക് സ്വകാര്യ ഭൂമിയിലെ കണ്ടൽ സംരക്ഷിക്കുന്നതിനായി ഏക്കറിന് 4000/- രൂപ നിരക്കിൽ 24/12/16-ലെ സ.ഉ(സാധാ) നമ്പർ.485/16/വനം പ്രകാരമുള്ള മാനദണ്ഡങ്ങൾക്കനുസരിച്ച് ധനസഹായം നൽകിവരുന്നു. കണ്ടൽക്കാടുകളെ സംരക്ഷിക്കുന്നതിന്റെ പ്രാധാന്യം ജനങ്ങളിലും കുട്ടികളിലും എത്തിക്കുന്നതിലേയ്ക്കായി സെമിനാറുകളും ബോധവൽക്കരണ ക്ലാസ്സുകളും നടത്തിവരുന്നുണ്ട്. കൂടാതെ വനംവകുപ്പിന്റെ പ്രസിദ്ധീകരണമായ 'അരണ്യം' മുഖേനയും കണ്ടലിന്റെ പ്രാധാന്യത്തെപ്പറ്റി ബോധവൽക്കരണം നടത്തുന്നുണ്ട്.

(ബി) കൺസർവേഷൻ ആന്റ് മാനേജ്മെന്റ് ഓഫ് മാൻഗ്രോവ്സ് പദ്ധതി പ്രകാരം വേമ്പനാട്ട് കായൽത്തീരത്തും കണ്ണൂരിലെ വിവിധ ഭാഗങ്ങളിലും കണ്ടൽക്കാടുകളുടെ സംരക്ഷണത്തിനായി കേന്ദ്ര സഹായത്തോടെ നടത്തിവരുന്ന പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ?

കൺസർവേഷൻ ആന്റ് മാനേജ്മെന്റ് ഓഫ് മാൻഗ്രോവ്സ് വ പദ്ധതി പ്രകാരം 2019-20 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സംസ്ഥാന വിഹിതമായി ആകെ 178.19 ലക്ഷം രൂപ (60:40 CSS) ലഭിക്കുകയും ആയത് വേമ്പനാട്ട് കായൽത്തീരത്തും കണ്ണൂരിലെ വിവിധ ഭാഗങ്ങളിലും കണ്ടൽക്കാടുകളുടെ സംരക്ഷണത്തിനായി വിനിയോഗിക്കുകയും ചെയ്തിരുന്നു. ടി പദ്ധതി പ്രകാരം 2019-20 വർഷം വേമ്പനാട് മേഖലയിൽ 209000 കണ്ടൽത്തൈകൾ, തീരപ്രദേശങ്ങളിൽ നട്ടുപിടിപ്പിക്കാവുന്ന 151000 കണ്ടൽ അനുബന്ധ തൈകൾ, 40500-രാമച്ചത്തൈകൾ എന്നിവ ഉത്പാദിപ്പിച്ച് വിതരണം ചെയ്തിട്ടുണ്ട്. കണ്ണൂർ മേഖലയിൽ ടി വർഷം 75000 കണ്ടൽത്തൈകൾ, 140000 കണ്ടൽ അനുബന്ധ തൈകൾ, 25,000 രാമച്ചത്തൈകൾ, 53,000 കാറ്റാടിത്തൈകൾ എന്നിവ ഉൽപാദിപ്പിച്ച് വിതരണം ചെയ്തിട്ടുണ്ട്. 10 ബയോഗ്യാസ് പ്ലാന്റുകൾ അർഹരായ തദ്ദേശീയർക്ക് അനുവദിച്ചിട്ടുണ്ട്. 2020-21, 2021-22 വർഷങ്ങളിൽ ഈ പദ്ധതിക്ക് കേന്ദ്ര അനുമതി ലഭിച്ചില്ല.

(സി) അതത് പ്രദേശത്തിനനുയോജ്യമായ കണ്ടൽക്കാടുകളും തീരപ്രദേശങ്ങളിൽ നട്ടുപിടിപ്പിക്കാവുന്ന തൈകളും ഉല്പാദിപ്പിച്ച്

നട്ടുപിടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് വകുപ്പ് നേരിട്ട് നടത്തിവരുന്ന പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ;

(ഡി) പൊതു ഉടമസ്ഥതയിലും ലഭ്യമായ മറ്റ് ഉചിത സ്ഥലങ്ങളിലും വകുപ്പും തീരദേശവാസികളും സന്നദ്ധ സംഘടനകളും ചേർന്ന് പൊതുജന പങ്കാളിത്തത്തോടെ കണ്ടൽ വനവത്കരണ പദ്ധതി വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

(സി& ഡി) കൺസർവേഷൻ ആന്റ് മാനേജ്മെന്റ് ഓഫ് മാൻഗ്രോവ്സ് പദ്ധതി പ്രകാരം വനം വകുപ്പ് കണ്ടൽത്തൈകളും തീരപ്രദേശങ്ങളിൽ നട്ടുപിടിപ്പിക്കാവുന്ന അനുബന്ധ തൈകളായ കാറ്റാടി, രാമച്ചം, പൂവരശ്ശ് എന്നിവയും ഉത്പാദിപ്പിച്ച് നേരിട്ട് നട്ടുപിടിപ്പിക്കുകയും നട്ടുപിടിപ്പിക്കുന്നതിനായി പൊതുജനങ്ങൾക്ക് വിതരണവും ചെയ്യുന്നു. കൂടാതെ കണ്ടൽച്ചെടി നടുന്നവർക്കും സംരക്ഷിക്കുന്നവർക്കും പ്രോൽസാഹനമായി പ്രസ്തുത സ്കീമിൽ ഉൾപ്പെടുത്തി കുടിവെള്ള വിതരണം, ഗ്യാസ് കണക്ഷൻ, ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം, മീൻകുഞ്ഞുങ്ങളുടെ വിതരണം എന്നീ പ്രവൃത്തികളും നടത്തിവരുന്നു.

## പ്ലാസ്റ്റിക് കവറുകളുടെയും അനുബന്ധ ഉത്പന്നങ്ങളുടെയും നിർമ്മാർജ്ജനം

148 (923) ശ്രീ കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. ആന്റണി ജോൺ:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്ലാസ്റ്റിക് കവറുകളും അനുബന്ധ ഉല്പന്നങ്ങളും വനത്തിനും ആവാസ വ്യവസ്ഥയ്ക്കും ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന ദോഷങ്ങൾ തടയുന്നതിന് നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

സംസ്ഥാനത്തെ വനമേഖലകളിലും വനത്തോട് ചേർന്നുള്ള പ്രദേശങ്ങളിലും വനത്തിന്റെ ആവാസവ്യവസ്ഥയ്ക്കും വന്യമൃഗങ്ങൾക്കും ഭീഷണിയാകുന്നതരത്തിൽ പ്ലാസ്റ്റിക് അടക്കമുള്ള മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ഇത് തടയുന്നതിനും മാലിന്യങ്ങൾ നീക്കം ചെയ്ത് ശാസ്ത്രീയമായി സംസ്കരിക്കുന്നതിനും ഗ്രീൻഗ്രാസ് പ്രോജക്ട് പദ്ധതി നടപ്പാക്കിവരുന്നു. പദ്ധതിയുടെ ഭാഗമായി വനം വകുപ്പ് ജീവനക്കാർ വനസംരക്ഷണ സമിതി, ഇക്കോഡെവലപ്മെന്റ് കമ്മിറ്റി അംഗങ്ങൾ, വിവിധ എൻ. ജി. ഒ.-കൾ, സ്കൂളുകൾ, കോളേജുകൾ

എന്നിങ്ങനെ വിവിധ ഏജൻസികളുടെ പങ്കാളിത്തത്തോടെ മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരിച്ച് നിർമ്മാർജ്ജനം ചെയ്തുവരുന്നു. പൊതുജനങ്ങൾ വനമേഖലകളിൽ പ്ലാസ്റ്റിക് ഉത്പന്നങ്ങൾ കൊണ്ടുപോകുന്നത് നിരുത്സാഹപ്പെടുത്തുന്നുണ്ട്.

(ബി) വൃക്ഷത്തൈ ഉല്പാദനത്തിനും വിതരണത്തിനും ഉപയോഗിക്കുന്ന പ്ലാസ്റ്റിക് കവറുകൾ ഒഴിവാക്കി പരിസ്ഥിതി സൗഹൃദ വസ്തുക്കൾകൊണ്ടുള്ള കവറുകൾ ഉപയോഗിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

സാമൂഹിക വനവത്കരണ വിഭാഗം തൈകൾ വളർത്തിയെടുക്കാൻ ഉപയോഗിക്കുന്ന പോളിത്തീൻ കവറുകൾ ഘട്ടംഘട്ടമായി മാറ്റി ബദൽ സംവിധാനം കണ്ടെത്തുന്നതിനുള്ള വിവിധ പരീക്ഷണങ്ങൾ നടത്തുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ കയർ പിത്ത് (ചകിരിച്ചോർ) ഉപയോഗിച്ചുള്ള റൂട്ട് ട്രൈനർ സെല്ലുകൾ മറ്റ് കണ്ടെയ്നറുകളെ അപേക്ഷിച്ച് ഈട് നിൽക്കുന്നതു പരിസ്ഥിതി സൗഹാർദ്ദമായതുമാണെന്ന് കണ്ടെത്തിയതിന്റെ ഭാഗമായി സാമൂഹ്യവനവത്കരണ വിഭാഗത്തിൽ നിലവിൽ തയ്യാറാക്കുന്ന തൈകളിൽ 50%-ത്തിൽ കുറയാതെ ബയോഡിഗ്രേഡബിൾ കണ്ടെയ്നറുകളിലാണ് തയ്യാറാക്കിയിട്ടുള്ളത്.

(സി) ഇതിന് അനുയോജ്യമായ മാർഗ്ഗങ്ങൾ സംബന്ധിച്ച് ശാസ്ത്രീയ വിശകലനം നടത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

പരീക്ഷണാടിസ്ഥാനത്തിൽ തൈ ഉത്പാദനത്തിന് ബദൽ മാർഗ്ഗം എന്ന നിലയിൽ ക്ലോത്ത് ബാഗ്സ്, ലാറ്റക്സ് കോട്ടഡ് ക്ലോത്ത് ബാഗ്, കയർ പോട്ട്, കയർ ഫൈബർ റൂട്ട് ട്രെയിനർ എന്നിവയിൽ പരീക്ഷണം നടത്തുകയും ആയതിൽനിന്നും കൂടുതൽ മെച്ചമാണെന്ന് കണ്ടെത്തിയ കയർ ഫൈബർ റൂട്ട് ട്രെയിനർ-നെ ബദൽ മാർഗ്ഗമായി സ്വീകരിച്ചുവരുന്നു.

(ഡി) മണ്ണിൽ പൂർണ്ണമായി ലയിച്ചുചേരുന്ന കയർ ഫൈബർ കവറുകൾ വികസിപ്പിച്ചെടുക്കുന്നതിനും ഉപയോഗിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഈ വർഷം തന്നെ 50%-ത്തിൽ കൂടുതൽ മണ്ണിൽ അലിഞ്ഞുചേരുന്ന കയർ ഫൈബർ റൂട്ട് ട്രെയിനർ ഉപയോഗിച്ചിട്ടുണ്ട്. വരും വർഷങ്ങളിലും കയർ ഫൈബർ റൂട്ട് ട്രെയിനർ ഉപയോഗിച്ചുള്ള തൈ ഉത്പാദനം വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

## റീബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാം

149(924) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനാതിർത്തിയിൽ താമസിക്കുന്നവരിൽ റീബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാം - കിഫ്ബി പദ്ധതി പ്രകാരം എത്ര പേരെ മാറ്റി പാർപ്പിച്ചിട്ടുണ്ട്; വിശദാംശം അറിയിക്കുമോ?

2022 ജൂൺ 22-വരെ സംസ്ഥാനത്ത് വനാതിർത്തിയിൽ താമസിക്കുന്നവരിൽ റീബിൽഡ് കേരള ഡെവലപ്മെന്റ് പദ്ധതി പ്രകാരം 48 അർഹതപ്പെട്ട കുടുംബങ്ങളെ പൂർണ്ണമായും മാറ്റിപ്പാർപ്പിച്ചിട്ടുണ്ട്. 11 അർഹതപ്പെട്ട കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കുന്ന നടപടി പുരോഗമിച്ചുവരുന്നു. ഇതു സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

1. കൊല്ലം ജില്ലയിലെ ശെന്തുരുണി വൈൽഡ് ലൈഫ് ഡിവിഷന്റെ കീഴിലുള്ള കട്ടിളപ്പാറ ഫേസ് 1 സെറ്റിൽമെന്റിലെ 48 അർഹതപ്പെട്ട കുടുംബങ്ങൾക്ക് രണ്ടാം ഗഡു നൽകി മാറ്റിപ്പാർപ്പിച്ചിട്ടുണ്ട്.

2. കാസർഗോഡ് ജില്ലയിലെ കാസർഗോഡ് വനം ഡിവിഷനു കീഴിലുള്ള ഒറ്റമല-അട്ടൂർ-മുച്ചംതുള്ളി സെറ്റിൽമെന്റിൽ 11 അർഹതപ്പെട്ട

കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കുന്നതിലേയ്ക്കായി രണ്ടാം ഗഡുവിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2022 ജൂൺ 22-വരെ സംസ്ഥാനത്ത് വനാതിർത്തിയിൽ താമസിക്കുന്നവരിൽ കിഫ്ബി പദ്ധതിപ്രകാരം 10 അർഹതപ്പെട്ട കുടുംബങ്ങളെ പൂർണ്ണമായും മാറ്റിപ്പാർപ്പിച്ചിട്ടുണ്ട്. 15 അർഹതപ്പെട്ട കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കുന്ന നടപടി പുരോഗമിച്ചുവരുന്നു. ഇതുസംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു;

1. കൊല്ലം ജില്ലയിലെ തിരുവനന്തപുരം വനം ഡിവിഷനു കീഴിലുള്ള ചണ്ണമല സെറ്റിൽമെന്റിലെ 10 അർഹതപ്പെട്ട കുടുംബങ്ങളെ രണ്ടാം ഗഡു നൽകി മാറ്റിപ്പാർപ്പിച്ചിട്ടുണ്ട്.

2. കൊല്ലം ജില്ലയിലെ തിരുവനന്തപുരം വനം ഡിവിഷനു കീഴിലുള്ള വട്ടക്കരിക്കം സെറ്റിൽമെന്റിലെ 15 അർഹതപ്പെട്ട കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കുന്നതിലേയ്ക്കായി രണ്ടാം ഗഡുവിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിലെ അപേക്ഷകരുടെയും തുക ലഭിച്ചവരുടെയും എണ്ണം , ലഭിച്ച തുക എന്നിവ വിശദമാക്കുമോ?

റീബിൽഡ് കേരള ഡെവലപ്മെന്റ് പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിലെ ഒറ്റമല, അട്ടൂർ-മുച്ചംതുള്ളി സെറ്റിൽമെന്റിൽനിന്നും 18 അപേക്ഷകൾ (21 അർഹതപ്പെട്ട കുടുംബങ്ങൾ) ലഭിക്കുകയും പദ്ധതി പ്രദേശം/രേഖകൾ വനം-റവന്യൂ വകുപ്പ് സംയുക്തമായി പരിശോധിക്കുകയും പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ റീജിയണൽ ലെവൽ കമ്മിറ്റി സമർപ്പിച്ച 9 അപേക്ഷകർക്ക് അതായത്, 11 അർഹതപ്പെട്ട കുടുംബങ്ങൾക്ക് 7.5 ലക്ഷം രൂപ വീതം (മൊത്തം 82.5 ലക്ഷം) ഒന്നാം ഗഡു ഇതിനോടകം നൽകിയിട്ടുണ്ട്. ടി 11 അർഹതപ്പെട്ട കുടുംബങ്ങൾക്ക് രണ്ടാം ഗഡു (7.5 ലക്ഷം രൂപ വീതം) നൽകുന്നതിലേയ്ക്കായി 20-06-2022-ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**വനംവകുപ്പിലെ ജണ്ട നിർമ്മാണം**

150 (925) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ പ്രധാന പദ്ധതിയിൽ ഉൾപ്പെട്ട വനാതിർത്തി നിർണയവുമായി ബന്ധപ്പെട്ട് 2019-20, 2020-21 എന്നീ സാമ്പത്തിക വർഷങ്ങളിൽ വനമേഖലയിൽ നിർമ്മിച്ച ജണ്ടകളുടെ എണ്ണവും ചെലവഴിച്ച തുകയും വന ഡിവിഷൻ തിരിച്ച് വ്യക്തമാക്കുമോ?

വിശദശാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്+ .

(ബി) 2019-20, 2020-21 എന്നീ സാമ്പത്തിക വർഷങ്ങളിൽ തിരുവനന്തപുരം ഡിവിഷന്റെ പരിധിയിൽ ജണ്ട നിർമ്മിച്ചതിൽ വൻക്രമക്കേടും അഴിമതിയും നടന്നതായുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര കോടി രൂപയുടെ നഷ്ടം സംഭവിച്ചതായി കണക്കാക്കിയിട്ടുണ്ട്; ഇല്ലെങ്കിൽ നാളിതുവരെയുള്ള അന്വേഷണ പുരോഗതി വിശദീകരിക്കുമോ?

തിരുവനന്തപുരം വനം ഡിവിഷന്റെ പരിധിയിൽ ജണ്ട നിർമ്മാണവുമായി ബന്ധപ്പെട്ടുണ്ടായ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ ഫോറസ്റ്റ് വിജിലൻസ് വിഭാഗം അന്വേഷണം നടത്തിവരുന്നു. ആയത്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അന്തിമഘട്ടത്തിലാണ്. എത്ര രൂപയുടെ നഷ്ടം സംഭവിച്ചുവെന്നത് അന്വേഷണം പൂർത്തീകരിച്ചശേഷം മാത്രമെ കണക്കാക്കാനാകൂ.

(സി) ക്രമക്കേട് മുഖാന്തരവും അഴിമതിയിലൂടെയുമുണ്ടാകുന്ന നഷ്ടത്തിന് നിലവിലെ നിയമപ്രകാരം പ്രവൃത്തിക്ക് മേൽനോട്ടം വഹിച്ചതും അളവ് രേഖപ്പെടുത്തിയതും പരിശോധിച്ച് ബില്ല് പാസാക്കി തുക നൽകിയതുമായ ഉദ്യോഗസ്ഥർ ഉത്തരവാദികളല്ലേ എന്ന് വ്യക്തമാക്കുമോ?

ടി പ്രവൃത്തികൾക്ക് മേൽനോട്ടം വഹിച്ച ഉദ്യോഗസ്ഥരും അളവ് രേഖപ്പെടുത്തിയവരും പരിശോധിച്ച് ബിൽ പാസ്സാക്കി തുക നൽകിയ ഉദ്യോഗസ്ഥർ തുടങ്ങി എല്ലാവരും തങ്ങളുടെ നിയമപ്രകാരമുള്ള ഉത്തരവാദിത്വങ്ങൾക്ക് അനുസൃതമായി ടി വീഴ്ചകൾക്ക് ഉത്തരവാദികളാണ്.

(ഡി) കോടിക്കണക്കിന് രൂപയുടെ ജണ്ട നിർമ്മാണ അഴിമതി വനസംരക്ഷണ വിഭാഗം ജീവനക്കാരുടെ തലയിൽ ചാരി മറ്റ് ചില ഉദ്യോഗസ്ഥർ രക്ഷപ്പെടാൻ ശ്രമിക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നഷ്ടത്തിന് ഉത്തരവാദികളായ ജീവനക്കാരെ പദവി നോക്കാതെ നിയമത്തിന് മുന്നിലെത്തിക്കാൻ സർക്കാർ തയ്യാറാകുമോ; ആയതിന് വേണ്ട സത്വര നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ജണ്ട നിർമ്മാണം സംബന്ധിച്ച ക്രമക്കേടുകൾ സംബന്ധിച്ചുള്ള അന്വേഷണം അന്തിമ ഘട്ടത്തിലാണെന്ന് വിജിലൻസ് വിഭാഗം അറിയിച്ചിട്ടുണ്ട് ആയത് പൂർത്തിയാകുന്നമുറയ്ക്ക് നിയമാനുസൃതമായ തുടർനടപടി സ്വീകരിക്കുന്നതാണ്.

**ഇരിക്കൂർ മണ്ഡലത്തിലെ വിദ്യാവനം പദ്ധതി**

151 (926) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിൽ ഏതെങ്കിലും സ്കൂളിൽ വിദ്യാവനം പദ്ധതിയുടെ ഭാഗമായുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത വനത്തിന്റെ പരിപാലനത്തിനായി എന്തെല്ലാം തുടർ പദ്ധതികളാണ് ആവിഷ്കരിക്കുന്നതെന്ന വ്യക്തമാക്കുമോ?

(എ & ബി) ഇരിക്കൂർ മണ്ഡലത്തിലെ സ്കൂളുകളിൽ വിദ്യാവനം പദ്ധതി ആരംഭിച്ചിട്ടില്ല.

**വനംവകുപ്പിലെ താമസ സൗകര്യങ്ങൾ**

152 (927) ശ്രീ. പി. എസ്. സുപാൽ:

ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീമതി സി. കെ. ആശ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന് കീഴിലുള്ള ഇൻസ്‌പെക്ഷൻ ബംഗ്ലാവ് ഉൾപ്പെടെയുള്ള വിവിധ താമസ സൗകര്യങ്ങളുടെ പ്രവർത്തനം അവലോകന വിധേയമാക്കിയിട്ടുണ്ടോ; ഇവയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

വനം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഇൻസ്‌പെക്ഷൻ ബംഗ്ലാവ് ഉൾപ്പെടെയുള്ള വിവിധ താമസസൗകര്യങ്ങളുടെ പ്രവർത്തനം കാലാകാലങ്ങളിൽ അവലോകനം ചെയ്ത് കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) പൊതുമരാമത്ത് വകുപ്പിന്റെ റസ്റ്റ് ഹൗസ് മാതൃകയിൽ വനംവകുപ്പിന്റെ ഉടമസ്ഥതയിലുള്ള താമസസൗകര്യങ്ങൾ പൊതുജനങ്ങൾക്ക് കൂടി ഉപയോഗിക്കുവാൻ സാധിക്കുന്ന രീതിയിൽ മാറ്റം വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ;

(സി) വനംവകുപ്പ് ഉടമസ്ഥതയിലുള്ള താമസസൗകര്യങ്ങൾ പൊതുജനങ്ങൾക്കും വിനോദസഞ്ചാരികൾക്കും ഓൺലൈനായി ബുക്ക് ചെയ്യുന്നതിന് നിലവിൽ സൗകര്യമൊരുക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

(ബി&സി) വനം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള റെസ്റ്റ് ഹൗസുകൾ/ഇൻസ്പെക്ഷൻ ബംഗ്ലാവുകൾ എന്നിവയിലെ താമസസൗകര്യങ്ങൾ ഔദ്യോഗിക പരിശോധനയ്ക്കുള്ള ഉദ്യോഗസ്ഥരുടെ അഭാവത്തിൽ പൊതുജനങ്ങൾക്കും വിനോദസഞ്ചാരികൾക്കും ഉപയോഗിക്കാൻ സാധിക്കുന്ന രീതിയിൽ വനം വകുപ്പ് ആസ്ഥാനത്തെ കേന്ദ്രീകൃത സംവിധാനംവഴി ടെലിഫോൺ മുഖേന ബുക്ക് ചെയ്യുന്നതിനുള്ള സൗകര്യം നിലവിലുണ്ട്.

(ഡി) ഇക്കോ ടൂറിസം സെന്ററിൽ എത്തുന്ന വിനോദസഞ്ചാരികൾക്ക് താമസസൗകര്യം ഒരുക്കുന്നതിന് വിനോദസഞ്ചാര വകുപ്പിന്റെ സഹകരണത്തോടെ ഇൻസ്പെക്ഷൻ ബംഗ്ലാവ് ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ വിട്ടുനൽകുമോ; വിശദീകരിക്കുമോ?

ഇക്കോ ടൂറിസം സെന്ററിൽ എത്തുന്ന വിനോദസഞ്ചാരികൾക്ക് ബന്ധപ്പെട്ട ഫോറസ്റ്റ് ഡെവലപ്മെന്റ് എജൻസികൾ/ടൈഗർ

കൺസർവേഷൻ ഫൗണ്ടേഷനുകൾ എന്നിവ വഴി ആവശ്യമുള്ള താമസസൗകര്യങ്ങൾ വനം വകുപ്പുതന്നെ ഒരുക്കിയിട്ടുണ്ട്. ടി താമസസൗകര്യങ്ങൾ ഓൺലൈൻ മുഖേന ബുക്ക് ചെയ്യുന്നതിനുള്ള സൗകര്യവും നിലവിലുണ്ട്.

**സംസ്ഥാനത്തെ നിലവിലുള്ള വനവിസ്തൃതി**

153 (928) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിലവിലുള്ള വനവിസ്തൃതി എത്ര; ഇത് ദേശീയ ശരാശരിയെക്കാൾ കൂടുതലാണോ; വ്യക്തമാക്കുമോ?

2019-20 വർഷത്തെ ഭരണ റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തെ വനവിസ്തൃതി 11521.993 ച.കി.മീ ആണ്. ഇത് സംസ്ഥാനത്തെ ആകെ ഭൂവിസ്തൃതിയുടെ 29.65% ആണ്. ആയത് ദേശീയ ശരാശരിയേക്കാൾ 6.09 % കൂടുതലാണ്.

(ബി) കഴിഞ്ഞ സർക്കാർ എത്ര ഹെക്ടർ വനം കയ്യേറ്റം ഒഴിപ്പിച്ചു; ഈ സർക്കാർ നാളിതുവരെ ഒഴിപ്പിച്ച വനം കയ്യേറ്റത്തിന്റെ വിശദാംശം വ്യക്തമാക്കുമോ?

ലഭ്യമായ കണക്കുകൾ പ്രകാരം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആകെ 97.156 ഹെക്ടർ വനഭൂമി കയ്യേറ്റം ഒഴിപ്പിച്ചിട്ടുണ്ട്. ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ 13.55 ഹെക്ടർ വനഭൂമി കയ്യേറ്റം ഒഴിപ്പിച്ചിട്ടുണ്ട്.

(സി) നിലവിൽ ഇനി എത്ര ഹെക്ടർ വനം കയ്യേറ്റം ഒഴിപ്പിക്കാനുണ്ട് ; ഇത്തരത്തിലുള്ള കയ്യേറ്റം തടയുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു; വിശദാംശം വ്യക്തമാക്കുമോ?

വനം സർക്കിളുകളിൽ നിന്നും ലഭ്യമായ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് 01-01-1977-നുശേഷമുള്ള ആകെ 5004.821 ഹെക്ടർ വനഭൂമി കയ്യേറ്റം ഒഴിപ്പിക്കുവാനുണ്ട്. വനാതിർത്തി നിർണ്ണയിച്ച് ജണ്ടകൾ സ്ഥാപിച്ചും നിരന്തര ഫീൽഡ് പരിശോധന നടത്തിയും വനംകയ്യേറ്റം നടത്തുന്നവർക്കെതിരെ വന നിയമപ്രകാരം കേസുകൾ രജിസ്റ്റർ ചെയ്ത് കോടതിയിൽ സമർപ്പിച്ച് ശിക്ഷ ഉറപ്പാക്കിയും ഇത്തരത്തിലുള്ള കയ്യേറ്റങ്ങൾ തടയാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) കഴിഞ്ഞ പത്ത് വർഷത്തിനിടെ കാട്ടുതീമൂലം എത്ര ഹെക്ടർ വനം നശിച്ചുവെന്നാണ് വനം വകുപ്പ് കണക്കാക്കിയിട്ടുള്ളത്?

കഴിഞ്ഞ 10 വർഷത്തിനിടെ നിലവിൽ ലഭ്യമായ കണക്കുകൾ പ്രകാരം വനമേഖലയിൽ കാട്ടുതീ ബാധിച്ചതിന്റെ വർഷം തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു+.

(ഇ) വനം കയ്യേറ്റവുമായി ബന്ധപ്പെട്ട് നിലവിൽ എത്ര കേസ്സുകൾ തീർപ്പാകാതെ കിടക്കുന്നു; ഇത്തരം കേസ്സുകൾ തീർപ്പാക്കുന്നതിനും കയ്യേറ്റക്കാരെ കർശനശിക്ഷയ്ക്ക് വിധേയമാക്കുന്നതിനും സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചു വരുന്നു; വിശദാംശം വ്യക്തമാക്കുമോ?

വനം കയ്യേറ്റവുമായി ബന്ധപ്പെട്ട് നിലവിൽ ലഭ്യമായ കണക്കുകൾ പ്രകാരം 320 കേസ്സുകൾ തീർപ്പാക്കാനുണ്ട്. വനം കയ്യേറ്റക്കാരെ വനം നിയമപ്രകാരമുള്ള കർശനശിക്ഷയ്ക്ക് വിധേയമാക്കുന്നതിനുള്ള നടപടികൾ യഥാസമയം സ്വീകരിച്ചുവരുന്നു. കോടതിയുടെ പരിഗണനയിലുള്ള കേസുകളിൽ സർക്കാർ താൽപര്യം സംരക്ഷിക്കുന്നതിനായി സർക്കാർ അഭിഭാഷകരുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## വയനാട് മുട്ടിൽ മരംമുറി കേസ്

154 (929) ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. പി. സി. വിഷ്ണുനാഥ്:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് മുട്ടിലിൽ അനധികൃതമായി മരം മുറിച്ചുകടത്തിയ സംഭവത്തിന്റെ അന്വേഷണ പുരോഗതി വിശദമാക്കുമോ?

G.O.(Rt) 1634/2021 Home dated 11-06-2021, G.O.(Rt) 1646/2021 Home dated 14-06-2021 എന്നീ ഉത്തരവുകൾ പ്രകാരം നിയോഗിച്ചിട്ടുള്ള സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം ക്രൈം ബ്രാഞ്ച് അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസിന്റെ നേതൃത്വത്തിൽ മുട്ടിൽ മരം മുറിയുമായി ബന്ധപ്പെട്ട അന്വേഷണം നടന്നുവരുന്നു. അന്വേഷണവുമായി ബന്ധപ്പെട്ട റിപ്പോർട്ട് വനം വകുപ്പിൽ ലഭ്യമായിട്ടില്ല.

(ബി) പ്രസ്തുത സംഭവം സംബന്ധിച്ച അന്വേഷണത്തെ തുടർന്ന് ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

വയനാട് ജില്ലയിൽ കർഷകർക്കായി പതിച്ച് നൽകിയ ഭൂമിയിൽനിന്നും സർക്കാരിൽ നിക്ഷിപ്തമാക്കിയ വീട്ടി മരങ്ങൾ അനധികൃതമായി ലക്കിടി ചെക്ക്പോസ്റ്റുവഴി കടത്തിക്കൊണ്ടുപോയതുമായി

ബന്ധപ്പെട്ട്, ടി കാര്യത്തിൽ വീഴ്ച വരുത്തിയ സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരായ ശ്രീ. വിനേഷ് വി.എസ്, ശ്രീ. ബി. പി. രാജു, ബീറ്റ് ഫോറസ്റ്റ് ഓഫീസറായ ശ്രീ. ശ്രീജിത്ത് ഇ. പി. എന്നീ മൂന്നു ജീവനക്കാരെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിട്ടുണ്ട്. കൂടാതെ റിട്ടയേർഡ് റെയിഞ്ച് ഫോറസ്റ്റർക്കെതിരെയും ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റർക്കെതിരെയും കാരണം കാണിക്കൽ നോട്ടീസും കുറ്റപത്രവും കുറ്റാരോപണ പത്രികയും തയ്യാറാക്കിയിട്ടുണ്ട്.

(സി) മുൻ സർക്കാരിന്റെ കാലത്തെ വനം വകുപ്പുമന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി മുട്ടിൽ മരംമുറി കേസിലെ പ്രതികളുമായി ഫോൺ സംഭാഷണം നടത്തിയെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിൽ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

മുട്ടിൽ മരം മുറിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിന്റെ പരിഗണനയിലാണ്.

(ഡി) വയനാട് മുട്ടിലിൽ അനധികൃതമായി മരം മുറിച്ചുകടത്തിയ സംഭവത്തിൽ കുറ്റക്കാരെന്നു കണ്ടെത്തിയ ഉദ്യോഗസ്ഥരെ സസ്‌പെൻഡ്

ചെയ്യുകയും പിന്നീട് തിരിച്ചെടുക്കുകയും ചെയ്ത സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വിശദമാക്കുമോ?

ഉണ്ട്. വനം വകുപ്പിന്റെ അന്വേഷണത്തിൽ സേവനത്തിൽ വീഴ്ച വരുത്തിയെന്ന് പ്രഥമദൃഷ്ട്യാ കണ്ടെത്തിയതിനെ തുടർന്ന് സസ്പെൻഡ് ചെയ്യപ്പെട്ട ഉദ്യോഗസ്ഥരെ, നിലവിലുള്ള സർക്കാർ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം അന്വേഷണത്തെ സ്വാധീനിക്കാൻ സാധ്യത ഇല്ലെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചിട്ടുണ്ട്.

**ശിരുവാണിയിലെ ഇക്കോടൂറിസം പദ്ധതി**

155 (930) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശിരുവാണിയിൽ വനസംരക്ഷണ സമിതിയുടെ പങ്കാളിത്തത്തോടുകൂടി ഇക്കോടൂറിസം പ്രോജക്ട് നടപ്പാക്കിയിരുന്നോ; എന്തെല്ലാം പ്രവൃത്തികൾ നടപ്പാക്കിയിരുന്നു?

ശിരുവാണി ഇക്കോടൂറിസം കേന്ദ്രത്തിൽ വനസംരക്ഷണ സമിതിയുടെ പങ്കാളിത്തത്തോടുകൂടി കേരളമേട്, ശിരുവാണി ഡാം എന്നിവിടങ്ങളിൽ

സന്ദർശകർക്ക് പ്രവേശനം നൽകിയിരുന്നു. ഇതോടൊപ്പം വനസംരക്ഷണ സമിതി അംഗങ്ങൾ ശേഖരിക്കുന്ന വന ഉൽപ്പന്നങ്ങൾ ശിരുവാണി ഇക്കോഷോപ്പിലൂടെ വിൽപ്പന നടത്തിയിരുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

2018, 2019 വർഷങ്ങളിലെ പ്രളയത്തിൽ ശിരുവാണി ഇക്കോ ടൂറിസം കേന്ദ്രത്തിലേക്കുള്ള റോഡ് തകർന്ന് സഞ്ചാരയോഗ്യമല്ലാതായി തീർന്നതിനാൽ നിലവിൽ ടി കേന്ദ്രം പ്രവർത്തിക്കുന്നില്ല.

### വനം വകുപ്പിന്റെ ടൂറിസം സെന്ററുകൾ

156 (931) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ ടൂറിസം സെന്ററുകൾ എവിടെയെല്ലാമാണ് സ്ഥിതി ചെയ്യുന്നതെന്ന് അറിയിക്കുമോ?

വനം വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന 60 ഇക്കോ ടൂറിസം സെന്ററുകളുടെ വിവരങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത സെന്ററുകളിൽ ടൂറിസ്റ്റുകൾക്ക് എവിടെയെല്ലാം താമസ സൗകര്യമുണ്ടെന്ന് വ്യക്തമാക്കാമോ; ഇവയ്ക്ക് മുൻകൂർ ബുക്കിംഗ് സൗകര്യമുണ്ടോ; ഇവിടേയ്ക്ക് ഓൺലൈൻ ബുക്കിംഗ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ; ടൂറിസം സെന്ററുകളിൽ പ്രവേശന പാസ്സ് നേരത്തെ ബുക്ക് ചെയ്യാൻ അവസരമൊരുക്കുമോ; വിശദീകരിക്കുമോ?

പ്രസ്തുത സെന്ററുകളിൽ താമസ സൗകര്യമുള്ളതും മുൻകൂർ ബുക്കിംഗ് സൗകര്യമുള്ളതുമായ സെന്ററുകളുടെ വിവരങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു+.

നിലവിൽ പൊൻമുടി, പണിയേലിപോര്, മുളങ്കുഴി, ആങ്ങമൂഴി-ഗവി, ഇരവികുളം, ഷോല, ചിന്നാർ, പെരിയാർ ഈസ്റ്റ്, തേക്കടി എന്നീ ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ പ്രവേശന പാസ്സ് ഓൺലൈൻവഴി ബുക്ക് ചെയ്യാവുന്നതാണ്.

(സി) പ്രസ്തുത സെന്ററുകളിൽ വന വിഭവങ്ങളും ആയുർവേദ പച്ചമരുന്നുകളും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; ഇവിടങ്ങളിൽ വേണ്ടത്ര അടിസ്ഥാന സൗകര്യം ഒരുക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിലവിൽ 27 ഇക്കോ ടൂറിസം സെന്ററുകളിൽ "വനശ്രീ" ഇക്കോ ഷോപ്പുകൾവഴി പച്ചമരുന്നുകൾ അടക്കമുള്ള വനവിഭവങ്ങൾ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി വിപണനം ചെയ്തുവരുന്നുണ്ട്.

**ജാനകിക്കാട് ഇക്കോ ടൂറിസം സെന്റർ നവീകരണം**

157 (932) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാദാപുരം മണ്ഡലത്തിലെ ജാനകിക്കാട് ഇക്കോ ടൂറിസം സെന്റർ നവീകരിക്കുന്നതിനായി നടപടി സ്വീകരിക്കുമോ?

ജാനകിക്കാട് ഇക്കോ ടൂറിസം സെന്റർ നവീകരിക്കുന്നതുമായി ബന്ധപ്പെട്ട കോഴിക്കോട് ഡിവിഷന്റെ വർക്കിംഗ് പ്ലാൻ അവസാനിച്ചിട്ടുള്ളതും പുതിയ വർക്കിംഗ് പ്ലാൻ തയ്യാറാക്കുന്ന ജോലികൾ ആരംഭിച്ചിട്ടുള്ളതുമാണ്.

**വനംവകുപ്പിൽ പ്രൊട്ടക്റ്റീവ് സ്റ്റാഫിന് ആനുപാതികമായി മിനിസ്റ്റീരിയൽ സ്റ്റാഫിനെ നിയമിക്കുന്നത്**

158 (933) <u>ശ്രീ. കെ. പി. മോഹനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൊട്ടക്റ്റീവ് സ്റ്റാഫിന് ആനുപാതികമായി മിനിസ്റ്റീരിയൽ സ്റ്റാഫ് ഇല്ലാത്തതിനാൽ വകുപ്പിന്റെ പ്രവർത്തനങ്ങളിൽ തടസ്സം നേരിടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 2002 മുതൽ 2022 വരെയുള്ള കാലയളവിൽ വനസംരക്ഷണം കാര്യക്ഷമമാക്കുന്നതിന് പശ്ചാത്തല സൗകര്യങ്ങളും കൂടുതൽ വനസംരക്ഷണ ജീവനക്കാരെയും അനുവദിച്ചുവെങ്കിലും മിനിസ്റ്റീരിയൽ വിഭാഗത്തിൽ ആനുപാതികമായ വർദ്ധന ഉണ്ടായിട്ടില്ലെന്ന കാര്യം പരിശോധിക്കുമോ?

നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

(സി) കഴിഞ്ഞ 20 വർഷക്കാലത്ത് വനം വകുപ്പിലുണ്ടായ പ്രൊട്ടക്റ്റീവ് സ്റ്റാഫിന്റേയും മിനിസ്റ്റീരിയൽ സ്റ്റാഫിന്റെയും വർദ്ധന ശതമാനക്കണക്കിൽ വ്യക്തമാക്കുമോ?

കഴിഞ്ഞ 20 വർഷക്കാലയളവിനിടയിൽ, മിനിസ്റ്റീരിയൽ സ്റ്റാഫിന്റെ എണ്ണത്തിൽ 2.4% കുറവും പ്രൊട്ടക്റ്റീവ് സ്റ്റാഫിന്റെ എണ്ണത്തിൽ 29.8% വർദ്ധനയും ഉണ്ടായിട്ടുണ്ട്.

(ഡി) പ്രൊട്ടക്റ്റീവ് സ്റ്റാഫിന് ആനുപാതികമായി മിനിസ്റ്റീരിയൽ സ്റ്റാഫിനെ നിയമിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ ?

നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**സെക്ഷൻ ഫോറസ്റ്റ് ഓഫീസറുടെ പ്രൊബേഷൻ**

159 (934) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ഈസ്റ്റേൺ സർക്കിളിന്റെ കീഴിൽ പ്രൊബേഷൻ കാലാവധി കഴിഞ്ഞിട്ടും ആയത് പൂർത്തീകരിച്ചതായി ഡിക്ലയർ ചെയ്യാത്ത സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർ നിലവിലുണ്ടോ; എങ്കിൽ ഇവരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യാതിരിക്കുന്നതിനുള്ള കാരണം വ്യക്തമാക്കുമോ?

നിലവിലുണ്ട്. വകുപ്പുതല പരീക്ഷകൾ വിജയിക്കാത്തത് കാരണമാണ് ഇവരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യാത്തത്.

(ബി) ചട്ടപ്രകാരം പ്രൊബേഷൻ കാലാവധി കഴിഞ്ഞിട്ടും പ്രൊബേഷനുള്ള യോഗ്യത നേടിയിട്ടും പ്രസ്തുത ഓഫീസർമാരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനു പകരം ടി ജീവനക്കാരെ റിവേർഷൻ ചെയ്തിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ ?

അത്തരത്തിൽ ജീവനക്കാരെ റിവർട്ട് ചെയ്തിട്ടില്ല .

(സി) പ്രസ്തുത ഓഫീസർമാരുടെ പ്രൊബേഷൻ സംബന്ധിച്ച് വനം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി 03-05-2018- ന് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർദ്ദേശം പാലിക്കാത്തതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഉണ്ട്. ടി വിഷയത്തിൽ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

(ഡി) പ്രസ്തുത ഓഫീസർമാരുടെ പ്രൊബേഷൻ സംബന്ധിച്ച് 03-05-2018- ന് വനം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി നൽകിയ നിർദ്ദേശങ്ങൾ എന്തെല്ലാമാണ്; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

03-05-2018- ലെ സർക്കാർ കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.

**മുട്ടിൽ മരം മുറി സംബന്ധിച്ച അന്വേഷണ റിപ്പോർട്ട്**

160 (935) ശ്രീ . ഷാഫി പറമ്പിൽ:
ശ്രീ. സജീവ് ജോസഫ്:
ശ്രീമതി ഉമ തോമസ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിന്റെ 24-10-2020-ലെ ഉത്തരവിനെ തുടർന്ന് നടന്ന മുട്ടിൽ മരം മുറി സംബന്ധിച്ച് വനം വിജിലൻസ് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിരുന്നോ; വിശദാംശം നൽകുമോ?

സമർപ്പിച്ചിരുന്നു. വനം വിജിലൻസ് വിഭാഗത്തിനുകീഴിൽ രൂപീകരിച്ച സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം നടത്തിയ അന്വേഷണം സംബന്ധിച്ച

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിശദമായ റിപ്പോർട്ട് 25-06-2021 തീയതിയിൽ വി. ഇ. 10-990/2021 നമ്പറായി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് പ്രകാരം 2248 തേക്കമരങ്ങളും (വ്യാപ്തം - 1612.121 M3, വില - 755.82 ലക്ഷം രൂപ), 171 ഈട്ടി മരങ്ങളുമാണ് (വ്യാപ്തം - 327.584 M3, വില - 685.93 ലക്ഷം രൂപ) മുറിച്ചിട്ടുള്ളതായി കണ്ടെത്തിയിട്ടുള്ളത്.

(ബി) മരം മുറിക്ക് കൂട്ടുനിന്നതായി ആരോപിക്കപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി വേണമെന്ന് റിപ്പോർട്ടിൽ ശിപാർശ ചെയ്യുന്നുണ്ടോ; ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

പ്രസ്തുത അന്വേഷണത്തിൽ, മരം മുറിയുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പ് ജീവനക്കാരുടെയും വനം വകുപ്പ് ജീവനക്കാരുടെയും വീഴ്ചകൾ കണ്ടെത്തിയിട്ടുള്ളതാണ്. എന്നാൽ ഭാവിയിൽ മരം മുറിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കുന്നതിന് ശിപാർശകൾ അന്വേഷണ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതാണ്.

(സി) പ്രസ്തുത റിപ്പോർട്ടിൽ ഐ. എഫ്. എസ്. റാങ്കിലുള്ള ഉദ്യോഗസ്ഥർക്കെതിരെ നടപടി ശിപാർശ ചെയ്യുന്നുണ്ടോ ; വിശദാംശം നൽകുമോ?

ശിപാർശ ചെയ്യുന്നില്ല.

(ഡി) എങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ റിപ്പോർട്ടിൽ ശിപാർശ ചെയ്ത പ്രകാരമുള്ള നടപടി എടുക്കാത്തതിന്റെ കാരണം വിശദമാക്കുമോ?

(ഡി & ഇ) (സി) പിരിവിലെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല.

## വനംവകുപ്പിലെ സ്പെഷ്യൽ റിക്രൂട്ട്മെന്റ്

161 (936) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം വനം വകുപ്പിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന എസ്.സി. /എസ്.ടി. വിഭാഗത്തിൽപ്പെട്ട എത്ര

പേർക്ക് നിയമനം നൽകിയിട്ടുണ്ട്; ആയതിന്റെ തസ്തിക തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരമേറ്റതിനുശേഷം വനം വകുപ്പിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട ആർക്കും നിയമനം നൽകിയിട്ടില്ല.

(ബി) സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന നിയമനം നടത്തുന്നതിനായി ഒഴിവുകൾ കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ തസ്തിക തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

വനാശ്രിതരായ പട്ടികവർഗ്ഗ വിഭാഗത്തിൽനിന്നും 500 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന നിയമിക്കുന്നതിനായി 500 തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ കാറ്റഗറി 92/2022, 93/2022 എന്നിവ പ്രകാരം വിജ്ഞാപനം പുറപ്പെടുവിക്കുകയും ടി തസ്തികയിലേക്ക് അപേക്ഷിക്കുന്നതിനുള്ള സമയപരിധി 25/05/2022 ൽ അവസാനിക്കുകയും ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരെ തരം താഴ്ത്തുന്നത് സംബന്ധിച്ച്**

162 (937) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വകുപ്പുതല പരീക്ഷകൾ വിജയിക്കാത്ത ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർക്ക് സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരായി സ്ഥാനക്കയറ്റം നൽകിയിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം എത്രപേർക്ക് സ്ഥാനക്കയറ്റം നൽകിയെന്നും ആയതിന്റെ കാരണമെന്താണെന്നും വ്യക്തമാക്കുമോ;

(ബി) വകുപ്പുതല പരീക്ഷ വിജയിക്കാതെ സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരായി തുടരുന്ന ജീവനക്കാരെ സർവ്വീസ് ചട്ടങ്ങൾ പ്രകാരം റിവേർഷൻ ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) മതിയായ യോഗ്യത ഇല്ലാത്ത ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർക്ക് സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരായി നിയമനം നൽകിയിട്ടുള്ളത് എന്തിന്റെ അടിസ്ഥാനത്തിലാണ് എന്നത് സംബന്ധിച്ച് അന്വേഷിക്കാൻ സർക്കാർ തയ്യാറാകുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

(എ-സി) സെക്ഷൻ ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ സ്ഥാനക്കയറ്റം നൽകുന്നതിന് ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർ വകുപ്പുതല പരീക്ഷാ യോഗ്യത

നേടണമെന്ന നിബന്ധന 2010-ലെ കേരള ഫോറസ്റ്റ് സബോർഡിനേറ്റ് സർവ്വീസ് റൂളിൽ ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ റൂൾ നിലവിൽ വന്നതിനുശേഷം സർവീസിൽ പ്രവേശിച്ച ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർക്ക് സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരായി സ്ഥാനക്കയറ്റം നൽകിയിട്ടില്ല.

### വനം വകുപ്പിലെ ഐ.എഫ്.എസ്. തസ്തികകൾ

163 (938) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ എത്ര ഐ.എഫ്.എസ്. തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്; പി.സി.സി.എഫ്., എ.പി.സി.സി.എഫ്., സി.സി.എഫ്., സി.എഫ്., ഡി.സി.എഫ്. കേഡർ പോസ്റ്റ്/ നോൺ കേഡർ പോസ്റ്റ് തിരിച്ച് വ്യക്തമാക്കുമോ?

കേരള കേഡർ ഐ.എഫ്.എസ്-ന്റെ അംഗീകരിച്ച തസ്തികകളുടെ എണ്ണം 107 ആണ്. 30/06/2015-ലെ വിജ്ഞാപനം നം. 16016/2/2014-എ.ഐ.എസ് (II)-എ പ്രകാരം വനം വന്യജീവി വകുപ്പിൽ 66 സീനിയർ ഐ.എഫ്.എസ് കേഡർ തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്. ആയവ,

പി.സി.സി.എഫ്-3, എ.പി.സി.സി.എഫ്-4, സി.സി.എഫ്-11, സി.എഫ് 13, ഡി.സി.എഫ്-35, എന്നിവയാണ് .

(ബി) സി.സി.എഫ്., സി.എഫ്. തസ്തികകളിൽ ആവശ്യത്തിന് ഐ.എഫ്.എസ്. ഉദ്യോഗസ്ഥർ ഇല്ലാത്തതിനാൽ വനം വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് തടസ്സം നേരിടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് വിശദാംശം നൽകുമോ?

ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് തസ്തികകളിൽ ഉദ്യോഗസ്ഥരുടെ കുറവ് പരിഹരിക്കുന്നതിനായി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് ഗ്രേഡിലുള്ള ഓഫീസർമാർക്കും സീനിയർ ആയിട്ടുള്ള ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് ഗ്രേഡിലുള്ള ഓഫീസർമാർക്കും അധിക ചുമതല/പൂർണ്ണ അധിക ചുമതല നൽകിവരുന്നു. കൂടാതെ കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് തലത്തിലെ ഉദ്യോഗസ്ഥരുടെ കുറവ് പരിഹരിക്കുന്നതിനായി ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് തലത്തിലുള്ള ഉദ്യോഗസ്ഥർക്ക് അധിക ചുമതല/പൂർണ അധിക ചുമതലയും നൽകി വരുന്നുണ്ട്.

## പ്രൊട്ടക്ഷൻ വാച്ച്മാൻമാരുടെ ജോലി ദിവസങ്ങൾ

164 (939) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ വർഷങ്ങളായി ദിവസ വേതന അടിസ്ഥാനത്തിൽ ജോലി നോക്കുന്ന പ്രൊട്ടക്ഷൻ വാച്ച്മാൻമാരുടെ ജോലിയും ശമ്പളവും മാസത്തിൽ 15 ദിവസമായി വെട്ടിക്കുറച്ചുകൊണ്ട് ഉത്തരവിറക്കിയിട്ടുണ്ടോ; എങ്കിൽ ഇത്തരം നടപടിയെടുക്കാനുള്ള സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ;

ദിവസവേതന വാച്ചർമാരുടെ ജോലിയും ശമ്പളവും മാസത്തിൽ 15 ദിവസമായി വെട്ടിക്കുറച്ചുകൊണ്ട് ഉത്തരവുകൾ ഒന്നും തന്നെ ഇറക്കിയിട്ടില്ല.

(ബി) മുൻസർക്കാരിന്റെ കാലത്ത് പ്രൊട്ടക്ഷൻ വാച്ച്മാൻമാരുടെ ജോലി മാസത്തിൽ 26 ദിവസമായി നിശ്ചയിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ ഈ തീരുമാനത്തിൽ നിന്നും പിന്നോട്ട് പോകാനുള്ള സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ?

വനം വകുപ്പിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി നോക്കുന്ന ആളുകൾക്ക് മാസത്തിൽ 26 ദിവസം നിർബന്ധമായും ജോലി

നൽകണമെന്ന് ഉത്തരവുകൾ ഒന്നും നിലവിലില്ല. വനം വകുപ്പിന് കീഴിൽ കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ, അടിക്കാട് വെട്ടൽ, പ്ലാന്റേഷൻ പ്രവർത്തനങ്ങൾ, നഴ്സറി പരിപാലനം എന്നിങ്ങനെയുള്ള സീസണൽ പ്രവൃത്തികൾക്കായി ജോലിയുടെ ആവശ്യകതയും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മാത്രമേ ദിവസവേതന പ്രൊട്ടക്ഷൻ വാച്ചർമാർക്ക് മാസത്തിൽ നിശ്ചിത ദിവസത്തേയ്ക്ക് ജോലി നൽകാൻ സാധിക്കുകയുള്ളൂ.

## വന്യജീവി ആക്രമണം

165 (940) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനമേഖലയുടെ അരികിലെ റവന്യൂ/കാർഷിക മേഖലകളിൽ കാട്ടാന, കുരങ്ങൻമാർ, കാട്ടുപന്നികൾ എന്നിവ കാർഷികോല്പന്നങ്ങൾ നശിപ്പിക്കുന്നതും ഇത്തരം കാട്ടുമൃഗങ്ങളുടെ ആക്രമണത്താൽ മനുഷ്യജീവൻ നഷ്ടപ്പെടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ?

കാട്ടാന, കുരങ്ങന്മാർ, കാട്ടുപന്നികൾ എന്നിവ കാർഷികോല്പന്നങ്ങൾ നശിപ്പിക്കുന്നതും ഇത്തരം കാട്ടുമൃഗങ്ങളുടെ ആക്രമണത്താൽ മനുഷ്യജീവൻ

നഷ്ടപ്പെടുത്തുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വന്യമൃഗങ്ങളുടെ ആക്രമണം മൂലം ഉണ്ടാകുന്ന മനുഷ്യജീവഹാനി, കൃഷിനാശം, പരിക്ക്, മറ്റ് വസ്തുവകകളുടെ നാശനഷ്ടങ്ങൾ എന്നിവയ്ക്ക് നിലവിലെ സർക്കാർ ഉത്തരവ് സ.ഉ. (കൈ) നം. 17/2018/വനം തീയതി 05-04-2018 പ്രകാരം നഷ്ടപരിഹാരത്തുക ഫണ്ടിന്റെ ലഭ്യത അനുസരിച്ച് നൽകിവരുന്നു.

(ബി) ഈ സർക്കാരിന്റെ കാലയളവിൽ വന്യജീവി ആക്രമണങ്ങൾക്ക് വിധേയരായവരുടെയും വിധേയരായി മരിച്ചവരുടെയും എണ്ണം, കൃഷി നാശം സംബന്ധിച്ച വിശദാംശം, കൃഷി നാശം സംഭവിച്ച ആൾക്കാർക്ക് നൽകിയ ധനസഹായം ഉൾപ്പെടെയുള്ള മറ്റ് സർക്കാർ സഹായങ്ങളുടെ വിശദാംശം എന്നിവ നല്കുമോ?

ഈ സർക്കാരിന്റെ കാലയളവിൽ വന്യജീവി ആക്രമണങ്ങൾക്ക് വിധേയരായവരുടെയും വിധേയരായി മരിച്ചവരുടെയും എണ്ണം, കൃഷിനാശം എന്നിവ സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

## വനാതിർത്തിയിലെ മനുഷ്യമൃഗ സംഘർഷം

166 (941) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വനാതിർത്തിയിൽ മനുഷ്യ-മൃഗ സംഘർഷങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ ഇതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ?

ഡെറാഡൂണിലെ വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയും കേരള വനം വകുപ്പിലെ പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനും ചേർന്ന് കാട്ടാന ഉൾപ്പെടെയുള്ള വന്യജീവികൾ ജനവാസ കേന്ദ്രങ്ങളിലേയ്ക്ക് ഇറങ്ങുന്നതിനുള്ള കാരണങ്ങളും പ്രതിരോധ മാർഗ്ഗങ്ങളെയും കുറിച്ച് പഠനം നടത്തിവരുന്നു. ടി പഠനത്തിലെ കണ്ടെത്തലുകൾകൂടി ഉൾപ്പെടുത്തി പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനും പറമ്പിക്കുളം ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനും 2021 ജൂലൈ-ഓഗസ്റ്റ് മാസങ്ങളിൽ വിശദമായ ഒരു പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. ടി പ്രോജക്ട് പ്രൊപ്പോസലിൽ കേരളത്തിലെ മനുഷ്യ-വന്യജീവി സംഘർഷങ്ങൾ വർദ്ധിക്കുവാനുള്ള താഴെ പറയുന്ന കാരണങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

1. കാടിനു ചുറ്റും കൃഷി ചെയ്യുന്ന കൃഷിയിടങ്ങളുടെ വിസ്തൃതി വർദ്ധിച്ചിരിക്കുന്നു. കൃഷി സമ്പ്രദായം മാറിയതും കർഷകർ കരിമ്പ്, വാഴ പോലുള്ള വാണിജ്യ വിളകൾ വർദ്ധിച്ച തോതിൽ കൃഷി ചെയ്യാനാരംഭിച്ചിരിക്കുന്നു.

2. വന്യജീവികളുടെ എണ്ണത്തിലും വർദ്ധന ഉണ്ടായിട്ടുണ്ട്.

3. മനുഷ്യരും, വളർത്തുമൃഗങ്ങളും അസമയങ്ങളിൽ വന്യജീവി മേഖലകളിൽ സഞ്ചരിക്കുന്നതും തങ്ങുന്നതും ചിലപ്പോൾ അപകടങ്ങൾക്ക് ഇടയാക്കുന്നു.

4. ആവാസ മേഖലകൾ ചെറുകഷണങ്ങളായി മുറിഞ്ഞുപോകുന്നതുമൂലം വന്യജീവികളുടെ സ്വൈര വിഹാരം തടസ്സപ്പെടുന്നു.

5. അധിനിവേശ വിദേശ സസ്യങ്ങളും ജീവികളും വന്യജീവികൾക്ക് ഭക്ഷ്യ ലഭ്യത കുറയ്ക്കുന്നു.

6. യൂക്കാലിപ്റ്റ്സ്, അക്കേഷ്യ, മാഞ്ചിയം, വാറ്റിൽ മുതലായ വിദേശ ഇനം സസ്യങ്ങൾ പുൽമേടുകളിലും മറ്റും തോട്ടമായി നട്ടുവളർത്തിയത് ആവാസവ്യവസ്ഥകളുടെ ഗുണനിലവാരം നശിപ്പിച്ചു.

7. ആധുനിക വാർത്താ വിനിമയ വിവര സങ്കേതിക സൗകര്യങ്ങൾ വൻതോതിൽ ഉപയോഗപ്പെടുത്തുന്നതുമൂലം മനുഷ്യ-വന്യജീവി സംഘർഷങ്ങൾ കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്.

(സി) ഇത്തരം സംഘർഷങ്ങൾ തടയുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്?

ഇത്തരം സംഘർഷങ്ങൾ തടയുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.

വനാതിർത്തികളിൽ സൗരോർജ്ജ വേലി, കിടങ്ങുകൾ, ആനപ്രതിരോധ മതിലുകൾ, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ്, റെയിൽ ഫെൻസിംഗ് എന്നിവ നിർമ്മിക്കുകയും കാലാകാലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുകയും ചെയ്യുന്നു. നിലവിൽ 2400 ഓളം കി.മീറ്റർ സൗരോർജ്ജ വേലികളും 500-ൽപരം കി.മീറ്റർ കിടങ്ങുകളും ഉണ്ട്. യഥാസമയം പരിപാലിക്കുകയാണെങ്കിൽ ഇവ ഫലപ്രദമാണ്.

അടുത്തിടെയായി പഞ്ചായത്തുകളുടെ ഫണ്ടുകളും എം.എൽ.എ ഫണ്ടും വന്യമൃഗനാശങ്ങൾ പ്രതിരോധിക്കുന്നതിനായി അനുവദിക്കുന്നുണ്ട്.

വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി ഏർളി വാർണിംഗ് സിസ്റ്റം വനത്തിനോട് ചേർന്നുള്ള ചില ജനവാസ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്.

നാട്ടിലേക്ക് ഇറങ്ങുന്ന വന്യജീവികളെ കാട്ടിലേയ്ക്ക് തുരത്തുന്നതിനായി തെരഞ്ഞെടുത്ത പ്രദേശങ്ങളിൽ റാപ്പിഡ് റെസ്പോൺസ് ടീമുകൾ പ്രവർത്തിച്ചുവരുന്നു.

പ്രശ്നക്കാരായ കാട്ടാനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

കാട്ടാന പ്രശ്നം രൂക്ഷമായിട്ടുള്ള പാലക്കാട്, വയനാട്, കാസർഗോഡ് ജില്ലകളിൽ കുങ്കിയാനകളെ ഉപയോഗിച്ച് പ്രശ്നക്കാരായ കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി കുങ്കി സ്ക്വാഡുകളും പ്രവർത്തിച്ചുവരുന്നു.

സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്ക് വെടിവെച്ചോ കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസ കേന്ദ്രങ്ങളിൽ നിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികളിൽപ്പെടുത്തി വന്യജീവികളുടെ ആവാസവ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതിന് മണ്ണ്, ജലസംരക്ഷണ പ്രവൃത്തികൾ, ചെക്ക്ഡാമുകളുടെ നിർമ്മാണം, തദ്ദേശീയമല്ലാത്ത കളകളുടെ നിർമ്മാർജ്ജനം, വനത്തിനകത്ത് ജലലഭ്യത ഉറപ്പുവരുത്തുന്നതിന് കുളങ്ങളുടെ നിർമ്മാണം, പുനരുദ്ധാരണം തുടങ്ങിയവ നടത്തിവരുന്നുണ്ട്. വനങ്ങളിൽ 30000 ഹെക്ടറോളം യൂക്കാലിപ്റ്റസ്, അക്കേഷ്യ, മാഞ്ചിയം, വാറ്റിൽ എന്നീ വിദേശയിനം തോട്ടങ്ങൾ വ്യാവസായിക ആവശ്യങ്ങൾക്കായി നട്ടുപിടിപ്പിച്ചിട്ടുണ്ട്. 2018 മുതൽ ഈ വിദേശീയ ഇനങ്ങളുടെ നടീൽ നിർത്തലാക്കി. ടി തോട്ടങ്ങളെ ഘട്ടംഘട്ടമായി സ്വാഭാവിക വനങ്ങളാക്കാനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്. കാട്ടാന ഉൾപ്പെടെയുള്ള വന്യമൃഗങ്ങൾക്ക് കാട്ടിൽത്തന്നെ കൂടുതൽ ഭക്ഷണലഭ്യത ഉറപ്പാക്കുവാൻ ടി പരിസ്ഥിതി പുന:സ്ഥാപനത്തിലൂടെ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

വന്യജീവികൾക്കും അവയുടെ ആവാസവ്യവസ്ഥയ്ക്കും ദോഷകരമായി ഭവിക്കുന്ന കാട്ടുതീ തടയുന്നതിനായി വനമേഖലകളിലും വനാതിർത്തി

പങ്കിടുന്ന ജനവാസമേഖലകളിലും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

വന്യമൃഗശല്യം രൂക്ഷമായ പ്രദേശങ്ങളിലെ ഫോറസ്റ്റ് സെറ്റിൽമെന്റുകളിലെ താമസക്കാരെ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം കാടിന് പുറത്തേക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

മനുഷ്യ - വന്യജീവി സംഘർഷം ലഘൂകരിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന്റെ 06-02-2021-ലെ F No.8-60/20 WL (Part I) അഡ്വൈസറിയുടെ അടിസ്ഥാനത്തിൽ സംസ്ഥാന - ജില്ലാതലങ്ങളിൽ ഇന്റർ ഡിപ്പാർട്ടുമെന്റൽ കോ-ഓർഡിനേഷൻ കമ്മിറ്റികൾ രൂപീകരിക്കുന്നതിന് 09-12-2021-ലെ G.O.(Rt.) No.402/2021/F&WLD പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതും തുടർ നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്.

മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പൊതുജന പങ്കാളിത്തത്തോടെ നടപടികൾ സ്വീകരിക്കുന്നതിനായി തദ്ദേശിയരും ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള 261 ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

28.05.2022-ലെ സ.ഉ.(കൈ)നം 29/2022/വനം പ്രകാരം ജനവാസ മേഖലകളിൽ ജനങ്ങളുടെ ജീവനും സ്വത്തിനും നാശം വരുത്തുന്ന കാട്ടുപന്നികളെ അനുയോജ്യമായ മാർഗ്ഗങ്ങളിലൂടെ കൊന്ന് ഇല്ലായ്മ ചെയ്യുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ബന്ധപ്പെട്ട ഓണററി വൈൽഡ് ലൈഫ് വാർഡന്/അധികാരപ്പെട്ട ഉദ്യോഗസ്ഥന് അനുതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) വന്യമൃഗങ്ങളുടെ ആക്രമണത്തിന് ഇരയായവർക്ക് നൽകിവരുന്ന ധനസഹായം വർദ്ധിപ്പിച്ചു നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം അറിയിക്കുമോ?

വന്യമൃഗങ്ങൾ മൂലമുണ്ടാകുന്ന കൃഷിനാശത്തിന് 08-01-2015-ലെ സ.ഉ.(കൈ) നം. 2/2015/വനം പ്രകാരം ഓരോ കാർഷിക വിളകൾക്കും നഷ്ടപരിഹാരം അനുവദിച്ചുവരുന്നു. 05-04-2018-ലെ സ.ഉ.(കൈ) നം. 17/2018/വനം പ്രകാരം കൃഷിനാശത്തിന് കണക്കാക്കപ്പെടുന്ന നഷ്ടത്തിന്റെ 100% (പരമാവധി ഒരു ലക്ഷം രൂപ) ഓരോ നാശനഷ്ടത്തിനും അനുവദിക്കുന്നു. ഒരു വ്യക്തിക്ക് വർഷത്തിൽ നാല് തവണവരെയാണ് നഷ്ടപരിഹാരം ലഭിക്കുന്നതിന് അർഹതയുള്ളത്. കൃഷിവകുപ്പിന്റെ

ഇൻഷ്വറൻസ് സ്കീമിലും ഇൻഷ്വർ ചെയ്യുന്ന കർഷകന് വന്യമൃഗങ്ങൾ മൂലമുള്ള കൃഷിനാശത്തിന് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കാൻ അർഹതയുണ്ട്. 08-01-2015-ലെ സ.ഉ. (കൈ) നം.2/2015/വനം പ്രകാരം നിരക്കുകൾ വർദ്ധിപ്പിക്കുന്നതിനായി സർക്കാരിലേയ്ക്ക് സമർപ്പിച്ച ശിപാർശ പരിശോധിച്ചുവരികയാണ്. നിലവിൽ വന്യജീവി ആക്രമണംമൂലമുണ്ടാകുന്ന ജീവഹാനി, പരിക്ക് എന്നിവയ്ക്ക് നഷ്ടപരിഹാരം അനുവദിച്ചുവരുന്നത് 05-04-2018 സ.ഉ.(കൈ) നം. 17/2018/വനം പ്രകാരമാണ്.

**വനമേഖലയിൽ ഔഷധ സസ്യകൃഷി**

167 (942) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനമേഖലയിൽ ഔഷധ സസ്യകൃഷി ആരംഭിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ നടപ്പാക്കുന്നത് എവിടെയെന്ന് വ്യക്തമാക്കുമോ; പദ്ധതി നടപ്പാക്കുന്നതിനായി ദേശീയ ഔഷധ സസ്യ ബോർഡിന്റെ സഹായം ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കുമോ?

(എ & ബി) വനമേഖലയിൽ ഔഷധ സസ്യകൃഷി ആരംഭിക്കുന്നതിന് വനം വകുപ്പ് പദ്ധതി ആവിഷ്കരിച്ചിട്ടില്ല.

**പരിസ്ഥിതിലോല മേഖല**

168 (943) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതിലോല മേഖലയാക്കുന്നത് സംബന്ധിച്ച് (ബഫർ സോൺ) സുപ്രീംകോടതിയുടെ അടുത്ത കാലത്തെ വിധി വനാതിർത്തി പങ്കിടുന്ന പ്രദേശങ്ങളിലെ സാധാരണക്കാരെ ആശങ്കയിലാക്കിയ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

സുപ്രീംകോടതിയുടെ 03-06-2022-ലെ IA 1000/2003 നമ്പർ കേസ്സിലെ വിധി പ്രകാരം വന്യജീവി സങ്കേതങ്ങൾക്ക് ഒരു കിലോമീറ്റർ ചുറ്റളവിൽ പരിസ്ഥിതിലോല മേഖല നിർണ്ണയിക്കണമെന്ന നിർദ്ദേശം വനാതിർത്തി പങ്കിടുന്ന പ്രദേശങ്ങളിലെ ജനങ്ങളെ ആശങ്കയിലാക്കിയ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ജനവാസകേന്ദ്രങ്ങളെ പ്രസ്തുത കോടതിവിധി പ്രകാരമുള്ള നിർദ്ദേശത്തിൽനിന്ന് ഒഴിവാക്കുന്നതിലേയ്ക്ക് സർക്കാർ എന്ത് നടപടിയാണ് സ്വീകരിക്കാൻ പോകുന്നതെന്ന് വിശദമാക്കുമോ?

03-06-2022-ലെ സുപ്രീംകോടതി വിധി വിലയിരുത്തുന്നതിനും തുടർ നടപടികൾ ചർച്ച ചെയ്യുന്നതിനുമായി 08.06.2022-ന് വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ അഡ്വക്കേറ്റ് ജനറലിനെക്കൂടി ഉൾപ്പെടുത്തി ഉന്നത ഉദ്യോഗസ്ഥരുടെ യോഗം ചേരുകയും സംരക്ഷിത പ്രദേശങ്ങളുടെ ഒരു കി.മീ, പരിധിയിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ വിവിധ സർക്കാർ ഏജൻസികളുടെ സഹായം തേടിക്കൊണ്ട് ശേഖരിക്കുന്നതിനും നിലവിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ മുമ്പാകെയുള്ള ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ സുപ്രീംകോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി അംഗീകാരം ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതിനും സുപ്രീംകോടതിയുടെ ഉത്തരവിന്മേൽ റിവ്യൂ പെറ്റീഷൻ സമർപ്പിക്കുന്നതിനും കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ കേന്ദ്ര സർക്കാരിനെയും കേന്ദ്ര എംപവേർഡ്

കമ്മിറ്റിയെയും സുപ്രീംകോടതിയെയും ബോദ്ധ്യപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചു.

ടി യോഗ തീരുമാന പ്രകാരം, ഒരു കിലോ മീറ്റർ ESZ-ൽ ഉൾപ്പെടാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ വനാതിർത്തി പരിശോധിച്ചശേഷം ജനവാസ കേന്ദ്രങ്ങൾ, വ്യാപാരസ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ ആശുപത്രികൾ, കൃഷിസ്ഥലങ്ങൾ, തോട്ടങ്ങൾ എന്നിവയുടെ വിശദാംശം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേരള സംസ്ഥാന റിമോർട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്ററിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 03-06-2022- ലെ സുപ്രീംകോടതി ഉത്തരവിനെതിരെ റിവ്യൂ പെറ്റീഷൻ സമർപ്പിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നതിനായി അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകുകയും ജനവാസ മേഖലകൾ ഒഴിവാക്കിക്കൊണ്ടുള്ള പുതുക്കിയ ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ പരിഗണിച്ചുകൊണ്ട് സുപ്രീംകോടതി ഉത്തരവിലെ ഖണ്ഡിക 44 (f) പ്രകാരമുള്ള

നടപടികൾക്കായി കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും സുപ്രീംകോടതിയെയും സമീപിക്കുവാനായി കേന്ദ്ര സർക്കാരിലേയ്ക്ക് കത്തയയ്ക്കുകയും ചെയ്തിട്ടുണ്ട്.

**ഇക്കോ-സെൻസിറ്റീവ് സോൺ**

169 (944) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുപ്രീംകോടതി വിധിയുടെ പശ്ചാത്തലത്തിൽ ഇക്കോ സെൻസിറ്റീവ് സോൺ (ESZ) പരിധി കുറച്ച് ജനങ്ങളുടെ ജീവിതത്തെ ബാധിക്കാത്തവിധം നടപ്പാക്കണമെന്നാവശ്യപ്പെട്ട് സർക്കാർ കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും പരിസ്ഥിതി വനം കാലാവസ്ഥാ മന്ത്രാലയത്തെയും സമീപിച്ചിട്ടുണ്ടോ; വിശദ വിവരം ലഭ്യമാക്കുമോ?

03-06-2022-ലെ സുപ്രീംകോടതി വിധി വിലിരുത്തുന്നതിനും തുടർനടപടികൾ ചർച്ച ചെയ്യുന്നതിനുമായി 08-06-2022-ന് വനം വകുപ്പു മന്ത്രിയുടെ അദ്ധ്യക്ഷതയിൽ അഡ്വക്കേറ്റ് ജനറലിനെക്കൂടി ഉൾപ്പെടുത്തി ഉന്നത ഉദ്യോഗസ്ഥരുടെ യോഗം ചേരുകയും സംരക്ഷിത പ്രദേശങ്ങളുടെ ഒരു കി.മീ. പരിധിയിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ,

വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ വിവിധ സർക്കാർ ഏജൻസികളുടെ സഹായം തേടിക്കൊണ്ട് ശേഖരിക്കുന്നതിനും നിലവിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ മുമ്പാകെയുള്ള ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ സുപ്രീംകോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി അംഗീകാരം ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതിനും സുപ്രീംകോടതിയുടെ ഉത്തരവിന്മേൽ റിവ്യൂ പെറ്റീഷൻ സമർപ്പിക്കുന്നതിനും കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ കേന്ദ്ര സർക്കാരിനെയും കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും സുപ്രീംകോടതിയെയും ബോദ്ധ്യപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും തീരുമാനിച്ചു. സംരക്ഷിത മേഖലയ്ക്ക് ചുറ്റും ഒരു കി.മീ ഇക്കോ സെൻസിറ്റീവ് സോൺ വേണമെന്ന വ്യവസ്ഥയിൽ കേരളത്തിന് പ്രത്യേക ഇളവ് വേണമെന്ന് 18-06-2022- ന് നടന്ന ചർച്ചയിൽ കേരള വനം വകുപ്പ് കേന്ദ്ര വനം സഹമന്ത്രി ശ്രീ. അശ്വനി കുമാർ ചൗബെയോട് ആവശ്യപ്പെട്ടിരുന്നു. ഇതര സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമായ സാഹചര്യമാണ് കേരളത്തിലേതെന്ന് ചൂണ്ടിക്കാട്ടിയാണ് അവലോകന യോഗത്തിൽ കേരള വനംവകുപ്പ് ഇളവിന് അഭ്യർത്ഥിച്ചത്. ജനവാസമേഖലകളെ ഒഴിവാക്കി സംസ്ഥാനം പരിഷ്കരിച്ച ശിപാർശ

നൽകിയിട്ടുണ്ട്. ഇത് പരിഗണിച്ച് അന്തിമ വിജ്ഞാപനം ഇറക്കേണ്ടതായിട്ടുണ്ട്. വിദഗ്ധ സമിതി യോഗങ്ങൾ ഉൾപ്പെടെയുള്ളവ പൂർത്തിയാക്കിയാണ് ശിപാർശ നൽകിയതെന്ന് വനം വകുപ്പ് കേന്ദ്ര വനം വകുപ്പുമന്ത്രിയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ അതിർത്തി നിർണ്ണയിക്കുന്നതിന് സർവ്വേ നടപടി ആരംഭിച്ചിട്ടുണ്ടോ; സർവ്വേ നടത്തുന്നതിന് ഏത് വകുപ്പിനെയാണ് ചുമലപ്പെടുത്തിയിട്ടുള്ളത്; വിശദവിവരം ലഭ്യമാക്കുമോ; ഇതുമായി ബന്ധപ്പെട്ട് ജനവാസ കേന്ദ്രങ്ങളിലുള്ളവരുടെ പരാതികൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

08-06-2022-ന് വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ ഉന്നത ഉദ്യോഗസ്ഥരുടെ യോഗ തീരുമാനപ്രകാരം ഒരു കിലോ മീറ്റർ ESZ-ൽ ഉൾപ്പെടാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ വനാതിർത്തി പരിശോധിച്ചശേഷം ജനവാസകേന്ദ്രങ്ങൾ, ആരാധനാലയങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, കൃഷിസ്ഥലങ്ങൾ, തോട്ടങ്ങൾ എന്നിവയുടെ വിശദാംശം

പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേരള സംസ്ഥാന റിമോർട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്ററിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കൂടാതെ 03-06-2022- ലെ സുപ്രീംകോടതി ഉത്തരവിനെതിരെ റിവ്യൂ പെറ്റീഷൻ സമർപ്പിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നതിനായി അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകുകയും ജനവാസമേഖലകൾ ഒഴിവാക്കിക്കൊണ്ടുള്ള പുതുക്കിയ ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ പരിഗണിച്ചുകൊണ്ട് സുപ്രീംകോടതി ഉത്തരവിലെ ഖണ്ഡിക 44(f) പ്രകാരമുള്ള നടപടികൾക്കായി കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും സുപ്രീംകോടതിയെയും സമീപിക്കുവാനായി കേന്ദ്ര സർക്കാരിലേയ്ക്ക് കത്തയയ്ക്കുകയും ചെയ്തിട്ടുണ്ട്. ഇക്കോ സെൻസിറ്റീവ് സോൺ രൂപീകരണവുമായി ബന്ധപ്പെട്ട് ജനവാസ കേന്ദ്രങ്ങളിലുള്ളവരിൽനിന്നും നിരവധി പരാതികൾ ലഭിച്ചിരുന്നു. പ്രസ്തുത പരാതികൾകൂടി പരിശോധിച്ചതിനുശേഷമാണ് നിലവിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയ്ക്ക് നൽകിയിട്ടുള്ള ജനവാസ

മേഖലകൾ ഒഴിവാക്കിക്കൊണ്ടുള്ള പ്രൊപ്പോസലുകൾ തയ്യാറാക്കിയത്. ടി വിഷയത്തിൽ ഇനി പരാതികൾ ലഭിക്കുകയാണെങ്കിൽ അവയും തുടർനടപടികൾ സ്വീകരിക്കുന്ന അവസരത്തിൽ പരിഗണിക്കുന്നതാണ്.

(സി) പശ്ചിമഘട്ടത്തിലെ ഏറ്റവും ജനസാന്ദ്രതയുള്ള പ്രദേശങ്ങളിൽ പരിസ്ഥിതിലോല മേഖല ഒരു കിലോമീറ്റർ പരിധി നിശ്ചയിക്കുന്നതിലൂടെ ജനങ്ങളുടെ ജീവിതമാർഗ്ഗങ്ങൾ തടസ്സപ്പെടുന്നത് ഉൾപ്പെടെയുള്ള പ്രയാസങ്ങൾ നേരിടുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും ഇനി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഒരു കിലോ മീറ്റർ ESZ-ൽ ഉൾപ്പെടാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ വനാതിർത്തി പരിശോധിച്ചശേഷം ജനവാസകേന്ദ്രങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ ആശുപത്രികൾ, കൃഷിസ്ഥലങ്ങൾ, തോട്ടങ്ങൾ എന്നിവയുടെ വിശദാംശം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേരള സംസ്ഥാന റിമോർട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്ററിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 03-06-2022-ലെ സുപ്രീംകോടതി ഉത്തരവിനെതിരെ റിവ്യൂ പെറ്റീഷൻ സമർപ്പിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നതിനായി അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകുകയും ജനവാസ മേഖലകൾ ഒഴിവാക്കിക്കൊണ്ടുള്ള പുതുക്കിയ ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ പരിഗണിച്ചുകൊണ്ട് സുപ്രീംകോടതി ഉത്തരവിലെ ഖണ്ഡിക 44 (f) പ്രകാരമുള്ള നടപടികൾക്കായി കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും സുപ്രീംകോടതിയെയും സമീപിക്കുവാനായി കേന്ദ്ര സർക്കാരിലേയ്ക്ക് കത്തയയ്ക്കുകയും ചെയ്തിട്ടുണ്ട്.

സംരക്ഷിത മേഖലയ്ക്കു ചുറ്റും ഒരു കി.മീ. ഇക്കോ സെൻസിറ്റീവ് സോൺ വേണമെന്ന വ്യവസ്ഥയിൽ കേരളത്തിന് പ്രത്യേക ഇളവ് വേണമെന്ന് 18-06-2022-ന് നടന്ന ചർച്ചയിൽ കേന്ദ്ര വനം മന്ത്രി ശ്രീ.അശ്വനി കുമാർ ചൗബെയോട് കേരള വനംവകുപ്പ് ആവശ്യപ്പെട്ടിരുന്നു. ഇതര സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമായ സാഹചര്യമാണ്

കേരളത്തിലേതെന്ന് ചൂണ്ടിക്കാട്ടിയാണ് അവലോകന യോഗത്തിൽ കേരള വനം വകുപ്പ് ഇളവിന് അഭ്യർത്ഥിച്ചത്. ജനവാസ മേഖലകളെ ഒഴിവാക്കി സംസ്ഥാനം കരുതൽ മേഖല എന്ന പരിഷ്കരിച്ച ശിപാർശ നൽകിയിട്ടുണ്ട്. ഇത് പരിഗണിച്ച് അന്തിമ വിജ്ഞാപനം ഇറക്കേണ്ടതായിട്ടുണ്ട്. വിദഗ്ദ്ധ സമിതി യോഗങ്ങൾ ഉൾപ്പെടെയുള്ളവ പൂർത്തിയാക്കിയാണ് ശിപാർശ നൽകിയതെന്ന് വനം വകുപ്പ് കേന്ദ്ര വനം വകുപ്പുമന്ത്രിയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

**കാട്ടുപന്നിയെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കൽ**

170 (945) ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. ലിന്റോ ജോസഫ്:
ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിൽ ഷെഡ്യൂൾ III-ൽ ഉൾപ്പെട്ട കാട്ടുപന്നിയെ ഷെഡ്യൂൾ V-ൽ ഉൾപ്പെടുത്തി ക്ഷുദ്രജീവിയായി പ്രഖ്യാപിക്കുന്നതിന് ഈ സർക്കാർ കേന്ദ്ര സർക്കാരിനോടാവശ്യപ്പെട്ടിരുന്നോ; വിശദമാക്കുമോ?

ആവശ്യപ്പെട്ടിരുന്നു. ഷെഡ്യൂൾ III-ൽ ഉൾപ്പെട്ട കാട്ടുപന്നിയെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് 01-11-2020 തീയതിയിൽ ഡി2/126/2020/വനം പ്രകാരം അപേക്ഷ നൽകിയിരുന്നു. 1972-ലെ വന്യജീവി (സംരക്ഷണം) നിയമത്തിന്റെ 11 (1) (ബി) വകുപ്പ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കാനും പ്രശ്നക്കാരായ കാട്ടുപന്നികളുടെ കാര്യത്തിൽ പഞ്ചായത്തിരാജ് സ്ഥാപനങ്ങളുടെ സേവനങ്ങൾ ഉപയോഗിക്കാനുള്ള സാധ്യത പരിഗണിക്കാൻ നിർദ്ദേശിച്ചുകൊണ്ടും കേന്ദ്ര സർക്കാർ 10-12-2020-ലെ എഫ്.നം. 8-31/2020-ഡബ്ലിയു.എൽ, കത്ത് പ്രകാരം സംസ്ഥാന സർക്കാരിന്റെ അപേക്ഷ മടക്കി നൽകിയിരുന്നു. പഞ്ചായത്തുകളുടെ സേവനം ഉപയോഗിച്ച് സംസ്ഥാന സർക്കാർ 1972-ലെ വന്യജീവി (സംരക്ഷണം) നിയമത്തിന്റെ 11 (1) (ബി) വകുപ്പ് പ്രകാരമുള്ള നടപടികളെടുത്തു വന്നിരുന്നുവെങ്കിലും കാട്ടുപന്നി പ്രശ്നത്തിൽ കാര്യമായ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ലെന്ന് വ്യക്തമാക്കി കാട്ടുപന്നികളെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കുന്നതിനുള്ള അപേക്ഷ പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് 17-06-2021-ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് വീണ്ടും കത്ത് നൽകുകയുണ്ടായി. തുടർന്ന്

കൃഷിഭൂമികളിൽ നാശംവരുത്തുന്ന കാട്ടുപന്നികളെ വെർമിനായി പ്രഖ്യാപിക്കണമെന്ന അപേക്ഷ സംബന്ധിച്ച് വനം വകുപ്പ് മന്ത്രി കേന്ദ്ര മന്ത്രിയുമായി നേരിട്ട് ചർച്ച നടത്തിയതിനുശേഷം കാട്ടുപന്നിയുടെ ആക്രമണം രൂക്ഷമായ പ്രദേശങ്ങൾ വില്ലേജ് അടിസ്ഥാനത്തിൽ തയ്യാറാക്കി 08-02-2022-ൽ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ 1972-ലെ വന്യജീവി (സംരക്ഷണം) നിയമത്തിന്റെ 11 (1) (ബി) വകുപ്പ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കുവാനും കേന്ദ്ര സർക്കാരിന്റെ 06-02-2021-ലെ അഡ്വൈസറി പ്രകാരമുള്ള നിർദ്ദേശങ്ങൾ കൈക്കൊള്ളുവാനും ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന സർക്കാരിന്റെ 08-02-2022-ലെ അപേക്ഷ കേന്ദ്രസർക്കാർ മടക്കി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത നിയമത്തിലെ സെക്ഷൻ 62 പ്രകാരം ഷെഡ്യൂൾ I-ലും ഷെഡ്യൂൾ II (പാർട്ട് II) -ലും ഉൾപ്പെടാത്ത ഏത് മൃഗത്തെയും ഒരു നിശ്ചിത കാലത്തേക്ക് ക്ഷുദ്രജീവിയായി പ്രഖ്യാപിക്കാമെന്നിരിക്കെ കേന്ദ്ര സർക്കാർ സംസ്ഥാനത്തിന്റെ നിരന്തരമായ അഭ്യർത്ഥനകൾ നിരസിച്ചതിന്റെ കാരണം അറിയിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

കാട്ടുപന്നിയെ വെർമിനായി പ്രഖ്യാപിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് നൽകിയ അപേക്ഷകളുമായി ബന്ധപ്പെട്ട് ലഭിച്ചിട്ടുള്ള കേന്ദ്ര സർക്കാരിന്റെ 10-12-2020-ലെ എഫ്.നം. 8-31/2020-ഡബ്ല്യു.എൽ, നമ്പർ കത്തിലും 07-03-2022-ലെ എഫ്.നം. 8-31/2020-ഡബ്ല്യു.എൽ. നമ്പർ കത്തിലും അഭ്യർത്ഥനകൾ നിരസിച്ചതിന്റെ കാരണം വ്യക്തമായി പരാമർശിച്ചിട്ടില്ല. 1972-ലെ വന്യജീവി (സംരക്ഷണം) നിയമത്തിന്റെ 11 (1) (ബി) വകുപ്പ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കാനും പ്രശ്നക്കാരായ കാട്ടുപന്നികളുടെ കാര്യത്തിൽ പഞ്ചായത്തിരാജ് സ്ഥാപനങ്ങളുടെ സേവനങ്ങൾ ഉപയോഗിക്കാനുള്ള സാധ്യത പരിഗണിക്കുവാനും കേന്ദ്ര സർക്കാരിന്റെ മനുഷ്യ വന്യജീവി സംഘർഷവുമായി ബന്ധപ്പെട്ട അഡ്വൈസറികൾ പിന്തുടരാനും നിർദ്ദേശിച്ചുകൊണ്ടാണ് കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിന്റെ അപേക്ഷ മടക്കി നൽകിയത്.

(സി) പ്രസ്തുത നിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് ഉത്തരാഖണ്ഡ്, ബീഹാർ എന്നീ സംസ്ഥാനങ്ങൾക്ക് അവരുടെ അഭ്യർത്ഥന മാനിച്ച് കേന്ദ്രസർക്കാർ അനുമതി നൽകിയിരുന്നോ?

പ്രസ്തുത നിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് ഉത്തരാഖണ്ഡ്, ബീഹാർ എന്നീ സംസ്ഥാനങ്ങൾക്ക് അവരുടെ അഭ്യർത്ഥന മാനിച്ച് കേന്ദ്രസർക്കാർ ഒരു പ്രത്യേക കാലയളവിൽ പ്രത്യേക പ്രദേശങ്ങളിലേയ്ക്ക് അനുമതി നൽകിയിട്ടുള്ളതായി അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞിട്ടുണ്ട്.

(ഡി) സംസ്ഥാനത്തിന്റെ ആവശ്യം കേന്ദ്ര സർക്കാർ നിരസിച്ചുവെങ്കിലും ഈ വിഷയത്തിൽ സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

1972-ലെ വന്യജീവി (സംരക്ഷണം) നിയമത്തിന്റെ 11 (1) (ബി) വകുപ്പ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കാനും പ്രശ്നക്കാരായ കാട്ടുപന്നികളുടെ കാര്യത്തിൽ പഞ്ചായത്തിരാജ് സ്ഥാപനങ്ങളുടെ സേവനങ്ങൾ ഉപയോഗിക്കാനുള്ള സാധ്യത പരിഗണിക്കുവാനും കേന്ദ്ര സർക്കാരിന്റെ മനുഷ്യ വന്യജീവി സംഘർഷവുമായി ബന്ധപ്പെട്ട അഡൈ്വസറികൾ പിന്തുടരാനും നിർദ്ദേശിച്ചുകൊണ്ടാണ് കാട്ടുപന്നിയെ വെർമിനായി പ്രഖ്യാപിക്കുന്നതുമായി ബന്ധപ്പെട്ട സംസ്ഥാന സർക്കാരിന്റെ അപേക്ഷ കേന്ദ്ര സർക്കാർ മടക്കി നൽകിയത്. പ്രസ്തുത അഡൈ്വസറികളുടെ

അടിസ്ഥാനത്തിൽ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി സംസ്ഥാന, ജില്ലാതലങ്ങളിൽ ഏകോപന സമിതികൾ രൂപീകരിച്ച് 09-12-2021-ലെ G.O.(Rt.) No .402/2021/F&WLD പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും ആയതിന്റെ തുടർനടപടികൾ സ്വീകരിച്ചുവരുന്നതുമാണ്.

കൂടാതെ ജനവാസ മേഖലകളിൽ ജനങ്ങളുടെ ജീവനും സ്വത്തിനും നാശംവരുത്തുന്ന കാട്ടുപന്നികളെ കൊന്ന് ഇല്ലായ്മ ചെയ്യുവാൻ 1972-ലെ വന്യജീവി (സംരക്ഷണം) നിയമത്തിന്റെ 11 (1) (ബി) വകുപ്പ് പ്രകാരമുള്ള ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ അധികാരം ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ബന്ധപ്പെട്ട ഓണററി വൈൽഡ് ലൈഫ് വാർഡന്/അധികാരപ്പെട്ട ഉദ്യോഗസ്ഥന് ഡെലിഗേറ്റ് ചെയ്തുകൊണ്ട് (നിർദ്ദേശങ്ങൾ സഹിതം) 28-05-2022-ലെ സ.ഉ. (കൈ) നം. 29/22/വനം, 31-05-2022-ലെ സ.ഉ. (സാധാ) നം. 239/22/വനം തീയതി എന്നിവ പ്രകാരം സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

## കരിമ്പുഴ വന്യജീവി സങ്കേതം

171 (946) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരിമ്പുഴ വന്യജീവി സങ്കേതം വിജ്ഞാപനം ചെയ്തത് എന്നാണെന്നും ഇതിനായുള്ള പ്രാരംഭ നടപടികൾ ഏതുവർഷത്തിലാണ് ആരംഭിച്ചതെന്നും അറിയിക്കുമോ; വിജ്ഞാപനത്തിന്റെ പകർപ്പ് നൽകുമോ?

കരിമ്പുഴ വന്യജീവിസങ്കേതം വിജ്ഞാപനം ചെയ്തത് 17-08-2019-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 09/2019/വനം പ്രകാരമാണ്. 02-01-2011-ലെ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും യോഗത്തിലാണ് പ്രാരംഭ നടപടികളാരംഭിച്ചത്. വിജ്ഞാപനത്തിന്റെ പകർപ്പ് അനുബന്ധം ആയി ചേർത്തിരിക്കുന്നു+.

(ബി) ഏതെല്ലാം ഭൂപ്രദേശങ്ങളാണ് കരിമ്പുഴ വന്യജീവി സങ്കേതത്തിൽ ഉൾപ്പെടുന്നതെന്നും എത്ര വിസ്തീർണ്ണമാണ് ഈ സങ്കേതത്തിനുള്ളതെന്നും വ്യക്തമാക്കുമോ; വനത്തിനുള്ളിലെ ജനവാസമേഖല പ്രദേശങ്ങൾ വന്യജീവി സങ്കേതത്തിൽനിന്നും ഒഴിവാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ; കരിമ്പുഴ വന്യജീവി സങ്കേതത്തിന്റെ അതിർത്തികൾ

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജനവാസമേഖലകളിൽ നിന്നും എത്ര അകലെയാണുള്ളതെന്നും അറിയിക്കുമോ; സുപ്രീംകോടതി വിധി പ്രകാരമുള്ള ഒരു കിലോമീറ്റർ ബഫർ സോൺ ജനവാസ മേഖലകളെ ബാധിക്കുന്നതാണോ എന്നും അറിയിക്കുമോ?

മലപ്പുറം ജില്ലയിലെ കരുളായി, മൂത്തേടം, അമരമ്പലം വില്ലേജുകളിലെ ന്യൂ അമരമ്പലം റിസർവ് ഫോറസ്റ്റ്, വടക്കേകോട്ട മലവാരം വെസ്റ്റഡ് ഫോറസ്റ്റ് എന്നിവയിലുൾപ്പെട്ട 227.97 ച.കി.മീറ്റർ വനപ്രദേശം ജനവാസ മേഖലയായ ചോലനായ്ക്കർ താമസിക്കുന്ന 2.50 ഹെക്ടർ (0.025 ച.കി.മീറ്റർ) വരുന്ന മാഞ്ചീരി കോളനി ഒഴിവാക്കിയിട്ടുണ്ട്. കരിമ്പുഴ വന്യജീവി സങ്കേതത്തിന്റെ അതിർത്തികൾ ജനവാസ മേഖലയിൽനിന്നും 1 കി.മീറ്റർ മുതൽ 10 കി.മീറ്റർ വരെ അകലെയാണ് സ്ഥിതി ചെയ്യുന്നത്. സുപ്രീം കോടതി വിധി പ്രകാരമുള്ള 1 കി.മീറ്റർ ബഫർസോൺ ജനവാസ മേഖലകളെ ബാധിക്കില്ല.

(സി) വന്യജീവി സങ്കേത പ്രഖ്യാപനത്തിന് കേന്ദ്ര വനം -പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ആവശ്യമുണ്ടോ; കരിമ്പുഴ വന്യജീവി സങ്കേതത്തിന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി

ലഭിച്ചിട്ടുണ്ടോ; കേന്ദ്ര അനുമതിക്കായി എന്നാണ് പദ്ധതി സമർപ്പിച്ചതെന്ന് അറിയിക്കുമോ; പ്രൊപ്പോസലിന്റെ പകർപ്പ് നൽകുമോ ?

1972-ലെ വന്യജീവി (സംരക്ഷണ) ആക്ടിന് (1972 ലെ 53-ാം കേന്ദ്ര ആക്ട്) കീഴിൽ വന്യജീവി സങ്കേതം രൂപീകരിക്കുന്നതിന് സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ചാണ് സംസ്ഥാന സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്.

(ഡി) നിലവിലെ നിലമ്പൂർ എം. എൽ. എ.-യുടെ കത്തോ ശിപാർശയോ നിർദ്ദേശങ്ങളടങ്ങിയ കുറിപ്പോ കരിമ്പുഴ വന്യജീവി സങ്കേതം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് നൽകുമോ; ജനപ്രതിനിധികളുടെ ശിപാർശകളിലാണോ സാധാരണ നിലയിൽ വന്യജീവി സങ്കേതങ്ങൾ യാഥാർത്ഥ്യമാക്കാറുള്ളതെന്നും വ്യക്തമാക്കുമോ?

കരിമ്പുഴ വന്യജീവി സങ്കേതം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലെ എം.എൽ.എ.-യുടെ പേരിൽ ശിപാർശയോ കത്തോ ലഭിച്ചിട്ടില്ല. 1972-ലെ വന്യജീവി (സംരക്ഷണ) ആക്ടിന്റെ (1972 ലെ 53-ാം കേന്ദ്ര ആക്ട്) 26 എ വകുപ്പ് (1)-ാം ഉപ വകുപ്പ് (ബി) ഖണ്ഡം പ്രകാരം നൽകപ്പെട്ട

അധികാരമുപയോഗിച്ച് 2006-ലെ പട്ടിക ഗോത്രവർഗ്ഗങ്ങളും മറ്റ് പരമ്പരാഗത വനവാസികളും (വനാവകാശങ്ങൾ അംഗീകരിക്കൽ) ആക്ട് (2007 ലെ 2 ാം ആക്ട് പ്രകാരം അവകാശങ്ങൾ സംരക്ഷിക്കപ്പെട്ടിട്ടുള്ള ചോലനായ്ക്കൻമാർ താമസിക്കുന്ന 2.50 ഹെക്ടർ (0.025 ച.കി.മീ) വരുന്ന മാഞ്ചീരി കോളനി ഒഴികെയുള്ള പ്രസ്തുത 227.97 ച.കി.മീ. സ്ഥലം 'കരിമ്പുഴ വന്യജീവി സങ്കേത' മെന്ന പേരിലുള്ള വന്യജീവി സങ്കേതമായി കേരള സർക്കാർ ഇതിനാൽ പ്രഖ്യാപിച്ചിട്ടുണ്ട്. വിജ്ഞാപനത്തിന്റെ പകർപ്പ് അനുബന്ധം ആയി ചേർത്തിരിക്കുന്നു+.

(ഇ) കരിമ്പുഴ വന്യജീവി സങ്കേതം ആരംഭിക്കുന്നതിനായി നിർദ്ദേശങ്ങൾ സമർപ്പിച്ചത് ആരാണെന്നും ആയത് വനംവകുപ്പ് ഉദ്യോഗസ്ഥരാണോ എന്നും അറിയിക്കുമോ; ഇതിനായുള്ള നടപടിക്രമങ്ങളും അറിയിക്കുമോ?

30-10-2011-ന് കേരള മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന വന്യജീവി ബോർഡിന്റെ യോഗത്തിലെ 10-ാം നമ്പർ അജണ്ടയിലെടുത്ത തീരുമാന പ്രകാരമാണ് അംഗീകാരം ലഭിച്ചത്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കാട്ടുപന്നികളെ വെടിവെക്കാനുള്ള ഉത്തരവ്

172 (947) ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകരുടെ ജീവനും സ്വത്തിനും ഭീഷണിയായ കാട്ടുപന്നികളെ വെടിവെച്ച കൊല്ലാൻ തദ്ദേശസ്വയംഭരണ വകുപ്പ് മേധാവികളെ അധികാരപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവിൽ വ്യക്തതയില്ലെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ?

കർഷകരുടെ ജീവനും സ്വത്തിനും ഭീഷണിയായ കാട്ടുപന്നികളെ വെടിവെച്ചുകൊല്ലാൻ തദ്ദേശസ്വയംഭരണ വകുപ്പ് മേധാവികളെ അധികാരപ്പെടുത്തിക്കൊണ്ടുള്ള 28-05-2022-ലെ സ.ഉ.(കൈ) നം. 29/2022/വനം ഉത്തരവിൽ 8 നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള വ്യക്തമായ ഉത്തരവാണ് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളത്.

(ബി) കാട്ടുപന്നികളുടെ ജഡം മറവ് ചെയ്യുന്നതിന് നിർദ്ദേശിക്കുന്ന ശാസ്ത്രീയ മാർഗ്ഗങ്ങൾ എന്തെല്ലാമാണ്?

കാട്ടുപന്നികളുടെ ജഡം മറവ് ചെയ്യുന്നതിന് ജഡം കത്തിക്കുക, മണ്ണെണ്ണ ഒഴിച്ച് യഥാവിധി കുഴിച്ചുമൂടുക എന്നിവ ഉൾപ്പെടെയുള്ള ശാസ്ത്രീയ മാർഗ്ഗങ്ങൾ സ്വീകരിക്കാവുന്നതാണ്.

(സി) കാട്ടുപന്നികളെ ഉപാധിരഹിതമായി കൊല്ലുന്നതിന് അനുമതി നൽകാൻ നടപടി സ്വീകരിക്കുമോ?

ഉപാധിരഹിതമായി കാട്ടുപന്നികളെ കൊല്ലുന്നതിന് നിലവിൽ പരിമിതികളുണ്ട്.

**കാട്ടുപന്നിയുടെ ആക്രമണം**

173 (948) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടുപന്നിയുടെ ആക്രമണം മനുഷ്യവാസത്തിന് നിരന്തര ഭീഷണിയായ സാഹചര്യത്തിൽ പുതിയ സർക്കാർ ഉത്തരവ് പ്രകാരം ഇതുവരെ എത്ര കാട്ടുപന്നികളെ നശിപ്പിച്ചിട്ടുണ്ട് എന്നതിന്റെ വിശദാംശങ്ങൾ അറിയിക്കുമോ?

ജനവാസമേഖലകളിൽ ജനങ്ങളുടെ ജീവനും സ്വത്തിനും നാശം വരുത്തുന്ന കാട്ടുപന്നികളെ ഇല്ലായ്മ ചെയ്യുവാൻ ഗ്രാമപഞ്ചായത്ത്,

മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ബന്ധപ്പെട്ട ഓണററി വൈൽഡ് ലൈഫ് വാർഡന്/അധികാരപ്പെട്ട ഉദ്യോഗസ്ഥന് അനുമതി നൽകിക്കൊണ്ട് 28-05-2022 -ലെ സ.ഉ. (കൈ) നം. 29/2022/വനം, 31-05-2022 -ലെ സ.ഉ. (സാധാ) നം. 239/2022/വനം പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ നിയമിതരായ ഓണററി വൈൽഡ് ലൈഫ് വാർഡന്മാർ, അധികാരപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർക്ക് ജനവാസ മേഖലകളിൽ ജനങ്ങളുടെ ജീവനും സ്വത്തിനും നാശംവരുത്തുന്ന കാട്ടുപന്നികളെ അനുവദനീയ മാർഗ്ഗങ്ങളിലൂടെ കൊന്ന് ഇല്ലായ്മ ചെയ്യുവാൻ 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിൽ സെക്ഷൻ 11 (1) (ബി) പ്രകാരം ചീഫ് വൈൽഡ് ലൈഫ് വാർഡനിൽ നിക്ഷിപ്തമായ അധികാരം വന്യജീവി (സംരക്ഷണ) നിയമത്തിൽ സെക്ഷൻ 5 (2) പ്രകാരം ഡെലിഗേറ്റ് ചെയ്തുകൊണ്ട് ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ 31-05-2022-ലെ കെ. എഫ്. ഡി. എച്ച്. ക്യൂ/3331/21-സി.ഡബ്ല്യൂ.ഡബ്ല്യൂ/ഡബ്ല്യൂ.എൽ.11 നമ്പർ പ്രകാരം ഉത്തരവായിട്ടുള്ളതുമാണ്. 28-05-2022 തീയതിയിലെ സ.ഉ. (കൈ) നം.29/2022/വനം ഉത്തരവിൽ കൊല്ലപ്പെടുന്ന കാട്ടുപന്നികളുടെയും സംസ്കരിക്കപ്പെടുന്ന ജഡങ്ങളുടെയും

വിവരങ്ങൾ അതത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ ആയതിന് തയ്യാറാക്കിയ രജിസ്റ്ററിൽ യഥാവിധി എഴുതി സൂക്ഷിക്കേണ്ടതാണെന്ന് ക്രമനമ്പർ ആറായി നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതുപ്രകാരം പുതിയ സർക്കാർ ഉത്തരവ് പ്രകാരം നശിപ്പിച്ച കാട്ടുപന്നികളുടെ വിശദാംശം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളാണ് സൂക്ഷിക്കുന്നത്.

(ബി) തൃശ്ശൂർ ജില്ലയിലെ ഏതൊക്കെ പ്രദേശങ്ങളിലാണ് കാട്ടുപന്നിയുടെ ആക്രമണം നേരിടുന്നതെന്ന് വിശദമാക്കുമോ?

തൃശ്ശൂർ ജില്ലയിലെ കാട്ടുപന്നിയുടെ ആക്രമണം നേരിടുന്ന പ്രദേശങ്ങളെ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു+.

## വന്യമൃഗങ്ങൾ കൃഷിയിടങ്ങളിലേക്ക് ഇറങ്ങുന്നത് തടയുന്നതിനുള്ള മാർഗങ്ങൾ

174 (949) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങൾ കൃഷിയിടങ്ങളിലേക്ക് ഇറങ്ങാതിരിക്കാൻ സ്വീകരിച്ച ശാസ്ത്രീയ മാർഗ്ഗങ്ങൾ എന്തൊക്കെയെന്ന് പറയുമോ?

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വന്യമൃഗങ്ങൾ കൃഷിയിടങ്ങളിലേയ്ക്ക് ഇറങ്ങാതിരിക്കാൻ സ്വീകരിച്ചിട്ടുള്ള ശാസ്ത്രീയമാർഗ്ഗങ്ങൾ ചുവടെ ചേർക്കുന്നു.

വനാതിർത്തികളിൽ സൗരോർജ്ജ വേലി, കിടങ്ങുകൾ, ആനപ്രതിരോധ മതിലുകൾ, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ്, റെയിൽ ഫെൻസിംഗ് എന്നിവ നിർമ്മിക്കുകയും കാലാകാലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുകയും ചെയ്യുന്നുണ്ട്. വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി വനത്തിനോട് ചേർന്നുള്ള ചില ജനവാസ മേഖലകളിൽ ഏർളി വാർണിംഗ് സിസ്റ്റം നടപ്പാക്കിയിട്ടുണ്ട്.

നാട്ടിലേയ്ക്കിറങ്ങുന്ന വന്യജീവികളെ കാട്ടിലേയ്ക്ക് തുരത്തുന്നതിനായി തെരഞ്ഞെടുത്ത പ്രദേശങ്ങളിൽ റാപ്പിഡ് റെസ്പോൺസ് ടീമുകൾ പ്രവർത്തിച്ചുവരുന്നു.

പ്രശ്നക്കാരായ കാട്ടാനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്ക് വെടിവെച്ചോ കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസ കേന്ദ്രങ്ങളിൽനിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റേയും സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികളിൽപ്പെടുത്തി വന്യജീവികളുടെ ആവാസവ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതിന് മണ്ണ്, ജല സംരക്ഷണ പ്രവൃത്തികൾ, ചെക്ക്ഡാമുകളുടെ നിർമ്മാണം, തദ്ദേശീയമല്ലാത്ത കളകളുടെ നിർമ്മാർജ്ജനം, വനത്തിനകത്ത് ജലലഭ്യത ഉറപ്പുവരുത്തുന്നതിന് കുളങ്ങളുടെ നിർമ്മാണം, പുനരുദ്ധാരണം തുടങ്ങിയവ നടത്തിവരുന്നുണ്ട്. വനങ്ങളിൽ 30000 ഹെക്ടറോളം യൂക്കാലിപ്റ്റസ്, അൽക്കേഷ്യ, മാഞ്ചിയം, വാറ്റിൽ എന്നീ വിദേശയിനം തോട്ടങ്ങൾ വ്യാവസായിക ആവശ്യങ്ങൾക്കായി നട്ടുപിടിപ്പിച്ചിട്ടുണ്ട്. 2018 മുതൽ ഈ വിദേശീയ ഇനങ്ങളുടെ നടീൽ നിർത്തലാക്കി. ടി തോട്ടങ്ങളെ ഘട്ടംഘട്ടമായി സ്വാഭാവിക വനങ്ങളാക്കാനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്. കാട്ടാന ഉൾപ്പെടെയുള്ള വന്യമൃഗങ്ങൾക്ക് കാട്ടിൽത്തന്നെ കൂടുതൽ ഭക്ഷ്യലഭ്യത

ഉറപ്പാക്കുവാൻ ടി പരിസ്ഥിതി പുനഃസ്ഥാപനത്തിലൂടെ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

വന്യജീവികൾക്കും അവയുടെ ആവാസവ്യവസ്ഥയ്ക്കും ദോഷകരമായി ഭവിക്കുന്ന കാട്ടുതീ തടയുന്നതിനായി വനമേഖലകളിലും വനാതിർത്തി പങ്കിടുന്ന ജനവാസ മേഖലകളിലും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

വന്യമൃഗശല്യം രൂക്ഷമായ പ്രദേശങ്ങളിൽ ഫോറസ്റ്റ് സെറ്റിൽമെൻറുകളിലെ താമസക്കാരെ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം കാടിന് പുറത്തേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഏതൊക്കെ പ്രദേശങ്ങളിൽ എത്ര അളവിൽ ഇത്തരം മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ടെന്ന് പറയുമോ?

കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ കാട്ടാനശല്യം തടയുന്നതിന്റെ ഭാഗമായി കുണ്ടുപള്ളി-കാപ്പിത്തട്ട് (3 കി.മീ), പാടി-എടക്കാനം (0.5 കി.മീ), ചെർണ്ണൂർ-പവിത്രങ്കയം (6 കി.മീ), റാണിപുരം-എൻ.എ പ്ലാന്റേഷൻ (2 കി.മീ), പരിയാരം ഖാദി-കുവക്കാട് (3 കി.മീ), പാടിക്കൊച്ചി-രംഗത്തുമല

(6 കി.മീ) എന്നിങ്ങനെയുള്ള പ്രദേശങ്ങൾ ഉൾപ്പെടെ കാഞ്ഞങ്ങാട് റെയിഞ്ചിന്റെ പരിധിയിൽ ആകെ 20.05 കിലോമീറ്റർ ദൂരത്തിൽ സൗരോർജ്ജ തൂക്കുവേലി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. NABARD സ്കീമിൽ ഉൾപ്പെടുത്തിയ ടി പ്രവൃത്തിക്ക് 2.79 കോടി രൂപ ചെലവു പ്രതീക്ഷിക്കുന്നു. ടി പദ്ധതി കാസർഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തുന്നതിന് കാസർഗോഡ് ജില്ലാ കളക്ടറോട് അപേക്ഷിച്ചിട്ടുണ്ട്. കാഞ്ഞങ്ങാട് റെയിഞ്ചിന്റെ പരിധിയിൽ വന്യമൃഗാക്രമണം തടയുന്നതിന്റെ ഭാഗമായി കഴിഞ്ഞ വർഷങ്ങളിൽ നടപ്പാക്കിയ വിവിധ പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

(സി) സൗരോർജ്ജ വേലികളിലെ അറ്റകുറ്റപണികൾ കൃത്യമായി ചെയ്യുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് സോളാർ വൈദ്യുതവേലി അറ്റകുറ്റപണി ചെയ്ത് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. സൗരോർജ്ജവേലികൾ പ്രവർത്തന രഹിതമാകുന്നത് യഥാസമയം കണ്ടെത്തുന്നതിനും അറ്റകുറ്റപ്പണി ചെയ്ത് പരിപാലിക്കുന്നതിനും ദിവസവേതന വാച്ചർമാരുടെ സേവനം ഉപയോഗപ്പെടുത്തിവരുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

**നെയ്യാർ വന്യജീവി സങ്കേതത്തിലെ സിംഹ സഫാരി പാർക്ക്**

175 (950) <u>ശ്രീ, സി. കെ. ഹരീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിലെ നെയ്യാർ വന്യജീവി സങ്കേതത്തിലെ സിംഹ സഫാരി പാർക്ക് തുറന്ന് പ്രവർത്തിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ആയതിന്റെ വിവരം ലഭ്യമാക്കുമോ?

13-12-2021-ലെ 19186/93 CZA(136)(E) ഉത്തരവ് പ്രകാരം നെയ്യാർ വന്യജീവി സങ്കേതത്തിലെ സിംഹ സഫാരി പാർക്കിന്റെ അംഗീകാരം സെൻട്രൽ സൂ അതോറിറ്റി റദ്ദാക്കിയിട്ടുള്ളതാണ്. ആയതിന്മേൽ തിരുവനന്തപുരം വൈൽഡ് ലൈഫ് വാർഡൻ നൽകിയ അപ്പീൽ അപേക്ഷയിൽ കേന്ദ്ര വനം-പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് സെക്രട്ടറി ഹിയറിംഗ് അനുവദിക്കുകയും 25-04-2022-ൽ തിരുവനന്തപുരം വൈൽഡ് ലൈഫ് വാർഡൻ ഹിയറിംഗിന് ഹാജരാകുകയും ചെയ്തിട്ടുണ്ട്. അംഗീകാരം പുനഃസ്ഥാപിക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരിൽനിന്നും അന്തിമ തീരുമാനം ലഭിച്ചിട്ടില്ല.

(ബി) പ്രസ്തുത സിംഹ സഫാരി പാർക്കിലേയ്ക്ക് പുതുതായി സിംഹങ്ങളെ കൊണ്ടുവരുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദ വിവരം അറിയിക്കുമോ?

അംഗീകാരം പുനഃസ്ഥാപിച്ച് കിട്ടിയാൽ മാത്രമേ സിംഹങ്ങളെ പാർക്കിലേയ്ക്കെത്തിക്കാൻ സാധിക്കുകയുള്ളു.

## വന്യജീവി ആക്രമണത്താൽ മരണമടയുന്ന കുടുംബാംഗങ്ങൾക്കുള്ള ധനസഹായം

176 (951) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവികളുടെ ആക്രമണത്താൽ കൊല്ലപ്പെടുന്ന ദരിദ്രരായവരുടെ കുടുംബങ്ങൾക്ക് നൽകുന്ന സഹായ പദ്ധതികൾ വിശദീകരിക്കുമോ?

1980-ലെ കേരള റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ റ്റു വിക്റ്റിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് അനിമൽസ് പ്രകാരവും 05.04.2018-ലെ സ.ഉ.(കൈ)നം.17/2018/വനം നമ്പർ ഉത്തരവ് പ്രകാരവുമാണ് നിലവിൽ വന്യജീവി ആക്രമണത്തിൽ പരിക്കേറ്റവർക്കും മരണമടയുന്നവർക്കും നഷ്ടപരിഹാരം നൽകിവരുന്നത്. വന്യജീവി ആക്രമണംമൂലം മരണപ്പെടുന്ന വ്യക്തികളുടെ നിയമപരമായ

അവകാശികൾക്ക് 10 ലക്ഷം രൂപയും വന്യജീവി ആക്രമണത്താൽ മരണമടയുന്ന കുടുംബാംഗങ്ങൾക്കുള്ള ധനസഹായം വനത്തിന് പുറത്തുവച്ച് പാമ്പുകടിയേറ്റ് ജീവഹാനി സംഭവിച്ചാൽ 2 ലക്ഷം രൂപയും നഷ്ടപരിഹാരം അനുവദിക്കുന്നു. സ്ഥായിയായ അംഗവൈകല്യം സംഭവിക്കുന്നവർക്ക് 2 ലക്ഷം രൂപയും വന്യ മൃഗങ്ങളുടെ ആക്രമണംമൂലം പരിക്കേൽക്കുന്ന വ്യക്തികൾക്ക് ചികിത്സയ്ക്ക് ചെലവാകുന്ന തുക പരമാവധി ഒരു ലക്ഷം രൂപവരെയും മേൽ സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ചു വരുന്നു. പട്ടിക വർഗ്ഗക്കാരുടെ കാര്യത്തിൽ ചികിൽസാ ചെലവ് മുഴുവനും ലഭ്യമാകും.

(ബി) വന്യമൃഗങ്ങൾമൂലം മരണപ്പെട്ടിട്ടുള്ളവരിൽ ഭൂരിഭാഗവും വിഷപാമ്പുകളുടെ കടിയേറ്റാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവരുടെ കുടുംബങ്ങൾക്ക് സർക്കാർ നൽകുന്ന ധനസഹായ പദ്ധതികൾ ഏതെല്ലാമെന്ന് വിശദീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 05.04.2018-ലെ സ.ഉ.(കൈ)നം. 17/2018/വനം നമ്പർ ഉത്തരവ് പ്രകാരമാണ് വന്യജീവി ആക്രമണത്തിൽ പരിക്കേറ്റവർക്കും മരണമടയുന്നവർക്കും നഷ്ടപരിഹാരം നൽകിവരുന്നത്. വനത്തിന് പുറത്തുവച്ച് പാമ്പുകടിയേറ്റ് ജീവഹാനി സംഭവിച്ചാൽ 2 ലക്ഷം

രൂപ നിയമപരമായ അവകാശികൾക്ക് നഷ്ടപരിഹാരമായി അനുവദിക്കുന്നു. വന്യ മൃഗങ്ങളുടെ ആക്രമണംമൂലം പരിക്കേൽക്കുന്ന വ്യക്തികൾക്ക് ചികിത്സയ്ക്ക് ചെലവാകുന്ന തുക പരമാവധി ഒരു ലക്ഷം രൂപവരെയും സ്ഥായിയായ അംഗവൈകല്യം സംഭവിക്കുന്നവർക്ക് 2 ലക്ഷം രൂപയും മേൽ സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ചുവരുന്നു. പട്ടിക വർഗ്ഗവിഭാഗക്കാർക്ക് ചികിത്സാർത്ഥം ചെലവാകുന്ന മുഴുവൻ തുകയും നൽകുന്നതാണ്.

(സി) പാമ്പുകടിയേറ്റ് മരണമടയുന്നവർക്ക് ധനസഹായത്തിനായി അപേക്ഷ നൽകേണ്ടതിന്റെ വിശദവിവരങ്ങൾ അറിയിക്കുമോ?

പാമ്പുകടിയേറ്റ് മരണമടയുന്നവർക്കുള്ള ധനസഹായത്തിനായി മരണപ്പെടുന്ന വ്യക്തികളുടെ അനന്തരാവകാശികൾ അപേക്ഷ തൊട്ടടുത്തുള്ള അക്ഷയകേന്ദ്രം വഴി ഇ-ഡിസ്ട്രിക്ട് മുഖേന ഓൺലൈൻ ആയി സമർപ്പിക്കേണ്ടതാണ്. മരണം നടന്ന് ഒരു വർഷത്തിനകം നഷ്ടപരിഹാരം ലഭിക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റുകൾ സഹിതം ബന്ധപ്പെട്ട റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ/ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. റെയിഞ്ച് ഓഫീസർ/ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ ശിപാർശ ലഭിച്ചാൽ 15 ദിവസത്തിനകം ഡിവിഷണൽ

ഫോറസ്റ്റ് ഓഫീസർ/റെയിഞ്ച് ഓഫീസർ തുടരന്വേഷണം നടത്തുകയും 15 ദിവസത്തിനകം ആവശ്യമായ ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണ്. റേഞ്ച് ഓഫീസറുടെ ശിപാർശ ലഭിച്ചശേഷം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ/റെയിഞ്ച് ഓഫീസർ ബന്ധപ്പെട്ട വില്ലേജ് ഓഫീസറുടെ പക്കൽ നിന്നും ബന്ധുത്വം സംബന്ധിച്ച സർട്ടിഫിക്കറ്റ് ലഭ്യമാകുന്നമുറയ്ക്ക് നഷ്ടപരിഹാരത്തിന്റെ ആകെ തുകയുടെ 50% മരണപ്പെട്ടയാളുടെ നിയമപരമായ അവകാശികൾക്ക് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നൽകിവരുന്നു. ബാക്കി തുക അനന്തരാവകാശ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന തീയതി മുതൽ 7 ദിവസത്തിനകം ഫണ്ടിന്റെ ലഭ്യത അനുസരിച്ച് നൽകുന്നതാണ്. വന്യജീവി ആക്രമണത്തിൽ ജീവഹാനി സംഭവിക്കുന്ന വ്യക്തികൾക്ക്, വന്യജീവി (സംരക്ഷണം) നിയമം 1972, കേരള വനം നിയമം എന്നിവ പ്രകാരമുള്ള കുറ്റകൃത്യങ്ങളിൽ ശിക്ഷിക്കപ്പെടുകയോ ഉൾപ്പെടുകയോ ചെയ്താൽ നഷ്ടപരിഹാരത്തിന് അർഹതയില്ല. സ്ഥിരം കുറ്റവാളികളല്ലാത്തതും വനംകുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളതുമായ വ്യക്തികൾ കുറ്റകൃത്യത്തിനിടയിലല്ലാതെ വന്യജീവി ആക്രമണത്തിൽ മരണപ്പെട്ടാൽ ആയത് ബന്ധപ്പെട്ട സർക്കിളിലെ ഉദ്യോഗസ്ഥർ

പരിശോധിക്കുകയും അർഹതയുള്ള കേസിൽ നഷ്ടപരിഹാരം നൽകേണ്ടതുമാണ്.

## വന്യജീവി ആക്രമണം തടയാൻ നടപടി

177 (952) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)വന്യജീവികളുടെ ആക്രമണത്തിൽനിന്നും വനാതിർത്തിയിലുള്ള ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വിശദമാക്കുമോ?

വന്യജീവികളുടെ ആക്രമണത്തിൽനിന്നും വനാതിർത്തിയിലുള്ള ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പാക്കുന്നതിനുള്ള നടപടികൾ ചുവടെ ചേർക്കുന്നു.

വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി early warning system വനത്തിനോട് ചേർന്നുള്ള വിവിധ ജനവാസ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്.

നാട്ടിലേയ്ക്കിറങ്ങുന്ന വന്യജീവികളെ കാട്ടിലേയ്ക്ക് തുരത്തുന്നതിനായി വിവിധ പ്രദേശങ്ങളിൽ റാപ്പിഡ് റെസ്പോൺസ് ടീമുകൾ പ്രവർത്തിച്ചുവരുന്നു.

തെരഞ്ഞെടുത്ത വനാതിർത്തികളിൽ സൗരോർജ്ജവേലികളും കിടങ്ങുകളും ആന പ്രതിരോധ മതിലുകളും ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ് എന്നിവയും നിർമ്മിച്ച് പരിപാലിച്ച് വരുന്നു.

പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

കാട്ടാന പ്രശ്നം രൂക്ഷമായിട്ടുള്ള പാലക്കാട്, വയനാട് ജില്ലകളിൽ കുങ്കിയാനകളെ ഉപയോഗിച്ച് പ്രശ്നക്കാരായ കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി കുങ്കി സ്ക്വാഡുകളും പ്രവർത്തിച്ചുവരുന്നുണ്ട്.

സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന നാശകാരികളായ വന്യജീവികളെ മയക്ക് വെടിവെച്ചോ കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസ കേന്ദ്രങ്ങളിൽനിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പൊതുജന പങ്കാളിത്തത്തോടെ നടപടികൾ സ്വീകരിക്കുന്നതിനായി വനാതിർത്തി പങ്കിടുന്ന പഞ്ചായത്തുകളിൽ 261 ജനജാഗ്രതാ സമിതികൾ

രൂപീകരിച്ചിട്ടുണ്ട്. വന്യജീവി ആക്രമണംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് 08-01-2015-ലെ സ.ഉ.നം.(കൈ)2/2015/വനം, 05-04-2018-ലെ സ.ഉ. നം. (കൈ)17/2018/വനം എന്നീ ഉത്തരവുകൾ പ്രകാരം നഷ്ടപരിഹാരം നൽകിവരുന്നുണ്ട്. കൂടാതെ കൃഷി വകുപ്പിന്റെ വിള ഇൻഷ്വറൻസ് സ്കീമിൽ ഇൻഷ്വർ ചെയ്യുന്ന കർഷകന് വന്യമൃഗങ്ങൾമൂലമുള്ള കൃഷിനാശത്തിന് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതാണ്.

(ബി) കഴിഞ്ഞ 6 വർഷത്തിനിടയിൽ സംസ്ഥാനത്ത് ഏകദേശം നൂറ്റിയറുപതിലധികം പേർ മരിച്ച സാഹചര്യത്തിൽ വന്യജീവി സംഘർഷംമൂലമുള്ള മനുഷ്യജീവനുകളുടെ നഷ്ടം കുറയ്ക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

വന്യജീവി സംഘർഷംമൂലമുള്ള മനുഷ്യജീവനുകളുടെ നഷ്ടം കുറയ്ക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

ജനവാസ മേഖലകളിൽ ജനങ്ങളുടെ ജീവനും സ്വത്തിനും നാശം വരുത്തുന്ന കാട്ടുപന്നികളെ കൊന്ന് ഇല്ലായ്മ ചെയ്യുവാൻ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ബന്ധപ്പെട്ട ഓണററി വൈൽഡ് ലൈഫ് വാർഡന്/

അധികാരപ്പെട്ട ഉദ്യോഗസ്ഥന് അനുമതി നൽകിക്കൊണ്ട് 28-05-2022-ലെ സ.ഉ. (കൈ) നം.29/22/വനം പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജനവാസ മേഖലകളിൽ മനുഷ്യജീവനും സ്വത്തിനും കൃഷിക്കും നാശംവരുത്തുന്ന കാട്ടുപന്നികളെ ഉന്മൂലനം ചെയ്യുന്നതിനായി പൊതുജനങ്ങളുടെ അപേക്ഷയിന്മേൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഓണററി വൈൽഡ് ലൈഫ് വാർഡൻ/അധികാരപ്പെട്ട ഉദ്യോഗസ്ഥൻ അങ്ങനെയുള്ള പ്രദേശത്ത് അത്തരം കാട്ടുപന്നികളെ സ്വയം വേട്ടയാടി കൊല്ലുന്നതിന് അല്ലെങ്കിൽ മറ്റാരെങ്കിലും മുഖേന കൊല്ലിക്കുന്നതിന് അതിനുള്ള കാരണം വ്യക്തമാക്കിക്കൊണ്ട് ഉത്തരവ് നൽകാവുന്നതാണ്. മനുഷ്യജീവനും മറ്റ് വന്യജീവികൾ, വളർത്തു മൃഗങ്ങൾ എന്നിവയ്ക്കും അപകടം സംഭവിക്കാതിരിക്കുന്നതിനായി മേൽ പ്രസ്താവിച്ച പ്രകാരം വിഷപ്രയോഗം, സ്ഫോടക വസ്തു പ്രയോഗം, വൈദ്യുതി ഷോക്ക് ഏൽപ്പിക്കൽ എന്നിവ ഒഴികെയുള്ള മറ്റ് രീതികളിൽ ഇത്തരം കാട്ടുപന്നികളെ കൊല്ലുന്നതിന് അനുമതി നൽകാവുന്നതാണ്. മേൽ ഉത്തരവ് നടപ്പിലാക്കുന്നതിലൂടെ കാട്ടുപന്നികൾമൂലം മനുഷ്യ ജീവനും സ്വത്തിനും ഉണ്ടായേക്കാവുന്ന നഷ്ടം കുറയ്ക്കാൻ സാധിക്കുമെന്ന് കരുതുന്നു.

മനുഷ്യ - വന്യജീവി സംഘർഷം ലഘൂകരിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന്റെ 06-02-2021-ലെ F.No. 8-60/20 WL (Part I) അഡ്വൈസറിയുടെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ മനുഷ്യ-വന്യജീവി സംഘർഷം ഫലപ്രദമായി നേരിടുന്നതിനുവേണ്ടി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ഏകോപന സമിതികൾ രൂപീകരിച്ച് 09-12-2021-ലെ സ.ഉ. (സാധാ) നം.402/2021/വനം പ്രകാരം ഉത്തരവായിട്ടുണ്ട്. മേൽ ഉത്തരവുപ്രകാരം രൂപീകൃതമായിട്ടുള്ള ഏകോപന സമിതികൾ വഴി വന്യജീവികൾ നാട്ടിലേയ്ക്കിറങ്ങുന്നത് തടയുന്നതിനുള്ള ഫലപ്രദമായ മാർഗ്ഗങ്ങൾ വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ കൃത്യമായി നടപ്പാക്കാൻ സാധിക്കുന്നതാണ്.

മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി പ്രശ്നബാധിത പ്രദേശങ്ങൾ കണ്ടെത്തി പ്രസ്തുത സ്ഥലങ്ങളിൽ വന്യജീവി ആക്രമണം ഫലപ്രദമായി നേരിടുന്നതിനുവേണ്ടി 620 കോടി രൂപയുടെ 5 വർഷത്തേയ്ക്കുള്ള ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ആയത് സർക്കാരിന്റെ പരിഗണനയിലാണ്. കൂടാതെ മനുഷ്യ-വന്യജീവി സംഘർഷം അടുത്ത 10

വർഷത്തേയ്ക്ക് ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനാവശ്യമായ 1150 കോടിരൂപയുടെ ഒരു ബൃഹത് പദ്ധതി ആയതിനായി രൂപീകൃതമായ എക്സ്പേർട്ട് സബ്ഗ്രൂപ്പ് തയ്യാറാക്കി 25-01-2021-ന് സംസ്ഥാന പ്ലാനിംഗ് ബോർഡിന് സമർപ്പിച്ചിട്ടുണ്ട്.

വന്യജീവി സംഘർഷംമൂലമുള്ള മനുഷ്യജീവനുകളുടെ നഷ്ടം കുറയ്ക്കുന്നതിന് വന്യജീവി സാന്നിദ്ധ്യമുള്ള വനാതിർത്തികളിലും കാടിനോട് ചേർന്നുള്ള ജനവാസ മേഖലകളിലും വന്യജീവി ആക്രമണം പ്രതിരോധിക്കുന്നതിനായി സൗരോർജ്ജവേലി, ആന പ്രതിരോധ കിടങ്ങ്, എലിഫന്റ് പ്രൂഫ് വാൾ, സ്റ്റീൽ ഫെൻസിംഗ്, സോളാർ ഫെൻസിംഗ്, കരിങ്കൽ ഭിത്തികൾ എന്നിവ ഫലപ്രദമായി നടപ്പാക്കിയിട്ടുള്ളതിനാൽ ജനവാസ മേഖലകളിലേയ്ക്കുള്ള വന്യമൃഗങ്ങളുടെ ആഗമനം ഒരു പരിധിവരെ കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. കൂടാതെ ആർ.ആർ.ടി, ഫീൽഡ് സ്റ്റാഫ് എന്നിവരുടെ ശ്രമകരമായ പട്രോളിംഗിലൂടെ ജനവാസ മേഖലകളിലിറങ്ങുന്ന വന്യമൃഗങ്ങളെ വനത്തിനകത്തേയ്ക്ക് തിരികെ അയയ്ക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുകവഴി വന്യജീവി സംഘർഷംമൂലമുള്ള മനുഷ്യജീവനുകളുടെ നഷ്ടം കുറയ്ക്കുവാൻ സാധിക്കുന്നു.

(സി) മനുഷ്യനും വന്യജീവികളും തമ്മിലുള്ള സംഘർഷങ്ങൾ കൂടി വരുന്ന സാഹചര്യത്തിൽ സാങ്കേതികവിദ്യകൾ ഉപയോഗിച്ചും പൊതുജന പങ്കാളിത്തവും വനജാഗ്രത സമിതികളെയും ഉപയോഗപ്പെടുത്തി മൃഗങ്ങളെ നിരീക്ഷിക്കുന്നതിനും വന്യജീവി ആക്രമണം പ്രതിരോധിക്കുന്നതിനും കൂടുതൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ജനവാസ മേഖലകളിൽ വന്യജീവികൾ പ്രവേശിച്ചാൽ പ്രദേശവാസികൾക്ക് എസ്.എം.എസ്. മുഖേന മുന്നറിയിപ്പ് നൽകുന്നതിനായി എസ്.എം.എസ്. അലർട്ട് സംവിധാനം വിവിധ ഡിവിഷനുകളിൽ നടപ്പാക്കിയിട്ടുണ്ട്. വന്യജീവി സംഘർഷം കൂടുതലുള്ള വനമേഖലകളിൽ വന്യജീവികളെ നിരീക്ഷിക്കുന്നതിനാവശ്യമായ ഘട്ടങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചുവരുന്നു. സൗത്ത് വയനാട് ഡിവിഷനിൽ ഡ്രോൺ പോലുള്ള ആധുനിക സാങ്കേതികവിദ്യകൾ നിലവിൽ ഉപയോഗിച്ചുവരുന്നുണ്ട്. കൂടാതെ വന്യമൃഗശല്യം രൂക്ഷമായ ചില പ്രദേശങ്ങളിൽ തദ്ദേശീയരെ ഉൾപ്പെടുത്തി വാട്സ് ആപ്പ് കൂട്ടായ്മ രൂപീകരിച്ച് ജനങ്ങളുടെകൂടി സഹായത്തോടെ ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യമൃഗങ്ങളെ ഉടനടി കണ്ടെത്തുന്നതിനും അപകടങ്ങൾ ഒഴിവാക്കുന്നതിനും

നടപടി സ്വീകരിച്ചുവരുന്നു. വനത്തിനകത്തുകൂടി കടന്നുപോകുന്ന റോഡുകളിൽ വന്യജീവി സാന്നിദ്ധ്യമുള്ള സ്ഥലങ്ങളിൽ സൂചന ബോർഡുകൾ സ്ഥാപിച്ച് മുന്നറിയിപ്പ് നൽകിവരുന്നു. കൂടാതെ വന്യജീവി ആക്രമണം ഫലപ്രദമായി തടയുന്നതിന് സർക്കാരിന് സമർപ്പിച്ച 5 വർഷത്തേയ്ക്കുള്ള സമഗ്ര പദ്ധതിയിൽ ഡ്രോൺ ഉൾപ്പെടെയുള്ള ആധുനിക ഉപകരണങ്ങളുടെ ഉപയോഗം സാധ്യമാകത്തക്ക രീതിയിൽ പദ്ധതികൾ വിഭാവന ചെയ്തിട്ടുണ്ട്. ഡ്രോണുകളുടെ ഉപയോഗം കൂടാതെ ഏർളി വാർണിംഗ് ഇലക്ട്രോണിക് സിസ്റ്റം, റേഡിയോ കോളറുകളുടെ ഉപയോഗം എന്നിവയും പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്.

വന്യജീവി ആക്രമണ പ്രതിരോധത്തിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്ന രീതിയിൽ വനാതിർത്തി പങ്കിടുന്ന പഞ്ചായത്തുകളിൽ തദ്ദേശീയരും ജനപ്രതിനിധികളും വന ഉദ്യോഗസ്ഥരും ചേർന്നുള്ള ജനജാഗ്രതാ സമിതികൾ 07-02-2017-ലെ സ.ഉ. (സാധാ)നം. 51/2017/വനം പ്രകാരം രൂപീകരിച്ച് 2017 മുതൽ പ്രവർത്തിച്ച് വരുന്നു. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്/മുനിസിപ്പൽ ചെയർപേഴ്സൺ അദ്ധ്യക്ഷനും ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ്/മുനിസിപ്പൽ വൈസ് ചെയർപേഴ്സൺ

ഉപാദ്ധ്യക്ഷനും ജില്ലാ പഞ്ചായത്ത് മെമ്പർ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ എന്നിവർ അംഗങ്ങളുമായ 261 ജനജാഗ്രതാ സമിതികൾ നിലവിൽ സംസ്ഥാനത്ത് രൂപീകരിച്ചിട്ടുണ്ട്.

ജനജാഗ്രതാ സമിതികൾക്ക് മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിനുള്ള ഉത്തരവാദിത്വങ്ങളും കടമകളും ചുവടെ ചേർക്കുന്നു.

1. വന്യജീവി ആക്രമണമുണ്ടാകുന്ന മേഖലകളിൽ വനം വകുപ്പിന്റെ ജനകീയ മുഖമായി പ്രവർത്തിച്ച് ജനങ്ങളെ സഹായിക്കുക.

2. പ്രദേശത്തിന് ഏറ്റവും യോജിച്ച പ്രതിരോധമാർഗ്ഗങ്ങളെക്കുറിച്ച് വനം വകുപ്പിനെ അറിയിക്കുക.

3. മൂന്ന് മാസത്തിലൊരിക്കൽ യോഗംകൂടി വേണ്ട ശിപാർശകൾ വനം വകുപ്പ് ഡിവിഷണൽ കുളങ്ങളുടെ ഫോറസ്റ്റ് ഓഫീസർക്ക് നൽകുക.

4. നിലവിൽ നിർമ്മിച്ചിട്ടുള്ള ഫെൻസിംഗ് ഉൾപ്പെടെയുള്ള പ്രതിരോധ മാർഗ്ഗങ്ങൾക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ ആ വിവരം ബന്ധപ്പെട്ട റെയിഞ്ച് ഫോറസ്റ്റ് ഓഫീസറെ അറിയിക്കുകയും കമ്മിറ്റിയിൽ ചർച്ച ചെയ്ത് പരിഹാരമാർഗ്ഗം നിർദ്ദേശിക്കുകയും ചെയ്യുക.

5. വന്യജീവി ആക്രമണമുണ്ടാകുന്നപക്ഷം സ്ഥലത്തെത്തി വേണ്ട നടപടികൾ സ്വീകരിക്കാൻ വനം വകുപ്പിനെ സഹായിക്കുക.

6. വനാതിർത്തി പങ്കിടുന്ന മേഖലകളിൽ വന്യജീവികളെ ആകർഷിക്കാത്ത തരത്തിലുള്ള കൃഷി ചെയ്യുന്നതിന് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്ന വകുപ്പിന്റെ നടപടികളിൽ പങ്കാളികളാകുക.

7. വന്യജീവികൾ കാടിന് പുറത്തേയ്ക്കുവരുന്നത് തദ്ദേശവാസികളെ മുൻകൂട്ടി അറിയിക്കുന്നതിനുള്ള എസ്.എം.എസ്. അലേർട്ട് സിസ്റ്റം തുടങ്ങിയ സംവിധാനങ്ങളുടെ പ്രവർത്തനക്ഷമത ഉറപ്പുവരുത്തുക.

(ഡി) വന്യജീവികളുടെ സ്വതന്ത്രമായ സഞ്ചാരത്തിനായി ഭിന്നിച്ചുപോയ വനഭാഗങ്ങളെ പരസ്പരം ബന്ധിപ്പിച്ച് വഴിത്താരകൾ സുഗമമാക്കുന്നതിനും വന്യജീവി ഇടനാഴികൾ സൃഷ്ടിക്കുന്നതിനും വനത്തിനുള്ളിൽ മൃഗങ്ങൾക്ക് ജലസ്രോതസ് ഒരുക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

വന്യജീവികളുടെ സ്വതന്ത്രമായ സഞ്ചാരത്തിനായി ഭിന്നിച്ചുപോയ വനഭാഗങ്ങളെ പരസ്പരം ബന്ധിപ്പിച്ച് വഴിത്താരകൾ സുഗമമാക്കത്തക്ക രീതിയിൽ വന്യമൃഗശല്യം രൂക്ഷമായ പ്രദേശങ്ങളിൽ ഫോറസ്റ്റ്

സെറ്റിൽമെന്റുകളിലെ താമസക്കാരെ അവരുടെ പൂർണ്ണസമ്മതത്തോടെ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിപ്രകാരം കാടിന് പുറത്തേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ സൗത്ത് വയനാട് ഡിവിഷനുകീഴിൽ വരുന്ന തരിയോട് ഭാഗത്ത് ആനത്താരയ്ക്കായി സ്ഥലം ഏറ്റെടുത്തിട്ടുള്ളതും ആയത് വിജ്ഞാപനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. നോർത്ത് വയനാട് ഡിവിഷന് കീഴിലുള്ള പേര്യ ആനത്താര പദ്ധതിയുടെ ഭാഗമായി നഷ്ടപരിഹാരം നൽകി പ്രദേശവാസികളെ ഒഴിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികളിൽപ്പെടുത്തി വന്യജീവികളുടെ ആവാസവ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതിന് മണ്ണ് ജല സംരക്ഷണ പ്രവൃത്തികൾ, ചെക്ക്ഡാമുകളുടെ നിർമ്മാണം, തദ്ദേശീയമല്ലാത്ത കളകളുടെ നിർമ്മാർജ്ജനം, വനത്തിനകത്ത് ജലലഭ്യത ഉറപ്പുവരുത്തുന്നതിന് കുളങ്ങളുടെ നിർമ്മാണം, പുനരുദ്ധാരണം തുടങ്ങിയവ നടത്തിവരുന്നുണ്ട്.

വനങ്ങളിൽ 30000 ഹെക്ടറോളം യൂക്കാലിപ്റ്റസ്, അൽക്കേഷ്യ, മാഞ്ചിയം, വാറ്റിൽ എന്നീ വിദേശയിനം തോട്ടങ്ങൾ വ്യാവസായിക ആവശ്യങ്ങൾക്കായി നട്ടുപിടിപ്പിച്ചിട്ടുണ്ട്. 2018 മുതൽ ഈ വിദേശീയ ഇനങ്ങളുടെ നടീൽ നിർത്തലാക്കി. ടി തോട്ടങ്ങളെ ഘട്ടംഘട്ടമായി സ്വാഭാവിക വനങ്ങളാക്കാനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്. കാട്ടാന ഉൾപ്പെടെയുള്ള വന്യമൃഗങ്ങൾക്ക് കാട്ടിൽത്തന്നെ കൂടുതൽ ഭക്ഷണലഭ്യത ഉറപ്പാക്കുവാൻ ടി പരിസ്ഥിതി പുനഃസ്ഥാപനത്തിലൂടെ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## കാസർഗോഡ് ജില്ലയിൽ വന്യജീവികളുടെ ആക്രമണം

178 (953) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016, 2016-2021 കാലയളവിൽ കാസർഗോഡ് ജില്ലയിൽ വന്യജീവികളുടെ ആക്രമണംമൂലമുണ്ടായിട്ടുള്ള നാശനഷ്ടങ്ങളുടെ വിശദാംശം നൽകുമോ;

(ബി) ആക്രമണത്തിൽ മരിച്ചവർക്കും പരിക്കേറ്റവർക്കും നൽകിയ നഷ്ടപരിഹാരത്തുക സംബന്ധിച്ച വിശദാംശം നൽകുമോ?

(എ&ബി) ജില്ലയിലുണ്ടായ വന്യജീവി ആക്രമണങ്ങളുടെ വിവരങ്ങൾ ചുവടെച്ചേർക്കുന്നു.

2012-13 കാലത്ത് പാമ്പുകടിയേറ്റ് ജീവഹാനി സംഭവിച്ചതിന് 2 പേർക്ക് ഒരു ലക്ഷം രൂപാവീതം നഷ്ടപരിഹാരം അനുവദിക്കുകയുണ്ടായി. തുടർന്നുള്ള 3 വർഷങ്ങളിൽ പാമ്പുകടിയേറ്റ് മരണപ്പെട്ടതിന് യഥാക്രമം 6 പേർക്കും 9 പേർക്കും ഒരാൾക്കും ഓരോ ലക്ഷം രൂപ വീതം നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ട്. 2014-15 വർഷത്തിൽ കാട്ടുപന്നിയുടെ ആക്രമണത്തിൽ മരണപ്പെട്ട വ്യക്തിയുടെ കുടുംബത്തിന് 5 ലക്ഷം രൂപ നിയമാനുസൃതം നഷ്ടപരിഹാരം നൽകിയിരുന്നു. കൂടാതെ, പാമ്പുകടിയേറ്റ് മരണപ്പെട്ട വ്യക്തിയുടെ ആശ്രിതർക്ക് 2015-16 വർഷത്തിൽ ഒരു ലക്ഷം രൂപ നൽകിയിട്ടുണ്ട്.

വന്യജീവി ആക്രമണത്തിൽ പരിക്കുപറ്റിയതിന് 2012-13 മുതൽ 2016-17 വരെ യഥാക്രമം 23 അപേക്ഷകളിൽ 1,40,234/- രൂപ, 27 അപേക്ഷകളിൽ 4,14,701/- രൂപ, 74 അപേക്ഷകളിലായി 21,22,294/- രൂപ, 68 അപേക്ഷകളിൽ 15,43,229/- രൂപ, 90 അപേക്ഷകളിൽ. 17,66,296/- രൂപ എന്നിങ്ങനെ നഷ്ടപരിഹാരം നൽകിയിരുന്നു.

2017-18 വർഷത്തിൽ കാട്ടുപന്നിയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട

വ്യക്തിയുടെ ആശ്രിതർക്ക് 5,00,000/- രൂപ നഷ്ടപരിഹാരമായി അനുവദിച്ചിട്ടുണ്ട്. കാട്ടാനയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട വ്യക്തിയുടെ കുടുംബത്തിന് 2018-19-ൽ ഒന്നാം ഗഡു നഷ്ടപരിഹാരമായി 5 ലക്ഷം രൂപ അനുവദിച്ചിരുന്നു. രണ്ടാം ഗഡു (5 ലക്ഷം രൂപ) അനുവദിച്ചത് 2020-21-ലാണ്.

2018-19 സാമ്പത്തിക വർഷം കാട്ടുപന്നിയുടെ ആക്രമണത്തിൽ മരിച്ച വ്യക്തിക്കുള്ള ഒന്നാം ഗഡു നഷ്ടപരിഹാരം 2019-20 വർഷത്തിലും (5 ലക്ഷം രൂപ), രണ്ടാംഗഡു 2020-21 വർഷത്തിലും അനുവദിക്കുകയുണ്ടായി. 2019-20 വർഷത്തിൽ കാട്ടുപന്നിയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട ഒരാളുടെ കുടുംബത്തിന് അതേ വർഷംതന്നെ ഒന്നാം ഗഡു ധനസഹായമായി 5 ലക്ഷം രൂപ അനുവദിച്ചതാണ്. ആവശ്യമായ ഫണ്ട് അനുവദിച്ചതിനെ തുടർന്ന് ടി കുടുംബത്തിന് 2021-22 സാമ്പത്തിക വർഷത്തിൽ രണ്ടാം ഗഡുവായി 5 ലക്ഷം രൂപ കൂടി നൽകുകയുണ്ടായി. 2020-21-ൽ കാട്ടുപന്നിയുടെ ആക്രമണത്തിൽ 2 പേർ മരണപ്പെടുകയുണ്ടായി. മതിയായ ഫണ്ട് ലഭ്യമല്ലാതിരുന്നതിനെത്തുടർന്ന് ഒരാൾക്ക് മാത്രമേ ടി സാമ്പത്തിക വർഷം ഒന്നാം ഗഡു അനുവദിക്കുകയുണ്ടായുള്ളൂ. രണ്ടാമത്തെ കുടുംബത്തിന് 2021-22-ൽ ഒന്നാം

ഗഡുവായി 5 ലക്ഷം രൂപ അനുവദിച്ചു. മേൽപ്പറഞ്ഞ 2 കുടുംബങ്ങൾക്കും തൊട്ടടുത്ത സാമ്പത്തികവർഷം രണ്ടാം ഗഡുവായി 5 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തികവർഷം കാസർഗോഡ് ജില്ലയിൽ കാട്ടുപന്നികളുടെ ആക്രമണത്തിൽ രണ്ടു ജീവൻകൂടി പൊലിഞ്ഞു. ആയതിൽ കെ. യു. ജോൺ എന്നിവരുടെ കുടുംബത്തിന് 2021-22-ൽ തന്നെ രണ്ട് ഗഡുവായി 10 ലക്ഷം രൂപയും അനുവദിച്ചപ്പോൾ, പി കുഞ്ഞമ്പുനായരുടെ കുടുംബം ലീഗൽ ഹെയർഷിപ്പ് സർട്ടിഫിക്കറ്റ് ഇതുവരെ ലഭ്യമാക്കാത്തതുകാരണം രണ്ടാം ഗഡുവായി 5 ലക്ഷം രൂപ അനുവദിച്ചിട്ടില്ല; ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ടി തുക അനുവദിക്കുന്നതാണ്. 2011-12 വർഷത്തിൽ പാമ്പുകടിയേറ്റ് മരണപ്പെട്ട മാധുരി എന്നവരുടെ കുടുംബം രേഖകൾ സമർപ്പിച്ചത് 2020-21-ൽ മാത്രമായതിനാൽ ടി കുടുംബത്തിന് ഉടൻതന്നെ നിയമാനുസൃത നഷ്ടപരിഹാരമായി ഒരു ലക്ഷം രൂപ അനുവദിച്ച് ഉത്തരവായി. 2015-16 വർഷത്തിൽ പാമ്പുകടിയേറ്റ് മരണപ്പെട്ട രണ്ടുപേരുടെ കുടുംബത്തിന് നടപടികൾ പൂർത്തിയാക്കി 2020-21-ൽ ഒരു ലക്ഷം രൂപ വീതം അനുവദിച്ചപ്പോൾ 2017-18-ൽ മരണമടഞ്ഞ രണ്ടുപേർക്ക് 2019-20 വർഷത്തിൽ ഓരോ ലക്ഷം രൂപ ധനസഹായം നൽകുകയുണ്ടായി.

2018-19 വർഷത്തിൽ പാമ്പുകടിയേറ്റ് 5 പേർക്ക് ജീവഹാനിയുണ്ടായി. ഇവരിൽ 3 പേരുടെ കുടുംബങ്ങൾക്ക് 2019-20-ൽ തന്നെ പുതുക്കിയ നിരക്കനുസരിച്ച് (2 ലക്ഷം രൂപ) ധനസഹായം അനുവദിച്ചപ്പോൾ, ഒരു കുടുംബത്തിന് 2019-20-ൽ ഒന്നാം ഗഡുവായി ഒരു ലക്ഷം രൂപ നൽകിയിട്ടുണ്ട്. നാളിതുവരെ ലീഗൽ ഹെയർഷിപ്പ് സമർപ്പിക്കാത്തതിൽ രണ്ടാം ഗഡു അനുവദിച്ചുത്തരവായിട്ടില്ല. മറ്റേ കുടുംബത്തിന് 2020-21-ൽ രണ്ടു തവണയായി 2 ലക്ഷം രൂപ (രണ്ട് ലക്ഷം) അനുവദിച്ചുത്തരവായിട്ടുണ്ട്. 2019-20 വർഷം പാമ്പുകടിയെത്തുടർന്ന് 6 പേരുടെ ജീവൻ നഷ്ടമായതായി കണക്കുകൾ സൂചിപ്പിക്കുന്നു. ഇവരിൽ 3 പേരുടെ കുടുംബങ്ങൾക്ക് അതേ സാമ്പത്തിക വർഷംതന്നെ ഒന്നാം ഗഡുവായി ഒരു ലക്ഷം രൂപ വീതം നൽകിയിട്ടുണ്ട്. ഒരു കുടുംബത്തിനുള്ള രണ്ടാം ഗഡു 2020-21-ൽ നൽകിയപ്പോൾ മറ്റുള്ള രണ്ടുപേർക്കർഹമായ രണ്ടാം ഗഡു ധനസഹായം 2021-22-ലാണ് അനുവദിച്ചിട്ടുള്ളത്.

2019-20 വർഷം മരണപ്പെട്ട പ്രമീളകുമാരിയുടെ ആശ്രിതർക്ക് 2020-21, 2021-22 വർഷങ്ങളിൽ ഓരോ ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. മരണപ്പെട്ട ഗീത, ഊർമ്മിള എന്നിവരുടെ കുടുംബങ്ങൾക്ക് ഒന്നാം ഗഡു

ധനസഹായം യഥാക്രമം 2020-21, 2021-22 വർഷങ്ങളിൽ അനുവദിച്ചിട്ടുണ്ടെങ്കിലും ലീഗൽ ഹെയർഷിപ്പ് സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ നാളിതുവരെ രണ്ടാം ഗഡു നൽകാൻ സാധിച്ചിട്ടില്ല. 2020-21 വർഷത്തിൽ പാമ്പു കടിയേറ്റ് മരണപ്പെട്ടതുമായി ബന്ധപ്പെട്ട് രണ്ട് അപേക്ഷകളാണ് റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെ പരിശോധനാ റിപ്പോർട്ട് സഹിതം കാസർഗോഡ് ഡിവിഷനിൽ ലഭിച്ചിട്ടുള്ളത്. ടി രണ്ടു പേരുടെയും ആശ്രിതർക്ക് അതേ വർഷംതന്നെ ഒന്നാം ഗഡു ധനസഹായമായി ഓരോ ലക്ഷം രൂപ നൽകിയിട്ടുണ്ട്. ലീഗൽ ഹെയർഷിപ്പ് സമർപ്പിക്കുവാനുള്ള എല്ലാ കുടുംബങ്ങൾക്കും ആയതിന് കാസർഗോഡ് ഡിവിഷൻ ഓഫീസിൽനിന്നും രേഖാമൂലം നിർദ്ദേശം നൽകിയിട്ടുള്ളതും ആയത് ലഭ്യമാക്കുന്നമുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് രണ്ടാം ഗഡു നഷ്ടപരിഹാരം അനുവദിക്കുന്നതുമാണ്.

2017-18 വർഷത്തിൽ 126 അപേക്ഷകളിലായി 22,20,435/- രൂപ വന്യജീവി ആക്രമണംമൂലം പരിക്കുപറ്റിയവർക്ക് ധനസഹായം അനുവദിച്ചപ്പോൾ 2018-19-ൽ 14,07,154/- രൂപ 76 അപേക്ഷകർക്കായി അനുവദിക്കുകയുണ്ടായി. 2020-21-ൽ 62 അപേക്ഷകളിൽ 11,91,490/-

രൂപയും 2021-22 വർഷത്തിൽ 79 അപേക്ഷകളിൽ 20,35,704/- രൂപയും സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്.

(സി) ആക്രമണത്തിൽ കാർഷികവസ്തുക്കൾ നഷ്ടപ്പെട്ടവർക്ക് അനുവദിച്ച നഷ്ടപരിഹാര തുകയെക്കുറിച്ച് വിശദാംശം നൽകുമോ?

2012-13 മുതൽ 2016-17 വരെ കൃഷിനാശം സംഭവിച്ചതിന് യഥാക്രമം 69 അപേക്ഷകളിൽ 7,28,120/- രൂപ, 72 അപേക്ഷകളിൽ 6,66,764/- രൂപ, 349 അപേക്ഷകളിൽ 33,02,443/- രൂപ, 181 അപേക്ഷകളിൽ 13,16,091/- രൂപ, 147 അപേക്ഷകളിൽ 9,56,869/- രൂപ എന്നിങ്ങനെ നഷ്ടപരിഹാരം അനുവദിച്ച് ഉത്തരവായിരുന്നു. 2017-18 വർഷത്തിൽ 127 അപേക്ഷകർക്ക് 9,78,757/- രൂപ കാർഷിക വിളനാശത്തിന് നഷ്ടപരിഹാരം അനുവദിച്ചപ്പോൾ തൊട്ടടുത്ത വർഷം ആയത് 169 പേർക്കായി 10,03,062/- രൂപ ആയിരുന്നു. 159 പേർക്കായി 13,27,241/- രൂപ 2020-21 ലും 249 പേർക്ക് 2021-22-ൽ 12,74,743/- രൂപയും വിളനാശത്തിന് ധനസഹായം അനുവദിച്ചിട്ടുണ്ട്. വന്യമൃഗശല്യംമൂലം വളർത്തുമൃഗങ്ങൾക്ക് ജീവഹാനി സംഭവിച്ചതിന് 8 അപേക്ഷകളിലായി 2021-22-ൽ 3,50,000/- രൂപയും നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ട്.

(ഡി) വന്യജീവികളുടെ ആക്രമണം തടയാൻ സ്വീകരിച്ചുവരുന്ന നടപടികളെക്കുറിച്ച് വ്യക്തമാക്കുമോ?

കാസർഗോഡ് ഡിവിഷനിൽ വന്യജീവി ആക്രമണം തടയുന്നതിന്റെ ഭാഗമായി കഴിഞ്ഞ കുറച്ചുവർഷങ്ങളായി വിവിധ പദ്ധതികളാണ് നടപ്പാക്കിവരുന്നത്. വനാതിർത്തി പങ്കിടുന്ന ജില്ലയെന്നനിലയിൽ അയൽസംസ്ഥനത്തുനിന്ന് എത്തുന്ന കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് അയയ്ക്കുന്നതിനായി കർണ്ണാടക 2020-21 വർഷത്തിൽ 'ഓപ്പറേഷൻ ഗജ' എന്ന പേരിൽ സംഘടിതമായ പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പാക്കിയിരുന്നു. ജീവനക്കാരുടെ അപര്യാപ്തതമൂലം കഷ്ടപ്പെടുന്ന കാസർഗോഡ് ഡിവിഷനിൽ കഴിഞ്ഞവർഷം താൽക്കാലിക വാച്ചർമാരെ ഉൾപ്പെടുത്തി വന്യമൃഗ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടപ്പാക്കുകയുണ്ടായി. ആയതിന്റെ ഭാഗമായി കാട്ടാനകളെ തിരികെ കാട്ടിലേയ്ക്ക് അയയ്ക്കുന്നതിനായി വിവിധ പ്രദേശങ്ങളിൽ പ്രത്യേക സംഘങ്ങളെത്തന്നെ നിയോഗിച്ചിരുന്നു.

നാട്ടിലിറങ്ങുന്ന പാമ്പുകളെയും മറ്റ് ചെറു ജീവികളേയും രക്ഷിച്ച് കാട്ടിലേയ്ക്ക് തിരികെ വിടുന്നതിന്റെ ഭാഗമായി ആർ.ആർ.ടി

ശക്തിപ്പെടുത്തുകയും പാമ്പുകളെ പിടികൂടുന്നതിന് പരിശീലനം നേടിയ തദ്ദേശീയരായ താൽക്കാലിക വാച്ചർമാരുടെ സേവനം പ്രയോജനപ്പെടുത്തുകയുമുണ്ടായി.

വന്യമൃഗശല്യം രൂക്ഷമായ പ്രദേശങ്ങളിൽ സോളാർ വൈദ്യുത വേലിയും ആന പ്രതിരോധമതിലും ആന പ്രതിരോധ കിടങ്ങുകളും നിർമ്മിക്കുകയും കേടായ വൈദ്യുതവേലികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അറ്റകുറ്റ പണികൾ ചെയ്ത് പ്രവർത്തനക്ഷമമാക്കുകയും ചെയ്തു. സോളാർ വൈദ്യുത വേലിയുടെ അറ്റകുറ്റപ്പണികൾക്ക് ദിവസവേതന വാച്ചർമാരുടെ സേവനവും പ്രയോജനപ്പെടുത്തിവരുന്നു.

കാസർഗോഡ് ഡിവിഷനിൽ ദീർഘകാലാടിസ്ഥാനത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന മറ്റൊരു പദ്ധതിയാണ് സോളാർ തൂക്കുവേലി. ഇതിന്റെ ഭാഗമായി കാസർഗോഡ് റെയിഞ്ചിൽ കാട്ടാനശല്യം രൂക്ഷമാകുന്നത് പരിഗണിച്ച് കാറഡുക്ക ബ്ലോക്കിന്റെയും 5 ഗ്രാമ പഞ്ചായത്തുകളുടെയും സഹകരണത്തോടെ തലപ്പച്ചേരി മുതൽ കണ്ണാടിത്തോട് വരെ 29 കിലോമീറ്റർ സൗരോർജ്ജ തൂക്കുവേലി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. 5 വർഷംകൊണ്ട്

പൂർത്തിയാക്കാനുദ്ദേശിക്കുന്ന ഈ പ്രവൃത്തിക്ക് ആകെ 3.21 കോടി രൂപയും അനുബന്ധ പ്രവർത്തനങ്ങൾക്കായി 90 ലക്ഷം രൂപയും ചെലവ് വരുമെന്ന് കണക്കാക്കുന്നു. ഇതിന്റെ ആദ്യപടിയായി ബന്തടുക്ക സെക്ഷനിലെ വെള്ളക്കാനം മുതൽ പാലാർ വരെ 8 കിലോമീറ്റർ ദൂരത്തിൽ തൂക്കുവേലി നിർമ്മാണ പ്രവൃത്തി ഇതിനകം ആരംഭിച്ചിട്ടുണ്ട്.

കാഞ്ഞങ്ങാട് റെയിഞ്ചിലെ കാട്ടാനശല്യം തടയുന്നതിന്റെ ഭാഗമായി കുണ്ടുപള്ളി-കാപ്പിത്തട്ട് (3 കി.മീ), പാടി-എടക്കാനം (0.5 കി.മീ), ശങ്കരങ്ങാനം-അത്തിയടുക്കം (8 കി.മീ), മീനഞ്ചേരി-ബാവിക്കാനം (3 കി.മീ), പാലാവയൽ (0.75 കി.മീ), ചെർണ്ണൂർ-പവിത്രങ്കയം (6 കി.മീ), റാണിപുരം-എൻ.എ പ്ലാന്റേഷൻ (2 കി.മീ), പരിയാരം ഖാദി-കുവക്കാട് (3 കി.മീ), പാടിക്കൊച്ചി-രംഗത്തുമല (6 കി.മീ) എന്നിങ്ങനെ 32.25 കിലോമീറ്റർ ദൂരത്തിൽ സൗരോർജ്ജ തൂക്കുവേലി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. NABARD സ്കീമിൽ ഉൾപ്പെടുത്തിയ ടി പ്രവൃത്തിക്ക് 2.79 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ടി പദ്ധതി കാസർഗോഡ് വികസന പാക്കേജിൽ ഡിവിഷൻതലത്തിൽ ഉൾപ്പെടുത്തുന്നതിന് കാസർഗോഡ് ജില്ലാ കളക്ടറോട് അപേക്ഷിച്ചിട്ടുണ്ട്.

കർണ്ണാടക സംസ്ഥാനത്തുനിന്നും കേരളത്തിലേയ്ക്ക് കൂട്ടമായെത്തുന്ന കാട്ടാനകൾമൂലവും കാട്ടുപന്നികൾമൂലവും വനപ്രദേശത്തോടുചേർന്ന ജനവാസമേഖലയിൽ അനുഭവപ്പെടുന്ന രൂക്ഷമായ കാട്ടുമൃഗശല്യവുമായി ബന്ധപ്പെട്ട സമയോചിത ഇടപെടൽ അപര്യാപ്തമാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ഇതിനൊരു പരിധിവരെയെങ്കിലും ആശ്വാസം കാണാനും വനസംരക്ഷണ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതവും ഫലപ്രദവുമാക്കുന്നതിനുമായി കാസർഗോഡ് ജില്ലയിൽ കാസർഗോഡ് റെയിഞ്ചിന്റെ പരിധിയിൽ പരപ്പ, കാറഡുക്ക സെക്ഷനുകൾ ഉൾപ്പെടുത്തി പരപ്പ ആസ്ഥാനമായി പരപ്പയിലും ബന്തടുക്ക സെക്ഷൻ ഉൾപ്പെടുത്തി പാണ്ടി ആസ്ഥാനമായി ബന്തടുക്കയിലും കാഞ്ഞങ്ങാട് റെയിഞ്ചിലെ ഭീമനടി സെക്ഷൻ, മരുതോം സെക്ഷന്റെ ഒരു ഭാഗം എന്നിവയുൾപ്പെടുത്തി കരിന്തളം ആസ്ഥാനമായി ഭീമനടിയിലും പനത്തടി സെക്ഷൻ, മരുതോം സെക്ഷന്റെ ഒരു ഭാഗം എന്നിവ ഉൾപ്പെടുത്തി കള്ളാർ ആസ്ഥാനമായി പനത്തടിയിലും ഫോറസ്റ്റ് സ്റ്റേഷനുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

കാട്ടുപന്നികളെ പ്രതിരോധിക്കുന്നതിന്റെ ഭാഗമായി, സന്നദ്ധരായി മുന്നോട്ടുവരുന്ന പൊതുജനങ്ങൾക്ക് നിബന്ധനകളോടെ കാട്ടുപന്നികളെ വെടിവയ്ക്കുന്നതിന് അനുമതി നൽകിവരുന്നു.

മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി മനുഷ്യവാസ മേഖലകളിൽ ശല്യംചെയ്യുന്ന കുരങ്ങൻമാരെ പിടികൂടി അവയുടെ തനത് ആവാസവ്യവസ്ഥയിലേയ്ക്ക് മാറ്റുന്നതിന് കാസർഗോഡ് കാഞ്ഞങ്ങാട് റെയ്ഞ്ചുകളിൽ, കാസർഗോഡ് ഡിവിഷനിൽ 2021-22 വർഷത്തിൽ പുതുതായി മങ്കി ട്രാപ്പ് & ട്രാൻസ്പ്പോർട്ടേഷൻ കൂട്ടുകൾ വാങ്ങുകയുണ്ടായി.

ഇത്തരം വിവിധ മാർഗ്ഗങ്ങളിലൂടെ മനുഷ്യവാസ മേഖലകളിൽ ആക്രമണം നടത്തുന്ന വന്യജീവികളെ ഒരു പരിധിവരെയങ്കിലും നിയന്ത്രണ വിധേയമാക്കാൻ സാധിക്കുന്നതാണ്.

**വന്യമൃഗങ്ങൾമൂലമുള്ള കൃഷിനാശത്തിന് പരിഹാരം**

179 (954) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ കോട്ടപ്പടി, പിണ്ടിമന, കുട്ടമ്പുഴ, കീരംപാറ, കവളങ്ങാട് പഞ്ചായത്തുകളിലെ ജനവാസമേഖലകളിൽ വന്യമൃഗങ്ങൾ നിരന്തരമായി കൃഷിനാശമുണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കോതമംഗലം മണ്ഡലത്തിലുൾപ്പെട്ട ഹൈറേഞ്ച് സർക്കിളിന് കീഴിലുള്ള കവളങ്ങാട്, കുട്ടമ്പുഴ പഞ്ചായത്തുകളിലും വൈൽഡ് ലൈഫ് സർക്കിൾ കോട്ടയത്തിന് കീഴിലുള്ള കുട്ടമ്പുഴ പഞ്ചായത്തിന്റെ ജനവാസ മേഖലകളിലും സെൻട്രൽ സർക്കിളിന് കീഴിലുള്ള കോട്ടപ്പടി, പിണ്ടിമന, കുട്ടമ്പുഴ എന്നീ മേഖലകളിലും വന്യജീവികൾമൂലം കൃഷിനാശം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരം കൃഷിനാശം തടയുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഹൈറേഞ്ച് സർക്കിളിന് കീഴിലുള്ള കോതമംഗലം, മൂന്നാർ ഡിവിഷനുകളുടെ പരിധിയിൽവരുന്ന കോതമംഗലം മണ്ഡലത്തിലെ മേൽ പഞ്ചായത്തുകളിലെ വന്യമൃഗശല്യം രൂക്ഷമായ പ്രദേശങ്ങളിൽ പുതുതായി സോളാർ ഫെൻസിംഗ്, ഹാംഗിംഗ് സോളാർ ഫെൻസിംഗ് എന്നിവ

സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പെരിയാർ തീരത്ത് മച്ചാൻ സ്ഥാപിച്ച് രാത്രിയും പകലും മസ്ദ്ദൂർ വാച്ചർമാരെ നിയോഗിച്ച് കാട്ടാനകൾ വരുന്നത് നിരന്തരം നിരീക്ഷിക്കുകയും അവയെ തുരത്തി ഓടിച്ചുവരുന്നതുമാണ്. കൂടാതെ തട്ടേക്കാട് മുതൽ പുന്നേക്കാട് വരെ യാത്രക്കാരുടെ ജാഗ്രതയ്ക്കായി മുന്നറിയിപ്പ് ബോർഡുകളും സ്ട്രീറ്റ് ലൈറ്റുകളും സ്ഥാപിച്ചിട്ടുണ്ട്. പ്ലാന്റേഷൻ റോഡിലൂടെ പോകുന്ന ജനങ്ങൾക്ക് ആനകളുടെ സാന്നിദ്ധ്യം മനസ്സിലാക്കുന്നതിനായി റോഡിന്റെ ഇരുവശങ്ങളിലും കാടുകൾ വെട്ടിത്തെളിച്ച് വിസ്ത ക്ലിയറൻസ് നടത്തിയിട്ടുണ്ട്. കൂടാതെ മസ്ദ്ദൂർമാരും ജീവനക്കാരുമടങ്ങുന്ന സംഘം ടി പ്രദേശത്ത് രാത്രികാലങ്ങളിൽ പ്രത്യേക പട്രോളിംഗ് നടത്തിവരുന്നുമുണ്ട്. നാട്ടിലിറങ്ങുന്ന വന്യജീവികളെ കാട്ടിലേയ്ക്ക് തിരിച്ചയയ്ക്കുന്നതിന് ആർ.ആർ.റ്റി-യുടെയും വനംവകുപ്പ് ജീവനക്കാരുടെയും വാച്ചർമാരുടെയും സേവനം പ്രയോജനപ്പെടുത്തുന്നുണ്ട്. നാട്ടിലിറങ്ങുന്ന അപകടകാരികളായ കാട്ടുപന്നികളെ വെടിവെച്ച് കൊല്ലുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. ആയതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഓണററി വൈൽഡ് ലൈഫ് വാർഡൻമാരെയും/ അധികാരപ്പെട്ട ഉദ്യോഗസ്ഥരെയും 28-05-2022-ലെ സർക്കാർ ഉത്തരവ് പ്രകാരം അധികാരപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വൈൽഡ് ലൈഫ് സർക്കിൾ

കോട്ടയത്തിന് കീഴിൽവരുന്ന കുട്ടമ്പുഴ പഞ്ചായത്തിലെ പ്രദേശങ്ങളിൽ ട്രഞ്ചുകൾ, സൗരോർജ്ജവേലി, ജനവാസ മേഖലകളിലിറങ്ങുന്ന ആനകൾ ഉൾപ്പെടെയുള്ള വന്യമൃഗങ്ങളെ ശബ്ദവും വെളിച്ചവുമുണ്ടാക്കി തിരികെ കാട്ടിലേയ്ക്കുവിടുന്ന മെഷീനുകൾ (ANIDERS PIR), ജനവാസ മേഖലകളുമായി അതിർത്തി പങ്കിടുന്ന ഭാഗങ്ങളിൽ പട്രോളിംഗ്, നാട്ടിലേയ്ക്കിറങ്ങുന്ന വന്യജീവികളെ കാട്ടിലേയ്ക്കുതന്നെ തിരിച്ചുവിടുന്നതിനായി താത്കാലിക വാച്ചർമാരെ വിന്യസിപ്പിക്കൽ എന്നീ പ്രതിരോധ പ്രവർത്തനങ്ങൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ മലയാറ്റൂർ ഡിവിഷൻ ആസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്പെഷ്യൽ പ്രൊട്ടക്ഷൻ ഫോഴ്സിന്റെയും താൽക്കാലിക വാച്ചർമാരെ ഉൾപ്പെടുത്തി രൂപീകരിച്ചിട്ടുള്ള പ്രാദേശിക സ്ക്വാഡുകളുടെയും സേവനം ഇതിനായി ഉപയോഗിച്ചുവരുന്നു. മലയാറ്റൂർ ഡിവിഷന് കീഴിലുള്ള കുട്ടമ്പുഴ പഞ്ചായത്തിന്റെ ഭാഗങ്ങളിൽ 13.73 ലക്ഷം രൂപ ചെലവിൽ 4 കി.മീ. ദൂരത്തിൽ നിലവിലുള്ള സൗരോർജ്ജവേലി നവീകരിച്ച് ഹാംഗിംഗ് സൗരോർജ്ജവേലി നിർമ്മിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. കോടനാട് റെയിഞ്ചിലെ പിണ്ടിമന കോട്ടപ്പടി പഞ്ചായത്തുകൾ ഉൾപ്പെടെയുള്ള മേഖലകളിൽ നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി 239.71 ലക്ഷം രൂപ ചെലവുവരുന്ന 29 കി.മീ. ഹാഗിംഗ്

സൗരോർജ്ജവേലി നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി തുടർനടപടി സ്വീകരിച്ചുവരുന്നു. കോട്ടപ്പടി പ്രദേശത്ത് നിലവിലുള്ള സൗരോർജ്ജവേലികളോട് ചേർന്നുനിൽക്കുന്ന വൃക്ഷങ്ങൾ ആന മറിച്ചിടുന്നതുമൂലമുണ്ടാകാവുന്ന കേടുപാടുകൾ തടയുന്നതിനായി പ്രസ്തുത പ്രദേശത്ത് സൗരോർജ്ജവേലിയോട് ചേർന്ന് 30 മീറ്ററിലെ അൽക്ഷ്യേ മരങ്ങൾ മുറിച്ചുമാറ്റുന്നതിനുള്ള ലേല നടപടികൾ പുരോഗമിച്ചുവരികയാണ്.

(സി) വന്യമൃഗ ആക്രമണംമൂലമുണ്ടായിട്ടുള്ള കൃഷിനാശനഷ്ടങ്ങൾ തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ കഴിഞ്ഞ ആറ് വർഷത്തെ കണക്ക് പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ?

വന്യജീവി ആക്രമണംമൂലം ഹൈറേഞ്ച് സർക്കിളിന് കീഴിലുള്ള കോതമംഗലം മൂന്നാർ ഡിവിഷനുകളുടെ പരിധിയിൽവരുന്ന കവളങ്ങാട്, കുട്ടമ്പുഴ പഞ്ചായത്തുകളിലെ കൃഷിനാശം സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.+ കീരംപാറ പഞ്ചായത്തിൽ കൃഷിനാശം സംഭവിച്ചതിന്റെ അപേക്ഷകളൊന്നും ടി ഡിവിഷനുകളിൽ ലഭിച്ചിട്ടില്ല.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വൈൽഡ് ലൈഫ് സർക്കിൾ കോട്ടയത്തിന് കീഴിൽവരുന്ന തട്ടേക്കാട് പക്ഷി സങ്കേതത്തിലെ കുട്ടമ്പുഴ പഞ്ചായത്തിലെ ഭാഗങ്ങളിൽ കഴിഞ്ഞ ആറ് വർഷത്തെ കണക്ക് അനുബന്ധം 2 ആയി ചേർക്കുന്നു.+

സെൻട്രൽ സർക്കിൾ തൃശ്ശൂരിന് കീഴിൽവരുന്ന കോട്ടപ്പടി, പിണ്ടിമന, കുട്ടമ്പുഴ പഞ്ചായത്തുകളിലെ കൃഷിനാശം സംഭവിച്ച അപേക്ഷകളുടെ എണ്ണം അനുബന്ധം 3 ആയി ചേർക്കുന്നു.+

(ഡി) കഴിഞ്ഞ ആറ് വർഷത്തിനുള്ളിൽ നാശനഷ്ടം സംഭവിച്ച മുഴുവൻ കർഷകർക്കും നഷ്ടപരിഹാരം ലഭ്യമാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

കഴിഞ്ഞ 6 വർഷത്തിനുള്ളിൽ നാശനഷ്ടം സംഭവിച്ച മുഴുവൻ കർഷകർക്കും നഷ്ടപരിഹാരത്തുക നൽകിയിട്ടില്ല.

(ഇ) ഇത്തരത്തിൽ നാശനഷ്ടം സംഭവിച്ച കർഷകർക്ക് ഇനിയും നഷ്ടപരിഹാരം ലഭ്യമാക്കുവാനുണ്ടോ; ഉണ്ടെങ്കിൽ ഇവർക്ക് നഷ്ടപരിഹാരം ലഭ്യമാക്കുവാൻ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

അനുബന്ധരേഖകളുടെ അഭാവംമൂലവും ഫണ്ടിന്റെ അപര്യാപ്തത നിമിത്തവുമാണ് നഷ്ടപരിഹാരം ലഭ്യമാക്കുവാൻ താമസമുണ്ടാകുന്നത്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എഫ്) വന്യമൃഗ ആക്രമണംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്കുള്ള നഷ്ടപരിഹാരതുക ഉയർത്തുന്നകാര്യം പരിഗണനയിലുണ്ടോ; അർഹരായ മുഴുവൻ കർഷകർക്കും നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

വന്യജീവി ആക്രമണംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് 08-01-2015-ലെ സ.ഉ.നം. (കൈ) 2/2015/വനം, 05-04-2018-ലെ സ.ഉ. (കൈ) നം. 17/2018/വനം എന്നീ ഉത്തരവുകൾ പ്രകാരമാണ് നഷ്ടപരിഹാരം നൽകിവരുന്നത്. 08-01-2015-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള കാർഷിക വിളകൾക്ക് നൽകുന്ന നഷ്ടപരിഹാരത്തിന്റെ നിരക്ക് വർദ്ധിപ്പിക്കുന്നതിന് സമർപ്പിച്ച അപേക്ഷ സർക്കാർ പരിശോധിച്ച് വരികയാണ്.

**മടുക്ക-മൈനാക്കുളം-പൊട്ടൻകുളം പ്രദേശത്തെ വന്യമൃഗ ശല്യം**

180 (955) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ കോരുത്തോട് ഗ്രാമപഞ്ചായത്തിലെ മടുക്ക-മൈനാക്കുളം-പൊട്ടൻകുളം പ്രദേശത്തെ

വന്യമൃഗശല്യം പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ?

ഹൈറേഞ്ച് സർക്കിളിലെ കോട്ടയം ഡിവിഷനിൽ എരുമേലി റെയിഞ്ചിന്റെ പരിധിയിൽ വരുന്ന പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ കോരുത്തോട് ഗ്രാമപഞ്ചായത്തിൽ മടുക്ക - മൈനാക്കുളം - പൊട്ടൻകുളം പ്രദേശത്തെ മനുഷ്യ-വന്യമൃഗ സംഘർഷം പരിഹരിക്കുന്നതിലേയ്ക്കായി 2019-20 സാമ്പത്തിക വർഷത്തിൽ സൗരോർജ്ജവേലി കണ്ടങ്കയം മുതൽ - മൈനാക്കുളം വരെയുള്ള 7 കി.മീ. ഭാഗത്തും 2021-22 സാമ്പത്തിക വർഷത്തിൽ മാങ്ങാപേട്ട-116 വരെയുള്ള 3.5 കി.മീ. ഭാഗത്തും സോളാർ ഫെൻസിംഗ് സ്ഥാപിച്ചിട്ടുണ്ട്. അതോടൊപ്പം കാലപ്പഴക്കത്താൽ തകരാറിലായിരുന്ന ഫെൻസിംഗ് അറ്റകുറ്റപ്പണികൾ ചെയ്ത് പ്രവർത്തനക്ഷമമാക്കുകയും ചെയ്തിട്ടുണ്ട്. വന്യജീവി ആക്രമണംമൂലം കോരുത്തോട് പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ കൃഷിനാശവും ജീവനും സ്വത്തിനും നഷ്ടമുണ്ടായതിന് നഷ്ടപരിഹാരം ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷകളിൽ കാലതാമസം കൂടാതെ നഷ്ടപരിഹാരത്തുക അനുവദിച്ചിട്ടുണ്ട്. കോരുത്തോട് ഗ്രാമപഞ്ചായത്തിലെ കണ്ടങ്കയം പ്രദേശവാസികളുടെ ജനജാഗ്രതാ സമിതി വിളിച്ചുകൂട്ടുകയും

തദ്ദേശവാസികളുടെ സഹകരണത്തോടെ അടിക്കാടുകൾ തെളിച്ച് 10 മീറ്റർ വിസ്തൃതിയിൽ വിസ്റ്റാ ക്ലിയറിംഗ് നടത്തിയിട്ടുള്ളതുമാണ്. വനം വകുപ്പ് ജീവനക്കാരും വാച്ചർമാരും പകൽ രാത്രികാല പട്രോളിംഗ് ടി ഭാഗങ്ങളിൽ നടത്തിവരുന്നുണ്ട്.

(ബി) വന്യമൃഗങ്ങളിൽനിന്ന് കൃഷി ഭൂമി സംരക്ഷിക്കുന്നതിനായി കോരുത്തോട് ഗ്രാമപഞ്ചായത്തിലെ പത്തേക്കർ മുതൽ കണ്ണാട്ടുകവല വരെ 450 മീറ്റർ നീളത്തിൽ കിടങ്ങ് നിർമ്മിക്കുന്നതിന് തയ്യാറാക്കിയിട്ടുള്ള 12 ലക്ഷം രൂപയുടെ പദ്ധതിക്ക് അനുമതി നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

വന്യമൃഗങ്ങളിൽനിന്ന് കൃഷി ഭൂമി സംരക്ഷിക്കുന്നതിനായി കോട്ടയം ഡിവിഷനിലെ എരുമേലി റെയിഞ്ചിന്റെ അധീനതയിൽ വരുന്ന പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ കോരുത്തോട് ഗ്രാമപഞ്ചായത്തിലെ പത്തേക്കർ മുതൽ കണ്ണാട്ടുകവല വരെ 500 മീറ്റർ നീളത്തിൽ കിടങ്ങ് നിർമ്മിക്കുന്നതിന് നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളതും തുടർ നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്.

## വന്യമൃഗശല്യ പ്രതിരോധ പദ്ധതി

181 (956) ശ്രീ ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗശല്യം പ്രതിരോധിക്കുന്നതിനായി 2016 ജൂൺ മുതൽ നടപ്പാക്കിയ വിവിധ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

വന്യമൃഗശല്യം പ്രതിരോധിക്കുന്നതിനായി 2016 ജൂൺ മുതൽ വയനാട് ജില്ലയിൽ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ താഴെപ്പറയുന്നവയാണ്.

1. ആന പ്രതിരോധ കിടങ്ങുകളുടെ നിർമ്മാണവും പരിപാലനവും

2. ആന പ്രതിരോധ മതിൽ നിർമ്മാണവും പരിപാലനവും

3. ആന പ്രതിരോധ കിടങ്ങ് - Stone Pitching

4. റെയിൽ ഫെൻസിംഗ് നിർമ്മാണവും പരിപാലനവും

5. സൗരോർജ്ജ വേലിയുടെയും തൂക്കുവേലിയുടെയും നിർമ്മാണവും പരിപാലനവും

6. എലിഫന്റ് പ്രൂഫ് ഗേറ്റ്

7. ചെക്ക് ഡാമുകൾ, കുളങ്ങൾ, ജല സ്രോതസ്സുകൾ എന്നിവയുടെ നിർമ്മാണം/പുനരുജ്ജീവനം

8. ട്രാപ്പിംഗ് ആന്റ് ട്രാൻസ്പോർട്ടേഷൻ ഓഫ് ക്യാപ്ചേർഡ് അനിമൽസ്

ഇവ കൂടാതെ കൃഷിയിടങ്ങളിലിറങ്ങുന്ന വന്യമൃഗങ്ങളെ തുരത്തുന്നതിനും ദ്രുത കർമ്മസേനയെ സഹായിക്കുന്നതിനും വാച്ചർമാരെ നിയോഗിച്ചുവരുന്നു.

(ബി) വന്യമൃഗശല്യ പ്രതിരോധത്തിനായി വയനാട് ജില്ലയിൽ കഴിഞ്ഞ ആറ് വർഷം നടപ്പാക്കിയ വിവിധ പദ്ധതികൾക്കായി ചെലവാക്കിയ തുക പദ്ധതി തിരിച്ച് വ്യക്തമാക്കുമോ?

വന്യമൃഗശല്യ പ്രതിരോധത്തിനായി വയനാട് ജില്ലയിൽ കഴിഞ്ഞ ആറു വർഷം നടപ്പാക്കിയ വിവിധ പദ്ധതികൾക്കായി ചെലവാക്കിയ തുക അനുബന്ധമായി ചേർക്കുന്നു.+

(സി) കഴിഞ്ഞ 6 വർഷം വന്യമൃഗശല്യ പ്രതിരോധ പദ്ധതികൾക്കായി ഏറ്റവും കൂടുതൽ പണം ചെലവഴിച്ചത് വയനാട് ജില്ലയുടെ ഏത് ഭാഗത്താണെന്നും എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

വയനാട് ജില്ലയിൽ വന്യജീവി സങ്കേതത്തിൽ കുറിച്യാട് റെയിഞ്ചിന്റെ പരിധിയിൽവരുന്ന വനാതിർത്തിയിലാണ് കഴിഞ്ഞ 6 വർഷത്തിനുള്ളിൽ വന്യമൃഗശല്യ പ്രതിരോധ പദ്ധതികൾക്കായി ഏറ്റവും കൂടുതൽ പണം

+ നിയമസഭായുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചെലവഴിച്ചത്. സുൽത്താൻ ബത്തേരി നഗരസഭയുടെയും പൂതാടി ഗ്രാമപഞ്ചായത്തിന്റെയും വനാതിർത്തിയായ സത്രംകുന്ന് മുതൽ മൂടക്കൊല്ലി വരെ 10 കി.മീ ദൂരത്തിൽ റെയിൽ ഫെൻസിംഗ് നിർമ്മാണത്തിന് 1297 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ വയനാട് ജില്ലയിലെ സൗത്ത് വയനാട് ഡിവിഷനിൽ ചെതലത്ത് റെയിഞ്ചിന്റെ പരിധിയിൽ (സുൽത്താൻ ബത്തേരി താലൂക്ക്) 1058.49 ലക്ഷം രൂപ മുതൽ മുടക്കി 7.84 കി.മീ. ദൂരം എലിഫന്റ് പ്രൂഫ് വാൾ നിർമ്മാണം നടത്തിയിട്ടുണ്ട്.

## ക്രാഷ് ഗാർഡ് ഫെൻസിംഗ് പദ്ധതി

182 (957) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിലെ ദാസനക്കര-നീർവാരം ഭാഗത്തെ വന്യമൃഗശല്യം പ്രതിരോധിക്കാൻ നടപ്പാക്കുന്ന ക്രാഷ് ഗാർഡ് ഫെൻസിംഗ് പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ?

സൗത്ത് വയനാട് ഡിവിഷനിലെ ദാസനക്കര - പത്രുമൂല, ഖക്കൊടൻ ബ്ലോക്ക് ഭാഗത്ത് 14.5 കി.മീ ദൂരത്തിൽ ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് ചെയ്യുന്നതിന് ഭരണാനുമതി ലഭിച്ചിരുന്നു. അടിക്കടിയുണ്ടായ

പ്രളയത്തിന്റെയും മറ്റു പ്രകൃതി ദുരന്തങ്ങളുടെയും പശ്ചാത്തലത്തിൽ ആദ്യം തയ്യാറാക്കിയ രൂപരേഖ പ്രായോഗികമല്ലെന്ന് കണ്ടെത്തിയതിനെ തുടർന്ന് കോഴിക്കോട് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (NIT)-യുടെ സഹായത്തോടുകൂടി പുതിയ രൂപരേഖ തയ്യാറാക്കുകയും ചെയ്തു. ആയത് കിഫ്ബി പ്രോജക്ടിന്റെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയ സ്റ്റേറ്റ് ഫോറസ്റ്റ് ഡെവലപ്പ്മെൻറ് ഏജൻസിയുടെ സബ്കമ്മിറ്റി അംഗീകരിക്കുകയും 18/02/2021 -ലെ കരാറിന്റെ കാലാവധി 30/06/2022 വരെ ദീർഘിപ്പിച്ചു നൽകുകയും ചെയ്തിരുന്നു. എന്നാൽ ടി പ്രവൃത്തി ഇതുവരെ കരാറുകാരൻ ആരംഭിച്ചിട്ടില്ല.

നോർത്ത് വയനാട് ഡിവിഷനിൽ ബേഗൂർ റെയിഞ്ചിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കൂടൽക്കടവ് - പാൽവെളിച്ചം ഭാഗത്ത് 6 കി.മീറ്റർ ദൂരത്തിൽ ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് ചെയ്യുന്നതിന് ഭരണാനുമതി ലഭിച്ചിരുന്നു. 17/02/2021 ൽ കരാർ ഒപ്പുവയ്ക്കുകയും കരാറിന്റെ കാലാവധി 30/06/2022- വരെ ദീർഘിപ്പിച്ച് നൽകുകയും ചെയ്തിരുന്നു. എന്നാൽ സൈറ്റ് പ്രിപ്പറേഷൻ പ്രവൃത്തികൾ മാത്രമേ നടത്തിയിട്ടുള്ളൂ.

(ബി) പദ്ധതി സമയബന്ധിതമായി നടപ്പാക്കാൻ കഴിയാതിരുന്നതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ;

(സി) നിലവിൽ പദ്ധതി നടപ്പാക്കാനുള്ള എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ?

(ബി & സി) ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് കേരളത്തിൽ ആദ്യമായി മാങ്കുളം വനം ഡിവിഷനിലാണ് പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കിയത്. ടി പ്രവൃത്തിയുടെ ചുവടുപിടിച്ച് വയനാട് ജില്ലയിലും ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് നടപ്പിലാക്കുന്നതിന് ഭരണാനുമതി ലഭിച്ചിരുന്നു. എന്നാൽ അടിക്കടിയുണ്ടായ പ്രളയത്തിന്റെയും മറ്റു പ്രകൃതി ദുരന്തങ്ങളുടെയും പശ്ചാത്തലത്തിൽ ആദ്യം തയ്യാറാക്കിയ രൂപരേഖ പ്രായോഗികമല്ലെന്ന് കണ്ടെത്തിയതിനെ തുടർന്ന് കോഴിക്കോട് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (NIT)-യുടെ സഹായത്തോടുകൂടി പുതിയ രൂപരേഖ തയ്യാറാക്കുകയുണ്ടായി. ആയത് കിഫ്ബി പ്രോജക്ടിന്റെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയ സ്റ്റേറ്റ് ഫോറസ്റ്റ് ഡെവലപ്പ്മെന്റ് ഏജൻസിയുടെ സബ്കമ്മിറ്റി അംഗീകരിക്കുകയും കരാറിന്റെ കാലാവധി ആറുമാസംകൂടി (30/06/2022-വരെ) ദീർഘിപ്പിച്ചു നൽകുകയും ചെയ്തിരുന്നു. നിർമ്മാണ

വസ്തുക്കൾക്ക് ക്രമാതീതമായ വിലവർദ്ധന ഉണ്ടായതിനാൽ പ്രസ്തുത പ്രവൃത്തിയുടെ അടങ്കൽ DSR 2018 പ്രകാരം പുതുക്കി അംഗീകരിച്ചുതരണമെന്ന് അപേക്ഷിച്ചുകൊണ്ട് കരാറുകാരൻ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ WP(C)No.11324/2022 & WP(C)11345/ 2022 ആയി കേസ് ഫയൽ ചെയ്തിരുന്നു. ഇതിനാലാണ് പദ്ധതി നടപ്പിൽവരുത്തുന്നതിന് കാലതാമസം നേരിട്ടത്.

ഹൈക്കോടതി ഉത്തരവ് പ്രകാരം കരാറുകാരനെ സൗത്ത് വയനാട് ഡി.എഫ്.ഒ-യും നോർത്ത് വയനാട് ഡി.എഫ്.ഒ.-യും നേരിൽ കേട്ടിട്ടുള്ളതാണ്. നിലവിലെ വ്യവസ്ഥകൾക്കനുസൃതമായി കരാർ കാലാവധി നീട്ടി നൽകുന്നതിനും കരാറുപണികൾ പൂർത്തിയാക്കുന്നതിനും ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്ക് നോർത്തേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

**വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ ജനകീയ ജാഗ്രതാ സമിതി**

183 (958) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ വന്യജീവി ശല്യം നേരിടുന്നതിനായി ഫോറസ്റ്റ് ജീവനക്കാരുടെ പട്രോളിംഗ്, പൊതു പങ്കാളിത്തത്തോടെയുള്ള ജനകീയ ജാഗ്രതാ സമിതി പ്രവർത്തനം എന്നിവയെ സംബന്ധിച്ച് 2016-2021, 2021-2022 എന്നീ കാലയളവിൽ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ?

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലുൾപ്പെട്ടതും തൃശ്ശൂർ വനം ഡിവിഷനുകീഴിലെ വടക്കാഞ്ചേരി, മച്ചാട് എന്നീ ഫോറസ്റ്റ് റെയ്ഞ്ചുകളുടെ അധികാരപരിധിയിൽ വരുന്നതുമായ യഥാക്രമം വേലൂർ, തെക്കുംകര എന്നീ ഗ്രാമ പഞ്ചായത്തുകളിൽ ജനജാഗ്രതാ സമിതികൾ രൂപീകരിച്ച് 2017 മുതൽ പ്രവർത്തിച്ചുവരുന്നുണ്ട്. പ്രസ്തുത ജനജാഗ്രത സമിതികളുടെ പഞ്ചായത്തുതല യോഗം നടത്തിവരികയും ചെയ്യുന്നു. വടക്കാഞ്ചേരി നിയോജകമണ്ഡലത്തിനോട് ചേർന്നുവരുന്ന വാഴാനി, മണലിത്തറ, തെക്കുംകര, കരുമാത്ര, കുഞ്ചുകാട്, ഊരോക്കാട്, മലാക്ക, ചിറമുക്ക്, മങ്കര, എങ്കക്കാട്, മാരാത്തുകുന്ന്, പുല്ലാനിക്കാട്, കുറാഞ്ചേരി, കല്ലംപാറ, പാർളിക്കാട്, മിണാലൂർ, വടക്കാഞ്ചേരി, ഓട്ടുപാറ, പരുത്തിപ്ര, ഒന്നാംകല്ല്, കുമ്പളങ്ങാട്, ചരൽപറമ്പ് എന്നീ പ്രദേശങ്ങളിൽ വന്യമൃഗങ്ങളുടെ

ആക്രമണംമൂലമുണ്ടാകുന്ന കൃഷിനാശം, മനുഷ്യർക്കും വളർത്തു മൃഗങ്ങൾക്കും സംഭവിക്കുന്ന പരിക്ക് എന്നിവയ്ക്ക് നഷ്ടപരിഹാരം ആവശ്യപ്പെട്ടുകൊണ്ട്, ഇ-ഡിസ്ട്രിക്ട് വഴി ലഭിക്കുന്ന അപേക്ഷകളിൽ അന്വേഷണം നടത്തി നിയമാനുസൃത നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ മനുഷ്യരുടെ ജീവനും കൃഷിക്കും നാശനഷ്ടമുണ്ടാക്കുന്ന കാട്ടുപന്നികളെ വെടിവെച്ചുകൊല്ലുന്നതിനുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ വിവിധ സ്ഥലങ്ങളിൽ നാളിതുവരെ 38 കാട്ടുപന്നികളെ വെടിവെച്ച് കൊല്ലുകയും വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽപ്പെട്ട വാഴാനി, മണലിത്തറ, തെക്കുംകര, കരുമത്ര, കുണ്ടുകാട്, ചേപ്പിലക്കോട്, ഊരോക്കാട്, ചിറമുക്ക്, മലാക്ക, മങ്കര, എങ്കക്കാട്, മാരാത്തുകുന്ന്, പുല്ലാനിക്കാട്, കല്ലംപാറ, കുറാഞ്ചേരി, വടക്കാഞ്ചേരി, പാർളിക്കാട്, ചരൽപറമ്പ്, പുതുരുത്തി, അകമല, ചിറ്റ, ഓട്ടുപാറ, പരുത്തിപ്ര, കുമരനെല്ലൂർ, മേലേമ്പാട്ട്, കുമ്പളങ്ങാട്, മുത്തിക്കോട് എന്നീ പ്രദേശങ്ങളിൽ വനസംരക്ഷണ ജീവനക്കാർ പട്രോളിംഗ് നടത്തി വരികയും ചെയ്യുന്നു.

## മഞ്ചേരി നിയോജകമണ്ഡലത്തിലെ വന്യമൃഗങ്ങളുടെ ശല്യം

184 (959) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി നിയോജകമണ്ഡലത്തിലെ എടപ്പറ്റ ഗ്രാമപഞ്ചായത്തിലെ മൂനാടി പ്രദേശത്ത് വന്യമൃഗങ്ങളുടെ ശല്യം രൂക്ഷമാണെന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

മഞ്ചേരി നിയോജക മണ്ഡലം ഈസ്റ്റേൺ സർക്കിളിന്റെ കീഴിലുള്ള നിലമ്പൂർ സൗത്ത് ഡിവിഷന്റെ പരിധിയിൽ ഉൾപ്പെടുന്ന പ്രദേശമാണ്. മഞ്ചേരി നിയോജകമണ്ഡലത്തിലെ എടപ്പറ്റ ഗ്രാമപഞ്ചായത്തിലെ മൂനാടി പ്രദേശത്ത് വന്യമൃഗശല്യം ഉണ്ടാകാറുണ്ട്. ഈ ഭാഗത്ത് കാളികാവ് റെയിഞ്ചിലെ കരുവാരകുണ്ട് ഫോറസ്റ്റ് സ്റ്റേഷൻ സ്റ്റാഫ് പട്രോളിംഗ് നിരന്തരമായി നടത്താറുണ്ട്. കൂടാതെ രണ്ട് സ്റ്റാഫുകൾ അടങ്ങുന്ന ടീമിന്റെ സാന്നിദ്ധ്യം സ്ഥിരമായി ടി ഭാഗത്ത് ഉണ്ടാകുന്നതിന് ബന്ധപ്പെട്ട സ്റ്റാഫുകൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കാളികാവ് റെയിഞ്ചിന്റെ കീഴിൽ അമരമ്പലം കേന്ദ്രീകരിച്ച് താൽക്കാലിക റാപ്പിഡ്

റെസ്പോൺസ് ടീം രൂപീകരിച്ചിട്ടുണ്ട്. വന്യമൃഗശല്യം ഉണ്ടാകുന്ന ഭാഗങ്ങളിൽ ടി താൽക്കാലിക റാപ്പിഡ് റെസ്പോൺസ് ടീമിന്റെ സേവനം ഉപയോഗപ്പെടുത്തി ഒരു പരിധിവരെ വന്യമൃഗശല്യം തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) കീഴാറ്റൂർ പഞ്ചായത്തിലെ മുള്ളിയാകുറിശ്ശി പ്രദേശത്ത് പുലി, പന്നി ഉൾപ്പടെയുള്ള വന്യമൃഗങ്ങൾ കൃഷി അടക്കമുള്ളവ നശിപ്പിക്കുന്നുവെന്ന പരാതിയിൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

കാളികാവ് റെയിഞ്ചിലെ കരുവാരകുണ്ട് ഫോറസ്റ്റ് സ്റ്റേഷനിലെ മുള്ള്യാകുറിശ്ശി പ്രദേശത്ത് പുലിയുടെ സാന്നിദ്ധ്യം ഉണ്ടെന്ന് അറിഞ്ഞതിനെ തുടർന്ന് ടി സ്ഥലത്ത് സ്റ്റാഫുകൾ പരിശോധന നടത്തിയെങ്കിലും തുടർന്ന് പുലിയുടെ സാന്നിദ്ധ്യം കണ്ടെത്തിയിട്ടില്ലാത്തതാണ്. സ്റ്റേഷൻ സ്റ്റാഫ് സ്ഥലം പരിശോധിച്ച് പുലിക്കൂട് സ്ഥാപിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് (സാധാ) നം. 159/2020/വനം തീയതി 29-05-2021 പ്രകാരം കാട്ടുപന്നികളെ വെടിവെച്ച് കൊല്ലുന്നതുമായി ബന്ധപ്പെട്ട് നിലമ്പൂർ സൗത്ത് ഡിവിഷനിൽ രൂപീകരിച്ച പാനലിൽ ഉൾപ്പെടുത്തിയവർ എടപ്പറ്റയിൽ ഒരു കാട്ടുപന്നിയേയും സമീപ പ്രദേശങ്ങളായ പുൽവെട്ട, പുളിയക്കോട്

എന്നിവിടങ്ങളിലായി നാല് കാട്ടുപന്നികളേയും വെടിവെച്ച് കൊന്നിട്ടുള്ളതാണ്.

(സി) വന്യമൃഗങ്ങളുടെ ശല്യത്തിൽനിന്നും ഈ പ്രദേശങ്ങളെയും ജനങ്ങളെയും രക്ഷിക്കാൻ എന്തൊക്കെ മാർഗ്ഗങ്ങളാണ് വനംവകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

വന്യമൃഗശല്യം ഉണ്ടാകുന്ന ഭാഗത്ത് ഫോറസ്റ്റ് സ്റ്റേഷൻ സ്റ്റാഫ് പട്രോളിംഗ് നിരന്തരമായി നടത്താറുണ്ട്. കൂടാതെ രണ്ട് സ്റ്റാഫുകൾ അടങ്ങുന്ന ടീമിന്റെ സാന്നിദ്ധ്യം വന്യമൃഗശല്യമുണ്ടാകുന്ന ഭാഗങ്ങളിൽ സ്ഥിരമായി ഉണ്ടാകുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിൽ കാളികാവ് റെയിഞ്ചിന്റെ കീഴിൽ അമരമ്പലം കേന്ദ്രീകരിച്ച് താൽക്കാലിക റാപ്പിഡ് റെസ്പോൺസ് ടീം രൂപീകരിച്ചിട്ടുണ്ട്. വന്യമൃഗശല്യം ഉണ്ടാകുന്ന ഭാഗങ്ങളിൽ ടി താൽക്കാലിക റാപ്പിഡ് റെസ്പോൺസ് ടീമിന്റെ സേവനം ഉപയോഗപ്പെടുത്തി ഒരു പരിധിവരെ വന്യമൃഗശല്യം തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ ജനവാസമേഖലകളിൽ ജനങ്ങളുടെ ജീവനും സ്വത്തിനും നാശം വരുത്തുന്ന കാട്ടുപന്നികളെ കൊന്ന് ഇല്ലായ്മ ചെയ്യുവാൻ ഗ്രാമപഞ്ചായത്ത്,

മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നീ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ ബന്ധപ്പെട്ട ഓണററി വൈൽഡ് ലൈഫ് വാർഡന്/അധികാരപ്പെട്ട ഉദ്യോഗസ്ഥന് അനുമതി നൽകിക്കൊണ്ട് 28-05-2022 തീയതിയിലെ സ.ഉ. (കൈ) നം. 29/2022/വനം, 31-05-2022 തീയതിയിലെ സ.ഉ. (സാധാ) നം. 239/2022/വനം എന്നീ ഉത്തരവുകൾ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ നിയമിതരായ ഓണററി വൈൽഡ് ലൈഫ് വാർഡന്മാർ, അധികാരപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർക്ക് ജനവാസ മേഖലകളിൽ ജനങ്ങളുടെ ജീവനും സ്വത്തിനും നാശം വരുത്തുന്ന കാട്ടുപന്നികളെ അനുവദനീയ മാർഗ്ഗങ്ങളിലൂടെ കൊന്ന് ഇല്ലായ്മ ചെയ്യുവാൻ 1972-ല വന്യജീവി (സംരക്ഷണ) നിയമത്തിൽ സെക്ഷൻ 11 (1) (ബി) പ്രകാരമുള്ള ചീഫ് വൈൽഡ് ലൈഫ് വാർഡനിൽ നിക്ഷിപ്തമായ അധികാരം വന്യജീവി (സംരക്ഷണ) നിയമത്തിൽ സെക്ഷൻ 5 (2) പ്രകാരം ഡെലിഗേറ്റ് ചെയ്തുകൊണ്ട് ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ 31-05-2022-ലെകെ.എഫ്.ഡി.എച്ച്.ക്യൂ/3331/21-സി.ഡബ്ല്യൂ.ഡബ്ല്യൂ/ഡബ്ല്യൂ.എൽ. 11 നമ്പർ നടപടി ഉത്തരവ് പ്രകാരം ഉത്തരവായിട്ടുള്ളതുമാണ്.

## റാപ്പിഡ് റെസ്പോൺസ് ടീം (ആർ.ആർ.റ്റി.) അനുവദിക്കൽ

185 (960) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 വർഷത്തിൽ വന്യജീവി ആക്രമണത്തിൽ ആറു പേർ മരണമടഞ്ഞ ചാലക്കുടി ഫോറസ്റ്റ് ഡിവിഷണൽ ഓഫീസിന് കീഴിൽ റാപ്പിഡ് റെസ്പോൺസ് ടീമിനെ ഇനിയും അനുവദിക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മനുഷ്യ-വന്യജീവി സംഘർഷം കൈകാര്യം ചെയ്യുന്നതിന് ചാലക്കുടി ഉൾപ്പെടെ 25 ഡിവിഷനുകളിൽ ആർ.ആർ.റ്റി-കൾ രൂപീകരിക്കുന്നതിനുള്ള ശിപാർശ ഉൾപ്പെടെയുള്ള പദ്ധതി നിർദ്ദേശം സർക്കാരിന്റെ പരിശോധനയിലാണ്.

(ബി) പുതുക്കാട് മണ്ഡലത്തിൽപ്പെട്ട പാലപ്പിള്ളി, ചൊക്കന, നായാട്ടുകുണ്ട് തുടങ്ങിയ മലയോര പ്രദേശങ്ങളിൽ തുടർച്ചയായി ഉണ്ടാകുന്ന വന്യജീവി ആക്രമണം ഒഴിവാക്കുന്നതിനും അടിയന്തര സഹായം ലഭ്യമാക്കുന്നതിനും ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും റാപ്പിഡ് റെസ്പോൺസ് ടീമിനെ അനുവദിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ?

ജനജാഗ്രതാ സമിതി രൂപീകരിച്ച് യോഗങ്ങൾ നടത്തി പ്രശ്ന പരിഹാരം നടത്തുകയും ജനങ്ങളെ ബോധവൽക്കരിക്കുകയും ചെയ്തുവരുന്നു. രാത്രികാല പട്രോളിംഗ് ശക്തിപ്പെടുത്തിയും വന്യമൃഗ സാന്നിദ്ധ്യം അറിഞ്ഞാൽ എസ്.എം.എസ്. അലർട്ട് സിസ്റ്റം വഴി ജനങ്ങൾക്ക് ജാഗ്രതാ നിർദ്ദേശങ്ങൾ നൽകിയും വന്യജീവി ആക്രമണം ലഘൂകരിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കാട്ടാനകൾ നാട്ടിലിറങ്ങുന്നത് തടയുന്നതിനും വന്യമൃഗങ്ങളെ തിരികെ കാട്ടിലേയ്ക്ക് അയയ്ക്കുന്നതിനും കൂടുതൽ വാച്ചർമാരെ നിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ചിമ്മിനി, ആനപ്പാന്തം തുടങ്ങിയ ഉൾവനത്തിൽനിന്നും വനവാസമേഖലയിലേയ്ക്ക് കാട്ടാനകളെത്തുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി നായാട്ടുകുണ്ട്, ചൊക്കന, താളൂപ്പാടം, ഇഞ്ചക്കുണ്ട് ഭാഗങ്ങളിൽ സോളാർ ഫെൻസിംഗ് സ്ഥാപിച്ചിട്ടുണ്ടെങ്കിലും കാട്ടാനകളുടെ നിരന്തര ആക്രമണംമൂലം ചിലയിടങ്ങളിൽ ടി ഫെൻസിംഗുകൾക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. ആയതിന്റെ അറ്റകുറ്റപ്പണികൾക്കുള്ള ടെൻഡർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എലിക്കോട്, ചീനക്കുന്ന് ഭാഗങ്ങളിൽ സോളാർ ഫെൻസിങ്ങ് നടത്തുന്നതിന് ടെൻഡർ ചെയ്തിട്ടുണ്ട്.

ചാലക്കുടി ഉൾപ്പെടെ 25 ഡിവിഷനുകളിൽ ആർ. ആർ. റ്റി.-കൾ രൂപീകരിക്കുന്നതിനുള്ള ശിപാർശ സർക്കാരിന്റെ പരിശോധനയിലാണ്.

## ജനവാസ പ്രദേശത്തെ കൃഷി നശിപ്പിക്കുന്ന കാട്ടു പന്നികളെ വെടി വയ്ക്കുന്നതിനുള്ള അനുമതി

186 (961) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനമേഖലയിൽനിന്നും ജനവാസ പ്രദേശത്തെത്തി കൃഷിയും മറ്റും നശിപ്പിക്കുന്ന കാട്ടുപന്നികളെ വെടിവയ്ക്കുന്നതിന് വനം-വന്യജീവി വകുപ്പ് അനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

അനുമതി നൽകിയിട്ടുണ്ട്. ജനവാസമേഖലകളിൽ ജനങ്ങളുടെ ജീവനും സ്വത്തിനും നാശം വരുത്തുന്ന കാട്ടുപന്നികളെ കൊന്ന് ഇല്ലായ്മ ചെയ്യുവാൻ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ബന്ധപ്പെട്ട ഓണററി വൈൽഡ് ലൈഫ് വാർഡന്/അധികാരപ്പെട്ട ഉദ്യോഗസ്ഥന് അനുമതി നൽകിക്കൊണ്ട് സ.ഉ.(കൈ)നം 29/2022/വനം തീയതി 28-05-2022 പ്രകാരം ഉത്തരവ്

പുറപ്പെടുവിച്ചിട്ടുള്ളതാണ്. പ്രസ്തുത ആവശ്യത്തിനായി ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ മുനിസിപ്പൽ ചെയർപേഴ്സൺമാർ കോർപ്പറേഷൻ മേയർ എന്നിവരെ ഓണററി വൈൽഡ് ലൈഫ് വാർഡൻമാരായും ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ, മുനിസിപ്പൽ സെക്രട്ടറിമാർ, കോർപ്പറേഷൻ സെക്രട്ടറിമാർ എന്നിവരെ അധികാരപ്പെട്ട ഉദ്യോഗസ്ഥരായി നിയമിച്ചുകൊണ്ട് 31-05-2022-ലെ സ.ഉ. (സാധാ) നം. 239/2022/വനം പ്രകാരം ഉത്തരവായിട്ടുണ്ട്. മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ നിയമിതരായ ഓണററി വൈൽഡ് ലൈഫ് വാർഡന്മാർ, അധികാരപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർക്ക് ജനവാസ മേഖലകളിൽ ജനങ്ങളുടെ ജീവനും സ്വത്തിനും നാശം വരുത്തുന്ന കാട്ടുപന്നികളെ അനുവദനീയ മാർഗ്ഗങ്ങളിലൂടെ കൊന്ന് ഇല്ലായ്മ ചെയ്യുവാൻ 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിൽ സെക്ഷൻ 11 (1) (ബി) പ്രകാരമുള്ള ചീഫ് വൈൽഡ് ലൈഫ് വാർഡനിൽ നിക്ഷിപ്തമായ അധികാരം വന്യജീവി (സംരക്ഷണ) നിയമത്തിൽ സെക്ഷൻ 5 (2) പ്രകാരം ഡെലിഗേറ്റ് ചെയ്തുകൊണ്ട് ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ 31-05-2022-ലെ കെ.എഫ്.ഡി.എച്ച്.ക്യൂ/3331/21-സി.ഡബ്ല്യൂ.ഡബ്ല്യൂ/ഡബ്ല്യൂ.എൽ. 11 നമ്പർ നടപടി ഉത്തരവ് പ്രകാരം ഉത്തരവായിട്ടുള്ളതുമാണ്.

(ബി) അനുമതിക്കുള്ള മാനദണ്ഡം എന്താണെന്നും ആർക്കെല്ലാമാണ് അനുമതി നൽകിയിട്ടുള്ളതെന്നും അറിയിക്കുമോ?

സ.ഉ.(കൈ)നം 29/2022/വനം തീയതി 28-05-2022 സർക്കാർ ഉത്തരവ് പ്രകാരം ജനവാസമേഖലകളിൽ മനുഷ്യ ജീവനും സ്വത്തിനും കൃഷിക്കും നാശം വരുത്തുന്ന കാട്ടുപന്നികളെ ഉന്മൂലനം ചെയ്യുന്നതിനായി, പൊതുജനങ്ങളുടെ അപേക്ഷയിന്മേൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഓണററി വൈൽഡ് ലൈഫ് വാർഡൻമാരായി നിയോഗിച്ചിട്ടുള്ള ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ മുനിസിപ്പൽ ചെയർപേഴ്സൺമാർ കോർപ്പറേഷൻ മേയർ എന്നിവർക്കും അധികാരപ്പെട്ട ഉദ്യോഗസ്ഥരായിട്ടുള്ള ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ, മുനിസിപ്പൽ സെക്രട്ടറിമാർ, കോർപ്പറേഷൻ സെക്രട്ടറിമാർ എന്നിവർക്കും അങ്ങനെയുള്ള പ്രദേശത്ത് അത്തരം കാട്ടുപന്നികളെ സ്വയം വേട്ടയാടി കൊല്ലുന്നതിന് അല്ലെങ്കിൽ മറ്റാരെങ്കിലും മുഖേന കൊല്ലിക്കുന്നതിന്, അതിനുള്ള കാരണം വ്യക്തമാക്കിക്കൊണ്ട്, ഉത്തരവ് നൽകാവുന്നതാണ്.

മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജനവാസ മേഖലകളിൽ ജനങ്ങളുടെ ജീവനും സ്വത്തിനും നാശം വരുത്തുന്ന കാട്ടുപന്നികളെ കൊന്ന് ഇല്ലായ്മ ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.

1. ഇപ്രകാരം കാട്ടുപന്നികളെ കൊല്ലുന്ന വേളകളിൽ മനുഷ്യജീവനും സ്വത്തിനും വളർത്തു മൃഗങ്ങൾക്കും ഇതര വന്യജീവികൾക്കും നാശനഷ്ടങ്ങൾ ഉണ്ടാകുന്നില്ലെന്ന് ബന്ധപ്പെട്ടവർ ഉറപ്പുവരുത്തേണ്ടതാണ്.

2. കൊല്ലപ്പെടുന്ന കാട്ടുപന്നിയുടെ ജഡം ശാസ്ത്രീയമായി സംസ്കരിക്കേണ്ടതും ആയത് ബന്ധപ്പെട്ടവർ ഉറപ്പ് വരുത്തേണ്ടതുമാണ്.

3. കൊല്ലപ്പെടുന്ന കാട്ടുപന്നികളുടെയും സംസ്കരിക്കപ്പെടുന്ന ജഡങ്ങളുടെയും വിവരങ്ങൾ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ ആയതിനായി തയ്യാറാക്കിയ രജിസ്റ്ററിൽ യഥാവിധി എഴുതി സൂക്ഷിക്കേണ്ടതാണ്.

4. ജന ജാഗ്രതാ സമിതികളുടെ സേവനം കാട്ടുപന്നികളെ കൊല്ലുന്നതിനും ജഡം യഥാവിധി സംസ്കരിക്കുന്നതിലും മേൽ പ്രസ്താവിച്ച അധികാര സ്ഥാനങ്ങൾക്കും പഞ്ചായത്ത്രാജ് സ്ഥാപനങ്ങൾക്കും ആവശ്യമെങ്കിൽ ഉപയോഗിക്കാവുന്നതാണ്.

5. 05-05-2022-ലെ സ.ഉ.(കൈ) നം. 23/2022/വനം സർക്കാർ ഉത്തരവിലേതിന് പകരമായി മേൽ നടപടിക്രമങ്ങൾ പാലിക്കേണ്ടതും ആയതിന് 27-05-2023 വരെ പ്രാബല്യം ഉണ്ടായിരിക്കുന്നതുമാണ്.

6. ജനവാസ മേഖലകളിൽ മനുഷ്യജീവനും സ്വത്തിനും കൃഷിക്കും നാശം വരുത്തുന്ന കാട്ടുപന്നികളെ ഉന്മൂലനം ചെയ്യുന്നതിനായി, പൊതുജനങ്ങളുടെ അപേക്ഷയിന്മേൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഓണററി വൈൽഡ് ലൈഫ് വാർഡൻ/അധികാരപ്പെട്ട ഉദ്യോഗസ്ഥന് അങ്ങനെയുള്ള പ്രദേശത്ത് അത്തരം കാട്ടുപന്നികളെ സ്വയം വേട്ടയാടി കൊല്ലുന്നതിന് അല്ലെങ്കിൽ മറ്റാരെങ്കിലും മുഖേന കൊല്ലിക്കുന്നതിന്, അതിനുള്ള കാരണം വ്യക്തമാക്കിക്കൊണ്ട്, ഉത്തരവ് നൽകാവുന്നതാണ്. മനുഷ്യജീവനും മറ്റ് വന്യജീവികൾ, വളർത്തുമൃഗങ്ങൾ എന്നിവയ്ക്കും അപകടം സംഭവിക്കാതിരിക്കുന്നതിനായി മേൽ പ്രസ്താവിച്ച പ്രകാരം വിഷപ്രയോഗം, സ്ഫോടക വസ്തു പ്രയോഗം, വൈദ്യുതി ഷോക്ക് ഏൽപ്പിക്കൽ എന്നിവ ഒഴികെയുള്ള മറ്റ് രീതികളിൽ ഇത്തരം കാട്ടുപന്നികളെ കൊല്ലുന്നതിന് അനുമതി നൽകാവുന്നതാണ്.

## കാട്ടുപന്നിശല്യം ദൂരീകരിക്കാൻ നടപടി

187 (962) <u>ഡോ. എൻ. ജയരാജ്</u>:
<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>:
<u>ശ്രീ. ജോബ് മൈക്കിൾ</u>:
<u>ശ്രീ. പ്രമോദ് നാരായൺ</u>: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിനാശമുണ്ടാക്കുന്ന കാട്ടുപന്നികളെ വെടിവെച്ച് കൊല്ലുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ള അധികാരം കർഷർക്ക് ഗുണപ്രദമായോ എന്ന് വിശകലനം ചെയ്തിട്ടുണ്ടോ; ഇതുസംബന്ധിച്ച് റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

കൃഷി നാശമുണ്ടാക്കുന്ന കാട്ടുപന്നികളെ വെടിവെച്ച് കൊല്ലുന്നതിന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് അധികാരം നൽകിക്കൊണ്ട് 28-05-2022-ലെ സ.ഉ. (കൈ) നം. 29/2022/വനം, 31-05-2022-ലെ സ.ഉ. (സാധാ) നം. 239/2022/വനം എന്നീ ഉത്തരവുകൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവുകൾ പ്രാബല്യത്തിൽ വന്നിട്ട് ഒരു മാസത്തിൽ താഴെ മാത്രമേ സമയമായിട്ടുള്ളൂ. ഈ സാഹചര്യത്തിൽ ആയത് കർഷകർക്ക് ഗുണപ്രദമായോ എന്നത് സംബന്ധിച്ച് വിശകലനം ചെയ്യുന്നതിന് പരിമിതികളുണ്ട്.

(ബി) കാട്ടുപന്നിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരമായി 1972-ലെ വന്യജീവി സംരക്ഷണ നിയമത്തിലെ 62-ാം വകുപ്പ് പ്രകാരമുള്ള അഞ്ചാം പട്ടികയിൽ ക്ഷുദ്രജീവി ഗണത്തിൽ കാട്ടുപന്നിയെ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാൻ കേന്ദ്രസർക്കാരുമായി ആലോചനകൾ നടന്നിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. ഷെഡ്യൂൾ III-ൽ ഉൾപ്പെട്ട കാട്ടുപന്നിയെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് 01-11-2020-ലെ ഡി2/126/2020/വനം നമ്പർ കത്ത് പ്രകാരം അപേക്ഷ നൽകിയിരുന്നു. 1972-ലെ വന്യജീവി (സംരക്ഷണം) നിയമത്തിന്റെ 11 (1) (ബി) വകുപ്പ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കാനും പ്രശ്നക്കാരായ കാട്ടുപന്നികളുടെ കാര്യത്തിൽ പഞ്ചായത്തീരാജ് സ്ഥാപനങ്ങളുടെ സേവനങ്ങൾ ഉപയോഗിക്കാനുള്ള സാധ്യത പരിഗണിക്കുവാൻ നിർദ്ദേശിച്ചുകൊണ്ടും കേന്ദ്ര സർക്കാർ, എഫ്.നം. 10-12-2020-ലെ 8-31/2020-ഡബ്ല്യൂ.എൽ, കത്ത് പ്രകാരം സംസ്ഥാന സർക്കാരിന്റെ അപേക്ഷ മടക്കിയിരുന്നു. പഞ്ചായത്തുകളുടെ സേവനം

ഉപയോഗിച്ച് 1972-ലെ വന്യജീവി (സംരക്ഷണം) നിയമത്തിന്റെ 11 (1) (ബി) വകുപ്പ് പ്രകാരമുള്ള നടപടികൾ സംസ്ഥാന സർക്കാർ എടുത്തുവന്നിരുന്നുവെങ്കിലും കാട്ടുപന്നി പ്രശ്നത്തിൽ കാര്യമായ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ലെന്ന് വ്യക്തമാക്കി കാട്ടുപന്നികളെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കുന്നതിനുള്ള അപേക്ഷ പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് 17-06-2021-ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് കത്ത് നൽകുകയുണ്ടായി. തുടർന്ന് കൃഷിഭൂമികളിൽ നാശം വരുത്തുന്ന കാട്ടുപന്നികളെ വെർമിൻ ആയി പ്രഖ്യാപിക്കണമെന്ന അപേക്ഷ സംബന്ധിച്ച് ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി, കേന്ദ്ര മന്ത്രിയുമായി നേരിട്ട് ചർച്ച നടത്തിയതിനുശേഷം കാട്ടുപന്നികളെ വെർമിൻ ആയി പ്രഖ്യാപിക്കുന്നതിനുവേണ്ടി കാട്ടുപന്നിയുടെ ആക്രമണം രൂക്ഷമായ പ്രദേശങ്ങൾ വില്ലേജ് അടിസ്ഥാനത്തിൽ തയ്യാറാക്കി 09-12-2021-ൽ സംസ്ഥാന സർക്കാരിലേക്കും ആയത് 08-02-2022-ൽ കേന്ദ്രസർക്കാരിനും സമർപ്പിച്ചിട്ടുണ്ട്. എന്നാൽ 1972-ലെ വന്യജീവി (സംരക്ഷണം) നിയമത്തിന്റെ 11(1)(ബി) വകുപ്പ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കുവാനും കേന്ദ്ര സർക്കാരിന്റെ 06-02-2021-ലെ F.No. 8-60/20 WL (Part I) അഡ്വൈസറി പ്രകാരമുള്ള നിർദ്ദേശങ്ങൾ കൈക്കൊള്ളുവാനും

ആവശ്യപ്പെട്ടുകൊണ്ട് 08-02-2022-ലെ സംസ്ഥാന സർക്കാരിന്റെ അപേക്ഷ കേന്ദ്രസർക്കാർ മടക്കിയിട്ടുള്ളതാണ്.

(സി) കാട്ടുപന്നിയെ ക്ഷുദ്രജീവി ഗണത്തിൽ ഉൾപ്പെടുത്തി പ്രസ്തുത നിയമം ഭേദഗതി ചെയ്യുവാൻ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതിന് നടപടി സ്വീകരിക്കുമോ; ഇതിനായി ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമടങ്ങുന്ന ഒരു ടാസ്ക് ഫോഴ്സ് രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ?

കൃഷി നാശമുണ്ടാക്കുന്ന കാട്ടുപന്നികളെ വെടിവെച്ച് കൊല്ലുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരം നൽകിക്കൊണ്ട് പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവുകൾ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട ഫലപ്രാപ്തി വിശദമായി വിശകലനം ചെയ്തതിനുശേഷം നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) നാട്ടിലെ കൃഷിയിടങ്ങളിലേയ്ക്ക് കാട്ടുപന്നികളുടെ വരവ് തടയുന്നതിനായി ജനവാസ മേഖലകളുടെ സമീപത്തുള്ള വനാതിർത്തി പ്രദേശങ്ങളിൽ കാട് വെട്ടിത്തെളിച്ച് വനം വകുപ്പിന്റെ നേതൃത്വത്തിൽ കൃഷി ചെയ്യുവാൻ നടപടി സ്വീകരിക്കുമോ?

ജനവാസ മേഖലകളുടെ സമീപത്തുള്ള വനാതിർത്തി പ്രദേശങ്ങളിൽ വനത്തിനുള്ളിലെ കാട് വെട്ടിത്തെളിച്ച് കൃഷി ചെയ്യുന്നത് നിലവിലെ വനനിയമങ്ങൾ പ്രകാരം അനുവദനീയമല്ല.

**വന്യജീവി ആക്രമണത്തിൽ ധനസഹായം**

188 (963) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വന്യജീവി ആക്രമണംമൂലം മരണമടയുന്നവർക്കും പരിക്കേൽക്കുന്നവർക്കും എന്തൊക്കെ സഹായങ്ങളാണ് വനം വകുപ്പ് മുഖേന അനുവദിക്കുന്നതെന്ന് വിശദമാക്കുമോ?

1980-ലെ കേരള റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ റ്റു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് അനിമൽസ് പ്രകാരവും 05-04-2018-ലെ സ.ഉ. (കൈ)നം. 17/2018/വനം നമ്പർ ഉത്തരവ് പ്രകാരവുമാണ് നിലവിൽ വന്യജീവി ആക്രമണത്തിൽ പരിക്കേൽക്കുന്നവർക്കും മരണമടയുന്നവർക്കും നഷ്ടപരിഹാരം നൽകിവരുന്നത്. വന്യജീവിയാക്രമണംമൂലം മരണപ്പെടുന്ന വ്യക്തികളുടെ നിയമപരമായ അവകാശികൾക്ക് 10 ലക്ഷം രൂപയും വനത്തിന് പുറത്ത് വച്ച്

പാമ്പുകടിയേറ്റ് ജീവഹാനി സംഭവിച്ചാൽ 2 ലക്ഷം രൂപയും നഷ്ടപരിഹാരമായി അനുവദിക്കുന്നു. വന്യമൃഗങ്ങളുടെ ആക്രമണംമൂലം സ്ഥായിയായ അംഗവൈകല്യം സംഭവിക്കുന്നവർക്ക് 2 ലക്ഷം രൂപയും പരിക്കേൽക്കുന്ന വ്യക്തികൾക്ക് ചികിത്സയ്ക്ക് ചെലവാകുന്ന തുക പരമാവധി ഒരു ലക്ഷം രൂപവരെയും മേൽ സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ചുവരുന്നു. പട്ടികവർഗ്ഗക്കാരുടെ കാര്യത്തിൽ ചികിത്സാ ചെലവ് മുഴുവനും ലഭ്യമാകും.

## വന്യമൃഗങ്ങളുടെ ആക്രമണങ്ങൾക്ക് ഇരയാകുന്ന പട്ടിക വിഭാഗക്കാർക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ

189 (964) <u>ശ്രീ. അബ്ദുൽ ഹമീദ് പി.:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യമൃഗങ്ങളുടെ ആക്രമണങ്ങൾക്ക് ഇരയാകുന്ന പട്ടികവിഭാഗക്കാർക്ക് വനം വകുപ്പ് നടപ്പാക്കുന്ന ഇൻഷ്വറൻസ് പരിരക്ഷ നിലവിലുണ്ടോ;

(ബി) പ്രസ്തുത ഇൻഷ്വറൻസ് പരിരക്ഷ നിർത്തലാക്കിയതിന്റെ കാരണം വ്യക്തമാക്കുമോ?

(എ & ബി) വനത്തിനുള്ളിലും വനാതിർത്തികളിലും താമസിക്കുന്ന പട്ടകജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്കും വനാതിർത്തിയോട് ചേർന്ന് താമസിക്കുന്ന മറ്റ് വിഭാഗത്തിൽപ്പെട്ട വനാശ്രിതർ ഉൾപ്പെടെയുള്ളവർക്കാണ് ഇൻഷുറൻസ് പരിരക്ഷ നടപ്പാക്കിയിട്ടുള്ളത്. ഇൻഷ്വറൻസ് പദ്ധതിയുടെ കാലാവധി 25-09-2021 വരെയായിരുന്നു. ആയത് പുതുക്കി നൽകുന്നതിനുള്ള അനുമതിക്കായി സർക്കാരിലേയ്ക്ക് സമർപ്പിച്ച അപേക്ഷ പരിശോധിച്ചുവരികയാണ്.

(സി) ഇൻഷ്വറൻസ് കാലയളവിനുശേഷം പുതുക്കി നൽകാത്ത കാലഘട്ടത്തിൽ വന്യമൃഗങ്ങളുടെ ആക്രമണങ്ങൾക്ക് ഇരയായ പട്ടിക വിഭാഗക്കാരുടെ വിശദാംശം നൽകുമോ?

ഇൻഷ്വറൻസ് കാലയളവിനുശേഷം പുതുക്കി നൽകാത്ത കാലഘട്ടത്തിൽ വന്യമൃഗങ്ങളുടെ ആക്രമണങ്ങൾക്കിരയായ പട്ടിക വിഭാഗക്കാരുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| വനം ഡിവിഷൻ | വന്യജീവി ആക്രമണത്തിന് ഇരയായവരുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 5 |
| മൂന്നാർ | 1 |
| ചാലക്കുടി | 1 |
| മലയാറ്റൂർ | 1 |

| | |
|---|---|
| നിലമ്പൂർ സൗത്ത് | 1 |
| മണ്ണാർക്കാട് | 1 |
| നെൻമാറ | 1 |
| വയനാട് (സൗത്ത് & നോർത്ത്) | 4 |
| വയനാട് WL | 1 |
| ഇടുക്കി WL | 2 |
| ആകെ | 18 |

(ഡി) പ്രസ്തുത ഇൻഷ്വറൻസ് പരിരക്ഷ തുടർന്നും നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് വന്യമൃഗ ആക്രമണങ്ങൾക്കിരയാകുന്ന പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ഇൻഷ്വറൻസ് പദ്ധതിയുടെ കാലാവധി 25-09-2021 വരെയാണ്. ആയത് പുതുക്കി നൽകുന്നതിനായുള്ള അനുമതിക്കായി സർക്കാരിലേയ്ക്ക് സമർപ്പിച്ച അപേക്ഷ പരിശോധിച്ചുവരികയാണ്.

**കാട്ടുപന്നികളുടെ സംസ്കരണം**

190 (965) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ കൊന്നതിനുശേഷം തദ്ദേശസ്ഥാപനങ്ങൾ മുഖാന്തരം സംസ്കരിക്കുന്നത് ഏത് വിധേനയാണെന്ന് അറിയിക്കുമോ?

ജനവാസമേഖലകളിൽ ജനങ്ങളുടെ ജീവനും സ്വത്തിനും നാശം വരുത്തുന്ന കാട്ടുപന്നികളെ കൊന്ന് ഇല്ലായ്മ ചെയ്യാൻ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ബന്ധപ്പെട്ട ഓണററി വൈൽഡ് ലൈഫ് വാർഡന്/അധികാരപ്പെട്ട ഉദ്യോഗസ്ഥന് അനുമതി നൽകിക്കൊണ്ട് 28-05-2022-ലെ സ.ഉ. (കൈ) നം. 29/22/വനം പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവ് പ്രകാരം കൊല്ലപ്പെടുന്ന കാട്ടുപന്നികളുടെ ജഡം ശാസ്ത്രീയമായി സംസ്കരിക്കേണ്ടതും ആയത് ബന്ധപ്പെട്ടവർ ഉറപ്പുവരുത്തേണ്ടതുമാണെന്നും കൊല്ലപ്പെടുന്ന കാട്ടുപന്നികളുടെയും സംസ്കരിക്കപ്പെടുന്ന ജഡങ്ങളുടെയും വിവരങ്ങൾ അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആയതിനായി തയ്യാറാക്കിയ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതാണെന്നും ജനജാഗ്രതാ സമിതികളുടെ സേവനം കാട്ടുപന്നികളെ കൊല്ലുന്നതിനും ജഡം യഥാവിധി സംസ്കരിക്കുന്നതിനും പഞ്ചായത്തീരാജ് സ്ഥാപനങ്ങൾക്കും ആവശ്യമെങ്കിൽ

ഉപയോഗിക്കാവുന്നതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. കൊല്ലപ്പെടുന്ന കാട്ടുപന്നികളുടെ ജഡം കത്തിക്കുക, മണ്ണെണ്ണ ഒഴിച്ച് യഥാവിധി കുഴിച്ചുമൂടുക എന്നിവ ഉൾപ്പെടെയുള്ള ശാസ്ത്രീയ സംസ്കരണ മാർഗ്ഗങ്ങൾ കാട്ടുപന്നികളുടെ ജഡം മറവുചെയ്യുന്നതുമായി ബന്ധപ്പെട്ട് അവലംബിക്കാവുന്നതാണ്.

(ബി) കാട്ടുപന്നികളെ കൊല്ലുന്നതിനുള്ള നിബന്ധനകൾ എന്തൊക്കെയാണെന്ന് വിശദവിവരം സഹിതം അറിയിക്കുമോ; ഇതിനായി തോക്കിന്റെ ലൈസൻസ് നൽകുന്നതിനുള്ള നിലവിലെ ക്രമീകരണം വ്യക്തമാക്കുമോ; കാട്ടുപന്നികളെ കൊന്നതിനുശേഷം ഭക്ഷ്യ സംസ്കരണവുമായി ബന്ധപ്പെടുത്തുന്നതിന് പദ്ധതിയുണ്ടോ എന്നറിയിക്കുമോ?

28-05-2022-ലെ സ.ഉ. (കൈ) നം. 29/2022/വനം പ്രകാരം മനുഷ്യജീവനും സ്വത്തിനും കൃഷിക്കും നാശംവരുത്തുന്ന കാട്ടുപന്നികളെ നിയമാനുസൃതമായി നശിപ്പിക്കുന്നതിനുള്ള പുതുക്കിയ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

1. കാട്ടുപന്നികളെ കൊല്ലുന്ന വേളകളിൽ മനുഷ്യജീവനും സ്വത്തിനും വളർത്തുമൃഗങ്ങൾക്കും ഇതര വന്യജീവികൾക്കും നാശനഷ്ടങ്ങൾ ഉണ്ടാകുന്നില്ലെന്ന് ബന്ധപ്പെട്ടവർ ഉറപ്പുവരുത്തേണ്ടതാണ്.

2. കൊല്ലപ്പെടുന്ന കാട്ടുപന്നിയുടെ ജഡം ശാസ്ത്രീയമായി സംസ്കരിക്കേണ്ടതും ആയത് ബന്ധപ്പെട്ടവർ ഉറപ്പുവരുത്തേണ്ടതുമാണ്.

3. കൊല്ലപ്പെടുന്ന കാട്ടുപന്നികളുടെയും സംസ്കരിക്കപ്പെടുന്ന ജഡങ്ങളുടെയും വിവരങ്ങൾ അതത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ ആയതിനായി തയ്യാറാക്കിയ രജിസ്റ്ററിൽ യഥാവിധി എഴുതി സൂക്ഷിക്കേണ്ടതാണ്.

4. ജനജാഗ്രതാ സമിതികളുടെ സേവനം കാട്ടുപന്നികളെ കൊല്ലുന്നതിനും ജഡം യഥാവിധി സംസ്കരിക്കുന്നതിനും മേൽ പ്രസ്താവിച്ച അധികാരസ്ഥാനങ്ങൾക്കും പഞ്ചായത്തീരാജ് സ്ഥാപനങ്ങൾക്കും ആവശ്യമെങ്കിൽ ഉപയോഗിക്കാവുന്നതാണ്.

5. 05-05-2022-ലെ സ.ഉ.(കൈ) നം. 23/2022/വനം സർക്കാർ ഉത്തരവിലേതിന് പകരമായി മേൽ നടപടിക്രമങ്ങൾ പാലിക്കേണ്ടതും ആയതിന് ഒരു വർഷത്തെ പ്രാബല്യം ഉണ്ടായിരിക്കുന്നതുമാണ്.

6. ജനവാസ മേഖലകളിൽ മനുഷ്യജീവനും സ്വത്തിനും കൃഷിക്കും നാശംവരുത്തുന്ന കാട്ടുപന്നികളെ ഉന്മൂലനം ചെയ്യുന്നതിനായി പൊതുജനങ്ങളുടെ അപേക്ഷയിന്മേൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഓണററി വൈൽഡ് ലൈഫ് വാർഡൻ/അധികാരപ്പെട്ട ഉദ്യോഗസ്ഥന് അങ്ങനെയുള്ള പ്രദേശത്ത് അത്തരം കാട്ടുപന്നികളെ സ്വയം വേട്ടയാടി കൊല്ലുന്നതിന് അല്ലെങ്കിൽ മറ്റാരെങ്കിലും മുഖേന കൊല്ലിക്കുന്നതിന്, അതിനുള്ള കാരണം വ്യക്തമാക്കിക്കൊണ്ട്, ഉത്തരവ് നൽകാവുന്നതാണ്. മനുഷ്യജീവനും മറ്റ് വന്യജീവികൾ, വളർത്തു മൃഗങ്ങൾ എന്നിവയ്ക്കും അപകടം സംഭവിക്കാതിരിക്കുന്നതിനായി മേൽ പ്രസ്താവിച്ച പ്രകാരം വിഷപ്രയോഗം, സ്ഫോടക വസ്തു പ്രയോഗം, വൈദ്യുതി ഷോക്ക് ഏൽപ്പിക്കൽ എന്നിവ ഒഴികെയുള്ള മറ്റ് രീതികളിൽ ഇത്തരം കാട്ടുപന്നികളെ കൊല്ലുന്നതിന് അനുമതി നൽകാവുന്നതാണ്. അതത് ജില്ലാ ഭരണകൂടം മുഖാന്തരമാണ് നിലവിൽ തോക്ക് ലൈസൻസ് നൽകിവരുന്നത്. കാട്ടുപന്നികളെ കൊന്നതിനുശേഷം ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് മാത്രമാണ് നിലവിൽ സർക്കാർ ഉത്തരവുപ്രകാരം അനുമതിയുള്ളത്.

## ആലപ്പുഴ മണ്ഡലത്തിൽ ഇറിഗേഷൻ പദ്ധതി

191 (966) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ മൈനർ ഇറിഗേഷൻ, മേജർ ഇറിഗേഷൻ, ഉൾനാടൻ ജലഗതാഗതം എന്നീ വിഭാഗങ്ങളുടെ ഏതെല്ലാം പ്രവൃത്തികൾക്കാണ് നിലവിൽ ഭരണാനുമതിയുള്ളതെന്ന് പഞ്ചായത്ത്/മുനിസിപ്പാലിറ്റി അടിസ്ഥാനത്തിൽ അറിയിക്കുമോ; പ്രസ്തുത ഭരണാനുമതിയുടെ പകർപ്പ് ഉൾപ്പെടെയുള്ള വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയെന്നും അവയുടെ നിലവിലെ സ്ഥിതിയെന്താണെന്നും വിശദമാക്കുമോ?

(എ & ബി) ആലപ്പുഴ മണ്ഡലത്തിൽ മൈനർ ഇറിഗേഷൻ വിഭാഗത്തിൽ നിലവിൽ ഭരണാനുമതി ലഭിച്ച പദ്ധതികളൊന്നും തന്നെയില്ല. മേജർ ഇറിഗേഷൻ വിഭാഗത്തിൽ ഭരണാനുമതി ലഭിച്ച്, നടപ്പാക്കിയതും നടപ്പാക്കിവരുന്നതുമായ പ്രവൃത്തികളുടെ വിശദാംശം അനുബന്ധം-1 ആയി ചേർക്കുന്നു.+

(സി) പ്രസ്തുത മണ്ഡലത്തിൽ ഈ വിഭാഗങ്ങൾക്ക് കീഴിൽ മുൻ സർക്കാരിന്റെ കാലയളവിൽ അനുമതി ലഭിച്ചതും വിവിധ ഘട്ടങ്ങളിലായി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവൃത്തി പുരോഗമിച്ചുവരുന്നതുമായ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

ആലപ്പുഴ നിയോജകമണ്ഡലത്തിൽ ഉൾനാടൻ ജലഗതാഗതവകുപ്പിന്റെ കീഴിൽ "Cleaning Construction of drain and beautification of canal in sea view ward in Alappuzha Municipality" എന്ന പ്രവൃത്തി നടപ്പാക്കുന്നതിന് 27/09/2019-ലെ G.O(Rt)No.688/2019/WRD പ്രകാരം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഭരണാനുമതി നൽകിയിരുന്നു. നിലവിൽ പ്രവൃത്തിയുടെ 90% പൂർത്തിയായിട്ടുണ്ട്.

മുൻ സർക്കാരിന്റെ കാലയളവിൽ അനുമതി ലഭിച്ചതും വിവിധ ഘട്ടങ്ങളിലായി പ്രവൃത്തി പുരോഗമിച്ചുവരുന്നതുമായ മേജർ ഇറിഗേഷൻ പദ്ധതികളുടെ വിശദാംശം അനുബന്ധം-2 ആയി ചേർക്കുന്നു.+

**പഴശ്ശി ജലസേചന പദ്ധതി**

192 (967) <u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) പഴശ്ശി ജലസേചന പദ്ധതി ജനങ്ങൾക്ക് ഉപയോഗിക്കാൻ കഴിയുന്ന രീതിയിൽ വിപുലീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

പഴശ്ശി ജലസേചന പദ്ധതിയുടെ ഒന്നാംഘട്ട നവീകരണ പ്രവർത്തനമെന്ന നിലയിൽ പദ്ധതിയുടെ മെയിൻ കനാൽ പറശ്ശിനിക്കടവ് നീർപാലംവരെയും മാഹി ബ്രാഞ്ച് കനാൽ മുഴുവനായും നവീകരണ പ്രവർത്തനം നടന്നുവരുന്നു. പ്രസ്തുത കനാലുകളുടെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി 2023 വർഷാവസാനത്തോടെ ജലവിതരണം പുനഃസ്ഥാപിക്കാമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) പ്രസ്തുത പദ്ധതിയിൽനിന്ന് കൃഷി ആവശ്യത്തിന് ജലസേചനം നടത്താൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(സി) പഴശ്ശി ജലസേചന പദ്ധതി സൗന്ദര്യവത്കരിക്കാൻ നടപടി സ്വീകരിക്കുമോ?

ഹരിതകേരള മിഷന്റെ നേതൃത്വത്തിൽ കനാൽ റോഡിന്റെ ഇരുവശങ്ങളിലും Outer embankment സ്ഥലത്തും ആകർഷകമായ

ചെടികൾ വച്ചുപിടിപ്പിക്കുന്നതിനും ശുചിത്വമിഷന്റെ നേതൃത്വത്തിൽ കനാലിലെ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനും തീരുമാനമായിട്ടുണ്ട്. പഴശ്ശി ബാരേജിലും ഇൻസ്പെക്ഷൻ ഗ്യാലറിയിലും ലൈറ്റ് അറേഞ്ച്മെന്റ് പുനഃസ്ഥാപിച്ചിട്ടുണ്ട്. ഡാം സൈറ്റിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## സമൂഹാധിഷ്ഠിത സൂക്ഷ്മ ജലസേചന പദ്ധതികൾ

193 (968) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമൂഹാധിഷ്ഠിത സൂക്ഷ്മ ജലസേചന പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ; ഇതിൻ പ്രകാരം പാലക്കാട് ജില്ലയിൽ നടപ്പാക്കിയ പദ്ധതി ഏതാണെന്നറിയിക്കുമോ?

സൂക്ഷ്മ ജലസേചന സാങ്കേതികവിദ്യ ഒരു പ്രദേശത്തെ ആയക്കെട്ടിലെ കർഷക സമൂഹത്തിന് പൊതുവായൊരു ഓട്ടോമാറ്റിക് സംവിധാനത്തിലൂടെ ഫെർട്ടിഗേഷൻ സമ്പ്രദായംകൂടി രൂപീകരിച്ച് നടപ്പാക്കുന്ന രീതിയാണ് കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ അഥവാ സമൂഹാധിഷ്ഠിത സൂക്ഷ്മ ജലസേചനമെന്ന് പറയുന്നത്. ജലത്തിന്റെ ഏറ്റവും കൃത്യവും

കാര്യക്ഷമവുമായ ഉപയോഗമാണ് മൈക്രോ ഇറിഗേഷൻ മുഖേനയുള്ള ജലസേചനത്തിലൂടെ സാധ്യമാകുന്നത്. ഈ രീതിയിൽ കൃഷി ചെയ്യുമ്പോൾ ചെടിയുടെ വേരുകളുടെ അടുത്ത് (Root Zone) ചെറിയ മർദ്ദത്തിലൂടെ (Pressure) വെള്ളം തുള്ളിതുള്ളിയായാണ് ജലസേചനം നടത്തുന്നത്. ഈ രീതിയിൽ വെള്ളം നൽകുമ്പോൾ ചെടിക്ക് വേണ്ട വളങ്ങൾ ആവശ്യമായ അളവിൽ മാത്രം വെള്ളത്തിൽ ലയിപ്പിച്ച് ചെടിയുടെ ചുവട്ടിൽ കൃത്യമായി മാത്രം നൽകുന്നതിനാൽ ഉത്പാദനക്ഷമത കൂട്ടുവാൻ സാധിക്കും. കൃഷി സ്ഥലങ്ങൾ ഏകോപിപ്പിച്ച് കർഷകരുടെ കൂട്ടായ്മയിലൂടെ ആണ് സമൂഹാധിഷ്ഠിത സൂക്ഷ്മ ജലസേചനം നടത്തുന്നത്. കർഷകരുടെ നിലവിലുള്ള വിളകൾക്കും ഈ പദ്ധതി പ്രയോജനപ്പെടുത്താം.

08-09-2021-ൽ പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാമ്പാറ-എരുത്തേമ്പതി പഞ്ചായത്തിലെ കരടിപ്പാറ (3.10 കോടി) എന്ന സ്ഥലത്ത് ഏകദേശം 171 ഏക്കർ ആയക്കെട്ട് ഏരിയവരുന്ന കരടിപ്പാറ സമൂഹാധിഷ്ഠിത സൂക്ഷ്മ ജലസേചനപദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. എരുത്തേമ്പതി പഞ്ചായത്തിലെ മൂങ്കിൽമട (6.79 കോടി) എന്ന സ്ഥലത്ത് ഏകദേശം 250 ഏക്കർ ആയക്കെട്ട് ഏരിയവരുന്ന മൂങ്കിൽമട സമൂഹാധിഷ്ഠിത

സൂക്ഷ്മ ജലസേചനപദ്ധതി പൂർത്തീകരിച്ച് 23-06-2022-ൽ ഉദ്ഘാടനം നിർവ്വഹിച്ചിട്ടുണ്ട്.

(ബി) കെ. എം. മാണി ഊർജിത മൈക്രോ ഇറിഗേഷൻ പദ്ധതിയുടെ പ്രവർത്തനങ്ങൾ വിശദമാക്കുമോ?

2021-22 ബഡ്ജറ്റിൽ കെ.എം. മാണി ഊർജിത മൈക്രോ ഇറിഗേഷൻ പദ്ധതി പ്രഖ്യാപിച്ചു.

നാഷണൽ സെന്റർ ഫോർ അഗ്രികൾച്ചർ എക്കണോമിക്സ് & പോളിസി റിസർച്ച്, ന്യൂഡൽഹിയുടെ പഠനമനുസരിച്ച് കേരളത്തിന്റെ മൈക്രോ ഇറിഗേഷൻ സാധ്യത 2.7 ലക്ഷം ഹെക്ടറാണ്. കനാലുകളിൽ നിന്നും വളരെ അകലെയുള്ള കൃഷിയിടത്തേയ്ക്കും കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതിയിലൂടെ ജലമെത്തിക്കാനാകും. കുളങ്ങൾ, തടയണകൾ, വി.സി.ബി-കൾ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ എന്നിവ കേന്ദ്രീകരിച്ചും പദ്ധതി നടപ്പാക്കുന്നതിന്റെ സാധ്യതകൾ കണ്ടെത്തിയാണ് മൈക്രോ ഇറിഗേഷൻ നടപ്പാക്കുന്നത്.

കാർഷിക വികസന കർഷക ക്ഷേമ വകുപ്പുമായി ചേർന്നാണ് മുൻഗണനാക്രമത്തിൽ സൂക്ഷ്മ ജലസേചന പദ്ധതികൾ കണ്ടെത്തുന്നത്.

ഇതുകൂടാതെ കുടുംബശ്രീ മുതലായ പദ്ധതികളിലൂടെയും മൈക്രോ ഇറിഗേഷൻ നടപ്പാക്കുന്നതിന് ശ്രമിച്ചുവരുന്നു.

അടുത്ത 5 വർഷക്കാലംകൊണ്ട് കേരളത്തിൽ 50,000 ഹെക്ടർ സ്ഥലത്ത് സമൂഹാധിഷ്ഠിത മൈക്രോ ഇറിഗേഷൻ പദ്ധതി ഏറ്റെടുത്ത് നടത്താൻ ലക്ഷ്യമിടുന്നു.

കേരളത്തിൽ 14 ജില്ലകളിൽ ഇതിനായി വർഷം ആകെ 10,000 ഹെക്ടർ സ്ഥലം മൈക്രോ ഇറിഗേഷൻ കൃഷിക്ക് പര്യാപ്തമാക്കേണ്ടതായിട്ടുണ്ട്. ഇതിലേയ്ക്കായി 14 ജില്ലകളിൽ ചുരുങ്ങിയത് ഒരു മാതൃകാ പദ്ധതിയെങ്കിലും നടപ്പിലാക്കാനാണ് ലക്ഷ്യമിടുന്നത്. പ്രസ്തുത പദ്ധതിയെക്കുറിച്ച് MLA-മാരെ ബോധവൽക്കരിക്കുന്നതിനും അവരുടെ സഹായത്തോടെ പദ്ധതികൾ കണ്ടെത്തുന്നതിനുമായി 16-03-2022-ന് തിരുവനന്തപുരത്തെ അസംബ്ലി കോപ്ലക്സിൽ എം.എൽ.എ.-മാരുടെ മീറ്റിംഗ് വിളിച്ചുകൂട്ടി പദ്ധതിയെക്കുറിച്ച് അവതരിപ്പിച്ചു.

ഈ പദ്ധതിയിൽ എല്ലാ കൃഷിസ്ഥലങ്ങളും ഏകോപിപ്പിച്ച് 40 ഹെക്ടർ മുതൽ 100 ഹെക്ടർ വരെയുള്ള കൃഷി സ്ഥലങ്ങളിൽ കർഷകരുടെ കൂട്ടായ്മയിൽ

നിലവിലുള്ള എല്ലാ വിളകൾക്കും മൈക്രോ ഇറിഗേഷനിലൂടെ ജലസേചനം നൽകാവുന്നതാണ്.

**കുട്ടനാട്ടിലെ ഇറിഗേഷൻ പദ്ധതികൾ**

194 (969) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ ഇറിഗേഷൻ പദ്ധതികൾ പൂർത്തീകരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

കുട്ടനാട്ടിലെ ഇറിഗേഷൻ പദ്ധതികളുടെ പൂർത്തീകരണത്തിനായി എല്ലാ മാസവും പ്ലാൻ പദ്ധതി, നബാർഡ്, SDRF എന്നീ പദ്ധതികളുടെ പുരോഗതി വിലയിരുത്താറുണ്ട്. കൂടാതെ പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരണ കാലാവധിക്കുള്ളിൽത്തന്നെ പൂർത്തീകരിക്കുവാൻ അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, സൂപ്രണ്ടിംഗ് എഞ്ചിനീയർ എന്നിവരുടെ മേൽനോട്ടത്തിൽ പ്രവൃത്തികൾ നടപ്പാക്കിവരുന്നു.

(ബി) കുട്ടനാട്ടിലെ മടവീഴ്ച ശാശ്വതമായി പരിഹരിക്കുന്നതിന് എന്തൊക്കെ നടപടി ഉണ്ടാകുമെന്ന് വിശദമാക്കുമോ?

കുട്ടനാട്ടിൽ കായൽ പാടശേഖരങ്ങളിലാണ് പുറംബണ്ട് ബലക്ഷയത്താൽ മടവീഴ്ച ഉണ്ടാകുന്നത്. മടവീഴ്ച ശാശ്വതമായി പരിഹരിക്കുന്നതിനായി ബലക്ഷയമുള്ള പാടശേഖര-പുറംബണ്ടുകളുടെ സംരക്ഷണത്തിനായി പൈൽ & സ്ലാബ് മുഖേനയുള്ള സംരക്ഷണവും ആവശ്യമെങ്കിൽ സാങ്കേതിക വിദഗ്ദ്ധ ടീമിന്റെ സഹായത്തോടെ സ്ഥലസന്ദർശനവും പഠനവും നടത്തുന്നതിന്റെ അടിസ്ഥാനത്തിൽ പുറംബണ്ട് സംരക്ഷണ പ്രവൃത്തികൾ കുട്ടനാട് പാക്കേജ്, നബാർഡ്, എസ്.ഡി.ആർ.എഫ്. എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പാക്കിവരുന്നു. കൂടാതെ ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് സംരക്ഷണഭിത്തി നിർമ്മിച്ചും നദികളിലെയും തോടുകളിലെയും അടിഞ്ഞുകൂടിയ എക്കലും മറ്റ് മാലിന്യങ്ങളും നീക്കി ഒഴുക്ക് സുഗമമാക്കിയും മടവീഴ്ച തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ് .

(സി) പാടശേഖരങ്ങളിലെ മടവീഴ്ച പരിഹരിച്ച് സംരക്ഷിക്കുന്നതിനും ഇറിഗേഷൻ പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനും പ്രത്യേക നടപടി സ്വീകരിക്കുമോ?

പാടശേഖരങ്ങളിലെ മട വീഴ്ച പരിഹരിച്ച് സംരക്ഷിക്കുന്നതിനായി പ്ലാൻ പദ്ധതി, നബാർഡ്, എസ്.ഡി.ആർ.എഫ് എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി വിവിധ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. അവയുടെ പ്രവർത്തന പുരോഗതി കൃത്യമായി വിലയിരുത്തുകയും പൂർത്തീകരണ സമയത്തിനുള്ളിൽ തന്നെ പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകുകയും ചെയ്തുവരുന്നു.

**കുന്ദംകുളം മണ്ഡലത്തിലെ പദ്ധതികൾ**

195 (970) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദംകുളം മണ്ഡലത്തിൽ വകുപ്പിന്റെ ഏതെല്ലാം പദ്ധതികളാണ് നടന്നുവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതികളുടെ പുരോഗതി വിശദമാക്കുമോ?

(എ&ബി) കുന്നംകുളം മണ്ഡലത്തിൽ വകുപ്പിന്റെ കീഴിൽ നടന്നുവരുന്ന പ്രവൃത്തികളും അവയുടെ വിശദാംശവും അനുബന്ധമായി ചേർത്തിരിക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## റിവർ മാനേജ്മെന്റ് പദ്ധതി

196 (971) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിസദയം മറുപടി നൽകുമോ:

നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ റിവർ മാനേജ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ?

നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ റിവർ മാനേജ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു പ്രവൃത്തിക്കും ഭരണാനുമതി നൽകിയിട്ടില്ല.

## വർക്കല മണ്ഡലത്തിലെ ഇറിഗേഷൻ പദ്ധതികൾ

197 (972) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല മണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പ് 2016 മുതൽ ഇന്നേവരെ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെയും ഇപ്പോൾ നടപ്പാക്കിവരുന്ന പദ്ധതികളുടെയും വിശദാംശം വ്യക്തമാക്കുമോ?

വർക്കല മണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പ് 2016 മുതൽ ഇന്നേവരെ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെയും ഇപ്പോൾ നടപ്പാക്കിവരുന്ന പദ്ധതികളുടെയും വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+

## ആലത്തൂർ മണ്ഡലത്തിൽ മൈനർ ഇറിഗേഷൻ വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ

198 (973) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ മൈനർ ഇറിഗേഷൻ വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി അറിയിക്കുമോ?

(എ & ബി) ആലത്തൂർ മണ്ഡലത്തിൽ മൈനർ ഇറിഗേഷൻ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

## ആവോലിച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

199 (974) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കോതമംഗലം മണ്ഡലത്തിലെ ആവോലിച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

ആവോലിച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് 110/03/2022-ലെ ജി.ഒ (ആർ.ടി) നമ്പർ 183/2022/ജവിവ പ്രകാരം 2.65 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ പര്യവേക്ഷണ പ്രവൃത്തികൾക്കായി 3.20 ലക്ഷം രൂപയുടെ അനുമതി ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും നൽകിയിട്ടുണ്ട്. പ്രസ്തുത പര്യവേക്ഷണ പ്രവൃത്തിയെ ആധാരമാക്കി പമ്പ് ഹൗസിന്റെ രൂപകൽപ്പനയ്ക്കായി വിശദാംശങ്ങൾ ചീഫ് എഞ്ചിനീയർ ഐ.ഡി.ആർ.ബി-ക്ക് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ പൈപ്പ് കടന്നുപോകുന്ന സ്ഥലങ്ങളുടെ വിവരങ്ങൾ ഡി.എഫ്.ഒ-യ്ക്ക് സമർപ്പിച്ചിരുന്നു. ടി അലൈൻമെന്റ് പ്രകാരം 143.8 മീറ്റർ നീളം നിർദ്ദിഷ്ട മലയോര ഹൈവേയുടെ അലൈൻമെന്റിലൂടെയാണ് പൈപ്പ്ലൈൻ കടന്നുപോകുന്നത്. ആയതിനാൽ അലൈൻമെന്റ് പുതുക്കുന്നതിനുള്ള പര്യവേക്ഷണ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

എസ്റ്റിമേറ്റിന് അംഗീകാരം നൽകി പുതിയ അലൈൻമെന്റിന് ഡി.എഫ്.ഒ-യിൽനിന്ന് അനുമതിയും ലഭ്യമായതിനുശേഷം മാത്രമേ സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കാൻ സാധിക്കുകയുള്ളൂ. കൂടാതെ പമ്പ് ഹൗസ് നിർമ്മിക്കുന്നതിനുള്ള സ്ഥലം വിട്ടുകിട്ടുന്നതിന് കേരള വാട്ടർ അതോറിറ്റിയിൽ അപേക്ഷ നൽകിയിട്ടുണ്ട്. ആയതുകൂടി ലഭ്യമായാൽ മാത്രമേ പ്രവൃത്തി പ്രാവർത്തികമാക്കാൻ സാധിക്കുകയുള്ളൂ.

(ബി) പ്രസ്തുത പദ്ധതിയുടെ സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ പ്രവൃത്തികൾക്കായി എത്ര തുകയുടെ എസ്റ്റിമേറ്റാണ് സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടി വിശദമാക്കുമോ?

പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് അടിസ്ഥാനത്തിലുള്ള തുക ചുവടെ ചേർക്കുന്നു.+

സിവിൽ എസ്റ്റിമേറ്റ് തുക-4.12 കോടി

മെക്കാനിക്കൽ തുക -5.54 കോടി

ഇലക്ട്രിക്കൽ തുക -1.30 കോടി. കൂടാതെ കെ.എസ്.ഇ.ബി ചാർജ്ജ്, ജി.എസ്.റ്റി 12 ശതമാനം തുടങ്ങിയവ ഉൾപ്പെടെ 12.65 കോടി രൂപ.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മെക്കാനിക്കൽ വിഭാഗവും ഇലക്ട്രിക്കൽ വിഭാഗവും സാങ്കേതികാനുമതിക്ക് എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. പമ്പ്ഹൗസിന്റെ ഡിസൈനും ഫോറസ്റ്റിന്റെ അനുമതിയും വാട്ടർ അതോറിറ്റിയിൽനിന്ന് പമ്പുഹൗസ് നിർമ്മാണത്തിനുള്ള സ്ഥലവും ലഭ്യമായാലുടൻ സാങ്കേതികാനുമതിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കി അനുമതി നൽകുന്നതാണ്.

(സി) ആവോലിച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്കായി 12.64 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതിയിന്മേൽ സ്വീകരിച്ച തുടർനടപടി വ്യക്തമാക്കുമോ?

ടി പദ്ധതിയുടെ പമ്പ്ഹൗസ് നിർമ്മിക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയിൽനിന്നും സ്ഥലം ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് പര്യവേക്ഷണ പ്രവൃത്തികൾക്കായി 3.20 ലക്ഷം രൂപയുടെ അനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതി നടപ്പാക്കുന്നതിലേയ്ക്കായി വനംവകുപ്പ്, കേരള വാട്ടർ അതോറിറ്റി എന്നിവരിൽനിന്നും അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) പ്രസ്തുത പദ്ധതിയുടെ പമ്പ്ഹൗസ് സ്ഥാപിക്കുന്നതിന് സ്ഥലം ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസം നേരിടുന്നതെന്ന് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

ടി പദ്ധതിയുടെ പമ്പ്ഹൗസ് നിർമ്മിക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയിൽനിന്നും സ്ഥലം ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഇ) പ്രസ്തുത പദ്ധതിക്കായി വനം വകുപ്പിന്റെ എൻ.ഒ.സി ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ ലഭ്യമാകുവാൻ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കുമോ; ആയത് ലഭ്യമാകുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

പ്രസ്തുത പദ്ധതിക്ക് പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിന് ഫോറസ്റ്റിൽ നിന്നും എൻ.ഒ.സി ലഭ്യമാക്കുന്നതിനായി ഓൺലൈൻ വെബ്സൈറ്റായ പരിവേഷ്-ലൂടെ അപേക്ഷ സമർപ്പിക്കുകയും ആയതുപ്രകാരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ സാന്നിദ്ധ്യത്തിൽ സ്ഥലപരിശോധന നടത്തുകയും ചെയ്തു. എന്നാൽ സ്ഥലപരിശോധനയിൽ പ്രസ്തുത സ്ഥലത്ത് മലയോര ഹൈവേ റോഡിന്റെ വീതി 12 മീറ്ററാക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും ആയതിനാൽ രണ്ട് യൂസർ ഏജൻസികളും

അംഗീകരിച്ച കെ.എം.എൽ. ഫയൽ ലഭ്യമാക്കാനും കൂടാതെ പൈപ്പ് കടന്നുപോകുന്ന സ്ഥലത്തിന്റെ ലാൻഡ് ഓണർഷിപ്പ് ഡീറ്റെയിൽസ് ലഭ്യമാക്കാനും ഡി.എഫ്.ഒ നിർദ്ദേശിച്ചു. പൈപ്പ് സ്ഥാപിക്കുന്നതിനുള്ള അലൈൻമെന്റിൽ വ്യത്യാസം വന്നിട്ടുള്ളതിനാൽ വീണ്ടും ഓൺലൈൻ വെബ് സൈറ്റായ പരിവേഷ്-ലൂടെ പുതുക്കിയ അലൈൻമെന്റ് അംഗീകാരം ലഭ്യമാക്കുന്നതിനായി സമർപ്പിക്കാൻ ഡി.എഫ്.ഒ നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(എഫ്) പുതിയ പമ്പ്ഹൗസിന്റെ ഡിസൈൻ, ഡിസൈൻ വിംഗിൽ സമർപ്പിച്ചിട്ടുണ്ടോ; ആയതിന് അംഗീകാരം ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ; ആവോലിച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി വേഗത്തിൽ നടപ്പാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

പുതുക്കിയ പമ്പ്ഹൗസിന്റെ ഡിസൈൻ, ഡിസൈൻ വിംഗിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ആയതിന് അംഗീകാരം ലഭ്യമായിട്ടില്ല. ആവോലിച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി വേഗത്തിൽ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## മൈനർ ഇറിഗേഷൻ നടപ്പാക്കുന്ന പദ്ധതികൾ

200 (975) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി നിയോജകമണ്ഡലത്തിൽ മൈനർ ഇറിഗേഷൻ നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്നും ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി എന്താണെന്നും അറിയിക്കുമോ;

(ബി) ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്രയാണ്; ഓരോ പദ്ധതിയും എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ?

(എ & ബി) വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

## ആറിന്റെ കര കെട്ടി സംരക്ഷിക്കാൻ നടപടി

201 (976) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിലെ പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിൽ മങ്കയം 4 സെന്റ് പട്ടികജാതി കോളനിയിൽ 25 ഓളം കുടുംബങ്ങളുടെ വീടിന് സമീപത്തുകൂടി ഒഴുകുന്ന ആറിന്റെ കര, കഴിഞ്ഞ പ്രളയത്തിൽ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇടിഞ്ഞു വീണതുമൂലം വീടുകളെല്ലാം അപകടാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആറിന്റെ കര കെട്ടി സംരക്ഷിക്കുന്നതിനായി മൈനർ ഇറിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം നൽകുമോ?

സ്ഥല പരിശോധനയിൽ പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിലെ മങ്കയം നാല് സെന്റ് SC കോളനിക്ക് സമീപം ഒഴുകുന്ന തോടിൽ 205 മീറ്റർ നീളത്തിൽ 2.00 മീറ്റർ പൊക്കത്തിൽ സംരക്ഷണഭിത്തി നിർമ്മിക്കേണ്ടതായിട്ടുണ്ട്. ഇതിനായി 50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

**പുനലൂർ പുഴയിൽ നിന്നും വെള്ളം കയറി നാശനഷ്ടം**

202 (977) <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിലെ ചില പ്രദേശങ്ങളിൽ പൂനൂർ പുഴയിൽനിന്നും വെള്ളം കയറി നാശനഷ്ടംവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത് പരിഹരിക്കുന്നതിന് ഏതെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

പൂനൂർ പുഴയിൽനിന്നും വെള്ളം കയറി നാശനഷ്ടം സംഭവിക്കുന്നത് പരിഹരിക്കുന്നതിനായി കോഴിക്കോട് കോർപ്പറേഷനിൽ കൃഷ്ണക്കടവ് മുതൽ മാളിക്കടവുവരെ ബണ്ട് നിർമ്മിക്കുന്നതിനാവശ്യമായ പഠനം നടത്തുന്നതിനുവേണ്ടി CWRDM-നെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ പഠനം നടന്നുവരുന്നു. " Room for River" പദ്ധതിയുടെ ഭാഗമായി കക്കോടി, പൂളക്കടവ്, തൃക്കോവിൽ, തുറയിൽ കോണോട്ട്, പറമ്പിൽകടവ്, പറമ്പിൽപള്ളി, ചെറുകുളം, മണ്ണൊടിപറമ്പ്, വരുതക്കാട്ടിൽ എന്നീ സ്ഥലങ്ങളിൽ ചെളിയും മറ്റു മാലിന്യങ്ങളും നീക്കി പൂനൂർ പുഴയുടെ ഒഴുക്ക് സുഗമമാക്കുന്നതിനുള്ള പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ട്. കൂടാതെ ജില്ലാ കളക്ടറുടെ ദുരന്ത നിവാരണ ഫണ്ടുപയോഗിച്ച് പൂനൂർപുഴയിൽ കോഴിക്കോട് കോർപ്പറേഷനിലെ 6

സ്ഥലങ്ങളിൽ 11.48 ലക്ഷം രൂപ ചെലവാക്കി ചെളി നീക്കം ചെയ്യുകയുണ്ടായി " തെളിനീരൊഴുകും നവകേരളം" ക്യാമ്പയിനിന്റെ ഭാഗമായി കോഴിക്കോട് കോർപ്പറേഷനും കക്കോടി പഞ്ചായത്തും സംയുക്തമായി ജനകീയ പങ്കാളിത്തത്തോടെ പൂനൂർപുഴ മാലിന്യമുക്തമാക്കിയിട്ടുണ്ട്.

**മണ്ണും ചെളിയും മാലിന്യങ്ങളും നീക്കം ചെയ്യൽ**

203 (978) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ 2021 ഒക്ടോബർ മാസമുണ്ടായ പ്രളയത്തിൽ മീനച്ചിലാർ, മണിമലയാർ, പമ്പ, പുല്ലകയാർ, അഴുതയാർ, എരുമേലി വലിയതോട് എന്നീ നദികളിലും അവയുടെ പോഷക നദികളിലും ചെക്ക് ഡാമുകളിലും നദികളോടനുബന്ധിച്ചുള്ള കുടിവെള്ള പദ്ധതികളുടെ ജലസ്രോതസ്സുകളിലും അടിഞ്ഞുകൂടിയ മണ്ണും ചെളിയും മാലിന്യങ്ങളും നീക്കം ചെയ്യുന്നതിന് വിവിധ വകുപ്പുകളുടെ സഹകരണത്തോടെ ഇറിഗേഷൻ വകുപ്പിന്റെ മേൽനോട്ടത്തിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടന്നുവരുന്നതെന്ന് വ്യക്തമാക്കുമോ?

പൂഞ്ഞാർ മണ്ഡലത്തിൽ 2021-ൽ ഉണ്ടായ പ്രളയത്തിൽ മീനച്ചിൽ, പമ്പ, മണിമല നദികളിൽ അടിഞ്ഞുകൂടിയ മണ്ണും ചെളിയും മാലിന്യങ്ങളും ജലസേചന വകുപ്പിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും സഹകരണത്തോടെ അടിയന്തരമായി നീക്കം ചെയ്തുവരുന്നു. ജലവിഭവ വകുപ്പ് കണ്ടെത്തിയ അടിയന്തര പ്രാധാന്യമുള്ള സ്ഥലങ്ങളിൽ പഞ്ചായത്ത് ഫണ്ടുപയോഗിച്ചും സന്നദ്ധ സംഘടനകൾ വഴിയും ജലസേചന വകുപ്പിനനുവദിച്ച അടിയന്തര ഫണ്ടുപയോഗിച്ചും പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൈത്തോടുകളായ പാതാമ്പുഴ, എളമ്പാശ്ശേരി തോടുകളുടെ വിവിധ ഭാഗങ്ങളിലും കുന്നോന്നി തോടിന്റെ വിവിധ ഭാഗങ്ങളിലും പേക്കാക്കുഴി തോട്ടിലും തടസ്സമായി കിടന്ന മണ്ണും കല്ലുകളും മറ്റും നീക്കം ചെയ്തിട്ടുണ്ട്. കൂടാതെ പെരിങ്ങളം ടൗൺ, പൂഞ്ഞാർ സെൻറ്മേരീസ് പള്ളി ഭാഗത്തെ ചെക്ക്ഡാം എന്നീ ഭാഗങ്ങളിൽ അടിഞ്ഞുകൂടിയിരിക്കുന്ന എക്കലും, മൺതിട്ടകളും മറ്റ് മാലിന്യങ്ങളും "പുഴ പുനർജനി"യുടെ ഭാഗമായി ജലസേചന വകുപ്പിന്റെ ഫണ്ടുപയോഗിച്ച് നീക്കം ചെയ്യാവുന്നതാണ്. പൂഞ്ഞാർ നിയോജകമണ്ഡലത്തിൽപ്പെട്ട മണിമലയാറിലെ മുണ്ടക്കയം ചെക്ക് ഡാം, മുണ്ടക്കയം ക്രോസ് വേ ഭാഗം, മുണ്ടക്കയം ബൈപ്പാസിനു താഴ്ഭാഗം, പൈങ്ങനതോട് എന്നിവിടങ്ങളിലെയും മണ്ണും ചെളിയും മറ്റു

മാലിന്യങ്ങളും നീക്കംചെയ്യുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. മണിമലയാറിലെ വെള്ളനാടി ഭാഗത്തെ മണ്ണും ചെളിയും മറ്റു മാലിന്യങ്ങളും നീക്കം ചെയ്യുന്ന പ്രവൃത്തി നടന്നുവരുന്നു. നദിയിൽനിന്ന് നീക്കം ചെയ്യുന്ന ധാതുക്കൾ (മണ്ണും, ചരലും കലർന്ന മിശ്രിതം) തദ്ദേശസ്ഥാപനങ്ങൾ നിർദ്ദേശിച്ച വിവിധയിടങ്ങളിൽ നിക്ഷേപിച്ചുവരുന്നു. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ആയത് ലേലം ചെയ്യുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) നദികളിൽ അടിഞ്ഞുകൂടിയ മണ്ണും ചെളിയും മാലിന്യങ്ങളും ഒറ്റത്തവണയായി യന്ത്ര സഹായത്തോടെ നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്നും ഇതിനാവശ്യമായ ഫണ്ട് അനുവദിക്കുമോയെന്നും വ്യക്തമാക്കുമോ?

നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**അച്ചൻകോവിലാർ തീര സംരക്ഷണം**

204 (979) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര മണ്ഡലത്തിൽ തഴക്കര കല്ലിമേൽ കല്ലുവളയം സെന്റ് തോമസ് ഓർത്തഡോക്സ് പള്ളിക്ക് സമീപം അച്ചൻകോവിലാറിന്റെ

തീരത്ത് സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; പ്രസ്തുത നിർമ്മാണപ്രവൃത്തി അടിയന്തരമായി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

മാവേലിക്കര മണ്ഡലത്തിൽ തഴക്കര കല്ലിമേൽ കല്ലുവളയം സെന്റ് തോമസ് ഓർത്തഡോക്സ് പള്ളിക്കു സമീപം അച്ചൻകോവിലാറിന്റെ തീരത്തു സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ഇതുസംബന്ധമായ ശിപാർശ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് ഫണ്ടിന്റെ ലഭ്യതയനുസരിച്ച്, ഭരണാനുമതി നൽകി നിർമ്മാണപ്രവൃത്തി പൂർത്തീകരിക്കാവുന്നതാണ്.

## പുഴകളിൽ നിന്നും മണ്ണും മണലും നീക്കം ചെയ്യുന്ന പദ്ധതി

205 (980) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിലെ പുഴകളിൽ അടിഞ്ഞുകൂടിയ മണ്ണും മണലും നീക്കംചെയ്യാൻ പദ്ധതി നടപ്പാക്കുന്നുണ്ടോയെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

Room for river പദ്ധതിയുടെ ഭാഗമായി, സംസ്ഥാനത്തെ 44 നദികളിൽ പ്രളയത്തിന് കാരണമാകുന്നതും സുഗമമായ നീരൊഴുക്കിന് തടസ്സം വരുത്തുന്നതുമായ തുരുത്തുകളും മറ്റ് മാലിന്യ നിക്ഷേപങ്ങളും നീക്കുന്നതിന് പദ്ധതിയുടെ ഭാഗമായി കാസർഗോഡ് ജില്ലയിലെ 9 നദികളിലും പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

പ്രസ്തുത പദ്ധതിയുടെ സർക്കാർ ഉത്തരവ് നമ്പർ (സാ.ധാ.)നം.234/2022/ജവിവ തീയതി 24-03-2022 ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന്റെ മുന്നോടിയായി വിശദമായ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഏത് ഏജൻസി/സ്ഥാപനം മുഖേനയാണ് പഠനം നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

ഇതുസംബന്ധമായ പഠനം നടത്തിയിട്ടില്ല. എങ്കിലും Room for River പദ്ധതിയുടെ ഭാഗമായി കേരളത്തിലെ 44 പുഴകളിലെ നീരൊഴുക്ക് സുഗമമാക്കുന്നതിനും പ്രളയ സാധ്യതയുണ്ടാക്കുന്ന തടസ്സങ്ങൾ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എടുത്തുമാറ്റുന്നതിനുമായി ജലസേചന വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് പുഴകളുടെ ചുമതല നൽകുകയും ഈ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ നേതൃത്വത്തിൽ അടിയന്തര പ്രാധാന്യമുള്ള സ്ഥലങ്ങളിലെ മണ്ണിന്റെയും ചെളിയുടെയും അളവ് നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് പദ്ധതി നടപ്പാക്കുന്നത്.

(ഡി) ജില്ലയിലെ ഏതൊക്കെ പുഴകളിൽനിന്നും മണ്ണും മണലും നീക്കം ചെയ്യാൻ ഉത്തരവായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം, ഉപ്പള, ഷിറിയ, മൊഗ്രാൽ, ചന്ദ്രഗിരി, ചിത്താരി, നീലേശ്വരം, കാര്യംകോട്, കവ്വായി എന്നീ പുഴകളിൽ നിന്നും മണ്ണും മണലും ചെളിയും നീക്കം ചെയ്യുന്നതിനായി ഉത്തരവായിട്ടുണ്ട്.

(ഇ) പ്രസ്തുത പദ്ധതിക്കായി 15-06-2022 വരെ എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും എത്ര ചെലവഴിച്ചുവെന്നും വിശദമാക്കുമോ?

കാസർഗോഡ് ജില്ലയിലെ പുഴകളിൽ നിന്നും മണ്ണും, മണലും, ചെളിയും നീക്കം ചെയ്യുന്നതിനായി 15-06-2022 - വരെ ജലസേചനവകുപ്പ് അനുവദിച്ച തുക ചുവടെ ചേർക്കുന്നു.

മഞ്ചേശ്വരം - 26 ലക്ഷം

ഉപ്പള - 35 ലക്ഷം

ഷിറിയ - 40 ലക്ഷം

മൊഗ്രാൽ - 50 ലക്ഷം

ചന്ദ്രഗിരി - 6.70 ലക്ഷം

ചിത്താരി - 3.00 ലക്ഷം

നീലേശ്വരം - 3.00 ലക്ഷം

കാര്യങ്കോട് - 25.50 ലക്ഷം

കവ്വായി - 2.00 ലക്ഷം

മേൽപ്പറഞ്ഞ തുക മുഴുവൻ ചെലവഴിച്ചിട്ടുണ്ട്.

## മണലൂർ മണ്ഡലത്തിലെ പുഴകളിലെ എക്കൽ മണ്ണും മാലിന്യങ്ങളും നീക്കം ചെയ്യാൻ നടപടി

206 (981) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മണലൂർ മണ്ഡലത്തിലെ ഏനാമാവ് പുഴ, കനോലി കനാൽ, കങ്ങളം തോട്, കോഴിത്തോട് എന്നിവയിൽ എക്കൽ മണ്ണും മറ്റ് മാലിന്യങ്ങളും

നിറഞ്ഞ് മത്സ്യ സമ്പത്ത് നഷ്ടപ്പെടുന്നതിനാൽ പ്രസ്തുത മാലിന്യങ്ങൾ നീക്കം ചെയ്യാനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

മണലൂർ മണ്ഡലത്തിലെ കോഴിത്തോട്, എളവള്ളി എന്നീ തോടുകൾ പാവറട്ടി ഗ്രാമപഞ്ചായത്തിന്റെ അധികാരപരിധിയിലും കങ്ങളം തോട് വെങ്കിടങ്ങ് ഗ്രാമപഞ്ചായത്തിന്റെ അധികാരപരിധിയിലും വരുന്നതാണ്. ആയതിനാൽ, പഞ്ചായത്ത് മുഖേനയാണ് പ്രസ്തുത തോടുകളിലെ മാലിന്യങ്ങൾ നീക്കം ചെയ്യുന്നത്. ഏനമാക്കൽ റെഗുലേറ്ററിനുശേഷമുള്ള ഏനാമാവുപുഴ എന്നറിയപ്പെടുന്ന ഭാഗത്തെ എക്കലും മണ്ണും മറ്റു മാലിന്യങ്ങളും നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്. കനോലി കനാലിലെ പുളിക്കകടവ് പാലം മുതൽ ചേറ്റുവ പാലംവരെ ചെളിയും മണ്ണും മാറ്റുന്ന പ്രവൃത്തിയുടെ പ്രൊപ്പോസൽ ചീഫ് എഞ്ചിനീയർ, ഇൻലാന്റ് നാവിഗേഷൻ & കുട്ടനാട് പാക്കേജ്, ആലപ്പുഴക്ക്, തൃശ്ശൂർ അഡീഷണൽ ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിച്ചിട്ടുണ്ട്.

## വടക്കാഞ്ചേരി പുഴ സംരക്ഷണ പദ്ധതി

207 (982) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി പുഴ സംരക്ഷണ പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ;

(ബി) പദ്ധതി പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് വിശദമാക്കുമോ?

(എ & ബി) വടക്കാഞ്ചേരി പുഴ സംരക്ഷണ പദ്ധതിക്ക് 15.02.2021-ലെ സർക്കാർ ഉത്തരവ് (ആർ.ടി) നമ്പർ. 112/2021/ജ.വി.വ പ്രകാരം 10 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു.

സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി; എന്നാൽ " PRICE 3 software" നിലവിൽവരുകയും തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ചില സാങ്കേതിക പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടതിന്റെയും അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് പുതുക്കി സമർപ്പിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് ലഭ്യമായാലുടൻ സാങ്കേതികാനുമതി നൽകുകയും പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യാവുന്നതാണ്.

## മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് നടപടി

208 (983) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പുഴകളിൽ അടിഞ്ഞുകൂടിയ മാലിന്യങ്ങളും മൺതിട്ടകളും നീക്കംചെയ്ത് വെള്ളത്തിന്റെ ഒഴുക്ക് സുഗമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

കോഴിക്കോട് ജില്ലയിലെ പൂനൂർ പുഴയുടെ ഒഴുക്ക് സുഗമമാക്കുന്നതിനുവേണ്ടി കോഴിക്കോട് ജില്ലാ പഞ്ചായത്ത് "നഗരസഞ്ചയ പദ്ധതി 2020-21" -ൽ ഉൾപ്പെടുത്തി പൂനൂർപുഴയിലെ വിവിധ സ്ഥലങ്ങളിലായി 22 പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ട്. ജില്ലാപഞ്ചായത്തിന്റെ "നഗരസഞ്ചയ പദ്ധതി 2020-21" -ൽ ഉൾപ്പെടുത്തി വിഷ്ണുമംഗലം പുഴ (മാഹിപുഴ) അഭിവൃദ്ധിപ്പെടുത്തുന്ന ഒരു പ്രവൃത്തിയും നടപ്പാക്കിയിട്ടുണ്ട്.

"Room for River" പദ്ധതിയുടെ ഭാഗമായി കോരപ്പുഴയുടെ കൈവഴികളായ പൂനൂർപുഴയിലും മഞ്ഞപ്പുഴയിലും അടിഞ്ഞുകൂടിയ ചെളിയും മറ്റു മാലിന്യങ്ങളും നീക്കംചെയ്ത് വെള്ളത്തിന്റെ ഒഴുക്ക് സുഗമമാക്കുന്നതിനുവേണ്ടി 16 സ്ഥലങ്ങളിലായി ജലസേചനവകുപ്പ് നേരിട്ട്

പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ട്. ചാലിയാർ പുഴയുടെ കൈവഴികളായ ഇരുവഞ്ഞിപ്പുഴയിലും ഇരുത്തുള്ളിപുഴയിലും അടിഞ്ഞുകൂടിയ ചെളിയും മറ്റു മാലിന്യങ്ങളും നീക്കംചെയ്ത് ഒഴുക്ക് സുഗമമാക്കുന്നതിനായി 19 സ്ഥലങ്ങളിലായി പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ട്. കല്ലായി പുഴയിൽ കടുപ്പിനി മുതൽ കോതി വരെയുള്ള 4.20 കി.മീ ദൂരത്തിൽ ചെളി നീക്കം ചെയ്യുന്ന പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

മാഹി പുഴയിൽനിന്നും അതിന്റെ കൈവഴികളിൽനിന്നും 2,57,469M3 മണ്ണും ചെളിയും മറ്റ് മാലിന്യങ്ങളും നീക്കം ചെയ്യേണ്ടതായി കണ്ടെത്തുകയും അവ നീക്കം ചെയ്യുന്ന പ്രവൃത്തികൾ പുരോഗമിക്കുകയും ചെയ്യുന്നു. കൂടാതെ, ജലസേചന വകുപ്പിന്റെ പ്രവൃത്തിയായി മെഷിനറി ഉപയോഗിച്ച് എക്കൽ നീക്കം ചെയ്യുന്ന പ്രവൃത്തി 33 സ്ഥലങ്ങളിൽ പുരോഗമിക്കുകയാണ്.

കുറ്റ്യാടി പുഴയിൽനിന്നും 10 ലൊക്കേഷനുകളിലെ മണ്ണും ചെളിയും എക്കലും നീക്കം ചെയ്ത് വെള്ളത്തിന്റെ ഒഴുക്ക് സുഗമമാക്കിയിട്ടുണ്ട്.

(ബി) ഇതിനുള്ള ഫണ്ട് കണ്ടെത്തിയ മാർഗ്ഗങ്ങൾ ഏതെല്ലാമെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത ജില്ലയിലെ ഏതെല്ലാം പ്രദേശങ്ങളിൽ എത്ര രൂപയുടെ വീതം പ്രവൃത്തികളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

(ബി&സി) കോഴിക്കോട് ജില്ലയിലെ പൂനൂർ പുഴയുടെ ഒഴുക്ക് സുഗമമാക്കുന്നതിനുവേണ്ടി കോഴിക്കോട് ജില്ലാ പഞ്ചായത്ത് നഗരസഞ്ചയ പദ്ധതി 2020-21-ൽ ഉൾപ്പെടുത്തി 148.17 ലക്ഷം രൂപ ഡെപ്പോസിറ്റ് ചെയ്തതിനെ തുടർന്ന് പൂനൂർപുഴയിലെ വിവിധ സ്ഥലങ്ങളിലായി 22 പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ട്. കൂടാതെ "Room for River" പദ്ധതിയുടെ ഭാഗമായി കോരപ്പുഴയുടെ കൈവഴികളായ പൂനൂർപുഴയിലും മഞ്ഞപ്പുഴയിലും അടിഞ്ഞുകൂടിയ ചെളിയും മറ്റു മാലിന്യങ്ങളും നീക്കം ചെയ്ത് വെള്ളത്തിന്റെ ഒഴുക്ക് സുഗമമാക്കുന്നതിനുവേണ്ടി ജലസേചന വകുപ്പിന് അനുവദിച്ച 16 ലക്ഷം രൂപ വിനിയോഗിച്ച് 16 സ്ഥലങ്ങളിലായി ജലസേചനവകുപ്പ് പ്രവൃത്തികൾ നേരിട്ട് നടപ്പാക്കിയിട്ടുണ്ട്. ജില്ലാപഞ്ചായത്തിന്റെ നഗര സഞ്ചയപദ്ധതി 2020-21 ൽ ഉൾപ്പെടുത്തി വിഷ്ണുമംഗലം പുഴ (മാഹിപുഴ) അഭിവൃദ്ധിപ്പെടുത്തുന്ന 30 ലക്ഷം രൂപയുടെ ഒരു പ്രവൃത്തിയും നടപ്പാക്കിയിട്ടുണ്ട്. എസ്.ഡി.ആർ.എഫ്.-ൽ ഉൾപ്പെടുത്തി ജലസേചന വകുപ്പ് മാഹി പുഴയ്ക്ക് 50 ലക്ഷം രൂപയും കുറ്റ്യാടി പുഴയ്ക്ക് 28 ലക്ഷം രൂപയും കോരപ്പുഴയ്ക്ക് 16 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

മെഷീനറി വാടകയ്ക്കെടുത്ത് ജലസേചന വകുപ്പിന്റെ പ്രവൃത്തിയായി മാഹി പുഴയിൽ 33 സ്ഥലങ്ങളിലാണ് എക്കൽ നീക്കം പുരോഗമിച്ചുകൊണ്ടിരിക്കുന്നത്. ഇതിനോടകം 253 ലക്ഷം രൂപയുടെ പ്രവൃത്തിയാണ് നടത്തിയിട്ടുള്ളത്. ഇതിൽ 50 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ആയത് 8 സ്ഥലങ്ങളിലെ പ്രവൃത്തികൾക്കായി ചെലവഴിച്ചു.

കുറ്റ്യാടി പുഴയിൽ കടിയങ്ങാട് ഭാഗത്ത് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് മുഖാന്തരവും പെക്കലങ്ങാടി ഭാഗത്ത് പഞ്ചായത്തിന്റെ അധീനതയിലുമാണ് മണ്ണ് നീക്കം ചെയ്തിട്ടുള്ളത്. ജലസേചന വകുപ്പിന്റെ അധീനതയിൽ എട്ടിടങ്ങളിൽ എക്കലും മണ്ണും നീക്കം ചെയ്തിട്ടുണ്ട്. കുറ്റ്യാടി പുഴയിൽ ഇതിനോടകം 73,08,111 രൂപ ചെലവായിട്ടുള്ളതിൽ 28 ലക്ഷം രൂപ മാത്രമാണ് ജലസേചന വകുപ്പ് അനുവദിച്ചിട്ടുള്ളത്.

## കുറ്റ്യാടി പുഴയോര സംരക്ഷണം

209 (984) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി പുഴയോരം തകരുന്നത് സംബന്ധിച്ച് കുറ്റ്യാടി, വേളം, മണിയൂർ, തിരുവള്ളൂർ എന്നീ ഗ്രാമപഞ്ചായത്തുകളിൽനിന്നും കഴിഞ്ഞ 2 വർഷമായി എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്നറിയിക്കുമോ?

ഇതുസംബന്ധമായി ഇരുപത്തിരണ്ടോളം പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പരാതികൾ തീർപ്പാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്നറിയിക്കുമോ?

പ്രസ്തുത പരാതികളിൽ പരാമർശിച്ചിരിക്കുന്ന സ്ഥലങ്ങൾ ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ സന്ദർശിക്കുകയും ആവശ്യമായ സ്ഥലങ്ങളിൽ പുഴ സംരക്ഷണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുമുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പ്രവൃത്തി ഏറ്റെടുത്ത് നടപ്പാക്കാവുന്നതാണ്.

(സി) നിലവിൽ കുറ്റ്യാടി പുഴയോരം സംരക്ഷിക്കുന്നതിനായി നടത്തിവരുന്ന പ്രവർത്തനങ്ങളുടെ വിശദ വിവരം ലഭ്യമാക്കുമോ?

കുറ്റ്യാടി പുഴയോരം സംരക്ഷിക്കുന്നതിനായി 22/01/2021 തീയതിയിലെ (സാധാ)നം.45/ 2021/ജവിവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയ 17 പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. കൂടാതെ കുറ്റ്യാടി പുഴയോരം

സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള മറ്റൊരു പ്രവൃത്തിയുടെ ടെണ്ടർ നടപടി പൂർത്തീകരിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.+

## കനാൽ പുനരുജ്ജീവന പദ്ധതി

210 (985) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ കനാൽ പുനരുജ്ജീവന പദ്ധതിയുടെ നിലവിലുള്ള പുരോഗതി വിശദീകരിക്കുമോ;

(ബി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

(എ&ബി) എറണാകുളം ജില്ലയിലെ കനാൽ പുനരുജ്ജീവന പദ്ധതിയുടെ നിലവിലുള്ള പ്രവൃത്തികളുടെ പുരോഗതി അനുബന്ധമായി ചേർക്കുന്നു.+

## കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ട് കനാൽ പുനർനിർമ്മാണം

211 (986) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) മരുതോങ്കര പഞ്ചായത്തിലെ അഞ്ചാം വാർഡിലുൾപ്പെട്ട മുണ്ടക്കുനിയിൽ കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ടിന്റെ വലതുകര മെയിൻ കനാലിന്റെ 6/300 കിലോമീറ്റർ ഭാഗത്തുള്ള ഇടത് ബങ്ക് ഭാഗം 2022 മാർച്ചിൽ തകർന്നത് പൂർവ്വസ്ഥിതിയിലാക്കുന്ന പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

കുറ്റ്യാടി ജലസേചന പദ്ധതിയുടെ വലതുകര പ്രധാന കനാലിന്റെ ചെയിനേജ് 6/300 കി.മീ-ലുള്ള അണ്ടർടണലും കനാലും പൂർവ്വസ്ഥിതിയിലാക്കുന്ന പ്രവൃത്തിക്കായി 2022-23 വർഷത്തെ പ്ലാൻ പദ്ധതിയിൽ 80 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ടി പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിനുള്ള അടിയന്തര നടപടി സ്വീകരിച്ചുവരുന്നു.

(ബി) താൽക്കാലികമായി പൈപ്പുകളിട്ട് പുനരുദ്ധാരണം നടത്തിയെങ്കിലും മിക്ക സ്ഥലങ്ങളിലും വെള്ളമെത്താത്തതിനാൽ കഴിഞ്ഞ വേനലിൽ കൃഷി നാശവും കുടിവെള്ള ക്ഷാമവും കാരണം ജനങ്ങൾ ബുദ്ധിമുട്ടിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ വരും വർഷത്തിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

(ബി&സി) ഉണ്ട്. കുറ്റ്യാടി ജലസേചന പദ്ധതിയുടെ വലതുകര പ്രധാന കനാലിന്റെ ചെയിനേജ് 6/300 കി.മീ.ലുള്ള അണ്ടർ ടണലും കനാലും പൂർവ്വസ്ഥിതിയിലാക്കുന്ന പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് കൃഷിനാശവും കുടിവെള്ള ക്ഷാമവുംമൂലമുണ്ടായ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതാണ്.

**മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ട്**

212 (987) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടിന്റെ കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിയുടെ സബ്കനാൽ നിർമ്മാണ പ്രവർത്തനങ്ങൾ മുടങ്ങിക്കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തിയുടെ പുരോഗതി വിശദീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിയുടെ നിർമ്മാണം 6 റീച്ചുകളായി തിരിച്ചാണ് നടത്തുന്നത്. 1-ാമത്തെയും 4-ാമത്തെയും റീച്ചുകളിലെ നിർമ്മാണ പ്രവൃത്തികൾ 2020-ൽ പൂർത്തീകരിച്ച് 250 ഹെക്ടർ ആയക്കെട്ട് കൈവരിച്ചിട്ടുണ്ട്. 2, 5 റീച്ചുകളിലെ റിവൈസ്ഡ് എസ്റ്റിമേറ്റ് പുനഃപരിശോധിച്ചുവരുന്നു. 3-ാമത്തെ റീച്ചിലെ പ്രവൃത്തിയുടെ ക്ലോഷർ

എഗ്രിമെന്റിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 6-ാമത്തെ റീച്ച് ചില സാങ്കേതിക കാരണങ്ങളാൽ തടസ്സപ്പെട്ടിരിക്കുകയാണ്. നിലവിൽ ഒറ്റ പ്രവൃത്തിയായി എസ്റ്റിമേറ്റ് തയ്യാറാക്കിവരികയാണ്.

(ബി)എം.വി.ഐ.പി.-യുടെ പൂർത്തീകരണത്തിന് പുതുക്കിയ ഡി.പി.ആർ. ഇറിഗേഷൻ വകുപ്പ് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച് ടെക്നിക്കൽ കമ്മിറ്റി എന്ത് തീരുമാനമാണ് കൈക്കൊണ്ടതെന്നറിയിക്കുമോ?

സമർപ്പിച്ചിട്ടില്ല. മുടങ്ങിക്കിടക്കുന്ന പ്രവൃത്തിയുടെ സൈറ്റ് കാടുവെട്ടി ലെവൽസ് എടുത്ത് എസ്റ്റിമേറ്റ് തയ്യാറാക്കുന്ന നടപടി നടന്നുവരികയാണ്. നിർമ്മാണം പൂർത്തിയാകാനുള്ള കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിയുടെ ബാക്കിയുള്ള പ്രവൃത്തികൾക്ക് നിലവിലെ നിരക്കിലുള്ള എസ്റ്റിമേറ്റ് തയ്യാറാക്കാൻ ഡിപ്പാർട്ട്മെന്റുതല ടെക്നിക്കൽ കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്.

(സി) മുളക്കുളം പഞ്ചായത്തിലൂടെയുള്ള മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ മുടങ്ങിക്കിടക്കുന്നതുമൂലം കനാൽ തീരത്തുണ്ടായിരിക്കുന്ന അപകടാവസ്ഥ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

മുളക്കുളം പഞ്ചായത്തിലൂടെ കടന്നുപോകുന്ന കാരിക്കോട് ഡിസ്ട്രിബ്യൂട്ടറി കനാലിന്റെ ഭാഗങ്ങളിലാണ് നിർമ്മാണ പ്രവർത്തനം മുടങ്ങിയിരിക്കുന്നത്. കനാൽ ആഴത്തിൽ പോകുന്ന ഭാഗങ്ങളിൽ അപകടാവസ്ഥ ഒഴിവാക്കാനുള്ള ഘടകങ്ങൾ ഉൾപ്പെടുത്തി കനാൽ നിർമ്മാണം പൂർത്തീകരിക്കാനുള്ള ബാക്കി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിവരികയാണ്.

(ഡി) മിസ്സിംഗ് ലിങ്ക് ഉൾപ്പടെ തകർന്നുകിടക്കുന്ന കനാലിന്റെ ബണ്ട്റോഡുകൾ നവീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

കനാൽ ബണ്ട് റോഡുകളുടെ പുനരുദ്ധാരണത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അപേക്ഷയിന്മേൽ നിരാക്ഷേപപത്രം അനുവദിച്ച് നൽകുകയും അവർ കനാൽ ബണ്ട് റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ നടത്തുകയും ചെയ്തുവരുന്നു.

## ചമ്രവട്ടം ഭാരതപ്പുഴ മുതൽ ബീയം റഗുലേറ്ററിയിലേയ്ക്കുള്ള ലിങ്ക് കനാൽ നിർമ്മാണം

213 (988) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി കോൾ മേഖലയിലെ 4000 ഹെക്ടറോളം വരുന്ന കൃഷിസ്ഥലത്ത് ജലം ലഭ്യമാക്കുന്നതിനുള്ള ചമ്രവട്ടം ഭാരതപ്പുഴ മുതൽ ബീയം റഗുലേറ്ററി വരെയുള്ള ലിങ്ക് കനാൽ പ്രവർത്തനം തുടങ്ങുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് വ്യക്തമാക്കുമോ?

(എ & ബി) പൊന്നാനി കോൾ മേഖലയിലെ 4000 ഹെക്ടറോളം വരുന്ന കൃഷി സ്ഥലത്ത് ജലം ലഭ്യമാക്കുന്നതിനുള്ള ചമ്രവട്ടം ഭാരതപ്പുഴ മുതൽ ബീയം റെഗുലേറ്റർ വരെയുള്ള ലിങ്ക് കനാൽ നിർമ്മാണപ്രവൃത്തിക്കായുള്ള പ്രൊപ്പോസൽ പ്രോജക്ട് -1, ചീഫ് എഞ്ചിനീയർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

**കനാൽ നവീകരണം**

214 (989) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏലംകുളം ഗ്രാമ പഞ്ചായത്തിലെ തേക്കിൻകാട് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിലെ കനാലുകൾ നവീകരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) ഇത് സംബന്ധിച്ച് 04-09-2021-ന് വകുപ്പുമന്ത്രിക്ക് എം.എൽ.എ. നൽകിയ നിവേദനത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

(എ&ബി) 04/09/2021-ൽ ഏലംകുളം പഞ്ചായത്തിലെ തേക്കിൻകാട് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ കനാൽ നവീകരണവുമായി ബന്ധപ്പെട്ട് നൽകിയ നിവേദനം റിപ്പോർട്ടിനായി ചെറുകിട ജലസേചന വിഭാഗം കോഴിക്കോട് സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നൽകിയിരുന്നു. ഏലംകുളം പഞ്ചായത്തിലെ തേക്കിൻകാട് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി ഇറിഗേഷൻ വകുപ്പിന്റെ കീഴിൽ വരുന്നതല്ലെന്നും നിലവിൽ സ്വകാര്യ പാടശേഖര കമ്മിറ്റിയുടെ അധീനതയിലാണെന്നും സൂപ്രണ്ടിംഗ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിരുന്നു. സ്വകാര്യവ്യക്തികളുടെ അധീനതയിലുള്ള ജലസ്രോതസ്സ് നവീകരിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നതിന് ജലസേചന വകുപ്പിന്റെ തനത് ഫണ്ട് ഉപയോഗിക്കാൻ കഴിയുകയില്ല.

**പൊതുകുളങ്ങളുടെ നവീകരണം**

215 (990) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുകുളങ്ങളുടെ നവീകരണത്തിനായി അങ്കമാലി മണ്ഡലത്തിലെ വിവിധ തദ്ദേശസ്ഥാപനങ്ങളിൽനിന്നും നാളിതുവരെയായി ലഭിച്ച പ്രൊപ്പോസലുകൾ ഏതെല്ലാം എന്നതിന്റെ പട്ടിക ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രൊപ്പോസലുകളിൽ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിച്ചവയുടെ വിശദാംശം ലഭ്യമാക്കുമോ ?

(എ& ബി) അങ്കമാലി മണ്ഡലത്തിലെ പൊതുകുളങ്ങളുടെ നവീകരണം സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം -I ആയി ചേർത്തിരിക്കുന്നു.+

(സി) പ്രസ്തുത മണ്ഡലത്തിൽ കഴിഞ്ഞ പ്രളയത്തിൽ നശിച്ച ജലസേചന ജലവിഭവ സ്രോതസ്സുകളെ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

അങ്കമാലി മണ്ഡലത്തിലെ കഴിഞ്ഞ കാലങ്ങളിലെ പ്രളയങ്ങളിൽ നശിച്ച ജലസേചന ജലവിഭവ സ്രോതസ്സുകളെ ശക്തിപ്പെടുത്തുന്നതിനായി എസ്.ഡി.ആർ.എഫ്. പദ്ധതിയിൽ കനാൽ നവീകരണത്തിനായി 60.92 ലക്ഷം രൂപയുടെ 41 പദ്ധതികളും തോട് വൃത്തിയാക്കലിനായി 15.50 ലക്ഷം രൂപയുടെ 2 പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ അങ്കമാലി മണ്ഡലത്തിലെ ജലവിഭവ സ്രോതസ്സുകളെ ശക്തിപ്പെടുത്തുന്നതിനായുള്ള

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതിയാണ് ഓപ്പറേഷൻ വാഹിനി. അടിയന്തരസ്വഭാവം പരിഗണിച്ച് പെരിയാറിലെയും വിവിധ കൈത്തോടുകളുടെയും എക്കലും ചെളിയും മാറ്റി വൃത്തിയാക്കിക്കൊണ്ടിരിക്കുന്ന ഈ പദ്ധതി ഈ മണ്ഡലത്തിലെ ഒട്ടുമിക്ക ജലസ്രോതസ്സുകളെയും പുനരുജ്ജീവിപ്പിക്കാൻ സഹായമാണ്. അങ്കമാലി-മാഞ്ഞാലി കനാലിലെ കുളവാഴയും എക്കലും മാറ്റി വെള്ളക്കെട്ട് ഒഴിവാക്കുന്നതിനും പുഴയിലെ നീരൊഴുക്ക് സുഗമമാക്കുന്നതിനും സഹായകമായിട്ടുണ്ട്. അങ്കമാലി നിയോജകമണ്ഡലത്തിലെ ജലസ്രോതസ്സുകൾ പുനരുജ്ജീവിപ്പിക്കുന്നതിനായി ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിന് കീഴിൽ നടന്നുവരുന്ന മറ്റു പ്രവൃത്തികൾ അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.+

## കുറ്റ്യാടി ഇറിഗേഷൻ പദ്ധതിയിലെ കനാലുകളുടെ നവീകരണം

216 (991) <u>ശ്രീ. കെ. എം.സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ഇറിഗേഷൻ പദ്ധതിയിലെ കനാലുകളുടെ നവീകരണത്തിന് പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉണ്ട്. കുറ്റ്യാടി ജലസേചന പദ്ധതിയുടെ കനാലുകളും കനാൽ അനുബന്ധ സ്ട്രക്ചറുകളും പുനർനിർമ്മിക്കുന്നതിനും/ ബലപ്പെടുത്തുന്നതിനുമായി 180 കോടി രൂപയുടെ പ്രൊപ്പോസൽ പദ്ധതി വിഭാഗം 1, ചീഫ് എഞ്ചിനീയർ സർക്കാരിൽ സമർപ്പിച്ചിരുന്നു. 22/02/2022 ൽ ജലവിഭവ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷയിൽ ചേർന്ന യോഗം ടി പ്രൊപ്പോസൽ പരിശോധിക്കുകയും കുറ്റ്യാടി ജലസേചന പദ്ധതിക്കാവശ്യമായ പുനരുദ്ധാരണ പ്രവൃത്തികളിൽ വളരെയധികം പ്രാധാന്യമുള്ളവയെന്നും പ്രാധാന്യം കുറഞ്ഞവയെന്നും തരംതിരിച്ച് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള ഒരു ആക്ഷൻപ്ലാൻ തയ്യാറാക്കി സമർപ്പിക്കാൻ പദ്ധതി വിഭാഗം-1, ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുകയും ചെയ്തു. ആയതുപ്രകാരം ചീഫ് എഞ്ചിനീയർ സമർപ്പിച്ചതും 2022-23 വർഷത്തിൽ പൂർത്തീകരിക്കേണ്ടതും അടിയന്തര പ്രാധാന്യമുള്ളതുമായ പ്രവൃത്തികളുടെ 40 കോടി രൂപ ചെലവുവരുന്ന പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) പ്രസ്തുത പദ്ധതിയിലെ പല കനാലുകളുടെയും ബണ്ടുകൾ സ്ഥിരമായി പൊട്ടുന്നതും നാശനഷ്ടങ്ങൾ സംഭവിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(സി) ഉണ്ടെങ്കിൽ ബലക്ഷയമുള്ള ബണ്ടുകൾ പുനർനിർമ്മിക്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കുമോ?

എല്ലാ വർഷവും പ്ലാൻ നോൺ പ്ലാൻ ശീർഷകങ്ങളിൽ വകയിരുത്തുന്ന തുക ഉപയോഗപ്പെടുത്തി കനാൽ ബണ്ടുകൾ സംരക്ഷിക്കാനുള്ള പുനരുദ്ധാരണ പ്രവൃത്തികൾ നടത്താറുണ്ട്. കുറ്റ്യാടി ജലസേചന പദ്ധതിയുടെ 2022-23 വർഷത്തിൽ പൂർത്തീകരിക്കേണ്ട 40 കോടി രൂപ ചെലവുവരുന്ന ആക്ഷൻ പ്ലാൻ പ്രൊപ്പോസലിന് അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് ബലക്ഷയമുള്ള ബണ്ടുകൾ പുനർനിർമ്മിക്കുവാൻ സാധിക്കുന്നതാണ്.

**പുല്ലമ്പാറ ഗ്രാമപഞ്ചായത്തിലെ തോടുകളുടെ നവീകരണം**

217 (992) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈനർ ഇറിഗേഷൻ വകുപ്പിന്റെ 24-08-2020-ലെ എം.ഐ.ഡി. ടി.വി.പി.എം./2020/3443/ഐ.എ. ഉത്തരവുപ്രകാരം വാമനപുരം നിയോജകമണ്ഡലത്തിലെ പുല്ലമ്പാറ ഗ്രാമപഞ്ചായത്തിൽ കൃഷി ആവശ്യങ്ങൾക്കുള്ള നവീകരണത്തിനായി ശാസ്താംനട തോടിലുള്ള തടയണ നവീകരിക്കുന്നതിന് എത്ര തുക അനുവദിച്ചുവെന്ന് അറിയിക്കുമോ?

15 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ പുരോഗതി റിപ്പോർട്ട് നൽകുമോ?

പ്രവൃത്തി 22/04/2021-ൽ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പഞ്ചായത്തിലെ അയ്യംപാറ ഉറുവിട്ടിക്കോണം മൂഴി ഏലാ തോടിന്റെ പാർശ്വഭിത്തി നിർമ്മാണവും അറ്റകുറ്റപ്പണികളും (11-05-2021 ലെ എം.ഐ.ഡി. ടി.വി.പി.എം./2021/1026/ഐ.എ. ) എന്ന പ്രവൃത്തിയുടെ വിശദ വിവരങ്ങളും നിലവിലെ സ്ഥിതിയും അറിയിക്കുമോ?

അയ്യംപാറ ഉരുവിറ്റികോണം മൂഴി ഏലാതോട്, പ്രസ്തുത പ്രദേശങ്ങളിലെ കർഷകർ അവരുടെ കൃഷി ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന തോടാണ്. കഴിഞ്ഞ കാലങ്ങളിലെ ശക്തമായ മഴയെത്തുടർന്ന് നിലവിലുണ്ടായിരുന്ന തോടിന്റെ DR സംരക്ഷണഭിത്തി ഇടിഞ്ഞുപോകുകയും ബാക്കിയുള്ള ബണ്ടിൽ സംരക്ഷണഭിത്തി ഇല്ലാത്തതുമൂലം തോടിന്റെ വശം ഇടിഞ്ഞ് കൃഷി സ്ഥലത്തേയ്ക്ക് വെള്ളം കയറി കൃഷി നശിക്കുകയും ചെയ്തു. ഇതിന് പരിഹാരമായി തോടിന്റെ ബണ്ട്സൈഡിൽ കോൺക്രീറ്റ് സംരക്ഷണഭിത്തി നിർമ്മിക്കുകയും പ്ലാസ്റ്ററിംഗ് ചെയ്ത് സംരക്ഷിക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തിലെ അയ്യംപാറ ഉറുവിട്ടിക്കോണം മൂഴി ഏലാതോടിന്റെ പാർശ്വഭിത്തി നിർമ്മാണവും അറ്റകുറ്റപ്പണികളും

(11-05-202-ലെ എം.ഐ.ഡി.ടി.വി.പി.എം/2021/1026/ഐ.എ.) എന്ന പ്രവൃത്തി 20/12/2021-ൽ പൂർത്തീകരിച്ചിട്ടുണ്ട്.

**പാലക്കാട് അയ്യപ്പൻകുടം ഡാം**

218 (993) <u>ശ്രീ. പി. പി. സുമോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ തെന്നിലാപുരത്ത് സ്ഥിതിചെയ്യുന്ന അയ്യപ്പൻകുടം ഡാമിൽ അറ്റകുറ്റപ്പണികൾ നടത്താത്തതുമൂലം കർഷകർക്ക് വെള്ളം ലഭ്യമാകുന്നില്ലെന്നത് സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി) പ്രസ്തുത ഡാമിന്റെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്ന് വിശദമാക്കുമോ;

(സി) അയ്യപ്പൻകുടം ഡാം കുറ്റമറ്റ രീതിയിൽ പ്രവർത്തന സജ്ജമാക്കാൻ എന്ന് സാധിക്കുമെന്ന് അറിയിക്കുമോ?

(എ-സി) തരൂർ മണ്ഡലത്തിലെ തെന്നിലാപുരത്ത് സ്ഥിതിചെയ്യുന്ന അയ്യപ്പൻകുടം ഡാമിൽനിന്നും കർഷകർക്ക് വെള്ളം ലഭ്യമാകുന്നില്ലെന്ന് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ജലസേചന വകുപ്പ് ഉദ്യോഗസ്ഥർ തരൂർ എം.എൽ.എ.യുമായി സംയുക്ത പരിശോധന നടത്തി. പ്രാഥമിക

നിഗമനത്തിൽ ഏകദേശം 80 ലക്ഷം രൂപയുടെ അറ്റകുറ്റപ്പണികൾ ആവശ്യമുണ്ടെന്ന് കണക്കാക്കിയിട്ടുണ്ട്. ആയതിന്റെ വിശദമായ പദ്ധതി രേഖ തയ്യാറാക്കിവരുന്നു. ഡി.പി.ആർ ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കാവുന്നതാണ്.

## മൂന്നാംകടവ് മിനി ഡാം

219 (994) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ മൂന്നാംകടവ് മിനി ഡാം നിർമ്മിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുന്നതിനും വിശദപഠനത്തിനുമായി പ്രാഥമിക സർവ്വേ നടത്താൻ തീരുമാനിച്ചിട്ടുണ്ടോ;വ്യക്തമാക്കുമോ;

(ബി) പ്രാഥമിക സർവ്വേ റിപ്പോർട്ട് തയ്യാറാക്കി അനുമതിക്കായി സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

(എ&ബി) കാസർഗോഡ് ജില്ലയിൽ മൂന്നാം കടവ് മിനി ഡാം കാസർഗോഡ് ഡെവലപ്പ്മെന്റ് പാക്കേജിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുന്നതിനും വിശദ പഠനത്തിനുമായി പ്രാഥമിക സർവ്വേ നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

ആയതിലേക്കുള്ള ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

## മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷ

220 (995) ശ്രീ. എം. എം. മണി:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീ. പി. വി. ശ്രീനിജിൻ:
ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ മേൽനോട്ട സമിതിക്ക് കൂടുതൽ അധികാരങ്ങൾ നൽകിയ സുപ്രീംകോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ സമിതി പുനഃസംഘടിപ്പിച്ചിരുന്നോ എന്ന് അറിയിക്കുമോ?

പുനഃസംഘടിപ്പിച്ചിട്ടുണ്ട്.

(ബി) കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫലമായി സംസ്ഥാനത്ത് ആവർത്തിച്ചുണ്ടാകുന്ന പ്രളയം ഡാമിന്റെ സുരക്ഷ സംബന്ധിച്ച് ആശങ്ക വർദ്ധിപ്പിച്ചിട്ടുള്ളതിനാൽ ശാശ്വതപരിഹാരമായി പുതിയ അണക്കെട്ടെന്ന ആവശ്യം പുനഃസംഘടിത മേൽനോട്ട സമിതി മുമ്പാകെ ഉയർത്തുമോയെന്ന് വ്യക്തമാക്കുമോ?

ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ഉത്തരവ് പ്രകാരം മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷയുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളും പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടത് പുനഃസംഘടിത മേൽനോട്ട സമിതിയായതിനാൽ പുതിയ അണക്കെട്ടിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ പുനഃസംഘടിപ്പിച്ച മേൽനോട്ട സമിതിയുടെ പരിഗണനയ്ക്കായി കേരളം സമർപ്പിക്കുന്നതാണ്.

(സി) ബന്ധപ്പെട്ട മേഖലയിലെ രാജ്യത്തെ വിദഗ്ധരെ ഉൾപ്പെടുത്തിക്കൊണ്ട് സ്വതന്ത്ര ടീം രൂപീകരിച്ച് സുരക്ഷാ പരിശോധന നടത്താൻ ആവശ്യപ്പെടുമോയെന്നറിയിക്കുമോ?

WP(C) 880/2020 കേസിൽ 08/04/2022-ൽ സുപ്രീംകോടതി പുറപ്പെടുവിച്ച വിധിയിൽ മുല്ലപ്പെരിയാർ ഡാമിന്റെ സമഗ്രമായ സുരക്ഷ അവലോകനം ചെയ്യാൻ നിർദ്ദേശിച്ചിട്ടുണ്ട്. മുല്ലപ്പെരിയാർ അണക്കെട്ടിന്റെ പഴക്കവും സുരക്ഷയും കണക്കിലെടുത്ത് ഡാം മാനേജ്മെന്റ്, ജിയോളജി, ഭൂകമ്പശാസ്ത്രം, ഹൈഡ്രോളജി എന്നീ വിഷയങ്ങളിൽ പ്രാഗൽഭ്യമുള്ള അന്തർദേശീയ സാങ്കേതിക വിദഗ്ധർ ഉൾപ്പെടെയുള്ളവർ അടങ്ങുന്ന സ്വതന്ത്ര സമിതിയെക്കൊണ്ട് സുരക്ഷാപരിശോധനയും വിശകലനവും നടത്തണമെന്ന ആവശ്യം സുപ്രീംകോടതി മുൻപാകെ ഉന്നയിച്ചിട്ടുണ്ട്.

06/06/2022 തീയതിയിൽ ചേർന്ന പുനഃസംഘടിത മേൽനോട്ട സമിതിയുടെ യോഗത്തിലും കേരളം ഇതേ ആവശ്യം ഉന്നയിച്ചിട്ടുണ്ട്. ഇത്തരത്തിൽ സുരക്ഷാ വിലയിരുത്തൽ നടത്തുമ്പോൾ എല്ലാ ഘട്ടത്തിലും കേരളത്തിന്റെ പ്രാതിനിധ്യവും പങ്കാളിത്തവും ഉറപ്പുവരുത്തേണ്ടതാണെന്നും സുരക്ഷാപരിശോധനയും വിശകലനവുമായി ബന്ധപ്പെട്ട പഠനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നുവെന്നത് മേൽനോട്ട സമിതി ഉറപ്പുവരുത്തേണ്ടതാണെന്നും കേരളം ആവശ്യപ്പെട്ടിരുന്നു.

(ഡി) പുതിയ ഡാമിനുവേണ്ടിയുള്ള പരിസ്ഥിതി ആഘാത പഠനത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ?

പുതിയ മുല്ലപ്പെരിയാർ ഡാമിന്റെ സാമൂഹിക ആഘാത പഠനത്തിനുവേണ്ടിയുള്ള പ്രാരംഭനടപടിയായ പാരിസ്ഥിതികാനുമതി ലഭിക്കുന്നതിനുവേണ്ടിയുള്ള പഠനത്തിനായി M/s പ്രഗതി ലാബ്സ്, ഹൈദ്രാബാദിനെ ചുമതലപ്പെടുത്തുകയും 2015 ഏപ്രിൽ 21-ാം തീയതി കരാർ ഒപ്പിടുകയും ചെയ്തു.

പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിന്റെ ഭാഗമായി പാരിസ്ഥിതികാഘാത പഠനത്തിനായുള്ള പരിശോധന വിഷയങ്ങൾക്കുള്ള ടേംസ് ഓഫ് റഫറൻസ് അംഗീകാരം കേന്ദ്ര പരിസ്ഥിതി

മന്ത്രാലയത്തിൽനിന്നും ലഭ്യമാക്കുന്നതിനുള്ള പ്രവൃത്തികൾ 2018-2019 സാമ്പത്തിക വർഷം നടത്തുകയുണ്ടായി. ആയതിന് നവംബർ 2018-ൽ അംഗീകാരം ലഭിക്കുകയുണ്ടായി. ഇതുസംബന്ധിച്ച് 20/04/2019-ൽ കേരള ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ വനത്തിലേയ്ക്കുള്ള പ്രവേശനാനുമതി ലഭിച്ചു. 2019-20-ൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം നിബന്ധനകളോടെ അംഗീകരിച്ച പരിശോധന വിഷയങ്ങൾക്കനുസൃതമായി, ടേംസ് ഓഫ് റഫറൻസ് പ്രകാരം പഠനം നടത്തുന്നതിനുവേണ്ടി 2019-ൽതന്നെ പ്രഗതി ലാബ്സ് ആന്റ് കൺസൾട്ടന്റ്സ്, പദ്ധതി പ്രദേശത്ത് അടിസ്ഥാന വിവരശേഖരണത്തിനുള്ള പ്രവൃത്തികൾ ആരംഭിച്ചു.

പ്രസ്തുത കൺസൾട്ടന്റ് പരിസ്ഥിതി ആഘാത പഠന റിപ്പോർട്ടിന്റെ കരട് സമർപ്പിച്ചതിനെ തുടർന്ന് 23/10/2021-ലെ സർക്കാർ ഉത്തരവ് സ.ഉ(സാധ) നം.560/2021/ജ.വി.വ പ്രകാരം രൂപീകരിച്ച കമ്മിറ്റിയുടെ 09/02/2022-ലെ മീറ്റിംഗിൽ പ്രസ്തുത റിപ്പോർട്ട് പരിശോധിച്ചതിന്റെ ഭാഗമായി കമ്മിറ്റി അംഗങ്ങൾ ചില ന്യൂനതകൾ ചൂണ്ടിക്കാണിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിലുള്ള പുതുക്കിയ റിപ്പോർട്ട് തയ്യാറാക്കിവരുന്നു. കൂടാതെ ചില നിർദ്ദേശങ്ങളുടെ വിശദീകരണത്തിനായി 09/06/2022-ൽ കേരള ഫോറസ്റ്റ്

റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KFRI), പീച്ചി ചീഫ് എഞ്ചിനീയർ, ഐ.ഡി.ആർ.ബി-യുടെ സാന്നിദ്ധ്യത്തിൽ യോഗം കൂടുകയും കൺസൾട്ടന്റിന്റെ സംശയങ്ങൾ ദൂരീകരിക്കുകയും എത്രയും വേഗത്തിൽ EIA (പരിസ്ഥിതി ആഘാത പഠന) റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

**അണക്കെട്ടിലെ സംഭരണശേഷി വർദ്ധിപ്പിക്കാൻ നടപടി**

221 (996) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വടക്കാഞ്ചേരി മണ്ഡലത്തിലെ വാഴാനി അണക്കെട്ടിൽ അടിഞ്ഞുകൂടിയിരിക്കുന്ന മണ്ണും ചെളിയും നീക്കി ജലസംഭരണശേഷി വർദ്ധിപ്പിക്കുന്നതിനായി പദ്ധതി തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; ആയതിന് ആവശ്യമായ തുക വകയിരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

2019-ൽ KERI പീച്ചി നടത്തിയ sedimentation study (Bathymetric study) പ്രകാരം വാഴാനി അണക്കെട്ടിൽ മണ്ണും ചെളിയും വലിയതോതിൽ അടിഞ്ഞു കൂടിയിട്ടില്ലെന്നും ഡാമിന്റെ സംഭരണശേഷി ഗണ്യമായി

കുറഞ്ഞിട്ടില്ലെന്നും കണ്ടെത്തിയിട്ടുണ്ട്. കൂടാതെ 10 വർഷം കൂടുമ്പോൾ Sedimentation study നടത്തി ഡാമിന്റെ സംഭരണശേഷി പരിശോധിച്ചുവരുന്നു. ആയതിനാൽ നിലവിൽ വാഴാനി ഡാമിന്റെ ജലസംഭരണശേഷി വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതില്ല.

**പുളിക്കൂൽ കക്കംവെള്ളി തോട് സംരക്ഷണം**

222 (997) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാദാപുരം മണ്ഡലത്തിലെ നാദാപുരം ഗ്രാമ പഞ്ചായത്തിലെ പുളിക്കൂൽ കക്കം വെള്ളി തോട് ഭിത്തികെട്ടി സംരക്ഷിക്കുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. നാദാപുരം മണ്ഡലത്തിലെ നാദാപുരം ഗ്രാമപഞ്ചായത്തിലെ പുളിക്കൂൽ കക്കംവള്ളി തോടിന് 5 കി.മീറ്ററോളം നീളമുണ്ട്. ഇതിൽ 52 മീറ്റർ ഭിത്തികെട്ടി സംരക്ഷിക്കുന്നതിനായി 8 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും പ്രവൃത്തി ടെണ്ടർ ചെയ്ത് കരാറുകാരന് സൈറ്റ് കൈമാറിയിട്ടുള്ളതുമാണ്. തോടിന്റെ ശേഷിച്ചഭാഗം കെട്ടി സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## കടലുണ്ടി പുഴയുടെ സംരക്ഷണഭിത്തി നിർമ്മാണം

223 (998) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിലെ കൂട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിൽ പടിഞ്ഞാറെമണ്ണ നെച്ചിക്കുറ്റിഭാഗത്ത് കടലുണ്ടി പുഴയുടെ ഇടതുകരയുടെ അരിക് തകർന്ന് സമീപത്തെ വീടുകളും വസ്തുക്കളും അപകട ഭീഷണിയിലായതിനാൽ സംരക്ഷണഭിത്തി നിർമ്മിച്ച് നൽകണമെന്ന ആവശ്യം നടപ്പാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

മങ്കട നിയോജകമണ്ഡലത്തിലെ കൂട്ടിലങ്ങാടി, പഞ്ചായത്തിൽ പടിഞ്ഞാറെമണ്ണ, നെച്ചിക്കുറ്റി ഭാഗത്ത് കടലുണ്ടിപ്പുഴയുടെ ഇടതുകര സംരക്ഷിക്കുന്നതിന് 60 മീ. നീളത്തിൽ 4 മീ. ഉയരത്തിൽ സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് 27 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് സാമ്പത്തികാനുമതി നല്കിയിട്ടുണ്ട്.

(ബി) സമയബന്ധിതമായി സംരക്ഷണഭിത്തി നിർമ്മിക്കുന്ന പ്രവൃത്തി നടപ്പാക്കിയില്ലെങ്കിൽ കൂടുതൽ നാശനഷ്ടങ്ങൾക്ക് സാധ്യതയുണ്ടെന്ന

കാര്യം വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പ്രവൃത്തി അടിയന്തരമായി ആരംഭിക്കുമോ?

വിലയിരുത്തിയിട്ടുണ്ട്. നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രവൃത്തി സമയബന്ധിതമായി ആരംഭിക്കാവുന്നതാണ്.

(സി) പ്രസ്തുത പ്രവൃത്തിയുടെ (Price ID.2020/1056/IA) എസ്റ്റിമേറ്റ് DSR 2018 പ്രകാരം പുതുക്കിയ നിരക്കിലേയ്ക്ക് മാറ്റി സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സാമ്പത്തികാനുമതി നൽകിയിട്ടുണ്ടോ; എത്രയും വേഗം പ്രവൃത്തി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പ്രവൃത്തിക്ക് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ 14/06/2022-ലെ ഡബ്ല്യൂ5/61641/2/എഫ്.എസ്. നമ്പർ ഉത്തരവ് പ്രകാരം എഫ്.സി. നോൺപ്ലാൻ ശീർഷകത്തിൽ 27 ലക്ഷം രൂപയ്ക്ക് സാമ്പത്തികാനുമതി നല്കിയിട്ടുണ്ട്. എത്രയും വേഗം പ്രവൃത്തി നടപ്പാക്കുന്നതിനുള്ള തുടർനടപടി കൈക്കൊണ്ടുവരുന്നു.

(ഡി) പ്രസ്തുത പ്രവൃത്തിയിൽ ദീർഘനാളായി പുരോഗതി ഉണ്ടാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനാവശ്യമായ നിർദ്ദേശം നൽകുമോ; വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രവൃത്തിക്ക് നിലവിൽ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ നൽകി ടെണ്ടർ നടപടി പൂർത്തീകരിച്ച് പ്രവൃത്തി സമയബന്ധിതമായി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

**തീരസംരക്ഷണപദ്ധതി**

224 (999) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരശോഷണം തടയാൻ സമഗ്ര പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) കാസർഗോഡ് ജില്ലയിലെ വലിയ പറമ്പ് ദ്വീപ് പഞ്ചായത്തിൽ പ്രസ്തുത പദ്ധതി എന്ന് നടപ്പിൽ വരുത്താൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

കാസർഗോഡ് ജില്ലയിലെ വലിയപറമ്പ് ദ്വീപ് പഞ്ചായത്തിൽ പ്രസ്തുത പദ്ധതി സംബന്ധമായ NCCR-ന്റെ പഠന റിപ്പോർട്ട് ലഭ്യമായതിനുശേഷം പ്രസ്തുത ഡിസൈൻ പ്രകാരം, ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) തയ്യാറാക്കുന്ന എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതിക്കായുള്ള ശിപാർശ ലഭിക്കുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കാവുന്നതാണ്.

(സി) ആയതിനായി എത്ര കോടി രൂപ ചെലവ് വരുമെന്ന് വ്യക്തമാക്കുമോ?

NCCR പഠന റിപ്പോർട്ട് ലഭ്യമായതിനുശേഷം മാത്രമേ ചെലവ് നിർണ്ണയിക്കുവാൻ സാധിക്കുകയുള്ളൂ.

**വില്ലേരിത്താഴം-ഗ്രാമവനം റോഡ്**

225 (1000) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ ഗ്രാമപഞ്ചായത്തിൽ ചെറുപുഴയുടെ ഇടതുകരയിലൂടെ കടന്നുപോകുന്ന വില്ലേരിത്താഴം-ഗ്രാമവനം റോഡിന്റെ ഭാഗം പുഴയിലെ കുത്തൊഴുക്കും ശക്തമായ കാലവർഷവും കാരണം ഇടിഞ്ഞുപോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ ഭാഗം സംരക്ഷിക്കുന്നതിന് ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ ചീഫ് എഞ്ചിനീയർ W5/35816/21/A.S ആയി നൽകിയ 75 ലക്ഷം രൂപയുടെ പ്രൊപ്പോസൽ പരിഗണിച്ച് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

(ബി &സി) മാവൂർ പഞ്ചായത്തിൽ ചെറുപുഴയുടെ ഇടതുകര ഇടിഞ്ഞ് പുഴയോട് ചേർന്നുള്ള വില്ലേരിത്താഴം-ഗ്രാമവനം റോഡിന്റെ പാർശ്വഭിത്തി തകർന്നത് കാരണം പ്രസ്തുത റോഡിലൂടെ വാഹന ഗതാഗതം സാധ്യമല്ലാതായതിന്റെ അടിസ്ഥാനത്തിൽ, ഈ ഭാഗം സംരക്ഷിക്കുന്ന പ്രവൃത്തിക്കുള്ള 75 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) 2022-23 ബഡ്ജറ്റിൽ ഭരണാനുമതിക്കായി സർക്കാരിലേയ്ക്ക് സമർപ്പിച്ചിരുന്നു. പ്രവൃത്തിയുടെ ഹെഡ് ഓഫ് അക്കൗണ്ട് ഉൾപ്പെടുത്തി പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് ചീഫ് എഞ്ചിനീയർക്ക് (ജലസേചനവും ഭരണവും) നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്രകാരം പുതുക്കിയ പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള തുടർനടപടി സ്വീകരിക്കാവുന്നതാണ്.

**വർക്കല മണ്ഡലത്തിലെ കടൽത്തീര സംരക്ഷണം**

226 (1001) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിലെ കടൽത്തീര സംരക്ഷണത്തിനായി ഇറിഗേഷൻ വകുപ്പ് എന്തെല്ലാം പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

വർക്കല മണ്ഡലത്തിലെ കടൽത്തീര സംരക്ഷണത്തിനായി നടപ്പാക്കുന്ന പ്രവൃത്തികളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു*.

(ബി) കടൽത്തീരം സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കുന്നത് ത്വരിതപ്പെടുത്തുമോ എന്ന് വ്യക്തമാക്കുമോ?

വർക്കല മണ്ഡലത്തിലെ കടൽത്തീര സംരക്ഷണത്തിനായി നിലവിൽ പ്രവൃത്തികൾ എത്രയും വേഗം പൂർത്തീകരിച്ചും മറ്റ് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാകുന്നമുറയ്ക്ക് പ്രവൃത്തികൾ നടപ്പാക്കിയും കടൽത്തീരസംരക്ഷണം ത്വരിതപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

**തോപ്പയിൽ, വെള്ളയിൽ, പുതിയങ്ങാടി പ്രദേശത്തെ കടലാക്രമണം**

227 (1002) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കോഴിക്കോട് ജില്ലയിലെ തോപ്പയിൽ, വെള്ളയിൽ, പുതിയങ്ങാടി പ്രദേശത്ത് കടലാക്രമണം തടയാൻ പദ്ധതി നിലവിലുണ്ടോ?

കോഴിക്കോട് ജില്ലയിലെ തോപ്പയിൽ, വെള്ളയിൽ, പുതിയങ്ങാടി പ്രദേശത്ത് ഉൾപ്പെട്ട അത്താണിക്കൽ ബീച്ചിൽ 60 ലക്ഷം രൂപയുടെ " ASE-reformation of sea wall at Athanikkal beach starts from CP 1849 towards south in Kozhikode Corporation എന്ന പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരികയാണ്. കൂടാതെ ടി പ്രദേശത്ത് കടലാക്രമണം തടയാൻ ജലസേചനവകുപ്പിൽ വിഭാവന ചെയ്തിട്ടുള്ള പ്രവൃത്തികളുടെ പട്ടിക അനുബന്ധമായിചേർക്കുന്നു.*

(ബി) പ്രസ്തുത പ്രദേശം റെഡ് സോൺ കാറ്റഗറിയിൽ ഉൾപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഇല്ല. മഴക്കാല മുന്നൊരുക്കത്തിന്റെ ഭാഗമായി ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർമാനായ ജില്ലാകളക്ടറുടെ നിർദ്ദേശമനുസരിച്ച് CWRDM നടത്തിയ പ്രാഥമിക പഠനമനുസരിച്ച് കോഴിക്കോട് ജില്ലയിലെ അഴിയൂർ, വടകര, കൊയിലാണ്ടി, ചെങ്ങോട്ടുകാവ്, പയ്യോളി, ഏലത്തൂർ, ബേപ്പൂർ എന്നീ പ്രദേശങ്ങളെയാണ് ഉയർന്ന അപകടസാധ്യതയുള്ള പ്രദേശങ്ങളിൽ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉൾപ്പെടുത്തിയിട്ടുള്ളത്. ജില്ലയിലെ തോപ്പയിൽ, വെള്ളയിൽ, പുതിയങ്ങാടി എന്നീ പ്രദേശങ്ങൾ ഇതിൽ ഉൾപ്പെട്ടിട്ടില്ല.

(സി) ഇത് സംബന്ധിച്ച് ഏതെങ്കിലും പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ?

ഇല്ല.

**തീര സംരക്ഷണ പദ്ധതികൾ**

228 (1003) ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാപകമായ തോതിൽ നേരിടുന്ന കടലാക്രമണ ഭീഷണി പരിഹരിക്കാൻ തീരസംരക്ഷണത്തിനായി ആവിഷ്കരിച്ചിട്ടുള്ള 5300 കോടി രൂപയുടെ ബൃഹത്പദ്ധതിയുടെ വിശദാംശം തയ്യാറായിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് ഗുരുതരമായ കടലാക്രമണ ഭീഷണി നേരിടുന്ന 10 ഹോട്ട് സ്പോട്ടുകളിൽ ഈ വർഷംതന്നെ ആദ്യഘട്ട തീരസംരക്ഷണ പ്രവർത്തനം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; അറിയിക്കുമോ?

(എ&ബി) 2021 -2022 സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച 5 വർഷംകൊണ്ട് പൂർത്തീകരിക്കുവാൻ കഴിയുന്ന 5300 കോടി രൂപയുടെ കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങളുടെ ആദ്യഘട്ടമായി കിഫ്ബി ധനസഹായത്തോടെ 1500 കോടി രൂപയുടെ പദ്ധതി നടപ്പാക്കാൻ തീരുമാനിക്കുകയുണ്ടായി. ഇന്നത്തെ പരിസ്ഥിതിക്ക് അനുയോജ്യമായ കടലാക്രമണ പ്രതിരോധ നിർമ്മിതികൾ ഡിസൈൻ ചെയ്യുന്നതിനുവേണ്ടി വിശദമായ പഠനം നടത്തുവാൻ NCCR എന്ന വിദഗ്ധ സ്ഥാപനവുമായി 22/09/2021-ലെ സർക്കാർ ഉത്തരവ് നം.496/2021/ജ.വി.വ. പ്രകാരം MoU ഒപ്പിടുകയുമുണ്ടായി. ടി സ്ഥാപനത്തിന്റെ സഹായത്തോടെ വിശദമായ പഠനം നടത്തുവാൻ കടലാക്രമണം ഏറ്റവും കൂടുതൽ രൂക്ഷമായി ബാധിക്കുന്ന കൊല്ലംകോട്, ശംഖുംമുഖം, ആലപ്പാട്, ചെല്ലാനം, ഒറ്റമശ്ശേരി, കൊടുങ്ങല്ലൂർ, പൊന്നാനി, കാപ്പാട്, തലശ്ശേരി, വലിയപറമ്പ എന്നീ പ്രദേശങ്ങൾ ഹോട്ട്സ്പോട്ടുകളായി തെരഞ്ഞെടുക്കുകയുണ്ടായി. ഇതിൽ കടലാക്രമണം ഏറ്റവും രൂക്ഷമായ ചെല്ലാനം പ്രദേശത്ത് NCCR പഠനം നടത്തി ഒരു ഹൈബ്രിഡ് പദ്ധതി, സംയോജിത കടൽഭിത്തിയുടെയും പുലിമുട്ടുകളുടെയും നിർമ്മാണം അവലംബിക്കുകയും പ്രസ്തുത ഡിസൈൻ പ്രകാരം തയ്യാറാക്കിയ 254.20 കോടി രൂപയുടെ കടൽഭിത്തി നിർമ്മാണത്തിന്റെയും 90 കോടി

രൂപയുടെ പുലിമുട്ട് നിർമ്മാണത്തിന്റെയും (ആകെ തുക: 344.20 കോടി രൂപ) പ്രവൃത്തി പുരോഗമിച്ചുവരുന്നു. മറ്റൊരു ഹോട്ട്സ്പോട്ടായ ശംഖുംമുഖം പ്രദേശത്ത് NCCR പഠനം നടത്തി ഓഫ്ഷോർ ബ്രേക്ക് വാട്ടർ നിർമ്മിക്കുവാൻ തീരുമാനിക്കുകയും ആയതിന്റെ ഡിസൈൻ ലഭ്യമായിട്ടുമുണ്ട്. NCCR ന്റെ ഡിസൈൻ പ്രകാരം കൊല്ലംകോട് പ്രദേശത്ത് ടെട്രാപോഡ് ഉപയോഗിച്ചുള്ള കടൽഭിത്തി നിർമ്മിക്കുന്നതിന് 47 കോടി രൂപയുടെ എസ്റ്റിമേറ്റ് തയാറാക്കിയിട്ടുണ്ട്. ആയതിന്റെ വിശദമായ പദ്ധതിരേഖ തയ്യാറാക്കിവരുന്നു. ആലപ്പാട്, കൊടുങ്ങല്ലൂർ എന്നീ പ്രദേശങ്ങളിൽ പഠനം നടത്തുന്നതിന്റെ ഭാഗമായി സർവ്വേ നടപടികൾ പുരോഗമിച്ചുവരുന്നു. ഇതുകൂടാതെ ലോക ബാങ്കിന്റെ സഹയത്തോടെ രൂക്ഷമായ കടലാക്രമണം നേരിടുന്ന മറ്റ് 26 പ്രദേശങ്ങളിൽ തീരപ്രദേശത്തിന്റെ ഘടനയനുസരിച്ച് കണ്ടൽക്കാടുകൾ വച്ചുപിടിപ്പിച്ച് തീരം സംരക്ഷിക്കുന്നതിനും ടെട്രാപോഡ് ഉപയോഗിച്ച് കടൽഭിത്തിയും പുലിമുട്ടുകളും നിർമ്മിക്കാനുള്ള പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിവരുന്നു.

(സി) സുസ്ഥിര തീരസംരക്ഷണ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനായി പഠനം നടത്തുന്നുണ്ടോ; കരിങ്കല്ലിന്റെ ലഭ്യതക്കുറവ് കണക്കിലെടുത്ത് നൂതന മാർഗ്ഗങ്ങൾ അവലംബിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

സംരക്ഷണഭിത്തി ഇല്ലാത്ത സ്ഥലങ്ങളിൽ സാധാരണയായി സി.ഡബ്ല്യൂ.പി.ആർ.എസ്. പൂനൈ/ഐ.ഐ.ടി ചെന്നൈ മുതലായ സ്ഥാപനങ്ങളിൽനിന്നും ഡിസൈൻ ലഭ്യമാക്കി അനുയോജ്യമായ സ്ഥലങ്ങളിൽ കരിങ്കല്ലുപയോഗിച്ചുള്ള കടൽഭിത്തിയും ഗ്രോയിനുകളുമാണ് നിർമ്മിച്ചുവരുന്നത്. എന്നാൽ കല്ലിന്റെ ലഭ്യതക്കുറവുമൂലവും കാലാവസ്ഥ വ്യതിയാനവും മറ്റ് പ്രകൃതി പ്രതിഭാസങ്ങളുംമൂലവുമുണ്ടാകുന്ന കടലാക്രമണത്തെ ചെറുക്കാൻ സുസ്ഥിരമായ നൂതന പരിഹാര മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതായിട്ടുണ്ട്. ആയതിനാൽ മേൽപ്പറഞ്ഞ, കിഫ്ബി മുഖേന നടപ്പാക്കാൻ പ്രഖ്യാപിച്ച പദ്ധതികൾ സംബന്ധിച്ച് NCCR എന്ന വിദഗ്ദ്ധ സ്ഥാപനം മുഖേന പഠനം നടത്തി നൂതനമാർഗ്ഗങ്ങൾ അവലംബിക്കാനാണ് ഉദ്ദേശിക്കുന്നത് .

## കൊളാവിപ്പാലത്ത് പുലിമുട്ട് നിർമ്മാണം

229 (1004) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കൊളാവിപ്പാലത്ത് കടൽക്ഷോഭം തടയുന്നതിന്റെ ഭാഗമായുള്ള പുലിമുട്ട് നിർമ്മാണത്തിന് മുന്നോടിയായി

സി.ഡബ്ല്യൂ.പി.ആർ.എസ്. എന്ന കേന്ദ്രസ്ഥാപനം നൽകിയ പഠന റിപ്പോർട്ട് സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിനെ തുടർന്ന് പുലിമുട്ട് നിർമ്മാണവുമായി ബന്ധപ്പെട്ട് മേജർ ഇറിഗേഷൻ വകുപ്പ് കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

(എ & ബി) കോഴിക്കോട് ജില്ലയിലെ കൊളാവിപ്പാലത്ത് പുലിമുട്ട് നിർമ്മാണത്തിന് മുന്നോടിയായി CWPRS നടത്തിയ പഠനത്തിന്റെ റിപ്പോർട്ട്, ചീഫ് എഞ്ചിനീയർ, (ജലസേചനവും ഭരണവും) ഡിസൈൻ ലഭ്യമാക്കുന്നതിനായി ഐ.ഡി.ആർ.ബി ചീഫ് എഞ്ചിനീയർക്ക് നല്കിയിട്ടുണ്ട്.

**മഞ്ചേശ്വരം മണ്ഡലത്തിലെ കടലാക്രമണം**

230 (1005) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ കൊയ്പ്പാടി കടപ്പുറം, പെർവാട് കടപ്പുറം, കൊപ്പളം, മൂസോടി, അദീക്ക, ബങ്കര മഞ്ചേശ്വരം, ഹൊസബെട്ടു,

കണ്ണതീർത്ഥ തുടങ്ങിയ പ്രദേശങ്ങളിൽ കടലാക്രമണം തടയുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

കൊയ്യാടി കടപ്പുറത്ത് 404 മീ. നീളത്തിൽ അടിയന്തര പ്രവൃത്തി എന്ന നിലയിൽ ജിയോബാഗ് ഉപയോഗിച്ച് താൽക്കാലിക ബണ്ട് നിർമ്മിച്ചിട്ടുണ്ട്.

മഞ്ചേശ്വരം മണ്ഡലത്തിലെ ഹൊസബെട്ടു കടപ്പുറത്ത് കടൽഭിത്തി നിർമ്മിക്കുന്നതിന് - 200 ലക്ഷം അടങ്കലായി ബഡ്ജറ്റിൽ ഉൾപ്പെടുത്തുകയും ആയതിൽ 40 ലക്ഷം രൂപ വകയിരുത്തിയിട്ടുമുണ്ട്.

നാങ്കി-കൊപ്പളം കടപ്പുറത്ത് 270 മീ. നീളത്തിൽ കടൽഭിത്തി നിർമ്മിക്കുന്ന പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് തുടർനടപടി സ്വീകരിക്കാവുന്നതാണ്.

(ബി) കടലാക്രമണം തടയുന്നതിന് ശാശ്വതപരിഹാര മാർഗ്ഗങ്ങൾ പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

പരിഗണനയിലുണ്ട്. കടൽത്തീര സംരക്ഷണത്തിനായി നൂതനമാർഗ്ഗങ്ങളായ ടെട്രാപോഡ്, ജിയോട്യൂബ്, ഗ്രോയിൻസ് തുടങ്ങിയ നിർമ്മാണ രീതികളാണ് പരിഗണനയിലുള്ളത്.

## ടെട്രാപോഡ് സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള കടൽഭിത്തി നിർമ്മാണം

231 (1006) ശ്രീമതി യു. പ്രതിഭ:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കടലാക്രമണഭീഷണി നേരിടുന്ന തീരപ്രദേശങ്ങൾ സംരക്ഷിക്കുന്നതിനായി നടപ്പാക്കുന്ന പദ്ധതികൾ സംബന്ധിച്ച് വിശദാംശം നൽകുമോ?

2021 -2022 സാമ്പത്തിക വർഷം സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ചതും 5 വർഷം കൊണ്ട് പൂർത്തീകരിക്കുവാൻ കഴിയുന്നതുമായ 5300 കോടി രൂപയുടെ കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങളുടെ ആദ്യഘട്ടമായി കിഫ്ബി ധനസഹായത്തോടെ 1500 കോടി രൂപയുടെ പദ്ധതി നടപ്പാക്കാൻ തീരുമാനിക്കുകയുണ്ടായി. ഇന്നത്തെ പരിസ്ഥിതിക്ക് അനുയോജ്യമായ കടലാക്രമണ പ്രതിരോധ നിർമ്മിതികൾ ഡിസൈൻ ചെയ്യുന്നതിനുവേണ്ടി വിശദമായ പഠനം നടത്താൻ NCCR എന്ന വിദഗ്ദ്ധസ്ഥാപനവുമായി 22-09-2021-ലെ സർക്കാർ ഉത്തരവ്

നം.496/2021/ജ.വി.വ. പ്രകാരം ധാരണാപത്രം ഒപ്പിടുകയുണ്ടായി. ടി സ്ഥാപനത്തിന്റെ സഹായത്തോടെ വിശദമായ പഠനം നടത്താൻ കടലാക്രമണം ഏറ്റവും കൂടുതൽ രൂക്ഷമായി ബാധിക്കുന്ന കൊല്ലംകോട്, ശംഖുംമുഖം, ആലപ്പാട്, ചെല്ലാനം, ഒറ്റമശ്ശേരി, കൊടുങ്ങല്ലൂർ, പൊന്നാനി, കാപ്പാട്, തലശ്ശേരി, വലിയപറമ്പ് എന്നീ പ്രദേശങ്ങൾ ഹോട്ട്സ്പോട്ടുകളായി തെരഞ്ഞെടുക്കുകയുണ്ടായി. ഇതിൽ കടലാക്രമണം ഏറ്റവും രൂക്ഷമായ ചെല്ലാനം പ്രദേശത്ത് NCCR പഠനം നടത്തി ഒരു ഹൈബ്രിഡ് പദ്ധതി (സംയോജിത കടൽഭിത്തിയുടെയും പുലിമുട്ടുകളുടെയും നിർമ്മാണം) അവലംബിക്കുകയും പ്രസ്തുത ഡിസൈൻ പ്രകാരം തയ്യാറാക്കിയ 254.20 കോടി രൂപയുടെ കടൽഭിത്തി നിർമ്മാണത്തിന്റെയും 90 കോടി രൂപയുടെ പുലിമുട്ട് നിർമ്മാണത്തിന്റെയും (ആകെ തുക: 344.20 കോടി രൂപ) പ്രവൃത്തി പുരോഗമിച്ചുവരുന്നു.

മറ്റൊരു ഹോട്ട്സ്പോട്ട് ആയ ശംഖുംമുഖം പ്രദേശത്ത് NCCR പഠനം നടത്തി ഓഫ്ഷോർ ബ്രേക്ക് വാട്ടർ നിർമ്മിക്കുവാൻ തീരുമാനിക്കുകയുണ്ടായി. ആയതിന്റെ ഡിസൈൻ തയ്യാറായിട്ടുണ്ട്. കൊല്ലംകോട് പ്രദേശത്ത് NCCR ന്റെ ഡിസൈൻ പ്രകാരം ടെട്രാപോഡ് ഉപയോഗിച്ചുള്ള കടൽഭിത്തി നിർമ്മിക്കുന്നതിന് 47 കോടി രൂപയുടെ

എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ആയതിന്റെ വിശദമായ പദ്ധതി രേഖ തയ്യാറാക്കിവരുന്നു. ആലപ്പാട്, കൊട്ടുങ്ങല്ലൂർ എന്നീ പ്രദേശങ്ങളിൽ പഠനം നടത്തുന്നതിന്റെ ഭാഗമായി സർവ്വേ നടപടികൾ പുരോഗമിച്ചുവരുന്നു.

കേരളത്തിന്റെ തീരപ്രദേശത്ത് ദീർഘകാലാടിസ്ഥാനത്തിൽ തീരദേശസംരക്ഷണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും രൂപകൽപ്പന ചെയ്യുന്നതിനും നടപ്പാക്കുന്നതിനുമായി ഏഷ്യൻ ഡെവലപ്പ്മെന്റ് ബാങ്ക് (എ.ഡി.ബി)-യിൽ നിന്നും സഹായം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് " Kerala Sustainable coastal protection and climate resilience Planning Project" എന്ന പദ്ധതിയുടെ Preliminary Project Report തയ്യാറാക്കി സമർപ്പിക്കുകയും ആയതിന്റെ ഡി.പി.ആർ തയ്യാറാക്കുന്നതിനായി 26-05-2022-ന് കേന്ദ്ര ജലവിഭവ വകുപ്പിന്റെ അംഗീകാരം തത്വത്തിൽ ലഭിക്കുകയും ചെയ്തിട്ടുണ്ട്.

കാലവർഷത്തിന് മുന്നോടിയായി അടിയന്തര കടലാക്രമണ പ്രതിരോധ പ്രവൃത്തികൾക്കായി തീരദേശജില്ലകൾക്ക് 19-05-2022-ലെ G.O. (Rt)No.418/2022/WRD പ്രകാരം 20 ലക്ഷം രൂപ വീതം നോൺപ്ലാൻ ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക ഉപയോഗിച്ച് അടിയന്തര കടലാക്രമണ പ്രതിരോധ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കിവരുന്നു.

(ബി) കടലാക്രമണ ഭീഷണി നേരിടുന്ന എല്ലാ തീരപ്രദേശങ്ങളിലേയ്ക്കും ടെട്രാപോഡ് സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള കടൽഭിത്തി നിർമ്മാണം വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

കേരളത്തിലെ തീരപ്രദേശങ്ങളിലെ സവിശേഷ സ്വഭാവം കണക്കിലെടുത്ത് കടലാക്രമണത്തിൽനിന്നും മണ്ണൊലിപ്പിൽനിന്നും സംരക്ഷിക്കുന്നതിനുതകുന്ന ഹ്രസ്വകാല/ദീർഘകാല പ്രതിരോധ നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. സുസ്ഥിരമായ തീരസംരക്ഷണത്തിന് ദീർഘകാലാടിസ്ഥാനത്തിലുള്ള ആസൂത്രണവും നിർദ്ദിഷ്ട തീരപ്രദേശത്തെ ആസ്പദമാക്കി വിശദപഠനവും അനിവാര്യമാണ്. ഇക്കാര്യത്തിൽ NCCR, ചെന്നൈ, CWPRS പൂനെ, IIT മദ്രാസ് തുടങ്ങിയ സ്ഥാപനങ്ങളുടെ സഹായത്തോടെ തുടർനടപടി സ്വീകരിച്ചുവരുന്നു. വിശദപഠനത്തിന് വിധേയമാകുന്ന കടൽത്തീരത്തിന്റെ ഘടനയുടെയും സ്വഭാവത്തിന്റെയും അടിസ്ഥാനത്തിലാണ് വിവിധ തീരസംരക്ഷണ പ്രവൃത്തികൾ നിർദ്ദേശിക്കുന്നത്. ഇതുപ്രകാരം ആവശ്യമനുസരിച്ചാണ് കഠിനമായ/ മൃദുവായ ഇടപെടലുകളോ (Hard/Soft solutions) അവയുടെ സമ്മിശ്രമായ ഇടപെടലുകളോ ഡിസൈൻ പ്രകാരം നിർദ്ദേശിക്കുന്നത്. ടെട്രാപോഡ്, കരിങ്കൽ എന്നിവ ഉപയോഗിച്ചുള്ള കഠിനമായ

തീരസംരക്ഷണ പ്രവൃത്തികളോടൊപ്പം പഠനത്തിന്റെ അടിസ്ഥാനത്തിൽ കണ്ടൽക്കാടുകൾപോലെ പ്രകൃതിദത്തമായ തീരസംരക്ഷണ പ്രവൃത്തികൾ അവലംബിക്കേണ്ടതായിട്ടുണ്ട്. സംസ്ഥാനത്ത്കടലാക്രമണത്തിനിരയാകുന്ന തീരപ്രദേശങ്ങൾ മുൻഗണനാക്രമത്തിൽ പഠനത്തിന് വിധേയമാക്കി നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുള്ള പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) തീരദേശ സംരക്ഷണ പ്രവർത്തനങ്ങളുടെ നിലവിലെ അവസ്ഥ വിലയിരുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

കേരളത്തിന്റെ മൊത്തം കടൽത്തീരത്തിലെ 576 കിലോമീറ്ററിൽ 370 കിലോമീറ്റർ നീളം വിവിധ തീരസംരക്ഷണ പ്രവൃത്തികളാൽ സംരക്ഷിക്കപ്പെട്ടിട്ടുണ്ട്. ഇതിൽ 164 കിലോമീറ്ററോളം പുനരുദ്ധാരണ പ്രവൃത്തികൾ ആവശ്യമാണ്. സംരക്ഷിക്കപ്പെടാത്ത ബാക്കി 206 കിലോമീറ്ററിൽ ഏകദേശം 171 കിലോമീറ്ററോളം കടലാക്രമണം കുറവുള്ള സ്ഥലങ്ങളാണ്. ബാക്കിയുള്ള 35 കിലോമീറ്റർ സംരക്ഷിക്കപ്പെടേണ്ടത് അത്യാവശ്യമാണ്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നീ 9 തീരദേശ ജില്ലകളാണ് കടൽക്ഷോഭംമൂലം നാശനഷ്ടം നേരിടുന്നത്. കടലാക്രമണംമൂലം

നിലവിലുള്ള കടൽഭിത്തികൾക്കും പുലിമുട്ടുകൾക്കും പുനരുദ്ധാരണപ്രവൃത്തികൾ നടപ്പിലാക്കേണ്ടതുണ്ട്. കൂടാതെ സംരക്ഷിക്കപ്പെടാത്ത തീരപ്രദേശം കടൽഭിത്തി/പുലിമുട്ട്/മറ്റ് ബദൽ സംവിധാനം എന്നിവയിലൂടെ സംരക്ഷിക്കേണ്ടതായുമുണ്ട്. ആയതിനായി മേൽ സൂചിപ്പിച്ച നടപടികൾ സ്വീകരിച്ചുവരുന്നു.

**വൈപ്പിൻ മണ്ഡലത്തിലെ തീരസംരക്ഷണം**

232 (1007) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലം രൂക്ഷമായ കടലാക്രമണവും വേലിയേറ്റംമൂലമുള്ള ബുദ്ധിമുട്ടുകളും നേരിടുന്ന സാഹചര്യത്തിലും, കടൽത്തീരവും പുഴകളുടെയും കായലുകളുടെയും തീരവും കെട്ടി സംരക്ഷിക്കുന്നതിന് യാതൊരു നടപടികളും സ്വീകരിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വിദഗ്ദ്ധ പഠനത്തിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയിട്ടുള്ള ഹോട്ട്സ്പോട്ടുകളിൽ വൈപ്പിൻകര ഉൾപ്പെട്ടിട്ടില്ലെങ്കിലും കാലാവസ്ഥാ

വ്യതിയാനംമൂലമുള്ള ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് വൈപ്പിൻ മണ്ഡലത്തിന്റെയും ദ്വീപ് നിവാസികളുടെയും സുരക്ഷയ്ക്കായി അടിയന്തര നടപടി സ്വീകരിക്കുമോ?

മൺസൂൺ മുന്നൊരുക്കത്തിന്റെ ഭാഗമായി 19-05-2022-ലെ ജി.ഒ. (ആർ.റ്റി)നം. 418/2022/ജ.വി.വ. പ്രകാരം എറണാകുളം ജില്ലയ്ക്ക് 20 ലക്ഷം രൂപ അടിയന്തര കടലാക്രമണ പ്രവൃത്തികൾ നടപ്പാക്കുന്നതിനായി അനുവദിച്ചിരുന്നു. പ്രസ്തുത തുക ഉപയോഗിച്ച് 17.55 ലക്ഷം രൂപയുടെ 4 പ്രവൃത്തികൾ വൈപ്പിൻ പ്രദേശത്ത് ഏറ്റെടുക്കുകയും പ്രസ്തുത പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരികയും ചെയ്യുന്നു. വൈപ്പിൻ തീരപ്രദേശത്ത് അനുയോജ്യമായ സുസ്ഥിര നൂതന പദ്ധതികൾ നടപ്പാക്കുന്നതിന്റെ ഭാഗമായി ബാറ്റിമെട്രിക് സർവ്വെ നടത്തുന്നതിനായുള്ള 29.90 ലക്ഷം രൂപയുള്ള പദ്ധതിയുടെ ടെണ്ടർ നടപടികളും പുരോഗമിച്ചുവരുന്നു. വൈപ്പിൻ നിയോജകമണ്ഡലത്തിലെ അനുമതി ലഭിച്ച 48 ലക്ഷം രൂപയുടെ ഒരു പുലിമുട്ടിന്റെ പ്രവൃത്തിയും രണ്ട് കടൽഭിത്തികളുടെ പുനരുദ്ധാരണ പ്രവൃത്തികളും പലതവണ ടെണ്ടർ നടപടികൾ സ്വീകരിക്കുകയും ക്വട്ടേഷൻവഴി നടപ്പാക്കാൻ ശ്രമിക്കുകയും ചെയ്തിരുന്നെങ്കിലും കരാറുകാർ ആരുംതന്നെ പ്രവൃത്തി ഏറ്റെടുത്തിട്ടില്ല.

ചെറായിപ്പുഴയുടെ സംരക്ഷണത്തിനായി 22.10 ലക്ഷം രൂപയുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

(സി) തീരസംരക്ഷണവും ദ്വീപ് നിവാസികളുടെ സുരക്ഷയും സംബന്ധിച്ച് പഠന റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ട് ഏതെന്നും ആയത് നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്നും വിശദമാക്കുമോ?

2008-ലെ ഐ.ഐ.ടി. പഠന റിപ്പോർട്ട് നിലവിലുണ്ടെങ്കിലും കാലാവസ്ഥാ വ്യതിയാനവും മറ്റ് പ്രകൃതി പ്രതിഭാസങ്ങളുംമൂലമുണ്ടാകുന്ന കടലാക്രമണത്തെ ചെറുക്കാൻ സുസ്ഥിര നൂതന പരിഹാര മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതായിട്ടുണ്ട്. ഇന്നത്തെ പരിസ്ഥിതിക്ക് അനുയോജ്യമായ കടൽഭിത്തിയുടെയും പുലിമുട്ടുകളുടെയും പുതുക്കിയ ഡിസൈനുവേണ്ടി NCCR എന്ന വിദഗ്ധ സ്ഥാപനത്തിന്റെ സഹായത്തോടെ വിശദമായ പഠനം നടത്തുവാൻ കടലാക്രമണം രൂക്ഷമായി ബാധിക്കുന്ന പത്ത് പ്രദേശങ്ങൾ ഹോട്ട്സ്പോട്ടുകളായി തിരഞ്ഞെടുക്കുകയുണ്ടായി. NCCR പഠനം നടത്താൻ ഉദ്ദേശിക്കുന്ന ഹോട്ട്സ്പോട്ടുകളുടെ പട്ടികയിൽ വൈപ്പിൻ പ്രദേശം ഉൾപ്പെട്ടിട്ടില്ല. എന്നാൽ കാലാവസ്ഥാ വ്യതിയാനംമൂലം വൈപ്പിൻ നിവാസികൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് ഒരു വിദഗ്ധ

ഏജൻസിയെ ഉപയോഗിച്ചുകൊണ്ടുള്ള പഠനം നടത്തുന്നത് പരിഗണിക്കാവുന്നതാണ്.

(ഡി) വൈപ്പിൻകരയിൽ മത്സ്യഗ്രാമത്തിനും തീരസംരക്ഷണത്തിനും സ്പെഷ്യൽ പാക്കേജ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല

**വെസ്റ്റ്ഹിൽ-വെള്ളയിൽ പ്രദേശങ്ങളിലെ പുലിമുട്ട് നിർമ്മാണം**

233 (1008) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വെസ്റ്റ്ഹിൽ-വെള്ളയിൽ പ്രദേശങ്ങളിൽ പുലിമുട്ട് നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ?

തയ്യാറാക്കിയിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ പദ്ധതിയുടെ വിശദാംശങ്ങളും ഇപ്പോഴത്തെ അവസ്ഥയും വ്യക്തമാക്കുമോ;

(സി) ഇത് സംബന്ധിച്ച് മദ്രാസ് ഐ.ഐ.ടി.-യുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കുമോ?

(ബി&സി) കോഴിക്കോട് കോർപ്പറേഷനിൽ ഭട്ട് റോഡ് കടപ്പുറത്ത് രൂക്ഷമായ കടലാക്രമണം തടയുന്നതിനായും പുലിമുട്ടുകളുടെ ശ്രേണി നിർമ്മിക്കുന്നതിനുവേണ്ടിയും 18-02-2021- ലെ സർക്കാർ ഉത്തരവ് നമ്പർ 131/2021/WRD പ്രകാരം 3 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പുലിമുട്ടുകളുടെ രൂപകൽപ്പന തയ്യാറാക്കുന്നതിനുവേണ്ടി പഠനം നടത്താൻ Indian Institute of Technology, ചെന്നൈ-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്ഥലപരിശോധന നടത്തി രൂപകൽപ്പന തയ്യാറാക്കിയശേഷം എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടപ്പാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

**തിരൂരങ്ങാടി മണ്ഡലത്തിലെ കടൽഭിത്തി നിർമ്മാണം**

234 (1009) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരൂരങ്ങാടി മണ്ഡലത്തിൽ കടൽഭിത്തി നിർമ്മിക്കുന്നതിനും പുഴയുടെ

സൈഡ് കെട്ടുന്നതിനും നൽകിയ അനുമതികളുടെ വിശദവിവരങ്ങളും ഇവയുടെ നിർമ്മാണ പുരോഗതിയും ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരൂരങ്ങാടി മണ്ഡലത്തിൽ കടൽഭിത്തി നിർമ്മിക്കുന്നതിനും പുഴയുടെ സൈഡ് കെട്ടുന്നതിനും നല്കിയ അനുമതികളുടെ വിശദാംശം അനുബന്ധം-1 ആയി ചേർക്കുന്നു+.

(ബി) കടൽഭിത്തി നിർമ്മാണവും പുഴസംരക്ഷണവുമായി ബന്ധപ്പെട്ട് തിരൂരങ്ങാടി മണ്ഡലത്തിൽ നിലവിലുള്ള പ്രൊപ്പോസലുകളും അവയുടെ ഫയൽ നമ്പറുകളും ഇവ ഏത് ഓഫീസിൽ ഏത് ഉദ്യോഗസ്ഥന്റെ കൈവശമാണുള്ളതെന്നുമുള്ള വിശദവിവരം ലഭ്യമാക്കുമോ?

തിരൂരങ്ങാടി മണ്ഡലത്തിൽ കടൽഭിത്തി നിർമ്മിക്കുന്നതിനും പുഴ സൈഡ് കെട്ടുന്നതിനും നിലവിലുള്ള പ്രൊപ്പോസലുകൾ സംബന്ധിച്ച വിശദാംശം അനുബന്ധം +-2 ഉം അനുബന്ധം-3 ഉം ആയി ചേർക്കുന്നു+.

(സി) പരപ്പനങ്ങാടി നഗരസഭയിൽ ചാപ്പപ്പടി പള്ളി ശ്മശാനം, ആലുങ്ങൽ പള്ളി ശ്മശാനം എന്നിവ കടൽഭിത്തിയില്ലാത്തതിനാൽ ഏത് സമയത്തും കടലെടുക്കുന്ന സാഹചര്യമാണുള്ളതെന്ന കാര്യം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ ഭാഗങ്ങളിൽ കടൽഭിത്തി നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്നറിയിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി ഭാഗങ്ങളിൽ നിലവിൽ കോർവാൾ ഉപയോഗിച്ച് അടിയന്തര സംരക്ഷണപ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ ആലുങ്ങൽ ബീച്ചിൽ 500 മീറ്റർ നീളം (സി.ഇ.എസ്.പി 1714-ൽ നിന്നും തെക്കോട്ട്) ടെട്രാപോഡുകൾ ഉപയോഗിച്ച് വേൾഡ് ബാങ്ക് ഫണ്ടിൽ ഉൾപ്പെടുത്തി തീരദേശ സംരക്ഷണ പ്രവൃത്തി ചെയ്യാൻ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ചാപ്പപ്പടി പള്ളിശ്മശാനം പ്രദേശത്ത് സ്ഥിരം സംരക്ഷണ കടൽഭിത്തി നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

**ഹരിപ്പാട് മണ്ഡലത്തിലെ കടൽഭിത്തി - പുലിമുട്ട് നിർമ്മാണം**

235 (1010) <u>ശ്രീ. രമേശ് ചെന്നിത്തല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിൽ കടലാക്രമണ ഭീഷണി നേരിടുന്നതിന് ഇറിഗേഷൻ വകുപ്പ് ഹ്രസ്വ-ദീർഘകാലാടിസ്ഥാനത്തിൽ നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുള്ള പ്രവൃത്തികളുടെ വിശദാംശം അറിയിക്കുമോ?

ഹരിപ്പാട് മണ്ഡലത്തിൽ കടലാക്രമണ ഭീഷണി നേരിടുന്നതിന് ഹ്രസ്വകാല പ്രവൃത്തിയായ ജിയോബാഗ് ഉപയോഗിച്ചുള്ള താല്ക്കാലിക കടൽഭിത്തി നിർമ്മാണത്തിനായി 232 ലക്ഷം രൂപയുടെ പ്രവൃത്തികളുടെ പട്ടിക ചീഫ് എഞ്ചിനീയർ തയ്യാറാക്കിയിട്ടുണ്ട്. (പട്ടിക അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു)+.

<u>ദീർഘകാലാടിസ്ഥാനത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ള പ്രവൃത്തികൾ.</u>

1. ആറാട്ടുപുഴ പഞ്ചായത്തിൽ തീരദേശ ഹൈവേയുമായി ബന്ധപ്പെട്ട 46.40 കോടി രൂപ അടങ്കൽ തുകവരുന്ന രണ്ട് സംരക്ഷണ പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ ചീഫ് എഞ്ചിനീയർ തയ്യാറാക്കിയിട്ടുണ്ട്. (പ്രവൃത്തികളുടെ പട്ടിക അനുബന്ധം 2 ആയിചേർത്തിരിക്കുന്നു)+.

2. ആറാട്ടുപുഴ, തൃക്കുന്നപ്പുഴ പഞ്ചായത്തുകളിൽ കടൽത്തീര സംരക്ഷണത്തിനായി 12880 ലക്ഷം രൂപ അടങ്കൽതുകവരുന്ന 5 പ്രവൃത്തികൾ വേൾഡ് ബാങ്ക് സഹായത്തോടുകൂടി നടപ്പാക്കാനുള്ള പ്രൊപ്പോസലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. (പ്രവൃത്തികളുടെ പട്ടിക അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു.)+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

3. ആറാട്ടുപുഴ പഞ്ചായത്തിലെ രാമഞ്ചേരി ഭാഗത്ത് ഗ്രോയിൻഫീൽഡ് നിർമ്മാണത്തിന്റെ ആവശ്യത്തിലേയ്ക്ക് ബാത്തിമെട്രി പഠനം നടത്തുന്നതിനുള്ള പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്.

(ബി) ഇതിൽ എതെല്ലാം പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ സർക്കാരിന്റെ പരിഗണനയിലുണ്ടെന്ന കാര്യം ഇതുമായി ബന്ധപ്പെട്ട ഫയൽ നമ്പറുകളുടെ വിശദാംശം ഉൾപ്പെടെ അറിയിക്കുമോ?

ഇത് സംബന്ധമായ എസ്റ്റിമേറ്റുകൾ ഒന്നും സർക്കാരിൽ ലഭിച്ചിട്ടില്ല.

**ആനങ്ങാടി ബീച്ചിൽ കടൽ ഭിത്തി നിർമ്മാണം**

236 (1011) ശ്രീ. അബ്ദുൽ ഹമീദ് പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് പഞ്ചായത്തിലെ ആനങ്ങാടി ബീച്ചിൽ കടൽഭിത്തി നിർമ്മിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസലിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി കിഫ്ബിയിലുൾപ്പെടുത്തി നടപ്പാക്കുവാൻ ആവശ്യമായ ഭരണാനുമതി/സാമ്പത്തികാനുമതി എന്നിവ നൽകിയിട്ടുണ്ടോ;

(സി) പ്രസ്തുത പ്രവൃത്തി കിഫ്ബിയുടെ അനുമതി ലഭ്യമായശേഷം ഏത് നിർവ്വഹണ ഏജൻസി മുഖേനയാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(എ-സി) ആനങ്ങാടി ബീച്ചിൽ കടൽഭിത്തി നിർമ്മിക്കുന്നതിന് 208 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പ്രൈസ് 3-യിൽ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി കിഫ്ബിയിലുൾപ്പെടുത്തി ചെയ്യുന്ന രീതിയിലാണ് എസ്റ്റിമേറ്റ് തയാറാക്കിയിട്ടുള്ളത്. പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. കൂടാതെ വേൾഡ് ബാങ്ക് ധനസഹായത്തിനുള്ള പ്രൊപ്പോസലിൽ ടി പ്രവൃത്തി ഉൾപ്പെടുത്തിയിട്ടുണ്ട്.

## അമരവിള-പുല്ലാമലയിൽ ബണ്ട് പുനർനിർമ്മാണം

237 (1012) <u>ശ്രീ. കെ. ആൻസലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിലെ അമരവിള-പുല്ലാമലയിൽ വെള്ളപ്പൊക്കത്തിൽ തകർന്ന ബണ്ട് പുനർനിർമ്മിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

(ബി) എത്രകോടി രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) ഭരണാനുമതി ലഭിക്കുന്നതിന് ഇനി ഏതൊക്കെ നടപടിക്രമങ്ങളാണ് പൂർത്തീകരിക്കാനാണുള്ളതെന്ന് അറിയിക്കുമോ?

(എ-സി) 2018 ആഗസ്റ്റ് മാസത്തെ പ്രളയത്തിൽ തകർന്ന അമരവിള-പുല്ലാമല ബണ്ട് പുനർനിർമ്മിക്കുന്നതിനായി 2018 നവംബർ മാസത്തിൽ 327 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. എന്നാൽ ബണ്ടിന്റെ തകർച്ചയുടെ വ്യാപ്തി വലുതായതിനാൽ മണ്ണ് പര്യവേക്ഷണം നടത്തി വിശദമായ പഠനം നടത്തി രൂപരേഖ തയ്യാറാക്കി നിർമ്മാണം നടത്തേണ്ടിയിരുന്നു. ആയതിന്റെ പ്രാരംഭനടപടിയായി പുല്ലാമല ബണ്ട് പ്രദേശത്ത് മണ്ണ് പര്യവേക്ഷണം നടത്തുന്നതിലേയ്ക്കായി 1.24 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് അംഗീകാരം നൽകുകയും മണ്ണ് പര്യവേക്ഷണം പൂർത്തീകരിക്കുകയും ചെയ്തു.

പ്രസ്തുത സ്ഥലത്ത് ഗാബിയോൺ ഉപയോഗിച്ച് ബണ്ട് പുനർനിർമ്മിക്കുന്നതിലേയ്ക്കായി ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയറിൽനിന്നും ലഭ്യമാക്കിയ ഡിസൈൻ പ്രകാരം Price-3 -യിൽ 370 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ടി എസ്റ്റിമേറ്റ്

ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധിച്ച് ഭരണാനുമതി നൽകുന്നതിന് നടപ്പുസാമ്പത്തിക വർഷം നടപടികൾ സ്വീകരിക്കാവുന്നതാണ്.

**പയ്യന്നൂർ മണ്ഡലത്തിലെ വി.സി.ബി പ്രവൃത്തിക്ക് ഭരണാനുമതി**

238 (1013) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ എരമം-കുറ്റൂർ ഗ്രാമപഞ്ചായത്തിൽവരുന്ന മാവുള്ളപൊയിൽ വി.സി.ബി. എന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികളുടെ പുരോഗതി വിശദമാക്കുമോ;

(ബി) മേൽ പ്രവൃത്തിക്ക് ഈ സാമ്പത്തികവർഷം തന്നെ ഭരണാനുമതി നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

(എ&ബി) പയ്യന്നൂർ മണ്ഡലത്തിലെ എരമം-കുറ്റൂർ പഞ്ചായത്തിൽ വരുന്ന മാവുള്ളപൊയിൽ വി.സി.ബി എന്ന പ്രവൃത്തിക്കുവേണ്ടി 98 ലക്ഷം രൂപയുടെ പദ്ധതി നിർദ്ദേശം 2022-23 വർഷത്തേയ്ക്കുള്ള വാർഷിക പ്ലാനിന്റെ മുൻഗണനാപ്പട്ടികയിൽ മൈനർ ഇറിഗേഷൻ ക്ലാസ് 1 സ്കീമിലുൾപ്പെടുത്തി

ഭരണാനുമതി നൽകുന്നതിന് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ നടപടി സ്വീകരിച്ചുവരുന്നു.

**വാമനപുരം ആറ്റിലെ തടയണ നിർമ്മാണം**

239 (1014) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാരേറ്റ് പാലത്തിന് സമീപം വാമനപുരം ആറ്റിൽ തടയണ നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

കാരേറ്റ് പാലത്തിന് സമീപം ചെക്ക്ഡാം നിർമ്മിക്കുന്നതിന്റെ പ്രാരംഭ നടപടിയായി പ്രസ്തുത സ്ഥലത്ത് 4.78 ലക്ഷം രൂപയുടെ Soil investigation പ്രവൃത്തി നടത്തുകയും അപ്രകാരം ലഭ്യമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ IDRB ഡിസൈൻ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഡിസൈൻ പ്രകാരം 2.6 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഭരണാനുമതിക്കായുള്ള ശിപാർശ ലഭ്യമാകുന്നമുറയ്ക്ക് പരിശോധിച്ച് തുടർനടപടി സ്വീകരിക്കാവുന്നതാണ്.

## ള്ളണേരി-വേറ്റുമ്മൽ ടെയിൽ എൻഡ് ഡിസ്ട്രിബ്യൂട്ടറി പദ്ധതി

240 (1015) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ള്ളണേരി-വേറ്റുമ്മൽ ടെയിൽ എൻഡ് ഡിസ്ട്രിബ്യൂട്ടറി പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ആയത് പൂർത്തീകരിക്കുന്നതിനുവേണ്ടി നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ അടിയന്തരനടപടി സ്വീകരിക്കുമോ?

(എ&ബി) പരിഗണനയിലുണ്ട്. ള്ളണേരി-വേറ്റുമ്മൽ ടെയിൽ എൻഡ് ഡിസ്ട്രിബ്യൂട്ടറി കനാലിന്റെ പൂർത്തീകരണത്തിനായി ഇറിഗേഷൻ ഭൂമി എവിടെയാണെന്ന് കൃത്യമായി അളന്ന് മാർക്ക് ചെയ്യേണ്ടതുണ്ട്. പ്രസ്തുത ഭാഗം സർവ്വെ ചെയ്യുന്നതിനായി വടകര (ഭൂരേഖ) തഹസിൽദാർക്ക് അപേക്ഷ നൽകിയിട്ടുണ്ട്. കനാൽ സർവ്വേ ചെയ്ത് അതിർ നിർണ്ണയിച്ച് ലഭിക്കുന്നമുറയ്ക്ക് പ്രവൃത്തിക്കാവശ്യമായ ഡീറ്റയിൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കി തുടർനടപടി സ്വീകരിക്കാവുന്നതാണ്.

## വിളവൂർക്കൽ വില്ലേജിലെ ട്രാക്ടർ വേ നിർമ്മാണം

241 (1016) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിളവൂർക്കൽ വില്ലേജിൽ മലയിൻകീഴ് പാപ്പനംകോട് റോഡ് മുതൽ വെള്ളൈക്കോണം പൊതുജലസേചനകുളം വരെ ട്രാക്ടർ വേ നിർമ്മിക്കുന്ന പദ്ധതിയുടെ (W1/N3280/2014 തീയതി 25.7.14) നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

വിളവൂർക്കൽ പഞ്ചായത്തിന്റെ 28-01-2011-ലെ തീരുമാനത്തിന്റെയും അന്നത്തെ എം.എൽ.എ. ശ്രീ. എൻ. ശക്തൻ അവർകളുടെ അഭ്യർത്ഥനയുടെയും അടിസ്ഥാനത്തിൽ " Project Maintenance – Construction of leading canal in Vellaikari ela between Vellaikonam kulam to Choozhattukotta road culvert in Ward No.13 of Vilavoorkkal Panchayath" പ്രവൃത്തിക്ക് ഒരു എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. ലീഡിംഗ് ചാനൽ 190 മീറ്റർ വൃത്തിയാക്കി 200 മീറ്റർ സൈഡ് പ്രൊട്ടക്ഷൻ നൽകി സുഗമമായി tractor സഞ്ചരിക്കുന്നതിന് 13 മീറ്റർ നീളത്തിൽ ramp ഉൾപ്പെടെ 12.20 ലക്ഷം രൂപ അടങ്കൽ തുക

വരുന്നതായിരുന്ന എസ്റ്റിമേറ്റ്. ടി പ്രവൃത്തി 27-08-2013-ൽ പണി പൂർത്തീകരിക്കുകയും ചെയ്തു. എന്നാൽ 300 മീറ്റർ നീളം വരുന്ന tractor way-യുടെ ബാക്കിഭാഗം കോൺക്രീറ്റ് ചെയ്ത് ബലപ്പെടുത്തണമെന്നും ട്രാക്ടറുകൾക്ക് റോഡിൽനിന്ന് വയലിലേയ്ക്ക് ഇറങ്ങുന്നതിന് ramp-കൾ പണിയണമെന്നും ആവശ്യപ്പെട്ടുകൊണ്ട് വെള്ളൈക്കോണത്തെ കർഷകരും പഞ്ചായത്തും 10-09-2014-ൽ അപേക്ഷ സമർപ്പിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ രണ്ട് ramp കളും 50 മീറ്റർ ലീഡിംഗ് ചാനലും ഉൾപ്പെടെ " PM- Improving Irrigation facilities of Vellaikari ela in Vilavoorkkal Panchayath" എന്ന പ്രവൃത്തിയ്ക്ക് 24-02-2015-ൽ 6 ലക്ഷം രൂപയുടെ ഭരണാനുമതി നല്കുകയും 29-02-2016-ൽ പണി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

ബാക്കിവരുന്ന ഭാഗത്ത് റോഡിന് വീതി കുറവാണ്. റോഡ് വീതി കൂട്ടണമെങ്കിൽ താമസക്കാർ ഭൂമി വിട്ടുനൽകണം. അങ്ങനെ രേഖാമൂലം ഭൂമി വിട്ടുകിട്ടുകയാണെങ്കിൽ ബാക്കി ഭാഗത്തേയ്ക്ക് ആവശ്യമായ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണം പാതിവഴിയിൽ നിർത്തിവച്ച ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടി അറിയിക്കുമോ; പ്രസ്തുത പദ്ധതി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

എസ്റ്റിമേറ്റെടുത്ത് ആരംഭിച്ച പ്രവൃത്തികൾ ഒന്നുംതന്നെ പാതി വഴിയിൽ ഉപേക്ഷിച്ചതായി രേഖകളിൽ കാണുന്നില്ല.

**പട്ടാമ്പി മണ്ഡലത്തിലെ റെഗുലേറ്റർ കം ബ്രിഡ്ജിന്റെ അപ്രോച്ച് റോഡ്**

242 (1017) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിലെ മൂതിക്കയം റെഗുലേറ്റർ കം ബ്രിഡ്ജിന്റെ പട്ടാമ്പി ഭാഗത്തേയ്ക്കുള്ള അപ്രോച്ച് റോഡിന്റെ ഇരുവശങ്ങളിലെയും ഭൂമി ഏറ്റെടുക്കുന്ന നടപടികളുടെ പുരോഗതി അറിയിക്കുമോ;

(ബി) ഇതുസംബന്ധിച്ച് സർവ്വേ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

(എ&ബി) ജലസേചന വകുപ്പിന്റെ എസ്.പി.വി. ആയ കെ.ഐ.ഐ.ഡി.സി. മുഖേനയാണ് മലപ്പുറം ജില്ലയിൽ മൂർക്കനാട് പഞ്ചായത്തിൽ, കീഴ്മുറിക്കടവ്, ൂതപുഴയ്ക്ക് കുറുകെ മൂതിക്കയം റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം നടക്കുന്നത്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട

ഭൂമി ഏറ്റെടുക്കുന്നതിനുള്ള സർവ്വേ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പെരിന്തൽമണ്ണ താലൂക്കിലെ മൂർക്കനാട് വില്ലേജിൽ റോഡ് വീതി കൂട്ടുന്നതിന് 32 സെന്റ് സ്ഥലം ആവശ്യമാണ്. കൂടാതെ പട്ടാമ്പി താലൂക്കിലെ തിരുവേഗപ്പുറ വില്ലേജിൽ വലതുകരയിൽ റോഡിന്റെ അലൈൻമെന്റിന് 36 സെന്റ് ഭൂമി വേണം. 68 സെന്റ് ഭൂമി ഏറ്റെടുക്കാൻ റവന്യൂ വകുപ്പിന്റെ 07/04/2022-ലെ ജി.ഒ. (ആർ.ടി) 1609/2022/ആർ.ഡി നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഇതിന്മേലുള്ള തുടർനടപടി സ്വീകരിച്ചുവരുന്നു.

**ഇരിക്കൂർ മണ്ഡലത്തിലെ പാലക്കുഴികടവിൽ റഗുലേറ്റർ -കം -ബ്രിഡ്ജ് നിർമ്മാണം**

243 (1018) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിലെ ഉളിക്കൽ പഞ്ചായത്തിൽ മണിക്കടവ് പുഴയ്ക്ക് കുറുകെ പാലക്കുഴികടവിൽ ജലസേചന വകുപ്പ് മുഖേന റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തികരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

(എ-സി) ഇരിക്കൂർ മണ്ഡലത്തിലെ ഉളിക്കൽ പഞ്ചായത്തിൽ മണിക്കടവ് പുഴയ്ക്ക് കുറുകെ പാലക്കുഴികടവിൽ RCB നിർമ്മിക്കുന്നതിനുള്ള സാധ്യതാ പഠനത്തിനായി തയ്യാറാക്കിയ എസ്റ്റിമേറ്റ് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലത്തിൽനിന്നും ഐ.ഡി.ആർ.ബി.-ക്ക് അംഗീകാരത്തിനായി നൽകിയിരുന്നുവെങ്കിലും അംഗീകാരം ലഭിച്ചിട്ടില്ല. പ്രസ്തുത സ്ഥലത്തിന് മുകൾ ഭാഗത്ത് ഫോറസ്റ്റ് ഏരിയയുള്ളതിനാൽ ടി ഭാഗത്തെ RCB-യുടെയും കടമനക്കണ്ടി വളവുപാറ ഭാഗത്ത് RCB-യുടെയും submergence സാധ്യത അറിയുന്നതിന് ക്യാച്ച്മെന്റ് ഏരിയ അറിയേണ്ടതുണ്ട്. കടമനക്കണ്ടി വളവുപാറ ഭാഗത്ത് RCB നിർമ്മിക്കുകയാണെങ്കിൽ ഏകദേശം 2.50 km മുകളിലായി പാലാക്കുഴികടവിൽ മണിക്കടവ് പുഴയ്ക്ക് കുറുകെ ഒരു RCB ആവശ്യമില്ലാത്തതിനാൽ weir cum Bridge നിർമ്മിക്കുന്നതാണ് ഉചിതം. ആയതിനാൽ ഇതുമായി ബന്ധപ്പെട്ട് കൂടുതൽ സ്ഥല പരിശോധന നടത്തി സ്ഥല ലഭ്യത, ജല ലഭ്യത എന്നിവ സാധ്യതാ പഠനത്തിലൂടെ ഉറപ്പുവരുത്തി ഉചിതമായ സ്ഥലം തെരഞ്ഞെടുത്തശേഷം ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## ചിത്താരി റെഗുലേറ്റർ

244 (1019) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ ചിത്താരി റെഗുലേറ്റർ കാലപ്പഴക്കം കാരണം ഉപയോഗപ്രദമല്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത റെഗുലേറ്റർ നിർമ്മാണത്തിന് ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയാക്കി ഡി.പി.ആർ. സമർപ്പിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ പദ്ധതിക്ക് ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി&സി) ചിത്താരി പുഴയിൽ ഉപ്പുവെള്ളം കയറുന്നത് തടയുന്നതിന് നിലവിലുള്ള ഉപയോഗശൂന്യമായ ചിത്താരി റെഗുലേറ്ററിന്റെ 270 കീ.മി മുകൾഭാഗത്തായി പുതിയ റെഗുലേറ്റർ നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്. RIDF XXVIII-ൽ ഉൾപ്പെടുത്തി നബാർഡിന്റെ അനുമതി ലഭ്യമാക്കുന്നതിനായി ഐ.ഡി.ആർ.ബി. പര്യവേക്ഷണവും ഡിസൈനും പ്രകാരമുള്ള 33.28 കോടി രൂപയുടെ വിശദമായ പദ്ധതി റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

## വള്ളിക്കുന്ന് മണ്ഡലത്തിലെ കടക്കാട്ടുപാറ ആല്യംകടവ് റെഗുലേറ്റർ പദ്ധതി

245 (1020) ശ്രീ. അബ്ദുൽ ഹമീദ് പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ കടക്കാട്ടുപാറ ആല്യംകടവ് റെഗുലേറ്റർ പദ്ധതിയുടെ നിലവിലെ പുരോഗതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിർവ്വഹണത്തിന്റെ ഭാഗമായി ഡിസൈൻ പൂർത്തീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഡി.പി.ആർ. തയ്യാറാക്കുന്ന നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസി, പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള ഫണ്ട് എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ. സമയബന്ധിതമായി തയ്യാറാക്കി ഭരണാനുമതി നൽകുമോ; വിശദാംശം ലഭ്യമാക്കുമോ?

(എ-ഡി) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ കടക്കാട്ടുപാറ ആല്യംകടവ് റഗുലേറ്റർ പദ്ധതിയുടെ Tentative Design ചീഫ് എഞ്ചിനീയർ ഐ.ഡി.ആർ.ബി. ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ ജലസേചനവും

ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ഡി.പി.ആർ. തയ്യാറാക്കിവരുന്നു. ഫൈനൽ ഡിസൈൻ ലഭ്യമായശേഷം ഡി.പി.ആർ.-ന് ഭരണാനുമതി നൽകി, ടെണ്ടർ നടപടികൾ പൂർത്തീകരിച്ചാൽ മാത്രമേ പദ്ധതിക്കാവശ്യമായ ചെലവ്, നിർവഹണ ഏജൻസി എന്നിവ സംബന്ധിച്ച വിവരങ്ങൾ നൽകാൻ സാധിക്കുകയുള്ളൂ.

## കുമ്പള പുഴയ്ക്ക് കുറുകെ കഞ്ചികട്ടയിൽ നിർമ്മിക്കുന്ന റെഗുലേറ്റർ -കം -ബ്രിഡ്ജ്

246 (1021) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ കുമ്പളപ്പുഴയ്ക്ക് കുറുകെ കഞ്ചികട്ടയിൽ നിർമ്മിക്കുന്ന റെഗുലേറ്റർ-കം -ബ്രിഡ്ജ് പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ;

(ബി) നിലവിൽ പ്രസ്തുത പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ?

(എ-സി) ഭരണാനുമതി നൽകിയിട്ടില്ല. കുമ്പള പുഴയ്ക്ക് കുറുകെ കഞ്ചിക്കട്ടയിൽ റെഗുലേറ്റർ -കം -ബ്രിഡ്ജ് എന്ന പ്രവൃത്തിയുടെ വിശദമായ പദ്ധതിരേഖ നബാർഡ് ട്രാഞ്ചെ XXVII-ന്റെ അംഗീകാരത്തിനായി സമർപ്പിച്ചെങ്കിലും നബാർഡിൽനിന്നും അംഗീകാരം ലഭ്യമാകാത്തതിനാൽ ഭരണാനുമതി നൽകാൻ കഴിഞ്ഞിട്ടില്ല. NABARD സ്കീമുകളിൽ കൂടുതൽ ബെനിഫിറ്റ് (area benefitted/ayacut proposed) ആവശ്യമാണെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുടെ ആയക്കെട്ട് വിസ്തീർണ്ണം കൂട്ടികൊണ്ട് പദ്ധതിയുടെ പുതുക്കിയ പ്രൊപ്പോസൽ തയ്യാറാക്കുന്നതിന് കീഴ്കാര്യാലയങ്ങളിൽ നടപടി സ്വീകരിച്ചുവരുന്നു. ഇപ്രകാരം തയ്യാറാക്കുന്ന പുതുക്കിയ പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

**ഹരിപ്പാട് മണ്ഡലത്തിലെ പുളിക്കീഴ് ആറ്റിലെ റെഗുലേറ്റർ -കം-ബ്രിഡ്ജിന്റെ നിർമ്മാണം**

247 (1022) <u>ശ്രീ. രമേശ് ചെന്നിത്തല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിലെ പുളിക്കീഴ് ആറ്റിലെ റെഗുലേറ്റർ- കം-ബ്രിഡ്ജിന്റെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശം അറിയിക്കുമോ;

(സി) പ്രസ്തുത പ്രവൃത്തിക്ക് അടിയന്തരമായി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ-സി) ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനായി പുളിക്കീഴ് ആറിനു കുറുകെ ഒരു സ്ലൂയിസ് ഗേറ്റ് നിർമ്മിക്കുന്നതിനുള്ള പ്രവൃത്തിക്കായി രാജ്യസഭാ എം.പി. ശ്രീ. സുരേഷ് ഗോപിയുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി 4,79,00,000/- രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. സാങ്കേതികാനുമതി നല്കി പ്രവൃത്തി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവെങ്കിലും കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ എം.പി. ഫണ്ട് മരവിപ്പിച്ചിരുന്നതിനാൽ ആലപ്പുഴ ജില്ലാ കളക്ടറുടെ 22-02-2022-ലെ ഉത്തരവ് നം. 1580/2017-18/ഡി.പി.ഒ./എ.എൽ.പി./എം.പി.എൽ. എ.ഡി.എസ്./എസ്.ജി. പ്രകാരം ടി പ്രവൃത്തി റദ്ദ് ചെയ്യുകയുണ്ടായി. തുടർന്ന് നിലവിലെ സാഹചര്യത്തിൽ desiltation & side stabilization, operator cum watchman shed മുതലായവയുൾപ്പെടെ ഡി.എസ്.ആർ.-2018

പ്രകാരം ആർ.സി.ബി.-യുടെ നിർമ്മാണത്തിനായി 10 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് പ്രൊപ്പോസൽ ലഭിക്കുന്നമുറയ്ക്ക് ഭരണാനുമതി നൽകുന്ന വിഷയത്തിൽ നടപടി സ്വീകരിക്കാവുന്നതാണ്.

## പൂഞ്ഞാർ മണ്ഡലത്തിലെ തീക്കോയി ആറിൽ റെഗുലേറ്റർ- കം- ബ്രിഡ്ജ്

248 (1023) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ തീക്കോയി പഞ്ചായത്ത് പതിമൂന്നാം വാർഡിൽ മീനച്ചിൽ ആറിന്റെ കൈവഴികളായ തീക്കോയി ആറും കളത്തുക്കടവ് ആറും ചേരുന്ന ഭാഗമായ ചേരിപ്പാട്-മക്കൊള്ളി-രണ്ടാറ്റുമുന്നി എന്ന സ്ഥലത്ത് ഒരു റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിനായുള്ള പ്രാരംഭ പ്രവർത്തനങ്ങളുടെ ഭാഗമായ സർവ്വേ നടപടികളും മണ്ണ് പര്യവേക്ഷണ പ്രവൃത്തികളും നടത്തിയിട്ടുണ്ടോ; എങ്കിൽ ഇപ്പോൾ അത് ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കി തുടർനടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) പൂഞ്ഞാർ മണ്ഡലത്തിലെ തീക്കോയി പഞ്ചായത്ത് പതിമൂന്നാം വാർഡിൽ മീനച്ചിലാറിന്റെ കൈവഴികളായ തീക്കോയി ആറും കളത്തുക്കടവ് ആറും ചേരുന്ന ഭാഗമായ ചേരിപ്പാട്-മക്കൊള്ളി-രണ്ടാറ്റുമുന്നി എന്ന സ്ഥലത്ത് റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിനായുള്ള പ്രാരംഭ പ്രവർത്തനങ്ങളുടെ ഭാഗമായ മണ്ണ് പര്യവേക്ഷണ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. പര്യവേക്ഷണ റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് തിരുവനന്തപുരം, ഐ.ഡി.ആർ.ബി.-യിൽനിന്ന് വിശദമായ ഡ്രോയിംഗ് ലഭ്യമാക്കി എസ്റ്റിമേറ്റ് തയ്യാറാക്കി തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

## കടുത്തുരുത്തി മണ്ഡലത്തിലെ റെഗുലേറ്റർ -കം -ബ്രിഡ്ജിന്റെ നിർമ്മാണം

249 (1024) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി മണ്ഡലത്തിലെ ചേർപ്പുങ്കൽ-ചെമ്പിളാവ് റെഗുലേറ്റർ കം ബ്രിഡ്ജിനായുള്ള കിഫ്ബി പദ്ധതിയിൽ എത്ര കോടി രൂപയുടെ പ്രോജക്ടാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ?

സർക്കാർ ഉത്തരവ് G.O. (Rt) No. 859/2017/WRD തീയതി 17-10-2017 പ്രകാരം പ്രസ്തുത പദ്ധതിക്ക് 10.10 കോടി രൂപയുടെ തത്വത്തിലുള്ള അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) പ്രവൃത്തി ടെണ്ടർ ചെയ്ത് നടപ്പാക്കുന്നതിന് കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്നും എപ്പോൾ നിർമ്മാണം ആരംഭിക്കാൻ കഴിയുമെന്നും വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

(ബി&സി) കെ.ഐ.ഐ.ഡി.സി., 64.80 മീറ്റർ നീളത്തിൽ നടപ്പാതയോട് കൂടിയ റെഗുലേറ്റർ നിർമ്മിക്കുന്നതിനുള്ള പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. 12-04-2018-ൽ കിഫ്ബിയുടെ പി.എഫ്.എം.എസ്. പോർട്ടൽ വഴി സമർപ്പിച്ചിട്ടുണ്ട്. 12 മീറ്ററിന്റെ 5 സ്പാനുകളും 4 തൂണുകളുമാണ് (pier) പ്രസ്തുത പദ്ധതിയിലുള്ളത്. കിഫ്ബിയുടെ അപ്രൈസൽ വിംഗായ സി.എം.ഡി. ആണ് ഡി.പി.ആർ. വിശകലനം ചെയ്യുന്നത്.

23-03-2022-ൽ കെ.ഐ.ഐ.ഡി.സി., ഇറിഗേഷൻ വകുപ്പ്, കിഫ്ബി, സി.എം.ഡി. ഉദ്യോഗസ്ഥർ പ്രസ്തുത പദ്ധതിസ്ഥലത്ത് സംയുക്ത പരിശോധന നടത്തുകയും നടപ്പാതയ്ക്ക് പകരം ഒറ്റവരി പാലത്തിന്റെ

സാധ്യതകൂടി പരിശോധിച്ച് പുതുക്കിയ ഡി.എസ്.ആർ. നിരക്കിൽ ഡി.പി.ആർ. സമർപ്പിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. തുടർന്ന് കെ.ഐ.ഐ.ഡി.സി.-യുടെയും കിഫ്ബിയുടെയും സി.എം.ഡി. ഉദ്യോഗസ്ഥരുടെ യോഗങ്ങൾ ചേരുകയും അപ്രൈസൽ വിംഗ്, പുതുക്കിയ ഡി.എസ്.ആർ. നിരക്കും രൂപകൽപ്പനയും പ്രകാരം പരിഷ്കരിച്ച ഡി.പി.ആർ., പ്രസ്തുത ഏജൻസികളുടെ മേൽനോട്ടത്തിൽ തയ്യാറാക്കിവരുന്നു.

(ഡി) പ്രസ്തുത പദ്ധതികൊണ്ട് കൃഷിക്കാർക്കും കാർഷിക മേഖലയ്ക്കും ലഭിക്കുന്ന നേട്ടം വിശദമാക്കുമോ?

പ്രസ്തുത റെഗുലേറ്റർ-കം-ബ്രിഡ്ജ് പൂർണ്ണമായി പ്രവർത്തന സജ്ജമാകുന്നതോടെ ഭൂഗർഭജലത്തിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നതിനും അതുവഴി പരിസര പ്രദേശങ്ങളിലെ കിണറുകളിൽ വേനൽക്കാലത്ത് ജലത്തിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനും സാധിക്കും. കൂടാതെ പരിസര പ്രദേശങ്ങളിലുള്ള കാർഷിക ഫാം, മത്സ്യകൃഷി ഫാം എന്നിവയ്ക്ക് ജലലഭ്യത മെച്ചപ്പെടുത്താനും അതുവഴി കാർഷികോല്പന്നങ്ങളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കാനും സഹായകമാവും.

## ഒളവിലം പാത്തിക്കൽ റെഗുലേറ്റർ -കം -ബ്രിഡ്ജ്

250 (1025) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി മണ്ഡലത്തിൽ അനുവദിച്ച ഒളവിലം പാത്തിക്കൽ റെഗുലേറ്റർ -കം -ബ്രിഡ്ജിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഭരണാനുമതി ലഭ്യമാക്കുന്നതിന് ധനകാര്യ വകുപ്പ് അധിക വിവരം ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തു സംബന്ധിച്ചാണെന്നും മറുപടി നൽകാൻ വൈകിയിട്ടുണ്ടെങ്കിൽ ആയതിന്റെ കാരണം എന്താണെന്നും വ്യക്തമാക്കുമോ?

(എ&ബി) തലശ്ശേരി മണ്ഡലത്തിൽ അനുവദിച്ച ഒളവിലം പാത്തിക്കൽ റെഗുലേറ്റർ-കം-ബ്രിഡ്ജിന് ഭരണാനുമതി നൽകിയിട്ടില്ല. ഒളവിലം-പാത്തിക്കലിൽ റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിനായി DSR 2018 നിരക്കിലുള്ള 1850 ലക്ഷം രൂപ തുകവരുന്ന വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും സർക്കാരിൽ ലഭ്യമാക്കിയിരുന്നു. പ്രസ്തുത പ്രൊപ്പോസൽ തുടർ

നടപടികൾക്കായി ധനകാര്യവകുപ്പിന് നൽകുകയും ധനകാര്യവകുപ്പ് ചുവടെ ചേർക്കുന്ന അധിക വിവരങ്ങൾ ആവശ്യപ്പെടുകയുമുണ്ടായി.

1) സോയിൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് സർട്ടിഫൈ ചെയ്ത ഏജൻസിയുടെ ആധികാരികത വ്യക്തമാക്കുക.

2) എസ്റ്റിമേറ്റിൽ നൽകിയിരിക്കുന്നത്രയും റിംഗ് ബണ്ടും ടെമ്പററി ഐലൻഡും (Temporary Island) ആവശ്യമുണ്ടോയെന്ന് വ്യക്തമാക്കുക.

3) വെള്ളം പമ്പുചെയ്ത് ഒഴിവാക്കുന്നതിന് പ്രവൃത്തിയുടെ വിവരങ്ങൾ രേഖപ്പെടുത്താൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയ നമ്പറിട്ട രജിസ്റ്റർ ഉപയോഗിക്കുക.

4) സ്റ്റോർഷെഡിന് bored Cast in Situ-Pile foundation ആവശ്യമുണ്ടോ എന്നും മറ്റ് ചെലവ് കുറഞ്ഞ തരത്തിലുള്ള foundation ഉപയോഗിക്കാൻ പറ്റുമോയെന്നും പരിശോധിക്കുക.

5) Coconut Pole driving നിരക്ക് കൂടുതലാണ്. ആയത് കുറയ്ക്കേണ്ടതാണ്.

6) സാങ്കേതികാനുമതി നൽകുമ്പോൾ മെക്കാനിക്കൽ, ഇലക്ട്രിക്കൽ demolishing പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതാണ്.

മേൽ പരാമർശിച്ച കാര്യങ്ങൾ സംബന്ധിച്ച വിശദമായ റിപ്പോർട്ടും ഫൗണ്ടേഷനിലാവശ്യമായ മാറ്റങ്ങൾ വരുത്തിയ സ്റ്റോർ ഷെഡിന്റെ പുതുക്കിയ എസ്റ്റിമേറ്റും ഉൾപ്പെടെയുള്ള പുതുക്കിയ പ്രോജക്ട് റിപ്പോർട്ട് 15-06-2022-ന് സർക്കാരിൽ ലഭ്യമാകുകയും ആയത് ധനകാര്യവകുപ്പിന്റെ പരിഗണനയ്ക്കായി നൽകുകയും ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത പ്രവൃത്തിക്ക് അടിയന്തരമായി ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പ്രസ്തുത പ്രവൃത്തിക്ക് ധനകാര്യവകുപ്പിൽനിന്നും അനുമതി ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കാവുന്നതാണ്.

## ഇരിക്കൂർ മണ്ഡലത്തിലെ മണക്കടവ് മൂരിക്കടവിൽ റെഗുലേറ്റർ -കം-ബ്രിഡ്ജ്

251 (1026) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിലെ ഉദയഗിരി പഞ്ചായത്തിലെ മണക്കടവ് മൂരിക്കടവിൽ ജലസേചന വകുപ്പ് മുഖേന റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ?

ഇരിക്കൂർ മണ്ഡലത്തിലെ ഉദയഗിരി പഞ്ചായത്തിലെ മണക്കടവ് മൂരിക്കടവിൽ റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിവരുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

(ബി&സി) പ്രസ്തുത പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയാക്കി IDRB-യിൽ സമർപ്പിക്കുകയും തുടർന്ന് IDRB ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും ലഭ്യമായ ഡിസൈൻ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. പ്രവൃത്തിയുടെ ആയക്കെട്ട് ലിസ്റ്റ്, ആയക്കെട്ട് മാപ്പ് എന്നിവ കൂടെ ലഭ്യമാക്കേണ്ടതുണ്ട്. ആയത് ലഭ്യമാക്കാൻ വില്ലേജ് ഓഫീസർ ഉദയഗിരി, കൃഷി ഓഫീസർ ഉദയഗിരി എന്നിവരോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയതു ലഭ്യമായാൽ, ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് പൂർത്തീകരിച്ച് തുടർനടപടി സ്വീകരിക്കാവുന്നതാണ്.

## റെഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതി

252 (1027) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ ഷിറിയ പുഴയിൽ നടപ്പിലാക്കുന്ന റെഗുലേറ്റർ-കം-ബ്രിഡ്ജ് പദ്ധതിയുടെ നിർമ്മാണ പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി തുടങ്ങുന്നതിന് കാലതാമസം നേരിടുന്നത് എന്തുകൊണ്ടെന്നും എപ്പോൾ തുടങ്ങാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

(എ&ബി) 1. ബംബ്രാണയിൽ റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ പ്രവൃത്തിക്ക് 35.04 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. മേൽപ്രവൃത്തിയുടെ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകുന്നതിന് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

2. മഞ്ചേശ്വരം മണ്ഡലത്തിലെ ഷിറിയ പുഴയിൽ അംഗഡിമൊഗർ-കിദ്ദൂർ എന്നിവിടങ്ങളിൽ കാസർഗോഡ് ഡെവലപ്മെന്റ് പാക്കേജിൽ ഉൾപ്പെടുത്തി റെഗുലേറ്റർ- കം- ബ്രിഡ്ജിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി

പൂർത്തീകരിച്ചിട്ടുണ്ട്. ഇതിൽ കിദൂർ എന്ന സ്ഥലത്ത് നടത്തിയ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിയുടെ റിപ്പോർട്ട്, ഡിസൈൻ ലഭിക്കുന്നതിനായി ചീഫ് എഞ്ചിനീയർ ഐ.ഡി.ആർ.ബി.-യുടെ കാര്യാലയത്തിലേയ്ക്ക് നൽകിയിട്ടുണ്ട്. ഡിസൈൻ ലഭിക്കുന്ന മുറയ്ക്ക് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള തുടർനടപടി സ്വീകരിക്കാവുന്നതാണ്.

**ഉടുമ്പനാശ്ശേരി പാലം നവീകരണം**

253 (1028) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിൽ 2022-23-ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ഉടുമ്പനാശ്ശേരി പാലം നവീകരണം, വി.സി.ബി. കം ബ്രിഡ്ജ് നിർമ്മാണം എന്നീ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഭരണാനുമതിക്കായി ആയത് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തരമായി ഭരണാനുമതി ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണം എത്ര കാലംകൊണ്ട് പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്;

(സി) നടപടികൾ ത്വരിതപ്പെടുത്തുന്നതിനാവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയ നിർദ്ദേശത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) സമയപരിധി നിശ്ചയിച്ച് പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകുമോ?

(എ-ഡി) 2022-23 സാമ്പത്തിക വർഷം ബഡ്ജറ്റ് എസ്റ്റിമേറ്റ് അനുബന്ധം-2 വോള്യം -2-ൽ ക്രമനം. 2237 ആയി ഭരണാനുമതിയില്ലാത്ത പ്രവൃത്തികളിൽ ഉൾപ്പെടുത്തിയിട്ടുള്ള ഉടുമ്പനാശ്ശേരി വി.സി.ബി. കം ബ്രിഡ്ജ് നിർമ്മാണം എന്ന പ്രവൃത്തിക്ക് എസ്റ്റിമേറ്റ് തുകയുടെ (300 ലക്ഷം രൂപ) ഇരുപത് ശതമാനം തുകയായ 60 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ടി പ്രവൃത്തി 4702-00-101-99-01-00-00-പി.വി.-MI Class I എന്ന ശീർഷകത്തിലാണ് ഏറ്റെടുക്കേണ്ടത്. 2022-23 സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിന് 1600 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇതിൽ 100 ലക്ഷം രൂപ വയനാട് ജില്ലയിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്കുവേണ്ടിയാണ് വകയിരുത്തിയിട്ടുള്ളത്. ബാക്കി 1500 ലക്ഷം തുക

വരുന്ന പദ്ധതികൾ ഏറ്റെടുക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുമുണ്ട്. ആയതിനാൽ 2022-23-ലെ ബഡ്ജറ്റ് അനുബന്ധം-2 വോള്യം-2-ലെ അവതരണക്കുറിപ്പിലെ നിർദ്ദേശ പ്രകാരം ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുകയായ 300 ലക്ഷം രൂപ 5054-80-800-66 എന്ന ശീർഷകത്തിൽനിന്ന് 4702-00-101-99-01-00-00-പി.വി.-MI Class I എന്ന ശീർഷകത്തിലേയ്ക്ക് അധിക തുകയായി വകയിരുത്തി ഭരണാനുമതി നൽകുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ പരിശോധിച്ചുവരുന്നു.

## ഉപ്പുവെള്ള പ്രതിരോധ ബണ്ട്

254 (1029) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2022-23 ബജറ്റിൽ 4 കോടി രൂപ വകയിരുത്തിയ കല്ല്യാശ്ശേരി മണ്ഡലത്തിലെ ഉപ്പുവെള്ള പ്രതിരോധ ബണ്ട് നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമാക്കുന്നതിന് ജലസേചന വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

2022-23 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് എസ്റ്റിമേറ്റ് അനുബന്ധം-2 വോള്യം-2 ൽ ക്രമ നം. 720 ആയി ഭരണാനുമതി ഇല്ലാത്ത

പ്രവൃത്തികളിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിലെ ഉപ്പുവെള്ള പ്രതിരോധ ബണ്ട് നിർമ്മാണ പ്രവൃത്തികൾക്കായി എസ്റ്റിമേറ്റ് തുകയുടെ (400 ലക്ഷം രൂപ) ഇരുപത് ശതമാനം തുകയായ 80 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതുസംബന്ധിച്ച പ്രൊപ്പോസൽ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കാവുന്നതാണ്.

## മലയാറ്റൂർ നീലീശ്വരത്ത് പുതിയ മോട്ടോർ സ്ഥാപിക്കൽ

255 (1030) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാറ്റൂർ നീലീശ്വരം പഞ്ചായത്തിൽ നമ്പർ 1, 2 എന്നീ പദ്ധതികളിൽ 100 എച്ച്.പി. മോട്ടോർ സ്ഥാപിക്കുന്നതിന് വകുപ്പുമന്ത്രിക്ക് നൽകിയ നിവേദനം 11/10/2021 -ലെ 3495 വി/പി. ഡബ്ല്യൂ.ആർ. നമ്പർ കത്തുപ്രകാരം തുടർനടപടിക്കായി ചീഫ് എഞ്ചിനീയർക്ക് നൽകിയ പ്രപ്പോസലിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(എ&ബി) ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും 23-10-2021-ൽ നിവേദനത്തിന്റെ പകർപ്പ് നടപടി സ്വീകരിക്കുന്നതിനായി മൈനർ ഇറിഗേഷൻ സെൻട്രൽ സർക്കിൾ, എറണാകുളത്തിന് നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ആയത് ലഭ്യമാകുന്നമുറയ്ക്ക് പരിശോധിച്ച് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

**കൽപ്പറ്റ മണ്ഡലത്തിലെ ജലവിഭവ വകുപ്പിന്റെ പ്രവൃത്തികൾ**

256 (1031) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ മണ്ഡലത്തിൽ നടപ്പുസാമ്പത്തിക വർഷം ജലവിഭവ വകുപ്പ് നടപ്പാക്കുന്ന പ്രവൃത്തികളുടെ വിശദാംശം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ;

(ബി) ഇതിനായി വകയിരുത്തിയ തുകയുടെ വിശദാംശം നൽകുമോ?

(എ&ബി) കൽപ്പറ്റ മണ്ഡലത്തിൽ നടപ്പുസാമ്പത്തിക വർഷം ജലവിഭവ വകുപ്പ് നടപ്പാക്കുന്ന പ്രവൃത്തികളുടെ പഞ്ചായത്ത് തിരിച്ചുള്ള

വിശദാംശവും വകയിരുത്തിയ തുകയും അനുബന്ധമായി ചേർത്തിരിക്കുന്നു.+

**നെന്മാറ മണ്ഡലത്തിലെ സീതാർകുണ്ട് പദ്ധതി**

257 (1032) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-ലെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച നെന്മാറ മണ്ഡലത്തിലെ സീതാർകുണ്ട് പദ്ധതി തുടങ്ങുന്നതുമായി ബന്ധപ്പെട്ട് നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിയെന്ന് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ?

(എ&ബി) നെന്മാറ മണ്ഡലത്തിലെ സീതാർകുണ്ട് ഡൈവേർഷൻ പദ്ധതിക്കായി പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനുള്ള ടോപോഗ്രാഫിക്കൽ സർവ്വേ KERI പീച്ചി കാര്യാലയത്തിനുകീഴിൽ പൂർത്തീകരിച്ചിട്ടുണ്ട്. ഹൈഡ്രോളജിക്കൽ റിപ്പോർട്ടിന്റെയും സർവ്വേയുടെയും മറ്റു പഠനങ്ങളുടെയും അടിസ്ഥാനത്തിൽ ഈ പദ്ധതിയുടെ പ്രീ ഫീസിബിലിറ്റി റിപ്പോർട്ട് Investigation for Water Resources Division, Palakkad

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തയ്യാറാക്കിയിട്ടുണ്ട്. KERI-യിൽ പ്രസ്തുത റിപ്പോർട്ടിന്റെ വിശകലനം നടന്നുവരുന്നു. ആയത് പൂർത്തിയാകുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കാവുന്നതാണ്.

**ഫലപ്രദമായ ജലസേചന സംവിധാനങ്ങൾ**

258 (1033) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷകരെ സഹായിക്കാൻ ഫലപ്രദമായ രീതിയിൽ ജലസേചന സംവിധാനങ്ങൾ ആവിഷ്കരിച്ചുകൊണ്ട് കാർഷികമേഖലയ്ക്ക് തുണയാകാൻ വകുപ്പിന് സാധിക്കാത്തതായി പറയപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്ത് നിലവിലുള്ള 16 പ്രധാന ജലസേചന പദ്ധതികൾ മുഖേന കാർഷിക മേഖലയ്ക്ക് ജലസേചനം നടത്തിവരുന്നു. നിയമസഭാ സാമാജികരുടെയും കൃഷിക്കാരുടെയും ജനങ്ങളുടെയും ആവശ്യപ്രകാരം സംസ്ഥാനത്ത് ഫലപ്രദമായ രീതിയിൽ

ജലസേചന സംവിധാനങ്ങൾ ആവിഷ്കരിക്കുന്നതിന് ജലസേചനവകുപ്പ് പ്രത്യേക ശ്രദ്ധചെലുത്തി പുതിയ ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളും വി.സി.ബി (Vented Cross Bar)-കളും ആർ.സി.ബി (Regulator Cum Bridge)-കളും മറ്റ് ചെറുകിട ജലസേചന പദ്ധതികളും നടപ്പാക്കിവരുന്നു.

(ബി) സംസ്ഥാനത്ത് കാലാവസ്ഥാ വ്യതിയാനംമൂലം കാർഷിക രീതികളിലുണ്ടായ മാറ്റങ്ങൾകൂടി ഉൾക്കൊണ്ടുകൊണ്ട് സൗകര്യപ്രദമായ ജലസേചന സംവിധാനങ്ങൾ ആവിഷ്കരിച്ച് കാർഷികമേഖലയ്ക്ക് പിന്തുണ നൽകുവാൻ തയ്യാറാകുമോ; വിശദാംശം ലഭ്യമാക്കുമോ?

കാലാവസ്ഥാ വ്യതിയാനംമൂലമുണ്ടാകുന്ന കാർഷിക മേഖലയിലെ മാറ്റങ്ങൾ കണക്കിലെടുത്ത് കൃഷിക്കുവേണ്ടി കൃത്യവും കാര്യക്ഷമവുമായി ജലം നൽകുന്നതിന് സാധിക്കുന്ന ഒരു കൃഷി രീതിയാണ് മൈക്രോ ഇറിഗേഷൻ അഥവാ സൂക്ഷ്മ ജലസേചനം.

സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതികൾ നടപ്പാക്കുന്നതിനായി നടപടികളാരംഭിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ കരടിപ്പാറയിൽ ഇതിന്റെ ഭാഗമായി പദ്ധതി പൂർത്തിയായിട്ടുണ്ട്. എറണാകുളം, കോഴിക്കോട്, കാസർഗോഡ്, തൃശ്ശൂർ, ഇടുക്കി, വയനാട്

എന്നീ ജില്ലകളിൽ 6 പ്രവൃത്തികൾ പല ഘട്ടങ്ങളായി നടന്നുവരുന്നു. കൂടാതെ റീ ബിൽഡ് കേരളയുടെ ധനസഹായത്തോടെ KIIDC മുഖേന പാലക്കാട് ജില്ലയിൽ 5 പ്രവൃത്തികൾ നടപ്പാക്കിവരുന്നു.

അപ്പർ കുട്ടനാട് മേഖലയിൽ തോടുകളിലും നീർച്ചാലുകളിലും അടിഞ്ഞുകൂടിയ ചെളിയും മാലിന്യങ്ങളും നീക്കം ചെയ്ത് നീരൊഴുക്ക് സുഗമമാക്കുന്നതിനാവശ്യമായ പദ്ധതികളും മോട്ടോർതറ, മോട്ടോർഷെഡ് എന്നിവയുടെ നിർമ്മാണങ്ങളും പുനരുദ്ധാരണവും കുട്ടനാട് മേഖലയിൽ പാടശേഖരങ്ങളുടെ പുറംബണ്ട് ബലപ്പെടുത്തി മടവീഴ്ച തടയുകയും പൊതുമട/ുമ്പ് എന്നിവയുടെ നിർമ്മാണവും നടത്തിവരുന്നു.

(സി) നെല്ല്, നാണ്യവിളകൾ തുടങ്ങിയവയുടെ ഉല്പാദനം മെച്ചപ്പെടുത്തുന്നതിനായി ശാസ്ത്രീയമായ ജലസേചന മാർഗ്ഗങ്ങൾ ആവിഷ്കരിക്കുന്നതിനും ആയത് ഫലപ്രദമായി നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

നെല്ല്, നാണ്യവിളകൾ തുടങ്ങിയവയുടെ ഉത്പാദനം മെച്ചപ്പെടുത്തുന്നതിനും പാടശേഖര സംരക്ഷണത്തിനുമായി പ്ലാൻ, നോൺ പ്ലാൻ, നബാർഡ്, എസ്.ഡി.ആർ.എഫ്. തുടങ്ങിയ

പദ്ധതികളിലുൾപ്പെടുത്തി വിവിധ പ്രവൃത്തികൾ നടപ്പാക്കിവരുന്നുണ്ട്. നാഷണൽ സെന്റർ ഫോർ അഗ്രികൾച്ചർ എക്കണോമിക്സ് & പോളിസി റിസർച്ച്, ന്യൂഡൽഹിയുടെ പഠനമനുസരിച്ച് കേരളത്തിന്റെ മൈക്രോ ഇറിഗേഷൻ സാധ്യത 2.7 ലക്ഷം ഹെക്ടറാണ്. കനാലുകളിൽനിന്നും വളരെ അകലെയുള്ള കൃഷിയിടത്തേയ്ക്കും കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതിയിലൂടെ ജലം എത്തിക്കാനാകും. കുളങ്ങൾ, തടയണകൾ, വി.സി.ബി.-കൾ, ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ എന്നിവ കേന്ദ്രീകരിച്ചും പദ്ധതി നടപ്പാക്കുന്നതിന്റെ സാധ്യതകൾ കണ്ടെത്തിയാണ് മൈക്രോ ഇറിഗേഷൻ നടപ്പാക്കുന്നത്.

കാർഷിക വികസന കർഷക ക്ഷേമ വകുപ്പുമായി ചേർന്നാണ് സൂക്ഷ്മ ജലസേചന പദ്ധതികൾ മുൻഗണനാക്രമത്തിൽ കണ്ടെത്തുന്നത്. ഇതുകൂടാതെ കുടുംബശ്രീ മുതലായ പദ്ധതികളിലൂടെയും മൈക്രോ ഇറിഗേഷൻ നടപ്പാക്കുന്നതിന് ശ്രമിച്ചുവരുന്നു. അടുത്ത 5 വർഷക്കാലംകൊണ്ട് കേരളത്തിൽ 50000 ഹെക്ടർ സ്ഥലത്ത് സാമൂഹികാധിഷ്ഠിത മൈക്രോ ഇറിഗേഷൻ ഏറ്റെടുത്തുനടത്താൻ ലക്ഷ്യമിടുന്നു. ഇതിനായി 14 ജില്ലകളിൽ വർഷം ആകെ 10000 ഹെക്ടർ സ്ഥലം മൈക്രോ ഇറിഗേഷൻ കൃഷിക്ക്

പര്യാപ്തമാക്കേണ്ടതായിട്ടുണ്ട്. ഇതിലേയ്ക്കായി 14 ജില്ലകളിൽ ചുരുങ്ങിയത് ഒരു മാതൃകാ പദ്ധതിയെങ്കിലും നടപ്പാക്കാനാണ് ലക്ഷ്യമിടുന്നത്. ഈ പദ്ധതിയിൽ എല്ലാ കൃഷിസ്ഥലങ്ങളും ഏകോപിപ്പിച്ച് 40 ഹെക്ടർ മുതൽ 100 ഹെക്ടർ വരെയുള്ള കൃഷിസ്ഥലങ്ങളിൽ കർഷകരുടെ കൂട്ടായ്മയിൽ നിലവിലുള്ള എല്ലാ വിളകൾക്കും മൈക്രോ ഇറിഗേഷനിലൂടെ ജലസേചനം നൽകാൻ സാധിക്കും.

**കോട്ടയ്ക്കൽ മണ്ഡലത്തിൽ മേജർ-മൈനർ ഇറിഗേഷൻ പ്രവൃത്തികൾ**

259 (1034) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിൽ നടപ്പാക്കുന്നതിനായി മേജർ-മൈനർ ഇറിഗേഷൻ വകുപ്പ് 2021-22, 2022-23 വർഷങ്ങളിലേയ്ക്ക് ഏതെല്ലാം പ്രവൃത്തികൾക്കാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് എന്നറിയിക്കുമോ?

കോട്ടക്കൽ നിയോജകമണ്ഡലത്തിൽ മൈനർ-മേജർ ഇറിഗേഷൻ വകുപ്പിനു കീഴിൽ 2021-22, 2022-23 വർഷങ്ങളിൽ തയ്യാറാക്കിയ എസ്റ്റിമേറ്റുകളുടെ വിശദാംശങ്ങൾ അനുബന്ധം-1* ആയി ചേർക്കുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഭരണാനുമതി ലഭിച്ചിട്ടുള്ളവ ഏതെന്നും അവയുടെ നിർവ്വഹണ പുരോഗതി എന്തെന്നും വിശദമാക്കുമോ?

പ്രസ്തുത പ്രവൃത്തികളിൽ ഭരണാനുമതി ലഭിച്ചിട്ടുള്ളവയും അവയുടെ നിർവഹണ പുരോഗതിയും അനുബന്ധം-2* ആയി ചേർക്കുന്നു.

(സി) ചീഫ് എഞ്ചിനീയർതലത്തിൽ ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികളുടെയും ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുള്ള പ്രവൃത്തികളുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ചീഫ് എഞ്ചിനീയർതലത്തിൽ ഭരണാനുമതി നൽകിയിട്ടുള്ള/ ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുള്ള പ്രവൃത്തികളുടെ വിശദാംശം അനുബന്ധം-3* ആയി ചേർക്കുന്നു.

**കടുത്തുരുത്തി മണ്ഡലത്തിലെ വെള്ളക്കെട്ട് തടയാൻ നടപടി**

260 (1035) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി മണ്ഡലത്തിലെ മുളക്കുളം പഞ്ചായത്തിലെ ഇടയാറ്റുപാടത്ത് വെള്ളം കയറുന്നത് തടയുന്നതിന് 2018-ലെ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ഡി.എസ്.ആർ. പ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത എസ്റ്റിമേറ്റ് മുൻഗണന പട്ടികയിലുൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) 2022-23 വാർഷിക പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിനായി ഫയൽ നമ്പർ എം.ഐ.3/93/21 പ്രകാരമുള്ള പ്രസ്തുത ആവശ്യം സംബന്ധിച്ച് ഇടയാറ്റുപാടശേഖര സമിതി നിവേദനം സമർപ്പിച്ചിരുന്നെങ്കിലും ഭരണാനുമതിക്കുവേണ്ടിയുള്ള തീരുമാനം വൈകുന്നതിന് കാരണം വ്യക്തമാക്കുമോ; പദ്ധതിക്ക് എത്രയും വേഗം അനുമതി നൽകുവാൻ നടപടി സ്വീകരിക്കുമോ?

(എ-സി) ഇടയാറ്റുപാടശേഖര സമിതി നിവേദനം സമർപ്പിച്ചതനുസരിച്ച് ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിക്കുകയും കർഷകരുമായും ജനപ്രതിനിധികളുമായും ചർച്ചകൾ നടത്തുകയും ചെയ്തിട്ടുണ്ട്. ഒരുവിഭാഗം കർഷകർ റെഗുലേറ്റർ നിർമ്മിക്കണമെന്ന് ആവശ്യപ്പെടുകയും റെഗുലേറ്ററിന് താഴ്ഭാഗത്തുവരുന്ന കർഷകർ അതിനെ എതിർക്കുകയും ചെയ്തു. ആയതിനാൽ വിശദമായ സർവ്വേ നടത്തിയാൽ മാത്രമേ പദ്ധതി നടപ്പാക്കാൻ സാധിക്കുകയുള്ളൂ. അതിനുശേഷം എത്രയുംവേഗം എസ്റ്റിമേറ്റ്

തയ്യാറാക്കി മുൻഗണനാ പട്ടികയിലുൾപ്പെടുത്തി തുടർനടപടി സ്വീകരിക്കാവുന്നതാണ്.

**തോട്ടുമുഖം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി**

261 (1036) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽപ്പെട്ട മൂന്ന് പഞ്ചായത്തുകൾക്ക് കുടിവെള്ള ലഭ്യത, ജലസേചന സൗകര്യം എന്നിവയ്ക്ക് സഹായകരമാകുന്ന തോട്ടുമുഖം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നിർമ്മാണം ആരംഭിച്ച് വർഷങ്ങൾ പിന്നിട്ടിട്ടും പൂർത്തിയാക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത നിർമ്മാണം പൂർത്തിയാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ തടസ്സങ്ങൾ നീക്കുന്നതിനും ഇലക്ട്രിക്കൽ വർക്കുകൾ ഉൾപ്പെടെയുള്ള മുഴുവൻ പ്രവൃത്തികളും പൂർത്തീകരിച്ച് പദ്ധതി ജനങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ?

(ബി&സി) പ്രസ്തുത നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള തടസ്സം നിലനിൽക്കുന്നുണ്ട്. 28-03-2022-ന് കാലാവധി പൂർത്തിയായ മേൽപ്രവൃത്തിക്ക് കരാറുകാരൻ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ചിരുന്നില്ല. 11-05-2022-ന് വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത് ഹാളിൽ പുതുക്കാട് എം.എൽ.എ.-യുടെ സാന്നിദ്ധ്യത്തിൽ നടന്ന സർവ്വകക്ഷി യോഗത്തിൽ തോട്ടുമുഖം ലിഫ്റ്റ് ഇറിഗേഷനുമായി ബന്ധപ്പെട്ട് പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിന് നിലനിന്നിരുന്ന തടസ്സങ്ങൾ അതുമായി ബന്ധപ്പെട്ട വ്യക്തികളുമായി ചർച്ച ചെയ്യുകയും തൊട്ടടുത്ത ദിവസങ്ങളിൽ പരിഹരിക്കുകയും സ്ഥലം ലഭ്യമാക്കുകയും ചെയ്തതിനെത്തുടർന്ന് കരാറുകാരൻ പൂർത്തീകരണ കാലാവധി 31-12-2022- വരെ ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ സമർപ്പിച്ചിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിന് ജി.എസ്.ടി. ലഭിക്കാത്തതിനാൽ കരാറുകാരൻ പ്രവൃത്തി തുടരാൻ തയ്യാറാകുന്നില്ലെന്ന തടസ്സമാണ് നിലനിൽക്കുന്നത്. കൂടാതെ ടി പദ്ധതിയുമായി ബന്ധപ്പെട്ട ഇലക്ട്രിക്കൽ പ്രവൃത്തി രണ്ടു തവണ ടെണ്ടർ ക്ഷണിച്ചിട്ടും പ്രതികരണമൊന്നും ലഭിക്കാത്തതിനാൽ റീ-ടെണ്ടർ ചെയ്തിരിക്കുകയാണ്.

## കാസർഗോഡ് മണ്ഡലത്തിലെ ജലവിഭവ വകുപ്പ് പ്രവൃത്തികൾ

262 (1037) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മണ്ഡലത്തിൽ 2011-2016, 2016-2021 കാലയളവിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ജലവിഭവ വകുപ്പ് ഫണ്ട് അനുവദിച്ചിരുന്നുവെന്ന് പഞ്ചായത്ത് തിരിച്ച് വിശദമാക്കുമോ;

(ബി) അനുവദിച്ച തുക ഉപയോഗിച്ച് ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും ഇനിയും പൂർത്തീകരിക്കുവാനുള്ളവ ഏതൊക്കെയാണെന്നും അറിയിക്കുമോ?

(എ&ബി) കാസർഗോഡ് മണ്ഡലത്തിൽ 2011-2016, 2016-2021 കാലയളവിൽ നടപ്പാക്കിയ പ്രവൃത്തികളുടെ വിശദാംശം അനുബന്ധം (എ)* ആയി ചേർത്തിരിക്കുന്നു.

(സി) മണ്ഡലത്തിലെ പുതിയ പ്രൊപ്പോസലുകൾ ഏതെല്ലാമാണെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ;

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ഡി) പ്രസ്തുത പ്രൊപ്പോസലുകളുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിരുന്നോ എന്നും ഭരണാനുമതി എപ്പോൾ ലഭ്യമാകുമെന്നും വ്യക്തമാക്കുമോ?

(സി&ഡി) കാസർഗോഡ് മണ്ഡലത്തിലെ പുതിയ പ്രൊപ്പോസലുകളും അവയുടെ നിലവിലെ സ്ഥിതിയും പഞ്ചായത്ത് തിരിച്ച് അനുബന്ധം (ബി)* ആയി ചേർത്തിരിക്കുന്നു.

**അങ്കണവാടിക്ക് മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടിന്റെ ഭൂമി**

263 (1038) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി മണ്ഡലത്തിലെ മാഞ്ഞൂർ, ഉഴവൂർ പഞ്ചായത്തുകളിൽ മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടിന്റെ സ്ഥലത്ത് അങ്കണവാടി നിർമ്മിക്കുന്നതിന് ഭൂമി അനുവദിക്കുന്നതിനുവേണ്ടി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ?

റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് ഇറിഗേഷൻ വകുപ്പ് ചീഫ് എഞ്ചിനീയർ അധിക വിവരം നൽകണമെന്നാവശ്യപ്പെട്ട് സർക്കാർ നൽകിയിരിക്കുന്ന

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കത്തിന് മറുപടി നൽകിയിട്ടുണ്ടോ; മറുപടി നൽകുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ടോ; വിശദീകരിക്കുമോ?

ഒരു അങ്കണവാടിക്ക് കുറഞ്ഞത് എത്ര സ്ഥലം ആവശ്യമായി വരുമെന്നത് സംബന്ധിച്ച വ്യക്തതയ്ക്കുവേണ്ടിയാണ് ചീഫ് എഞ്ചിനീയറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നത്. ഇതുസംബന്ധമായ വിവരത്തിനായി 13-06-2022-ൽ ചീഫ് എഞ്ചിനീയർ വനിത-ശിശുവികസന വകുപ്പ് ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. മറുപടി സർക്കാരിൽ ലഭിച്ചിട്ടില്ല.

(സി) മേൽ സൂചിപ്പിച്ച പഞ്ചായത്തുകളിൽ എം.വി.ഐ.പി.-യുടെ അധീനതയിൽ വെറുതെ കിടക്കുന്ന സ്ഥലം നിബന്ധനകൾക്ക് വിധേയമായി അങ്കണവാടി നിർമ്മിക്കുന്നതിന് വിട്ടുകൊടുക്കുവാൻ നടപടി സ്വീകരിക്കുമോ?

ഈ വിഷയം പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ്.

(ഡി) പ്രസ്തുത വിഷയം സംബന്ധിച്ച ഫയൽ ഇപ്പോൾ ആരുടെ പക്കലാണെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത വിഷയത്തെ സംബന്ധിച്ച് വ്യക്തത വനിത-ശിശുവികസന വകുപ്പിൽനിന്നും ലഭ്യമാകേണ്ടതായിട്ടുണ്ട്.

## കുറ്റ്യാടി ഇറിഗേഷൻ വക ഭൂമി

264 (1039) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പുതുപ്പണം എന്ന സ്ഥലത്ത് കുറ്റ്യാടി ഇറിഗേഷന്റെ കൈവശം എത്ര ഭൂമിയുണ്ടായിരുന്നുവെന്ന് വ്യക്തമാക്കുമോ?

കോഴിക്കോട് ജില്ലയിലെ പുതുപ്പണം എന്ന സ്ഥലത്ത് കുറ്റ്യാടി ഇറിഗേഷന്റെ കൈവശം 2 ഹെക്ടർ 65.05 ആർ ഭൂമിയുണ്ടായിരുന്നു.

(ബി) പ്രസ്തുത ഭൂമിയിൽനിന്ന് മറ്റു വകുപ്പുകളുടെ പ്രവർത്തനങ്ങൾക്കും കെട്ടിടം നിർമ്മാണത്തിനും കൈമാറിയിട്ടുള്ള ഭൂമിയുടെ അളവ്, കൈമാറിയ തീയതി, ഏറ്റെടുത്ത വകുപ്പ് തുടങ്ങിയ വിശദാംശം ലഭ്യമാക്കുമോ?

പ്രസ്തുത ഭൂമിയിൽനിന്ന് 14-03-2018-ൽ 24.31 ആർ ഭൂമി ജയിൽ വകുപ്പിന് കൈമാറിയിട്ടുണ്ട്. 15-12-2004-ൽ പോലീസ് വകുപ്പിന് 49.45 ആർ ഭൂമി കൈമാറിയിട്ടുണ്ട്. 14-03-2018-ൽ പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിന് 12.09 ആർ ഭൂമികൈമാറിയിട്ടുണ്ട്.

(സി) പുതുപ്പണത്ത് കുറ്റ്യാടി ഇറിഗേഷന്റെ കൈവശം എത്ര ഭൂമി ബാക്കിയുണ്ടെന്ന് വ്യക്തമാക്കുമോ?

പുതുപ്പണത്ത് കുറ്റ്യാടി ഇറിഗേഷന്റെ കൈവശം നിലവിൽ 1 ഹെക്ടർ 79.94 ആർ ഭൂമി ബാക്കിയുണ്ട്.

(ഡി) പുതുപ്പണത്ത് കുറ്റ്യാടി ഇറിഗേഷൻ വിഭാഗത്തിന്റെ എന്തൊക്കെ പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്?

കുറ്റ്യാടി ഇറിഗേഷൻ വിഭാഗത്തിന്റെ കനാൽ സബ് ഡിവിഷൻ ഓഫീസ് വടകര, കനാൽ സെക്ഷൻ നം.1, വടകര, കനാൽ സെക്ഷൻ നം.3, വടകര എന്നീ ഓഫീസുകൾ പ്രവർത്തിക്കുന്നു. വർഷാവർഷം ജലവിതരണവുമായി ബന്ധപ്പെട്ട് കനാലിലെ പ്രവൃത്തികൾ നടത്തിവരുന്നുണ്ട്.

(ഇ) കുറ്റ്യാടി ഇറിഗേഷനുമായി ബന്ധപ്പെട്ട് ഭാവിയിൽ എന്തെങ്കിലും പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉണ്ട്. പുതുപ്പണത്ത് ഇറിഗേഷൻ കോംപ്ലക്സ് നിർമ്മിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആലോചനയിലാണ്.

## തിരൂർ നിയോജകമണ്ഡലത്തിൽ പ്രവൃത്തി പൂർത്തിയാക്കാനുള്ള പദ്ധതികൾ

265 (1040) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ നിയോജകമണ്ഡലത്തിൽ മൈനർ/മേജർ ഇറിഗേഷൻ വകുപ്പിന്റെ പ്രവൃത്തി പൂർത്തിയാക്കാനുള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയാണെന്നും ഓരോ പ്രവൃത്തിയും നിലവിൽ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ?

(എ&ബി) തിരൂർ നിയോജകമണ്ഡലത്തിൽ മൈനർ/മേജർ ഇറിഗേഷൻ വകുപ്പിന്റെ പ്രവൃത്തി പൂർത്തിയാക്കാനുള്ള പദ്ധതികൾ, ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ അനുബന്ധം (എ)* ആയി ചേർത്തിരിക്കുന്നു.

(സി) പ്രസ്തുത നിയോജകമണ്ഡലത്തിലെ പ്രവൃത്തി പൂർത്തിയാക്കാത്ത കുടിവെള്ള പദ്ധതികൾ ഏതൊക്കെയാണെന്നും പ്രസ്തുത പദ്ധതികൾ എപ്പോൾ പൂർത്തിയാക്കാനാകുമെന്നും അറിയിക്കുമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തിരൂർ നിയോജകമണ്ഡലത്തിൽ പൂർത്തിയാക്കാത്ത കുടിവെള്ള പദ്ധതികളും നിലവിലെ സ്ഥിതിയും അനുബന്ധം (ബി)* ആയി ചേർത്തിരിക്കുന്നു.

**കാട്ടാക്കട മണ്ഡലത്തിലെ നബാർഡിന്റെ പരിഗണനയ്ക്കായി സമർപ്പിക്കപ്പെട്ട പ്രോജക്ട്**

266 (1041) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട മണ്ഡലത്തിൽനിന്നും ഇംപ്രൂവിംഗ് ഇറിഗേഷൻ ഫോർ വേരിയസ് ഏല ഇൻ കാട്ടാക്കട കോൺസ്റ്റിറ്റ്യൂൻസി എന്ന പ്രോജക്ട് നബാർഡ് (2022-23)-ന്റെ ട്രാൻഞ്ചെ 28-ന്റെ പരിഗണനയ്ക്കായി സമർപ്പിക്കപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കാമോ?

കാട്ടാക്കട നിയോജകമണ്ഡലത്തിലെ 'ഇംപ്രൂവിംഗ് ഇറിഗേഷൻ ഫെസിലിറ്റീസ് ഫോർ വേരിയസ് ഏല ഇൻ കാട്ടാക്കട കോൺസ്റ്റിറ്റ്യൂൻസി' എന്ന പദ്ധതി RIDF ട്രാഞ്ചെ XXVIII-ൽ (2022-23) ഉൾപ്പെടുത്തുന്നതിനുള്ള ശിപാർശ സഹിതം പുതുക്കിയ DSR-2018 പ്രകാരം

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തയ്യാറാക്കിയ DPR ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

**പിണ്ടിമന പഞ്ചായത്തിൽ പൊതുകളിസ്ഥലം**

267 (1042) <u>ശ്രീ. ആന്റണി ജോൺ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ പിണ്ടിമന പഞ്ചായത്തിൽ പെരിയാർവാലി ഇറിഗേഷൻ പ്രോജക്ടിന്റെ വർഷങ്ങളായി ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലം, പൊതുകളിസ്ഥലം നിർമ്മിക്കുന്നതിനായി പഞ്ചായത്തിന് വിട്ടുനൽകണമെന്ന പഞ്ചായത്ത് കമ്മിറ്റിയുടെ അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത സ്ഥലം ജലസേചനവകുപ്പിന്റെ ഉടമസ്ഥതയിൽതന്നെ നിലനിർത്തിക്കൊണ്ട് കളിസ്ഥലം നിർമ്മിക്കുവാൻ പഞ്ചായത്തിന് അനുമതി നൽകാമെന്ന ഉദ്യോഗസ്ഥതല റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ?

ലഭിച്ചിട്ടുണ്ട്.

(സി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടി വിശദമാക്കുമോ?

പദ്ധതി വിഭാഗം-2 ചീഫ് എഞ്ചിനീയർ സമർപ്പിച്ച റിപ്പോർട്ട് പര്യാപ്തമല്ലാത്തതിനാൽ സ്ഥലത്തിന്റെ ലഭ്യത സംബന്ധിച്ചും വകുപ്പിന്റെ ഭാവി ആവശ്യങ്ങൾക്കനുസരിച്ചും വിശദമായ റിപ്പോർട്ട് നൽകുവാൻ ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ടി റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് ആയത് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

(ഡി) പ്രസ്തുത സ്ഥലം ഉപയോഗശൂന്യമായി കിടക്കുന്നതും പല ആവശ്യങ്ങൾക്കായി നാട്ടുകാർ ഉപയോഗിച്ചുവരുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) അവിടെ പൊതുകളിസ്ഥലം നിർമ്മിക്കുന്നതിനായി പഞ്ചായത്ത് നൽകിയിട്ടുള്ള അപേക്ഷയിൽ അനുകൂല തീരുമാനം കൈക്കൊള്ളുമോ എന്നറിയിക്കുമോ ?

വിഷയം പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ്.

## കീച്ചേരി സ്റ്റേഡിയത്തിന് സ്ഥലം വിട്ടുനൽകൽ

268 (1043) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നഗരസഭയിലെ കീച്ചേരിയിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിന് ജലവിഭവ വകുപ്പിന്റെ സ്ഥലം വിട്ടുനൽകുന്നത് സംബന്ധിച്ച് വകുപ്പുമന്ത്രിക്ക് നൽകിയ അപേക്ഷയിൽ കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത സ്ഥലം വിട്ടുനൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

(എ&ബി) മട്ടന്നൂർ നഗരസഭയിലെ കീച്ചേരിയിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിന് ജലവിഭവ വകുപ്പിന്റെ സ്ഥലം വിട്ടുനൽകുന്നത് സംബന്ധിച്ച് ലഭിച്ച അപേക്ഷയിന്മേൽ പദ്ധതി വിഭാഗം-1 ചീഫ് എഞ്ചിനീയറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. ടി റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ്.

## തൃക്കാക്കര മണ്ഡലത്തിലെ കുടിവെള്ള പ്രശ്നം

269 (1044) <u>ശ്രീമതി ഉമ തോമസ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര മണ്ഡലത്തിലെ കുടിവെള്ള പ്രശ്നത്തിന് പരിഹാരം കാണുന്നതിനായി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന മീറ്റിംഗുകളുടെ മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കുമോ; പ്രസ്തുത യോഗതീരുമാനങ്ങളിന്മേൽ ഇതുവരെ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

തൃക്കാക്കര മണ്ഡലത്തിലെ കുടിവെള്ള പ്രശ്നത്തിന് പരിഹാരം കാണുന്നതിനായി 05-07-2021-ന് ജലവിഭവ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഓൺലൈനായി ചേർന്ന അവലോകന യോഗത്തിന്റെ മിനിറ്റ്സിന്റെ പകർപ്പും സ്വീകരിച്ച തുടർനടപടികളുടെ റിപ്പോർട്ടും അനുബന്ധമായി* ചേർക്കുന്നു.

(ബി) ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പദ്ധതി രേഖകൾ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ? ഇല്ലെങ്കിൽ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കി

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സമയബന്ധിതമായി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. ആലുവയിൽ ജലശുദ്ധീകരണശാല സ്ഥാപിക്കുന്നതിനായി 130 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ ജലശുദ്ധീകരണശാലയിൽ നിന്നും തൃക്കാക്കരയ്ക്ക് 42 MLD ജലം വിഭാവന ചെയ്തിരുന്നു. ഈ അധികജലം എത്തിത്തുടങ്ങുമ്പോൾ വിതരണത്തിനുവേണ്ടി കൊച്ചി യൂണിവേഴ്സിറ്റി കോമ്പൗണ്ടിൽ വാട്ടർ അതോറിറ്റിയുടെ സ്ഥലത്ത് ഒരു പുതിയ ഭൂഗർഭടാങ്കിനും അവിടെനിന്നുള്ള വിതരണലൈനിനും തൃക്കാക്കര ഒലിമുകൾ ഉപരിതല ടാങ്കിനും അവിടെനിന്ന് വിതരണക്കുഴലുമായി ബന്ധിപ്പിക്കാനുള്ള കുഴലുകൾ സ്ഥാപിക്കാനുമായി 46 കോടി രൂപയുടെ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിരുന്നു. എന്നാൽ 143 MLD ജലശുദ്ധീകരണശാല പുതുക്കി പകരം 190 MLD ജലശുദ്ധീകരണശാലയാക്കി മാറ്റുവാൻ 285 കോടി രൂപയുടെ ഒരു പദ്ധതി രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ ഇൻടേക്ക്‌വെൽ, 190 MLD ജലശുദ്ധീകരണശാല, പ്രധാന ജലവാഹിനിക്കുഴലുകൾ, ജലസംഭരണികൾ, ഇലക്ട്രോ മെക്കാനിക്കൽ ഘടകങ്ങൾ തുടങ്ങിയവ ഉൾപ്പെടുന്നു. ഈ രൂപരേഖ പ്രകാരം തൃക്കാക്കരയ്ക്ക് 55.86 MLD ജലം നൽകുവാൻ സാധിക്കും.

അമൃത് -2 പദ്ധതിയിൽ ലഭ്യമായ തുകയ്ക്ക് കൊച്ചി യൂണിവേഴ്സിറ്റിയിലുള്ള വാട്ടർ അതോറിറ്റി സ്ഥലത്ത് തൃക്കാക്കരയ്ക്കുവേണ്ടി ഭൂഗർഭ ടാങ്ക് പണിയുന്നതിനുള്ള 3.05 കോടി രൂപയുടെ ഒരു രൂപരേഖ സമർപ്പിച്ചിട്ടുണ്ട് .

### ഗാർഹിക കിണറുകളുടെ സംരക്ഷണം

270 (1045) ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. മാത്യു ടി. തോമസ്:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാർഹിക കിണറുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി നടപ്പാക്കിവരുന്ന പദ്ധതികൾ എന്തൊക്കെ; ഏതെല്ലാം ഏജൻസികൾ മുഖേനയാണ് പദ്ധതി നിർവ്വഹണം നടത്തുന്നത്; വ്യക്തമാക്കുമോ?

സംസ്ഥാന സർക്കാരിന്റെ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ള മഴവെള്ള സംരക്ഷണം ഭൂജലപരിപോഷണം പദ്ധതിയുടെ ഭാഗമായി കെ.ആർ.ഡബ്ല്യൂ.എസ്സ്.(എ) മുഖാന്തരം ഗാർഹിക കിണറുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി ഗ്രാമപഞ്ചായത്തുകളുടെ സഹകരണത്തോടെ പദ്ധതി നടപ്പാക്കുന്നു. 2020-21, 2021-22 എന്നീ

സാമ്പത്തിക വർഷങ്ങളിലായി പദ്ധതിയിലുൾപ്പെടുത്തി 10 ഗ്രാമപഞ്ചായത്തുകളിലെ തെരഞ്ഞെടുക്കപ്പെട്ട 1670 കിണറുകളുടെ നിർമ്മാണജോലികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. നടപ്പ് സാമ്പത്തികവർഷം ഗാർഹിക കിണറുകളുടെ സംരക്ഷണത്തിനായി 4 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ ഗ്രാമപഞ്ചായത്തുകൾവഴി നടപ്പാക്കുവാനുള്ള ക്രമീകരണങ്ങൾ പുരോഗമിക്കുന്നു.

(ബി) പ്രസ്തുത പദ്ധതികളുടെ ഭാഗമായി നടപ്പാക്കുവാൻ കഴിഞ്ഞ സംരക്ഷണ പ്രവർത്തനങ്ങൾ വിശദമാക്കുമോ?

പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട വീടുകളിലെ മേൽക്കൂരയിൽ പതിക്കുന്ന മഴവെള്ളം പാത്തി, പൈപ്പ്, ഫിൽറ്റർ സംവിധാനം എന്നിവ സ്ഥാപിച്ച് റീചാർജ്ജ് ചെയ്യുക, ആൾമറ, കിണറിന്റെ ചുറ്റും പ്ലാറ്റ് ഫോം, കിണർ വൃത്തിയാക്കൽ, പമ്പ്സെറ്റ് സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ ഉൾപ്പെടുന്നു. കിണർ റീച്ചാർജ്ജിംഗ് ഒഴികെയുള്ള ആനുകൂല്യം ബി.പി.എൽ. കുടുംബങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തിയാണ് നടപ്പാക്കുന്നത്. ഏറെ പ്രയോജനകരമായ ഈ പദ്ധതി കൂടുതൽ

വീടുകളിലേയ്ക്ക് സ്ഥാപിക്കുന്നതിന്റെ ഭാഗമായി നടപ്പ് സാമ്പത്തികവർഷം 460 കിണറുകൾക്കൂടി ഉൾപ്പെടുത്തി പദ്ധതി നടപ്പാക്കുവാൻ അംഗീകാരം നൽകിയിട്ടുണ്ട്. ഇപ്രകാരം ചെയ്യുന്നതിലൂടെ കിണറുകളുടെ സംരക്ഷണം, ശുചിത്വം, പരിപാലനം സർവ്വോപരി ഈ സ്രോതസ്സുകൾ സുസ്ഥിര ജലലഭ്യതയുള്ളതാക്കി മാറ്റുക എന്നിവയാണ് ലക്ഷ്യമിടുന്നത്.

## മിതമായ വിലയിൽ കുപ്പിവെള്ളം

271 (1046) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുപ്പിവെള്ള കച്ചവടത്തിലെ സ്വകാര്യ കമ്പനികളുടെ കടന്നുകയറ്റവും അമിത വില ഈടാക്കലും തടയുന്നതിന് മുൻസർക്കാരും ഈ സർക്കാരും സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

പൊതുജനങ്ങൾക്ക് കുപ്പിവെള്ളം ന്യായമായ വിലയ്ക്ക് ലഭ്യമാക്കുവാൻ സർക്കാർ പൊതുമേഖലയിൽ 'ഹില്ലി അക്വാ' എന്ന പേരിൽ രണ്ട് കുപ്പിവെള്ള നിർമ്മാണ പ്ലാന്റുകൾ ഇടുക്കി ജില്ലയിലെ തൊടുപുഴയിലും (മുട്ടം) തിരുവനന്തപുരം ജില്ലയിലെ അരുവിക്കരയിലും സ്ഥാപിച്ച് 1000ml,

2000ml, 500ml ബോട്ടിലുകൾ, 20 ലിറ്റർ ജാർ എന്നീ വിഭാഗങ്ങളിലെ കുപ്പിവെള്ളങ്ങളുടെ ഉല്പാദനവും വിതരണവും നടത്തിവരുന്നു. സ്വകാര്യ കമ്പനികൾ 1000ml കുപ്പിവെള്ളത്തിന് 20 രൂപ മുതൽ ഈടാക്കുമ്പോൾ സർക്കാർ മേഖലയിലുള്ള 'ഹില്ലി അക്വാ' വെറും 13 രൂപയ്ക്കാണ് വിപണിയിൽ എത്തിക്കുന്നത്.

(ബി) ഇതിനായി പ്രഖ്യാപിച്ച 13 രൂപയ്ക്ക് ഒരു ലിറ്റർ കുടിവെള്ളം ജലവിഭവ വകുപ്പുവഴി ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

14-06-2019-ലെ എസ്.ആർ.ഒ.നം.സ.ഉ(അച്ചടി)14/2019/ഭ.പൊ.വി.വ വിജ്ഞാപനം പ്രകാരം സർക്കാർ കുപ്പിവെള്ളത്തിന്റെ വില ലിറ്ററിന് 13 രൂപയാക്കി നിശ്ചയിച്ചിരുന്നു. 'ഹില്ലി അക്വാ' എന്ന പേരിലുള്ള സർക്കാരിന്റെ കുപ്പിവെള്ളം 13 രൂപ വില നിശ്ചയിച്ചാണ് വിപണിയിൽ ലഭ്യമാക്കിയത്. എന്നാൽ വില നിർണ്ണയം സംബന്ധിച്ച മേൽ സർക്കാർ ഉത്തരവ് ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുണ്ട്. പ്രസ്തുത സ്റ്റേ നീക്കംചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സ്വകാര്യ കമ്പനികൾ ഉയർന്ന വിലയായ 20 രൂപയ്ക്ക് 1 ലിറ്റർ കുപ്പിവെള്ളം വിപണിയിൽ

ഈടാക്കുമ്പോൾ 'ഹില്ലി അക്വാ' കുപ്പിവെള്ളം നിലവിൽ ലിറ്ററിന് 13 രൂപയ്ക്കാണ് വിപണിയിലെത്തിക്കുന്നത്. കൂടാതെ വിവിധ ജയിൽ യൂണിറ്റുകൾ വഴിയും ഫാക്ടറി ഔട്ട് ലെറ്റുകൾ വഴിയും 10 രൂപയ്ക്ക് 1 ലിറ്റർ കുപ്പിവെള്ളം ലഭ്യമാക്കുന്നുണ്ട്.

(സി) സപ്ലൈകോ വഴിയും മറ്റ് സർക്കാർ വകുപ്പുകൾ മുഖേനയും മേൽ പ്രഖ്യാപനത്തിലൂടെയുള്ള സേവനം യഥേഷ്ടം ലഭ്യമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

സർക്കാർ ഉൽപ്പന്നമായ 'ഹില്ലി അക്വാ' കുപ്പിവെള്ളം നിലവിൽ വിവിധ ജില്ലകളിലുള്ള ഡിസ്ട്രിബ്യൂട്ടർ മുഖേനയും ജയിൽ യൂണിറ്റുകൾ മുഖേനയും വിതരണം നടത്തിവരുന്നു. കൂടാതെ കെ.ടി.ഡി.സി.-യുടെ കീഴിലുള്ള ഹോട്ടലുകളിലും 'ഹില്ലി അക്വാ' കുപ്പിവെള്ളത്തിന്റെ വിതരണം നടത്തിവരുന്നു. 17-11-2016-ലെ 321049/MP/16/WR നമ്പർ സർക്കുലർപ്രകാരം എല്ലാ സർക്കാർ പരിപാടികൾക്കും മറ്റ് അനുബന്ധ ആവശ്യങ്ങൾക്കും സർക്കാർ ഉൽപ്പന്നമായ 'ഹില്ലി അക്വാ' കുപ്പിവെള്ളം ഉപയോഗിക്കണമെന്ന് സർക്കാർ വകുപ്പുകൾക്കും മറ്റ് ഇതര സർക്കാർ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. സപ്ലൈകോ പോലെയുള്ള

സർക്കാർ സ്ഥാപനങ്ങൾ വഴി 'ഹില്ലി അക്വാ' ലഭ്യമാക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

**റാന്നി മണ്ഡലത്തിലെ ജലജീവൻ മിഷൻ**

272 (1047) ശ്രീ. പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി മണ്ഡലത്തിൽ ജലജീവൻ മിഷൻ വഴി 2021-22 വർഷം മുതൽ നാളിതുവരെ പൂർത്തിയാക്കിയ പദ്ധതികളുടെ വിശദവിവരം പട്ടികയായി നൽകുമോ?

റാന്നി മണ്ഡലത്തിനു കീഴിലെ എല്ലാ പഞ്ചായത്തുകളിലും കുടിവെള്ള കണക്ഷനുകൾ നൽകാനുള്ള ജലജീവൻ മിഷൻ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ജലജീവൻ മിഷൻ മുഖേന നടപ്പാക്കുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയ കണക്ഷനുകളുടെ എണ്ണം, ആയത് നടപ്പാക്കുന്നതിനുള്ള ഭരണാനുമതി തുക, 2021-22 വർഷം മുതൽ നാളിതുവരെ നൽകിയ കുടിവെള്ള കണക്ഷനുകളുടെ എണ്ണം എന്നിവയുടെ വിശദാംശം പഞ്ചായത്ത് തിരിച്ച് അനുബന്ധം (1)* ആയി ചേർക്കുന്നു. ഈ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവൃത്തികളെല്ലാംതന്നെ 2024-ഓടുകൂടി പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ബി) പൂർത്തിയാക്കാനുള്ളതും നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നതുമായ പദ്ധതികളുടെ തൽസ്ഥിതി വിവരം ലഭ്യമാക്കുമോ?

റാന്നി മണ്ഡലത്തിൽ പുരോഗമിക്കുന്നതും ആരംഭിക്കാനുള്ളതുമായ പദ്ധതികളുടെ വിശദാംശം അനുബന്ധം (2)* ആയി ചേർക്കുന്നു.

**അരൂർ മണ്ഡലത്തിലെ ജലവിഭവ വകുപ്പ് പദ്ധതികൾ**

273 (1048) ശ്രീമതി ദെലീമ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിൽ കഴിഞ്ഞ ഒരു വർഷം ജലവിഭവ വകുപ്പ് നടപ്പാക്കിയ പദ്ധതികൾ വിശദമാക്കുമോ?

കഴിഞ്ഞ ഒരു വർഷം അരൂർ മണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം അനുബന്ധമായി* ചേർത്തിരിക്കുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഈ സാമ്പത്തികവർഷം മണ്ഡലത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

ഈ സാമ്പത്തിക വർഷം മണ്ഡലത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

**ജലസേചന വകുപ്പ്**

Restoration of Ecosystem of Vembanad Lake and surrounding water bodies leading to the lake in Aroor LAC Phase I – 2732 lakh

**കേരള വാട്ടർ അതോറിറ്റി**

ഡെപ്പോസിറ്റ് വർക്ക് - പനവള്ളി പഞ്ചായത്ത് - പനവള്ളി പഞ്ചായത്തിലെ M.C.F-ന് നോൺ ഡൊമസ്റ്റിക് കണക്ഷൻ കൊടുക്കുന്ന പ്രവൃത്തി. (ഭരണാനുമതി തുക- 11400/- രൂപ )

**ജലജീവൻ മിഷൻ**

എല്ലാ ഗ്രാമീണ വീടുകളിലും കുടിവെള്ള കണക്ഷൻ ലഭ്യമാക്കാൻ ലക്ഷ്യമിട്ടുള്ള ജലജീവൻ മിഷൻ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

## കോങ്ങാട് മണ്ഡലത്തിലെ ജലജീവൻ മിഷൻ

274 (1049) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിൽ ജലജീവൻ മിഷൻ പ്രകാരം നാളിതുവരെ എത്ര കുടിവെള്ള കണക്ഷൻ നൽകിയിട്ടുണ്ടെന്നതിന്റെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

കോങ്ങാട് മണ്ഡലത്തിൽ ജലജീവൻ മിഷൻ പദ്ധതിപ്രകാരം നൽകിയ കുടിവെള്ള കണക്ഷനുകളുടെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് അനുബന്ധം (1)* ആയി ചേർക്കുന്നു.

(ബി) പ്രസ്തുത പദ്ധതി പ്രകാരം പൂർത്തീകരിക്കാനുള്ള പ്രവൃത്തികളുടെ വിശദാംശം പഞ്ചായത്തടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

കോങ്ങാട് മണ്ഡലത്തിൽ ജലജീവൻ മിഷൻ പദ്ധതിപ്രകാരം പൂർത്തീകരിക്കുവാനുള്ള പ്രവൃത്തികളുടെ പഞ്ചായത്ത് തിരിച്ചുള്ള വിശദാംശം അനുബന്ധം (2)* ആയി ചേർക്കുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മരട് പ്ലാന്റിൽ നിന്ന് കൊച്ചി നഗരസഭയ്ക്ക് കുടിവെള്ളം

275 (1050) ശ്രീ. ടി. ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൻറം കുടിവെള്ള പദ്ധതിയിൽപ്പെട്ട മരട് ട്രീറ്റ്മെന്റ് പ്ലാന്റിൽനിന്നും മരട് നഗരസഭ, കുമ്പളം, ചെല്ലാനം എന്നീ പഞ്ചായത്തുകൾക്ക് നൽകുന്ന വെള്ളത്തിന്റെ അളവ് എത്ര; എത്ര എം.എൽ.ഡി. വെള്ളം ബാക്കിയുണ്ടാകും; വ്യക്തമാക്കുമോ?

ജൻറം കുടിവെള്ള പദ്ധതിയിലുൾപ്പെട്ട മരട് ട്രീറ്റ്മെന്റ് പ്ലാന്റിൽ ഉൽപ്പാദിപ്പിക്കുന്ന 95.5 എം.എൽ.ഡി വെള്ളത്തിൽനിന്നും മരട് നഗരസഭയിലേയ്ക്ക് 12.5 എം.എൽ.ഡി-യും കുമ്പളം പഞ്ചായത്തിലേയ്ക്ക് 7.75 എം.എൽ.ഡി-യും ചെല്ലാനം പഞ്ചായത്തിലേയ്ക്ക് 23 എം.എൽ.ഡി-യും ജലം വിതരണം ചെയ്യുന്നുണ്ട്. 52.25 എം.എൽ.ഡി ജലം ബാക്കിവരുന്നുണ്ട്.

(ബി) പ്രസ്തുത പ്ലാന്റിൽനിന്നും മേൽ സൂചിപ്പിച്ച പഞ്ചായത്തുകൾക്ക് വെള്ളം നൽകിയതിനുശേഷം ബാക്കി കൊച്ചി നഗരസഭയിൽ എത്തിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചോ; എങ്കിൽ വിശദമാക്കുമോ?

മരട് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിൽനിന്നും തമ്മനം പമ്പ് ഹൗസിലേയ്ക്ക് നിലവിലുള്ള AC പൈപ്പ് മാറ്റി DI പൈപ്പ് സ്ഥാപിച്ച് കൂടുതൽ ജലം തമ്മനത്തേയ്ക്ക് എത്തിക്കുന്നതിനുള്ള പ്രവൃത്തി 36% പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി ഭാഗം NHAI-യിൽ നിന്നും അനുവാദം ലഭിക്കാത്തതിനാൽ പണി നിർത്തിവച്ചിരിക്കുകയാണ്. നാഷണൽ ഹൈവേ ഒഴിവാക്കി പുതിയ റൂട്ടിലൂടെയുള്ള പ്രൊപ്പോസൽ അംഗീകാരത്തിനായി അമൃത് സംസ്ഥാനതല ഉന്നതാധികാര സമിതിക്ക് ഉടൻ സമർപ്പിക്കുന്നതാണ്.

## വാമനപുരം മണ്ഡലത്തിലെ ജലജീവൻ മിഷൻ

276 (1051) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലജീവൻ മിഷൻ പ്രകാരം വാമനപുരം മണ്ഡലത്തിൽ ഇതേവരെ എത്ര കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ടെന്ന് പഞ്ചായത്ത് അടിസ്ഥാനത്തിൽ വിശദമാക്കുമോ?

വാമനപുരം മണ്ഡലത്തിൽ ജലജീവൻ മിഷൻ പദ്ധതി മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം പഞ്ചായത്ത് തിരിച്ച് അനുബന്ധം (1)* ആയി ചേർക്കുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഏതെല്ലാം പദ്ധതികളാണ് ഗ്രാമപഞ്ചായത്തടിസ്ഥാനത്തിൽ തുടർന്ന് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

വാമനപുരം നിയോജകമണ്ഡലത്തിലെ വാമനപുരം, നെല്ലനാട് പഞ്ചായത്തുകളിൽ കുടിവെള്ളമെത്തിക്കുന്നതിനായി ജലജീവൻ മിഷനിലുൾപ്പെടുത്തി നെല്ലനാട് വാമനപുരം മാണിക്കൽ പഞ്ചായത്തുകൾക്കു വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി നടപ്പാക്കിവരുന്നു. വാമനപുരം നിയോജകമണ്ഡലത്തിലെ ആനാട്, നന്ദിയോട് പഞ്ചായത്തുകളിൽ കുടിവെള്ളമെത്തിക്കുന്നതിനായി ആനാട്, കുറുപുഴ, പാലോട് വില്ലേജുകൾക്കുവേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി നടപ്പാക്കിവരുന്നു. ഈ പദ്ധതിയുടെ ഒന്നാംഘട്ടമായി എൻ.ആർ.ഡി.ഡബ്ല്യൂ.പി. പദ്ധതിപ്രകാരം 15 കോടി രൂപയുടെയും രണ്ടാംഘട്ടമായി സ്റ്റേറ്റ് പ്ലാൻ പദ്ധതിപ്രകാരം 18 കോടി രൂപയുടെയും ഭരണാനുമതി നൽകിയിരുന്നു. ടി പദ്ധതിയുടെ മൂന്നാംഘട്ടമായി ആനാട്, നന്ദിയോട് പഞ്ചായത്തുകളിലെ മുഴുവൻ പ്രദേശത്തും കുടിവെള്ളമെത്തിക്കുന്നതിനായി ജലജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി നൽകുകയും പ്രവൃത്തികൾ പുരോഗമിക്കുകയുമാണ്. വാമനപുരം നിയോജകമണ്ഡലത്തിലുൾപ്പെട്ട പെരിങ്ങമല പഞ്ചായത്തിൽ ശുദ്ധജല വിതരണം നടത്തുന്നതിനായി

ജലജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി പെരിങ്ങമ്മല പഞ്ചായത്തിനു വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്.

(സി) ഇതനുസരിച്ച് ഓരോ പഞ്ചായത്തിലും എത്ര കുടിവെള്ള കണക്ഷനുകൾ നൽകാൻ കഴിയുമെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

വാമനപുരം മണ്ഡലത്തിലെ 9 പഞ്ചായത്തുകളിലായി 64265 ഗാർഹിക കണക്ഷനുകൾക്കായി 379.67 കോടിരൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. 2024-ഓടുകൂടി, ഭരണാനുമതി നൽകിയ എല്ലാ കണക്ഷനുകളും നൽകുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. വാമനപുരം മണ്ഡലത്തിൽ ജലജീവൻ മിഷൻ പദ്ധതി മുഖേന നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശം പഞ്ചായത്ത് തിരിച്ച് അനുബന്ധം (2)* ആയി ചേർക്കുന്നു.

**കുന്നത്തുനാട് മണ്ഡലത്തിലെ ജലജീവൻ മിഷൻ**

277 (1052) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ജലജീവൻ പദ്ധതിയിലൂടെ കുന്നത്തുനാട് മണ്ഡലത്തിൽ എത്ര വീടുകളിൽ കുടിവെള്ളം ലഭ്യമാക്കിയെന്നും ഇതിനായി എത്ര തുക ചെലവഴിച്ചുവെന്നും പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ;

(ബി) മണ്ഡലത്തിൽ പഞ്ചായത്തടിസ്ഥാനത്തിലുള്ള ജലജീവൻ പദ്ധതിയുടെ പുരോഗതി അറിയിക്കുമോ; പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) കുന്നത്തുനാട് മണ്ഡലത്തിലെ ജലജീവൻ മിഷൻ പ്രവൃത്തികൾ 2024-ഓടെ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. പ്രവൃത്തികളുടെ പഞ്ചായത്ത് തിരിച്ചുള്ള വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

**അമ്പലപ്പുഴ മണ്ഡലത്തിലെ ജലജീവൻ മിഷൻ**

278 (1053) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലജീവൻ മിഷന്റെ ഭാഗമായി അമ്പലപ്പുഴ മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളിലും നഗരപ്രദേശങ്ങളിലുമാണ് കുടിവെള്ളം എത്തിക്കുന്നതെന്ന് ഇനം തിരിച്ച് വിശദമാക്കാമോ; ഓരോ പ്രദേശങ്ങളിലും

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എത്ര ഗാർഹിക കണക്ഷനുകളാണ് നൽകുന്നതെന്നും ഇതിനായി എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

(ബി) പദ്ധതിയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം ഇനം തിരിച്ച് വിശദമാക്കുമോ; ഏതൊക്കെ ഗ്രാമപഞ്ചായത്തുകളാണ് ഇനിയും വിഹിതം അടയ്ക്കാനുള്ളതെന്നും അടച്ചത് ഏതെല്ലാമെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി ഇതിനോടകം ഏതൊക്ക പ്രദേശങ്ങളിൽ അനുവദിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും അവശേഷിക്കുന്നവ എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും അറിയിക്കുമോ?

(എ-സി) അമ്പലപ്പുഴ മണ്ഡലത്തിലെ ജലജീവൻ മിഷൻ പ്രവൃത്തികളുടെ പഞ്ചായത്തുതിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു*. ഗ്രാമീണ മേഖലയിലെ മുഴുവൻ വീടുകൾക്കും പൈപ്പിലൂടെ കുടിവെള്ളമെത്തിക്കുകയെന്ന ലക്ഷ്യത്തോടെ വിഭാവന ചെയ്തിട്ടുള്ള പദ്ധതിയാണ് ജലജീവൻ മിഷൻ. നിലവിൽ നഗര പ്രദേശങ്ങളെ ഈ പദ്ധതിയുടെ ഭാഗമാക്കിയിട്ടില്ല. അമ്പലപ്പുഴ മണ്ഡലത്തിലുൾപ്പെട്ട അമ്പലപ്പുഴ നോർത്ത് പഞ്ചായത്ത് 31,27,320/-രൂപ പഞ്ചായത്ത് വിഹിതമായി

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

അടച്ചിട്ടുണ്ട്. മറ്റു പഞ്ചായത്തുകൾ വിഹിതമൊന്നും അടച്ചിട്ടില്ല. അമ്പലപ്പുഴ മണ്ഡലത്തിലെ മുഴുവൻ പഞ്ചായത്തുകളിലും ജലജീവൻ മിഷൻ പദ്ധതി മുഖേന കുടിവെള്ള കണക്ഷൻ നൽകാനായി ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തികൾ 2024-ഓടുകൂടി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

**കായംകുളം മണ്ഡലത്തിലെ ജലവിഭവ വകുപ്പ് പദ്ധതികൾ**

279 (1054) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കായംകുളം മണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടപ്പാക്കിവരുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇതിനായി ചെലവഴിച്ച തുക എത്രയെന്നും പ്രവൃത്തികളുടെ പുരോഗതിയും വിശദമാക്കുമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കായംകുളം മണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടപ്പാക്കിവരുന്ന പദ്ധതികളും ചെലവഴിച്ച തുകയും പുരോഗതിയും അനുബന്ധമായി* ചേർത്തിരിക്കുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ജലജീവൻ പദ്ധതിയുടെ പുരോഗതി

280 (1055) ശ്രീ. എം. എം. മണി:
ശ്രീ വി. കെ. പ്രശാന്ത്:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലജീവൻ മിഷന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

2024-ഓടെ എല്ലാ ഗ്രാമീണ വീടുകളിലും കുടിവെള്ള കണക്ഷൻ നൽകുവാൻ ലക്ഷ്യമിട്ടാണ് ജലജീവൻ മിഷൻ പദ്ധതി പ്രവർത്തനം നടന്നുവരുന്നത്. സംസ്ഥാനത്ത് ജലജീവൻ പദ്ധതിയുടെ പ്രവർത്തനപുരോഗതി അനുബന്ധമായി* ചേർക്കുന്നു. 21 പഞ്ചായത്തുകളിൽ എല്ലാ വീടുകളിലും കുടിവെള്ള കണക്ഷനുകൾ നൽകി ലക്ഷ്യം കൈവരിച്ചിട്ടുണ്ട്. കുടിവെള്ള ഗുണനിലവാര പരിശോധന സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 85 കുടിവെള്ള പരിശോധന ലാബുകൾ സ്ഥാപിച്ചിട്ടുള്ളതിൽ 63 ലാബുകൾക്ക് എൻ.എ.ബി.എൽ. അംഗീകാരം ലഭിച്ചിട്ടുണ്ട്. കുടുംബശ്രീയിലുൾപ്പെട്ട 5000-ൽപരം വനിതകൾക്ക് ഫീൽഡ്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ടെസ്റ്റ് കിറ്റുപയോഗിച്ച് കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധന നടത്തുവാനുള്ള പരിശീലനം നൽകുകയും കുടിവെള്ള സ്രോതസ്സുകളുടെ ഗുണനിലവാര പരിശോധന നടത്തിവരികയും ചെയ്യുന്നുണ്ട്. കൂടാതെ സംസ്ഥാനത്തെ എല്ലാ ഗ്രാമീണ സ്കൂളുകളിലും അങ്കണവാടികളിലും കുടിവെള്ള ലഭ്യത ഉറപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് വിവിധതലങ്ങളിൽ ജലജീവൻ മിഷൻ പദ്ധതിയുടെ പുരോഗതി നിരന്തരം വിലയിരുത്തുന്നുണ്ട്.

സംസ്ഥാനത്ത് പദ്ധതി നിർവഹണത്തിനായി സംസ്ഥാന-ജില്ലാ-ഗ്രാമതലങ്ങളിൽ വിവിധ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. മിഷൻ ഡയറക്ടറുടെ നേതൃത്വത്തിൽ ആഴ്ചതോറും മുഖ്യമന്ത്രിയുടെ മുൻഗണനാ പദ്ധതികളിൽ ഉൾപ്പെടുത്തിയും ചീഫ് സെക്രട്ടറിതലത്തിലും പ്രവർത്തന പുരോഗതി വിലയിരുത്തിവരുന്നു. കൂടാതെ കേന്ദ്ര സർക്കാർ പദ്ധതിയുടെ പുരോഗതി നിരന്തരം വിലയിരുത്തുന്നുണ്ട്. പദ്ധതി നിർവഹണ പുരോഗതി പൊതുജനങ്ങൾക്കും പ്രാപ്യമായ രീതിയിൽ കേരള വാട്ടർ അതോറിറ്റിയുടെയും കേന്ദ്ര സർക്കാരിന്റെയും വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നുണ്ട്.

(ബി) 2022-23 വർഷത്തിൽ എത്ര ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുവാനാണ് ലക്ഷ്യമിടുന്നതെന്നും എത്ര കണക്ഷനുകൾകൂടി നൽകിയാൽ മിഷൻ ഉദ്ദേശ്യലക്ഷ്യത്തിലെത്തുമെന്നും കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ജലജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി 2022-23 സാമ്പത്തിക വർഷം സംസ്ഥാനത്ത് ഗ്രാമീണ മേഖലയിൽ 32.96 ലക്ഷം കുടിവെള്ള കണക്ഷനുകൾ നൽകാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് (2021-22 വർഷത്തിൽ നൽകാൻ ഉദ്ദേശിച്ചിരുന്നതിൽ പൂർത്തീകരിക്കുവാൻ കഴിയാതെപോയ കണക്ഷനുകൾകൂടി ഉൾപ്പെടുത്തിയാണ് 2022-23 വർഷത്തെ ലക്ഷ്യം നിശ്ചയിച്ചിട്ടുള്ളത്). ഇതിൽ 23-06-2022-ലെ കണക്കുപ്രകാരം സംസ്ഥാനത്ത് ഗ്രാമീണ മേഖലയിൽ ആകെ 29.50 ലക്ഷം ഗാർഹിക കുടിവെള്ള കണക്ഷനുകളാണ് നിലവിലുള്ളത്. സംസ്ഥാനത്ത് 41.19 ലക്ഷം ഗ്രാമീണ വീടുകളിൽകടി കുടിവെള്ള കണക്ഷനുകൾ നൽകേണ്ടതായിട്ടുണ്ട്. നിലവിൽ സംസ്ഥാനത്തെ എല്ലാ ഗ്രാമീണവീടുകൾക്കും കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുള്ള പദ്ധതികൾക്ക് സ്റ്റേറ്റ് ലെവൽ സ്കീം സാങ്ഷനിംഗ് കമ്മിറ്റിയുടെ അംഗീകാരം നൽകിയിട്ടുണ്ട്. ജലജീവൻ മിഷൻ പദ്ധതിയുടെ മാർഗ്ഗരേഖപ്രകാരം നിശ്ചയിച്ചിട്ടുള്ള 2024 വർഷത്തോടുകൂടി

തന്നെ ലക്ഷ്യം പൂർത്തീകരിക്കത്തക്കവിധത്തിലാണ് പ്രവൃത്തികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നത്.

(സി) ജലനിധി ഒന്നും രണ്ടും ഘട്ടങ്ങളിൽ പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയ കുടിവെള്ള പദ്ധതികളുടെ സുസ്ഥിരത ഉറപ്പാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ?

കെ.ആർ.ഡബ്ല്യൂ.എസ്സ്.എ മുഖേന പൂർത്തീകരിച്ച ജലനിധി പദ്ധതിയിലെ ചില കുടിവെള്ള പദ്ധതികൾ വിവിധ കാരണങ്ങളാൽ ഭാഗികമായോ പൂർണ്ണമായോ പ്രവർത്തനക്ഷമമല്ലാത്ത സാഹചര്യം നിലവിൽ വിലയിരുത്തിയിട്ടുണ്ട്. ആയതിൻപ്രകാരം സാമൂഹ്യ ഉടമസ്ഥതയിലുള്ള ഈ സ്കീമുകൾ പുനരുദ്ധരിച്ച് പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാക്കുന്നതിനു സംസ്ഥാന സർക്കാരിന്റെ പ്ലാൻ ഫണ്ടുപയോഗിച്ച് "സുസ്ഥിരത പദ്ധതി" എന്ന പേരിൽ കെ.ആർ.ഡബ്ല്യൂ.എസ്സ്.എ മുഖേന ഒരു പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയിലുൾപ്പെടുത്തി 2019-20, 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിലായി ആകെ 1639 കുടിവെള്ള പദ്ധതികൾക്കായി 115 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഇതിൽ തുടർനടത്തിപ്പ് നിയമാവലി അംഗീകരിച്ച ഗുണഭോക്തൃസമിതികളുടെ

1133 സ്കീമുകൾ പുനരുദ്ധാരണ പ്രവൃത്തികൾക്കായി ഏറ്റെടുക്കുകയും ഇതുവരെ 768 പദ്ധതികൾ പുനരുദ്ധീകരിച്ച് ജലവിതരണം സുഗമമാക്കുകയും ചെയ്തു. ബാക്കിയുള്ള കുടിവെള്ളപദ്ധതികളിലെ പുനരുദ്ധാരണ പ്രവൃത്തികൾ പുരോഗമിച്ചുവരികയാണ്. 2022-23 സാമ്പത്തിക വർഷത്തിൽ 290 കുടിവെള്ള പദ്ധതികൾകൂടി നവീകരിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വട്ടിയൂർക്കാവ് മണ്ഡലത്തിലെ ജലവിഭവ വകുപ്പ് പദ്ധതികൾ**

281 (1056) ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പ് നേരിട്ടും വകുപ്പിന് കീഴിലെ മിഷനുകൾ, ഏജൻസികൾ, അതോറിറ്റികൾ എന്നിവ മുഖേനയും നടപ്പാക്കിവരുന്ന പദ്ധതികളുടെ തൽസ്ഥിതി റിപ്പോർട്ട് ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ?

വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പ് നേരിട്ടും വകുപ്പിന് കീഴിലെ മിഷനുകൾ, ഏജൻസികൾ, അതോറിറ്റികൾ എന്നിവ

മുഖേനയും നടപ്പാക്കിവരുന്ന പദ്ധതികളുടെ തൽസ്ഥിതി റിപ്പോർട്ട് അനുബന്ധം (എ)* ആയി ചേർത്തിരിക്കുന്നു.

(ബി) 2019-20, 2020-21, 2021-22, 2022-23 ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ചിട്ടുള്ളതും വകുപ്പ് നേരിട്ടും വകുപ്പിന് കീഴിലെ മിഷനുകൾ, ഏജൻസികൾ, അതോറിറ്റികൾ എന്നിവ മുഖേനയും നടപ്പിലാക്കേണ്ട പ്രസ്തുത മണ്ഡലത്തിലെ പദ്ധതികൾ ഏതൊക്കെയാണെന്നും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കുമോ?

(1) പട്ടം തോടിന്റെ നവീകരണത്തിനായി 2021-2022 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലുൾപ്പെടുത്തി "Improvements to Pattom thodu and construction of flood protection walls in Thiruvananthapuram corporation" എന്ന പ്രവൃത്തിക്ക് 483 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റിന് അപ്രൂവൽ നല്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു.

(2) ഉള്ളൂർ തോടിന്റെ നവീകരണത്തിനായി 2019-20 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള "Improvements to Ulloor thodu from

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

Ulloor thodu to Puthenpalam" - എന്ന 900 ലക്ഷം രൂപയുടെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

(സി) പ്രസ്തുത മണ്ഡലത്തിൽ 2021 ഏപ്രിലിന് ശേഷം വകുപ്പ് നേരിട്ടും വകുപ്പിന് കീഴിലെ മിഷനുകൾ, ഏജൻസികൾ, അതോറിറ്റികൾ എന്നിവ മുഖേനയും പൂർത്തീകരിച്ച പദ്ധതികളുടെ വിശദാംശം, ഫണ്ട്, ഭരണാനുമതി തുക, എസ്റ്റിമേറ്റ് തുക, ചെലവഴിച്ച തുക എന്നിവ സഹിതം ലഭ്യമാക്കുമോ?

മണ്ഡലത്തിൽ 2021 ഏപ്രിലിന് ശേഷം വകുപ്പ് നേരിട്ടും വകുപ്പിന് കീഴിലെ മിഷനുകൾ, ഏജൻസികൾ, അതോറിറ്റികൾ എന്നിവ മുഖേനയും പൂർത്തീകരിച്ച പദ്ധതികളുടെ വിശദാംശം, ഫണ്ട്, ഭരണാനുമതി തുക, എസ്റ്റിമേറ്റ് തുക, ചെലവഴിച്ച തുക എന്നിവ അനുബന്ധം (ബി)* ആയി ചേർത്തിരിക്കുന്നു.

**നിലമ്പൂർ മണ്ഡലത്തിലെ ജലജീവൻ മിഷൻ**

282 (1057) <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) നിലമ്പൂർ മണ്ഡലത്തിലെ ജലജീവൻ പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ; പദ്ധതി ഏത് ഘട്ടത്തിലാണെന്നും എത്ര കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയതെന്നും അറിയിക്കുമോ?

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

(എ&ബി) നിലമ്പൂർ മണ്ഡലത്തിലെ ജലജീവൻ പദ്ധതിയുടെ പുരോഗതി അനുബന്ധമായി* ചേർക്കുന്നു. പദ്ധതി നിർവഹണത്തിനുള്ള വിവിധ ഘടകങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലങ്ങൾ കൈമാറി ലഭിച്ചിട്ടില്ല.

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി നിർമ്മിക്കാനുദ്ദേശിക്കുന്ന വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; ആരാണ് സ്ഥലം കണ്ടെത്തി നൽകേണ്ടതെന്ന് അറിയിക്കുമോ; നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

ഉണ്ട്. നിലമ്പൂർ മണ്ഡലത്തിൽ ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെട്ട രണ്ട് പദ്ധതികൾക്കുവേണ്ടിയുള്ള ജലശുദ്ധീകരണശാലകൾക്കായി കരുളായി പഞ്ചായത്തിലെ അരക്കംപൊയിൽകുന്ന് ഭാഗത്ത് 150 സെന്റ്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്ഥലവും ചുങ്കത്തറ പഞ്ചായത്തിലെ കുരുത്തിമലയിൽ 155 സെന്റ് സ്ഥലവും കണ്ടെത്തിയിട്ടുണ്ട്. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളാണ് സ്ഥലം നൽകേണ്ടത്. സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ഡി) എം.എൽ.എ.-മാരുടെ ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി മേൽപദ്ധതിക്കായി സ്ഥലം വാങ്ങാനാവശ്യമായ തുക വകയിരുത്താമെന്ന് അറിയിച്ചിട്ടും നടപടികൾ ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കുമോ?

ജലജീവൻ മിഷൻ പദ്ധതിക്ക് ആവശ്യമായ സ്ഥലം പഞ്ചായത്താണ് ഏറ്റെടുത്തുനൽകേണ്ടത്. വികസന ഫണ്ടുപയോഗിച്ച് സ്ഥലം വാങ്ങുന്ന കാര്യം പരിശോധിച്ചു വരികയാണ്.

**ഉടുമ്പൻചോല മണ്ഡലത്തിലെ ജലജീവൻ മിഷൻ**

283 (1058) <u>ശ്രീ. എം. എം. മണി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലജീവൻ പദ്ധതിയുടെ ഭാഗമായി ഉടുമ്പൻചോല മണ്ഡലത്തിൽ നടപ്പാക്കുന്ന കുടിവെള്ള പദ്ധതിക്ക് എത്ര രൂപയാണ് അനുവദിച്ചിരിക്കുന്നതെന്ന് പഞ്ചായത്ത് തിരിച്ച് വിശദമാക്കുമോ;

(ബി) ഓരോ പഞ്ചായത്തിലും കുടിവെള്ളത്തിനായി പ്രയോജനപ്പെടുത്തുന്ന സ്രോതസ്സ് ഏതൊക്കെയെന്ന് വ്യക്തമാക്കുമോ?

(എ&ബി) ഉടുമ്പൻചോല മണ്ഡലത്തിലെ ജലജീവൻ മിഷൻ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദാംശം പഞ്ചായത്തു തിരിച്ച് പട്ടികയാക്കി അനുബന്ധം (1)* ആയി ചേർക്കുന്നു.

(സി) പ്രസ്തുത കുടിവെള്ള പദ്ധതിയുടെ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ?

നിലവിലുള്ള കുടിവെള്ള വിതരണ ശൃംഖലകളിൽനിന്നും കണക്ഷൻ നൽകുന്ന പ്രവൃത്തികൾ ഏകദേശം പൂർത്തീകരിച്ചു. പഞ്ചായത്തടിസ്ഥാനത്തിലുള്ള വിവരം അനുബന്ധം (2)* ആയി ചേർക്കുന്നു. പദ്ധതി നിർവ്വഹണത്തിനുള്ള പമ്പ് ഹൗസുകൾ, ജലസംഭരണികൾ മുതലായവ നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യമായാൽ മാത്രമേ പുതിയ പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ. വണ്ടൻമേട് ഗ്രാമപഞ്ചായത്തിൽ പ്രവൃത്തി ആരംഭിച്ചു കഴിഞ്ഞു. മറ്റു പഞ്ചായത്തുകളിൽ ജില്ലാ കളക്ടർ, ജനപ്രതിനിധികൾ, പഞ്ചായത്ത് അധികാരികൾ എന്നിവരുമായി യോജിച്ച് സ്ഥലം ലഭ്യമാക്കുന്നതിനുള്ള ശ്രമം

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടന്നുവരികയാണ്. സ്ഥല ലഭ്യത ഉറപ്പുവരുന്ന മുറയ്ക്ക് ഡിസൈൻ പൂർത്തീകരിച്ച് ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**ഹരിപ്പാട് കുടിവെള്ള പദ്ധതിയുടെ പുരോഗതി**

284 (1059) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് കുടിവെള്ള പദ്ധതിയുടെ നിർവ്വഹണ പുരോഗതി വിശദമാക്കുമോ;

(ബി) എന്തെല്ലാം നിർവ്വഹണ പ്രവർത്തനങ്ങളാണ് ഇതിന്റെ ഭാഗമായി പൂർത്തീകരിച്ചിട്ടുള്ളതെന്നും ഇനി ഏതെല്ലാം ഘടകങ്ങളാണ് നിർവ്വഹിക്കാനുള്ളതെന്നും വ്യക്തമാക്കുമോ?

(എ&ബി) ഹരിപ്പാട് മുനിസിപ്പാലിറ്റിക്കും സമീപ പഞ്ചായത്തുകളായ കാർത്തികപ്പള്ളി, ചേപ്പാട്, ചിങ്ങോലി, കുമാരപുരം, കരുവാറ്റ, ചെറുതന, പള്ളിപ്പാട്, തൃക്കുന്നപ്പുഴ, ആറാട്ടുപുഴ, മുതുകുളം എന്നീ പത്ത് പഞ്ചായത്തുകൾക്കുമായുള്ള സമഗ്ര കുടിവെള്ള പദ്ധതിയാണ് ഹരിപ്പാട് ശുദ്ധജലവിതരണ പദ്ധതി. ഇതുമൂന്ന് ഘട്ടങ്ങളായാണ് വിഭാവന

ചെയ്തിരുന്നത്.                                                    .

<u>ഘട്ടം - 1</u>

ഹരിപ്പാട് കുടിവെള്ള പദ്ധതിയുടെ ഒന്നാംഘട്ടത്തിനായി NRDWP-യിൽപ്പെടുത്തി 35.00 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഇതിൽ താഴെ പറയുന്ന ഘടകങ്ങൾ ഉൾപ്പെടുത്തിയിരുന്നു.

പമ്പാ നദിക്ക് സമീപം മാന്നാറിൽ ഇൻടേക്ക് വെൽ പമ്പ് ഹൗസ് .

പള്ളിപ്പാട് 50 MLD ശേഷിയുള്ള ജലശുദ്ധീകരണശാല.

<u>റോ വാട്ടർ പമ്പ് സെറ്റ്</u>

ഇതിൽ 50MLD ശേഷിയുള്ള ജല ശുദ്ധീകരണശാലയുടെയും കിണറിന്റെയും നിർമ്മാണപ്രവൃത്തികൾ പൂർത്തീകരിച്ചുകഴിഞ്ഞു. രണ്ടാം ഘട്ടത്തിലെ റോ വാട്ടർ പമ്പിംഗ് പൂർത്തീകരിക്കുന്നതോടെ റോ വാട്ടർ പമ്പ് സെറ്റ് സ്ഥാപിക്കാനാകും.

<u>ഘട്ടം - 2:</u> ടി പദ്ധതിയുടെ രണ്ടാംഘട്ടത്തിന് സംസ്ഥാന പദ്ധതി ഗ്രീൻ ബുക്കിൽപ്പെടുത്തി 35.00 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഇതിൽ താഴെ പറയുന്ന ഘടകങ്ങൾ ഉൾപ്പെടുത്തിയിരുന്നു.

14.00 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണിയുടെ നിർമ്മാണം.

മാന്നാർ ഇൻടേക്ക് വെല്ലിൽനിന്നും ജലശുദ്ധീകരണശാലയിലേയ്ക്കുള്ള 800mm MS പൈപ്പ് 9000 മീറ്റർ.

ക്ലിയർവാട്ടർ പമ്പ് സെറ്റ് - ജലശുദ്ധീകരണശാല

ഇലക്ട്രിക്കൽ സബ് സ്റ്റേഷൻ - ജലശുദ്ധീകരണശാല

ഇതിൽ 14.00 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണിയുടെ നിർമ്മാണം 2020 മേയ് 31-ന് പൂർത്തീകരിച്ചിട്ടുണ്ട്. 9000 മീറ്റർവരുന്ന റോ വാട്ടർ പമ്പിംഗ് മെയിനിൽ നിലവിൽ ലഭ്യമായ ഭരണാനുമതിക്കുള്ളിൽ വരത്തക്കരീതിയിൽ മാന്നാർ മുതൽ കോട്ടമുറിവരെ 5700 മീറ്റർ നീളത്തിൽ 800 mm MS pipe ഉപയോഗിച്ച് പമ്പിംഗ് മെയിൻ സ്ഥാപിക്കുന്നതിന് 3 പ്രാവശ്യം ടെണ്ടർ ക്ഷണിക്കുകയും മൂന്നാം പ്രാവശ്യം ഒരു ഓഫർ ലഭിക്കുകയും ചെയ്തു. ഈ ഓഫർ TPAC നിരക്കിനേക്കാൾ 60% നിരക്ക് കൂടുതൽ രേഖപ്പെടുത്തി. ഇതിൽ തുടർനടപടി സ്വീകരിച്ചുവരുന്നു. ബാക്കി വരുന്ന 3300 മീറ്റർ നീളത്തിൽ പമ്പിംഗ് മെയിൻ സ്ഥാപിക്കുന്നതിന് ജലജീവൻ മിഷനിലുൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. ക്ലിയർ വാട്ടർ

പമ്പ് സെറ്റ്, ഇലക്ട്രിക്കൽ സബ് സ്റ്റേഷൻ എന്നിവ മൂന്നാംഘട്ട പൂർത്തീകരണത്തോടുകൂടി സ്ഥാപിക്കും.

ഘട്ടം - 3

പദ്ധതിക്കുവേണ്ടി പത്ത് പഞ്ചായത്തുകളിലേയും ഉന്നതതല ജലസംഭരണി നിർമ്മാണം, ട്രാൻസ്മിഷൻ മെയിൻ, വിതരണ ശൃംഖല എന്നിവയുടെ ഭരണാനുമതി ജലജീവൻ മിഷനിലുൾപ്പെടുത്തി നൽകിയിട്ടുണ്ട്.

ജലജീവൻ മിഷൻ പദ്ധതി പ്രവർത്തനങ്ങൾ

ജലജീവൻ മിഷൻ പദ്ധതിവഴി ഗാർഹിക കണക്ഷൻ നൽകുന്നതോടൊപ്പം നിയോജകമണ്ഡലത്തിലെ പഞ്ചായത്തുകളിലെ എല്ലാ വീടുകളിലും ശുദ്ധീകരണശാലവഴി ശുദ്ധീകരിച്ച ജലം ഉപരിതല ജലസംഭരണിവഴി വിതരണം ചെയ്യുന്നതിനുവേണ്ടിയുള്ള പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ വിശദാംശം അനുബന്ധമായി ചേർക്കുന്നു*. ഇതിൽ ഉപരിതല ജലസംഭരണിക്കായി വേണ്ട സ്ഥലങ്ങൾ ഗ്രാമപഞ്ചായത്തുകൾ ലഭ്യമാക്കേണ്ടതുണ്ട് .

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പാറശ്ശാല മണ്ഡലത്തിലെ ജലജീവൻ പദ്ധതി

285 (1060) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലജീവൻ പദ്ധതിയിലുൾപ്പെടുത്തി പാറശ്ശാല നിയോജക മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിൽ എത്ര ഗാർഹിക കണക്ഷനുകൾ ലഭ്യമാക്കാനുണ്ടെന്നും ആയതിലേയ്ക്കായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്നുമുള്ള വിവരം പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(ബി) മണ്ഡലത്തിലെ ജലജീവൻ പദ്ധതിയുടെ പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള പുരോഗതി അറിയിക്കുമോ; പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

(എ&ബി) പാറശ്ശാല നിയോജകമണ്ഡലത്തിൽ ജലജീവൻ മിഷൻ പദ്ധതിയുടെ പ്രവർത്തന പുരോഗതി അനുബന്ധമായി ചേർക്കുന്നു*. 2024-ഓടുകൂടി എല്ലാ ഗ്രാമീണ ഭവനങ്ങളിലും കുടിവെള്ളമെത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് ജലജീവൻ മിഷനിലുൾപ്പെട്ട പ്രവൃത്തികൾ നടപ്പാക്കിവരുന്നത്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) മണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റി മുഖേന നടപ്പിലാക്കി വരുന്നതും അനുമതി ലഭിച്ചിട്ടുള്ളതുമായ പദ്ധതികളുടെ പ്രവർത്തന പുരോഗതി, അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ ഉൾപ്പെടെയുള്ള വിവരങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

ജലജീവൻ മിഷനിലുൾപ്പെട്ട പദ്ധതികൾ കൂടാതെ താഴെപ്പറയുന്ന പദ്ധതികളും പാറശ്ശാല മണ്ഡലത്തിൽ നടപ്പാക്കുന്നുണ്ട്.

1. <u>ആര്യങ്കോട്-പെരുങ്കടവിള പഞ്ചായത്തുകൾക്ക വേണ്ടിയുള്ള പദ്ധതി (കിഴക്കൻമല കുടിവെള്ള പദ്ധതി)</u>

പ്രസ്തുത പദ്ധതിക്കായി 43.09 കോടി രൂപയുടെ ഭരണാനുമതി കിഫ്ബി വഴി നല്കിയിരുന്നു. പദ്ധതിയുടെ ഘടകങ്ങളുടെ നിർമ്മാണത്തിനാവശ്യമായ സ്ഥലങ്ങൾ ലഭ്യമായിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ സാങ്കേതികാനുമതി നൽകി ദർഘാസുകൾ ക്ഷണിച്ചെങ്കിലും ആദ്യ ദർഘാസിൽ ഒരു കരാറുകാരൻ മാത്രം പങ്കെടുത്തതിനാൽ ദർഘാസ് തുറക്കാൻ നിലവിലെ നിയമപ്രകാരം സാധിക്കുമായിരുന്നില്ല. പുനർദർഘാസിൽ 3 കരാറുകാർ പങ്കെടുത്തെങ്കിലും ഒരാൾ മാത്രമേ യോഗ്യത നേടിയുള്ളൂ. യോഗ്യത നേടിയ കരാറുകാരൻ quote ചെയ്ത തുക അടങ്കൽ തുകയെക്കാളും 25.83% കൂടുതൽ ആയിരുന്നു. ചീഫ് എഞ്ചിനീയറുടെ അദ്ധ്യക്ഷതയിലുള്ള ടെണ്ടർ കമ്മിറ്റി നിലവിലെ നിയമ പ്രകാരം LMR

(Local Market Rate) നിരക്കിൽ ദർഘാസിന് അനുമതി നൽകിയെങ്കിലും quote ചെയ്ത തുകയ്ക്ക് കരാർ അനുമതി നൽകാത്തതിനാൽ പണി ഏറ്റെടുക്കാൻ കരാറുകാരൻ വിസമ്മതിച്ചു. 06-05-2022-ന് പ്രസ്തുത ടെണ്ടർ റദ്ദാക്കുകയും 16-05-2022-ന് പുതിയ നിരക്കനുസരിച്ചുള്ള ടെണ്ടർക്ഷണിക്കുകയും ചെയ്തു. ദർഘാസ് സമർപ്പിക്കേണ്ട അവസാന തീയതി 06-06-2022 ആയിരുന്നെങ്കിലും കരാറുകാർ ആരുംതന്നെ പങ്കെടുക്കാത്തതിനാൽ പ്രസ്തുത ടെണ്ടർ റദ്ദാക്കുകയും പുനർദർഘാസ് ക്ഷണിച്ചിരിക്കയുമാണ്. പുനർദർഘാസ് സമർപ്പിക്കേണ്ട അവസാന തീയതി 05-07-2022 ആണ്.

2. <u>കൊല്ലയിൽ ഗ്രാമപഞ്ചായത്തിനും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി.</u>

കാളിപ്പാറ കുടിവെള്ള പദ്ധതിപ്രകാരം കൊല്ലയിൽ പഞ്ചായത്തിനുവേണ്ടി പൊൻവിളയിൽനിന്ന് റെയിൽവേ, എൻ.എച്ച്. എന്നിവ ക്രോസ്സ് ചെയ്ത് പൈപ്പ്ലൈൻ സ്ഥാപിച്ച് ധനുവച്ചപുരം ഐ.ടി.ഐ. പരിസരത്ത് നിർമ്മിക്കുന്ന ഉപരിതല ജലസംഭരണിയിൽ കുടിവെള്ളമെത്തിച്ച് വിതരണം നടത്തുവാനാണ് പദ്ധതി തയ്യാറാക്കിയിരുന്നത്. എന്നാൽ നെയ്യാറ്റിൻകര റെയിൽവേ ക്രോസ്സിംഗിന് അനുമതി ലഭ്യമാകാത്തതിനാലും പൊൻവിളയിൽ ജലസംഭരണി

നിർമ്മിക്കുന്നതിനുള്ള സ്ഥലം ലഭ്യമാകാത്തതിനാലും മേൽപ്പറഞ്ഞ പദ്ധതി മാറ്റി നെയ്യാറ്റിൻകര റെയിവേ ക്രോസ്സിംഗിനു മുമ്പായി കാളിപ്പാറയിൽനിന്നു വരുന്ന പൈപ്പ്ലൈനിൽനിന്നും ശുദ്ധജലം ടാപ്പ് ചെയ്ത് പൈപ്പ്ലൈൻ സ്ഥാപിച്ച് ധനുവച്ചപുരം ഐ.ടി.ഐ. പരിസരത്ത് നിർമ്മിക്കുന്ന ഉപരിതല ജലസംഭരണിയിലെത്തിക്കുന്നതിന് ജലജീവൻ മിഷനിലെ അഞ്ചാം എസ്.എൽ.എസ്.എസ്.സി.-യിൽ 13.2 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ദർഘാസ് സമർപ്പിക്കേണ്ട അവസാന തീയതി 13-06-2022 ആയിരുന്നെങ്കിലും കരാറുകാർ ആരുംതന്നെ പങ്കെടുക്കാത്തതിനാൽ പ്രസ്തുത ടെണ്ടർ റദ്ദാക്കുകയും പുനർദർഘാസ് ക്ഷണിച്ചിരിക്കുകയുമാണ്. പുനർദർഘാസ് സമർപ്പിക്കേണ്ട അവസാന തീയതി 06-07-2022 ആണ്.

സാർക്ക് പദ്ധതിയിലുൾപ്പെടുത്തി പാറശ്ശാലയ്ക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതിക്കായി നൽകിയ ഭരണാനുമതിയിൽ ബാക്കിയുള്ള തുകയുപയോഗിച്ച് കൊല്ലയിൽ പഞ്ചായത്തിലെ ശുദ്ധജല വിതരണത്തിനായി ധനുവച്ചപുരം ഐ.ടി.ഐ. പരിസരത്ത് 10.17 ലക്ഷം ലിറ്റർ ശേഷിയുള്ള ഉപരിതല ജലസംഭരണി

നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കുകയും ഉപരിതല ജലസംഭരണിയുടെ നിർമ്മാണ പ്രവൃത്തിയുടെ കരാർ നൽകുകയും ചെയ്തു. ഈ പ്രവൃത്തി അവസാന ഘട്ടത്തിലാണ്.

മലയോര ഹൈവേയുടെ വികസനവുമായി ബന്ധപ്പെട്ട് വാട്ടർ അതോറിറ്റിയുടെ പൈപ്പ്ലൈനുകൾ മാറ്റിസ്ഥാപിക്കുന്നതിനായി കിഫ്ബിയുടെ 5 ഡെപ്പോസിറ്റ് പ്രവൃത്തികൾക്കും ഈ മണ്ഡലത്തിൽ അനുമതി നൽകിയിട്ടുണ്ട്. ഇവയിൽ കള്ളിക്കാട് മുതൽ വാഴിച്ചൽ വരെയുള്ള പൈപ്പ്ലൈനുകൾ മാറ്റിസ്ഥാപിക്കുന്ന പ്രവൃത്തികൾക്ക് 3.2 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും 2.82 കോടി രൂപയ്ക്ക് കരാർ നൽകുകയും ചെയ്തു. 80% പ്രവൃത്തികൾ പൂർത്തിയായി. പാറശ്ശാല മുതൽ കുടപ്പനമൂട് വരെയുള്ള പൈപ്പ്ലൈനുകൾ മാറ്റുന്ന പ്രവൃത്തികൾക്ക് 8.35 കോടി രൂപയുടെ ഭരണാനുമതി നല്കുകയും 4 ടെണ്ടറുകളായി പ്രവൃത്തികൾ ക്ഷണിക്കുകയും ചെയ്തു. എങ്കിലും ഒരു ടെണ്ടറിന് മാത്രമേ കരാറുകാരെ ലഭിച്ചുള്ളൂ. അത് സൂക്ഷ്മപരിശോധനയിലാണ്. മറ്റ് 3 ടെണ്ടറുകൾക്കും കരാറുകാരെ ലഭിക്കാത്തതിനാൽ പുനർദർഘാസ് ക്ഷണിച്ചിരിക്കുകയാണ്.

പുനർദർഘാസ് സമർപ്പിക്കേണ്ട അവസാന തീയതികൾ 27-06-2022, 30-06-2022 എന്നിവയാണ്.

**നെയ്യാർഡാമിൽ നിന്ന് തിരുവനന്തപുരത്ത് കുടിവെള്ളം**

286 (1061) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാർഡാമിൽനിന്നും തിരുവനന്തപുരം നഗരത്തിലും സമീപ പഞ്ചായത്തുകളിലും കുടിവെള്ളമെത്തിക്കുന്നതിനുള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

നെയ്യാർഡാമിനടുത്തായി 120 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാല നിർമ്മിച്ച് അവിടെനിന്നും 100 എം.എൽ.ഡി. ശുദ്ധജലം തിരുവനന്തപുരം നഗരത്തിനും 20 എം.എൽ.ഡി. ശുദ്ധജലം മറുകിൽ, മാറനല്ലൂർ, വിളപ്പിൽ, വിളവൂർക്കൽ പഞ്ചായത്തുകൾക്കും എത്തിക്കുകയെന്നതാണ് ഈ പദ്ധതിയിലൂടെ വിഭാവന ചെയ്തിരിക്കുന്നത്. നെയ്യാർഡാമിനടുത്തായി 120 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണ ശാലയും അനുബന്ധ ഘടകങ്ങളും നിർമ്മിച്ച് ശുദ്ധീകരിച്ച ജലം 1422 മി.മീ വ്യാസമുള്ള മൈൽഡ് സ്റ്റീൽ പൈപ്പ് ലൈൻ സ്ഥാപിച്ച്, അതിലൂടെ

ഗ്രാവിറ്റിയിൽ തിരുവനന്തപുരം നഗരത്തിൽ എത്തിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഈ പദ്ധതിയുടെ ജലശുദ്ധീകരണശാലയുടെയും അനുബന്ധഘടകങ്ങളുടെയും നിർമ്മാണത്തിനായി സ്റ്റേറ്റ് പ്ലാനിലുൾപ്പെടുത്തി 60 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ജലശുദ്ധീകരണശാലയുടെയും അനുബന്ധ ഘടകങ്ങളുടെയും നിർമ്മാണത്തിനാവശ്യമായ സ്ഥലം നെയ്യാർഡാമിനടുത്തായി ഇറിഗേഷൻ വകുപ്പ് അനുവദിക്കുകയും ചെയ്തിരുന്നു. എന്നാൽ സ്ഥലത്തിന്റെ ഉടമസ്ഥാവകാശവുമായി ബന്ധപ്പെട്ടുണ്ടായ കോടതി വ്യവഹാരം കാരണം പ്രവൃത്തികൾ തടസ്സപ്പെടുകയും കരാർ ഉപേക്ഷിക്കേണ്ടതായും വന്നു. തുടർന്ന് നെയ്യാർഡാമിനടുത്തായി മറ്റൊരു സ്ഥലം ലഭ്യമാക്കുകയും അതനുസരിച്ച് പുതിയ കരാറിനുവേണ്ടിയുള്ള ദർഘാസ് ക്ഷണിക്കുകയും ചെയ്തു. ദർഘാസ് അംഗീകരിക്കുന്നത് ഉൾപ്പെടെയുള്ള തുടർനടപടികൾ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതിക്കായുള്ള പ്ലാന്റ് നിർമ്മാണം, പൈപ്പ്ലൈൻ സ്ഥാപിക്കൽ എന്നിവയുടെ സ്ഥിതിയും ഇതുസംബന്ധിച്ച തുടർനടപടി എന്താണെന്നും വിശദമാക്കുമോ?

നെയ്യാർ ഡാമിനടുത്തായി നിർമ്മിക്കുന്ന 120 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാലയിൽനിന്നും പി.റ്റി.പി നഗറിലെ ജലസംഭരണിവരെ എം.എസ് പൈപ്പ്ലൈൻ സ്ഥാപിച്ച് ശുദ്ധജലം തിരുവനന്തപുരം നഗരത്തിലെത്തിക്കുന്നതിനുള്ള പദ്ധതിക്ക് കിഫ്ബിയിലൂടെ 206.962 കോടി രൂപയുടെ അംഗീകാരം നൽകുകയും പ്രസ്തുത പ്രവൃത്തിയുടെ ദർഘാസ് നടപടികളിലേയ്ക്ക് കടക്കുകയും ചെയ്തിരുന്നു. എന്നാൽ കിഫ്ബിക്ക് ഐ.എഫ്.സി. ഫണ്ട് ലഭിക്കാൻ ഐ.എഫ്.സി.യുടെ മാനദണ്ഡങ്ങൾകൂടി ഉൾപ്പെടുത്തി ദർഘാസ് ക്ഷണിക്കണമെന്ന് ആവശ്യപ്പെടുകയും ഐ.എഫ്.സി.-യുടെ വായ്പ ലഭിക്കുന്നതിനുള്ള നടപടി കിഫ്ബി സ്വീകരിക്കുകയും ചെയ്തിരിക്കുകയാണ്. ഇത് ലഭ്യമാകുന്ന മുറയ്ക്കേ തുടർനടപടികൾ സ്വീകരിക്കാവൂവെന്ന് കിഫ്ബിയിൽനിന്നും അറിയിച്ചിട്ടുള്ളതിനാൽ ദർഘാസ് നടപടികൾ നിർത്തിവച്ചിരിക്കുകയാണ് .

**കോഴിക്കോട് ജില്ലയിലെ ജലജീവൻ മിഷൻ**

287 (1062) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ചേമഞ്ചേരി, ചെങ്ങോട്ടുകാവ്, മൂടാടി, തിക്കോടി എന്നീ പഞ്ചായത്തുകളിൽ ജലജീവൻ മിഷൻ പ്രകാരം കുടിവെള്ളമെത്തിക്കുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കുമോ?

കോഴിക്കോട് ജില്ലയിലെ ചേമഞ്ചേരി, ചെങ്ങോട്ടുകാവ്, മൂടാടി, തിക്കോടി എന്നീ പഞ്ചായത്തുകളിൽ ജലജീവൻ മിഷൻ പദ്ധതിപ്രകാരമുള്ള കുടിവെള്ള പദ്ധതിയുടെ ഫ്ലോട്ടിംഗ് കിണർ, 100MLD ശേഷിയുള്ള ജലശുദ്ധീകരണശാല എന്നിവയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. സാങ്കേതിക അനുമതി നൽകി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഓരോ പഞ്ചായത്തിലും നടന്ന പ്രവർത്തനങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ വിശദമാക്കുമോ?

<u>ചേമഞ്ചേരി</u>

വിതരണശൃഖലയുടെ ഡിസൈൻ തയ്യാറാക്കിവരുന്നു. ജലസംഭരണി നിർമ്മിക്കുന്നതിനുള്ള സ്ഥലത്തിന്റെ മണ്ണ് പരിശോധന പൂർത്തിയായി. ജലസംഭരണി നിർമ്മിക്കുന്നതിനുള്ള സ്ഥലം വിട്ടുനൽകുന്നത് സംബന്ധിച്ച് എഗ്രിമെന്റ് പഞ്ചായത്തിൽനിന്നും ലഭിക്കേണ്ടതുണ്ട്.

ചെങ്ങോട്ട്കാവ്

വിതരണശൃഖലയുടെ ഡിസൈൻ തയ്യാറാക്കിവരുന്നു. ജലസംഭരണി നിർമ്മിക്കുന്നതിനുള്ള സ്ഥലത്തിന്റെ മണ്ണ് പരിശോധന പൂർത്തിയായി. ജലസംഭരണി നിർമ്മിക്കുന്നതിനുള്ള സ്ഥലം ലഭ്യമായിട്ടുണ്ട്.

മൂടാടി

വിതരണശൃഖലയുടെ സർവ്വേ പൂർത്തിയായി. ജലസംഭരണി നിർമ്മിക്കുന്നതിനുള്ള സ്ഥലം വിട്ടുനൽകുന്നത് സംബന്ധിച്ച എഗ്രിമെന്റ് പഞ്ചായത്തിൽനിന്നും ലഭിക്കേണ്ടതുണ്ട്. മണ്ണ് പരിശോധന പൂർത്തിയായി. ജലസംഭരണിയുടെ ഡിസൈൻ തയ്യാറാക്കിവരുന്നു.

തിക്കോടി

വിതരണശൃഖലയുടെ സർവ്വേ പൂർത്തിയായി. ജലസംഭരണി നിർമ്മിക്കുന്നതിനായി കണ്ടെത്തിയ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം നിർണയിക്കുവാൻ കഴിയാത്തതിനാൽ പ്രസ്തുത സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നതേയുള്ളൂ. ഇതിന് കാലതാമസം വരുമെന്നതിനാൽ മറ്റൊരു സ്ഥലം ലഭ്യമാക്കുന്നതിന് പഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. സ്ഥലം ഇതുവരെ ലഭ്യമായിട്ടില്ല.

## കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണം

288 (1063) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

(ബി) ഇത്തരം പദ്ധതികൾ സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കുന്നതിന് എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

(എ&ബി) കുടിവെള്ള പദ്ധതികൾ ആവിഷ്കരിക്കുമ്പോൾതന്നെ തുടക്കം മുതൽ പ്രത്യേക ശ്രദ്ധ ചെലുത്തി നൂതനസാങ്കേതിക വിദ്യകളുടെ സഹായത്തോടെ വിവിധ ഘടകങ്ങളുടെ ഡിസൈനും Price software-ൽ എസ്റ്റിമേറ്റും തയ്യാറാക്കി, ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി ടെണ്ടർ ചെയ്ത് വർക്ക് ഓർഡർ നൽകി പ്രവൃത്തി എത്രയുംവേഗം ആരംഭിക്കാറുണ്ട്. ഭൂമി ഏറ്റെടുക്കൽ, പാട്ടത്തിനെടുക്കൽ എന്നിവയുമായി ബന്ധപ്പെട്ട് ഇതര വകുപ്പുകൾക്ക് (പി.ഡബ്ല്യൂ.ഡി.റോഡ്സ്, എൻ.എച്ച്., റെയിൽവേയ്സ്, കെ.എസ്.ഇ.ബി., ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ്, ഫോറസ്റ്റ്

ഡിപ്പാർട്ടുമെന്റ്) നൽകേണ്ടുന്ന ഫീസ്, ഫണ്ടുകൾ എന്നിവ യഥാസമയം അനുവദിച്ച് പദ്ധതി പ്രവൃത്തികൾക്ക് കാലതാമസമുണ്ടാകാതെ ശ്രദ്ധിക്കാറുണ്ട്. റോഡ് കട്ടിംങ് നടത്തി പൈപ്പിടലും മറ്റും നിർവ്വഹിക്കുന്ന വിഷയത്തിൽ യഥാസമയം അനുമതി ലഭിക്കുന്നതിനും കാലതാമസം, തർക്കം എന്നിവ ഒഴിവാക്കുന്നതിനുമായി പൊതുമരാമത്ത് ജലവിഭവ വകുപ്പുകളുടെ സംയോജിത ഉദ്യോഗസ്ഥ കമ്മിറ്റി രൂപീകരിച്ച് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി ജലവിതരണ പദ്ധതികളുടെ പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിന് റോഡ് മുറിക്കുന്നതിനുള്ള അനുമതിക്കായി പൊതുമരാമത്ത് വകുപ്പിന്റെ ROW (Right of Way) പോർട്ടൽ വഴി അപേക്ഷ നൽകി വേഗത്തിൽ അനുമതി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. e-pmg, സുഗമ എന്നീ പോർട്ടലുകളുടെ സേവനവും ഉപയോഗപ്പെടുത്തിവരുന്നു. പദ്ധതികൾക്കായുള്ള സ്ഥലമെടുപ്പ് ത്വരിതഗതിയിലാക്കുന്നതിന് കളക്ടറുടെ അദ്ധ്യക്ഷതയിൽ സമിതി നിലവിലുണ്ട്. ഓൺലൈൻ സംവിധാനത്തിൽക്കൂടി മേലുദ്യോഗസ്ഥർ പ്രവൃത്തിയുടെ പുരോഗതികൾ മനസ്സിലാക്കുന്നതിനായി PASK, PFMS തുടങ്ങിയ സോഫ്റ്റ്‌വെയറുകൾ ഉപയോഗിച്ച് ആഴ്ചതോറുമുള്ള പുരോഗതി വിലയിരുത്തുകയും തുടർന്ന് കീഴ്ഘടകങ്ങൾക്ക് ആവശ്യമായ

മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ പദ്ധതിയുടെ പുരോഗതി, തടസ്സങ്ങൾ, ടൈം ഷെഡ്യൂൾ എന്നിവ PASK സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്താറുണ്ട്. ഭരണാനുമതി നൽകുന്ന പദ്ധതികൾക്ക് ഏതെങ്കിലും വിധത്തിലുള്ള തടസ്സം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ആ തടസ്സം വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ അംഗങ്ങളായ ജില്ലാതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ ശ്രദ്ധയിൽ കൊണ്ടുവന്ന് തടസ്സം മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കാറുണ്ട്. മറ്റു വകുപ്പുകളുടെ അനുമതി ആവശ്യമായ സന്ദർഭങ്ങളിൽ മന്ത്രിതലത്തിൽ യോഗം വിളിച്ച് ഏകോപനം നടത്താറുണ്ട്.

2024-ഓടുകൂടി സംസ്ഥാനത്തെ ഗ്രാമീണമേഖലയിലെ എല്ലാ വീടുകൾക്കും കുടിവെള്ള കണക്ഷൻ നൽകി ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിന് ലക്ഷ്യമിട്ടുള്ള ജലജീവൻ മിഷൻ പദ്ധതികൾ എല്ലാ ആഴ്ചയിലും വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ നേതൃത്വത്തിൽ അവലോകനം ചെയ്ത് പുരോഗതി വാട്ടർ അതോറിറ്റിയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നുണ്ട്.

ജലജീവൻ മിഷന്റെ നിർവ്വഹണ ഏജൻസികളിലൊന്നായ 'ജലനിധി'-

യുടെ പ്രവർത്തനങ്ങൾ എല്ലാ മാസവും അവലോകന യോഗത്തിലൂടെ പദ്ധതിയുടെ പുരോഗതി, നേരിടുന്ന പ്രശ്നങ്ങൾ, പരിഹാര മാർഗ്ഗങ്ങൾ എല്ലാം വിശദമായി ചർച്ചചെയ്ത് ആയതിന്റെ അടിസ്ഥാനത്തിലെടുക്കുന്ന തീരുമാനങ്ങൾ നടപ്പാക്കിയാണ് പദ്ധതി മുന്നോട്ടുപോകുന്നത്. KRWSA മുഖേന നടത്തുന്ന പ്രവർത്തനങ്ങൾ ഉദ്യോഗസ്ഥതലത്തിൽ ദിവസേന മോണിറ്റർ ചെയ്യുന്നതിനുവേണ്ടി PMS ജലനിധി എന്ന സോഫ്റ്റ്‌വെയർ തയ്യാറാക്കുകയും ജലനിധി വെബ്സൈറ്റിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

**വാട്ടർ അതോറിട്ടിയിൽ നടപ്പാക്കിയ ക്യൂ.സി.ബി.എസ്. സമ്പ്രദായം**

289 (1064) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയിൽ ക്വാളിറ്റി ആൻഡ് കോസ്റ്റ് ബേസ്ഡ് സെലക്ഷൻ സംവിധാനം നടപ്പിലാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത സംവിധാനം നടപ്പാക്കുക വഴി ജലജീവൻ മിഷൻ ഉൾപ്പെടെയുള്ള ഏതെങ്കിലും പ്രധാന പദ്ധതിയുടെ ടെണ്ടർ നടപടി വൈകാൻ ഇടവന്നിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉണ്ട്. കേരളത്തിലുടനീളം മൂന്ന റീജിയണുകളിലായി 114 പ്രവൃത്തികൾക്ക് QCBS സംവിധാനത്തിൽ ടെണ്ടർ നൽകിയിട്ടുണ്ട്. ഇതിൽ ഒരു പ്രവൃത്തിയുടെ ടെണ്ടർ (JJM Kottappady - providing FHTC in rural households in Kottappady Panchayath - 2548 connections in Ernakulam District) ക്യൂ.സി.ബി.എസ് സംവിധാനത്തിനുള്ള വാല്യുവേഷൻ പ്രകാരമുള്ള ഒന്നാം റാങ്കുകാരന് കുറഞ്ഞ നിരക്കിൽ ദർഘാസ് സമർപ്പിച്ച രണ്ടാം റാങ്കുകാരന്റെ റേറ്റിൽ ദർഘാസ് അംഗീകരിച്ച് പ്രവൃത്തി ചെയ്യുവാനുള്ള അനുമതി നൽകിയെങ്കിലും ഒന്നാം റാങ്കുകാരൻ കുറഞ്ഞ നിരക്കിൽ പ്രവൃത്തി ചെയ്യാൻ തയ്യാറായില്ല. ആയതിനാൽ ദർഘാസ് റദ്ദ് ചെയ്ത് പുനർ ദർഘാസ് ക്ഷണിക്കുന്നതിനുള്ള കാലതാമസം നേരിട്ടിട്ടുണ്ട്.

(സി) ക്യൂ.സി.ബി.എസ്. സംവിധാനത്തിലൂടെ വാട്ടർ അതോറിറ്റിയിൽ എത്ര കോടി രൂപയുടെ ടെണ്ടർ ഇതിനകം നൽകിയിട്ടുണ്ട്?

ക്യൂ.സി.ബി.എസ്. സംവിധാനത്തിലൂടെ വാട്ടർ അതോറിറ്റിയിൽ മൂന്ന റീജിയണുകളിലായി 1750.36 കോടി രൂപയുടെ ടെണ്ടറുകൾ നൽകിയിട്ടുണ്ട്. വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) മേല്പറഞ്ഞ സംവിധാനം നടപ്പിലാക്കുക വഴി അധിക സാമ്പത്തിക ബാധ്യത ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഇല്ല. ഇക്കാര്യം പരിശോധിച്ചുവരികയാണ്.

**മണലൂർ മണ്ഡലത്തിലെ കുടിവെള്ള പ്രവൃത്തികൾ**

290 (1065) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ പാവറട്ടി, മുല്ലശ്ശേരി പഞ്ചായത്തുകളിൽ കുടിവെള്ളമെത്തിക്കുന്നതിനായി നിർമ്മാണം പൂർത്തീകരിച്ച ടാങ്കിലേയ്ക്ക് വെള്ളം എത്തിക്കുന്നതിനാവശ്യമായ പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

ചാട്ടുകുളം മുതൽ പാവറട്ടി മുല്ലശ്ശേരി മേഖലയിൽ പൂർത്തീകരിച്ചിട്ടുള്ള ടാങ്കുകൾ വരെ ഗ്രാവിറ്റി മെയിൻ 13.80 കിലോമീറ്റർ സ്ഥാപിക്കുന്ന പ്രവൃത്തി 65% പൂർത്തീകരിച്ചിട്ടുണ്ട്. മൺസൂൺകാല നിരോധനംമൂലം ഇനി പൈപ്പുകൾ സ്ഥാപിക്കേണ്ട പൊതുമരാമത്ത് റോഡിൽ പ്രവൃത്തികൾ ഒന്നുംതന്നെ ഇപ്പോൾ നടക്കുന്നില്ല. കൂടാതെ ബ്രഹ്മകുളം ഭാഗത്ത് റെയിൽവേ ക്രോസ്സിങ്ങിനുള്ള അനുമതി ഇതുവരെ ആയിട്ടില്ല.

(ബി) പ്രസ്തുത പഞ്ചായത്തുകളിലെ വീടുകളിൽ കുടിവെള്ളം എത്തിക്കുന്നതിനുള്ള വിതരണശൃംഖലയുടെ പ്രവർത്തന പുരോഗതി ഏത് ഘട്ടത്തിലാണ്; വീടുകളിൽ ടാപ്പുകൾ സ്ഥാപിക്കുന്നത് പൂർത്തീകരിച്ചിട്ടുണ്ടോ?

ആർ.കെ.ഐ. പദ്ധതിയിലുൾപ്പെടുത്തി പാവറട്ടി, മുല്ലശ്ശേരി എന്നീ പഞ്ചായത്തുകളിലെ എല്ലാ വീടുകളിലും ശുദ്ധജലമെത്തിക്കുന്നതിനായി വിതരണശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തി 74% പൂർത്തീകരിച്ചു. 5192 മീറ്റർ ഡി.ഐ. പൈപ്പ്, 10400 മീറ്റർ പി.വി.സി പൈപ്പുകൾ എന്നിവ കരാറുകാർ വിതരണം ചെയ്തിട്ടുണ്ട്. മുല്ലശ്ശേരി പഞ്ചായത്തിൽ 42.877 കിലോമീറ്റർ നീളത്തിലും പാവറട്ടി പഞ്ചായത്തിൽ 36.785 കിലോമീറ്റർ നീളത്തിലും വിതരണശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. മുല്ലശ്ശേരി പഞ്ചായത്തിൽ 1000 വീടുകളിലും പാവറട്ടി പഞ്ചായത്തിൽ 500 വീടുകളിലും ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പ്രവൃത്തിയുടെ ഭാഗമായി വെട്ടിപ്പൊളിച്ച പഞ്ചായത്ത് റോഡുകൾ പൂർവ്വസ്ഥിതിയിലാക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ?

പൈപ്പിടൽ കഴിഞ്ഞ ഭാഗങ്ങളിൽ ഗതാഗത തടസ്സമുണ്ടാകാത്ത രീതിയിൽ മണ്ണിട്ട് ലെവൽ ചെയ്യുന്നുണ്ട്. ഈ പ്രവൃത്തികളുടെ ഗുണഭോക്താക്കൾ പഞ്ചായത്തായതിനാൽ ഭരണാനുമതി എസ്റ്റിമേറ്റിൽ പഞ്ചായത്ത് റോഡുകളുടെ restoration works ഉൾപ്പെടുത്തിയിരുന്നില്ല.

**അമ്പലപ്പുഴ കുടിവെള്ള പദ്ധതി**

291 (1066) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ കുടിവെള്ള പദ്ധതിയുടെ പൈപ്പ് ഇടയ്ക്കിടെ പൊട്ടുന്നതുമൂലം കുടിവെള്ളം തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുവരെ എത്ര തവണയാണ് പൈപ്പ് പൊട്ടിയിട്ടുള്ളത്; സ്ഥിരമായി പൈപ്പ് പൊട്ടുന്നതിന്റെ കാരണവും ഇതിന് പരിഹാരം എന്തെന്നും വ്യക്തമാക്കുമോ?

ഉണ്ട്. നാളിതുവരെ 51 പൊട്ടലുകളാണ് പ്രസ്തുത പൈപ്പ്ലൈനിൽ ഉണ്ടായിട്ടുള്ളത്. തകഴി മുതൽ കേളമംഗലം വരെ സ്ഥാപിച്ച 1000 എംഎം, എച്ച്.ഡി.പി.ഇ പൈപ്പുകളിൽ പർമ ബ്രാൻഡ് പൈപ്പുകളിലാണ് പൊട്ടലുകളുണ്ടാകുന്നത്. പൈപ്പ് നിരന്തരമായി കേടുപാടുകൾ

സംഭവിക്കുന്നതിനുള്ള കാരണങ്ങൾ നിലവിൽ വിജിലൻസിന്റെ അന്വേഷണത്തിലാണ്. ഇതു പരിഹരിക്കുന്നതിനായി പ്രസ്തുത പ്രവൃത്തി ചെയ്ത കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ, കേടുപാടുകൾ സംഭവിക്കുന്ന തകഴി മുതൽ കേളമംഗലം വരെയുള്ള ഭാഗത്തെ പൈപ്പുകൾ മാറ്റി പുതിയ പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിക്കുന്നു.

(ബി) പൈപ്പ് പൊട്ടുന്നത് ഒഴിവാക്കാനായി സ്വീകരിച്ച നടപടികൾ എന്തൊക്കെ; പൈപ്പ് മാറ്റുന്ന പദ്ധതിക്ക് തടസ്സമുണ്ടായിട്ടുണ്ടോ; വിശദാംശം നൽകുമോ?

തകഴി മുതൽ കേളമംഗലം വരെ മാറ്റി സ്ഥാപിക്കേണ്ട പൈപ്പ്‌ലൈനിൽ 510 മീറ്റർ മാറ്റി സ്ഥാപിച്ചുകഴിഞ്ഞു. ശേഷിക്കുന്ന പ്രവൃത്തികൾ അപ്രതീക്ഷിതമായി വന്ന മഴയും ഉയർന്ന ജലനിരപ്പും കാരണം മെയ് അവസാന വാരം മുതൽ നിർത്തിവച്ചിരിക്കുകയാണ്.

**തലശ്ശേരി-കൂത്തുപറമ്പ് സമഗ്ര കുടിവെള്ള പദ്ധതി**

292 (1067) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി മണ്ഡലത്തിൽ കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്ന തലശ്ശേരി-കൂത്തുപറമ്പ് സമഗ്ര കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; പദ്ധതിയുടെ പൂർത്തീകരണത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

കിഫ്ബി മുഖാന്തരം നടപ്പാക്കുന്ന തലശ്ശേരി-കൂത്തുപറമ്പ് സമഗ്ര കുടിവെള്ള പദ്ധതിയുടെ വിവിധ ഘടകങ്ങൾ സ്ഥാപിക്കുവാൻ 5 സ്ഥലങ്ങൾ ആവശ്യമുള്ളതിൽ 3 സ്ഥലങ്ങൾ ലാൻഡ് അക്വിസിഷൻവഴി ഏറ്റെടുക്കേണ്ടതിന്റെ നടപടികൾ അന്തിമഘട്ടത്തിലാണ്. സ്ഥലങ്ങളുടെ കമ്പോളവില നിർണ്ണയിച്ച് 24-05-2022-ന് കണ്ണൂർ ജില്ലാകളക്ടർ ഉത്തരവായിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിന് എൽ.എ/എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജിനത്തിൽ 45 ലക്ഷം രൂപ ഒടുക്കുവാനുള്ള നിർദ്ദേശം സ്പെഷ്യൽ തഹസിൽദാർ (എൽ.എ), തലശ്ശേരിയിൽനിന്നും 28-05-2022-ന് ലഭിച്ചിട്ടുണ്ട്. കിഫ്ബിയിൽനിന്ന് തുക ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത തുക ഒടുക്കുന്നതാണ്. ശേഷിക്കുന്ന ആവശ്യമായ രണ്ടു സ്ഥലങ്ങളിൽ ഒന്നു പാനൂർ മുനിസിപ്പാലിറ്റി അനുവദിച്ചുതന്നിട്ടുണ്ട്. രണ്ടാമത്തെ സ്ഥലം ചൊക്ലി പഞ്ചായത്തിനായുള്ള 13 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല സംഭരണി നിർമ്മിക്കുന്നതിനായി ചൊക്ലി ഗവൺമെന്റ് കോളേജിന്റെ ഉടമസ്ഥതയിലുള്ള

സ്ഥലത്തിന്റെ ഉപയോഗാനുമതി ലഭ്യമാക്കാനുള്ള പ്രൊപ്പോസൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ അംഗീകാരത്തിനായി കോളേജ് പ്രിൻസിപ്പൽ മുഖേന സമർപ്പിച്ചിട്ടുണ്ട്. ഇത് ഉടനെ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. പദ്ധതിക്ക് ഘടകങ്ങൾ നിർമ്മിക്കാനാവശ്യമായ സ്ഥലങ്ങൾ ലഭ്യമായാൽ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള ടെണ്ടർ നടപടി സ്വീകരിക്കാവുന്നതാണ്.

(ബി) പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിന് ഇനിയുള്ള നടപടിക്രമങ്ങൾ എന്തെല്ലാം; ആയത് അടിയന്തരമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

സ്വകാര്യ/ഗവൺമെന്റ് ഭൂമികൾ കേരള വാട്ടർ അതോറിറ്റിക്ക് ലഭ്യമായ ഉടനെ നിർമ്മാണ പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുന്ന പദ്ധതിയായതിനാൽ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## വാട്ടർചാർജ്ജ് കുടിശ്ശിക

293 (1068) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൻകിട സ്ഥാപനങ്ങളുടെയും ഗാർഹിക മേഖലയുടെയും വാട്ടർചാർജ്ജ് കുടിശ്ശിക തുക ഇനം തിരിച്ച് ലഭ്യമാക്കുമോ?

സംസ്ഥാനത്ത് 100 കിലോ ലിറ്ററിന് മുകളിൽ ഉപയോഗിക്കുന്ന വൻകിട സ്ഥാപനങ്ങളിൽ വാട്ടർ ചാർജ്ജ് ഇനത്തിൽ 375.75 കോടി രൂപയും ഗാർഹിക വിഭാഗം കണക്ഷനുകളിൽ 231.03 കോടി രൂപയും കുടിശ്ശികയായുണ്ട് (31-05-2022 വരെ).

(ബി) മീറ്റർ തകരാർ കാരണം അമിത വാട്ടർബിൽ, തെറ്റായ വാട്ടർ മീറ്റർ റീഡിംഗ്, കൂടുതൽ/കുറഞ്ഞ തുക ഈടാക്കൽ എന്നിവ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം പരാതികൾ ശ്രദ്ധയിൽപ്പെടുമ്പോൾതന്നെ അസിസ്റ്റന്റ് എഞ്ചിനീയറും മീറ്റർ ഇൻസ്പെക്ടറും സ്ഥലം സന്ദർശിച്ച് തയാറാക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിച്ച് പരാതി പരിഹരിച്ചുവരുന്നു. ഗാർഹിക ഉപഭോക്താക്കൾക്ക് പൈപ്പ്ലൈനിൽ കാണപ്പെടാത്ത ചോർച്ച മൂലമുണ്ടാകുന്ന അധികരിച്ച വാട്ടർ ബില്ലുകളിൽ 50KL-നു മുകളിൽവരുന്ന റീഡിംഗുകൾക്ക് ലീക്കേജ് ആനുകൂല്യം നൽകിവരുന്നുണ്ട്. മീറ്റർ തകരാർമൂലം

അധികരിച്ച വാട്ടർബിൽ വന്നാൽ, പ്രസ്തുത മീറ്റർ ടെസ്റ്റ് ചെയ്ത് പ്രവർത്തനരഹിതമാണെന്ന് കണ്ടെത്തുന്നപക്ഷം അത്തരത്തിലുള്ള ബില്ലുകൾ പുനഃക്രമീകരിച്ചും നൽകുന്നു.

(സി) എങ്കിൽ ഇത്തരത്തിലുള്ള ഉപഭോക്താക്കളുടെ ആശങ്കകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഇത്തരത്തിലുള്ള ഉപഭോക്താക്കളുടെ പരാതികൾ സ്വീകരിച്ച് അന്വേഷണത്തിനായി മീറ്റർ ഇൻസ്പെക്ടർ/ അസിസ്റ്റന്റ് എഞ്ചിനീയർ/ മീറ്റർ റീഡർ എന്നിവരെ നിയോഗിച്ച് മീറ്റർ റീഡിംഗിലെയോ മീറ്റർ തകരാർ കാരണമോ മീറ്റർ ഫിറ്റിംഗിലെയോ അപാകതകളുണ്ടെങ്കിൽ ആയവ പരിഹരിച്ച് ഉപഭോക്താവിനെ അറിയിച്ചുവരുന്നു.

**ജലജീവൻ മിഷൻ പ്രവൃത്തികൾ**

294 (1069) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലജീവൻ മിഷന്റെ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

2024-ഓടെ എല്ലാ ഗ്രാമീണ വീടുകളിലും കുടിവെള്ള കണക്ഷൻ നൽകുന്നത് ലക്ഷ്യമിട്ടാണ് പദ്ധതി പ്രവർത്തനം നടന്നുവരുന്നത്. ജലജീവൻ മിഷൻ പദ്ധതിയുടെ നിലവിലെ സ്ഥിതിവിവര കണക്ക് അനുബന്ധം (1)* ആയി ചേർക്കുന്നു. 100% ലക്ഷ്യം കൈവരിക്കുന്നതിനായി, ശേഷിക്കുന്ന കണക്ഷനുകൾ നൽകുന്നതിനുള്ള പദ്ധതികൾക്കും സ്റ്റേറ്റ് ലെവൽ സ്കീം സാംഗ്ഷനിംഗ് കമ്മിറ്റി അനുമതി നൽകിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷംതന്നെ എല്ലാ പദ്ധതികൾക്കും ഭരണാനുമതി നൽകി 100% ഗ്രാമീണ ഭവനങ്ങളിലും കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കുന്ന തരത്തിലാണ് പദ്ധതി ലക്ഷ്യമിട്ടിട്ടുള്ളത്. നിലവിൽ 21 പഞ്ചായത്തുകളിൽ എല്ലാ വീടുകളിലും കുടിവെള്ള കണക്ഷൻ നൽകി ലക്ഷ്യം കൈവരിച്ചിട്ടുണ്ട്. കൂടാതെ എല്ലാ ഗ്രാമീണ സ്കൂളുകളിലും അങ്കണവാടികളിലും ശുദ്ധജല ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്.

(ബി) ആയതിനുവേണ്ടി ഇതുവരെ എത്ര രൂപ അനുവദിച്ചു; ഒരോ ജില്ലയിലും എത്ര രൂപ ചെലവഴിച്ചു; വിശദാംശം നൽകുമോ?

സംസ്ഥാനത്ത് ജലജീവൻ മിഷൻ പദ്ധതി ആരംഭിച്ച 2020-21 സാമ്പത്തിക വർഷം മുതൽ 2021-22 സാമ്പത്തിക വർഷംവരെ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(31-03-2022 വരെ) കേന്ദ്ര-സംസ്ഥാന വിഹിതമായി ആകെ ലഭ്യമായ തുക 3389.87 കോടി രൂപയാണ് (മുൻ വർഷ ബാക്കിയായ 76.62 കോടി രൂപ ഉൾപ്പെടെ). ഇതിൽ 31-03-2022 വരെ ആകെ 2638.92 കോടി രൂപ ചെലവഴിച്ചിട്ടുണ്ടായിരുന്നു. ഇതുപ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ മുൻവർഷ ബാക്കിയായി ആകെ 750.95 കോടി രൂപ ലഭ്യമായിരുന്നു. (3389.87-2638.92). 2022-23 സാമ്പത്തിക വർഷം കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ജലജീവൻ മിഷൻ പദ്ധതിക്കായി ഇതുവരെ ഫണ്ട് നൽകിയിട്ടില്ല. നിലവിൽ മുൻവർഷത്തെ ബാക്കി തുകയിൽനിന്നാണ് പദ്ധതിക്കായി പണം ചെലവഴിക്കുന്നത്. ഇതുസംബന്ധിച്ചുള്ള ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം (2)* ആയി ചേർത്തിട്ടുണ്ട്.

(സി) കോഴിക്കോട്-പാലക്കാട് ദേശീയ പാതയടക്കം പല റോഡുകളിലും പൈപ്പിടുന്നതിന് അനുമതി ലഭിക്കാത്ത സാഹചര്യം പദ്ധതി പ്രവൃത്തികൾ വൈകാനിടയാകുന്നു എന്ന പരാതി ശ്രദ്ധയിൽവന്നിട്ടുണ്ടോ; എങ്കിൽ അതിനുള്ള പരിഹാരം വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പദ്ധതിക്കുവേണ്ടി റോഡ് മുറിക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഏകോപന സംവിധാനം

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഏർപ്പെടുത്തിയിട്ടുണ്ട്. പൊതുമരാമത്ത് റോഡുകളുടെ പരിപാലനവും ജലവിഭവ പദ്ധതി പ്രവൃത്തികളും ഏകോപിപ്പിക്കാൻ പൊതുമരാമത്ത് ജലസേചന വകുപ്പുകളുടെ ഉന്നതതല യോഗം സ്ഥിരം കമ്മിറ്റിക്ക് 07-01-2022-ലെ സ.ഉ.(സാധാ) നം.20/2022/പൊ.മ.വ പ്രകാരം രൂപം നൽകിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം (3)* ആയി ചേർക്കുന്നു. കൂടാതെ പൊതുനിരത്തുകളിൽ കുടിവെള്ള പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനായി റോഡ് മുറിക്കുന്നതുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അതാത് ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ എല്ലാ മാസവും ഡി.ഐ.സി.സി (ഡിസ്ട്രിക്ട് ഇൻഫ്രാസ്ട്രക്ചർ കോ-ഓർഡിനേഷൻ കമ്മിറ്റി) യോഗം കൂടുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരിട്ട് അവലോകനം നടത്തുന്ന മുൻഗണന പട്ടികയിലുള്ള ജലജീവൻ മിഷൻ പദ്ധതിക്കായി റോഡ് കട്ടിംഗ് അനുമതി ലഭ്യമാക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനായി സർക്കാർതലത്തിൽ നേരിട്ട് ഇടപെടൽ നടത്തുന്നുണ്ട്.

ജലജീവൻ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ വകുപ്പുകളിൽനിന്നും അനുമതി ലഭ്യമാകേണ്ടുന്ന പ്രവൃത്തികൾക്ക് അനുമതി ലഭ്യമാക്കുന്നതിന് വെബ്സൈറ്റിൽ നേരിട്ട് നൽകുന്നതിനുള്ള

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംവിധാനമുൾപ്പെടെ ഏർപ്പെടുത്തിയിട്ടുണ്ട്. അനുമതികൾ സമയബന്ധിതമായി ലഭ്യമാക്കുവാൻ കേന്ദ്രതലത്തിലും വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് യോഗങ്ങൾ നടത്തുന്നുണ്ട്.

(ഡി) പൊതുമരാമത്ത് റോഡുകളിൽ പൈപ്പിട്ടശേഷം റോഡ് പുനഃസ്ഥാപിക്കുന്ന ചുമതല വാട്ടർ അതോറിറ്റിക്കുനൽകി സർക്കാർ ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ?

പൊതുമരാമത്ത് റോഡുകളിൽ പൈപ്പിട്ടശേഷം റോഡ് പുന:സ്ഥാപിക്കുന്ന ചുമതല വാട്ടർ അതോറിറ്റിക്ക് നൽകിക്കൊണ്ട് 24-02-2022-ൽ G.O.(MS)No.8/2022/PWD നമ്പറായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധം (4)* ആയി ചേർക്കുന്നു.

(ഇ) എങ്കിൽ പൊതുമരാമത്ത് പ്രവൃത്തിക്ക് വേണ്ടി ടെണ്ടർ ചെയ്ത് കരാറുകാരന് കൈമാറിയ റോഡുകളിൽ വാട്ടർ അതോറിറ്റി പൈപ്പിടുന്നതിന് കരാറുകാരൻ അനുമതി നൽകാത്ത വിഷയം ശ്രദ്ധയിൽവന്നിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എഫ്) കരാറുകാരന് കൈമാറിയ റോഡുകളിൽ പൈപ്പിട്ടതിന് ശേഷം റോഡ് പൂർവ്വസ്ഥിതിയിലാക്കാൻ വാട്ടർ അതോറിറ്റിക്ക് പരിമിതികളുള്ളതിനാൽ അത്തരം റോഡുകളുടെ പുനരുദ്ധാരണ ചുമതല നിലവിലെ പൊതുമരാമത്ത് കരാറുകാരന് നൽകി ഉത്തരവിൽ സ്പഷ്ടീകരണം നടത്തുമോ?

പൊതുമരാമത്ത് റോഡുകളിൽ പൈപ്പിട്ടശേഷം റോഡ് പുന:സ്ഥാപിക്കുന്നത് സംബന്ധിച്ച മാനദണ്ഡങ്ങൾ 24-02-2022-ൽ G.O. (MS) No.8/2022/PWD നമ്പറായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൽ എന്തെങ്കിലും അപര്യാപ്തതകളുണ്ടെങ്കിൽ സർക്കാർ പരിശോധിക്കുന്നതാണ്.

(ജി) ജലജീവൻ മിഷൻ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്താൻ മന്ത്രിതലത്തിൽ ജില്ലയിലെ ജനപ്രതിനിധികളുടെ അവലോകന യോഗം വിളിച്ചുകൂട്ടുന്നതിന് നടപടി സ്വീകരിക്കുമോ?

അസംബ്ലി മണ്ഡലതലത്തിൽ കൂടുതൽ ഏകോപനവും മേൽനോട്ടവും നടത്തുന്നതിനുവേണ്ടി ജലവിഭവ വകുപ്പുമന്ത്രി ബഹുമാനപ്പെട്ട സ്പീക്കറുടെ അനുമതിയോടെ അസംബ്ലിയിൽവച്ച് 16-03-2022-ന് എല്ലാ എം.എൽ.എ.-

മാരുടെയും ഒരു ശില്പശാല നടത്തുകയുണ്ടായി. അതിലൂടെ ഉരുത്തിരിഞ്ഞു വന്ന ആശയമനുസരിച്ച് സംസ്ഥാനത്തെ മുഴുവൻ അസംബ്ലി മണ്ഡലങ്ങളിലും വാട്ടർ അതോറിറ്റിയിലെ ഓരോ ഉദ്യോഗസ്ഥരെ പ്രത്യേകം ചുമതലപ്പെടുത്തി 05-04-2022-ൽ 2017/AE11/2022/KWA നടപടിക്രമം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിലൂടെ പദ്ധതി നിർവ്വഹണത്തിലെ പ്രശ്നങ്ങൾ യഥാസമയം സർക്കാരിന്റെ ശ്രദ്ധയിൽ വരുത്തുകയും ആവശ്യമായ പരിഹാരനടപടികൾ വേഗത്തിൽ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. മുഖ്യമന്ത്രിയുടെ നിർദ്ദേശമനുസരിച്ച് ജില്ലയിലെ ചുമതലയുള്ള മന്ത്രിമാരുടെ നേതൃത്വത്തിൽ അതാത് ജില്ലകളിലെ ജനപ്രതിനിധികളുടെ അവലോകന യോഗം വിളിച്ചുകൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ചവറയിൽ പൈപ്പിടൽ പൂർത്തിയായ റോഡുകളുടെ പുനരുദ്ധാരണം**

295 (1070) ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ നിയോജകമണ്ഡലത്തിലെ തേവലക്കര ഗ്രാമപഞ്ചായത്തിൽ ജലജീവൻ മിഷൻ കുടിവെള്ള പൈപ്പ്ലൈൻ

സ്ഥാപിക്കുന്നതിനായി പൊളിച്ച റോഡുകൾ സഞ്ചാരയോഗ്യമല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പൈപ്പിടൽ പൂർത്തിയായ റോഡുകൾ അടിയന്തരമായി പൂർവ്വസ്ഥിതിയിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ചവറ നിയോജകമണ്ഡലത്തിലെ തേവലക്കര ഗ്രാമപഞ്ചായത്തിൽ ജലജീവൻ മിഷൻ പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ നൽകിയ കണക്ഷനുകളുമായി ബന്ധപ്പെട്ട് മുറിച്ച റോഡുകളെല്ലാം തന്നെ ഇതിനകം കോൺക്രീറ്റ് ചെയ്ത് പൂർവ്വ സ്ഥിതിയിലാക്കിയിട്ടുണ്ട്. പ്രധാനമായും പഞ്ചായത്ത് റോഡുകളുടെ വശങ്ങളിലൂടെയാണ് പൈപ്പുലൈനുകൾ സ്ഥാപിച്ചിട്ടുള്ളത്. പൈപ്പുലൈൻ സ്ഥാപിച്ചതിനുശേഷം താഗത യോഗ്യമാക്കിയിട്ടുണ്ടെങ്കിലും മൺസൂൺ കാലത്തെ മഴയിൽ പൈപ്പുലൈൻ സ്ഥാപിച്ച ഭാഗങ്ങൾ ചെറുതായി താഴ്ന്നതിനാൽ അവ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനു വേണ്ടി പൊട്ടിക്കേണ്ടിവരുന്ന കോൺക്രീറ്റ് റോഡുകൾ മൺസൂൺ കാലത്തിനുശേഷം പുന:സ്ഥാപിക്കുന്നതാണ്.

## വൈപ്പിൻ മണ്ഡലത്തിലെ കുടിവെള്ളക്ഷാമം

296 (1071) <u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ രൂക്ഷമായ കുടിവെള്ള ക്ഷാമം ചർച്ച ചെയ്യുന്നതിനായി വകുപ്പുമന്ത്രിയുടെ സാന്നിധ്യത്തിൽ 30-08-2021-ന് എറണാകുളം ഗസ്റ്റ് ഹൗസിൽ ചേർന്ന യോഗത്തിലെ തീരുമാനപ്രകാരം പത്ത് ദിവസത്തിനകം സമർപ്പിക്കാൻ നിർദ്ദേശിച്ചിരുന്ന മണ്ഡലത്തിലെ കുടിവെള്ളക്ഷാമത്തെ സംബന്ധിച്ച സമഗ്ര റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത റിപ്പോർട്ട് സമർപ്പിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കുമോ?

(എ-സി) 30-08-2021-ന് ചേർന്ന യോഗത്തിലെ നിർദ്ദേശപ്രകാരം സമർപ്പിക്കാൻ നിർദേശിച്ചിരുന്ന കുടിവെള്ള ക്ഷാമത്തെ സംബന്ധിച്ച സമഗ്ര റിപ്പോർട്ട് നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാൻ കേരള വാട്ടർ അതോറിറ്റിക്ക് സാധിച്ചില്ല. എന്നാൽ പ്രസ്തുത റിപ്പോർട്ട് തയ്യാറാക്കി

വൈപ്പിൻ മേഖലയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടികൾ നിലവിൽ പുരോഗമിച്ചുവരുന്നു. റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

## ആറ്റിങ്ങൽ മണ്ഡലത്തിലെ കുടിവെള്ള പദ്ധതി

297 (1072) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ കരവാരം-നഗരൂർ-പുളിമാത്ത് കുടിവെള്ള പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ?

കരവാരം-നഗരൂർ-പുളിമാത്ത് പഞ്ചായത്തുകളിൽ ശുദ്ധജലം ലഭ്യമാക്കുന്നതിന് വേണ്ടിയുള്ള പദ്ധതിക്ക് കിഫ്ബി ഫണ്ടുപയോഗിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ വിവിധ ഘടകങ്ങൾ നിർമ്മിക്കുന്നതിന് അഞ്ചിടത്തായി റവന്യൂ ഭൂമിയും രണ്ടിടത്ത് സ്വകാര്യ ഭൂമിയും ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. സംപും പമ്പ് ഹൗസും നിർമ്മിക്കുന്നതിന് കരവാരം വില്ലേജിലെ പാവല്ല എന്ന സ്ഥലത്ത് 10 സെന്റ്, ഉപരിതലജല സംഭരണികൾ നിർമ്മിക്കുന്നതിന് നഗരൂർ വില്ലേജിലെ പാറമുക്ക് എന്ന സ്ഥലത്ത് 25 സെന്റ്, നെടുമ്പറമ്പ് ഹൈസ്കൂൾ പരിസരത്ത് 25 സെന്റ്,

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കടൽകാണി പാറയിൽ 15 സെന്റ്, ജലശുദ്ധീകരണശാലയുടെ നിർമ്മാണത്തിനായി പുളിമാത്ത് വില്ലേജിലെ കുറ്റിമൂടിൽ 75 സെന്റ് എന്നിവയാണ് ഏറ്റെടുക്കേണ്ട റവന്യൂ വകുപ്പിന്റെ സ്ഥലങ്ങൾ. ടി സ്ഥലങ്ങൾ പാട്ടത്തിന് അനുവദിക്കുന്നതിലേയ്ക്കായി നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷകൾ 06-04-2019-ൽ ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്. ഉപരിതല ജലസംഭരണി നിർമ്മിക്കുന്നതിന് വണ്ടിത്തടമെന്ന സ്ഥലത്ത് 15 സെന്റ് സ്ഥലവും കിണറും പമ്പ് ഹൗസും നിർമ്മിക്കുന്നതിന് വാമനപുരം വില്ലേജിലെ ആനാകുടിയെന്ന സ്ഥലത്ത് വാമനപുരം നദിയോട് ചേർന്ന് 25 സെന്റ് സ്ഥലവും സ്വകാര്യ വ്യക്തികളിൽനിന്നും ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ടി സ്ഥലങ്ങൾ ഏറ്റെടുക്കുന്നതിനുള്ള അനുമതി സർക്കാർ നൽകിയിട്ടുണ്ട്. [ 02-09-201-ലെ ഉത്തരവ് നം. സ.ഉ(സാധാ)നം.625/ 2019/ജവിവ ]. ടി സ്ഥലങ്ങൾ ഉടൻതന്നെ ലഭ്യമാക്കാമെന്ന് വാക്കാൽ അറിയിച്ചിട്ടുള്ളതനുസരിച്ച് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി ലഭ്യമാക്കി ദർഘാസ് നടപടികളുമായി മുന്നോട്ടുപോകുകയാണ്.

ടി പദ്ധതിയുടെ രണ്ടാംഘട്ടമായി ജലവിതരണ ശൃംഖലകൾ സ്ഥാപിച്ച് 15438 കുടിവെള്ള കണക്ഷനുകൾ നൽകുന്ന പദ്ധതിക്ക് ജലജീവൻ മിഷനിലുൾപ്പെടുത്തി 8917.14 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ ദർഘാസ് നടപടികൾ പുരോഗമിക്കുന്നു.

**പൈപ്പുകളിലെ ചോർച്ച മൂലമുള്ള നഷ്ടം**

298 (1073) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി എത്ര കോടി രൂപയുടെ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നതെന്നും പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശിക എത്രയാണെന്നും വ്യക്തമാക്കുമോ?

2021-22 സാമ്പത്തിക വർഷത്തെ പ്രൊവിഷണൽ അക്കൗണ്ട്സ് പ്രകാരം കേരള വാട്ടർ അതോറിറ്റിയുടെ നഷ്ടം 529.20 കോടി രൂപയും സഞ്ചിത നഷ്ടം 4,616.29 കോടി രൂപയുമാണ്.

കേരള വാട്ടർ അതോറിറ്റിയിൽ പിരിഞ്ഞുകിട്ടാനുള്ള തുക (ഇ-അബാക്കസിൽ പ്രകാരം) അനുബന്ധമായി* ചേർക്കുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഗാർഹിക പൈപ്പ് കണക്ഷനുകളിൽ പ്രവർത്തനക്ഷമമല്ലാത്ത മീറ്ററുകൾ എത്രയെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഇതുമൂലം പ്രതിവർഷമുണ്ടാകുന്ന നഷ്ടം എത്രയാണെന്ന് വ്യക്തമാക്കുമോ?

31-05-2022-ലെ കണക്കനുസരിച്ച് ഗാർഹിക വിഭാഗം കണക്ഷനുകളിൽ പ്രവർത്തനക്ഷമമല്ലാത്ത 70,049 (1.90%) മീറ്ററുകളുണ്ട്. ഗാർഹിക വിഭാഗം കണക്ഷനുകളിൽ പ്രവർത്തനക്ഷമമല്ലാത്ത മീറ്ററുകൾ കൊണ്ടുണ്ടാകുന്ന നഷ്ടം തിട്ടപ്പെടുത്തിയിട്ടില്ല. 100% സർചാർജ്ജ് ഈടാക്കുന്നതിനാൽ കാര്യമായ നഷ്ടമുണ്ടാകാൻ സാധ്യതയില്ലെന്നാണ് അനുമാനിക്കുന്നത്.

(സി) കേടായ മീറ്ററുകൾ മാറ്റാനും നഷ്ടം ഒഴിവാക്കാനും സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

കേടായ മീറ്ററുകൾ ശ്രദ്ധയിൽപ്പെടുമ്പോൾ അതാത് മേഖലയിലെ മീറ്റർ റീഡർമാർ മീറ്റർ പ്രവർത്തന രഹിതമാണെന്ന് ഉപഭോക്താക്കളെ അറിയിക്കുകയും എന്നാൽ മീറ്റർ മാറ്റി സ്ഥാപിച്ചില്ലെങ്കിൽ ഉപഭോക്താവിന് നിയമാനുസൃതം മാറ്റി സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകുകയും ചെയ്യുന്നു. കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുന്നുണ്ടോയെന്ന്

അതാത് റവന്യൂ ഡിവിഷനുകളിലെ റവന്യൂ ഓഫീസർമാർ അസിസ്റ്റന്റ് എഞ്ചിനീയർമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ എന്നിവർക്ക് പരിശോധിക്കുന്നതിനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കാത്തപക്ഷം നോട്ടീസ് നൽകി കണക്ഷൻ വിച്ഛേദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. 1991-ലെ കേരള വാട്ടർ അതോറിറ്റി (വാട്ടർ സപ്ലൈ) റെഗുലേഷൻ 12(e) പ്രകാരം മീറ്റർ മാറ്റി സ്ഥാപിക്കാത്തപക്ഷം കേടായതു മുതൽ തുടർന്നുവരുന്ന ആദ്യ മാസം ജലഉപഭോഗത്തിന്റെ മുൻ ശരാശരി പ്രകാരമുള്ള വാട്ടർ ചാർജ്ജിന്റെ 25%-വും അടുത്ത രണ്ട് മാസങ്ങളിൽ 50%-വും അത് കഴിഞ്ഞാൽ 100%-വും സർചാർജ്ജായി ഈടാക്കിവരുന്നു.

(ഡി) പൈപ്പ് കണക്ഷനുകളുടെ ചോർച്ചമൂലം പ്രതിദിനം വിതരണത്തിനായുള്ള വെള്ളത്തിന്റെ എത്ര ശതമാനം കണക്കിൽപ്പെടാതെ നഷ്ടപ്പെടുന്നു; ഇതുമൂലം പ്രതിവർഷം എത്ര കോടി രൂപയുടെ നഷ്ടം ഉണ്ടാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ?

പൈപ്പ് കണക്ഷനുകളുടെ ചോർച്ചമൂലം പ്രതിദിന വിതരണത്തിനായി തയ്യാറാക്കുന്ന വെള്ളത്തിന്റെ നഷ്ടം (ഭൗതിക നഷ്ടം) 20% - 25%

വരെയാണ്. ഇതുമൂലം പ്രതിവർഷം ഏകദേശം 200 കോടിയോളം രൂപയുടെ വരുമാനനഷ്ടമുണ്ടാകുന്നു.

(ഇ) വിവിധ ഭാഗങ്ങളിൽ അടിക്കടിയുണ്ടാകുന്ന പൈപ്പ് പൊട്ടലുകൾ കാരണം പ്രതിവർഷം ഉണ്ടാകുന്ന നഷ്ടം എത്രയാണെന്ന് വ്യക്തമാക്കുമോ?

ഒരു വർഷം ഇത്തരത്തിൽ പൈപ്പ് ലീക്കേജ് വഴി 2.5 മുതൽ 3 ലക്ഷം മില്യൺ ലിറ്റർ ജലം നഷ്ടപ്പെടുന്നുണ്ടെന്നാണ് പ്രാഥമിക പഠനങ്ങൾ തെളിയിക്കുന്നത്.

**പൈപ്പ് സ്ഥാപിക്കുന്നതിനായി കുഴിച്ച റോഡുകളുടെ അറ്റകുറ്റപ്പണി**

299 (1074) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ . സണ്ണി ജോസഫ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള പൈപ്പ് സ്ഥാപിക്കുന്നതിന്റെയും പൈപ്പുകൾ പൊട്ടുന്നതിന്റെയും ഭാഗമായി കുഴിച്ച റോഡുകളുടെ അറ്റകുറ്റപ്പണി സമയബന്ധിതമായി പൂർത്തീകരിക്കാത്തത് പൊതുജനങ്ങൾക്ക് അപകടവും ഗതാഗത പ്രശ്നവും ഉണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അത്തരം റോഡുകളുടെ അറ്റകുറ്റപ്പണി സമയബന്ധിതമായി തീർക്കാനുള്ള ഉത്തരവാദിത്വം ജലവിഭവ വകുപ്പിനാണോയെന്ന് വ്യക്തമാക്കുമോ?

പൊതുമരാമത്ത്, നാഷണൽ ഹൈവേ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയിൽ റോഡ് റിസ്റ്റോറേഷൻ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുള്ള പ്രവൃത്തികളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ട ഉത്തരവാദിത്വം അതാത് ഡിപ്പാർട്ടുമെന്റുകൾക്കാണ്. റോഡ് റിസ്റ്റോറേഷൻ തുക ഡെപ്പോസിറ്റ് ചെയ്യാതെ നടത്തുന്ന പ്രവൃത്തികളുടെ റോഡ് റിസ്റ്റോറേഷൻ നടത്തേണ്ട ഉത്തരവാദിത്വം പൈപ്പ്ലൈൻ സ്ഥാപിക്കുന്ന ജല അതോറിറ്റിക്കാണ്.

(സി) വെട്ടിപ്പൊളിക്കുന്ന റോഡുകളുടെ അറ്റകുറ്റപ്പണി എത്ര സമയത്തിനകം പൂർത്തിയാക്കാനാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്; ഇത് പാലിക്കുന്നതിൽ വകുപ്പ് പരാജയപ്പെടുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൈപ്പ്ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തികരിച്ച ഉടൻതന്നെ റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നുണ്ട്.

എന്നാൽ റോഡ് പുനഃസ്ഥാപിക്കുന്നതിനായി തുക അതാത് വകുപ്പുകളിൽ ഡെപ്പോസിറ്റ് ചെയ്യുമ്പോൾ കാലതാമസം സംഭവിക്കുന്നു.

(ഡി) ജലവിഭവ വകുപ്പിന്റെ പ്രവൃത്തികളുടെ ഭാഗമായി വെട്ടിപ്പൊളിക്കുന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾ പൊതുമരാമത്ത് വകുപ്പുമായി ചേർന്ന് സമയബന്ധിതമായി തീർക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ജലവിഭവ വകുപ്പിന്റെ പ്രവൃത്തികളുടെ ഭാഗമായി വെട്ടിപ്പൊളിക്കുന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾ പൊതുമരാമത്ത് വകുപ്പുമായി ചേർന്ന് സമയബന്ധിതമായി തീർക്കുന്നതിനായി ജലവിഭവ വകുപ്പും പൊതുമരാമത്തു വകുപ്പും സംയുക്തമായി ഒരു ഓൺലൈൻ പോർട്ടൽ (RoW portal) സംവിധാനം നടപ്പാക്കിയിട്ടുണ്ട്. 05-01-2022-ൽ പൊതുമരാമത്തു വകുപ്പുമന്ത്രിയും ജലവിഭവ വകുപ്പുമന്ത്രിയും ചേർന്ന മീറ്റിംഗിൽ പൊതുമരാമത്തു സെക്രട്ടറി ചെയർമാനായും പൊതുമരാമത്തു വകുപ്പ് ഉദ്യോഗസ്ഥരും ജല അതോറിറ്റി ഉദ്യോഗസ്ഥരും ചേർന്ന ഒരു കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിക്കാൻ നിർദേശിച്ചതിൻപ്രകാരം ഒരു സ്ഥിരം കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. 18-01-2022 -ൽ ചേർന്ന ടി കമ്മിറ്റിയുടെ

ആദ്യയോഗത്തിൽ ജല അതോറിറ്റിക്ക് ഭരണാനുമതി നൽകിയതിൽ ജലവിതരണ പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തികളുടെ വിവരവും പൊതുമരാമത്ത് റോഡ് നവീകരണ പ്രവൃത്തികളുടെ വിവരവും അടിയന്തരമായി മേൽപറഞ്ഞ RoW പോർട്ടലിൽ ചേർക്കേണ്ടതാണെന്നും തീരുമാനിച്ചു. ഇതുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് സർക്കാർ ഉത്തരവ് ( 24-02-202-ലെ നമ്പർ-G.O.(Ms)No.8/2022/PWD) പ്രകാരം ഒരു മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. പൊതുമരാമത്ത് റോഡുകളുടെ പരിപാലനത്തിനും ജലവിതരണ പദ്ധതികളുടെ ഏകോപനത്തിനുമായി രൂപീകരിച്ച കമ്മിറ്റി യോഗം ചേർന്ന് ജലവിഭവ വകുപ്പിന്റെ പ്രവൃത്തികളുടെ ഭാഗമായി വെട്ടിപ്പൊളിക്കുന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി തീർക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## തൊടുപുഴ മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

300 (1075) ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊടുപുഴ മണ്ഡലത്തിലെ മുട്ടം, കരിങ്കുന്നം ഗ്രാമപഞ്ചായത്തുകൾക്കുള്ള കുടിവെള്ള പദ്ധതികൾക്ക് നബാർഡ് പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി ലഭിച്ചിട്ടുണ്ടോ?

ഇടുക്കി ജില്ലയിലെ തൊടുപുഴ അസംബ്ലി നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന മുട്ടം, കരിങ്കുന്നം പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതിക്ക് 07-05-2021-ലെ ജി.ഒ (ആർ.റ്റി) നമ്പർ 280/2021/ഡബ്ല്യൂ.ആർ.ഡി. ഉത്തരവ് പ്രകാരം നബാർഡ്-ആർ.ഐ.ഡി.എഫ്-XXVI വാട്ടർ സപ്ലൈ പ്രോജക്ടിലുൾപ്പെടുത്തി 6114 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭ്യമാക്കിയിട്ടുണ്ടോ?

പ്രസ്തുത പ്രവൃത്തിക്ക് 30-11-2021-ൽ നാല് പാക്കേജുകളിലായി 59.43 കോടി രൂപയ്ക്ക് വാട്ടർ അതോറിറ്റിയുടെ മധ്യമേഖല ചീഫ് എഞ്ചിനീയർ സാങ്കേതികാനുമതി നൽകിയിരുന്നു. എന്നാൽ, മറ്റത്തിപ്പാറ, പൊന്നന്താനം, കണ്ണാടിപ്പാറ എന്നിവിടങ്ങളിൽ ടാങ്കുകൾ പണിയുന്നതിനുള്ള ഭൂമി ലഭ്യമല്ലാതിരുന്നതിനാൽ പ്രവൃത്തി ടെണ്ടർ ചെയ്യാൻ സാധിച്ചില്ല. പിന്നീട്

ശുദ്ധീകരണശാലയുടെ ഡീറ്റെയ്ൽഡ് ഡിസൈനുൾപ്പെടെ അടങ്കൽ പുതുക്കി നിശ്ചയിച്ച്, സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമായിട്ടുണ്ടെങ്കിൽ പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

മറ്റത്തിപ്പാറ ടാങ്കിനുള്ള സ്ഥലംകൂടി ലഭ്യമാകാനുണ്ട്. സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. സ്ഥലം ലഭിക്കുന്നമുറയ്ക്ക് പദ്ധതി ടെണ്ടർ ചെയ്യുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

**പാലക്കാട് ജില്ലയിലെ എഞ്ചിനീയർ തസ്തികയിലെ ഒഴിവുകൾ**

301 (1076) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള വാട്ടർ അതോറിറ്റിക്ക് കീഴിൽ പാലക്കാട് ജില്ലയിൽ എത്ര എഞ്ചിനീയർ തസ്തികകളാണ് ഒഴിഞ്ഞുകിടക്കുന്നതെന്ന് അറിയിക്കാമോ;

ഒഴിവുള്ള തസ്തികയുടെ പേര്, ഓഫീസിന്റെ പേര്, ഒഴിവ് നിലവിൽ വന്ന തീയതി എന്നീ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കേരള വാട്ടർ അതോറിറ്റിക്ക് കീഴിൽ പാലക്കാട് ജില്ലയിൽ അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ)-ന്റെ 7 ഒഴിവുകളും അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)-ന്റെ ഒരു ഒഴിവും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ)-ന്റെ ഒരു ഒഴിവുമാണുള്ളത്. അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിൽ പി.എസ്.സി. ലിസ്റ്റ് നിലവിലില്ലാത്തതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി 6 തസ്തികകളിൽ താത്കാലികമായി ആളെ നിയമിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു. മറ്റ് ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**കായംകുളം മണ്ഡലത്തിലെ ജലജീവൻ മിഷൻ**

302 (1077) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജലജീവൻ പദ്ധതിയുടെ ഭാഗമായി കായംകുളം മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരങ്ങൾ പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ; പ്രസ്തുത പദ്ധതികളുടെ പുരോഗതി അറിയിക്കുമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജലജീവൻ പദ്ധതിയുടെ ഭാഗമായി കായംകുളം മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ പഞ്ചായത്ത് തിരിച്ചുള്ള വിശദവിവരങ്ങളും പുരോഗതിയും അനുബന്ധമായി* ചേർക്കുന്നു.

## കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതി

303 (1078) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് കുടിവെള്ള പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

കുട്ടനാട് കുടിവെള്ള പദ്ധതിയിൽ നീരേറ്റുപുറത്ത് ജല ശുദ്ധീകരണശാലയ്ക്കും വെളിയനാട്, പുളിങ്കുന്ന് എന്നിവിടങ്ങളിൽ ഉന്നതതല ജലസംഭരണികൾക്കുംവേണ്ടിയുള്ള സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്. ഇതിൽ ഇൻടേക്ക് വെല്ലിനൊഴികെയുള്ള ജലശുദ്ധീകരണശാലയ്ക്കുള്ള സ്ഥലങ്ങളും വെളിയനാട് ഉന്നതതല ജലസംഭരണിക്കുള്ള സ്ഥലവും 10/06/2022-ൽ കൈമാറിയിട്ടുണ്ട്. മറ്റ് സ്ഥലങ്ങൾക്കുള്ള നെഗോസിയേഷൻ പ്രക്രിയ നടക്കുന്നു. ഇതുകൂടാതെ ചമ്പക്കുളം, വീയപുരം, കൈനകരി പഞ്ചായത്തുകളിൽ സ്ഥാപിക്കേണ്ട

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉന്നതതല ജലസംഭരണികൾക്കുള്ള സ്ഥലങ്ങൾ പഞ്ചായത്തുകൾ കൈമാറേണ്ടതുണ്ട്. ഇത് ത്വരിതപ്പെടുത്തുന്നതിനായി 18-06-2022-ൽ ജില്ലാകളക്ടറുടെ അദ്ധ്യക്ഷതയിൽ പഞ്ചായത്തുകളുടെ യോഗം കൂടുകയും സ്ഥലം അടിയന്തരമായി കൈമാറാൻ ജില്ലാ കളക്ടർ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. പരമാവധി സ്ഥലം കുറച്ച് പുതുക്കിയ ഡിസൈൻ തയ്യാറാക്കുകയും അംഗീകാരത്തിനായി വാസ്കോൺ-ൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പുതുക്കിയ ഡിസൈനനുസരിച്ചുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി ഉടൻതന്നെ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) കുട്ടനാടിന്റെ പ്രത്യേക സാഹചര്യം പരിഗണിച്ച് പ്രസ്തുത കുടിവെള്ള പദ്ധതി സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ആറ് പാക്കേജുകളായാണ് പദ്ധതി വിഭാവന ചെയ്തിരിക്കുന്നത്. ജലശുദ്ധീകരണശാല ഉൾപ്പെടുന്ന ആദ്യ പാക്കേജിനോടൊപ്പംതന്നെ മറ്റ് അഞ്ച് പാക്കേജുകളും ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്.

കിഫ്ബി ധനസഹായത്തോടെ കേരള വാട്ടർ അതോറിറ്റി, ആലപ്പുഴ ജില്ലയിൽ നടപ്പാക്കുന്ന ശുദ്ധജല വിതരണ പദ്ധതികൾ സമയബന്ധിതമായി

പൂർത്തിയാക്കുന്നതിനുവേണ്ടി ഒരു പ്രത്യേക പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് 11-09-2020-ൽ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. കൂടാതെ പ്രസ്തുത പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിനുവേണ്ടി എക്സിക്യൂട്ടീവ് എഞ്ചിനീയർ, പ്രോജക്ട് ഡിവിഷൻ, ആലപ്പുഴ-യെ ലെയ്സൺ ഓഫീസറായി ചുമതലപ്പെടുത്തിയിട്ടുണ്ട്.

## ഏറനാട് മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

304 (1079) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിൽ ജലവിഭവ വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമാണെന്നറിയിക്കുമോ?

എല്ലാ ഗ്രാമീണ വീടുകളിലും 2024-ഓടുകൂടി കുടിവെള്ളമെത്തിക്കുക എന്ന ലക്ഷ്യത്തോടെ ഏറനാട് മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന ജലജീവൻ മിഷൻ പ്രവൃത്തികളുടെ പഞ്ചായത്ത് തിരിച്ചുള്ള വിശദാംശം അനുബന്ധം(1)* ആയി ചേർക്കുന്നു. ഇതുകൂടാതെ 47.21 കോടി രൂപ ഭരണാനുമതി ലഭിച്ച കിഫ്ബി സാമ്പത്തിക സഹായത്തോടുകൂടി

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടപ്പാക്കുന്ന എടവണ്ണ ഗ്രാമപഞ്ചായത്തിനുവേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി രണ്ട് പാക്കേജുകളായി നടന്നുവരുന്നു.

പാക്കേജ് 1 - ജല ശുദ്ധീകരണ ശാലയും അനുബന്ധഘടകങ്ങളും - പ്രവൃത്തി പുരോഗമിച്ചുവരുന്നു. 73% പൂർത്തിയായി.

പാക്കേജ് 2- വിതരണ ശൃംഖല- പ്രവൃത്തി പുരോഗമിച്ചുവരുന്നു. 74% പൂർത്തിയായി.

കൂടാതെ ഊർങ്ങാട്ടിരി പഞ്ചായത്തിലെ ജലനിധി ബൃഹത് കുടിവെള്ള പദ്ധതിയിൽ അഡീഷണൽ പമ്പ്, ടാങ്ക് എന്നിവ നിർമ്മിക്കുന്ന പ്രവൃത്തി സുസ്ഥിരത വികസന പദ്ധതിവഴി നടപ്പാക്കിവരുന്നു.

ഏറനാട് നിയോജകമണ്ഡലത്തിൽ മൈനർ ഇറിഗേഷൻ മുഖേന നടപ്പിലാക്കിവരുന്ന പ്രവൃത്തികളുടെ വിശദാംശം അനുബന്ധം (2)* ആയി ചേർക്കുന്നു.

ഏറനാട് നിയോജകമണ്ഡലത്തിൽ ഭൂജല വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പ്രവൃത്തികളുടെ വിശദാംശം അനുബന്ധം (3)* ആയി ചേർക്കുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) അരീക്കോട്, ഊർങ്ങാട്ടിരി പഞ്ചായത്തുകളിലെ കുടിവെള്ള പദ്ധതികളുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മന്ത്രിയുടെ സാന്നിധ്യത്തിൽ കൂടിയ യോഗ തീരുമാനപ്രകാരം എന്തെല്ലാം തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

അരീക്കോട്, ഊർങ്ങാട്ടിരി പഞ്ചായത്തുകളിൽ നടപ്പിലാക്കാനുള്ള ജലജീവൻ മിഷൻ പദ്ധതിയുടെ ഡിസ്ട്രിബ്യൂഷൻ സിസ്റ്റം ഡിസൈൻ ചെയ്യാനുള്ള സർവ്വേ പ്രവൃത്തി 16-06-2022-ന് ടെണ്ടർ ചെയ്തു. നിലവിലുള്ള ജലനിധി പദ്ധതിയുടെ സാങ്കേതികത പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ചില പ്രത്യേക പ്രദേശങ്ങളിൽ പദ്ധതി വിപുലീകരണംവഴി സാധ്യമാകുന്ന ഇടങ്ങളിൽ വിപുലീകരണം മുഖേനയും സാധ്യമാകാത്ത പ്രദേശങ്ങളിൽ പുതിയ കുടിവെള്ള പദ്ധതികൾ മുഖേനയും കുടിവെള്ളമെത്തിക്കാൻ ജലജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി നടപടി സ്വീകരിച്ചിട്ടുണ്ട്. നിലവിലുള്ള ജലനിധി പദ്ധതി വിപുലീകരണമുൾപ്പെടെ 13 പദ്ധതികൾക്ക് 3,222 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും അതിൽ മയിലാടി കോളനിയൊഴികെയുള്ള മറ്റ് പദ്ധതികൾക്ക് സാങ്കേതികാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. സ്രോതസ്സ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂജല വകുപ്പിൽനിന്നും ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട്

ലഭ്യമാകുന്നമുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ ഊർങ്ങാട്ടിരി പഞ്ചായത്തിനെ മഴവെള്ള സംഭരണി നിർമ്മാണത്തിനുള്ള പ്രവൃത്തികൾക്കായി 2022-23 വർഷത്തെ സുസ്ഥിരത വികസന പദ്ധതിയിൽ ഉൾക്കൊള്ളിക്കുകയും ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

**കുണ്ടറ മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

305 (1080) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ മണ്ഡലത്തിലെ പഞ്ചായത്തുകളിൽ ജലവിതരണത്തിന് ആശ്രയിച്ചുവരുന്ന കുടിവെള്ള പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ?

കുണ്ടറ നിയോജകമണ്ഡലത്തിൽ കുണ്ടറ, പേരയം, കൊറ്റങ്കര, തൃക്കോവിൽ വട്ടം, നെടുമ്പന, പെരിനാട്, ഇളംബള്ളൂർ എന്നീ പഞ്ചായത്തുകളാണുൾപ്പെടുന്നത്. കുണ്ടറ മണ്ഡലത്തിൽ ഉൾപ്പെട്ടിട്ടുള്ള കുണ്ടറ, പേരയം എന്നീ പഞ്ചായത്തുകൾ BAWSS to Kundara and adjoining Panchayaths, RWSS to Kottapuram എന്നീ സ്കീമുകളിൽനിന്നും ഇളംബള്ളൂർ പഞ്ചായത്തിൽ RWSS to Punnukkannoor, RWSS to

Mamachankavu എന്നീ സ്കീമുകളിൽനിന്നും തൃക്കോവിൽ വട്ടം, നെടുമ്പന എന്നീ ഗ്രാമപഞ്ചായത്തുകളിൽ തൃക്കോവിൽ വട്ടം കുടിവെള്ള പദ്ധതി വഴിയും നെടുമ്പനയുടെ ഒരു ഭാഗത്ത് ജിക്കാ പദ്ധതിയുടെ വിതരണ ശൃംഖല വഴിയും കൊറ്റങ്കര, പെരിനാട് എന്നീ പഞ്ചായത്തുകളിൽ കുഴൽക്കിണർ വഴിയും കുടിവെള്ളം വിതരണം ചെയ്തുവരുന്നു.

(ബി) കുണ്ടറ മണ്ഡലത്തിൽ നിലവിൽ നിർമ്മാണത്തിലിരിക്കുന്ന കുടിവെള്ള പദ്ധതികൾ ഏതൊക്കെയെന്നും അവയുടെ പ്രവർത്തനപുരോഗതിയും വിശദമാക്കുമോ?

കുണ്ടറ നിയോജകമണ്ഡലത്തിൽ നിർമ്മാണത്തിലിരിക്കുന്ന കുടിവെള്ള വിതരണ പദ്ധതികളും അവയുടെ പ്രവർത്തന പുരോഗതിയും അനുബന്ധമായി* ചേർക്കുന്നു.

**മഞ്ചേരിയിലെ കുടിവെള്ള പ്രവൃത്തികൾ**

306 (1081) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) മഞ്ചേരി ടൗണിലെ പൈപ്പ്ലൈൻ പ്രവൃത്തി അടിയന്തരമായി പൂർത്തീകരിച്ച് കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

മഞ്ചേരി പട്ടണത്തിലെ എ.സി പൈപ്പ് മാറ്റി പുതിയ പൈപ്പ്ലൈൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട്, 02-01-2021-ലെ A2/KWA/AGT/2020 നമ്പർ ത്രികക്ഷി കരാർപ്രകാരം 26.50 കി.മി പൈപ്പ്ലൈൻ മാറ്റിസ്ഥാപിക്കുകയും പ്രസ്തുത ഭാഗത്ത് റോഡ് ടാറിംഗ് പൂർത്തീകരിക്കുകയും ചെയ്തു. തുടർന്ന് 6.50 കി.മി പൈപ്പ്ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിയും തുടർടാറിംഗും അടിയന്തരമായി പൂർത്തീകരിക്കേണ്ടതുണ്ട്. എന്നാൽ 15-12-2021-ന് പൊതുമരാമത്ത് വകുപ്പിൽനിന്നും ലഭിച്ച നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പണി നിർത്തിവയ്ക്കേണ്ടിവന്നു. അതിൻപ്രകാരം ട്രഞ്ചിംഗ് പ്രവൃത്തി പൂർത്തിയാക്കി ടാറിംഗ് നടത്തിയ ഭാഗങ്ങളിൽ രണ്ടു വകുപ്പുകളുടെയും 14-02-2022-ലെ സംയുക്ത പരിശോധനയിൽ പണി പൂർത്തിയായതായി ഉറപ്പ് വരുത്തിയെങ്കിലും പൊതുമരാമത്ത് വകുപ്പിന്റെ അനുമതി ലഭിക്കാത്തതിനാൽ ചുവടെ പറയുന്ന റോഡുകളുടെ തുടർപണികൾ ചെയ്തിട്ടില്ല.

മഞ്ചേരി-ഒലിപ്പുഴ റോഡിന്റെ വലതുഭാഗത്ത് ചെയിനേജ് KM 0/000 - 0/680, റോഡിന്റെ ഇടത് ഭാഗത്ത് ചെയിനേജ് KM 0/000 - 0/890 പൈപ്പ് ലൈൻ സ്ഥാപിക്കാൻ ബാക്കിയുണ്ട്.

കോഴിക്കോട്-നിലമ്പൂർറോഡിന്റെ ഇടതുഭാഗത്ത് ചെയിനേജ് KM 46/000 - 46/200, റോഡിന്റെ വലതുഭാഗത്ത് ചെയിനേജ് KM 47/200 - 48/400 എന്നീ ഭാഗങ്ങളിൽ പൈപ്പ്ലൈൻ പ്രവൃത്തി ബാക്കിയുണ്ട്.

NSS കോളേജ് റോഡിന്റെ ഇടതുഭാഗത്ത് ചെയിനേജ് KM 0/000 -0/144 പൈപ്പ് ലൈൻ പ്രവൃത്തി ബാക്കിയുണ്ട്.

മലപ്പുറം-മഞ്ചേരി റോഡിന്റെ വലതുഭാഗത്ത് ചെയിനേജ് KM 10/900-12/200 പൈപ്പ് ലൈൻ പ്രവൃത്തി ബാക്കിയുണ്ട്.

ചെരണി-മംഗലശ്ശേരി റോഡിന്റെ വലതുഭാഗത്ത് ചെയിനേജ് KM 0/000-1/200, റോഡിന്റെ ഇടത് ഭാഗത്ത് ചെയിനേജ് KM 1/200 – 1/400 പൈപ്പ് ലൈൻ പ്രവൃത്തി ബാക്കിയുണ്ട്.

പൊതുമരാമത്ത് വകുപ്പിന്റെ അനുമതി ലഭ്യമായാൽ പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കുന്നതാണ്.

(ബി) മഞ്ചേരി മണ്ഡലത്തിൽ ഒറവം പുറത്ത് സ്ഥിരം തടയണ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഒറവംപുറത്ത് കേരള വാട്ടർ അതോറിറ്റി വേനൽ കാലങ്ങളിൽ താൽക്കാലിക തടയണ നിർമ്മിക്കാറുണ്ട്. സ്ഥിരം തടയണ നിർമ്മിക്കുന്നതിനുള്ള പദ്ധതികളൊന്നും വിഭാവന ചെയ്തിട്ടില്ല. ജലജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി ചാലിയാർ പുഴ സ്രോതസ്സായി തൃക്കലങ്ങോട്, പോരൂർ, പാണ്ടിക്കാട്, പഞ്ചായത്തുകളുടെ സമഗ്ര കുടിവെള്ള പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. അതിനാൽ കുടിവെള്ള പദ്ധതികൾക്കുവേണ്ടി പ്രസ്തുത സ്ഥലത്ത് സ്ഥിരം തടയണ നിർമ്മിക്കേണ്ട ആവശ്യമില്ല.

**ചൊവ്വര കുടിവെള്ള ശുദ്ധീകരണശാല നവീകരണം**

307 (1082) <u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചൊവ്വര കുടിവെള്ള ശുദ്ധീകരണശാലയുടെ നവീകരണത്തിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ചൊവ്വര കുടിവെള്ള ശുദ്ധീകരണശാലയുടെ നവീകരണത്തിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ചേന്ദമംഗലം, വടക്കേക്കര, നായരമ്പലം, ഏഴിക്കര, എടവനക്കാട്, പള്ളിപ്പുറം എന്നീ പഞ്ചായത്തുകൾക്ക് ജെ.ജെ.എം. പദ്ധതിയിൽ നൽകിയ ഭരണാനുമതി തുകയിൽനിന്നും ബാക്കിവരുന്ന തുകയായ 482.50 ലക്ഷം രൂപ ഉപയോഗിച്ച് ചൊവ്വര കുടിവെള്ള ശുദ്ധീകരണശാലയുടെ വിവിധ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് അനുമതി നല്കിയിട്ടുണ്ട്. ഇത് വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.

(ബി) ജലജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി സ്റ്റേറ്റ് ലെവൽ സ്കീം സാങ്ഷനിംഗ് കമ്മിറ്റിയിൽ പ്രസ്തുത പദ്ധതി സമർപ്പിച്ചിട്ടുണ്ടോ; ഇതിന് എന്നത്തേയ്ക്ക് അംഗീകാരം ലഭ്യമാകുമെന്ന് വ്യക്തമാക്കുമോ?

ചേന്ദമംഗലം, വടക്കേക്കര, നായരമ്പലം, ഏഴിക്കര, എടവനക്കാട്, പള്ളിപ്പുറം എന്നീ പഞ്ചായത്തുകൾക്ക് ജെ.ജെ.എം. പദ്ധതിയിൽ നൽകിയ ഭരണാനുമതി തുകയിൽനിന്നും ബാക്കിവരുന്ന തുക ഉപയോഗിച്ച് ചൊവ്വര കുടിവെള്ള ശുദ്ധീകരണശാല നവീകരിക്കുന്ന പദ്ധതി സ്റ്റേറ്റ് ലെവൽ സ്കീം സാങ്ഷനിംഗ് കമ്മിറ്റിയിൽ സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## കോട്ടക്കൽ നഗരസഭയിലെ കുടിവെള്ള പദ്ധതി

308 (1083) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമൃത് 2.0 പദ്ധതിയിലുൾപ്പെടുത്തിയ കോട്ടക്കൽ നഗരസഭയിലെ കുടിവെള്ള പദ്ധതിയുടെ ഡി.പി.ആർ., സർവ്വെ നടപടികൾ, ഡിസൈൻ എന്നിവ തയ്യാറായിട്ടുണ്ടോ?

നിലവിൽ സമർപ്പിച്ചിട്ടുള്ള പദ്ധതി തുക അധികമായതിനാൽ പുനഃപരിശോധന നടത്തി വീണ്ടും സമർപ്പിക്കുന്നതിന് സംസ്ഥാനതല സാങ്കേതിക സമിതി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ പദ്ധതി നിർദ്ദേശത്തിന് സംസ്ഥാനതല സാങ്കേതിക സമിതിയുടെ അംഗീകാരം ലഭിക്കുന്നമുറയ്ക്ക് പദ്ധതി സംസ്ഥാനതല ഉന്നതാധികാര സമിതിയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും സംസ്ഥാനതല ഉന്നതാധികാര സമിതിയുടെ അംഗീകാരത്തോടെ അമൃത് 2.0 അപെക്സ് കമ്മിറ്റിയിൽ പദ്ധതികൾ സമർപ്പിക്കുകയും അപെക്സ് കമ്മിറ്റിയുടെ അംഗീകാരം ലഭിക്കുന്നപക്ഷം ഡി.പി.ആർ തയ്യാറാക്കുന്ന നടപടികളും

അതോടൊപ്പം സർവ്വേ, ഡിസൈൻ തുടങ്ങിയവയും തയ്യാറാക്കാൻ സാധിക്കും.

(ബി) കോട്ടക്കൽ നഗരസഭയിൽ ശുദ്ധജലം എത്തിക്കുന്നതിനായുള്ള ഉപരിതല ജലസംഭരണികളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ടോ; വിശദമാക്കുമോ?

പൂർത്തിയായിട്ടില്ല. പദ്ധതിക്കായുള്ള ജലസംഭരണികൾ നിർമ്മിക്കേണ്ട സ്ഥലങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും അവ എവിടെയൊക്കെയാണെന്നും ഓരോന്നിനും ആവശ്യമായ വിസ്തീർണം എത്രയാണെന്നുമുള്ള വിവരങ്ങൾ കോട്ടയ്ക്കൽ മുനിസിപ്പാലിറ്റിയിൽനിന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) പദ്ധതി പൂർത്തീകരണത്തിന് കാലതാമസം നേരിടുന്നതിനുള്ള കാരണം അറിയിക്കുമോ; പദ്ധതി അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

നിലവിൽ സമർപ്പിച്ചിട്ടുള്ള പദ്ധതി തുക അധികമായതിനാൽ പുനഃപരിശോധന നടത്തി വീണ്ടും സമർപ്പിക്കുന്നതിന് സംസ്ഥാനതല സാങ്കേതിക സമിതി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ

പദ്ധതി നിർദ്ദേശം ലഭിക്കുന്നമുറയ്ക്ക് അടിയന്തരമായി അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ സാധിക്കും.

**മലപ്പുറം മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

309 (1084) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിലെ മേൽമുറി, ഇരുമ്പുഴി കരുമാഞ്ചേരി പറമ്പ് കുടിവെള്ള പദ്ധതികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന വിശദാംശം ലഭ്യമാക്കുമോ?

(ബി) ഇരു പദ്ധതികൾക്കും ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; ബഡ്ജറ്റ് അലോട്ട്മെന്റ് കുറവുള്ള പക്ഷം 2022-23 വർഷത്തിൽ സ്റ്റേറ്റ് പ്ലാൻ ഫണ്ടിലുൾപ്പെടുത്തി ഭരണാനുമതി നല്കാനുള്ള നടപടി സ്വീകരിക്കുമോ?

ഇരുമ്പുഴി കരുമഞ്ചേരി പറമ്പ് ഉൾപ്പെട്ട പഞ്ചായത്തിലെ 1, 2, 3, 17 മുതൽ 23 വരെയുള്ള പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിനായി കടലുണ്ടിപ്പുഴയിൽ പുതിയ കിണറും ട്രീറ്റ്മെന്റ് പ്ലാന്റും വിതരണ ശൃംഖലയും നിലവിൽ പൈപ്പ്ലൈൻ സ്ഥാപിക്കാത്ത പ്രദേശങ്ങളിൽ പൈപ്പ്ലൈൻ

സ്ഥാപിക്കുന്നതുമുൾപ്പെടുത്തി പുതുക്കിയ ഭരണാനുമതി JJM-ൽ നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകുന്നതിലേയ്ക്കായി എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ഇരുമ്പുഴി കരുമഞ്ചേരി പറമ്പ് ഉൾപ്പെട്ട ആനക്കയം പഞ്ചായത്തിലെ പുതുക്കിയ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. മേൽമുറി കുടിവെള്ള പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) രൂക്ഷമായ കുടിവെള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് വേണ്ടി പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?

രൂക്ഷമായ കുടിവെള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുവേണ്ടി പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

**അക്വാകൾച്ചർ പ്രൊമോട്ടർമാരുടെയും യൂത്ത് കോ-ഓഡിനേറ്റർമാരുടെയും ഓണറേറിയം**

310 (1085) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന അക്വാകൾച്ചർ പ്രൊമോട്ടർമാരുടെയും തദ്ദേശസ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന യൂത്ത് കോ-ഓർഡിനേറ്റർമാരുടെയും ഓണറേറിയം കുടിശ്ശികയുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഫിഷറീസ് വകുപ്പിന് കീഴിൽ നടപ്പിലാക്കിവരുന്ന മത്സ്യകൃഷി പ്രവർത്തനങ്ങൾക്കായി താത്കാലികമായി നിയോഗിച്ചിട്ടുള്ള അക്വാകൾച്ചർ പ്രൊമോട്ടർമാരുടെ ഓണറേറിയം നിലവിൽ കുടിശ്ശികയില്ല.

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ കീഴിൽ ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന യൂത്ത് കോ-ഓർഡിനേറ്റർമാർക്ക് 2022 ഫെബ്രുവരി മാസം വരെയുള്ള ഓണറേറിയം നൽകിക്കഴിഞ്ഞു. 2022 മാർച്ച് മുതൽ ജൂൺ മാസം വരെയുള്ള ഓണറേറിയം നൽകാനുണ്ട്.

(ബി) ഇരു വിഭാഗങ്ങളുടെയും ഓണറേറിയം വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോയെന്ന് വിശദമാക്കുമോ?

ഫിഷറീസ് വകുപ്പിലെ അക്വാകൾച്ചർ പ്രൊമോട്ടർമാരുടെ വേതനം നിലവിൽ ധനകാര്യ വകുപ്പിന്റെ സ.ഉ.(പി) നം.29/2021/ധന, തീയതി

11-02-2021 പ്രകാരമാണ് നൽകുന്നത്. ദിവസവേതനക്കാർക്ക് വേതനം വർദ്ധിപ്പിക്കുന്നതിനനുസരിച്ച് അക്വാകൾച്ചർ പ്രൊമോട്ടർമാർക്കും വേതനം വർദ്ധിപ്പിക്കുന്നതാണ്.

തദ്ദേശ സ്ഥാപനങ്ങളിൽ നിലവിലുള്ള യൂത്ത് കോ-ഓർഡിനേറ്റർമാരുടെ ഘടനയിലും ഓണറേറിയത്തിലും മാറ്റങ്ങൾ വരുത്തുന്ന വിഷയം പരിശോധിച്ചുവരികയാണ്.

**കുണ്ടറ മണ്ഡലത്തിലെ ഫിഷറീസ് വകുപ്പിന് കീഴിലുള്ള പ്രവൃത്തികൾ**

311 (1086) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ നിയോജകമണ്ഡലത്തിൽ ഫിഷറീസ് വകുപ്പിനുകീഴിൽ നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്നും അതിന്റെ പ്രവർത്തന പുരോഗതി എന്തെന്നും വിശദമാക്കുമോ?

കുണ്ടറ നിയോജകമണ്ഡലത്തിൽ ഫിഷറീസ് വകുപ്പിനുകീഴിൽ ഉൾനാടൻ മത്സ്യകൃഷി വികസനത്തിനായി 40% സബ്സിഡിയോടുകൂടി ജനകീയ മത്സ്യകൃഷി പദ്ധതി, സുഭിക്ഷ കേരളം പദ്ധതി, PMMSY പദ്ധതി

എന്നിവ നടപ്പിലാക്കിവരുന്നു. ഉൾനാടൻ മത്സ്യകൃഷി പദ്ധതിയുടെ ഭാഗമായി ശുദ്ധജല കുളങ്ങളിലെ ശാസ്ത്രീയ മത്സ്യകൃഷി (15 ഹെക്ടർ) ശുദ്ധജല കുളങ്ങളിലെ വിശാല മത്സ്യകൃഷി (20 ഹെക്ടർ), പൊതുകുളങ്ങളിലെ മത്സ്യകൃഷി (64 കുളങ്ങൾ - 2.908 ഹെക്ടർ), പടുതാ കുളങ്ങളിലെ മത്സ്യകൃഷി (40 യൂണിറ്റ്), ബയോഫ്ലോക്ക് മത്സ്യകൃഷി (27 യൂണിറ്റ്), റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം (2 യൂണിറ്റ്), ശുദ്ധജല കൂട് കൃഷി (26 യൂണിറ്റ്), ഒരുജല കൂട് കൃഷി (60 യൂണിറ്റ്), കരിമീൻ വിത്തുല്പാദന യൂണിറ്റുകൾ (4 യൂണിറ്റ്) എന്നിവ നടപ്പാക്കുന്നു. ഉൾനാടൻ ജലാശയങ്ങളുടെ സംരക്ഷണത്തിനും ഉന്നമനത്തിനുമായി അഷ്ടമുടി കായൽ സംരക്ഷണ പദ്ധതിയും ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും അശാസ്ത്രീയ മത്സ്യബന്ധന രീതികൾ തടയുന്നതിനുമായി Kerala Inland Fisheries & Aquaculture Act, 2010-ഉം ഫിഷറീസ് വകുപ്പ് വഴി നടപ്പിലാക്കുന്നു. കൂടാതെ മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ സാമ്പത്തിക സംരക്ഷണത്തിനായി സമ്പാദ്യ സമാശ്വാസ പദ്ധതിയും മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങളും മത്സ്യത്തൊഴിലാളി വനിതകളുടെ ഉന്നമനത്തിനായി സാഫ് മുഖേനയുള്ള പദ്ധതികളും ഫിഷറീസ് വകുപ്പ്

മുഖേന നടപ്പാക്കിവരുന്നു. കുണ്ടറ നിയോജകമണ്ഡലത്തിൽ ഫിഷറീസ് വകുപ്പിന് കീഴിൽ നിലവിൽ നടപ്പാക്കിവരുന്ന പദ്ധതികളുടെ പ്രവർത്തന പുരോഗതി അനുബന്ധമായി ചേർക്കുന്നു*.

## മത്സ്യബന്ധന ബോട്ടുകളും കടൽ സുരക്ഷാ ഉപകരണങ്ങളും നൽകുന്ന പദ്ധതി

312 (1087) <u>ശ്രീ. കുറുക്കോളി മൊയ്തീൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് ആഴക്കടൽ മത്സ്യബന്ധന ബോട്ടുകളും കടൽ സുരക്ഷാ ഉപകരണങ്ങളും നൽകുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.എം.എം.എസ്.വൈ. പദ്ധതിയിൽ ഏതൊക്കെ ജില്ലകളെയാണ് നിലവിൽ ഉൾപ്പെടുത്തിയതെന്ന് വ്യക്തമാക്കുമോ?

പരമ്പരാഗത മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് ആഴക്കടൽ മത്സ്യബന്ധന ബോട്ടുകളും കടൽ സുരക്ഷാ ഉപകരണങ്ങളും നൽകുന്ന പദ്ധതിയിൽ നിലവിൽ തിരുവനന്തപുരം, കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) മലപ്പുറം ജില്ലയുൾപ്പെടെ കൂടുതൽ ജില്ലകളെ പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

നിലവിൽ 6 ഗ്രൂപ്പുകളാണ് ഈ പദ്ധതിയിൽ അംഗങ്ങളാകാൻ മുന്നോട്ട് വന്നിട്ടിട്ടുള്ളത്. ആകെ 10 ഗ്രൂപ്പുകൾക്ക് ഈ പദ്ധതിപ്രകാരം ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ ലഭ്യമാക്കുന്നതിന് പദ്ധതി വിഭാവന ചെയ്യുന്നു. അപേക്ഷകൾ ലഭ്യമായാൽ മറ്റു ജില്ലകളെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നകാര്യം പരിശോധിക്കുന്നതാണ്.

(സി) പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യം കേടുകൂടാതെ തീരത്ത് എത്തിക്കുന്നതിന് ഇൻസുലേറ്റഡ് ഫിഷ് ബോക്സുകൾ നൽകുന്ന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ?

പരമ്പരാഗത മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടുവരുന്ന മത്സ്യം കേടുകൂടാതെ ശാസ്ത്രീയമായ രീതിയിൽ കൈകാര്യം ചെയ്യുന്നതിന് കടലിൽ മത്സ്യം പിടിക്കുന്നതുമുതൽ അത് ഹാർബറിൽ എത്തി കണ്ടെയ്നർ ലോറികളിൽ മാർക്കറ്റിലെത്തിച്ച് ഉപഭോക്താവിൽ എത്തുന്നതുവരെയുള്ള കോൾഡ് ചെയിൻ മാനേജ്മെന്റെന്ന ആശയം യാഥാർത്ഥ്യമാക്കുന്നതിനായി ഫിഷറീസ് വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കുന്ന ഒരു പദ്ധതിയാണ്

പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ഇൻസുലേറ്റഡ് ബോക്സുകൾ നൽകുന്ന പദ്ധതി. 75% സബ്സിഡിയോടെയാണ് ഇൻസുലേറ്റഡ് ബോക്സുകൾ വിതരണം ചെയ്യുന്നത്. 2021-2022 വർഷത്തിൽ 310 ലിറ്റർ, 460 ലിറ്റർ, 660 ലിറ്റർ എന്നീ സംഭരണശേഷിയുള്ള 483 ഇൻസുലേറ്റഡ് ഫിഷ് ബോക്സുകൾ 9 തീരദേശ ജില്ലകളിലായി വിതരണം ചെയ്തിട്ടുണ്ട്.

**പൊന്നാനി മേഖലയിലെ പുനർഗേഹം പദ്ധതി**

313 (1088) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി തീരദേശമേഖലകളിലെ വനിതകളായ മത്സ്യത്തൊഴിലാളികളുടെ കുടുംബത്തിൽപ്പെട്ടവർക്ക് തൊഴിലവസരം ലഭ്യമാക്കുന്ന വിധത്തിൽ വലനിർമ്മാണ യൂണിറ്റ് തുടങ്ങുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

പൊന്നാനി തീരദേശമേഖലയിലെ വനിതകളായ മത്സ്യത്തൊഴിലാളികളുടെ കുടുംബത്തിൽപ്പെട്ടവർക്ക് തൊഴിലവസരം ലഭ്യമാക്കുന്നവിധത്തിൽ ഫിഷറീസ് വകുപ്പ് മുഖേനയോ തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങൾ മുഖാന്തരമോ വലനിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള പദ്ധതികൾ നിലവിലില്ല. വലനിർമ്മാണ യൂണിറ്റ് ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ബി) പ്രസ്തുത പ്രദേശത്ത് പുനർഗേഹം പദ്ധതിപ്രകാരം വീട് ലഭിക്കേണ്ട മത്സ്യത്തൊഴിലാളികൾക്കുള്ള രണ്ടാംഘട്ട ഫ്ലാറ്റ് നിർമ്മാണത്തിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

മലപ്പുറം ജില്ലയിൽ പൊന്നാനി മുനിസിപ്പാലിറ്റിയിൽ പൊന്നാനി നഗരം വില്ലേജിൽ പുനർഗേഹം പദ്ധതി പ്രകാരമുള്ള വീട് ലഭിക്കേണ്ട മത്സ്യത്തൊഴിലാളികൾക്കുള്ള രണ്ടാംഘട്ടം 100 ഫ്ലാറ്റ് നിർമ്മാണത്തിന് ഭരണാനുമതി നൽകുകയും സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു.

(സി) പ്രസ്തുത നിർമ്മാണപ്രവൃത്തി ഉടനടി തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ, വ്യക്തമാക്കുമോ ?

മലപ്പുറം ജില്ലയിൽ പൊന്നാനി മുനിസിപ്പാലിറ്റിയിൽ പൊന്നാനി നഗരം വില്ലേജിൽ പുനർഗേഹം പദ്ധതി പ്രകാരമുള്ള വീട് ലഭിക്കേണ്ട മത്സ്യത്തൊഴിലാളികൾക്കുള്ള രണ്ടാംഘട്ടം 100 ഫ്ലാറ്റ് നിർമ്മാണത്തിന്

ഭരണാനുമതി നൽകുകയും സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

**മുനമ്പം ഫിഷിംഗ് ഹാർബറിൽ മെഗാഫുഡ് പാർക്ക് സ്ഥാപിക്കുന്നതിന് നടപടി**

314 (1089) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ മുനമ്പം ഫിഷിംഗ് ഹാർബറിൽ മെഗാഫുഡ് പാർക്ക് സ്ഥാപിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) ഈ പദ്ധതിക്കായി സ്ഥലം ലഭ്യമായിട്ടുണ്ടോ; ലഭ്യമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

(എ&ബി) കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ നടപ്പാക്കുന്ന മെഗാ ഫുഡ് പാർക്ക് പദ്ധതിയുടെ ഭാഗമായുള്ള പ്രീ പ്രോസസിംഗ് സെന്റർ മുനമ്പം ഫിഷിംഗ് ഹാർബറിൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി ലേലഹാൾ, ബ്ലോക്ക് ഐസ് പ്ലാന്റ്, ലാബ്, ഓഫീസ് കെട്ടിടം, എന്നിവ

സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. പദ്ധതി ആരംഭിക്കുന്നതിനായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 75 സെന്റ് ഭൂമി പാട്ട വ്യവസ്ഥയിൽ KSIDC-യ്ക്കു കൈമാറുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## വർക്കല മണ്ഡലത്തിലെ പദ്ധതികൾ

315 (1090) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുൻ സർക്കാരിന്റെ (2016-21) കാലയളവ് മുതൽ ഇതുവരെ വർക്കല മണ്ഡലത്തിൽ മത്സ്യബന്ധന വകുപ്പ് നടപ്പിലാക്കിയ പദ്ധതികളും നടപ്പിലാക്കിവരുന്ന പദ്ധതികളും നടപ്പിലാക്കാൻ വിഭാവന ചെയ്തിട്ടുള്ള പദ്ധതികളും വിശദമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

## വെള്ളയിൽ മത്സ്യബന്ധന തുറമുഖം

316 (1091) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) വെള്ളയിൽ മത്സ്യബന്ധന തുറമുഖത്തോടുചേർന്ന് മത്സ്യാധിഷ്ഠിത വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിന് പദ്ധതി നിലവിലുണ്ടോ; എങ്കിൽ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ?

വെള്ളയിൽ മത്സ്യബന്ധന തുറമുഖത്തോടുചേർന്ന് മത്സ്യാധിഷ്ഠിത വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിന് നിലവിൽ പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല.

(ബി) ഇല്ലെങ്കിൽ ഇത്തരത്തിൽ പദ്ധതി തയ്യാറാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഇപ്പോൾ പരിഗണനയിൽ ഇല്ല.

**പാർശ്വവത്കരിക്കപ്പെട്ട മത്സ്യത്തൊഴിലാളി സമൂഹം**

317 (1092) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാർശ്വവത്കരിക്കപ്പെട്ട മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ പുരോഗതി ലക്ഷ്യമാക്കി എന്തൊക്കെ വികസനപദ്ധതികളും പ്രവർത്തനങ്ങളുമാണ് ഈ മേഖലയിൽ നടത്തിവരുന്നത്?

പാർശ്വവൽക്കരിക്കപ്പെട്ട മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ പുരോഗതി ലക്ഷ്യമാക്കി ഫിഷറീസ് വകുപ്പും അനുബന്ധ ഏജൻസികളും നടപ്പാക്കിവരുന്ന പദ്ധതികൾ അനുബന്ധം 1* ആയി ചേർക്കുന്നു.

(ബി) തീരദേശ മേഖലയുടെ പശ്ചാത്തല വികസത്തിന്റെ ഭാഗമായി കടലോര ജില്ലകളിലെ തീരദേശ റോഡുകളുടെ വികസനത്തിനായി എത്ര തുകയാണ് കഴിഞ്ഞ ആറുവർഷമായി ചെലവഴിച്ചിട്ടുള്ളതെന്ന് റോഡുകളുടെ പേരും അനുവദിച്ച തുകയും സഹിതം വ്യക്തമാക്കുമോ?

തീരദേശ മേഖലയുടെ പശ്ചാത്തല വികസനത്തിന്റെ ഭാഗമായി തീരദേശ റോഡുകളുടെ നിലവാരം ഉയർത്തൽ പദ്ധതിയിലുൾപ്പെടുത്തി കഴിഞ്ഞ ആറു വർഷമായി ചെലവഴിച്ച തുക അനുബന്ധം II* ആയി ചേർക്കുന്നു. റോഡുകളുടെ പേരും അനുവദിച്ച തുകയും അനുബന്ധം III* ആയി ചേർക്കുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## തുറയൂർ-പൊടിയാടി-കീഴരിയൂർ റോഡ്

318 (1093) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിലെ തുറയൂർ-കീഴരിയൂർ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന തുറയൂർ-പൊടിയാടി-കീഴരിയൂർ റോഡിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽനിന്നും ഫണ്ട് അനുവദിച്ചിരുന്നോ; എങ്കിൽ എത്ര രൂപയാണ് അനുവദിച്ചത്?

കോഴിക്കോട് ജില്ലയിലെ തീരദേശ റോഡുകളുടെ നിലവാരം ഉയർത്തൽ പദ്ധതിയിലുൾപ്പെടുത്തി പേരാമ്പ്ര നിയോജകമണ്ഡലത്തിലെ തുറയൂർ-പൊടിയാടി-കീഴരിയൂർ റോഡ് പ്രവൃത്തിക്കായി 161.80 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ടോ; ടെണ്ടർ ചെയ്തിട്ടുണ്ടെങ്കിൽ ആരാണ് പ്രവൃത്തി ഏറ്റെടുത്തത്; പ്രവൃത്തിയുടെ കാലാവധി, നിർമ്മാണ പുരോഗതി, ചുമതലയുള്ള ഉദ്യോഗസ്ഥരുടെ വിവരങ്ങൾ എന്നിവ വ്യക്തമാക്കുമോ?

പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്. ശ്രീ. ജാബിർ യു., അൽഹാൻസ് കോമ്പൗണ്ട് (ഹൗസ്), നെല്ലിനങ്ങാടി, ഫറോക്ക്, കോഴിക്കോട് എന്ന കരാറുകാരൻ പ്രവൃത്തി ഏറ്റെടുത്തിട്ടുണ്ട്. HED/NC/07/2021-2022 തീയതി 27-12-2021 നമ്പർ ഉടമ്പടിപ്രകാരം ഉടമ്പടിയിൽ ഏർപ്പെട്ട പ്രവൃത്തിയുടെ കാലാവധി 8 മാസമാണ്.

**നിർമ്മാണ പുരോഗതി**

04-01-2022-ന് കരാറുകാരന് സൈറ്റ് കൈമാറിയിരുന്നു. തുറയൂർ - പൊടിയാടി-കീഴരിയൂർ റോഡിൽ ജില്ലാ പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ നടത്തുന്ന ഡ്രെയിൻ, റോഡ് പ്രവൃത്തികളുടെ ചെയിനേജുകൾ ഒഴികെയാണ് റോഡ് നിർമ്മാണത്തിനായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് വിട്ടുനൽകിയത്. ആയതനുസരിച്ചാണ് സാങ്കേതികാനുമതി നൽകി പ്രവൃത്തി ടെണ്ടർ ചെയ്തത്. എന്നാൽ ജില്ലാ പഞ്ചായത്തിന്റെ പദ്ധതിയിലുൾപ്പെടുത്തി നിർമ്മാണം നടത്തിക്കൊണ്ടിരുന്ന ഡ്രെയിൻ പൂർത്തീകരിക്കുകയും 01/570 മുതൽ 01/630 വരെയുള്ള റോഡ് നിർമ്മിക്കുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനോട് ആവശ്യപ്പെടുകയുമുണ്ടായി. പ്രസ്തുത ചെയിനേജ് ഒഴികെയുള്ള ചെയിനേജുകളിലെ സ്ഥലലഭ്യതാ സർട്ടിഫിക്കറ്റ് മാത്രമാണ് ആദ്യം

ലഭിച്ചിരുന്നത്. മേൽ പ്രതിപാദിച്ച ചെയിനേജിന്റെ സ്ഥലലഭ്യതാ സർട്ടിഫിക്കറ്റും ടി ചെയിനേജിലെ പ്രവൃത്തി ജില്ലാ പഞ്ചായത്ത് ഒഴിവാക്കിയതിന്റെ ഭരണസമിതി തീരുമാനവും ലഭിച്ചെങ്കിൽ മാത്രമേ പ്രസ്തുത ചെയിനേജിലെ പ്രവൃത്തി ഉൾപ്പെടെ ചെയ്യാൻ സാധിക്കുകയുള്ളൂവെന്നും ആയതിനാൽ എത്രയും പെട്ടെന്ന് ഭരണസമിതി തീരുമാനം ലഭ്യമാക്കണമെന്നും പഞ്ചായത്തിനോട് ആവശ്യപ്പെട്ടിരുന്നു. ടി ഭരണസമിതി തീരുമാനം 2022 ഏപ്രിൽ മാസത്തിലാണ് ലഭ്യമായത്. സ്ഥല ലഭ്യതാ സർട്ടിഫിക്കറ്റുൾപ്പെടെയുള്ള ഭരണസമിതി തീരുമാനം ലഭിച്ച മുറയ്ക്ക് ഇനിഷ്യൽ ലെവൽ എടുക്കുകയും ആയതിനോടനുബന്ധിച്ചുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റോഡിൽ PWD-യുടെ കീഴിൽ നടപ്പാക്കുന്ന രണ്ട് പാലങ്ങളുടെ പ്രവൃത്തികൾക്കായി റോഡ് വിച്ഛേദിച്ചതിനാൽ റീച്ച് II-ന്റെ പ്രവൃത്തി ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. റീച്ച് I-ന്റെ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ആയതിന് ആവശ്യമായ മെറ്റീരിയൽസ് കരാറുകാരൻ സൈറ്റിൽ എത്തിക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തി എത്രയും പെട്ടെന്ന് പൂർത്തീകരിക്കുവാൻ കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രവൃത്തി ഡിസംബർ മാസത്തോടെ പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

<u>നിർമ്മാണച്ചുമതലയുള്ള ഉദ്യോഗസ്ഥർ</u>

1. അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ
   ഹാർബർ എഞ്ചിനീയറിംഗ് സബ് ഡിവിഷൻ, കൊയിലാണ്ടി.

2. അസിസ്റ്റന്റ് എഞ്ചിനീയർ - സെക്ഷൻ - II,
   ഹാർബർ എഞ്ചിനീയറിംഗ് സബ് ഡിവിഷൻ, കൊയിലാണ്ടി.

(സി) പ്രസ്തുത പ്രവൃത്തി നടത്തിപ്പിൽ വീഴ്ച സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണക്കാരായ ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കുമോ?

പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ ഭാഗത്തുനിന്നും വീഴ്ച സംഭവിച്ചിട്ടില്ല.

## മണ്ണെണ്ണയുടെ വിലവർദ്ധനവ്

319 (1094) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണെണ്ണയുടെ വിലവർദ്ധന കാരണം മത്സ്യത്തൊഴിലാളികൾ നേരിടുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. മണ്ണെണ്ണയുടെ വിലവർദ്ധന സംസ്ഥാനത്തെ മത്സ്യബന്ധന മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. മണ്ണെണ്ണ ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്ന ഒരു യാനം ഒരു ദിവസം കുറഞ്ഞത് 35 ലിറ്റർ മുതൽ 65 ലിറ്റർ മണ്ണെണ്ണവരെ ഉപയോഗിക്കാറുണ്ട്. അതനുസരിച്ച് കുറഞ്ഞത് 500 ലിറ്റർ മണ്ണെണ്ണയെങ്കിലും പ്രതിമാസം ആവശ്യമാണ്. നിലവിൽ മത്സ്യഫെഡ് വഴി പ്രതിമാസം പരമാവധി ഒരു പെർമിറ്റിന് നൽകുന്ന മണ്ണെണ്ണ 190 ലിറ്ററും സിവിൽ സപ്ലൈസ് വകുപ്പുവഴി നൽകുന്ന പരമാവധി മണ്ണെണ്ണ 180 ലിറ്ററുമടക്കം മത്സ്യത്തൊഴിലാളികൾക്ക് ആകെ ലഭിക്കുന്ന മണ്ണെണ്ണ 370 ലിറ്ററാണ്. കേന്ദ്ര സർക്കാരിൽനിന്ന് ഇപ്പോൾ സബ്സിഡി മണ്ണെണ്ണ ലഭിക്കുന്നില്ല. മത്സ്യത്തൊഴിലാളികൾക്കുള്ള സബ്സിഡിരഹിത മണ്ണെണ്ണയുടെ അളവ് വർദ്ധിപ്പിക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തിവരികയാണ്.

(ബി) മത്സ്യത്തൊഴിലാളികളെ പ്രതിസന്ധിയിൽനിന്ന് രക്ഷിക്കാൻ മത്സ്യഫെഡ് മുഖേന വിലക്കുറവിൽ മണ്ണെണ്ണ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

അർഹരായ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് എഞ്ചിൻക്ഷമതയുടെ അടിസ്ഥാനത്തിൽ നിശ്ചിത അളവ് മണ്ണെണ്ണ ലിറ്ററിന് 25 രൂപ സംസ്ഥാന സർക്കാർ സബ്സിഡിയോടെ നൽകിവരുന്നു. 10 HP വരെ 140 ലിറ്ററും 10 HP മുതൽ 15 HP വരെ 150 ലിറ്ററും 15 HP ക്ക് മുകളിൽ 190 ലിറ്ററും മണ്ണെണ്ണയ്ക്കാണ് സബ്സിഡി അനുവദിക്കുക. 2023 ഏപ്രിൽ വരെയുള്ള സബ്സിഡി തുക ഗുണഭോക്താക്കൾക്ക് DBT മുഖാന്തരം ബാങ്ക് അക്കൗണ്ടിലേയ്ക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

**മത്സ്യഫെഡിലെ ക്രമക്കേട്**

320 (1095) ശ്രീ. എം. വിൻസെന്റ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യഫെഡിൽ ക്രമക്കേട് ആരോപിക്കുന്ന തിരുവനന്തപുരം, കോഴിക്കോട്, കണ്ണൂർ, മലപ്പുറം, കൊല്ലം, ആലപ്പുഴ, തൃശ്ശൂർ ജില്ലകളിലെ പന്ത്രണ്ടോളം ജീവനക്കാരെ കഴിഞ്ഞ രണ്ട് മാസങ്ങൾക്കുള്ളിൽ സ്ഥലംമാറ്റിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നടപടിയുടെ കാരണം വിശദമാക്കുമോ?

(സി) മത്സ്യഫെഡിൽ നടന്ന അഴിമതി മൂടിവയ്ക്കാനുള്ള നടപടിയുടെ ഭാഗമായാണ് ഈ സ്ഥലംമാറ്റമെന്ന ആരോപണം ശരിയാണോ?

(എ-സി) നിലവിൽ കൊല്ലം സി.പി.സി.-യിലും ആലപ്പുഴയിലെ അമ്പലപ്പുഴ വ്യാസാ സ്റ്റോറിലുമാണ് സാമ്പത്തിക ക്രമക്കേട് കണ്ടെത്തിയിട്ടുള്ളത്. മത്സ്യഫെഡിന്റെ സുഗമമായ പ്രവർത്തനത്തിന് ഭരണ സൗകര്യാർത്ഥം ജീവനക്കാരെ സ്ഥലംമാറ്റി നിയമിച്ചിട്ടുണ്ട്.

കൊല്ലം സി.പി.സി.-യിൽ നടന്ന ക്രമക്കേടുമായി ബന്ധപ്പെട്ട് 2 സ്ഥിരം ജീവനക്കാരെ സസ്പെൻഡ് ചെയ്യുകയും 2 കരാർ ജീവനക്കാരെയും 2 താത്കാലിക ജീവനക്കാരെയും പിരിച്ചുവിടുകയും ചെയ്തിട്ടുണ്ട്.

(ഡി) സംസ്ഥാന ധനകാര്യ വകുപ്പ് മത്സ്യഫെഡിലെ അക്കൗണ്ടുകൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ പരിശോധനയിൽ അഴിമതി കണ്ടെത്തിയതായി അറിവുണ്ടോയെന്ന് വ്യക്തമാക്കുമോ?

മത്സ്യഫെഡിന് കീഴിലുള്ള അമ്പലപ്പുഴ വ്യാസാ സ്റ്റോറിലെ സാമ്പത്തിക ക്രമക്കേട് മത്സ്യഫെഡ് ധനകാര്യ വിഭാഗം കണ്ടെത്തി ഫിഷറീസ് സഹകരണസംഘം രജിസ്ട്രാർ കൂടിയായ ഫിഷറീസ് ഡയറക്ടർ

മുഖേന സർക്കാരിനെ അറിയിച്ചിരുന്നു. തുടർന്ന് സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ധനകാര്യ പരിശോധനാ വിഭാഗം പരിശോധന നടത്തുകയും ക്രമക്കേട് സ്ഥിരീകരിക്കുകയും മത്സ്യഫെഡിന് ഉണ്ടായ സാമ്പത്തിക നഷ്ടം ഉത്തരവാദികളായ ജീവനക്കാരുടെ ബാദ്ധ്യതയായി നിശ്ചയിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

## മത്സ്യഫെഡിലെ ക്രമക്കേടുകൾ

321 (1096) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യഫെഡിനു കീഴിൽ മത്സ്യസംഭരണം, വിതരണം, വിൽപ്പന എന്നിവയിൽ വ്യാപകമായ ക്രമക്കേടുകൾ നടന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മത്സ്യത്തൊഴിലാളികളിൽ നിന്ന് സംഭരിക്കുന്ന മത്സ്യം, അന്തിപ്പച്ച പദ്ധതി വഴി വിറ്റ പണം ബാങ്കിൽ നിക്ഷേപിക്കുന്നതിൽ മത്സ്യഫെഡിന്റെ അധീനതയിലുള്ള കൊല്ലം കോമൺ പ്രീ പ്രോസസിംഗ് സെന്റർ (സി.പി.സി)-ൽ സാമ്പത്തിക ക്രമക്കേട് നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ ഇങ്ങനെ സംഭവിക്കാൻ ഇടയാക്കിയ സാഹചര്യം എന്താണെന്നും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ?

മത്സ്യഫെഡ് കൊല്ലം കോമൺ പ്രീ പ്രോസ്സസിംഗ് സെന്റർ (സി.പി.സി.)-ൽ നടന്ന സാമ്പത്തിക ക്രമക്കേട് സംബന്ധിച്ച് ഫിഷറീസ് സഹകരണ സംഘം രജിസ്ട്രാർ കൂടിയായ ഫിഷറീസ് ഡയറക്ടർ നടത്തിയ പ്രാഥമികാന്വേഷണ റിപ്പോർട്ട് പ്രകാരം ടി സെന്ററിൽ അന്തിപ്പച്ച യൂണിറ്റുകളിൽനിന്നും മത്സ്യം വിറ്റ വകയിൽ ലഭിക്കുന്ന ഡെയിലി സെയിൽസ് റിപ്പോർട്ട് പ്രകാരമുള്ള യഥാർത്ഥ തുക മറച്ചുവെച്ചുകൊണ്ട് വളരെ കുറഞ്ഞ തുക മാത്രം കാഷ് ബുക്കിലും ടാലി സിസ്റ്റത്തിലും രേഖപ്പെടുത്തുകയും ഇപ്രകാരം രേഖപ്പെടുത്തുന്ന തുക മാത്രം ബാങ്കിൽ നിക്ഷേപിക്കുകയും ചെയ്തുകൊണ്ട് പലപ്പോഴായി 92,94,081/ രൂപയുടെ ക്രമക്കേട് നടന്നതായി കണ്ടെത്തിയിട്ടുണ്ട്.

കോമൺ പ്രീ-പ്രോസസിംഗ് സെന്ററിലെ അക്കൗണ്ട്സ് കൈകാര്യം ചെയ്തിരുന്ന താത്കാലിക ജീവനക്കാരനായിരുന്ന ശ്രീ. എം. മഹേഷിനെ സർവ്വീസിൽനിന്നും നീക്കം ചെയ്യുകയും സ്ഥിരം ജീവനക്കാരനായ ശ്രീ. കെ. അനിമോനെ സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്യുകയും ചെയ്തു.

കൂടാതെ കരാർ ജീവനക്കാരനായ ശ്രീ. സി. മണിയപ്പനെ കരാർ കാലാവധി 31-5-2022-ന് അവസാനിച്ച മുറയ്ക്ക് ഒഴിവാക്കിയിട്ടുണ്ട്. മാത്രമല്ല കോമൺ ഫ്രീ പ്രോസ്സസിംഗ് സെന്റർ (സി.പി.സി)-യുടെ മാനേജർ ചുമതല വഹിച്ചിരുന്ന ശ്രീമതി ലിസി അഗസ്റ്റിനെ അന്വേഷണ വിധേയമായി സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്യുകയും ശ്രീമതി നീതു പി. എസ്., പ്രോജക്ട് ഓഫീസർ (കരാർ), ശ്രീ. സഞ്ജയ് ഖാൻ, ഡെവലപ്മെന്റ് ഓഫീസർ (കരാർ), ശ്രീ. എസ്. അനീഷ്, പ്രോജക്ട് ഓഫീസർ (ദിവസവേതനം) എന്നിവരെ സർവ്വീസിൽനിന്ന് പിരിച്ചുവിടുകയും നിലവിലെ സി.പി.സി. മാനേജർ ഡോ. എം. നൗഷാദിനോട് വിശദീകരണം ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിലെ ക്രമക്കേടിനെക്കുറിച്ച് വിജിലൻസ് അന്വേഷണം നടത്തുന്നതിന് ശിപാർശ ചെയ്തിട്ടുമുണ്ട്.

(സി) മത്സ്യഫെഡിൽ കഴിഞ്ഞ ആറു വർഷത്തിനിടയിൽ ഏതെല്ലാം തസ്തികകളിലാണ് നിയമനം നടത്തിയിട്ടുള്ളതെന്നും പി.എസ്.സി. മുഖേന അല്ലെങ്കിൽ എപ്രകാരമുള്ള നിയമനമാണ് നടത്തിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

മത്സ്യഫെഡിൽ കഴിഞ്ഞ ആറു വർഷത്തിനിടയിൽ താത്കാലികാടിസ്ഥാനത്തിൽ നിയമനം നടത്തിയ തസ്തികകൾ സംബന്ധിച്ച വിശദാംശം അനുബന്ധം I* ആയി ചേർക്കുന്നു.

(ഡി) ഇത്തരത്തിൽ നടത്തിയ നിയമനത്തിലൂടെ ആരെല്ലാമാണ് ജോലിയിൽ പ്രവേശിച്ചതെന്നും ഇവർക്കെല്ലാംകൂടി ഓരോ മാസവും ശമ്പളയിനത്തിൽ എത്ര തുക ചെലവഴിക്കുന്നുണ്ടെന്നും അറിയിക്കുമോ?

താത്കാലികാടിസ്ഥാനത്തിൽ ജോലിയിൽ പ്രവേശിച്ചവരുടെ വിവരം അനുബന്ധം II* ആയി ചേർക്കുന്നു. താത്കാലികാടിസ്ഥാനത്തിൽ ജോലി നോക്കുന്നവർക്ക് പ്രതിമാസം 68,29,971/- രൂപ ശമ്പള ഇനത്തിൽ നൽകിവരുന്നു.

## മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ ലഭ്യമാക്കാൻ നടപടി

322 (1097) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) മണ്ണെണ്ണ വില ക്രമാതീതമായി വർദ്ധിക്കുന്നത് മത്സ്യത്തൊഴിലാളികൾക്ക് കനത്ത തിരിച്ചടിയാകുന്നുയെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) മത്സ്യഫെഡ് മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ സബ്സിഡി ലഭ്യമാക്കുന്നുണ്ടോ; സബ്സിഡി ഇനത്തിൽ എത്ര മാസത്തെ കുടിശ്ശിക മത്സ്യത്തൊഴിലാളികൾക്ക് നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. സബ്സിഡി ഇനത്തിൽ കുടിശ്ശിക വരുത്തിയിട്ടില്ല. 2022 ഏപ്രിൽ മാസം വരെയുള്ള സബ്സിഡി വിതരണം ചെയ്തുകഴിഞ്ഞു. 2022 മെയ് മാസത്തെ സബ്സിഡി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) മത്സ്യഫെഡുവഴി നൽകുന്ന മണ്ണെണ്ണ ആവശ്യത്തിന് ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ഡി) മണ്ണെണ്ണയുടെ കടുത്ത ദൗർലഭ്യം നിമിത്തം മത്സ്യത്തൊഴിലാളികൾ കടലിൽ വള്ളമിറക്കാൻ കഴിയാത്ത

അവസ്ഥയിലാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സർക്കാർ ഗൗരവപൂർവം കാണുന്നുണ്ടോ?

(സി&ഡി) ഉണ്ട്. കേന്ദ്ര സർക്കാരിൽനിന്നും കേരളത്തിന് ആവശ്യമായ അളവിൽ സബ്സിഡി മണ്ണെണ്ണയും സബ്സിഡി രഹിത മണ്ണെണ്ണയും അനുവദിക്കപ്പെടാത്തതിനാൽ മത്സ്യബന്ധനത്തിന് ആവശ്യമായ മണ്ണെണ്ണ ലഭ്യമാക്കുന്നതിന് കഴിയുന്നില്ലെന്നത് വസ്തുതയാണ്. മത്സ്യബന്ധനത്തിന് ആവശ്യമായ മണ്ണെണ്ണയുടെ കാൽ ഭാഗംപോലും കേന്ദ്രം സബ്സിഡി രഹിത മണ്ണെണ്ണയായി (non PDS)അനുവദിക്കുന്നില്ല. 2022-23 വർഷം ഇതുവരെ 2160KL മണ്ണെണ്ണ ലഭ്യമാക്കുകയും മത്സ്യബന്ധന മേഖലയ്ക്ക് അത് പൂർണ്ണമായും വിതരണം ചെയ്യുകയും ചെയ്തു. നടപ്പുവർഷത്തേയ്ക്ക് ആവശ്യമുള്ള പരമാവധി മണ്ണെണ്ണ നേടിയെടുക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തിവരികയാണ്.

**ട്രോളിംഗ് നിരോധനം**

323 (1098) ശ്രീ. എം. വിൻസെന്റ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. ടി. ജെ. വിനോദ്:

ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ട്രോളിംഗ് നിരോധന കാലയളവിൽ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും ഇതര ഉപജീവനമാർഗ്ഗങ്ങൾ ഉറപ്പാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉണ്ട്. ട്രോളിംഗ് നിരോധനകാലത്ത് തൊഴിൽ നഷ്ടപ്പെടുന്ന യന്ത്രവത്കൃത മത്സ്യബന്ധന യാനങ്ങളിലെ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും പീലിംഗ് തൊഴിലാളികൾക്കും സൗജന്യ റേഷൻ നൽകിവരുന്നു. സമ്പാദ്യ സമാശ്വാസ പദ്ധതിയിൻകീഴിൽ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും ഈ കാലയളവിൽ 4500/- രൂപ വീതം ധനസഹായം നൽകുന്നുണ്ട്. ഇതിൽ 3000/-രൂപ സർക്കാർ വിഹിതവും 1500/-രൂപ ഗുണഭോക്തൃ വിഹിതവുമാണ്.

(ബി) യന്ത്രവത്കൃത ബോട്ടുകൾ ട്രോളിംഗ് നിരോധനം ലംഘിക്കുന്നില്ലെന്ന് ഉറപ്പാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

9 തീരദേശ ജില്ലകളിലും ഫിഷറീസ് വകുപ്പും മറൈൻ എൻഫോഴ്സ്മെന്റും സംയുക്തമായി കടലിൽ പട്രോളിംഗ് നടത്തി നിയമലംഘനമില്ലെന്ന് ഉറപ്പുവരുത്തുന്നുണ്ട്. കൂടാതെ കോസ്റ്റൽ പോലീസും പട്രോളിംഗ് നടത്തുന്നുണ്ട്. ഇതിനായി തീരദേശ ജില്ലകളിൽ 18 പട്രോൾ ബോട്ടുകൾ വാടകയ്ക്കെടുത്ത് പ്രവർത്തിപ്പിക്കുന്നുണ്ട്. നിയമ ലംഘനങ്ങൾ കണ്ടെത്തിയാൽ പ്രസ്തുത യാനങ്ങളെ ഇമ്പൗണ്ട് ചെയ്ത് ഉയർന്ന പിഴ അടക്കമുള്ള ശിക്ഷാനടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ഫിഷറീസ് സ്റ്റേഷനുകളിൽ പ്രവർത്തിക്കുന്ന ഫിഷറീസ് കൺട്രോൾ റൂമുകൾ 24 മണിക്കൂറും കടലിലെ മത്സ്യബന്ധന യാനങ്ങളുടെ പ്രവർത്തനങ്ങൾ നിരീക്ഷിച്ചുവരുന്നുണ്ട്.

(സി) ട്രോളിംഗ് നിരോധന കാലയളവിൽ പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾ മത്സ്യബന്ധനം നടത്തുന്നതിനാൽ ഏതെങ്കിലും തരത്തിലുള്ള രക്ഷാപ്രവർത്തനങ്ങൾ ആവശ്യമായി വന്നാൽ ആയത്

നടപ്പാക്കുന്നതിന് എന്തെങ്കിലും ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ട്രോളിംഗ് നിരോധന കാലയളവിൽ 9 തീരദേശ ജില്ലകളിലും കടൽ പട്രോളിംഗിനും കടൽ രക്ഷാപ്രവർത്തനങ്ങൾക്കുമായി ആകെ 18 ബോട്ടുകൾ വാടകയ്ക്കെടുത്ത് പ്രവർത്തിപ്പിക്കുന്നുണ്ട്. തിരുവനന്തപുരത്ത് വിഴിഞ്ഞം, എറണാകുളത്ത് വൈപ്പിൻ, കോഴിക്കോട് ബേപ്പൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് വകുപ്പിന്റെ മറൈൻ ആംബുലൻസുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ രക്ഷാപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് തീരദേശ ജില്ലകളിലായി 9 ഫിഷറീസ് സ്റ്റേഷനുകളിൽ ട്രോൾ ബാൻ കാലത്തും ഫിഷറീസ് ഡയറക്ടറേറ്റ് തലത്തിൽ മാസ്റ്റർ കൺട്രോൾ റൂമും വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് റീജിയണൽ കൺട്രോൾ റൂമുകളും പ്രവർത്തിക്കുന്നുണ്ട്.

### നായരമ്പലം ഫിഷ് മാർക്കറ്റ് നവീകരണം

324 (1099) ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി അംഗീകാരം ലഭ്യമായിട്ടുള്ള വൈപ്പിൻ നിയോജക മണ്ഡലത്തിലെ നായരമ്പലം ഫിഷ് മാർക്കറ്റിന്റെ നവീകരണപ്രവർത്തനങ്ങളുടെ നിജസ്ഥിതി വ്യക്തമാക്കുമോ?

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കുമോ?

(എ & ബി) വൈപ്പിൻ നിയോജകമണ്ഡലത്തിലെ നായരമ്പലം ഫിഷ് മാർക്കറ്റിന് പുതുക്കിയ DSR പ്രകാരമുള്ള പുതുക്കിയ ഭരണാനുമതി കിഫ്ബിയിൽനിന്ന് ലഭിച്ചിട്ടുണ്ട്. എന്നാൽ ലഭ്യമായ ഫണ്ടിംഗ് തുക ലോൺ ആകയാൽ, കിഫ്ബി നിഷ്കർഷിക്കുന്ന റവന്യൂ ഷെയറിംഗ് തിരിച്ചടവിന് നായരമ്പലം ഗ്രാമപഞ്ചായത്ത് അനുമതിപത്രം ലഭ്യമാക്കേണ്ടതുണ്ട്. അനുമതിപത്രം ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി ടെണ്ടർ ചെയ്ത് തുടർനടപടി കൈക്കൊള്ളുന്നതാണ്.

**മണിമലയിൽ ഫിഷ് മാർക്കറ്റും വെയർഹൗസും**

325 (1100) <u>ഡോ. എൻ. ജയരാജ്</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോട്ടയം ജില്ലയിൽ മണിമലയിൽ പുനലൂർ മൂവാറ്റുപുഴ സംസ്ഥാനപാതയ്ക്ക് അരികിൽ നിലവിലുള്ള മാർക്കറ്റ് വിപുലീകരിച്ച് ആധുനിക ഫിഷ് മാർക്കറ്റും വെയർഹൗസും സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

കോട്ടയം ജില്ലയിൽ മണിമലയിൽ പുനലൂർ മൂവാറ്റുപുഴ സംസ്ഥാന പാതയ്ക്ക് അരികിൽ നിലവിലുള്ള മാർക്കറ്റ് വിപുലീകരിച്ച് ആധുനിക ഫിഷ് മാർക്കറ്റും വെയർഹൗസും സ്ഥാപിക്കുന്നതിനുള്ള ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ സമർപ്പിച്ചിട്ടുണ്ട്. വിശദമായ പരിശോധന നടത്തി തുടർനടപടി സ്വീകരിക്കുന്നതാണ്.

## മത്സ്യബന്ധന വിപണന മേഖല

326 (1101) ശ്രീ. എം. നൗഷാദ് :
ശ്രീ. പി. നന്ദകുമാർ :
ശ്രീ. എച്ച്. സലാം :
ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പച്ച മത്സ്യത്തിന്റെ ആദ്യ വില്പനാവകാശം മത്സ്യത്തൊഴിലാളികൾക്ക് മാത്രമായി നിജപ്പെടുത്തി ന്യായവില ലഭ്യമാക്കുന്നതിനും ഗുണനിലവാര പരിപാലനത്തിനുമായി നിയമം പാസ്സാക്കി നടപ്പാക്കുന്നതിലൂടെ മത്സ്യബന്ധന വിപണന മേഖലയിൽ എന്തെല്ലാം മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നത്; നിയമ നിർവ്വഹണത്തിനായി ചട്ടങ്ങൾ രൂപീകരിക്കപ്പെട്ടിട്ടുണ്ടോ; ഇതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; എന്തൊക്കെ കാര്യങ്ങളാണ് ഇതിൽ ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

മത്സ്യസംഭരണവും ലേലവും വിപണനവും നിയന്ത്രിക്കുന്നതിനും വ്യവസ്ഥാപിതവും ശുചിത്വപൂർണ്ണവും കാര്യക്ഷമവുമായ ലേലവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനും ഗുണനിലവാരം പരിപാലിക്കുന്നതിനും അവയുമായി ബന്ധപ്പെട്ടതോ ആയതിന് ആനുഷംഗികമായതോ ആയ മറ്റ് കാര്യങ്ങൾക്കുംവേണ്ടി കേരള മത്സ്യസംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും നിയമം 2021 നിലവിൽ വന്നിട്ടുണ്ട്. പ്രസ്തുത നിയമം നടപ്പാക്കുന്നതിലൂടെ ഇടത്തട്ടുകാരുടെ ചൂഷണം ഒഴിവാക്കി, മത്സ്യത്തൊഴിലാളികൾക്ക് അവർ പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിന് ന്യായമായ വില ഉറപ്പാക്കുന്നതിനും

ശുചിത്വ പൂർണ്ണമായ സാഹചര്യങ്ങളിൽ മത്സ്യവിപണനം നടത്തുന്നതിനും സാധ്യമാകുന്നതാണ്.

കേരള മത്സ്യസംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും ആക്ടിന്റെ (2021-ലെ 16) 33-ാം വകുപ്പുപ്രകാരം ചട്ടങ്ങൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ പ്രസ്തുത ആക്ട് പ്രകാരം സംസ്ഥാനത്തെ 21 ഹാർബറുകളിൽ ഹാർബർ മാനേജ്മെന്റ് സൊസൈറ്റികളും സംസ്ഥാനതല മത്സ്യഗുണനിലവാര പരിപാലന കമ്മിറ്റിയും രൂപീകരിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

(ബി) ആഴക്കടൽ മത്സ്യബന്ധന മേഖലയിൽ കേന്ദ്ര നയത്തിന്റെ ഭാഗമായി വരുന്ന വിദേശ കപ്പലുകളുടെ കടന്നുകയറ്റം ചെറുക്കുന്നതിനായി എന്തെല്ലാം ബദൽ നയങ്ങളും പ്രവർത്തന നടപടികളുമാണ് സ്വീകരിച്ച് വരുന്നത്; വിശദാംശം നൽകുമോ?

വിദേശ രാജ്യങ്ങളിൽനിന്നുള്ള അത്യാധുനിക സംവിധാനങ്ങളുള്ള ട്രോളറുകൾ 12 നോട്ടിക്കൽ മൈലിന് പുറത്ത് EEZ-ൽ 2018 വരെ മത്സ്യബന്ധനം നടത്തിയിരുന്നു. എന്നാൽ 2018-ൽ കേന്ദ്ര സർക്കാർ വിദേശ യാനങ്ങൾക്ക് നൽകിയിരുന്ന LOP കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളുടെ

ആവശ്യവും കോടതിവിധിയും പരിഗണിച്ച് നിർത്തലാക്കിയതോടെ ഇത്തരത്തിലുള്ള മത്സ്യബന്ധനം അവസാനിച്ചിട്ടുണ്ട്. അതോടൊപ്പം സംസ്ഥാന ഫിഷറീസ് നയം 2019-ന്റെ അടിസ്ഥാനത്തിൽ പരമ്പരാഗത മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾ, സഹകരണ സംഘങ്ങൾ എന്നിവർക്ക് ആഴക്കടൽ മത്സ്യബന്ധന രീതികളിൽ ആവശ്യമായ സാങ്കേതിക പരിശീലനവും പര്യാപ്തമായ യാനങ്ങളും നൽകുന്ന പദ്ധതി PMMSY-യിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പ്രാരംഭമായി 10 ആഴക്കടൽ മത്സ്യബന്ധന യാനങ്ങൾ 10 ഗ്രൂപ്പുകൾക്ക് നൽകുന്നതിനുള്ള പദ്ധതിക്ക് ഭരണാനുമതി നൽകുകയും ആയത് കൊച്ചിൻ ഷിപ്പ്‌യാർഡ് ലിമിറ്റഡുമായി ചേർന്ന് നിർമ്മിച്ചു നൽകുന്നതിനുള്ള സത്വര നടപടി സ്വീകരിച്ചുവരികയുമാണ്.

**തിരൂർ മണ്ഡലത്തിൽ ഫിഷ് ബൂത്തുകൾ ആരംഭിക്കുന്നതിന് നടപടി**

327 (1102) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യഫെഡിൽ വ്യാപകമായി അഴിമതിയും കെടുകാര്യസ്ഥതയും നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മത്സ്യത്തൊഴിലാളികളിൽനിന്ന് സംഭരിക്കുന്ന മത്സ്യം അന്തിപ്പച്ച പദ്ധതിവഴി വിറ്റ പണം ബാങ്കിൽ നിക്ഷേപിക്കുന്നതിൽ മത്സ്യഫെഡിന്റെ അധീനതയിലുള്ള കൊല്ലം കോമൺ പ്രീ-പ്രോസസ്സിംഗ് സെന്റർ (സി.പി.സി.)-ൽ സാമ്പത്തിക ക്രമക്കേട് നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ വിശദാംശം വെളിപ്പെടുത്തുമോ?

മത്സ്യഫെഡ് കൊല്ലം കോമൺ പ്രീ-പ്രോസ്സസിംഗ് സെന്റർ (സി.പി.സി.)-ൽ നടന്ന സാമ്പത്തിക ക്രമക്കേട് സംബന്ധിച്ച് ഫിഷറീസ് സഹകരണ സംഘം രജിസ്ട്രാർ കൂടിയായ ഫിഷറീസ് ഡയറക്ടർ നടത്തിയ പ്രാഥമികാന്വേഷണ റിപ്പോർട്ട് പ്രകാരം ടി സെന്ററിൽ അന്തിപ്പച്ച യൂണിറ്റുകളിൽനിന്നും മത്സ്യം വിറ്റവകയിൽ ലഭിക്കുന്ന ഡെയിലി സെയിൽസ് റിപ്പോർട്ട് പ്രകാരമുള്ള യഥാർത്ഥ തുക മറച്ചുവെച്ചുകൊണ്ട് വളരെ കുറഞ്ഞ തുക മാത്രം കാഷ് ബുക്കിലും ടാലി സിസ്റ്റത്തിലും രേഖപ്പെടുത്തുകയും ഇപ്രകാരം രേഖപ്പെടുത്തുന്ന തുക മാത്രം ബാങ്കിൽ നിക്ഷേപിക്കുകയും

ചെയ്തതുകൊണ്ട് പലപ്പോഴായി 92,94,081/ രൂപയുടെ ക്രമക്കേട് നടന്നതായി കണ്ടെത്തിയിട്ടുണ്ട്.

കോമൺ പ്രീ-പ്രോസസിംഗ് സെന്ററിലെ അക്കൗണ്ട്സ് കൈകാര്യം ചെയ്തിരുന്ന താത്കാലിക ജീവനക്കാരനായിരുന്ന ശ്രീ. എം. മഹേഷിനെ സർവ്വീസിൽനിന്നും നീക്കം ചെയ്യുകയും സ്ഥിരം ജീവനക്കാരനായ ശ്രീ. കെ. അനിമോനെ സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്യുകയും ചെയ്തു. കൂടാതെ കരാർ ജീവനക്കാരനായ ശ്രീ. സി. മണിയപ്പനെ 31/5/2022-ന് കരാർ കാലാവധി അവസാനിച്ച മുറയ്ക്ക് ഒഴിവാക്കിയിട്ടുണ്ട്. മാത്രമല്ല, കോമൺ പ്രീ പ്രോസ്സസിംഗ് സെന്റർ (സി.പി.സി)-യുടെ മാനേജർ ചുമതല വഹിച്ചിരുന്ന ശ്രീമതി. ലിസി അഗസ്റ്റിനെ അന്വേഷണ വിധേയമായി സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്യുകയും ശ്രീമതി നീതു. പി. എസ്., പ്രോജക്ട് ഓഫീസർ (കരാർ), ശ്രീ. സഞ്ജയ് ഖാൻ, ഡെവലപ്മെന്റ് ഓഫീസർ (കരാർ), ശ്രീ. എസ്. അനീഷ്, പ്രോജക്ട് ഓഫീസർ (ദിവസവേതനം) എന്നിവരെ സർവ്വീസിൽനിന്ന് പിരിച്ചുവിടുകയും നിലവിലെ സി.പി.സി. മാനേജർ ഡോ. എം. നൗഷാദിനോട് വിശദീകരണം ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിലെ

ക്രമക്കേടിനെക്കുറിച്ച് വിജിലൻസ് അന്വേഷണം നടത്തുന്നതിന് ശിപാർശ ചെയ്തിട്ടുമുണ്ട്.

(സി) നിയോജകമണ്ഡലങ്ങളിൽ മത്സ്യഫെഡിന്റെ ഫിഷ് ബൂത്തുകൾ ആരംഭിക്കുന്ന നടപടി എതുഘട്ടത്തിലാണെന്ന് അറിയിക്കുമോ?

കേരളത്തിലെ 140 നിയോജകമണ്ഡലങ്ങളിലും മത്സ്യഫെഡിന്റെ ഫിഷ് ബൂത്ത് ആരംഭിക്കുന്നതിന് പദ്ധതിയുണ്ട്. നിലവിൽ 52 നിയോജക മണ്ഡലങ്ങളിൽ മത്സ്യഫെഡിന്റെ ഫിഷ് മാർട്ടും സഹകരണ വകുപ്പുമായി ചേർന്ന് 59 ഫ്രാഞ്ചൈസി ഫിഷ് മാർട്ടുകളും പ്രവർത്തിക്കുന്നുണ്ട്. നിലവിൽ ഫിഷ് മാർട്ടുകൾ ഇല്ലാത്ത 88 നിയോജകമണ്ഡലങ്ങളിൽ അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി ഫിഷ് മാർട്ടുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) തിരൂർ മണ്ഡലത്തിൽ ഫിഷ് ബൂത്തുകൾ, ഫിഷ് മാർട്ടുകൾ എന്നിവ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

തിരൂർ മണ്ഡലത്തിൽ താനാളൂർ, നന്നമ്പ്ര എന്നീ സ്ഥലങ്ങൾ ഫിഷ് മാർട്ടുകൾ സ്ഥാപിക്കുന്നതിനായി കണ്ടെത്തിയിട്ടുണ്ട്. തുടർനടപടി സ്വീകരിച്ചുവരുന്നു.

## പനച്ചമൂട് മത്സ്യ മാർക്കറ്റ് നവീകരണം

328 (1103) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ വെള്ളറട ഗ്രാമപഞ്ചായത്തിൽ കിഫ്ബിയുടെ ധനസഹായത്തോടെ തീരദേശ വികസന കോർപ്പറേഷൻ നിർവ്വഹണ ഏജൻസിയായിട്ടുള്ള പനച്ചമൂട് മത്സ്യമാർക്കറ്റ് നവീകരണം നാളിതുവരെ ആരംഭിച്ചിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ കാര്യകാരണ സഹിതമുള്ള വിവരം ലഭ്യമാക്കുമോ?

ഉണ്ട്. പനച്ചമൂട് മത്സ്യമാർക്കറ്റ് നവീകരണത്തിന് കിഫ്ബിയിൽനിന്നും ഭരണാനുമതി ലഭിക്കുകയും സാങ്കേതികാനുമതി നൽകി 25-09-2020-ൽ ടെണ്ടർ ക്ഷണിക്കുകയും തുടർന്ന് കരാറുകാരനുമായി 02-11-2020-ൽ കരാർ ഉടമ്പടിയിൽ ഏർപ്പെടുകയും ചെയ്തിരുന്നു. എന്നാൽ പഞ്ചായത്തിൽനിന്നും നിലവിലെ കെട്ടിടം പൊളിച്ചുമാറ്റുന്നതിനുള്ള കാലതാമസം കാരണം കരാറുകാരനുമായി

Closure Agreement വയ്ക്കേണ്ടിവന്നു. 11-11-2021-ൽ നിലവിലെ കെട്ടിടം പൊളിച്ചുമാറ്റി പഞ്ചായത്തിൽനിന്നും പദ്ധതി നിർവ്വഹണത്തിനായി സ്ഥലം ലഭ്യമായി. 2021 ആഗസ്റ്റ് മാസം DSR 2018 റേറ്റ് റിവിഷൻ പ്രാബല്യത്തിൽ വന്നതിനാൽ പുതുക്കിയ ഫണ്ടിംഗ് അനുമതിക്കായി കിഫ്ബിയിൽ സമർപ്പിക്കുകയും ആയത് 15-03-2022-ൽ ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. ലഭ്യമായ ഫണ്ടിംഗ് തുക ലോൺ ആകയാൽ കിഫ്ബി നിഷ്കർഷിക്കുന്ന തിരിച്ചടവിന് കിഫ്ബിയും പഞ്ചായത്തും തമ്മിൽ എഗ്രിമെന്റിൽ ഏർപ്പെടേണ്ടതുണ്ടെന്ന് പഞ്ചായത്തിനെ അറിയിച്ചിരുന്നു. എന്നാൽ സാമ്പത്തിക ബുദ്ധിമുട്ട് കാരണം ലോൺ തിരിച്ചടവിൽനിന്നും ഒഴിവാക്കണമെന്ന് പഞ്ചായത്ത് അറിയിക്കുകയും ടി വിവരം കിഫ്ബിയെ അറിയിക്കുകയും ചെയ്തു. ലോൺ തിരിച്ചടവിന് തയ്യാറാകുന്ന മാർക്കറ്റുകളുടെ മാത്രം നിർമ്മാണ പ്രവൃത്തികൾ ഏർപ്പാടാക്കിയാൽ മതിയെന്ന് കിഫ്ബി അറിയിച്ചിട്ടുണ്ട്. ആയതിനാൽ, തിരിച്ചടവ് സംബന്ധിച്ച് ഗ്രാമപഞ്ചായത്തും കിഫ്ബിയുമായി ഒരു ധാരണയിൽ എത്തേണ്ടതുണ്ട്.

(ബി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകുമ്പോൾ പദ്ധതി അടങ്കൽ തുക തിരിച്ചടവ് എന്ന നിബന്ധന ഇല്ലായിരുന്നെന്ന വിവരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത തീരുമാനപ്രകാരം നിലവിൽ ഗ്രാമപഞ്ചായത്തിനോട് നിർദ്ദേശിച്ചിട്ടുള്ള പദ്ധതി അടങ്കൽ തുക തിരിച്ചടവ് പൂർണ്ണമായും ഒഴിവാക്കി നൽകി എത്രയും വേഗം പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; പദ്ധതി കിഫ്ബി ധനസഹായത്താലാണ് നടപ്പാക്കുന്നത്. ആയതിനാൽ തീരുമാനം കിഫ്ബിയാണ് കൈക്കൊള്ളേണ്ടത്. ടി വിഷയം കിഫ്ബിയുമായി ചർച്ച ചെയ്യുന്നതാണ്.

(സി) പ്രസ്തുത മാർക്കറ്റ് നവീകരണത്തിനായി ഗ്രാമപഞ്ചായത്ത് ഇരുപത് ലക്ഷത്തോളം രൂപ മൂല്യമുള്ള കെട്ടിടങ്ങൾ, വ്യാപാരികളുടെ സ്റ്റാളുകൾ എന്നിവ നീക്കം ചെയ്തിട്ടും മരങ്ങൾ മുറിച്ചുമാറ്റി നൽകിയിട്ടും തീരദേശ വികസന കോർപ്പറേഷൻ നിർവ്വഹണ ഏജൻസിയായിട്ടുള്ള പനച്ചമൂട് മത്സ്യ മാർക്കറ്റ് നവീകരണ പദ്ധതി ആരംഭിക്കാത്തതിനാൽ പൊതുജനങ്ങൾക്കും കച്ചവടക്കാർക്കുമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിവരം ലഭ്യമാക്കുമോ?

പദ്ധതി തുകയുടെ തിരിച്ചടവ് സംബന്ധിച്ച് ഗ്രാമപഞ്ചായത്തും കിഫ്ബിയുമായി ധാരണയിൽ എത്തുന്ന മുറയ്ക്ക് തീരദേശ വികസന കോർപ്പറേഷൻ മുഖേന തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## മത്സ്യഗ്രാമ പ്രദേശത്തെ സർക്കാർ എയ്ഡഡ് സ്കൂളുകൾ

329 (1104) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യഗ്രാമ പ്രദേശത്ത് പ്രവർത്തിക്കുന്ന സർക്കാർ എയ്ഡഡ് സ്കൂളുകൾ നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം പ്രദേശങ്ങളിൽ പ്രവർത്തിക്കുന്നതും വേണ്ടത്ര അടിസ്ഥാന സൗകര്യങ്ങളില്ലാത്തതുമായ എത്ര സ്കൂളുകൾ എവിടെയെല്ലാം പ്രവർത്തിക്കുന്നു എന്ന് കണക്കാക്കിയിട്ടുണ്ടോ; അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരം സ്കൂളുകളുടെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിന് പ്രത്യേക പരിഗണന നൽകി ഫണ്ട് അനുവദിക്കുമോ?

(എ-സി) ഫിഷറീസ് വകുപ്പിന്റെ കീഴിൽ 10 മേഖലാ ഫിഷറീസ് റസിഡൻഷ്യൽ സ്കൂളുകളാണുള്ളത്. ഇവയുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനും മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ തീരദേശ മേഖലയിലെ 57 വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 66.35 കോടി രൂപയുടെ കിഫ്ബി അംഗീകാരം ലഭ്യമായിട്ടുണ്ട്. 22 വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ 22.14 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസനം പൂർത്തീകരിച്ചു. മേഖലാ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകൾ ഒഴികെയുള്ള എല്ലാ തീരദേശ വിദ്യാലയങ്ങളും പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലാണ്.

**പുനർഗേഹം പദ്ധതി**

330 (1105) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങളെയാണ് മാറ്റിപാർപ്പിക്കാൻ തീരുമാനിച്ചിട്ടുള്ളത്; വിശദാംശം അറിയിക്കുമോ?

കാസർഗോഡ്, കുമ്പള, കാഞ്ഞങ്ങാട്, തൃക്കരിപ്പൂർ എന്നീ മത്സ്യഭവനുകളുടെ പരിധിയിലുൾപ്പെട്ട് വരുന്ന 1016 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ മാറ്റി പാർപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) ഇവർക്ക് ഭൂമി കണ്ടെത്തി മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികൾ ഏതുവരെയായെന്ന് വിശദമാക്കുമോ?

പദ്ധതിപ്രകാരം മാറ്റിപ്പാർപ്പിക്കാൻ തീരുമാനിച്ച 1016 മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ 480 ഗുണഭോക്താക്കൾ മാറിത്താമസിക്കുവാൻ തയ്യാറല്ലാത്തവരാണ്. മാറിത്താമസിക്കുവാൻ സന്നദ്ധരായിട്ടുള്ള 536 ഗുണഭോക്താക്കളിൽ, 112 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കുള്ള ഭൂമി രജിസ്ട്രേഷൻ നടപടി പൂർത്തീകരിച്ചിട്ടുണ്ട്. ഭൂമി രജിസ്ട്രേഷൻ പൂർത്തിയാക്കിയ ഗുണഭോക്താക്കളിൽ 34 ഗുണഭോക്താക്കൾ ഭവനനിർമ്മാണത്തിന്റെ ഒന്നാംഘട്ടവും 29 ഗുണഭോക്താക്കൾ ഭവനനിർമ്മാണത്തിന്റെ രണ്ടാംഘട്ടവും 6 ഗുണഭോക്താക്കൾ മൂന്നാംഘട്ടവും പൂർത്തിയാക്കിയിട്ടുണ്ട്. മൂന്നാംഘട്ടം പൂർത്തീകരിച്ച 16 പേരിൽ 4 കുടുംബങ്ങൾ ഭവനനിർമ്മാണം പൂർത്തീകരിച്ച് മാറിത്താമസിച്ചിട്ടുണ്ട്. ഭൂമി രജിസ്ട്രേഷൻ ഉൾപ്പെടെ തുടർനടപടി സ്വീകരിക്കേണ്ട 424 പേരിൽ 144

പേരെ കോയിപ്പാടിയിൽ നിർമ്മാണം ആരംഭിക്കുന്ന ഫ്ലാറ്റിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതാണ്. ശേഷിക്കുന്ന 280 പേരിൽ 21 ഗുണഭോക്താക്കൾ കണ്ടെത്തിയ ഭൂമിയുടെ വില ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. 259 ഗുണഭോക്താക്കൾ ഭവന നിർമ്മാണത്തിന് അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഗുരുവായൂർ മണ്ഡലത്തിലെ പുനർഗേഹം പദ്ധതി**

331 (1106) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ നടപ്പാക്കുന്ന പുനർഗേഹം പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ?

ഗുരുവായൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട മത്സ്യഗ്രാമങ്ങളായ ഏങ്ങണ്ടിയൂർ, കടപ്പുറം, മന്ദലാംകുന്ന് എന്നിവിടങ്ങളിലെ 146 കുടുംബങ്ങൾ പുനർഗേഹം പദ്ധതിപ്രകാരം പുനരധിവാസത്തിന് അർഹരാണെന്ന് കണ്ടെത്തിയിട്ടുണ്ട്. മാറിത്താമസിക്കുവാൻ സന്നദ്ധത അറിയിച്ചിട്ടുള്ള 64 ഗുണഭോക്താക്കളിൽ 28 ഗുണഭോക്താക്കൾ ഭൂമി രജിസ്റ്റർ ചെയ്തിട്ടുണ്ട്.

ഇതിൽ 25 പേർ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും 3 പേർ ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. 13 ഗുണഭോക്താക്കൾകൂടി ഭൂമി കണ്ടെത്തിയിട്ടുണ്ട്. 23 ഗുണഭോക്താക്കൾ ഭൂമി കണ്ടെത്തേണ്ടതായിട്ടുണ്ട്. മത്സ്യഗ്രാമം തിരിച്ചുള്ള വിശദവിവരം അനുബന്ധമായി* ചേർക്കുന്നു.

(ബി) പ്രസ്തുത മണ്ഡലത്തിലെ കടപ്പുറം പഞ്ചായത്തിൽ പുനർഗേഹം പദ്ധതി നടപ്പാക്കുന്നതിൽ നേരിടുന്ന കാലതാമസം എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത സ്ഥലത്ത് പദ്ധതി നടപ്പാക്കാൻ സ്വീകരിച്ച നടപടി വിശദമാക്കുമോ?

പദ്ധതി മാനദണ്ഡപ്രകാരം ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയിൽ നിശ്ചയിക്കപ്പെടുന്ന ഭൂമിവില ഭൂവുടമകൾ അംഗീകരിക്കാതെ പിൻവാങ്ങുന്നത് പദ്ധതിയുടെ പുരോഗതിയെ ബാധിക്കുന്നുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് കടപ്പുറം പഞ്ചായത്തിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ബഹുമാനപ്പെട്ട എം.എൽ.എ.-യെ പങ്കെടുപ്പിച്ച് ഒരു മീറ്റിംഗും പഞ്ചായത്ത് പ്രസിഡന്റിനെയും മെമ്പർമാരെയും ഉൾപ്പെടുത്തി നിരവധി മീറ്റിംഗുകളും നടത്തിയതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കൾ ഭൂമി കണ്ടെത്തുന്ന നടപടി പുരോഗമിച്ചുവരുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പുത്തൻ കടപ്പുറം ഫിഷറീസ് കോളനി നവീകരണം

332 (1107) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ പരപ്പനങ്ങാടി പുത്തൻ കടപ്പുറം ഫിഷറീസ് കോളനി നവീകരണത്തിന് അനുമതി ലഭ്യമാക്കുന്നതിന് എം.എൽ.എ.-യും നഗരസഭാ ജനപ്രതിനിധികളും ഫിഷറീസ് വകുപ്പുമന്ത്രിയുമായി നടത്തിയ ചർച്ചയിൽ ഈ പ്രവൃത്തിക്ക് അടിയന്തരമായി അനുമതി ലഭ്യമാക്കുന്നതിന് തീരുമാനിച്ചപ്രകാരം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

(ബി) പരപ്പനങ്ങാടി പുത്തൻ കടപ്പുറം ഫിഷറീസ് കോളനി നവീകരണവുമായി ബന്ധപ്പെട്ട് ഇതുവരെ പൂർത്തീകരിച്ചതും ഇനി പൂർത്തീകരിക്കാനുള്ളതുമായ നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

പരപ്പനങ്ങാടി പുത്തൻ കടപ്പുറം ഫിഷറീസ് കോളനി നവീകരണത്തിനായി ഫിഷറീസ് വകുപ്പ്, റവന്യൂ വകുപ്പ്, ഹാർബർ

എഞ്ചിനീയറിംഗ് വകുപ്പ്, മുനിസിപ്പാലിറ്റി എഞ്ചിനീയറിംഗ് വിഭാഗം ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും നേതൃത്വത്തിൽ 14-07-2021-ൽ സംയുക്ത ഭൗതിക പരിശോധന നടത്തുകയും കോളനി നിവാസികളെ മാറ്റിത്താമസിപ്പിക്കുന്നതിനുള്ള ഫ്ലാറ്റ്/വീട് നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

### ജ്യോതിർഗമയ പദ്ധതി

333 (1108) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ് നൽകുന്ന പദ്ധതിയായ 'ജ്യോതിർഗമയ' യുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്യുന്ന പദ്ധതിയായ ജ്യോതിർഗമയയ്ക്ക് സർക്കാർ ഭരണാനുമതി നൽകുകയും ടാബ്ലെറ്റുകൾ വിതരണം ചെയ്യുന്നതിനായി ടെണ്ടർ ക്ഷണിക്കുകയും ചെയ്തിരുന്നു.

(ബി) പ്രസ്തുത പദ്ധതിക്കായി ബജറ്റിൽ പ്രഖ്യാപിച്ച തുക എത്രയാണ്; അതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കുമോ?

2021-22 വർഷത്തെ വിദ്യാതീരം പദ്ധതിയിലുൾപ്പെടുത്തി 328 ലക്ഷം രൂപയായിരുന്നു പദ്ധതിക്കായി വകയിരുത്തിയിരുന്നത്.

(സി) നിലവിൽ എത്ര ലാപ്ടോപ്പുകൾ വാങ്ങിയിട്ടുണ്ട്; അതിൽ എത്രയെണ്ണം വിതരണം ചെയ്തിട്ടുണ്ട്?

സംസ്ഥാനത്ത് സ്കൂളുകൾ സാധാരണ രീതിയിൽ ഓഫ്‌ലൈൻ പ്രവർത്തനമാരംഭിച്ച സാഹചര്യത്തിൽ നിലവിൽ ലാപ്ടോപ്പുകൾ വാങ്ങുകയോ, വിതരണം ചെയ്യുകയോ ചെയ്തിട്ടില്ല.

(ഡി) നിലവിൽ പദ്ധതി ഉപേക്ഷിക്കുന്നതിനായി സർക്കാർതലത്തിൽ തീരുമാനമെടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

പദ്ധതി ഉപേക്ഷിക്കുന്നതിനായി തീരുമാനമെടുത്തിട്ടില്ല.

**മത്സ്യത്തൊഴിലാളികൾക്ക് അനുവദിച്ച സഹായങ്ങൾ**

334 (1109) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):</u>
<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:</u>
<u>ശ്രീമതി ഉമ തോമസ്:</u>

<u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനം, ട്രോളിംഗ് നിരോധനം എന്നീ കാരണങ്ങളാൽ മത്സ്യബന്ധനത്തിന് പോകാൻ സാധിക്കാതെ പ്രതിസന്ധി അനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ കൂടാതെ മറ്റേതെങ്കിലും തരത്തിലുള്ള സഹായങ്ങൾ അനുവദിച്ച് നൽകുന്നുണ്ടോ; വിശദാംശം നൽകുമോ?

പ്രകൃതി ക്ഷോഭത്തിന്റെയോ കടൽ ക്ഷോഭത്തിന്റെയോ ഫലമായി തുടർച്ചയായി മത്സ്യബന്ധന വിലക്ക് ഏർപ്പെടുത്തുന്ന ദിവസങ്ങളിൽ തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും സൗജന്യ റേഷൻകൂടാതെ ഒരു ദിവസം 200 രൂപ വീതം കണക്കാക്കി ധനസഹായം നൽകുന്നുണ്ട്. ട്രോളിംഗ് നിരോധന കാലത്ത് തൊഴിൽ നഷ്ടപ്പെടുന്ന യന്ത്രവത്കൃത മത്സ്യബന്ധന യാനങ്ങളിലെ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും പീലിംഗ് തൊഴിലാളികൾക്കും സൗജന്യ റേഷനുപുറമെ സമ്പാദ്യ സമാശ്വാസ പദ്ധതിയിൻകീഴിൽ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ

അംഗങ്ങളായിട്ടുള്ളവർക്ക് ധനസഹായമായി 4500/- രൂപ ഗഡുക്കളായി നൽകുന്നുണ്ട്.

(ബി) പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സിവിൽ സപ്ലൈസ് മുഖേന നൽകിവരുന്ന മണ്ണെണ്ണ വിതരണം നിലച്ച സാഹചര്യത്തിൽ കൂടുതൽ തുക നൽകി മത്സ്യഫെഡിൽനിന്നും മണ്ണെണ്ണ വാങ്ങേണ്ടിവരുന്നുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മത്സ്യഫെഡ് മുഖേന സബ്സിഡി നിരക്കിൽ മണ്ണെണ്ണ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സിവിൽ സപ്ലൈസ് വകുപ്പ് വഴി ഇപ്പോഴും സബ്സിഡിരഹിത മണ്ണെണ്ണ അനുവദിക്കുന്നുണ്ട്. ഈ സാമ്പത്തിക വർഷം മെയ് മാസംവരെ സിവിൽ സപ്ലൈസ് മുഖേന 2160 KL മണ്ണെണ്ണ മത്സ്യബന്ധന മേഖലയ്ക്ക് അനുവദിച്ചിരുന്നു. അർഹരായ മത്സ്യത്തൊഴിലാളികൾക്ക് എഞ്ചിൻക്ഷമതയുടെ അടിസ്ഥാനത്തിൽ ചുവടെ പറയും പ്രകാരം നിശ്ചിത അളവ് മണ്ണെണ്ണ ലിറ്ററിന് 25 രൂപ സബ്സിഡി നിരക്കിൽ (ഡി. ബി. റ്റി) നൽകിവരുന്നു.

10 HP വരെ -140 ലിറ്റർ

10 HP മുതൽ 15 HP വരെ - 150 ലിറ്റർ

15 HP ക്ക് മുകളിൽ - 190 ലിറ്റർ

(സി) മത്സ്യത്തൊഴിലാളികൾക്ക് 25 രൂപയ്ക്ക് മണ്ണെണ്ണ നൽകുമെന്ന് കഴിഞ്ഞ തെരഞ്ഞെടുപ്പ് സമയത്ത് മുൻ സർക്കാർ പ്രഖ്യാപിച്ചിരുന്നോ; എങ്കിൽ ആയത് നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ പ്രഖ്യാപനത്തിൽ നിന്നും പിന്നോട്ട് പോകാനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ?

കേന്ദ്ര സർക്കാരിൽനിന്നും അനുവദിച്ച് നൽകുന്ന സബ്സിഡിരഹിത മണ്ണെണ്ണ വർദ്ധിച്ച തോതിൽ ലഭ്യമാക്കുകയും അതോടൊപ്പം മത്സ്യഫെഡിനെ മണ്ണെണ്ണയുടെ മൊത്തവിതരണക്കാരായി ഉത്തരവാകുകയും ചെയ്തുകൊണ്ട് മത്സ്യത്തൊഴിലാളികൾക്ക് നിലവിൽ നൽകിവരുന്ന സബ്സിഡി വർദ്ധിപ്പിച്ച് നൽകുന്നതിനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ നിരന്തരം ആവശ്യപ്പെട്ടിട്ടും കേന്ദ്ര സർക്കാരിൽനിന്നും മേൽപ്പറഞ്ഞ രണ്ട് കാര്യങ്ങളിലും അനുകൂല പ്രതികരണം ഉണ്ടായിട്ടില്ല.

## കോവളം മണ്ഡലത്തിലെ മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി പദ്ധതി

335(1110) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവളം മണ്ഡലത്തിലെ മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി കരിങ്കുളം വില്ലേജിൽ സർവ്വേ നമ്പർ 95/5 ൽപ്പെട്ട ഒരേക്കർ സ്ഥലത്ത് മത്സ്യത്തൊഴിലാളികൾക്കായി ഫ്ലാറ്റ് നിർമ്മിച്ച് നൽകുന്ന പദ്ധതി നടപ്പാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 23-2-2022-ന് പ്രസ്തുത മണ്ഡലം എം.എൽ.എ. നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

കോവളം മണ്ഡലത്തിലെ കരിങ്കുളം വില്ലേജിൽ സർവ്വേ നമ്പർ 95/5-ൽപ്പെട്ട ഒരേക്കർ സ്ഥലം ഫ്ലാറ്റ് നിർമ്മിച്ച് നൽകുന്നതിന് അനുയോജ്യമാണെന്ന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് സ്ഥല

പരിശോധന നടത്തി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതുപ്രകാരം ഭൂമി റവന്യൂ വകുപ്പിൽനിന്ന് ഏറ്റെടുക്കുന്നതുൾപ്പെടെയുള്ള തുടർനടപടി സ്വീകരിച്ചുവരുന്നു.

## ട്രോളിംഗ് നിരോധനം

336 (1111) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീ. സി. സി. മുകുന്ദൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രോളിംഗ് നിരോധനകാലത്ത് വറുതിയിലാകുന്ന മത്സ്യത്തൊഴിലാളികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(ബി) ട്രോളിംഗ് നിരോധന കാലത്ത് മത്സ്യത്തൊഴിലാളികൾക്ക് സമാശ്വാസ ധനസഹായം നൽകുന്ന പദ്ധതിയുണ്ടോ; സൗജന്യ റേഷൻ അനുവദിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

(എ&ബി) ട്രോളിംഗ് നിരോധനകാലത്ത് തൊഴിൽ നഷ്ടപ്പെട്ട് വറുതിയിലാകുന്ന യന്ത്രവത്കൃത മത്സ്യബന്ധന യാനങ്ങളിലെ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കും പീലിംഗ്

തൊഴിലാളികൾക്കും സൗജന്യ റേഷൻ നൽകിവരുന്നു. സമ്പാദ്യ സമാശ്വാസ പദ്ധതിയിൻകീഴിൽ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും ഈ കാലയളവിൽ 4500/- രൂപ വീതം ധനസഹായം നൽകുന്നുണ്ട്. ഇതിൽ 3000/- രൂപ സർക്കാർ വിഹിതവും 1500/- രൂപ ഗുണഭോക്തൃ വിഹിതവുമാണ്.

(സി) ട്രോളിംഗ് നിരോധനകാലത്ത് ആധുനിക സൗകര്യങ്ങളുള്ള വിദേശ ട്രോളറുകൾ കേരള തീരത്ത് മത്സ്യബന്ധനം നടത്തുന്നത് നിയന്ത്രിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ?

2018 വരെ വിദേശ രാജ്യങ്ങളിൽനിന്നുള്ള അത്യാധുനിക സംവിധാനങ്ങളുള്ള ട്രോളറുകൾ 12 നോട്ടിക്കൽ മൈലിന് പുറത്ത് Exclusive Economic Zone-ൽ മത്സ്യബന്ധനം നടത്തിയിരുന്നു. എന്നാൽ 2018-ൽ കേന്ദ്ര സർക്കാർ വിദേശയാനങ്ങൾക്ക് നൽകിയിരുന്ന Letter of Permit, കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളുടെ ആവശ്യവും കോടതിവിധിയും പരിഗണിച്ച് നിർത്തലാക്കിയതോടെ ഇത്തരത്തിലുള്ള മത്സ്യബന്ധനം

അവസാനിച്ചിട്ടുണ്ട്. ഫിഷറീസ് വകുപ്പും മറൈൻ എൻഫോഴ്സ്മെന്റും സംയുക്തമായി കടലിൽ നിരന്തരം പട്രോളിംഗ് നടത്തി നിയമ ലംഘനം നടത്തുന്ന യാനങ്ങളെ കണ്ടുകെട്ടി ഉയർന്ന പിഴ ചുമത്തുന്നതടക്കമുള്ള ശിക്ഷാ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായി 9 തീരദേശ ജില്ലകളിലായി 9 ഫിഷറീസ് സ്റ്റേഷനുകൾ പ്രവർത്തിച്ചുവരുന്നു.

**മത്സ്യബന്ധനയാനങ്ങൾക്ക് വായ്പ**

337 (1112) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മത്സ്യബന്ധന യാനങ്ങൾക്ക് വായ്പ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. മത്സ്യബന്ധന യാനങ്ങൾ, എഞ്ചിനുകൾ, വല, അനുബന്ധ ഉപകരണങ്ങൾ എന്നിവയ്ക്കായി മത്സ്യഫെഡ് പ്രാഥമിക മത്സ്യത്തൊഴിലാളി വികസനക്ഷേമ സഹകരണ സംഘങ്ങൾവഴി മത്സ്യത്തൊഴിലാളികൾക്ക് ചുവടെ പറയുന്ന പദ്ധതികളിൽ വായ്പകൾ നൽകിവരുന്നു.

1. <u>ദേശീയ സഹകരണ വികസന കോർപ്പറേഷൻ (എൻ.സി.ഡി.സി) ധനസഹായത്തോടെയുള്ള സംയോജിത മത്സ്യ വികസന പദ്ധതി (ഐ.എഫ്.ഡി.പി).</u>

മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക മത്സ്യത്തൊഴിലാളി വികസനക്ഷേമ സഹകരണ സംഘങ്ങളിൽ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള വായ്പ 3 വർഷ കാലാവധിയിൽ ഈ പദ്ധതി മുഖേന നൽകിവരുന്നു. പലിശരഹിത വായ്പാ പദ്ധതിയായാണ് 2018-19 വർഷം മുതൽ ഈ പദ്ധതി നടപ്പാക്കിവരുന്നത്.

2. <u>ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (എൻ.ബി.സി.എഫ്.ഡി.സി)/ ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (എൻ.എം.ഡി.എഫ്.സി)/ എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടുകൂടിയുള്ള ടേം വായ്പാ പദ്ധതി.</u>

മത്സ്യത്തൊഴിലാളി മേഖലയിൽ മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനായി ടേം വായ്പകൾ നൽകിവരുന്നു. മത്സ്യബന്ധന

ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള വായ്പ പലിശരഹിതമായി 3 വർഷ കാലാവധിയിൽ നൽകുന്നു.

## മത്സ്യത്തൊഴിലാളികളുടെ വരുമാനം

338 (1113) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ ആളോഹരി പ്രതിശീർഷ വരുമാനം പൊതുസമൂഹവുമായി താരതമ്യം ചെയ്യുമ്പോൾ പൊതുവിഭാഗത്തിന്റെ വാർഷിക വരുമാനത്തിന്റെ എത്ര ശതമാനമാണെന്ന് കണക്കാക്കിയിട്ടുണ്ടോ എന്ന് അറിയിക്കുമോ?

പൊതുസമൂഹവുമായി താരതമ്യം ചെയ്യുമ്പോൾ വാർഷിക പ്രതിശീർഷ വരുമാനത്തിന്റെ പകുതിയിൽ താഴെ മാത്രമാണ് മത്സ്യത്തൊഴിലാളികളുടെ ആളോഹരി പ്രതിശീർഷ വരുമാനം. 2015-16 വർഷം പൊതുവിഭാഗത്തിന്റേത് 1,64,554/- രൂപയും മത്സ്യത്തൊഴിലാളിയുടേത് 81,494/- രൂപയുമാണ്.

(ബി) മത്സ്യത്തൊഴിലാളികളുടെ വരുമാനത്തിൽ വർദ്ധന ഉണ്ടാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ?

മത്സ്യത്തൊഴിലാളി സമൂഹത്തെയും വിശിഷ്യാ മത്സ്യത്തൊഴിലാളികളെയും സാമൂഹികമായും സാമ്പത്തികമായും ഉയർത്തിക്കൊണ്ടുവരുന്നതിന് ഫിഷറീസ് വകുപ്പും അനുബന്ധ ഏജൻസികളും ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന വിവിധ പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു*.

**മത്സ്യതൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്താൻ നടപടി**

339 (1114) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. കെ.പി.മോഹനൻ:
ശ്രീ. കെ. ബി. ഗണേഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്നതിന് ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

മത്സ്യത്തൊഴിലാളികളെ സാമൂഹികമായും സാമ്പത്തികമായും ഉയർത്തിക്കൊണ്ടുവരുന്നതിന് ഫിഷറീസ് വകുപ്പും അനുബന്ധ ഏജൻസികളും നടപ്പാക്കുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) കേന്ദ്ര സർക്കാർ മത്സ്യതൊഴിലാളികൾക്കെതിരെ കടുത്ത നിലപാട് സ്വീകരിക്കുന്ന സാഹചര്യത്തിൽ അതിനെതിരെ ശക്തമായ നിലപാടുകൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കേന്ദ്ര സർക്കാർ പ്രസിദ്ധീകരിച്ച ബ്ലൂ ഇക്കോണമി കരട് നയം, കേന്ദ്ര സർക്കാരിൽനിന്നും പൊതു വിതരണ ശൃംഖലവഴി ലഭ്യമാകുന്ന സബ്സിഡിരഹിത മണ്ണെണ്ണ വെട്ടിക്കുറച്ചത് എന്നിവ മത്സ്യത്തൊഴിലാളികളെ പ്രതികൂലമായി ബാധിക്കുന്ന വിഷയങ്ങളാണ്. ബ്ലൂ ഇക്കോണമി കരട് നയത്തിൽ സംസ്ഥാന മത്സ്യബന്ധന മേഖലയെ ബാധിക്കുന്ന വിഷയങ്ങളിൽ സംസ്ഥാനത്തിന്റെ ആശങ്കകളും അഭിപ്രായവും 20-09-2021 തീയതിയിലെ കത്തുപ്രകാരം കേന്ദ്ര സർക്കാരിനെ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അറിയിച്ചിട്ടുണ്ട്. രാജ്യത്ത് നടപ്പാക്കുന്ന നീല സമ്പദ് വ്യവസ്ഥയെക്കുറിച്ചുള്ള കരട് നയ ചട്ടക്കൂടിൽ പരാമർശിച്ചിട്ടുള്ള വിവിധ ശിപാർശകൾ പരിഗണിക്കുമ്പോൾ തീരപ്രദേശങ്ങളിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഏക ഉപജീവന മാർഗ്ഗമായ കടലും മത്സ്യബന്ധന വിഭവങ്ങളും അവയിന്മേലുള്ള അവകാശങ്ങളും സംരക്ഷിക്കുന്നുവെന്ന് അന്തിമ നയ ചട്ടക്കൂടിൽ ഉറപ്പാക്കേണ്ടത് അത്യാവശ്യമാണ്. ആയതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കേന്ദ്ര സർക്കാരിൽനിന്നും പൊതുവിതരണ ശൃംഖലവഴി ലഭ്യമാകുന്ന സബ്സിഡി രഹിത മണ്ണെണ്ണ വർദ്ധിച്ച അളവിൽ ലഭ്യമാക്കി, മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തിവരികയാണ്.

മത്സ്യത്തൊഴിലാളികളെ ദോഷകരമായി ബാധിക്കുന്ന എല്ലാ വിഷയങ്ങളിലും സർക്കാർ ഇടപെടുന്നതാണ്.

## സാഫ്-ന്റെ പ്രവർത്തനം

340 (1115) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ സമഗ്ര വികസനത്തിനും ശാക്തീകരണത്തിനുമായി സംഘടിപ്പിക്കപ്പെട്ട സാഫ്-ന്റെ പ്രവർത്തനം വ്യക്തമാക്കുമോ;

(ബി) മത്സ്യത്തൊഴിലാളി വനിതകൾക്ക് സ്ഥിരം തൊഴിൽ ലഭ്യമാക്കാൻ എന്തൊക്കെ പദ്ധതികളാണ് ഇതുവഴി സംഘടിപ്പിക്കപ്പെട്ടിട്ടുള്ളതെന്ന് അറിയിക്കുമോ?

(എ & ബി) വിശദാംശം അനുബന്ധം* ആയി ചേർക്കുന്നു.

## മത്സ്യത്തൊഴിലാളികൾക്കായി നടപ്പിലാക്കുന്ന പദ്ധതികൾ

341 (1116) <u>ശ്രീ. വി. ശശി</u>:
<u>ശ്രീ. ജി. എസ്. ജയലാൽ</u>:
<u>ശ്രീ. വാഴൂർ സോമൻ</u>:

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

<u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യ വിപണന മേഖലയിൽ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കുന്നതിനും മത്സ്യത്തിന് മെച്ചപ്പെട്ട വില ഉറപ്പാക്കുന്നതിനും നടപ്പാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

മത്സ്യലേലംവഴി മത്സ്യസഹകരണ സംഘങ്ങൾ ശേഖരിക്കുന്ന മത്സ്യം മത്സ്യഫെഡ് നേരിട്ട് മത്സ്യസംഭരണ കേന്ദ്രങ്ങളിൽ സംഭരിച്ച് ഫിഷ് മാർട്ടുകൾവഴി വിപണനം ചെയ്തുവരുന്നു. നിലവിൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിലുള്ള 36 സംഘങ്ങൾ മത്സ്യഫെഡിന് മത്സ്യം നൽകിവരുന്നുണ്ട്. കൂടുതൽ സംഘങ്ങളെ ലേലത്തിൽ പങ്കെടുപ്പിച്ച് മത്സ്യം സംഭരിക്കുന്നതിനുവേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. ഇതിലൂടെ കൂടുതൽ സംഘങ്ങൾ മത്സ്യം നേരിട്ട് ശേഖരിക്കുന്നതിൽ പങ്കാളിയാകുന്നതിനാൽ ഇടനിലക്കാരുടെ ചൂഷണം ഒരു പരിധിവരെ

ഒഴിവാക്കുന്നതിനും മത്സ്യമേഖലയിലെ സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനും കഴിയും.

(ബി) മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിനായി ആധുനിക സൗകര്യങ്ങളോടുകൂടിയ മത്സ്യ മാർക്കറ്റ് സ്ഥാപിക്കുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. കേരള സംസ്ഥാന തീരദേശ കോർപ്പറേഷൻ മുഖേന കിഫ്ബി ധനസഹായത്തോടെ 51 മത്സ്യമാർക്കറ്റുകൾ ആധുനികവത്കരിക്കുന്നതിനുള്ള അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത മത്സ്യമാർക്കറ്റുകളുടെ സ്ഥല സൗകര്യം, ദിവസേന ഇറക്കുമതി ചെയ്യുന്ന മത്സ്യത്തിന്റെ അളവ് എന്നിവ അനുസരിച്ച് മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിനായി ചിൽ റൂം സംവിധാനവും ക്രമീകരിച്ചിട്ടുണ്ട്.

(സി) സമുദ്രോല്പന്നങ്ങളിൽനിന്ന് മൂല്യവർദ്ധിത വസ്തുക്കൾ ഉല്പാദിപ്പിച്ച് വിപണിയിലെത്തിക്കുന്നതിനും മത്സ്യത്തൊഴിലാളികൾക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പാക്കുന്നതിനും മത്സ്യഫെഡിന്റെ നേതൃത്വത്തിൽ എന്തെല്ലാം പദ്ധതികളാണ് നടത്തിവരുന്നതെന്ന് വിശദീകരിക്കുമോ?

എറണാകുളം ജില്ലയിൽ കൊച്ചങ്ങാടിയിൽ പ്രവർത്തിക്കുന്ന മത്സ്യഫെഡ് ഐസ് & ഫ്രീസിംഗ് പ്ലാന്റിലാണ് (എം.ഐ.എഫ്.പി) മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിലവിൽ ഉൽപ്പാദിപ്പിക്കുന്നത്. ഇവിടെ നിന്നും മത്സ്യം ശീതീകരിച്ച് കയറ്റുമതിയും ചെയ്യുന്നുണ്ട്. പ്ലാന്റിലെ വനിതാ ജീവനക്കാർ വിവിധതരം അച്ചാറുകൾ (ചെമ്മീൻ, ചൂര, ഓലക്കൊടി, കണവ), പീര എന്നീ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നു. കൂടാതെ ഇവിടെനിന്നും റെഡി റ്റു ഈറ്റ് & റെഡി റ്റു കുക്ക് വിഭവങ്ങൾ മത്സ്യഫെഡ് ഈറ്റ്സ് & മത്സ്യഫെഡ് ട്രീറ്റ്സ് എന്ന പേരിൽ ചെമ്മീൻ ചമ്മന്തിപ്പൊടി, ചെമ്മീൻ റോസ്റ്റ്, രണ്ടുതരം ഫിഷ് കറിക്കൂട്ടുകൾ, ഫിഷ് ഫ്രൈ മസാല എന്നിവയും ഫിഷ് മാർട്ടുകൾ വഴി വിപണനം ചെയ്തുവരുന്നു. ടി സംസ്കരണ ശാലയിൽനിന്നും എം.പി.ഐ/കെപ്കോ ഡീലർമാർവഴിയും മത്സ്യത്തിന്റെ വിപണനം നടത്തുന്നുണ്ട്. എം.ഐ.എഫ്.പി വഴി കൂടുതൽ ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നതിനായി നിലവിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തി പ്ലാന്റ് ആധുനീകരിക്കുവാനുള്ള പദ്ധതിയും സ്വീകരിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിലെ കൈറ്റോസോൺ പ്ലാന്റിൽ ചെമ്മീൻതോടിൽനിന്നും കൈറ്റോൺ ഗുളികകളും ഉല്പാദിപ്പിക്കുന്നുണ്ട്. ആലപ്പുഴയിൽ ചെങ്ങന്നൂർ മുളക്കുഴയിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദന യൂണിറ്റ് CIFT-

ന്റെയും CTCRI-യുടെയും സാങ്കേതിക സഹായത്തോടെ തുടങ്ങുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. പ്രധാൻമന്ത്രി മത്സ്യസമ്പദാ യോജന-യിൽ കൂടുതൽ മൂല്യവർദ്ധിത മത്സ്യോല്പന്ന യൂണിറ്റുകൾ ആരംഭിക്കുന്നതിന് പദ്ധതി തയ്യാറാക്കിവരുന്നു.

(ഡി) തുറമുഖങ്ങളിൽനിന്നും മത്സ്യംവാങ്ങി വിപണനം ചെയ്യുന്ന മത്സ്യത്തൊഴിലാളി സ്ത്രീകളുടെ യാത്രാസൗകര്യത്തിനുവേണ്ടി നടപ്പാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

വനിതാ മത്സ്യ വിപണന തൊഴിലാളികൾക്ക് സൗജന്യ യാത്ര ഒരുക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.-യുമായി ചേർന്ന് 2021-22 മുതൽ 'സമുദ്ര' പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി തിരുവനന്തപുരത്തെ ഹാർബറുകൾ, ലാന്റിംഗ് സെന്ററുകൾ എന്നിവിടങ്ങളിൽ നിന്നും മാർക്കറ്റുകളിലേയ്ക്കും തിരിച്ചും സൗജന്യമായി യാത്ര ചെയ്യുന്നതിന് 3 കെ.എസ്.ആർ.ടി.സി. ബസുകൾ പ്രവർത്തിച്ചുവരുന്നു.

## പൊന്നാനിയിൽ ഫിഷറീസ് കോംപ്ലക്സ് നിർമ്മാണം

342 (1117) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലപ്പുറം ജില്ലയിലെ പ്രധാന മത്സ്യമേഖലയായ പൊന്നാനിയിൽ പ്രവർത്തിക്കുന്ന ഡി. ഡി. ഓഫീസ്, മത്സ്യഫെഡ് എന്നിവയുടെയും മറ്റ് ഓഫീസുകളുടെയും സുഗമമായ ഏകോപിപ്പിച്ച പ്രവർത്തനത്തിന് ഫിഷറീസ് കോംപ്ലക്സ് നിർമ്മിക്കാനുള്ള തീരുമാനമായിട്ടുണ്ടോ; ഉടനെ പുതിയ കോംപ്ലക്സിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുമോ?

നിലവിൽ തീരുമാനമായിട്ടില്ല. എന്നാൽ മലപ്പുറം ജില്ലയിലെ പൊന്നാനിയിൽ പ്രവർത്തിക്കുന്ന ഡി.ഡി.ഓഫീസ്, മത്സ്യഫെഡ് എന്നിവയുടെ സുഗമമായ ഏകോപിപ്പിച്ച പ്രവർത്തനത്തിന് ഫിഷറീസ് കോംപ്ലക്സുകൾ നിർമ്മിക്കുന്നതിന് പൊന്നാനി ഹാർബറിനടുത്ത് ഫിഷറീസ് വകുപ്പിന്റെ കീഴിൽ സ്ഥലം ലഭ്യമാണോ എന്ന് പരിശോധിച്ചുവരുന്നു.

**ആലുങ്ങൽ ഫിഷ് ലാന്റിംഗ് സെന്റർ**

343 (1118) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ പരപ്പനങ്ങാടി ആലുങ്ങൽ ഫിഷ് ലാന്റിംഗ് സെന്ററിന്റെ നിർമ്മാണ പുരോഗതിയുടെ വിശദവിവരം ലഭ്യമാക്കുമോ?

തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ പരപ്പനങ്ങാടി ആലുങ്ങൽ ഫിഷ് ലാന്റിംഗ് സെന്ററിൽ നിലവിൽ നിർമ്മാണ പ്രവർത്തനങ്ങളൊന്നും നടത്തുന്നില്ല.

**കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ പദ്ധതികൾ**

344 (1119) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ നിയന്ത്രണത്തിൽ മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് കൂടുതൽ തൊഴിലവസരം

നൽകുക, ഉപഭോക്താക്കൾക്ക് ഗുണനിലവാരമുള്ള മൂല്യവർദ്ധിത മത്സ്യോല്പന്നങ്ങൾ ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങളോടെ നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ?

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ നിയന്ത്രണത്തിൽ മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് തൊഴിലവസരവും ഉപഭോക്താക്കൾക്ക് ഗുണനിലവാരമുള്ള മൂല്യവർദ്ധിത മത്സ്യോല്പന്നങ്ങൾ ലഭ്യമാക്കുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടെ കൊല്ലം ശക്തികുളങ്ങരയിൽ ഒരു പ്രോസസ്സിംഗ് പ്ലാന്റ് പ്രവർത്തിച്ചുവരുന്നു. ഗുണനിലവാരം ഉറപ്പാക്കിക്കൊണ്ട് പ്രസ്തുത പ്ലാന്റിൽനിന്നും സൗരോർജ്ജ ഡ്രയറിൽ ഉണക്കിയെടുത്ത മൂല്യവർദ്ധിത മത്സ്യോല്പന്നങ്ങൾ "ഡ്രിഷ് കേരള" എന്ന ബ്രാന്റിൽ വിപണിയിലെത്തിച്ചുവരുന്നു. പ്രത്യേകം പരിശീലനം ലഭിച്ച വനിതകൾ മുഖേനയാണ് ഉല്പന്ന നിർമ്മാണം നടത്തിവരുന്നത്. കൂടാതെ സംസ്ഥാനത്ത് കൊല്ലം ജില്ലയിലെ മത്സ്യമാർക്കറ്റ് കേന്ദ്രീകരിച്ച് മത്സ്യത്തിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ വിതരണം ചെയ്യുന്നതിനായി പൈലറ്റ് വ്യവസ്ഥയിൽ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. പ്രസ്തുത പദ്ധതിയിലൂടെ 'മിമി' എന്ന പേരിൽ മൂല്യവർദ്ധിത മത്സ്യോല്പന്നങ്ങൾ ഉപഭോക്താക്കളിൽ എത്തിച്ചുവരുന്നു. ICAR-CIFT പ്രത്യേകം പരിശീലനം

നേടിയ മത്സ്യത്തൊഴിലാളി വനിതകൾ മുഖേനയാണ് മൂല്യവർദ്ധിത മത്സ്യോല്പന്നങ്ങൾ ഉല്പാദിപ്പിച്ചുവരുന്നത്.

**ശുചിത്വസാഗരം സുന്ദരതീരം പദ്ധതി**

345 (1120) ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഫിഷറീസ് വകുപ്പ് നടപ്പാക്കുന്ന ശുചിത്വസാഗരം സുന്ദരതീരം പദ്ധതി എത്ര ഘട്ടമായാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ?

ശുചിത്വ സാഗരം സുന്ദരതീരം പദ്ധതി 3 ഘട്ടങ്ങളായാണ് നടപ്പാക്കുന്നത്. സാധ്യമായ എല്ലാ മാർഗ്ഗങ്ങളുമുപയോഗിച്ചുള്ള ബോധവത്കരണമാണ് ഒന്നാംഘട്ടം. ഒരു ദിവസം നീണ്ടുനിൽക്കുന്ന പ്ലാസ്റ്റിക് മാലിന്യ ശേഖരണവും അതിന്റെ പുനരുപയോഗവുമാണ് രണ്ടാം ഘട്ടം. ഹാർബറുകൾ കേന്ദ്രീകരിച്ച് കടലിൽ നിന്നുള്ള പ്ലാസ്റ്റിക് മാലിന്യ ശേഖരണവും പുനരുപയോഗവും തുടർ ക്യാമ്പയിനുമാണ് മൂന്നാംഘട്ടം.

(ബി) ഓരോ ഘട്ടത്തിലും എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പാക്കുന്നതെന്ന് വിശദമാക്കുമോ?

മത്സ്യത്തൊഴിലാളികൾ, ട്രേഡ് യൂണിയനുകൾ, ബോട്ടുടമ സംഘടനകൾ, സാമുദായിക സംഘടനകൾ, സന്നദ്ധ സംഘടനകൾ, അച്ചടി, ദൃശ്യ ശ്രവ്യ മാധ്യമങ്ങൾ, സോഷ്യൽ മീഡിയ, സിനിമ, സാംസ്കാരിക പ്രവർത്തകർ, പരിസ്ഥിതി സംഘടനകൾ, രാഷ്ട്രീയ കക്ഷികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ എന്നിവയിലൂടെയും സെമിനാറുകൾ, ബിറ്റ് നോട്ടീസുകൾ, ബ്രോഷറുകൾ, നാടൻ കലാരൂപങ്ങൾ എന്നിവയിലൂടെയും ആവശ്യമായ പ്രചാരണവും ബോധവൽക്കരണവും സംഘടിപ്പിക്കുന്നതാണ് ഒന്നാംഘട്ടം.

രണ്ടാംഘട്ടത്തിൽ 590 കിലോമീറ്റർ നീളത്തിൽ വ്യാപിച്ചുകിടക്കുന്ന കേരളത്തിന്റെ കടൽത്തീരം പ്ലാസ്റ്റിക് മുക്തമാക്കുന്നതിന് സെപ്റ്റംബർ 18-ന് പ്ലാസ്റ്റിക് നിർമ്മാർജ്ജന യജ്ഞം സംഘടിപ്പിക്കും. ഓരോ കിലോമീറ്ററിലും ഈ പ്രവർത്തനങ്ങൾ നടത്തുന്നതിന് 25 സന്നദ്ധ പ്രവർത്തകർവീതം ഉൾപ്പെടുന്ന 600 ആക്ഷൻ ഗ്രൂപ്പുകളെ സജ്ജമാക്കും. ഓരോ ആക്ഷൻ ഗ്രൂപ്പുകളും ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ തരംതിരിച്ച് അതാത്

ആക്ഷൻ കേന്ദ്രങ്ങളിൽ സംഭരിക്കും. ഇങ്ങനെ സംഭരിക്കുന്ന പ്ലാസ്റ്റിക് മാലിന്യ ശേഖരം ക്ലീൻ കേരള മിഷൻ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ചുമതലയിൽ ഷ്രെഡിംഗ് യൂണിറ്റുകളിലേയ്ക്ക് മാറ്റി ശാസ്ത്രീയമായി സംസ്കരിക്കും.

2018 വർഷം മുതൽ നീണ്ടകര ഹാർബർ കേന്ദ്രീകരിച്ച് ട്രോൾ ബോട്ട് ഉടമകളുടെയും തൊഴിലാളികളുടെയും സഹകരണത്തോടെ 'ശുചിത്വ സാഗരം' എന്ന പദ്ധതി വിജയകരമായി നടപ്പാക്കിവരുന്നു. കടലിന്റെ അടിത്തട്ടിൽ അടിഞ്ഞുകൂടിയിട്ടുള്ള പ്ലാസ്റ്റിക് മാലിന്യങ്ങൾ ട്രോൾ വലകളിൽ കുടുങ്ങി ബോട്ടുകളിലേയ്ക്ക് എത്തിപ്പെടാറുണ്ട്. അങ്ങനെ എത്തിപ്പെടുന്ന പ്ലാസ്റ്റിക് തിരികെ കടലിലേയ്ക്ക് വലിച്ചെറിയാതെ പ്രത്യേകം നൽകുന്ന ബാഗുകളിലാക്കി കരയിലെത്തിക്കുകയും ഹാർബറിൽവെച്ച് പദ്ധതി പ്രവർത്തകർ അത് ഏറ്റുവാങ്ങി ക്ലീൻ ചെയ്ത് റീസൈക്ലിംഗിന് വിധേയമാക്കി ഉപയോഗപ്പെടുത്തുകയും ചെയ്യുന്നതാണ് ശുചിത്വ സാഗരം പദ്ധതി. ലോക ശ്രദ്ധ പിടിച്ചുപറ്റിയ ഈ പദ്ധതി സംസ്ഥാനത്തെ പൂർണ്ണ തോതിൽ പ്രവർത്തിക്കുന്ന മറ്റ് ഹാർബറുകളിലേയ്ക്കുകൂടി വ്യാപിപ്പിക്കുന്നതാണ് മൂന്നാംഘട്ട പ്രവർത്തനം. ഇതുകൂടാതെ കടലും തീരവും പ്ലാസ്റ്റിക്

മുക്തമാക്കുന്നതിനായി പ്രാദേശിക സർക്കാരുകളുടെ സഹകരണത്തോടെ തുടർ ബോധവൽക്കരണം നടപ്പാക്കുകയും പ്ലാസ്റ്റിക്കിന്റെ പുനരുപയോഗം പ്രോത്സാഹിപ്പിക്കുന്ന തരത്തിൽ തുടർ പ്രവർത്തനങ്ങൾ ആവിഷ്കരിക്കുകയും ചെയ്യും.

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് സന്നദ്ധ പ്രവർത്തകരുടെ സേവനം ആവശ്യമായിട്ടുണ്ടോ; എങ്കിൽ എത്ര സന്നദ്ധ പ്രവർത്തകരുടെ സേവനം ആവശ്യമായിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ?

സന്നദ്ധപ്രവർത്തകരുടെ സേവനം അനിവാര്യമാണ്. 590 കിലോ മീറ്റർ നീളത്തിൽ വ്യാപിച്ചുകിടക്കുന്ന കേരളത്തിന്റെ കടൽത്തീരം പ്ലാസ്റ്റിക് മുക്തമാക്കുന്നതിന് ഓരോ കിലോമീറ്ററിലും 25 സന്നദ്ധ പ്രവർത്തകർ വീതം ഉൾപ്പെടുന്ന 600 ആക്ഷൻ ഗ്രൂപ്പുകളെ സജ്ജമാക്കുന്നുണ്ട്. 600 ആക്ഷൻ ഗ്രൂപ്പുകളിലുമായി ആകെ 15,000 സന്നദ്ധപ്രവർത്തകരെങ്കിലും ആവശ്യമായി വരും.

## കണ്ണപുരം, പഴയങ്ങാടി മത്സ്യ മാർക്കറ്റ് നവീകരണം

346 (1121) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 04-09-2021-ൽ കിഫ്ബിയിൽനിന്നും ധനകാര്യ അനുമതി ലഭിച്ച തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പാക്കുന്ന കണ്ണപുരം, പഴയങ്ങാടി മത്സ്യ മാർക്കറ്റ് എന്നീ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പുതുക്കി കിഫ്ബിയുടെ അംഗീകാരം ലഭ്യമായിട്ടുണ്ടോ; പ്രവൃത്തി എപ്പോൾ തുടങ്ങാൻ കഴിയും; വിശദാംശം ലഭ്യമാക്കുമോ?

കണ്ണപുരം, പഴയങ്ങാടി എന്നീ മത്സ്യ മാർക്കറ്റുകളുടെ നവീകരണ പ്രവൃത്തികളുടെ പുതുക്കിയ എസ്റ്റിമേറ്റിന് കിഫ്ബിയുടെ അംഗീകാരം ലഭ്യമായിട്ടുണ്ട്. ഭരണാനുമതിയിൽ കിഫ്ബിയും തദ്ദേശസ്വയംഭരണ സ്ഥാപനവും തമ്മിൽ ലോൺ തിരിച്ചടവ് സംബന്ധിച്ച ധാരണയിൽ ഏർപ്പെടേണ്ടതുണ്ടെന്ന് കിഫ്ബി നിഷ്കർഷിച്ചിട്ടുണ്ട്. അതിൻപ്രകാരം പഴയങ്ങാടി മാർക്കറ്റ് നിർമ്മാണത്തിനായി ഏഴോം ഗ്രാമപഞ്ചായത്ത് തിരിച്ചടവ് അനുമതി ലഭ്യമാക്കിയിട്ടുണ്ട്. ആകയാൽ നിലവിലെ മാർക്കറ്റ്

ഡിമോളിഷ് ചെയ്യുന്നതിനുള്ള അനുമതി, വാല്യുവേഷൻ എന്നിവ ലഭ്യമാക്കി ഈ വർഷം പ്രവൃത്തി ആരംഭിക്കാൻ കഴിയുന്നതാണ്. കണ്ണപുരം മാർക്കറ്റിനായി പഞ്ചായത്തിൽനിന്നും തിരിച്ചടവ് സംബന്ധിച്ചുള്ള അനുമതി ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി കൈക്കൊള്ളുന്നതാണ്.

(ബി) മത്സ്യ മാർക്കറ്റുകൾ നവീകരിക്കുന്നതിന് കിഫ്ബി മുഖേന ലഭിക്കുന്ന തുക പഞ്ചായത്തുകൾ തിരിച്ചടയ്ക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ; ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ?

ആവശ്യപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച് കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിന്റെ നടപടിക്കുറിപ്പ് അനുബന്ധമായി* ചേർക്കുന്നു.

## തീരദേശ വികസനം

347 (1122) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തീരദേശ വികസനത്തിന് പ്രത്യേക പരിഗണന നൽകുന്നതിനുള്ള നടപടികൾ ആലോചിച്ചിട്ടുണ്ടോ; ഹാർബർ, മാർക്കറ്റ് നവീകരണം

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എന്നിവയ്ക്ക് ഊന്നൽ നല്കിക്കൊണ്ടുള്ള വികസന പ്രവർത്തനം സ്വീകരിക്കുമോ?

ഉണ്ട്. തീരദേശ വികസനത്തിന് പ്രത്യേക പരിഗണന നൽകിക്കൊണ്ട് മത്സ്യബന്ധന തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും മത്സ്യമാർക്കറ്റുകൾ ആധുനികവത്കരിക്കുന്നതിനും പദ്ധതികൾ നടപ്പാക്കിവരുന്നു.

**ഫോർമാലിൻ ചേർത്ത മത്സ്യവിതരണം**

348 (1123) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാപകമായി ഫോർമാലിൻ ചേർത്ത മത്സ്യം വിതരണം ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. സംസ്ഥാനത്ത് വില്പനയ്ക്കെത്തുന്ന മത്സ്യങ്ങളിൽ വ്യാപകമായി മായം ചേർക്കുന്നതായുള്ള വാർത്തകളുടെയും പൊതുജനങ്ങളിൽനിന്നും ലഭ്യമായ പരാതികളുടെയും അടിസ്ഥാനത്തിൽ മത്സ്യങ്ങളിലെ മായം കണ്ടെത്തുന്നതിനായി 'ഓപ്പറേഷൻ മത്സ്യ' എന്ന ഒരു പദ്ധതിക്ക് രൂപം

നൽകുകയും 2022 ഏപ്രിൽ 18-ന് രാത്രി മുതൽ സംസ്ഥാന വ്യാപകമായി അന്യസംസ്ഥാനങ്ങളിൽനിന്നും ചെക്ക് പോസ്റ്റുകൾവഴി സംസ്ഥാനത്തേയ്ക്ക് എത്തുന്നതുൾപ്പെടെയുള്ള മത്സ്യം പരിശോധിക്കുന്നതിന് ഭക്ഷ്യസുരക്ഷ വകുപ്പിന്റെ നേതൃത്വത്തിൽ ഫിഷറീസ് വകുപ്പ് ശക്തമായ ക്രമീകരണങ്ങൾ ഒരുക്കിയിരുന്നു. ഇതിന്റെ ഭാഗമായി 22-06-2022 വരെ 5549 പരിശോധനകൾ നടത്തി 2797 സർവെയ്‌ലൻസ് സാമ്പിളുകൾ ശേഖരിക്കുകയും 131 വ്യക്തികൾ/സ്ഥാപനങ്ങൾക്കെതിരെ നോട്ടീസ് നൽകിയിട്ടുമുണ്ട്. 17283 കിലോഗ്രാം കേടായ മത്സ്യം പിടികൂടി നശിപ്പിച്ചിട്ടുണ്ട്.

(ബി) ഫോർമാലിൻ കലർന്ന മത്സ്യം നിരോധിക്കാനും വിതരണം ചെയ്യുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കാനും വകുപ്പുതലത്തിൽ എന്തെല്ലാം നടപടിയുണ്ടാകുമെന്ന് അറിയിക്കുമോ?

ഭക്ഷ്യസുരക്ഷാ വകുപ്പും ഫിഷറീസ് വകുപ്പും ചേർന്ന് സംയുക്തമായി രൂപീകരിച്ച ടാസ്ക് ഫോഴ്സ് ജില്ലകൾതോറും പരിശോധന നടത്തുന്നുണ്ട്. ഫോർമാലിൻ കലർന്ന മത്സ്യം/ഭക്ഷ്യ യോഗ്യമല്ലാത്ത മത്സ്യം കണ്ടെത്തുകയാണെങ്കിൽ അവ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം 2006 സെക്ഷൻ 38(4) പ്രകാരം ഭക്ഷ്യസുരക്ഷാ ഓഫീസർക്ക്

നശിപ്പിക്കാവുന്നതാണ്. ഇതുകൂടാതെ ലബോറട്ടറി പരിശോധനയുടെ അടിസ്ഥാനത്തിൽ കുറ്റക്കാർക്കെതിരെ പ്രോസിക്യൂഷൻ/ അഡ്ജ്യൂഡിക്കേഷൻ നടപടിയും സ്വീകരിച്ചുവരുന്നു. കൂടാതെ കേരള മത്സ്യസംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും ആക്ട് 2021 പ്രകാരം മത്സ്യത്തിന്റെ ഗുണനിലവാരം നിശ്ചയിക്കുന്നതിനും ആയത് ഉറപ്പാക്കുന്നതിനുമുള്ള പരിശോധനകളും കുറ്റക്കാർക്കെതിരെ നിയമ നടപടി സ്വീകരിക്കുന്നതിനുമുള്ള നിയമം പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ആയത് ഫലപ്രദമായി നടപ്പാക്കുന്നതിനുള്ള ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

## തീരക്കടലിലെ മത്സ്യബന്ധനം

349 (1124) <u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തീരക്കടലിൽ അശാസ്ത്രീയവും നിയമവിരുദ്ധവുമായ രീതിയിൽ മത്സ്യബന്ധനം നടത്തുന്നത് തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

സംസ്ഥാനത്തിന്റെ അധികാര പരിധിയിൽവരുന്ന തീരത്തുനിന്നും 12 നോട്ടിക്കൽ മൈൽ വരെയുള്ള തീരക്കടലിൽ അന്യസംസ്ഥാന ബോട്ടുകളുടെ മത്സ്യബന്ധനം കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ നിയമംമൂലം നിരോധിച്ചിട്ടുണ്ട്. ഫിഷറീസ് വകുപ്പും മറൈൻ എൻഫോഴ്സ്മെന്റും കടലിൽ പട്രോളിംഗ് നടത്തി, നിയമ ലംഘനം നടത്തുന്നതും അശാസ്ത്രീയ മത്സ്യബന്ധനം നടത്തുന്നതുമായ യാനങ്ങളെ കണ്ടുകെട്ടി ഉയർന്ന പിഴ ചുമത്തുന്നതടക്കമുള്ള ശിക്ഷാ നടപടി സ്വീകരിച്ചുവരുന്നു. ഇതിനായി 9 തീരദേശ ജില്ലകളിലായി 9 ഫിഷറീസ് സ്റ്റേഷനുകൾ പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനത്തെ പ്രധാന ഹാർബറുകളിൽ സി.സി.ടി.വി. ക്യാമറ നിരീക്ഷണം ഏർപ്പെടുത്തിവരുന്നു. കടൽ പട്രോളിംഗ് ശക്തിപ്പെടുത്തുകയും ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്. കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ നിയമപ്രകാരം കൊല്ലംകോട് മുതൽ പറവൂർ പൊഴിക്കരവരെ തീരത്തുനിന്ന് 30 മീറ്റർ ആഴം വരെയും പറവൂർ പൊഴിക്കര മുതൽ ബങ്കാരമഞ്ചേശ്വരം വരെ തീരത്തുനിന്നും 20 മീറ്റർ ആഴം വരെയും യന്ത്രവത്കൃത മത്സ്യബന്ധന ബോട്ടുകൾക്ക് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത 30 മീറ്റർ ആഴത്തിനും 20 മീറ്റർ ആഴത്തിനും അകത്തു മത്സ്യബന്ധനം നടത്തുന്നതിന് പരമ്പരാഗത മത്സ്യബന്ധന

യാനങ്ങൾക്ക് മാത്രമാണ് അനുമതി നൽകിയിട്ടുള്ളത്. കടൽ മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനും പരിപാലനത്തിനുമുതകുന്ന തരത്തിൽ KMFR Act-ഉം Rule കാലോചിതമായി പരിഷ്കരിക്കുകയും കാര്യക്ഷമമായി നടപ്പാക്കുകയും ചെയ്തുവരുന്നു. വിവിധ മത്സ്യവർഗ്ഗങ്ങളുടെ സ്വാഭാവിക ആവാസ വ്യവസ്ഥകൾ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനായി ട്രോൾ നെറ്റുകളുടെ കോഡ് എന്റിൽ സ്ക്വയർ മെഷ് നിർബ്ബന്ധമാക്കി. പ്രധാനപ്പെട്ട എല്ലാ വലകളുടെയും ആകെ വലിപ്പവും കുറഞ്ഞ കണ്ണി വലിപ്പവും നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. തീരക്കടലിലെ മത്സ്യബന്ധന സമ്മർദ്ദം കുറയ്ക്കുന്നതിനായി 20 മീറ്ററിന് മുകളിൽ നീളവും 250 എച്ച്.പി.യ്ക്ക് മുകളിൽ ഇന്ധന ക്ഷമതയുള്ളതുമായ യാനങ്ങൾക്ക് തീരക്കടലിൽ (12 നോട്ടിക്കൽ മൈൽ വരെ) മത്സ്യബന്ധന ലൈസൻസ് നൽകുന്നില്ല. നശീകരണ മത്സ്യബന്ധന രീതികളായ പേഴ്സ്സീൻ, പെലാജിക് ട്രോൾ, മിഡ് വാട്ടർ ട്രോൾ, പെയർ ട്രോൾ എന്നിവ നിരോധിച്ചു. നിയമ ലംഘനങ്ങൾക്ക് വർദ്ധിച്ച പിഴ ഏർപ്പെടുത്തി. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ബോട്ട് നിർമ്മാണ യാർഡുകൾക്കും മത്സ്യബന്ധന വല നിർമ്മാണ സ്ഥാപനങ്ങൾക്കും രജിസ്ട്രേഷൻ ഏർപ്പെടുത്തി. ചെറുമത്സ്യങ്ങളെ പിടിച്ച്

വളം നിർമ്മാണത്തിനും മത്സ്യതീറ്റ നിർമ്മാണത്തിനും മറ്റും ഉപയോഗിക്കുന്നത് മത്സ്യസമ്പത്തിന്റെ ശോഷണത്തിന് കാരണമാകുന്നുവെന്ന് മനസ്സിലാക്കി കേരള തീരത്ത് സുലഭമായ 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന വലിപ്പം നിശ്ചയിച്ച് വിജ്ഞാപനമിറക്കുകയും ആയത് നടപ്പാക്കുകയും ചെയ്തുവരുന്നു.

## മത്സ്യബന്ധനയാനങ്ങൾക്കുള്ള സബ്സിഡിരഹിത മണ്ണെണ്ണയുടെ വിലവർദ്ധന

350 (1125) ശ്രീ. വി. ജോയി:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. പി. നന്ദകുമാർ:
ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യബന്ധന യാനങ്ങൾ പരിശോധിച്ച് പെർമിറ്റിന് അർഹതയുള്ളവയെ പരാതി രഹിതമായി നിർണ്ണയിക്കാൻ കഴിഞ്ഞിരുന്നോ; എത്ര എഞ്ചിനുകൾക്കാണ് പെർമിറ്റ് അനുവദിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

02-12-2021-ലെ സ.ഉ.(സാധാ) നം.718/2021/മതുവ പ്രകാരം പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് മണ്ണെണ്ണ പെർമിറ്റ്

അനുവദിക്കുന്നതിനുള്ള ഏകദിന സംയുക്ത പരിശോധനയുടെ മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2022 ഫെബ്രുവരി 27-ന് സംസ്ഥാനത്തൊട്ടാകെ ഫിഷറീസ്, സിവിൽ സപ്ലൈസ് വകുപ്പുകളുടെയും മത്സ്യഫെഡിന്റെയും നേതൃത്വത്തിൽ പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് മണ്ണെണ്ണ പെർമിറ്റ് അനുവദിക്കുന്നതിനുള്ള സംയുക്ത പരിശോധന കുറ്റമറ്റരീതിയിൽ നടത്തുകയും 14332 എഞ്ചിനുകൾ മണ്ണെണ്ണ പെർമിറ്റിന് യോഗ്യമാണെന്ന് കണ്ടെത്തിയിട്ടുമുണ്ട്. പ്രസ്തുത എഞ്ചിനുകൾക്ക് പെർമിറ്റ് അനുവദിച്ചുവരുന്നു.

(ബി) ഇവയ്ക്കെല്ലാം പെർമിറ്റ് പ്രകാരം നൽകാൻ ആകെ എത്ര അളവ് മണ്ണെണ്ണ വേണ്ടിവരും; കേന്ദ്ര സർക്കാർ അനുവദിക്കുന്ന മണ്ണെണ്ണയുടെ അളവെത്രയാണ്; വ്യക്തമാക്കുമോ?

പെർമിറ്റ് പ്രകാരം മത്സ്യഫെഡ് വഴി ഒരു മാസം വിതരണം ചെയ്യുന്ന പരമാവധി മണ്ണെണ്ണയുടെ അളവ് 2195.490 കിലോ ലിറ്റർ ആണ്. പുതിയ പെർമിറ്റ് പ്രകാരം സിവിൽ സപ്ലൈസ് വകുപ്പുവഴി ഒരു മാസം വിതരണം ചെയ്യേണ്ടത് 2041.45 കിലോ ലിറ്റർ ആണ്. ഈ സാമ്പത്തിക വർഷം

കേന്ദ്ര സർക്കാരിൽനിന്നും One month quota ആയി നാളിതുവരെ 2160 KL മണ്ണെണ്ണയാണ് സിവിൽ സപ്ലൈസ് വകുപ്പിന് ലഭിച്ചത്. ഈ സാമ്പത്തിക വർഷം 100776 KL നോൺ സബ്സിഡി മണ്ണെണ്ണ മത്സ്യബന്ധന മേഖലയ്ക്ക് അനുവദിക്കുന്നതിനായി സിവിൽ സപ്ലൈസ് വകുപ്പ് മുഖേന കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നെങ്കിലും 2160KL മണ്ണെണ്ണ മാത്രമാണ് നാളിതുവരെ ലഭ്യമായത്. ടി 2160KL മണ്ണെണ്ണയും മെയ് മാസത്തിൽ സിവിൽ സപ്ലൈസ് വകുപ്പുവഴി മത്സ്യബന്ധന മേഖലയ്ക്ക് അനുവദിച്ചിരുന്നു.

(സി) 2021 ഡിസംബറിൽ സബ്സിഡി രഹിത മണ്ണെണ്ണയ്ക്ക് 90.20 രൂപയായിരുന്നത് ആറുമാസത്തിനിടയിൽ 35 രൂപ വർദ്ധിപ്പിച്ചത് പരമ്പരാഗത മത്സ്യത്തൊഴിലാളികളെ പ്രതിസന്ധിയിലാഴ്ത്തിയിട്ടുണ്ടോ; എങ്കിൽ കേന്ദ്ര സർക്കാരിന്റെ പ്രസ്തുത നടപടി തിരുത്താനായി സമ്മർദ്ദം ചെലുത്തുമോയെന്ന് അറിയിക്കുമോ?

മണ്ണെണ്ണയുടെ വില വർദ്ധന പരമ്പരാഗത മത്സ്യത്തൊഴിലാളികളെ പ്രതിസന്ധിയിലാഴ്ത്തിയിട്ടുണ്ട്. നിലവിൽ പൊതുമാർക്കറ്റിൽ ഒരു ലിറ്റർ മണ്ണെണ്ണയ്ക്ക് 137 രൂപയും സിവിൽ സപ്ലൈസ്വഴി നൽകുന്ന സബ്സിഡി രഹിത മണ്ണെണ്ണയ്ക്ക് 86.69 രൂപയുമാണ്. സബ്സിഡി രഹിത മണ്ണെണ്ണയുടെ

വില കുറയ്ക്കുന്ന കാര്യവും സബ്സിഡി മണ്ണെണ്ണയുടെ അളവ് വർദ്ധിപ്പിക്കുന്ന കാര്യവും കേന്ദ്ര സർക്കാരിനോട് നിരന്തരമായി ആവശ്യപ്പെട്ടുവരികയാണ്.

**ബയോഫ്ലോക്ക് സാങ്കേതിക വിദ്യ**

351 (1126) ശ്രീ. അൻവർ സാദത്ത്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ ബയോഫ്ലോക് സാങ്കേതികവിദ്യ ഉപയോഗിച്ചുകൊണ്ട് മത്സ്യകൃഷി നടത്തുന്നുണ്ടോ; എങ്കിൽ ഏതൊക്കെ മത്സ്യങ്ങളാണ് പ്രധാനമായും കൃഷി ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ ?

സംസ്ഥാനത്ത് നിലവിൽ ബയോഫ്ലോക് സാങ്കേതികവിദ്യ ഉപയോഗിച്ചുകൊണ്ട് മത്സ്യകൃഷി നടത്തുന്നുണ്ട്. 2020-21 സാമ്പത്തിക വർഷം ബയോഫ്ലോക് സാങ്കേതികവിദ്യ ഉപയോഗിച്ചുകൊണ്ട് ഗിഫ്റ്റ് തിലാപ്പിയ കൃഷിയും 2021-22 സാമ്പത്തിക വർഷം ഗിഫ്റ്റ് തിലാപ്പിയ കൃഷിയും വനാമി ചെമ്മീൻ കൃഷിയും നടപ്പാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത സാങ്കേതികവിദ്യ ഉപയോഗിച്ചുകൊണ്ട് വിപണി മൂല്യമുള്ള മത്സ്യങ്ങൾ വീട്ടുമുറ്റത്തുതന്നെ കൃഷി ചെയ്യുന്നതിന് സംസ്ഥാന വ്യാപകമായി ഒരു കർമ്മ പദ്ധതി ആവിഷ്ക്കരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

ബയോഫ്ലോക് സാങ്കേതികവിദ്യ ഉപയോഗിച്ച് സംസ്ഥാന വ്യാപകമായി ജനകീയ മത്സ്യകൃഷി, പി.എം.എം.എസ്.വൈ. പദ്ധതികളിൽ ഉൾപ്പെടുത്തി ഗിഫ്റ്റ് തിലാപ്പിയ, വനാമി ചെമ്മീൻ എന്നീ മത്സ്യങ്ങളാണ് കൃഷി ചെയ്തുവരുന്നത്. ഇതിൽ വനാമി ചെമ്മീൻ നല്ല വിപണി മൂല്യമുള്ളതാണ്. ഇതിനായി 2021-22 വർഷത്തിൽ പി.എം.എം.എസ്.വൈ., ജനകീയ മത്സ്യകൃഷി പദ്ധതികൾപ്രകാരം 2250 പുതിയ ബയോഫ്ലോക് യൂണിറ്റുകൾ സ്ഥാപിച്ചു. 2022-23 വർഷത്തിൽ 2630 ബയോഫ്ലോക് യൂണിറ്റുകളിൽ മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചുവരുന്നു. ഈ കൃഷിക്ക് പരിമിത സ്ഥലസൗകര്യം മാത്രം ആവശ്യമുള്ളതിനാൽ വീട്ടുവളപ്പിലും ചെയ്യാവുന്നതാണ്.

## മത്സ്യ കൃഷി

352 (1127) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഫിഷറീസ് വകുപ്പിന് കീഴിൽ എത്ര മത്സ്യഭവനുകളാണ് പ്രവർത്തിക്കുന്നത്; വിശദാംശം നൽകുമോ?

ഇടുക്കി ജില്ലയിൽ ഫിഷറീസ് വകുപ്പിന് കീഴിൽ ഇടുക്കി, നെടുങ്കണ്ടം എന്നീ രണ്ട് മത്സ്യഭവനുകൾ പ്രവർത്തിക്കുന്നു.

(ബി) മത്സ്യഭവനുകൾ മത്സ്യകർഷകർക്ക് നൽകിവരുന്ന സഹായങ്ങൾ എന്തൊക്കെയാണ്; വിശദാംശം നൽകുമോ?

മത്സ്യഭവനുകളിൽനിന്ന് മത്സ്യ കർഷകർക്ക് സുഭിക്ഷ കേരളം ജനകീയ മത്സ്യകൃഷി പദ്ധതി, പ്രധാനമന്ത്രി മത്സ്യ സമ്പദ് യോജന, മത്സ്യകൃഷിക്കായി ത്രിതല പഞ്ചായത്തുവഴി നടപ്പാക്കുന്ന പദ്ധതികൾ എന്നിവയ്ക്കുള്ള ധനസഹായങ്ങളും സാങ്കേതിക സഹായങ്ങളും പരിശീലനവും നൽകിവരുന്നു. ഇതിനുപുറമേ മത്സ്യകൃഷിക്കുള്ള രജിസ്ട്രേഷനും

ലൈസൻസും നൽകുന്നതോടൊപ്പം, മത്സ്യവിത്ത് ഫാം/ഹാച്ചറി/അലങ്കാര മത്സ്യ ഷോപ്പ് എന്നിവയ്ക്കുള്ള രജിസ്ട്രേഷനും ലൈസൻസുകളും മത്സ്യഭവൻ വഴി നൽകിവരുന്നു.

## മത്സ്യസമ്പത്തിന്റെ ശോഷണം പരിഹരിക്കാൻ നടപടി

353 (1128) ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള തീരത്ത് സുലഭമായി ലഭിച്ചിരുന്ന പതിനഞ്ച് ഇനം മത്സ്യങ്ങൾ സംസ്ഥാനത്തെ തീരക്കടലിൽനിന്നും ഇല്ലാതായെന്ന് ഫിഷറീസ് സർവ്വകലാശാലയും സമുദ്ര ഗവേഷണ സ്ഥാപനങ്ങളും നടത്തിയ പഠനത്തിൽ കണ്ടെത്തിയത് ഗൗരവമായി പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

പഠന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) അശാസ്ത്രീയമായ മീൻപിടുത്തമാണ് കേരള തീരത്തെ മത്സ്യസമ്പത്തിൽ ശോഷണമുണ്ടാകാൻ കാരണമെന്ന കണ്ടെത്തലിൽ എന്തൊക്കെ തിരുത്തൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

അശാസ്ത്രീയ മത്സ്യബന്ധനം, വർദ്ധിച്ച മത്സ്യബന്ധന സമ്മർദ്ദം, ചെറുമത്സ്യങ്ങളെ പിടിക്കൽ, ജലമലിനീകരണം, കണ്ടൽക്കാടുകളുടെ തിരോധാനം, കാലാവസ്ഥാ വ്യതിയാനം, ആഗോളതാപനം തുടങ്ങിയ നിരവധി കാരണങ്ങളാൽ മത്സ്യസമ്പത്തിന് മുൻകാലങ്ങളെ അപേക്ഷിച്ച് ശോഷണം സംഭവിക്കുന്നുവെന്ന് കേന്ദ്രസർക്കാർ സ്ഥാപനമായ CMFRI-യുടെ പഠനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

കടൽ മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനും പരിപാലനത്തിനും ഉതകുന്ന തരത്തിൽ KMFR Act-ഉം Rule-ഉം കാലോചിതമായി പരിഷ്കരിക്കുകയും കാര്യക്ഷമമായി നടപ്പാക്കുകയും ചെയ്തുവരുന്നു. വിവിധ മത്സ്യ വർഗ്ഗങ്ങളുടെ സ്വാഭാവിക ആവാസ വ്യവസ്ഥകൾ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനായി ട്രോൾ നെറ്റുകളുടെ കോഡ് എന്റിൽ സ്ക്വയർ മെഷ് നിർബ്ബന്ധമാക്കി. പ്രധാനപ്പെട്ട എല്ലാ വലകളുടെയും ആകെ വലിപ്പം നിയന്ത്രിക്കുകയും കുറഞ്ഞ

കണ്ണി വലിപ്പം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. തീരക്കടലിലെ മത്സ്യബന്ധന സമ്മർദ്ദം കുറയ്ക്കുന്നതിനായി 20 മീറ്ററിന് മുകളിൽ നീളവും 250 എച്ച്.പി.യ്ക്ക് മുകളിൽ ഇന്ധന ക്ഷമതയുള്ളതുമായ യാനങ്ങൾക്ക് തീരക്കടലിൽ (12 നോട്ടിക്കൽ മൈൽ വരെ) മത്സ്യബന്ധന ലൈസൻസ് നിരോധിച്ചു. ചെറുമത്സ്യങ്ങളെ പിടിച്ച് വളം നിർമ്മാണത്തിനും മത്സ്യതീറ്റ നിർമ്മാണത്തിനും മറ്റും ഉപയോഗിക്കുന്നത് മത്സ്യസമ്പത്തിന്റെ ശോഷണത്തിന് കാരണമാകുന്നുവെന്ന് മനസ്സിലാക്കി കേരള തീരത്ത് സുലഭമായ 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന വലിപ്പം നിശ്ചയിച്ച് വിജ്ഞാപനമിറക്കുകയും ആയത് നടപ്പാക്കുകയും ചെയ്തുവരുന്നു. കൂടാതെ ട്രോൾബാൻ 47 ദിവസത്തിൽനിന്നും 52 ദിവസമായി വർദ്ധിപ്പിച്ചു. കടലിൽ കൃത്രിമ ആവാസ വ്യവസ്ഥയായ കൃത്രിമ പാര് നിക്ഷേപിക്കുന്ന പദ്ധതി പ്രാവർത്തികമാക്കി.

(സി) ആവാസ വ്യവസ്ഥയിലെ വ്യതിയാനങ്ങൾമൂലം മത്സ്യങ്ങളായ ചൂര, ചാള തുടങ്ങിയവ കർണാടക തീരത്തേയ്ക്ക് മാറുകയും കേരള തീരത്തോട് ചേർന്നുള്ള പ്രദേശങ്ങളിൽ വിവിധയിനം ചെമ്മീനുകൾ, നെയ്മീൻ, വാള തുടങ്ങിയവ വംശനാശ ഭീഷണി നേരിടുകയും ചെയ്യുന്ന

സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ; വിശദാംശം നൽകുമോ?

ഇങ്ങനെ ഒരു വ്യതിയാനം സംഭവിച്ചതായി CMFRI നടത്തിയ പഠനത്തിൽ കണ്ടെത്തിയിട്ടില്ല.

## കല്ലാനോട് ഫിഷ് ഹാച്ചറി

354 (1129) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ലാനോട് ഫിഷ് ഹാച്ചറിയുടെ രണ്ടാംഘട്ട വികസന പദ്ധതിയുടെ മാസ്റ്റർ പ്ലാൻ സർക്കാരിന്റെ പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇറിഗേഷൻ വകുപ്പ് വിട്ടുനൽകിയിട്ടുള്ള രണ്ടേക്കർ സ്ഥലത്ത് ഹാച്ചറിയുടെ വിപുലീകരണത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം അറിയിക്കുമോ?

(എ&ബി) കല്ലാനോട് ഹാച്ചറിയുടെ രണ്ടാംഘട്ട വികസനവുമായി ബന്ധപ്പെട്ട് ബ്രീഡിംഗ് ടാങ്കുകൾ നിർമ്മിക്കുന്നതിനായി ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ള 2 ഹെക്ടർ സ്ഥലം ഉപയോഗിക്കുന്നതിനുള്ള താൽക്കാലിക പെർമിസീവ് സാങ്ഷൻ ലഭിച്ചതനുസരിച്ച് തിലാപ്പിയ ഹാച്ചറി സ്ഥാപിക്കുന്നതിനായുള്ള 1880 ലക്ഷം രൂപയുടെ പദ്ധതി നബാർഡ് ധനസഹായം പ്രയോജനപ്പെടുത്തി നടപ്പാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. ഹാച്ചറി കെട്ടിടം, കനാലിനും ബണ്ടിനുമുള്ള പാർശ്വ സംരക്ഷണം, സെമി നാച്ചുറൽ പോണ്ട്, വെർട്ടിക്കൽ പോണ്ട്, ബണ്ട്, ഇന്റേണൽ റോഡ്, ഡ്രെയിൻ, ജനറേറ്റർ ഷെഡ്, ഇ.റ്റി.പി ഷെഡ്, റീ സർക്കുലേഷൻ ഷെഡ്, എയ്റേഷൻ, ഇലക്ട്രിഫിക്കേഷൻ തുടങ്ങിയ പ്രവൃത്തികൾ പദ്ധതിയിലുൾപ്പെടുന്നു.

## മത്സ്യകൃഷി പ്രോത്സാഹന പദ്ധതികൾ

355 (1130) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യ കൃഷിയിലേയ്ക്ക് കടന്നുവരുന്ന യുവസംരംഭകർക്കും വ്യക്തിഗത കൃഷി ആരംഭിക്കുന്നവർക്കും പ്രോത്സാഹനം നൽകുന്നതിനായി വകുപ്പ് ആവിഷ്കരിച്ച പദ്ധതികൾ ഏതൊക്കെയാണ്; പദ്ധതിയുടെ വിശദാംശം നൽകുമോ?

വിശദാംശം അനുബന്ധം 1* ആയി ചേർക്കുന്നു.

(ബി) ചെറുകിട മത്സ്യകൃഷിക്ക് പ്രോത്സാഹനം നൽകുന്നതിന് സബ്സിഡി ഉൾപ്പെടെ വകുപ്പ് എന്തൊക്കെ സഹായങ്ങൾ നൽകുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

മത്സ്യകൃഷിയുടെ ഗുണഭോക്താക്കളായ കർഷകർ ഓരോ കൃഷിരീതിക്കനുസൃതമായി പുതിയതായി സ്ഥാപിക്കുന്ന യൂണിറ്റുകൾക്ക്, യൂണിറ്റ് തുകയുടെ 40% ധനസഹായം നൽകുന്നു. കൂടാതെ മുൻ വർഷങ്ങളിൽ സ്ഥാപിച്ച യൂണിറ്റുകൾക്ക് ഓപ്പറേഷണൽ കോസ്റ്റിന്റെ 20%-വും ധനസഹായമായി നൽകുന്നു. 2021-22 സാമ്പത്തിക വർഷത്തിലെ സുഭിക്ഷ കേരളം ജനകീയ മത്സ്യകൃഷി പദ്ധതിയിലൂടെ മത്സ്യകർഷകർക്ക് നൽകിയ സാമ്പത്തിക സഹായത്തിന്റെ വിശദാംശം അനുബന്ധം-2* ആയി ചേർക്കുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) മത്സ്യകൃഷിയുടെ സാങ്കേതിക-ശാസ്ത്രീയ വശങ്ങൾ യുവസംരംഭകർക്ക് പരിചയപ്പെടുത്താൻ വകുപ്പ് പരിശീലന പദ്ധതി നടപ്പാക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

മത്സ്യകൃഷിയുടെ സാങ്കേതിക ശാസ്ത്രീയവശങ്ങൾ യുവസംരംഭകർക്ക് പരിചയപ്പെടുത്തുന്നതിനായി മറ്റ് കൃഷി രീതികളോടൊപ്പം മത്സ്യകൃഷിയും ആരംഭിക്കുന്നതിന് ആവശ്യമായ സാങ്കേതിക പരിജ്ഞാനവും പരിശീലനവും നൽകിവരുന്നുണ്ട്. ഇതിനായി Central Institute of Fisheries Education (CIFE), Kerala University of Fisheries and Ocean Science (KUFOS) എന്നീ സ്ഥാപനങ്ങളിലെ വിദഗ്ധർ, ഫിഷറീസ് വകുപ്പിലെ ടെക്നിക്കൽ ഉദ്യോഗസ്ഥർ എന്നിവരുടെ സഹായത്തോടെ ആവശ്യമായ സാങ്കേതിക പരിജ്ഞാനവും പരിശീലനവും നൽകിവരുന്നു.

**മത്സ്യബന്ധന തുറമുഖ നിർമ്മാണം**

356 (1131) <u>ശ്രീ. കെ. ആൻസലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര പൊഴിയൂർ തീരദേശത്ത് മത്സ്യബന്ധന തുറമുഖ നിർമ്മാണത്തിനായി എന്തൊക്കെ നടപടിക്രമങ്ങൾ ഇതുവരെ പൂർത്തീകരിച്ചെന്ന് വിശദമാക്കുമോ;

(ബി) എത്ര കോടി രൂപയുടെ ഡി.പി.ആർ. ആണ് പൂർത്തീകരിച്ചതെന്ന് വിശദമാക്കുമോ?

(എ&ബി) തിരുവനന്തപുരം ജില്ലയിലെ പൊഴിയൂർ മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണത്തിനാവശ്യമായ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ മാതൃകാപഠനം പൂർത്തീകരിക്കുകയും ടെക്നിക്കൽ കമ്മിറ്റി മാതൃകാപഠന റിപ്പോർട്ട് പരിശോധിച്ച് മത്സ്യബന്ധന തുറമുഖത്തിന്റെ ലേഔട്ട് അന്തിമമാക്കിയിട്ടുമുണ്ട്. ഈ അലൈൻമെന്റിൽ സോയിൽ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കിയിട്ടുണ്ട്. പദ്ധതിയുടെ പരിസ്ഥിതി ആഘാതപഠനം പുരോഗമിച്ചുവരുന്നു. CRZ status report NCESS മുഖേന ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പൊഴിയൂർ ഫിഷിംഗ് ഹാർബർ നിർമ്മാണ പ്രവർത്തനങ്ങൾക്കായി തയ്യാറാക്കിയ 320 കോടി രൂപയുടെ വിശദമായ പദ്ധതിരൂപരേഖ PMMSY പദ്ധതിയിലുൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

## അരൂരിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ പദ്ധതികൾ

357 (1132) <u>ശ്രീമതി ദെലീമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് വഴി അരൂർ മണ്ഡലത്തിൽ കഴിഞ്ഞ രണ്ടു വർഷക്കാലം നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ?

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുവഴി അരൂർ മണ്ഡലത്തിൽ കഴിഞ്ഞ രണ്ടു വർഷക്കാലം നടപ്പാക്കിയ പ്രവൃത്തികളുടെ വിശദാംശം അനുബന്ധം 1* ആയി ചേർക്കുന്നു.

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഭരണാനുമതി ലഭിച്ചിട്ടും പൂർത്തീകരിക്കാത്ത പ്രവൃത്തികളുണ്ടോ; എങ്കിൽ ഏതെല്ലാമെന്ന് വിശദമാക്കുമോ?

പൂർത്തീകരിക്കാത്ത പ്രവൃത്തികൾ സംബന്ധിച്ച വിശദാംശം അനുബന്ധം 2* ആയി ചേർക്കുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കാസർഗോഡ് മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് ഏറ്റെടുത്ത റോഡുകൾ

358 (1133) ശ്രീ എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016, 2016-2021 എന്നീ കാലയളവിൽ കാസർഗോഡ് മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് ഏറ്റെടുത്ത റോഡുകൾ ഏതെല്ലാമെന്നും ഈ റോഡുകൾക്ക് അനുവദിച്ച തുക എത്രയാണെന്നും ഏതെല്ലാം ഫണ്ടിൽ നിന്നാണ് തുക അനുവദിച്ചതെന്നും വ്യക്തമാക്കുമോ;

(ബി) ഈ റോഡുകൾക്ക് അനുവദിച്ച തുകയും ടെണ്ടർ ചെയ്ത തുകയും റോഡുകൾ തിരിച്ച് വ്യക്തമാക്കുമോ?

വിശദാംശം അനുബന്ധം 1* ആയി ചേർക്കുന്നു.

(സി) ഭരണാനുമതി ലഭിച്ചിട്ടും നിർമ്മാണം തുടങ്ങാൻ കഴിയാത്ത റോഡുകളുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ?

വിശദാംശം അനുബന്ധം 2+ ആയി ചേർക്കുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) നിർമ്മാണം പാതിവഴിലായ റോഡുകളുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

വിശദാംശം അനുബന്ധം 3+ ആയി ചേർക്കുന്നു.

(ഇ) ഭരണാനുമതി ലഭിച്ചിട്ടും പ്രവൃത്തി ആരംഭിക്കാത്ത റോഡുകളുണ്ടോയെന്നും പ്രസ്തുത റോഡുകൾക്ക് ഭരണാനുമതി ലഭിച്ചത് എപ്പോഴാണെന്നും വ്യക്തമാക്കുമോ?

വിശദാംശം അനുബന്ധം 2-ലെ അതേ റോഡുകൾ തന്നെയാണ്.

**അജാനൂർ മത്സ്യബന്ധന തുറമുഖം**

359 (1134) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അജാനൂർ മത്സ്യബന്ധന തുറമുഖം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) മത്സ്യബന്ധന തുറമുഖം സ്ഥാപിക്കാനുള്ള കാലതാമസം ഒഴിവാക്കി നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

(എ & ബി) കാസർഗോഡ് ജില്ലയിലെ അജാനൂർ മത്സ്യബന്ധന തുറമുഖ നിർമ്മാണ പ്രവർത്തനങ്ങൾക്കായി CWPRS Pune-ൽനിന്നും ലഭ്യമായ മാതൃകാപഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ 101.33 കോടി രൂപയുടെ വിശദമായ പദ്ധതി രൂപരേഖ PMMSY Scheme-ൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചതിനെ തുടർന്ന് 27-03-2022-ന് നടന്ന PMMSY പദ്ധതികളുടെ ടെക്നിക്കൽ സാങ്ഷൻ കമ്മിറ്റിയിൽ ടി പദ്ധതി രൂപരേഖ പരിഗണിച്ചിരുന്നു. ഭാവി വികസനംകൂടി കണക്കിലെടുത്ത് ഹാർബർ ബേസിന്റെ വ്യാപ്തി കൂട്ടുന്നത് സംബന്ധിച്ച് പരിശോധിക്കുവാനും ചിത്താരിപുഴയുടെ പൊഴി ഭാഗത്തു നിർമ്മിക്കുവാൻ ഉദ്ദേശിച്ചിരുന്ന റിവർ ട്രെയിനിംഗ് പ്രവൃത്തികളുടെ അലൈൻമെന്റ് പരിശോധിക്കുവാനും സോയിൽ ഇൻവെസ്റ്റിഗേഷൻ നടത്തുവാനും കമ്മിറ്റി നിർദ്ദേശിച്ചു. അതനുസരിച്ച് പുതുക്കിയ ലേ-ഔട്ട് പരിശോധനയ്ക്കായി CWPRS-ന് നൽകിയിരിക്കുകയാണ്.

**തീരദേശ റോഡുകളുടെ നിലവാരമുയർത്തൽ പദ്ധതി**

360 (1135) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ തീരദേശ റോഡുകളുടെ നിലവാരമുയർത്തൽ പദ്ധതിയിൽ ഏതൊക്കെ റോഡുകൾക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളതെന്നും ലഭിക്കാനുള്ളതെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നതും സംബന്ധിച്ചുള്ള വിശദവിവരം ലഭ്യമാക്കുമോ?

ആലപ്പുഴ മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ തീരദേശ റോഡുകളുടെ നിലവാരം ഉയർത്തൽ പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി നൽകിയ റോഡുകളുടെ വിശദാംശം അനുബന്ധം (എ)* ആയും, ഭരണാനുമതി നൽകാൻ പരിഗണിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയ റോഡുകളുടെ വിവരം അനുബന്ധം (ബി)* ആയും ചേർക്കുന്നു.

(ബി) പ്രസ്തുത മണ്ഡലത്തിൽ ഏതൊക്കെ റോഡുകളാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് വകുപ്പിന്റെ പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കുമോ?

ആലപ്പുഴ മണ്ഡലത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് പരിഗണനയിലുള്ള റോഡുകളുടെ വിശദാംശം അനുബന്ധം (സി)* ആയി ചേർക്കുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## തീരദേശ റോഡുകളുടെ നിലവാരം ഉയർത്തൽ

361 (1136) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ റോഡുകളുടെ നിലവാരം ഉയർത്തൽ പദ്ധതിയിലുൾപ്പെടുത്തി ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ ഏതൊക്കെ റോഡുകൾക്കാണ് ഭരണാനുമതി ലഭ്യമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

തീരദേശ റോഡുകളുടെ നിലവാരം ഉയർത്തൽ പദ്ധതിയിലുൾപ്പെടുത്തി ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ ഭരണാനുമതി നൽകിയ റോഡുകളുടെ ലിസ്റ്റ് അനുബന്ധം (എ)* ആയി ചേർക്കുന്നു.

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി മണ്ഡലത്തിൽ നിന്ന് എത്ര പ്രൊപ്പോസലുകളാണ് ലഭിച്ചിട്ടുള്ളതെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

ഈ സർക്കാർ അധികാരമേറ്റതിനുശേഷം തീരദേശ റോഡുകളുടെ നിലവാരം ഉയർത്തൽ പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിന്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചീഫ് എഞ്ചിനീയർ മുഖേന ചങ്ങനാശ്ശേരി മണ്ഡലത്തിലെ മറ്റു റോഡുകളുടെ നിർദ്ദേശങ്ങളൊന്നും സർക്കാരിൽ ലഭിച്ചിട്ടില്ല.

**കലാകാരൻമാരുടെ ക്ഷേമനിധി പദ്ധതി**

362 (1137) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കലാകാരൻമാരുടെ ക്ഷേമനിധി പദ്ധതിയിൽ നിലവിൽ എത്ര പേരാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്; ഇവർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭ്യമാക്കുന്നത്?

കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽ നിലവിൽ 8515 അംഗങ്ങളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. പെൻഷൻ, ഫാമിലിപെൻഷൻ, അവശതാപെൻഷൻ, വിവാഹാനുകൂല്യം, മരണാനന്തര സഹായം, ചികിത്സാ സഹായം എന്നീ ധനസഹായങ്ങളാണ് ടി ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ളവർക്ക് നിലവിൽ നൽകിവരുന്ന ആനുകൂല്യങ്ങൾ. കൂടാതെ കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽ 2020 ഫെബ്രുവരിവരെ അംഗത്വത്തിന്

അപേക്ഷ നൽകിയ കലാകാരന്മാരിൽ കോവിഡ് ധനസഹായത്തിന് അപേക്ഷ നൽകിയവർക്ക് 2000/- രൂപ വീതം ധനസഹായം അനുവദിച്ചിട്ടുണ്ട്. കൂടാതെ ഏപ്രിൽ 2021 വരെ അംഗത്വത്തിന് അപേക്ഷ നൽകിയ കലാകാരന്മാർക്ക് അപേക്ഷിച്ച മുറയ്ക്ക് 1000/- രൂപ വീതവും കോവിഡ് ധനസഹായമായി നൽകിയിട്ടുണ്ട്.

**കലാകാരൻമാർക്കുള്ള പെൻഷൻ**

363 (1138) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കലാകാരന്മാർക്കുള്ള പെൻഷൻ പദ്ധതിപ്രകാരം പെൻഷൻ ലഭിക്കുന്നതിനായി, വാദ്യകലാകാരനും മുകുന്ദപുരം താലൂക്ക് തൊറവ് വില്ലേജിലെ തെക്കേതൊറവ് ദേശം നിവാസിയുമായ ആളോത്ത് വീട്ടിൽ ശ്രീ. സിദ്ധാർത്ഥൻ സമർപ്പിച്ച അപേക്ഷയിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷ പരിഗണിച്ച് അർഹമായ പെൻഷൻ അനുവദിച്ചുനൽകുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ & ബി) അപേക്ഷ ലഭിച്ചിട്ടുണ്ട്. നിലവിലുള്ള നിബന്ധനകൾ പ്രകാരം ടിയാന് 60 വയസ്സ് പൂർത്തിയാകുന്ന മുറയ്ക്കേ ക്ഷേമപെൻഷൻ അനുവദിക്കാൻ നിർവാഹമുള്ളൂ.

**മാക്ട ഫെഡറേഷനെ ഒഴിവാക്കിയ നടപടി**

364 (1139) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാക്ട ഫെഡറേഷൻ കേരളത്തിലെ സിനിമ മേഖലയിൽ പ്രവർത്തിക്കുന്ന ഒരു അംഗീകൃത സംഘടനയാണോ; വിശദാംശം നൽകുമോ?

ചലച്ചിത്ര മേഖലയിൽ പ്രവർത്തിക്കുന്ന സംഘടനകൾക്ക് സാംസ്കാരിക വകുപ്പ് പ്രത്യേകമായി അംഗീകാരം നൽകുന്നില്ല.

(ബി) ജസ്റ്റിസ് ഹേമ കമ്മിറ്റി റിപ്പോർട്ട് സംബന്ധിച്ച് സിനിമാ മേഖലയിൽ ഉള്ളവരുമായി നടത്തിയ ചർച്ചയിൽനിന്നും മാക്ട ഫെഡറേഷനെ ഒഴിവാക്കിയതിന്റെ കാരണം വ്യക്തമാക്കുമോ?

യോഗത്തിന് പ്രത്യേകിച്ച് ഒരു സംഘടനയെ ഒഴിവാക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടില്ല.

**നെയ്യാറ്റിൻകരയിൽ തിയേറ്റർ**

365 (1140) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ നഗരസഭ പ്രദേശത്തു നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന തിയേറ്ററിന് ഭരണാനുമതി ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

നെയ്യാറ്റിൻകര മണ്ഡലത്തിൽ, നഗരസഭ പ്രദേശത്ത് കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന തിയേറ്ററിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് കിറ്റ്കോ മുഖാന്തരം തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ തിയേറ്റർ നിർമ്മാണ പദ്ധതികൾക്കായി കിഫ്ബി അനുവദിച്ച 100 കോടി രൂപയുടെ പദ്ധതികൾ ഇതിനകംതന്നെ ഏറ്റെടുത്ത് നടപ്പാക്കിവരുന്ന സാഹചര്യത്തിൽ കിഫ്ബിയിൽനിന്നും വീണ്ടും ഫണ്ട് അനുവദിച്ചാൽ മാത്രമേ നെയ്യാറ്റിൻകര മണ്ഡലത്തിലെ തിയേറ്റർ നിർമ്മാണ പദ്ധതിക്ക്

ഭരണാനുമതി ലഭ്യമാകുന്നതുൾപ്പെടെയുള്ള തുടർനടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

(ബി) പ്രസ്തുത പദ്ധതിക്കായി എത്ര കോടി രൂപയുടെ ഡി.പി.ആർ. ആണ് തയ്യാറാക്കിയതെന്ന് വ്യക്തമാക്കുമോ?

16.37 കോടി രൂപയുടെ എസ്റ്റിമേറ്റാണ് ഡി.പി.ആറിലുള്ളത്.

**ഒറ്റപ്പാലം മണ്ഡലത്തിലെ സാംസ്കാരിക വകുപ്പിന്റെ പ്രവർത്തനങ്ങൾ**

366 (1141) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിൽ 2016-2021 കാലഘട്ടത്തിൽ സാംസ്കാരിക വകുപ്പിന്റെ ഏതെല്ലാം പ്രവർത്തനങ്ങൾക്കാണ് ഫണ്ട് അനുവദിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും അവ നടപ്പാക്കപ്പെട്ട സ്ഥലവും വ്യക്തമാക്കുമോ;

(സി) അനുവദിക്കപ്പെട്ട പ്രവൃത്തികളിൽ ഇനിയും പൂർത്തീകരിക്കാത്തവ ഉണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

(എ-സി) സാംസ്കാരിക പ്രവർത്തനങ്ങൾക്ക് നിയോജകമണ്ഡലാ അടിസ്ഥാനത്തിൽ ഫണ്ട് അനുവദിക്കുന്ന കീഴ്വഴക്കമില്ല. കേരളത്തിലെ കലാസാംസ്കാരിക പാരമ്പര്യത്തെ സംരക്ഷിക്കുക, യുവ കലാകാരന്മാരെ പ്രോത്സാഹിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ വിവിധ കലാരൂപങ്ങളിൽ കലാപരിശീലനം നൽകുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൂടി സഹായത്തോടെ സാംസ്കാരിക വകുപ്പ് വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതി നടപ്പാക്കിവരുന്നു. പ്രസ്തുത പദ്ധതിയിൻ കീഴിൽ 40-ൽ അധികം കലാരൂപങ്ങളിലായി സൗജന്യ, സാമൂഹ്യ കലാപരിശീലനം നൽകിവരുന്നു. കലാകാരന്മാരുടെ ക്ലാസ്സുകളുടെ അടിസ്ഥാനത്തിൽ സാംസ്കാരിക വകുപ്പിൽനിന്ന് പ്രതിമാസം 10,000/- രൂപാ വീതവും അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് 7500/- രൂപാ വീതവും ഫെല്ലോഷിപ്പ് നൽകിവരുന്നു.

ഒറ്റപ്പാലം മണ്ഡലത്തിന് കീഴിലുള്ള ഒറ്റപ്പാലം ബ്ലോക്ക്, ഒറ്റപ്പാലം മുനിസിപ്പാലിറ്റി എന്നീ ക്ലസ്റ്ററുകളിലായി 15 കലാകാരന്മാർ 2018 മുതൽ 2021 വരെ പ്രസ്തുത പദ്ധതിയിൻ കീഴിൽ പ്രവർത്തിച്ചിരുന്നു. 31-12-2021-ന് കാലാവധി അവസാനിച്ച കലാകാരന്മാർക്കുപകരം പുതിയ 15

കലാകാരന്മാരെ 2022 ഫെബ്രുവരിയിൽ പ്രസ്തുത ക്ലസ്റ്ററുകളിൽ വിന്യസിക്കുകയും അവർ നിലവിൽ പദ്ധതിയിൽ പ്രവർത്തിച്ചുവരികയും ചെയ്യുന്നു.

സാംസ്കാരിക വകുപ്പിന്റെ കിള്ളിക്കുറിശ്ശി മംഗലം, കുഞ്ചൻനമ്പ്യാർ സ്മാരകം ഒറ്റപ്പാലം നിയോജകമണ്ഡലത്തിലാണ് സ്ഥിതി ചെയ്യുന്നത്. ഈ സ്മാരകത്തിന് 2016 മുതൽ 2021 വരെയുള്ള കാലയളവിൽ അനുവദിച്ച ഫണ്ട് വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സാമ്പത്തിക വർഷം | തുക |
|---|---|---|
| 1 | 2017-18 | 9,50,000 |
| 2 | 2018-19 | 13,95,000 |

**ജസ്റ്റിസ് ഹേമ കമ്മിറ്റി റിപ്പോർട്ടിന്മേൽ നടപടി**

367 (1142) <u>ശ്രീ. ടി. സിദ്ദിഖ്</u>:
<u>ശ്രീമതി. ഉമ തോമസ്</u>:
<u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>:
<u>ശ്രീ. സജീവ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിനിമാ മേഖലയിലെ സ്ത്രീകളുടെ പ്രശ്നങ്ങൾ പഠിച്ച ജസ്റ്റിസ് ഹേമ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ച് രണ്ടുവർഷം പിന്നിട്ടിട്ടും അതിന്മേൽ യാതൊരു നടപടിയും സ്വീകരിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ?

ജസ്റ്റിസ് ഹേമ സമിതി 31-12-2019-ന് സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ആയതിൻമേൽ കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി, കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ, സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് തുടങ്ങിയ സ്ഥാപനങ്ങളുടെ അഭിപ്രായം ആരാഞ്ഞ് പരിശോധിച്ചുവരികയാണ്. ഈ വിഷയത്തിലുള്ള തുടർനടപടികൾ ആലോചിക്കുന്നതിനായി മുഖ്യമന്ത്രിയുടെ നിർദ്ദേശാനുസരണം 13-07-2021-ന് സാംസ്കാരിക വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ടവരുടെ യോഗം ചേർന്നിരുന്നു. ഇതുപ്രകാരം സിനിമാ മേഖലയിൽ പ്രവർത്തിക്കുന്ന സ്ത്രീകൾ നേരിടുന്ന ചൂഷണം അവസാനിപ്പിക്കുന്നതിനും അവരുടെ സുരക്ഷ ഉറപ്പാക്കുന്നതിനും സർക്കാർ ഫലപ്രദമായ കർമ്മ പരിപാടികൾ ആലോചിച്ചുവരികയാണ്. കൂടാതെ ഹേമ സമിതി റിപ്പോർട്ടിലെ ശിപാർശകൾ ചർച്ച ചെയ്യുന്നതിനായി സിനിമാ മേഖലയിലെ വിവിധ സംഘടനകളുമായി സാംസ്കാരിക വകുപ്പ് മന്ത്രി,

നിയമവകുപ്പ് സെക്രട്ടറി, വനിതാ കമ്മീഷൻ അദ്ധ്യക്ഷ എന്നിവരുടെ സാന്നിദ്ധ്യത്തിൽ 04-05-2022-ന് യോഗം ചേർന്ന് ശിപാർശകൾ നടപ്പാക്കുന്നത് സംബന്ധിച്ച് ചർച്ച നടത്തി തുടർനടപടി സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തുമോയെന്ന് അറിയിക്കുമോ; റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നുവെന്ന് വ്യക്തമാക്കുമോ?

റിപ്പോർട്ട് രഹസ്യമായി സൂക്ഷിക്കണമെന്ന് ഹേമ കമ്മിറ്റി സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. ഇതുകൂടാതെ ടി റിപ്പോർട്ട് പൊതുരേഖയായി പ്രസിദ്ധീകരിക്കേണ്ടതില്ലെന്ന് സംസ്ഥാന വിവരാവകാശ കമ്മീഷൻ വ്യക്തമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിലാണ് റിപ്പോർട്ട് പുറത്തുവിടാതിരിക്കുന്നത്.

(സി) കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ നിയമ നിർമ്മാണം നടത്താത്തതിന്റെ കാരണം വിശദമാക്കുമോ;

(ഡി) സിനിമാ മേഖലയിലെ സ്ത്രീകൾ നേരിടുന്ന അതിക്രമങ്ങൾ സംബന്ധിച്ച് കൂടുതൽ സംഭവങ്ങൾ പുറത്തുവരുന്ന സാഹചര്യത്തിൽ പ്രസ്തുത മേഖലയിലെ ചൂഷണങ്ങൾ അവസാനിപ്പിക്കുന്നതിനായി

റിപ്പോർട്ടിലെ ശിപാർശകൾ അടിയന്തരമായി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(സി & ഡി) കമ്മിറ്റിയുടെ നിർദ്ദേശങ്ങളിൻമേൽ സിനിമാ മേഖലയിലെ സംഘടനകളുമായി ചർച്ച നടത്തിയിട്ടുണ്ട്. നിയമനിർമ്മാണം നടത്തുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. കരട് തയ്യാറാക്കിയിട്ടുണ്ട്. സിനിമാ മേഖലയിൽ പ്രവർത്തിക്കുന്ന സ്ത്രീകൾ നേരിടുന്ന ചൂഷണം അവസാനിപ്പിക്കുന്നതിനും അവരുടെ സുരക്ഷ ഉറപ്പാക്കുന്നതിനും സർക്കാർ ഫലപ്രദമായ കൂടുതൽ കർമ്മപരിപാടികൾ ആലോചിച്ചുവരികയാണ്.

**ലെനിൻ രാജേന്ദ്രൻ സാംസ്കാരിക കേന്ദ്രവും തീയറ്റർ കോംപ്ലക്സും**

368 (1143) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ലെനിൻ രാജേന്ദ്രന്റെ ജന്മനാടായ ഊരൂട്ടമ്പലത്ത് ഭൂമി വാങ്ങി സാംസ്കാരിക കേന്ദ്രവും തീയറ്റർ കോംപ്ലക്സും നിർമ്മിക്കുന്നതിനുള്ള നടപടികൾ എന്തായെന്ന് വിശദമാക്കുമോ; ഭൂമി വാങ്ങുന്നതിനായുള്ള നിലവിലെ നടപടികളും തുടർനടപടികളും എന്താണെന്നും വിശദമാക്കുമോ?

ലെനിൻ രാജേന്ദ്രന്റെ നാമധേയത്തിൽ അദ്ദേഹത്തിന്റെ ജന്മനാടായ ഊരുട്ടമ്പലത്ത് സാംസ്കാരിക കേന്ദ്രവും തീയേറ്റർ കോംപ്ലക്സും നിർമ്മിക്കുന്നതിനായി നിലവിൽ ഒരു സ്വകാര്യ വ്യക്തിയുടെ കൈവശമുള്ള 92 സെന്റ് സ്ഥലം അനുയോജ്യമാണെന്ന് വിലയിരുത്തിയിട്ടുണ്ട്. ഈ സ്ഥലം സംബന്ധിച്ച വിശദാംശം ലഭ്യമാക്കാൻ പദ്ധതി നടത്തിപ്പിന്റെ ചുമതലയുള്ള എം.ഡി, കെ.എസ്.എഫ്.ഡി.സി, മലയിൻകീഴ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോടാവശ്യപ്പെട്ടിട്ടുണ്ട്. ഇവ ലഭ്യമായശേഷം തുടർ നടപടിയിലേയ്ക്ക് കടക്കുന്നതാണ്.

**വട്ടിയൂർക്കാവ് മണ്ഡലത്തിലെ പദ്ധതികൾ**

369 (1144) <u>ശ്രീ. വി. കെ. പ്രശാന്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വട്ടിയൂർക്കാവ് മണ്ഡലത്തിൽ സാംസ്കാരിക വകുപ്പ് നേരിട്ടും വകുപ്പിന് കീഴിലെ വിവിധ സ്ഥാപനങ്ങൾ മുഖാന്തരവും നടപ്പാക്കിവരുന്ന പദ്ധതികൾ സംബന്ധിച്ച തൽസ്ഥിതി റിപ്പോർട്ട് ഉൾപ്പെടെയുള്ള വിശദാംശം ലഭ്യമാക്കുമോ ?

സാംസ്കാരിക പ്രവർത്തനങ്ങൾക്ക് നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഫണ്ട് അനുവദിക്കുന്ന കീഴ്വഴക്കമില്ല. കേരളത്തിലെ കലാസാംസ്കാരിക പാരമ്പര്യത്തെ സംരക്ഷിക്കുക, യുവ കലാകാരന്മാരെ പ്രോത്സാഹിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ വിവിധ കലാരൂപങ്ങളിൽ കലാപരിശീലനം നൽകുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെകൂടി സഹായത്തോടെ സാംസ്കാരിക വകുപ്പ് വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതി നടപ്പാക്കിവരുന്നു. പ്രസ്തുത പദ്ധതിയിൻകീഴിൽ 40-ൽ അധികം കലാരൂപങ്ങളിലായി സൗജന്യ, സാമൂഹ്യ കലാപരിശീലനം നൽകിവരുന്നു. ഫെല്ലോഷിപ്പ് കലാകാരന്മാരുടെ ക്ലാസ്സുകളുടെ അടിസ്ഥാനത്തിൽ സാംസ്കാരിക വകുപ്പിൽനിന്ന് പ്രതിമാസം 10,000/- രൂപാ വീതവും അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് 7500/- രൂപാ വീതവും ഫെല്ലോഷിപ്പ് നൽകിവരുന്നു.

വട്ടിയൂർക്കാവ് മണ്ഡലത്തിലെ കാച്ചാണി, വലിയവിള പ്രദേശങ്ങളിലെ പഠനകേന്ദ്രങ്ങളിൽ വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതിയിൽ തിരുവനന്തപുരം കോർപ്പറേഷന് കീഴിൽ വിന്യസിക്കപ്പെട്ടിട്ടുള്ള 14

കലാകാരൻമാർ വിവിധ കലാരൂപങ്ങളിലായി സൗജന്യ കലാപരിശീലനം നൽകിവരുന്നു.

വട്ടിയൂർക്കാവ് മണ്ഡലത്തിൽ സാംസ്കാരിക വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നടപ്പാക്കിവരുന്ന പദ്ധതികളെ സംബന്ധിച്ച തൽസ്ഥിതി റിപ്പോർട്ട് ചുവടെ ചേർക്കുന്നു:-

a) **ഗുരുഗോപിനാഥ് നടനഗ്രാമം.**

1. ചിലമ്പൊലി നൃത്തമണ്ഡപത്തിന് സ്ഥിരം മേൽക്കൂര നിർമ്മാണം അടങ്കൽ തുക : 72,03,000/- രൂപ നിർമ്മാണം പൂർത്തിയായി.

2. ഭൂമിക - നടനകലാനിധി - നടനപ്രതിഭകളുടെ ഓർമ്മ നിലനിർത്താൻ അവർ ഉപയോഗിച്ച ആടയാഭരണങ്ങൾ, ജീവിതരേഖകൾ, ഗ്രന്ഥങ്ങൾ, ചിത്രങ്ങൾ തുടങ്ങിയവ മ്യൂസിയം ഗ്യാലറിയിൽ പ്രദർശിപ്പിക്കൽ- പ്രാഥമികഘട്ടത്തിലാണ്. അടങ്കൽ തുക : 10 ലക്ഷം രൂപ

3. ആർട്ട് ആൻഡ് ക്രാഫ്റ്റ് കേരള – നൃത്തകലാ സംബന്ധിയായ കരകൗശലവസ്തുക്കളുടെ നിർമ്മാണ പരിശീലനം - ഒന്നാംഘട്ടത്തിലാണ്. അടങ്കൽ തുക : 15 ലക്ഷം രൂപ

4. ഡിജിറ്റൽ സ്റ്റുഡിയോയും ട്രെയിനിംഗും - താള-വാദ്യ കലാപരിശീലനം ഡിജിറ്റൈസ് ചെയ്യുന്നതിനും ദേശീയ നൃത്ത മ്യൂസിയത്തിന്റെ പ്രചാരണ ചിത്ര നിർമ്മാണത്തിനും വേണ്ടി സ്റ്റുഡിയോ സ്ഥാപിക്കുന്നത്- പ്രാഥമികഘട്ടത്തിലാണ്. അടങ്കൽ തുക : 15 ലക്ഷം രൂപ

5. വെബ്സൈറ്റ് നവീകരണം - നടനഗ്രാമത്തിലെ നിലവിലുള്ള വെബ്സൈറ്റ് നവീകരിക്കുന്നത് - ഒന്നാംഘട്ടത്തിലാണ്. അടങ്കൽ തുക: 5 ലക്ഷം രൂപ

6. ദേശീയ നാട്യപുരസ്കാരവും കേരളനടനം സപര്യാപുരസ്കാരവും - പ്രതിഭകൾക്കുള്ള പുരസ്കാര നിർണ്ണയവും പൂർത്തിയാക്കി. അടങ്കൽ തുക: 5 ലക്ഷം രൂപ

b) വൈലോപ്പിള്ളി സംസ്കൃതി ഭവൻ : കലകളെയും കലാകാരൻമാരെയും പ്രോത്സാഹിപ്പിക്കുന്നതിനായി പ്രതിഫലം നൽകി കലാപരിപാടികൾ സംഘടിപ്പിച്ചുവരുന്നു.

c) കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുതിയ കെട്ടിടത്തിനായി 2016-17-ലെ ബഡ്ജറ്റിൽ വകയിരുത്തിയ 1,75,00,000/- (ഒരു കോടി എഴുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) മുഴുവൻ തുകയും വിനിയോഗിച്ച് പണി പൂർത്തിയാക്കി

2021-22 സാമ്പത്തിക വർഷത്തിൽ പൊതുമരാമത്ത് വകുപ്പ് കെട്ടിടം ഇൻസ്റ്റിറ്റ്യൂട്ടിന് കൈമാറിയിട്ടുണ്ട്.

d) ജവഹർ ബാലഭവൻ, തിരുവനന്തപുരം

തിരുവനന്തപുരം ജവഹർ ബാലഭവനിൽ കുട്ടികൾക്കായി നിർമ്മിച്ചുവരുന്ന തിയേറ്ററിന്റെ 70% പണികൾ പൂർത്തിയായിട്ടുണ്ട്. കൂടാതെ ബാലഭവന്റെ കിഴക്കേ ഭാഗത്ത് 1.76 കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച താങ്ങുഭിത്തി നിർമാണം 90% പൂർത്തിയായിട്ടുണ്ട്.

(ബി) 2019-20, 2020-21, 2021-22, 2022-23 സംസ്ഥാന ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ചിട്ടുള്ളതും സാംസ്കാരിക വകുപ്പ് നേരിട്ടും വകുപ്പിന് കീഴിലെ വിവിധ സ്ഥാപനങ്ങൾ മുഖാന്തരവും വട്ടിയൂർക്കാവ് മണ്ഡലത്തിൽ നടപ്പാക്കേണ്ടതുമായ പദ്ധതികൾ ഏതൊക്കെയാണെന്നും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കുമോ?

2019-20, 2020-21, 2021-22, 2022-23 സംസ്ഥാന ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ചിട്ടുള്ളതും സാംസ്കാരിക വകുപ്പിന് കീഴിലെ വിവിധ സ്ഥാപനങ്ങൾ മുഖാന്തരവും വട്ടിയൂർക്കാവ് മണ്ഡലത്തിൽ നടപ്പാക്കേണ്ടതുമായ പദ്ധതി വിവരങ്ങൾ ചുവടെ ചേർക്കുന്നു:-

1) <u>ഗുരുഗോപിനാഥ് നടനഗ്രാമം.</u>

a) **2019-20**

1) നടനഗ്രാമത്തിൽ ഡിജിറ്റൽ തിയേറ്റർ നിർമ്മാണം ഭാഗികമായി പൂർത്തീകരിച്ചു.

2) ദേശീയ നാട്യപുരസ്കാരം നൽകുകയുണ്ടായി.

3) പഠ്യോപകരണങ്ങൾ സംഭരിച്ചു.

4) ഗ്രീവ്സ് ജനറേറ്റർ നവീകരണം പൂർത്തിയാക്കി.

5) കേരളനടനം ഡോക്യുമെന്റേഷൻ ഭാഗികമായി പൂർത്തീകരിച്ചു.

b) **2020 - 21**

1) കോവിഡ് കാലത്തെ ഓൺലൈൻ കലാപരിശീലനത്തിന് ഭൗതിക സാഹചര്യമൊരുക്കൽ.

2) മ്യൂസിയം ഗ്യാലറി നവീകരണം.

3) അതിഥിമുറികളിൽ ഫർണിച്ചർ.

4) നൃത്തമണ്ഡപത്തിന് മേൽക്കൂര.

5) ദേശീയ നൃത്തമ്യൂസിയം ഡോക്യൂഫിക്ഷൻ.

6) ഡിജിറ്റൽ ഡാൻസ് തിയേറ്റർ  പൂർത്തീകരണം.

7) ദേശീയ നൃത്തോത്സവം, ലോക നൃത്തദിനാഘോഷം, ശ്രേഷ്ഠ ഭാഷാ ദിനാഘോഷം.

8) കേരളനടനം സപര്യാപുരസ്കാരം. എന്നീ പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

c) **2021 - 22**

1) മഴമിഴി - മൾട്ടിമീഡിയ

2) ചിലമ്പൊലി ആഡിറ്റോറിയം മേൽക്കൂര നിർമ്മാണം പൂർത്തീകരിച്ചു.

3) ഓൺലൈൻ പരിശീലന സിലബസ് തയ്യാറാക്കൽ  പൂർത്തീകരിച്ചു.

2) <u>ജവഹർ ബാലഭവൻ, തിരുവനന്തപുരം</u>

2019-2020-ൽ ബാലഭവന്റെ കിഴക്കുഭാഗത്ത് താങ്ങുഭിത്തി നിർമാണത്തിന് 65,00,000/- രൂപയും 2020-21-ൽ 56,99,700/- രൂപയും അനുവദിച്ചിട്ടുണ്ട്. കുട്ടികളുടെ തിയേറ്റർ നിർമാണത്തിന് 2020-21-ൽ 17,40,450/- രൂപയും 2021-22-ൽ 75,96,000/- രൂപയും അനുവദിച്ചിട്ടുണ്ട്.

2022-23 വർഷം കുട്ടികളുടെ തിയേറ്റർ നിർമാണത്തിന് 84,00,000/-രൂപ വകയിരുത്തിയിട്ടുണ്ട്. തിയേറ്റർ നിർമാണം 70% പൂർത്തിയായിട്ടുണ്ട്.

(സി) വട്ടിയൂർക്കാവ് മണ്ഡലത്തിൽ 2021 ഏപ്രിൽ മാസത്തിന് ശേഷം സാംസ്കാരിക വകുപ്പ് നേരിട്ടും വകുപ്പിന് കീഴിലെ വിവിധ സ്ഥാപനങ്ങൾ മുഖാന്തരവും പൂർത്തീകരിച്ച പദ്ധതികളുടെ വിശദാംശം (ഫണ്ട്, ഭരണാനുമതി തുക, എസ്റ്റിമേറ്റ് തുക, ചെലവഴിച്ച തുക എന്നിവ ഉൾപ്പെടെ) ലഭ്യമാക്കുമോ?

1. **ഗുരുഗോപിനാഥ് നടനഗ്രാമം.**

2021-22-ലെ പദ്ധതി വിഹിതമായ 35 ലക്ഷം രൂപയിൽ 34.08 ലക്ഷം രൂപ ചെലവഴിച്ചു.

| | എസ്റ്റിമേറ്റ് തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| 1. മഴമിഴി | 5.00 | 5.00 |
| 2. ചിലമ്പൊലി ആഡിറ്റോറിയം മേൽക്കൂര നിർമ്മാണം (തുടരുന്ന പദ്ധതി) | 72.03 | 20.92 |
| 3. ഗുരുജി ജീവിത രേഖ | 10.00 | 6.13 |

2. ജവഹർ ബാലഭവൻ, തിരുവനന്തപുരം

2021 ഏപ്രിൽ-ന ശേഷം 1.76 കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച താങ്ങുഭിത്തി നിർമ്മാണം 90% പൂർത്തിയായിട്ടുണ്ട്.

**ലളിതാംബിക അന്തർജന സ്മാരക സാംസ്കാരിക സമുച്ചയം**

370 (1145) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി മണ്ഡലത്തിൽ ലളിതാംബിക അന്തർജന സ്മാരക സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിച്ച പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ടിന് കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; ഇല്ലെങ്കിൽ എന്താണ് തടസ്സമെന്ന് അറിയിക്കുമോ?

പ്രസ്തുത പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്.

(ബി) പ്രസ്തുത ആവശ്യത്തിന് ഏറ്റെടുക്കുന്ന സ്ഥലം സംബന്ധിച്ച് സ്പെഷ്യൽ തഹസിൽദാറുടെ റിപ്പോർട്ടിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; 19(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് അറിയിക്കുമോ?

സ്പെഷ്യൽ തഹസിൽദാർ (എൽ.എ) (കിഫ്ബി), കോട്ടയം നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്ഥലം ഏറ്റെടുക്കുന്നതിന് അധികമായി ആവശ്യപ്പെട്ട തുക കിഫ്ബിയിൽനിന്നും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. 19(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല.

(സി) ഏത് ഏജൻസിക്കാണ് ഈ പദ്ധതിയുടെ ചുമതലയെന്ന് അറിയിക്കുമോ; 2016-17-ൽ പ്രഖ്യാപിച്ച പ്രസ്തുത പദ്ധതിക്കായുള്ള സ്ഥലമേറ്റെടുക്കൽ നടപടി ത്വരിതപ്പെടുത്തി പദ്ധതി എത്രയും വേഗം യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനെയാണ് സാംസ്കാരിക സമുച്ചയ നിർമ്മാണത്തിന്റെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി ചുമതലപ്പെടുത്തിയിട്ടുള്ളത്. കിഫ്ബിയിൽനിന്നും തുക അനുവദിക്കുന്ന മുറയ്ക്ക് ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കുന്നതാണ്.

## മലപ്പുറം ജില്ലയിൽ സാംസ്കാരിക സമുച്ചയം

371 (1146) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവോത്ഥാന നായകരുടെ നാമധേയത്തിൽ ഓരോ ജില്ലയിലും സ്ഥാപിക്കുന്ന സാംസ്കാരിക സമുച്ചയം പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണ്?

വിശദാംശം അനുബന്ധം-1* ആയി ചേർത്തിരിക്കുന്നു.

(ബി) മലപ്പുറം ജില്ലയിൽ അബ്ദുറഹിമാൻ സാഹിബിന്റെ പേരിൽ എവിടെയാണ് കേന്ദ്രം സ്ഥാപിക്കുന്നത്; ഏറനാട് താലൂക്ക് പരിധിയിലെ മലപ്പുറം കോട്ടക്കുന്നിൽ പ്രസ്തുത കേന്ദ്രം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

മലപ്പുറം ജില്ലയിൽ മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ്ബിന്റെ പേരിൽ സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിന് മലപ്പുറം ജില്ലയിലെ ഏറനാട് താലൂക്കിൽ മലപ്പുറം വില്ലേജിലെ സർവ്വേ നമ്പർ 631/1,2,3-ൽ ഉൾപ്പെട്ട 1.8245 ഹെക്ടർ (182.45 ആർ) ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിലനിർത്തി കൈവശാവകാശം സാംസ്കാരിക വകുപ്പിന് കൈമാറി ലഭിച്ചിട്ടുണ്ട്. അര ഏക്കർ ഭൂമികൂടി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പെരിന്തൽമണ്ണ ആർ.ഡി.ഒ. ഓഫീസിൽ സ്വീകരിച്ചുവരികയാണ്.

(സി) കിഫ്ബി സഹായത്തോടെ ഈ കേന്ദ്രം സ്ഥാപിക്കുന്നതിന് ഇതിനകം എന്ത് തുക ചെലവഴിച്ചുവെന്നും അധിക തുക അനുവദിക്കുമോയെന്നും വെളിപ്പെടുത്തുമോ?

പദ്ധതിയുടെ എസ്റ്റിമേറ്റ് തുകയായ 39.67 കോടി രൂപ കിഫ്ബി അനുവദിച്ചിട്ടുണ്ട്. ഇതിനോടകം പദ്ധതിയുടെ ഡി.പി.ആർ തയ്യാറാക്കുന്നതിനായി 24,65,950 രൂപ ചെലവഴിച്ചിട്ടുണ്ട്.

**ജവഹർ ബാലഭവനുകളുടെ ബൈലോ ഏകീകരണം**

372 (1147) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ജവഹർ ബാലഭവനുകൾ പ്രവർത്തിക്കുന്നുണ്ട്; ഇവയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ എന്നീ ജില്ലകളിലായി അഞ്ച് ബാലഭവനുകൾ പ്രവർത്തിക്കുന്നു. നാല് വയസിനും പതിനാല് വയസിനുമിടയിൽ പ്രായമുള്ള കുട്ടികൾക്ക് അവരുടെ അഭിരുചിക്ക് ഇണങ്ങുംവിധം വിവിധ പാഠ്യേതര വിഷയങ്ങളിൽ പരിചയവും താത്പര്യവും ആഭിമുഖ്യവും വളർത്തി അവരെ ശാരീരികവും മാനസികവും ബൗദ്ധികവുമായി പ്രാപ്തരാക്കുകയെന്നതാണ് ബാലഭവനുകളുടെ പ്രധാന ഉദ്ദേശ്യലക്ഷ്യം. ഇതിനായി കുട്ടികളുടെ സൃഷ്ടിപരവും കലാകരകൗശലപരവുമായ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിന് പരിശീലനം നൽകുന്നതോടൊപ്പം നാടകം, സംഗീതം, നൃത്തം, ശാസ്ത്രം, സാഹിത്യം എന്നിവയിൽ ക്ലാസുകൾ നൽകിവരുന്നു. കൂടാതെ വീട്ടിനുള്ളിൽ ഏർപ്പെടാവുന്ന ലഘുവിനോദങ്ങൾ പരിചയപ്പെടുത്തുക, വീടിനു പുറത്തുള്ള കായികവിനോദങ്ങളിൽ പരിശീലനം നൽകുക എന്നിവയും ലക്ഷ്യമിടുന്നുണ്ട്.

(ബി) ജവഹർ ബാലഭവനുകളുടെ ബൈലോ ഏകീകരണം സംബന്ധിച്ച് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായുള്ള കമ്മിറ്റി നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ജവഹർ ബാലഭവനുകളുടെ ബൈലോ ഏകീകരണം സംബന്ധിച്ച കമ്മിറ്റി തയ്യാറാക്കിയ ഏകീകൃത ബൈലോയുടെ കരട് സർക്കാർ പരിശോധിച്ചുവരുന്നു.

**എം.എസ്. വിശ്വനാഥൻ സ്മാരകം**

373 (1148) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2022-23 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച എം.എസ്. വിശ്വനാഥൻ സ്മാരകം അദ്ദേഹത്തിന്റെ ജന്മസ്ഥലമായ മലമ്പുഴ മണ്ഡലത്തിലെ എലപ്പുള്ളിയിൽ നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കുമോ?

എലപ്പുള്ളി ഗ്രാമപഞ്ചായത്ത് ഭരണസമിതി സമർപ്പിച്ച ശിപാർശ സാംസ്കാരിക വകുപ്പ് ഡയറക്ടർ പരിശോധിക്കുകയും എം. എസ്. വിശ്വനാഥന്റെ സ്മാരകം നിർമ്മിക്കാനുദ്ദേശിക്കുന്ന ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം സംബന്ധിച്ച വിവരങ്ങൾ, നിർമ്മിക്കാനുദ്ദേശിക്കുന്ന സ്മാരകത്തിന്റെ പ്ലാൻ, പ്രൈസ് സോഫ്റ്റ്‌വെയറിൽ

തയ്യാറാക്കിയ എസ്റ്റിമേറ്റ് എന്നിവ സമർപ്പിക്കാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് മേൽനടപടി സ്വീകരിക്കാവുന്നതാണ്.

## ഹേമ കമ്മിറ്റി റിപ്പോർട്ട്

374 (1149) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചലച്ചിത്ര മേഖലയിലെ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ പഠിക്കാനായി നിയോഗിച്ച ഹേമ കമ്മിറ്റിയുടെ റിപ്പോർട്ട് പുറത്ത് വിടുന്നതിന് തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഇരകൾ നേരിട്ട് കമ്മീഷന് മുമ്പിൽ നൽകിയ മൊഴികളാണ് രേഖപ്പെടുത്തിയത് എന്നതിനാലും പ്രസ്തുത റിപ്പോർട്ട് പുറത്തുവിടണമെന്ന് വിമൻ ഇൻ സിനിമ കളക്ടീവ് ആവശ്യപ്പെടുകയും ചെയ്യുമ്പോൾ ഈ വിഷയത്തിൽ സർക്കാർ അനുകൂല സമീപനം സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

(എ&ബി) റിപ്പോർട്ട് രഹസ്യമായി സൂക്ഷിക്കണമെന്ന് ഹേമ കമ്മിറ്റിയുടെ അദ്ധ്യക്ഷയായ ജസ്റ്റിസ് ഹേമ സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. ഇതുകൂടാതെ, ടി റിപ്പോർട്ട് പൊതുരേഖയായി പ്രസിദ്ധപ്പെടുത്തേണ്ടതില്ലെന്ന് സംസ്ഥാന വിവരാവകാശ കമ്മീഷനും വ്യക്തമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിലാണ് റിപ്പോർട്ട് പുറത്തുവിടാതിരിക്കുന്നത്.

**ജസ്റ്റിസ് ഹേമ കമ്മിറ്റി റിപ്പോർട്ട്**

375 (1150) ശ്രീമതി ഉമ തോമസ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. റോജി എം. ജോൺ:
ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചലച്ചിത്ര രംഗത്തെ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച ജസ്റ്റിസ് ഹേമ കമ്മിറ്റിയുടെ റിപ്പോർട്ട് പുറത്ത് വിടണമെന്ന് സിനിമാ മേഖലയിൽ പ്രവർത്തിക്കുന്ന വനിതകളുടെ കൂട്ടായ്മയും മറ്റ് സിനിമാ സംഘടനകളും സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ?

ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത റിപ്പോർട്ട് പുറത്ത് വിടാതിരിക്കുന്നതിലൂടെ സിനിമാ മേഖലയിൽ സ്ത്രീവിരുദ്ധ നടപടി സ്വീകരിച്ചവരെ സർക്കാർ സംരക്ഷിക്കുകയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവമായി കാണുന്നുണ്ടോ?

സിനിമാ മേഖലയിലെ സ്ത്രീകൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച ജസ്റ്റിസ് കെ. ഹേമ സമിതിയുടെ റിപ്പോർട്ടിലെ ശിപാർശകൾ പരിശോധിച്ചുവരികയാണ്. സിനിമാ മേഖലയിലെ സ്ത്രീകൾ ഉൾപ്പെടെയുള്ളവർക്കെതിരെയുള്ള ചൂഷണം തടയുന്നതിനുള്ള ഫലപ്രദമായ കർമ്മപരിപാടികൾ തയ്യാറാക്കിവരുന്നു. ഇത്തരം നടപടികൾ സ്വീകരിക്കുന്നവരെ നിയമത്തിന്റെ മുൻപിൽ കൊണ്ടുവന്ന് തക്കതായ ശിക്ഷ നൽകുകയെന്നതാണ് സർക്കാർ നിലപാട്.

(സി) റിപ്പോർട്ട് രഹസ്യമായി സൂക്ഷിക്കുന്നതിന് കാരണമെന്താണെന്ന് വ്യക്തമാക്കുമോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

റിപ്പോർട്ട് പുറത്തുവിടേണ്ടതില്ലെന്ന് ഹേമ സമിതി അദ്ധ്യക്ഷയായിരുന്ന ജസ്റ്റിസ് ഹേമയും ആയത് പൊതുരേഖയായി പ്രസിദ്ധീകരിക്കേണ്ടതില്ലെന്ന് സംസ്ഥാന വിവരാവകാശ കമ്മീഷനും അഭിപ്രായപ്പെട്ടിട്ടുണ്ട്.

**ചട്ടമ്പിസ്വാമികളുടെ തറവാട് സ്മാരകമാക്കുന്ന നടപടികൾ**

376 (1151) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട നിയോജകമണ്ഡലത്തിലെ പള്ളിച്ചൽ വില്ലേജിൽ മച്ചേൽ കുളങ്ങരക്കോണത്ത് ചട്ടമ്പിസ്വാമികളുടെ തറവാട് സ്മാരകമാക്കുന്നതിനുള്ള നടപടി എന്തായെന്ന് വിശദമാക്കുമോ; ഇതിന് വസ്തു ഏറ്റെടുക്കുന്നതിന്റെ നടപടിക്രമങ്ങൾ എന്തായെന്ന് വ്യക്തമാക്കുമോ?

നവോത്ഥാന നായകനായ ചട്ടമ്പി സ്വാമികളുടെ സ്മരണാർത്ഥം അദ്ദേഹത്തിന്റെ മാതൃഭവനം സ്ഥിതിചെയ്യുന്ന സ്ഥലം സ്മാരകമായി സംരക്ഷിക്കുന്നതിനായി തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര താലൂക്കിൽ പള്ളിച്ചൽ വില്ലേജിൽ ബ്ലോക്ക് നം. 4-ൽ റീ-സർവ്വേ നമ്പർ. 288/1-2 ൽ ഉൾപ്പെട്ട 9.58 ആർ വിസ്തൃതിയുള്ള ഭൂമിയും അതിൽ നിലവിലുള്ള

കെട്ടിടവും നിയമപ്രകാരം റവന്യൂ വകുപ്പ് മുഖാന്തരം ഏറ്റെടുക്കുന്നതിന് സാംസ്കാരിക വകുപ്പ് ഭരണാനുമതി നൽകി 03-02-2021-ലെ സ.ഉ(സാധാ).നം.57/2021/സാം.കാ.വ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇതിനാവശ്യമായ ചെലവ് 2205-00-102-98-36-പ്ലാൻ എന്ന ശീർഷകത്തിൽ സ്മാരകങ്ങൾക്കുള്ള ധനസഹായത്തിനായി സാംസ്കാരിക വകുപ്പിന് വകയിരുത്തിയ തുകയിൽനിന്നും വഹിക്കുന്നതാണെന്നും ഉത്തരവായിരുന്നു. പ്രസ്തുത ഭൂമിയുടെ സാമൂഹ്യാഘാത പഠനം നടത്തിയിട്ടുണ്ട്. ഭൂമിയുടെ സ്കെച്ച്, ഭൂമി ഏറ്റെടുക്കുന്നതിന് വേണ്ടിയുള്ള തുടർനടപടി എന്നിവയ്ക്കായി തിരുവനന്തപുരം ജില്ലാ കളക്ടർക്ക് സാംസ്കാരിക വകുപ്പ് അദ്ധ്യക്ഷൻ മുഖാന്തരം സമർപ്പിച്ചിട്ടുണ്ട്.

## സാംസ്കാരിക രംഗത്തെ പുനരുജ്ജീവന പ്രവർത്തനങ്ങൾ

377 (1152) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ഡോ. കെ. ടി. ജലീൽ :
ശ്രീ. എം. മുകേഷ്:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് വ്യാപനം താറുമാറാക്കിയ സാംസ്കാരികരംഗം കൂടുതൽ ഊർജ്ജസ്വലമാക്കുന്നതിന് മുൻസർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലയളവിൽ നടപ്പാക്കിയ പുനരുജ്ജീവന പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. കോവിഡ് പ്രതിസന്ധിയുടെ കാലത്ത് കലാസമൂഹത്തിന് നവ മാധ്യമത്തിലൂടെ വേദിയൊരുക്കുവാനും സാമ്പത്തിക സഹായം നൽകുന്നതിനുമായി സാംസ്കാരിക വകുപ്പ്, കേരള സംഗീത നാടക അക്കാദമി, കേരള ഫോക് ലോർ അക്കാദമി, കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി, കേരള ലളിതകലാ അക്കാദമി, ഗുരു ഗോപിനാഥ് നടനഗ്രാമം, ഭാരത് ഭവൻ എന്നീ സ്ഥാപനങ്ങളുടെ സംയുക്ത സഹകരണത്തിൽ വിവിധ കലാമേഖലകളിലുള്ള അർഹരായവർക്ക് പ്രാതിനിധ്യം നൽകി 3000-ഓളം കലാപ്രതിഭകളെ പങ്കെടുപ്പിച്ച് 2021 ആഗസ്റ്റ് 28 മുതൽ നവംബർ 1 വരെ സംഘടിപ്പിച്ച മഴമിഴി മൾട്ടി മീഡിയ മെഗാ സ്ട്രീമിംഗിലെ കലാസംഘങ്ങൾക്ക് പ്രതിഫല തുകകൾ അനുവദിച്ചുനൽകിയിരുന്നു.

കോവിഡ് മഹാമാരിമൂലം ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ട് ജീവിതം വഴിമുട്ടിയവരും കുറഞ്ഞത് 10 വർഷക്കാലം തുടർച്ചയായി കലാരംഗത്ത്

പ്രവർത്തിക്കുന്നവരും കേരളത്തിൽ സ്ഥിരതാമസമാക്കിയിട്ടുള്ളവരുമായ 32000 കലാകാരന്മാർക്കും അനുബന്ധ പ്രവർത്തകർക്കും ആകെ 640 ലക്ഷം രൂപ ചെലവഴിച്ച് പ്രതിമാസം 1000/- രൂപാ വീതം 2 മാസത്തേയ്ക്ക് അടിയന്തര ധനസഹായം അനുവദിച്ചിട്ടുണ്ട്.

ഇതിനുപുറമേ സാംസ്കാരിക വകുപ്പും അക്കാദമികളും മുഖേനയുള്ള സമാശ്വാസ ധനസഹായത്തിന് യഥാസമയം അപേക്ഷിക്കാൻ കഴിയാതെ പോയവരും അതുവരെ മറ്റ് യാതൊരുവിധ ധനസഹായങ്ങൾ ലഭിച്ചിട്ടില്ലാത്തവരുമായ 29050 കലാകാരന്മാർക്കും അനുബന്ധ പ്രവർത്തകർക്കുംകൂടി സമാശ്വാസ ധനസഹായമായി 1000/- രൂപാ വീതം ആകെ 290.5 ലക്ഷം രൂപ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും വിതരണം ചെയ്തിട്ടുണ്ട്.

സാംസ്കാരിക ക്ഷേമനിധി ബോർഡിൽ അംഗങ്ങളായവർക്ക് കഴിഞ്ഞ വർഷം 2000/- രൂപാവീതം നൽകി. കൂടാതെ ഏപ്രിൽ 2021 വരെ അംഗത്വത്തിന് അപേക്ഷ നൽകിയ കലാകാരന്മാർക്ക് അപേക്ഷിച്ച മുറയ്ക്ക് 1000/- രൂപ വീതവും കോവിഡ് ധനസഹായമായി നൽകിയിട്ടുണ്ട്. കൂടാതെ ക്ഷേമനിധിയിൽ അംഗങ്ങളായവർക്ക് പെൻഷൻ, ചികിത്സാ ധനസഹായം,

അംഗങ്ങളുടെ അവകാശികൾക്ക് മരണാനന്തര ധനസഹായം, കുടുംബപെൻഷൻ എന്നിവ നൽകിവരുന്നു.

(ബി) മുൻ സർക്കാരിന്റെ കാലയളവിൽ പ്രഖ്യാപിച്ച പുതിയ സാംസ്കാരിക നിലയങ്ങളുടെ പ്രവർത്തന പുരോഗതി സംബന്ധിച്ച വിശദാംശം നൽകാമോ; ഈ സർക്കാർ ഇത്തരത്തിൽ പുതിയ പദ്ധതികൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

കൊല്ലം, പാലക്കാട്, കാസർഗോഡ് ജില്ലകളിൽ യഥാക്രമം ശ്രീനാരായണഗുരു, വി. ടി. ഭട്ടതിരിപ്പാട്, സുബ്രമണ്യൻ തിരുമുമ്പ് എന്നിവരുടെ നാമധേയത്തിലുള്ള സമുച്ചയങ്ങളുടെ നിർമ്മാണം പുരോഗമിച്ചുവരികയാണ്. മലപ്പുറം ജില്ലയിൽ സ്ഥാപിക്കുന്ന സാംസ്കാരിക സമുച്ചയത്തിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് കിഫ്ബി അംഗീകരിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടി പുരോഗമിച്ചുവരുന്നു. കണ്ണൂർ ജില്ലയിൽ സമുച്ചയ നിർമ്മാണത്തിനായി കണ്ടെത്തിയ ഭൂമി സാംസ്കാരിക വകുപ്പിന് കൈമാറുന്നതിനുള്ള നടപടി പുരോഗതിയിലാണ്. ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കണ്ണൂർ എന്നീ നാലു ജില്ലകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ആലപ്പുഴ,

കോട്ടയം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ സമുച്ചയത്തിനായി കണ്ടെത്തിയിട്ടുള്ള ഭൂമിയുടെ കൈമാറ്റ നടപടികൾ പുരോഗമിച്ചുവരികയാണ്. പത്തനംതിട്ട, തിരുവനന്തപുരം, ഇടുക്കി, വയനാട്, എറണാകുളം എന്നീ ജില്ലകളിൽ സർക്കാർ ഭൂമി കണ്ടെത്തുന്നതിന് ജില്ലാ ഭരണകൂടത്തിന്റെ സഹായത്തോടെ നടപടി സ്വീകരിച്ചുവരുന്നു.

(സി) സാംസ്കാരിക വകുപ്പിന് കീഴിലുള്ള വിവിധ അക്കാദമികളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ?

സാംസ്കാരിക വകുപ്പിനുകീഴിലുള്ള വിവിധ അക്കാദമികളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിനായി അക്കാദമികളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കി സർക്കാർ വിലയിരുത്തുകയും അക്കാദമിയുടെ പ്രവർത്തനങ്ങൾ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, അക്കൗണ്ടന്റ് ജനറൽ എന്നിവയുടെ ഓഡിറ്റിന് വിധേയമാക്കുകയും ചെയ്യുന്നുണ്ട്. സർക്കാർ ധനസഹായം സ്വീകരിച്ച് പ്രവർത്തിക്കുന്ന സാംസ്കാരിക സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ സൂക്ഷ്മമായി നിരീക്ഷിക്കുന്നതിനും കുറ്റമറ്റരീതിയിൽ അവ നടത്തിക്കൊണ്ടുപോകുന്നതിനും

അപ്പപ്പോൾ പരിശോധനകളും മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നതിനുമായി 04-08-2015-ൽ സ.ഉ (സാധാ) നം.387/15/സാം.കാ.വ പ്രകാരം സാംസ്കാരിക വകുപ്പിൽ ഒരു ഇന്റേണൽ ആഡിറ്റ് വിംഗ് രൂപീകരിച്ചിട്ടുണ്ട്. കൂടാതെ സാംസ്കാരിക സ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി ചീഫ് സെക്രട്ടറി, സാംസ്കാരിക വകുപ്പ് മന്ത്രി എന്നിവർ നേരിട്ട് അവലോകന യോഗങ്ങൾ ചേരുന്നുണ്ട്.

## കലാകാരന്മാർക്ക് പ്രോത്സാഹനം

378 (1153) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കലാകാരന്മാരുടെ നൈസർഗ്ഗിക വാസനയും നൈപുണ്യവും പ്രോത്സാഹിപ്പിക്കുന്നതിനും അന്തർദേശീയ കലാവേദികളുമായി ബന്ധിപ്പിക്കുന്നതിനും എന്തെങ്കിലും പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

കേരള സംസ്കാരത്തിന്റെ വ്യാപനം പദ്ധതിയിൽ ദേശീയ അന്തർദേശീയ സാംസ്കാരിക വിനിമയ പരിപാടികൾ, ശില്പശാലകൾ,

സെമിനാറുകൾ, കേരള കൾചറൽ കോൺഗ്രസ് എന്നീ പരിപാടികൾ ഉൾപ്പെടുത്തി 2022-23 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ ആകെ 110 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കലാകാരന്മാരുടെ നൈസർഗ്ഗിക വാസന പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ അക്കാദമികളിൽനിന്നും പഠിച്ചിറങ്ങുന്ന ആയിരം യുവകലാകാരന്മാർക്ക് വജ്രജൂബിലി ഫെല്ലോഷിപ്പ് പദ്ധതി പ്രകാരം പ്രതിമാസം 17,500/- രൂപാ വീതം ഫെല്ലോഷിപ്പ് അനുവദിച്ചുവരുന്നു. കലാകാരന്മാരുടെയും കരകൗശല വിദഗ്ദ്ധരുടെയും നൈപുണ്യം വികസിപ്പിച്ച് അവർക്ക് വിപണി സാധ്യത കണ്ടെത്തുന്നതിനായി സ്വയം സഹായ സംഘം രൂപീകരിച്ച് സംസ്ഥാനത്തൊട്ടാകെയുള്ള കലാകാരന്മാരെയും കരകൗശല വിദഗ്ദ്ധരെയും സഹായിക്കുന്നതിനുള്ള റൂറൽ ആർട്ട് ഹബ്ബ് പദ്ധതിയും വകുപ്പുവഴി നടപ്പാക്കിവരുന്നു.

സൗദി അറേബ്യയിലെ റിയാദിൽ 2019 നവംബർ മാസം 7, 8 തീയതികളിൽ സൗദി സർക്കാർ സംഘടിപ്പിച്ച അഹ്ലൻ കേരള എക്സ്പോ 2019-ന്റെ ഭാഗമായി സാംസ്കാരിക വകുപ്പ് സാംസ്കാരിക വിനിമയ പരിപാടികൾ സംഘടിപ്പിച്ചിരുന്നു.

അന്യംനിന്നുപോകുന്ന നാടൻകലകൾ പുതിയ തലമുറയ്ക്ക് പകർന്നു കൊടുക്കുക എന്ന ലക്ഷ്യത്തോടെ നാടൻ കലകളിൽ പരിശീലനം നേടുന്ന 10 വയസ്സ് മുതൽ 17 വയസ്സ് വരെയുള്ള കുട്ടികൾക്ക് ഫോക്‌ലോർ അക്കാദമി സ്റ്റൈപന്റ് നൽകിവരുന്നു.

വിദേശ രാജ്യങ്ങളിലുള്ള മലയാളികളുമായും അവിടങ്ങളിൽ പ്രവർത്തിക്കുന്ന കലാകൂട്ടായ്മകളുമായും ബന്ധപ്പെടുന്നതിനും അവർക്ക് മാപ്പിളകലാ അക്കാദമിയുമായി ബന്ധപ്പെടുന്നതിനും അക്കാദമിയുടെ കീഴിൽ ഒരു ഗ്ലോബൽ സമിതി രൂപീകരിച്ചിട്ടുണ്ട്.

അന്തർദേശീയ ചലച്ചിത്ര മേളകളുമായി മലയാളത്തിലെ ചലച്ചിത്രകാരന്മാരെ ബന്ധിപ്പിക്കുന്നതിന് 24-ാമത് IFFK യോടനുബന്ധിച്ച് ഫിലിം ഡിസ്പ്ലേ ആന്റ് നെറ്റ് വർക്കിംഗ് എന്ന പരിപാടി ചലച്ചിത്ര അക്കാദമി സംഘടിപ്പിച്ചിരുന്നു.

ചിത്രകലയിൽ അഭിരുചിയുള്ളവരെ കണ്ടെത്തി കേരളത്തിന്റെ തനത് കലാരൂപമായ ചുമർചിത്രകലയിൽ വാസ്തുവിദ്യാ ഗുരുകുലം വിദഗ്ധ പരിശീലനം നൽകിവരുന്നു.

വില്യം ഷേക്സ്പിയറിന്റെ കിംഗ് ലിയർ കഥകളി അനുരൂപീകരണം എന്ന പരിപാടിയിലൂടെ ഫ്രാൻസിലെയും കേരളത്തിലെ കഥകളി പ്രതിഭകളെയും ഒന്നിപ്പിച്ച് ഇന്ത്യയിലെ 5 മഹാനഗരങ്ങളിലും ഫ്രാൻസിലും ഭാരത് ഭവന്റെ നേതൃത്വത്തിൽ പരിപാടികൾ നടത്തിയിട്ടുണ്ട്. ഇന്ത്യൻ ഗ്രാമോത്സവങ്ങളിലൂടെ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളുടെ തനിമയാർന്ന കലാരൂപങ്ങൾ കേരളത്തിലെ ഗ്രാമപ്രദേശങ്ങളിലും കേരളീയ കലാരൂപങ്ങൾ സൗദി അറേബ്യയിലും ഹൈദരാബാദ്, ഡൽഹി, ഹിമാചൽ പ്രദേശ്, ചെന്നൈ, ഒറീസ്സ , തെലങ്കാന, ബാംഗ്ലൂർ നഗരങ്ങളിലും ലോക് രംഗ് ഫെസ്റ്റ് എന്ന പേരിൽ 2021 ഡിസംബറിൽ നടന്ന രാജ്യത്തെ ഏറ്റവും ശ്രദ്ധേയമായ ഫോക് ഫെസ്റ്റ് 5 ദിനങ്ങളിൽ രാജസ്ഥാനിൽവച്ചും ഭാരത് ഭവന്റെ നേതൃത്വത്തിൽ  അരങ്ങേറുകയുണ്ടായി.

## സാംസ്കാരിക നിലയങ്ങളെ മെച്ചപ്പെടുത്തൽ

379 (1154) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ കീഴിലുള്ള സാംസ്കാരിക നിലയങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുമോ;

ഫണ്ടിന്റെ ലഭ്യതയ്ക്കനുസൃതമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള സാംസ്കാരിക നിലയങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ബന്ധപ്പെട്ട സ്ഥാപനങ്ങൾ തന്നെ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽവരുന്ന സാംസ്കാരിക വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സാംസ്കാരിക സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സാംസ്കാരിക വകുപ്പ് സ്വീകരിക്കുന്നുണ്ട്.

**സാംസ്കാരിക ഉന്നത സമിതി**

380 (1155) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക സ്ഥാപനങ്ങൾക്ക് സർക്കാർ ധനസഹായം നിശ്ചയിക്കുന്നതിനും നയം രൂപീകരിക്കുന്നതിനുംവേണ്ടി സാംസ്കാരിക ഉന്നത സമിതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച കൂടുതൽ

വിശദാംശങ്ങൾ നൽകുമോ; ഈ സമിതി എന്തെങ്കിലും റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ടോ;

(ബി) സാംസ്കാരിക ഉന്നത സമിതിയിൽ ആരെല്ലാമാണ് ഉൾപ്പെട്ടിട്ടുള്ളത്; പ്രസ്തുത സമിതിയുടെ പ്രവർത്തനത്തിന് നാളിതുവരെ പ്രതിവർഷം അനുവദിച്ച തുകയുടെ വിശദാംശം നൽകുമോ?

(എ & ബി) സാംസ്കാരിക സ്ഥാപനങ്ങളുടെ ഏകോപനവും സമന്വയവും സാധ്യമാക്കുക, അവയ്ക്കുള്ള ധനസഹായത്തോത് നിശ്ചയിക്കുന്നതിന് ശിപാർശ ചെയ്യുക, കലാ സാംസ്കാരിക മേഖലയിൽ നവീന സർഗ്ഗാത്മക സംരംഭങ്ങൾക്ക് ആവിഷ്കാരം നടത്തുക, സാംസ്കാരിക നയരൂപീകരണത്തിന് ഉപദേശം നൽകുക എന്നീ ലക്ഷ്യങ്ങളോടെ 21-02-2018-ലെ സ. ഉ. (കൈ) നം. 10/2018/സാം.കാ.വ. പ്രകാരം സംസ്ഥാനത്ത് സാംസ്കാരിക ഉന്നത സമിതി രൂപീകരിച്ചിരുന്നു. സാംസ്കാരിക വകുപ്പുമന്ത്രി അദ്ധ്യക്ഷനായും സാംസ്കാരിക വകുപ്പ് സെക്രട്ടറി ഉപാദ്ധ്യക്ഷനായും കലാസാംസ്കാരിക രംഗത്തുനിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു പ്രമുഖ വ്യക്തി സെക്രട്ടറിയായും സാംസ്കാരിക വകുപ്പ് ഡയറക്ടർ കൺവീനറായും ധനകാര്യ വകുപ്പ് സെക്രട്ടറി, കേരള സാഹിത്യ അക്കാദമി സെക്രട്ടറി, കേരള സംഗീത നാടക അക്കാദമി സെക്രട്ടറി, കേരള ലളിതകലാ അക്കാദമി സെക്രട്ടറി,

കേരള ഫോക് ലോർ അക്കാദമി സെക്രട്ടറി, കലാ സാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്നതും നാമനിർദ്ദേശം ചെയ്യപ്പെടുന്നവരുമായ 2 വ്യക്തികൾ തുടങ്ങിയവർ അംഗങ്ങളായുമാണ് സാംസ്കാരിക ഉന്നത സമിതി രൂപീകരിച്ച് ഉത്തരവായിട്ടുള്ളത്.

പ്രസ്തുത സമിതിയുടെ കാലാവധി 5 വർഷമായി നിജപ്പെടുത്തിയിരുന്നു. സാംസ്കാരിക സ്ഥാപനങ്ങൾക്ക് ആവർത്തന ഗ്രാന്റ് നൽകുന്നതിനുള്ള മാനദണ്ഡങ്ങളുടെ രൂപരേഖ സാംസ്കാരിക ഉന്നത സമിതി സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു.

സമിതിയുടെ ഇതുവരെയുള്ള പ്രവർത്തനം സർക്കാർ വിലയിരുത്തുകയും സാംസ്കാരിക രംഗത്തെ അഭിപ്രായ രൂപീകരണത്തിനും മറ്റ് പ്രവർത്തനങ്ങൾക്കുമായി ഉന്നത സമിതിക്ക് പകരം ഒരു ഉപദേശക സമിതി മതിയാകുമെന്ന നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സാംസ്കാരിക ഉന്നത സമിതിയുടെ പ്രവർത്തനം അവസാനിപ്പിച്ചുകൊണ്ട് സർക്കാർ 20-06-2022-ലെ സ.ഉ.(കൈ) നം.13/2022/സാം.കാ.വ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത സമിതിയുടെ പ്രവർത്തനത്തിന് നാളിതുവരെ അനുവദിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1) 2017-18 ലെ ബഡ്ജറ്റ് വിഹിതം - Rs 50,00,000/-

2) 2018-19 ലെ ബഡ്ജറ്റ് വിഹിതം - Rs 50,00,000 /-

3) 2019-20 ലെ ബഡ്ജറ്റ് വിഹിതം - Rs 48,00,000/-

4) 2020-21 ലെ ബഡ്ജറ്റ് വിഹിതം- Rs 35,00,000/-

5) 2021-22 ലെ ബഡ്ജറ്റ് വിഹിതം- Rs 35,00,000/-

2022-23 സാമ്പത്തിക വർഷം സാംസ്കാരിക ഉന്നതസമിതിയുടെ പ്രവർത്തനങ്ങൾക്കായി 35 ലക്ഷം രൂപ വകയിരുത്തിയിരുന്നു.

**നിലമ്പൂരിൽ ചലച്ചിത്രമേള**

381 (1156) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എഫ്.എഫ്.കെ.യുടെ റീജിയണൽ ഫിലിം ഫെസ്റ്റിവൽ ഏതെല്ലാം വർഷങ്ങളിലാണ് നിലമ്പൂരിൽ നടന്നതെന്ന് അറിയിക്കുമോ; പ്രസ്തുത ഫെസ്റ്റിവലുകളിലെ ചലച്ചിത്രാസ്വാദകരുടെ പങ്കാളിത്തം, സംഘാടനം, തിയേറ്റർ സൗകര്യങ്ങളുടെ മികവ് എന്നിവ ചലച്ചിത്ര

അക്കാദമിയിലെ വിവരങ്ങളെ ഉദ്ധരിച്ച് അറിയിക്കുമോ; ചെലവുകളടക്കമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

2015, 2016 വർഷങ്ങളിലാണ് നിലമ്പൂരിൽ ഐ.എഫ്.എഫ്.കെ-യുടെ റീജിയണൽ ഫിലിം ഫെസ്റ്റിവൽ നടത്തപ്പെട്ടത്. പ്രസ്തുത മേളയിൽ 2015-ൽ 1500 പ്രതിനിധികളും 2016-ൽ 1100 പ്രതിനിധികളും പങ്കെടുത്തു. 2015-ലും 2016-ലും നിലമ്പൂരിലെ ഫെയ്റിലാന്റ് സ്ക്രീൻ 1-ലും 2-ലുമായിട്ടാണ് ഫെസ്റ്റിവൽ സംഘടിപ്പിച്ചത്. 2015-ൽ മേളയുടെ ആകെ ചെലവ് 18,08,196/- രൂപയും 2016-ൽ 12,63,065/- രൂപയുമാണ്.

(ബി) 2016-ലെ റീജിയണൽ ഫിലിം ഫെസ്റ്റിവൽ വേദിയിൽവച്ച് അന്നത്തെ സാംസ്കാരിക മന്ത്രി നിലമ്പൂരിൽ റീജിയണൽ ഫിലിം ഫെസ്റ്റിവലിന് സ്ഥിരംവേദി അനുവദിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നോ; തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ; ഇക്കാര്യത്തിലുള്ള അഭിപ്രായം അറിയിക്കുമോ;

ഇക്കാര്യം പരിശോധനയിലാണ്.

(സി) മികവുറ്റ സാംസ്കാരിക, നാടക പ്രസ്ഥാന പാരമ്പര്യവും ചലച്ചിത്ര പ്രേമികളുമുള്ള കിഴക്കൻ ഏറനാടിന്റെ ആസ്ഥാനമായ നിലമ്പൂരിൽ

വർഷംതോറും ഉപാധികളോടെ കേരള ചലച്ചിത്ര അക്കാദമിയുടെ സ്ഥിരം ചലച്ചിത്രമേള സംഘടിപ്പിക്കുന്നതിന് സർക്കാർ സന്നദ്ധമാകുമോ; വ്യക്തമാക്കുമോ?

എല്ലാ വർഷവും നിലമ്പൂരിൽ സ്ഥിരം ചലച്ചിത്രമേള സംഘടിപ്പിക്കുന്നത് പ്രായോഗികമല്ല. ചലച്ചിത്ര മേളകൾ ഉൾപ്പെടെ അക്കാദമിയുടെ പ്രവർത്തനങ്ങൾ വികേന്ദ്രീകരിച്ചാണ് നടത്താറുള്ളത്.

**മാപ്പിള കലാ അക്കാഡമിയുടെ ഉപകേന്ദ്രത്തിൽ സിനിമ തിയേറ്റർ**

382 (1157) <u>ശ്രീ. ഇ കെ വിജയൻ</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാദാപുരം മണ്ഡലത്തിലെ മാപ്പിള കലാ അക്കാഡമിയുടെ ഉപകേന്ദ്രത്തിൽ സിനിമ തിയേറ്റർ അനുവദിക്കുന്ന കാര്യത്തിൽ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

നാദാപുരം മണ്ഡലത്തിലെ മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമിയുടെ ഉപകേന്ദ്രത്തിന്റെ മുകൾ നിലയിൽ മിനി ഓഡിയോ വിഷ്വൽ

തീയേറ്റർ സ്ഥാപിക്കുന്നതിന് നാദാപുരം എം.എൽ.എ. ശ്രീ. ഇ.കെ. വിജയൻ സമർപ്പിച്ച പ്രൊപ്പോസലിന്മേൽ സാംസ്കാരിക വകുപ്പ് ഡയറക്ടർ അക്കാദമിയോട് വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാക്കി പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

**യുവാക്കൾക്കായി ലഹരി വർജ്ജന ക്യാമ്പയിൻ**

383 (1158) <u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിലും കോളേജുകളിലും ലഹരിവർജ്ജന ക്യാമ്പയിൻ നടത്തി വിദ്യാർത്ഥികൾക്ക് ലഹരി വിമുക്ത ക്യാമ്പസ് എന്ന ലക്ഷ്യത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ 2022 മാർച്ച് 30-ന് 140 നിയമസഭാ മണ്ഡലങ്ങളിലും ലഹരി ഉപയോഗത്തിനെതിരായി ജനസഭ എന്ന പേരിൽ ജനകീയ കൂട്ടായ്മ

സംഘടിപ്പിക്കുകയുണ്ടായി. മൂന്നു മണിക്കൂറുള്ള പ്രസ്തുത പരിപാടിയിൽ മയക്കുമരുന്നിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള പ്രഭാഷണങ്ങൾ, ലഹരി വിരുദ്ധ പ്രതിജ്ഞ തുടങ്ങിയവ സംഘടിപ്പിച്ചു. അതത് നിയമസഭാ മണ്ഡലത്തിലെ സ്കൂൾ, കോളേജ് വിദ്യാർത്ഥികളുടെ പങ്കാളിത്തം പ്രസ്തുത പരിപാടിയിൽ ഉറപ്പുവരുത്തിയിട്ടുണ്ട്.

യുവാക്കൾക്കിടയിൽ വർദ്ധിച്ചുവരുന്ന സാമൂഹ്യവിപത്തുകളായ മദ്യം, മയക്കുമരുന്ന്, പുകയില ഉല്പന്നങ്ങൾ എന്നിവയുടെ ഉപയോഗം തടയുന്നതിന് കേരള സംസ്ഥാന യുവജന കമ്മീഷന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും കോളേജുകളിലും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലും വിവിധ ലഹരി വിരുദ്ധ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുന്നു.

എക്സൈസ് വകുപ്പിന്റെ 'വിമുക്തി മിഷൻ' പ്രവർത്തനങ്ങൾ ലഹരി വസ്തുക്കളുടെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള ശരിയായ അറിവ് കുട്ടികൾക്ക് പകരുന്നതിനും ലഹരിയിൽനിന്നും സ്വയം സംരക്ഷണംതീർക്കുന്ന ഒരു അവസ്ഥ അവരിൽ വളർത്തിയെടുക്കുവാനും ലക്ഷ്യമിടുന്നു.

ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കായി വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് നിലവിൽ സംസ്ഥാനത്ത് 5,410 സ്കൂൾ ക്ലബ്ബുകളും 622 സി.ബി.എസ്.ഇ. സ്കൂൾ

ക്ലബ്ബുകളും 899 കോളേജ് ക്ലബ്ബുകളും പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ, പി.റ്റി.എ. സ്കൂൾ മോണിറ്ററിംഗ് കമ്മിറ്റി എന്നിവയുടെ സഹകരണത്തോടെ എക്സൈസ് ഉദ്യോഗസ്ഥർ നേരിട്ടും മറ്റ് സന്നദ്ധപ്രവർത്തകരുടെ സേവനം പ്രയോജനപ്പെടുത്തിയും ലഹരിവിരുദ്ധ ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചുവരുന്നു. ഈ ക്ലബ്ബുകൾവഴി വിവിധ മത്സരങ്ങൾ, വിദ്യാർത്ഥികളിൽ ലഹരിക്കെതിരെ ചിന്ത ഉണർത്തുന്ന മറ്റ് പരിപാടികൾ എന്നിവയും സംഘടിപ്പിച്ചുവരുന്നു.

സ്കൂളുകളിൽ അദ്ധ്യാപകരുടെ സഹായത്തോടെ വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം ആരംഭത്തിൽത്തന്നെ തിരിച്ചറിഞ്ഞ് കൗൺസിലിംഗ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. വിദ്യാലയങ്ങൾ ലഹരി മുക്തമാക്കുന്നതിനും കായിക ലഹരി വളർത്തുന്നതിനുമായി തിരുവനന്തപുരം ജില്ലയിലെ 4 സ്കൂളുകളിൽ 'ഉണർവ്' എന്ന പേരിൽ നടപ്പാക്കിവരുന്ന കായിക പരിശീലന പദ്ധതി മറ്റ് 13 ജില്ലകളിൽക്കൂടി നടപ്പാക്കുന്നതിനും ഉദ്ദേശിക്കുന്നു. ആരോഗ്യ സർവ്വകലാശാലയ്ക്ക് കീഴിലെ കോളേജ് ക്യാമ്പസ്സുകളിൽ 'നേർക്കൂട്ടം' എന്ന പേരിൽ ഒരു കമ്മിറ്റിയും കോളേജ് ഹോസ്റ്റലുകളിൽ 'ശ്രദ്ധ' എന്ന പേരിൽ ഒരു കമ്മിറ്റിയും രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ടി

കമ്മിറ്റികൾ ടെക്നിക്കൽ യൂണിവേഴ്സിറ്റിക്ക് കീഴിലുള്ള കോളേജുകളിലും ആർട്സ് & സയൻസ് കോളേജുകളിലും രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിനായി സ്കൂൾ പരിസരങ്ങളിലും മറ്റിടങ്ങളിലും ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും എക്സൈസ് വകുപ്പ് നടത്തിവരുന്നു.

(ബി) ആഘോഷങ്ങളിലും ഉത്സവങ്ങളിലും യുവാക്കളുടെ ലഹരി ഉപയോഗം തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് അറിയിക്കുമോ?

ആഘോഷങ്ങളിലും ഉത്സവങ്ങളിലും യുവാക്കളുടെ ലഹരി ഉപയോഗം തടയാൻ എക്സൈസ് വകുപ്പ് വിവിധ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഓണം, ക്രിസ്തുമസ്, പുതുവത്സര വേളകളിൽ യുവാക്കളുടെ ലഹരി ഉപയോഗം, ലഹരിയുടെ കടത്ത്, വിപണനം എന്നിവ തടയുന്നതിനായി എക്സൈസ് വകുപ്പ് സ്പെഷ്യൽ എൻഫോഴ്സ്മെന്റ് ഡ്രൈവ് നടത്തിവരുന്നു. യുവാക്കൾ കൂടുതലായി ഒന്നിച്ചുകൂടുന്ന സ്ഥലങ്ങളായ വിനോദസഞ്ചാര കേന്ദ്രങ്ങൾ, ടർഫുകൾ, ഷോപ്പിംഗ് മാളുകൾ, ഡി.ജെ. പാർട്ടികൾ, സിനിമാ നിർമ്മാണ സെറ്റുകൾ, ഹോട്ടലുകൾ,

റിസോർട്ടുകൾ, ബസ്സ് സ്റ്റാൻഡുകൾ, റെയിൽവേ സ്റ്റേഷനുകൾ എന്നിവ കേന്ദ്രീകരിച്ച് രഹസ്യ നിരീക്ഷണവും പരിശോധനകളും നടത്തുന്നുണ്ട്. കൂടാതെ അന്യസംസ്ഥാന ബസ്സുകൾ, ട്രെയിനുകൾ എന്നിവ പരിശോധിച്ചുവരുന്നു. പ്രത്യേക ആഘോഷങ്ങൾ നടക്കുന്ന ആഡിറ്റോറിയങ്ങൾപോലെയുള്ള കേന്ദ്രങ്ങളിലും യുവാക്കൾ ഒത്തുചേരുന്ന മറ്റ് സ്ഥലങ്ങളിലും രഹസ്യ നിരീക്ഷണവും പരിശോധനകളും നടത്തുന്നുണ്ട്. കൂടാതെ, സ്കൂൾ, കോളേജ്, ഹോസ്റ്റൽ പരിസരങ്ങളിൽ പ്രത്യേക നിരീക്ഷണവും പരിശോധനയും നടത്തുന്നു.

(സി) കുട്ടികളുടെ സാന്നിധ്യത്തിൽ മുതിർന്നവരുടെ ലഹരി ഉപയോഗം തടയാനായുള്ള ബോധവത്കരണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നുവെന്ന് അറിയിക്കുമോ?

ഓൺലൈൻ മുഖേനയും കുടുംബശ്രീ മിഷനുമായി സഹകരിച്ചും സ്കൂൾ പി.റ്റി.എ, സ്കൂൾ മോണിറ്ററിംഗ് കമ്മിറ്റി യോഗങ്ങളിൽ രക്ഷകർത്താക്കളെകൂടി ഉൾപ്പെടുത്തിയും ബോധവത്കരണ ക്ലാസ്സുകൾ നടത്തിവരുന്നുണ്ട്.

(853-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമല്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

[10.00 am]

## II. അടിയന്തരപ്രമേയം

### ഇക്കോ സെൻസിറ്റീവ് സോൺ

മി. സ്പീക്കർ: ഓർഡർ...ഓർഡർ... വന്യജീവി സങ്കേതങ്ങളുടെയും ദേശീയോദ്യാനങ്ങളുടെയും ചുറ്റും ഒരു കിലോമീറ്ററിൽ കുറയാത്ത ദൂരത്തിൽ ഇക്കോ സെൻസിറ്റീവ് സോൺ (ഇ.എസ്.ഇസഡ്)നിർബന്ധമാക്കണമെന്ന ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 03-06-2022-ലെ ഉത്തരവിനെത്തുടർന്ന് കർഷകരടക്കമുള്ള ലക്ഷക്കണക്കിന് ജനങ്ങൾക്കുണ്ടായിട്ടുള്ള ആശങ്ക പരിഹരിക്കാൻ സർക്കാർ പരാജയപ്പെട്ട ഗുരുതരമായ സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ സണ്ണി ജോസഫ്, പി. കെ. ബഷീർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം

നോട്ടീസ് നൽകിയിട്ടുണ്ട്.

ഈ വിഷയം ഇപ്പോൾ നമ്മൾ വിശദമായിതന്നെ ചോദ്യം നമ്പർ (*63)-ൽ ചർച്ച ചെയ്തതാണ്. മാത്രമല്ല 28-06-2022-ന് ശ്രദ്ധക്ഷണിക്കലായും ഈ വിഷയം സഭയിൽ വന്നതാണ്. ബഹുമാനപ്പെട്ട അംഗങ്ങൾക്കെല്ലാവർക്കും ആവശ്യമാണെങ്കിൽ അനുവദിക്കാവുന്നതാണ്, വിരോധമില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഒന്നാമത് ഭരണകക്ഷിയിൽനിന്നും ഒരംഗം ശ്രദ്ധക്ഷണിക്കൽ ആവശ്യപ്പെടുന്നു; അതിന് മന്ത്രി മറുപടി പറയുന്നു; അതേ വിഷയത്തിൽ ഇവിടെ ഒരു ചോദ്യോത്തരം വരുന്നു. പക്ഷെ ഇതിൽനിന്നെല്ലാം വളരെ വ്യത്യസ്തമാണ് അടിയന്തരപ്രമേയം. കേരളത്തിലെ ലക്ഷക്കണക്കിന് ആളുകളെ ബാധിക്കുന്ന ഒരു വിഷയം രണ്ട് മണിക്കൂർ ചർച്ച ചെയ്യണമെന്നതാണ് ഞങ്ങളുടെ ആവശ്യം.

മി. സ്പീക്കർ: ചെയറിന് അക്കാര്യത്തിൽ തർക്കമില്ല. രണ്ട് തവണ സഭയിൽ വന്നതും വിശദമായി പരിഗണിച്ച കാര്യമായതുകൊണ്ടുമാണ് അങ്ങനെ പറഞ്ഞത്.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ,

ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങൾ അടിയന്തരപ്രമേയത്തിലൂടെ ഉന്നയിക്കാൻ ശ്രമിച്ചത് 03-06-2022-ലെ സുപ്രീംകോടതിവിധിയെ തുടർന്നുണ്ടായ പ്രശ്നങ്ങളാണ്. സർക്കാർ സ്വീകരിച്ച നടപടികൾ വേണ്ടത്ര ഫലപ്രദമല്ലെന്നതാണ് മറ്റൊരു കാര്യമായി ചൂണ്ടിക്കാണിച്ചിട്ടുള്ളത്. ഇതിലും കൂടുതൽ ഫലപ്രദമായ നടപടികൾ ഏത് സർക്കാരാണ് സ്വീകരിക്കുക? 03-06-2022-ന് ഉത്തരവ് വന്നു; 04-06-2022-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ചർച്ച നടത്തി; അദ്ദേഹംതന്നെ ഇക്കാര്യത്തിൽ ജനവാസകേന്ദ്രങ്ങളെ ഒഴിവാക്കുന്ന നിലപാടാണ് സർക്കാരിനുള്ളതെന്ന് വ്യക്തമാക്കിയതിന്റെ അടിസ്ഥാനത്തിൽ 08-06-2022-ന് ഉദ്യോഗസ്ഥതലത്തിൽ ഉന്നതതലയോഗം ചേർന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിക്കാൻ തീരുമാനമെടുക്കുകയും സുപ്രീംകോടതി 12-06-2022-ന് ഇക്കാര്യങ്ങൾ പരിഗണിക്കുന്ന മുറയ്ക്ക് ഈ കാര്യവുമായി മുന്നോട്ടുപോകാൻ തീരുമാനിക്കുകയും ചെയ്തു. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഉത്തരവിൽത്തന്നെ ചില കാര്യങ്ങൾ പറയുന്നുണ്ട്.

ആക്ഷേപമുള്ള പൊതുജനങ്ങൾ മുതൽ സംസ്ഥാന സർക്കാരുകൾ വരെയുള്ളവർക്ക് എംപവേർഡ് കമ്മിറ്റിയെ സമീപിക്കാവുന്നതാണെന്നും, ആ കമ്മിറ്റിക്ക് ബഹുമാനപ്പെട്ട കേന്ദ്ര ഗവൺമെന്റിന്റെ വനം പരിസ്ഥിതി

മന്ത്രാലയത്തെ സമീപിച്ച് അവരുടെ ശിപാർശയോടുകൂടി ബഹുമാനപ്പെട്ട സുപ്രീംകോടതിയെ വീണ്ടും സമീപിക്കാവുന്നതാണെന്നും സുപ്രീംകോടതി വ്യക്തമാക്കിയ സാഹചര്യത്തിൽ ഇപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് മലയോര മേഖലയിലെ ജനങ്ങളുടെ താൽപ്പര്യം സംരക്ഷിക്കാൻ സർക്കാരിന് കഴിയുമെന്നുതന്നെയാണ് ഇപ്പോഴും വിശ്വസിക്കുന്നത്. കേന്ദ്രം ആവശ്യപ്പെട്ടതുപോലുള്ള വിശദമായ സ്ഥിതിവിവര കണക്കുകൾ ചേർത്തുകൊണ്ടുള്ള 22 പ്രൊപ്പോസലുകൾ ഇപ്പോൾ കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിലാണ്. അതുതന്നെ സുപ്രീംകോടതിയിലേയ്ക്ക് ഫോർവേർഡ് ചെയ്താൽ മതിയാകുമെന്ന ഒരു ഉപദേശവും കിട്ടിയിട്ടുണ്ട്. അതുകൊണ്ടാണ് ഇക്കാര്യത്തിൽ അന്തിമമായ തീരുമാനമെടുക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ശ്രമിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട അംഗങ്ങൾ അടിയന്തരപ്രമേയത്തിൽ ചൂണ്ടിക്കാണിച്ചതുപോലെ ഈ പ്രശ്നം പരിഹരിക്കുന്ന കാര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള അലംഭാവമോ കാലതാമസമോ ഉണ്ടാകാത്ത സാഹചര്യത്തിൽ ഇത്തരമൊരു അടിയന്തരപ്രമേയത്തിന് സാഹചര്യമില്ല. പ്രശ്നങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്. ഗവൺമെന്റിന്റെ ഭാഗത്തുനിന്നും യാതൊരു അലംഭാവവും ഉണ്ടായിട്ടില്ല,

ശ്രീ. സണ്ണി ജോസഫ്: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ

ഇക്കാര്യം നിസ്സാരമല്ല, വളരെ ഗൗരവമുള്ള വിഷയം തന്നെയാണ്. കേരളത്തിലെ ജനങ്ങൾ പലഭാഗത്തും സമരത്തിലാണ്. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 03-06-2022-ലെ ഉത്തരവ് നാഷണൽ പാർക്കുകളുടെയും വന്യജീവി സങ്കേതങ്ങളുടെയും ഒരു കിലോമീറ്ററിൽ കുറയാത്ത ദൂരത്തിൽ ESZ (Ecologically Sensitive Zone) ആയി പ്രഖ്യാപിക്കണമെന്നുള്ളതാണ്. കേരളത്തിൽ ഇത്തരത്തിലുള്ള 24 സംരക്ഷിത പ്രദേശങ്ങളാണുള്ളത്. അവിടത്തെ ജനങ്ങൾ സമരത്തിലാണ്. ഇടുക്കിയിലും വയനാട്ടിലും കോഴിക്കോട്ടും കണ്ണൂരിലുമൊക്കെ ഹർത്താലുകൾ നടന്നു; ഇന്നും പ്രമുഖരായ പല വ്യക്തികളും ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ കാണാൻ വരുന്നുവെന്ന് പത്രവാർത്തകളുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽ ഞാൻതന്നെ സമരമുൾപ്പെടെയുള്ള എട്ടോളം യോഗങ്ങളിൽ ഈ വിഷയം സംബന്ധിച്ച് പ്രസംഗിച്ചിട്ടുണ്ട്; ഇവിടെ ഇരിക്കുന്ന പലരും അതിൽ പങ്കെടുത്തിട്ടുമുണ്ട്. ഡോ. എം. കെ. മുനീർ ഇക്കാര്യത്തിൽ ഉപവാസം നടത്തിയതായാണ് ഞാൻ മനസ്സിലാക്കുന്നത്. വന്യജീവി സങ്കേതങ്ങളുടെ അതിർത്തി പ്രദേശങ്ങളോട് ചേർന്നുകിടക്കുന്ന കേരളത്തിന്റെ പ്രദേശങ്ങൾ പട്ടണപ്രദേശങ്ങൾതന്നെയാണ്. വയനാട്ടിലെ ബത്തേരി സിവിൽ സ്റ്റേഷനും കെ.എസ്.ആർ.ടി.സി. ഡിപ്പോയും

ഇടുക്കിയിൽ കുമളിയും തേക്കടിയും വനപ്രദേശത്തോട് ചേർന്നാണ് സ്ഥിതിചെയ്യുന്നത്. ഇത് മൂന്നാറിനെയും കോഴിക്കോട് ജില്ലയിലെ പട്ടണങ്ങളെയും ബാധിക്കും. കണ്ണൂരിലെ കൊട്ടിയൂരിൽ വിമാനത്താവള റോഡ് ഈ പ്രദേശത്തോട് ചേർന്നാണ് കിടക്കുന്നത്. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ശ്രീ. എൻ. ഷംസുദ്ദീൻ ഇവിടെ പറഞ്ഞതുപോലെ മണ്ണാർക്കാട് പ്രദേശത്തെ ഇത് വളരെ ഗൗരവമായി ബാധിക്കും. സുപ്രീംകോടതി ഉത്തരവിന്റെ 44(e)-യിൽ പറഞ്ഞിരിക്കുന്നത് '....No new permanent structure shall be permitted to come up for whatsoever purpose within the ESZ' എന്നാണ്. പുതിയ ഒരു നിർമ്മാണവും പാടില്ല, നിലവിലുള്ള നിർമ്മാണങ്ങളെക്കുറിച്ച് സർക്കാർ മൂന്ന് മാസത്തിനുള്ളിൽ കണക്ക് കൊടുക്കണം; അതുമാത്രമല്ല, ആശുപത്രി, സ്കൂൾ, വീട്, സ്വന്തമായി സ്ഥാപനങ്ങൾ എന്നിവയുള്ള വ്യക്തികൾ ചീഫ് വൈൽഡ് ലൈഫ് വാർഡന് അപേക്ഷ സമർപ്പിച്ച് ആറ് മാസത്തിനുള്ളിൽ സാംഗ്ഷൻ വാങ്ങിയിരിക്കണം. കേരളത്തിൽ അനുവദനീയമായ സ്ഥാപനങ്ങൾ ഈ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥലത്തുപോലും ഒരു മാസത്തിനുള്ളിൽ അപേക്ഷ കൊടുത്ത് അനുമതി വാങ്ങിയിരിക്കണം. ഗവൺമെന്റ് കണക്കെടുപ്പുപോലും മൂന്ന് മാസത്തിനുള്ളിൽ പൂർത്തിയാകില്ല,

24 പ്രദേശത്തെ രണ്ട് സ്ഥലത്തേയ്ക്ക് ചുരുക്കാനാണ് ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്. ഇപ്പോൾത്തന്നെ ധാരാളം നിയന്ത്രണങ്ങളുണ്ട്. കോഴിക്കോട്, വയനാട് എന്നിവിടങ്ങളിൽനിന്നും കർണ്ണാടകത്തിലേയ്ക്ക് രാത്രി യാത്ര നിരോധിച്ചിരിക്കുകയാണ്. തലശ്ശേരിയിൽനിന്നും കണ്ണൂരിൽനിന്നും മൈസൂരിലേയ്ക്കുള്ള ഇന്റർസ്റ്റേറ്റ് റോഡിലാണ് കൂട്ടുപുഴ പാലം. നൂറ് വർഷങ്ങൾക്ക് മുൻപ് നിർമ്മിച്ച ആ പാലം പുതുക്കിപ്പണിയാൻ തീരുമാനിച്ച് പാലം പണി പകുതിയായപ്പോഴാണ് കർണ്ണാടകത്തിലെ വനംവകുപ്പ് ഉദ്യോഗസ്ഥർ അതിനെ തടഞ്ഞത്. മൂന്ന് വർഷം അവിടെ പണി നിലച്ചു. ഞാൻ അതിനുവേണ്ടി പത്ത് പ്രാവശ്യമെങ്കിലും ബാംഗ്ലൂരിൽ പോയി കർണ്ണാടകത്തിലെ വനംവകുപ്പ് മന്ത്രിയുൾപ്പെടെയുള്ളവരെയും ഉദ്യോഗസ്ഥരെയും കണ്ടിട്ടുണ്ട്. അവർ പറഞ്ഞത്, 'There is no existing bridge' എന്നാണ്. സ്വാതന്ത്ര്യത്തിനുമുൻപ് പണിത പാലം അവിടെ നിൽക്കുകയാണ്. അതിന് വീതി കുറവും ബലക്ഷയവുമുള്ളതുകൊണ്ടാണ് പുതിയ പാലം പണിയാൻ പോയത്. കഴിഞ്ഞ ദിവസം വനംവകുപ്പിന്റെ സബ്ജക്ട് കമ്മിറ്റി യോഗം ചേർന്നപ്പോൾ ശ്രീ. സി. കെ. ഹരീന്ദ്രൻ എം.എൽ.എ., അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിലെ അമ്പൂരി പഞ്ചായത്തിൽ നെയ്യാർ വന്യജീവി സങ്കേതത്തോടുചേർന്ന് പട്ടികവർഗ

കോളനിയിലേയ്ക്ക് ഒരു റോഡ് പണിയാൻ ആറ് കൊല്ലത്തിനുമുൻപ് പി.എം.ജി.എസ്.വൈ. പദ്ധതിയിൽ 8 കോടി രൂപ അനുവദിച്ചെങ്കിലും വനം വകുപ്പിന്റെ അനുമതി കിട്ടാത്തതുകൊണ്ട് ആ തുക ലാപ്സായിപ്പോയി എന്നാണ് പറഞ്ഞത്. ഇങ്ങനെയുള്ള സംഭവങ്ങൾ ഉള്ളപ്പോഴാണ് '....No new permanent structure shall be permitted to come up for whatsoever purpose within the ESZ' എന്നൊരു ഓർഡർ നിലനിൽക്കുന്നത്. കേരളത്തിന്റെ സവിശേഷത എന്താണ്? കേരളം ജനസാന്ദ്രതയിൽ വളരെ മുന്നിൽനിൽക്കുന്ന സംസ്ഥാനമാണ്. 2011-ലെ സെൻസസ് അനുസരിച്ച് ഒരു സ്ക്വയർ കിലോമീറ്ററിലെ ജനസാന്ദ്രത 860 ആണ്. ഇപ്പോഴത്തെ കണക്കനുസരിച്ച് അത് ആയിരത്തിലധികമായിട്ടുണ്ട്. കേരളത്തിന്റെ വനവിസ്തൃതി ആകെ സ്ഥലത്തിന്റെ 30 ശതമാനമാണ്. ഒരു സ്ക്വയർ കിലോമീറ്ററിൽ 860-ൽ കൂടുതൽ ജനസാന്ദ്രതയുള്ള സ്ഥലത്തിന്റെ 30 ശതമാനമാണ് കേരളത്തിന്റെ വനവിസ്തൃതിയെങ്കിൽ കർണ്ണാടകത്തിൽ ജനസാന്ദ്രത 350-ഉം വനവിസ്തൃതി 19 ശതമാനവുമാണ്. തമിഴ്നാട്ടിലെ ജനസാന്ദ്രത 319-ഉം വനവിസ്തൃതി കേവലം 17 ശതമാനവുമാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം ഇത്തരത്തിലുള്ള നിർദ്ദേശങ്ങളും നിയന്ത്രണങ്ങളും താങ്ങാൻ കഴിയാത്തതാണ്. കസ്തൂരിരംഗൻ റിപ്പോർട്ടിന്

ആധാരമായി ഹൈ ലെവൽ വർക്കിംഗ് ഗ്രൂപ്പ് പഠനം നടത്തിയപ്പോൾ അവർ പശ്ചിമഘട്ട മേഖല ഉൾപ്പെടുന്ന തെക്കൻ സംസ്ഥാനങ്ങളിൽ 4156 വില്ലേജുകളെയാണ് രാജ്യത്തൊട്ടാകെ ESA (Ecologically Sensitive Area)-ആയി പ്രഖ്യാപിച്ചത്. അങ്ങനെ വരുന്ന വില്ലേജുകളിൽ ആകെ 52 ലക്ഷം ജനങ്ങളാണുള്ളത്. ഇതിൽ കേരളത്തിൽ 123 വില്ലേജുകൾ മാത്രമാണുള്ളത്. 4156 വില്ലേജുകളിൽ 52 ലക്ഷം ജനങ്ങൾ വരുമ്പോൾ കേരളത്തിലെ 123 വില്ലേജുകളിൽ മാത്രമായി 22 ലക്ഷം ജനങ്ങളുണ്ട്. ബാക്കി 4033 വില്ലേജുകൾ ഉൾപ്പെടുന്ന അഞ്ച് സംസ്ഥാനങ്ങളിൽ 30 ലക്ഷം ജനങ്ങൾ മാത്രമുള്ളപ്പോൾ കേരളത്തിൽ 123 വില്ലേജുകളിലായി 22 ലക്ഷം ജനങ്ങളാണുള്ളത്. കേരളത്തിൽ അതിവേഗതയിലുള്ള നഗരവത്കരണമാണ് നടക്കുന്നത്. ഈ ഉത്തരവിലെ 42-ാം പാരഗ്രാഫിൽ മുംബൈയിലെ സഞ്ജയ് ഗാന്ധി നാഷണൽ പാർക്കും ചെന്നൈയിലെ Guindy നാഷണൽ പാർക്കും പട്ടണങ്ങളോട് ചേർന്ന് കിടക്കുന്നതുകൊണ്ട് സ്പെഷ്യൽ കേസ്സായി ട്രീറ്റ് ചെയ്യണമെന്ന് സുപ്രീംകോടതി പറഞ്ഞിട്ടുണ്ട്. രാജസ്ഥാനിലെ Jamwa Ramgarh-ൽ നിലവിൽ ക്വാറികൾ പ്രവർത്തിക്കുന്നുണ്ട്. അവിടെ നിലവിലുള്ള സംവിധാനങ്ങൾക്ക് 500 മീറ്റർ പരിധി നിശ്ചയിക്കണമെന്ന് സുപ്രീംകോടതിയുടെ ഉത്തരവിൽ പറഞ്ഞിട്ടുണ്ട്. കേരളം ഈ കേസ്

നന്നായി നടത്തിയിട്ടില്ല. അതിനെക്കുറിച്ചുള്ള കാര്യങ്ങൾ സത്യസന്ധമായി സംസാരിക്കണം. ഗവൺമെന്റിന്റെ 2019 ഒക്ടോബർ 31-ലെ ഉത്തരവ് പ്രകാരമാണ് പരിധി കൂട്ടിയത്. ....(ബഹളം).... Definitely I am coming to that point.

മി. സ്പീക്കർ: അങ്ങ് ചെയറിനെ അഭിസംബോധന ചെയ്യൂ. എല്ലാവരോടും മറുപടി പറയാൻ പറ്റുമോ?

ശ്രീ. സണ്ണി ജോസഫ്: സർ, ക്രൂഷ്യൽ ഇഷ്യൂ എന്താണ്? ജനവാസ കേന്ദ്രങ്ങളെ പൂർണ്ണമായും ഇക്കോ സെൻസിറ്റീവ് സോണിൽനിന്നും ഒഴിവാക്കണമെന്നുള്ളതാണ് പ്രധാന വിഷയം. ബഹുമാനപ്പെട്ട മന്ത്രിയും ഭരണകക്ഷി അംഗങ്ങളും മനസ്സിലാക്കാൻവേണ്ടി അടിവരയിട്ട് പറയുകയാണ്. 2013-ലെ തീരുമാനമെന്തായിരുന്നു? ജനവാസ കേന്ദ്രങ്ങളെ പൂർണ്ണമായും ഒഴിവാക്കിക്കൊണ്ട്.... ഞാൻ വായിക്കുന്നത് 31-10-2019-ലെ ഉത്തരവാണ്. ...(ബഹളം)....

മി. സ്പീക്കർ: അതുകൊണ്ടാണ് അങ്ങയോട് തുടക്കംമുതൽ ചെയറിനെ നോക്കി സംസാരിക്കണമെന്ന് പറയുന്നത്. അങ്ങോട്ട് തിരിഞ്ഞുനിന്നാണ് അങ്ങ് സംസാരിക്കുന്നത്. അവിടെനിന്ന് വരുന്ന എല്ലാ അശരീരികൾക്കും

മറുപടി പറയാൻ നിൽക്കരുത്. ചെയറിനെ അഭിസംബോധന ചെയ്ത് പ്രസംഗിക്കുക.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, ഇത് 31-10-2019-ലെ ഉത്തരവാണ്. ബഹുമാനപ്പെട്ട മന്ത്രി അത് വായിക്കണം. .... (ബഹളം).... ആ ഉത്തരവ് എന്തായിരുന്നു? 08-05-2013-ലെ ഉത്തരവ് റദ്ദ് ചെയ്യണമെന്നാണ് പറഞ്ഞത്. എന്തിനാണ് റദ്ദ് ചെയ്യുന്നത്? ....(ബഹളം).... 08-05-2013-ലെ മന്ത്രിസഭാ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സംരക്ഷിത പ്രദേശങ്ങൾക്ക് പുറത്തുള്ള മനുഷ്യവാസ കേന്ദ്രങ്ങളെ ഒഴിവാക്കി സംരക്ഷിത പ്രദേശങ്ങളുടെ ഇക്കോ സെൻസിറ്റീവ് സോണിനെ സംബന്ധിച്ച് ചീഫ് വൈൽഡ് ലൈഫ് വാർഡൻ നൽകിയ കരട് വിജ്ഞാപനം പരിഷ്കരിക്കേണ്ടതുണ്ട്. ഇത് 2019-ലെ ഉത്തരവാണ്. വൈൽഡ് ലൈഫ് വാർഡൻ കൺവീനറായും ഇക്കോളജിസ്റ്റ്, ബി.ഡി.ഒ., തഹസിൽദാർ എന്നിവർ അംഗങ്ങളായും 2011-ൽ ഒരു സമിതി രൂപീകരിക്കുകയുണ്ടായി. തുടർന്ന്, ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപനത്തിനായി ചീഫ് വൈൽഡ് ലൈഫ് വാർഡൻ കരട് റിപ്പോർട്ട് തയ്യാറാക്കി. 08-05-2013-ൽ മന്ത്രിസഭാ യോഗം കരട് റിപ്പോർട്ട് പരിഗണിക്കുകയും സംരക്ഷിത പ്രദേശത്തിന് പുറത്തുള്ള

എല്ലാ മനുഷ്യവാസ കേന്ദ്രങ്ങളെയും ഇക്കോ സെൻസിറ്റീവ് സോണുകളുടെ പരിധിയിൽനിന്നും ഒഴിവാക്കിക്കൊണ്ട് പ്രൊപ്പോസൽ അയയ്ക്കാൻ തീരുമാനിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം 2-ലെ കത്ത് പ്രകാരം 22 സംരക്ഷിത പ്രദേശങ്ങളെ ഉൾപ്പെടുത്തി ഇക്കോ സെൻസിറ്റീവ് സോണുകൾ സംബന്ധിച്ച കരട് നിർദ്ദേശങ്ങൾ 13-05-2015-ൽ കേന്ദ്രത്തിന് സമർപ്പിക്കുകയും ചെയ്തു. 2015-ൽ സർക്കാർ സമർപ്പിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വിവിധ സംരക്ഷിത പ്രദേശങ്ങൾക്കായി കേന്ദ്രം കരട് വിജ്ഞാപനം പുറപ്പെടുവിച്ചു. തുടർന്ന് 2016-ൽ ന്യൂഡൽഹിയിൽ നടന്ന വിദഗ്ദ്ധസമിതി യോഗത്തിൽ കേരള സർക്കാർ സമർപ്പിച്ച കരട് നിർദ്ദേശങ്ങൾ പരിഗണിക്കുകയുണ്ടായി. എന്നാൽ വിദഗ്ദ്ധ സമിതി ആവശ്യപ്പെട്ട നിർദ്ദേശങ്ങൾ സമയബന്ധിതമായി നൽകാത്തതിനെത്തുടർന്ന് 2018-ഓടെ കരട് വിജ്ഞാപനങ്ങൾ കാലഹരണപ്പെട്ടു. ജനവാസ കേന്ദ്രങ്ങളെ പൂർണ്ണമായി ഒഴിവാക്കാമെന്നതായിരുന്ന 08-05-2013-ലെ ഗവൺമെന്റ് തീരുമാനം. മറ്റ് സംയോജിത പ്രദേശങ്ങളുണ്ടെന്ന് പറഞ്ഞാൽ എന്താണർത്ഥം.? ഒരു വന്യജീവി സങ്കേതത്തിന്റെ അതിർത്തി മറ്റൊരു വന്യജീവി സങ്കേതമാകും. അവിടെ ഇക്കോ സെൻസിറ്റീവ് സോൺ എത്രവേണമെങ്കിലുമാകാം.

ജനവാസ കേന്ദ്രങ്ങളെ പൂർണ്ണമായി ഒഴിവാക്കി മറ്റ് പ്രദേശങ്ങളെ ഉൾപ്പെടുത്താമെന്നതാണ് 2013-ലെ ഉത്തരവ്. കൊട്ടിയൂർ വന്യജീവി സങ്കേതം കർണ്ണാടക വന്യജീവി സങ്കേതവുമായി ലിങ്ക് ചെയ്തു കിടക്കുകയാണ്. അതിന്റെ അതിർത്തിയിൽ ഇക്കോ സെൻസിറ്റീവ് സോൺ എത്രവേണമെങ്കിലുമാകാം. ജനവാസ കേന്ദ്രങ്ങളെക്കുറിച്ച് മാത്രമെ ഞങ്ങൾക്ക് താൽപര്യമുള്ളു. 2019-ൽ നിങ്ങളത് ശ്രദ്ധിച്ചില്ല, പകരം മുട്ടിൽ മരം മുറിച്ച് മാറ്റുകയും മുല്ലപ്പെരിയാറിൽ മരം മുറിച്ചെടുക്കുകയുമായിരുന്നു. ഈ കാര്യം ജനങ്ങളുടെ പക്ഷത്തുനിന്നും ചിന്തിക്കണം. ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

വനം-വന്യജീവി വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>): സർ, ഈ അടിയന്തരപ്രമേയത്തിന്റെ ഉദ്ദേശ്യം സുവ്യക്തമാക്കുംവിധത്തിലാണ് ബഹുമാനപ്പെട്ട മെമ്പർ കാര്യങ്ങൾ വിശദീകരിച്ചത്. അങ്ങ് വായിച്ചതിൽ ഒരു ഭാഗം വിട്ടുകളഞ്ഞു. ജനവാസ കേന്ദ്രങ്ങൾ പൂർണ്ണമായും ഒഴിവാക്കി നിർത്തുന്നുവെന്ന് പറയുമ്പോൾ കിലോമീറ്റർ എത്രയാണ്? 0 മുതൽ 12 വരെയാണ്. ....(ബഹളം).... മന്ത്രിസഭാ യോഗത്തിന്റെ തീരുമാനമാണ് ഞാൻ വായിക്കുന്നത്. 08-05-2013-ാം തീയതിയിലെ മന്ത്രിസഭാ

യോഗത്തിലെ ഇനം നമ്പർ: 3443, വനം വന്യജീവി വകുപ്പ് സംരക്ഷിത മേഖലകൾക്ക് ചുറ്റും ഇക്കോ സെൻസിറ്റീവ് മേഖലയായി പ്രഖ്യാപിക്കുന്നത് സംബന്ധിച്ച വിഷയത്തിലെ നിർദ്ദേശത്തിൽ വനപ്രദേശത്തിന് ചുറ്റുമുള്ള ജനവാസ കേന്ദ്രങ്ങൾ ഒഴിവാക്കി സംരക്ഷിത മേഖലകൾക്ക് ചുറ്റും... " എന്നതിൽ " 0-12 കി. മീറ്റർ വരെ...." എന്ന ഭാഗം അങ്ങ് വിട്ടുകളഞ്ഞു. അതുകഴിഞ്ഞ് 2019-ൽ 0-1 ആക്കി തിരുത്തി. 12 ആണോ 1 ആണോ ജനങ്ങളോട് താൽപര്യമുള്ള ഭാഗം? തിരുത്താൻ മറ്റൊരു കാരണം കൂടിയുണ്ടായിരുന്നു. 2018-ലെ അസാധാരണമായ വെള്ളപ്പൊക്കവും ഉരുൾപൊട്ടലും നമ്മുടെ നേരത്തെയുള്ള തീരുമാനം കാരണമാണ് സംഭവിച്ചതെന്ന പരാതി പല മേഖലകളിൽനിന്നും ഉയർന്നുവന്നു. അത് ശരിയാണോ എന്ന് പരിശോധിച്ചതിനുശേഷമാണ് 2020-ൽ മന്ത്രിസഭാ യോഗം തീരുമാനമെടുത്തത്. അന്നത്തെ വനം വകുപ്പുമന്ത്രി ശ്രീ. കെ. രാജു ഉന്നതതലയോഗം വിളിക്കുകയും 2019-ൽ പുറപ്പെടുവിച്ച ഉത്തരവ് ആവശ്യമില്ലെന്ന് ബോധ്യപ്പെട്ടതിനെത്തുടർന്ന് തിരുത്താൻ തീരുമാനിക്കുകയും ചെയ്തു. ആ തിരുത്തൽകൂടി ഉൾക്കൊള്ളിച്ചുകൊണ്ടുള്ള നിർദ്ദേശങ്ങളാണ് 2020-ൽ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുള്ളത്. ഇതാണ് സത്യം. പക്ഷെ, മുട്ടിൽ മരം മുറിയുടെ കാര്യം പറഞ്ഞുകൊണ്ട് ഒരു

കാര്യംകൂടി ഞാൻ ചൂണ്ടിക്കാണിക്കുന്നു. ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കരുതെന്ന കാര്യം ഞാൻ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. താങ്കൾ ഉൾപ്പെടെ ജനങ്ങളെ ബോധ്യപ്പെടുത്താനാണ് ശ്രമിക്കേണ്ടത്. 2011-2016 കാലത്ത് നിയമസഭയിലുണ്ടായിരുന്ന എം.എൽ.എ.-മാരിൽ കുറേപേർ ഇപ്പോഴും ഇവിടെയുണ്ട്. അന്ന് ഈ നിയമസഭയിൽ ഹരിത എം.എൽ.എ.-മാരുണ്ടായിരുന്നു. അന്തരിച്ച പി. ടി. തോമസിനെക്കുറിച്ച് ഇവിടെ പരാമർശിക്കേണ്ടിവന്നതിൽ എനിക്ക് ബുദ്ധിമുട്ടുണ്ട്. അദ്ദേഹമാണ് ശരിയെന്ന് ഞങ്ങൾക്ക് ബോധ്യപ്പെട്ടുവെന്ന് കെ.പി.സി.സി. പ്രസിഡന്റ് പ്രഖ്യാപിച്ചത് മരണത്തിനുശേഷം അദ്ദേഹത്തെ അനുസ്മരിച്ചുകൊണ്ടാണ്. ആ ഭാഗത്താണോ നിങ്ങൾ നിൽക്കുന്നത്? അങ്ങനെ പറയേണ്ടിവന്നതിൽ എനിക്ക് പ്രയാസമുണ്ട്. മുട്ടിൽ മരം മുറി കൂട്ടിച്ചേർത്തൊന്നും വീഴ്ത്താൻ നിങ്ങൾ ശ്രമിക്കേണ്ട. ജനങ്ങളെ ബാധിക്കുന്ന ഗുരുതരമായ പ്രശ്നത്തെക്കുറിച്ചാണ് ഇവിടെ സംസാരിക്കുന്നത്. ആ പ്രശ്നത്തിൽ ശ്രീ. ജയറാം രമേശ് മുതൽ ശ്രീ. വി. ഡി. സതീശൻ വരെയുള്ളവർ........ അധികം ആളുകളുടെ പേര് പറഞ്ഞ് തർക്കമുണ്ടാക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. ജനങ്ങളെ എങ്ങനെ സഹായിക്കാമെന്നതിനെക്കുറിച്ച് ധാരണയുണ്ടാക്കലാണ് വനം

വകുപ്പുമന്ത്രിയെന്ന നിലയ്ക്ക് ഗവൺമെന്റിന്റെ പ്രതിനിധിയായ എന്റെ ഉദ്ദേശ്യം. ഈ വിഷയം ഗൗരവമുള്ളതാണ്. ആ ഗൗരവത്തിന്റെ എല്ലാ അർത്ഥതലങ്ങളും ഉൾക്കൊണ്ടുകൊണ്ട് ഗവൺമെന്റ് പ്രവർത്തിക്കുകയാണ്. വനമേഖലയിലെ ജനങ്ങളുടെ താല്പര്യം സംരക്ഷിക്കുന്നതിന് സർക്കാർ പ്രതിബദ്ധമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉൾപ്പെടെ ഇത്തരമൊരു കാര്യം കേരള നിയമസഭയുടെ ചരിത്രത്തിൽ ഒരിക്കലുമുണ്ടാകാത്ത വിധത്തിൽ അത്രയും പ്രാധാന്യത്തോടും ഗൗരവത്തോടും ഏറ്റെടുത്ത സാഹചര്യത്തിൽ സഭ നിർത്തിവയ്ക്കേണ്ട ഒരു സാഹചര്യവും ഇപ്പോഴില്ല. ഇനിയും കൂടുതൽ കാര്യക്ഷമതയോടുകൂടി പ്രവർത്തിച്ച് ഈ വിഭാഗം ജനങ്ങളുടെ താല്പര്യം സംരക്ഷിക്കാൻ ഏതറ്റംവരെയും പോകാൻ സർക്കാർ തയ്യാറാണെന്ന് സഭയെ അറിയിക്കാൻ ഈ സന്ദർഭം ഉപയോഗപ്പെടുത്തുന്നു. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, 2022 ജൂണിൽ

ബഹുമാനപ്പെട്ട സുപ്രീംകോടതി പുറപ്പെടുവിച്ച വിധി കേരളത്തെ ഗൗരവമായി ബാധിക്കുന്ന ഒന്നാണെന്ന കാര്യത്തിൽ നമുക്കാർക്കും തർക്കമില്ല. കേരളത്തിലെ ഇരുപതോളം പട്ടണങ്ങളെയും ഒരു ലക്ഷത്തിലധികം കുടുംബങ്ങളെയും രണ്ടര ലക്ഷം ഏക്കർ സ്ഥലത്തേയും ഇത് ബാധിക്കും. ജനജീവിതത്തെയും അവരുടെ ഉപജീവന മാർഗ്ഗങ്ങളെയും അവിടത്തെ നിർമ്മിതികളെയുമെല്ലാം ഗുരുതരമായി ബാധിക്കുന്ന ഒന്നാണ് ഈ സുപ്രീംകോടതി വിധി. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ, സുപ്രീംകോടതിയുടെ ജഡ്ജ്മെന്റിൽ നമുക്ക് ഒരു വാതിൽ തുറന്നുതന്നിരിക്കുന്നു. "The minimum width of the ESZ may be diluted in overwhelming public interest but for that purpose the State or Union Territory concerned shall approach the CEC and MoEF&CC and both these bodies shall give their respective opinions/recommendations before this Court. On that basis, this Court shall pass appropriate order." കേരളത്തിലെ ഭൂപ്രദേശത്തിന്റെ മുപ്പത് ശതമാനവും വനമാണ്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ വനമേഖലയുള്ളതും ഏറ്റവും കൂടുതൽ ജനസാന്ദ്രതയുള്ളതുമായ സംസ്ഥാനം കേരളമാണ്. ജനസാന്ദ്രതയും കാർഷികമേഖലയും നിറഞ്ഞുനിൽക്കുന്ന ഇരുപതോളം

പട്ടണങ്ങളുള്ള ഈ പ്രദേശത്ത് ഇക്കോ സെൻസിറ്റീവ് സോൺ ഏർപ്പെടുത്തുന്നത് കേരളത്തിന് ദോഷകരമാണ്. അതുകൊണ്ട് കേരളത്തിന്റെ കാര്യത്തിലുള്ള ആ തീരുമാനം dilute ചെയ്യുന്നതിന് നമ്മൾ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കണം. അക്കാര്യത്തിലുള്ള പൂർണ്ണ പിന്തുണ പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നുണ്ടാകുമെന്ന് ഞാൻ ഉറപ്പുനൽകുകയാണ്. 2011-ലെ യു.പി.എ. ഗവൺമെന്റിന്റെ കാലത്താണ് പത്ത് കിലോമീറ്റർ ബഫർ സോണാക്കാനുള്ള തീരുമാനം വന്നതെന്ന് ഇവിടെ സംസാരിച്ചപ്പോൾ സൂചിപ്പിച്ചു, മുഖ്യമന്ത്രിയുടെ ഒരു പ്രസ്താവനയും കണ്ടു. അക്കാര്യം തെറ്റാണ്. 2002-ൽ ബി.ജെ.പി. ഗവൺമെന്റ് അധികാരത്തിലുണ്ടായിരുന്നപ്പോൾ 'Wildlife Conservation Strategy-2002' നടപ്പിലാക്കി. അതിലെ ഒൻപതാമത്തെ പോയിന്റാണ്, "lands falling within 10 Kms of the boundaries of National Parks and Sanctuaries should be notified as eco-fragile zones under section 3 (v) of the Environment (Protection) Act and Rule 5 Sub rule (viii) & (x) of the Environment (Protection) Rules." ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും വനംവകുപ്പുമന്ത്രിയോടും ഞാൻ പറയുകയാണ്, 2011-ലെ യു.പി.എ. ഗവൺമെന്റല്ല ഇത് തുടങ്ങിയത്. 2002-ലെ ബി.ജെ.പി. ഗവൺമെന്റിന്റെ

കാലത്തുള്ളത് വൈൽഡ് ലൈഫ് കൺസർവേഷൻ സ്ട്രാറ്റജി വിഷൻ-2002 ആണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ആ കാര്യം ശരിയാണ്. 2002-ൽ എൻ.ഡി.എ. ഗവൺമെന്റ് വൈൽഡ് ലൈഫ് കൺസർവേഷൻ സ്ട്രാറ്റജി പ്രകാരം ഇത്തരമൊരു നിർദ്ദേശം മുന്നോട്ടുവച്ചിരുന്നു. അങ്ങ് മറന്നുപോയതാണോ എന്നറിയില്ല, ശ്രീ. ജയറാം രമേശ് കേന്ദ്ര പരിസ്ഥിതി വകുപ്പുമന്ത്രിയായിരുന്നപ്പോഴാണ് 2011 ഫെബ്രുവരി 9-ന് മിനിസ്ട്രി ഓഫ് എൺവയോൺമെന്റ് ആൻഡ് ഫോറസ്റ്റിന്റെ നിർദ്ദേശം വരുന്നത്. അത് എൻ.ഡി.എ. ഗവൺമെന്റിന്റെ വൈൽഡ് ലൈഫ് കൺസർവേഷൻ സ്ട്രാറ്റജി നടപ്പിലാക്കാൻ ശ്രമിച്ചതിന്റെ ഭാഗമായി വന്നതല്ലേ? അതാണ് പ്രശ്നം.

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് വീണ്ടും തെറ്റിദ്ധരിച്ചിരിക്കുകയാണ്. 2010-ൽ നോയ്ഡ പാർക്കിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട കേസ്സിലെ സുപ്രീംകോടതി വിധിയെത്തുടർന്ന് കേന്ദ്ര ഗവൺമെന്റിന് ഒരു നിർദ്ദേശം കൊടുക്കുകയായിരുന്നു. അന്നത്തെ സെൻട്രൽ ഗവൺമെന്റിന്റെ വിഷൻ സ്ട്രാറ്റജി അനുസരിച്ച് ഈ പത്ത് കിലോമീറ്ററിൽ എന്താണ് ചെയ്യേണ്ടതെന്ന് സംസ്ഥാനങ്ങളോട് അഭിപ്രായം ചോദിക്കാൻ സുപ്രീംകോടതി കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടു.

മറുപടിക്ക് കാലതാമസം നേരിട്ടതിനാൽ സുപ്രീംകോടതി ultimatum കൊടുത്തു, നിരവധി പ്രശ്നങ്ങൾ ഇതുമായി ബന്ധപ്പെട്ടുണ്ടായിരുന്നു. സുപ്രീംകോടതി ഇടയ്ക്കിടെ താക്കീത് കൊടുക്കുമായിരുന്നു. സെൻട്രൽ ഗവൺമെന്റിന്റെ മിനിസ്ട്രി ഓഫ് എൻവയോൺമെന്റ് ആൻഡ് ഫോറസ്റ്റിൽനിന്നും എല്ലാ സംസ്ഥാനങ്ങൾക്കും സമ്മർദ്ദമുണ്ടായിരുന്നു. അങ്ങനെയാണ് 2013-ൽ സംസ്ഥാന ഗവൺമെന്റ്, ഉമ്മൻ ചാണ്ടി സർക്കാർ ഈ റിപ്പോർട്ട് കൊടുക്കുന്നത്. ഇവിടെ ശ്രീ. സണ്ണി ജോസഫ് വായിച്ചത് 2019-ലെ നിങ്ങളുടെ ഉത്തരവായിരുന്നു. 31-10-2019-ൽ ഒന്നാം പിണറായി സർക്കാരിന്റെ കാലത്തെ ഉത്തരവാണ്, മറ്റൊന്നുമല്ല ഞങ്ങൾ ക്വാട്ട് ചെയ്യുന്നത്. അതിൽ പറഞ്ഞിരിക്കുന്ന പശ്ചാത്തലം എന്താണ്? ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപനത്തിനായി ചീഫ് വൈൽഡ് ലൈഫ് വാർഡൻ ലഭ്യമാക്കിയ കരട് നോട്ടിഫിക്കേഷനുകൾ 08-05-2013-ൽ ചേർന്ന മന്ത്രിസഭായോഗം പരിഗണിക്കുകയും സംരക്ഷിത പ്രദേശങ്ങൾക്ക് പുറത്തുള്ള എല്ലാ മനുഷ്യവാസ കേന്ദ്രങ്ങളെയും ഇക്കോ സെൻസിറ്റീവ് സോണുകളുടെ പരിധിയിൽനിന്ന് ഒഴിവാക്കികൊണ്ട് പ്രൊപ്പോസൽ അയയ്ക്കാൻ തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 2015-ൽ സംരക്ഷിത പ്രദേശങ്ങൾ, ഇക്കോ സെൻസിറ്റീവ് സോണുകൾ സംബന്ധിച്ച

കരട് നിർദ്ദേശങ്ങൾ കേന്ദ്ര വനം മന്ത്രാലയത്തിലേയ്ക്ക് സമർപ്പിക്കുകയുമുണ്ടായി. നിങ്ങൾക്ക് ഇതിനകത്ത് എന്ത് ഡയല്യൂഷനാണ് വേണ്ടതെന്നാണ് കേന്ദ്ര ഗവൺമെന്റ് ചോദിച്ചത്. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ നിർദ്ദേശപ്രകാരം 2002-ന്റെ വിഷൻ അനുസരിച്ച് ജനവാസ കേന്ദ്രങ്ങളെ പൂർണ്ണമായും ഇതിൽനിന്നും ഒഴിവാക്കണമെന്നും പാറക്കെട്ടുകൾ, ചതുപ്പ്, ജലാശയങ്ങൾ എന്നിവയെല്ലാം സംരക്ഷിക്കണമെന്നമാണ് അന്നത്തെ ഗവൺമെന്റ് പറഞ്ഞത്. ഇത്തരത്തിലുള്ള പലസ്ഥലങ്ങളിലും ഫോറസ്റ്റ് ഏരിയകൂടി കടന്നുവരുന്നുണ്ട്. ജനവാസ കേന്ദ്രങ്ങളെ പൂർണ്ണമായും ഒഴിവാക്കണമെന്നതാണ് ഞങ്ങളുടെ ആവശ്യമെന്ന് പറഞ്ഞ് 2013-ൽ തീരുമാനമെടുക്കുകയും അത് 2015-ൽ സബ്മിറ്റ് ചെയ്യുകയും ചെയ്തതിനെതുടർന്ന് കേന്ദ്ര ഗവൺമെന്റ് പ്രിലിമിനറി നോട്ടിഫിക്കേഷൻ ഇറക്കി. 2016-ൽ കേന്ദ്ര എക്സ്പർട്ട് കമ്മിറ്റി ചേർന്ന് കുറച്ചുകൂടി സംശയങ്ങൾ ദൂരീകരിച്ച് നൽകാൻ സംസ്ഥാനത്തോട് ആവശ്യപ്പെട്ടു. 2016-ൽ നിങ്ങൾ അധികാരത്തിൽ വന്നിട്ടും 2018 വരെ മറുപടിയൊന്നും കൊടുത്തില്ല. അങ്ങനെ ആ പ്രിലിമിനറി നോട്ടിഫിക്കേഷൻ 2018-ൽ ലാപ്സായിപ്പോയി. ജനവാസ കേന്ദ്രങ്ങളെ ഒഴിവാക്കണമെന്ന് യു.ഡി.എഫ് സർക്കാർ ആവശ്യപ്പെട്ട കാര്യം നിങ്ങളുടെ ഉത്തരവിലുണ്ട്.

സംരക്ഷിത പ്രദേശങ്ങളോട് ചേർന്നുകിടക്കുന്ന മനുഷ്യവാസ കേന്ദ്രങ്ങളുൾപ്പെടെ സംരക്ഷിത പ്രദേശങ്ങൾക്കുചുറ്റുമുള്ള 0 മുതൽ 1 കിലോ മീറ്റർ ഭൂപ്രദേശം ഇക്കോ സെൻസിറ്റീവ് സോണായി തത്വത്തിൽ നിശ്ചയിച്ചുകൊണ്ട് കരട് വിജ്ഞാപന നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിന് നിങ്ങൾ അംഗീകാരം നൽകി. യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് മനുഷ്യവാസ കേന്ദ്രങ്ങൾ പൂർണ്ണമായും ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടു. എൽ.ഡി.എഫ് സർക്കാരിന്റെ ഉത്തരവിൽ മനുഷ്യവാസകേന്ദ്രങ്ങൾ ഉൾപ്പെടെ ഇക്കോ സെൻസിറ്റീവ് സോണായി പ്രഖ്യാപിക്കണമെന്ന് പറഞ്ഞതിനനുസരിച്ച് സുപ്രീംകോടതി വിധി വന്നു. 2021-ൽ പ്രകാശ് ജാവ്ദേക്കർ, ഒരു കിലോമീറ്റർ ദൂരത്ത് ഇക്കോ സെൻസിറ്റീവ് സോൺ സ്ഥാപിക്കുന്നതിന് കേരളം അനുകൂലമാണെന്ന് പാർലമെന്റിൽ പറഞ്ഞു. അവരുടെ റിപ്പോർട്ട് ഞങ്ങളുടെ കയ്യിലുണ്ട്. ആ റിപ്പോർട്ട് കേന്ദ്രസർക്കാർ സുപ്രീംകോടതിയിൽ കൊടുത്തിട്ടുണ്ട്. ജനവാസകേന്ദ്രങ്ങൾ ഉൾപ്പെടെ കേരളത്തിലെ ഒരു കിലോമീറ്റർ വരുന്ന സ്ഥലം ബഫർ സോണായി നിശ്ചയിക്കാമെന്ന റിപ്പോർട്ടാണ് സുപ്രീംകോടതിയുടെ മുമ്പിലുള്ളത്. സുപ്രീംകോടതി അത് നിശ്ചയിച്ചു. 2019-ലെ തീരുമാനങ്ങൾകൂടി കണക്കിലെടുത്തുകൊണ്ട് കേന്ദ്രസർക്കാർ സുപ്രീംകോടതിയിൽ സബ്മിറ്റ്

ചെയ്ത ഫയലിനെ സംബന്ധിച്ചാണ് ഞാൻ പറയുന്നത്. നിങ്ങൾ അതിനെതിരായി ഇടുക്കിയിലും വയനാട്ടിലും ഹർത്താൽ നടത്തി. നിങ്ങളുടെ ഉത്തരവാണ് സുപ്രീംകോടതി നടപ്പിലാക്കിയത്. ഇപ്പോൾ സുപ്രീംകോടതി വേറൊന്നും ചെയ്തിട്ടില്ലല്ലോ; ബഫർ സോൺ ഒരു കിലോമീറ്റർ ആക്കി.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, പ്രതിപക്ഷനേതാവ് കാര്യങ്ങൾ അവതരിപ്പിക്കുന്നത് തെറ്റിദ്ധരിപ്പിക്കാനാണ്. 2013-ലെ ഉത്തരവിൽ 0 മുതൽ 12 കി.മീ. വരെ എന്നുവച്ച ആ പ്രദേശങ്ങളിൽ ഒരു ജനവാസകേന്ദ്രവുമുണ്ടായിരുന്നില്ലെന്ന് ഉറപ്പിച്ച് പറയാൻ മലയോരമേഖലയിലെ ഏതെങ്കിലും എം.എൽ.എ.-യ്ക്ക് കഴിയുമോ? 2019-ലെ ഉത്തരവ് തിരുത്തി എന്ന വസ്തുത ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനറിയാം. കേരളം 2019-ൽ സമർപ്പിച്ച പ്രൊപ്പോസലാണ് അംഗീകരിച്ചതെന്ന വാദത്തിന് സമ്മതിച്ചാൽ, 2019-ലെ സുപ്രീംകോടതി ഉത്തരവെന്താണ്; 'നിർബന്ധമായും' 1 കിലോമീറ്റർ എന്നാണ്. 2019-ലെ ഉത്തരവെന്താണ്; 0 മുതൽ 1 വരെ എന്നാണ്. 22-23 സംരക്ഷിത പ്രദേശങ്ങളുള്ള സ്ഥലത്ത് 5-ഉം 10-ഉം 15-ഉം മീറ്ററാകാം. പരമാവധി ഒരു കിലോ മീറ്ററാണ്. കോടതി ഉത്തരവ് നിർഭാഗ്യവശാൽ വന്നത് 'നിർബന്ധമായും' എന്നാണ്. ഇതുതമ്മിൽ ഒരു വ്യത്യാസവുമില്ലെന്നാണ്

പ്രതിപക്ഷ നേതാവിന് തോന്നുന്നതെങ്കിൽ ഞാൻ അങ്ങയോട് എന്ത് പറയാനാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ വേറെ ഒരു സംഭവവും വായിച്ചില്ല. നിങ്ങളെല്ലാവരും വായിക്കണം. അതായത് 2013-ലെ യു.ഡി.എഫ്. സർക്കാർ ജനവാസ കേന്ദ്രങ്ങളെ പൂർണ്ണമായി ഒഴിവാക്കി ഈ പ്രദേശത്തെ സംരക്ഷിക്കണമെന്നാണ് ഉത്തരവിറക്കിയത്. എന്നാൽ 31-10-2019-ൽ ഇറക്കിയിരിക്കുന്ന സർക്കാർ ഉത്തരവിൽ 'ജനവാസകേന്ദ്രങ്ങൾ ഉൾപ്പെടെ' എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

മി. സ്പീക്കർ: പ്ലീസ്.....അവസാനിപ്പിക്കണം.

ശ്രീ. വി. ഡി. സതീശൻ: സർ, ഇപ്പോൾതന്നെ എന്റെ അഞ്ചുമിനിട്ട് നഷ്ടമായി. ഞാൻ മൂന്നോ നാലോ മിനിറ്റേ സംസാരിക്കുകയുള്ളൂ.

മി. സ്പീക്കർ: ഒരേ കാര്യമല്ലേ ആവർത്തിച്ചുകൊണ്ടിരിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സംസ്ഥാന സർക്കാരെടുത്ത നിലപാടാണ് സുപ്രീംകോടതി വിധിക്ക് ആധാരമായതെന്ന് പറഞ്ഞു. പക്ഷേ 2011 ഫെബ്രുവരിയിലെ കേന്ദ്ര-വനം-പരിസ്ഥിതി മന്ത്രാലയ നിലപാടിനെ അടിസ്ഥാനപ്പെടുത്തിയാണ് ഈ ഉത്തരവെന്ന് സുപ്രീംകോടതിതന്നെ

വ്യക്തമാക്കിയിട്ടുണ്ട്; അപ്പോൾ എങ്ങനെയാണ് സംസ്ഥാന ഗവൺമെന്റിന് ആ ഉത്തരവാദിത്വം വരിക?

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങനെയല്ല, സുപ്രീംകോടതി കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തോട് സംസ്ഥാനങ്ങളുടെ അഭിപ്രായം ചോദിച്ചു. സംസ്ഥാനങ്ങളുടെ അഭിപ്രായം ക്രോഡീകരിച്ചാണ് സുപ്രീംകോടതി വിധി വന്നിരിക്കുന്നത്. 2019-ൽ കേരള സർക്കാർ ഇതിന് സമ്മതിച്ചിട്ടുണ്ടെന്ന് കേന്ദ്ര പരിസ്ഥിതി മന്ത്രി ശ്രീ. പ്രകാശ് ജാവ്ദേക്കർ സമ്മതിക്കുകയുണ്ടായി. അതുകൊണ്ടാണ് നേരത്തെ ഇവിടെ ശ്രീ. സണ്ണി ജോസഫ് വായിച്ചപ്പോൾ 'ചില സംസ്ഥാനങ്ങളിൽ ചില പ്രദേശങ്ങൾ ഒഴിവാക്കിക്കൊടുത്തത്' എന്ന് പറഞ്ഞത്. കേന്ദ്ര സർക്കാർ ഇതെല്ലാം ക്രോഡീകരിച്ചുകൊടുത്ത റിപ്പോർട്ടിൽ, സുപ്രീംകോടതിയുടെ മുമ്പാകെയുള്ളത് 31-10-2019-ൽ അങ്ങ് അദ്ധ്യക്ഷത വഹിച്ച മന്ത്രിസഭാ യോഗമെടുത്ത തീരുമാനമാണ്. ഈ സർക്കാരിന്റെ ഗുരുതരമായ മൂന്ന് തെറ്റുകൾ തിരുത്താൻവേണ്ടിയാണ് ഞാൻ പറയുന്നത്. നിയമമല്ലാതെ മറ്റെന്തെങ്കിലും ഞാൻ പറയുന്നുണ്ടോ; നിയമസഭയും സർക്കാരും എന്താണ് തീരുമാനിക്കുന്നതെന്ന് അറിയാനും സുപ്രീംകോടതിയുടെ തീരുമാനം മാറ്റാനും ലക്ഷക്കണക്കിന് ആളുകൾ കാത്തിരിക്കുന്നു. കസ്തൂരിരംഗൻ കമ്മിറ്റി വന്നപ്പോൾ ഉമ്മൻ വി. ഉമ്മൻ

കമ്മിറ്റിയെ വച്ചുകൊണ്ട് 123 വില്ലേജുകളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിച്ചു. ടി റിപ്പോർട്ട് 2014-ൽ കേന്ദ്ര സർക്കാർ അംഗീകരിച്ചു. പ്രിലിമിനറി നോട്ടിഫിക്കേഷൻ ഇഷ്യൂ ചെയ്തു. ബഹുമാനപ്പെട്ട സ്പീക്കർ, അങ്ങേയ്ക്കറിയാമല്ലോ; അങ്ങ് പാർലമെന്റിൽ ഉണ്ടായിരുന്നയാളാണ്. പിന്നീട് അവർ വിശദാംശം ചോദിച്ചു. അത് ഇതുവരെ സംസ്ഥാന സർക്കാർ കൊടുത്തിട്ടില്ല. കേന്ദ്ര സർക്കാർ നാല് പ്രാവശ്യം ആ പ്രിലിമിനറി നോട്ടിഫിക്കേഷൻ എക്സ്റ്റന്റ് ചെയ്തിട്ടും അധികവിവരം കൊടുത്തിട്ടില്ല. ഫൈനൽ നോട്ടിഫിക്കേഷൻ വരുന്നതിനുമുമ്പ് നിങ്ങൾ അത് കൊടുത്തില്ലെങ്കിൽ അപകടകരമായ രീതിയിലേക്ക് കാര്യങ്ങൾ പോകും. പിന്നെ ഞാൻ പറഞ്ഞത് ഈ മന്ത്രിസഭാ യോഗത്തിലെ തീരുമാനമാണ്. ഈ മൂന്ന് തീരുമാനങ്ങളും ഗുരുതരമായി ബാധിച്ചിട്ടുണ്ട്.

മി. സ്പീക്കർ: അവസാനിപ്പിക്കൂ. പൊതുവിൽ സഭയുടെ വികാരം വ്യക്തമായല്ലോ?

ശ്രീ. വി. ഡി. സതീശൻ: എന്റെ പേര് പരാമർശിച്ചുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയുൾപ്പെടെയുള്ളവർ ഒരു കാര്യം പറഞ്ഞു: 2011-ൽ സുപ്രീംകോടതിയുടെ ആവശ്യത്തെത്തുടർന്ന് റിപ്പോർട്ട് കൊടുക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ വൈൽഡ് ലൈഫ്

ബോർഡിന്റെ അഭിപ്രായം ചോദിച്ചു. അന്ന് മന്ത്രിയായിരുന്നത് ശ്രീ. കെ. ബി. ഗണേഷ് കുമാറാണ്. അദ്ദേഹം അതിൽ അംഗങ്ങളായ എം.എൽ.എ.-മാരായ എന്നെയും ശ്രീ. ടി. എൻ. പ്രതാപൻ, ശ്രീ. എൻ. ഷംസുദ്ദീൻ എന്നിവരെയും മൂന്ന് ജില്ലകളിലേക്കയച്ചു. ഞാൻ ഇടുക്കി ജില്ലയിൽ പോയി 10 കി.മീ. ബഫർ സോൺ വരുന്ന സ്ഥലത്ത് എന്തെല്ലാം മാറ്റങ്ങൾ വരുത്താമെന്ന് ജനപ്രതിനിധികളെ വിളിച്ച് ചർച്ച ചെയ്തു. ഞങ്ങൾ എല്ലാവരും പൊതുവായി ഒരു തീരുമാനമെടുത്തു. ഇവിടെ നമുക്ക് ആകെ ചെയ്യാൻ സാധിക്കുന്നത്: ക്വാറീയിംഗിൽ നിയന്ത്രണമേർപ്പെടുത്താം ; റെഡ് സോൺ ഇൻഡസ്ട്രീസ് അതായത് പരിസ്ഥിതിക്ക് ദോഷകരമായി ബാധിക്കുന്ന ഇൻഡസ്ട്രീസ് പൂർണ്ണമായും ഒഴിവാക്കാം; വലിയ ശബ്ദമുണ്ടാക്കുന്ന തടി മില്ലുകൾ ഒഴിവാക്കാം; കാനന ഭംഗി മറയ്ക്കുന്ന ബഹുനില മന്ദിരങ്ങൾ ഒഴിവാക്കാം. പഞ്ചായത്ത് പ്രസിഡന്റുമാരും ജില്ലാ പഞ്ചായത്ത് പ്രസിഡന്റും ഉൾപ്പെടെ എല്ലാവരുംകൂടിച്ചേർന്ന് ഏകകണ്ഠമായി റിപ്പോർട്ട് സമർപ്പിച്ചു. ശ്രീ. റോഷി അഗസ്റ്റിനും ആ മീറ്റിംഗിൽ ഉണ്ടായിരുന്നുവെന്നാണ് എന്റെ ഓർമ്മ. ഈ നാല് കാര്യം മാത്രമാണ് ഡയല്യൂട്ട് ചെയ്യാൻ ഞങ്ങൾ പറഞ്ഞത്. ഇത് അപകടകരമാണ്. കാരണം ഊട്ടി മുഴുവനും നശിച്ച് കോൺക്രീറ്റ് വനമായി. ഊട്ടി നശിച്ചപ്പോഴാണ്

ഊട്ടിയിലെ 60 ശതമാനം ടൂറിസ്റ്റുകൾ മൂന്നാറിലേയ്ക്കും തേക്കടിയിലേയ്ക്കും വരുന്നത്. മൂന്നാറിൽ കെട്ടിടനിർമ്മാണ ചട്ടങ്ങൾ ലംഘിച്ച് ധാരാളം കെട്ടിടങ്ങൾ വരുന്നു. ഊട്ടിയുടെ അനുഭവം മൂന്നാറിനുണ്ടാകരുത്. മൂന്നാറും നമ്മൾ ശ്രദ്ധിക്കണം. ടൂറിസം വകുപ്പ് മന്ത്രിക്കറിയാം. ഇത് നമ്മൾ വളരെ കൃത്യമായി പറഞ്ഞിട്ടുണ്ട്. പരിസ്ഥിതി സംരക്ഷിക്കണമെന്നും കാട് സംരക്ഷിക്കണമെന്നുമുള്ള ഉറച്ച നിലപാട് ഞങ്ങൾക്കുണ്ട്. ഒരു സംശയവുമില്ല, വി. ഡി. സതീശന്റെയും യു.ഡി.എഫ്.-ന്റെയും ഇവിടെ ഇല്ലാത്ത പി. ടി. തോമസിന്റെയും നിലപാട് കാട് സംരക്ഷിക്കണമെന്നാണ്. അല്ലാതെ കാട്ടിൽക്കയറി കൊള്ളനടത്താൻ ഞങ്ങൾ കൂട്ടുനിൽക്കില്ല. അതിന് കുട പിടിച്ചുകൊടുത്തത് നിങ്ങളാണ്. എന്നിട്ട് വനം സംരക്ഷിക്കേണ്ട വനം വകുപ്പുമന്ത്രി വന്ന് വനം സംരക്ഷിക്കണമെന്ന് വി. ഡി. സതീശൻ പറഞ്ഞത് തെറ്റായിപ്പോയെന്ന് പറയുന്നത് എവിടത്തെ ന്യായമാണ്? നിങ്ങൾ വനം സംരക്ഷിക്കു...നിങ്ങൾ കൊള്ളക്കാരാണ്. വനം വെട്ടി മാറ്റാൻ, മരം മുറിച്ച് മാറ്റാൻ എല്ലാ സംരക്ഷണവും കൊടുത്ത ആളുകളാണ്. ....(ബഹളം)..... ഈ ജനകീയ പ്രശ്നത്തിൽ സർക്കാർ ഇടപെടാത്തതിലും തീരുമാനമെടുക്കാത്തതിലും പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവ് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ഡോ. എം. കെ. മുനീർ: സർ, ഉമ്മൻചാണ്ടി സർക്കാർ 2013-ൽ കൊണ്ടുവന്ന വിജ്ഞാപനം ഏറെ എക്സർസൈസിനുശേഷമാണ് ചെയ്തിട്ടുള്ളതെന്ന് ഇവിടെ പറഞ്ഞു.

മി. സ്പീക്കർ: ഇനി ചർച്ചയിലേയ്ക്ക് പോകേണ്ട. ബഹുമാനപ്പെട്ട അംഗം വാക്കൗട്ട് പ്രസംഗം നടത്തു.

ഡോ. എം. കെ. മുനീർ: സർ, രണ്ട് ചോദ്യങ്ങൾ മാത്രമേ ഞാൻ ചോദിക്കുന്നുള്ളൂ. 2013-ൽ താൽക്കാലിക വിജ്ഞാപനം ലഭിച്ചശേഷം കേന്ദ്രം രണ്ട് കത്തുകൾ അയച്ചിട്ടുണ്ട്. 2016 മേയ് 10-ന് ഇക്കോ സെൻസിറ്റീവ് സോണായി പ്രഖ്യാപിച്ച പ്രദേശങ്ങൾ, പ്രോമിനന്റ് പോയിന്റ്സ് നൽകണമെന്നാവശ്യപ്പെട്ട് കേന്ദ്ര പരിസ്ഥിതി മന്ത്രാലയം ഒരു കത്തയച്ചു. 2016 ജൂലൈ 27-ന് വീണ്ടും മറ്റൊരു കത്ത്കൂടി അയച്ചു. ഈ രണ്ട് കത്തുകൾ എവിടെയാണ്? ടി കത്തുകൾക്ക് കഴിഞ്ഞ ഗവൺമെന്റ് നൽകിയ മറുപടി മേശപ്പുറത്ത് വയ്ക്കാൻ തയ്യാറുണ്ടോ?

മി. സ്പീക്കർ: സമയം കഴിഞ്ഞു... വിശദമായ പ്രസംഗം ആവശ്യമില്ല. ഇത് വാക്കൗട്ട് പ്രസംഗം മാത്രമാണ്.

ഡോ. എം. കെ. മുനീർ: സർ, വാക്കൗട്ട് പ്രസംഗമല്ലേ, രണ്ട് പോയിന്റ് ചോദിക്കുകയാണ്.

മി. സ്പീക്കർ: ഈ വിഷയം കഴിഞ്ഞ ദിവസത്തെ ശ്രദ്ധ ക്ഷണിക്കലിൽ വന്നതാണ്. ഇന്ന് വിശദമായ ചോദ്യം ചോദിച്ചു. അതുകഴിഞ്ഞാണ് ഇത്രയും സമയമെടുക്കുന്നത്. ശ്രീ. അനൂപ് ജേക്കബ് വാക്കൗട്ട് പ്രസംഗം നടത്തുന്നുണ്ടോ?

ഡോ. എം. കെ. മുനീർ: സർ, ഇവിടുത്തെ കീഴ്വഴക്കം ബഹുമാനപ്പെട്ട സ്പീക്കർ ഒന്ന് പരിശോധിക്കണം.

ശ്രീ. പി. കെ. ബഷീർ: സർ, പതിനഞ്ച് എം.എൽ.എ.-മാരുള്ള ഒരു പാർട്ടിയുടെ നേതാവിന് സംസാരിക്കാൻ രണ്ട് മിനിട്ട് നൽകണ്ടേ; ഇത് ശരിയല്ല.

മി. സ്പീക്കർ: ശ്രീ. അനൂപ് ജേക്കബ്...

ഡോ. എം. കെ. മുനീർ: സർ, കീഴ്വഴക്കം ഒന്ന് പരിശോധിക്കണം. ഞാനായി തുടങ്ങിവച്ചതല്ല. ഇവിടെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ അരമണിക്കൂർ മുതൽ മുക്കാൽ മണിക്കൂർ വരെ സംസാരിച്ചതിനുശേഷം

ഇറങ്ങിപ്പോയിട്ടുണ്ട്.

മി. സ്പീക്കർ: ശ്രീ. മോൻസ് ജോസഫ് സംസാരിക്കുന്നുണ്ടോ?

ശ്രീ. അനൂപ് ജേക്കബ്: സർ, അത് ശരിയാണ്. ഇതിന് മുമ്പുള്ള കീഴ്വഴക്കങ്ങളിൽ അംഗങ്ങൾ ഒരുപാട് നേരം സംസാരിച്ചിട്ടുണ്ട്

മി. സ്പീക്കർ: കീഴ്വഴക്കങ്ങളിൽ ചിലത് മാറ്റാനുള്ളതുമാണ്. ബഹുമാനപ്പെട്ട അംഗം സംസാരിക്കുന്നുണ്ടോ?

ഡോ. എം. കെ. മുനീർ: സർ, കാലാകാലങ്ങളായുള്ള കീഴ്വഴക്കം പരിശോധിക്കണം. ഇപ്പോഴുള്ളതല്ല.

മി. സ്പീക്കർ: ശ്രീമതി കെ. കെ. രമ സംസാരിക്കുന്നുണ്ടോ?

ശ്രീ. അനൂപ് ജേക്കബ്: സർ, അംഗങ്ങൾക്ക് സഭയിൽ സംസാരിക്കാനുള്ള അവസരവും സന്ദർഭവും നൽകുക എന്നുള്ളത് ജനാധിപത്യത്തിന്റെ മര്യാദ കൂടിയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങളുടെ പേരുകൾ മാറിമാറി വിളിച്ചതാണ്. തർക്കിച്ച് സമയം കളയാനാണോ ഉദ്ദേശിക്കുന്നത്. ബഹുമാനപ്പെട്ട അംഗം സംസാരിക്കുന്നുണ്ടെങ്കിൽ സംസാരിക്കൂ.

ശ്രീ. അനൂപ് ജേക്കബ്: സർ, ചെയർ തുടർച്ചയായി എല്ലാ വാക്കൗട്ട് പ്രസംഗങ്ങളും തടസ്സപ്പെടുത്തുകയാണ്. പ്രതിഷേധം രേഖപ്പെടുത്തി

ഇറങ്ങിപ്പോകാനുള്ള അവസരം നൽകുക എന്ന് മാത്രമേ ഞങ്ങൾ ആവശ്യപ്പെടുന്നുള്ളൂ.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗത്തിന്റെ പേര് നിരവധി തവണ വിളിച്ചു.

ശ്രീ. അനൂപ് ജേക്കബ്: സർ, ഇവിടെ ആരും പ്രസംഗിക്കുന്നില്ല.

മി. സ്പീക്കർ: എത്ര തവണ അങ്ങയുടെ പേര് വിളിച്ചു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, ഈ വിഷയത്തിൽ ഗവൺമെന്റ് തുറന്ന ചർച്ചയ്ക്ക് തയ്യാറാകേണ്ടതായിരുന്നു. പല സംസ്ഥാനങ്ങൾക്കും ഇളവ് നൽകിയിട്ടുണ്ടെന്നുള്ളത് നമ്മുടെ മുന്നിൽ നിൽക്കുകയാണ്. കേരളത്തിന്റെ പ്രത്യേകമായ സാമൂഹികാന്തരീക്ഷം മുൻനിർത്തി ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെയും എംപവേർഡ് കമ്മിറ്റിയുടെയും മുന്നിൽ അങ്ങനെയൊരു സമീപനം കൊണ്ടുവരാൻ ഗവൺമെന്റിന് കഴിയണം, അതിനുള്ള സമീപനം സ്വീകരിക്കണം. ഗവൺമെന്റ് ഇക്കാര്യത്തിൽ വളരെ നിരുത്തരവാദപരമായ സമീപനം സ്വീകരിച്ചുവെന്നുള്ളതാണ് ഇവിടെ പ്രതിപാദിക്കാനുള്ളത്. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച്

ഞാൻ വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി.)

ശ്രീമതി. കെ. കെ. രമ: സർ, കേരളംപോലെ ജനസാന്ദ്രത കൂടിയ ഒരു സംസ്ഥാനത്ത് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധി പ്രായോഗികമല്ല. ഗുരുതരമായ ഈ വിഷയം കൂട്ടായി ചർച്ച ചെയ്ത് തീരുമാനിക്കേണ്ടതാണ്. അത് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീമതി കെ. കെ. രമ സഭവിട്ട് പുറത്തുപോയി.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സഭവിട്ട് പുറത്തുപോയ അംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ തിരികെ ഹാജരായി.)

10.44 a.m]

**III ശ്രദ്ധ ക്ഷണിക്കൽ**

(1) എസ്.എസ്.എൽ.സി. പരീക്ഷ ജയിച്ചവർക്ക്
തുടർ പഠനം ഉറപ്പാക്കൽ

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, എസ്.എസ്.എൽ.സി. പരീക്ഷ

വിജയിച്ച എല്ലാ വിദ്യാർത്ഥികൾക്കും തുടർ പഠനം ഉറപ്പുവരുത്തുന്നതിനായി നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് സഭയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. ജനകീയവും മതനിരപേക്ഷതയിൽ ഊന്നിയതുമായ വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനായി സംസ്ഥാന ഗവൺമെന്റ് നടത്തി വരുന്ന പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്. പൊതുവിദ്യാലയങ്ങളുടെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി മത്സരിച്ച് മാതൃകകൾ തീർത്ത സംസ്ഥാനമായി കേരളം മാറിക്കഴിഞ്ഞു. കോവിഡ്-19 തീർത്ത പ്രതിസന്ധിയിൽ നാം സ്വീകരിച്ച ഓൺലൈൻ വിദ്യാഭ്യാസ രീതി നമ്മുടെ വിദ്യാഭ്യാസ മേഖലയെ ശരിയായ രീതിയിൽ മുന്നോട്ടുകൊണ്ടുപോകാൻ സഹായിച്ചു. ഗവൺമെന്റ് ആവിഷ്കരിച്ച വിദ്യാകിരണം പദ്ധതി ഉൾപ്പെടെയുള്ളവ കോവിഡ് പ്രതിസന്ധിയുടെ കാലത്ത് വിദ്യാർത്ഥികൾക്ക് വലിയ ആശ്വാസമാണ് നൽകിയിട്ടുള്ളത്. പൊതു വിദ്യാഭ്യാസ രംഗത്ത് സർക്കാർ നടത്തിവരുന്ന മാതൃകാപരമായ പ്രവർത്തനങ്ങളുടെ ഭാഗമായി 2016 മുതൽ 2022 വരെയുള്ള വർഷങ്ങളിൽ 1045705 കുട്ടികളാണ് പൊതു വിദ്യാലയങ്ങളിൽ അധികമായി എത്തിച്ചേർന്നിട്ടുള്ളത്. കോവിഡ് പ്രതിസന്ധിയെ അതിജീവിച്ച് വിദ്യാർത്ഥികൾ എസ്.എസ്.എൽ.സി. പൊതുപരീക്ഷയിൽ ഈ വർഷം അഭിമാനകരമായ വിജയമാണ്

നേടിയിട്ടുള്ളത്. 426469 കുട്ടികൾ പരീക്ഷ എഴുതിയതിൽ 423303 കുട്ടികൾ മികവാർന്ന വിജയം നേടി നാടിന്റെ അഭിമാനമായി മാറി. തുടർ പഠനത്തിന് യോഗ്യത നേടിയ എല്ലാവർക്കും അത് ഉറപ്പുവരുത്തുമെന്ന് ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. കഴിഞ്ഞ തവണ പ്ലസ് വൺ പ്രവേശനത്തിന് അധിക ബാച്ചുകൾ അനുവദിച്ചുകൊണ്ട് സർക്കാർ ആവശ്യമായ ക്രമീകരണം നടത്തിയിരുന്നു. ആയതുകൊണ്ടുതന്നെ വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും ആശങ്കകൾക്ക് പരിഹാരം കാണാൻ സാധിക്കുകയുണ്ടായി. മലബാർ മേഖലയിലെ ആറ് ജില്ലകളായ പാലക്കാട്, കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നിവിടങ്ങളിൽ പ്ലസ് വൺ സീറ്റ് സംബന്ധിച്ച് നിലനിൽക്കുന്ന ആശങ്ക പരിഹരിക്കപ്പെടേണ്ടതുണ്ട്. കഴിഞ്ഞ അധ്യയന വർഷം ആരംഭിച്ചപ്പോൾ പ്ലസ് വൺ പ്രവേശനം സംബന്ധിച്ച് വിദ്യാർത്ഥികളിലും രക്ഷിതാക്കളിലും അനാവശ്യമായി ചില ആശങ്കകൾ സൃഷ്ടിക്കുന്നതിനുള്ള ശ്രമം നടന്നിരുന്നു. അത്തരം പ്രശ്നങ്ങൾ മുന്നിൽ കണ്ടുകൊണ്ട് പ്ലസ് വൺ പ്രവേശന നടപടി സുതാര്യമാക്കുന്നതിന് ഈ ഗവൺമെന്റ് ആവശ്യമായ ഇടപെടൽ നടത്തേണ്ടതുണ്ട്. രക്ഷിതാക്കൾക്കും വിദ്യാർത്ഥികൾക്കുമിടയിൽ ഉയർന്നുവരാൻ സാധ്യതയുള്ള ആശങ്കകൾ ദൂരീകരിക്കാൻ സംസ്ഥാന

സർക്കാർ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. കെ. ഡി. പ്രസേനൻ]

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, സംസ്ഥാനത്ത് 2022-23 അധ്യയന വർഷത്തെ ഹയർ സെക്കണ്ടറി ഒന്നാം വർഷ പ്രവേശനം സാധ്യമാകുന്നതിനായി 2017 മുതൽ 2021 വരെയുള്ള ഹയർ സെക്കണ്ടറി ഒന്നാം വർഷ പ്രവേശനം നേടിയവരുടെ എണ്ണത്തെ അടിസ്ഥാനപ്പെടുത്തി വിശകലനം ചെയ്തിട്ടുണ്ട്. 2021-22 അധ്യയന വർഷം 99.47 ശതമാനം കുട്ടികൾ പാസ്സായി. അതിൽ 125509 കുട്ടികൾക്ക് എ പ്ലസും ലഭിച്ചു. കഴിഞ്ഞ വർഷം എ പ്ലസ് ലഭിച്ച എല്ലാ കുട്ടികൾക്കും ആഗ്രഹിച്ച കോഴ്സിൽ അഡ്മിഷൻ നൽകാൻ കഴിഞ്ഞില്ലെങ്കിൽത്തന്നെയും എല്ലാ വിദ്യാർത്ഥികൾക്കും അഡ്മിഷൻ നൽകാൻ സാധിച്ചിട്ടുണ്ട്. ഉപരിപഠനത്തിന് ആഗ്രഹിക്കുന്ന എല്ലാ കുട്ടികൾക്കും അവസരമൊരുക്കുമെന്ന് കഴിഞ്ഞ നിയമസഭയിൽത്തന്നെ പറഞ്ഞിട്ടുള്ളതനുസരിച്ച് ആദ്യഘട്ടത്തിൽ തിരുവനന്തപുരം, പാലക്കാട് തുടങ്ങി 7 ജില്ലകളിൽ 20 ശതമാനവും കൊല്ലം, എറണാകുളം, തൃശ്ശൂർ എന്നീ മൂന്ന് ജില്ലകളിൽ 10 ശതമാനവും ആനുപാതിക സീറ്റ് വർദ്ധന

അനുവദിക്കുകയുണ്ടായി. ഇതുകൂടാതെ കുട്ടികൾ കുറവായിരുന്ന 4 ബാച്ചുകൾ പുന:ക്രമീകരിക്കുകയും 75 ബാച്ചുകൾ താൽക്കാലികമായി അനുവദിക്കുകയും ചെയ്യതിലൂടെ 74489 വേക്കൻസികളാണുണ്ടായത്. കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായാണ് ഇത്തരത്തിൽ സീറ്റ് വർദ്ധിപ്പിക്കുന്നത്. സംസ്ഥാനത്ത് സയൻസ് ബാച്ചിൽ 219274 സീറ്റുകളും ഹ്യൂമാനിറ്റീസ് ബാച്ചിൽ 87148 സീറ്റുകളും കൊമേഴ്സ് ബാച്ചിൽ 125659 സീറ്റുകളും നിലവിലുണ്ട്. കഴിഞ്ഞ വർഷത്തെ അഡ്മിഷനിൽ കണ്ട പ്രവണത കുട്ടികൾക്ക് സയൻസ് വിഷയങ്ങളേക്കാൾ താൽപ്പര്യം ഹ്യൂമാനിറ്റീസ് വിഷയങ്ങളിലായിരുന്നുവെന്നുള്ളതാണ്. ഹ്യൂമാനിറ്റീസ് വിഷയങ്ങളിൽ ഏറ്റവും കൂടുതൽ അപേക്ഷ വന്ന ജില്ല മലപ്പുറമാണ്. കഴിഞ്ഞ വർഷം 17120 അപേക്ഷകളാണ് ലഭിച്ചത്; രണ്ട് ഘട്ടമായാണ് ഹയർ സെക്കണ്ടറി പ്രവേശനം നടന്നത്. ഇപ്രാവശ്യം മൂന്ന് ഘട്ടങ്ങളിലായി പ്രവേശനം നൽകാൻ ഉദ്ദേശിക്കുകയാണ്. കഴിഞ്ഞ വർഷം ഹയർസെക്കണ്ടറി പ്രവേശനം നടന്നതിനുശേഷവും ബഹുമാനപ്പെട്ട എം.എൽ.എ.-മാർ സീറ്റ് ഒഴിവുണ്ടെന്ന് പറഞ്ഞുകൊണ്ട്, അപേക്ഷ നൽകിയിരുന്ന 1464 വിദ്യാർത്ഥികൾക്ക് പ്രത്യേക ഉത്തരവ് വഴി സ്കൂൾ പ്രവേശനം അനുവദിക്കുകയുണ്ടായി. ഒന്നാം വർഷ ഹയർ സെക്കണ്ടറി പ്രവേശനത്തിന്

ഒരു വിദ്യാർത്ഥിക്ക് എത്ര സ്കൂളുകളിലേയ്ക്ക് വേണമെങ്കിലും ഏകജാലകത്തിലൂടെ അപേക്ഷിക്കാം. ഏകജാലക സംവിധാനത്തിലൂടെ തന്നെയാണ് സ്കൂൾ അലോട്ട്മെന്റും നടത്തുന്നത്. അലോട്ട്മെന്റ് ലിസ്റ്റ് തയ്യാറാക്കുന്നതിന് മെറിറ്റ് മാർക്കിനുപരി ബോണസ് പോയിന്റുകളും നൽകുന്നുണ്ട്. അതുകൊണ്ടുതന്നെ എല്ലാവർക്കും അവർ ആഗ്രഹിക്കുന്നതുപോലെ വീടിനടുത്തുള്ള സ്കൂൾ ലഭിക്കണമെന്നില്ല. മെറിറ്റ് പോയിന്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ അഡ്മിഷൻ നൽകാൻ സാധിക്കൂ. അതായത് ബോണസ് പോയിന്റ് മെറിറ്റിനെ മറികടക്കുന്നത് ശരിയല്ലെന്ന കാര്യം കൂടി സൂചിപ്പിക്കുകയാണ്. ഇവിടെ വൊക്കേഷണൽ ഹയർ സെക്കണ്ടറിയിൽ 33000 സീറ്റും ഹയർ സെക്കണ്ടറിയിൽ 183085 ഗവൺമെന്റ് സീറ്റും 192630 എയ്ഡഡ് സീറ്റും 56366 അൺഎയ്ഡഡ് സീറ്റും ഐ.ടി.ഐ.-കളിൽ 9990 സീറ്റുകളുമുണ്ട്. പോളിടെക്നിക് സീറ്റിലേക്കും ഇതുപോലുള്ള അവസരമുണ്ട്. ഇതെല്ലാം പരിഗണിച്ചുകൊണ്ട് ശാസ്ത്രീയമായും കൃത്യമായും ഓരോ സ്കൂളുകളിലേയ്ക്കും അലോട്ട്മെന്റ് നടത്തുന്നത് സംബന്ധിച്ച് ആലോചിച്ചിട്ടുണ്ട്. ഇവിടെ അവതാരകൻ സൂചിപ്പിച്ചതുപോലെ, ഈ വർഷം ഉന്നത വിദ്യാഭ്യാസത്തിന് യോഗ്യത നേടിയ വിദ്യാർത്ഥികളുടെ എണ്ണം 423303 ഉം എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ലഭിച്ച കുട്ടികളുടെ

എണ്ണം 44364 -ഉം ആണ്. ഇത് കഴിഞ്ഞവർഷം 125509 പേർക്ക് ആയിരുന്നു. കഴിഞ്ഞവർഷം നിലവിലുള്ള സീറ്റിന്റെ അടിസ്ഥാനത്തിൽ അഡ്മിഷൻ നടന്നതു കൂടാതെ 71489 സീറ്റ് വർദ്ധിപ്പിക്കുകയും ചെയ്തു. അങ്ങനെ ആകെ 432081 സീറ്റുകളിലേയ്ക്കാണ് അഡ്മിഷൻ നടത്തിയത്. അഡ്മിഷൻ ലഭിച്ചില്ലെന്ന പരാതി ആരിൽനിന്നും വന്നില്ലെന്നുള്ളത് ശ്രദ്ധേയമായ കാര്യമാണ്. ഇക്കാര്യങ്ങൾ പരിഗണിച്ചുകൊണ്ടുള്ള പ്രവേശന നടപടികളാണ് ഈ വർഷവും ആരംഭിക്കാൻ പോകുന്നത്. ഇതിൽ സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. പരീക്ഷകൾ എഴുതിയ വിദ്യാർത്ഥികളെയും കണക്കിലെടുക്കേണ്ടതുണ്ട്. ചില അദ്ധ്യാപകർ സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. വിദ്യാർത്ഥികളോട് ശത്രുതാ മനോഭാവം കാണിക്കുന്നുണ്ട്. അവരും നമ്മുടെ മക്കളാണ്, കേരളത്തിൽ പഠിക്കുന്ന കുട്ടികളാണ്. അവർക്കും പഠിക്കുന്നതിനുള്ള അവസരം കൊടുക്കേണ്ടതായിട്ടുണ്ട്. കഴിഞ്ഞ വർഷം ആഗ്രഹിച്ച എല്ലാവർക്കും പ്രവേശനം നൽകിയതുപോലെതന്നെ ഇപ്രാവശ്യവും അത്തരത്തിൽ പ്രവേശനം നൽകുന്നതിനാവശ്യമായ ക്രമീകരണങ്ങൾ വരുത്താനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ഉപരിപഠനവുമായി ബന്ധപ്പെട്ട് രക്ഷിതാക്കൾക്കും വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും യാതൊരുവിധ

ഉത്കണ്ഠയും വേണ്ട. ഇപ്പോൾ അർഹത നേടിയ മുഴുവൻ വിദ്യാർത്ഥികൾക്കും ഉപരിപഠനം ഉറപ്പാക്കുന്നതിനുള്ള നടപടി ഉണ്ടാകുമെന്ന കാര്യം സഭയെ അറിയിക്കുകയാണ്.

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, തുടക്കത്തിൽത്തന്നെ സീറ്റുകളുടെ എണ്ണത്തിൽ മാർജിനൽ ഇൻക്രീസ് വരുത്തി മെരിറ്റടിസ്ഥാനത്തിൽ അലോട്ട്മെന്റ് നടത്തിയാൽ ആദ്യഘട്ടത്തിൽത്തന്നെ പ്രശ്നപരിഹാരമുണ്ടാകില്ലേ?

ശ്രീ. വി. ശിവൻകുട്ടി: സർ, അങ്ങ് പറഞ്ഞ കാര്യം ഗവൺമെന്റ് പരിഗണിക്കുന്നുണ്ട്. ആദ്യഘട്ടത്തിൽത്തന്നെ മാർജിനൽ ഇൻക്രീസ് വരുത്തുന്ന കാര്യവും കഴിഞ്ഞവർഷം നടത്തിയ എല്ലാ ക്രമീകരണങ്ങളും ആദ്യമേ നടത്തുന്നതു സംബന്ധിച്ചുള്ള കാര്യങ്ങളും ആലോചിക്കുകയാണ്. മറ്റൊരു കാര്യം എനിക്ക് പറയാനുള്ളത്, നീന്തൽ അറിയാവുന്നവർക്ക് ഗ്രേസ് മാർക്ക് നൽകുന്നത് സംബന്ധിച്ച് കഴിഞ്ഞ വർഷത്തെ പ്രോസ്പെക്ടസിൽ ഉണ്ടായിരുന്നു. ഇപ്രാവശ്യം ഇതുവരെ അപേക്ഷ ക്ഷണിച്ചിട്ടില്ല. അത് അടുത്ത ആഴ്ചയായിരിക്കും. പല സംഘടനകളും അവരെ ചുമതലപ്പെടുത്തിയെന്ന് പറഞ്ഞുകൊണ്ട് അപേക്ഷാ ഫോറം നൽകി ഫീസ് വാങ്ങി കുട്ടികളെ നീന്തൽ പഠിപ്പിക്കുകയാണ്. നീന്തൽ അറിയാവുന്നവർക്ക്

രണ്ട് മാർക്ക് ഗ്രേസ് മാർക്കായി ലഭിക്കും. കണ്ണൂരിൽ അത്തരത്തിൽ നീന്തൽ പഠിപ്പിച്ചതിനെത്തുടർന്ന് അച്ഛനും മകനും മരണമടയുന്ന സാഹചര്യമുണ്ടായി. വിദ്യാഭ്യാസ വകുപ്പോ ഗവൺമെന്റോ ഒരു സംഘടനയ്ക്കും നീന്തൽ പഠിപ്പിക്കാനോ അല്ലെങ്കിൽ നീന്തൽ പഠിക്കുന്നതിന്റെ പേരിൽ കുട്ടികൾക്ക് ഗ്രേസ് മാർക്ക് ലഭിക്കുമെന്ന് നിർദ്ദേശം നൽകുകയോ ചെയ്തിട്ടില്ലെന്ന വിവരംകൂടി സഭയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്.

(2) അങ്കണവാടി ജീവനക്കാരുടെ സേവന - വേതന വ്യവസ്ഥകൾ

ഡോ. മാത്യു കുഴൽനാടൻ: സർ, Early Education എന്ന് പറയപ്പെടുന്ന ശൈശവ കാലത്ത് കുട്ടികളെ പരിചരിക്കുന്ന അങ്കണവാടി വിഭാഗത്തിന്റെ പ്രവർത്തനത്തെയും അവരുടെ ആവശ്യങ്ങളെയും സംബന്ധിച്ചാണ് ഈ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കുന്നത്. ഇന്ന് കേരളത്തിലെ ശരാശരി ആൾക്കാരും വളരെ തിരക്കിലാണ്. പലരും കുട്ടികളെ അങ്കണവാടികളിലാണ് അയയ്ക്കുന്നത്. അങ്കണവാടികൾ കേവലം കുട്ടികളെ മാത്രം പരിചരിക്കുന്ന ഒരു സ്ഥലമല്ല. മുലയൂട്ടുന്ന അമ്മമാർ, ഗർഭിണികൾ, കൗമാരക്കാർ എന്നിവരെയും പരിചരിക്കുന്ന ഒരു സ്ഥാപനമാണത്. കൂടാതെ കുട്ടികൾക്ക് വാക്സിനും അവിടെ നൽകുന്നുണ്ട്. കേരളം ഇന്ത്യയിൽതന്നെ ഉയർന്നുനിൽക്കുന്ന ഒരു സംസ്ഥാനമാണെന്നാണ് നമ്മൾ സ്വയം

അവകാശപ്പെടുന്നത്. ആ നിലയിലേയ്ക്ക് അങ്കണവാടികളെ ഉയർത്താനോ കൺസീവ് ചെയ്യാനോ കഴിഞ്ഞിട്ടുണ്ടോ? അതിന്റെ ഭൗതിക സൗകര്യങ്ങളുടെ കാര്യത്തിലും വളരെ താഴ്ന്ന നിലവാരത്തിലാണ് നമ്മൾ നിൽക്കുന്നത്. ഈ സംസ്ഥാനത്ത് ഒരു കിന്റർ ഗാർട്ടനോ ഒരു പ്ലേ സ്കൂളോ ആരംഭിക്കണമെങ്കിൽ ഇന്നയിന്ന നിലവാരം പാലിച്ചിരിക്കണമെന്ന് നിബന്ധന വയ്ക്കുന്നതിനാവശ്യമായ നിയമനിർമ്മാണം നടത്തണം. വിദേശത്ത് ഇതുപോലെ ഒരു കിന്റർ ഗാർട്ടനോ ഒരു പ്ലേ സ്കൂളോ ആരംഭിക്കണമെങ്കിൽ കുറഞ്ഞത് അര ഏക്കർ സ്ഥലമെങ്കിലും ആവശ്യമാണ്. അതുകൂടാതെ, കുട്ടികൾക്ക് എല്ലാ നിലയ്ക്കും എൻഗേജ് ചെയ്യാൻ സാധിക്കുന്ന വിവിധ സാധ്യതകൾ, അത് പഠനത്തിനുള്ളതാകട്ടെ കളിക്കാനുള്ളതാകട്ടെ കായികമോ വൈജ്ഞാനികമോ ആകട്ടെ അത്തരത്തിലുള്ള എല്ലാ സൗകര്യങ്ങളും അവിടെയുണ്ടായിരിക്കണം. അവിടത്തെ ടീച്ചർമാർ ചൈൽഡ് സൈക്കോളജി അടക്കം പഠിച്ചവരുമായിരിക്കണം. വളരെ ക്വാളിഫൈഡ് ആയിട്ടുള്ളവർക്ക് മാത്രമേ അവരെ മുന്നോട്ടുകൊണ്ടുപോകാൻ കഴിയൂ. വളരെ പ്രാധാന്യത്തോടുകൂടി വേണം ഈ മേഖല കൈകാര്യം ചെയ്യേണ്ടത്. കാരണം, ഒരു പൗരന്റെ രൂപീകരണത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട സമയം ഒരു വയസ്സ് മുതൽ നാല് വയസ്സുവരെയുള്ള കാലഘട്ടമാണ്. കുട്ടികളുടെ

അടിസ്ഥാനപരമായ സ്വഭാവം രൂപപ്പെടുന്നത് അപ്പോഴാണ്. അങ്ങനെയിരിക്കെ ഇന്നത്തെ അവസ്ഥയിൽ നമ്മുടെ അങ്കണവാടി ടീച്ചർമാർക്ക് നമ്മൾ കൊടുക്കുന്ന പരിഗണന എന്താണ്? സർക്കാർ 500/- രൂപ വർക്കർമാർക്കും 250/- രൂപ ഹെൽപ്പർമാർക്കും വർദ്ധിപ്പിച്ചുവെന്നതിനെ ഞാൻ അഭിനന്ദിക്കുന്നു. പക്ഷെ ഇന്ന് അവർക്ക് കിട്ടുന്ന വേതനം, അവരെകൊണ്ട് നമ്മൾ എടുപ്പിക്കുന്ന ജോലി, അവർക്ക് ഏൽപ്പിച്ചിട്ടുള്ള ഉത്തരവാദിത്വം എന്നിവ നോക്കുമ്പോൾ ഈ തുക വളരെ തുച്ഛമല്ലേ? മാത്രമല്ല കഴിഞ്ഞ ദിവസം മലയാള മനോരമയിൽ വന്ന വാർത്തയാണ്, 'Lucky escape for eight children as Anganwadi roof collapses', കുട്ടികൾ പുറത്തായിരുന്നതുകൊണ്ട് എട്ട് കുട്ടികളും രക്ഷപ്പെട്ടുവെന്നുള്ളതാണ് സത്യം (പ്രസ്തുത കടലാസ് ഉയർത്തിക്കാണിച്ചു). അതുകൂടാതെ, അങ്കണവാടി കെട്ടിടത്തിന്റെ ഭിത്തിയിടിഞ്ഞു വീണതിനാൽ ഒരു കുട്ടിയുടെ കണ്ണിന് പരിക്കുപറ്റിയതായും വാർത്തയുണ്ടായിരുന്നു. ഞാൻ പറഞ്ഞുവരുന്നത്, നമ്മുടെ അങ്കണവാടികളെ ഒറ്റയടിക്ക് നല്ല നിലയിലേയ്ക്ക് മാറ്റാൻ കഴിയില്ലെങ്കിൽ ഇനിയുള്ളത് ആരംഭിക്കുമ്പോഴെങ്കിലും സർക്കാർ ഇൻസെന്റീവ് കൊടുക്കുകയും അതിനെ കൂടുതൽ പ്രോത്സാഹിപ്പിക്കുകയും മിനിമം ഇത്ര സ്ഥലവും സൗകര്യവും വേണമെന്നൊക്കെയുള്ള വ്യവസ്ഥകൾ

കൊണ്ടുവരികയും വേണം. കേരളത്തിലെ കിന്റർ ഗാർട്ടനുകളിലും പ്ലേ സ്കൂളുകളിലുമടക്കം ഇത്തരം നിലവാരം കൊണ്ടുവരാനും ഇതിനെ വളരെ ഗൗരവമായി കാണാനുമുള്ള ഒരു സമീപനം സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, സംസ്ഥാനത്തെ അങ്കണവാടി പ്രവർത്തകരുടെ സേവന-വേതന വ്യവസ്ഥകൾ കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള സമഗ്രമായ പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. കേന്ദ്ര സംസ്ഥാന സർക്കാരുകൾ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് അങ്കണവാടി പ്രവർത്തകർക്ക് ഓണറേറിയം അനുവദിക്കുന്നത്. അങ്കണവാടി ജീവനക്കാർക്ക് കേന്ദ്രസർക്കാർ നിശ്ചയിച്ചിരിക്കുന്ന 60:40 അനുപാതത്തിലുള്ള ഓണറേറിയത്തിനുപുറമേ അധിക തുക ഓണറേറിയം ഇനത്തിൽ കേരള സർക്കാർ നൽകിവരുന്നു. മെയിൻ അങ്കണവാടി വർക്കർമാർക്ക് കേന്ദ്രസർക്കാർ വിഹിതമായ 2,700/- രൂപയും സംസ്ഥാന സർക്കാർ വിഹിതമായ 1,800/- രൂപയും കൂടാതെ സംസ്ഥാന സർക്കാർ അധികമായി നൽകുന്ന 7,500/- രൂപയുമുൾപ്പെടെ ആകെ 12,000/- രൂപയും മിനി അങ്കണവാടി വർക്കർമാർക്ക് കേന്ദ്രസർക്കാർ

വിഹിതമായ 2,100/- രൂപയും സംസ്ഥാന സർക്കാർ വിഹിതമായ 1,400/- രൂപയും കൂടാതെ, സംസ്ഥാന സർക്കാർ അധികമായി നൽകുന്ന 7,500/- രൂപയും ഉൾപ്പെടെ ആകെ 11,000/- രൂപയും അങ്കണവാടി ഹെൽപ്പർമാർക്ക് കേന്ദ്രസർക്കാർ വിഹിതമായ 1,350/- രൂപയും സംസ്ഥാന സർക്കാർ വിഹിതമായ 900/- രൂപയും കൂടാതെ സംസ്ഥാന സർക്കാർ അധികമായി നൽകുന്ന 5,750/- രൂപയുമുൾപ്പെടെ ആകെ 8,000/- രൂപയുമാണ് പ്രതിമാസ ഓണറേറിയമായി സംസ്ഥാനത്ത് നൽകിവരുന്നത്. പത്ത് വർഷം അങ്കണവാടി സ്ഥിരം വർക്കറായി സർവ്വീസ് പൂർത്തിയാക്കിയവർക്ക് ഐ.സി.ഡി.എസ്. സൂപ്പർ വൈസർ തസ്തികയിലേയ്ക്കുള്ള നിയമനത്തിന് സംവരണമുണ്ട്. ആറ് വയസ്സിന് താഴെയുള്ള കുട്ടികൾക്കും ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും വിവിധ സേവനങ്ങളെത്തിക്കുന്നത് അങ്കണവാടി പ്രവർത്തകർ വഴിയാണ്. സപ്ലിമെന്ററി ന്യൂട്രീഷൻ, പ്രീ-സ്കൂൾ നോൺ ഫോർമൽ എഡ്യൂക്കേഷൻ, ന്യൂട്രീഷൻ ആൻഡ് ഹെൽത്ത് എഡ്യൂക്കേഷൻ, നവജാത ശിശുക്കളുടെയും ഗർഭിണികളുടെയും ഭവനസന്ദർശനം, അവർക്കുവേണ്ട ന്യൂട്രീഷൻ കൗൺസിലിംഗ് എന്നിവ അങ്കണവാടി പ്രവർത്തകരുടെ ചുമതലയാണ്. കൂടാതെ കമ്മ്യൂണിറ്റി അധിഷ്ഠിത ഇവന്റുകൾ, വില്ലേജ് ഹെൽത്ത് ആൻഡ് ന്യൂട്രീഷൻ, മൊബിലൈസിംഗ് സെൽഫ്

ഹെൽപ്പ് ഗ്രൂപ്പ് എന്നിവയും ഈ പ്രവർത്തകരുടെ ചുമതലകളിൽപ്പെടുന്നു. സംസ്ഥാനത്തെ അങ്കണവാടി പ്രവർത്തകരുടെ സമർപ്പിതമായ പ്രവർത്തനമാണ് പദ്ധതികളുടെ വിജയത്തിന്റെ പ്രധാന ഘടകമെന്ന് എടുത്തുപറയേണ്ടതായിട്ടുണ്ട്. ഇലക്ഷൻ ഡ്യൂട്ടി, മറ്റ് സർവ്വേകൾ മുതലായ ജോലികൾക്ക് അങ്കണവാടി പ്രവർത്തകരെ നിയോഗിക്കരുതെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ സേവനങ്ങൾ പൊതുജനങ്ങളിലെത്തിക്കുന്നതിനായി ഗ്രാസ് റൂട്ട് ലെവലിൽ പ്രവർത്തിക്കുന്ന സ്വയം സന്നദ്ധ സേവകരായ അങ്കണവാടി പ്രവർത്തകരുടെ സേവനം, ആകസ്മികമായി വന്നു ഭവിക്കുന്ന കോവിഡ്-19 അല്ലെങ്കിൽ പ്രളയം പോലെയുള്ള അടിയന്തര സാഹചര്യങ്ങളിൽ, സർക്കാർ ഉപയോഗിക്കുന്നുണ്ട്. വനിത-ശിശുവികസന വകുപ്പിനുകീഴിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 33115 അങ്കണവാടികളിൽ 24360 എണ്ണം സ്വന്തം കെട്ടിടത്തിലും 6948 എണ്ണം വാടക കെട്ടിടത്തിലും 1807 എണ്ണം വാടകരഹിത കെട്ടിടത്തിലും പ്രവർത്തിച്ചുവരുന്നു. സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികളെ നവീകരിച്ച് ശിശുസൗഹൃദ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനും സുരക്ഷിതത്വം ഉറപ്പാക്കുന്നതിലേക്കുമായി വകുപ്പ് എല്ലാവർഷവും തുക അനുവദിച്ചുവരുന്നു. നടപ്പുസാമ്പത്തിക വർഷം

ഒരു ലക്ഷം രൂപ നിരക്കിൽ 100 അങ്കണവാടികളും ഒരു ലക്ഷം രൂപ മുതൽ 10 ലക്ഷം രൂപ വരെ വിനിയോഗിച്ച് ശോച്യാവസ്ഥയിലുള്ള 25 അങ്കണവാടികളും നവീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കുടുംബാന്തരീക്ഷത്തിൽ നിന്നും രക്ഷകർത്താക്കളിൽ നിന്നും മാറി കുട്ടികൾ ആദ്യമെത്തുന്ന ഇടങ്ങളെന്ന നിലയിൽ കുഞ്ഞുങ്ങളുടെ വളർച്ചയിലും വ്യക്തിത്വവികാസത്തിലും അങ്കണവാടികൾക്ക് സവിശേഷമായ സ്ഥാനമുണ്ടെന്നുകണ്ട് സംസ്ഥാന സർക്കാർ അങ്കണവാടികളെ സ്മാർട്ട് അങ്കണവാടികളാക്കുന്നതിനുള്ള പദ്ധതിയാവിഷ്കരിച്ചത് രാജ്യത്തുതന്നെ ആദ്യമാണ്. 204 അങ്കണവാടികളെ സ്മാർട്ട് അങ്കണവാടി പദ്ധതിയിലുൾപ്പെടുത്തി നിർമ്മാണാനുമതി നൽകിയിട്ടുണ്ട്. കുട്ടികളുടെ മാനസികവും ബൗദ്ധികവും ശാരീരികവുമായ വികസനത്തിന് ശാസ്ത്രീയ അടിത്തറയും അടിസ്ഥാന സൗകര്യവും ഒരുക്കുകയെന്നതാണ് സ്മാർട്ട് അങ്കണവാടികളിലൂടെ ലക്ഷ്യമിടുന്നത്. സംസ്ഥാനത്തെ ആദ്യത്തെ സ്മാർട്ട് അങ്കണവാടിയുടെ പ്രവൃത്തി പൂർത്തീകരിച്ച് 2022 ഏപ്രിൽ മാസത്തിൽ ഉദ്ഘാടനം ചെയ്തു. ഈ വർഷം 25 സ്മാർട്ട് അങ്കണവാടികൾ പൂർത്തീകരിക്കുന്നതിന് ലക്ഷ്യമിടുന്നു. വൈദ്യുതി വകുപ്പിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും സഹായത്തോടെ വൈദ്യുതീകരിക്കാത്ത

2500-ലധികം അങ്കണവാടികൾ വൈദ്യുതീകരിക്കാൻ നടപടി സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിൽ 2298 അങ്കണവാടികൾ വൈദ്യുതീകരിച്ചു; ഇനി ശേഷിക്കുന്നത് 202 അങ്കണവാടികളാണ്; ഈ വർഷം ഇതും സാധ്യമാകും. അങ്കണവാടികളുടെ അറ്റകുറ്റപ്പണികൾ, നവീകരണം എന്നിവയ്ക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും തുക വകയിരുത്തുന്നുണ്ട്. സംസ്ഥാനത്ത് വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവ ഉൾപ്പെടെയുള്ള എല്ലാ അങ്കണവാടി കെട്ടിടങ്ങൾക്കും തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന ഫിറ്റ്നസ് പരിശോധന നടത്തി സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത് എല്ലാ ജില്ലകളിലും കർശനമായി നടപ്പിലാക്കുന്നുവെന്ന് ഉറപ്പാക്കുകയും ചെയ്യുന്നുണ്ട്.

ഡോ. മാത്യു കുഴൽനാടൻ: സർ, ഗുജറാത്ത് ഹൈക്കോടതിവിധി റദ്ദാക്കിക്കൊണ്ട് സുപ്രീംകോടതി, അങ്കണവാടി വർക്കർമാർക്ക് ഗ്രാറ്റുവിറ്റിക്ക് അർഹതയുണ്ടെന്ന് രാജ്യമൊട്ടാകെ ബാധകമാകുന്ന വിധി പുറപ്പെടുവിച്ചിട്ടുണ്ട്. അതിനുശേഷം ഇവിടത്തെ അങ്കണവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും ഗ്രാറ്റുവിറ്റി നൽകുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ടോ; സർക്കാർ അത് നടപ്പിലാക്കുന്നുണ്ടോ?

ശ്രീമതി വീണാ ജോർജ്: സർ, അങ്കണവാടി പ്രവർത്തകരുടെ സേവന-

വേതന വ്യവസ്ഥകൾ കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള സമഗ്രമായ പ്രൊപ്പോസൽ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. അത് കൃത്യമായി പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കും.

**[11.04 a.m]**

**IV സബ്മിഷൻ**

(1) <u>ചവറ പ്രകൃതി വാതക സംഭരണ കേന്ദ്രം</u>

<u>ഡോ. സുജിത് വിജയൻപിള്ള</u>: സർ, ഗെയിൽ പ്രകൃതി വാതക വിതരണത്തിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ കേരളത്തിൽ വേഗത്തിൽ പുരോഗമിക്കുന്നുവെന്നാണ് മനസ്സിലാക്കുന്നത്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിലൂടെ ഗെയിൽ പൈപ്പ് ലൈൻ തെക്കൻ കേരളത്തിലും എത്തുന്നുവെന്ന് അറിയുന്നു. ഇതിന്റെ ഭാഗമായി ചവറയിൽ ഒരു സംഭരണകേന്ദ്രം നിർമ്മിക്കുവാൻ സാധിക്കുമോ; പന്മന പഞ്ചായത്തിൽ ദേശീയ പാതയിൽനിന്നും ഒന്നര കിലോമീറ്റർ മാറി നിർദ്ദിഷ്ട തീരദേശ ഹൈവേയോടും ദേശീയ ജലപാതയോടും ചേർന്നുകിടക്കുന്ന 38 ഏക്കർ സ്ഥലം മുമ്പ് ഹിന്ദുസ്ഥാൻ പെട്രോളിയത്തിന്റെ അധീനതയിൽ ഒരു സംഭരണകേന്ദ്രമായി പ്രവർത്തിച്ചിരുന്നുവെങ്കിലും ഇപ്പോൾ

ഉപയോഗയോഗ്യമല്ലാതെ കിടക്കുന്നതിനാൽ ഗെയിൽ പ്രകൃതി വാതക സംഭരണകേന്ദ്രമായി ഏറ്റെടുക്കാവുന്നതാണ്. ഗതാഗത സൗകര്യവും മറ്റെല്ലാ ഭൗതിക സാഹചര്യങ്ങളും ചുറ്റുമതിലുമടക്കമുള്ള ഈ പ്രദേശം ഗാർഹിക ആവശ്യത്തിനുള്ള പ്രകൃതിവാതക സംഭരണ കേന്ദ്രമായി മാറ്റുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ എന്നീ ജില്ലകളിൽ പ്രകൃതി വാതക വിതരണത്തിനായി ഗെയിലിന്റെ ആഭിമുഖ്യത്തിൽ പൈപ്പ് ലൈൻ ശൃംഖല സ്ഥാപിക്കുന്നില്ല. അതേസമയം സിറ്റി ഗ്യാസ് വിതരണ സംവിധാനം നടപ്പാക്കുന്നതിന് AG &P Pratham എന്ന കമ്പനിയെ പെട്രോളിയം ആൻഡ് നാച്വറൽ ഗ്യാസ് റെഗുലേറ്ററി ബോർഡ് ചുമതലപ്പെടുത്തിയിട്ടുണ്ട്. സിറ്റി ഗ്യാസ് വിതരണ സംവിധാനത്തിന് ലിക്വിഫൈഡ് കംപ്രസ്ഡ് നാച്വറൽ ഗ്യാസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ഒരേക്കർ സ്ഥലമാണ് ആവശ്യമായി വരുന്നത്. ഗ്യാസ് പൈപ്പ് ലൈനിന് സമീപമുള്ള സ്ഥലങ്ങളിലും പ്രധാന റോഡിനോട് ചേർന്നും സ്റ്റേഷനുകൾ സ്ഥാപിക്കുന്നതാണ് കൂടുതൽ പ്രായോഗികം. ചവറയിൽ KMML (Kerala Minerals and Metals Ltd)-ന്റെ കൈവശമുള്ള ഭൂമി ഗ്യാസ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമെന്ന്

കണ്ടെത്തിയിട്ടുണ്ട്. ഇതിനായി ഭൂമി അനുവദിക്കുന്നതിന് KMML-നെ സമീപിച്ചിട്ടുണ്ട്. KMML-ന് സ്ഥലം അനുവദിക്കാൻ കഴിയാത്ത സാഹചര്യമുണ്ടെങ്കിൽ ബഹുമാന്യനായ അംഗം ഉന്നയിച്ച കാര്യമടക്കം മറ്റുസ്ഥലങ്ങൾ പരിഗണിക്കാവുന്നതാണ്.

(2) പെരിന്തൽമണ്ണയിലെ എസ്.സി. കോളനിവാസികൾക്ക് ആധാരവും പട്ടയവും

ശ്രീ. നജീബ് കാന്തപുരം: സർ, എന്റെ നിയോജകമണ്ഡലത്തിലെ അംബേദ്കർ കോളനിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഒരവലോകന യോഗത്തിൽ പങ്കെടുത്തപ്പോൾ, താഴെക്കോട് അമ്പലക്കുന്ന് കോളനിയിലെ നിരവധിയാളുകൾക്ക് ഇപ്പോഴും ഭൂരേഖകളോ ഭൂമിയുടെ പട്ടയമോ ഇല്ലാതെ ബുദ്ധിമുട്ടുകയാണെന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. അവർക്ക് സർക്കാർ സംവിധാനത്തിലുള്ള ഒരാനുകൂല്യങ്ങളും ലഭിക്കുന്നില്ലെന്നു മാത്രമല്ല ലൈഫ് ഭവനപദ്ധതിയിൽ പോലും അപേക്ഷ നൽകാൻ കഴിയാത്ത സാഹചര്യവുമുണ്ട്. സർക്കാർ ഇപ്പോൾ "എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ" എന്ന മുദ്രാവാക്യവുമായി മുന്നോട്ടുപോകുന്ന സമയമാണെങ്കിലും സമൂഹത്തിൽ ഏറ്റവും പുറകിൽ നിൽക്കുന്ന എസ്.സി കുടുംബങ്ങൾക്ക് അർഹതപ്പെട്ട ആനുകൂല്യംപോലും ലഭ്യമാകാത്ത ഒരു സ്ഥിതിവിശേഷമുണ്ട്.

ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പുലർത്തുകയും അതിനുവേണ്ട സാഹചര്യമുണ്ടാക്കാൻ ശ്രമിക്കുകയും വേണം. എന്റെ മണ്ഡലത്തിൽ മാത്രം 253 എസ്.സി. കോളനികളുണ്ട്. ഓരോ കോളനിയിലും ശരാശരി 3 കുടുംബങ്ങളെങ്കിലും കൈവശഭൂമിക്ക് രേഖയില്ലാത്തവരാണ്. അതുകൊണ്ട് അവർക്കർഹമായ പലതും നിഷേധിക്കപ്പെടുന്ന ഒരു സാഹചര്യവുമുണ്ട്. വനാവകാശ നിയമപ്രകാരം എസ്.ടി കുടുംബങ്ങൾക്ക് ചിലയിടങ്ങളിൽ വീട് വയ്ക്കാൻ സ്ഥലം കൊടുത്തിട്ടുണ്ട്. ഒരാൾക്കും കയറിയെത്താൻ കഴിയാത്ത വിധത്തിലുള്ള സ്ഥലങ്ങളിൽ താമസിക്കുന്ന, പ്രത്യേകിച്ച്, എന്റെ നിയോജകമണ്ഡലത്തിലെ ചീനിക്കപ്പാറ കോളനി, വളരെ വിദൂരമായൊരു സ്ഥലമായതുകൊണ്ട് അവിടേയ്ക്ക് കയറിപ്പോകാൻപോലും കഴിയുന്നില്ല. അവിടത്തെ കുട്ടികൾക്ക് വിദ്യാഭ്യാസമില്ല, പേരിന് അവർക്ക് ഭൂമി ലഭിച്ചു, ഇനി അവർക്ക് മറ്റൊരു സ്ഥലത്തേയ്ക്ക് മാറാനും സാധിക്കില്ല. ഈ ഒരു സാഹചര്യത്തിൽ ഇവരുടെ ഭൂമിക്ക് പട്ടയം നൽകുന്നതിനുള്ള മാനദണ്ഡങ്ങളിൽ ഇളവ് നൽകണം. പട്ടയ രേഖകളില്ലാത്ത പട്ടികജാതി കുടുംബങ്ങളെ കണ്ടെത്തുന്നതിനും പട്ടയം ലഭ്യമാക്കുന്നതിനും വില്ലേജ് ഓഫീസർമാർക്ക് പ്രത്യേക അധികാരം നൽകുന്നതിന് ബഹുമാന്യനായ റവന്യൂ വകുപ്പുമന്ത്രി ശ്രദ്ധിക്കണം. ഇതൊരു

സ്പെഷ്യൽ കേസ്സായെടുത്ത് എന്റെ നിയോജകമണ്ഡലത്തിൽ ഒരു സിറ്റിംഗ് നടത്താനും അടിയന്തര പ്രാധാന്യത്തോടെ രേഖകളില്ലാത്ത എസ്.സി. കുടുംബങ്ങൾക്ക് പട്ടയം ലഭ്യമാക്കാനും നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. വളരെ പ്രധാനപ്പെട്ട മറ്റൊരു പ്രശ്നം, വില്ലേജ് ഓഫീസർമാർ Suo-Moto നൽകുന്നതുമായി ബന്ധപ്പെട്ടുള്ളതാണ്. വേണ്ടത്ര ജീവനക്കാരും സംവിധാനങ്ങളുമില്ലെന്നാണ് അവർ പറയുന്നത്. RDO-യ്ക്കുപോലും ഇതിൽ തീരുമാനമെടുക്കാൻ കഴിയാതെ, അപേക്ഷകൾ കുന്നുകൂടി കിടക്കുന്ന സാഹചര്യമാണുള്ളത്. അതുകൊണ്ട് എത്രയുംവേഗം ഈ പ്രശ്നം പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗം ഒരേ സമയം രണ്ട് വിഷയങ്ങളാണ് ഉന്നയിച്ചത്. രണ്ടും ഗൗരവമുള്ള വിഷയങ്ങളാണെങ്കിലും ഉന്നയിച്ച വിഷയത്തിനുള്ള മറുപടി പറയാം. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് സർക്കാർ പരിശോധിച്ചുവരുന്ന ഒരു പൊതുവിഷയമാണ്. പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ മാത്രമല്ല; സംസ്ഥാനത്താകെ പട്ടികജാതി കോളനികളിൽ വർഷങ്ങളായി താമസിച്ചുവരുന്ന കുടുംബങ്ങൾക്ക് പട്ടയം ലഭ്യമല്ലാത്ത സാഹചര്യങ്ങളുണ്ട്. കഴിഞ്ഞ വർഷം 54535 പട്ടയങ്ങൾ വിതരണം

ചെയ്യുകയുണ്ടായി. ഈ സാമ്പത്തിക വർഷം മലയോര മേഖലയിലെയും പട്ടികജാതി/പട്ടികവർഗ്ഗ മേഖലകളിലെയും ആളുകൾക്ക് പൂർണ്ണമായും പട്ടയം കൊടുക്കാൻ കഴിയുംവിധത്തിലുള്ള ഒരു സ്പെഷ്യൽ ഡ്രൈവിലേയ്ക്കാണ് പോകുന്നത്. പട്ടയം ലഭ്യമാകാത്തതിനുള്ള പ്രധാന കാരണം പ്രസ്തുത ഭൂമി പുറമ്പോക്കോ തരിശോ അല്ല എന്നതാണ്. പട്ടികജാതി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി ജന്മിമാരിൽനിന്നും പഞ്ചായത്ത് വിലകൊടുത്തുവാങ്ങിയ സ്ഥലത്ത് വീടുവച്ച് നൽകിയ കേസുകളാണ് ഭൂരിഭാഗവും. പഞ്ചായത്തിന്റെ പേരിൽ യഥാസമയം പോക്കുവരവ് ചെയ്യാത്തതുമൂലം ഇത്തരം ഭൂമി ജന്മിമാരുടെ പേരിലായിരിക്കും നിലനിൽക്കുന്നത്. മിക്ക പഞ്ചായത്തുകളിലും ഭൂമി വാങ്ങിയതിന്റെ ആധാരങ്ങൾ സൂക്ഷിച്ചിട്ടില്ലാത്തതുമൂലവും പോക്കുവരവ് നടത്താൻ ബുദ്ധിമുട്ടുണ്ടാകുന്നുണ്ട്. നിലവിലുള്ള ചട്ടങ്ങൾപ്രകാരം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമി സർക്കാരിലേയ്ക്ക് നിക്ഷിപ്തമാക്കി റീവെസ്റ്റ് ചെയ്ത് പുറമ്പോക്കാക്കിയതിനുശേഷമാണ് പട്ടയം വിതരണം ചെയ്യുന്നത്. ഇത്തരം കേസുകളിൽ ഒരു പൊതു തീരുമാനമെടുക്കാനായി ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുമായി കൂടിയാലോചിക്കുകയും അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം ഒരു യോഗം വിളിക്കാൻ

നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. മുമ്പ് പട്ടയം നൽകിയ കുടുംബങ്ങൾ പട്ടയ നിബന്ധന ലംഘിച്ച് വെറും എഗ്രിമെന്റിലൂടെ ഭൂമി മറ്റൊരാൾക്ക് കൈമാറ്റം ചെയ്ത് കൈമറിഞ്ഞ കേസുകളും ഇപ്പോഴുണ്ട്. ഇപ്പോഴത്തെ കൈവശക്കാരന്റെ പക്കൽ ചിലപ്പോൾ ഒരു രേഖയും ഉണ്ടാകില്ല. ഒരിക്കൽ പട്ടയം നൽകിയ ഭൂമിയായതിനാൽ വീണ്ടും പട്ടയം അനുവദിക്കാനും നിർവ്വാഹമില്ല. ഇത്തരം കേസുകളിൽ മുമ്പ് നൽകിയ പട്ടയം റദ്ദാക്കി ഒരു പബ്ലിക് നോട്ടീസ് നൽകി കൈവശക്കാരൻ ആരാണോ അവർക്ക് പുതിയതായി പട്ടയം നൽകുവാൻ സാധിക്കുമോയെന്ന കാര്യമാണ് സർക്കാർ പരിശോധിച്ചുവരുന്നത്. ഇത്തരം പട്ടയപ്രശ്നങ്ങൾ പരിഹരിക്കുന്നതിനു വേണ്ടിയാണ് സർക്കാർ 'പട്ടയ ഡാഷ് ബോർഡ്' എന്ന ആശയത്തിന് രൂപം നൽകിയിട്ടുള്ളത്. പട്ടയ ഡാഷ് ബോർഡിലൂടെ ഓരോ പ്രദേശത്തെയും ഭൂമിയുടെ ലഭ്യത, പട്ടയ വിതരണത്തിനുള്ള തടസ്സം എന്നിവ മനസ്സിലാക്കാനും അത്തരം പ്രശ്നങ്ങൾക്ക് പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കാനും ശ്രമിക്കുന്നുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം ബഹുമാനപ്പെട്ട ചെയറിന്റെ നിയോജകമണ്ഡലത്തിലെ പട്ടികജാതി കോളനിയെയാണ് ഒരു സ്പെഷ്യൽ കേസായി പരിഗണിച്ചത്. അവിടെ ചുരുങ്ങിയ കാലം കൊണ്ട് 332 കോളനികളിൽ പട്ടയം വിതരണം ചെയ്യാൻ കഴിഞ്ഞ അനുഭവം നമ്മുടെ

മുന്നിലുണ്ട്. പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ടുവരുന്ന 12 വില്ലേജുകളിലായി 253 പട്ടികജാതി കോളനികൾ നിലവിലുണ്ടെന്നത് യാഥാർത്ഥ്യമാണ്. എന്നാൽ ഒരു കേന്ദ്രത്തിലും പ്രസ്തുത കോളനി നിവാസികൾ പട്ടയത്തിനായി അപേക്ഷ സമർപ്പിച്ചതായുള്ള രേഖകൾ കാണാനായില്ല. ചിലപ്പോൾ ഇതുമായി ബന്ധപ്പെട്ട് അവിടെ ജീവിക്കുന്ന ആളുകളുടെ ധാരണ പിശകായിരിക്കാം. ഏതായാലും ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ഗൗരവമായ ഈ പ്രശ്നം പരിശോധിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ്, പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പുമന്ത്രിമാർ ഉൾപ്പെടെ എല്ലാവരെയും ഉൾപ്പെടുത്തിക്കൊണ്ട് ജൂലൈ മാസത്തിൽ ഒരു പ്രത്യേക യോഗം വിളിച്ചുചേർക്കുന്നതാണ്. അതിനുശേഷം ഇക്കാര്യങ്ങൾ ഗൗരവമായി പരിശോധിക്കാനും പരിഹരിക്കാനുമുള്ള നടപടി സ്വീകരിക്കാമെന്ന് അങ്ങേയ്ക്ക് ഉറപ്പുനൽകുന്നു.

(3) എയ്ഡഡ് മേഖലയിൽ ഭിന്നശേഷിക്കാർക്ക് സംവരണം

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, 7-2-1996 -ൽ അംഗപരിമിതരുടെ നിയമനം സംബന്ധിച്ച നിയമം നിലവിൽ വന്നപ്പോൾ സ്വകാര്യ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളെ ഇതിന്റെ പരിധിയിൽ

ഉൾപ്പെടുത്തിയിരുന്നില്ല. ആയതിനാൽ അത്തരം സ്ഥാപനങ്ങളിൽ പ്രസ്തുത സംവരണം നടപ്പാക്കുകയും ചെയ്തില്ല. എന്നാൽ 1996 -ല നിയമം 2016-ൽ റദ്ദ് ചെയ്യുകയും 19-4-2017-ൽ പുതിയ നിയമം നിലവിൽ വരികയും ചെയ്തപ്പോൾ 1996 മുതലുള്ള എല്ലാ ഒഴിവുകളിലും അംഗ പരിമിതർക്കുള്ള സംവരണം നടപ്പാക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് വിദ്യാഭ്യാസ വകുപ്പ് 18-11-2018 -ൽ പുതിയ ഉത്തരവ് പുറപ്പെടുവിച്ചു. 1996 മുതൽ നടന്ന എല്ലാ എയ്ഡഡ് സ്കൂൾ നിയമനങ്ങൾക്കും സർക്കാർ അംഗീകാരം ലഭിച്ച സാഹചര്യത്തിൽ അംഗപരിമിതർക്ക് മുൻകാല പ്രാബല്യത്തോടെ ഉദ്യോഗ സംവരണം നൽകുകയെന്ന വ്യവസ്ഥ പ്രയോഗികമായി ബുദ്ധിമുട്ടുണ്ടാക്കുന്ന കാര്യമാണ്. 1995-ലെ നിയമ പ്രകാരമുള്ള മുൻകാല ഒഴിവുകൾ നിർണ്ണയിക്കുവാനോ നടപ്പാക്കുവാനോ പ്രായോഗികമായി ബുദ്ധിമുട്ടുണ്ട്. 1995-ലെ നിയമം റദ്ദ് ചെയ്ത് പുതിയ നിയമം നിലവിൽ വന്നപ്പോഴും സർക്കാർ അംഗ പരിമിതർക്കുവേണ്ടി ഉദ്യോഗ സംവരണം നടപ്പാക്കണമെന്ന് മാനേജ്മെന്റുകളോടോ സ്കൂളുകളോടോ ആവശ്യപ്പെട്ടിരുന്നില്ല. ആയതിനാൽ ഈ കാലയളവിലെ എല്ലാ തസ്തികകളും മാനേജ്മെന്റ് നികത്തുകയും അവയ്ക്കെല്ലാം ഗവൺമെന്റ് അംഗീകാരം നൽകുകയും ചെയ്തു. മുൻകാല പ്രാബല്യത്തോടെ ഈ ഉത്തരവ്

നടപ്പാക്കണമെന്ന് ഇപ്പോൾ ആവശ്യപ്പെടുന്നത് പ്രയോഗികമായി ഒരുപാട് പ്രശ്നങ്ങളുണ്ടാക്കുന്നുണ്ട്. എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക നിയമനത്തിന് ആർ.പി.ഡബ്ല്യൂ.ഡി. ആക്റ്റ് പ്രകാരമുള്ള പ്രായോഗികമായൊരു സമീപനം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടായില്ലെങ്കിൽ മാനേജ്മെന്റിനും അദ്ധ്യാപകർക്കും ഒരുപാട് ബുദ്ധിമുട്ടുകളുണ്ടാകും. അതുകൊണ്ട് 2017-നും 2022-നും ഇടയിലുള്ള കാലയളവിലെ തസ്തികകളിൽ ഭിന്നശേഷിക്കാർക്കുള്ള നാല് ശതമാനം സംവരണം ഏർപ്പെടുത്തിക്കൊണ്ട് ഈ പ്രശ്നം പരിഹരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (<u>ശ്രീ. വി. ശിവൻകുട്ടി</u>): സർ, Rights of persons with Disabilities Act 1995 പ്രകാരം കാഴ്ച കുറഞ്ഞവർ, ശ്രവണ ശേഷിയില്ലാത്തവർ, ചലന വൈകല്യമുള്ളവർ സെറിബ്രൽ പാൾസി വിഭാഗത്തിൽപ്പെട്ടവർ എന്നിവർക്ക് എല്ലാ എസ്റ്റാബ്ലിഷ്മെന്റുകളിലും മൂന്ന് ശതമാനം സംവരണം പാലിച്ചുകൊണ്ട് നിയമനം നൽകേണ്ടതാണ്. കൂടാതെ പ്രസ്തുത ആക്റ്റിലെ സെക്ഷൻ 39 പ്രകാരം എല്ലാ സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സർക്കാരിൽനിന്നും സഹായം ലഭിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മൂന്ന് ശതമാനം

സീറ്റുകൾ ഭിന്നശേഷിക്കാർക്കായി മാറ്റിവയ്ക്കണം. Rights of persons with Disabilities Act 2016 സെക്ഷൻ 34(1) പ്രകാരം ഓരോ ഗ്രൂപ്പ് ഓഫ് പോസ്റ്റുകളുടെയും കേഡർ സ്ട്രെംങ്തിന്റെ ആകെയുള്ള ഒഴിവുകളിൽ നാല് ശതമാനത്തിൽ കുറയാത്ത ഒഴിവുകളിൽ ഭിന്നശേഷിക്കാരെ നിയമിക്കേണ്ടതാണ്. പ്രസ്തുത ആക്ടിലെ സെക്ഷൻ 2(k) പ്രകാരം സർക്കാർ ഗ്രാന്റ് ലഭിക്കുന്ന എല്ലാ സ്കൂളുകൾക്കും ഇത് ബാധകമാണ്. അദ്ധ്യാപക/അനദ്ധ്യാപക തസ്തികകളിലെ ഏത് വിഭാഗത്തിൽപ്പെട്ടവരെയും ഭിന്നശേഷി സംവരണത്തിൽ ഉൾപ്പെടുത്തുമെന്ന് 07-05-2019, 25-08-2020 എന്നീ തീയതികളിലെ ഉത്തരവുകൾപ്രകാരം സാമൂഹിക നീതി വകുപ്പ് വ്യക്തമാക്കിയതിന്റെ അടിസ്ഥാനത്തിൽ പി.എസ്.സി. വഴി 15-02-1996 മുതൽ 18-04-2017 വരെ മൂന്ന് ശതമാനവും 19-04-2017 മുതൽ നാല് ശതമാനവും ഭിന്നശേഷി സംവരണം നടപ്പാക്കിവരുന്നു. ഭിന്നശേഷി സംവരണം എയ്ഡഡ് സ്കൂളുകളിലും നടപ്പാക്കണമെന്ന് കാണിച്ച് Kerala Federation of the Blinds കേരള ഹൈക്കോടതിയിൽ 19808/2021 നമ്പർ റിട്ട് പെറ്റീഷൻ സമർപ്പിക്കുകയും 23-09-2021-ലെ ഇടക്കാല വിധിന്യായപ്രകാരം സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ 15-07-2021 മുതലുള്ള എല്ലാ നിയമനങ്ങളും തടഞ്ഞുവയ്ക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന്

18-11-2018 -ലെ സർക്കാർ ഉത്തരവ് ഖണ്ഡിക 6(1), 6(2) എന്നിവയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി സംസ്ഥാനത്തെ എയ്ഡഡ് നിയമനങ്ങളിൽ 07-02-96 മുതൽ 18-04-2007 വരെ മൂന്ന് ശതമാനവും 19-04-2017 മുതൽ നാല് ശതമാനവും സംവരണം ഏർപ്പെടുത്തിക്കൊണ്ട് 08-11-2021-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ 23-12-2021-ലെ ഇടക്കാല വിധി ന്യായപ്രകാരം 25-08-2020-ലെ ഉത്തരവിൽ പ്രതിപാദിക്കുന്ന എല്ലാ തസ്തികകൾക്കും സ്റ്റേ ബാധകമാണെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി വ്യക്തമാക്കി. 07-05-2019-ലെ ഉത്തരവിൽ പ്രതിപാദിക്കുന്ന തസ്തികൾക്കുകൂടി സ്റ്റേ ബാധകമാണെന്ന് പിന്നീട് ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവായി. ഇടക്കാല ഉത്തരവ് നിലനിൽക്കെ 15-07-2021-നു മുമ്പുള്ള നിയമനങ്ങൾക്കും അംഗീകാരം നൽകുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ നിലവിലുള്ള കേസ്സും എതിർ സത്യവാങ്മൂലം ഫയൽ ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ അന്തിമ വിധിന്യായം വന്നതിനുശേഷം മാത്രമെ 07-11-2021 വരെ മാനേജർമാർ നടത്തിയ നിയമനങ്ങൾ സംബന്ധിച്ച് തീരുമാനമെടുക്കാനാകൂ. 07-02-96 മുതൽ 07-11-2021 വരെയുള്ള ബാക്ക് ലോഗ് നിയമനം ഭിന്നശേഷി സംവരണം

പാലിച്ചുമാത്രമേ നടത്താവൂ എന്നും ആയത് പരിശോധിച്ചുമാത്രം വിദ്യാഭ്യാസ ഓഫീസർമാർ അംഗീകാരം നൽകേണ്ടതുമാണെന്ന് 25-06-2022-ൽ സർക്കാർ ഒരു ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ മേൽ പരമാർശിച്ച കേസ്സ് നിലനിൽക്കുന്നുവെന്ന കാര്യംകൂടി ഞാൻ സൂചിപ്പിക്കുന്നു. ഭിന്നശേഷിക്കാരായ ആളുകളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതോടൊപ്പം സ്കൂളുകളിലെ നിയമനങ്ങൾക്ക് അംഗീകാരം കൊടുക്കുകയും വേണം. പല എയ്ഡഡ്/മാനേജ്മെന്റ് സ്കൂളുകളിലും അദ്ധ്യാപകർ ശമ്പളം കിട്ടാത്തതുമൂലമുള്ള ബുദ്ധിമുട്ടുകളനുഭവിക്കുന്നുണ്ട്. ഇതെല്ലാം പരിശോധിച്ച് സാമൂഹ്യനീതി വകുപ്പുമായി ആലോചിച്ച് ഒരു സ്കീം തയ്യാറാക്കി ബഹുമാനപ്പെട്ട കോടതി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. അതുസംബന്ധിച്ച് കോടതിയുടെ അന്തിമവിധി വരുന്ന മുറയ്ക്ക് ഗവൺമെന്റ് ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതാണ്.

## (4) കലശമല ഇക്കോ ടൂറിസം പദ്ധതി

ശ്രീ. എ. സി. മൊയ്തീൻ: സർ, എന്റെ നിയോജകമണ്ഡലത്തിലെ കലശമല ഇക്കോ ടൂറിസം പദ്ധതിയുടെ ആദ്യഘട്ട നിർമ്മാണ പ്രവർത്തനം പൂർത്തീകരിച്ചതും പ്രസ്തുത ടൂറിസം ഡെസ്റ്റിനേഷന്റെ വിപുലീകരണത്തിനുവേണ്ടി രണ്ടാംഘട്ട വികസനത്തിനായി സ്ഥലം

ഏറ്റെടുക്കാൻ 2019-ൽ പത്തുകോടി രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുള്ളതുമാണ്. പക്ഷേ, ഭൂമി ഏറ്റെടുക്കൽ നടപടികൾ ഇഴഞ്ഞുനീങ്ങുകയാണ്. സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കാൻ കഴിയാത്തതിനാൽ രണ്ടാംഘട്ട വികസന പ്രവർത്തനം സമയബന്ധിതമായി ചെയ്യാൻ സാധിച്ചിട്ടില്ല. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി ഉൾപ്പെടെ ഒരു യോഗം വിളിച്ചിരുന്നു. ഇപ്പോഴും ഭൂമി ഏറ്റെടുക്കൽ നടപടികൾ ഒരു പ്രത്യേക ഘട്ടത്തിൽ എത്തിനിൽക്കുകയാണ്. കലശമല ഇക്കോ ടൂറിസം പ്രോജക്ടിന്റെ രണ്ടാംഘട്ട വികസനത്തിന് അനിവാര്യമായ ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് സർക്കാരിന്റെ ഭാഗത്തുനിന്നും ഇടപെടലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, തൃശ്ശൂർ ജില്ലയിലെ കുന്നംകുളം മണ്ഡലത്തിൽ ഉൾപ്പെടുന്ന കലശമല ഇക്കോ ടൂറിസം കേന്ദ്രത്തിന്റെ വികസനത്തിനായി ആദ്യഘട്ടത്തിൽ രണ്ടുകോടി ഇരുപത് ലക്ഷം രൂപ ചെലവിൽ ഇക്കോ ടൂറിസം പദ്ധതി നടപ്പാക്കി. പാർക്കിംഗ്, എൻട്രൻസ്, ഗേറ്റ് വേ, ടിക്കറ്റ് കൗണ്ടർ, പാത്ത് വ്യൂയിംഗ് ഗ്യാലറി, ടോയ്‌ലറ്റ്, കഫറ്റീരിയ, വ്യൂ പോയിന്റ്, ഹെർബൽ ഗാർഡൻ, ചിൽഡ്രൻസ് പാർക്ക്, റെയിൻ വാട്ടർ ഹാർവെസ്റ്റിംഗ്

ടാങ്ക്, സ്ട്രീറ്റ് ഫർണിച്ചർ, ഫെൻസിംഗ്, സൈനേജസ്, ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ്, ഫയർ ഫൈറ്റിംഗ് എന്നിവയായിരുന്നു ആദ്യഘട്ടത്തിൽ നടപ്പാക്കിയത്. കലശമല ഇക്കോ ടൂറിസം പദ്ധതിയുടെ രണ്ടാംഘട്ട വികസനത്തിനുള്ള സ്ഥലമേറ്റെടുപ്പിനും ഈ പ്രദേശത്തേയ്ക്കുള്ള റോഡ് വികസിപ്പിക്കുന്നതിനുമായി പത്തുകോടി രൂപയുടെ ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ പദ്ധതിക്ക് സ്ഥലമേറ്റെടുക്കുന്നതിന് സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) ജനറൽ-നെ തൃശ്ശൂർ ജില്ലാകളക്ടർ ചുമതലപ്പെടുത്തുകയും പദ്ധതിക്കുള്ള കണ്ടിജൻസി ചാർജ്ജായി 50 ലക്ഷം രൂപ കൈമാറുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കലിന് 31-03-2022, 10-06-2022 എന്നീ തീയതികളിൽ ഗസറ്റ് വിജ്ഞാപനവും പുറപ്പെടുവിച്ചിരുന്നു. എന്നാൽ ചൊവ്വന്നൂർ അഗത്തിയൂർ വില്ലേജുകളിലെ ചില സർവ്വേ നമ്പറുകൾ അർത്ഥനയിലോ സർക്കാർ ഉത്തരവിലോ ഉൾക്കൊള്ളിച്ചിട്ടില്ലാത്തതിനാൽ ഈ വിവരങ്ങൾകൂടി ചേർത്ത് പുതിയ അർത്ഥനയും സർക്കാർ ഉത്തരവും അടിയന്തരമായി ലഭ്യമാക്കണമെന്ന് സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) ജനറൽ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനുള്ള പ്രവർത്തനങ്ങൾ തുടരുകയാണ്. കലശമലയിലെ രണ്ടാംഘട്ട വികസന പദ്ധതിയുടെ സാമൂഹികാഘാതപഠനം നടത്താനായി തൃശ്ശൂർ ജില്ലാ കളക്ടർ

രാജഗിരി ഔട്ട് റീച്ച് സൊസൈറ്റിയെ ചുമതലപ്പെടുത്തുകയും തുടർനടപടികൾ പുരോഗമിക്കുകയുമാണ്. വിനോദസഞ്ചാര മേഖലയിലെ പ്രവൃത്തികളുടെ പ്രതിമാസ അവലോകന യോഗത്തിലും കലശമല വികസന പദ്ധതിയുടെ പുരോഗതി വിലയിരുത്തി പ്രവർത്തനം ത്വരിതപ്പെടുത്തുന്നുണ്ട്. കലശമലയിൽ സ്ഥലമേറ്റെടുക്കൽ നടപടി കഴിവതും വേഗം പൂർത്തിയാക്കി പദ്ധതിയുടെ രണ്ടാംഘട്ടവികസനം പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ കലശമല ഇക്കോ ടൂറിസം സ്പോട്ട് തൃശ്ശൂർ ജില്ലയിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിലൊന്നായി മാറുമെന്നാണ് വകുപ്പ് പ്രതീക്ഷിക്കുന്നത്.

## (5) ഈസ്റ്റ് ടിപ്പുസുൽത്താൻ റോഡ് നിർമ്മാണം

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, കയ്പമംഗലം നിയോജകമണ്ഡലത്തിലെ തിരക്കേറിയ പാതയാണ് ഈസ്റ്റ് ടിപ്പുസുൽത്താൻ. ഈ റോഡിന്റെ ചെയ്നേജ് 3/250 മുതൽ 3/900 വരെയുള്ള ദൂരം തകർന്നതിനെത്തുടർന്ന് റീ ടാറിംഗിന് പി.ഡബ്ല്യു.ഡി. ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകുകയും ടെണ്ടർ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ കിഫ്ബി പദ്ധതിപ്രകാരം ഈ റോഡിലൂടെയുള്ള കുടിവെള്ള പൈപ്പ് ലൈൻ മാറ്റുന്ന പദ്ധതി നടപ്പാക്കാൻ

പോകുകയാണ്. നിലവിൽ റോഡിന്റെ മദ്ധ്യഭാഗത്തുകൂടിയാണ് പഴയ പൈപ്പ് ലൈൻ പോകുന്നതെന്നതുകൊണ്ട് ഇടയ്ക്കിടയ്ക്ക് അവിടെ അറ്റകുറ്റപ്പണി നടത്തേണ്ട സ്ഥിതിയും വരുന്നുണ്ട്. അതുകൊണ്ട് ബി.എം. & ബി.സി. ടാറിംഗിനുപകരം ടൈൽ വിരിക്കണമെന്നാണ് ഡിപ്പാർട്ട്മെന്റ് സൂചിപ്പിച്ചത്. അതിന്റെ അനുമതിക്കായി ഗവൺമെന്റിലേയ്ക്ക് അപേക്ഷിച്ചെങ്കിലും അനുമതി നിഷേധിക്കുകയാണുണ്ടായത്. ആയിരക്കണക്കിന് വിദ്യാർത്ഥികൾ പഠിക്കുന്ന ആർ.എം.വി.എച്ച്.എസ്. സ്കൂളും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററും സ്ഥിതി ചെയ്യുന്ന ഈ ഭാഗത്ത് ഇടയ്ക്കിടയ്ക്ക് അപകടമുണ്ടാകുന്നത് വലിയ രീതിയിലുള്ള പ്രതിഷേധത്തിന് കാരണമാകുന്നുണ്ട്. അപകടസ്ഥിതി മാറ്റി ആളുകൾക്ക് സുരക്ഷിതമായി സഞ്ചരിക്കാൻ കഴിയുന്ന രീതിയിൽ റോഡ് അറ്റകുറ്റപ്പണി ചെയ്യുന്നതിന് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, കയ്പമംഗലത്തെ ഈസ്റ്റ് ടിപ്പുസുൽത്താൻ റോഡിൽ ആർ.എം.വി.എച്ച്.എസ്. പരിസരം മുതൽ കാക്കാത്തുരുത്തിപ്പള്ളി വളവുവരെ ബി.എം. & ബി.സി. പ്രവൃത്തി ചെയ്യുന്നതിനായി 60 ലക്ഷം രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിരുന്നു. ടെണ്ടർ നടപടികൾക്കുശേഷം ആറുമാസത്തെ കരാറിലേർപ്പെട്ട് 06-09-2021-ൽ

സൈറ്റ് കൈമാറുകയും ചെയ്തു. സാധാരണനിലയിൽ ഇതിന്റെ പ്രവൃത്തി ഇപ്പോൾ പൂർത്തിയാക്കേണ്ടതാണ്. എന്നാൽ കിഫ്ബി പദ്ധതിയിലുൾപ്പെട്ട നാട്ടിക-ഫർക്ക സമഗ്ര ശുദ്ധജല വിതരണപദ്ധതിയുമായി ബന്ധപ്പെട്ട് റോഡുമുറിച്ച് പൈപ്പിടുന്നതിന് കേരള വാട്ടർ അതോറിറ്റി അനുമതി ആവശ്യപ്പെട്ടതോടെ നിലവിലുള്ള റോഡ് പ്രവൃത്തി തടസ്സപ്പെടുന്ന സ്ഥിതിയുണ്ടായി. രണ്ടും ജനങ്ങളുടെ ആവശ്യമാണ്. റോഡ് റെസ്റ്റോറേഷനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയിരുന്നുവെങ്കിലും വാട്ടർ അതോറിറ്റി തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. വാട്ടർ അതോറിറ്റി കാലഹരണപ്പെട്ട പൈപ്പുകൾ മാറ്റിയിടുകയും ലീക്ക് പരിഹരിക്കുകയും ചെയ്യുന്നുണ്ടെങ്കിലും പുതിയ ഭാഗങ്ങളിൽ ലീക്ക് ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഈസ്റ്റ് ടിപ്പുസുൽത്താൻ റോഡിൽ ചെയിനേജ് 3/250 മുതൽ 3/900 വരെയുള്ള ഭാഗത്ത് ടൈലിട്ട ഭാഗങ്ങൾ ഇവിടെ സൂചിപ്പിച്ച ഭാഗങ്ങൾ ഒഴികെ 508 മീറ്റർ നീളത്തിൽ ബി.എം. & ബി.സി. ഉപയോഗിച്ച് ഉപരിതലം പുതുക്കുന്നതിനാണ് ആദ്യം ഭരണാനുമതി നൽകിയിരുന്നത്. എന്നാൽ പൈപ്പ് പൊട്ടലും പൈപ്പ് മാറ്റിയിടലും പരിഗണിച്ച് ബി.എം. & ബി.സി. പ്രവൃത്തികൾക്കുപകരം 140 മീറ്റർ നീളത്തിൽ പെർമിക്സ് കാർപ്പെറ്റും (ഒ.ജി.പി.സി.) 376 മീറ്റർ നീളത്തിൽ

ഇന്റർലോക്കിംഗ് ടൈലും പാകുന്നതായിരിക്കും ഉചിതമെന്ന വിലയിരുത്തലിനെത്തുടർന്ന് എസ്റ്റിമേറ്റ് പുതുക്കി നിർദ്ദേശം സമർപ്പിക്കപ്പെട്ടിരുന്നു. പ്രവൃത്തിയുടെ സ്വഭാവത്തിൽ മാറ്റം വന്നതിനാൽ സൈറ്റിലെ അവസ്ഥയ്ക്കനുസൃതമായി പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കി റീ-ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ റെക്ടിഫിക്കേഷൻ പ്രവൃത്തി ക്രമീകരിച്ചതിനുശേഷം തുടർ നടപടികൾ സ്വീകരിക്കുന്നതായിരിക്കും. നമ്മുടെ സംസ്ഥാനത്തെ എല്ലാ മണ്ഡലങ്ങളിലെയും പൊതുവിഷയമാണിത്. ഇതിൽ വകുപ്പുകളുടെ ഏകോപനം ഒരു പ്രധാനപ്പെട്ട പ്രശ്നമാണ്. ഒരു പുതിയ റോഡ് വരുമ്പോൾ അതിന്റെ പ്രവൃത്തി പൂർത്തീകരിച്ചയുടനെ കുടിവെള്ളത്തിന്റെ ആവശ്യത്തിനായി റോഡ് മുറിക്കുന്നത് നമ്മുടെ സംസ്ഥാനത്ത് ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന വിഷയമാണ്. ഇത് സംബന്ധിച്ച് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുമായി സംസാരിച്ചതിന്റെ അടിസ്ഥാനത്തിൽ പി.ഡബ്ല്യു.ഡി. സെക്രട്ടറിയുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥതല സമിതി രൂപീകരിച്ച് പ്രശ്നങ്ങൾ പരിഹരിച്ച് മുന്നോട്ടുപോകാനുള്ള ശ്രമങ്ങൾ തുടരുന്നു.

(6) ആറളം ഫാം ഹയർ സെക്കണ്ടറി സ്കൂളിലെ അദ്ധ്യാപക തസ്തികകൾ

ശ്രീ. സണ്ണി ജോസഫ്: സർ, എന്റെ നിയോജകമണ്ഡലത്തിലെ ആറളം ആദിവാസി മേഖലയിലെ ഗവൺമെന്റ് ഹൈസ്കൂൾ 2019-ൽ ഹയർ സെക്കണ്ടറി സ്കൂളായി ഉയർത്തപ്പെട്ടു. എന്നാൽ അവിടെ പ്രിൻസിപ്പാൾ തസ്തിക ഒഴിച്ച് മറ്റ് അദ്ധ്യാപക തസ്തികകളൊന്നുംതന്നെ സൃഷ്ടിച്ചിട്ടില്ല. പ്രിൻസിപ്പാൾ റിട്ടയർ ചെയ്തപ്പോൾ അടുത്തുള്ള ഹൈസ്കൂളിലെ ഹെഡ്മിസ്ട്രസിന് ചാർജ്ജ് കൊടുത്തതല്ലാതെ തസ്തിക സൃഷ്ടിക്കുകയോ താല്ക്കാലിക നിയമനം നടത്തുകയോ ചെയ്തിട്ടില്ല. പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികളാണ് പഠിക്കുന്നത്. ഇപ്രാവശ്യം 104 കുട്ടികൾ ഹയർ സെക്കണ്ടറി പരീക്ഷ എഴുതിയതിൽ 40 ശതമാനം മാത്രമേ വിജയിച്ചിട്ടുള്ളൂ. കഴിഞ്ഞ തവണയും ഇത് സംബന്ധിച്ച് ഞാൻ പറഞ്ഞിരുന്നുവെങ്കിലും നടപടിയൊന്നും സ്വീകരിച്ചിട്ടില്ല. അതുകൊണ്ട് സ്കൂൾ തുറക്കുന്നതിനുമുൻപായി ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ആറളം ഫാം റിഹാബിലിറ്റേഷൻ സെറ്റിൽമെന്റ് ഏരിയയിലെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഉന്നമനം ലക്ഷ്യമാക്കിക്കൊണ്ട്

28-01-2019-ലെ സർക്കാർ ഉത്തരവ് നം.13/2019 പ്രകാരം ആറളം ഫാം ഹൈസ്കൂളിൽ ഒരു ഹ്യൂമാനിറ്റിസ് ബാച്ചും ഒരു കൊമേഴ്സ് ബാച്ചും അനുവദിച്ച് പ്രസ്തുത സ്കൂളിനെ ഹയർ സെക്കണ്ടറി സ്കൂളായി ഉയർത്തുകയുണ്ടായി. തുടർന്ന് 26-02-2021-ലെ ഉത്തരവുപ്രകാരം പ്രസ്തുത വിദ്യാലയത്തിൽ പ്രിൻസിപ്പാൾ തസ്തിക സൃഷ്ടിച്ച് ഉത്തരവായിരുന്നു. മേൽ തസ്തികയിൽ 2022 മാർച്ച് മാസംവരെ പ്രിൻസിപ്പാൾ സേവനമനുഷ്ഠിച്ചിരുന്നു. 2022 മാർച്ച് മാസത്തിൽ ടി പ്രിൻസിപ്പാൾ റിട്ടയർ ചെയ്തതിനെത്തുടർന്ന് തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്; പ്രിൻസിപ്പാൾ നിയമനത്തിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ആറളം ഫാം ഹയർ സെക്കണ്ടറി സ്കൂളിൽ അനുവദിച്ചിട്ടുള്ള ഹ്യൂമാനിറ്റിസ് ബാച്ചിനും (കോഴ്സ് കോഡ് 10), കൊമേഴ്സ് ബാച്ചിനും (കോഴ്സ് കോഡ് 39) തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. അതിന്മേൽ ചില അധിക വിവരങ്ങൾ സമർപ്പിക്കുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമാക്കി വിഷയം പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്. തസ്തികകൾ സൃഷ്ടിക്കാത്ത വിദ്യാലയങ്ങളിൽ ഗസ്റ്റ് അദ്ധ്യാപകരെ നിയമിക്കുന്നതിന് ആർ.ഡി.ഡി.- (Regional Deputy Director)ക്കും പ്രിൻസിപ്പാളിനും അനുമതി

നൽകിയിട്ടുണ്ട്. ആയതിനാൽ നിലവിൽ അദ്ധ്യാപനത്തിന് പ്രതിസന്ധിയില്ല. ഞാൻ ഇവിടെ പറഞ്ഞ മറുപടിയിൽ കൂടുതലായി എന്തെങ്കിലും നടപടി സ്വീകരിക്കണമെങ്കിൽ നമുക്ക് സംസാരിച്ച് അതിനൊരു ക്രമീകരണം നടത്തുന്നത് സംബന്ധിച്ച് ആലോചിക്കാം.

(7) കുറത്തിക്കാട് കുടിവെള്ള പദ്ധതി

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, മാവേലിക്കര മണ്ഡലത്തിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് അങ്ങയുടെ ഭാഗത്തുനിന്നും വകുപ്പിന്റെ ഭാഗത്തുനിന്നും നിരന്തരമായ ഇടപെടലുണ്ടായിട്ടുണ്ട്. മാവേലിക്കര മണ്ഡലത്തിലെ തെക്കേക്കര, വള്ളികുന്നം ഗ്രാമപഞ്ചായത്തുകളിലും കായംകുളം മണ്ഡത്തിലെ കൃഷ്ണപുരം, ഭരണിക്കാവ് ഗ്രാമപഞ്ചായത്തുകളിലും ചെങ്ങന്നൂർ മണ്ഡലത്തിലെ മാന്നാർ, പുരട്ടിക്കാട് വില്ലേജുകളിലും ശുദ്ധജലമെത്തിക്കുന്ന പദ്ധതിയാണ് കുറത്തിക്കാട്-ഭരണിക്കാവ് ശുദ്ധജല പദ്ധതി. ഒരു ലക്ഷത്തിൽപ്പരംപേർക്ക് ഇതിന്റെ ഗുണം ലഭ്യമാകുന്നുണ്ട്. 32 വർഷമായിട്ടും ഈ പദ്ധതി പൂർണ്ണമായും കമ്മീഷൻ ചെയ്യാൻ സാധിച്ചിട്ടില്ല. അച്ചൻകോവിലാറിന്റെ സ്രോതസ്സായ പ്രായിക്കരയിൽ സ്ഥാപിച്ച ജലശുദ്ധീകരണ ശാലയിൽനിന്നും കുറത്തിക്കാട് ജലസംഭരണിയിൽ ജലമെത്തിക്കണമെങ്കിൽ കല്ലുമലയിൽ റെയിൽവേ

ക്രോസുചെയ്ത് പൈപ്പ് ലൈൻ സ്ഥാപിക്കണം. അങ്ങ് നിരന്തരം ഈ വിഷയത്തിൽ ഇടപെട്ടിട്ടുണ്ട്. 32 വർഷങ്ങൾക്കുമുമ്പ് കുറത്തിക്കാട് സ്ഥാപിച്ച ഈ ടാങ്കിൽ ഒരു തുള്ളി വെള്ളംപോലും ഇതുവരെ എത്തിയിട്ടില്ല. നാല് പഞ്ചായത്തുകളിലെയും രണ്ട് വില്ലേജുകളിലെയും ജനങ്ങൾക്ക് ശുദ്ധജലമെത്തിക്കുന്ന ഈ പദ്ധതി അടിയന്തരമായി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, പ്രിയപ്പെട്ട എം.എൽ.എ. ശ്രീ. എം. എസ്. അരുൺകുമാർ ഇവിടെ പറഞ്ഞ കാര്യങ്ങൾ ഏറെ ശ്രദ്ധേയമാണ്. 32 വർഷക്കാലമായി ഒരു കുടിവെള്ള പദ്ധതി പൂർത്തീകരിക്കാൻ സാധിക്കാത്തതിന്റെ വിഷമവുംകൂടി അദ്ദേഹം സൂചിപ്പിച്ചു. ഒരു എം.എൽ.എ. എന്ന നിലയിലുള്ള അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ പ്രത്യേകമായി ശ്ലാഘിക്കുന്നു. 32 തവണയിലേറെ ഇതുമായി ബന്ധപ്പെട്ട് ചർച്ച ചെയ്യുന്നതിനും മറ്റുമായി അദ്ദേഹം കാണിച്ച താൽപ്പര്യത്തിന്റെ ഫലമായി ഇന്ന് അത് പൂർണ്ണതയിലേയ്ക്കെത്താൻ സാധിക്കുന്ന ഒരു സാഹചര്യമൊരുക്കിയിട്ടുണ്ട്. തെക്കേക്കര പഞ്ചായത്തിലെ കുറത്തിക്കാട്-ൽ 2008-ൽ നിർമ്മിച്ച ജല സംഭരണിയിലേയ്ക്ക് പ്രായിക്കര കല്ലുമലയിൽ

റെയിൽവേ ക്രോസ്ചെയ്ത് പൈപ്പ് സ്ഥാപിക്കേണ്ടിയിരുന്നു. ഇതിനായി കല്ലുമലയിൽ റെയിൽവേ ചെയ്നേജ് 105/600-നും 105/700-നും ഇടയിൽ റെയിൽവേ ക്രോസ് ചെയ്യുന്നതിനുവേണ്ട അനുമതിക്കായി 12-08-2015-ന് അപേക്ഷ സമർപ്പിക്കുകയും ഇതിനുവേണ്ട തുക റെയിൽവേയ്ക്ക് നൽകുകയും ചെയ്തിരുന്നു. എന്നാൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുവേണ്ടി സ്വകാര്യ വ്യക്തികളുടെ സ്ഥലം ഏറ്റെടുക്കുന്നതിന് കഴിയാതിരുന്നതിനാൽ കല്ലുമലയിലെ റെയിൽവേ ഓവർബ്രിഡ്ജിന് സമാന്തരമായി പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് റെയിൽവേ അധികൃതർ അനുമതി നൽകിയില്ല. 2020-ൽ ഭരണാനുമതി ലഭിച്ച ജൽജീവൻ മിഷന്റെ ഭാഗമായുള്ള ഭരണിക്കാവ്, തെക്കേക്കര, വള്ളികുന്നം, കൃഷ്ണപുരം പഞ്ചായത്തുകളിലെ കുടിവെള്ള വിതരണ പദ്ധതിയുടെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് കല്ലുമലയിലെ റെയിൽവേ ക്രോസിംഗ് പൂർത്തീകരിക്കേണ്ടതുണ്ട്. ഇതിനായി 24-09-2021-ൽ ദക്ഷിണ റെയിൽവേയുടെ തിരുവനന്തപുരം മേഖലയിലെ ഉന്നത ഉദ്യോഗസ്ഥർ സ്ഥലപരിശോധന നടത്തുകയും കല്ലുമല റെയിൽവേ ഓവർബ്രിഡ്ജ് ഒഴിവാക്കി അതിന് സമാന്തരമായി പഴയ ഓവർബ്രിഡ്ജ് സ്ഥിതിചെയ്യുന്ന സ്ഥലത്തുകൂടി പൈപ്പ്ലൈൻ ക്രോസ് ചെയ്യുന്നതിനുള്ള ഡിസൈൻ

തയ്യാറാക്കി നൽകാൻ കേരള വാട്ടർ അതോറിറ്റിക്ക് നിർദ്ദേശം നൽകുകയും ചെയ്തു. ഇതനുസരിച്ച് മണ്ണുപരിശോധന നടത്തി തയ്യാറാക്കിയ ഡിസൈൻ 17-12-2021-ൽ ജനറൽ അലൈൻമെന്റ് ഡ്രോയിംഗ് അംഗീകാരത്തിനായി റെയിൽവേയ്ക്ക് സമർപ്പിച്ചു. റെയിൽവേ നിർദ്ദേശിച്ചതനുസരിച്ച് 01-02-2022-ൽ പുതിയ ഓൺലൈൻ ആപ്ലിക്കേഷൻ സമർപ്പിക്കുകയും തുടർന്ന് സമർപ്പിക്കപ്പെട്ട സ്ട്രക്ചറിന്റെ ഡിസൈൻ പരിശോധിക്കുന്നതിനുവേണ്ടി 03-02-2022-ൽ ചെന്നൈ ഐ.ഐ.ടി.-ക്ക് നൽകുകയും 12-05-2022-ൽ റെയിൽവേ ഉന്നയിച്ച വിശദീകരണങ്ങൾക്ക് 26-05-2022-ൽ മറുപടി നൽകുകയും ചെയ്തതിനെ തുടർന്ന് 06-06-2022-ൽ റെയിൽവേ തത്വാധിഷ്ഠിത അനുമതി നൽകുകയും വിശദമായ എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിനുവേണ്ട നിർദ്ദേശം ലഭിക്കുകയും ചെയ്തു. വിശദമായ എസ്റ്റിമേറ്റ് 18-06-2022-ൽ ദക്ഷിണ റെയിൽവേ ഡിവിഷൻ മാനേജർക്ക് സമർപ്പിച്ചിട്ടുണ്ട്. അംഗീകാരം ലഭിക്കുമെന്നുതന്നെയാണ് കരുതുന്നത്. അതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തികൾ ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കും. 32 വർഷക്കാലമായി മുടങ്ങിക്കിടന്ന ഈ പദ്ധതി പൂർത്തീകരിച്ച് ഈ വിഷയത്തിന് ശാശ്വത പരിഹാരം കണ്ടെത്താൻ കഴിയുമെന്നുതന്നെയാണ് കരുതുന്നത്. ജൽജീവൻ മിഷന്റെ

സഹായത്തോടെ കേരളത്തിലെ എല്ലാ കുടുംബങ്ങളിലും കുടിവെള്ളം എത്തിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

(8) ഗുരുവായൂർ സ്വീവേജ് പദ്ധതി

ശ്രീ. എൻ. കെ. അക്ബർ: സർ, നാല് പതിറ്റാണ്ട് പഴക്കമുള്ള ഗുരുവായൂർ അഴുക്കുചാൽ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് മുൻകയ്യെടുത്ത സംസ്ഥാന സർക്കാരിനെയും ബഹുമാനപ്പെട്ട മന്ത്രിയെയും പ്രത്യേകം അഭിനന്ദിക്കുകയാണ്. എന്നാൽ ഈ പദ്ധതിയുടെ പല ഘടകങ്ങളും വർഷങ്ങൾക്കുമുമ്പ് നിർമ്മിക്കപ്പെട്ടവയാണ്. പദ്ധതിയുടെ പ്രധാന പമ്പ് ഹൗസിൽനിന്നും സ്വീവേജ് ശുദ്ധീകരണ ശാലയിലേയ്ക്ക് പമ്പുചെയ്യുന്ന 250 എം.എം. സി.ഐ. പമ്പിംഗ് മെയിൻ കമ്മീഷൻ ചെയ്തതിനുശേഷം ആറ് തവണ പൊട്ടിയിരുന്നു. സി.ഐ. ക്ലാസ് എൽ.എ. പൈപ്പുകളാണ് പമ്പിംഗ് മെയിനായി ഉപയോഗിക്കുന്നത്. ഇടയ്ക്കിടക്ക് പമ്പിംഗ് മെയിൻ പൊട്ടുന്നതുകാരണം പലയിടങ്ങളിലും ആധുനികരീതിയിൽ നിർമ്മിച്ച റോഡുകൾ പൊളിക്കേണ്ടിവരുന്നതുമൂലം പൊതുജനങ്ങളുടെ എതിർപ്പ് നേരിടേണ്ടിവരുന്നുണ്ട്. ആയതിനാൽ 1800 മീറ്റർ നീളത്തിലുള്ള പമ്പിംഗ് മെയിൻ മാറ്റി സ്ഥാപിക്കേണ്ടതിന് സ്റ്റേറ്റ് പ്ലാൻ പദ്ധതിയിലുൾപ്പെടുത്തി

സമർപ്പിച്ചിട്ടുള്ള രണ്ട് കോടി രൂപയുടെ എസ്റ്റിമേറ്റിന് അംഗീകാരം നൽകുന്നതിന് നടപടി സ്വീകരിക്കണം. ഈ പദ്ധതിയുടെ മേൽനോട്ടം വഹിക്കുന്നത് ഗുരുവായൂർ കെ.ഡബ്ല്യൂ.എ. സബ്ഡിവിഷനുകീഴിലുള്ള സെക്ഷനാണ്. നിലവിലുള്ള മെയിന്റനൻസ് വിഭാഗത്തിൽ ഇപ്പോൾത്തന്നെ ജോലിഭാരമുള്ളതിനാൽ സ്വീവേജ് പദ്ധതിയുടെ മേൽനോട്ടത്തിനായി ഒരു സെക്ഷൻ ഓഫീസ് അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, അര നൂറ്റാണ്ടിന്റെ കാത്തിരിപ്പിനുശേഷമാണ് 16-11-2021-ൽ ഗുരുവായൂർ നിവാസികൾക്കും തീർത്ഥാടകർക്കും ആശ്വാസമായി ക്ഷേത്രനഗരിയിലെ സ്വീവേജ് പദ്ധതി കമ്മീഷൻ ചെയ്തത്. 1973-ൽ 43.5 ലക്ഷം രൂപയുടെ ഭരണാനുമതിയിൽ തുടങ്ങിവച്ച പദ്ധതിയുടെ മാലിന്യ സംസ്കരണശാല ഒഴികെയുള്ള എല്ലാ ഘടകങ്ങളുടെയും 90 ശതമാനം പ്രവൃത്തികൾ 1980-നുമുമ്പ് പൂർത്തീകരിച്ചു. ജനങ്ങളുടെ എതിർപ്പുമൂലം ചക്കംകണ്ടത്ത് സ്ഥാപിക്കാനുദ്ദേശിച്ച സംസ്കരണശാലയുടെ നിർമ്മാണം തുടങ്ങാൻ സാധിച്ചില്ല. 5.61 ലക്ഷം രൂപ ചെലവിട്ട് ആധുനികരീതിയിലുള്ള മാലിന്യ സംസ്കരണശാലയ്ക്ക് പ്രവർത്തനാനുമതി നൽകി. കാലപ്പഴക്കംചെന്ന

സ്റ്റോൺവെയർ പൈപ്പുകൾക്കുപകരം പുതിയ പി.വി.സി. പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനും മാലിന്യ സംസ്കരണശാലയ്ക്കും മറ്റ് അനുബന്ധ ഘടകങ്ങൾക്കുമായി 02-03-2009-ൽ 12.5 കോടി രൂപയുടെ ഭരണാനുമതി നൽകി. ഗുരുവായൂർ സ്വീവേജ് പദ്ധതിയുടെ പൈപ്പ് ശൃംഖല ഏകദേശം 50 വർഷങ്ങൾക്കുമുമ്പ് സ്ഥാപിച്ചതാണ്. പ്രധാന സ്വീവേജ് കളക്ഷൻ ടാങ്കായ ഒന്നാം വെല്ലിൽനിന്നും ചക്കംകണ്ടത്തെ പ്ലാന്റിലേയ്ക്കുള്ള പ്രധാന പമ്പിംഗ് ലൈനിലാണിത്. ഇതിനുവേണ്ടി 1800 മീറ്റർ നീളത്തിൽ 250 എം.എം. വ്യാസമുള്ള സി.ഐ. ക്ലാസ് എൽ.എ. പൈപ്പുകളാണ് സ്ഥാപിച്ചിട്ടുള്ളത്. പദ്ധതി കമ്മീഷൻ ചെയ്തതിനുശേഷം നിരീക്ഷണ കാലയളവിൽ ആറ് ലീക്കുകൾ ശ്രദ്ധയിൽപ്പെടുകയും അവ പരിഹരിക്കുകയും ചെയ്തു. ഏകദേശം 1.5 മീറ്റർ ആഴത്തിൽ സ്ഥാപിച്ചിട്ടുള്ള പൈപ്പുകൾക്ക് ലീക്ക് സംഭവിച്ചാൽ ആയത് പരിഹരിക്കുന്നതിന് കാലതാമസം നേരിടുന്നുണ്ട്. മാത്രമല്ല, ആധുനികരീതിയിൽ പണി കഴിപ്പിച്ചിട്ടുള്ള പൊതുമരാമത്ത് വകുപ്പ് റോഡുകൾ പല ഭാഗങ്ങളിലും വെട്ടിപ്പൊളിക്കേണ്ടതായിവരുന്നതു കാരണമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി 1800 മീറ്റർ നീളത്തിൽ പുതിയ പൈപ്പുകൾ സ്ഥാപിക്കുന്നതിനായി പൊതുമരാമത്ത് റോഡ് പുനരുദ്ധാരണ തുക അടക്കം 2.40 കോടി രൂപയുടെ എസ്റ്റിമേറ്റ്

തയ്യാറാക്കിയിട്ടുണ്ട്. നിരീക്ഷണ കാലയളവിൽ ഇനിയും ലീക്കുകൾ ഉണ്ടാകുകയാണെങ്കിൽ സ്റ്റേറ്റ് പ്ലാൻ സ്വീവേജ് ശീർഷകത്തിലുൾപ്പെടുത്തി പ്രസ്തുത പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്നതാണ്. പ്ലാന്റിലേയ്ക്കും പമ്പ് ഹൗസിലേയ്ക്കും ഉപയോഗിക്കുന്ന കാലപ്പഴക്കമുള്ള വിവിധ മോട്ടോറുകൾ യഥാസമയം പവർഹോളിംഗ് ചെയ്ത് ഉപയോഗിക്കുന്നുണ്ടെങ്കിലും ഭാവിയിൽ ഈ മോട്ടോറുകളും മാറ്റിസ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരികയാണ്.

## 9. കരുനാഗപ്പള്ളി കേരള ഫീഡ്സ് പ്ലാന്റിലെ ജീവനക്കാരുടെ ആവശ്യങ്ങൾ

ശ്രീ. സി. ആർ. മഹേഷ്: സർ, 2009 മുതൽ കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ കല്ലേലിഭാഗത്ത് പ്രവർത്തിക്കുന്ന കേരള ഫീഡ്സിന്റെ കാലിത്തീറ്റ ഫാക്ടറി ആരംഭിക്കുന്നതിനുവേണ്ടി, വിദ്യാഭ്യാസ അടിസ്ഥാനത്തിൽ ജോലി നല്കാമെന്ന വ്യവസ്ഥയിൽ 43 കുടുംബങ്ങൾ സ്ഥലവും വീടും വിട്ടുകൊടുത്തു. എന്നാൽ വർഷങ്ങൾ കഴിഞ്ഞിട്ടും അവരിൽ ഒരാളെപ്പോലും സ്ഥിരപ്പെടുത്താത്തതിനാൽ മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ലഭിക്കുന്ന യാതൊരുവിധ ആനുകൂല്യങ്ങളും ഇവർക്ക് ലഭിക്കുന്നില്ല. അടുത്തകാലത്ത്

ജോലിക്കെടുത്തയാൾക്ക് കരുനാഗപ്പള്ളിയിൽ ഭൂമി കൊടുത്തതിന് തൊടുപുഴയിലാണ് നിയമനം കൊടുത്തിരിക്കുന്നത്. കേരള ഫീഡ്സിന്റെ നിർമ്മാണഘട്ടം മുതൽക്കുതന്നെ കയറ്റിറക്ക് വിഭാഗത്തിൽ ജോലി ചെയ്തുകൊണ്ടിരുന്ന 115 തൊഴിലാളികളിൽ ഒരാളെപ്പോലും ഇതുവരെയും സ്ഥിരപ്പെടുത്തുകയോ ഈയടുത്തകാലത്ത് മരണപ്പെട്ട തൊഴിലാളിയുടെ കുടുംബത്തിന് എന്തെങ്കിലും തരത്തിലുള്ള ആനുകൂല്യമോ ആശ്രിത നിയമനമോ നാളിതുവരെ കമ്പനി നല്കുകയോ ചെയ്തിട്ടില്ല. വിരമിച്ച തൊഴിലാളിക്കും യാതൊരുവിധ ആനുകൂല്യങ്ങളും ഇതുവരെ നല്കിയിട്ടില്ല. ചുരുക്കിപ്പറഞ്ഞാൽ കാലിത്തീറ്റ ഫാക്ടറിയിലെ മുഴുവൻ തൊഴിലാളികളും നിരാശയിലാണ്. തൊഴിലാളികൾക്ക് കിട്ടേണ്ട മിനിമം ശമ്പളം, ശതമാനം അടിസ്ഥാനത്തിൽ ബോണസ്, ചികിത്സാ സൗകര്യം, ഐഡന്റിറ്റി കാർഡ്, ലീവ് ആനുകൂല്യം, എഗ്രിമെന്റ് പുതുക്കൽ, റിട്ടയർമെന്റ് ആനുകൂല്യങ്ങൾ എന്നിവ ലഭിക്കുന്നതിന് തൊഴിലാളി സംഘടനകളുമായി മാനേജ്മെന്റ് മീറ്റിംഗ് നടത്തണമെന്ന് എം.എൽ.എ. എന്ന നിലയിൽ പലതവണ ആവശ്യപ്പെട്ടതാണ്. ബന്ധപ്പെട്ട വകുപ്പുമന്ത്രിയോടും ഇക്കാര്യം സൂചിപ്പിച്ചതാണ്. ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് തൊഴിലാളി സംഘടനാ നേതാക്കന്മാരുമായി ചർച്ച ചെയ്ത് തൊഴിൽ പ്രശ്നങ്ങൾക്കും തൊഴിലാളികൾ

അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾക്കും പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, കേരള ഫീഡ്സ് ലിമിറ്റഡ് കമ്പനിയുടെ കരുനാഗപ്പള്ളി യൂണിറ്റിൽ കാലിത്തീറ്റയുടെ ഉല്പാദനം ആരംഭിക്കുന്നതിനോടനുബന്ധിച്ച് 2012 മാർച്ചിൽ അന്നത്തെ ബഹുമാന്യനായ കൃഷി-മൃഗസംരക്ഷണ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കമ്പനിയിലെ ആറ് യൂണിയനുകളുമായി ചർച്ച നടത്തുകയും ഒരു നിശ്ചിത അനുപാതത്തിൽ 115 കയറ്റിറക്ക് തൊഴിലാളികളെ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിന് തീരുമാനമെടുക്കുകയുമുണ്ടായി. ഓരോ യൂണിയനും ലഭിച്ച തൊഴിലാളികളുടെ എണ്ണം ഇപ്രകാരമാണ്. സി.ഐ.ടി.യു.-27, എ.ഐ.ടി.യു.സി.-25, ഐ.എൻ.ടി.യു.സി.-25, ബി.എം.എസ്.-17, യു.ടി.യു.സി-13, എച്ച്.എം.എസ്.-8. പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഓരോ തൊഴിലാളി യൂണിയനും അവരുടെ നോമിനികളായി നൽകിയ തൊഴിലാളികളെയാണ് കമ്പനിയിൽ ജോലിക്ക് ഏർപ്പെടുത്തിയിരിക്കുന്നത്.

തൊഴിലാളി യൂണിയനുകളുടെ ഡിമാൻഡ് നോട്ടീസിലെ ആവശ്യങ്ങളിന്മേൽ മാനേജ്മെന്റും ട്രേഡ് യൂണിയനുകളും തമ്മിൽ ചർച്ചചെയ്ത് ഒപ്പുവയ്ക്കുന്ന കരാറിന്റെ അടിസ്ഥാനത്തിലാണ് ഈ തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ തീരുമാനിക്കുന്നത്. 2018 ഡിസംബർ മാസത്തിൽ കാലാവധി കഴിഞ്ഞ കരാറിനായുള്ള ഡിമാൻഡ് നോട്ടീസ്, യൂണിയനുകൾ 04-01-2020, 13-11-2021 എന്നീ തീയതികളിലായി നല്കിയിട്ടുള്ളതും അതിന്മേൽ ചർച്ച നടന്നുവരികയുമാണ്. പ്രസ്തുത കരാറിലെ വ്യവസ്ഥകൾ പ്രകാരം സർക്കാർതലത്തിൽ വിളിച്ചുകൂട്ടുന്ന യോഗത്തിലെ തീരുമാനമനുസരിച്ചാണ് തൊഴിലാളികളുടെ ബോണസ് തീരുമാനിക്കുന്നത്. നിലവിലുള്ള കരാർപ്രകാരമുള്ള എല്ലാ ആനുകൂല്യങ്ങളും തൊഴിലാളികൾക്ക് നല്കിവരുന്നു. തൊഴിലാളി യൂണിയനും മാനേജ്മെന്റും തമ്മിൽ ഒപ്പുവയ്ക്കുന്ന കരാർപ്രകാരമുള്ള കൂലി നിരക്കുകളാണ് തൊഴിലാളികൾക്ക് നല്കിവരുന്നത്.

<u>മി.സ്പീക്കർ</u>: ദൈർഘ്യമുള്ള മറുപടിയാണെങ്കിൽ ബഹുമാനപ്പെട്ട മന്ത്രിക്ക് മേശപ്പുറത്തുവയ്ക്കാം.

<u>ശ്രീമതി ജെ. ചിഞ്ചുറാണി</u>: സർ, കമ്പനിയിലെ ജോലിക്കിടയ്ക്ക് അപകടമുണ്ടായാൽ പ്രാഥമിക ചികിത്സ നൽകുന്നതിനായി

കരുനാഗപ്പള്ളിയിലെ എ. എം. ഹോസ്പിറ്റലിനെ ചുമതലപ്പെടുത്തിയിട്ടുള്ളതും അപകടം നടക്കുന്ന ദിവസത്തെ പ്രാഥമിക ചികിത്സാ ചെലവ് കമ്പനി വഹിക്കുകയും ചെയ്യുന്നുണ്ട്. വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു.+

## (10) ചൂരുപാറ മേഖലയിലെ കൈവശഭൂമിക്ക് പട്ടയം

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ആലത്തൂർ മണ്ഡലത്തിലെ കിഴക്കഞ്ചേരി സെക്കന്റ് വില്ലേജിൽ UTT കമ്പനിയിൽനിന്ന് സർക്കാർ ഏറ്റെടുത്ത മിച്ചഭൂമിയിൽ താമസിച്ചുവരുന്നവർക്ക് പട്ടയം നല്കുന്നതിന് നടപടി സ്വീകരിക്കണം. റവന്യൂ രേഖപ്രകാരം 931 കൈവശക്കാരുള്ളതിൽ 334 പേരുടെ കൈവശം ഒരേക്കറും 413 പേരുടെ കൈവശം അഞ്ചേക്കറിൽ താഴെയുമാണ് ഭൂമിയുള്ളത്. അഞ്ചേക്കറിൽ താഴെയെന്ന് സൂചിപ്പിക്കുന്നത് കർഷകരുടെ പഴയ അവകാശികളുടെ പേരിൽ കിടക്കുന്നതാണ്. അവരുടെ മക്കൾ വിവാഹിതരായി വേറെ കുടുംബങ്ങളാണ്. എല്ലാവർക്കും ഒരേക്കർ വീതം പട്ടയം ലഭ്യമാക്കിയാൽത്തന്നെ മഹാഭൂരിപക്ഷം വരുന്ന ഈ കൈവശക്കാരുടെ പ്രശ്നം അതോടുകൂടി പരിഹരിക്കപ്പെടും. 346 പേർക്ക് കേരള സർക്കാർ ഓഫർ ഓഫ് അസൈൻമെന്റ് അനുവദിച്ചിട്ട് നിരവധി വർഷങ്ങളായി. അതിൽ 53 പേർക്ക് മാത്രമാണ് പട്ടയ അനുബന്ധ രേഖ

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

കൊടുത്തിട്ടുള്ളത്. വനം വകുപ്പിന്റെയോ മറ്റിതര വ്യക്തികളുടെയോ യാതൊരു തർക്കവും നിലവിലില്ലാത്തതും സംയുക്ത സർവ്വേ പൂർത്തീകരിച്ചിട്ടുള്ളതുമായ ഭൂമിക്കുപോലും പട്ടയം നല്കാതിരിക്കുന്നത് നമ്മുടെ സർക്കാരിന് ഭൂഷണമല്ല. പ്രസ്തുത പട്ടയ വിതരണം തടസ്സപ്പെടുത്താൻവേണ്ടി ചില വൻകിടക്കാർ കേസ് ഫയൽ ചെയ്തിട്ടുണ്ട്. അതുകൊണ്ട് എത്രയുംവേഗം ബഹുമാനപ്പെട്ട റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി നേരിട്ടിടപെട്ട് തർക്കരഹിതവും സർവ്വേ പൂർത്തീകരിച്ചതുമായ ഭൂമിയുടെ പട്ടയം കൈവശക്കാർക്കും കുടുംബാംഗങ്ങൾക്കും മൂന്നുമാസത്തിനകം ലഭ്യമാക്കണമെന്നും അവശേഷിക്കുന്ന ഭൂമിയുടെ സർവ്വേ എത്രയും പെട്ടെന്ന് പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): വളരെ ഗൗരവമുള്ളൊരു വിഷയമാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത്. UTT കമ്പനിയുടെ കൈവശമുള്ളതും സർവ്വേ നമ്പർ 1(1)A-ൽ ഉൾപ്പെട്ടതുമായിട്ടുള്ള 2313.55 ഏക്കർ ഭൂമി മിച്ചഭൂമിയായി ഏറ്റെടുക്കാൻ 2010-ൽ ആലത്തൂർ താലൂക്കിലെ ലാൻഡ് ബോർഡ് പ്രത്യേക ഉത്തരവുപ്രകാരം തീരുമാനിച്ചിരുന്നു. അംഗം സൂചിപ്പിച്ചതുപോലെ 931 പേർ കൈവശം

വച്ചിരിക്കുന്നതിൽ, ഒരേക്കർ ഭൂമി വരെയുള്ള 334 പേരും ഒരേക്കർ മുതൽ 5 ഏക്കർ വരെ ഭൂമി കൈവശമുള്ള 413 പേരുമുണ്ട്. അഞ്ചേക്കറിന് മുകളിൽ ഭൂമി കൈവശമുള്ള 184 പേരുകൂടിച്ചേർന്നാണ് 931 പേർ. അന്യ കൈവശത്തോടെയെടുത്ത ഭൂമി മിച്ചഭൂമിയായി കണക്കാക്കുമ്പോൾ നിലവിലെ കൈവശക്കാർക്ക് ഒരേക്കർ വീതം പതിച്ചുനല്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ 151 പേർക്ക് 143.30 ഏക്കർ ഭൂമിയും പിന്നീട് 300 പേർക്കായി 257.5 ഏക്കർ ഭൂമിയും 151 പേരിൽ 83 പേർക്ക് ഡീഡ് ഓഫ് അസൈൻമെന്റ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കിഴക്കഞ്ചേരി 1, 2 വില്ലേജുകളിൽപ്പെട്ട സ്ഥലങ്ങളിൽ വനം, റവന്യൂ, സർവ്വേ വകുപ്പുകൾ സംയുക്ത പരിശോധന നടത്തി നിക്ഷിപ്ത വനഭൂമി, മിച്ചഭൂമി, പട്ടയഭൂമി എന്നിവ വേർതിരിച്ച് അതിർത്തി പുനർനിർണ്ണയിക്കാൻ നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ സർവ്വേ ടീമിനെ നിയോഗിച്ചിരുന്നു. പ്രസ്തുത ടീം UTT കമ്പനിയുടെ മിച്ച ഭൂമി അതിർത്തി നിർണ്ണയിക്കുവാനും ഫോറസ്റ്റ് അതിർത്തി വേർതിരിക്കുവാനുമായി ശ്രമിച്ചെങ്കിലും കുടിയേറി ഭൂമി കൈവശം വച്ചിരുന്നവരുടെ സംഘടിതമായ ചെറുത്തുനില്പുണ്ടായിരുന്നതിനാൽ ഒഴിപ്പിക്കാൻ കഴിയാത്തവിധം ക്രമസമാധാന പ്രശ്നങ്ങളുണ്ടായി. WPC 6318/2016 വിധിയിൽ പ്രതിപാദിച്ചിട്ടുള്ളതുപോലെ 122 കൈവശങ്ങൾ

പരിശോധന നടത്തിയതിൽ, വ്യക്തിയുടെ കൈവശമുള്ള സ്ഥലം മിച്ചഭൂമിയിൽ ഉൾപ്പെടുന്നതായും 19 കൈവശങ്ങൾ വനഭൂമിയിൽ ഉൾപ്പെടുന്നതായും കണ്ടെത്തിയിട്ടുണ്ട്. രണ്ടുപേർ രേഖകൾ ഹാജരാക്കാത്തതുകൊണ്ട് സർവ്വേ പൂർത്തീകരിച്ചില്ല. എന്നാൽ UTT കമ്പനിയിൽ ഏറ്റെടുത്ത മിച്ചഭൂമിയുടെ സർവ്വേ ജോലിക്ക് നിയോഗിച്ചിരുന്ന സർവ്വേയർമാരെ മറ്റ് താലൂക്കുകളിൽ LRM ജോലിക്കും വനഭൂമി കുടിയേറ്റം കണ്ടെത്തലുമായി ബന്ധപ്പെട്ട സംയുക്ത പരിശോധനയ്ക്കും 2018-ൽ നിയോഗിച്ചതിനാൽ  മിച്ചഭൂമിയിൽ 60% സർവ്വേ മാത്രമേ നടന്നിട്ടുള്ളൂ. ഈ സാഹചര്യത്തിൽ ഡെപ്യൂട്ടി കളക്ടർ എൽ.ആർ. -ന്റെ നേതൃത്വത്തിൽ സർവ്വേ നടപടി പുനരാരംഭിക്കുന്നതിനുവേണ്ടി 25-09-2021-ൽ ഡി.എഫ്.ഒ-നെന്മാറ, സർവ്വേ ഡെപ്യൂട്ടി ഡയറക്ടർ - പാലക്കാട്, ഭൂരേഖ തഹസിൽദാർ-ആലത്തൂർ എന്നിവരുമായി ഓൺലൈൻ യോഗം ചേർന്നിരുന്നു. സർവ്വേ ഉപകരണങ്ങളും ആളുകളും ലഭ്യമല്ലാത്ത സാഹചര്യത്തിൽ പ്രൈവറ്റ് സർവ്വേയർമാർ ഉൾപ്പെടുന്ന സ്പെഷ്യൽ സർവ്വേ ടീമിനെ നിയോഗിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ജില്ലാ കളക്ടർ സ്റ്റേറ്റ് ലാൻഡ് ബോർഡ് സെക്രട്ടറിക്ക് കത്തയച്ചിട്ടുണ്ട്. ജില്ലാ കളക്ടറുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ സ്പെഷ്യൽ ടീമിനെ നിയോഗിച്ച് സർവ്വേ നടപടികൾ എത്രയുംവേഗം

പൂർത്തീകരിക്കുന്നതാണ്. സർവ്വേ പൂർത്തിയായ 60% സ്ഥലങ്ങളിൽ എം.എൽ.എ. ഉൾപ്പെടെ ഇടപെട്ട് മറ്റുപ്രശ്നങ്ങളില്ലാത്തവിധം സഹായം ലഭ്യമാക്കിയാൽ പട്ടയ വിതരണത്തിന് സർക്കാർ വളരെ പോസിറ്റീവായ സമീപനം സ്വീകരിക്കുന്നതാണ്.

[11.48 am]

## V. റൂളിംഗ്

### 28-06-2022- ൽ ശ്രീ. മാത്യു ടി. തോമസ് ഉന്നയിച്ച ക്രമപ്രശ്നത്തിന്മേലുള്ള റൂളിംഗ്

മി. സ്പീക്കർ: ഓർഡർ..... ഓർഡർ..... 2022 ജൂൺ 27-ാം തീയതി ശ്രീ. ഷാഫി പറമ്പിലും മറ്റ് അഞ്ചംഗങ്ങളും ചേർന്ന് ചട്ടം 50 പ്രകാരം നൽകിയിരുന്ന അടിയന്തരപ്രമേയ നോട്ടീസ് സംബന്ധിച്ച വാർത്തകൾ അന്നേദിവസം സഭാസമ്മേളനത്തിന് മുമ്പുതന്നെ ദൃശ്യമാധ്യമങ്ങൾ വളരെ പ്രാധാന്യത്തോടെ പ്രസിദ്ധീകരിച്ചെന്നും തുടർന്ന് ശൂന്യവേളയിൽ പ്രസ്തുത നോട്ടീസിന്റെ പരിഗണനാവേളയിൽ ബഹുമാനപ്പെട്ട സ്പീക്കർ, നോട്ടീസ് നൽകിയ അംഗത്തിന്റെ പേരുവിളിച്ചപ്പോൾ പ്രസ്തുത അംഗം സഭയിലുണ്ടായിരുന്നിട്ടും നോട്ടീസിന് അനുമതി തേടാനായി തന്റെ സീറ്റിൽ ഉണ്ടായിരുന്നില്ലെന്നും മേൽപ്പറഞ്ഞ രണ്ടു നടപടികളും സഭാ ചട്ടങ്ങളുടെയും

നടപടിക്രമങ്ങളുടെയും ലംഘനമാണെന്നും ഇതുസംബന്ധിച്ച് ചെയറിൽനിന്നും റൂളിംഗ് ഉണ്ടാകേണ്ടതാണെന്നുമാണ് ജൂൺ 28-ാം തീയതി ശ്രീ. മാത്യു ടി. തോമസ് ചട്ടം 303 പ്രകാരമുള്ള ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ചത്. ഇക്കാര്യം വിശദമായി പരിശോധിച്ച് അടുത്ത ദിവസം റൂളിംഗ് നൽകുന്നതാണെന്ന് ചെയർ അപ്പോൾത്തന്നെ സഭയെ അറിയിക്കുകയും ചെയ്തു. ചെയർ ഇക്കാര്യം നടപടിക്രമത്തിന്റെയും സഭാ ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിക്കുകയുണ്ടായി. നോട്ടീസുകളുടെ മുൻകൂട്ടിയുള്ള പ്രചാരണം പാടില്ലെന്നതുസംബന്ധിച്ച സഭാചട്ടം 266-ൽ പറയുന്നത് ഇപ്രകാരമാണ്; "സ്പീക്കർ അനുവദിക്കുകയും അംഗങ്ങൾക്ക് സർക്കുലേറ്റ് ചെയ്യുകയും ചെയ്യുന്നതുവരെ ഏതെങ്കിലും അംഗമോ മറ്റു വ്യക്തിയോ ഒരു നോട്ടീസിന് പ്രചാരണം നൽകാൻ പാടുള്ളതല്ല. എന്നാൽ ചോദ്യം സംബന്ധിച്ച നോട്ടീസിന് സഭയിൽ ആ ചോദ്യത്തിന് മറുപടി നൽകുന്ന ദിവസംവരെ യാതൊരു പ്രചാരണവും നൽകാൻ പാടുള്ളതല്ല." ഇതാണ് ചട്ടം സംബന്ധിച്ച ഉദ്ധരണി. ചട്ടങ്ങളിൽനിന്ന് ഉദ്ധരിച്ചതാണ്. ചട്ടം വളരെ വ്യക്തമാണ്. സഭാനടപടികളുടെ ഭാഗമായി അംഗങ്ങൾ നൽകുന്ന വിവിധ നോട്ടീസുകൾക്ക് ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി, പ്രചാരണം നൽകിയ സംഭവം അന്നേദിവസം നടാടെ സംഭവിച്ചുപോയ ഒന്നാണെന്ന്

ചെയർ കരുതുന്നില്ല. സഭാനടപടി ചട്ടത്തെ സംബന്ധിച്ചുള്ള ധാരണക്കുറവുകൊണ്ടുണ്ടാകുന്ന ഒരു വീഴ്ചയായി മാത്രം ഇതിനെ കാണാനുമാവില്ല. സഭയുടെയും സഭാംഗങ്ങളുടെയും അന്തസ്സും അവകാശങ്ങളും ഹനിക്കുന്ന തരത്തിലുള്ള ഇത്തരം പ്രവണതകൾ മേലിൽ ആവർത്തിക്കുന്നില്ല എന്ന് ബന്ധപ്പെട്ടവർ ഉറപ്പുവരുത്തണമെന്ന് ചെയർ റൂൾ ചെയ്യുന്നു.

ശ്രീ. മാത്യു ടി. തോമസ് ഉന്നയിച്ച മറ്റൊരു പ്രശ്നം ചട്ടം 50 പ്രകാരം നോട്ടീസ് നൽകിയതിനുശേഷം പ്രസ്തുത നോട്ടീസിന് അനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതിന്റെ ഭാഗമായി ചെയർ ബന്ധപ്പെട്ട അംഗത്തെ ക്ഷണിക്കുമ്പോൾ അദ്ദേഹം സഭയിൽ ഉണ്ടായിരുന്നിട്ടും അനുമതി തേടാതിരുന്നത് സംബന്ധിച്ചാണ്. ഇക്കാര്യവും ചെയർ പരിശോധിക്കുകയുണ്ടായി. പ്രതിപക്ഷാംഗങ്ങൾ നടത്തിയിരുന്ന പ്രതിഷേധ നടപടികളുടെ ഭാഗമായിട്ടാണെങ്കിൽപ്പോലും ശ്രീ. മാത്യു ടി. തോമസ് തന്റെ ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ചതുപോലെ, സഭാ നടപടികളിൽ സംഭവിക്കുന്ന ഇത്തരം രീതികൾ തികഞ്ഞ അനൗചിത്യമായി കാണേണ്ടതാണെന്നു തന്നെയാണ് ചെയറിന്റെയും അഭിപ്രായം. ഓർഡർ... ഓർഡർ....

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ........(മൈക്ക് ഓഫ്).........

<u>മി. സ്പീക്കർ</u>: റൂളിംഗിനുമേൽ ചർച്ചയില്ല. താങ്കൾ പുതിയ റൂളിംഗിലേയ്ക്ക്

കാര്യങ്ങൾ എത്തിക്കരുത്. മൈക്ക് അനുവദിക്കാം. വളരെ ചുരുക്കി സംസാരിക്കണം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, നമുക്ക് സബ്ജക്ട് കമ്മിറ്റികളും നിയമസഭാ കമ്മിറ്റികളുമുണ്ട്. ആ കമ്മിറ്റികളുടെ റിപ്പോർട്ടുകളോ അതുമായി ബന്ധപ്പെട്ട രേഖകളോ സ്പീക്കറുടെ മുമ്പിൽ എത്തുന്നതിനുമുമ്പുതന്നെ പത്ര സമ്മേളനങ്ങൾ നടത്തിയിട്ടുള്ള ഒത്തിരി സംഭവങ്ങൾ നമ്മുടെ സഭയിലുണ്ട്. അങ്ങയുടെ ഈ റൂളിംഗിൽ അതുപോലെയുള്ള കാര്യങ്ങൾകൂടി ഉൾക്കൊള്ളിച്ചിരുന്നെങ്കിൽ കാര്യങ്ങൾ ഭംഗിയായി പോകുമായിരുന്നു. അതുകൂടി ആലോചിക്കണം.

<u>മി. സ്പീക്കർ</u>: നടാടെയല്ല ഇത്തരം പ്രവണതകളെന്ന് പറഞ്ഞിട്ടുണ്ട്. ഇതാദ്യമായി സംഭവിച്ചതല്ല. ഓർഡർ... ഓർഡർ... 2022 ജൂൺ 28-ാം തീയതി ചൊവ്വാഴ്ച അടിയന്തരപ്രമേയ നോട്ടീസിനുമേൽ സഭയിൽ നടന്ന ചർച്ചയുടെ അവസാനം മറുപടി പറഞ്ഞ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രതിപക്ഷ നിരയിൽപ്പെട്ട മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി, ശ്രീ. രമേശ് ചെന്നിത്തല എന്നീ മുതിർന്ന അംഗങ്ങൾ സഭയിൽ ഹാജരല്ലെന്ന് പരാമർശിക്കുകയുണ്ടായി. ഇതുസംബന്ധിച്ച് ഒരു കാര്യം സഭാംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്താൻ ചെയർ ആഗ്രഹിക്കുന്നു. ശ്രീ. രമേശ് ചെന്നിത്തല

വ്യക്തിപരമായ ആവശ്യങ്ങൾക്കായി ജൂൺ 17-ാം തീയതി മുതൽ ജൂലൈ 3-ാം തീയതി വരെ അമേരിക്ക സന്ദർശിക്കുന്ന കാര്യം ചെയറിനെ അറിയിക്കുകയും ചെയറിന്റെ അനുമതി തേടുകയും ചെയ്തിരുന്നു. അക്കാരണത്താലാണ് അദ്ദേഹത്തിന് സഭയിൽ ഹാജരാകാൻ കഴിയാതിരുന്നതെന്ന് അറിയിക്കുന്നു.

[11.53 a.m]

**V ധനകാര്യം**

2022-2023 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ ഏഴാം കോളത്തിൽ കാണിച്ചിരിക്കുന്ന തുക 2022-2023 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ

കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ ഏഴാം കോളത്തിൽ കാണിച്ചിരിക്കുന്ന തുക 2022-2023 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2022-23 | | | | |
|---|---|---|---|---|---|---|
| | | 18.03.2022-ന് സഭയുടെ വോട്ടിന് സമർപ്പിച്ച ധനാഭ്യർത്ഥന തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥന തുക | | |
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | ആകെ (രൂപ) |
| (1) | (2) | (3) | (4) | (5) | (6) | (7) |
| XXXVII | വ്യവസായങ്ങൾ | 220,47,11,000 | 417,24,01,000 | 440,94,22,000 | 834,48,03,000 | 1275,42,25,000 |
| XXXIX | വൈദ്യുത പദ്ധതികൾ | 142,61,82,000 | 7,48,33,000 | 285,23,62,000 | 14,96,67,000 | 300,20,29,000 |

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയെയും വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകളുടെ ശിപാർശകളിന്മേൽ ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

## ധനാഭ്യർത്ഥന നമ്പർ XXXVII - വ്യവസായങ്ങൾ

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ

ശ്രീമതി കെ. കെ. രമ: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1275,42,25,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (നോക്കുകൂലി പോലുള്ള പ്രവർത്തനങ്ങൾ സംസ്ഥാനത്തെ വ്യവസായ സൗഹൃദാന്തരീക്ഷം തകർക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അൻവർ സാദത്ത്: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1275,42,25,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിനായി ഇതര സംസ്ഥാനങ്ങളിൽ ഇൻവെസ്റ്റ്മെന്റ് മീറ്റുകൾ നടത്തിയിട്ടും പുതിയ വ്യവസായങ്ങൾ എത്തിക്കുന്നതിൽ സർക്കാർ പരാജയപ്പെടുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1275,42,25,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കേരളത്തിൽ വ്യവസായം ആരംഭിക്കുന്ന സംരംഭകർക്ക് തൊഴിലാളി സമരങ്ങൾമൂലം വ്യവസായം പൂട്ടേണ്ടിവരുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1275,42,25,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വിവിധ കാരണങ്ങളാൽ പൂട്ടിക്കിടക്കുന്ന വ്യവസായ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1275,42,25,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സ്വകാര്യവ്യവസായ എസ്റ്റേറ്റുകൾ ആരംഭിക്കുമെന്ന പ്രഖ്യാപനം

നടപ്പിലാക്കാൻ കാലതാമസം വരുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. ബഷീർ: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1275,42,25,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ ലാഭകരമാക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1275,42,25,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്. (പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ ലാഭത്തിലാക്കുവാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള

1275,42,25,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വിവിധ നിർമ്മാണ വസ്തുക്കളുടെ ക്ഷാമവും വിലക്കയറ്റവും പരിഹരിക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1275,42,25,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കൊച്ചി വ്യവസായ ഇടനാഴിയുടെ പ്രവർത്തനം വേഗത്തിലാക്കാൻ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. വിൻസെന്റ്: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1275,42,25,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പ്രവർത്തന മൂലധനത്തിന്റെ അഭാവം ഉൾപ്പെടെയുള്ള പ്രശ്നങ്ങൾമൂലം കൈത്തറി വ്യവസായ മേഖല പ്രതിസന്ധി നേരിടുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. സി. ആർ. മഹേഷ്</u>: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1275,42,25,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കോവിഡ്മൂലം പ്രതിസന്ധിയിലായ ഖാദി കൈത്തറി മേഖലയുടെ പുനരുജ്ജീവനത്തിന് പ്രത്യേകം പദ്ധതികൾ ആവിഷ്കരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ടി. ജെ. വിനോദ്</u>: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1275,42,25,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കേരളത്തിലെ ഖാദി - കൈത്തറി ഉൽപ്പന്നങ്ങൾ വിൽക്കുന്നതിന് ഓൺലൈൻ വിപണനം അടക്കമുള്ള നൂതന വിപണന മാർഗ്ഗങ്ങൾ ആവിഷ്കരിക്കേണ്ടതിന്റെ ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1275,42,25,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ചെറുകിട ഇടത്തരം വ്യവസായ സംരംഭകരുടെ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്താൻ നടപടി

സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1275,42,25,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പരമ്പരാഗത വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**സൂചക വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ**

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1275,42,25,000 രൂപയിൽനിന്ന് നൂറ് രൂപ കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
2. ഡോ. മാത്യു കുഴൽനാടൻ

3. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

## ധനാഭ്യർത്ഥന നമ്പർ XXXIX - വൈദ്യുത പദ്ധതികൾ

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ

ഡോ. മാത്യു കുഴൽനാടൻ: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 300,20,29,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കോവിഡ് പ്രതിസന്ധിമൂലം സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നതിനിടെ വൈദ്യുത ചാർജ് വർദ്ധിപ്പിച്ചതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. വിൻസെന്റ്: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 300,20,29,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വൈദ്യുതി ചാർജ് കുടിശ്ശികയുള്ള വൻകിട ഉപഭോക്താക്കളിൽനിന്നും പ്രസ്തുത തുക പിരിച്ചെടുക്കുവാൻ നടപടി സ്വീകരിക്കാതെ വൈദ്യുതി ചാർജ് വർദ്ധിപ്പിച്ചതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 300,20,29,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വൈദ്യുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 300,20,29,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ധൂർത്തും കെടുകാര്യസ്ഥതയുംമൂലം കെ.എസ്.ഇ.ബി.-ക്ക് ഉണ്ടായതായി പറയപ്പെടുന്ന ബാധ്യതകൾ വൈദ്യുതി ചാർജ് വർദ്ധനയിലൂടെ സാധാരണ ജനങ്ങളിൽ കെട്ടിവച്ചതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീമതി കെ. കെ. രമ</u>: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 300,20,29,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പുതിയ ചെലവു കുറഞ്ഞ

വൈദ്യുത പദ്ധതികൾ ആവിഷ്കരിക്കുന്നതിനോ കെ.എസ്.ഇ.ബി. പദ്ധതികളുടെ നടത്തിപ്പ് ചെലവ് കുറയ്ക്കുന്നതിനോ നടപടികൾ സ്വീകരിക്കാതെ വൈദ്യുത ചാർജ് വർദ്ധന നടപ്പാക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. ബഷീർ: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 300,20,29,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വൈദ്യുതി ബോർഡിന്റെ വാഹനങ്ങൾ ദുരുപയോഗം ചെയ്തതായ ബോർഡ് ചെയർമാന്റെ കണ്ടെത്തലിൽ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 300,20,29,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വൈദ്യുതോൽപ്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന

ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 300,20,29,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വൈദ്യുതാഘാതമേറ്റ് മരിക്കുന്നവരുടെ ആശ്രിതർക്ക് നൽകിവരുന്ന ധനസഹായം വർദ്ധിപ്പിക്കുന്നതിനും കാലതാമസം കൂടാതെ സഹായ വിതരണം നടത്തുന്നതിനും നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 300,20,29,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വൈദ്യുതി കമ്പി പൊട്ടി വീണ് അപകട മരണങ്ങൾ സംഭവിക്കുന്നത് തടയാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം

നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 300,20,29,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വൈദ്യുതി ബോർഡിൽനിന്നും വിരമിച്ചതുമൂലം ഒഴിവുവന്ന തസ്തികകൾ നികത്തേണ്ടതില്ലെന്ന് തീരുമാനിച്ചതായി പറയപ്പെടുന്നത് പുന:പരിശോധിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 300,20,29,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (തെരുവുവിളക്കുകളുടെ പരിപാലനവും പ്രകാശിപ്പിക്കലും കുറ്റമറ്റ രീതിയിൽ നടപ്പാക്കുന്നതിൽ ബോർഡിനുണ്ടായതായി പറയപ്പെടുന്ന വീഴ്ച ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 300,20,29,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വടക്കൻ കേരളത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കാത്തതായി

പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 300,20,29,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്. (പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലവർദ്ധനമൂലം ജനങ്ങൾ നേരിടുന്ന പ്രയാസങ്ങൾ കുറയ്ക്കുന്നതിനും പരിസ്ഥിതി മലിനീകരണം ലഘൂകരിക്കുന്നതിനും ഊർജ്ജ സുരക്ഷ ഉറപ്പാക്കുന്നതിനും അനുഗുണമായ രീതിയിൽ ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും കൂടുതൽ ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 300,20,29,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ അനുമതി ഇല്ലാതെ കെ.എസ്.ഇ.ബി.-യിൽ

നിയമനങ്ങൾ നടക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**മിതവ്യയ വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ**

ശ്രീമതി കെ. കെ. രമ : വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ 2801-80-101-92 എന്ന ബഡ്ജറ്റ് ഹെഡ്ഡിൽ വകകൊള്ളിച്ചിട്ടുള്ള 33,16,700 രൂപ നീക്കം ചെയ്യേണ്ടതാണ് (ബോർഡിന് ലഭിക്കേണ്ട കുടിശ്ശിക തുകകൾ പിരിച്ചെടുക്കാതെ കുടിശ്ശികയുടെ ഭാരം ജനങ്ങളുടെ മേൽ അടിച്ചേൽപ്പിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**സൂചക വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ**

വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 300,20,29,000 രൂപയിൽനിന്ന് നൂറ് രൂപ കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. സി. ആർ. മഹേഷ്

2. ശ്രീ. ടി. ജെ. വിനോദ്

3. ശ്രീ. അൻവർ സാദത്ത്

മി. സ്പീക്കർ: ചർച്ചയിൽ പങ്കെടുക്കുന്ന അംഗങ്ങൾ സമയം കർശനമായി പാലിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. സർവ്വതലസ്പർശിയായ സമഗ്ര വികസനമാണ് ഒന്നാം പിണറായി സർക്കാരിന്റെ കാലംമുതൽ കേരളത്തിൽ നടന്നുവരുന്നത്. വ്യാവസായിക വൈദ്യുതി മേഖലകളിൽ ബന്ധപ്പെട്ട വകുപ്പുകൾ നല്ല പ്രവർത്തനമാണ് കാഴ്ചവച്ചത്. കേരളത്തിൽ ഒരു വ്യാവസായികാനുകൂല അന്തരീക്ഷം സൃഷ്ടിച്ചുവെന്നുള്ളതാണ് പിണറായി സർക്കാരിന്റെ പ്രധാനപ്പെട്ട നേട്ടം. കാലഹരണപ്പെട്ട നിയമങ്ങൾ ഭേദഗതി ചെയ്യുന്നതിനായി ഒരു എക്സ്പെർട്ട് പാനലിനെ നിയമിക്കുകയും അവർ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തുതുവഴി കുറേക്കൂടി വേഗത്തിൽ കാര്യങ്ങൾ നടത്താനാവശ്യമായ നടപടികൾ സ്വീകരിച്ചു. എം.എസ്.എം.ഇ.-കളുടെ എണ്ണം നേരത്തെയുള്ളതിൽനിന്നും ഇരട്ടിയായി. 1,416 കോടി രൂപയാണ്

അവർക്ക് സഹായമായി നൽകിയത്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് അടഞ്ഞുകിടന്നതും അനാദായകരമെന്ന് പ്രഖ്യാപിച്ചതുമായ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ നല്ല നിലയിലേക്കുയർത്തുകവഴി ഈ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾക്ക് 384.68 കോടി രൂപയുടെ ലാഭമുണ്ടാക്കി. അടഞ്ഞുകിടന്ന ചില പൊതുമേഖലാ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിപ്പിച്ചു. കാസർഗോഡ് പ്രവർത്തിച്ചിരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഭെൽ ഗവൺമെന്റ് ഏറ്റെടുത്ത് 'കെൽ' ആക്കിമാറ്റി ആവശ്യമായ സാമ്പത്തിക സഹായം നൽകുകയുണ്ടായി. രണ്ട് വർഷക്കാലമായി അടഞ്ഞുകിടന്നതും ഇന്ത്യാഗവൺമെന്റ് ഏറ്റെടുത്ത് ഒന്നുംചെയ്യാതെ തകർത്തുകളഞ്ഞതുമായ ആ വ്യവസായത്തെ പുനരുദ്ധരിക്കാനായി സംസ്ഥാന സർക്കാർ 77 കോടി രൂപയാണ് നൽകിയത്. രണ്ടുവർഷക്കാലം ഒരു രൂപപോലും ശമ്പളം കിട്ടാതിരുന്ന അവിടത്തെ തൊഴിലാളികൾക്ക് ശമ്പളം കൊടുത്തതോടൊപ്പം ആ സ്ഥാപനം നല്ല നിലയിൽ പ്രവർത്തിക്കാനുള്ള സൗകര്യങ്ങളും ചെയ്തുകൊടുത്തു. അത്തരത്തിൽ വ്യവസായ രംഗത്ത് വൻകുതിപ്പുണ്ടായെന്നുള്ളത് യാഥാർത്ഥ്യമാണ്.

നമ്മുടെ രാജ്യത്തെ വൈദ്യുതി മേഖല ഗുരുതരമായ പ്രതിസന്ധി

നേരിട്ടുകൊണ്ടിരിക്കുകയാണ്. പ്രത്യേകിച്ച് കൽക്കരിക്ഷാമവും കൽക്കരി ഉപയോഗത്തിലുള്ള നിയന്ത്രണവും നിലവിൽവന്നതോടെ വൈദ്യുതിയുടെ ഉല്പാദനം കുറയുകയും പല സ്ഥലങ്ങളും ഇരുട്ടിലാകുകയും ചെയ്തു. എന്നാൽ കേരളത്തിൽ കഴിഞ്ഞ ആറ് വർഷക്കാലമായി ലോഡ് ഷെഡ്ഡിംഗ്, പവർ കട്ട് എന്നിങ്ങനെയുള്ള യാതൊരു പ്രശ്നവുമില്ലാതെ വളരെ നല്ല നിലയിൽ ഈ മേഖലയെ കൊണ്ടുപോകാൻ കഴിഞ്ഞു. പ്രതിസന്ധി ഘട്ടത്തിൽപ്പോലും കെ.എസ്.ഇ.ബി.എൽ.-ലെ തൊഴിലാളികൾ ചെയ്ത ജോലി പ്രശംസാർഹമാണ്. ഒരു ബുദ്ധിമുട്ടുമില്ലാതെ ജനങ്ങൾക്ക് വൈദ്യുതി എത്തിക്കുന്നത് വൻ വിജയമാക്കാൻ കഴിഞ്ഞിട്ടുണ്ട്. വ്യവസായം,വൈദ്യുതി എന്നീ രണ്ട് വകുപ്പുകളിൽ മാത്രമല്ല, സമസ്ത രംഗങ്ങളിലും വലിയ വികസനം നടന്നതിന്റെ ഫലമായി കേരളം പല മേഖലകളിലും ഏറ്റവും മികച്ച സംസ്ഥാനമെന്ന പദവി നേടുകയും ചെയ്തു. ഗുഡ് ഗവേണൻസിൽ ഇന്ത്യയിലെ ഏറ്റവും മികച്ച സംസ്ഥാനങ്ങളിലൊന്നാണ് കേരളം. വിദ്യാഭ്യാസ രംഗത്തും ആരോഗ്യ സൂചികയിലും ഏറ്റവും മികച്ച സംസ്ഥാനമാണ് കേരളം. പബ്ലിക് അഫയേഴ്സ് ഇൻഡക്സിൽ കേരളം ഒന്നാം സ്ഥാനത്താണ്. 1.618 ആണ് കേരളത്തിന്റെ സ്കോർ. മറ്റ് സംസ്ഥാനങ്ങൾക്ക് ലഭിച്ച സ്കോർ ഒന്നിൽതാഴെയാണ്. സുസ്ഥിര വികസന സൂചികയിൽ കേരളം ഒന്നാം

സ്ഥാനത്താണ്. ഏറ്റവും കുറച്ച് അഴിമതി നടക്കുന്ന സംസ്ഥാനമെന്ന പേരാണ് കേരളത്തിനുള്ളത്. മറ്റ് പല സംസ്ഥാനങ്ങളിലും ഭരണരംഗത്തുൾപ്പെടെ അഴിമതി നടക്കുമ്പോൾ ലീസ്റ്റ് കറപ്ഷൻ എന്ന അംഗീകാരം ലഭിച്ചത് കേരളത്തിനാണ്. വർഗ്ഗീയ കലാപമില്ലാത്ത സംസ്ഥാനമാണ് കേരളം. ഇടതുപക്ഷ ജനാധിപത്യമുന്നണി കേരളം ഭരിക്കുന്നതുകൊണ്ടുമാത്രമാണ് ഇവിടെ വർഗ്ഗീയകലാപങ്ങൾ നടക്കാത്തത്. നീതി ആയോഗ്, ഐക്യരാഷ്ട്രസഭ തുടങ്ങി ഒട്ടനവധി സമിതികളുടെ അംഗീകാരം നേടിയ സംസ്ഥാനമാണ് കേരളം. ഇപ്രകാരം കേരളം വികസന രംഗത്ത് കുതിച്ച് മുന്നേറുന്നതിന്റെ ഫലമായി കേരളത്തിൽ വീണ്ടും എൽ.ഡി.എഫ്. തുടർ ഗവൺമെന്റുണ്ടാക്കിയപ്പോൾ ആ ഗവൺമെന്റിനെ തകർക്കാനും അസ്ഥിരമാക്കാനും ശ്രമിക്കുന്ന കേന്ദ്രഗവൺമെന്റിന് കേരളത്തിലെ യു.ഡി.എഫ്. കൂട്ടുനിൽക്കുകയാണ് ചെയ്യുന്നത്. ജനങ്ങൾക്കിടയിൽ സംശയം ജനിപ്പിക്കാൻ ശ്രമിക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞ ദിവസം ഡോ. മാത്യു കുഴൽനാടൻ ഇവിടെ ചില കാര്യങ്ങൾ പറയുകയുണ്ടായി. ഈ സഭയിൽ അദ്ദേഹം പച്ചക്കള്ളമാണ് പറയുന്നത്. മുഖ്യമന്ത്രിയുടെ മകളുടെ ഐ.ടി. കമ്പനിയുടെ വെബ്സൈറ്റിന്റെ കാര്യത്തിൽ ജെയ്ക്ക് ബാലകുമാർ മെന്ററാണ് എന്നരീതിയിൽ ഇവിടെ പറഞ്ഞു. അത്

അസത്യമായ കാര്യമാണെന്ന് മുഖ്യമന്ത്രി പറഞ്ഞിട്ടും ഡോ. മാത്യു കുഴൽനാടൻ പിറ്റേദിവസം പത്രക്കാർക്ക് ഒരു ഫോട്ടോ കൊടുത്തു. ആ ഫോട്ടോയും കളവായിരുന്നില്ലേ? ബാലകുമാർ എന്നപേരിൽ ദീപക്കിന്റെ ഫോട്ടോ കാണിച്ചിട്ട് ഇത് ബാലകുമാറാണെന്ന് അദ്ദേഹം പറയുകയാണ്. ഡോ. മാത്യു കുഴൽനാടൻ എന്തോ ഗൂഢോദ്ദേശ്യത്തോടെ തെറ്റായ ഒരുകാര്യം ആവർത്തിക്കുകയാണ്. അദ്ദേഹം വസ്തുതകൾ മറച്ചുവച്ച് പുകമറ സൃഷ്ടിക്കാനുള്ള ശ്രമമാണ് നടത്തുന്നത്. മുഖ്യമന്ത്രിയുടെ മകളുടെ കമ്പനിയുമായി ബന്ധപ്പെട്ട വിഷയം നേരത്തെ വരികയും അവർതന്നെ അത് വിശദീകരിക്കുകയും ചെയ്തതാണ്. അത് ആവർത്തിച്ചുപറയേണ്ട കാര്യമില്ല. സ്വർണ്ണക്കടത്ത് വിവാദത്തിനുശേഷമാണ് പ്രൈസ് വാട്ടർഹൗസ് കൂപ്പേഴ്സിനെക്കുറിച്ച് ഞാൻ മനസ്സിലാക്കുന്നതെന്ന കള്ളമാണ് അദ്ദേഹം ഇവിടെ പറഞ്ഞത്. 'പ്രൈസ് വാട്ടർഹൗസ് കൂപ്പേഴ്സിനെക്കുറിച്ച് അദ്ദേഹത്തിന് നേരത്തെ അറിയില്ലേ; അദ്ദേഹത്തിന് ഡൽഹി ആസ്ഥാനമായി ഒരു ലാ-ഫേം ഉണ്ടല്ലോ? 2019 സെപ്റ്റംബർ 27-ാം തീയതി ആ സ്ഥാപനത്തിന്റെ ഡൽഹി ഓഫീസിൽവച്ച് പ്രൈസ് വാട്ടർഹൗസ് കൂപ്പേഴ്സിന്റെ എച്ച്.ആർ. വിഭാഗം അസോസിയേറ്റ് ഡയറക്ടറായ മുഹമ്മദ് ആസിഫ് ഇക്ബാലിനെ ആദരിച്ച കാര്യം അദ്ദേഹത്തിന്

ഓർമ്മയില്ലേ; ആ ചിത്രം ഫെയ്സ് ബുക്കിൽ വന്നിട്ടുണ്ടല്ലോ? അപ്പോൾ അദ്ദേഹത്തിന് അറിയില്ലെന്നുള്ള കള്ളം ആവർത്തിച്ചാവർത്തിച്ച് പറയുകയാണ്. ഇനിയും കള്ളങ്ങൾ കുറേയുണ്ട്. ഡോ. മാത്യു കുഴൽനാടന്റെ വെബ്സൈറ്റ് തുറന്നപ്പോൾ ഒരു ലക്ഷം ടണ്ണിന്റെ അലുമിനിയം പ്രോഡക്ട്സിന്റെ ഉത്പാദനം നടക്കുന്നതായി കാണുന്നുണ്ട്. അതിനെന്താണ് പറഞ്ഞതെന്നറിയാമോ? Annual production of Aluminium plate, strip and foil is 4 lakh tons. ഈ വെബ്സൈറ്റിലെ വിവരങ്ങൾ ശരിയാണോ എന്ന് അദ്ദേഹംതന്നെ വെളിപ്പെടുത്തണം. ഇങ്ങനെ അദ്ദേഹം മാന്യത ചമയുകയും മറ്റുള്ളവരെ കുറ്റംപറയുകയും ചെയ്യുമ്പോൾ തന്റെ കാര്യംകൂടി ആലോചിക്കണമെന്നാണ് പറയാനുള്ളത്. സഭയിലില്ലാത്ത ഒരു വ്യക്തിയെക്കുറിച്ച് പറയുമ്പോൾ എന്തും വിളിച്ചുപറയാമെന്ന് ഒരിക്കലും ധരിക്കരുത്. നിങ്ങൾ സഭയിലില്ലാത്ത ആളിനെക്കുറിച്ചാണ് ഇവിടെ കളവ് പറയുന്നത്. ഒരിക്കലും അദ്ദേഹത്തിന് ഇവിടെ വന്ന് പറയാൻ കഴിയില്ലല്ലോ. അപസർപ്പക കഥകളെ വെല്ലുന്ന കഥാപാത്രങ്ങൾ അവതരിപ്പിക്കുന്നതും അത്തരത്തിലുള്ള തിരക്കഥകൾ തയ്യാറാക്കുന്നതും ഡോ. മാത്യു കുഴൽനാടനെപ്പോലെയുള്ളവർ ഇനിയെങ്കിലും അവസാനിപ്പിക്കണം. പൊതുപ്രവർത്തകരുടെ കുടുംബാംഗങ്ങളെ അനാവശ്യമായി ചർച്ചകളിലേയ്ക്ക്

വലിച്ചിഴയ്ക്കരുത്. നിങ്ങളൊരു പൊതുപ്രവർത്തകനാണ്. കുടുംബങ്ങളെ അനാവശ്യമായി പ്രശ്നങ്ങളിലേയ്ക്ക് വലിച്ചിഴയ്ക്കുക എന്നുപറയുന്നത് മാന്യതയ്ക്ക് ചേർന്ന പ്രവൃത്തിയല്ല. നിങ്ങൾ ഇവിടെ കരിവാരി തേയ്ക്കാനുള്ള ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഇങ്ങനെയാണ് പ്രതിപക്ഷത്തിന്റെ നീക്കമെങ്കിൽ ജനങ്ങളത് മനസ്സിലാക്കുന്നുണ്ടെന്നുള്ള കാര്യം ആലോചിക്കണം. കള്ളം പറഞ്ഞ് രക്ഷപ്പെടാമെന്ന് നിങ്ങൾ കരുതേണ്ട.

ഡോ. മാത്യു കുഴൽനാടൻ: സർ, പോയിന്റ് ഓഫ് ഓർഡർ.

മി. സ്പീക്കർ: ഏത് ചട്ടപ്രകാരമാണ്? അദ്ദേഹത്തിന്റെ പ്രസംഗം കഴിഞ്ഞിട്ട് സമയം അനുവദിക്കാം.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, നുണഫാക്ടറികൾ പ്രവർത്തിക്കുന്നുവെന്നതിന്റെ അവസാനത്തെ ഉദാഹരണമാണിത്. അസംബന്ധങ്ങളും പച്ചക്കള്ളങ്ങളും വിളിച്ചുപറഞ്ഞാൽ അതംഗീകരിക്കാനാവില്ല. ജനങ്ങളത് വിശ്വസിക്കരുതെന്നാണ് ഞങ്ങൾക്ക് അഭ്യർത്ഥിക്കാനുള്ളത്. ഡോ. മാത്യു കുഴൽനാടന് ലഭിച്ച ഡോക്ടറേറ്റ് കള്ളം പറയുന്നതിനാണോ; ഇങ്ങനെ കള്ളം പറഞ്ഞ് ജനങ്ങളെ തെറ്റിദ്ധരിപ്പിച്ച് കാര്യങ്ങൾ നടത്താനാണോ നിങ്ങളുദ്ദേശിക്കുന്നത്? അങ്ങനെയാണെങ്കിൽ നിങ്ങളൊരിക്കലും വിജയിക്കാൻ പോകുന്നില്ലെന്ന് മാത്രമല്ല നിങ്ങൾ കൂടുതൽ

വഷളാവുക മാത്രമേ ചെയ്യൂ. നിങ്ങൾ കേരളത്തിലെ മുഖ്യമന്ത്രിയെ സംശയത്തിന്റെ മുൾമുനയിൽ നിർത്താനാണ് ശ്രമിക്കുന്നത്. കേരളത്തിലെ ജനങ്ങൾക്ക് മുഖ്യമന്ത്രിയെ നന്നായറിയാം. അദ്ദേഹത്തെ സംബന്ധിച്ച് ജനങ്ങൾക്ക് ഒരു സംശയവുമില്ല. കാരണ അദ്ദേഹം ഒരു കമ്മ്യൂണിസ്റ്റാണ്. കോൺഗ്രസിനെപ്പോലെയല്ല കമ്മ്യൂണിസ്റ്റ് പാർട്ടി. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പോളിറ്റ് ബ്യൂറോ മെമ്പറും കേരളത്തിലെ മുഖ്യമന്ത്രിയുമായ സഖാവ് പിണറായി വിജയനെ സംബന്ധിച്ച് ജനങ്ങൾക്ക് ഒരു സംശയവുമില്ല. നിങ്ങളെന്തുപറഞ്ഞാലും അദ്ദേഹം ഒരു തുറന്ന പുസ്തകമാണെന്ന് എല്ലാവർക്കുമറിയാം. അദ്ദേഹത്തെക്കുറിച്ച് ഇങ്ങനെ പറഞ്ഞാൽ ജനങ്ങൾ ഉടനെ അദ്ദേഹത്തെ തെറ്റിദ്ധരിച്ച് മാറിക്കളയുമെന്നാണ് നിങ്ങൾ കരുതുന്നത്. സ്വർണ്ണക്കടത്ത് പ്രശ്നത്തിന്റെ ഒന്നാം എപ്പിസോഡിന്റെ സമയത്ത് ഒരു വർഷക്കാലം നിങ്ങൾ എന്തെല്ലാം പ്രചരിപ്പിച്ചു; എന്തെങ്കിലും സംഭവിച്ചോ; ഒരു ഘട്ടത്തിൽ പിണറായി ഇപ്പോൾ ജയിലിലാകാൻ പോകുന്നുവെന്ന് വരുത്തിത്തീർക്കാൻ നിങ്ങൾ ശ്രമിച്ചില്ലേ; എന്നിട്ടെന്ത് സംഭവിച്ചു? തെരഞ്ഞെടുപ്പ് നടന്നപ്പോൾ നിങ്ങൾ തോറ്റു. എൽ.ഡി.എഫ്.-ന് 99 സീറ്റ് കിട്ടുകയും ശ്രീ. പിണറായി വിജയൻ വീണ്ടും മുഖ്യമന്ത്രിയാകുകയും ചെയ്തു. അതുകൊണ്ട് സംശയം ജനിപ്പിച്ച് കള്ളം പ്രചരിപ്പിച്ച് എന്തെല്ലാമോ

ചെയ്യുകളയാമെന്ന് നിങ്ങൾ ധരിക്കുന്നുണ്ടെങ്കിൽ അതിവിടെ നടക്കാൻ പോകുന്നില്ല. രണ്ടാമത്തെ എപ്പിസോഡിന്റെ വിവാദം എങ്ങനെയാണ് വന്നതെന്ന് നിങ്ങൾക്കറിയില്ലേ? ഒരു ഗൂഢാലോചനയുടെ ഫലമായിട്ടാണ് ആ വിവാദം വന്നത്. ആരാണ് ആ ഗൂഢാലോചനയിൽ പങ്കെടുത്തത്? അതിൽ പങ്കെടുത്തത് രണ്ട് കേന്ദ്ര മന്ത്രിമാരും രണ്ട് വക്കീലന്മാരുമാണ്. അവർ ആരൊക്കെയാണെന്ന് നിങ്ങൾക്കറിയാമല്ലോ? ശ്രീ. പി. സി. ജോർജ്ജും ക്രൈം നന്ദകുമാറും നടത്തിയ ഗൂഢാലോചനയിൽ ശ്രീ. വി. ഡി. സതീശന് പങ്കുണ്ടോ? അദ്ദേഹത്തിന് പങ്കുണ്ടോ എന്നെനിക്ക് സംശയമുണ്ട്. എന്തെന്നാൽ ഈ പ്രശ്നം വന്നയുടനെ ശ്രീ. വി. ഡി. സതീശന്റെ പത്ത് ആളുകൾ കലാപത്തിലേയ്ക്ക് നീങ്ങുന്നു.

<u>മി. സ്പീക്കർ</u>: പ്ലീസ്.... കൺക്ലൂഡ്....

<u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: സർ, ഇപ്പോൾ ഗൂഢാലോചന സംബന്ധിച്ച് അന്വേഷിക്കുകയല്ലേ? ആ ഗൂഢാലോചനയുടെ അന്വേഷണം ശ്രീ. വി. ഡി. സതീശനിലേയ്ക്ക് നീങ്ങിയാൽ അദ്ദേഹം ഉൾപ്പെടെ അകത്താകുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. അദ്ദേഹത്തിനുകൂടി പങ്കുണ്ടെന്നാണ് എനിക്ക് തോന്നുന്നത്. അതുകൊണ്ട് ജനങ്ങളിൽ സംശയം ജനിപ്പിച്ച് എന്തും ചെയ്തുകളയാമെന്ന് ധരിക്കേണ്ട. ....(മൈക്ക് ഓഫ്)......

മി. സ്പീക്കർ: അങ്ങയുടെ സമയം കഴിഞ്ഞു. സമയം കർക്കശമായി പാലിക്കണമെന്ന് നേരത്തെ ഓർമ്മിപ്പിച്ചതാണ്. ഡോ. മാത്യു കുഴൽനാടൻ, അങ്ങയുടെ ക്രമപ്രശ്നം എന്താണ്?

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ പ്രൈസ് വാട്ടർഹൗസ് കൂപ്പേഴ്സിനെക്കുറിച്ച് അറിയുന്നത് സ്വർണ്ണക്കടത്ത് കേസ് വന്നതിനുശേഷമാണെന്ന് നിയമസഭയിൽ പറഞ്ഞുവെന്ന് ബഹുമാന്യനായ അംഗം ഇവിടെ പറയുകയുണ്ടായി.

മി. സ്പീക്കർ: അങ്ങയുടെ ക്രമപ്രശ്നമെന്താണ്?

ശ്രീ. മാത്യു കുഴൽനാടൻ: സർ, ഞാൻ അങ്ങനെ പറഞ്ഞിട്ടില്ലെന്നുമാത്രമല്ല, 20 വർഷംമുമ്പേ എനിക്ക് ആ കമ്പനിയെക്കുറിച്ചുള്ള വിവരങ്ങളറിയാം. കൈരളി ചാനലുകാർ എഴുതിത്തരുന്നത് വായിക്കുന്ന പരിപാടിയാണ് നിങ്ങളെല്ലാം ചെയ്തുകൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യം ഞാൻ നിയമസഭയിൽ പറഞ്ഞിട്ടില്ല.

[12.09 pm]

## VII. തിരുത്ത്

28-06-2022 -ന് ശ്രീ. മാത്യു ടി. തോമസ് ഉന്നയിച്ച ക്രമപ്രശ്നത്തിന്മേലുള്ള

## റൂളിംഗിൽ വന്ന തിരുത്ത്

മി. സ്പീക്കർ: ഇന്നത്തെ റൂളിംഗിൽ 2022 ജൂൺ 27-ാം തീയതി ശ്രീ. ഷാഫി പറമ്പിലും നാല് അംഗങ്ങളുമെന്ന് പറഞ്ഞത് ശരിയല്ല. ശ്രീ. ടി. സിദ്ദിഖും മറ്റ് അഞ്ച് അംഗങ്ങളും എന്നതാണ് ശരി. ശ്രീ. ടി. സിദ്ദിഖും മറ്റ് അഞ്ച് അംഗങ്ങളും ചേർന്ന് ചട്ടം 50 പ്രകാരം നൽകിയ നോട്ടീസാണ്.

**ധനകാര്യം.......തുടർച്ച**

{അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ }

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. സമയക്കുറവുകൊണ്ട് എതിർക്കാനുള്ള കാരണത്തെക്കുറിച്ച് ഞാൻ വിശദീകരിക്കുന്നില്ല. ഞാൻ കരുതിയത്, ഇന്നലത്തെ കാര്യം ഇന്നലെക്കൊണ്ട് തീർന്നുവെന്നാണ്. ഇപ്പോൾ ശ്രീ. സി. എച്ച്. കുഞ്ഞമ്പുവിന്റെ പ്രസംഗം കേട്ടപ്പോൾ ഇത് നിങ്ങൾ വിടാൻ തയ്യാറല്ലെന്ന് മനസ്സിലായി; നിങ്ങൾ ശ്രീ. പിണറായി വിജയനെയും കൊണ്ടേപോകൂ എന്ന് വാശിയുള്ളതുപോലെ എനിക്ക് തോന്നുന്നു. എനിക്ക് മുഖ്യമന്ത്രിയോട് പറയാനുള്ളത്, 'ഞങ്ങളെ സൂക്ഷിച്ചോളൂ; പക്ഷേ

ഇതുപോലുള്ള പിന്തുണക്കാരെ കൂടുതൽ സൂക്ഷിക്കണം അല്ലെങ്കിൽ കൂടുതൽ കുഴപ്പത്തിലേയ്ക്ക് പോകും' എന്നാണ്. ഞാൻ എഴുതിക്കൊണ്ടുവന്ന പ്രസംഗം വേറെയാണ്. ശ്രീ. സി. എച്ച്. കുഞ്ഞമ്പു തുടങ്ങിവച്ചതുകൊണ്ട് മാത്രമാണ് ഞാൻ ആ പ്രസംഗം കയ്യിൽവച്ചിട്ട് മറ്റൊരു കാര്യത്തിലേയ്ക്ക് പ്രവേശിക്കുന്നത്. ഒരു ഇലക്ട്രോണിക് എവിഡൻസ് ഇവിടെ കൊണ്ടുവന്നാൽ അതിന് അതേ രീതിയിൽ മറുപടി പറയാൻ നിങ്ങൾക്ക് സാധിക്കില്ലേ? അങ്ങോട്ടുമിങ്ങോട്ടും പറഞ്ഞ് വീണ്ടും ഇതിന് ജീവൻ കൊടുത്തേ അടങ്ങൂവെന്നുള്ള ശ്രീ. സി. എച്ച്. കുഞ്ഞമ്പുവിന്റെ വാശിക്കുമുന്നിൽ ഞാൻ കീഴടങ്ങുകയാണ്. അതെന്തായാലും ആ നിലയിൽ പോകട്ടെ. ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. പക്ഷെ, അവസാനം പറഞ്ഞ ഒരു കാര്യം ഓർമ്മയുണ്ടാകണം. 'വീട്ടിലിരിക്കുന്ന ആളുകളെക്കുറിച്ച് ഇങ്ങനെയൊക്കെ പറയാമോ' എന്ന് ചോദിച്ചത് പൂർവ്വകാല പ്രാബല്യത്തോടുകൂടി വന്നിരുന്നെങ്കിൽ ഈ നിയമസഭയിൽ ധാരാളം പരാമർശങ്ങൾ ഒഴിവാക്കാൻ സാധിക്കുമായിരുന്നു. അത് ശരിയല്ലെന്ന് താമസിച്ചെങ്കിലും ബോദ്ധ്യപ്പെട്ടതിൽ ഞാൻ നന്ദി രേഖപ്പെടുത്തുകയാണ്. ഞാൻ അതുമായി ബന്ധപ്പെട്ട മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. ഡോ. മാത്യു കുഴൽനാടൻ അതൊക്കെ പറയാൻ യോഗ്യനാണ്, അതിന്റെ

എല്ലാ തെളിവുകളും അദ്ദേഹത്തിന്റെ കൈയിലുണ്ടെന്ന് പറയുന്നുണ്ട്. അത് അദ്ദേഹത്തിന് വിടുകയാണ്. ഞാൻ അതിൽ ഇടപെടുന്നില്ല.

വ്യവസായവുമായി ബന്ധപ്പെട്ട് സംസാരിച്ചപ്പോൾ പൊതുമേഖലാസ്ഥാപനങ്ങളിൽ ഏതോ ഒരെണ്ണം വലിയ ലാഭത്തിലാണെന്ന് പറഞ്ഞു. കേരളത്തിൽ 110 പൊതുമേഖലാ സ്ഥാപനങ്ങളുണ്ട്. ആ 110 സ്ഥാപനങ്ങളുടെ സ്ഥിതി എന്താണെന്ന് ബഹുമാനപ്പെട്ട മന്ത്രി ശ്രീ. പി. രാജീവ് അവസാനം മറുപടി പറയുമ്പോൾ, അതിൽ ലാഭമെത്ര, നഷ്ടമെത്ര എന്നുപറഞ്ഞാൽ മതി. ചിലതിന്റെയൊക്കെ വാതിലുകൾ തുരുമ്പ് പിടിച്ച് തുറക്കാൻ സാധിക്കാത്ത അവസ്ഥയിലാണ്. ഞാൻ അവയുടെ പേര് പറയുന്നില്ല, കാരണം അങ്ങേയ്ക്ക് ഇതൊക്കെ നേരിട്ടറിയാവുന്നതാണ്. ചില സ്ഥാപനങ്ങൾ അങ്ങ് ഒന്നുരണ്ട് പ്രാവശ്യം സന്ദർശിച്ചിട്ടുള്ളതുമാണ്. പക്ഷെ, അവയൊന്നും തുറക്കാൻ കഴിയില്ല. വാതിൽപോലും തുറക്കാൻ കഴിയാത്തവിധത്തിൽ തുരുമ്പ് കട്ടിപിടിച്ചിരിക്കുന്നു. വ്യവസായത്തിന്റെ 'ശവപ്പറമ്പാണ് കേരളം' എന്ന് ആളുകളെക്കൊണ്ട് വിമർശിപ്പിക്കുന്ന തരത്തിൽ ഇത് തുടർന്നുകൊണ്ടേയിരിക്കുകയാണ്. ഒന്നുംരണ്ടും വർഷമല്ല, 6-ാം വർഷമായില്ലേ. 6 വർഷംകൊണ്ട് കേരളത്തിലെ വ്യവസായ മേഖലയെ

രക്ഷപ്പെടുത്തുന്നതിനുവേണ്ടി എന്ത് ചെയ്തു; ഫ്ലാഗ്ഷിപ്പ് പ്രോഗ്രാമിൽപ്പെട്ട ഒന്നോ രണ്ടോ ഇനങ്ങളെടുത്ത് ഉയർത്തിക്കാണിച്ച് ഇതാണ് കേരളം എന്നുപറഞ്ഞാൽ ആരെങ്കിലും സമ്മതിക്കുമോ; അങ്ങയുടെ മനഃസാക്ഷിപോലും സമ്മതിക്കില്ലല്ലോ? അതുകൊണ്ട് വ്യവസായിക വളർച്ച നേടുന്നതിനുള്ള മാർഗ്ഗത്തെക്കുറിച്ച് പരിശോധിക്കണം. വ്യവസായം വർദ്ധിക്കുന്നു; തൊഴിലില്ലായ്മ അതിനേക്കാൾ വർദ്ധിക്കുന്നു. അത് എങ്ങനെയാണ് സംഭവിക്കുന്നത്; വ്യവസായം വർദ്ധിച്ചാൽ ആളുകൾക്ക് തൊഴിൽ കൊടുക്കുന്നതിനുള്ള നടപടിയുണ്ടാകണ്ടേ? പക്ഷേ തൊഴിലില്ലായ്മ വർദ്ധിക്കുന്നതല്ലാതെ കുറയുന്നില്ല. കേരളത്തിലെ 70 ശതമാനം ആളുകളും തൊഴിലില്ലായ്മ വേതനം പോലെ തുച്ഛമായി കിട്ടുന്ന വേതനംകൊണ്ട് ജീവിക്കുന്ന ആളുകളാണ്. നിങ്ങൾ കാണുന്നത് റാകിപ്പറക്കുന്ന ചെമ്പരുന്തുകളെയാണ്. അതിനുതാഴെ ഒരു സമൂഹമുണ്ട്, പാവങ്ങളാണവർ. ആ പാവങ്ങളുടെ ക്രയശക്തിയെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ; അവരെ രക്ഷപ്പെടുത്തുന്നതിനുള്ള മാർഗ്ഗത്തെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ; അതിനെക്കുറിച്ച് പിന്നീട് ചർച്ച വരികയാണെങ്കിൽ അതിലേയ്ക്ക് പോകാം. ഇവിടെ വൈദ്യുതി ബോർഡ് ലാഭത്തിലാണെന്ന് അവകാശപ്പെടുകയാണ്. വൈദ്യുതി ബോർഡ് ലാഭത്തിലാണെങ്കിൽ എന്തിനാണ് നിങ്ങൾ ചാർജ്

വർദ്ധിപ്പിച്ചത്; ആ ചാർജ് ചെറിയ തോതിലല്ല വർദ്ധിപ്പിച്ചിരിക്കുന്നത്. വ്യവസായ സ്ഥാപനങ്ങളിൽനിന്ന് എത്ര കോടിരൂപയാണ് ഇലക്ട്രിസിറ്റി ബോർഡിന് ലഭിക്കാനുള്ളത്? ഒന്നും കൊടുക്കുന്നില്ല; അതെല്ലാം കുഴപ്പത്തിൽ നിൽക്കുകയാണ്. ജനങ്ങൾ നിത്യനിദാന ചെലവിനുപോലും ബുദ്ധിമുട്ടുന്ന ഈ സാഹചര്യത്തിലാണ് വൈദ്യുതി ചാർജ് ഒരു യൂണിറ്റിന് 6 രൂപ 35 പൈസ കൊടുക്കേണ്ടിവരുന്നത്. നമുക്ക് കൂടുതലും ഹൈഡൽ പ്രോജക്ടുകളാണുള്ളത്. ഹൈഡൽ പ്രോജക്ടിന്റെ ഉല്പാദനച്ചെലവ് 25 പൈസയാണ്; പക്ഷേ നിങ്ങൾ പറയുന്ന ഒരു രൂപയാണെന്ന് . അത് എസ്റ്റാബ്ലിഷ്മെന്റ് കോസ്റ്റാണ്. 25 പൈസ ഉല്പാദനച്ചെലവുള്ള വൈദ്യുതി നിങ്ങൾ വിൽക്കുന്നത് 6.35 രൂപയ്ക്കാണ്. അത് എന്ത് മാനേജ്മെന്റാണ്; ആ മാനേജ്മെന്റ് വളരെ കഷ്ടമാണെന്ന് മാത്രമാണ് എനിക്ക് ഓർമ്മിപ്പിക്കാനുള്ളത്. വൈദ്യുത ചാർജിന്റെ കാര്യത്തിൽ കേരളവും തമിഴ്നാടും തമ്മിലുള്ള വ്യത്യാസം അങ്ങ് പരിശോധിച്ചിട്ടുണ്ടോ? തമിഴ്നാട്ടിൽ 100 യൂണിറ്റ് വൈദ്യുതി സൗജന്യമായാണ് കൊടുക്കുന്നത്. ഇവിടെ ഓരോ യൂണിറ്റിനും എത്ര രൂപയാണ് കൂടുതൽ വാങ്ങുന്നത്? പുതിയ നിരക്കനുസരിച്ച് 300 യൂണിറ്റിന് 1,900/- രൂപയാണ് വരുന്നത്. 300 യൂണിറ്റിൽ കൂടുതലായാൽ 25 പൈസ വച്ച് വീണ്ടും വർദ്ധിക്കുകയാണ്. രണ്ടുമാസത്തെ ബില്ല് ഒരുമിച്ചല്ലേ

കൊടുക്കുന്നത്; യൂണിറ്റ് വർദ്ധിക്കാൻ വേണ്ടിയാണോ ഇത്; യൂണിറ്റ് വർദ്ധിപ്പിച്ചാൽ ഈ വർദ്ധിച്ച ചാർജ് ഇവിടെനിന്ന് ഈടാക്കാം. ഒരു മാസത്തിൽ ഒരു ബിൽ കൊടുക്കുക. യൂണിറ്റ് കൂട്ടാൻ ദ്വൈമാസ ബില്ലുകളാണ് കൊടുക്കുന്നത്; അങ്ങനെയാകുമ്പോൾ തോത് കൂടും. ഈ രൂപത്തിൽ വലിയതോതിൽ വൈദ്യുത ചാർജ് കൂട്ടിക്കൊണ്ടിരിക്കുകയാണ്. തമിഴ്നാട്ടിൽ 100 യൂണിറ്റ് വൈദ്യുതി എല്ലാവർക്കും സൗജന്യമാണ്. അതിനുമുകളിൽ ഓരോ യൂണിറ്റിന് 3.95 രൂപയാണ്. ഇവിടെ അത് 6.35 രൂപയാണ്. ഇവ തമ്മിലുള്ള വ്യത്യാസം നോക്കണം. 300 മുതൽ 500 യൂണിറ്റുവരെ വൈദ്യുതിക്ക് തമിഴ്നാട്ടിൽ 3 രൂപയാണെങ്കിൽ ഇവിടെ 8.50 രൂപയാണ്. അങ്ങ് കെ.എസ്.ഇ.ബി.എൽ.-ലെ ഉദ്യോഗസ്ഥരോട് ചോദിക്കണം. കെ.എസ്.ഇ.ബി.എൽ. ഓഫീസേഴ്സ് അസോസിയേഷനിൽ നിരവധി പ്രശ്നങ്ങളുണ്ട്. അങ്ങ് തന്നെ ഇതിൽ ഏതുഭാഗത്താണ് നിൽക്കുന്നതെന്ന് എനിക്കറിയാം. അങ്ങ് നീതിയുടെ ഭാഗത്താണ്. ഓഫീസേഴ്സ് അസോസിയേഷൻ ഇപ്പോൾ കുഴപ്പത്തിലാണ്. ഇന്നത്തെ മലയാള മനോരമ പത്രത്തിൽ ഇതുസംബന്ധിച്ച് പറയുന്നുണ്ട്, ഒരു ഓഫീസറോട് 6,75,560/- രൂപ തിരിച്ചടയ്ക്കണമെന്ന് പറഞ്ഞിരിക്കുകയാണ്. ഇലക്ട്രിസിറ്റി ബോർഡ് ഭരിച്ചുകൊണ്ടിരുന്ന ആളുകളാണ്; ഞാൻ ശ്രീ. എം.

എം. മണിയെ കുറ്റപ്പെടുത്തുന്നില്ല. അദ്ദേഹത്തിന്റെ കസേരയ്ക്ക് പിന്നിൽനിന്ന ആളുകളാണ് ഈ ചരട് വലിച്ചത്. അതുകൂടാതെ, ഇപ്പോൾ 2,28,000/- രൂപ അഡീഷണലായി അടയ്ക്കണമെന്ന് പറഞ്ഞിരിക്കുകയാണ്. ഇലക്ട്രിസിറ്റി ബോർഡ് നാഥനില്ലാക്കളരിയായി മാറിയിരിക്കുകയാണ്. ഒരു കാലത്ത് ഓഫീസേഴ്സ് അസോസിയേഷന്റെ ഭരണമായിരുന്നുവെന്നുള്ളത് അങ്ങേയ്ക്കുമറിയാമല്ലോ; അങ്ങയുടെ ചെയർമാൻ പറഞ്ഞിട്ടുണ്ടല്ലോ.

മി. ചെയർമാൻ: പ്ലീസ്...പ്രസംഗം അവസാനിപ്പിക്കുക... പ്ലീസ്...

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഒരുമിനിറ്റുകൊണ്ട് അവസാനിപ്പിക്കാം. ഇവിടെ നടന്നുകൊണ്ടിരിക്കുന്ന ഈ പ്രവർത്തനങ്ങളോട് യോജിക്കാൻ കഴിയില്ല. ഇലക്ട്രിസിറ്റി ബോർഡിന്റെ കാര്യത്തിൽ ഞാൻ അങ്ങയെ വിടുകയാണ്. അങ്ങ് നനയാതെ ഈറനുടുത്താണ് നടക്കുന്നത്, അതുകൊണ്ട് ഞാൻ അങ്ങയെ വിടുകയാണ്. പക്ഷേ, കള്ളൻ കപ്പലിൽത്തന്നെയുണ്ട്, അത് നിയന്ത്രിക്കാൻ അങ്ങേയ്ക്ക് കഴിയണമെന്നതാണ് എന്റെ ആവശ്യം.

ശ്രീ. വി. ശശി: സർ, ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. രണ്ടാം പിണറായി സർക്കാർ ഒരുവർഷം പൂർത്തിയാക്കുമ്പോൾ കേരളത്തിലെ വ്യവസായമേഖല നേടിയ വളർച്ച

വളരെ വലുതാണ്. ഇതിനോടകം ലോകമാകെ ചർച്ച ചെയ്യപ്പെട്ട കേരള മാതൃകയുടെ നേട്ടങ്ങൾ ശക്തിപ്പെടുത്തുന്നതിനും ദൗർബല്യങ്ങൾ പരിഹരിക്കുന്നതിനും ഒന്നാം പിണറായി സർക്കാർ ദിശാബോധമുള്ള പദ്ധതികൾ നടപ്പാക്കി. ഉല്പാദനമേഖലയിൽ പുതിയൊരു പാത വെട്ടിത്തുറക്കാനാണ് രണ്ടാം പിണറായി സർക്കാർ ശ്രമിക്കുന്നത്. ഇതിൽ വ്യവസായ വകുപ്പിന് നിർണ്ണായക പങ്കുണ്ട്. ഒരുവർഷക്കാലം കൊണ്ട് കേരളത്തിലെ വ്യവസായമേഖലയ്ക്ക് മികച്ച നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചുവെന്ന് വസ്തുതകൾ പരിശോധിച്ചാൽ നമുക്ക് മനസ്സിലാക്കാൻ സാധിക്കും. കേരളത്തിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിച്ച് മികച്ച വളർച്ച ഉറപ്പാക്കാൻ 14 ജില്ലകളിലും എം.എസ്.എം.ഇ. ക്ലിനിക്കുകൾ, ഏകദേശം 168 വിദഗ്ദ്ധരെ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു പദ്ധതി ഇതിനോടകം നടപ്പാക്കിയിട്ടുണ്ട്. കൂടാതെ 2022-23 വർഷം സംരംഭക വർഷമായി സർക്കാർ പ്രഖ്യാപിച്ചിരിക്കുകയാണ്. 100,000 സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് നാല് ലക്ഷംപേർക്ക് തൊഴിൽ നൽകാനുള്ള പദ്ധതിയാണിത്. വ്യവസായ സംരംഭകന് ആവശ്യമായ സഹായങ്ങൾ ലഭ്യമാക്കാൻ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും 1153

ഇന്റേൺസിനെ വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ നിയമിച്ചിട്ടുണ്ട്. ബി.ടെക്/എം.ബി.എ. യോഗ്യതയുള്ളവരെ തെരഞ്ഞെടുത്താണ് നിയമിച്ചിട്ടുള്ളത്. 2023 മാർച്ചിന് മുമ്പായി 100,000 സംരംഭകർ വ്യവസായങ്ങൾ ആരംഭിക്കുമെന്ന രീതിയിലുള്ള പ്രവർത്തനങ്ങളാണ് സംസ്ഥാനമൊട്ടാകെ ഇപ്പോൾ നടപ്പാക്കിവരുന്നത്. ചെറുകിട വ്യവസായ സംരംഭങ്ങളെ സഹായിക്കുന്നതിന് 14 ജില്ലകളിലും നിയോഗിച്ചിട്ടുള്ള എം.എസ്.എം.ഇ. ക്ലിനിക്കുകളുടെ സേവനം, 100,000 ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കുകൂടി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നത് നന്നായിരിക്കുമെന്ന ഒരു നിർദ്ദേശമാണ് ഇതുമായി ബന്ധപ്പെട്ട് എനിക്ക് സമർപ്പിക്കാനുള്ളത്. പരമ്പരാഗത കൈത്തറി ഉൽപ്പന്നങ്ങൾക്ക് പ്രത്യേക ബ്രാൻഡ് നൽകി അവയുടെ വിപണന സാധ്യത വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന് സൂചിപ്പിച്ചിട്ടുണ്ട്. കൈത്തറി വിപണന രംഗത്ത് ശ്രദ്ധേയമായ ഒട്ടേറെ നടപടികൾ സ്വീകരിക്കുന്നുണ്ടെങ്കിലും മൂല്യവർദ്ധിത ഉൽപ്പാദന രംഗത്ത് മികച്ച ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതുണ്ട്. എൻ.ഐ.ഡി., നിഫ്റ്റ്, വീവേഴ്സ് സർവ്വീസ് സെന്റർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്

ഹാൻഡ്‌ലൂം ടെക്സ്റ്റൈൽസ് ടെക്നോളജി, സേലം തുടങ്ങിയ സ്ഥാപനങ്ങളുടെ സേവനം ഉൽപ്പാദന മേഖലയിൽ നമുക്ക് പ്രയോജനപ്പെടുത്താൻ സാധിച്ചാൽ വിപണന സാധ്യതയുള്ള, മൂല്യവർദ്ധിത കൈത്തറി ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിന് സാധ്യമാകും. അത്തരത്തിലുള്ള ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഗവൺമെന്റ് ഈയൊരു വർഷക്കാലത്തിനിടയിൽ നിക്ഷേപം കൊണ്ടുവരാനുള്ള ആത്മാർത്ഥമായ ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. മീറ്റ് ദി ഇൻവെസ്റ്റേഴ്സ് പരിപാടിയിലൂടെ 7,000 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനങ്ങളാണ് ഈയൊരു വർഷത്തിനുള്ളിൽ ലഭ്യമായത്. തിരുവനന്തപുരം കിൻഫ്രാ പാർക്കിൽ 75 കോടി രൂപയുടെ നിക്ഷേപ പദ്ധതിക്ക് ഡിസൈൻ ടെക്നോളജി രംഗത്തെ ടാറ്റാ എലെക്സി-യുമായി കരാർ ഒപ്പുവച്ച് ആധുനിക മാതൃകയിലുള്ള കെട്ടിടം കൈമാറിക്കഴിഞ്ഞു. അഞ്ചു വർഷംകൊണ്ട് ആറായിരം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുന്ന പ്രവർത്തനമാണ് അവിടെ ആരംഭിച്ചത്. കാക്കനാട് കിൻഫ്രാ ഇലക്ട്രോണിക്സ് ആൻഡ് മാനുഫാക്ചറിംഗ് ക്ലസ്റ്ററിൽ 1,200 കോടി രൂപ ചെലവിൽ ഐ.റ്റി.സി.എസ്. ഡാറ്റാ പ്രോസസിംഗ് ക്യാമ്പസ് ആരംഭിക്കുന്നതിന് ടി.സി.എസ്-ഉം ആയി (Tata Consulting Services) ധാരണാപത്രം

ഒപ്പിട്ടുകഴിഞ്ഞു. ഇരുപതിനായിരം പേർക്ക് തൊഴിൽ നൽകുന്നൊരു സംരംഭമാണ് അവിടെ ആരംഭിക്കാൻ പോകുന്നത്. സ്വകാര്യ മേഖലയിൽ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിനായി പത്തേക്കറിലധികം ഭൂമിയുള്ള സ്വകാര്യ വ്യക്തികൾക്ക് മൂന്നുകോടി രൂപ സംസ്ഥാന സർക്കാർ സാമ്പത്തിക സഹായം നൽകുമെന്ന പ്രഖ്യാപനം സ്വകാര്യ മേഖലയിൽ ഇൻഡസ്ട്രിയൽ പാർക്കുകൾ രൂപംകൊള്ളാനും ധാരാളം വ്യവസായ സംരംഭങ്ങൾ ആരംഭിക്കാനും വഴിയൊരുക്കും. യു.എ.ഇ. സർക്കാരിന്റെ സഹായത്തോടു കൂടി ഫുഡ് പ്രോസസിംഗ് പാർക്ക്, ഡൈ സ്റ്റാർ പോലെ ലോജിസ്റ്റിക് രംഗത്തെ ആഗോള കമ്പനികളുടെ പദ്ധതികൾ ഇവയെല്ലാം പ്രയോജനപ്പെടുത്താനുള്ള നടപടികളും വ്യവസായ വകുപ്പ് ആരംഭിച്ചിട്ടുണ്ട്. ഉത്തരവാദിത്വ വ്യവസായമെന്ന നയം രാജ്യത്ത് ആദ്യമായി സ്വീകരിക്കുന്ന ഒരു സംസ്ഥാനമായി കേരളം മാറുകയാണ്. കേരളം ഗ്രീൻ ഇൻവെസ്റ്റുമെന്റിന് അനുയോജ്യമായ സംസ്ഥാനമായും ആഗോളാടിസ്ഥാനത്തിൽ ഉത്തരവാദിത്വ നിക്ഷേപത്തിന്റെ കേന്ദ്രമായും മാറുന്നത് നിക്ഷേപം ആകർഷിക്കുവാൻ സഹായകമാകുമെന്ന കാര്യത്തിൽ സംശയമില്ല. 1,000 കോടി രൂപയുടെ നിക്ഷേപം പ്രതീക്ഷിക്കുന്ന പെട്രോ കെമിക്കൽസ് പാർക്കിന്റെ നിർമ്മാണം ആരംഭിച്ചുകഴിഞ്ഞു. കേന്ദ്ര

സർക്കാരിൽ നിന്നും ഏറ്റെടുത്ത് സംസ്ഥാന സർക്കാർ നവീകരിച്ച കെ.ഇ.എൽ. കാസർഗോഡ്, ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ്, കുടിശ്ശിക ഉൾപ്പെടെ കൊടുത്തുതീർത്ത് നവീകരിച്ച കേരള പേപ്പർ പ്രോഡക്ട് ലിമിറ്റഡ് എന്നിവയുടെയും പ്രവർത്തനോദ്ഘാടനം നിർവ്വഹിച്ചുകഴിഞ്ഞു. 46 മാസം കൊണ്ട് 3,000 കോടി ടേണോവറിലേയ്ക്കെത്താൻ കഴിയുന്ന അഞ്ച് ലക്ഷം മെട്രിക് ടൺ ഉൽപ്പാദനമുള്ള, ഇന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ട സ്ഥാപനമായി കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡിനെ മാറ്റുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ പുറത്തിറക്കുക എന്ന ലക്ഷ്യത്തോടെ കേരള റബ്ബർ ലിമിറ്റഡിന്റെ നിർമ്മാണോദ്ഘാടനം നിർവ്വഹിച്ചു കഴിഞ്ഞു. 1,050 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതിയിലൂടെ ലാറ്റെക്സ് അധിഷ്ഠിത ഉൽപ്പന്നങ്ങളുടെ നിർമ്മാണ ഹബ്ബായി വെള്ളൂരിനെ മാറ്റുക എന്ന ലക്ഷ്യത്തോടെ അമുൽ മാതൃകയിൽ ഒരു പദ്ധതി നടപ്പാക്കാൻ ശ്രമം തുടങ്ങിക്കഴിഞ്ഞു. ഈ ഒരു വർഷത്തിനുള്ളിൽ നിരവധി പദ്ധതികൾക്കാണ് വ്യവസായ വകുപ്പ് സംസ്ഥാനത്ത് തുടക്കം കുറിച്ചത്. ഈ മുന്നേറ്റത്തിലൂടെ വരും വർഷങ്ങളിലും വ്യവസായ മേഖലയിൽ ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. രണ്ട് ധനാഭ്യർത്ഥനകളെയും ഒരിക്കൽക്കൂടി

പിന്താങ്ങിക്കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. നജീബ് കാന്തപുരം</u>: സർ, നമ്മുടെ രാജ്യം നൂറാമത് യൂണികോൺ പ്രഖ്യാപിച്ചുകൊണ്ട് ഇത്തവണ ശ്രദ്ധേയമായ ചുവടുവയ്പ്പ് നടത്തുകയുണ്ടായി. എല്ലാ കാര്യത്തിലും മുൻപന്തിയിൽ നിൽക്കുന്ന കേരളത്തിൽ നിന്നും ഒരേയൊരു യൂണികോൺ മാത്രമാണ് ഇതുവരെ നിലവിൽവന്നത് എന്നതാണ് ഏറ്റവും സങ്കടകരമായ കാര്യം. വ്യവസായ രംഗത്ത് നമ്മൾ വലിയ കുതിച്ചുചാട്ടം നടത്തുന്നുവെന്ന് പറയുന്ന ഒരു സംസ്ഥാനത്ത് ഒരു യൂണികോൺ മാത്രമാണ് കേരളത്തിന്റേതായിട്ടുള്ളത് എന്നത് ഏറെ സങ്കടകരമായ കാര്യമാണ്. മാത്രമല്ല ആ യൂണികോൺ എന്റെ നിയോജകമണ്ഡലത്തിൽ നിന്നാണെന്നത് അഭിമാനത്തോടുകൂടി ഞാൻ പറയുന്നു. പക്ഷേ 8,000 കോടി രൂപ വിറ്റുവരവുള്ള ആ യൂണികോൺ കമ്പനി പ്രവർത്തിക്കുന്നത് പെരിന്തൽമണ്ണയിലല്ല, ബാംഗ്ലൂരിലാണ്. അനീഷ് അച്യുതൻ എന്ന ചെറുപ്പക്കാരന്റെ സാമർത്ഥ്യംകൊണ്ട്, ഇപ്പോഴും അദ്ദേഹത്തിന് കേരളത്തോടുള്ള വലിയ താൽപ്പര്യംകൊണ്ട് അതിന്റെ ഹെഡ് ഓഫീസ് പെരിന്തൽമണ്ണ എന്ന് വച്ചതുകൊണ്ടുമാത്രം കേരളത്തിന് അഭിമാനിക്കാൻ ഒരു യൂണികോൺ ഉണ്ട് എന്നല്ലാതെ നമുക്ക് ഇക്കാര്യത്തിൽ ഒരു നേട്ടവുമുണ്ടാക്കാൻ സാധിച്ചിട്ടില്ല. വ്യവസായ രംഗത്ത് ഒട്ടനവധി

പദ്ധതികൾ പ്രഖ്യാപിച്ച് നിരവധി നിർദ്ദേശങ്ങളുമായി മുന്നോട്ടുപോകുമ്പോൾ ഇവിടെ വളരുന്നത് വിവാദ വ്യവസായം മാത്രമാണ്. അത് സങ്കടകരമായ കാര്യമാണ്. സീഡ് ഫണ്ടിംഗ് മുതൽ എയ്ഞ്ചൽ ഇൻവെസ്റ്റ്മെന്റ് വരെയുള്ള നിക്ഷേപങ്ങൾ ആകർഷിക്കാൻ എന്തുകൊണ്ട് കേരളത്തിന് സാധിക്കുന്നില്ലെന്നത് നമ്മൾ ഗൗരവത്തോടുകൂടി ആലോചിക്കേണ്ട കാര്യമാണ്. ഇക്കാര്യത്തിൽ നിക്ഷേപകരെ സഹായിക്കാൻ സർക്കാർ എന്ത് ശ്രമങ്ങളാണ് നടത്തുന്നത്? മാത്രമല്ല കേരളത്തിൽ നിൽക്കാൻ ആളുകൾ ഭയപ്പെടുകയാണ്. Byju's App-ന്റെ ഹെഡ്ഡോഫീസ് കേരളത്തിന് പുറത്താണ്. മലയാളികൾ നടത്തുന്ന ഇത്തരം നിരവധി സ്റ്റാർട്ടപ്പുകളും കമ്പനികളും കേരളത്തിന് പുറത്ത് സ്ഥിതി ചെയ്യുന്ന ഒരു സാഹചര്യം നമ്മുടെ കൺമുന്നിലുണ്ട്. അത് എന്തുകൊണ്ടാണെന്ന് മനസ്സിലാക്കാനുള്ള ഒരു ശ്രമംപോലും ഈ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകാത്തതുകൊണ്ട് ഒരു കാരണവശാലും ഈ ധനാഭ്യർത്ഥനയെ അനുകൂലിക്കാൻ കഴിയുകയില്ല. ബഹുമാന്യനായ അംഗം സി. എച്ച്. കുഞ്ഞമ്പു, അദ്ദേഹത്തിന്റെ പ്രസംഗത്തിനിടയിൽ ബഹുമാന്യനായ മുഖ്യമന്ത്രി കോൺഗ്രസ് അല്ല, അദ്ദേഹം കമ്മ്യൂണിസ്റ്റാണെന്നാണ് പറഞ്ഞത്. എന്റെ പ്രിയപ്പെട്ട സഹപ്രവർത്തകൻ എ. എൻ. ഷംസീർ, ഇന്നലെ ബഹുമാനപ്പെട്ട

മുഖ്യമന്ത്രിയെ വർണ്ണിച്ച് വർണ്ണിച്ച് അദ്ദേഹം പാണക്കാട് തങ്ങളാണെന്നുവരെ പറയാൻ ശ്രമിക്കുകയുണ്ടായി. പ്രിയപ്പെട്ട എ. എൻ. ഷംസീർ, അങ്ങ് ബഹുമാന്യനായ മുഖ്യമന്ത്രിയെ പാണക്കാട് തങ്ങളാക്കേണ്ട, ശ്രീ. സി. എച്ച്. കുഞ്ഞമ്പു നേരത്തെ പറഞ്ഞതുപോലെ അദ്ദേഹത്തെ കമ്മ്യൂണിസ്റ്റാക്കാൻ ശ്രമിച്ചാൽ മതിയെന്നുമാത്രമാണ് ഞങ്ങൾക്ക് അഭ്യർത്ഥിക്കാനുള്ളത്. ബഹുമാന്യനായ മുഖ്യമന്ത്രി നേരും നെറിയുമുള്ള ഒരു കമ്മ്യൂണിസ്റ്റുകാരനെങ്കിലുമായി മാറിയാൽ ഞങ്ങൾക്ക് വലിയ അഭിമാനമുണ്ട്.

ശ്രീ. എ. എൻ. ഷംസീർ: സർ, പോയിന്റ് ഓഫ് ഓർഡർ ...

മി. ചെയർമാൻ: പ്രസംഗത്തിനുശേഷം അനുവദിക്കാം.

ശ്രീ. നജീബ് കാന്തപുരം: മതനിരപേക്ഷതയിൽ വെള്ളം ചേർക്കാത്ത, മതതീവ്രവാദികളെ തരാതരം പാലൂട്ടി വളർത്താത്ത ഒരു നല്ല കമ്മ്യൂണിസ്റ്റായി ബഹുമാന്യനായ മുഖ്യമന്ത്രി മാറിയാൽമതി. ഹംഗറിയിൽ പരീക്ഷിച്ച സലാമി ടിക്കാണ് ഇന്ന് ബഹുമാന്യനായ മുഖ്യമന്ത്രി കേരളത്തിൽ പരീക്ഷിക്കാൻ ശ്രമിക്കുന്നത്. ബഹുമാന്യനായ എം. വി. ഗോവിന്ദൻ മാസ്റ്ററും ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുമൊക്കെ അതിൽ നിപുണരാണ്. എപ്പോൾ അരിയെത്രയെന്ന് ചോദിച്ചാലും പയർ അഞ്ഞാഴിയെന്നുമാത്രമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ്

ശീലിച്ചിട്ടുള്ളത്. ഈ സഭയുടെ ഏറ്റവും വലിയ ദുര്യോഗം എന്നുപറയുന്നത് വാഴ്ത്തുപാട്ട് ഉത്സവം നടത്തുന്നതാണ്. ഞാൻ ബഹുമാന്യരായ മന്ത്രിമാരുൾപ്പെടെയുള്ളവരോട് ഒരു കാര്യം ദയവായി പറയുകയാണ്, ബഹുമാന്യനായ മുഖ്യമന്ത്രിയെ തൃപ്തിപ്പെടുത്താനാണ് നിങ്ങൾ ഈ വാഴ്ത്തുപാട്ടുകൾ പാടുന്നതെങ്കിൽ ഈ സഭയുടെ സമയം ചെലവഴിക്കാതെ വാട്സാപ്പിൽ അയച്ചുകൊടുത്ത് തൃപ്തിയടയണം. അങ്ങനെയായാൽ ഈ സഭയ്ക്ക് ഗൗരവമായ കാര്യങ്ങൾ ചർച്ച ചെയ്യാൻ കഴിയും. ഞങ്ങളെല്ലാം നിയമസഭയിൽ ആദ്യമായി വന്ന അംഗങ്ങളാണ്. ഞങ്ങൾക്ക് നിയമസഭയെക്കുറിച്ച് ഒരു പ്രതീക്ഷയും പ്രത്യാശയുമുണ്ട്. നിയമസഭയിൽനിന്നും ഞങ്ങൾ പ്രതീക്ഷിക്കുന്ന ഗൗരവമായ ചർച്ചകളുണ്ട്. അതിനുപകരം ഇപ്പോൾ നിങ്ങൾ മുഖ്യമന്ത്രിയെ സുഖിപ്പിക്കാനുള്ള വാഴ്ത്തുപാട്ടല്ലാതെ മറ്റെന്താണ് പറയുന്നത്? ഏതെങ്കിലും ഒരു ചോദ്യത്തിന് ആരെങ്കിലും ഉത്തരം പറയുന്നുണ്ടോ? എന്നിട്ടും നിങ്ങളുടെ അഹങ്കാരം അവസാനിക്കുന്നുണ്ടോ? എന്തൊരഹങ്കാരമാണ്. .....(ബഹളം).......

മി. ചെയർമാൻ: അങ്ങ് ചെയറിനെ നോക്കി സംസാരിക്കണം.

ശ്രീ. നജീബ് കാന്തപുരം: സർ, ഞങ്ങൾ അഹങ്കരിക്കാൻ തക്ക വിജയം നേടി ഇവിടെ വന്നവരാണ്. തൃക്കാക്കരയിൽനിന്നും മികച്ച വിജയം നേടിയ ശ്രീമതി ഉമ തോമസ് ഇവിടെയുണ്ട്. പക്ഷേ നിങ്ങളെപ്പോലെ അഹങ്കാരം ശീലിച്ചിട്ടില്ലാത്തതുകൊണ്ട് ഞങ്ങൾ വളരെ വിനയത്തോടുകൂടി ഇരിക്കുകയാണ്. തൃക്കാക്കരയിൽ എന്ത് പൊളിറ്റിക്സാണ് നിങ്ങൾ കാഴ്ചവച്ചത്? രണ്ടാഴ്ചക്കാലം തൃക്കാക്കരയിൽ തെരഞ്ഞെടുപ്പ് പ്രചരണത്തിനുണ്ടായിരുന്ന ആളാണ് ഞാൻ. വീടുവീടാന്തരം കയറി നിങ്ങൾ എന്താണ് പ്രചരിപ്പിച്ചത്; എങ്ങനെയാണ് നിങ്ങൾക്കവിടെ ഒരു സ്ഥാനാർത്ഥിയുണ്ടായത്; ആ സ്ഥാനാർത്ഥിയുടെ മേൽവിലാസം എന്തായിരുന്നു; ആ സ്ഥാനാർത്ഥി മുന്നോട്ടുവച്ച ആശയമെന്തായിരുന്നു; അതാണോ കമ്മ്യൂണിസം; അതാണോ നിങ്ങൾ ഈ നാട്ടിൽ ജനങ്ങളെ ഒന്നിപ്പിക്കാൻവേണ്ടി നടത്തുന്ന കമ്മ്യൂണിസം? 'നിങ്ങൾ നല്ലത് ...നല്ലത്....' എന്നരീതിയിലുള്ള പാട്ട് നിർത്തി ബാക്കിയുള്ള 99 പേരും ചേർന്ന് ആ പഴയ തിരുവാതിര ഒന്നുകൂടി നിയമസഭയിൽ കളിക്കാൻ മിനക്കെടുന്നതാണ് നല്ലത്. എന്നാൽ നിങ്ങൾക്ക് വളരെ സുഖവുമാകും ബഹുമാന്യനായ മുഖ്യമന്ത്രിക്ക് സംതൃപ്തിയും ലഭിക്കും. ഞങ്ങളാരും സ്വപ്ന സുരേഷിനെ തലയിലേറ്റി നടക്കുന്നില്ല. ഞങ്ങൾക്കാർക്കും അങ്ങനെ ആളുകളെ കൊണ്ടുനടക്കേണ്ട

കാര്യവുമില്ല. ഇതെല്ലാം നിങ്ങളാണ് നടത്തിക്കുന്നത്. ഇവിടെ ശ്രീ. എ. എൻ. ഷംസീർ ഇന്നലെ വളരെ രസകരമായി സംസാരിച്ചു. അദ്ദേഹം ഒരു സാമാജികൻ മാത്രമല്ല, ഒരു പണ്ഡിതൻകൂടിയാണ്. ഇന്നലെ അദ്ദേഹം ഗവേഷണം നടത്തി കണ്ടെത്തിയത് ബിരിയാണിയും ഈന്തപ്പഴവും ഇസ്ലാമോഫോബിയ ഉണ്ടാക്കുന്നുവെന്നാണ്. പേറ്റന്റ് കിട്ടേണ്ട കാര്യമാണ്. ശ്രീ. എ. എൻ. ഷംസീറിനോട് ഞാൻ പറയുന്നു, ഭയങ്കരമായ കണ്ടുപിടിത്തമാണ്. ഈ നാട്ടിൽ നിങ്ങളെന്താണ് ചെയ്യുന്നത്; സമുദായങ്ങളെ തമ്മിലടിപ്പിക്കുന്നു; സമുദായ നേതാക്കളെ പറഞ്ഞ് പറ്റിക്കുന്നു; അതിൽനിന്നും വർഗ്ഗീയത ഉല്പാദിപ്പിക്കാൻ ബി.ജെ.പി.യെക്കാൾ വൃത്തികെട്ട ശ്രമങ്ങൾ നടത്തുന്നു. അങ്ങനെ തെരഞ്ഞെടുപ്പ് ജയിക്കാൻ നിങ്ങൾ ശീലിക്കുന്നു. അത് ശരിയല്ല. അത് തിരുത്താനുള്ള മനസ്സാണ് വേണ്ടതെന്ന് തൃക്കാക്കരയിൽ മുഖത്തേറ്റ അടികൊണ്ടെങ്കിലും നിങ്ങൾ മനസ്സിലാക്കണമെന്നാണ് എനിക്ക് ഓർമ്മിപ്പിക്കാനുള്ളത്. ഇടതുപക്ഷം ഇടതുപക്ഷമാകണം. നിങ്ങൾ കോൺഗ്രസ്സും മുസ്ലീം ലീഗുമൊന്നുമാകേണ്ട, ഈ നാടിന് അഭിമാനമുള്ള കമ്മ്യൂണിസ്റ്റുകാരാകണമെന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. ഇന്ന് നിങ്ങൾക്കുനേരെ ഉയരുന്ന ഓരോ ചൂണ്ടുവിരലിനും ഉത്തരം നൽകാൻ കഴിയാതെ വിയർക്കുകയാണ്. ടെലിവിഷൻ ചർച്ചകളിൽ

മറുപടി കൊടുക്കാനില്ലാതെ നിങ്ങളുടെ ആളുകൾ പതറുകയാണ്. എന്തേ നിങ്ങൾക്ക് മറുപടിയില്ലാത്തത്? മറുപടി പറയാനില്ലാത്തതുകൊണ്ട് മടിയിൽ മാത്രമല്ല പലയിടത്തും നിങ്ങൾക്ക് കനമുള്ളതുകൊണ്ടാണ് ഈ സഭയിൽ തലകുമ്പിട്ട് നിൽക്കേണ്ടിവരുന്നതെന്നുമാത്രം പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി ഞാൻ എതിർക്കുന്നു.

ശ്രീ. എ. എൻ. ഷംസീർ: സർ, പോയിന്റ് ഓഫ് ഓർഡർ, ബഹുമാന്യനായ പെരിന്തൽമണ്ണ അംഗം പറഞ്ഞത് എന്റെ പ്രസംഗത്തിൽ ഞാൻ ബഹുമാന്യനായ മുഖ്യമന്ത്രിയെ പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങളോട് ഉപമിച്ചുവെന്നാണ്. അത് സഭാരേഖയിലുണ്ടാകാൻ പാടില്ല. ഞാൻ പറഞ്ഞത്, പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങളേക്കാളും മതന്യൂനപക്ഷങ്ങൾക്ക് ഇന്ന് വിശ്വാസം കേരളത്തിന്റെ മുഖ്യമന്ത്രിയെ ആണെന്നാണ്. സഭാരേഖയിൽ ഇത്തരം പരാമർശങ്ങളുണ്ടാകാൻ പാടില്ല. വർഗ്ഗീയത ഉല്പാദിപ്പിച്ചതാരാണെന്ന് എനിക്കറിയാം. 2014-ലെ പാർലമെന്റ് തെരഞ്ഞെടുപ്പിൽ വർഗ്ഗീയത പറഞ്ഞാണ് എന്നെ തോൽപ്പിച്ചത്.

മി. ചെയർമാൻ: അങ്ങ് അവസാനിപ്പിക്കണം. പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചുകഴിഞ്ഞു. ബാക്കി കാര്യങ്ങൾ അങ്ങയുടെ പ്രസംഗത്തിൽ പറഞ്ഞാൽ മതി. പോയിന്റ് ഓഫ് ഓർഡർ പരിശോധിക്കാം+.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. നേരത്തെ ബഹുമാനപ്പെട്ട പെരിന്തൽമണ്ണ അംഗം തൃക്കാക്കരയിൽ വലിയ വിജയം നേടിയെന്ന് പറഞ്ഞു. Twenty 20 വോട്ട് വാങ്ങിയതിൽ ചില ആത്മാക്കൾ പൊറുക്കില്ലെന്നും ചില ആത്മാക്കളുടെ ശാപം കിട്ടാനിടയുണ്ടെന്നുമാണ് എനിക്ക് അദ്ദേഹത്തോട് പറയാനുള്ളത്. ബി.ജെ.പി.യുടെ വോട്ടിന്റെ കണക്ക് നമുക്കറിയാം, കെട്ടിവച്ച കാശ് പോയി. അതിന്റെ വിജയരഥത്തിൽ വല്ലാതെ അർമാദിക്കേണ്ടതില്ലെന്ന അഭിപ്രായമാണ് എനിക്കുള്ളത്. കലാപരിപാടികൾ പരാജയപ്പെട്ടാൽ ആളുകളുടെ കിളിപോകും. കിളിപോയി എന്തും പറയാമെന്ന നിലയിലേയ്ക്ക് കാര്യങ്ങൾ എത്തിനിൽക്കുകയാണ്. സമാനതകളില്ലാത്ത മഹാമാരിയും പ്രകൃതിദുരന്തങ്ങളും ഏറ്റുവാങ്ങി നമ്മൾ മുന്നോട്ടുപോകുന്നതിനു പുറമെ ആഗോളതലത്തിലെ സാമ്പത്തികമാന്ദ്യവും നമ്മൾ അനുഭവിക്കുന്നുണ്ട്.

+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവ് പ്രകാരം (ഫയൽ നമ്പർ 11750/ഇ.ബി./2022/നി.സെ. തീയതി 30-06-2022) രേഖയിൽ നിലനിർത്തി.

കേന്ദ്രത്തിന്റെ കേരളത്തോടുള്ള അവഗണനകൂടി വരുമ്പോൾ ചങ്ങലയ്ക്കിട്ട ആനയെപ്പോലെയാണ് കേരളം. ഈ ചങ്ങലകളിൽനിന്നും ഒരു മാറ്റം സൃഷ്ടിക്കാൻവേണ്ട ശ്രമമാണ് കേരളത്തിൽ നടക്കുന്നത്. കെ-ഫോൺ, റീ-ബിൽഡ് കേരള, കിഫ്ബി, ലൈഫ്, ആർദ്രം, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം, ഹരിതകേരളം, ഡിജിറ്റൽ സർവ്വകലാശാല, പ്രളയം തകർത്ത വീടുകൾ, റോഡ്, പാലം തുടങ്ങിയവയുടെ പുനർനിർമ്മാണം എന്നിവപോലെ ഈ സർക്കാർ ബദലുകൾ സൃഷ്ടിക്കുകയാണ്. കേരളത്തിൽ പുതിയ തൊഴിൽ സാധ്യതകൾ രൂപപ്പെടുത്താൻ ചെറുകിട വ്യവസായങ്ങളും സ്റ്റാർട്ടപ്പുകളും ആവശ്യമാണ്. നേരത്തെ ഇവിടെ വ്യവസായത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ സംസാരിക്കുകയുണ്ടായി. വ്യാവസായിക വളർച്ചയ്ക്കാവശ്യമായ അടിസ്ഥാനവികസനം ശക്തിപ്പെടുത്തുന്നതിനുവേണ്ടിയുള്ള പരിശ്രമത്തിലാണ് കേരളം. കേരളത്തിൽ പവർകട്ടില്ലാതെ വൈദ്യുതി ലഭിക്കുന്നുണ്ട്. വ്യാവസായിക വളർച്ചയ്ക്ക് നല്ല റോഡും കെ-റെയിലും വേണം. പക്ഷേ നിങ്ങളതിനെ എതിർക്കുകയാണ്. വലിയ സ്റ്റാർട്ടപ്പുകൾ ഇവിടെയുണ്ടാകണമെന്ന് നേരത്തെ ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്. കെ-റെയിൽ ഉൾപ്പെടെയുള്ള കേരളത്തിന്റെ വികസനത്തെ

കുത്തിപ്പൊട്ടിച്ച് ഇല്ലാതാക്കാൻ ശ്രമിക്കുന്നവരാണ് നിങ്ങൾ എന്നതുകൂടി സ്വയം വിമർശനാത്മകമായി ഉൾക്കൊള്ളണം. ഏഷ്യയിലെ മികച്ച സ്റ്റാർട്ടപ്പ് സൗഹൃദ പ്രദേശമായി കേരളത്തെ തെരഞ്ഞെടുത്തിരിക്കുകയാണ്. ഐ.ടി. ഇതര സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കാൻ ഈ ഗവൺമെന്റ് പദ്ധതി പ്രഖ്യാപിച്ചിരിക്കുകയാണ്. ഗ്രാമപഞ്ചായത്തുകൾ കേന്ദ്രീകരിച്ച് ചെറുപ്പക്കാർക്ക് പുതിയ ജീവിതമുണ്ടാക്കുന്ന തരത്തിൽ അവരിൽ സംരംഭകരെ കണ്ടെത്തുന്നതിനുള്ള പ്രക്രിയ കേരളത്തിൽ ആരംഭിച്ചുകഴിഞ്ഞു. ഇത്തരത്തിൽ ഒരു ലക്ഷം പേരെ കണ്ടെത്തുകയെന്ന ലക്ഷ്യത്തിന്റെ ആദ്യഘട്ടം ഇപ്പോൾ വിജയകരമായി പിന്നിട്ടിരിക്കുകയാണ്. ഇതുവഴി കേരളത്തിലെ തൊഴിൽരംഗത്ത് വലിയ മുന്നേറ്റമാണുണ്ടാകാൻ പോകുന്നത്. കേരളത്തിലെ പൊതുമേഖലയെ തകർക്കുന്ന നടപടികളാണ് ബി.ജെ.പി. ഗവൺമെന്റ് ഇപ്പോൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അഗ്നിപഥ് പദ്ധതി ഒറ്റപ്പെട്ട സംഭവമല്ല. എല്ലാമേഖലയിലും കരാർവൽക്കരണം നടപ്പാക്കുകവഴി തൊഴിൽ സുരക്ഷിതത്വം ഇല്ലാതാകുകയാണ്. സർക്കാരിന്റെ ജോലിയിൽ തുടങ്ങി സൈന്യത്തിൽ കൂടി ഇതുനടപ്പാക്കുന്നുവെന്ന് വന്നാൽ ഇതിന്റെ വ്യാപ്തിയും ഗൗരവവും വർദ്ധിക്കുകയാണ്. തൊഴിലില്ലായ്മയുടെ അരക്ഷിതാവസ്ഥ വർഗ്ഗീയതയ്ക്ക് വേരൂന്നാൻവേണ്ടി ഇവർ

ഉപയോഗിക്കുകയാണ്, ഇതൊരു പ്രത്യേക അജണ്ടയാണ്. ഇന്ത്യയിലെ ഇന്നത്തെ യുവാക്കളുടെ സ്വപ്നങ്ങളെ സംഘ്പരിവാർ തകർക്കുകയാണ്. ഇതെല്ലാം നിങ്ങൾകൂടി ആരംഭിച്ച ആഗോളവൽക്കരണത്തിന്റെ ഉപോല്പന്നങ്ങളാണ്. ഇതിനെതിരെ ഒരു ബദൽ ഉയരേണ്ടതുണ്ട്. കേരളത്തിൽ നടക്കുന്നത് അതിന്റെ ബദലാണ്. ഈ ഗവൺമെന്റ് പി.എസ്.സി. വഴി തൊഴിൽ സുരക്ഷിതത്വത്തിന്റെ കാര്യത്തിൽ സർവ്വകാല റെക്കോർഡ് സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. ഇതോടൊപ്പം ഈ ഗവൺമെന്റ് പുതിയ കാലഘട്ടത്തിന്റെ സാധ്യതകൂടി വ്യവസായരംഗത്ത് ഉപയോഗപ്പെടുത്തുകയാണ്. ഇന്ത്യയിലെ എല്ലാ വൈദ്യുതി ബോർഡുകളും നിർബന്ധമായും സ്വകാര്യവൽക്കരിച്ചു. കേരളത്തിൽ അത് നടന്നിട്ടില്ല. കേരളം വൈദ്യുതിരംഗത്തെ കണ്ണിലെ കൃഷ്ണമണിപോലെ സംരക്ഷിക്കുകയാണ്. പൊതുമേഖലയിലെ ഊർജ്ജവിതരണം നിലനിർത്താൻ വേണ്ടിയുള്ള പോരാട്ടമാണ് കേരളത്തിൽ നടക്കുന്നത്. ലോകത്ത് ഒരു അവികസിത രാജ്യത്തിലെ സംസ്ഥാനമായ കേരളം പവർകട്ടില്ലാതെ നിലനിൽക്കുന്നുവെന്നത് അത്ഭുതമാണ്. രാജ്യത്ത് കൽക്കരിക്ഷാമമുണ്ടായപ്പോൾ കേരളത്തിൽ ആ പ്രശ്നമുദിച്ചില്ല, കേരളത്തിൽ പവർകട്ടുമുണ്ടായില്ല. വ്യവസായ സേവന മേഖലകൾക്ക് പിടിച്ചുനിൽക്കാൻ

സബ്സിഡിയോടുകൂടിയുള്ള വൈദ്യുതി ആവശ്യമാണ് . ഇത് ലക്ഷ്യംവച്ചാണ് എൽ.ഡി.എഫ്. ഗവൺമെന്റ് മുന്നേറുന്നത്. പ്രതിസന്ധികൾക്കിടയിലും ഒരു ക്ഷേമപദ്ധതിയും വെട്ടിക്കുറച്ചില്ല. അഴിമതിയില്ലാതെ വികസന പ്രവർത്തനങ്ങളുമായി മുന്നേറുന്ന രണ്ടാം പിണറായി ഗവൺമെന്റ് അതിന്റെ ഒന്നാം വാർഷികം നേട്ടങ്ങളുടെ പട്ടിക നിരത്തി ആഘോഷിക്കുകയാണ്. ജനങ്ങൾക്ക് ഈ ഗവൺമെന്റിനോടുള്ള സ്വീകാര്യത വർദ്ധിച്ചിരിക്കുകയാണ്. ഇക്കഴിഞ്ഞ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് നടന്ന ഉപതെരഞ്ഞെടുപ്പിൽ ഭൂരിഭാഗം വാർഡുകളിലും എൽ.ഡി.എഫ്. സ്ഥാനാർത്ഥികളാണ് വിജയിച്ചതെന്ന കാര്യം നാം മനസ്സിലാക്കണം. തൃക്കാക്കരയിലെ ഇലക്ഷൻ റിസൾട്ടിനെപ്പറ്റി ഞാൻ നേരത്തെ സൂചിപ്പിച്ചു. Twenty 20, ആർ.എസ്.എസ്, എസ്.ഡി.പി.ഐ., ആം ആദ്മി തുടങ്ങിയ പാർട്ടികളെ കൂട്ടുപിടിച്ചുണ്ടായതാണ് ഈ വിജയം. ഈ ഗവൺമെന്റിനെ പിരിച്ചുവിടുന്നതിനുവേണ്ടി കേരളത്തിൽ കലാപമുണ്ടാക്കുന്നതിനുള്ള ശ്രമമാണ് വ്യത്യസ്ത രീതികളിൽ നിങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. കേരളത്തിൽ ഒരേ മുന്നണിയിൽപ്പെട്ടവർ പരസ്പരം വെട്ടുകയും കൊല്ലുകയുമാണ്. കെ-റെയിൽ വിരുദ്ധ മുന്നണി ആർ.എസ്.എസ്.-ഉം എസ്.ഡി.പി.ഐ.-യും ചേർന്ന മുന്നണിയാണ്. ആ മുന്നണിയിൽ

യു.ഡി.എഫ്.-ഉം ഉണ്ട്. ഈ മുന്നണിയാണ് പരസ്പരം വെട്ടിക്കൊല്ലുന്നത്. കേരളത്തിൽ കലാപമുണ്ടാക്കാനുള്ള സാധ്യതയിൽ എണ്ണ പകരുകയാണ് കേരളത്തിലെ പ്രതിപക്ഷം. അവർക്ക് പരസ്പരം വെട്ടുന്ന തങ്ങളുടെ മുന്നണിയിലുള്ളവരല്ല പ്രശ്നം, മറിച്ച് കേരളത്തിന്റെ ആഭ്യന്തര വകുപ്പാണ്. അതുകൊണ്ടുതന്നെ കേരളത്തിലെ ആഭ്യന്തര വകുപ്പിനെതിരായിട്ടാണ് അവർ ഈ സാഹചര്യത്തെ ഉപയോഗിക്കുന്നത്. കള്ളൻ കള്ളൻ എന്ന് വിളിച്ചോടുന്ന പോക്കറ്റടിക്കാരനെയാണ് ഇക്കൂട്ടർ ഈ അവസരത്തിൽ ഓർമ്മിപ്പിക്കുന്നതെന്ന കാര്യം നിങ്ങൾ മനസ്സിലാക്കണം. ഇടക്കാലത്ത് പുറത്തിറങ്ങിയ മിഥുനം എന്ന സിനിമയിലെ ഒരു രംഗം ഓർമ്മവരികയാണ്. നാളികേരം പൊട്ടിക്കുന്നതിനായി നിൽക്കുന്ന സമയത്ത് കർമ്മി നാളികേരം പൊട്ടിക്കുന്നില്ല. അപ്പോൾ ജഗതി ശ്രീകുമാർ അഭിനയിച്ച കഥാപാത്രം ആ നാളികേരം വാങ്ങി പൊട്ടിച്ചു. അത് പൊട്ടിക്കുമ്പോൾ എല്ലാവരുടെയും തല പൊട്ടിത്തെറിക്കുമെന്നാണ് പറഞ്ഞത്. ഇവിടെ ഒരു ടെലിഫോൺ സംഭാഷണത്തിന്റെ ശബ്ദരേഖയുടെ പേരിൽ ഒരു ബോംബ് പൊട്ടാൻ പോകുന്നുവെന്ന് പറഞ്ഞിട്ട് ഒരു പൊട്ടാസുപോലും പൊട്ടിയില്ല. ആർ.എസ്.എസ്.-ഉം കോൺഗ്രസും ഒന്നിച്ചുചേർന്നുകൊണ്ട് ആവർത്തിച്ച് അച്ചുനിരത്തുകയും പഴകി പുളിച്ചുനാറിയ സാധനം വീണ്ടും പൊക്കിപ്പിടിച്ച്

കലാപത്തിനും അട്ടിമറിക്കും കളമൊരുക്കുകയുമാണ് ചെയ്യുന്നത്. ഇവിടെ മാധ്യമ ധർമ്മമെന്ന നിലയിൽ ഇക്കാര്യങ്ങളെല്ലാം ഒരു പ്രത്യേക രീതിയിൽ അവതരിപ്പിക്കുക എന്നതാണ് അവരുടെ പരിപാടി. എന്നുപറഞ്ഞാൽ, പ്രതിപക്ഷത്തിനുവേണ്ടി ക്വലിത്തല്ല് ഏറ്റെടുത്ത് നടത്തുന്ന നിലയിലാണ് ഇന്ന് നമ്മുടെ നാട്ടിൽ ഈ പ്രചരണങ്ങളെല്ലാം നടക്കുന്നത്. തൃക്കാക്കര ഇലക്ഷൻ സമയത്തെ അശ്ലീല വീഡിയോയുമായി ബന്ധപ്പെട്ട് പ്രതിപക്ഷ നേതാവ് പറഞ്ഞത് കയ്യിൽ കിട്ടിയാൽ ആരും അത് കൈമാറുമെന്നാണ്. ഇവരുടേത് ആ ഒരു രീതിയാണ്, അത് കഴിഞ്ഞാൽ പിന്നെ തെറിയാണ്. അപ്പോൾ ബഹുമാനപ്പെട്ട എ. കെ. ആന്റണി ഇടപെടുന്നുണ്ട്, അവർ അവരുടെ ജോലിയല്ലേ ചെയ്യുന്നത്. അതൊരു ശൈലിയാണ്, സതീശന്റെ ശൈലിയല്ലേ. കഴിഞ്ഞ ദിവസം മുഖ്യമന്ത്രി അദ്ദേഹവുമായി ബന്ധപ്പെട്ടുകൊണ്ട്, പത്രക്കാരോട് സംസാരിക്കുമ്പോൾ മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി ആ രംഗത്തുനിന്നും പിൻമാറുന്നത് നമ്മൾ കണ്ടു. അപ്പോൾ ഈ ശൈലി പ്രോത്സാഹിപ്പിക്കപ്പെടുകയാണ്. കോമ്പസ്സുകൊണ്ട് പുറത്ത് കോറുക, വീട് കത്തിക്കുക, എന്നിട്ട് കത്തിച്ചുവെന്ന് നിലവിളിക്കുക, മുടി മുറിക്കുക, മഷിക്കുപ്പിയുമായി സമരത്തിന് പോകുക തുടങ്ങിയവയ്ക്കെല്ലാം അമിത പ്രാധാന്യം നൽകുകയാണ്. ഒരാൾ ഒറ്റയ്ക്കുനിന്ന്

കൊടി വീശിയിട്ട് പറയുകയാണ്, ഇതാ മുഖ്യമന്ത്രിക്കെതിരെ വലിയ പ്രക്ഷോഭം നടക്കുന്നുവെന്ന്. ഒറ്റയ്ക്ക് നിന്ന് കൊടി വീശുന്നതിൽ എന്ത് പ്രക്ഷോഭമാണുള്ളത്? അപഹാസ്യമായ രീതിയിൽ അതിനെ അവതരിപ്പിക്കാനുള്ള പരിശ്രമമാണ് നമ്മുടെ നാട്ടിലെ മാധ്യമങ്ങൾ ഏറ്റെടുത്തിരിക്കുന്നത്. നേരത്തെ ബഹുമാനപ്പെട്ട സി. എച്ച്. കുഞ്ഞമ്പു സംസാരിക്കുമ്പോൾ, ഡോ. മാത്യു കുഴൽനാടൻ എം.എൽ.എ. ഇടപെട്ടുകൊണ്ടുപറഞ്ഞത് 20 കൊല്ലമായി ആ കമ്പനിയെ അറിയാമെന്നാണ്. രണ്ട് കൊല്ലം മുമ്പ് തീവ്ര ഹിന്ദുത്വവാദിയായ സംഘ്പരിവാർ പ്രവർത്തകൻ പ്രതീഷ് വിശ്വനാഥ് ഉന്നയിച്ച് പഴകി ദ്രവിച്ച ഒരാരോപണമാണ് പുതിയ കുപ്പിയിൽ നിങ്ങളിപ്പോൾ ഇറക്കിയിട്ടുള്ളതെന്ന കാര്യം തിരിച്ചറിയണം. നിങ്ങൾക്കറിയാമെന്ന് പറഞ്ഞാൽപ്പോലും ഇത് തെറ്റായ ഒരു പ്രചരണത്തിനുവേണ്ടി വളരെ ബോധപൂർവ്വം ഉപയോഗിക്കുകയാണ്. നമ്മുടെ നാട്ടിലെ മാധ്യമങ്ങൾ ഇതുമായി ബന്ധപ്പെട്ട അന്വേഷണത്തിന് ശ്രമിക്കുന്നില്ല. അന്വേഷണാത്മക പത്രപ്രവർത്തനം നടത്തേണ്ടതല്ലേ; നമ്മുടെ നാട്ടിലെ എല്ലാ ഏജൻസികളും അന്വേഷിച്ചതാണ്. വളരെ കൃത്യമായി പറഞ്ഞാൽ എല്ലാ കാര്യത്തിനും ഈ നിയമസഭയിൽ മറുപടി ഉയർന്നുവന്നിരുന്നു. ആ മറുപടി നിങ്ങൾക്ക്

അംഗീകരിക്കാൻ കഴിയുന്നതല്ല. തിരിച്ച് മുഖ്യമന്ത്രി ചില ചോദ്യങ്ങൾ ചോദിച്ചിരുന്നു. എവിടെയാണ് അറ്റാഷെ; ആർക്കാണ് സ്വർണ്ണം; ആരാണ് കൊണ്ടുവന്നത്; എന്തിനാണ് കൊണ്ടുവന്നത്? ഈ ചോദ്യങ്ങൾക്ക് സി.ബി.ഐ.-യെക്കാൾ വലിയ ഏജൻസികളായ എൻ.ഐ.എ. ഉൾപ്പെടെയുള്ള ഏജൻസികൾ രണ്ടുവട്ടം തിരിഞ്ഞ് അന്വേഷണം നടത്തിയിട്ടും കിട്ടാത്തത് പുതിയ എപ്പിസോഡിൽ കൊണ്ടുവരാനുള്ള ശ്രമം കേരളം അർഹിക്കുന്ന അവജ്ഞയോടെ തള്ളുകതന്നെ ചെയ്യും.

<u>ശ്രീ. ജോബ് മൈക്കിൾ</u>: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. രണ്ടാം പിണറായി സർക്കാർ ഒരു വർഷം പൂർത്തീകരിക്കുമ്പോൾ കേരളത്തിന്റെ വ്യവസായ മേഖല നേടിയ വളർച്ച വളരെ വലുതാണ്. ലോകമാകെ ചർച്ച ചെയ്തിട്ടുള്ള 'കേരള മാതൃക' നേട്ടങ്ങൾ ശക്തിപ്പെടുത്തുന്നതിനും ദൗർബല്യങ്ങൾ പരിഹരിക്കുന്നതിനും ഒന്നാം പിണറായി സർക്കാർ ദിശാബോധത്തോടെ പ്രവർത്തിച്ചു. ഇവിടെ വ്യവസായ പദ്ധതികൾ നടപ്പാക്കിയപ്പോൾ എല്ലാ ജനങ്ങളെയും ഒരുപോലെ കണ്ടുകൊണ്ടാണ് വ്യവസായ വകുപ്പുമന്ത്രിയുടെ ഇടപെടലുണ്ടായത്. കേരളത്തിൽ ഒരു വ്യവസായ അന്തരീക്ഷമുണ്ടാക്കാൻ കഴിഞ്ഞ ഒരു

വർഷംകൊണ്ട് പന്ത്രണ്ട് ജില്ലകളിലും പോയി 'മീറ്റ് ദ മിനിസ്റ്റർ' പരിപാടി നടത്തി പരാതികൾക്ക് പരിഹാരമുണ്ടാക്കുന്നതിനായി ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി നടത്തിയ ശ്രമങ്ങളെ ഞാൻ അഭിനന്ദിക്കുന്നു. ആയിരത്തിലേറെ പരാതികൾ അദ്ദേഹം അവിടെവച്ചുതന്നെ പരിഹരിക്കുകയുണ്ടായി. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ ഇരിപ്പുണ്ട്. ഇവിടത്തെ വ്യവസായവുമായി ബന്ധപ്പെട്ട കാര്യങ്ങളെപ്പറ്റി അദ്ദേഹത്തിന്റെ പ്രസംഗത്തിൽ സൂചിപ്പിച്ചു. അങ്ങയുടെയും എന്റേയും സ്വന്തം ജില്ലയായ കോട്ടയം ജില്ലയിൽ അടഞ്ഞുകിടന്നിരുന്ന ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ഫാക്ടറി തുറന്ന് ഉദ്ഘാടനം നിർവ്വഹിച്ച സന്ദർഭത്തിൽ അദ്ദേഹമുൾപ്പെടെയുള്ളവരുടെ ചിത്രങ്ങൾ പത്രങ്ങളിൽ വന്ന കാര്യം അങ്ങ് മറന്നുപോയോയെന്ന് ഞാൻ ചോദിക്കുകയാണ്. നമുക്കറിയാം, ഇന്ന് കേരളത്തിലെ വ്യവസായ രംഗത്തുണ്ടായ മാറ്റം, നൂറുകണക്കിന് പുതിയ വ്യവസായങ്ങളാണ് നിലവിൽവന്നത്. അമ്പത് കോടി രൂപ വരെയുള്ള നിക്ഷേപങ്ങൾക്ക് കെ-സ്വിഫ്റ്റ് അക്നോളഡ്ജ്മെന്റിലൂടെ, അനുമതിയില്ലാതെ മൂന്നുവർഷംവരെ പ്രവർത്തിക്കാമെന്നുള്ള ഒരു നിയമം ഈ സർക്കാർ നടപ്പാക്കി. അമ്പതുകോടിയിലധികം രൂപ മൂലധന നിക്ഷേപമുള്ള വ്യവസായങ്ങൾക്ക് മതിയായ രേഖകൾ സഹിതം അപേക്ഷിച്ചാൽ ഏഴ്

ദിവസത്തിനുള്ളിൽ ലൈസൻസ് ലഭ്യമാകാനുള്ള നിയമം പാസ്സാക്കി. അഴിമതി ഒഴിവാക്കാൻ അഞ്ച് വകുപ്പുകളെ സംയോജിപ്പിച്ചുകൊണ്ട് ഒരു പരിശോധനാ സംവിധാനം ആവിഷ്കരിച്ചു. ഇങ്ങനെ ഒട്ടനവധി കാര്യങ്ങളിൽ പുതിയ കീഴ്വഴക്കം സൃഷ്ടിച്ചുകൊണ്ട് നമ്മുടെ വ്യവസായ വകുപ്പുമന്ത്രി മുന്നേറുകയാണ്. വ്യവസായവും വൈദ്യുതിയും പരസ്പരം ബന്ധപ്പെട്ടുകിടക്കുന്ന രണ്ട് വകുപ്പുകളാണ്. വൈദ്യുതി വകുപ്പും കേരളത്തിലെ ജനങ്ങൾക്കുവേണ്ടി വളരെയേറെ നല്ല കാര്യങ്ങൾ ചെയ്തു. എല്ലാ നിയോജകമണ്ഡലങ്ങളിലും വൈദ്യുതി ചാർജിംഗ് സ്റ്റേഷനുകൾ ആരംഭിച്ചുകൊണ്ട് ജനങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്ന ഒരു വകുപ്പായി വൈദ്യുതി ബോർഡ് മാറി. എന്റേയും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെയും അയൽപക്കത്തുള്ള ഇലക്ട്രോകെമിക്കൽസിന്റെ സർക്കാർ വക സ്ഥലത്ത് 110 കെ. വി. സബ്സ്റ്റേഷൻ സ്ഥാപിച്ചുകൊണ്ട് ചങ്ങനാശ്ശേരിയിലെയും കോട്ടയത്തെയും ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം. കഴിഞ്ഞ രണ്ടുദിവസമായി ചർച്ച ചെയ്ത ഒരു കാര്യമുണ്ട്, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ ഇരിപ്പുണ്ട്. അദ്ദേഹം രാവിലെ സെക്രട്ടേറിയറ്റിന്റെ മുമ്പിൽ ചെല്ലുമ്പോൾ ബി.ജെ.പി. നേതാവ് ശ്രീ. കെ. സുരേന്ദ്രനെക്കൂടി കൂട്ടുപിടിച്ചുകൊണ്ട് 'ഗുഡ് ഇ. ഡി., ഗുഡ് ഇ.ഡി.'

എന്ന് വിളിച്ചുപറയും. ഉച്ചയ്ക്ക് രാജ്ഭവന് മുമ്പിൽ ചെല്ലുമ്പോൾ അദ്ദേഹത്തിന്റെ സ്വരത്തിൽ മാറ്റംവരും. അവിടെ നടക്കുന്നത് ശ്രീ. രാഹുൽഗാന്ധിക്കുവേണ്ടിയുള്ള സമരമാണ്. ആ സമര വേദിയിൽ ചെല്ലുമ്പോൾ അദ്ദേഹം പറയുന്നത് 'ബാഡ് ഇ.ഡി., ബാഡ് ഇ.ഡി.' എന്നാണ്. ഡൽഹിയിൽ ചെല്ലുമ്പോൾ അദ്ദേഹം പറയുന്നത് ബാഡ് ഇ.ഡി. എന്നാണ്. ഇവിടത്തെ എം.എൽ.എ.-മാരെല്ലാംകൂടി വിമാനത്തിൽ ഡൽഹിയിൽ പോയത് എന്തിനാണ്? ശ്രീ. രാഹുൽഗാന്ധിയെ ഇ.ഡി.യുടെ കയ്യിൽനിന്നും സംരക്ഷിക്കുന്നതിന് വേണ്ടിയായിരുന്നു. അൻപത് മണിക്കൂർ ചോദ്യം ചെയ്യപ്പെട്ട ശ്രീ. രാഹുൽ ഗാന്ധിയെ സംരക്ഷിക്കുന്നതിനായി നിങ്ങൾ ഡൽഹിയിൽ പോയി വിളിച്ച മുദ്രാവാക്യം ബാഡ് ഇ.ഡി., ബാഡ് ഇ.ഡി. എന്നായിരുന്നു. ശ്രീമതി സോണിയാ ഗാന്ധിയെ സംരക്ഷിക്കുന്നതിനായും നിങ്ങൾ വിളിച്ച മുദ്രാവാക്യം ബാഡ് ഇ.ഡി. എന്നായിരുന്നു. അതുകൊണ്ട് ഞാൻ കൂടുതലായൊന്നും സംസാരിക്കുന്നില്ല.

ഇന്ന് രാവിലെ ഇവിടെ ബഫർ സോണിനെപ്പറ്റി സംസാരിച്ചു. 2020-ൽ ജനവാസ കേന്ദ്രങ്ങളെയും കൃഷിയിടങ്ങളെയും പൂർണ്ണമായും ഒഴിവാക്കി, ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ പുതിയ രേഖ സമർപ്പിച്ചിട്ട് അത് മറച്ചുവച്ചുകൊണ്ട്, 2019-ലെ ഉത്തരവിനെപ്പറ്റി പറഞ്ഞു. 2013-ലെ

ഉത്തരവിനെപ്പറ്റി നിങ്ങൾ സംസാരിക്കേണ്ടതല്ലേ, നിങ്ങൾ അതിനെപ്പറ്റി സംസാരിക്കാൻ തയ്യാറാകുന്നില്ല. 2013-ലെ ഉത്തരവ് മറച്ചുവച്ചുകൊണ്ട് ബഫർ സോൺ പ്രശ്നം ഈ ഗവൺമെന്റിന്റെ സൃഷ്ടിയാണെന്ന് പറയാൻ ശ്രമിക്കുമ്പോൾ മുൻ കേന്ദ്രപരിസ്ഥിതി വകുപ്പുമന്ത്രിയായിരുന്ന നിങ്ങളുടെ പ്രിയപ്പെട്ട ശ്രീ. ജയറാം രമേശിനെ ഓർക്കണം. അദ്ദേഹമാണ് ഈ നിയമം ആദ്യം കൊണ്ടുവന്നത്. തീർച്ചയായും കേരളത്തിലെ ജനങ്ങൾക്ക് ഇതെല്ലാം മനസ്സിലാക്കാനുള്ള ത്രാണിയുണ്ട്. പ്രതിപക്ഷം എത്രമാത്രം കഷ്ടപ്പെട്ട് ഈ ഗവൺമെന്റിനെ മോശമാക്കി ചിത്രീകരിക്കാൻ ശ്രമിച്ചാലും കേരളത്തിലെ ജനങ്ങൾ അതിനുവേണ്ടി നിന്നുതരികയോ നിങ്ങൾ പറയുന്ന കള്ളത്തരങ്ങൾ വിശ്വസിക്കുകയോ ചെയ്യില്ല. ഒരിക്കൽക്കൂടി ഈ ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. സംസ്ഥാനത്തെ നിക്ഷേപ സൗഹൃദമാക്കി മാറ്റാൻ നിങ്ങൾ പദ്ധതികൾ ആവിഷ്കരിക്കുന്നുവെങ്കിലും അത് ഫലപ്രദമാകുന്നില്ലന്ന് ചൂണ്ടിക്കാട്ടാനാണ് ഞാൻ ആഗ്രഹിക്കുന്നത്. മൂലധന നിക്ഷേപം വരുന്ന കാര്യത്തിൽ ദക്ഷിണേന്ത്യയിൽ കേരളത്തിന്റെ സ്ഥാനം ഏറ്റവും പിന്നിലായി തുടരുകയാണ്. കഴിഞ്ഞദിവസം ഒരു വാർത്ത വന്നത് സ്വിറ്റ്സർലന്റിലെ

ദാവോസിൽ നടന്ന ലോക സാമ്പത്തിക ഫോറത്തിൽ കേരളത്തിൽ നിന്നാരും പങ്കെടുത്തില്ലെന്നാണ്. കേരളത്തിന് ക്ഷണം ലഭിക്കാത്തതാണോ, അതോ പങ്കെടുക്കാതിരുന്നതാണോ? കർണ്ണാടക, തെലങ്കാന, മഹാരാഷ്ട്ര അടക്കമുള്ള സംസ്ഥാനങ്ങൾക്ക് കോടിക്കണക്കിന് രൂപയുടെ നിക്ഷേപ വാഗ്ദാനം ലഭിക്കുമ്പോൾ കേരളത്തിന് മാത്രം ഒന്നുമില്ലെന്നുള്ളതായാണ് അറിയാൻ സാധിച്ചത്. സ്മാർട്ട് സിറ്റി പദ്ധതി പത്തുകൊല്ലം പിന്നിട്ടു. ഇതിൽ എത്ര സംരംഭങ്ങൾ വന്നു; എത്ര തൊഴിലവസരങ്ങൾ അതിലൂടെ ലഭ്യമായിട്ടുണ്ടെന്നതു സംബന്ധിച്ച് സർക്കാർ പരിശോധിക്കേണ്ടതാണ്. കണ്ണൂരും കൊല്ലത്തും പുതിയ ഐ.ടി. പാർക്കുകൾ സ്ഥാപിക്കുമെന്നും നാല് ഐ.ടി. ഇടനാഴികൾ വികസിപ്പിക്കുമെന്നുമുള്ള ഈ വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനം നടപ്പാക്കാൻതന്നെ വൻതോതിലുള്ള നിക്ഷേപങ്ങൾ ആവശ്യമാണ്. ഇതിനായുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്നില്ലെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഗവൺമെന്റിന്റെ പ്രഖ്യാപനങ്ങളുടെ ഭാഗമായിവരുന്ന നിക്ഷേപ സംഗമങ്ങൾക്ക് നിങ്ങൾ വലിയ പരസ്യങ്ങളും പ്രചാരണങ്ങളും നൽകാറുണ്ട്. Ascend Kerala-യിൽ പ്രധാന സംരംഭമായി അവതരിപ്പിച്ച അബുദാബി ഇൻവെസ്റ്റ്മെന്റ് അതോറിറ്റിയുടെ ഇപ്പോഴത്തെ സ്റ്റാറ്റസ് എന്താണെന്ന്

പരിശോധിക്കണം. Ascend Kerala-യ്ക്കുശേഷം കേരളത്തിന് എന്തുനേട്ടമുണ്ടായി? പ്രഖ്യാപനങ്ങൾമാത്രം ധാരാളം കടന്നുവരുന്നുവെന്ന് സൂചിപ്പിക്കാനാണ് ഞാൻ ആഗ്രഹിക്കുന്നത്. തെലങ്കാനയിൽ ഇൻവെസ്റ്റ്മെന്റ് റോഡ് ഷോ നടത്തപ്പെട്ടുവെങ്കിലും ഇതിന്റെ ഭാഗമായി നിക്ഷേപകരെ സംസ്ഥാനത്തെത്തിക്കാൻ ഇതുവരെ സാധിച്ചിട്ടില്ല. മുഖ്യമന്ത്രിയുടെ നേതൃത്വത്തിലാണ് ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ നീങ്ങിയത്. നമ്മുടെ വ്യവസായ പാർക്കുകളുടെ കാര്യത്തിൽ വലിയ അനാസ്ഥയുണ്ടാകുന്നുണ്ട്. കുറഞ്ഞ സ്ഥലത്ത് കൂടുതൽ യൂണിറ്റുകൾ സ്ഥാപിക്കാൻ വ്യവസായ വകുപ്പ് നടപ്പാക്കിയ ബഹുനില വ്യവസായ എസ്റ്റേറ്റ് ഉദ്ദേശ്യലക്ഷ്യത്തിലേയ്ക്ക് എത്തിച്ചേരുന്നില്ല. എറണാകുളം, ആലപ്പുഴ, തൃശ്ശൂർ എന്നീ ജില്ലകളിലായി നാല് പദ്ധതികളാണ് ആവിഷ്കരിച്ചത്. അതിൽ മൂന്ന് ലക്ഷം ചതുരശ്ര അടിയിൽ നിർമ്മിച്ച 4 സമുച്ചയങ്ങളിൽ ഇതുവരെ വിതരണം ചെയ്തത് ഇരുപതിനായിരത്തിൽ താഴെ ചതുരശ്രയടി സ്ഥലമാണ്. പുന്നപ്രയിൽ നിർമ്മാണമാരംഭിച്ച പദ്ധതി ഇതുവരെ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. ഇവിടെ ഇൻവെസ്റ്റ്മെന്റ്സ് കൂടുതൽ കൊണ്ടുവരാനുള്ള സാഹചര്യമൊരുക്കണം. അതിനുള്ള സാമൂഹ്യവും രാഷ്ട്രീയവുമായ അന്തരീക്ഷമുണ്ടാക്കുകയെന്നുള്ളത് പ്രധാനപ്പെട്ട വിഷയമാണ്. അതിൽ

കേരളം ഇപ്പോഴും മുന്നോട്ട് വരുന്നില്ലെന്നത് പരമമായ യാഥാർത്ഥ്യമാണ്. മറ്റൊരു വിഷയം ശ്രദ്ധയിൽ കൊണ്ടുവരാനുള്ളത്, കേരളത്തിന് എയിംസ് ലഭ്യമാക്കാനുള്ള സാഹചര്യങ്ങൾ വരുന്നുവെന്നതാണ്. ഇതുമായി ബന്ധപ്പെട്ട് മധ്യകേരളത്തിൽ തന്നെ പല സ്ഥലങ്ങളും ചൂണ്ടിക്കാട്ടിയിട്ടുണ്ട്. വെള്ളൂർ ന്യൂസ് പ്രിന്റ് നഗർ, എഫ്.എ.സി.ടി. (ഫെർട്ടിലൈസേഴ്സ് & കെമിക്കൽസ് ട്രാവൻകൂർ ലിമിറ്റഡ്)-യുടെ സ്ഥലം എന്നിങ്ങനെ വിവിധ സ്ഥലങ്ങൾ എറണാകുളം, കോട്ടയം ജില്ലകളിലായി ചൂണ്ടിക്കാട്ടിയിട്ടുണ്ട്. എയിംസിനായി കിനാലൂരിലെ സ്ഥലം നിങ്ങൾ മുന്നോട്ട് വയ്ക്കുമ്പോൾ അവിടെ 40 ഏക്കർ സ്ഥലം ഏറ്റെടുക്കണമെന്നാണ് വ്യവസായ വകുപ്പ് നൽകിയ മറുപടിയിലുള്ളത്. എച്ച്.എൻ.എൽ. (ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡ്)-ൽ തന്നെ ആവശ്യമുള്ള സ്ഥലം ലഭ്യമാക്കിയിരിക്കുന്നതുകൊണ്ട് അവിടെ എയിംസ് കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അങ്ങയോട് സൂചിപ്പിക്കാനുള്ളത്. ഇലക്ട്രോണിക്സ് പാർക്കിന്റെ കാര്യത്തിൽ ഗവൺമെന്റിന്റെ സമീപനമെന്താണ്? ഇതിനായി കെ.എസ്.ഐ.ഡി.സി. ഏറ്റെടുത്ത 15 ഏക്കർ സ്ഥലം വെറുതെ കിടക്കുകയാണ്. സ്ഥലമേറ്റെടുത്തതിനുശേഷമാണ് അവിടെ പാർക്ക് കൊണ്ടുവരാൻ കഴിയില്ലെന്ന് കെ.എസ്.ഐ.ഡി.സി.ക്ക്

ബോധോദയമുണ്ടായത്. എന്തടിസ്ഥാനത്തിലാണ് അവർ 15 ഏക്കർ ഏറ്റെടുത്തത്? അവിടെ ചതുപ്പുനിലമല്ലാത്ത സ്ഥലങ്ങൾ ലഭ്യമാണ്, ഞാൻ ഇത് അങ്ങയോട് നേരിട്ട് പറഞ്ഞ വിഷയമാണ്. ഏറ്റെടുത്ത സ്ഥലത്ത് എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്? ബാക്കി 100 ഏക്കർ കൂടി ഏറ്റെടുക്കാനുള്ള നടപടിയുണ്ടാകണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, ഇവിടെ അവതരിപ്പിച്ച വ്യവസായങ്ങൾ, വൈദ്യുത പദ്ധതികൾ എന്നീ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. ബഹുമാനപ്പെട്ട അംഗം ശ്രീ. നജീബ് കാന്തപുരം ഇവിടെ പ്രസംഗിച്ചപ്പോൾ ചില കാര്യങ്ങൾ പരാമർശിക്കുകയുണ്ടായി. അതിന് മറുപടി കൊടുക്കണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. അദ്ദേഹം തൃക്കാക്കര തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഒന്നുരണ്ട് കാര്യങ്ങൾ പറഞ്ഞു: സഭയിൽ അദ്ദേഹത്തെപ്പോലെ തന്നെ ഞാനും പുതിയ അംഗമാണ്. വളരെ പ്രതീക്ഷയോടുകൂടിയാണ് ഈ സഭയിൽ വന്നത്. ഈ സഭ തുടങ്ങുന്ന ആദ്യദിവസം, ശ്രീ. നജീബ് കാന്തപുരമടക്കം എല്ലാവർക്കുമറിയാം ലോട്ടിലൂടെയാണ് ഞങ്ങൾക്ക് ചോദ്യങ്ങൾ ചോദിക്കാനുള്ള അവസരം ലഭിക്കുന്നതെന്നത്. ആ ചോദ്യോത്തരവേളപോലും തടസ്സപ്പെടുത്തിയ

പ്രതിപക്ഷ നിലപാട് ശ്രീ. നജീബ് കാന്തപുരം അംഗീകരിക്കുന്നുണ്ടോ എന്നുകൂടി ഈ അവസരത്തിൽ ഓർക്കുന്നത് നല്ലതായിരിക്കും. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ശ്രീ. വി. ഡി. സതീശൻ പ്രതിപക്ഷ നേതാവായി വന്ന സമയത്ത്, അദ്ദേഹത്തിന്റെ ഒരു പ്രസ്താവന ഞാൻ ഓർക്കുകയാണ്. വളരെ നല്ലരീതിയിൽ ഈ ഗവൺമെന്റിനെ സപ്പോർട്ട് ചെയ്തുകൊണ്ടുള്ള രീതിയായിരിക്കും തുടരുന്നതെന്നാണ് അദ്ദേഹം പറഞ്ഞത്. സ്വാഗതാർഹമായിട്ടുള്ളൊരു പ്രസ്താവനയായിരുന്നു അത്. പക്ഷെ പാർട്ടിയിൽനിന്നും, മുന്നണിയിൽ നിന്നുതന്നെ അദ്ദേഹത്തിന് വളരെ പ്രഷർ ഉണ്ടായിക്കാണുമെന്നാണ് എനിക്ക് തോന്നുന്നത്. അതിനുശേഷം ഒരു ദിവസംപോലും സഭ ശരിയായി നടക്കുന്ന രീതിയിലേയ്ക്കല്ല കാര്യങ്ങൾ പോകുന്നത്. തൃക്കാക്കര തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സംസാരിക്കുമ്പോൾ ബഹുമാനപ്പെട്ട ഉമ തോമസിന് അഭിനന്ദനങ്ങൾ. എനിക്ക് ഏറ്റവും സ്നേഹം നിറഞ്ഞ പി. ടി. തോമസ് വളരെ നിലപാടുകളുള്ള ഒരു നേതാവ് തന്നെയായിരുന്നു, അതിലൊരു സംശയവുമില്ല. പക്ഷെ തൃക്കാക്കര തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് യു.ഡി.എഫ്-ഉം കോൺഗ്രസ്സും അദ്ദേഹത്തെ മറന്നുകൊണ്ട്, കിഴക്കമ്പലത്തെ മുതലാളിയുടെ അടുത്തുവരെ ശ്രീമതി ഉമ തോമസിനെ പറഞ്ഞുവിടുമോ എന്നൊരു ആശങ്കയുണ്ടായിരുന്നു, ഭാഗ്യത്തിന്

അത് നടന്നില്ല. അന്ന് പ്രതിപക്ഷനേതാവ് പറഞ്ഞ ഒരു വാക്കുണ്ട്, അതായത് കിറ്റക്സിനോടും ട്വന്റി-ട്വന്റിയോടും ഞങ്ങൾക്ക് യാതൊരു ബുദ്ധിമുട്ടുകളുമില്ല. പക്ഷെ പി. ടി. തോമസിന്റെ നിലപാടുകൾ അതായിരുന്നോയെന്ന് പ്രിയപ്പെട്ട ഉമചേച്ചി നിങ്ങൾ ആലോചിക്കുക. രണ്ടാമത്, മുസ്ലീം ലീഗിന്റെ കാര്യം പറഞ്ഞപ്പോൾ, കേരളത്തിലെ കമ്യൂണിസ്റ്റുകാരെ കുറ്റപ്പെടുത്തിക്കൊണ്ട് ശ്രീ. നജീബ് കാന്തപുരം പറഞ്ഞത് മതേതരത്വമില്ലാത്ത ആളുകളാണെന്നാണ്. മുസ്ലീം ലീഗിൽ എങ്ങനെയാണ് മതേതരത്വമുള്ളതെന്ന് ശ്രീ. നജീബ് തന്നെ ഒന്ന് ആലോചിക്കുക. എത്ര നോൺ മുസ്ലീം അംഗങ്ങൾ നിങ്ങളുടെ എം.എൽ.എ. മാരായി ഈ സഭയിലുണ്ടെന്ന് നിങ്ങൾ തന്നെ ഒന്നാലോചിക്കുക. ഇപ്പോൾ എത്രയോ വിവാദ വ്യവസായങ്ങളെക്കുറിച്ച് ശ്രീ. നജീബ് കാന്തപുരം പറയുകയുണ്ടായി. സത്യത്തിൽ വിവാദങ്ങൾ ഉണ്ടാക്കുന്നത് ആരാണ്? ഈ സഭ തുടങ്ങിയപ്പോൾ തന്നെ വിവാദങ്ങളുമായി വന്ന് തടസ്സപ്പെടുത്തി. അടുത്ത ടേമിൽ പ്രതിപക്ഷനേതാവ് ആരായിരിക്കണമെന്ന വിഷയത്തിൽ ഇവർ തമ്മിൽ തർക്കമാണെന്നാണ് എനിക്ക് തോന്നുന്നത്. കഴിഞ്ഞ തൃക്കാക്കര തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ശ്രീ. കെ. വി. തോമസ് നിലപാട് വ്യക്തമാക്കിയപ്പോൾ കോൺഗ്രസ്സിൽനിന്നും വ്യത്യസ്തമായ നിലപാടെടുത്ത

ഒരു നേതാവാണ് ഇപ്പോൾ ചെയറിലിരിക്കുന്നത്. അതിന് ഞാൻ അദ്ദേഹത്തെ പ്രത്യേകം അഭിനന്ദിക്കുകയാണ്. അദ്ദേഹത്തിനെതിരെ നടപടിയുണ്ടാകുമെന്നാണ് ഞങ്ങൾ വിചാരിച്ചത്, പക്ഷെ ഭാഗ്യത്തിനുണ്ടായില്ല. ചെയറിനെ ഈ അവസരത്തിൽ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. ഇനിയും ചെയറിന്റെ നിലപാടുകൾ ഞങ്ങളോടൊപ്പം ചേർന്ന് നിൽക്കട്ടെയെന്നുമാത്രം ആഗ്രഹിക്കുകയാണ്. എനിക്ക് ചെറിയൊരു കഥ ഓർമ്മ വരികയാണ്; ഒരു ദിവസം ശിവനും പാർവ്വതിക്കും ഒരു മാമ്പഴം ലഭിച്ചു. അതിനുവേണ്ടി സുബ്രഹ്മണ്യനും ഗണപതിയും തമ്മിൽ വലിയ തർക്കമായപ്പോൾ ആദ്യം ഈ ലോകം മൂന്ന് പ്രാവശ്യം ചുറ്റിവരുന്ന ആൾക്ക് കൊടുക്കാമെന്ന് ശിവനും പാർവ്വതിയും സമ്മതിച്ചു. ഇത് കേട്ടപാടെ സുബ്രഹ്മണ്യൻ അദ്ദേഹത്തിന്റെ വാഹനമായ മയിലിന്റെ പുറത്തുകയറി യാത്ര തിരിച്ചു. ലോകം രണ്ടുവട്ടം ചുറ്റി വന്നപ്പോഴും ഗണപതി അവിടെത്തന്നെ ഇരിക്കുകയാണ്. നിങ്ങൾക്കറിയാം, ഗണപതിയുടെ വാഹനം എലിയാണെന്ന്. മൂന്നാമത് ചുറ്റുന്നതിനായി സുബ്രഹ്മണ്യൻ പോയപ്പോൾ ഗണപതി വേഗംതന്നെ തന്റെ അച്ഛന്റെയും അമ്മയുടെയും ചുറ്റും മൂന്ന് പ്രാവശ്യം വലംവച്ചു. എന്താണ് നീ ചെയ്തതെന്ന് ചോദിച്ചപ്പോൾ, നിങ്ങളാണ് എന്റെ ലോകമെന്ന് അദ്ദേഹം പറയുകയുണ്ടായി. അതുപോലെ കഴിഞ്ഞ

തവണ മുഴുവൻ പ്രശ്നങ്ങളിലും, ആവശ്യമുള്ളതിനും ഇല്ലാത്തതിനുമൊക്കെ ഇടപെട്ട നമ്മുടെ പാവം സുബ്രഹ്മണ്യൻ ശ്രീ. രമേശ് ചെന്നിത്തല ഇന്ന് അമേരിക്കയിലാണ്,. ഇന്നത്തെ പ്രതിപക്ഷ നേതാവ് ശ്രീ. വി. ഡി. സതീശൻ കഴിഞ്ഞ സഭയിൽ 5 വർഷവും ഒരു വിഷയത്തിലും പ്രതികരിക്കാത്ത ആളായിരുന്നു. പക്ഷെ ഇപ്പോൾ അദ്ദേഹം പ്രതിപക്ഷ നേതാവായി ഇവിടെ ഇരിക്കുകയാണ്, അദ്ദേഹത്തെ അഭിനന്ദിക്കുകയാണ്. ഇനിയും അടുത്ത വർഷത്തേയ്ക്ക് പ്രതിപക്ഷ നേതാവായിരിക്കാൻ ആഗ്രഹിക്കുന്ന ആളുകൾ ഈ ഒരു പാത പിൻതുടരുന്നത് നല്ലതായിരിക്കുമെന്ന് മാത്രം ഈ അവസരത്തിൽ ഞാൻ ഓർമ്മിപ്പിക്കുകയാണ്. രണ്ടാം പിണറായി സർക്കാർ ഒരു വർഷം പിന്നിടുമ്പോൾ, കേരളത്തിന്റെ വ്യവസായ മേഖലയിൽ നേടിയ വളർച്ച വളരെ വലുതാണ്. ഏകദേശം 50 കോടി രൂപയുള്ള നിക്ഷേപങ്ങൾക്ക് കെ-സിഫ്റ്റ് അക്നോളഡ്ജ്മെന്റിലൂടെ, അനുമതിയില്ലാതെ മൂന്ന് വർഷം വരെ പ്രവർത്തന സാധ്യമാക്കാൻ ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. 50 കോടി രൂപയിലധികം മൂലധന നിക്ഷേപമുള്ള വ്യവസായങ്ങൾക്ക് മതിയായ രേഖകൾ സഹിതം അപേക്ഷിച്ചാൽ 7 ദിവസത്തിനുള്ളിൽ കോമ്പോസിറ്റ് ലൈസൻസ് നൽകാനുള്ള നിയമവും നമ്മൾ പാസ്സാക്കിയിട്ടുണ്ട്. അനാവശ്യ

നടപടികൾ ഒഴിവാക്കാനും അഴിമതി തടയുന്നതിനും 5 വകുപ്പുകൾ സംയോജിപ്പിച്ച് കെ-സിഫ്റ്റ് പോർട്ടലിലൂടെ ഏകീകൃത പരിശോധനാ സംവിധാനം നടപ്പാക്കിയതിൽ മികച്ച പ്രതികരണമാണ് നിക്ഷേപകരുടെ ഭാഗത്തുനിന്നും ലഭിച്ചുകൊണ്ടിരിക്കുന്നത്. ഇതിനോടകം ഏകദേശം 5 ലക്ഷത്തിലധികം സ്ഥാപനങ്ങളാണ് ഈ സംവിധാനത്തിന് കീഴിൽ രജിസ്റ്റർ ചെയ്തിരിക്കുന്നത്. 2022-23 സംരംഭക വർഷമായി ആചരിക്കുന്നതിലൂടെ ഈ വർഷം ഒരു ലക്ഷത്തോളം സംരംഭങ്ങൾ ആരംഭിക്കാനും 4 ലക്ഷത്തോളം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുമാണ് സർക്കാർ ലക്ഷ്യമിടുന്നത്. കേരളത്തിന്റെ വ്യാവസായിക വളർച്ച ലക്ഷ്യമിട്ടുകൊണ്ട് നടപ്പാക്കിയ 'മീറ്റ് ദ ഇൻവെസ്റ്റർ' പരിപാടിയിലൂടെ ഒരു വർഷം ഏകദേശം 7000 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനം ലഭിച്ചുവെന്നുള്ളത് ഈ സർക്കാരിന്റെ മികവാർന്ന നേട്ടംതന്നെയാണ്. കഴക്കൂട്ടത്തെ കിൻഫ്ര പാർക്കിൽ 75 കോടി രൂപയുടെ നിക്ഷേപ പദ്ധതിക്ക് ഡിസൈൻ ടെക്നോളജി രംഗത്തെ ലോകോത്തര സ്ഥാപനങ്ങളിലൊന്നായ ടാറ്റ എലക്സിയുമായി കരാർ ഒപ്പുവച്ച് പത്ത് മാസംകൊണ്ട് അവർക്ക് ആധുനിക മാതൃകയിലുള്ള കെട്ടിടം കൈമാറാൻ നമുക്ക് സാധിച്ചിട്ടുണ്ട്.

കഴക്കൂട്ടത്തെ കിൻഫ്ര പാർക്കിൽ 75 കോടി രൂപയുടെ നിക്ഷേപ

പദ്ധതിക്ക് ഡിസൈൻ ടെക്നോളജി രംഗത്തെ ലോകോത്തര സ്ഥാപനങ്ങളിലൊന്നായ ടാറ്റാ എലക്സിയുമായി (Tata Elxsi) കരാർ ഒപ്പുവയ്ക്കുന്നതിനും പത്ത് മാസംകൊണ്ട് അവർക്ക് ആധുനിക മാതൃകയിലുള്ള കെട്ടിടം കൈമാറാനും നമുക്ക് സാധിച്ചു. അഞ്ച് വർഷംകൊണ്ട് പ്രസ്തുത പദ്ധതിയിലൂടെ മാത്രം ഏകദേശം ആറായിരം തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിയും. കാക്കനാട് കിൻഫ്ര പാർക്കിലെ ഇലക്ട്രോണിക്സ് ആൻഡ് മാനുഫാക്ചറിംഗ് ക്ലസ്റ്ററിൽ 1200 കോടി രൂപ ചെലവിൽ IT (Information Technology), ITES (Information Technology Enabled Services), Data processing Campus തുടങ്ങിയവ ആരംഭിക്കുന്നതിനായി TCS (Tata Consultancy Services)-ഉംആയി ധാരണാപത്രത്തിൽ ഒപ്പിടാൻ കഴിഞ്ഞത് വ്യവസായ വകുപ്പിന്റെ മറ്റൊരു നേട്ടമാണ്. ഏകദേശം ഇരുപതിനായിരം പേർക്ക് ഇതിലൂടെ തൊഴിൽ നൽകാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. പത്ത് ഏക്കറിലധികം ഭൂമിയുള്ള സ്വകാര്യ വ്യക്തികൾക്ക് വ്യവസായ പാർക്കിനായി 3 കോടി രൂപവരെ സംസ്ഥാന സർക്കാർ ധനസഹായം നൽകുന്നുണ്ട്. കേരളത്തിൽ ഫുഡ് പ്രോസസിംഗ് പാർക്ക് ആരംഭിക്കാൻ യു.എ.ഇ. സർക്കാർ സന്നദ്ധത പ്രകടിപ്പിച്ചിരിക്കുന്നുവെന്നത് വ്യവസായരംഗത്ത് നാം എത്രത്തോളം

മുന്നോട്ടുപോയി എന്നതിന് തെളിവാണ്. ഉത്തരവാദിത്വ നിക്ഷേപം, ഉത്തരവാദിത്വ വ്യവസായം എന്ന നയം രാജ്യത്ത് ആദ്യമായി സ്വീകരിച്ച സംസ്ഥാനം കേരളമാണ്. താരതമ്യേന മലിനീകരണം കുറഞ്ഞ വ്യവസായങ്ങളുടെ ഒരു കേന്ദ്രമാക്കി കേരളത്തെ മാറ്റാൻ ഈ നയംകൊണ്ട് സാധിക്കും. മികച്ച ഉത്പന്നങ്ങൾക്ക് ബ്രാൻഡിംഗ് നൽകാൻ സർക്കാർ നടപടി സ്വീകരിക്കുന്നുവെന്നതിന് ഒരു മികച്ച ഉദാഹരണമാണ് നമ്മുടെ കൈത്തറി. സ്വകാര്യ മേഖലയിലെ നിക്ഷേപങ്ങൾക്കൊപ്പം പൊതുമേഖലയെ ആധുനികവത്കരിച്ചും വൈവിധ്യവത്കരിച്ചും ലാഭകരമാക്കുവാൻ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഏകദേശം നാൽപ്പത്തിയൊന്ന് പൊതുമേഖലാ സ്ഥാപനങ്ങളെ ഏഴ് വിഭാഗങ്ങളായി തിരിച്ച് 2030-ഓടുകൂടി ലാഭകരമാക്കാനുള്ള പദ്ധതി തയ്യാറാക്കിവരികയാണ്. ഇതുവഴി ഏകദേശം 9467 കോടി രൂപയുടെ അധിക നിക്ഷേപമാണ് ലക്ഷ്യമിടുന്നത്. എന്റെ മണ്ഡലത്തിലെ അമ്പലമുകളിൽ 10,000 കോടി രൂപയുടെ നിക്ഷേപം പ്രതീക്ഷിക്കുന്ന പെട്രോകെമിക്കൽ പാർക്കിന്റെ നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞുവെന്നത് സർക്കാരിന് അഭിമാനിക്കാൻ കഴിയുന്ന മറ്റൊരു നേട്ടമാണ്. ഇതുവഴി ഏകദേശം 15000 മുതൽ 18000 വരെ തൊഴിലവസരങ്ങളാണ് ലക്ഷ്യമിടുന്നത്. നമ്മുടെ പ്രിയപ്പെട്ട വൈക്കം

എം.എൽ.എ. ശ്രീമതി സി. കെ. ആശയുടെ ശ്രമഫലമായി ആ മണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡ് കേന്ദ്രസർക്കാരിൽനിന്നും ഏറ്റെടുത്ത് അതിന്റെ കുടിശ്ശിക തീർത്ത് നവീകരിച്ച് കെ.പി.പി.എൽ. (Kerala Paper Product Ltd.) ആക്കിമാറ്റി പേപ്പർ നിർമ്മാണം പുനരാരംഭിക്കാൻ കഴിഞ്ഞത് മറ്റൊരു അഭിമാനകരമായ നേട്ടമാണെന്ന് പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. പി. മമ്മിക്കുട്ടി: സർ, ബഹുമാനപ്പെട്ട വകുപ്പുമന്ത്രിമാർ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്. സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള രണ്ടാം എൽ.ഡി.എഫ്. ഗവൺമെന്റ് കേരളത്തെ ഒരു മധ്യവരുമാന വികസിത രാജ്യത്തോടൊപ്പം എത്തിക്കാനാവശ്യമായ ബൃഹത്തായ പദ്ധതികൾ വിഭാവന ചെയ്തിരിക്കുകയാണ്. പ്രസ്തുത പദ്ധതികളിലെ രണ്ട് പ്രധാന വകുപ്പുകളായ വൈദ്യുതിയും വ്യവസായവും പരസ്പരപൂരകവും പരസ്പരബന്ധിതവുമാണ്. നാടിന്റെ വികസന പ്രക്രിയയിൽ ഈ വകുപ്പുകളെ ലോകോത്തര നിലവാരത്തിലേയ്ക്ക് എത്തിക്കുന്നതിനാവശ്യമായ ഇടപെടലുകളാണ് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിമാർ നടത്തിക്കൊണ്ടിരിക്കുന്നത്. ആഗോളവത്കരണ കാലഘട്ടത്തിൽ അതല്ലാതെ ഗത്യന്തരമില്ലെന്നും

അതിനോട് താദാത്മ്യം പ്രാപിക്കുക മാത്രമാണ് രക്ഷയെന്നുമുള്ള നിലപാട് സ്വീകരിക്കുന്ന വലതുപക്ഷ രാഷ്ട്രീയ പിന്തിരിപ്പൻ ശക്തികളുടെ മുന്നിൽ ഒരു ബദൽ നയം ഉയർത്തിപ്പിടിച്ച്, സമസ്ത മേഖലകളിലും പരിസ്ഥിതി സംരക്ഷണവും സുസ്ഥിരവികസനവും സാമൂഹ്യനീതിയും ഉറപ്പുവരുത്തിക്കൊണ്ട് ഒരു നവകേരളം സൃഷ്ടിക്കാനാണ് സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള രണ്ടാം ഗവൺമെന്റ് പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഇതുസംബന്ധിച്ച സ്ഥിതിവിവര കണക്കുകളൊന്നും ഞാനിവിടെ പറയുന്നില്ല; അതെല്ലാം ബന്ധപ്പെട്ട രേഖകളിൽത്തന്നെ പറയുന്നുണ്ട്. വ്യവസായവുമായി ബന്ധപ്പെട്ടുണ്ടായ മുന്നേറ്റങ്ങൾ, കഴിഞ്ഞകാലത്തുണ്ടായ പരിമിതികൾ മുറിച്ചുകടക്കാനാവശ്യമായ നിയമഭേദഗതികൾ തുടങ്ങിയവയുടെ ഒരു വ്യക്തമായ ചിത്രം പ്രസ്തുതരേഖയിൽത്തന്നെ വരച്ചുകാട്ടിയിട്ടുണ്ട്. വ്യവസായം തുടങ്ങുന്നതിനായി ഒരു വ്യവസായ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് സർക്കാർ ധീരമായ നിലപാട് സ്വീകരിച്ചിട്ടുണ്ട്. വ്യവസായങ്ങൾ തുടങ്ങണമെങ്കിൽ വിദ്യുച്ഛക്തി അടക്കമുള്ള പശ്ചാത്തല സൗകര്യങ്ങൾ നിർബന്ധമാണ്. ഇതിലെ ഏറ്റവും പ്രധാന ഘടകമായ വിദ്യുച്ഛക്തി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

ആഗോളവത്കരണ കാലത്ത് എല്ലാം സ്വകാര്യ മേഖലയ്ക്ക് തീറെഴുതി കേന്ദ്ര സർക്കാർ കയ്യൊഴിയുമ്പോൾ കെ.എസ്.ഇ.ബി. എന്ന കമ്പനിയെ നിലനിർത്തിക്കൊണ്ട് അതിനെ ലാഭകരമായി പ്രവർത്തിപ്പിക്കാൻ ഈ സർക്കാരിനും വകുപ്പിനും കഴിഞ്ഞുവെന്നകാര്യം രേഖയിൽ കണക്കുകളോടുകൂടി പ്രതിപാദിക്കുന്നുണ്ട്. അതിൽ ചില കാര്യങ്ങൾ സൂചിപ്പിക്കാം. ഈ ഗവൺമെന്റ് വന്നതിനുശേഷം 336642 (മൂന്ന് ലക്ഷത്തി മുപ്പത്താറായിരത്തി അറുന്നൂറ്റി നാൽപ്പത്തിരണ്ട്) വൈദ്യുതി കണക്ഷനുകൾ നൽകിക്കഴിഞ്ഞു. 947 പട്ടികവർഗ്ഗ കോളനികളിലേയ്ക്കും വൈദ്യുതി എത്താതിരുന്ന പട്ടികജാതി കോളനികളിലേയ്ക്കും മറ്റ് ബി.പി.എൽ. വിഭാഗങ്ങൾക്കും വൈദ്യുതി എത്തിച്ചുകഴിഞ്ഞു. വ്യവസായ സംരംഭം തുടങ്ങാൻ സമീപിക്കുന്ന ഉയർന്ന വിഭാഗങ്ങൾക്കുമാത്രമല്ല, ചെറുകിട വ്യവസായം, ഉത്തരവാദിത്വ വ്യവസായം, പഞ്ചായത്തിന്റെ ഒരു ഉല്പന്നമെന്നനിലയ്ക്കുള്ള വ്യവസായം, ഇവയ്ക്കെല്ലാം വൈദ്യുതി ലഭ്യമാക്കുന്നതിനായി പുതിയ രീതിയിലുള്ള വൈദ്യുതോല്പാദന പദ്ധതികൾ നമ്മുടെ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്. പഴയകാലത്ത് പ്രവർത്തിച്ചിരുന്നതും പിന്നീട് തകരാറുമൂലം നിന്നുപോയതുമായ വിവിധ പദ്ധതികളുടെ അറ്റകുറ്റപ്പണി നടത്തി ഏകദേശം 173 മെഗാവാട്ട് വൈദ്യുതി അധികമായി

ഉല്ലാദിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. ഇതിനെല്ലാം അടിസ്ഥാനമായി പ്രവർത്തിച്ചത് നായനാർ ഗവൺമെന്റിലെ വിദ്യുച്ഛക്തി മന്ത്രിയായിരുന്ന സഖാവ് പിണറായി വിജയൻ തുടങ്ങിവച്ച പുനരുദ്ധാരണ പ്രവർത്തനങ്ങളാണ്. അത്തരം പുനരുദ്ധാരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടാണ് ലാവ്‌ലിൻ കമ്പനിയുമായി ഇടപാടുണ്ടായത്. അതിനുമുമ്പത്തെ മന്ത്രിസഭയിലെ വൈദ്യുതി വകുപ്പുമന്ത്രിയായിരുന്ന ജി. കാർത്തികേയൻ തുടങ്ങിവച്ച പദ്ധതിയുടെ തുടർപ്രവർത്തനം എന്നനിലയ്ക്ക് ലാവ്‌ലിൻ കമ്പനിയുമായി ബന്ധപ്പെട്ട് കരാറുണ്ടാക്കിയതിനാണ് ഇവിടെ വലിയ വിഷയങ്ങൾ നടന്നത്. ശ്രീ. ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റിന്റെ അവസാന ദിവസം രാവിലെതന്നെ അടിയന്തരമായി കാബിനറ്റ് യോഗംചേർന്ന് തീരുമാനിച്ച് സി.ബി.ഐ അന്വേഷണത്തിന് വിട്ടവരാണ് ഇന്നത്തെ പ്രതിപക്ഷം. സി.ബി.ഐ. അന്വേഷണത്തെക്കുറിച്ചൊക്കെ ഇവിടെ പറയുന്നത് കേട്ടു; അതൊന്നുംപറഞ്ഞ് ഞങ്ങളെ വിരട്ടാൻ നോക്കേണ്ട. നിങ്ങൾ തെരഞ്ഞെടുപ്പ് പ്രഖ്യാപിക്കുന്നതിനുമുമ്പ് സി.ബി.ഐ. അന്വേഷണം തീരുമാനിച്ച് കാബിനറ്റ് പിരിച്ചുവിട്ട ആളുകളാണ്. സി.ബി.ഐ. അന്വേഷിച്ചല്ലോ, എന്നിട്ട് എന്തുണ്ടായി? അന്നുതുടങ്ങിവച്ച

പുനരുദ്ധാരണ പ്രവർത്തനത്തിന്റെയും പുതിയ പദ്ധതികളുടെയും തുടർച്ചയെന്ന നിലയ്ക്ക് പിന്നീടുവന്ന ഗവൺമെന്റുകൾ അക്കാര്യങ്ങൾ തുടർന്നുകൊണ്ടുപോയി. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ശ്രീ. എം. എം. മണിയും ഇപ്പോൾ ശ്രീ. കെ. കൃഷ്ണൻകുട്ടിയും അതുതന്നെയാണ് ചെയ്യുന്നത്. സമ്പൂർണ്ണ വൈദ്യുതീകരണം നടന്ന സംസ്ഥാനമായി കേരളം മാറിയിരിക്കുന്നു. ഇന്ത്യാരാജ്യത്തെ ഏതെങ്കിലുമൊരു സംസ്ഥാനത്തെ മുഴുവൻ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ഡിജിറ്റൽ ഡിവൈസുകൾ ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടെങ്കിൽ അത് കേരളത്തിൽ മാത്രമാണ്. മറ്റ് സംസ്ഥാനങ്ങളിൽ ആ കാലയളവിൽ പരീക്ഷപോലും നടന്നിട്ടില്ല. ഡിജിറ്റൽ ഡിവൈസ് ലഭിച്ചാൽ "എന്നാ പണ്ണറത്" എന്നാണ് തമിഴ്നാട്ടുകാർ ചോദിച്ചത്, അതിനുകാരണം അവിടെ എല്ലാ വീട്ടിലും വൈദ്യുതി ഇല്ലെന്നതാണ്. സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കിയതിന്റെ അടിസ്ഥാനത്തിൽ കാർഷിക-വ്യവസായ-വിദ്യാഭ്യാസ മേഖല എന്നുതുടങ്ങി സമസ്ത മേഖലകളിലും വികസനം സാദ്ധ്യമാക്കി മുമ്പോട്ടുപോകുന്ന ഗവൺമെന്റാണിത്. പുതിയ വ്യവസായങ്ങൾ ആരംഭിച്ചിട്ടുള്ളത് ആ നയത്തിന്റെ അടിസ്ഥാനത്തിൽത്തന്നെയാണ്. ഇതുമായി ബന്ധപ്പെട്ട പുരോഗതി വരാനിരിക്കുന്നതേയുള്ളൂ. ഒരു UNICORN മാത്രമാണ് ഇവിടെ

ആരംഭിച്ചതെന്ന് ബഹുമാനപ്പെട്ട നജീബ് കാന്തപുരം പറഞ്ഞു. നിങ്ങളുടെ കാലത്ത് ഇതിനേക്കാൾ കൂടുതൽ കമ്പനികൾ കേരളത്തിൽ നിക്ഷേപം നടത്തിയിരുന്നോ? അന്തരിച്ച ഇ. അഹമ്മദും ബഹുമാനപ്പെട്ട കെ. കുഞ്ഞാലിക്കുട്ടിയും യു.ഡി.എഫ് ഭരണകാലത്തെ വ്യവസായ വകുപ്പുമന്ത്രിമാരായിരുന്നു. അന്ന് വ്യവസായ വകുപ്പ് കൈകാര്യംചെയ്തത് മുസ്ലീം ലീഗ് മാത്രമായിട്ടും ഇതിനേക്കാൾ കൂടുതൽ വ്യവസായം തുടങ്ങാൻ സാധിച്ചോ; നിങ്ങൾ കൂടുതലായുണ്ടാക്കിയ വ്യവസായം ഞങ്ങൾ കുറയ്ക്കുകയാണോ ചെയ്തത്; ഇത്തരം കാര്യങ്ങളെ നിസ്സാരവത്കരിക്കാതെ പൊതുവായി കണ്ടുകൊണ്ട് യോജിച്ചുനിന്ന് കേരളത്തെ മുമ്പോട്ടുകൊണ്ടുപോകുന്നതിനാവശ്യമായ നിലപാട് സ്വീകരിക്കണം. കഴിഞ്ഞകാല ഭരണത്തിൽ പങ്കാളികളായവരും നേതൃത്വം കൊടുത്തവരുമായ നിങ്ങൾക്ക് കേരളത്തിൽനിന്ന് രണ്ട് കാബിനറ്റ് മന്ത്രിമാർ ഉൾപ്പെടെയുള്ള എട്ട് മന്ത്രിമാർ കേന്ദ്രത്തിലുണ്ടായിരുന്നു. ഇപ്പോൾ പതിനെട്ട് എം.പി.-മാരുണ്ടെന്നാണ് പറയുന്നത്. ആറ് ഉപമന്ത്രിമാരും രണ്ട് കാബിനറ്റ് മന്ത്രിമാരുമുൾപ്പെടെ കേരളത്തിൽ നിന്നുണ്ടായിരുന്ന ഒരു പാർട്ടിയുടെയും മുന്നണിയുടെയും ആളുകൾ ഇവിടെ കാര്യങ്ങളൊന്നും വേണ്ട രീതിയിൽ നടക്കുന്നില്ല, ചെയ്തത് പോരാ, കുറവാണ് എന്നൊക്കെ പറയുന്നത്

വിരോധാഭാസമല്ലേ; ശ്രീ. നജീബ് കാന്തപുരം തൃക്കാക്കര തെരഞ്ഞെടുപ്പിന്റെ കാര്യത്തെ സംബന്ധിച്ച് പറഞ്ഞ് ആവേശഭരിതനായി. 2021-ലെ തെരഞ്ഞെടുപ്പിൽ ഞങ്ങൾക്ക് 99 സീറ്റ് ലഭിച്ചു. നിങ്ങൾക്ക് 41 സീറ്റാണ് കിട്ടിയത്; അതിൽ പെരിന്തൽമണ്ണയിൽ 38 വോട്ടുകൾക്ക് ജയിച്ച സീറ്റുമുണ്ട്. 38 വോട്ടുകൾക്ക് ജയിച്ച ശ്രീ. നജീബ് കാന്തപുരത്തിന് 25000 വോട്ടിന് ഒരാൾ ജയിക്കുമ്പോൾ ആവേശമുണ്ടാകാം; അതിൽ തർക്കമൊന്നുമില്ല. പക്ഷെ അതുവച്ചുകൊണ്ട് ഇടതുപക്ഷക്കാരെ നേരിടാൻ വരേണ്ടതില്ല. കാലകാലങ്ങളായി കൈവശംവച്ചുവരുന്ന മണ്ഡലത്തിൽ നിങ്ങൾ ജയിച്ചു. നേരത്തെ ട്വന്റി-ട്വന്റിയും ആം ആദ്മി പാർട്ടിയുമൊക്കെ വേറിട്ട് നിന്നതിന്റെ അടിസ്ഥാനത്തിൽ ആ വോട്ട് split ചെയ്തുപോയി. അതുകൊണ്ടാണ് അന്തരിച്ച പി. ടി. തോമസ് പതിനാലായിരം വോട്ടിന് ജയിച്ചത്. ബി.ജെ.പി., ട്വന്റി-ട്വന്റി, ആം ആദ്മി, എസ്.ഡി.പി.ഐ., ജമാഅത്തെ ഇസ്ലാമി എല്ലാംകൂടി കൂട്ടിയാലും ഈ കണക്കെത്തില്ല. അതുകൊണ്ട് ആവേശഭരിതരായി ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനെയും അതിന് നേതൃത്വം നൽകുന്ന ബഹുമാന്യനായ സഖാവ് പിണറായി വിജയനെയുമൊക്കെ ആക്ഷേപിക്കാൻ വന്നാൽ അതിന് ജനാധിപത്യ വ്യവസ്ഥയിൽത്തന്നെ മറുപടി പറഞ്ഞ് ജനങ്ങളെ

ബോധ്യപ്പെടുത്തുകയല്ലാതെ മറ്റ് മാർഗ്ഗമൊന്നുമില്ല. ജനാധിപത്യ വ്യവസ്ഥയിലും നിയമസഭയിലും വന്ന് എന്തുകാര്യങ്ങൾ പറഞ്ഞാലും അതിന് മറുപടിയും ചർച്ചയുമൊക്കെയുണ്ടാകും. നിരന്തരമായി ആളുകളെ വേട്ടയാടുകയാണ്. ലാവ്‌ലിൻ കേസുമായി ബന്ധപ്പെട്ട് പാടി പതിഞ്ഞ പഴകിയ ആരോപണങ്ങൾ ഒഴിവാക്കിയിട്ട് ഇപ്പോൾ സ്വർണ്ണക്കടത്ത് സംബന്ധിച്ചാണ് ആരോപണം കൊണ്ടുവരുന്നത്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഇത്തരം ആയുധങ്ങൾ ഉപയോഗിച്ചിട്ടും കാര്യമൊന്നുമുണ്ടായില്ല. ഡോ. മാത്യു കുഴൽനാടൻ ഉന്നയിച്ച ആരോപണത്തിന് ഹാജരാക്കിയ തെളിവ് വ്യാജമാണെന്നാണ് പറയുന്നത്. നല്ല വക്കീലായ അദ്ദേഹം വക്കീലിന്റെ ജോലിയെങ്കിലും സത്യസന്ധമായി ചെയ്യണം. ചില കേസുകൾ ജയിക്കുന്നതിന് പൊടിക്കൈ പ്രയോഗം നടത്താമെങ്കിലും വക്കീലെന്ന പ്രൊഫഷനോട് നീതിയും ന്യായവും പുലർത്താനാകണം. ആരെ സംബന്ധിച്ചും എന്തും പറയാമെന്ന നിലപാടെടുക്കരുത്. ഞാൻ കൂടുതൽ കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. അക്രമത്തെയും കൊലപാതകങ്ങളെയും സംബന്ധിച്ച് ബഹുമാന്യനായ ടി. സിദ്ദിഖ് പ്രസംഗിക്കുന്നത് കേട്ടു, അദ്ദേഹം ഇപ്പോൾ ഇവിടെയില്ല. ദേശീയ പ്രസ്ഥാനത്തിന്റെയും കോൺഗ്രസിന്റെയും നേതാവായിരുന്ന

മൊയാരത്ത് ശങ്കരനെ തലയ്ക്കടിച്ച് കൊന്നവരാണ് നിങ്ങൾ. സഖാവ് അഴീക്കോടൻ രാഘവനെ തൃശ്ശൂർ അങ്ങാടിയിൽ വച്ച് നിങ്ങളുടെ ആളുകൾ കുത്തിക്കൊന്നു. സഖാവ് കുഞ്ഞാലിയെ നിലമ്പൂരിൽ വച്ചും എം.എൽ.എ. ആയിരുന്ന സഖാവ് അബ്ദുൽ ഖാദറിനെ കൊടുങ്ങല്ലൂരിൽവച്ചും നിങ്ങളുടെ ആളുകൾ വെടിവച്ചുകൊന്നു. നിങ്ങളുടെ ഇപ്പോഴത്തെ പ്രസിഡന്റിന്റെ ഡ്രൈവറാണ് നാല്പാടി വാസുവിനെ വെടിവച്ചുകൊന്നത്. അതുപോലെ ധീരജിനെ കൊന്നു; ഇനിയും ഞങ്ങൾ കൊല്ലും, അതിന്റെ അനുഭവമുണ്ടാകും എന്നൊക്കെ പറഞ്ഞു നടക്കാൻ ഇതെന്താ വെള്ളരിക്ക പട്ടണമാണോ? അങ്ങനെയൊരു നിലപാട് സ്വീകരിക്കാൻ പറ്റില്ല. നിങ്ങളുടെ സെമി കേഡർ സംവിധാനം ഇങ്ങനെയാണെങ്കിൽ ഫുൾ കേഡർ സംവിധാനം വന്നാൽ കേരളത്തിലെ ക്രമസമാധാനപാലനം എങ്ങനെയാണ് കൈകാര്യം ചെയ്യുക എന്നത് സംബന്ധിച്ച് ഞങ്ങൾക്ക് ആശങ്കയുണ്ട്. ഇവിടെ അവതരിപ്പിക്കപ്പെട്ട ധനാഭ്യർത്ഥനകൾ നാടിന്റെ പുരോഗതിക്കുവേണ്ടിയുള്ളതാണ്. യു.ഡി.എഫ്. എം.എൽ.എ.-മാരുടെ നിയോജകമണ്ഡലങ്ങളിലും വികസനമുന്നേറ്റമുണ്ടാകണം. ഈ ധനാഭ്യർത്ഥനകൾ പാസ്സാക്കികൊടുക്കാതെ എങ്ങനെ ഇക്കാര്യങ്ങൾ നടക്കും? കേരളത്തിന്റെ പൊതുകടം വർദ്ധിച്ചത് സംബന്ധിച്ച് എല്ലാവരും

ആശങ്ക പ്രകടിപ്പിച്ചു. അതിന്റെ ഭാഗമായി നികുതി കൂട്ടാൻ സാധിക്കില്ല. യുക്തിപരമല്ലാത്ത രീതിയിൽ വിരോധാഭാസമായ നിലപാടുകൾ സ്വീകരിച്ച് പുകമറ സൃഷ്ടിച്ച് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിനെ അപകീർത്തിപ്പെടുത്താനുള്ള ശ്രമങ്ങളിൽനിന്ന് ദയവുചെയ്ത് പിന്മാറണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീമതി കെ. കെ. രമ: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. വ്യാവസായിക മേഖലയിൽ വലിയ വിപ്ലവം സൃഷ്ടിക്കുമെന്ന പ്രഖ്യാപനത്തോടെയാണ് ഈ ഗവൺമെന്റ് ചുമതലയേറ്റത്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ചുമതലയേറ്റയുടൻതന്നെ ജില്ലാതലങ്ങളിൽ എം.എൽ.എ.-മാരുടെയും ഉദ്യോഗസ്ഥരുടെയും പ്രത്യേക യോഗങ്ങൾ ചേരുകയും അതാത് മേഖലകളിലെ ചെറുകിട വ്യവസായങ്ങളുടെ അഭിവൃദ്ധിക്കാവശ്യമായ നിർദ്ദേശങ്ങൾ ആരായുകയും ചെയ്തിരുന്നു. പ്രായോഗികമായി ഏതെങ്കിലും പദ്ധതികളെ സംബന്ധിച്ച് നിർദ്ദേശങ്ങളോ നടപടികളോ സർക്കാരിന്റെയോ വകുപ്പിന്റെയോ ഭാഗത്തുനിന്നും ഇതുവരെയുണ്ടായതായി കണ്ടിട്ടില്ല. വ്യവസായങ്ങളെയും സംരംഭങ്ങളെയും ആകർഷിക്കുന്ന എന്ത് പുത്തൻ പദ്ധതികളാണ് മുന്നോട്ടുവയ്ക്കാനുള്ളത്? Entrepreneur Support Scheme (ESS) വഴി മറ്റ് സംസ്ഥാനങ്ങൾ ഒരു

കോടി രൂപവരെ നൽകുമ്പോൾ ഇവിടെ ഇപ്പോഴും മുപ്പത് ലക്ഷം രൂപയാണ് നൽകുന്നത്. പഞ്ചായത്തുതലത്തിൽ വ്യവസായ എസ്റ്റേറ്റുകൾ വേണമെന്നത് എത്രയോ കാലമായി നിലനിൽക്കുന്ന ആവശ്യമാണ്. അത്യാവശ്യം വ്യവസായ എസ്റ്റേറ്റുകളുള്ള പഞ്ചായത്തുകൾക്ക് അവയെ ലാഭകരമായി നിലനിർത്താനും വികസിപ്പിക്കാനുമാവശ്യമായ സഹായങ്ങളോ നിർദ്ദേശങ്ങളോ സർക്കാരിൽനിന്നും വേണ്ടവിധം ലഭിക്കുന്നില്ലെന്ന വിമർശനവുമുയരുന്നുണ്ട്. വ്യവസായ സ്ഥാപനങ്ങൾക്കുള്ള ഭൂമിക്ക് സ്റ്റാമ്പ് ഡ്യൂട്ടി ഒഴിവാക്കികൊടുത്തും ആവശ്യമായ ലോണുകൾക്ക് നികുതി/പലിശ ഇളവുകൾ ഉൾപ്പെടെയുള്ള സഹായങ്ങൾ നൽകിയും പുതിയ സംരംഭക സംസ്കാരം വളർത്തിയെടുക്കണം. സ്കൂൾതലം മുതൽ സിലബസ്സിൽ വ്യവസായ സംബന്ധമായ വിഷയങ്ങൾ ഉൾപ്പെടുത്തുകയും ഇൻപ്ലാന്റ് പരിശീലനം നിർബന്ധമാക്കുകയും വേണം. ഏറ്റവും കൂടുതൽ വ്യവസായവും തൊഴിലും കൊണ്ടുവരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പുരസ്കാരം നൽകണം. സ്ത്രീ/ഭിന്നശേഷി സൗഹൃദ വ്യവസായങ്ങൾക്ക് ഊന്നൽ നൽകുകയും പ്രോത്സാഹനം നൽകുകയും വേണം. കഴിഞ്ഞ ആറ് വർഷത്തിനിടയിൽ സർക്കാർ കോടിക്കണക്കിന് രൂപ ചെലവിട്ട് നടത്തിയ ലോക കേരള സഭ വഴി പ്രൊഡക്ടീവായ എന്ത് റിസൽട്ടാണ് കേരളത്തിലെ സാധാരണ

ജനങ്ങൾക്കുണ്ടായിട്ടുള്ളതെന്നത് സംബന്ധിച്ച് വ്യക്തമാക്കണം. നേരത്തെ ബഹുമാനപ്പെട്ട അനൂപ് ജേക്കബ് സൂചിപ്പിച്ചതുപ്പോലെ സ്വിറ്റ്സർലാൻഡിലെ ദാവോസിൽ നടന്ന വേൾഡ് ഇക്കണോമിക് ഫോറവുമായി ബന്ധപ്പെട്ട് കേരളം മാറിനിന്ന സാഹചര്യത്തിൽ കോടിക്കണക്കിന് രൂപയുടെ നിക്ഷേപം മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് പോയ അനുഭവവും നമ്മുടെ മുന്നിലുണ്ട്. പക്ഷെ നമ്മളിപ്പോഴും ലോക കേരള സഭയുമായി തിരുവനന്തപുരത്താണ്. കെ.എസ്.ഇ.ബി. ലിമിറ്റഡും സി.പി.ഐ.(എം)-ഉം തമ്മിലുള്ള തർക്കങ്ങൾ വൈദ്യുതി വകുപ്പിൽ പ്രതിസന്ധി സൃഷ്ടിക്കുന്നു. സ്വന്തം മുന്നണിയിലെ മന്ത്രിയെപ്പോലും അംഗീകരിക്കില്ലെന്ന നിലപാടുമായി വകുപ്പിലെ സി.പി.ഐ.(എം) സംഘടനാ നേതാക്കൾ നിലകൊള്ളുന്നു; നിലവിലുള്ള മന്ത്രിക്കെതിരെ പരസ്യവും രൂക്ഷവുമായ വിമർശനവുമായി മുൻ മന്ത്രി രംഗത്തുവരുന്നു; ഭരിക്കാനറിയില്ലെങ്കിൽ ഇട്ടേച്ച് പൊയ്ക്കൂടെയെന്ന് സി.ഐ.ടി.യു.-വിന്റെ സംസ്ഥാന സെക്രട്ടറി വകുപ്പുമന്ത്രിയെ പരസ്യമായി ആക്ഷേപിക്കുന്ന സ്ഥിതിയുണ്ടായി. ഈ നിഴൽ യുദ്ധം യഥാർത്ഥത്തിൽ പരസ്പര വിശ്വാസവും കൂട്ടുത്തരവാദിത്വവും നഷ്ടപ്പെട്ട ഒരു മന്ത്രിസഭയുടെ പരസ്യ പ്രഖ്യാപനമല്ലാതെ മറ്റെന്താണ്? ഭരണമുന്നണിയുടെ ഈ ചേരിപ്പോരിൽ കേരള ജനതയ്ക്ക്

താൽപ്പര്യമില്ല. പക്ഷെ ഈ പോരിനിടെ വെളിപ്പെടുത്തുന്ന ഗൗരവമായ അഴിമതി ആക്ഷേപങ്ങളിന്മേൽ ഈ സർക്കാർ എന്തു ചെയ്തെന്നറിയാൻ കേരള ജനതയ്ക്ക് താൽപര്യമുണ്ട്. തർക്കത്തിനിടെ പരസ്പരം ഉന്നയിക്കുന്നതും പിന്നീട് ഒത്തുതീർപ്പുകളുടെ ഭാഗമായി പിൻവലിച്ചതുമായ ആരോപണങ്ങൾ, കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെയും സംസ്ഥാനത്തിന്റെയും പൊതുസമ്പത്തും പൊതുഫണ്ടും നിയമവിരുദ്ധവും ക്രമവിരുദ്ധവുമായി കൈകാര്യം ചെയ്തതുമായി ബന്ധപ്പെട്ടവയാണ്. കെ.എസ്.ഇ.ബി. ലിമിറ്റഡ് വലിയ പ്രതിസന്ധിയിലാണെന്ന് പറഞ്ഞാണ് സാധാരണക്കാരന്റെ തലയിൽ വൻ വൈദ്യുതചാർജ് ചുമത്തുന്നത്. കുടിശ്ശികയുൾപ്പെടെ വലിയ തുക പിരിച്ചെടുക്കാനുണ്ട്. കെ.എസ്.ഇ.ബി. ലിമിറ്റഡിന് ബാധ്യതയാകുന്ന ഇടപാടുകളെ സംബന്ധിച്ച സത്യമറിയാൻ ഈ നാട്ടിലെ ജനങ്ങൾക്ക് താല്പര്യമുണ്ട്. ഇത്തരം വിഷയങ്ങളിൽ സ്വതന്ത്രവും സമഗ്രവുമായ അന്വേഷണമുണ്ടാകണം. അഞ്ചേക്കറിൽ താഴെ ഭൂമിയുള്ള കർഷകർക്ക് സൗജന്യമായി വൈദ്യുതി അനുവദിക്കുകയും തുക കൃഷി വകുപ്പ് അടയ്ക്കുകയും ചെയ്യണമെന്ന നിലവിലെ സ്ഥിതിക്ക് മാറ്റം വരുത്തി കർഷക സമിതികൾ മുഖേന രണ്ട് മാസത്തെ വൈദ്യുതി തുക മുൻകൂറായി നൽകുന്ന സംവിധാനം ഏർപ്പെടുത്തുന്നതിന് ശ്രമിച്ചുവരുന്നു. തമിഴ്നാട്ടിൽ നിലവിൽ കർഷകർക്ക്

നൽകിവരുന്ന സൗജന്യ വൈദ്യുതി കണക്ഷനുപുറമെ ഒരു ലക്ഷം കർഷകർക്കുകൂടി സൗജന്യ വൈദ്യുതി കണക്ഷൻ പുതുതായി നൽകുന്നുവെന്ന കാര്യം നാം ഓർക്കണം. ഒരു കാലത്ത് കേരളത്തിലെ വ്യവസായ മേഖലയുടെ മുഖമുദ്രയായിരുന്ന കയർ, കൈത്തറി വ്യവസായങ്ങൾ ഇന്ന് അടച്ചുപൂട്ടലിന്റെ വക്കിലാണ്. ഈ രണ്ട് മേഖലകളിലും പ്രവർത്തിക്കുന്ന തികച്ചും സാധാരണക്കാരായ സ്ത്രീകളടങ്ങുന്ന തൊഴിലാളികളെ സർക്കാർ തീർത്തും അവഗണിക്കുകയാണ്. ഖാദി മേഖലയുടെ ഉന്നമനത്തിനായി നിരവധി ഉത്തരവുകളിറക്കിയെങ്കിലും ഒന്നുംതന്നെ പാലിക്കപ്പെടുന്നില്ല. സർക്കാർ ഓഫീസുകളിൽ ഖാദി വസ്ത്രങ്ങൾ ധരിക്കണമെന്ന് സർക്കാർ അഭ്യർത്ഥിച്ചിട്ടുണ്ടെങ്കിലും പലയിടത്തും ഇപ്പോഴും പ്രാവർത്തികമായിട്ടില്ല. സർക്കാരിന്റെ അവഗണന ഈ മേഖലയുടെ തകർച്ചയ്ക്ക് മറ്റൊരു കാരണമാകുന്നുണ്ട്. മൂല്യവർദ്ധിത കയറുല്പന്നങ്ങൾക്ക് നല്ല വിലയും വിപണിയുമുണ്ടെങ്കിലും ഈ വിപണി ഉപയോഗപ്പെടുത്തുന്നതിന് സർക്കാർ സംവിധാനങ്ങൾക്ക് താൽപര്യമില്ല. മണ്ണൊലിപ്പ് തടയുന്നതിനും കടൽഭിത്തി കെട്ടുന്നതിനും നദീതടങ്ങൾ ബലപ്പെടുത്തുന്നതിനുമൊക്കെ ജിയോ ഫൈബറും ജിയോ ട്യൂബുമുൾപ്പെടെയുള്ള കയറുല്പന്നങ്ങൾ ഉപയോഗിക്കുന്നുണ്ടെങ്കിലും അവ വേണ്ടരൂപത്തിൽ ശ്രദ്ധിക്കപ്പെടുന്നില്ല. ആ

മേഖലയ്ക്കുകൂടി പ്രാധാന്യം നൽകണം. നമ്മുടെ ഭരണാധികാരികൾക്ക് ഇപ്പോൾ ഓരോ പുതിയ വികസന പദ്ധതിക്കും പിന്നിൽ മറ്റ് താല്പര്യങ്ങളാണ്. വൻ അഴിമതിയുടെ ഒരു മഞ്ഞുമലത്തുമ്പാണ് സ്വർണ്ണക്കടത്ത് പ്രതിയായ സ്വപ്നാ സുരേഷിന്റെ പുതിയ വെളിപ്പെടുത്തൽ. കേരളത്തിൽ അഴിമതി വ്യവസായം മാത്രമാണ് ഇപ്പോൾ വികസിച്ചിട്ടുള്ളത്. ഈ ഭരണം പരിഷ്കൃതരായ കൊള്ളക്കാരുടെ സഹകരണ സംഘമായി മാറിക്കൊണ്ടിരിക്കുകയാണ്. 670 ദശലക്ഷം രൂപയുടെ വൈദ്യുത കമ്മി പ്രതീക്ഷിക്കുന്ന വ്യവസായങ്ങളെ രക്ഷിക്കാനുള്ള ആത്മാർത്ഥമായ ഒരു പരാമർശവും ഈ ധനാഭ്യർത്ഥനയിലില്ല.

<u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ:</u> സർ, 2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ വ്യവസായ-വൈദ്യുത വകുപ്പുകളുടെ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. വ്യവസായരംഗത്തെ പുരോഗതി നാടിന്റെ വളർച്ചയിലും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും വലിയ പങ്കു വഹിക്കുന്നു. വികസിത രാജ്യങ്ങളുടെ വരുമാനത്തിലേയ്ക്കും ജീവിത നിലവാരത്തിലേയ്ക്കും കേരളത്തെ എത്തിക്കുകയെന്ന ലക്ഷ്യത്തോടെ നവകേരളമെന്ന കാഴ്ചപ്പാടിൽ വ്യവസായരംഗത്തെ മുന്നോട്ടുനയിക്കുന്ന ബഹുമാന്യരായ കേരള മുഖ്യമന്ത്രിയെയും വ്യവസായ വകുപ്പുമന്ത്രിയെയും

ഞാൻ അഭിനന്ദിക്കുന്നു. പുതിയ കാലത്തിന്റെ അഭിരുചിക്കും ആവശ്യത്തിനുമനുസരിച്ചും വിജ്ഞാനാധിഷ്ഠിതമായ സമ്പദ്‌വ്യവസ്ഥയുമായി കൂട്ടിയിണക്കിയുമാണ് ഇന്നത്തെ വ്യാവസായിക നയം ആവിഷ്ക്കരിച്ചിട്ടുള്ളത്. ആ നിലയിൽ കേരളത്തിന്റെ ഐ.ടി., ഇലക്ട്രോണിക്, ബയോടെക്നോളജി, ഫാർമസ്യൂട്ടിക്കൽ, സംസ്ഥാന പൊതുമേഖലകൾ, ആധുനിക ചെറുകിട വ്യവസായങ്ങൾ എന്നിവയെ ഉൾക്കൊണ്ടുകൊണ്ടുള്ളതും സമഗ്രവുമായ വികസനപാതയിലാണ് എൽ.ഡി.എഫ്. സർക്കാർ. നാനോ സാങ്കേതികവിദ്യയുടെയും ഗ്രാഫീൻ ഗവേഷണത്തിന്റെയും സാധ്യതകൾ ഉപയോഗപ്പെടുത്താനുള്ള സർക്കാരിന്റെ പരിശ്രമങ്ങൾ അഭിനന്ദനാർഹമാണ്. കേന്ദ്ര പൊതുമേഖലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിലും സംസ്ഥാന സർക്കാർ സാധ്യമായ കാര്യങ്ങൾ ചെയ്യണമെന്ന് ഈ സന്ദർഭത്തിൽ ഞാൻ അഭ്യർത്ഥിക്കുകയാണ്. കേന്ദ്ര-സംസ്ഥാന ബന്ധത്തിന്റെ പരിമിതിക്കുള്ളിൽ നിന്നുകൊണ്ടും കേന്ദ്ര വ്യവസായ നിക്ഷേപത്തിന്റെ കുറവുകളുടെ പശ്ചാത്തലത്തിലും ജി.എസ്.ടി. വരുമാനത്തിന്റെ ഇടിവിലും സംസ്ഥാന സർക്കാർ വ്യവസായ വികസനത്തിന്റെ കാര്യത്തിൽ വൻ മുന്നേറ്റം സൃഷ്ടിക്കുന്ന കാഴ്ചയാണ് നാം കാണുന്നത്. സർക്കാരിന്റെ ഒരു വർഷത്തെ പ്രോഗ്രസ് റിപ്പോർട്ടിൽ വളരെ

വിശദമായി ഇക്കാര്യങ്ങൾ വ്യക്തമാക്കുന്നുണ്ട്. വ്യവസായ മേഖലയുടെ ആധുനികവത്കരണത്തിലും വൈവിദ്ധ്യവത്കരണത്തിലും കേരളം ഗണ്യമായ പുരോഗതി നേടിയിട്ടുണ്ട്. വ്യാവസായിക രംഗത്ത് കേരളം വേണ്ടത്ര മുന്നേറിയില്ലെന്ന് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. 2020-21 സാമ്പത്തിക വർഷം വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ 3321.67 കോടി രൂപയുടെ വിറ്റുവരവാണ് രേഖപ്പെടുത്തിയത്. സംസ്ഥാന വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന 42 പൊതുമേഖലാ സ്ഥാപനങ്ങൾ കഴിഞ്ഞ സാമ്പത്തികവർഷം വിറ്റുവരവിലും ലാഭത്തിലും ഏറെ മുന്നിലാണ്, 3884.06 കോടി രൂപയുടെ വിറ്റുവരവ് രേഖപ്പെടുത്തുകയുണ്ടായി. 2020-21 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് വിറ്റുവരവിൽ 562.69 കോടി രൂപയുടെ വർദ്ധനവുണ്ടായി. കോവിഡ് 19-ന്റെ പശ്ചാത്തലത്തിലും മുൻവർഷത്തേക്കാൾ വിറ്റുവരവ് വർദ്ധിച്ചുവെന്നത് ശ്രദ്ധേയമാണ്. കെ.എം.എം.എൽ., കെ.എസ്.ഡി.പി., കെൽട്രോൺ, മലബാർ സിമെന്റ്സ് തുടങ്ങിയവയെല്ലാം ഈ ഗണത്തിൽപ്പെടുന്നവയാണ്. കോവിഡ് കാരണം പ്രതിസന്ധിയിലായ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങൾക്ക് 146 കോടി രൂപയുടെ സഹായപദ്ധതി സർക്കാർ പ്രഖ്യാപിച്ച്

നടപ്പാക്കുകയുണ്ടായി. ഭൂമി ലഭ്യമാക്കിയും വായ്പാതിരിച്ചടവിനുള്ള കാലപരിധി നീട്ടിയും പ്രത്യേക ലോൺ പാക്കേജുകൾ ഉൾപ്പെടുത്തിയും വ്യവസായരംഗത്തെ സജീവമാക്കിയ ബഹുമാന്യനായ വ്യവസായ വകുപ്പുമന്ത്രി ശ്രീ. പി. രാജീവിനെ ഞാൻ ഈ സന്ദർഭത്തിൽ അഭിനന്ദിക്കുകയാണ്. സുപ്രധാന നിയമനിർമ്മാണങ്ങൾ നടത്തിയും ക്രിയാത്മക നടപടികൾ സ്വീകരിച്ചുകൊണ്ടുമാണ് വ്യവസായ വകുപ്പ് മുന്നേറുന്നതെങ്കിലും ആധുനിക വ്യവസായങ്ങളിലെ പുതിയ അവസരങ്ങൾ ഇനിയും നാം വേണ്ടത്ര വിനിയോഗിച്ചിട്ടില്ല. കേരളത്തിൽ വ്യവസായ വകുപ്പ് നടത്തിയ ശ്രദ്ധേയമായ ഇടപെടലുകൾ സംബന്ധിച്ച് വിസ്താരഭയത്താൽ ഞാനതിന്റെ വിശദീകരണങ്ങളിലേയ്ക്ക് പോകുന്നില്ല. 2021-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കാനുള്ള ബിൽ ഇവിടെ അവതരിപ്പിക്കുകയുണ്ടായി. 50 കോടി രൂപയിലധികം മൂലധന നിക്ഷേപമുള്ള വ്യവസായങ്ങൾക്ക് 7 ദിവസത്തിനകം അനുമതി നൽകാനുള്ള സുപ്രധാനമായ ബിൽ ഇവിടെ അവതരിപ്പിക്കുകയുണ്ടായി. 2021-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ പ്രാദേശിക വികസനവും (ഭേദഗതി) ഓർഡിനൻസും കേരള സെൻട്രലൈസ്ഡ് ഇൻസ്പെക്ഷൻ സിസ്റ്റവും

(കെ-സിസ്) ഇവിടെ അവതരിപ്പിക്കുകയുണ്ടായി. 'ഇൻവെസ്റ്റ് കേരള ഹെൽപ്ഡെസ്ക്' എന്ന ആശയം മുന്നോട്ടുകൊണ്ടുവന്നു. വ്യവസായ മേഖലയിലെ നിരവധി നിയമ പരിഷ്കരണങ്ങൾക്ക് നേതൃത്വം നൽകി. 'മീറ്റ് ദ ഇൻവെസ്റ്റർ' പരിപാടിയിലൂടെ നൂറുകോടി രൂപയിലധികം നിക്ഷേപം നടത്താൻ താല്പര്യപ്പെടുന്ന സംരംഭകരെ നേരിൽക്കണ്ട് സംസാരിക്കുന്ന പരിപാടിക്ക് തുടക്കം കുറിച്ചിരിക്കുകയാണ്. കൊച്ചി, ബാംഗ്ലൂർ വ്യവസായ ഇടനാഴിക്ക് പത്തുമാസത്തിനിടയിലാണ് 70 ശതമാനം ഭൂമി കിൻഫ്ര ഏറ്റെടുത്ത് നടപ്പാക്കിയിട്ടുള്ളത്. പതിനായിരത്തോളം കോടി രൂപയുടെ നിക്ഷേപ സാധ്യതകൾ പ്രതീക്ഷിക്കുന്ന പദ്ധതിയാണത്. ഇനിയും നമ്മുടെ ശ്രദ്ധ പതിയേണ്ട ചില മേഖലകളുണ്ട്. എഫ്.എ.സി.റ്റി.-യുടെ സ്ഥലമേറ്റെടുത്തുകൊണ്ട് നടപ്പാക്കാനുദ്ദേശിക്കുന്ന പെട്രോ കെമിക്കൽ പാർക്ക് പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തതാണ്. ഒച്ചിഴയുന്ന വേഗത്തിലാണ് പ്രവൃത്തികൾ നടക്കുന്നത്; അവിടെ നമുക്കിടപെടാൻ കഴിയണം. അതുപോലെ പെട്രോ കെമിക്കൽ പ്രോജക്ട് BPCL കൊച്ചിൻ റിഫൈനറിയുടെ ഉത്പ്പന്നങ്ങളായ പ്രൊപ്പിലിൻ, എഥിലിൻ, പ്ലാസ്റ്റിക്, പോളിമർ, ഫൈബർ ഉൾപ്പെടെയുള്ള രാസവസ്തുക്കൾ വ്യവസായങ്ങളുടെ പ്രധാന ഘടകങ്ങളാണ്. അതുപോലെ പ്ലൈവുഡ്

ആവശ്യങ്ങൾക്കുപയോഗിക്കുന്ന Hindustan Organic Chemicals Limited-ന്റെ ഫിനോൾ, ഫാർമസ്യൂട്ടിക്കൽസ് രംഗത്ത് ആവശ്യമുള്ള അസറ്റോൺ തുടങ്ങിയ രാസപദാർത്ഥങ്ങൾ നമുക്ക് പ്രയോജനപ്പെടുത്താനാകണം. വലിയതോതിൽ സ്വകാര്യനിക്ഷേപം ആകർഷിക്കാൻ കഴിയുന്ന മേഖലയാണിത്. ഗുജറാത്തിലേയ്ക്കും ഹൈദരാബാദിലേയ്ക്കും വൻതോതിൽ ഒഴുകുന്ന അസംസ്കൃത വിഭവങ്ങൾ ഇവിടെ ഉപയോഗപ്പെടുത്താനാവശ്യമായ നടപടികൾക്ക് തുടക്കം കുറിച്ചിരിക്കുന്നുവെന്നത് ശ്ലാഘനീയമാണ്. വ്യവസായികൾക്ക് കുറഞ്ഞ വിലയ്ക്ക് ഭൂമിയും പശ്ചാത്തല സൗകര്യവും ലഭ്യമാക്കേണ്ടതുണ്ട്. ഇവിടെ നാം ഭൂമിക്ക് ഏക്കറിന് രണ്ടര കോടി രൂപ നൽകേണ്ടിവരുമ്പോൾ 250 കിലോമീറ്റർ മാറി വടക്കൻ സംസ്ഥാനങ്ങളിലേയ്ക്ക് സഞ്ചരിച്ചാൽ ഏക്കറിന് പതിനയ്യായിരം രൂപമാത്രമേ വേണ്ടിവരികയുള്ളൂവെന്ന വ്യത്യാസമുണ്ട്. ഇവിടെ വ്യവസായങ്ങൾ നേരിടുന്ന പ്രധാന പ്രശ്നം, സാമ്പത്തിക സ്ഥാപനങ്ങൾ സ്വീകരിക്കുന്ന നിലപാടുകളാണ്. വായ്പ ലഭിക്കുന്നതിന് പട്ടയം ഒഴിച്ചുകൂടാനാകാത്ത ഒന്നാണ്. നമ്മൾ ലീസിന് നൽകുന്ന ഭൂമി വായ്പാ സൗകര്യത്തിന് ഉപയോഗപ്പെടുത്താൻ കഴിയില്ല. ഇതിനെ മറികടക്കാൻ കഴിയുമോ എന്നും റവന്യൂ നിയമങ്ങളിൽ എതെങ്കിലും വിധത്തിലുള്ള പരിഷ്കാരം

കൊണ്ടുവരാനാകുമോയെന്നും ചിന്തിക്കണം. ഇന്ന് ഈ അസംസ്കൃത വിഭവങ്ങൾ ഗുജറാത്തിലേക്കും ആന്ധ്രയിലേക്കും പ്രവഹിക്കുകയാണ്. ഭൂമിയും പശ്ചാത്തല സൗകര്യങ്ങളും വിലകുറച്ച് ലഭിച്ചാൽ ഇവിടെത്തന്നെ ഉപയോഗപ്പെടുത്താനും വ്യവസായങ്ങൾക്ക് ലീസിന് കൊടുക്കുന്നതിനുപുറമെ ഭൂമി പതിച്ചുനൽകാനുള്ള അധികാരം നൽകാനും കഴിയുമോയെന്നുകൂടി ആലോചിക്കണം. റിയൽ എസ്റ്റേറ്റ് താല്പര്യം കടന്നുകൂടാതിരിക്കത്തക്കവണ്ണം പഴുതടച്ചുകൊണ്ടുള്ള സൗകര്യങ്ങളൊരുക്കി വ്യവസായികളെ ആകർഷിച്ചുനിർത്താൻ കഴിയുമോയെന്ന് ചിന്തിക്കുകയും വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിന് മുൻകയ്യെടുക്കുകയും വേണം. ഇന്ത്യയിൽ വ്യവസായമാരംഭിച്ച പ്രാഥമിക ഘട്ടത്തിൽതന്നെ നമ്മുടെ സംസ്ഥാനത്ത് വ്യവസായങ്ങളാരംഭിച്ച മേഖലയാണ് ട്രാവൻകൂർ - കൊച്ചി, എറണാകുളം, ആലുവ, ഏലൂർ, ഉദ്യോഗമണ്ഡൽ, കളമശ്ശേരി തുടങ്ങിയ സ്ഥലങ്ങൾ. ഇവയൊക്കെ പശ്ചാത്തല സൗകര്യങ്ങളുള്ള മേഖലകളാണെങ്കിലും ഇന്ന് വ്യാവസായികമായി തളർച്ച നേരിട്ടുകൊണ്ടിരിക്കുകയാണ്. ആവശ്യത്തിന് ഭൂമി, വെള്ളം, റോഡ്-റെയിൽ കണക്ടിവിറ്റി, വിമാനത്താവളം, വൈദ്യുതി ഉൾപ്പെടെയുള്ള എല്ലാ സൗകര്യങ്ങളുമുണ്ട്; പുതുതായി ഒന്നുമുണ്ടാക്കേണ്ടതില്ല. നിലവിലുള്ള

ഈ പശ്ചാത്തല സൗകര്യങ്ങൾ നഷ്ടപ്പെട്ടുകൂടാ. റിയൽ എസ്റ്റേറ്റ് താല്പര്യങ്ങൾക്ക് ഈ മേഖല കീഴ്പ്പെടരുത്. വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിനോ പുതിയ വ്യവസായങ്ങൾക്കോ ഈ സാധ്യതകളെ ഉപയോഗപ്പെടുത്താൻ കഴിയണം. സർക്കാരുമായി കൈകോർത്ത് വ്യവസായ നിക്ഷേപത്തിന് തങ്ങൾ തയ്യാറാണെന്ന് ലോക കേരള സഭയിൽ ഉയർന്നുകേട്ടൊരു ശബ്ദമുണ്ട്. ആ സാധ്യതകളെ നമുക്ക് ഉപയോഗിക്കാവുന്നതാണ്. കൊച്ചിയിലെ പെട്രോനെറ്റ് LNG-യുടെയും കരിമണലുൾപ്പെടെയുള്ള ധാതുക്കളുടെയും സാധ്യതകൾ സംസ്ഥാനത്തിന്റെ വ്യവസായികാവശ്യത്തിനും മറ്റും പ്രയോജനപ്പെടുത്താനാകണം. രാജ്യരക്ഷയെ മുൻനിർത്തി ആണവമേഖലകളിൽ പ്രയോജനപ്പെടുത്താൻ കഴിയുന്ന മോണോസൈറ്റും ഇൽമനൈറ്റും സിലിമനൈറ്റും സിലിക്കോണും റൂട്ടൈലും തീരപ്രദേശങ്ങളിലാണ് സുലഭമായി ലഭിക്കുന്നത്. അടുത്തകാലത്ത് കേന്ദ്ര സർക്കാർ ചില നിയന്ത്രണങ്ങളും നിയമങ്ങളും ഭേദഗതി നിർദ്ദേശങ്ങളും കൊണ്ടുവന്നു. അതായത്, സംസ്ഥാന സർക്കാരിന്റെ അനുമതി കൂടാതെതന്നെ കരിമണൽ ഉൾപ്പെടുന്ന സ്ഥലങ്ങൾ സ്വകാര്യമേഖലയ്ക്ക് ഖനനത്തിന് കൊടുക്കാൻ അധികാരം നൽകുന്ന നിയമമാണ് കേന്ദ്ര സർക്കാർ കൊണ്ടുവന്നത്. ഇപ്രകാരമുള്ള നിയന്ത്രിത

ഖനനമേഖല സ്വകാര്യമേഖലയ്ക്ക് തുറന്നുകൊടുക്കുന്ന സാഹചര്യമുണ്ടാകുമ്പോൾ ഈ പ്രദേശത്ത് പരിസ്ഥിതി സന്തുലനമില്ലാതാകും. ആലപ്പുഴ, കൊല്ലം ജില്ലകളിൽ ആയിരക്കണക്കിന് ജനങ്ങൾ അധിവസിക്കുന്ന തീരപ്രദേശത്തെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന് കഴിയാത്ത സാഹചര്യവുമുണ്ടാകും. വല്ലാർപാടം ഐ.സി.ടി.ടി.-യുടെ ഭാവിവികസന സാധ്യതകളെ നാം നന്നായി പ്രയോജനപ്പെടുത്തണം. വരാനിരിക്കുന്ന വല്ലാർപാടം ടെർമിനലിനെക്കുറിച്ച് ആ പ്രദേശത്തെ ജനത ഒരുപാട് പ്രതീക്ഷകൾ വച്ചുപുലർത്തിയിരുന്നു. എന്നാൽ ആ പ്രോജക്ട് വന്നതിനുശേഷം ഒരു പഞ്ചായത്തിന്റെതന്നെ വികസന പ്രവർത്തനങ്ങൾ മുരടിച്ചു പോകുകയാണുണ്ടായത്. അവരുടെ സ്വപ്നങ്ങൾ പൂവണിഞ്ഞില്ലെന്ന് മാത്രമല്ല, ആ ഗ്രാമത്തിലെ മുഴുവൻ ജനതയുടെയും സ്വപ്നങ്ങൾ വാടി വീഴുകയാണ് ചെയ്തത്. അവർ ലക്ഷ്യം വച്ച പത്തുവർഷത്തെ വല്ലാർപാടം ട്രാൻസ്ഷിപ്മെന്റ് കണ്ടെയ്നർ ഹാന്റ്ലിംഗിന്റെ 75% അച്ചീവ് ചെയ്യുകയുണ്ടായി. 2040 വരെയുള്ള ഫസ്റ്റ് ഫേസ് പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാനുള്ള എല്ലാ സാധ്യതകളുമുണ്ട്. സ്വാഭാവികമായും ഭാവി വികസനത്തിന് റിസർവായി കണക്കാക്കുന്ന പ്രദേശം, നൂറ് ഏക്കർ ഭൂമിയെങ്കിലും അവർക്ക് കൈമാറേണ്ടതുണ്ട്.

ഇക്കാര്യത്തിൽ ഡി.പി. വേൾഡിന്റെ ആളുകൾ സർക്കാരുമായി MoU ഒപ്പുവച്ചിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇപ്പോഴുള്ള പദ്ധതി പ്രദേശത്തിന് പുറമെ ആ പ്രദേശത്തെ ഭൂമികൂടി ഏറ്റെടുത്ത് ഭാവി വികസനത്തിനുവേണ്ടി മുൻകയ്യെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭകരമായി പ്രവർത്തിക്കുന്നതിൽ തൊഴിലാളികൾക്കും ജീവനക്കാർക്കുമുള്ള പങ്ക് നാം കാണാതിരുന്നുകൂട. വ്യവസായ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുന്നതിൽ അവർ വലിയ പങ്ക് വഹിക്കുന്നു. അവരുടെ പ്രശ്നങ്ങളോട് സർക്കാർ അനുഭാവപൂർവ്വമായ സമീപനം സ്വീകരിക്കണം. ഞാനിത് പറയാൻ കാരണം, രാസവസ്തുക്കളുടെ മേഖലയിൽ പ്രവർത്തിക്കുന്ന ടി.സി.സി.എൽ. അടുത്തകാലത്ത് ഒരു ദീർഘകാല കരാർ ഒപ്പുവയ്ക്കുകയുണ്ടായി. മുൻകാല പ്രാബല്യത്തോടുകൂടി ഓഫീസർമാരുടെ ആനുകൂല്യങ്ങൾ വെട്ടിക്കുറയ്ക്കുന്ന നിലപാട് സ്വീകരിക്കുകയുണ്ടായി. ഇതുപോലൊരു സംഭവം എറണാകുളം ജില്ലയിലെ പൊതുമേഖലാ സ്ഥാപനമായ ട്രാക്കോകേബിളിലുമുണ്ടായി. അവിടെ കഴിഞ്ഞമാസം തൊഴിലാളികൾക്ക് ശമ്പളം കൊടുക്കാത്ത സ്ഥിതിയുണ്ടായി. കോടിക്കണക്കിന് രൂപ മുതൽമുടക്കി പരിഷ്കാരങ്ങൾ നടപ്പാക്കിയെങ്കിലും

യന്ത്രസംവിധാനങ്ങളിൽ ചിലത് പ്രവർത്തിക്കുന്നില്ലെന്നുള്ള ആക്ഷേപമുണ്ട്. മാനേജ്മെന്റ് സംവിധാനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ നമുക്ക് ഇടപെടാൻ കഴിയണം. ഞാൻ കൂടുതൽ വിശദീകരണങ്ങളിലേയ്ക്ക് പോകുന്നില്ല. വ്യവസായങ്ങളുടെ സുഗമമായ പ്രവർത്തനത്തിന് അനിവാര്യ ഘടകമായ ഊർജ്ജ സ്രോതസ്സിന് പ്രാധാന്യം നൽകണം.

മി. ചെയർമാൻ: അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ഞാൻ തൃക്കാക്കര മണ്ഡലത്തിലെ ഒരു വോട്ടറാണ്. ഞാനും ശ്രീ. ടി. ജെ. വിനോദുമുൾപ്പെടെ ഈ സഭയിലെ നാല് എം.എൽ.എ.-മാർ തൃക്കാക്കര മണ്ഡലത്തിലാണ് താമസിക്കുന്നത്. ശ്രീ. തോമസ് കെ. തോമസിന്റെ മണ്ഡലം വേറെയാണെങ്കിലും താമസിക്കുന്നത് അവിടെയാണ്. ഞങ്ങൾ സഹോദരീ നിർവിശേഷമായ സ്നേഹവായ്പോടുകൂടി കാണുന്ന എം.എൽ.എ. ശ്രീമതി ഉമ തോമസ് ഒരുപാട് വെല്ലുവിളികളെ നേരിട്ടുകൊണ്ടാണിവിടെ എത്തിയിരിക്കുന്നത്. ആ തെരഞ്ഞെടുപ്പിൽ പ്രവർത്തിച്ച രസതന്ത്രം ഞാനിവിടെ വിശദീകരിക്കുന്നില്ല. കോൺഗ്രസ് നേതാവായിരുന്ന ശ്രീ. കെ. വി. തോമസ്, മുൻമന്ത്രി ശ്രീ. ഡൊമിനിക് പ്രസന്റേഷൻ, മുൻ മേയർ ശ്രീ. ടോണി ചമ്മിണി

തുടങ്ങിയവരുടെ എതിർപ്പുകളോടുകൂടിയാണ് അവർ നിയമസഭയിലേക്ക് എത്തിയത്.

മി. ചെയർമാൻ: പ്ലീസ് .... അങ്ങ് അവസാനിപ്പിക്കണം.....

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: കുട്ടിക്കുരങ്ങനെക്കൊണ്ട് ചുടുചോറ് വാരിക്കുന്നതുപോലെ ശ്രീ. കുമ്മനം രാജശേഖരന്റെ ഒത്താശയോടുകൂടിയാണ് അവർ ഇവിടെ ജയിച്ചുവന്നതെന്നത് ശ്രദ്ധേയമായ കാര്യമാണ്. ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. അൻവർ സാദത്ത്: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ ശക്തമായി എതിർക്കുകയാണ്. ഗാർഹിക ഉപഭോക്താക്കളുടെ വൈദ്യുത ചാർജിലുണ്ടായ അമിത വർദ്ധനവിലൂടെ കേരളത്തിലെ സാധാരണക്കാരെ കൊള്ളയടിക്കുന്ന സമീപനമാണുണ്ടായിരിക്കുന്നത്. ഇത് കേരളത്തിലെ ജനങ്ങൾ പൊറുക്കില്ല. ഈ ഗവൺമെന്റ് അധികാരത്തിലേറിയപ്പോൾ എല്ലാം ശരിയാക്കും, എല്ലാം തീർപ്പാക്കുമെന്നൊക്കെ പറഞ്ഞിട്ട് ഇലക്ട്രിസിറ്റി ചാർജ് വർദ്ധനവിലൂടെ ഇവിടത്തെ സാധാരണക്കാരായ ജനങ്ങളുടെമേൽ അമിതഭാരം അടിച്ചേൽപ്പിക്കുന്ന സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. കേരളത്തിൽ കൂടുതലും 100 യൂണിറ്റിനും 500 യൂണിറ്റിനുമിടയിൽ വൈദ്യുതി ഉപയോഗിക്കുന്നവരാണ്. വൈദ്യുത ചാർജ് വർദ്ധനവിലൂടെ സർക്കാർ

ഇവരെ കൊള്ളയടിച്ചത് ശരിയാണോ? നമുക്കെല്ലാവർക്കുമറിയാം, തമിഴ്നാട്ടിൽ ആദ്യത്തെ നൂറ് യൂണിറ്റ് വൈദ്യുതി എല്ലാവർക്കും സൗജന്യമാണ്. 500 യൂണിറ്റ് ഉപയോഗിക്കുന്നവരും ആദ്യ 100 യൂണിറ്റിന് പണം നൽകേണ്ടതില്ല. സ്റ്റാലിൻ ഗവൺമെന്റ് എത്ര നല്ല സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. എന്തുകൊണ്ട് നമുക്കത് സ്വീകരിക്കാൻ സാധിക്കുന്നില്ല? പ്രിയങ്കരനായ വൈദ്യുതി വകുപ്പുമന്ത്രി നല്ല മന്ത്രി തന്നെയാണ്, പക്ഷെ അദ്ദേഹത്തിന് ഈ വകുപ്പിനോട് എത്രമാത്രം താൽപ്പര്യമുണ്ടെന്ന കാര്യത്തിൽ സംശയമുണ്ട്. ഈ വകുപ്പ് അദ്ദേഹത്തിനുമേൽ അടിച്ചേൽപ്പിച്ചതാണെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. അദ്ദേഹത്തെ മോശക്കാരനാക്കുന്നത് ഞങ്ങളാരുമല്ല, അവിടത്തെ സി.ഐ.ടി.യു തന്നെയാണ്. 'ഈ മന്ത്രി ഏറ്റവും മോശമാണ്, മന്ത്രിയുടെ നിലപാട് ശരിയല്ല, വകുപ്പ് ശരിയല്ല, എന്തിന് ഈ മന്ത്രിയെ ഈ വകുപ്പ് അടിച്ചേൽപ്പിച്ചു' എന്നൊക്കെ എല്ലാ ദിവസവും അവർ പറയാറുണ്ട്. അദ്ദേഹത്തിന് സ്വതന്ത്രമായി നല്ല മനസ്സോടുകൂടി മുന്നോട്ടുപോകാൻ സാധിക്കില്ലെന്ന് അപ്പോഴാണ് മനസ്സിലായത്. കേരളത്തിൽ 500 യൂണിറ്റ് വൈദ്യുതി ഉപയോഗിച്ചാൽ രണ്ട് മാസത്തേയ്ക്ക് 8772 രൂപയുടെ ബില്ലാണ് വരുന്നത്. തമിഴ്നാട്ടിൽ അത് 2362 രൂപ മാത്രമാണ്; 6410 രൂപയുടെ

വ്യത്യാസമാണുണ്ടായിരിക്കുന്നത്. അപ്പോൾ സാധാരണക്കാരായ ജനങ്ങളിൽനിന്നും എത്രമാത്രം തുകയാണ് കൊള്ളയടിച്ചിരിക്കുന്നതെന്ന് മനസ്സിലാക്കണം. ഡൽഹിയിൽ 200 യൂണിറ്റും പഞ്ചാബിൽ 300 യൂണിറ്റ് വൈദ്യുതിയുമാണ് സൗജന്യമായി കൊടുക്കുന്നത്. ഇതെല്ലാം ഈ ഗവൺമെന്റ് കാണുന്നില്ലേ? സാധാരണക്കാർ മുതൽ എല്ലാവരും വൈദ്യുതി ഉപയോഗിക്കുന്നവരാണ്. സാധാരണക്കാരുടെ ഗവൺമെന്റെന്ന് പറയപ്പെടുന്ന ഈ ഗവൺമെന്റ് ജനങ്ങൾക്ക് അത്രമാത്രം പ്രഹരം നൽകുകയാണ്. തൊട്ടടുത്തുള്ള സംസ്ഥാനത്ത് കൊടുക്കുന്ന ആനുകൂല്യംപോലും ഇവിടെ കൊടുക്കാൻ സാധിക്കുന്നില്ല. എന്റെ മണ്ഡലത്തിലെ കാഞ്ഞൂരിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ ഒരു സെക്ഷൻ ഓഫീസുണ്ട്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് അനുവദിച്ച ഈ ഓഫീസ് ഇപ്പോഴും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. കെ.എസ്.ഇ.ബി.എൽ. ആ കെട്ടിട ഉടമയ്ക്ക് ഏകദേശം ഒരു ലക്ഷത്തിൽപ്പരം രൂപ വാടക കുടിശ്ശിക കൊടുക്കാനുണ്ട്. ഇക്കാര്യം പല തവണ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. അവിടെ സ്വന്തമായൊരു സെക്ഷൻ ഓഫീസിനുവേണ്ടി ഞങ്ങൾ ശ്രമിക്കുന്നുണ്ട്. പഞ്ചായത്തിന് വിട്ടുകൊടുത്ത സ്ഥലത്തെ മൃഗാശുപത്രിയുടെ മുകളിലത്തെ നിലയിൽ സെക്ഷൻ ഓഫീസ്

തുടങ്ങാനുള്ള എല്ലാ സംവിധാനങ്ങളുമുണ്ട്. പക്ഷെ അവിടെ സെക്ഷൻ ഓഫീസ് തുടങ്ങാൻ അനുവദിക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് അവിടെയൊരു സെക്ഷൻ ഓഫീസ് തുടങ്ങാനുള്ള സാഹചര്യമുണ്ടാക്കണം.

വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട് ഇവിടെ പലരും പുകഴ്ത്തിപ്പറയുകയുണ്ടായി. കണക്കിൽ ചില കൃത്രിമങ്ങൾ കാണിച്ചുകൊണ്ട് വ്യവസായ വകുപ്പ് ലാഭത്തിലാണെന്ന് വരുത്തിത്തീർക്കുന്ന സമീപന രീതി എല്ലാക്കാലത്തും എൽ.ഡി.എഫ്. സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രിക്കറിയാം, എന്റെ മണ്ഡലത്തിൽ ജി.ടി.എൻ. എന്നൊരു സ്ഥാപനമുണ്ട്. 1964-ൽ സ്ഥാപിതമായ, ഏകദേശം 500-നടുത്ത് തൊഴിലാളികൾ ജോലി ചെയ്യുന്ന ആ വ്യവസായ സ്ഥാപനം ഇന്ന് പൂട്ടിയിട്ടിരിക്കുകയാണ്. അവിടത്തെ യൂണിയനുകളുൾപ്പെടെ ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെയും ഗവൺമെന്റിന്റെയും ശ്രദ്ധയിൽപ്പെടുത്തിയിട്ടും ആ കമ്പനി സംരക്ഷിക്കാൻ ഈ സർക്കാരിന് സാധിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ജില്ലകൾതോറും വിളിച്ചുചേർത്ത യോഗത്തിൽ പങ്കെടുത്ത് ഞങ്ങൾ അതിലിടപെട്ട് സംസാരിക്കുകയൊക്കെ ചെയ്തെങ്കിലും ഒരു നടപടിയുമുണ്ടായില്ല. ജി.ടി.എൻ.-ൽ ഏകദേശം 500-ഓളം തൊഴിലാളികളാണ് അനാഥരായിരിക്കുന്നത്. ഇന്ന് 40 വയസ്സ് കഴിഞ്ഞ

ആളുകൾക്ക് എവിടെ ജോലി കിട്ടും? അവിടത്തെ പ്രശ്നം തീർത്ത് നഷ്ടപരിഹാരം കൊടുക്കാൻ തീരുമാനമായിട്ടുണ്ടെങ്കിലും അവരുടെ തൊഴിൽ നഷ്ടപ്പെട്ടിരിക്കുകയാണ്. ശ്രീ. പി. വി. ശ്രീനിജിൻ തൃക്കാക്കര മണ്ഡലത്തിന്റെ കാര്യം പറഞ്ഞു, അവിടെ അരുൺ കുമാറിനെ സ്ഥാനാർത്ഥിയാക്കി പോസ്റ്റിട്ടിട്ട് അദ്ദേഹത്തിനുതന്നെ പിൻവലിക്കേണ്ടി വന്നു. സ്ഥാനാർത്ഥിയുടെ കാര്യത്തിൽ ആശയക്കുഴപ്പമുണ്ടായത് എൽ.ഡി.എഫ്.-നാണ്. അല്ലാതെ ഞങ്ങൾക്ക് യാതൊരു ആശയക്കുഴപ്പവുമില്ല. ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്, കഴിഞ്ഞ സമ്മേളനത്തിൽ ഒന്നും മിണ്ടിയില്ലെന്നാണ് പറഞ്ഞുകേട്ടത്. പ്രിയങ്കരനായ ശ്രീ. വി. ഡി. സതീശൻ അന്ന് ഇരുപത്തിയഞ്ച് അടിയന്തര പ്രമേയങ്ങളാണ് അവതരിപ്പിച്ചത്. നിയമസഭാ ചരിത്രത്തിൽ ഏറ്റവുംകൂടുതൽ അടിയന്തര പ്രമേയം അവതരിപ്പിച്ചതിനുള്ള റെക്കോർഡ് ശ്രീ. വി. ഡി. സതീശനാണ്. ഇവിടെ ആദ്യം പ്രസംഗിച്ച അംഗം പറഞ്ഞത്, സ്വർണ്ണക്കടത്ത് പ്രതി സ്വപ്ന സുരേഷിന്റെ ഗൂഢാലോചനയിൽ അദ്ദേഹത്തിന് പങ്കുണ്ടെന്നാണ്. ഡോ. കെ. ടി. ജലീൽ കൊടുത്ത പരാതിയിൽ പറയുന്നതുപോലെ സ്വപ്ന സുരേഷിന്റെ ഗൂഢാലോചനയിൽ ശ്രീ. വി. ഡി. സതീശന് പങ്കുണ്ടെന്ന് നിങ്ങൾ എന്തർത്ഥത്തിലാണ് പറഞ്ഞത്. ശ്രീ. രമേശ് ചെന്നിത്തല

പ്രതിപക്ഷ നേതാവായിരുന്ന സമയത്തും ഇതുപോലുള്ള കാര്യങ്ങൾ സഭയിൽ കൊണ്ടുവന്ന് അദ്ദേഹത്തെ മോശക്കാരനാക്കാൻ ശ്രമിച്ചതുപോലെ ശ്രീ. വി. ഡി. സതീശനോടും പെരുമാറിയാൽ കേരളത്തിലെ ജനങ്ങൾ അത് അംഗീകരിക്കില്ലെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇവിടെ ശ്രീ. എ. എൻ. ഷംസീർ 'ഇസ്ലാമോഫോബിയ' എന്നൊരു കാര്യം പറയുകയുണ്ടായി. എനിക്ക് മനസ്സിലാകുന്നില്ല, ബിരിയാണിയും ഈന്തപ്പഴവും മുസ്ലീങ്ങളുടെ കുത്തകയാണോ; മുസ്ലീങ്ങൾ മാത്രമാണോ ഇത് കഴിക്കുന്നത്? ഏത് രാജ്യത്തും താമസിക്കുന്ന മുസ്ലീങ്ങൾ ആ നാട്ടിലെ നിയമവ്യവസ്ഥ പൂർണ്ണമായും അനുസരിക്കാൻ ബാദ്ധ്യസ്ഥരാണെന്ന് ഖുറാനിൽ പറയുന്നുണ്ട്. ശ്രീ. എ. എൻ. ഷംസീറിനെപ്പോലുള്ള ആളുകൾ അതിനെപ്പോലും മതവൽക്കരിച്ചുകൊണ്ട് അല്ലെങ്കിൽ അതിൽപ്പോലും വർഗ്ഗീയത പറഞ്ഞുകൊണ്ട് ഒരു കേസിനെ പ്രതിരോധിക്കാൻ തയ്യാറാകുന്ന മാനസികാവസ്ഥ എനിക്ക് മനസ്സിലാകുന്നില്ല. ഒരു യഥാർത്ഥ കമ്മ്യൂണിസ്റ്റുകാരന് അങ്ങനെ ചെയ്യാൻ സാധിക്കുമോ? അതാണ് ഇവിടെ ശ്രീ. നജീബ് കാന്തപുരം പറഞ്ഞത്, 'നിങ്ങൾ യഥാർത്ഥ കമ്മ്യൂണിസ്റ്റായി മാറൂ, കോൺഗ്രസ്സും ലീഗുമൊന്നുമാകേണ്ട, യഥാർത്ഥ കമ്മ്യൂണിസ്റ്റായാൽ നിങ്ങൾക്ക് ഇങ്ങനെയൊന്നും പറയാൻ സാധിക്കില്ല' എന്ന്. അതുകൊണ്ട്

വെറുതെ വർഗ്ഗീയ വികാരം ഇളക്കിവിടുന്ന നിങ്ങളുടെ ഈ കുതന്ത്രം കേരളത്തിലെ ജനങ്ങൾ ഒരു കാരണവശാലും അംഗീകരിക്കില്ല. നിങ്ങൾ ഇവിടെ ഉയർത്തുന്ന ആരോപണങ്ങൾ ഞങ്ങളാരും കൊണ്ടുവന്നതല്ല, നിങ്ങൾ തന്നെ കൊണ്ടുവന്നതെന്ന് മാത്രം പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. തോമസ് കെ. തോമസ്: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. പ്രകൃതി ദുരന്തങ്ങളും കോവിഡ് മഹാമാരിയും ഭയാനകമാക്കിയ കാലഘട്ടത്തെ അതിജീവിച്ച് വികസനത്തിലൂടെ നാം വളരെ പുരോഗതി പ്രാപിച്ചിരിക്കുകയാണ്. വളരെ ഇച്ഛാശക്തിയോടെ പ്രവർത്തിക്കുന്ന ഒരു ഗവൺമെന്റാണ് നമ്മുടേത്. പ്രത്യേകിച്ചും വ്യവസായ വകുപ്പുമന്ത്രി ശ്രീ. പി. രാജീവ് വളരെ ഇച്ഛാശക്തിയും ദീർഘവീക്ഷണവുമുള്ള മന്ത്രിയാണ്. അദ്ദേഹം കഴിഞ്ഞ ഒരു വർഷത്തിലധികം കേരളത്തിലുടനീളം സഞ്ചരിച്ച് വളരെ നല്ല രീതിയിൽ വ്യവസായത്തിന് അടിസ്ഥാനമുണ്ടാക്കി. അടിസ്ഥാനമുണ്ടാകുന്നതിനുമുൻപ് എല്ലാം കൊണ്ടുവരണമെന്നുപറഞ്ഞാൽ എങ്ങനെയാണ്? അടിസ്ഥാനമുണ്ടെങ്കിൽ മാത്രമെ മുകളിലേയ്ക്ക് പണിയാൻ സാധിക്കുകയുള്ളൂ. ആലപ്പുഴയിൽ നടന്ന മീറ്റ് ദി മിനിസ്റ്റർ പരിപാടിയിൽ, ജില്ലയിൽനിന്ന് ഒൻപത് എം.എൽ.എ.-മാർ ഉള്ളതിൽ ശ്രീ. രമേശ്

ചെന്നിത്തല വന്നില്ല, പിന്നെയുള്ളതിൽ രണ്ടുപേർ മന്ത്രിമാരാണ്, ബാക്കി ഞങ്ങൾ ആറ് പേരും അതിൽ പങ്കെടുത്ത് കാര്യങ്ങൾ ചർച്ച ചെയ്ത് നല്ല രീതിയിൽ അടിസ്ഥാനമുണ്ടാക്കുന്നതിന് സാധിച്ചു. അദ്ദേഹത്തിന്റെ നൂറുദിന കർമ്മ പദ്ധതിയിൽപ്പെട്ടതായിരുന്നു കുട്ടനാട്ടിലെ തകഴിയിലുള്ള റൈസ് പാർക്ക്. ഇത്തരത്തിലുള്ള കാര്യങ്ങൾക്ക് മുൻഗണന കൊടുത്ത് പ്രവർത്തിക്കുമ്പോൾ, നമുക്കുവേണ്ടി പ്രവർത്തിക്കുന്ന ഒരു ഗവൺമെന്റ്, ജനങ്ങളെ കേൾക്കുന്ന മന്ത്രിമാർ, ജനങ്ങൾക്ക് കൈത്താങ്ങാവുന്നവർ, എന്നിങ്ങനെ നമുക്കൊരു ബലമുണ്ട്. പക്ഷെ പ്രതിപക്ഷം ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുമെന്ന് ഒരിക്കലും പ്രതീക്ഷിക്കുന്നില്ല. നല്ല കാര്യങ്ങൾ നടപ്പാക്കുന്നത് ഇഷ്ടപ്പെടാത്ത ആളുകളാണ് നിങ്ങളെന്ന കാര്യത്തിൽ ഞങ്ങൾക്ക് സംശയമില്ല. പ്രതിപക്ഷം ഒരിക്കലും ഞങ്ങളെ അംഗീകരിക്കില്ലെന്നറിയാം. കാരണം നിങ്ങളുടെ ഏറ്റവും വലിയ പ്രയാസം ശ്രീ. പിണറായി വിജയനാണ്. ഈ വിവേകവും ബുദ്ധിയുമൊക്കെ അദ്ദേഹത്തിന് എവിടെനിന്നും വരുന്നുവെന്നതാണ് നിങ്ങളെ അലട്ടുന്ന വിഷയം. അതുകൊണ്ടാണല്ലോ നിങ്ങൾ ഒന്നുപറഞ്ഞ് രണ്ടാമത്തേതിന് പ്രകോപിതരാകുന്നത്. ശ്രീ. പിണറായി വിജയനെ കിട്ടിയില്ലെങ്കിൽ മകളെയോ, മകളെ കിട്ടിയില്ലെങ്കിൽ ഭാര്യയുടെയോ പേര് പറയും.

അത്തരത്തിൽ ആരെയൊക്കെയാണോ നിങ്ങളുടെ പദ്ധതിയിൽ കൊണ്ടുവരാൻ പറ്റുന്നത് അവരെയൊക്കെ കൊണ്ടുവന്ന് ഏതൊക്കെ രീതിയിൽ തേജോവധം ചെയ്യാമോ ആ രീതിയിലൊക്കെ നിങ്ങൾ ചെയ്യും. പക്ഷെ ഇതൊന്നും ഏശാൻ പോകുന്നില്ല, കാരണം ഇത് രക്തം വേറെയാണ്; അത് തൊട്ടുകളിക്കാൻ നിങ്ങളൊന്നും ആയിട്ടില്ല; അതിന് കോൺഗ്രസ്സുകാർ ഒരിക്കൽക്കൂടി ജനിക്കണം. കാരണം വളരെ പ്രത്യേകതകളുള്ള മുഖ്യമന്ത്രിയാണ് ഞങ്ങളുടേത്. ആ വിഷയം ഞാനിവിടെ നിർത്തുകയാണ്. കാരണം അതിലേയ്ക്ക് കടന്നാൽ ഞാൻ വികാരാധീനനായിപ്പോകും. ഇവിടെ വൈദ്യുതി വകുപ്പുമന്ത്രിയെക്കുറിച്ച് പ്രസംഗിക്കുന്നത് കേട്ടു. മന്ത്രി വളരെ മോശമാണെന്ന് സി.ഐ.റ്റി.യു.വും മറ്റുള്ളവരും പറഞ്ഞുവെന്ന ആവശ്യമില്ലാത്ത സംസാരത്തിലേയ്ക്ക് എന്തിനാണ് പോകുന്നത്? ശ്രീ. കെ. കൃഷ്ണൻകുട്ടിയെപ്പോലെ നല്ല മന്ത്രിയുണ്ടോ; അദ്ദേഹത്തിന് എന്തെല്ലാം രീതിയിലുള്ള അറിവുകളാണുള്ളത്. നിങ്ങൾ ഇന്നുവരെ അദ്ദേഹത്തോട് സംസാരിക്കാത്തതുകൊണ്ടാണ് ഇങ്ങനെയൊക്ക തോന്നുന്നത്. ആദ്യം മന്ത്രിമാരുമായി സംസാരിക്കണം. കാര്യസാധ്യത്തിന് ചെവിയിൽ സംസാരിച്ചിട്ട് കാര്യമില്ല. ഒരു മന്ത്രിയുടെ സ്വഭാവമെന്താണെന്നും ഏത് രീതിയിൽ ഇടപെടുന്നുവെന്നും മനസ്സിലാക്കിയിട്ടേ നിയമസഭയിൽ കുറ്റം

പറയാൻ പാടുള്ളൂ; അല്ലാത്ത സംസാരം തെറ്റാണ്. ഖേദമൊന്നും പ്രകടിപ്പിക്കേണ്ട; നിങ്ങൾ പറഞ്ഞത് പിൻവലിച്ചാൽ മതി. നല്ലത് നല്ലതാണെന്ന് പറയാനുള്ള ആർജ്ജവം നിങ്ങൾക്കുണ്ടാകണം. ഞങ്ങൾ ഒരിക്കലും യു.ഡി.എഫ്. മന്ത്രിമാരെക്കുറിച്ച് കുറ്റം പറയാൻ വന്നിട്ടില്ല, ഞങ്ങൾക്ക് പറയേണ്ട കാര്യവുമില്ല. വളരെ വ്യക്തമായ രീതിയിൽ കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന സംസ്ഥാനമാണ് കേരളം. വളരെ നല്ല രീതിയിൽ വ്യവസായങ്ങളും നിരവധി ഐ.ടി. പാർക്കുകളും സംവിധാനങ്ങളും ഇടതുപക്ഷമുന്നണി സർക്കാർ കൊണ്ടുവന്നു. അറുപത്തിയഞ്ച് വർഷത്തോളം ഭരിച്ചിട്ട് നിങ്ങൾ എന്ത് പുരോഗതി കൊണ്ടുവന്നു? ഒന്നുപറഞ്ഞാൽ രണ്ടാമത്തേതിന് എയർപോർട്ടിനെക്കുറിച്ചോ അല്ലെങ്കിൽ മറ്റെന്തെങ്കിലും കാര്യത്തെക്കുറിച്ചോ പറയും; നിങ്ങൾ എന്ത് വ്യവസായമാണ് കൊണ്ടുവന്നിട്ടുള്ളത്? ബഹുമാനപ്പെട്ട മുഖ്യമന്ത്രി എവിടെപ്പോയാലും അതിനെ കുറ്റം പറയുന്നതാണ് നിങ്ങളുടെ സ്വഭാവം. അതുകൊണ്ട് എനിക്ക് നിങ്ങളോട് പറയാനുള്ളത്, നിങ്ങൾ എതിർത്തോളൂ, അത് നല്ല കാര്യമാണ്; പക്ഷെ, വികസനത്തെ തടസ്സപ്പെടുത്തുന്നത് നല്ല സ്വഭാവമല്ല. കാരണം, സംസ്ഥാനത്തിന് ചില പരിമിതികളുണ്ട്. ജി.എസ്.ടി. ഇനത്തിലുള്ള കേന്ദ്ര വിഹിതംപോലും തുച്ഛമായാണ് ലഭിക്കുന്നത്. ഈ പരിധിയിൽ

നിന്നുകൊണ്ടാണ് ഞങ്ങൾ പ്രവർത്തനം കാഴ്ചവയ്ക്കുന്നതെന്ന് നിങ്ങൾ മറന്നുപോകരുത്. എല്ലാ രീതിയിലും പ്രത്യേകതയുള്ള ഗവൺമെന്റാണ് സഖാവ് പിണറായി വിജയൻ നയിക്കുന്ന ഗവൺമെന്റ്. അന്യ സംസ്ഥാനങ്ങളുടെ കാര്യം പരിശോധിക്കണമെന്ന് ശ്രീമതി കെ. കെ. രമ പറഞ്ഞു; നിങ്ങളുടെ ജീവിതകാലം മുഴുവൻ ഇത്തരത്തിലേ ചിന്തിക്കുകയുള്ളൂ. പണ്ട് നമ്മുടെ നാട്ടിൽ വൈദ്യുതി പോയിക്കഴിഞ്ഞാൽ തോമാച്ചന്റെ വീട്ടിൽ നോക്കാൻ പറയും. അവിടെയും ഇല്ലെന്നറിയുമ്പോൾ വലിയ സന്തോഷമാണ്, പിന്നെ പ്രശ്നവുമില്ല. അതുപോലെ അന്യസംസ്ഥാനങ്ങളായ തമിഴ്നാടിനെയും ആന്ധ്രാപ്രദേശിനെയും നോക്കണമെന്നാണ് പറയുന്നത്, എന്നാലും കേരളത്തെ നോക്കരുത്. കാരണം, പുരോഗതിയുണ്ടാക്കുന്ന രീതിയിൽ കോൺഗ്രസ്സുകാർ ഒരു സംവിധാനവും ചെയ്തിട്ടില്ല, പ്രവർത്തിച്ചിട്ടില്ല. തമ്മിലടി തീർന്നാലല്ലേ പ്രവർത്തിക്കാൻ സമയം കിട്ടുകയുള്ളൂ. എൻ.സി.പി.-യുടെ കാര്യം ഞങ്ങൾ നോക്കിക്കൊള്ളാം. നിങ്ങൾ ശരിയല്ലാത്തതുകൊണ്ട് നിങ്ങളിൽ നിന്നാണല്ലോ നാഷണലിസ്റ്റ് കോൺഗ്രസ് പാർട്ടി (എൻ.സി.പി.) ഉണ്ടായത്. നിങ്ങളുടെ സ്വാഭാവദൂഷ്യംകൊണ്ടാണല്ലോ ഞങ്ങൾക്ക് അതിലേയ്ക്ക് ചാടേണ്ടി വന്നത്. പ്രസിഡന്റ് സ്ഥാനത്തേയ്ക്ക് ഒരു മത്സരാർത്ഥിയെ ഇന്ത്യ മുഴുവൻ

അന്വേഷിച്ചിട്ട് കിട്ടിയില്ല. ശ്രീ. ശരദ് പവാറിന്റെ പുറകെ നടന്നിട്ട് അദ്ദേഹം പറ്റില്ലെന്ന് പറഞ്ഞപ്പോൾ ശ്രീ. യശ്വന്ത് സിൻഹയെ സ്ഥാനാർത്ഥിയാക്കി. അദ്ദേഹത്തെ സ്വീകരിക്കാൻ ഞങ്ങൾ എയർപോർട്ടിൽ വന്നില്ലെന്ന് നിങ്ങൾ പരാതി പറഞ്ഞു. നിങ്ങൾ പോകുന്ന സ്ഥലത്തേയ്ക്ക് ആർക്കെങ്കിലും വരാൻ സാധിക്കുമോ; നിങ്ങൾ ആരെയെങ്കിലും അടുപ്പിക്കുമോ? പണ്ടേ നിങ്ങളുടെ സ്വഭാവം അങ്ങനെയാണ്. എന്തായാലും ഒരു കാര്യം വളരെ വ്യക്തമാണ്, വളരെ നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഗവൺമെന്റാണിത്. ശ്രീ. പിണറായി വിജയനെ തൊട്ടുള്ള കളി വിടാമെങ്കിൽ എല്ലാം ശരിയാകും. ഞങ്ങൾക്കൊരു മുദ്രാവാക്യമുണ്ട് " ഞങ്ങളൊന്ന് പറഞ്ഞേക്കാം ഞങ്ങൾക്കുണ്ടൊരു നേതാവ്, പേര് കേട്ടാൽ പേടിക്കും, വേണേൽ ഒന്ന് പറഞ്ഞേക്കാം, പിണറായി എന്ന പേരാണ്. ധീരാ ധീരാ പിണറായി ധീരതയോടെ നയിച്ചോളൂ, ലക്ഷം ലക്ഷം പിന്നാലെ." ഇത് രക്തം വേറെയാണ് കോൺഗ്രസ്സേ; അദ്ദേഹം വളരെ നല്ല രീതിയിൽ കാര്യങ്ങൾ ചെയ്യട്ടേ. കേരളം ഒരു വികസന കുതിപ്പിലേയ്ക്ക് പോകുകയാണ്. ഐ.ടി., വ്യവസായം, ഇലക്ട്രിസിറ്റി, അഗ്രികൾച്ചർ അങ്ങനെ ഏത് മേഖലകളിലും സമാനതകളില്ലാത്ത മന്ത്രിമാരാണ് ഇവിടെയുള്ളത്. ഒരാളെയും മാറ്റിനിർത്താൻ കഴിയില്ല. പ്രത്യേകതകളുള്ള കേരളം വികസന

കുതിപ്പിലേയ്ക്ക് നീങ്ങുമ്പോൾ അതിനെ സഹായിക്കണം. എ.സി. റോഡ് പണി പൂർത്തിയാകുമ്പോൾ ഒരു പുതിയ കുട്ടനാട് ഉയർത്തെഴുന്നേൽക്കുന്നതുപോലെ കെ-റെയിൽ കഴിയുമ്പോൾ ഒരു പുതിയ കേരളം ഉയർത്തെഴുന്നേൽക്കുമെന്നുള്ളത് നിങ്ങൾ മറന്നുപോകരുതെന്ന് പറഞ്ഞുകൊണ്ട് ഞാൻ പ്രസംഗം അവസാനിപ്പിക്കുന്നു.

<u>ശ്രീ. ഐ. ബി. സതീഷ്</u>: സർ, ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. ജീവിതം ഒരർത്ഥത്തിൽ സമയത്തോടുള്ള യുദ്ധമാണ്. സമയത്തെ കീഴ്പെടുത്താൻ കഴിയുന്നൊരു സമൂഹമാണ് വികസനത്തിൽ കുതിച്ചുചാട്ടം നടത്തുന്നത്. നഷ്ടപ്പെടുന്ന ഓരോ നിമിഷവും വളരെ മൂല്യങ്ങളുള്ളതാണെന്ന തിരിച്ചറിവാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിനെയും വ്യവസായ വകുപ്പിനെയും നയിക്കുന്നത്. ഈ ഗവൺമെന്റ് രണ്ട് നിയമനിർമ്മാണങ്ങൾ കൊണ്ടുവന്നിട്ടുണ്ട്. 2021-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ (ഭേദഗതി) ബിൽ, 2021-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ. ഈ രണ്ട് ബില്ലുകളുടെയും പേരുകൾതന്നെ ഉള്ളടക്കം സ്വയം സംസാരിക്കുന്നതാണ്. ഒരു നിമിഷവും നഷ്ടപ്പെടുത്താനില്ല, അതിവേഗം മുന്നോട്ട് കുതിക്കേണ്ടതുണ്ട്.

വിവിധ വകുപ്പുകളുടെ ഏകോപനത്തിന്റെ മാതൃക വ്യവസായ വകുപ്പിൽ നമുക്ക് കാണാൻ കഴിയും. പുതിയ സമീപനം വരികയാണ്. എല്ലാ പഞ്ചായത്തുകളിലും എം.ബി.എ./ബി.ടെക്. ബിരുദധാരികൾ ഇന്റേണുകളായി പ്രവർത്തിക്കുന്നു. ഒരു പഞ്ചായത്തിൽ ഒരു വ്യവസായമെന്നത് മുദ്രാവാക്യമല്ല, യാഥാർത്ഥ്യമാകാൻ പോകുന്നതാണ്. ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് കീഴിൽ ഒരു ഉല്പന്നമെന്ന് വരുമ്പോൾ ബൗദ്ധിക സ്വത്തവകാശ നിയമത്തിൽ geographical integration അനുസരിച്ചുള്ള പ്രൊട്ടക്ഷൻ കിട്ടുകയും അന്താരാഷ്ട്ര മാർക്കറ്റിൽ കേരളത്തിന്റെ സാധ്യത വർദ്ധിക്കുകയും ചെയ്യും. ഏതൊരു സംരംഭം/ വ്യവസായം തുടങ്ങുമ്പോഴും ഉല്പാദനം മുതൽ വിതരണം വരെയുള്ള വൈതരണികളെ മറികടക്കുക പ്രധാനമാണ്. ഇക്കാര്യത്തിൽ വ്യവസായ വകുപ്പിന് പ്രത്യേക കാഴ്ചപ്പാടുണ്ട്. 2022-23 സംരംഭക വർഷമായി പ്രഖ്യാപിച്ചുകഴിഞ്ഞു. മൂന്ന് മാസത്തിനകം 25,000 സംരംഭങ്ങൾ കേരളത്തിൽ ആരംഭിച്ചുവെന്ന് പറഞ്ഞാൽ അത് ആത്മാർത്ഥതയുടെയും നിശ്ചയദാർഢ്യത്തിന്റെയും വിളംബരമാണ്. എന്റെ മണ്ഡലത്തിൽത്തന്നെ ഇതിനോടകം 11 പുതിയ സംരംഭങ്ങൾ ആരംഭിച്ചിരിക്കുന്നു. ഒക്ടോബർ ആകുമ്പോഴേയ്ക്കും 27 പുതിയ സംരംഭങ്ങൾ തുടങ്ങാനാകും. ഇത്

സർക്കാരിന്റെ നയത്തിൽനിന്നും കിട്ടിയ ഊർജ്ജത്തിന്റെയും ഏകോപനത്തിന്റെയും ഭാഗമാണ്. അതുപോലെ കേരളത്തിലെ വ്യവസായത്തിന് വൈദ്യുതി അനിവാര്യമാണ്. പവർകട്ടില്ലാത്ത നാടായി കേരളം മുന്നോട്ടുപോകുമ്പോൾ കാർബൺരഹിത കേരളമെന്ന പുതിയൊരു കാഴ്ചപ്പാടിന് പ്രസക്തിയേറും. അടുത്ത തലമുറയ്ക്ക് ഈ മണ്ണിനെ ഒരുക്കികൊടുക്കുക എന്നത് നമ്മുടെ ദൗത്യമാണ്. കഴിഞ്ഞ ഒരു വർഷത്തിനിടയിൽ സൗരോർജത്തിലൂടെ 325 മെഗാവാട്ട് വൈദ്യുതി നമുക്ക് ഉല്പാദിപ്പിക്കാനായി. പുതിയ കാലത്തിന്റെ അനിവാര്യത തിരിച്ചറിയുന്ന സമീപനം വ്യവസായ വകുപ്പിലെന്നപോലെ വൈദ്യുതി വകുപ്പിലും കാണാൻ കഴിയുന്നുണ്ട്. ഇവിടെ നമുക്ക് ഒരു പ്രതിപക്ഷമുണ്ട്. പ്രതിപക്ഷത്തെ എങ്ങനെ ഒറ്റവാക്കിൽ വിശേഷിപ്പിക്കാമെന്ന് ചോദിച്ചാൽ 'നിഷേധാത്മക പ്രതിപക്ഷം' എന്നതാണ് ഏറ്റവും ഉചിതമായ വാക്ക്. അവരുടെ മുഖത്താകമാനം നെഗറ്റിവിറ്റിയാണ് ദർശിക്കാനാവുന്നത്. അവർക്ക് ഈ കാലഘട്ടത്തെ കാണാനോ നാടിന്റെ അനിവാര്യത തിരിച്ചറിയാനോ സാധിക്കുന്നില്ല. അഡോൾഫ് ഹിറ്റ്ലർക്ക് ബ്രൗൺ ഷർട്സ് ഉണ്ടായിരുന്നു. മുസോളിനിക്ക് ബ്ലാക്ക് ഷർട്സ് ഉണ്ടായിരുന്നു. ശ്രീ. നരേന്ദ്ര മോദി സാഫ്രൺ ഷർട്സ് (കാവി സേന) ഉണ്ടാക്കാൻ അഗ്നിപഥ്-ന്

തയ്യാറെടുക്കുന്നു. തമിഴ്നാട് മുഖ്യമന്ത്രി കേരളത്തിലെത്തി സഖാവ് പിണാറായി വിജയന്റെ കൈകൾ കോർത്ത് ഉയർത്തിപ്പിടിച്ചുകൊണ്ട് പിണറായി തനിക്ക് ജ്യേഷ്ഠ സഹോദരനാണെന്നും ഞങ്ങൾ തമ്മിലുള്ള പൊരുത്തം എന്റെ പേരിൽ മാത്രമുള്ള പൊരുത്തമല്ല, രാഷ്ട്രീയത്തിലുമുള്ള പൊരുത്തമാണെന്നും പറഞ്ഞു. ലോകത്തെമ്പാടും ഫാസിസത്തെ ചെറുത്ത് തോൽപ്പിച്ച ചരിത്ര പൈതൃകം കമ്മ്യൂണിസ്റ്റുകൾക്ക് മാത്രമുള്ളതാണ്. കമ്മ്യൂണിസ്റ്റുകൾക്കുകൂടി ഊർജ്ജം പകരുന്ന ഒരു മതനിരപേക്ഷ ബദലിനുമാത്രമെ ഇന്ത്യയെ സൃഷ്ടിക്കാൻ സാധിക്കൂവെന്ന യാഥാർത്ഥ്യം മനസ്സിലാക്കുന്നില്ലെന്ന് മാത്രമല്ല ബോധപൂർവ്വം ഈ യാഥാർത്ഥ്യത്തെ തമസ്കരിച്ചുകൊണ്ട് സംഘ് പരിവാറിന്റെ കുഴൽനാദങ്ങളാണ് സഭയിൽ ഉയർ<u>ത്തു</u>ന്നത്. കഴിഞ്ഞ നിയമസഭാ കാലയളവിൽ ബി.ജെ.പി.-ക്ക് ഒരംഗമുണ്ടായിരുന്നു. ഇത്തവണ ബി.ജെ.പി.-യുടെ ശബ്ദം 21 അംഗങ്ങളിലൂടെ പ്രതിധ്വനിക്കുന്ന കാഴ്ചയാണ് നമുക്ക് കാണാൻ കഴിയുന്നത്. എന്റെ നാട്ടുകാരനാണ് ശ്രീ. ആർ. ബി. ശ്രീകുമാർ, ഐ.പി.എസ്. ഞങ്ങൾ ഒരേ പഞ്ചായ<u>ത്തു</u>കാരാണ്. അദ്ദേഹം കോൺഗ്രസ് കുടുംബത്തിലെ അംഗവും പ്രശസ്തനായ ഒരു സ്വാതന്ത്ര്യ സമരസേനാനിയുടെ ചെറുമകനുമാണ്. ഇപ്പോൾ അദ്ദേഹം ജയിലിലാണ്. കേരളത്തിലെ പ്രതിപക്ഷം ശബ്ദിക്കുന്നത്

അഖിലേന്ത്യാ നേതൃത്വം ശബ്ദിച്ചതിനുശേഷമാണ്. എം.പി. ആയിരുന്ന ജാഫ്രി ചുട്ടുകരിക്കപ്പെട്ടതിനാൽ അദ്ദേഹത്തിന്റെ വിധവയുടെ കണ്ണുനീർ അവരെ ഇപ്പോഴും വിടാതെ പിന്തുടരുന്നു. ശ്രീ. സഞ്ജീവ് ഭട്ട്, ആർ.എസ്.എസ്./ സംഘ് പരിവാറിനെതിരായ ധീരമായ നിലപാടുകൊണ്ട് ജയിലിലടക്കപ്പെട്ട മറ്റൊരു ഐ.പി.എസ്. ഓഫീസറാണ്. ശ്രീ. നരേന്ദ്രമോദിക്കെതിരായി കൈപ്പത്തി ചിഹ്നത്തിൽ കോൺഗ്രസ് സ്ഥാനാർത്ഥിയായി മത്സരിച്ച ശ്രീമതി ശ്വേത ഭട്ടിനെ പിന്തുണയ്ക്കാൻ കോൺഗ്രസ്സിന് കഴിയുന്നില്ലെന്ന യാഥാർത്ഥ്യം മനസ്സിലാക്കണം. പിണറായി വിരുദ്ധ രാഷ്ട്രീയം മാത്രമാണ് ഇവരുടെ രാഷ്ട്രീയം. സഖാവ് പിണറായി വിജയൻ എന്ന മുഖ്യമന്ത്രിക്കുവേണ്ടി നിലപാടെടുക്കുന്നവരെ അപമാനിക്കാനും അവഹേളിക്കാനും കോൺഗ്രസ് ശ്രമിക്കുന്നു. എന്തുകൊണ്ട് ഞങ്ങൾ സഖാവ് പിണറായി വിജയനെ പിന്തുണയ്ക്കുന്നുവെന്ന് നിങ്ങൾ ചിന്തിക്കണം. നിയമസഭാ സെക്രട്ടറിയായിരുന്ന ഡോ. ആർ. പ്രസന്നന്റെ 'നിയമസഭയിൽ നിശബ്ദനായി' എന്ന ഒരു പുസ്തകമുണ്ട്. അതിൽ അദ്ദേഹം പറയുന്നുണ്ട്, 'കൂത്തുപറമ്പ് എം.എൽ.എ. ആയിരുന്ന ഒരു ചെറുപ്പക്കാരനെ, ശിവപുരം പാർട്ടി ഓഫീസിൽനിന്ന് അറസ്റ്റ് ചെയ്യപ്പെട്ടുവെന്ന വ്യാജ എഫ്.ഐ.ആർ. ഉണ്ടാക്കി വീട്ടിൽനിന്ന് അറസ്റ്റ്

ചെയ്ത് കൊണ്ടുപോയി നടത്തിയ ഭേദ്യം ചെയ്യൽ.......' ആ വിവരണം കേട്ടതിനുശേഷം ചെയറിൽ ഉണ്ടായിരുന്ന അന്നത്തെ ഡെപ്യൂട്ടി സ്പീക്കർ ആർ. എസ്. ഉണ്ണി പറഞ്ഞത് ഈ മർദ്ദനം ഒരു തെങ്ങിനാണ് ഏറ്റിരുന്നതെങ്കിൽ ആ തെങ്ങ് പട്ടുപോകുമായിരുന്നുവെന്നാണ്. മുളയിലെ നുള്ളിക്കളയാൻ വലതുപക്ഷ രാഷ്ട്രീയമായ കോൺഗ്രസ് തീരുമാനിച്ചു. പിന്നീട് ഒരു അക്രമിയായ ആർ.എസ്.എസ്. നേതാവിന് ജനകീയ പ്രതിരോധത്തിൽ ജീവൻ നഷ്ടപ്പെട്ടപ്പോൾ അതിന്റെ ഉത്തരവാദികൾ സഖാക്കൾ, ശ്രീ. പിണറായി വിജയനും ശ്രീ. കോടിയേരി ബാലകൃഷ്ണനുമാണെന്ന് പ്രഖ്യാപിച്ച് അവരെ വേട്ടയാടാനും അവരുടെ തലയെടുക്കുമെന്നും തകർക്കുമെന്നും ആർ.എസ്.എസ്. പ്രഖ്യാപിച്ചു. അതിനെയും അദ്ദേഹം അതിജീവിച്ചു. എത്രയെത്ര ആക്രമണങ്ങൾ. സഖാവ് ഇ. പി. ജയരാജൻ പുറംതലയിൽ ഒന്ന് തടവി നോക്കിയാൽ ശ്രീ. കെ. സുധാകരന്റെ കഴിവും കരുത്തും എന്താണെന്ന് അറിയാമെന്ന് ടെലിവിഷൻ ചാനലിൽ കെ.പി.സി.സി.-യുടെ ഒരു ജനറൽ സെക്രട്ടറി പറഞ്ഞു. സഖാവ് ശ്രീ. പിണറായി വിജയനെ ലക്ഷ്യം വച്ച് **********+ വാടക ഗുണ്ടകളെ പറഞ്ഞയച്ച കെ.പി.സി.സി. പ്രസിഡന്റ് സെമികേഡർ എന്ന നിലയ്ക്ക്

+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവുപ്രകാരം (ഫയൽ നമ്പർ 11751/ഇ.ബി./2022/നി.സെ. തീയതി 30-06-2022) സഭാരേഖയിൽനിന്നും നീക്കം ചെയ്തു.

കോൺഗ്രസ്സിനെ സംഘടിപ്പിക്കാൻ ശ്രമിക്കുകയാണ്. അതിന്റെ പുതിയ എഡിഷനാണ് ഇന്നലെ ഒരു എം.എൽ.എ., അദ്ദേഹം വെബ്സൈറ്റുകളിൽ ഗവേഷണം നടത്തിനടത്തി വന്നപ്പോൾ ഞങ്ങളെല്ലാം അദ്ദേഹത്തിന്റെ വെബ്സൈറ്റിലേയ്ക്ക് ഒന്നുനോക്കി. അദ്ദേഹം അറിയപ്പെടുന്ന ഒരു വ്യവസായിയാണ്. അദ്ദേഹം അലുമിനിയം കുഴലുകളുടെ വ്യവസായമാണ് നടത്തുന്നത്. അതുമാത്രമല്ല KMNP Law Firm എന്ന സ്ഥാപനത്തിൽ ഈ പറയുന്ന Price water house Cooper-ന്റെ ഒരു പ്രതിനിധി വന്നതിൽ അഭിമാനിച്ചുകൊണ്ട് ഫേസ്ബുക്കിൽ പോസ്റ്റിട്ടിരിക്കുകയാണ്. അദ്ദേഹത്തിന്റെ ഓഫീസിൽ ഈ പ്രതിനിധി വന്നതിനുശേഷമാണ് കോൺഗ്രസ് ഭരിക്കുന്ന രാജസ്ഥാനിൽ അവർക്ക് കരാർ കൊടുത്തതെന്ന് വിശദീകരിക്കുകയാണ്. അന്തരീക്ഷത്തിലുയരുന്ന കാര്യങ്ങൾ നിയമസഭയിൽ കൊണ്ടുവന്ന് അലക്കുന്ന സമീപനം ഞങ്ങൾ സ്വീകരിക്കുന്നില്ല. നിയമസഭാ വേദി എന്തും പറയാനുള്ള, കുടുംബാംഗങ്ങളെ അപമാനിക്കാനുള്ള വേദിയായി ഇനിയും മാറാൻ പാടില്ല. ഡോ. മാത്യു കുഴൽനാടൻ പറഞ്ഞത് സംബന്ധിച്ച് മുഖ്യമന്ത്രി മറുപടി പറയണമെന്ന് പ്രതിപക്ഷ നേതാവ് പറഞ്ഞു. അത് എന്ത് ന്യായമാണ്? ഞങ്ങളും അങ്ങനെ ഓരോ കാര്യങ്ങൾ ഉന്നയിക്കട്ടെ? പറവൂർ മണ്ഡലത്തിൽനിന്നും ഉയർന്നുവന്ന വാട്സ്ആപ് മെസേജിന്റെയും മറ്റ്

സന്ദേശങ്ങളുടെയും പേരിൽ പ്രതിപക്ഷ നേതാവ് മറുപടി പറയണമെന്ന് ഞങ്ങൾ പറയട്ടെ. ഞങ്ങളുടെ മൊബൈൽ ഫോണിൽ, വാട്സ്ആപിൽ മെസേജുകളായി, പെരുമഴകളായി വന്നുകൊണ്ടിരിക്കുന്ന പലതും നിയമസഭാവേദിയിൽ അലക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല. രാഷ്ട്രീയം പറയാമെന്നും കുടുംബാംഗങ്ങളെ സംബന്ധിച്ച പരാമർശങ്ങളും അപകീർത്തികരമായ പ്രയോഗങ്ങളും നടത്തേണ്ടതില്ലെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി എപ്പോഴും ഓർമ്മിപ്പിക്കാറുള്ളതാണ്. തീർച്ചയായും ഈ നിഷേധാത്മകതയുടെ രാഷ്ട്രീയം നിങ്ങൾ ഉപേക്ഷിച്ചില്ലെങ്കിൽ ഇടതുപക്ഷം തുടർച്ചയായി ഭരിക്കുന്ന നാടായി കേരളം മാറുമെന്ന് പറഞ്ഞുകൊണ്ട് പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, പോയിന്റ് ഓഫ് ഓർഡർ. ബഹുമാനപ്പെട്ട അംഗം സംസാരിച്ചപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ വകവരുത്താൻ കെ.പി.സി.സി. പ്രസിഡന്റ് **********+ എന്ന് പറയുകയുണ്ടായി.

മി. ചെയർമാൻ: ഇവിടെ സംസാരിക്കട്ടെ....... പോയിന്റ് ഓഫ് ഓർഡർ പറയട്ടെ ........ ശ്രീ. എ. എൻ. ഷംസീർ ഇരിക്കൂ.......

+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവുപ്രകാരം (ഫയൽ നമ്പർ 11751/ഇ.ബി./2022/നി.സെ. തീയതി 30-06-2022) സഭാരേഖയിൽനിന്നും നീക്കം ചെയ്തു.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി എയർക്രാഫ്റ്റിൽ യാത്ര ചെയ്തപ്പോൾ ഉണ്ടായ പ്രശ്നങ്ങളെ സംബന്ധിച്ച് ഒരു കേസ് രജിസ്റ്റർ ചെയ്തു. ********+ ഉണ്ടായിരുന്നുവെന്ന് എഫ്.ഐ.ആർ.-ൽ ഇല്ല. ഇതുവരെ സി.പി.ഐ.(എം.) നേതൃത്വത്തിൽനിന്ന് ആരും പറയാത്ത ഒരു കാര്യമാണ് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത്. അത് രേഖയിൽനിന്നും നീക്കം ചെയ്യണം.

<u>മി. ചെയർമാൻ</u>: അത് പരിശോധിക്കാം.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംരംഭകത്വ വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി സർക്കാർ ഒരു ലക്ഷം യൂണിറ്റുകൾ ആരംഭിക്കുമെന്നാണ് പ്രഖ്യാപിച്ചിരുന്നത്. ഇത് കച്ചവട സ്ഥാപനങ്ങൾ ആയാലും മതിയെന്ന നിബന്ധന തിരുത്തേണ്ടതുണ്ട്. അമ്പത് ശതമാനമെങ്കിലും manufacturing industry-ക്ക് നീക്കിവയ്ക്കാൻ തയ്യാറാകേണ്ടതുണ്ട്. കേരളത്തിന്റെ ഉൽപ്പന്ന നിർമ്മാണ മേഖല ഇപ്പോൾ താഴോട്ടാണ് കുതിക്കുന്നത്. 2012-15 കാലയളവിൽ 28.4 % വളർച്ചയുണ്ടായി. എന്നാൽ 2021-ലെ കണക്ക് പറയുന്നത് വളർച്ചാനിരക്ക് -8.9 ശതമാനമായി

\+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവുപ്രകാരം (ഫയൽ നമ്പർ 11751/ഇ.ബി./2022/നി.സെ. തീയതി 30-06-2022) സഭാരേഖയിൽനിന്നും നീക്കം ചെയ്തു.

കുപ്പുകുത്തിയിരിക്കുന്നുവെന്നാണ്. സംരംഭങ്ങൾക്ക് സർക്കാർ തീരുമാനം മാത്രം പോരാ, അനുകൂല സാഹചര്യങ്ങൾകൂടി ഒരുക്കികൊടുക്കേണ്ടതുണ്ട്. Global Investors Meet (GIM) 2003, Emerging Kerala 2012, ASCEND Kerala 2020 എന്നിങ്ങനെ മൂന്ന് നിക്ഷേപ സംഗമങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. 1.65 ലക്ഷം കോടി രൂപയുടെ വാഗ്ദാനങ്ങൾ ഉണ്ടായിരുന്നു. നമുക്ക് അവ പ്രയോജനപ്പെടുത്താൻ സാധിച്ചത് എത്രയാണ്; നമ്മുടെ നയങ്ങളും സമീപനങ്ങളുമാണ് ഇതിന് വിലങ്ങുതടിയായി മാറിയത്. 1982-ൽ ഇ. അഹമ്മദ് സാഹിബ് വ്യവസായ വകുപ്പുമന്ത്രിയായിരുന്ന കാലത്ത് പുറത്ത് ജോലി ചെയ്യുന്നതും പ്രഗത്ഭനുമായ ഒരു മലയാളി ഉദ്യോഗസ്ഥനെ ടെക്നോപാർക്കിൽ കൊണ്ടുവരാൻ ശ്രമിച്ചു. സി.പി.ഐ.(എം.) ഉൾപ്പെടെയുള്ളവർ അതിനെ എതിർ<u>ത്തു</u>. ഒടുവിൽ ആ മലയാളി ഉദ്യോഗസ്ഥൻ അയൽ സംസ്ഥാന<u>ത്തു</u>പോയി വലിയ മാറ്റങ്ങൾക്ക് കാരണക്കാരനായി മാറി. തൊഴിലാളി സംഘടനകളുടെ അനാവശ്യ സമരങ്ങളും ഉദ്യോഗസ്ഥരുടെ മനോഭാവവും മാറേണ്ടിയിരിക്കുന്നു. നോക്കുകൂലി ഇനിയും തടയാനായിട്ടില്ല. ടെക്നോപാർക്കിലേക്ക് കൊണ്ടുവന്ന ലാപ്ടോപ്പുകൾ ഇറക്കുന്നതിനുപോലും തടസ്സങ്ങളുണ്ടാക്കി. യന്ത്രവത്കരണത്തെ എതിർത്ത സി.പി.ഐ.(എം.)-ന്റെ നയങ്ങളും

വ്യവസായ മേഖല മുരടിക്കുന്നതിന് ഒരു കാരണമായി. അങ്ങനെ അമ്പത് വർഷക്കാലം നിങ്ങൾ കളഞ്ഞുകുളിച്ചു.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ
ശ്രീ. കെ.ഡി.പ്രസേനൻ]

നെല്ലുകുത്ത് മെഷീൻ മുതൽ കമ്പ്യൂട്ടർവൽക്കരണം വരെ എതിർത്തവർ ഇന്ന് അവയെയൊക്കെ വാരിപ്പുണരുന്നത് വലിയ തമാശയായായി കേരളം കാണുകയാണ്. രാജ്യത്തിന്റെ സ്വാതന്ത്ര്യംപോലും അംഗീകരിക്കാൻ നിങ്ങൾക്ക് മുക്കാൽ നൂറ്റാണ്ട് കാത്തിരിക്കേണ്ടി വന്നുവെന്നതാണ് വസ്തുത. കേരളത്തിന്റെ വളർച്ചയിൽ വലിയ പങ്ക് വഹിക്കാൻ നിങ്ങൾക്ക് കഴിയാതെ പോയി. അവസാനം കണ്ടുപിടിച്ച് കൊണ്ടുവന്ന പദ്ധതിയാണ് കെ-റെയിൽ. നാം ആർജ്ജിച്ച നേട്ടങ്ങളെ പിഴുതെറിയുന്നതാണ് ഈ പദ്ധതിയെന്ന കാര്യം മനസ്സിലാക്കാൻ നിങ്ങൾക്ക് പതിറ്റാണ്ടുകൾ കാത്തിരിക്കേണ്ടി വരുമെന്നുള്ളത് ഞങ്ങൾക്കറിയാം. എന്റെ ചെറുപ്പത്തിൽ സഖാക്കളുടെ കക്ഷത്ത് ഒരു 'ചിന്ത ഡയറി' ഉണ്ടാകുമായിരുന്നു. ഇപ്പോൾ അതുപോലും ഇല്ലാതെയായി. വ്യവസായങ്ങൾ തുടങ്ങുമ്പോൾ ബഹുമുഖ ലക്ഷ്യങ്ങൾ മുന്നിൽ കാണണം. തദ്ദേശീയമായ ഉല്പന്നങ്ങളെ ഉപയോഗപ്പെടുത്താവുന്ന ചെറുകിട വ്യവസായങ്ങൾക്ക് പ്രാമുഖ്യം നൽകണം. കാർഷികോല്പന്നങ്ങൾ ,

മത്സ്യസമ്പത്ത് തുടങ്ങിയവ പരമാവധി പ്രയോജനപ്പെടുത്തണം. കൃഷിയുടെ വ്യാപനം, കാർഷികാധിഷ്ഠിത വ്യവസായങ്ങൾ, വിനോദസഞ്ചാരം എന്നിവകയെ ഏകോപിപ്പിക്കുവാൻ ശ്രമങ്ങളുണ്ടാകണം. തായ്‌ലാന്റ്, മലേഷ്യ, വിയറ്റ്നാം എന്നീ രാജ്യങ്ങൾ വിജയകരമായ മാതൃക സൃഷ്ടിച്ചിട്ടുണ്ട്. റബ്ബർ ഉൽപ്പാദനത്തിൽ ഇന്ത്യ ആറാം സ്ഥാനത്താണ് നിൽക്കുന്നത്; ഇതിൽ 67 ശതമാനവും കേരളമാണ് ഉൽപ്പാദിപ്പിക്കുന്നത്. എന്നാൽ റബ്ബറധിഷ്ഠിത വ്യവസായങ്ങളുടെ കണക്ക് നോക്കിയാൽ കേരളത്തിന്റെ പങ്ക് 8.93 ശതമാനം മാത്രമേയുള്ളൂ. നാളികേരത്തിന്റെയും മത്സ്യസമ്പത്തിന്റെയും കാര്യം മറിച്ചല്ല. വ്യവസായങ്ങൾ തുടങ്ങുന്നതിന് പഞ്ചായത്തുകൾക്കുണ്ടായിരുന്ന അധികാരം ഈ സർക്കാർ എടുത്തുകളഞ്ഞു. ഇത് അധികാര വികേന്ദ്രീകരണത്തെ തളർത്തുക മാത്രമല്ല ഗ്രാമീണ മേഖലയിലെ ഉണർവ്വിനെ തകർക്കുകയും ചെയ്യും. എന്റെ നിയോജകമണ്ഡലത്തിലെ കൽപ്പകഞ്ചേരിയിൽ ഒരു മിനി വ്യവസായ എസ്റ്റേറ്റ് തുടങ്ങാൻ തീരുമാനിക്കുകയും കെട്ടിടങ്ങൾ പണിയുകയും ചെയ്തെങ്കിലും ഡയറക്ടറേറ്റിൽനിന്നും ബൈലോ അംഗീകരിച്ച് കിട്ടാത്തതിനാൽ പ്രവൃത്തി തുടങ്ങാൻ സാധിച്ചിട്ടില്ല. സർക്കാർ ഈ കേന്ദ്രത്തെ പ്രയോജനകരമാക്കാനുള്ള പദ്ധതികൾ അനുവദിക്കണമെന്നുകൂടി

അഭ്യർത്ഥിക്കുകയാണ്. സംരംഭകത്വ വർഷമായി ആചരിക്കുന്നതിനാൽ പുതുക്കിയ വൈദ്യുതി നിരക്ക് പുതുതായി തുടങ്ങുന്ന സംരംഭങ്ങൾക്ക് ബാധകമാക്കരുത്. മൂന്ന് വർഷമായി കെ.എസ്.ഇ.ബി.എൽ. കാർഷികാവശ്യത്തിന് നൽകിവരുന്ന വൈദ്യുതിയുടെ ചാർജ്ജ് കൃഷിവകുപ്പ് ഒടുക്കാത്തതിനാൽ കർഷകരെ ശല്യം ചെയ്തുകൊണ്ടിരിക്കുകയാണ്. അതിന് ഒരു കർഷകൻകൂടിയായ മന്ത്രി ആശ്വാസം നൽകണം. തിരൂർ മണ്ഡലത്തിലെ വെങ്ങാലൂരിൽ പുതിയ 220 കെ.വി. സ്റ്റേഷനുവേണ്ടി സ്ഥലം കണ്ടുവച്ചെങ്കിലും അഡ്മിനിസ്ട്രേഷൻ നടപടിയിലേയ്ക്ക് നീങ്ങുകയോ സ്ഥലത്തിന്റെ വില നിശ്ചയിക്കാൻ പർച്ചേസ് കമ്മിറ്റി രൂപീകരിക്കുകയോ ചെയ്തിട്ടില്ല. ഉടനെ അതിനുവേണ്ട സംവിധാനമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. വളവന്നൂർ, തിരുനാവായ സബ്സ്റ്റേഷനുകളെ 110 കെ.വി. സ്റ്റേഷനുകളാക്കി അപ്ഗ്രേഡ് ചെയ്യണം. എന്റെ മണ്ഡലത്തിലെ Malcotex, സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് വ്യവസായ വകുപ്പിന് സമർപ്പിച്ച മാസ്റ്റർപ്ലാൻ അനുവദിക്കണം. ഏഴ് വർഷമായി മലബാർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മില്ലിൽ തെരഞ്ഞെടുക്കപ്പെട്ട ഒരു ഭരണ സമിതിയില്ല. ജനാധിപത്യവാദികളെന്ന് അഭിമാനിക്കുന്ന സ്ഥിതിക്ക് അവിടെ ജനാധിപത്യ സംവിധാനത്തോടെയുള്ള ഒരു ഭരണസമിതി

രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കണം. പവർകട്ടിന്റെയും മറ്റും മഹിമകൾ ചില അംഗങ്ങൾ ഇവിടെ വിവരിക്കുകയുണ്ടായി. ഞാൻ ചോദിക്കട്ടെ, ശ്രീ. വി. എസ്. അച്ചുതാനന്ദൻ മുഖ്യമന്ത്രിയായിരുന്ന സമയത്ത് കറണ്ട് എപ്പോൾ വരുമെന്ന് കാത്തിരിക്കേണ്ട സാഹചര്യം കേരളത്തിലുണ്ടായിരുന്നു. എന്നാൽ ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ കാലത്ത് പവർകട്ട് നിശ്ശേഷം നിർത്തലാക്കാൻ ഗവൺമെന്റിന് സാധിച്ചു. മാത്രമല്ല, കേരളത്തിൽ കുറഞ്ഞ വരുമാനക്കാർക്ക് വൈദ്യുതി സൗജന്യമായി കൊടുക്കുകയും ചെയ്തു. വ്യവസായ വകുപ്പിൽ ഇ. അഹമ്മദ് സാഹിബും ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും മന്ത്രിമാരായിരുന്ന കാലത്താണ് ഇന്നത്തെ വളർച്ചയ്ക്കുള്ള അസ്ഥിവാരമിട്ടത് എന്നത് മനസ്സിലാക്കാൻ നിങ്ങൾ തയ്യാറാകണം..

ശ്രീ. പി. ബാലചന്ദ്രൻ: സർ, 2022-23 സാമ്പത്തിക വർഷത്തെ ബജറ്റിലെ വൈദ്യുതി, വ്യവസായം എന്നീ വകുപ്പുകൾക്കുവേണ്ടിയുള്ള ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. നമ്മുടെ സഞ്ചിതനിധിക്ക് കോട്ടം തട്ടാത്തതും ബഡ്ജറ്റ് അലോക്കേഷനുള്ളിൽ നിൽക്കുന്നതും കേരളത്തിൽ വ്യവസായരംഗത്തും വൈദ്യുതിരംഗത്തും വിദഗ്ദ്ധമായി പ്രയോഗിക്കാൻ കഴിയുന്നതുമായ ഒന്നായതുകൊണ്ടാണ് ഈ

ധനാഢ്യർത്ഥനകളെ സർവ്വാത്മനാ പിന്തുണയ്ക്കുന്നത്. ഇവിടെ മൂന്നുദിവസം ഗ്യാലറിയിലിരുന്ന് കളികണ്ടുകൊണ്ടിരുന്ന ബഹുമാന്യനായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ഇന്ന് ജഴ്സി നമ്പർ 10 അണിഞ്ഞ് കളിക്കളത്തിലിറങ്ങി. അദ്ദേഹത്തിന്റെ സിസർ കട്ടും സ്കോർപിയോൺ കട്ടും മുളങ്കൂട്ടത്തിലേയ്ക്കും പൊട്ടക്കുളത്തിലേയ്ക്കുമാണ് പോയത്. ഗോൾ പോസ്റ്റിലേയ്ക്കൊന്നും വന്നില്ല. ഇവിടത്തെ വ്യവസായ വകുപ്പിനെയും വൈദ്യുതി വിഭാഗത്തെയുമൊക്കെ വളരെ വിമർശിച്ച് സംസാരിച്ച ശ്രീ. നജീബ് കാന്തപുരത്തിനും എല്ലാ കിക്കും പിഴച്ചു. ഇവരൊക്കെ പേരെടുത്ത വേട്ടക്കാരാണ്, ഇരട്ടക്കുഴൽ തോക്കുണ്ട്, പക്ഷേ മൂന്നുനേരം ചമ്മന്തിയാണ് ആഹാരം. വീരസ്യം പറയുന്നതല്ലാതെ എന്തെങ്കിലും തങ്ങളിൽനിന്ന് ഉദാഹരിക്കാൻ ഇവർക്കില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. ഒരു ഭൂതകാല ഭരണചരിത്രം സ്വന്തമായിട്ടുള്ളവരാണ് ഞങ്ങളെന്നും അത് കൈരളി കണ്ടിട്ടുണ്ടെന്നും ഇവർക്ക് ഓർമ്മയുണ്ടെങ്കിൽ കേരളത്തിലെ വ്യവസായരംഗത്ത് കൊണ്ടുവന്നിട്ടുള്ള ആധുനികവൽക്കരണവും പുതിയ സമീപനങ്ങളും വിലയിരുത്തിക്കൊണ്ട് അവർ ഇങ്ങനെ സംസാരിക്കില്ല. പരിണിതപ്രജ്ഞനായ അംഗം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ കേരളത്തിന്റെ വ്യാവസായിക തലസ്ഥാനം ഏതാണെന്നാണ് വിശ്വസിച്ചിരിക്കുന്നത്?

എറണാകുളം ജില്ലയിലെ അങ്കമാലി, ആലുവ, ഏലൂർ മേഖല. വേണമെങ്കിൽ ഇൻഡസ്ട്രിയൽ കോറിഡോർ എന്നുതന്നെ വിശേഷിപ്പിക്കാം. അവിടെചെന്നിറങ്ങിയാൽ നിങ്ങൾക്ക് പുകക്കുഴലുകളും ഹൈടെൻഷൻ വയറുകൾ പോകുന്ന ഇലക്ട്രിസിറ്റി ലൈനുകളും കാണാം. കാരണം ഓരോ നൂറ് മീറ്റർ കൂടുമ്പോഴും വൻകിട വ്യവസായശാലകൾ പ്രവർത്തിക്കുന്ന മേഖലയാണിത്. യു.ഡി.എഫ്. ഭരണകാലത്ത് അങ്കമാലി, ആലുവ, ഏലൂർ മേഖലകളിൽ പൂട്ടി താഴിട്ടിരുന്ന 36 പൊതുമേഖലാ സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിപ്പിച്ചത് കഴിഞ്ഞ ഭരണകാലത്തും ഇപ്പോഴുമാണ്. ശ്രീ. പി. രാജീവ് നേതൃത്വം നൽകുന്ന വ്യവസായ വകുപ്പ് കേരളത്തിലെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിൽ 110 എണ്ണത്തിൽ 85 എണ്ണവും ലാഭകരമായി കൊണ്ടുവന്നിരിക്കുന്നു. ചില വ്യവസായശാലകളിൽ പ്രശ്നങ്ങളുണ്ട്; അത് പരിഹരിക്കാൻ പ്രതിപക്ഷാംഗങ്ങളും സഹകരിക്കണം. നാളികേരം വാല്യൂ ആഡഡ് പ്രോഡക്ടാക്കി മാറ്റുന്ന ചില മേഖലകളിലെ പ്രശ്നങ്ങൾ കേന്ദ്രസർക്കാരിന്റെ സമീപനത്തിന്റെ ഭാഗമായി സംഭവിക്കുന്നതാണ്. പൊതുമേഖലാ വ്യവസായ സംരംഭങ്ങൾക്ക് ഇത്രമാത്രം ഊർജ്ജംപകർന്ന ഒരു ഭരണകാലഘട്ടം വേറെയില്ല. വസ്തുതകൾ ചൂണ്ടിക്കാട്ടി അക്കമിട്ട് പറയാൻ ഞങ്ങൾക്ക് സാധിക്കും. കൊച്ചി-ബാംഗ്ലൂർ ഇൻഡസ്ട്രിയൽ

കോറിഡോറിനുവേണ്ടി 1345 ഹെക്ടർ ഭൂമി വേണ്ടതിൽ 345 ഹെക്ടർ ഭൂമി ഏറ്റെടുത്തുകഴിഞ്ഞു. 50 ശതമാനം കേന്ദ്ര-സംസ്ഥാന സഹകരണത്തോടെ നിർമ്മിക്കുന്ന ഇൻഡസ്ട്രിയൽ കോറിഡോർ കേരളത്തിന്റെ മുഖച്ഛായ തന്നെ മാറ്റുമെന്ന കാര്യത്തിൽ സംശയമില്ല. കൊച്ചിയുടെ വ്യാവസായിക വികസനവുമായി ബന്ധപ്പെട്ട് കൊച്ചി ഗിഫ്റ്റ് സിറ്റി യാഥാർത്ഥ്യമാകാൻ പോകുകയാണ്. ഐ.ടി. കമ്പനികളും ബിസിനസ്സിനും വിനോദത്തിനുമുള്ള സംവിധാനങ്ങളുമുൾപ്പെടെ ഒരു ആധുനിക പട്ടണത്തിന് ഉൾക്കൊള്ളേണ്ട എല്ലാ ഘടകങ്ങളും ഉൾച്ചേർത്തുകൊണ്ടാണ് കൊച്ചി ഗിഫ്റ്റ് സിറ്റി രൂപീകരിക്കുന്നത്. പ്രധാനപ്പെട്ട എല്ലാ പട്ടണങ്ങളിലും അന്താരാഷ്ട്ര നിലവാരത്തിലുള്ള ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് കൊണ്ടുവരികയെന്നുള്ളതാണ് ചെറുപ്പക്കാരനായ വ്യവസായ വകുപ്പുമന്ത്രിയുടെ കാഴ്ചപ്പാട്. ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ ഒരു ഉല്പന്നമെങ്കിലുമുണ്ടാക്കുന്ന ഒരു ഫാക്ടറി അല്ലെങ്കിൽ പ്രാദേശിക ഫാക്ടറികൾ നിലവിൽ വരണമെന്നുള്ള കാഴ്ചപ്പാടനുസരിച്ചാണ് വളരെ വികേന്ദ്രീകൃതമായി കാര്യങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നത്. എന്റെ സ്നേഹിതനും ആധുനിക കവികളിൽ വളരെ ശ്രദ്ധേയനും ഞങ്ങളുടെ നാട്ടുകാരനും തൃശ്ശൂർ ജില്ലക്കാരനുമായ ശ്രീ. പി. എൻ. ഗോപീകൃഷ്ണൻ കഴിഞ്ഞ രണ്ട് പതിപ്പുകൾക്ക് മുമ്പുള്ള മാതൃഭൂമി

ആഴ്ചപ്പതിപ്പിൽ ഒരു കവിത എഴുതി. 'ഒരു വ്യവസ്ഥയും ആത്മഹത്യ ചെയ്യുന്നില്ല' എന്നാണ് ആ കവിതയുടെ പേര്. അതിൽ അദ്ദേഹം പറഞ്ഞു;

'ഇന്ന് ഇക്കാലത്ത് ഒരാൾക്ക് മുതലാളിയായിരിക്കാൻ
എത്ര എളുപ്പമാണ്, ആരും നിന്നെ മുതലാളിയെന്ന് വിളിക്കില്ല,
സംരംഭകനെന്നേ വിളിക്കൂ.'

അങ്ങനെ പറഞ്ഞുകൊണ്ട് ഒരു നീണ്ട കവിതയാണ് അദ്ദേഹം എഴുതിയത്. വൻകിട മാളുകളും ടെക്സ്റ്റൈൽ ഷോറൂമുകളും വരുമ്പോൾ പൂട്ടിപ്പോകുന്ന ചെറുകിട സംരംഭങ്ങളെക്കുറിച്ചാണ് അദ്ദേഹം ആക്ഷേപഹാസ്യ രൂപത്തിൽ ചിത്രീകരിക്കാൻ ശ്രമിക്കുന്നത്. വളരെ കണിശമായ ഉത്തരവാദിത്വ ബോധത്തോടെ ആ മേഖലയെ സംരക്ഷിച്ചുനിർത്തിക്കൊണ്ട്, വൻകിട സംരംഭങ്ങൾ വരുമ്പോൾ തകർന്നുപോകുന്ന ചെറുകിട ജീവിതങ്ങളെ നോക്കിക്കണ്ടുകൊണ്ട് റാകിപ്പറക്കുന്ന ചെമ്പരുന്തിന്റെ ഒപ്പമല്ല, താഴെ മുളച്ചിട്ടുള്ള പുൽക്കൊടിക്കൊപ്പമാണ് ഞങ്ങളെന്ന് പ്രഖ്യാപിക്കുന്ന ഒരു വ്യവസായ നയമാണ് കേരളത്തിനുള്ളത്. റാകി പറക്കുന്ന ചെമ്പരുന്തിന്റെ കൂടെയല്ലെന്ന് ഇവിടെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞല്ലോ; കേരളത്തിൽ താഴെത്തട്ടിലുണ്ടാകുന്ന ജീവിതത്തകർച്ചയെ നല്ലതുപോലെ

അഡ്രസ് ചെയ്തുകൊണ്ട് എം.എസ്.എം.ഇ. പ്രോഗ്രാമുകൾ നിശ്ചയിച്ചാണ് ഞങ്ങൾ വെറും സംരംഭകരെ സഹായിക്കുക. കഴിഞ്ഞ രണ്ടര വർഷക്കാലമായി ശ്രീമതി നിർമ്മല സീതാരാമൻ പാർലമെന്റിൽ, കോവിഡുകൊണ്ട് നട്ടം തിരിയുന്ന ഇന്ത്യൻ ജനതയ്ക്കുവേണ്ടി അവതരിപ്പിച്ച പത്ത് ലക്ഷംകോടി രൂപയുടെ കോവിഡ് പാക്കേജിൽ എത്ര ലക്ഷം രൂപ കേരളത്തിന് ലഭിച്ചുവെന്ന് പ്രതിപക്ഷ എം.എൽ.എ.-മാർക്ക് അറിയാമോ; എത്ര ലക്ഷം രൂപയാണ് കേരളത്തിന് കോവിഡ് പാക്കേജ് സ്കീമിലും എം.എസ്.എം.ഇ. സ്കീമിലും ലഭിച്ചത്? അവർ പറയുന്നത് മുദ്ര ലോൺ വഴി രാജ്യത്തെമ്പാടും ഞങ്ങൾ കോടിക്കണക്കിന് രൂപ വിതരണം ചെയ്തുവെന്നാണ്. എന്താണ് മുദ്ര ലോൺ? രണ്ട് ഹവായി ചെരുപ്പ് വാങ്ങി ഒന്ന് തേഞ്ഞ് തീർന്ന് രണ്ടാമത്തേതിന്റെ വാറ് പൊട്ടുമ്പോൾ ബാങ്ക് മാനേജർക്ക് ദാക്ഷിണ്യം തോന്നി കൊടുക്കുന്ന വായ്പയുടെ പേരാണ് മുദ്ര വായ്പ. അത് കേന്ദ്ര സർക്കാരിന്റെ സ്കീമിലുള്ളതാണ്, കേരളത്തെ സഹായിക്കാനുള്ളതല്ല. ഞാൻ ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിയുടെ വകുപ്പിനെക്കുറിച്ചൊന്നും പറഞ്ഞില്ല; തടസ്സമില്ലാത്ത ഊർജ്ജപ്രസരണം കൊണ്ട് കേരളത്തിന്റെ ഊർജ്ജോൽപ്പാദന രംഗത്തും ഊർജ്ജ വിതരണ രംഗത്തും മികവോടെ പ്രവർത്തിക്കുന്ന വൈദ്യുതി

വകുപ്പിനെ ഞാൻ അഭിനന്ദിക്കുന്നു.

മി. ചെയർമാൻ: സമയം കഴിഞ്ഞു.

ശ്രീ. കെ. ബാബു (നെന്മാറ): സർ, നിലവിലുള്ള ശാസ്ത്ര സാങ്കേതികവിദ്യയുടെ വളർച്ചയെ ഉപയോഗപ്പെടുത്തി കേരളത്തെ വൈജ്ഞാനിക സമൂഹമാക്കി, അടുത്ത 25 വർഷംകൊണ്ട് കേരളത്തിലെ ജനജീവിതത്തെ അന്താരാഷ്ട്ര നിലവാരത്തിലെത്തിച്ച് വികസിത മധ്യവരുമാന രാഷ്ട്രമാക്കി മാറ്റുകയെന്നതാണ് എൽ.ഡി.എഫ്. ലക്ഷ്യം വയ്ക്കുന്നത്. അടുത്ത 25 വർഷക്കാലവും ഇതുപോലെ കോൺഗ്രസ്സും യു.ഡി.എഫ്-ഉം ജീവിച്ചിരിക്കുമെങ്കിൽ അവർക്ക് പ്രതിപക്ഷത്ത് ഇരിക്കാനുള്ള സൗഭാഗ്യം അതിന്റെ ഭാഗമായുണ്ടാകട്ടെയെന്ന് ഞാൻ ആഗ്രഹിക്കുകയാണ്. ഇത് ഏത് കാലമാണ്? ഇന്ത്യയുടെ വ്യവസായങ്ങളെയാകെ കോർപ്പറേറ്റുകൾക്ക് വിറ്റുകൊണ്ടാണ് വടക്ക് ഭരിക്കുന്ന ബി.ജെ.പി.-ക്കാർ ദൈനംദിന പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഫണ്ട് കണ്ടെത്തുന്നത്. എന്നാൽ കേരളത്തിന് അഭിമാനത്തോടുകൂടി പറയാം, നിങ്ങൾ 2011 മുതൽ 2016 വരെ ഭരിച്ചപ്പോൾ അടച്ചുപൂട്ടിയ എല്ലാ വ്യവസായങ്ങളും ഈ എൽ.ഡി.എഫ്. ഗവൺമെന്റ് വന്നതിനുശേഷം തുറന്നു.

അവ തുറക്കുക മാത്രമല്ല, 41-ൽ 21 വ്യവസായങ്ങളും ലാഭകരമാക്കി മാറ്റാനും ഗവൺമെന്റിന് സാധിച്ചു. 384 കോടി രൂപയുടെ ലാഭമാണ് ഉണ്ടാക്കിയെടുത്തത്. രാജ്യത്ത് പൊതുമേഖലാ വ്യവസായങ്ങളുടെ വലിയ കുതിച്ചുകയറ്റമാണുണ്ടായത്. അവർ അടച്ചുപൂട്ടാൻ തീരുമാനിച്ചിരുന്നതും കാസർഗോഡ് ജില്ലയിലുള്ളതുമായ BHEL, KEL EML എന്ന പേരിലും അടച്ചുപൂട്ടാൻ തീരുമാനിച്ചിരുന്ന വെള്ളൂർ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ഫാക്ടറി കെ.പി.പി.എൽ. എന്ന പേരിലും തുറന്നുപ്രവർത്തിപ്പിച്ചത് എൽ.ഡി.എഫ്. ഗവൺമെന്റാണ്. അക്കമിട്ട് പറഞ്ഞാൽ ഒരുപാട് കാര്യങ്ങൾ നിരത്താനുണ്ട്. പരമ്പരാഗത വ്യവസായശാലകൾ അടച്ചുപൂട്ടിയതിന്റെ ഭാഗമായി കശുവണ്ടി, കയർ, കൈത്തറി മേഖലകളിലുള്ള തൊഴിലാളികൾ നിങ്ങളുടെ ഭരണകാലത്തല്ലേ അത്മഹത്യ ചെയ്തത്; നിങ്ങൾക്ക് ഇന്ന് എടുത്തുപറയാൻ ഏതെങ്കിലും ചരിത്രമുണ്ടോ? വ്യവസായ പുരോഗതിയിലൂടെ കേരളത്തെ വൈജ്ഞാനിക സമൂഹമാക്കി മാറ്റുകയെന്ന ലക്ഷ്യത്തോടുകൂടി അടുത്ത അഞ്ച് വർഷംകൊണ്ട് ഡിജിറ്റൽ വ്യവസായത്തിലൂടെ 20 ലക്ഷം പേർക്കും ഇതരമേഖലകളിലൂടെ 40 ലക്ഷം പേർക്കും തൊഴിൽ കൊടുക്കാനാണ് ഈ സർക്കാർ തീരുമാനിച്ചിരിക്കുന്നത്. മറ്റ് കാര്യങ്ങളിലേക്ക് ഞാൻ പോകുന്നില്ല. നിക്ഷേപകർ കേരളത്തിലേയ്ക്ക് വരാൻ മടിക്കുകയാണെന്നാണ്

ചിലർ പറഞ്ഞത്. Tata Elxsi- 75 കോടി, ടി.സി.എസ്.- 600 കോടി, വി-ഗാർഡ് കിൻഫ്രയിൽനിന്നും 120 കോടി രൂപയുടെ നിക്ഷേപം, ലുലു ഗ്രൂപ്പ് 700 ലക്ഷം രൂപയുടെ നിക്ഷേപം, ഫെയർ എക്സ്പോർട്ട്സ് എറണാകുളം ഹൈടെക് പാർക്കിൽ 200 കോടി രൂപയുടെ ഫുഡ് പ്രോസസിംഗ് യൂണിറ്റ്, കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴികൾ തുടങ്ങി ഇനിയും ധാരാളം കാര്യങ്ങൾ പറയാനുണ്ട്. ചില ആളുകൾ പുരപ്പുറത്തിരുന്ന് കേരളത്തിന്റെ വ്യാവസായിക തളർച്ച കാണാൻ കൂകിവിളിക്കുന്നുണ്ടാകും. അവർക്കൊപ്പം നിങ്ങളും പോകരുതെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. വ്യവസായവത്കരണത്തിലെ സംശയങ്ങൾ പരിഹരിക്കാൻ 'ഇൻവെസ്റ്റ് കേരള ഹെൽപ്ഡെസ്ക്', പ്രശ്നപരിഹാരത്തിന് 'മീറ്റ് ദി മിനിസ്റ്റർ, നിക്ഷേപകർക്കായി 'മീറ്റ് ദി ഇൻവെസ്റ്റർ' എന്നീ പദ്ധതികളും കേരളത്തിൽ കൊണ്ടുവന്നിട്ടുണ്ട്. കോവിഡുകാലത്ത് ഈ സർക്കാർ 146 കോടി രൂപയുടെ വ്യവസായ സഹായം അനുവദിച്ചത് മറന്നുപോകരുത്. വ്യവസായ മുന്നേറ്റത്തിന് ഏറെ ആവശ്യമുള്ള ഒന്നാണ് ഊർജ്ജം. ഈ സർക്കാർ വന്നതിനുശേഷം 173 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിച്ചു. വൈദ്യുതി ഉല്പാദിപ്പിക്കുക മാത്രമല്ല, 2021-22 കാലഘട്ടത്തിൽ വൈദ്യുതി മേഖലയിൽ 1466 കോടി രൂപയുടെ പ്രവർത്തന ലാഭവുമുണ്ടാക്കി. വൈദ്യുതി

മേഖലയിലുള്ള തൊഴിലാളികളെയും അതിന് നേതൃത്വം നൽകുന്ന ബഹുമാനപ്പെട്ട മന്ത്രിയെയും തമ്മിൽ തെറ്റിച്ചശേഷം അതിലൂടെ ലാഭം കൊയ്യാനാണ് നിങ്ങൾ താൽപ്പര്യപ്പെടുന്നതെങ്കിൽ ആ തൊഴിലാളികളെയും ജീവനക്കാരെയും ഒന്നിച്ച് അണിനിരത്തിക്കൊണ്ടാണ് 1466 കോടി രൂപയുടെ ലാഭമുണ്ടാക്കാൻ വൈദ്യുതി മേഖലയ്ക്ക് കഴിഞ്ഞതെന്ന കാര്യം നിങ്ങൾ മറന്നുപോകരുത്. ഇവിടെ ശ്രീ. നജീബ് കാന്തപുരം പറഞ്ഞതുപോലെ വാഴ്ത്തുപാട്ടല്ല നടന്നത്. കറുത്ത വേഷം ധരിച്ച് മൈം കളിക്കാനെത്തിയ നിങ്ങൾ ഈ സഭയ്ക്കകത്ത് ആർപ്പ് വിളിയോടെയുള്ള ചവിട്ട് നാടകമല്ലേ നടത്തിയത്? അതിനെക്കാൾ നല്ലത്, ശ്രീ. നജീബ് കാന്തപുരം എം.എൽ.എ.-യെ നല്ലൊരു മണവാട്ടിയാക്കി ഒരു ഒപ്പനകൂടി കളിക്കുന്നതായിരുന്നു. വളരെ ജോറാകുമായിരുന്നല്ലോ? കഴിഞ്ഞ ദിവസമാണ് ചില മാധ്യമങ്ങളിലെ ചിലരുടെ പത്രസമ്മേളനങ്ങൾ ഞാൻ ശ്രദ്ധിച്ചത്. ബി.ജെ.പി.-യുടെ അടുക്കളയിൽ വേവിക്കുന്ന ബിരിയാണി അപ്പപ്പോൾ യു.ഡി.എഫ്-നുവേണ്ടി വിളമ്പിക്കൊടുക്കുന്ന ചിലയാളുകളുണ്ട്; അവർ പത്രസമ്മേളനത്തിൽ ധരിച്ചുവരുന്ന വസ്ത്രത്തിന്റെ നിറവും കറുപ്പാണ്. അതുകൊണ്ട് നാണമില്ലാതെ കറുത്ത വേഷം ധരിച്ച് സഭയ്ക്കകത്ത് വരുന്നത് സംബന്ധിച്ച് നിങ്ങൾ ഒന്നുകൂടി ആലോചിക്കണമെന്നുമാത്രമേ പറയാനുള്ളൂ.

പാതിരാ നിലാവുകണ്ട് ഓരിയിടുന്ന ചില ഒറ്റകുറുക്കന്മാരുണ്ട്. അവരുടെ നിലവിളികേട്ടാൽ ചില കാട്ടുമാക്കാന്മാർക്ക് ഭ്രാന്തിളകും. നിലാവെളിച്ചം പരത്തുന്ന കേരളത്തിന്റെ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് നേതൃത്വം കൊടുക്കുന്ന സഖാവ് പിണറായി വിജയന്റെ സർക്കാരിനെ കാണുമ്പോൾ ചില ആളുകൾക്ക് ഭ്രാന്ത് പിടിക്കും. അതിന്റെ ഭാഗമായി നിങ്ങൾ തെരുവിലേയ്ക്ക് ഇറങ്ങുകയല്ലേ; വിലക്കയറ്റം അതിരൂക്ഷമായ സാഹചര്യത്തിൽ നിങ്ങൾ എന്ത് സമരമാണ് നടത്തിയത്; ഇന്ത്യയിലെ പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റുതുലച്ചു. ഏറ്റവുമൊടുവിൽ ഇൻഷ്വറൻസ് മേഖലയെപ്പോലും വിറ്റുതുലച്ചപ്പോൾ നിങ്ങൾ ഏത് സമരവുമായാണ് മുന്നോട്ടുവന്നത്? ബുൾഡോസർകൊണ്ട് വംശഹത്യയ്ക്കൊരുങ്ങുന്ന, വർഗ്ഗീയതയിൽ ആശങ്കപ്പെടുന്ന മുസ്ലീം സഹോദരങ്ങൾക്കൊപ്പം നിൽക്കാൻ യു.ഡി.എഫ്.-ന് എന്ത് നിലപാടാണുള്ളത്? അഗ്നിപഥ് പ്രഖ്യാപിച്ച് യുവജന വഞ്ചന നടത്തുന്ന ബി.ജെ.പി.-ക്കെതിരെ ഇന്ത്യയിലാകെ സമരാഗ്നി പടരുകയാണ്. അതിൽ യു.ഡി.എഫ്.-നും കോൺഗ്രസ്സിനുമുള്ള നിലപാട് എന്തെന്ന് പറയണം. നാഷണൽ ഹെറാൾഡിലൂടെ 1600 കോടി രൂപയുടെ കള്ളപ്പണം വെളിപ്പിച്ചുവെന്ന് ഇ.ഡി. പ്രഖ്യാപിച്ച നിങ്ങളുടെ പ്രിയപ്പെട്ട നേതാവ് ശ്രീ. രാഹുൽ ഗാന്ധിയെപ്പോലും അമ്പത് മണിക്കൂർ ചോദ്യം

ചെയ്തപ്പോൾ, അരമണിക്കൂർ നേരമെങ്കിലും അതിനുവേണ്ടി സമരം നടത്താൻ നിങ്ങൾ തയ്യാറായോ? അതിനുപകരം ജയിലിൽ കിടന്ന് ജാമ്യത്തിലിറങ്ങിയ സ്വർണ്ണക്കള്ളക്കടത്തുകാരിയുടെ വാക്ക് കേട്ടാണ് തെരുവിലേയ്ക്ക് ഇറങ്ങുന്നതെങ്കിൽ അത് ജനം വച്ചുപൊറുപ്പിക്കില്ല. നിങ്ങളത് മനസ്സിലാക്കുന്നത് വളരെ നല്ലതാണെന്നാണ് എനിക്ക് പറയാനുള്ളത്. ഭാവി പ്രധാനമന്ത്രിയെന്ന് കോൺഗ്രസ് വാഴ്ത്തുന്ന ശ്രീ. രാഹുൽ ഗാന്ധിയുടെ ഓഫീസിനകത്ത് പ്രതീകാത്മകമായി എസ്.എഫ്.ഐ.-യുടെ വിദ്യാർത്ഥികൾ വാഴവച്ചതിനെ ഞങ്ങളുടെ പാർട്ടിയും മറ്റ് എല്ലാ സംഘടനകളും ഒരുപോലെ നിഷേധിക്കുകയും തള്ളിപ്പറയുകയും ചെയ്തു. പിന്നെയും തെരുവിൽ കിടക്കുന്ന ചെണ്ടപോലെ കൊട്ടാനുള്ളതാണോ എസ്.എഫ്.ഐ.; നിങ്ങൾ ഇപ്പോഴും കൊട്ടിക്കൊണ്ടിരിക്കുകയല്ലേ; മുപ്പത്തിയാറോളം വരുന്ന ധീര രക്തസാക്ഷികളിൽ പന്ത്രണ്ട് പേരെയും കൊലപ്പെടുത്തിയത് നിങ്ങളാണെന്ന് ഓർക്കണം. അതുകൊണ്ട് വല്ലാതെ ചെണ്ട കൊട്ടാൻ എസ്.എഫ്.ഐ.-ക്കാരുടെ നേരെ വരേണ്ട. അവിടെ തൂക്കിയിട്ടിരുന്ന ഗാന്ധിജിയുടെ ഫോട്ടോ നിങ്ങൾ തന്നെയാണ് തകർത്തത്. 2012-ൽ സി.പി.ഐ.(എം)-ൽനിന്ന് കോൺഗ്രസ്സിൽ ചേക്കേറിയ ശ്രീ. ആർ. സെൽവരാജൻ 2017-ലെ തെരഞ്ഞെടുപ്പിൽ വോട്ട്

നേടുന്നതിനുവേണ്ടി സ്വന്തം വീട് തീയിട്ടത് മറന്നുപോകരുത്. 2020 സെപ്റ്റംബർ മാസം 3-ാം തീയതി അർദ്ധരാത്രിക്ക് മകനെക്കൊണ്ട് സ്വന്തം വീടിനുനേരെ കല്ലേറിയിച്ചശേഷം അത് സി.പി.ഐ.(എം)-ന്റെ തലയിൽ കെട്ടിവയ്ക്കാൻ ശ്രമിച്ച തിരുവനന്തപുരം മുട്ടത്തറയിലെ ലീന ജി.-യെയും മകൻ നിഖിൽ കൃഷ്ണയെയും നിങ്ങൾ മറന്നോ? അതുകൊണ്ടാണ് ജനങ്ങൾ നിങ്ങളെ സംശയിക്കുന്നത്. ഇവിടെ രാഷ്ട്രീയ പകയും മാധ്യമ പകയും സഖാവ് പിണറായി വിജയനെ വേട്ടയാടാൻ തുടങ്ങിയിട്ട് കാലമെത്രയായി; ഇപ്പോൾ അതെല്ലാം വിട്ടശേഷം മുഖ്യമന്ത്രിയുടെ കുടുംബത്തെയല്ലേ വേട്ടയാടുന്നത്. അവനവനെ വിശ്വസിച്ചെത്തുന്ന പ്രതികൾക്കുവേണ്ടി യുക്തിസഹമായ നുണപറയുന്നത് ചില വക്കീലന്മാരുടെ വാദമാണ്. ഈ സഭയ്ക്കകത്ത് ആർക്കുവേണ്ടിയാണ് ഡോ. മാത്യു കുഴൽനാടൻ വാദിക്കുന്നത്; സ്വർണ്ണകള്ളക്കടത്തുകേസിൽ ജയിലിൽ കഴിഞ്ഞ് ജാമ്യത്തിൽ പുറത്തിറങ്ങിയ പ്രതിക്ക് വേണ്ടിയോ? ആർ.എസ്.എസ്.-നുവേണ്ടി വിടുപണി ചെയ്യുന്ന എച്ച്.ആർ.ഡി.എസ്.-ന്റെ ബാഡ്ജ് കഴുത്തിൽ തൂക്കി നാഴികയ്ക്ക് നാൽപ്പതുവട്ടം നുണപറഞ്ഞുകൊണ്ടിരിക്കുന്ന ആ സ്ത്രീക്കുവേണ്ടിയാണോ ഡോ. മാത്യു കുഴൽനാടൻ ഇവിടെ വക്കാലത്തുമായി വരുന്നത്; അതങ്ങ് മനസ്സിൽ വച്ചാൽ

മതി. സമര തീച്ചൂളയിൽ നിന്നുയർന്നുവന്ന സൂര്യതേജസിനെ വാദമുഖങ്ങളുടെ ചുരുട്ട് കാണിച്ച് ഭയപ്പെടുത്താൻ ഡോ. മാത്യു കുഴൽനാടനല്ല മറ്റാര് ശ്രമിച്ചാലും നടക്കാൻ പോകുന്നില്ല. നിയമസഭയിൽ ബഹുമാന്യരായ സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, മുഖ്യമന്ത്രിയുൾപ്പെടെയുള്ള മന്ത്രിമാർ, പ്രതിപക്ഷനേതാവ്, ചീഫ് വിപ്പ് എന്നിവരിൽനിന്നും പുതുതായി കടന്നുവന്ന എം.എൽ.എ.-മാർക്കും ഞങ്ങളെപ്പോലുള്ള എം.എൽ.എ.-മാർക്കും ധാരാളം കാര്യങ്ങൾ പഠിക്കാനുണ്ട്. കഴിഞ്ഞ ഒരു വർഷത്തിനിടയിൽ ഞങ്ങൾക്ക് പ്രതിപക്ഷനേതാവെന്ന നിലയിൽ അങ്ങയിൽനിന്ന് എന്താണ് പഠിക്കാൻ കഴിഞ്ഞിട്ടുള്ളത്; ധിക്കാരമോ; ധാർഷ്ട്യമോ; അഹങ്കാരമോ; അസഹിഷ്ണുതയോ; ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിൽനിന്ന് ഒരുപാട് കാര്യങ്ങൾ പഠിക്കാൻ കാതോർത്തിരിക്കുന്നവരാണ് ഈ സഭയിലെ അംഗങ്ങൾ. അതുകൊണ്ട് ധിക്കാരത്തിന്റെ തലച്ചോറും ധാർഷ്ട്യത്തിന്റെ നാവും അഹങ്കാരത്തിന്റെ ആൾരൂപവുമായി അങ്ങ് മാറരുതെന്ന് അഭ്യർത്ഥിച്ചുകൊണ്ട് അവസാനിപ്പിക്കുകയാണ്.

ശ്രീ. റോജി എം. ജോൺ: സർ, ഞാൻ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. കഴിഞ്ഞ മേയ് 23 മുതൽ 26 വരെ സ്വിറ്റ്സർലാൻഡിലെ ദാവോസിൽ നടന്ന സാമ്പത്തിക ഫോറത്തിൽ

കേരളം പങ്കെടുക്കാത്തതിന്റെ കാരണമെന്താണെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വ്യക്തമാക്കുമെന്നാണ് ഞാൻ കരുതുന്നത്. കർണ്ണാടക, മഹാരാഷ്ട്ര ഉൾപ്പെടെ നിരവധി സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരും മന്ത്രിമാരുമടക്കം സാമ്പത്തിക ഫോറത്തിൽ പങ്കെടുക്കുകയും കോടിക്കണക്കിന് രൂപയുടെ നിക്ഷേപത്തിന് കരാർ ഒപ്പുവയ്ക്കുകയും ചെയ്തപ്പോൾ കേരളം ആ യോഗത്തിൽ പങ്കെടുത്തിട്ടുമില്ല, ഒരു രൂപയുടെ കരാർ നമുക്ക് ലഭിച്ചിട്ടുമില്ല. എന്തുകൊണ്ടാണ് അത്തരമൊരു സാഹചര്യം/അവസരം കേരളം നഷ്ടപ്പെടുത്തിയതെന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സംസാരിക്കുമെന്നാണ് ഞാൻ കരുതുന്നത്. ഒരുപക്ഷേ, തൃക്കാക്കര തെരഞ്ഞെടുപ്പിന്റെ തിരക്കിലായതുകൊണ്ട് അദ്ദേഹത്തിന് ഈ യോഗത്തിന് പോകാൻ സാധിച്ചിട്ടുണ്ടാകില്ല. തൃക്കാക്കര തെരഞ്ഞെടുപ്പിന് അദ്ദേഹം മുമ്പിൽനിന്ന് പ്രവർത്തിച്ചതിന്റെ പ്രയോജനമെങ്കിലും കിട്ടിയെങ്കിൽ അതിലെങ്കിലും ആശ്വസിക്കാമായിരുന്നു. അതും കിട്ടിയില്ല. സി.പി.ഐ.(എം)-ന്റെ ബഹുഭൂരിപക്ഷം അംഗങ്ങളും തൃക്കാക്കര മണ്ഡലത്തെക്കുറിച്ചാണ് ഇവിടെ സംസാരിച്ചത്. തൃക്കാക്കരയിൽ ആരാണ് വർഗ്ഗീയമായി ചേരിതിരിവുണ്ടാക്കിയത്? പാർട്ടി ജില്ലാ കമ്മിറ്റി ഒറ്റക്കെട്ടായി, ഏകകണ്ഠമായി തീരുമാനിച്ച പാർട്ടി പ്രവർത്തകനായ, പാർട്ടിക്കുവേണ്ടി

കൊടിപിടിക്കുന്ന സ്ഥാനാർത്ഥിയുടെ പേര് ചുവരെഴുതിയതിനുശേഷം മാറ്റിയത് ആരാണ്; ഇവിടെ ഭരണപക്ഷത്തിരിക്കുന്ന അംഗങ്ങളുൾപ്പെടെ ഒരു സ്ഥാനാർത്ഥിക്കുവേണ്ടി ഫേസ്ബുക്കിൽ പോസ്റ്റ് ചെയ്തല്ലോ; ആ ഫേസ്ബുക്ക് പോസ്റ്റ് പിന്നീട് പിൻവലിക്കേണ്ടി വന്നില്ലേ? തൃക്കാക്കര ഉപതെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയെ പ്രഖ്യാപിക്കുന്നതുമുതൽ വർഗ്ഗീയമായി ചേരിതിരിവുണ്ടാക്കി കേരളത്തിന്റെ മതേതര മനസ്സിനെ നിങ്ങൾ വെല്ലുവിളിച്ചു. കേരളത്തിലെ ജനങ്ങൾ ആ വെല്ലുവിളി ഏറ്റെടുത്തുകൊണ്ട് തൃക്കാക്കരയിൽ വിധിയെഴുതി. സ്ഥാനാർത്ഥി പ്രഖ്യാപനംകൊണ്ട് ഇത് അവസാനിക്കുമെന്നാണ് കരുതിയത്. പക്ഷേ അതവിടെ അവസാനിച്ചില്ല. മന്ത്രിമാരും എം.എൽ.എ.-മാരുമുൾപ്പെടെയുള്ള ആളുകൾ ജാതി തിരിഞ്ഞ്, മതം തിരിഞ്ഞ് വീടുകൾ കയറിയിറങ്ങി വോട്ട് ചോദിച്ചു. മന്ത്രിമാരിൽ പലരും പല വീടുകളിലും കയറിയിറങ്ങി വോട്ട് ചോദിച്ച് ഇറങ്ങിപ്പോയപ്പോൾ അവിടെയുള്ള ആളുകൾ ചോദിച്ചത്, വന്നതിൽ ഏതാണ് മന്ത്രിയെന്നാണ്. അങ്ങനെ ജാതി തിരിച്ചും മതം തിരിച്ചും വോട്ട് പിടിച്ചിട്ടും തൃക്കാക്കരയിൽ നിങ്ങൾക്ക് വിജയിക്കാൻ സാധിച്ചില്ല. കേരളത്തിലെ ജനങ്ങൾ അത് തിരിച്ചറിഞ്ഞിട്ടുണ്ട്.

<u>ശ്രീ. ലിന്റോ ജോസഫ്</u>: സർ, പോയിന്റ് ഓഫ് ഓർഡർ.

മി. ചെയർമാൻ: അദ്ദേഹം സംസാരിച്ചുകഴിഞ്ഞശേഷം അവസരം നൽകാം.

ശ്രീ. റോജി എം. ജോൺ: സർ, കേരളത്തിലെ ജനങ്ങൾ അതിന് ശക്തമായ തിരിച്ചടി കൊടുത്തു. അതുകൊണ്ടാണ് പി. ടി. തോമസ് 14000 വോട്ടിന് ജയിച്ച മണ്ഡലത്തിൽ ഇത്തവണ തെരഞ്ഞെടുപ്പ് നടന്നപ്പോൾ 25000-ൽപ്പരം വോട്ടുകൾക്ക് ശ്രീമതി ഉമ തോമസിന് വിജയിക്കാൻ സാധിച്ചത്.

ശ്രീ. വി. ജോയി: സർ, പോയിന്റ് ഓഫ് ഓർഡർ.

മി. ചെയർമാൻ: അംഗം സംസാരിച്ചുകഴിഞ്ഞശേഷം അവസരം നൽകാം.

ശ്രീ. റോജി എം. ജോൺ: സർ, ഇതിന്റെ പിന്നാലെയാണ് സ്വർണ്ണക്കടത്തു പ്രതി സ്വപ്ന സുരേഷിന്റെ വെളിപ്പെടുത്തലുകൾ വന്നത്. ഈ വെളിപ്പെടുത്തലുകൾ ഞങ്ങൾ ഉയർത്തിക്കൊണ്ടുവന്ന ആരോപണങ്ങളാണോ; പുതുതായി ഒന്നുമില്ലെന്ന് നിങ്ങൾതന്നെ പറയുമ്പോൾ പിന്നെ എന്തിനാണ് നിങ്ങൾ ഇത്രയധികം വെപ്രാളം കാണിച്ചത്? വിജിലൻസിനെയും എ.ഡി.ജി.പി.-യെയും മുഴുവൻ പോലീസുകാരെയും ഇറക്കിയത് പോരാഞ്ഞ്, അതിന് പ്രതിരോധം

തീർക്കാനായി നിങ്ങളുടെ ഏറ്റവും വലിയ പ്രതിരോധമായ സോളാർ കേസിലെ പ്രതി സരിത എസ്. നായരെത്തന്നെ രംഗത്തിറക്കി. മുഖ്യമന്ത്രി എപ്പോഴും പറയാറുണ്ട്, 'മടിയിൽ കനമില്ലാത്തവന് വഴിയിൽ പേടിക്കേണ്ട' എന്ന്. അതിന്റെ അർത്ഥം ഇവരുടെ ഒരു അവതാരമായ ഷാജ് കിരൺ പറഞ്ഞപ്പോഴാണ് ഞങ്ങൾക്ക് മനസ്സിലായത്. ഇപ്പോഴൊന്നും മടിയിൽ വയ്ക്കുന്നില്ല, അപ്പപ്പോൾത്തന്നെ അമേരിക്കയിലേയ്ക്ക് കടത്തിവിടുകയാണെന്ന് ഷാജ് കിരൺ പറഞ്ഞപ്പോഴാണ് കേരളത്തിന് മനസ്സിലായത്. അതുകൊണ്ട് ഇപ്പോൾ പേടിക്കേണ്ട സാഹചര്യമില്ലെന്നുള്ളത് നമുക്കെല്ലാം മനസ്സിലായിരിക്കുന്ന കാര്യമാണ്. കേരളത്തിൽ അങ്ങോളമിങ്ങോളം കലാപം അഴിച്ചുവിട്ടതും കെ.പി.സി.സി. ഓഫീസിൽ കയറി അക്രമം നടത്തിയതും ഞങ്ങളാണോ? അങ്ങോളമിങ്ങോളം കോൺഗ്രസ്സ് ഓഫീസുകൾ തല്ലിത്തകർത്തത് ആരാണ്; പയ്യന്നൂരിലെ ഗാന്ധിപ്രതിമയുടെ തല വെട്ടിമാറ്റിവച്ചതാരാണ്; കേരളത്തിൽ കലാപമുണ്ടാക്കാനായി പരിശ്രമിക്കുന്നത് ആരാണ്; പാർട്ടി പ്രവർത്തകരുടെ പ്രതികരണമാണെന്ന് പറഞ്ഞു. ബാലുശ്ശേരിയിലെ എസ്.ഡി.പി.ഐ. പ്രവർത്തകർ, ഒരു ഡി.വൈ.എഫ്.ഐ. പ്രവർത്തകനെ താലിബാൻ മോഡലിൽ ആക്രമിച്ചില്ലേ; നിങ്ങൾ എന്ത് പ്രതികരിച്ചു? എല്ലാവരും ശക്തമായി അപലപിച്ചു.

ഏതെങ്കിലും ഒരു എസ്.ഡി.പി.ഐ.-ക്കാരന്റെ ഓഫീസിന് നിങ്ങൾ കല്ലെറിഞ്ഞോ; ഏതെങ്കിലും ഒരു എസ്.ഡി.പി.ഐ.-ക്കാരനെ വഴിയിലെവിടെയെങ്കിലും നിങ്ങൾ തടഞ്ഞുവച്ചോ? നിങ്ങൾ ശക്തമായി അപലപിച്ചത് മാത്രമേയുള്ളൂ. കോൺഗ്രസ് ഓഫീസ് തല്ലിത്തകർത്തതുപോലെ എസ്.ഡി.പി.ഐ. ഓഫീസിലേയ്ക്ക് പോകാനായി ഇവിടെയിരിക്കുന്ന സി.പി.ഐ.(എം)-ന്റെ ആളുകളോ കേരളത്തിലെ ഡി.വൈ.എഫ്.ഐ.-ക്കാരനോ തയ്യാറാകില്ലെന്നുള്ളത് വ്യക്തമാണ്. ഇവരുടെ അജണ്ട വളരെ വ്യക്തമാണ്. ന്യൂനപക്ഷ വർഗ്ഗീയതയെയും ഭൂരിപക്ഷ വർഗ്ഗീയതയെയും ഒരുപോലെ പരിപോഷിപ്പിക്കുന്നവരാണിവർ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കോൺഗ്രസ് പ്രസിഡന്റിനെക്കുറിച്ച് കഴിഞ്ഞ ദിവസം വളരെ നിർഭാഗ്യകരമായിട്ടുള്ള ഒരു പ്രസ്താവന നടത്തുകയുണ്ടായി. കഴിഞ്ഞ കുറേ നാളുകളായിട്ടുള്ള സംഭവ വികാസങ്ങൾ നമ്മൾ ചേർത്തു വായിക്കേണ്ടതായിട്ടുണ്ട്. ഈ ബന്ധം ഇന്നും ഇന്നലെയൊന്നുമല്ല തുടങ്ങിയത്, കൂത്തുപറമ്പിൽ അദ്ദേഹം സംഘ്പരിവാറിന്റെ സഹായത്തോടുകൂടി മത്സരിച്ചപ്പോൾ തുടങ്ങിയ ബന്ധം നിർബാധം തുടരുകയാണ്. ഗുജറാത്തിൽ തെരഞ്ഞെടുപ്പ് അടുത്തുവരുന്ന ഘട്ടത്തിൽ ഗുജറാത്തിലെ സർക്കാരിന് ഗുഡ് സർട്ടിഫിക്കറ്റ് കൊടുക്കാൻ കേരളത്തിലെ

സർക്കാർ, ചീഫ് സെക്രട്ടറി ഉൾപ്പെടെയുള്ള ആളുകളെ അവിടത്തെ ഒരു ഡാഷ് ബോർഡിനെക്കുറിച്ച് പഠിക്കാനായി അങ്ങോട്ടേയ്ക്ക് പറഞ്ഞുവിട്ടു. ഇതുസംബന്ധിച്ച് ഗുജറാത്തിൽ പോയി പഠിച്ചാലേ കേരളത്തിന് മനസ്സിലാവുകയുള്ളോ? ഗുജറാത്ത് സർക്കാരിന് നിങ്ങൾക്ക് ഗുഡ് സർട്ടിഫിക്കറ്റ് കൊടുക്കണം. അതുകൊണ്ടും തീർന്നില്ല; ശ്രീ. രാഹുൽ ഗാന്ധിയുടെ ഓഫീസ് തല്ലിപ്പൊളിക്കുവാനായി എസ്.എഫ്.ഐ.-യുടെ ക്രിമിനലുകളെ നിയോഗിച്ചു. എന്നിട്ടും നിങ്ങൾക്ക് മതിയായില്ല; കേരളത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീമതി സോണിയ ഗാന്ധിക്കെതിരെ നിർഭാഗ്യകരമായ പ്രസ്താവന നടത്തുകയാണ്. ഞാൻ ഒരു കാര്യം ചോദിക്കാനാഗ്രഹിക്കുകയാണ്, കേരളാ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ, കേരളത്തിലെ അല്ലെങ്കിൽ രാജ്യത്തെ സി.പി.ഐ.(എം)-ന്റെ ഏക മുഖ്യമന്ത്രിയാണല്ലോ; പോളിറ്റ് ബ്യൂറോ അംഗം കൂടിയായ അദ്ദേഹം ഇക്കഴിഞ്ഞ 6 വർഷക്കാലയളവിൽ എവിടെയൊക്കെ പോയിട്ടുണ്ട്; അദ്ദേഹം ഗുജറാത്തിൽ പോയിട്ടുണ്ടോ? ഡൽഹിയിൽ ഒരുവർഷക്കാലം കർഷക സമരം നടന്നപ്പോൾ ഏതെങ്കിലുമൊരു ദിവസം അവിടേയ്ക്ക് പോകാൻ ശ്രീ. പിണറായി വിജയൻ തയ്യാറായിട്ടുണ്ടോ; ബി.ജെ.പി. ഭരിക്കുന്ന ഏതെങ്കിലും സംസ്ഥാനത്ത് ഒരു സമരത്തിന് നേതൃത്വം കൊടുക്കാൻ

ശ്രീ. പിണറായി വിജയൻ പോകുമോ? ശ്രീ. പിണറായി വിജയൻ പോകില്ല. അദ്ദേഹം ഇവിടെയിരുന്ന് പത്രസമ്മേളനം നടത്തി ഊരിപ്പിടിച്ച വാളിനെക്കുറിച്ചും കോടാലിയെക്കുറിച്ചുമൊക്കെ പറയും. ബി.ജെ.പി. ഭരിക്കുന്ന ഒരു സംസ്ഥാനത്തുപോയി മറ്റു കോൺഗ്രസ് മുഖ്യമന്ത്രിമാർ ചെയ്യുന്നതുപോലെ ഒരു സമരം സംഘടിപ്പിക്കുവാനോ സമരത്തിൽ പങ്കെടുക്കുവാനോ പ്രതിഷേധത്തിന്റെ ശബ്ദമുയർത്താനോ കേരളാ മുഖ്യമന്ത്രി തയ്യാറാകുന്നില്ലെന്നുള്ളത് ആരുടെ അജണ്ട നടപ്പാക്കാനാണെന്ന് നമുക്കറിയാം. ഇപ്പോൾ ഇവരുടെ പ്രശ്നം പ്രതിപക്ഷനേതാവ് ശ്രീ. വി. ഡി. സതീശനാണ്. ശ്രീ. വി. ഡി. സതീശനെക്കുറിച്ചാണ് ഇവിടെ സംസാരിച്ച പലയാളുകളും പ്രതിപാദിച്ചത്. ശ്രീ. വി. ഡി. സതീശന്റെയും പ്രതിപക്ഷത്തിന്റെയും വാക്കുകൾ ഇപ്പോൾ അവർക്ക് പൊള്ളുന്നുണ്ടെന്ന് ഞങ്ങൾക്ക് മനസ്സിലായി. പത്താം ക്ലാസ് പാസാകാത്ത സ്വപ്ന സുരേഷിന് ഫുൾ എ-പ്ലസും ഗോൾഡ് മെഡലും കൊടുത്ത് ചീഫ് സെക്രട്ടറിക്ക് തുല്യമായ സ്ഥാനത്തിരുത്തിയ നിങ്ങളുടെ ഗുഡ് സർട്ടിഫിക്കറ്റ് ഈ പ്രതിപക്ഷത്തിനും ശ്രീ. വി. ഡി. സതീശനും വേണ്ട എന്നുപറയാൻ ഞാനാഗ്രഹിക്കുകയാണ്. .......(മൈക്ക് ഓഫ്).......

<u>ശ്രീ. വി. ജോയി</u>: സർ, പോയിന്റ് ഓഫ് ഓർഡർ. ബഹുമാനപ്പെട്ട

അംഗം ഇവിടെ സംസാരിച്ചപ്പോൾ തൃക്കാക്കര തെരഞ്ഞെടുപ്പിൽ ബഹുമാനപ്പെട്ട മന്ത്രിമാരും എം.എൽ.എ.-മാരും ജാതി നോക്കി വീടുകളിൽ കയറിയെന്നൊരു പരാമർശമുണ്ടായി. അത് സഭാ രേഖകളിൽ കാണാൻ പാടില്ല; അങ്ങനെയൊരു സംഭവമില്ല.

മി. ചെയർമാൻ: പരിശോധിക്കാം.*

ശ്രീ. എ. എൻ. ഷംസീർ: സർ, പോയിന്റ് ഓഫ് ഓർഡർ. 303 പ്രകാരം ഇവിടെ ശ്രീ. റോജി എം. ജോണിന്റെ പ്രസംഗത്തിനിടയിൽ കേരളത്തിൽ ഏറ്റവും ത്യാഗം സഹിച്ച ഒരു വിദ്യാർത്ഥി പ്രസ്ഥാനത്തെ ക്രിമിനലെന്ന് പറഞ്ഞ് ആക്ഷേപിച്ചു. അത് ചട്ടം 307 പ്രകാരം സഭാരേഖയിൽ നിന്നും നീക്കംചെയ്യണം.

മി. ചെയർമാൻ: പരിശോധിക്കാം.*

ശ്രീ. ലിന്റോ ജോസഫ്: സർ, പോയിന്റ് ഓഫ് ഓർഡർ. നേരത്തെ പ്രധാനപ്പെട്ട അംഗം ശ്രീ. വി. ജോയി ഇവിടെ സൂചിപ്പിച്ച കാര്യം തന്നെയാണ്; ഇവിടെ ജാതിയും മതവും പറഞ്ഞ് സി.പി.ഐ.(എം) -ന്റെ മന്ത്രിമാരും എം.എൽ.എ.മാരും വോട്ടഭ്യർത്ഥിച്ചുവെന്നുള്ള പരാമർശം സഭാരേഖകളിൽ നിന്നും നീക്കം ചെയ്യണം. എന്റെ ഒരനുഭവം ഇപ്പോൾ

* ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവിൻപ്രകാരം (ഫ.നം. 11752/ഇ.ബി./2022/നി.സെ.) സഭാരേഖകളിൽ നിലനിർത്തി.

* ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവിൻപ്രകാരം (ഫ.നം. 11752/ഇ.ബി./2022/നി.സെ.) സഭാരേഖകളിൽ നിലനിർത്തി.

പറയാം; തൃക്കാക്കര ഉപതെരഞ്ഞെടുപ്പിൽ ഒന്നാമത്തെ ബൂത്തിലാണ് ഞാനും ശ്രീ. കടകംപള്ളി സഖാവും വർക്ക് ചെയ്തത്. അതൊരു മുസ്ലീം ഭൂരിപക്ഷ പ്രദേശമായിരുന്നു. അവിടെ വർക്ക് ചെയ്തത് ശ്രീ. ഷാഫി പറമ്പിലാണ്. ഇവിടെ ആരാണ് ജാതിയും മതവും പറഞ്ഞ് വോട്ടഭ്യർത്ഥിക്കാൻ പോയത്.

മി. ചെയർമാൻ: പരിശോധിക്കാം.*

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, വ്യവസായ വകുപ്പിനെ സംബന്ധിച്ചുള്ള ധനാഭ്യർത്ഥനകളിന്മേൽ ഗൗരവമായ വിമർശനങ്ങളൊന്നും അധികം ഉയർന്നുവന്നില്ലെന്നുള്ളത് സ്വാഗതാർഹമാണ്. ക്രിയാത്മകമായ വിമർശനങ്ങളെ സ്വാഗതം ചെയ്യുന്നു. കേരളത്തെ നല്ല രീതിയിൽ സംരംഭക അനുകൂല അന്തരീക്ഷമുള്ള ഒരിടമാക്കി മാറ്റുന്നതിന് പ്രതിപക്ഷത്തുനിന്നുൾപ്പെടെ ക്രിയാത്മക നിർദ്ദേശങ്ങൾ ഉയർന്നുവരുമെന്നാണ് ഞാൻ പ്രതീക്ഷിച്ചിരുന്നത്. എഴുതിത്തരാമെന്നാണ് ശ്രീ. അൻവർ സാദത്ത് പറയുന്നത്. അത് പരിഗണിക്കാം. ഇവിടെ സംരംഭങ്ങൾക്കനുകൂലമായി രൂപപ്പെട്ടിരിക്കുന്ന ഇക്കോസിസ്റ്റത്തിന് ആവശ്യമായ നിയമനിർമ്മാണങ്ങൾ നടത്തിയതിന്റെ ഭാഗമായി സംരംഭക സമൂഹത്തിൽനിന്ന് അനുകൂലമായ പ്രതികരണമാണുണ്ടായിട്ടുള്ളത്. വിവിധ

* ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവിൻപ്രകാരം (ഫ.നം. 11752/ഇ.ബി./2022/നി.സെ.) സഭാരേഖകളിൽ നിലനിർത്തി.

സംഘടനകൾ, അത് FICCI (Federation of Indian Chambers of Commerce and Industry), CII(Confederation of Indian Industry), Small Scale Industries Association, TRAI, ഏതുമാകാം. അവരെല്ലാവരും കേരളത്തിലേയ്ക്ക് കൂടുതൽ സംരംഭങ്ങൾ കൊണ്ടുവരുന്നതിനാവശ്യമായ നിലപാടാണ് സ്വീകരിക്കുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിലാണ് ഒരു omnibus ലെജിസ്ലേഷനായി 50 കോടി രൂപ വരെയുള്ള വ്യവസായങ്ങൾക്ക് യാതൊരനുമതിയുമില്ലാതെ മൂന്നുവർഷം വരെ പ്രവർത്തിക്കാമെന്നുള്ള നിയമം ഈ സഭ പാസാക്കിയത്. 50 കോടി രൂപയ്ക്ക് മുകളിലുള്ള നിക്ഷേപമാണെങ്കിൽ എല്ലാ രേഖകളോടും കൂടി അപേക്ഷ മടങ്ങിക്കഴിഞ്ഞാൽ ഏഴ് ദിവസത്തിനകം അതിന് കോംപോസിറ്റ് ലൈസൻസ് നൽകുന്നതിനാവശ്യമായ ഓൺലൈൻ സംവിധാനം സജ്ജമായിട്ടുണ്ട്. സ്വകാര്യ വ്യവസായ സംരംഭങ്ങൾക്ക് സഹായകരമാകുന്ന രൂപത്തിൽ പാർക്കുണ്ടാകണമെന്നത് വളരെ നാളായുള്ള ഒരാവശ്യമായിരുന്നു. 2018-ൽ കഴിഞ്ഞ ഗവൺമെന്റ് അതിനാവശ്യമായ നിലപാട് സ്വീകരിച്ചു. അതിനനുസരിച്ച് എന്തുകൊണ്ട് സ്വകാര്യ വ്യവസായ പാർക്കുകൾ വന്നില്ലെന്ന കാര്യം ഗൗരവമായി പരിശോധിക്കുകയും സംഘടനകളുമായി ചർച്ചചെയ്യുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ 10 ഏക്കറിന് മുകളിലുള്ള

സ്വകാര്യ സംരംഭങ്ങൾക്ക് പാർക്കിന്റെ സ്റ്റാറ്റസ് നൽകുന്നതിനാവശ്യമായ തീരുമാനമെടുത്തു. പതിനാല് ജില്ലകളിൽ നിന്നും വളരെ അനുകൂലമായ പ്രതികരണമാണുണ്ടായിട്ടുള്ളത്. പാലക്കാട് നിന്നും രണ്ട് അപേക്ഷകൾ വന്നിട്ടുണ്ട്; അപേക്ഷ നൽകുന്നതു മുതൽ സർട്ടിഫിക്കറ്റ് കൊടുക്കുന്നതുവരെ ഓൺലൈനിലാണ്. അതിനകത്ത് 30 ദിവസത്തിനകം തീരുമാനമെടുക്കണമെന്നതുൾപ്പെടെ വ്യവസ്ഥചെയ്തിട്ടുണ്ട്. എല്ലാ എം.എൽ.എ.-മാർക്കും ഇതൊരവസരമായെടുക്കാം. ഓരോ മണ്ഡലത്തിലും തിലകക്കുറിയായി ഒരു സ്വകാര്യ വ്യവസായപാർക്ക് ആരംഭിക്കുന്നതിന് മുൻകയ്യെടുക്കണമെന്ന് ഞാൻ എല്ലാ എം.എൽ.എ.-മാരോടും അഭ്യർത്ഥിക്കുകയാണ്. പരിശോധനകൾ നടത്തുന്നതിന് വേണ്ടത്ര വ്യവസ്ഥയില്ലെന്നതാണ് തുടക്കത്തിൽ വന്ന ഒരു പരാതി. വ്യവസ്ഥകളിൽ എന്തെങ്കിലും മാറ്റം വരുത്തേണ്ടതുണ്ടോയെന്ന് പരിശോധന നടത്തിക്കൊണ്ട് ആഗസ്റ്റ് ഒന്ന് മുതൽ K-CIS (Kerala- Centralize Inspection System) സംവിധാനം കൊണ്ടുവരാനാണ് തീരുമാനിച്ചിരുന്നതെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി 2021, ജൂലൈ 30-ന് അത് ഉദ്ഘാടനം ചെയ്തു. ഇപ്പോൾ സെൻട്രലൈസ്ഡ് ഇൻസ്പെക്ഷൻ സിസ്റ്റമാണ് കേരളത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്.

സംരംഭക വർഷമെന്ന പുതിയ കാഴ്ചപ്പാടിലൂടെ കേരളത്തിൽ ഒരു ലക്ഷം സംരംഭം കൊണ്ടുവരണമെന്ന ടാർജറ്റ് വച്ചു. കേരളത്തിൽ കഴിഞ്ഞ വർഷം പതിനേഴായിരത്തിനടുത്ത് പുതിയ MSME-കളാണ് രജിസ്റ്റർ ചെയ്യപ്പെട്ടത്. ഒന്നാം പിണറായി സർക്കാരാണ് MSME-കളുടെ കാര്യത്തിൽ കേരളത്തിൽ ഒരു ചരിത്രം സൃഷ്ടിച്ചത്. അതിനുമുമ്പുള്ളതിന്റെ ഇരട്ടിയിലധികം അതായത് നാൽപ്പത്തിയെട്ടായിരത്തിലധികം MSME-കൾ ഒന്നാം പിണറായി സർക്കാരിന്റെ കാലഘട്ടത്തിലുണ്ടായി. രണ്ടാം പിണറായി സർക്കാരിന്റെ ആദ്യ വർഷം പതിനേഴായിരത്തിലേയ്ക്കെത്തി. ഇതുകൊണ്ട് ഒരു ലക്ഷമെന്നുള്ള ടാർജറ്റിലെത്തുമോ എന്നുള്ള ചോദ്യം വന്നെങ്കിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വ്യവസായ വകുപ്പ്, പഞ്ചായത്ത്, ഫിഷറീസ്, അഗ്രികൾച്ചർ, അനിമൽ ഹസ്ബൻഡറി, തൊഴിൽ, ടൂറിസം ഇങ്ങനെ എല്ലാ വകുപ്പുകളും ഏകോപിപ്പിച്ചുകൊണ്ട് ഈ ലക്ഷ്യം നടപ്പാക്കാനാവശ്യമായ ഒരു കർമ്മപദ്ധതി ആവിഷ്കരിച്ചു.

ചരിത്രത്തിലാദ്യമായി ഗവൺമെന്റിന്റെ ഭാഗമായി എം.ബി.എ./ ബി.ടെക് ബിരുദധാരികളെ പഞ്ചായത്തിൽ ഒന്ന്, മുനിസിപ്പാലിറ്റിയിൽ രണ്ട്, കോർപ്പറേഷനിൽ 20- ഡിവിഷനിൽ ഒരാൾ എന്ന നിലയിൽ 1152 പേരെ ഇന്റേൺസയി റിക്രൂട്ട് ചെയ്ത് ഏപ്രിൽ 1 മുതൽ പ്രവർത്തനമാരംഭിച്ചു.

ദിവസവും ഓരോ ജില്ലയിലും ഓരോ പഞ്ചായത്തിലും എത്ര സംരംഭങ്ങൾ രജിസ്റ്റർ ചെയ്യുന്നുണ്ടെന്ന കാര്യം വെബ്സൈറ്റിൽ ലഭ്യമാണ്. ഇന്നത്തെ കണക്കെടുക്കുമ്പോൾ 26980 പുതിയ MSME-കൾ മൂന്ന് മാസത്തിനുള്ളിൽ കേരളത്തിൽ രജിസ്റ്റർ ചെയ്തു. ഏപ്രിലിനുമുമ്പ് 3452 MSME- കൾ രജിസ്റ്റർ ചെയ്തിരുന്നു. ഈ വർഷം ജനുവരി മുതൽ ജൂൺ അവസാനംവരെയുള്ള 6 മാസക്കാലത്തിനുള്ളിൽ 30432 പുതിയ MSME-കൾ കേരളത്തിൽ വന്നു. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് അഞ്ച് വർഷം കൊണ്ട് 48500 MSME-കൾ ഉണ്ടാക്കാൻ കഴിഞ്ഞു. ബഹുമാന്യനായ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ എല്ലാ വകുപ്പുകളും ചേർന്ന് നടത്തിയ പ്രവർത്തനത്തിന്റെ ഭാഗമായിട്ടാണ് ഇത് സാധിച്ചത്. അതിൽ പഞ്ചായത്തുണ്ട്, മറ്റു വകുപ്പുകളുണ്ട്. ഓരോ വകുപ്പുകളും ടാർജറ്റ് നിശ്ചയിച്ചിട്ടുണ്ട്. എനിക്ക് നന്ദി രേഖപ്പെടുത്താനുള്ള മറ്റൊരു വിഭാഗം ബാങ്കുകളാണ്. സാധാരണ കുറേ സങ്കീർണതകളൊക്കെ പറയുന്നത് ബാങ്കുകളാണ്. 37 ബാങ്കുകളിലെ പ്രതിനിധികളുമായി ഞങ്ങൾ മൂന്ന്, നാലു തവണ യോഗം ചേരുകയും അവർ നല്ല രീതിയിലുള്ള സമീപനം സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഓരോ ബാങ്കും ടാർജറ്റ് നിശ്ചയിച്ചിട്ടുണ്ട്. എസ്.എൽ.ബി.സി. കൺവീനറായിട്ടുള്ള കാനറാ ബാങ്ക്; 50000 എന്ന ടാർജറ്റ് നിശ്ചയിച്ച് പ്രവർത്തിക്കുകയാണ്. ഏഴരയോ

എട്ടോ ശതമാനമായിരിക്കും ഓരോ ബാങ്കിന്റെയും വായ്പാനിരക്ക്. ബാങ്കുകൾ ആ തീരുമാനത്തിലേയ്ക്ക് വന്നതുകൊണ്ട്, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റിൽ പ്രഖ്യാപിച്ചതനുസരിച്ചും ഗവൺമെന്റിന്റെ തീരുമാനപ്രകാരവും MSME കൾക്ക് സംരംഭക വർഷത്തിൽ 4% പലിശയ്ക്ക് വായ്പ നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അതിന്റെ ഗ്യാപ്പ് ഗവൺമെന്റ് ഇന്റർ സബ്‌വേർഷനായി നൽകുമെന്ന കാര്യം കൂടി ഈ സന്ദർഭത്തിൽ ഞാൻ പ്രഖ്യാപിക്കുകയാണ്. ഇതിന്റെ ഭാഗമായി ഓരോ ജില്ലയിലും ടെക്നോളജി ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. വ്യവസായങ്ങൾക്ക് മാർക്കറ്റിംഗിലോ, മാനേജ്മെന്റിലോ, ടെക്നോളജിയിലോ എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടായാൽ ഈ ടെക്നോളജി ക്ലിനിക്കിലേയ്ക്ക് പോകാം. ഇതിൽ നൂറ്റി അറുപതിലധികം ആളുകളുടെ/സ്ഥാപനങ്ങളുടെ പാനലുണ്ട്. വ്യക്തിയിൽനിന്നോ, സ്ഥാപനത്തിൽ നിന്നോ അവർക്കാവശ്യമായ ഉപദേശം തേടാം. ഗവൺമെന്റ് അതിനാവശ്യമായ റെമ്യൂണറേഷൻ നൽകുന്ന സംവിധാനമാണ് നടപ്പാക്കിയിട്ടുള്ളത്. 'Made in Kerala' എന്നൊരു ബ്രാൻഡ് ശക്തിപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നു. കേരളത്തിലുണ്ടാക്കുന്ന ഉൽപ്പന്നങ്ങൾ ഫുഡുമായി ബന്ധപ്പെട്ടതാണെങ്കിൽ 'Made in Kerala Safe to Eat' എന്നൊരു സർട്ടിഫിക്കറ്റ് കൂടി നൽകും.

വെളിച്ചെണ്ണയുടെ കാര്യത്തിൽ ഇപ്പോൾ വ്യവസായ വകുപ്പ് നേരിട്ട് ഒരു ലാബ് കൊണ്ടുവരികയാണ്. ഇങ്ങനെ വരുന്ന ഓരോ ഉൽപ്പന്നത്തിനും ഈ സംവിധാനം കൂടി വരുന്നതോടെ മാർക്കറ്റിൽ കുറെക്കൂടി മൂല്യമുണ്ടാകും. ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രി അദ്ദേഹവുമായി സംസാരിച്ചു. സഹകരണ വകുപ്പുകൂടി മുൻകയ്യെടുത്തുകൊണ്ട് 'Made in Kerala' ഉൽപ്പന്നങ്ങളുടെ ഒരു സൂപ്പർ മാർക്കറ്റ് ചെയിൻ അവരുടെ ഇപ്പോഴത്തെ സംവിധാനവുമായി ചേർത്തുവയ്ക്കാൻ സാധിക്കുമോയെന്ന കാര്യവും പരിശോധിക്കുകയാണ്. പഞ്ചായത്തുകളുടെ പ്രവർത്തനഫലമായി ഇപ്പോൾ 87000 ആളുകൾ സംരംഭം തുടങ്ങാൻ താൽപര്യം പ്രകടിപ്പിച്ച് ശില്പശാലകളിൽ പങ്കെടുത്ത് കഴിഞ്ഞിട്ടുണ്ട്. 87000 ആളുകളെ സംരംഭകരാക്കുന്ന പ്രവർത്തനം മുന്നോട്ട് വരുന്നതേയുള്ളു. നാം ഒരുമിച്ച് ശ്രമിച്ചാൽ ഈ വർഷത്തെ ടാർജറ്റ് ഒന്നര ലക്ഷമെങ്കിലുമാക്കാൻ സാധിക്കുമെന്ന ആത്മവിശ്വാസമാണ് ഗവൺമെന്റിനുള്ളത്. തമിഴ്നാട്, ആന്ധ്രാപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളെ അപേക്ഷിച്ച് നമുക്ക് കുറച്ച് പരിമിതികളും നേട്ടങ്ങളുമുണ്ട്. ഇന്ത്യയുടെ 1.1 ശതമാനം സ്ഥലമേ നമുക്കുള്ളു. 28-29 ശതമാനം വനമാണെന്ന് ഇന്ന് രാവിലത്തെ ചർച്ചയിൽ ഇവിടെ പറയുകയുണ്ടായി. ഒരു വശം Western Ghats റെഗുലേഷനും

മറുവശം CRZ റെഗുലേഷനമാണ്. ഇതിനിടയിലുള്ള സ്ഥലമാണ് നമുക്കുള്ളത്. അവിടെയാണ് Wetlands Regulations ഉള്ളത്. ഇതുകഴിഞ്ഞുള്ള പരിമിതമായ സ്ഥലം ഉപയോഗിച്ചുകൊണ്ടാണ് ഈ സംരംഭങ്ങൾ കൊണ്ടുവരാൻ നമുക്ക് സാധിക്കുന്നത്. അതിനാവശ്യമായിട്ടുള്ള എല്ലാ ഇക്കോസിസ്റ്റവും ഗവൺമെന്റ് ശക്തിപ്പെടുത്തുന്നുണ്ട്. അഹമ്മദ് സാഹിബ് ടെക്നോ പാർക്ക് തുടങ്ങുമ്പോൾ ആരെയോ കൊണ്ടുവന്നെന്ന് ശ്രീ. കുറുക്കോളി മൊയ്തീൻ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ആരാണ് ഇന്ത്യയിലെ ആദ്യത്തെ ടെക്നോപാർക്ക് ആരംഭിച്ച മുഖ്യമന്ത്രി? ഇന്ത്യയിലെ ആദ്യത്തെ ടെക്നോപാർക്ക് ആരംഭിച്ച ഗവൺമെന്റിനെ നയിച്ച മുഖ്യമന്ത്രിയുടെ പേര് ഇ. കെ. നായനാർ എന്നാണ്. അന്ന് ശ്രീ. വിജയരാഘവനും സുശീലാ ഗോപാലനും നായനാരും കൂടി സിലിക്കൺ വാലിയിൽ പോയപ്പോൾ, ഇതുപോലൊന്ന് കേരളത്തിൽ വേണമെന്ന് ഇ. കെ. നായനാർ പറഞ്ഞു. സാങ്കേതിക വൈദഗ്ദ്ധ്യമോ, ഗവേഷണ ബിരുദമോ ഉള്ള ആളല്ല ഇ.കെ.നായനാർ. ജനങ്ങളുടെ ജീവിതവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച് അനുഭവ സമ്പത്തുള്ള അദ്ദേഹം ശ്രീ. വിജയ രാഘവനോട് നമുക്ക് ഇതുപോലൊന്ന് വേണമെന്ന് പറയുകയുണ്ടായി. അപ്രകാരം ആദ്യമായി തിരുവനന്തപുരത്ത് ടെക്നോപാർക്ക്

ആരംഭിക്കുന്നതിനാവശ്യമായ സ്ഥലം കേരള യൂണിവേഴ്സിറ്റി നൽകി. ഇപ്പോൾ ഏഷ്യയിലെ ഒന്നാമത്തെ സ്റ്റാർട്ടപ്പ് ഇക്കോ സിസ്റ്റം സഖാവ് പിണറായി വിജയൻ ഭരിക്കുന്ന ഈ കേരളത്തിലാണ്. അത് ഞങ്ങളുടെ മാത്രം നേട്ടമായി കാണേണ്ട. നമ്മുടെ എല്ലാവരുടെയും, കേരളത്തിന്റെ നേട്ടമാണ്. നിങ്ങൾ കൊച്ചിയിലേയ്ക്ക് വന്ന് കളമശ്ശേരിയിലെ സ്റ്റാർട്ടപ്പ് വില്ലേജും അതിനോട് ചേർന്ന മേക്കർ വില്ലേജും പരിശോധിക്കൂ. സാധാരണ സ്റ്റാർട്ടപ്പ് എന്നുപറഞ്ഞാൽ ഐ.ടി.-യുമായി ബന്ധപ്പെട്ടതാണ്; അവർക്കാണ് ആനുകൂല്യങ്ങളുള്ളത്. മാനുഫാക്ച്ചറിംഗ്, അഗ്രികൾച്ചർ മേഖലയിലുള്ള സ്റ്റാർട്ടപ്പുകൾ കൂടി ശക്തിപ്പെടുത്താൻ ഇതുവരെ ഐ.റ്റി അനുബന്ധ സ്റ്റാർട്ടപ്പുകൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണോ നൽകിയിരുന്നത് അത്തരത്തിലുള്ള എല്ലാ ആനുകൂല്യങ്ങളും മറ്റ് സ്റ്റാർട്ടപ്പുകൾക്കുകൂടി കൊടുക്കാൻ സർക്കാർ തീരുമാനിച്ചിരിക്കുകയാണ്. ഇതുവഴി നല്ല മാറ്റമുണ്ടാക്കാൻ സാധിക്കുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

ഏറ്റവും പ്രധാനപ്പെട്ടൊരു വെബ് പോർട്ടലാണ് Naukri.com. ഇവിടെ വെബൊക്കെ നോക്കുന്ന കുറെ പ്രതിപക്ഷാംഗങ്ങളുണ്ടല്ലോ; കഴിഞ്ഞ നാലുമാസത്തെ കണക്കിൽ ഇന്ത്യയിൽ ഏറ്റവും കൂടുതൽ തൊഴിൽ നൽകിയ സിറ്റി കൊച്ചിയാണ്. ജപ്പാനിലുള്ള കൊച്ചിയല്ല, കേരളത്തിലെ

കൊച്ചിയാണ്. Naukri.com എന്നു പറയുന്നത് സർക്കാർ സ്ഥാപനമല്ല. Naukri.com-ൽ രജിസ്റ്റർ ചെയ്യുന്നതിനനുസരിച്ച് അനലൈസ് ചെയ്ത് നാലുമാസത്തിനിടയിൽ തുടർച്ചയായി നാലായിരത്തിന് മുകളിൽ തൊഴിൽ നൽകിയ ഇന്ത്യയിലെ ഏക സിറ്റിയാണ് കൊച്ചി. നമുക്കെല്ലാവർക്കും അഭിമാനിക്കാവുന്ന കാര്യമാണിത്. തമിഴ്നാട്ടിലേയ്ക്കും ആന്ധ്രാ പ്രദേശിലേയ്ക്കും നോക്കുന്നതിനിടയിൽ നമ്മുടെ നാട്ടിൽ നടക്കുന്ന മാറ്റങ്ങൾകൂടി കാണാൻ കണ്ണൊന്ന് തുറന്നുവച്ചാൽ ഈ നാടും നന്നാകും. നമ്മളെല്ലാവരും ഭാവിതലമുറയ്ക്കുവേണ്ടി ഇത് പ്രചരിപ്പിക്കണം. മറ്റൊന്ന് ഫെസിലിറ്റേഷൻ കൗൺസിലുകളാണ്. എം.എസ്.എം.ഇ.-കൾക്ക് അവരുടെ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കാൻ ഒരു സംവിധാനം വേണമെന്നത് നമ്മുടെ പ്രധാനപ്പെട്ടൊരു ആവശ്യമായിരുന്നു. ഇപ്പോൾ കിൻഫ്ര മുൻകയ്യെടുത്ത് 15 ഏക്കർ സ്ഥലത്ത് ഇന്റർനാഷണൽ സൗകര്യമുള്ള Exhibition cum Convention Centre (IECC) കൊണ്ടുവരാൻ പോകുകയാണ്. കൊച്ചിയിലും കോഴിക്കോട്ടും വൻകിട കമ്പനികൾ കോടികൾ ചെലവഴിച്ച് നടത്താറുള്ള ഇത്തരം എക്സിബിഷനുകൾ ഒരു സ്ഥിരം സംവിധാനത്തിലേയ്ക്ക് വരികയാണ്. അതിനുള്ള ശിലാസ്ഥാപനം നടത്തിക്കഴിഞ്ഞു. 2023 കേരളപ്പിറവി ദിനത്തിനുമുമ്പ് കേരളത്തിന്റെ മുഖ്യമന്ത്രി ആ കൺവെൻഷൻ സെന്ററിന്റെ

ഉദ്ഘാടനം നിർവ്വഹിച്ചിരിക്കുമെന്നുകൂടി ഞാൻ ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്.

ബഹുമാനപ്പെട്ട അംഗം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പൊതുമേഖലയാകെ നഷ്ടത്തിലാണെന്ന് പറഞ്ഞു. അത് അദ്ദേഹം ഭരിച്ചിരുന്ന കാലഘട്ടത്തിന്റെ ഓർമ്മയിൽ കുരുങ്ങിക്കിടക്കുന്നതുകൊണ്ട് വന്ന പ്രയോഗമായിരിക്കാം. ഗവൺമെന്റിന്റെ കീഴിലുള്ള മൊത്തം പൊതുമേഖലാ സ്ഥാപനങ്ങളടക്കമുള്ളവയുടെ കണക്കുകൾ ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞിട്ടുണ്ട്. റിയാബിന്റെ കീഴിൽ 41 പൊതുമേഖലാ സ്ഥാപനങ്ങളുള്ളതിൽ 21 എണ്ണം ഈ സാമ്പത്തിക വർഷം ലാഭത്തിലായി എന്നു മാത്രമല്ല അവയിൽ 5 സ്ഥാപനങ്ങൾ ഈ വർഷം ചരിത്രത്തിലെ ഏറ്റവും ഉയർന്ന ലാഭമാണ് നേടിയത്. 10 പൊതുമേഖലാ സ്ഥാപനങ്ങൾ ചരിത്രത്തിലെ ഏറ്റവും ഉയർന്ന ടേണോവറാണ് നേടിയിട്ടുള്ളത്. എന്നുവച്ചാൽ പൊതുമേഖലയാകെ ഭദ്രമാണെന്നല്ല; ബദലാണെന്നാണ് ഞങ്ങൾ കരുതുന്നത്. അത് ഞങ്ങളുടെ നിലപാടാണ്. പൊതുമേഖല ബദലാകുന്നത് ലാഭകരവും മത്സരക്ഷമവുമാകുമ്പോഴാണ്. അതിനാവശ്യമായ മാസ്റ്റർപ്ലാനുകൾ വേണമെന്ന് എൽ.ഡി.എഫ്.-ന്റെ പ്രകടനപത്രികയിൽ കൃത്യമായിത്തന്നെ നിർവ്വചിച്ചു. 41 പൊതുമേഖലാ സ്ഥാപനങ്ങൾക്കും

മാസ്റ്റർപ്ലാനുകൾ ആവിഷ്കരിച്ച് ഷോർട്ട്ടേം, മിഡ്ടേം, ലോങ്ടേം ഗോളുകൾ നിർവ്വചിച്ചു. ആ മാസ്റ്റർ പ്ലാനുകൾ നടപ്പാക്കുന്നതിനുവേണ്ടി പി.എം.യു. (പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ്) രൂപീകരിക്കുകയും അതിനെ നയിക്കുന്നതിനുവേണ്ടി വളരെ പ്രൊഫഷണലായ ഒരു എക്സ്പെർട്ടിനെ കൺസൾട്ടന്റായി നിയമിക്കുകയും ചെയ്തു. പി.എം.യു.വിനെ ഏഴ് സെക്ടറുകളായി തിരിച്ച് പന്ത്രണ്ട് കൺസൾട്ടന്റുമാരെ നിയമിച്ചു. പൊതുമേഖലാ സ്ഥാപനങ്ങൾ പുന:സംഘടിപ്പിച്ച് ലാഭകരവും മത്സരക്ഷമവുമാക്കാൻ കൺസൾട്ടന്റുമാർ ശ്രമിക്കുകയാണ്. ചില കമ്പനികളിൽ പ്രശ്നങ്ങളുണ്ടെങ്കിലും ഇവിടെ പറഞ്ഞതുപോലെ, ആ കമ്പനികളിൽപോലും നമുക്ക് ശമ്പളം കൊടുക്കാൻ കഴിയുന്നുണ്ട്. അതിനകത്തും മാറ്റംവരുത്താനാവശ്യമായ ശ്രമങ്ങൾ നടത്തി നല്ല രീതിയിൽ മുന്നോട്ട് കൊണ്ടുപോകുന്നുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങൾ ശാസ്ത്രീയമായി സംരക്ഷിച്ച് മുന്നോട്ടുപോകാനാണ് ശ്രമിക്കുന്നത്. കേന്ദ്ര സർക്കാർ കയ്യൊഴിയുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ സംസ്ഥാനത്തിന് വിട്ടുതരണമെന്ന് ആവശ്യപ്പെട്ടിട്ടും അവർ അങ്ങനെ ചെയ്യാൻ തയ്യാറായില്ല. അതുകൊണ്ട് സംസ്ഥാന സർക്കാർ പൊതുമേഖലയെ സംരക്ഷിക്കുകയെന്ന നിലപാട് സ്വീകരിച്ച് ഇച്ഛാശക്തിയോടുകൂടി ലേലത്തിൽ പങ്കെടുത്ത് ഒരു

കേന്ദ്ര പൊതുമേഖലാ സ്ഥാപനം, എച്ച്.എൻ.എൽ. പിടിച്ചെടുത്ത്, കമ്പനി ബോർഡ് പറഞ്ഞ ബാധ്യതകളെല്ലാം തീർത്ത് പുതിയ കമ്പനിയാക്കിയിട്ടുണ്ട്. ആ കമ്പനിയുടെ ആദ്യ രണ്ട് മെയിന്റനൻസ് ഘട്ടങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. കേരളാ പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ്, കേരളത്തിന്റെ സമീപകാല ചരിത്രത്തിൽ ആദ്യമായി ഒരു പുതിയ പൊതുമേഖലാ സ്ഥാപനം നിശ്ചയിച്ച ദിവസംതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു. ഒക്ടോബറിൽ അതിന്റെ കൊമേഴ്സ്യൽ പ്രൊഡക്ഷനിലേയ്ക്ക് വരുന്നതിന്റെ ഭാഗമായി അതിനാവശ്യമായ അസംസ്കൃതവസ്തുവിന് വനംവകുപ്പുമായി ധാരണയിൽ എത്തുകയാണ്. മന്ത്രിസഭ ആദ്യഘട്ടത്തിലേയ്ക്കുള്ള 24,000 ടൺ അസംസ്കൃത വസ്തു നൽകുന്നതിനുള്ള തീരുമാനം ഏറ്റെടുത്തു. ഒക്ടോബറോടുകൂടി കൊമേഴ്സ്യൽ പ്രൊഡക്ഷനിലേയ്ക്ക് വരുമെന്നാണ് ഞങ്ങൾ കണക്കാക്കുന്നത്. നാൽപ്പത്തിയെട്ട് മാസം പൂർത്തീകരിക്കുമ്പോഴേയ്ക്കും മൂവായിരം കോടി രൂപയുടെ ടേണോവറുള്ള ഇന്ത്യയിലെ പ്രധാനപ്പെട്ടൊരു പേപ്പർ കമ്പനിയാക്കി ഇതിനെ മാറ്റാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. ശ്രീ. പിണറായി വിജയൻ മുഖ്യമന്ത്രിയാകുന്നതിനുമുമ്പ്, സി.പി.ഐ.(എം.)ന്റെ സംസ്ഥാന സെക്രട്ടറി ആയിരിക്കുമ്പോൾ അദ്ദേഹം

കേരളത്തിലൊരു ജാഥ നടത്തി. ആ ജാഥയിൽ കോട്ടയം, എറണാകുളം എന്നീ ജില്ലകളിലെയും മറ്റ് പല ജില്ലകളിലെയും റബ്ബർ കർഷകരുമായി നടത്തിയ ആശയവിനിമയങ്ങൾക്കൊടുവിൽ പുതിയൊരു റബ്ബറധിഷ്ഠിത വ്യവസായ സംരംഭം കേരളത്തിലുണ്ടാകുമെന്ന കാഴ്ചപ്പാട് അദ്ദേഹം പ്രഖ്യാപിച്ചു. ഒന്നാം പിണറായി സർക്കാർ ആ കാഴ്ചപ്പാട് നടപ്പാക്കാനുള്ള ശ്രമം തുടങ്ങി. ആ ശ്രമത്തെ യാഥാർത്ഥ്യമാക്കിക്കൊണ്ട് വെള്ളൂരിൽ പൊതുമേഖല കമ്പനിയായ കേരള റബ്ബർ ലിമിറ്റഡിന് കല്ലിട്ടുകഴിഞ്ഞിരിക്കുകയാണ്. ഒരുവർഷത്തിനുള്ളിൽ അത് ഉദ്ഘാടനം ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. കോട്ടയം ജില്ലാക്കാരനായ ബഹുമാനപ്പെട്ട അംഗം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് ഇതിനെക്കുറിച്ചെല്ലാം അറിയാവുന്നതാണ്. നേരത്തെയുള്ള ഓർമ്മയിൽ കുരുങ്ങിക്കിടക്കുന്നതുകൊണ്ട് അദ്ദേഹം പറഞ്ഞുപോയതായിരിക്കാം. ബാക്കിയുള്ള സ്ഥലം കിൻഫ്രയുടെ ഒരു പാർക്കായി വികസിപ്പിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. ബഹുമാനപ്പെട്ട അംഗം ശ്രീ. അനൂപ് ജേക്കബ് എയിംസ് തുടങ്ങണമെന്നൊരു അഭിപ്രായം ഇവിടെ ഉന്നയിക്കുകയുണ്ടായി. അവിടെയുള്ള സ്ഥലം ബഹുമാനപ്പെട്ട അംഗം ശ്രീമതി സി. കെ. ആശയും ശ്രീ. തോമസ് ചാഴികാടൻ, എം.പി.യും ആവശ്യപ്പെട്ടതുപോലെ കേന്ദ്രീയ

വിദ്യാലത്തിനുതന്നെ കൊടുക്കാനില്ല. എയിംസിന്റെ കാര്യത്തിൽ വളരെ വ്യക്തമായൊരു നിലപാട് സ്വീകരിച്ചു. അതിവേഗത്തിൽ കെ.എസ്.ഐ.ഡി.സി.-യുടെ കിനാലൂരിലെ ഭൂമി കൈമാറി കേന്ദ്രഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. അവർ അനുമതി നൽകാത്തതാണ് പ്രശ്നം. 'വ്യവസായത്തിന്റെ ശവപ്പറമ്പായി' എന്നൊരു പ്രയോഗം അദ്ദേഹം നടത്തുകയുണ്ടായി. അതും പഴയകാലത്തിന്റെ ഓർമ്മകളിൽ കുരുങ്ങിക്കിടക്കുന്നതുകൊണ്ടുണ്ടായ അബദ്ധമാകാനാണ് സാദ്ധ്യത. കേരളത്തിൽ വരുന്ന മാറ്റങ്ങൾ അറിയാവുന്ന ആരെങ്കിലും അങ്ങനെ പറയുമോ? ഞാൻ അദ്ദേഹത്തോട് പറയുന്നത്, അല്ലെങ്കിൽ സമാന ചിന്താഗതി പ്രകടിപ്പിച്ചിട്ടുള്ള ബഹുമാന്യരായ മറ്റ് പ്രതിപക്ഷാംഗങ്ങളോടും പറയുന്നത്, ടാറ്റാ എലക്സിയുടെ ചീഫ് തിരുവനന്തപുരത്ത് നടത്തിയ ഒരു പ്രസംഗമുണ്ട്. രണ്ടാം പിണറായി സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കിൻഫ്രയിൽനിന്നും ടാറ്റാ എലക്സിക്ക് രണ്ടരലക്ഷം സ്ക്വയർ ഫീറ്റ് കൈമാറണമെന്ന എം.ഒ.യു. (MoU) ഒപ്പുവച്ചു. ഒരുവർഷത്തെ സമയപരിധിയുണ്ടായിരുന്നെങ്കിലും അതിനേക്കാൾ മുൻപ് പത്തുമാസത്തിനുള്ളിൽ അത് കൈമാറിക്കൊടുത്തു. കോവിഡിന്റെ പരിമിതികളും പ്രതിസന്ധികളുമെല്ലാം നിൽക്കുന്നെങ്കിലും കൃത്യമായി

പത്തുമാസത്തിനുള്ളിൽ കൈമാറിക്കൊടുത്തു. അതേറ്റുവാങ്ങുന്ന ചടങ്ങിൽ ടാറ്റാ എലക്സിയുടെ ചീഫ് പറഞ്ഞത്: ഇന്ത്യയിൽ ഇത്രയും മെച്ചപ്പെട്ട സംവിധാനമുള്ള മറ്റൊരു സംസ്ഥാനമില്ലെന്നാണ്. ടാറ്റാ എലക്സിയുടെ വർക്ക് ഫോഴ്സിന്റെ 40%-ഉം ഇപ്പോൾ കേരളത്തിലാണ്. രണ്ടര ലക്ഷംസ്ക്വയർ ഫീറ്റുകൂടി തിരുവനന്തപുരത്ത് വേണമെന്ന അദ്ദേഹത്തിന്റെ അടുത്ത ആവശ്യവും കിൻഫ്രയുമായി ചർച്ച ചെയ്തു കഴിഞ്ഞു, അതും കൊടുക്കാൻ പോകുകയാണ്. കോഴിക്കോട് ജില്ലയിൽ ഊരാളുങ്കൽ സൈബർ പാർക്കിൽ ടാറ്റാ എലക്സി വരികയാണ്. ഇത് രണ്ടും കൂടിയാകുമ്പോൾ ടാറ്റാ എലക്സിയെന്ന ഏറ്റവും പ്രധാനപ്പെട്ട കമ്പനിയുടെ കേന്ദ്രമായി കേരളം മാറുകയാണ്. 32 ഏക്കറാണ് ടി.സി.എസ്.-ന് കൊടുത്തിരിക്കുന്നതെന്ന് ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ പറഞ്ഞല്ലോ. ലോകപ്രശസ്തമായ ഐ.ബി.എം.-ന്റെ ഇന്ത്യയിലെ ഓപ്പറേറ്റിംഗ് സെന്റർ കൊച്ചിയിൽ ആരംഭിച്ചുകഴിഞ്ഞു. ബഹുമാന്യനായ മുഖ്യമന്ത്രിയുമായി നേരത്തേ നടത്തിയ ചർച്ചയുടെ തുടർച്ചയായി അവർ ആ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. ഐ.ബി.എം. വന്നുകഴിഞ്ഞാൽ ബോയിംഗും സാംസംഗും വരും. അല്ലെങ്കിൽ ടി.സി.എസ്. വരും; ഇവരുമായി ഇപ്പോൾതന്നെ ധാരണയിലായിക്കഴിഞ്ഞു. ഒരു ആങ്കർ ഇൻഡസ്ട്രിയായി മാറുന്നതുവഴി മറ്റെല്ലാ സ്ഥാപനങ്ങളേയും

അങ്ങോട്ടേയ്ക്ക് ആകർഷിക്കാനും കഴിയും. ഗിഫ്റ്റ് സിറ്റി തുടങ്ങുമ്പോൾ ഞങ്ങൾ അതിൽ പ്രധാനപ്പെട്ട നിക്ഷേപം നടത്താൻ തയ്യാറാണെന്ന് ഐ.ബി.എം. പറയുകയാണ് . ഇതാണ് നമ്മുടെ നാട്ടിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റം. ഈ മാറ്റത്തെ നമ്മൾ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. ശവപ്പറമ്പല്ല, വ്യവസായ സംരംഭങ്ങൾക്ക് ആവശ്യമായ പ്രചോദനം നൽകുന്ന മണ്ണാണ് കേരളം. ഗ്രാഫീനെക്കുറിച്ച് ലോകത്ത് ചർച്ച നടക്കുന്നതേയുള്ളൂ. വളരെ സുതാര്യമാണ്; ഉരുക്കിനേക്കാൾ കരുത്തുണ്ട്; താപത്തിന്റെയും വൈദ്യുതിയുടെയും ചാലക ശക്തിയുള്ള സംവിധാനമാണ്. ചെറിയ യൂണിറ്റായി അവരുടെ ആദ്യത്തെ വ്യവസായ സംരംഭം കൊച്ചിയിൽ തുടങ്ങി. ഗവൺമെന്റ് മുൻകയ്യെടുത്തതിന്റെ ഫലമായി ടാറ്റാ പവർ ഉൾപ്പെടെ വന്നു; കേന്ദ്രത്തിന്റെ ഇലക്ട്രോണിക്സ് വകുപ്പ് വന്നു; കെ-ഡിസ്ക് വന്നു. കഴിഞ്ഞദിവസം മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും പിന്നെ ഞാനും അടങ്ങിയ മീറ്റിംഗിനകത്ത് ഈ മൂന്ന് സംവിധാനങ്ങളും അതിന്റെ എം.ഒ.യു. ഒപ്പുവച്ചു. ഗ്രാഫീൻ കേരളത്തിലേയ്ക്ക് വരികയാണ്. പുതിയ കാലത്തിനനുസരിച്ചുള്ള വ്യവസായങ്ങളാണ് വരുന്നത്. നമുക്ക് പരിമിതികളും സാധ്യതയുമുണ്ട്. നമ്മുടെ സാധ്യത ഉയർന്ന മാനവ വിഭവശേഷിയും ഏറ്റവും മെച്ചപ്പെട്ട അന്തരീക്ഷവുമാണ്. ഇവിടെ ഏതൊരാൾക്കും ഇഷ്ടപ്പെട്ട ജീവിതരീതികൾ

പിന്തുടരാൻ കഴിയുന്ന മതസൗഹാർദ്ദ അന്തരീക്ഷമുണ്ട്. ആ സാഹചര്യങ്ങളെല്ലാം ഉപയോഗപ്പെടുത്താനാണ് സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട അംഗം ശ്രീ. വി. ശശി പറഞ്ഞ കാര്യങ്ങൾ, കൈത്തറി മേഖലയിൽ വാല്യൂ അഡീഷന് ശ്രമിക്കുന്നുണ്ട്. ഹാന്റക്സും ഹാൻവീവും ചേന്ദമംഗലം കൈത്തറിയും ബ്രാൻഡഡ് ഉല്പന്നങ്ങളിലേയ്ക്ക് വന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ മണ്ഡലത്തിലാണ് ചേന്ദമംഗലം ഉൾപ്പെടുന്നത്. ചേന്ദമംഗലത്തെ കൈത്തറി ഗ്രാമത്തെക്കുറിച്ച് 2000 മുതൽ കേൾക്കുന്നതാണ്. അതിന്റെ തടസ്സങ്ങളെല്ലാം നീക്കിയിട്ടുണ്ട്; അതും കല്ലിടുന്നതിനാവശ്യമായ സാഹചര്യത്തിലേയ്ക്ക് എത്തിക്കഴിഞ്ഞിട്ടുണ്ടെന്ന കാര്യം ഈ സന്ദർഭത്തിൽ ഞാൻ അറിയിക്കുകയാണ്. പ്രൈവറ്റ് പാർക്കിനെക്കുറിച്ച് ഞാൻ നേരത്തേ സൂചിപ്പിക്കുകയുണ്ടായി. ശ്രീ. നജീബ് കാന്തപുരം പറഞ്ഞത് യൂണികോണിനെക്കുറിച്ചാണ്. അതുസംബന്ധിച്ച് കുറച്ച് കുറവുകളുണ്ടായി; ആകെ ഒന്നല്ലേയുള്ളൂ എന്നാണ് അദ്ദേഹം പറഞ്ഞത്; എന്നാൽ നമ്മൾ നൂറിലേയ്ക്ക് എത്തി; നൂറാമത്തെ യൂണികോൺ കേരളത്തിന്റേതാണെന്ന് ഓരോ മലയാളിക്കും അഭിമാനിക്കാം. അതിന്റെ സന്തോഷവും അഭിമാനവും പ്രകടിപ്പിക്കുമ്പോൾ അത് പെരിന്തൽമണ്ണയിൽ ആയിപ്പോയെന്ന

പറഞ്ഞാൽ, പെരിന്തൽമണ്ണ കേരളത്തിലല്ലേ നജീബേ? പെരിന്തൽമണ്ണ വേറെ ഒരിടത്തുനിന്നും വന്ന സ്ഥലമല്ലല്ലോ?

ശ്രീ. നജീബ് കാന്തപുരം: സർ, കമ്പനി പ്രവർത്തിക്കുന്നത് ബാംഗ്ലൂരിലാണ്.

ശ്രീ. പി. രാജീവ്: സർ, ഒരു ചെറുപ്പക്കാരനും അദ്ദേഹത്തിന്റെ ഭാര്യയുമാണ് കമ്പനി നടത്തുന്നത്. ഞാൻ അഭിനന്ദിക്കാനായി അവരെ വിളിച്ചു. കേരളത്തിൽ നിന്നും ലഭിച്ച സഹായങ്ങളെക്കുറിച്ച് വളരെ നന്ദിപൂർവ്വമാണ് സംസാരിച്ചത്. ഇനിയും ഇത്തരം സഹായങ്ങൾ വേണമെന്നാണ് അവർ എന്നോട് നേരിട്ട് പറഞ്ഞിട്ടത്. അങ്ങ് പറഞ്ഞ ഒരുകാര്യം ശരിയാണ്, ഇവിടെ ഏറ്റവും കൂടുതൽ ചെലവാകുന്ന ഒരു വിഭാഗം വിവാദവ്യവസായമാണ്. അതിന്റെ പ്രധാന നിർമ്മാതാക്കൾ നിങ്ങളാണ്. നിങ്ങളും മാധ്യമങ്ങളിലൊരു വിഭാഗവും തെറ്റായ അന്തരീക്ഷം രൂപപ്പെടുത്താനാണ് ശ്രമിക്കുന്നത്. രാഷ്ട്രീയ കാര്യത്തിൽ തർക്കിച്ചോളൂ; നാടിനുവേണ്ടിയുള്ള കാര്യങ്ങൾ, സംരംഭങ്ങൾ ആരംഭിക്കാൻ, തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ, നമ്മുടെ നാടിനെ മുന്നോട്ടുകൊണ്ടുപോകാനുള്ള കാര്യങ്ങളിലെങ്കിലും നിങ്ങൾ മുൻപന്തിയിൽ നിൽക്കണം. സ്റ്റാർട്ടപ്പിനെ സഹായിക്കാൻ ഏതെങ്കിലുമൊരാൾ വന്നാൽ,

ഇത് ഓട്ടോറിക്ഷ ഡ്രൈവറുടെ മകനല്ലേ; ഇയാൾക്കെങ്ങനെ സ്റ്റാർട്ടപ്പ് തുടങ്ങാൻ കഴിയുകയെന്ന് പ്രതികരിച്ചാൽ, അവർ പിന്നെ എങ്ങനെ മുന്നോട്ടുവരും? സ്റ്റാർട്ടപ്പിനെ സഹായിക്കാൻ വരുന്നവരെ വിവാദങ്ങളിലേയ്ക്ക് വലിച്ചിഴച്ചാൽ അവർ എങ്ങനെ വരും; കേരളത്തിന് പുറത്തുള്ള മലയാളികൾ ഇവിടെയുള്ള ചെറുപ്പക്കാരെയോ ചെറുപ്പക്കാരികളെയോ സഹായിക്കുന്നതിന്റെ ഭാഗമായി അവരെ അഡ്വൈസ് ചെയ്യാമെന്നു വിചാരിച്ചാൽ അവരെയൊക്കെ വിവാദത്തിലേയ്ക്ക് വലിച്ചിഴയ്ക്കുകയാണ്. പിന്നെ ആര് വരും? ദാവോസിലെ കാര്യം പറഞ്ഞു. സാധാരണ ആവശ്യപ്പെട്ടാൽ മാത്രമാണ് സംസ്ഥാന സർക്കാരുകൾ സാമ്പത്തിക ഫോറത്തിൽ പങ്കെടുക്കാറുള്ളത്. കേന്ദ്ര സർക്കാരാണ് ഇത്തരം കാര്യങ്ങളിൽ പങ്കെടുക്കുന്നത്. ഇവിടെ അസൻഡിനെക്കുറിച്ച് പറഞ്ഞല്ലോ. അസൻഡിന്റെ കണക്കെല്ലാം മറുപടിയായിത്തന്നെ കൊടുത്തിട്ടുള്ളതാണ്. 151 പദ്ധതികൾ നടപ്പാക്കുന്നതിന് സാധിച്ചു. അതിൽ 31 പദ്ധതികൾ ആരംഭിച്ചുകഴിഞ്ഞു. 53 പദ്ധതികൾ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. 30 എണ്ണം ഉപേക്ഷിക്കപ്പെട്ട പദ്ധതികളാണ്. 808 കോടി രൂപയുടെ പദ്ധതികൾ ആരംഭിച്ചുകഴിഞ്ഞു. 9345 കോടി രൂപയുടെ പദ്ധതികൾ ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. കോവിഡ് കാരണം 5003 കോടി

രൂപയുടെ പദ്ധതികൾ, തുടങ്ങിയതിനുശേഷം തൽക്കാലം നിർത്തിവയ്ക്കേണ്ടിവന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഇപ്പോൾ 40 മിനിട്ടായി. രണ്ട് മന്ത്രിമാർക്കും കൂടി 30 മിനിട്ടാണ് അനുവദിച്ചിരിക്കുന്നത്.

ശ്രീ. പി. രാജീവ്: സർ, ഞാൻ പറഞ്ഞ് തീർത്തോട്ടെ. അങ്ങ് എന്തിനാണ് ഇങ്ങനെ അസ്വസ്ഥനാകുന്നത്. അങ്ങേയ്ക്ക് ആവശ്യമായ സമയം അങ്ങ് എടുക്കുന്നുണ്ടല്ലോ.

മി. ചെയർമാൻ: സർ, ബഹുമാനപ്പെട്ട മന്ത്രി പറയട്ടെ. പ്രധാനപ്പെട്ട വകുപ്പല്ലേ.

ശ്രീ. പി. രാജീവ്: സർ, സ്പീക്കറോടാണെങ്കിൽ എഴുന്നേറ്റുനിന്ന് സംസാരിക്കണം.

ശ്രീ. വി. ഡി. സതീശൻ: സർ, സ്പീക്കറോടാണ് പറഞ്ഞത്.

മി. ചെയർമാൻ: പ്രതിപക്ഷനേതാവ് ഇരിക്കു.

ശ്രീ. പി. രാജീവ്: സർ, ഞാൻ പരമാവധി ചുരുക്കാം. നിങ്ങൾക്ക് പോകാനുള്ള ധൃതിയുണ്ടെന്നറിയാം.

ശ്രീ. പി. രാജീവ്: നിങ്ങൾ യോഗം ചേർന്നിട്ട് പെട്രോ കെമിക്കൽ പാർക്കിന്റെ കാര്യത്തിൽ എന്തു തീരുമാനമായെന്ന് ബഹുമാന്യയായ അംഗം

ശ്രീമതി കെ. കെ. രമ ചോദിക്കുകയുണ്ടായി. കോഴിക്കോട് ജില്ലയിൽ ചേർന്ന യോഗത്തിൽ എല്ലാ എം.എൽ.എ.-മാരും ഓരോ നിർദ്ദേശം മുന്നോട്ടുവച്ചിട്ടുണ്ട്. 17 വർഷമായി ചർച്ചചെയ്തു വരുന്ന രാമനാട്ടുകര വ്യവസായ പാർക്കിന്റെ കാര്യത്തിൽ പല സങ്കീർണ്ണതകളുമുണ്ടായിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഇടപെടലിന്റെ ഭാഗമായി അത്തരം കാര്യങ്ങളിൽ തീർപ്പുണ്ടാക്കാൻ സാധിച്ചു. രാമനാട്ടുകര നോളജ് പാർക്കിൽ 17 വർഷമായി ആഗ്രഹിക്കുന്ന സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി ഉദ്ഘാടനം ചെയ്തു. കുറ്റ്യാടിയിൽ നാളികേര പാർക്ക് ആരംഭിക്കുന്നതിനായി 2006 മുതൽ കാത്തിരിക്കുകയാണ്; നിയമപരമായ പ്രശ്നങ്ങൾ ഇപ്പോൾ ഏറെക്കുറെ പരിഹരിച്ചു. മതിൽ കെട്ടുന്ന പ്രവൃത്തി പൂർത്തീകരിക്കാറായി. അധികം വൈകാതെ കുറ്റ്യാടിയിലെ നാളികേര പാർക്ക് യാഥാർത്ഥ്യമാകും.

ഖാദിയുമായി ബന്ധപ്പെട്ട് കുറേ കാര്യങ്ങൾ ചെയ്യുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ആ സ്ഥലത്തിന്റെ കാര്യവും നമുക്ക് പരിഗണിക്കാവുന്നതാണ്. ധാതുക്കളുടെ സ്വകാര്യവൽക്കരണം സംബന്ധിച്ച് ഗവൺമെന്റ് നിലപാട് സ്വീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ ആ പ്രശ്നം ചർച്ചചെയ്യാൻ പ്രത്യേക യോഗം വിളിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിനോട് നമ്മുടെ സമീപനം ശക്തമായിത്തന്നെ പ്രകടിപ്പിച്ചുകഴിഞ്ഞു.

കണക്കിൽ കൃത്രിമംനടത്തി ലാഭമായി കാണിച്ചുവെന്ന് ബഹുമാനപ്പെട്ട അംഗം ശ്രീ. അൻവർ സാദത്ത് പറയുകയുണ്ടായി. ഇതെല്ലാം നിയമസഭാ സമിതിയുടെ മുമ്പിൽ വരുന്ന കാര്യങ്ങളാണ്. അങ്ങ് ആ രീതിയിൽ സംസാരിക്കുമ്പോൾ, അത് നിയമസഭാ സമിതികളെപ്പോലും ചെറുതാക്കിക്കാണിക്കലാണ്. ഒരിക്കലും അങ്ങനെ ചെയ്യാൻ പാടില്ല. ഇത് നമ്മളെല്ലാവരും ഉൾപ്പെടുന്ന സംവിധാനമാണ്; അതിനകത്ത് എല്ലാം സുതാര്യമാണ്. എല്ലാം നമുക്ക് പബ്ലിക് ഡൊമയിനിൽ ലഭ്യമാണ്. ജി.ടി.എൻ. ടെക്സ്റ്റൈൽസ് ലിമിറ്റഡിന്റെ കാര്യം നമുക്കറിയാം. ഏറെക്കാലമായി കടം പെരുകിയതാണ്. നമ്മുടെ നയത്തിന്റെ ഭാഗമായിട്ടുള്ള പ്രശ്നമല്ല. ഐ.എൻ.ടി.യു.സി. ഉൾപ്പെടെയുള്ള ട്രേഡ് യൂണിയനുകൾ ആവശ്യപ്പെട്ടിട്ടാണ് യോഗം വിളിച്ചുകൂട്ടിയത്. ഇനിയും യോഗം നടത്താൻ ഞങ്ങൾ തയ്യാറാണ്. നമ്മൾ വിചാരിച്ചാൽ മാത്രം എളുപ്പത്തിൽ പരിഹരിക്കാൻ കഴിയുന്ന കാര്യമല്ല. നോക്കുകൂലിയുമായി ബന്ധപ്പെട്ട് ഗവൺമെന്റ് പൊതുവേ ഒരു സമീപനം സ്വീകരിച്ചിട്ടുണ്ട്. വളരെ അപൂർവ്വമായിട്ടായാലും എവിടെയെങ്കിലും അത്തരത്തിലൊരു വിഷയം വന്നാൽ കർക്കശമായിത്തന്നെ, അതൊരു തൊഴിൽ തർക്കമല്ല എന്ന നിലപാടിൽ പോലീസുതന്നെ കേസ് രജിസ്റ്റർ ചെയ്ത് ഇപ്പോൾ ശക്തമായ

നടപടി സ്വീകരിക്കുന്നുണ്ട്. ഇപ്പോൾ എല്ലാവരും ഒരു പൊതുകാഴ്ചപ്പാടിലേയ്ക്ക് എത്തിക്കഴിഞ്ഞിട്ടുണ്ട്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

യഥാർത്ഥത്തിൽ തൃക്കാക്കര ഉപതെരഞ്ഞെടുപ്പിൽ ജയിച്ചില്ലായിരുന്നെങ്കിൽ നിങ്ങൾ സ്വയം പിരിഞ്ഞുപോകുമായിരുന്നു. അതാണ് നിങ്ങൾക്കുള്ള ഒരു ആശ്വാസം. നിങ്ങൾ എന്തൊക്കെയാണ് തൃക്കാക്കരയിൽ പറഞ്ഞത്? കോൺഗ്രസ് കേരളത്തിൽ ഏറ്റവും ശക്തമായി ജയിക്കുന്ന മണ്ഡലങ്ങളിൽ ഒന്നാണ് തൃക്കാക്കര നിയോജകമണ്ഡലം. ആ മണ്ഡലത്തിൽ നേരത്തെ അംഗമായിരുന്ന പി. ടി. തോമസ് മരണപ്പെട്ടു, അദ്ദേഹം ഒടുവിൽ നടത്തിയ പ്രസംഗവും ഒടുവിൽ നടത്തിയ ഇടപെടലിന്റെയും ചില ഭാഗങ്ങൾ നിങ്ങൾ പരിശോധിക്കണം. അതിൽ അദ്ദേഹം പറഞ്ഞു, "ഞാൻ കൊടുത്ത പരാതിയുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തി, റിപ്പോർട്ട് തയ്യാറാക്കി കമ്പനിക്കെതിരായി നടപടി സ്വീകരിച്ചു" എന്ന്. ബഹുമാന്യനായ പ്രതിപക്ഷ നേതാവ് പറയുകയാണ് പരാതിയും അന്വേഷണവും നടത്തിക്കൊണ്ട് കമ്പനിയെ തടസ്സപ്പെടുത്തുകയല്ലേ ചെയ്തതെന്ന്. പി. ടി. തോമസ് എന്തിനുവേണ്ടിയാണോ അവസാനം ശബ്ദിച്ചത് അത് തെറ്റാണെന്ന്

പരസ്യമായി പ്രഖ്യാപിച്ച് വോട്ട് പിടിക്കുന്ന ഒരു സമീപനം നിങ്ങൾ അവിടെ സ്വീകരിച്ചില്ലേ? നിങ്ങൾ ട്വന്റി 20-യ്ക്ക് വേണ്ടി നിന്നില്ലേ; ട്വന്റി 20-യുടെ വോട്ട് നിങ്ങൾ വാങ്ങിയില്ലേ; ഇല്ലെങ്കിൽ ഇല്ലെന്ന് പറയണം. ശ്രീ. എൽദോസ് കുന്നപ്പിള്ളിൽ അന്ന് പറഞ്ഞത് നമ്മളെല്ലാവരും കേട്ടതാണല്ലേ; ബി.ജെ.പി.-യുടെ വോട്ട് നിങ്ങൾക്ക് കിട്ടിയില്ലേ; ബി.ജെ.പി. തന്നെ അത് പറഞ്ഞില്ലേ?

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അങ്ങ് സമയം ഓർക്കണം.

ശ്രീ. പി. രാജീവ്: സർ, രാഷ്ട്രീയ കാര്യങ്ങൾ ചിലത് സൂചിപ്പിക്കാൻ ഈ സന്ദർഭമല്ലേയുള്ളൂ. നിങ്ങളുടെ പ്രധാനപ്പെട്ട നേതാവ് എസ്.ഡി.പി.ഐ.-യുമായി ചർച്ചനടത്തിയില്ലേ;

ശ്രീ. അൻവർ സാദത്ത്: സർ, പോയിന്റ് ഓഫ് ഓർഡർ.....

മി. സ്പീക്കർ: ഏതാണ് ചട്ടം? മന്ത്രി സംസാരിച്ചുകഴിഞ്ഞ് അനുവദിക്കാം.

ശ്രീ. പി. രാജീവ്: സർ, ഇതെല്ലാം ചെയ്തിട്ടും കോൺഗ്രസ്സിന് വിജയം ഉറച്ച മണ്ഡലത്തിൽ അവർക്ക് ലഭിച്ച ഏറ്റവും ഉയർന്ന വോട്ട് 2019-ൽ 73216 ആയിരുന്നെങ്കിൽ ഇത്തവണ ബി.ജെ.പി.-യുടെ വോട്ട്, എസ്.ഡി.പി.ഐ.-യുടെ വോട്ട്, സഹതാപം, ട്വന്റി 20-യുടെ വോട്ട് എല്ലാം ലഭിച്ചിട്ടും അത്രയും

വോട്ട് ലഭിച്ചില്ലെന്ന് ഓർക്കണം. ....(ബഹളം).......

മി. സ്പീക്കർ: അങ്ങ് ചെയറിനെ അഭിസംബോധന ചെയ്യണം.

ശ്രീ. പി. രാജീവ്: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനെപ്പോലൊരാൾ ഇതേപോലൊരു റണ്ണിംഗ് കമന്ററി പറഞ്ഞാൽ സഭയുടെ നിലവാരം എവിടേയ്ക്കുപോകും?

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): ....(മൈക്ക് ഓഫ്)....

മി. സ്പീക്കർ: ദയവുചെയ്ത് നിങ്ങൾ പരസ്പരം കണക്ക് തീർക്കരുത്. ദയവുചെയ്ത് മുതിർന്ന അംഗങ്ങൾ പരസ്പരം കണക്ക് തീർക്കരുത്. ഇപ്പോൾ നമുക്ക് ചർച്ച തുടരാം.

ശ്രീ. പി. രാജീവ്: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് എഴുന്നേറ്റാൽ ഞാൻ വഴങ്ങുമല്ലോ?

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഞാൻ രാവിലെ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ എന്നോട് ബഹുമാനപ്പെട്ട സ്പീക്കർ രണ്ട് പ്രാവശ്യം 'സമയമായി' എന്നും 'അങ്ങ് സംസാരം അവസാനിപ്പിക്കണം' എന്നും പറഞ്ഞു. ഞാൻ അദ്ദേഹത്തോട് സഹകരിക്കാറുണ്ട്. ഞാൻ മൂന്ന് പ്രാവശ്യം ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിക്കും രണ്ട് പ്രാവശ്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും വഴങ്ങി. അങ്ങ് ചോദിച്ചപ്പോൾ ഞാൻ പറഞ്ഞു

'ബഹുമാനപ്പെട്ട സ്പീക്കർ നിർബന്ധിക്കുകയാണ്, അതുകൊണ്ട് ക്ഷമിക്കണം' എന്ന്. ഞാൻ വാക്കൗട്ട് പ്രസംഗം നടത്തി സഭവിട്ട് പോയിക്കഴിഞ്ഞിട്ട് ഇവിടെ എന്തായിരുന്നു? ഒരു ചോദ്യത്തിനും ഉത്തരം പറയാത്ത, ചോദ്യം ചോദിക്കുന്നത് ഇഷ്ടമില്ലാത്ത പ്രതിപക്ഷ നേതാവെന്ന് പറഞ്ഞ് എന്തുമാത്രം എന്നെ അങ്ങ് അപമാനിച്ചു. ഞാൻ ഇവിടെ തമാശയായി പറഞ്ഞതാണ്. ഞാൻ എഴുന്നേറ്റുനിന്ന് അങ്ങയെ ശല്യപ്പെടുത്താതിരിക്കാൻവേണ്ടിയാണ് തൊഴുതത്, ഞങ്ങൾ തോറ്റെന്ന് പറഞ്ഞത്. അത് അങ്ങേയ്ക്ക് എന്തെങ്കിലും ബുദ്ധിമുട്ടുണ്ടാക്കിയിട്ടുണ്ടെങ്കിൽ ക്ഷമിക്കുക. ഞാനതിന് ക്ഷമ ചോദിക്കുകയാണ്.

<u>ശ്രീ. പി. രാജീവ്</u>: സർ, അദ്ദേഹം പറഞ്ഞതിനെക്കുറിച്ച് ഇനിയും പറയുന്നില്ല. സാധാരണ നമ്മൾ എഴുന്നേൽക്കുമ്പോൾ വഴങ്ങുക എന്നുള്ളത് പരസ്പര ബഹുമാനത്തിനും ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്നതിനുമുള്ള രീതിയാണല്ലോ? 2019-ൽ ബി.ജെ.പി.-ക്ക് 21158 വോട്ടുണ്ടായിരുന്നു. യു.ഡി.എഫ്.-ന് ആ മണ്ഡലത്തിൽ ഏറ്റവും ഉയർന്ന വോട്ട് ലഭിച്ചപ്പോൾ ബി.ജെ.പി.-ക്ക് 21158 വോട്ടുണ്ടായിരുന്നു. ഇന്ന് ആ വോട്ടുകൂടി വാങ്ങിയിട്ടും അന്നത്തെ വോട്ട് ലഭിച്ചില്ലെന്നത് നിങ്ങൾ മനസ്സിലാക്കണം. തൃക്കാക്കര കോൺഗ്രസ്സിന് വിജയം ഉറപ്പിക്കുന്ന മണ്ഡലമാണ്; അവർ ജയിച്ചു;

അതിനുശേഷമുണ്ടായ ശരീരഭാഷയും കലാപങ്ങളും ഈ തെറ്റായ ധാരണയിൽനിന്ന് ഉണ്ടായതാണെങ്കിൽ അവർ യാഥാർത്ഥ്യ ബോധത്തിലേയ്ക്ക് തിരിച്ചുവരുന്നതായിരിക്കും നല്ലത്. പിന്നെ ഇവിടെ സൂചിപ്പിച്ചല്ലോ ആക്രമണങ്ങളും പ്രശ്നങ്ങളുമുണ്ടാക്കിയെന്ന്, ഞങ്ങളാണോ പ്രശ്നങ്ങളുണ്ടാക്കിയത്? മാധ്യമ പരിലാളനയിൽ ഇവർക്ക് ചില പ്രിവിലേജുകളുണ്ട്. നമ്മൾ ഒരു പ്രകടനം നടത്തിയാൽ അത് അക്രമമാകും. ഇവർ അടിച്ചുതകർത്താൽ അത് പ്രതിഷേധമാകും. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ വിമാനത്തിനകത്തുകയറി ആക്രമിക്കാൻ ശ്രമിച്ചാൽ അത് പ്രതിഷേധമാണ്. പുറത്ത് ഏതെങ്കിലും ഓഫീസിലേയ്ക്ക് പ്രതിഷേധ മാർച്ച് നടത്തിയാൽ അത് ആക്രമണമാണ്. ഞങ്ങൾ പ്രതിപക്ഷത്തുള്ളപ്പോൾ സമരം നടത്തിയാൽ അത് പോലീസുമായുള്ള ഏറ്റുമുട്ടലാണ്. ഇവർ സമരം നടത്തി പ്രധാനപ്പെട്ട നേതാക്കന്മാരുടെ മുമ്പിൽവച്ച് പോലീസ് തല അടിച്ചുപൊട്ടിച്ചാലും ചില പത്രങ്ങൾക്ക് അത് സംഘർഷമായിരിക്കും. ഈ പരിലാളന നിങ്ങൾക്കുണ്ട്. നിങ്ങൾ മാധ്യമങ്ങളിലൂടെ പ്രചരിപ്പിച്ച രീതിയുണ്ട്, ഞങ്ങളാണോ ഈ ആക്രമണത്തിന്റെ ആളുകൾ? കൊട്ടുങ്ങല്ലൂർ എം.എൽ.എ. പി. കെ. അബ്ദുൾ ഖാദിർ രണ്ടാം കേരള നിയമസഭയിൽ അംഗമായിരുന്നു. 1971 ആഗസ്റ്റ് 10-ന് അദ്ദേഹം കോൺഗ്രസ്സിൽനിന്ന്

രാജിവച്ചു. കോൺഗ്രസ്സിന്റെ തെറ്റായ നയങ്ങളിൽ പ്രതിഷേധിച്ച് കോൺഗ്രസ്സ് എം.എൽ.എ. ആയിരുന്ന, കോൺഗ്രസ്സിന്റെ ജില്ലാ നേതാവ് കോൺഗ്രസിൽനിന്ന് രാജിവച്ച് സി.പി.ഐ.(എം)-ൽ ചേർന്ന് പ്രവർത്തിക്കാൻ തീരുമാനിച്ചു. 1971 സെപ്റ്റംബർ 17, രാജിവച്ചിട്ട് ഒരു മാസം തികഞ്ഞില്ല, മുൻ എം.എൽ.എ. ആയ, നിങ്ങളുടെ നേതാവായിരുന്ന ആളിനെയും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്ന മഹ്മൂ എന്ന പാവപ്പെട്ട മത്സ്യത്തൊഴിലാളി സഖാവിനെയും നിങ്ങൾ വെടിവച്ചുകൊന്നു. രാഷ്ട്രീയം മാറിയതിന്റെ പേരിൽ തോക്കെടുത്ത് എം.എൽ.എ. ആയിരുന്ന ഒരാളെ, ജില്ലാ കോൺഗ്രസ് നേതാവായിരുന്ന ഒരാളെ വെടിവച്ചുകൊന്ന ചരിത്രം ഈ നാട്ടിൽ കോൺഗ്രസിനുമാത്രമേയുള്ളൂ. പക്ഷെ, നിങ്ങൾക്ക് മാധ്യമ പരിലാളനയുള്ളതുകൊണ്ട് ഈ ചരിത്രം നിങ്ങളുടെ ഭാഗമായിരിക്കുകയില്ല. എം.എൽ.എ.-യെ നിങ്ങൾ വെടിവച്ചുകൊന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും ഞാനും ഒരു ജില്ലയിൽനിന്നാണല്ലോ വരുന്നത്. അദ്ദേഹം കെ.എസ്.യു. നേതാവും ഞാൻ എസ്.എഫ്.ഐ. നേതാവുമായിരുന്നു. ആ ജില്ലയുടെ ചരിത്രം പരിശോധിച്ചുനോക്കൂ, കെ.എസ്.യു.വിന്റെ ഏതെങ്കിലും നേതാക്കൾ കൊല്ലപ്പെട്ടിട്ടുണ്ടോ? നിങ്ങൾ എസ്.എഫ്.ഐ.-യുടെ ചരിത്രം നോക്കൂ. പട്ടാമ്പിയിലെ കുമാരൻ വൈദ്യരുടെ മകൻ രാജൻ തൃപ്പൂണിത്തുറ

ആയുർവേദ കോളേജ് വിദ്യാർത്ഥിയായിരുന്നു. ക്ലാസ്സ് മുറിക്കകത്ത് ബഞ്ചുകൾ കൂട്ടിയിട്ട് കാലുപിടിച്ച് തല ചുമരിൽ ഇടിച്ച് പി. കെ. രാജനെ നിങ്ങൾ കൊലപ്പെടുത്തി. സൈമൺ ബ്രിട്ടോ റോഡ്രിഗ്സിനെ ഓർമ്മയില്ലേ; മഹാരാജാസിലെ വിദ്യാർത്ഥികളും സെന്റ് ആൽബർട്ട്സ് കോളേജിലെ വിദ്യാർത്ഥികളും തമ്മിലുണ്ടായ പ്രശ്നങ്ങളുൾപ്പെടെ പരിശോധിക്കാൻ പോയപ്പോൾ യഥാർത്ഥത്തിൽ അദ്ദേഹത്തെ നിങ്ങൾ അതിഭീകരമായി മരണത്തിലേയ്ക്ക് കൊണ്ടുപോകുകയായിരുന്നില്ലേ; മുടിനാരിഴയ്ക്ക് രക്ഷപ്പെട്ട് കഴുത്തിന് താഴെ തളർന്ന് ജീവിക്കുന്നൊരു രക്തസാക്ഷിയായി അദ്ദേഹം മാറിയില്ലേ; ആ കറ നിങ്ങളുടെ കൈയിലില്ലേ? സമയപരിമിതിമൂലം ഞാൻ എല്ലാ കാര്യങ്ങളിലേയ്ക്കും കടക്കുന്നില്ല. അഭിമന്യുവിന്റെ കൊലപാതകത്തിന്റെ കാര്യമല്ല കോൺഗ്രസ്സിന്റെ രക്തക്കറയുടെ കാര്യങ്ങളാണ് ഞാനിവിടെ പറയുന്നത്. ആ കൊലപാതകത്തിൽ അതിനൊപ്പം അവർ നിന്നെന്നുള്ളത് മറ്റൊരു ഭാഗം. ഇന്നലെ ബഹുമാന്യനായ മുഖ്യമന്ത്രി ശ്രീമതി സോണിയാ ഗാന്ധിയെവരെ പറഞ്ഞുവെന്ന കാര്യങ്ങൾ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. മുഖ്യമന്ത്രി അങ്ങനെ പറഞ്ഞല്ലോ എന്ന് ബഹുമാന്യനായ പ്രതിപക്ഷനേതാവ് പലതരത്തിൽ ന്യായീകരിക്കുന്നത് കേട്ടു. ഗുജറാത്ത് എം.പി. ആയിരുന്ന എഹ്സാൻ ജാഫ്രി കൊല്ലപ്പെട്ടത് 2002-ലായിരുന്നു.

അന്ന് ശ്രീ. നരേന്ദ്ര മോദി ഗുജറാത്ത് മുഖ്യമന്ത്രിയും വാജ്പേയ് ഇന്ത്യൻ പ്രധാനമന്ത്രിയുമായിരുന്നു. അതുകഴിഞ്ഞ് 2004-ൽ ഇവിടെ തെരഞ്ഞെടുപ്പ് നടന്നു.

മി. സ്പീക്കർ: ഒരു മന്ത്രികൂടി മറുപടി പറയാനുണ്ട്. അങ്ങേയ്ക്ക് അനുവദിച്ച സമയം കഴിഞ്ഞു.

ശ്രീ. പി. രാജീവ്: സർ, ആ തെരഞ്ഞെടുപ്പിൽ കോൺഗ്രസ് ഈ രാജ്യത്ത് അധികാരത്തിൽ വന്നു. ഇപ്പോൾ ആരുടെയോ വാലുപിടിച്ചുകൊണ്ട് ഇല്ലാക്കഥകൾ പറഞ്ഞ് സി.ബി.ഐ. അന്വേഷണം ആവശ്യപ്പെടുന്ന ഈ പ്രതിപക്ഷം, എഹ്സാൻ ജാഫ്രി കൊലപാതകത്തിന് സി.ബി.ഐ. അന്വേഷണം വേണമെന്നാവശ്യപ്പെട്ടിട്ട്, 10 കൊല്ലം ഈ രാജ്യം ഭരിച്ചിട്ടും അതിന്മേൽ യാതൊരുവിധ നിലപാടും സ്വീകരിച്ചിട്ടില്ല. അതാണ് നിങ്ങളുടെ ചരിത്രം. ആ ഘട്ടത്തിൽ വാജ്പേയ് എന്ന പ്രധാനമന്ത്രിയും കെ. ആർ. നാരായണൻ എന്ന പ്രസിഡന്റും നടത്തിയ കത്തിടപാടുകൾ സമൂഹത്തിന്റെ മുമ്പിലേയ്ക്ക് കൊണ്ടുവരണമെന്ന ആവശ്യം പ്രധാനമന്ത്രിയുടെ മുമ്പിലേയ്ക്ക് രേഖാമൂലം ആവശ്യപ്പെട്ടപ്പോൾ, അത് പ്രതിരോധ വകുപ്പിലേയ്ക്കും ആഭ്യന്തര വകുപ്പിലേയ്ക്കും കൈമാറിയെന്ന സാങ്കേതികമായ സന്ദേശം നൽകിയ ചരിത്രവും നമ്മുടെ മുമ്പിലുണ്ട്. നിങ്ങൾ ഈ രാജ്യം ഭരിച്ച കാര്യങ്ങളാണ്

ഞാൻ പറയുന്നത്. ഇവിടെ ഇന്നലെവന്ന കാര്യങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. വളരെ ഗൗരവമായ കാര്യങ്ങൾക്ക് ഉത്തരം നല്കാതെ ഇന്നലത്തെ ചോദ്യങ്ങൾ നിങ്ങൾ ഇവിടെ ആവർത്തിച്ചു. ഇന്നലെ ബഹുമാന്യനായ മുഖ്യമന്ത്രി നിങ്ങളോട് കുറച്ചധികം കാര്യങ്ങൾ ചോദിച്ചില്ലേ? അപ്പോൾ പ്രതിപക്ഷനേതാവ് പഴയ കാര്യങ്ങൾ പറയുകയാണ് ചെയ്തത്. രാജ്യസ്നേഹികളെന്ന് സ്വയം പ്രഖ്യാപിക്കുന്നൊരു സംഘടന, രാജ്യദ്രോഹ കേസിൽ പ്രതിയായ ഒരാളെ ലക്ഷക്കണക്കിന് രൂപ ശമ്പളം കൊടുത്ത് ജോലിക്കിരുത്തിയതിനെക്കുറിച്ച് 'കമ' എന്നൊരു അക്ഷരം മിണ്ടാൻ നിങ്ങൾക്ക് കഴിഞ്ഞോ? ഇതാണ് ബി.ജെ.പി.-യോടുള്ള വിധേയത്വം. ഇന്നലെ നടന്ന വാദപ്രതിവാദങ്ങളെക്കുറിച്ചൊക്കെ ഇവിടെ സൂചിപ്പിച്ചു. അതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല. വ്യവസായ മേഖലയിൽ മാത്രമല്ല മറ്റ് രംഗങ്ങളിലും അതിവേഗം മുന്നോട്ടുപോകുന്നതിനനുകൂലമായ സാഹചര്യം കേരളത്തിലുണ്ട്. അത് തകർക്കണം. ഇവിടെ വികസനം വരരുത്; ഇവിടെ വ്യവസായമുണ്ടാകരുത്; ചെറുപ്പക്കാർ ഇവിടെത്തന്നെ പണിയെടുത്ത്, അവരുടെ കുടുംബത്തോടൊപ്പം നാട്ടിൽ താമസിക്കാനുള്ള സാഹചര്യമുണ്ടാകരുത്; അതിന് അരാജകത്വമുണ്ടാക്കണം. അരാജകത്വമുണ്ടാക്കാൻ നിങ്ങൾ നടത്തുന്ന ശ്രമം

കേരളത്തിൽ ചെലവാകില്ലെന്ന് ഓർമ്മിപ്പിച്ചുകൊണ്ടും ഈ ധനാഭ്യർത്ഥനകൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടും ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. അൻവർ സാദത്ത്: സർ, ബഹുമാനപ്പെട്ട മന്ത്രി സംസാരിച്ചപ്പോൾ എസ്.ഡി.പി.ഐ.-യുമായി യു.ഡി.എഫ്. യോഗം ചേർന്നിട്ടാണ് തൃക്കാക്കരയിൽ വിജയിച്ചതെന്ന് പറഞ്ഞു. അത് വാസ്തവവിരുദ്ധമാണ്. അത് സഭാ രേഖയിൽനിന്ന് നീക്കം ചെയ്യണം.

മി. സ്പീക്കർ: അത് പരിശോധിക്കാം.+

ശ്രീ. അൻവർ സാദത്ത്: സർ, ബഹുമാനപ്പെട്ട മന്ത്രി അന്വേഷണ കമ്മീഷനുമുമ്പിൽ സ്ഥാനാർത്ഥിയെക്കുറിച്ച് എന്തുതീരുമാനമെടുത്തുവെന്ന് പറഞ്ഞാൽ നല്ലതായിരിക്കും.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടേയും മുൻ വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. എം. എം. മണിയുടെയും നേതൃത്വത്തിൽ നടന്നത് വൈദ്യുതി നിയന്ത്രണവും വൈദ്യുതി മുടക്കവും ഇല്ലാത്തൊരു കാലഘട്ടമായിരുന്നു. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി വ്യവസായങ്ങൾ കൊണ്ടുവരുന്നതിനെക്കുറിച്ച് കുറച്ചധികം കാര്യങ്ങളിവിടെ

\+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 11754/ഇ.ബി./2022/നി.സെ. തീയതി 30-06-2022) സഭാരേഖകളിൽ നിലനിർത്തി.

സൂചിപ്പിച്ചു. അതിലും പ്രധാനം വൈദ്യുതിയാണ്. 70% വൈദ്യുതിയും നാം പുറത്തുനിന്നാണ് വാങ്ങുന്നത്. ആഭ്യന്തര ഉത്പാദനം വളരെ കമ്മിയാണ്. അത് മാറ്റിയെടുത്തേ മതിയാകൂ. അതിനുള്ള നടപടികളാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരംഭിച്ചിരിക്കുന്നത്.

രണ്ടാം പിണറായി സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി ഉത്പാദന രംഗത്ത് വലിയ ഇടപെടലുകൾ നടത്തിയതിന്റെ ഫലമായി 38.5 മെഗാവാട്ടിന്റെ ജലവൈദ്യുത പദ്ധതികളും 325 മെഗാവാട്ടിന്റെ സൗരോർജ്ജ പ്ലാന്റുകളും ഉൾപ്പെടെ 363.5 മെഗാവാട്ടിന്റെ പദ്ധതികൾ പൂർത്തീകരിക്കാൻ കഴിഞ്ഞു. ഈ വർഷം ഇനിയും 124 മെഗാവാട്ടിന്റെ ജലവൈദ്യുത പദ്ധതികൾ പൂർത്തീകരിക്കാൻ കഴിയും. മാങ്കുളത്ത് 40 മെഗാവാട്ട് ശേഷിയുള്ള ജലവൈദ്യുത പദ്ധതിയുടേയും 24 മെഗാവാട്ട് ശേഷിയുള്ള ചിന്നാർ ജലവൈദ്യുത പദ്ധതിയുടെ രണ്ടാം ഘട്ടത്തിന്റേയും നിർമ്മാണം ആരംഭിച്ചു. 800 മെഗാവാട്ട് ശേഷിയുള്ള ഇടുക്കി രണ്ടാം നിലയവും 200 മെഗാവാട്ട് ശേഷിയുള്ള ശബരിഗിരി പദ്ധതിയുടെ രണ്ടാം നിലയവുമുൾപ്പെടെ 1500 മെഗാവാട്ടിന്റെ പുതിയ ജല വൈദ്യുത പദ്ധതികളും പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽനിന്നും 3000 മെഗാവാട്ടിന്റെ പുതിയ പദ്ധതികളും ആരംഭിച്ച് വൈദ്യുതോല്പാദന

മേഖലയെ സ്വയം പര്യാപ്തതയിലെത്തിക്കാനുള്ള ശ്രമമാണ് സർക്കാർ നടത്തുന്നത്. മികച്ച ഡാം മാനേജ്മെന്റിന്റേയും ലോഡ് ഡിസ്പാച്ച് സെന്ററിന്റെയും പ്രവത്തന മികവിലൂടെയും ജീവനക്കാരുടെ ഒത്തൊരുമയോടുള്ള പ്രവർത്തനത്തിന്റെയും ഫലമായി 2021-22 സാമ്പത്തിക വർഷത്തെ പ്രാഥമിക കണക്കെടുപ്പിൽ കെ.എസ്.ഇ.ബി.എൽ. ഏകദേശം 1417 കോടി രൂപയുടെ പ്രവർത്തന ലാഭം രേഖപ്പെടുത്തിയിട്ടുണ്ട്. വൈദ്യുത പ്രസരണ മേഖലയിൽ 220 കെ.വി. സബ്സ്റ്റേഷനുകളുൾപ്പെടെ 12 മാസംകൊണ്ട് 12 സബ്സ്റ്റേഷനുകൾ പൂർത്തിയാക്കുകയും 7 സബ്സ്റ്റേഷനുകളുടെ നിർമ്മാണം ആരംഭിക്കുകയും ചെയ്തു. വൈദ്യുതി വിതരണ മേഖലയിൽ ഒരു വർഷംകൊണ്ട് ഏകദേശം 900 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തിയാക്കി. ബി.പി.എൽ. ഉപഭോക്താക്കൾക്ക് സൗജന്യമായി ലൈൻ വലിച്ചു നൽകേണ്ട കണക്ഷനുകളുടെ ദൂപരിധി 200 മീറ്ററിൽനിന്നും 250 മീറ്ററായി വർദ്ധിപ്പിച്ചിട്ടുണ്ട്. 937 അങ്കണവാടികൾക്ക് വൈദ്യുതി ലഭ്യമാക്കിയതിൽ 574 അങ്കണവാടികൾക്ക് ഒരു പോസ്റ്റ് ഉൾപ്പെടെയുള്ള വൈദ്യുതി കണക്ഷനുകൾ സൗജന്യമായി നൽകി. കേരളത്തിലുടനീളം വൈദ്യുത വാഹന ചാർജിംഗ് സ്റ്റേഷനുകളുടെ ശൃംഖല സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു. ഈ സർക്കാരിന്റെ കാലത്ത്

കെ.എസ്.ഇ.ബി.എൽ.-ന്റെയും അനെർട്ടിന്റെയും നേതൃത്വത്തിൽ 24 വൈദ്യുതി വാഹന ചാർജിംഗ് സ്റ്റേഷനുകൾ പൂർത്തിയായി. ഇരുചക്ര, മുച്ചക്ര വാഹനങ്ങൾക്കായി എല്ലാ അസംബ്ലി നിയോജക മണ്ഡലങ്ങളിലുമായി ജില്ലാതലത്തിൽ 1140 പോൾ മൗണ്ടഡ് ചാർജിംഗ് പോയിന്റുകൾ പൂർത്തീകരിച്ചുവരുന്നു. പി.എം. കുസും പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ 40 മെഗാവാട്ട് ഉത്പാദിപ്പിക്കാനുള്ള അനുമതിയും മൂന്നാം ഘട്ടത്തിൽ 20000 പമ്പുകൾക്ക് ഫീഡർതലത്തിലുള്ള സൗരോർജ്ജവത്കരണം നടപ്പാക്കാനുള്ള അനുമതിയും കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിൽനിന്ന് ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. കേരളത്തിലെ കോൾ നിലങ്ങളിലും ഇത് പ്രാവർത്തികമാക്കാൻ ലക്ഷ്യമിടുന്നു. തൃശ്ശൂർ, മലപ്പുറം, ആലപ്പുഴ മുതലായ ജില്ലകളിൽ വ്യാപിച്ചുകിടക്കുന്ന 50000 ഹെക്ടർ കോൾ നിലങ്ങളിലെ ഗ്രിഡ്ബന്ധിത കാർഷിക പമ്പുകൾ സൗരോർജ്ജവൽക്കരിക്കുന്നതിന് പ്രത്യേക പദ്ധതി നടപ്പാക്കുന്നതാണ്. ബഹുമാനപ്പെട്ട ഒരു അംഗം സൂചിപ്പിച്ചതുപോലെ 5 ഏക്കറിൽ താഴെ ഭൂമിയുള്ള കർഷകർക്ക് ഭാവിയിൽ അധിക വരുമാനം ലഭിക്കത്തക്കവണ്ണം പമ്പുകൾ സൗരോർജ്ജവൽക്കരിക്കുന്നതിന് 9000 പേർക്ക് കേന്ദ്ര സർക്കാരിന്റെ അനുമതി കിട്ടിയിട്ടുണ്ട്. ഈ കാലയളവിൽ ഊർജ്ജ

വകുപ്പിന് നിരവധി അംഗീകാരങ്ങളും ലഭിക്കുകയുണ്ടായി. വൈദ്യുതീകരണത്തിന്റെ കാര്യക്ഷമതയും ഈ മേഖലയിലെ പരിസ്ഥിതി സൗഹാർദ്ദ നടപടികളും വിലയിരുത്തി നീതി ആയോഗ് തയ്യാറാക്കിയ സൂചികയിൽ കേരളത്തിന് രണ്ടാംസ്ഥാനം ലഭിച്ചതും ലോഡ് ഡിസ്പാച്ച് സെന്റർ എക്സലൻസ് ദേശീയ അവാർഡ് കെ.എസ്.ഇ.ബി.എൽ.-ന്റെ കളമശ്ശേരിയിലെ കേരള ലോഡ് ഡിസ്പാച്ച് സെന്ററിന് ലഭിച്ചതും ദേശീയ ഊർജ്ജകാര്യക്ഷമതാ സൂചികയിൽ കേരളം രണ്ടാം സ്ഥാനത്തെത്തിയതും ഊർജ്ജ വകുപ്പിന് ലഭിച്ച അംഗീകാരങ്ങളാണ്.

ഊർജ്ജ മേഖലയിലെ മൂലധന നിക്ഷേപം

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ ആഭ്യന്തര പ്ലാനിൽ വകയിരുത്തിയിരുന്ന 16,762 കോടി രൂപയിൽ ഏകദേശം 10,492 കോടി രൂപയുടെ (63%) മുതൽമുടക്കുണ്ടായിട്ടുണ്ട്. പദ്ധതിപ്രകാരം സ്ഥാപിതശേഷിയിൽ 42.07 മെഗാവാട്ടിന്റെ വർദ്ധനവുണ്ടാക്കാൻ സാധിച്ചു. ടി കാലയളവിൽ പ്രസരണ ശൃംഖലയിൽ പുതുതായി 71 ട്രാൻസ്മിഷൻ സബ്സ്റ്റേഷനുകൾ നിർമ്മിക്കുകയും 1881 കി.മീ. ട്രാൻസ്മിഷൻ ലൈനുകൾ സ്ഥാപിക്കുകയും ചെയ്തു. പ്രസ്തുത കാലയളവിൽ 1,836,727 പുതിയ വൈദ്യുത കണക്ഷനുകൾ നൽകാൻ സാധിച്ചു. ഇതിനുപുറമെ 11513 പുതിയ

വിതരണ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കാനും 10,034 കിലോമീറ്റർ 11 കെ.വി. ലൈനും 19,845 കിലോമീറ്റർ എൽ.ടി. ലൈനും നിർമ്മിക്കാനും സാധിച്ചു. സംസ്ഥാനത്ത് വന നിയമതടസ്സംമൂലം വൈദ്യുതി എത്തിക്കാൻ കഴിയാതിരുന്ന 1000 കുടുംബങ്ങൾ മാത്രമാണ് വൈദ്യുത കണക്ഷനില്ലാതെയുള്ളത്.

ഉത്പാദന രംഗത്ത് ഏറ്റെടുക്കുന്ന പദ്ധതികൾ

പ്രസരണ വിതരണ മേഖലയിലെ പദ്ധതികളുടെ നേട്ടം വിപുലീകരിക്കുന്നതോടൊപ്പം ഉത്പാദനരംഗത്ത് കൂടുതൽ നിക്ഷേപം നടത്താൻ കെ.എസ്.ഇ.ബി.എൽ.-നോട് ആവശ്യപ്പെട്ടിരുന്നു. താപവൈദ്യുത മേഖലയിലെ കൽക്കരി ലഭ്യതയുമായി ബന്ധപ്പെട്ട പ്രയാസങ്ങൾ മറികടക്കുന്നതിനും സംസ്ഥാനത്ത് വൈദ്യുത തടസ്സം ഉണ്ടാകാതിരിക്കുന്നതിനും കെ.എസ്.ഇ.ബി.എൽ., ലോഡ് ഡിമാന്റ് പ്രകാരം ദീർഘകാല-ഹ്രസ്വകാല കരാറുകൾ വഴിയുള്ള വാങ്ങലും ആഭ്യന്തര ഉത്പാദനവും വർദ്ധിപ്പിക്കേണ്ടതുണ്ട്. 14-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ പുനരുപയോഗ സ്രോതസ്സുകളിൽനിന്ന് ഏകദേശം 3000 മെഗാവാട്ട്കൂടി കണ്ടെത്താനാണ് സംസ്ഥാനം ലക്ഷ്യമിടുന്നത്. അടുത്ത രണ്ട് പദ്ധതി കാലയളവിൽ ജലവൈദ്യുത നിലയങ്ങളിൽനിന്ന് 1000 മുതൽ 1250

മെഗാവാട്ട് വരെ വൈദ്യുതി അധികമായി ഉല്പാദിപ്പിക്കേണ്ടതുണ്ട്. നിലവിൽ കെ.എസ്.ഇ.ബി.എൽ. പന്ത്രണ്ട് ജലവൈദ്യുത പദ്ധതികളാണ് ഏറ്റെടുത്ത് നടപ്പാക്കുന്നത്. ഇതിലൂടെ 224.5 മെഗാവാട്ട് അധിക ഉല്പാദനശേഷി കൈവരിക്കാൻ സാധിക്കും. 42 ജലവൈദ്യുത പദ്ധതികളുടെ പര്യവേഷണ നടപടികൾ പുരോഗമിക്കുന്നതും 800 മെഗാവാട്ട് ശേഷിയുള്ള ഇടുക്കി സുവർണ്ണ ജൂബിലി പദ്ധതി, 200 മെഗാവാട്ട് ശേഷിയുള്ള ശബരിഗിരി എക്സ്റ്റൻഷൻ സ്കീം എന്നീ വൻകിട പദ്ധതികളും 14, 15 പഞ്ചവത്സരപദ്ധതി കാലയളവിൽ ഏറ്റെടുത്ത് പൂർത്തിയാക്കാനുദ്ദേശിക്കുന്നു. 800 മെഗാവാട്ട് ശേഷിയുള്ള ഇടുക്കി സുവർണ്ണ ജൂബിലി പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാനും ആവശ്യമായ അനുമതികൾ ലഭ്യമാക്കാനും ടെണ്ടർ പ്രമാണങ്ങൾ തയ്യാറാക്കാനും കേന്ദ്ര ജലശക്തി മന്ത്രാലയത്തിനുകീഴിലുള്ള WAPCOS (Water and Power Consultancy Services (India) Limited) എന്ന സ്ഥാപനത്തെ ആഗോള ടെണ്ടറിലൂടെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 2021-ൽ പ്രാഥമിക സാധ്യതാ റിപ്പോർട്ട് പൂർത്തിയാക്കി; 2022-ൽ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കും. പദ്ധതിയുടെ നിർമ്മാണച്ചെലവ് ഏകദേശം 3,062 കോടി രൂപയാണ്. കേന്ദ്ര സർക്കാർ നിഷ്കർഷിക്കുന്ന അനുമതികൾ ലഭ്യമാക്കി തുടർന്നുള്ള അഞ്ചുവർഷ

കാലാവധിക്കുള്ളിൽ പദ്ധതി പ്രവൃത്തി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. സംസ്ഥാനത്ത് നടപ്പാക്കുന്ന ഏറ്റവുമധികം ഉല്പാദന ശേഷിയുള്ള പദ്ധതിയായിരിക്കും ഇടുക്കി രണ്ടാംഘട്ട പദ്ധതി. പദ്ധതിക്ക് വനം വകുപ്പിന്റെ ഒന്നാംഘട്ട അനുമതി ലഭ്യമായിട്ടുണ്ട്. 340 മെഗാവാട്ട് സ്ഥാപിതശേഷിയോടുകൂടിയതും കേരളത്തിലെ രണ്ടാമത്തെയും വലിയ ജലവൈദ്യുത നിലയമാണ് ശബരിഗിരി. 200 മെഗാവാട്ട് ശേഷിയുള്ള ഒരു രണ്ടാം നിലയം നിലവിലെ ജലസംഭരണി ഉപയോഗിച്ചുതന്നെ നിർമ്മിക്കാനാകുമെന്നാണ് കരുതുന്നത്. ഇതിനായി പ്രാഥമിക പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള വർക്ക് ഓർഡർ വാപ്കോസിന് നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് നിലവിലുള്ള സോളാർ സ്ഥാപിതശേഷി 540 മെഗാവാട്ടാണ്. സോളാർ ലഭ്യത വർദ്ധിപ്പിക്കുന്നതിന് ഹരിത ഊർജ്ജ മിഷൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഈ വിധത്തിൽ 3000 മെഗാവാട്ട് കൂട്ടിച്ചേർക്കാനാണ് ലക്ഷ്യമിടുന്നത്.

**പ്രസരണ മേഖല**

അടുത്ത 5 വർഷത്തിനുള്ളിൽ സംസ്ഥാനത്തെ പ്രസരണ ശൃംഖലയുടെ സർവ്വീസ് ലഭ്യത നിലവിലെ 98.5 ശതമാനത്തിൽനിന്ന് 99 ശതമാനമായി

വർദ്ധിപ്പിക്കാനാണ് സംസ്ഥാനം ലക്ഷ്യമിടുന്നത്. 14-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ 99 പുതിയ സ്റ്റേഷനുകളും 1913 കിലോമീറ്റർ പ്രസരണ ലൈനുകളും പുതിയതായി നിർമ്മിക്കാനുദ്ദേശിക്കുന്നു. ഇതിൽ രണ്ട് 400 കെ. വി. സബ്സ്റ്റേഷൻ, പന്ത്രണ്ട് 220 കെ. വി. സബ്സ്റ്റേഷൻ, മുപ്പത്തിനാല് 110 കെ. വി. സബ്സ്റ്റേഷൻ, അൻപത്തിയൊന്ന് 33 കെ.വി. സബ്സ്റ്റേഷൻ എന്നിവ ഉൾപ്പെടുന്നു. 248 കിലോമീറ്റർ 400 കെ.വി. ലൈനും 877 കിലോമീറ്റർ 220 കെ.വി. ലൈനും 788 കിലോമീറ്റർ 110 കെ.വി. ലൈനും കൂട്ടിച്ചേർക്കാൻ ലക്ഷ്യമിടുന്നു. കൂടാതെ 24 സബ്സ്റ്റേഷനുകൾ ഉയർന്ന വോൾട്ടതയിലേയ്ക്ക് മാറ്റി ശേഷി വർദ്ധിപ്പിക്കാനും കെ.എസ്.ഇ.ബി.എൽ. ഉദ്ദേശിക്കുന്നു.

**വിതരണമേഖല**

വൈദ്യുത അപകടങ്ങൾ കൂടുന്ന സാഹചര്യത്തിൽ അതൊഴിവാക്കാൻ ശക്തമായ നടപടികൾ സ്വീകരിക്കും. പഴകിയതും ശേഷികുറഞ്ഞതുമായ വൈദ്യുതി ലൈനുകൾ മാറ്റി സ്ഥാപിക്കുക, ഓവർ ഹെഡ്‌ലൈനുകളിൽ ആവശ്യാനുസരണം സ്പേസറുകൾ സ്ഥാപിക്കുക, ബെയർ കണ്ടക്ടറുകൾ കവചിത ചാലകങ്ങൾ ഉപയോഗിച്ച് പുനർനിർമ്മിക്കുക, ജീവനക്കാരെയും ഉപഭോക്താക്കളെയും ബോധവൽക്കരിക്കുക, നിലവിൽ ഇ.എൽ.സി.ബി.

ഘടിപ്പിച്ചിട്ടില്ലാത്ത ഉപഭോക്താക്കളുടെ കെട്ടിടങ്ങളിൽ അവ ഘടിപ്പിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുക തുടങ്ങിയവ ഇതിൽ ഉൾപ്പെടും. എൽ.ടി. ലൈനുകളിൽ ഹോട്ട്ലൈൻ മെയിന്റനൻസ് നടപ്പാക്കുന്നതിനായി ഇൻസുലേറ്റഡ് കേബിൾ സംവിധാനമുള്ള ഏരിയൽ ലിഫ്റ്റ് വ്യാപകമാക്കുന്നതാണ്. അപകടങ്ങൾ ഒഴിവാക്കുന്നതിനായി സ്പേസറുകൾ സ്ഥാപിക്കുന്ന പദ്ധതി 2023-ൽ പൂർത്തിയാക്കുന്നതാണ്. വൈദ്യുത വിതരണ മേഖലയുടെ വികസനവും നവീകരണവും ലക്ഷ്യമാക്കി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പുതിയ പദ്ധതിയാണ് RDSS (റീവാമ്പ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം). ഉപ-പ്രസരണ-വിതരണ രംഗത്ത് ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ എല്ലായ്പോഴും ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പുവരുത്തുന്നതോടൊപ്പം ഊർജ്ജ മേഖലയുടെ സാമ്പത്തിക സുസ്ഥിരതയും മെച്ചപ്പെട്ട കാര്യക്ഷമതയും വിശ്വാസ്യതയും ലക്ഷ്യമിടുന്നു.

## ജനകീയ പദ്ധതികൾ

### ഉൽപ്പാദനമേഖല

- നിലവിൽ നടപ്പാക്കിവരുന്നതും പുതുതായി വിഭാവന ചെയ്യുന്നതുമായ ജലവൈദ്യുത പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനും തടസ്സങ്ങൾ നീക്കുന്നതിനുമായി ആവശ്യമെങ്കിൽ ബന്ധപ്പെട്ട മന്ത്രിമാരുടെതലത്തിൽത്തന്നെ ചർച്ച ചെയ്ത് പരിഹാരം കണ്ടെത്തുന്നതാണ്.
- 3000 മെഗാവാട്ടിന്റെ ഹരിത വൈദ്യുതി ഉൽപ്പാദനം മിഷൻ മോഡിൽ നടപ്പാക്കുന്നതിന് ജനകീയ ഹരിത ഊർജ്ജ മിഷൻ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
- തദ്ദേശ സ്വയംഭരണ വകുപ്പുമായി ചേർന്ന് ത്രിതല പഞ്ചായത്തുകൾ മുഖേന ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പാക്കുന്നതിനുള്ള കർമ്മ പദ്ധതി ആവിഷ്കരിക്കുന്നതാണ്.
- ഇതിനോടകം തുടങ്ങിവച്ച 100 മെഗാവാട്ട് വീതം ശേഷിയുള്ള ഫ്ലോട്ടിംഗ് സോളാർ, കാറ്റാടി വൈദ്യുതി എന്നിവയുടെ നിർമ്മാണം ഊർജ്ജിതപ്പെടുത്തി ഉചിതമായ വിജ്ഞാന വ്യാപന പരിപാടിയോടുകൂടി ഒരു വർഷത്തിനുള്ളിൽ കമ്മീഷൻ ചെയ്യും.
- ബോർഡിന് നിലവിൽ ലഭ്യമായിട്ടുള്ളതും ഏറ്റവും കുറഞ്ഞ യൂണിറ്റ്

ചെലവുള്ളതുമായ കാറ്റാടി വൈദ്യുതി, പാലക്കാട്- അട്ടപ്പാടി, ഇടുക്കി -രാമക്കൽമേട് എന്നിവിടങ്ങളിലുള്ള ഊർജ്ജ വകുപ്പിന് റവന്യൂ വകുപ്പ് അനുവദിച്ചിട്ടുള്ളതും കൃഷിക്ക് അനുയോജ്യമല്ലാത്തതും ആദിവാസികളുടേതുമായ സ്ഥലങ്ങൾ ഉപയോഗിച്ചുകൊണ്ട് സ്ഥലമുടമകൾക്കുകൂടി വരുമാനം ലഭിക്കത്തക്കവിധത്തിൽ 150-200 മെഗാവാട്ട് കാറ്റാടി വൈദ്യുതി പ്ലാന്റുകൾ ബന്ധപ്പെട്ട ജില്ലാ ഭരണകൂടം, റവന്യൂ, ആദിവാസി വികസനം, വനം വകുപ്പുകളുടെ ഏകോപനത്തോടുകൂടി നടപ്പാക്കാവുന്നതാണ്. പരീക്ഷണാ-ടിസ്ഥാനത്തിൽ ഓരോ ആദിവാസി കുടുംബത്തിനും 500-600 രൂപ വരെ മാസവരുമാനം കിട്ടുന്ന രീതിയിലാണ് പ്ലാൻ ചെയ്തിരിക്കുന്നത്.

- ബി.പി.എൽ. കുടുംബങ്ങൾക്ക് സൗജന്യനിരക്കിൽ പുരപ്പുറ സൗരോർജ്ജ പദ്ധതി നടപ്പാക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പുമായി ചേർന്ന് പദ്ധതികൾ ആവിഷ്കരിക്കുന്നതാണ്.
- പി.എം. കുസും, സൗര പദ്ധതികളുടെ സാധ്യതകൾ ഉപയോഗിച്ചുകൊണ്ട് സംസ്ഥാനത്ത് സബ്സിഡി സ്വീകരിക്കുന്ന കുടുംബങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെക്കൂടി

ഉൾപ്പെടുത്തിക്കൊണ്ട് സോളാർ ഊർജ്ജത്താൽ 24 മണിക്കൂറും വൈദ്യുതി ലഭ്യമാക്കുന്ന ബാറ്ററി അധിഷ്ഠിത മൈക്രോഗ്രിഡുകൾ വികസിപ്പിക്കുന്നതാണ്. കെ.എസ്.ഇ.ബി.എൽ., ഇ.എം.സി., അനെർട്ട് എന്നിവരുടെ സഹകരണത്തോടുകൂടി സബ്സിഡി കാറ്റഗറിയിൽ സൗരോർജ്ജ വികസനത്തിനുള്ള ഏകോപനം നൽകുക.

**ചാർജിംഗ് സ്റ്റേഷൻ**

- വൈദ്യുത വാഹനങ്ങൾ കൂടുതലായി നിരത്തിലിറങ്ങുന്നത് കണക്കിലെടുത്ത് സ്വകാര്യ സംരംഭകരുടെ കൂടി സഹായത്തോടെ ചാർജിംഗ് സ്റ്റേഷനുകളുടെ ശൃംഖല നടപ്പാക്കുന്നതാണ്.

**സമ്പൂർണ്ണ വൈദ്യുതീകരണം-തുടർ പരിപാടികൾ**

- ആദിവാസി ഊരുകളിൽ ഗ്രിഡ് ബന്ധിതമായോ അല്ലാതെയോ വൈദ്യുതി എത്തിക്കുന്നതിന് കെ.എസ്.ഇ.ബി.എൽ.-ഉം അനെർട്ടും ചേർന്ന് അടിയന്തരമായി പദ്ധതി തയ്യാറാക്കുന്നതാണ്. ശബരീശ പൂങ്കാവനത്തിലെ ആദിവാസികൾക്ക് സൗരോർജ്ജ റാന്തലുകൾ വിതരണം ചെയ്തതുപോലെ വിദൂര പ്രദേശങ്ങളിലെ ആദിവാസി ഊരുകളിൽ അടിയന്തരമായി സൗരോർജ്ജ റാന്തലുകൾ വിതരണം

ചെയ്യും.

**ഉപഭോക്തൃ സേവനം**

- സർവീസ് കണക്ഷൻ, ലൈനും പോസ്റ്റും മാറ്റൽ, പുതിയ കണക്ഷന് മറ്റുള്ളവരുടെ സ്ഥലത്തുകൂടി ലൈൻ വലിക്കാനുള്ള എതിർപ്പ്, ലൈൻ വലിക്കുന്നതിന് മരം മുറിച്ചതിന്റെ നഷ്ടപരിഹാരം, വനം വകുപ്പിന്റെ എതിർപ്പ് കാരണം ലൈൻ വലിക്കാനുള്ള തടസ്സം, ലൈൻ അഴിച്ചുമാറ്റൽ, വൈദ്യുത ബില്ലിലേയും താരിഫിലേയും പരാതികൾ, കേടായ മീറ്ററുകൾ, കോടതിയിലുള്ള കേസുകൾ, വോൾട്ടേജ് ക്ഷാമം, വൈദ്യുതി ദുരുപയോഗം, കേബിൾ തർക്കങ്ങൾ, സേഫ്റ്റി ക്ലിയറൻസ് പ്രശ്നങ്ങൾ എന്നീ പരാതികൾ പരിഹരിക്കുന്നതിന് ജില്ലാടിസ്ഥാനത്തിൽ "പരാതി പരിഹാര അദാലത്ത്" നടത്തുന്നതാണ്. ലൈഫ് മിഷൻ/ബി.പി.എൽ. ഉപഭോക്താക്കൾക്ക് അവരുടെ പുരയിടത്തിൽനിന്ന് ലൈനുകൾ മാറ്റിസ്ഥാപിക്കുന്നതിന് ഇളവ് അനുവദിക്കുന്നതാണ്.
- കെ.എസ്.ഇ.ബി.എൽ.-ലെ എല്ലാ സെക്ഷൻ ഓഫീസുകളിലും "സേവനം വാതിൽപ്പടിയിൽ" പദ്ധതി കാര്യക്ഷമമായി

നടപ്പാക്കുന്നതാണ്. ആഗസ്റ്റ് 1 മുതൽ സേവനങ്ങൾക്കായി ഉപഭോക്താക്കൾ കെ.എസ്.ഇ.ബി. ഓഫീസുകൾ സന്ദർശിക്കുകയോ രേഖകളുടെ ഹാർഡ് കോപ്പി സമർപ്പിക്കുകയോ ചെയ്യേണ്ടതില്ല.

- സംസ്ഥാനത്ത് ഊർജ്ജിതമായി നടന്നുവരുന്ന ഇ-ഗവേണൻസ് പദ്ധതി വിപുലീകരണത്തിന്റെ ഭാഗമായി 1.35 കോടി ഉപഭോക്താക്കളുള്ള കെ.എസ്.ഇ.ബി.എൽ. കമ്പനി ഉപഭോക്താക്കൾക്കായി താഴെ പറയുന്ന ഓൺലൈൻ സൗകര്യങ്ങൾകൂടി വിപുലീകരിക്കുന്നതാണ്.

  - അടുത്ത നൂറ് ദിവസംകൊണ്ട് കാർഷിക കണക്ഷനുകൾ, സബ്സിഡി സേവനമുള്ളതും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളതുമായ ഉപഭോക്താക്കൾ എന്നിവരൊഴിച്ച് മുഴുവൻ ഉപഭോക്താക്കളെയും നിലവിൽ ഓൺലൈനായും മൊബൈൽ ആപ്പ് മുഖേനയും വൈദ്യുതി ബില്ലുകൾ ഒടുക്കാനുള്ള സൗകര്യത്തിലേയ്ക്ക് മാറാൻ പ്രേരിപ്പിക്കുന്നതാണ്.

- പ്രത്യേക സാഹചര്യങ്ങളിൽ ക്യാഷായി മാത്രം പണമടയ്ക്കാൻ നിർബന്ധിതരാകുന്ന ഉപഭോക്താക്കൾക്ക് പണമടയ്ക്കുന്നതിന്

കെ.എസ്.ഇ.ബി.എൽ. ക്യാഷ് കൗണ്ടറുകൾക്ക് പുറമെ പ്രത്യേക ക്രമീകരണം നടപ്പാക്കുന്ന സംസ്ഥാനത്തെ വാണിജ്യ ബാങ്കുകൾ, സഹകരണ ബാങ്കുകൾ എന്നിവയ്ക്ക് കെ.എസ്.ഇ.ബി.എൽ. കൺസ്യൂമർ നമ്പർതന്നെ വെർച്വൽ അക്കൗണ്ട് നമ്പരായി പരിഗണിച്ച് പണമടയ്ക്കാനുള്ള സംവിധാനം വരും മാസങ്ങളിൽ ക്രമീകരിക്കുന്നതാണ്.

**മറ്റ് പദ്ധതികൾ**

- വയർമാൻ ലൈസൻസിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനും ലൈസൻസുകൾ വിതരണം ചെയ്യുന്നതിനുമുള്ള ഓൺലൈൻ സംവിധാനം ഈവർഷംതന്നെ ഒരുക്കുന്നതാണ്.

<u>ഭാവി പ്രവർത്തനങ്ങൾ</u>

<u>കെ.എസ്.ഇ.ബി.എൽ.</u>

പ്രി-പെയ്ഡ് സ്മാർട്ട് മീറ്റർ സംവിധാനം നടപ്പാക്കുന്നതോടുകൂടി കെ.എസ്.ഇ.ബി.എൽ. ജീവനക്കാരുടെ ജോലിഭാരത്തിൽ വലിയ തോതിൽ വ്യത്യാസമുണ്ടാകുന്നതാണ്. ബോർഡിൽ റിക്രൂട്ട്മെന്റ്/പ്രൊമോഷൻ നിയമങ്ങൾ പരിഷ്കരിക്കേണ്ടതാണെന്ന് നിരീക്ഷിക്കപ്പെട്ടതനുസരിച്ച്

ഐ.ഐ.എം., കോഴിക്കോട് സമർപ്പിച്ച പഠന റിപ്പോർട്ടിന്റെയും കേന്ദ്ര ഇലക്ട്രിസിറ്റി അതോറിറ്റി നിഷ്കർഷിക്കുന്ന യോഗ്യതകളുടെയും അടിസ്ഥാനത്തിൽ ആവശ്യമായ പരിഷ്കാരങ്ങളുൾപ്പെടുത്തി ഭാവിയിലെ നിയമനങ്ങൾക്കായി ജീവനക്കാരുടെ നിയമനവും പ്രൊമോഷനും നിയന്ത്രിക്കുന്ന പ്രത്യേക ചട്ടങ്ങളുടെ കരട് തയ്യാറാക്കിയിട്ടുണ്ട്. ബോർഡിലെ സംഘടനകളുമായി കരട് റിപ്പോർട്ട് ചർച്ച ചെയ്ത് ആവശ്യമായ മാറ്റങ്ങൾ വരുത്തി, ഉചിതമായതലത്തിലുള്ള അംഗീകാരത്തോടുകൂടി ചട്ടങ്ങൾ രൂപീകരിക്കുന്നതാണ്. കെ.എസ്.ഇ.ബി.എൽ.-ലെ ജീവനക്കാരുടെ പുനഃസംഘടന സംബന്ധിച്ച് ആഴത്തിലുള്ള വിശകലനം ആവശ്യമായതിനാൽ വിദഗ്ദ്ധ സമിതികൾ രൂപീകരിച്ച് ട്രേഡ് യൂണിയനുകളുമായും ഓഫീസർമാരുമായും ചർച്ചചെയ്ത് ഉരുത്തിരിയുന്ന സമവായത്തിൽ നടപ്പാക്കുന്നതാണ്. ബോർഡിന്റെ പ്രവർത്തനങ്ങൾക്ക് വേഗതയും കാര്യക്ഷമതയും വർദ്ധിപ്പിക്കാൻ ഘട്ടംഘട്ടമായി ഇ.ആർ.പി., ഇ-ഓഫീസ് മുതലായ ഓഫീസ് ഓട്ടോമേഷൻ പദ്ധതികളും നടപ്പാക്കിവരികയാണ്. ഉപഭോക്താക്കൾക്കുള്ള സേവനങ്ങൾ ലഘൂകരിക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യുന്നതിന്റെ ഭാഗമായി വൈദ്യുതചാർജ് അടയ്ക്കുന്നതിനും പുതിയ കണക്ഷനുകൾ, കണക്ടഡ് ലോഡ്

വർദ്ധിപ്പിക്കൽ, താരിഫ് മാറ്റൽ, മീറ്റർ മാറ്റൽ, ഉടമസ്ഥാവകാശം മാറ്റൽ തുടങ്ങിയവയുള്ള എല്ലാവിധ അപേക്ഷകളും സേവനങ്ങളും ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കെ.എസ്.ഇ.ബി.എൽ., അനെർട്ട്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, എനർജി മാനേജ്മെന്റ് സെന്റർ എന്നിവരും കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നോവേഷൻ സ്ട്രാറ്റജിക് കൗൺസിലും (K-DISC), ഡൽഹിയിൽ പ്രവർത്തിക്കുന്ന ക്ലീൻ എനർജി ഇന്റർനാഷണൽ ഇൻകുബേഷൻ സെന്ററും ചേർന്ന് കേരളത്തിൽ ക്ലീൻ എനർജി ഇന്നോവേഷൻ ആൻഡ് ബിസിനസ് ഇൻകുബേഷൻ സെന്റർ പ്രവർത്തനമാരംഭിച്ചു. ഈ പദ്ധതിയുടെ ഭാഗമായി ഹരിതോർജ്ജ മേഖലയെ നവീകരിക്കാൻ പര്യാപ്തമായ ആശയങ്ങൾ കണ്ടെത്തുകയും അവ പ്രാവർത്തികമാക്കാൻ പുതിയ സ്റ്റാർട്ടപ്പുകൾക്ക് ലാബ് സൗകര്യമുള്ള സാങ്കേതിക സഹായങ്ങളും അന്താരാഷ്ട്രതലത്തിൽ പ്രഗത്ഭരായ വിദഗ്ധരുടെ മാർഗ്ഗനിർദ്ദേശങ്ങൾ ലഭിക്കാനുള്ള സൗകര്യങ്ങളൊരുക്കുകയും പൈലറ്റടിസ്ഥാനത്തിൽ ഓരോ സ്റ്റാർട്ടപ്പിനും ക്ലീൻ എനർജി ഇന്നോവേഷൻ ആൻഡ് ബിസിനസ് ഇൻകുബേഷൻ സെന്റർ 25 ലക്ഷം രൂപ സാമ്പത്തിക സഹായവും നൽകും. വിജയകരമായി വികസിപ്പിച്ച ഉപകരണങ്ങൾ വലിയ തോതിൽ

ഉല്പാദിപ്പിക്കാനായി ഒരു കോടി രൂപവരെ പ്രാരംഭ മൂലധനവും ലഭ്യമാക്കും. ഈ പദ്ധതി ഹരിതോർജ്ജ ഗവേഷണ മേഖലയിലേയ്ക്ക് കടന്നുവരാൻ കൂടുതൽ സ്റ്റാർട്ടപ്പുകൾക്ക് പ്രചോദനം പകരും.

ഇടുക്കി ജില്ലയിൽ ലോവർ പെരിയാർ ജലവൈദ്യുത പദ്ധതിയുടെ ടെയിൽ റെയ്സിൽ 25 കിലോവാട്ടിന്റെയും പത്തനംതിട്ട ജില്ലയിൽ കക്കാട് വൈദ്യുത പദ്ധതിയുടെ ടെയിൽ റെയ്സിൽ 25 കിലോവാട്ടിന്റെയും ഹൈഡ്രോ കൈനറ്റിക് സാങ്കേതികവിദ്യ അവലംബിച്ചുകൊണ്ടുള്ള പൈലറ്റ് പദ്ധതി നടപ്പിലാക്കും. പാലക്കാട് ജില്ലയിലെ മൂലത്തറ ലോവർ ലെഫ്റ്റ് ബാങ്ക് ഇറിഗേഷൻ കനാലിൽ 25 കിലോവാട്ടിന്റെ ഹൈഡ്രോ കൈനറ്റിക് സാങ്കേതികവിദ്യ അവലംബിച്ചുകൊണ്ടുള്ള പ്രോജക്ടിനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് നടപ്പാക്കും. പാലക്കാട് ജില്ലയിലെ ലോവർ വട്ടപ്പാറ 3 മെഗാവാട്ട് പ്രോജക്ടിന്റെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് പൂർത്തീകരിക്കും.

ഒന്നുരണ്ട് അംഗങ്ങൾ ഉന്നയിച്ച കാര്യങ്ങളുടെ മറുപടികൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം. കെ.എസ്.ഇ.ബി.എൽ. രണ്ട് മാസത്തിലൊരിക്കലാണ് റീഡിംഗ് നടത്തുന്നതെന്നാണ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ സൂചിപ്പിച്ചത്. രണ്ടുമാസത്തിലൊരിക്കലാണ് റീഡിംഗ്

എടുക്കുന്നതെങ്കിലും അതിന്റെ പകുതിയെടുത്ത് ഒരു മാസത്തെ വൈദ്യുതി ചാർജ്ജ് കണക്കാക്കിയാണ് ബിൽ ചെയ്യുന്നത്. അല്ലാതെ രണ്ടുമാസത്തെ റീഡിംഗ് ഒന്നിച്ചെടുത്തല്ല ചെയ്യുന്നത്. രണ്ടുമാസത്തെ റീഡിംഗ് ഒരുമിച്ചെടുക്കുന്നതിനാൽ സ്ലാബ് മാറി അധിക ചാർജ്ജ് ഈടാക്കുന്നതല്ല. സർക്കാർ ഗസറ്റ് വിജ്ഞാപനം നടത്തിയതിൽനിന്നും വ്യത്യസ്തമായി ബിൽ കണക്കാക്കാൻ അധികാരമില്ല, അത് ചെയ്യുന്നുമില്ല. തമിഴ്നാട്ടിലെ ഇലക്ട്രിസിറ്റി ചാർജ്ജ് കമ്മിയാണെന്നാണ് അദ്ദേഹം ഇവിടെ സൂചിപ്പിച്ചത്. തമിഴ്നാട്ടിൽ 2017-ലെ താരിഫാണ് നിലനിൽക്കുന്നത്. ഗാർഹിക ഉപഭോക്താക്കൾക്ക് തമിഴ്നാട്ടിലെ താരിഫ് കുറവാണെങ്കിലും 100 യൂണിറ്റിനുമുകളിൽ വൈദ്യുതി ഉപയോഗിക്കുന്ന ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് കേരളത്തിൽ 6.8 മുതൽ 7.5 രൂപ നിലനിൽക്കുന്ന സാഹചര്യത്തിൽ അതേവിഭാഗത്തിന് തമിഴ്നാട്ടിൽ 8.05 രൂപയാണ്. വൻകിട വ്യവസായ വിഭാഗത്തിന് കേരളത്തിൽ 5.8 രൂപയാണെങ്കിൽ തമിഴ്നാട്ടിൽ അത് 6.35 രൂപയാണ്. അതുകൊണ്ട് ആ പറയുന്നത് ശരിയല്ലെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീമതി കെ. കെ. രമ ഇവിടെ സൂചിപ്പിച്ചതിന്, അഞ്ച് ഏക്കറിൽത്താഴെ ഭൂമിയുള്ള കർഷകരുടെ വൈദ്യുത ചാർജ് നിലവിൽ കൃഷി

വകുപ്പാണ് വൈദ്യുതി ബോർഡിന് നൽകിവരുന്നത്. ആയത് ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ സ്കീമിലേയ്ക്ക് മാറ്റാനുള്ള തീരുമാനം കേന്ദ്രസർക്കാരിന്റെ നിർദ്ദേശമാണ്. പി.എം. കുസും പദ്ധതിയുടെ ഭാഗമായി അഞ്ചേക്കറിൽ താഴെ ഭൂമിയുള്ള കർഷകരുടെ പമ്പുകൾ സൗരോർജ്ജവൽക്കരിക്കുകവഴി കർഷകന് അധികവരുമാനം ഉറപ്പുവരുത്താവുന്ന പദ്ധതിയുമായാണ് ഊർജ്ജ വകുപ്പ് മുന്നോട്ടുപോകുന്നത്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XXXVII
## വ്യവസായങ്ങൾ

മി. സ്പീക്കർ: സർവ്വശ്രീ അൻവർ സാദത്ത്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, നജീബ് കാന്തപുരം, എൻ. എ. നെല്ലിക്കുന്ന്, പി. കെ. ബഷീർ, എ. കെ. എം. അഷ്റഫ്, എൻ. ഷംസുദ്ദീൻ, എം. വിൻസെന്റ്, സി. ആർ. മഹേഷ്, ടി. ജെ. വിനോദ്, പി. ഉബൈദുള്ള, കുറുക്കോളി മൊയ്തീൻ, എൽദോസ് പി. കുന്നപ്പിള്ളിൽ, കെ. ബാബു (തൃപ്പൂണിത്തുറ), ഡോ. മാത്യു കുഴൽനാടൻ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XXXVII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്തു.

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ..........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2022-23 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

മി. സ്പീക്കർ: പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XXXIX

## വൈദ്യുത പദ്ധതികൾ

സർവ്വശ്രീ എം. വിൻസെന്റ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, പി. കെ. ബഷീർ, എൻ. എ. നെല്ലിക്കുന്ന്, നജീബ് കാന്തപുരം, എൻ. ഷംസുദ്ദീൻ, പി. ഉബൈദുള്ള, കുറുക്കോളി മൊയ്തീൻ, എ. കെ. എം. അഷ്റഫ്, കെ. ബാബു (തൃപ്പൂണിത്തുറ), എൽദോസ് പി. കുന്നപ്പിള്ളിൽ, സി. ആർ. മഹേഷ്, ടി. ജെ. വിനോദ്, അൻവർ സാദത്ത്, ഡോ. മാത്യു കുഴൽനാടൻ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XXXIX-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്തു.

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ..........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2022-23

സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

മി. സ്പീക്കർ: പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

[3.35pm]

## VIII അറിയിപ്പ്

സന്തോഷ് ട്രോഫി ജേതാക്കൾക്ക് അനുമോദനം

ഇന്ന് വൈകുന്നേരം 6.30-ന് ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽവച്ച് സന്തോഷ് ട്രോഫി ഫുട്ബോൾ ടൂർണമെന്റിലെ ജേതാക്കളായ കേരള ടീമിനെ സർക്കാർ ആദരിക്കുന്ന ചടങ്ങ് നടക്കുന്നതാണ്. ബഹുമാനപ്പെട്ട എല്ലാ അംഗങ്ങളുടെയും പങ്കാളിത്തം അഭ്യർത്ഥിക്കുന്നു.

ഓർഡർ.......... ഓർഡർ.......... സഭ ഇപ്പോൾ പരിയുന്നതും 2022 ജൂലൈ 4 തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2022 ജൂലൈ മാസം 04-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 3.36-ന് പിരിഞ്ഞു.)

*********

## അനുബന്ധം I

ചോദ്യം *61-ന്റെ 'എ ' പിരിവിന് അനുബന്ധം I ആയി മത്സ്യബന്ധനവും സാംസ്കാരികവും യുവജനക്ഷേമവും വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച ഉത്തരം

സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിച്ച് ആപേക്ഷിക പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് സാഫ്, മത്സ്യഫെഡ്, മത്സ്യബോർഡ്, ഫിഷറീസ് വകുപ്പ് എന്നിവ മുഖേന നടപ്പാക്കുന്ന പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

A. **മത്സ്യബന്ധനത്തിലേർപ്പെടുന്നവരുടെ സാമ്പത്തിക പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനും മത്സ്യബന്ധനയാനങ്ങളുടെ ഉടമസ്ഥത മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കുന്നതിനും ഊന്നൽ നൽകി നടപ്പാക്കുന്ന പദ്ധതികൾ**

1. കേന്ദ്രാവിഷ്കൃത പദ്ധതിയായ PMMSY-യിൽ (40% സബ്സിഡി)

ഉൾപ്പെടുത്തി പരമ്പരാഗത മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ നൽകുന്ന പദ്ധതിക്ക് 2020-21 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ചു. 1200 ലക്ഷം രൂപയാണ് ആകെ പദ്ധതി തുക. ആദ്യഘട്ടത്തിൽ തിരുവനന്തപുരം, കൊല്ലം, എറണാകുളം, കോഴിക്കോട് ജില്ലകളിലാണ് pilot പ്രോജക്ടായി പദ്ധതി നടപ്പാക്കുന്നത്. നിലവിൽ 6 ഗ്രൂപ്പുകൾ, തിരുവനന്തപുരം (2), കൊല്ലം (2), കോഴിക്കോട് (2) എന്ന തരത്തിൽ താല്പര്യം അറിയിച്ചിട്ടുണ്ട്.

2. ഓഖി ദുരന്തത്തിൽ മത്സ്യബന്ധന യാനങ്ങൾ പൂർണ്ണമായും അപകടത്തിൽപ്പെട്ട് തൊഴിൽ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് 120 FRP യാനങ്ങൾ നൽകുന്നതിന് ബ്ലൂ റവല്യൂഷൻ- 2017-18 പദ്ധതിയിലുൾപ്പെടുത്തി 988 ലക്ഷം രൂപയുടെ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. തിരുവനന്തപുരം -75, കൊല്ലം - 15, ആലപ്പുഴ -17, തൃശ്ശൂർ -9, മലപ്പുറം- 3, കാസർഗോഡ്-1 എന്നീ ക്രമത്തിൽ ആകെ 120 FRP ബോട്ടുകളാണ് ഗുണഭോക്തൃ ഗ്രൂപ്പിന് നൽകുന്നത്. ഓരോ FRP ബോട്ടുകൾക്കും 25 HP യുടെയും 9.9 HP യുടെയും രണ്ട് എഞ്ചിനുകളും ജി.പി.എസ്., എക്കോസൗണ്ടർ, ലൈഫ്ബോയ്, റോപ്പ്, ഫ്ലോട്ട് എന്നിവയുമുണ്ട്.

3. മത്സ്യത്തൊഴിലാളികൾക്ക് 40% സബ്സിഡിയിൽ FRP യാനങ്ങൾ

വിതരണം ചെയ്യുന്നതിന് ബ്ലൂ റവല്യൂഷൻ പദ്ധതിയിലുൾപ്പെടുത്തി 2018-19 സാമ്പത്തിക വർഷം, 412 ലക്ഷം രൂപയുടെ പദ്ധതി മത്സ്യഫെഡ് വഴി നടപ്പാക്കിയിരുന്നു. പദ്ധതി തുകയുടെ 40% (172 ലക്ഷം രൂപ) ആണ് സബ്സിഡിയായി അനുവദിച്ചത്. 200 മത്സ്യത്തൊഴിലാളികൾക്കാണ് ഈ പദ്ധതിപ്രകാരം 2 ലക്ഷം രൂപ വിലവരുന്ന FRP യാനങ്ങൾ നിർമ്മിച്ച് നൽകിയത്.

4. PMMSY 2021-22 പദ്ധതിയിലുൾപ്പെടുത്തി മത്സ്യത്തൊഴിലാളികൾക്ക് 5 ലക്ഷം രൂപ ചെലവുവരുന്ന FRP യൂണിറ്റുകൾ വിതരണം ചെയ്യുന്നതിന് 500 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. FRP യാനത്തിനുപുറമെ എൻജിൻ, മത്സ്യബന്ധന വലകൾ അനുബന്ധ ഉപകരണങ്ങൾ എന്നിവ ഉൾപ്പെടുന്നവയാണ് ഒരു യൂണിറ്റ്. ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടത്തി പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ മത്സ്യഫെഡ് വഴി പുരോഗമിക്കുന്നു. കൂടുതൽ സുരക്ഷിതമായ FRP യാനങ്ങൾ നൽകുന്നതിലൂടെ മത്സ്യത്തൊഴിലാളികളുടെ ആത്മവീര്യവും ആത്മവിശ്വാസവും വർദ്ധിപ്പിച്ചും സാമൂഹിക സാമ്പത്തിക സുരക്ഷിതത്വം ഉറപ്പുവരുത്തിയും മത്സ്യത്തൊഴിലാളികളെ മത്സ്യബന്ധന യാനങ്ങളുടെ ഉടമസ്ഥരാക്കി തീർക്കുന്നതിനാണ് ഈ പദ്ധതിയിലൂടെ വകുപ്പ്

ലക്ഷ്യമിടുന്നത്.

5. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് വലകൾ വാങ്ങുന്നതിന് സബ്സിഡി നൽകുന്ന "Suitable components for fishing gears" എന്ന പദ്ധതി മത്സ്യഫെഡ് മുഖേന നടപ്പാക്കിവരുന്നു. പദ്ധതി പ്രകാരം വിലയുടെ 25% അല്ലെങ്കിൽ 10,000/- രൂപ ഇവയിൽ ഏതാണോ കുറവ് ആയത് 10 HP യിൽ താഴെയുള്ള OBM ഘടിപ്പിച്ച യാന ഉടമസ്ഥരായ മത്സ്യത്തൊഴിലാളികൾക്ക് നൽകിവരുന്നു. പദ്ധതിയിലുൾപ്പെടുത്തി 2016-17, 2019-20, 2020-21, 2021-22 എന്നീ വർഷങ്ങളിലായി 1800 യാന ഉടമകൾക്ക് വലകളും മറ്റനുബന്ധ സാമഗ്രികളും വാങ്ങുന്നതിന് 200 ലക്ഷം രൂപ സബ്സിഡി നൽകിയിട്ടുണ്ട്. 2020-23-ൽ 20 ലക്ഷം രൂപയാണ് പദ്ധതി വിഹിതം. 200 മത്സ്യത്തൊഴിലാളികൾക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത്.

6. " Motorization of country crafts" എന്ന പദ്ധതിയിലുൾപ്പെടുത്തി പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 40 HP വരെയുള്ള എൻജിൻ വാങ്ങുന്നതിന് പരമാവധി 30,000/- രൂപ വരെ സബ്സിഡി അനുവദിക്കുന്നുണ്ട്. പദ്ധതി പ്രകാരം 2016-17 -ൽ 80 ലക്ഷം രൂപയും 2017-18-ൽ 70 ലക്ഷം രൂപയും 2018-19-ൽ 60 ലക്ഷം രൂപയും 2019-20-ൽ

60 ലക്ഷം രൂപയും 2020-21-ൽ 60 ലക്ഷം രൂപയും 2021-22-ൽ 60 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 390 ലക്ഷം രൂപ അനുവദിച്ചുനൽകി. 2022-23-ൽ 30 ലക്ഷം രൂപയാണ് പദ്ധതി തുക. 100 മത്സ്യത്തൊഴിലാളികൾക്ക് ഈ പദ്ധതിയിലൂടെ എൻജിൻ സബ്സിഡി അനുവദിക്കുന്നുണ്ട്. 40 HP വരെ കപ്പാസിറ്റിയുള്ള ഔട്ട് ബോർഡ് എൻജിൻ ഘടിപ്പിച്ച വള്ളങ്ങൾക്കാണ് സബ്സിഡി അനുവദിക്കുന്നത്.

7. മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും കടലിന്റെ അടിത്തട്ടിൽ കൃത്രിമമായ ആവാസവ്യവസ്ഥ സൃഷ്ടിച്ച് മത്സ്യലഭ്യത വർദ്ധിപ്പിക്കുന്നതിനും 2016-17 പദ്ധതിയിലുൾപ്പെടുത്തി 240 കൃത്രിമപ്പാരുകൾ പുല്ലുവിള, തുമ്പ എന്നീ മത്സ്യഗ്രാമങ്ങളിൽ സ്ഥാപിക്കുന്ന 1 കോടി രൂപയുടെയും 2017-18 പുതുക്കുറിച്ചി, കൊച്ചുതുറ മത്സ്യഗ്രാമങ്ങളിൽ 240 കൃത്രിമപ്പാര് സ്ഥാപിക്കുന്ന 1 കോടി രൂപയുടെയും 2019-20 പദ്ധതിയിലുൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിൽ പൂന്തുറ, ബീമാപള്ളി, വലിയതുറ എന്നീ മത്സ്യഗ്രാമങ്ങളിലെ തീരക്കടലിൽ 840 കൃത്രിമപ്പാര് സ്ഥാപിക്കുന്ന 2 കോടി രൂപയുടെയും 2020-21 വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി പൂവാർ, പുതിയതുറ മത്സ്യഗ്രാമങ്ങളിലെ തീരക്കടലിൽ 620 കൃത്രിമപ്പാര് സ്ഥാപിക്കുന്ന 1.40 കോടി രൂപയുടെയും 2021-22 വർഷങ്ങളിൽ വേളി മത്സ്യഗ്രാമത്തിലെ

തീരക്കടലിൽ 310 കൃത്രിമപ്പാര് സ്ഥാപിക്കുന്ന 70 ലക്ഷം രൂപയുടെയും പദ്ധതികൾ നടപ്പാക്കി.

വിഴിഞ്ഞം പുനരധിവാസ പദ്ധതിയിലുൾപ്പെടുത്തി തെരഞ്ഞെടുത്ത മത്സ്യഗ്രാമങ്ങളായ കൊല്ലംകോട്, പരുത്തിയൂർ, വലിയതുറ, കൊച്ചുതുറ, പുതിയതുറ, പള്ളം, അടിമലത്തുറ എന്നിവിടങ്ങളിൽ 1400 കൃത്രിമപ്പാരുകൾ സ്ഥാപിക്കുന്ന 3.75 കോടി രൂപയുടെ പദ്ധതി പൂർത്തീകരിച്ചു.

8. 'ആഴക്കടൽ മത്സ്യബന്ധനവും കടൽ സുരക്ഷ ഉപകരണങ്ങളും' പദ്ധതി പ്രകാരം പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 2017-18 മുതൽ 1664 ജി.പി.എസ്.-കളും 66 എക്കോസൗണ്ടറുകളും 1132 ലൈഫ്ബോയെകളും 64 DAT ഉം, 2021-22 -ൽ 360 മൗണ്ടിംഗ് ജി.പി.എസും 400 പേർക്ക് ഹാൻഡ് ഹെൽഡ് ജി.പി.എസും നൽകിയിട്ടുണ്ട്. കടൽ സുരക്ഷാ പദ്ധതി പ്രകാരം പരമ്പരാഗത യാനങ്ങൾക്ക് 609 മൗണ്ടിംഗ് ജി.പി.എസ്. നൽകുന്ന പദ്ധതി 2022-23-ൽ നടപ്പാക്കുന്നത് പരിഗണനയിലാണ്.

9. കടലിൽ സംഭവിക്കുന്ന ഏതു അപകടത്തെയും നേരിടാൻ സജ്ജമാക്കുന്നതിന്റെ ഭാഗമായി 9 ഫിഷറീസ് സ്റ്റേഷനുകളിലും ആവശ്യമായ സുരക്ഷാ ഉപകരണങ്ങൾ ലഭ്യമാക്കി. തിരുവനന്തപുരം, എറണാകുളം,

കോഴിക്കോട് ജില്ലകൾ കേന്ദ്രമാക്കി മൂന്ന് മറൈൻ ആംബുലൻസുകൾ പ്രവർത്തിച്ചുവരുന്നു. 2022-23- വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി ഫിഷിംഗ് ഹാർബർ അടിസ്ഥാനമാക്കിയുള്ള കടൽരക്ഷാ സേനയുടെ രൂപീകരണം, ഫലപ്രദമായ ആശയവിനിമയം സാധ്യമാക്കുന്നതിന് കടൽത്തീരത്തൊട്ടാകെ സമഗ്രമായ VHF മറൈൻ റേഡിയോ ശൃംഖല സ്ഥാപിക്കുന്ന കാര്യം പരിഗണനയിലാണ്.

10. 2022-23-ൽ മത്സ്യത്തൊഴിലാളകൾക്ക് നൂതന മത്സ്യബന്ധന സാങ്കേതികവിദ്യ, നാവിഗേഷൻ, സീമാൻ ഷിപ്പ്, സ്രാങ്ക്/എൻജിൻ ഡ്രൈവർ, ഡെക്ക്മാൻ തുടങ്ങിയവയിൽ നൈപുണ്യ പരിശീലനം.

11. ഓഖി പദ്ധതിയിൽ ഉൾപ്പെടുത്തി കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിനായി 900 കടൽ സുരക്ഷാ സ്ക്വാഡുകളെ പ്രത്യേക പരിശീലനം നൽകി നിയോഗിക്കുന്നതിന് 7.15 കോടി രൂപയുടെ പദ്ധതി നടപ്പാക്കിവരുന്നു. 719 പേർ ഗോവ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്ട്സ് എന്ന കേന്ദ്ര സർക്കാർ അംഗീകാരമുള്ള സ്ഥാപനത്തിൽ പരിശീലനം പൂർത്തീകരിച്ചു.

12. 2022-23-ൽ പരമ്പരാഗത മത്സ്യത്തൊഴിലാളി

ക്ലസ്റ്ററുകൾ/സൊസൈറ്റികൾക്ക് ക്രാഫ്റ്റ് ടോയിംഗ് ട്രാക്ടർ പദ്ധതി നടപ്പാക്കും.

13. Kerala Marine Fishing Regulation Act നടപ്പാക്കൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ആലപ്പുഴ ജില്ലയിലെ തോട്ടപ്പള്ളി, തൃശ്ശൂർ ജില്ലയിലെ അഴീക്കോട്, മലപ്പുറം ജില്ലയിലെ പൊന്നാനി, കാസർഗോഡ് ജില്ല എന്നിവിടങ്ങളിൽ നാല് ഫിഷറീസ് സ്റ്റേഷനുകൾ പുതിയതായി പ്രവർത്തനമാരംഭിച്ചു.

14. കടൽ രക്ഷാപ്രവർത്തനങ്ങൾ സുഗമവും കാര്യക്ഷമവുമാക്കുന്നതിനും കടലിൽ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിട്ടുള്ള യാനങ്ങൾ സംബന്ധിച്ച് വിവരങ്ങൾ അറിയുന്നതിനും ഫിഷറീസ് ഡയറക്ടറേറ്റ് കേന്ദ്രീകരിച്ച് ഒരു സ്റ്റേറ്റ് ലെവൽ മാസ്റ്റർ കൺട്രോൾ റൂമും, വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് 3 റീജിയണൽ കൺട്രോൾ റൂമുകളും പ്രവർത്തിച്ചുവരുന്നു.

15. 2018-19, 2019-20, 2020-21, 2021-22 എന്നീ വർഷങ്ങളിലെ പദ്ധതിയിൽ ഉൾപ്പെടുത്തി യഥാക്രമം 647, 858, 924, 2758 യാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. 2022-23-ൽ എല്ലാ പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്കും എഞ്ചിനും ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കും.

16. മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ സബ്സിഡിക്കായി 2016-17, 2017-18, 2018-19, 2019-20, 2020-21, 2021-22 വർഷങ്ങളിലായി 233.66 കോടി രൂപ അനുവദിച്ചു.

17. 2021-22-ൽ മത്സ്യത്തൊഴിലാളികൾക്ക് അവർ പിടിച്ചുകൊണ്ടുവരുന്ന മത്സ്യം കേടുകൂടാതെ കരയ്ക്കെത്തിക്കുന്നതിന് 300 മുതൽ 700 ലിറ്റർ വരെ സംഭരണശേഷിയുള്ള 483 ഇൻസുലേറ്റഡ് ഫിഷ് ബോക്സുകൾ അനുവദിച്ചു. 2022-23 വർഷത്തിലും 800 ഇൻസുലേറ്റഡ് ഫിഷ് ബോക്സുകൾ അനുവദിക്കുന്ന പദ്ധതി തുടരും.

B. **മത്സ്യത്തൊഴിലാളി അടിസ്ഥാന സൗകര്യ വികസനവും സാമൂഹിക സാമ്പത്തിക സുരക്ഷാ പദ്ധതികളും**

1. <u>പുനർഗേഹം പദ്ധതി</u>- തീരദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ നിരന്തരം കടലാക്രമണ ഭീഷണി നേരിടുന്ന പ്രദേശത്ത് താമസിക്കുന്ന 18685 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സുരക്ഷിത മേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള 1398 കോടി രൂപ ഉൾപ്പെടെ 2450 കോടി രൂപയുടെ ബൃഹത് പദ്ധതിയാണ് പുനർഗേഹം. പദ്ധതി പ്രകാരം 3313 പേർ ഭൂമി കണ്ടെത്തി വില നിശ്ചയിക്കുകയും 2594 പേർ ഭൂമി രജിസ്റ്റർ

ചെയ്യുകയും 1435 പേർ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി പ്രകാരം 1435 കുടുംബങ്ങളെ പുനരധിവസിപ്പിച്ചു. കടൽക്ഷോഭംമൂലം വീട് നഷ്ടപ്പെട്ട 192 മത്സ്യത്തൊഴിലാളികൾക്ക് മുട്ടത്തറയിൽ ഫ്ലാറ്റ് നിർമ്മിച്ചു നൽകി. പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തി 276 വ്യക്തിഗത ഫ്ലാറ്റുകൾ പൂർത്തീകരിച്ചു. 342 ഫ്ലാറ്റുകളുടെ നിർമ്മാണം നടന്നുവരുന്നു. വിവിധ ജില്ലകളിൽ 556 വ്യക്തിഗത ഫ്ലാറ്റുകളുടെ നിർമ്മാണത്തിനായി അനുമതി നൽകിയിട്ടുണ്ട്.

2. <u>ലൈഫ് മിഷൻ മുഖാന്തരമുള്ള ഭവന പദ്ധതി</u> - ഭവനരഹിതരും ഭൂരഹിത ഭവനരഹിതരുമായ എല്ലാ മത്സ്യത്തൊഴിലാളികൾക്കും സുരക്ഷിത ഭവനം ഉറപ്പാക്കുന്നതിനായി ലൈഫ് മിഷന്റെ മാനദണ്ഡങ്ങളിൽ പ്രത്യേക ഇളവ് അനുവദിച്ചു. 7778 ഭവനരഹിതരുടെയും 7346 ഭൂരഹിത ഭവനരഹിതരുടേയും ലിസ്റ്റ് ലൈഫ് മിഷന് കൈമാറി. ലൈഫ് മിഷൻ രണ്ടാം ഘട്ടത്തിൽ ഉൾപ്പെട്ട ഭവനരഹിതരായ 5744 മത്സ്യത്തൊഴിലാളി ഗുണഭോക്താക്കളുടെ പട്ടിക അംഗീകരിക്കുകയും 3447 പേർ കരാറിൽ ഏർപ്പെട്ട് ഇതിൽ 1325 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ലൈഫ് മിഷൻ മൂന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി ഭൂരഹിത ഭവനരഹിതരായ 1283 പേരുടെ പട്ടിക അംഗീകരിക്കുകയും ഇതിൽ 221 പേർ സ്ഥലം

കണ്ടെത്തുകയും 161 പേർ എഗ്രിമെന്റ് വയ്ക്കുകയും 81 പേർ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

3. <u>സമ്പാദ്യ സമാശ്വാസ പദ്ധതി</u>- പഞ്ഞമാസങ്ങളിൽ ധനസഹായം നൽകുന്നതിന് സമ്പാദ്യ സമാശ്വാസ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ഇതിൻപ്രകാരം ഗുണഭോക്താക്കളിൽനിന്നും 1500/- രൂപ 6 മാസങ്ങളിലായി സ്വീകരിക്കുകയും കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ തുല്യ അനുപാതത്തിലുള്ള ധനസഹായംകൂടി ഉൾപ്പെടുത്തി കടലോര മത്സ്യത്തൊഴിലാളികൾക്ക് മെയ്, ജൂൺ, ജൂലൈ മാസങ്ങളിലും, ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലും ധനസഹായമായി 4500/- രൂപ അനുവദിക്കുന്നു. 2022-23 സാമ്പത്തിക വർഷത്തിൽ 1,83,541 ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകുന്നതാണ്.

4. <u>മത്സ്യത്തൊഴിലാളികൾക്ക് യാനങ്ങളും മത്സ്യബന്ധന ഉപകരണങ്ങളും സ്വയത്തമാക്കുന്നതിന് പലിശ രഹിത വായ്പ</u> - പ്രാഥമിക സഹകരണ സംഘങ്ങൾവഴി മത്സ്യബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കർമ്മോന്മുഖരായ മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന വായ്പയ്ക്ക് പലിശ സഹായം നൽകുന്നതിന് 4 കോടി രൂപയുടെയും മത്സ്യവില്പനയിൽ

ഏർപ്പെടുന്ന കേരള മത്സ്യത്തൊഴിലാളി വനിതകൾക്ക് അനുവദിക്കുന്ന വായ്പകൾക്ക് പലിശ സബ്സിഡി അനുവദിക്കുന്നതിന് 2 കോടി രൂപയുടെയും പദ്ധതി 2022-23-ൽ മത്സ്യഫെഡ് മുഖേന നടപ്പാക്കും. എൻ.സി.ഡി.സി. ലോണിലുള്ള സബ്സിഡിയും എൻ.ബി.സി.എഫ്.ഡി. സി. ലോണിനും എൻ.എം.ഡി.എഫ്.സി. ലോണിന് സീഡ് കാപ്പിറ്റലിനുമായി 3 കോടി രൂപയുടെയും ഉൾപ്പെടെ 9 കോടി രൂപയുടെ പദ്ധതിയും മത്സ്യഫെഡ് മുഖേന നടപ്പാക്കും.

5. മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസ രംഗത്തെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി പ്രീമെട്രിക്, പോസ്റ്റ്മെട്രിക്, പാരലൽ എന്നീ വിഭാഗങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം എസ്.സി/എസ്.ടി. വിദ്യാർത്ഥികൾക്ക് നൽകുന്ന അതേ നിരക്കിൽ നല്കിവരുന്നു.

6. <u>e-grantz പദ്ധതി</u> - മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് യഥാസമയം വിദ്യാഭ്യാസ സഹായം ലഭിക്കുന്നതിന് e-grantz പദ്ധതി നടപ്പാക്കി. 2016-17 -ൽ 19.99 കോടി രൂപ, 2017-18-ൽ 25.52 കോടി രൂപ, 2018-19 -ൽ 29.17 കോടി രൂപ, 2019-20-ൽ 29.78 കോടി രൂപ 2020-21-ൽ 32.51 കോടി രൂപ, 2021-22-ൽ 30.30 കോടി രൂപയും

മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യത്തിനായി നൽകി. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസാനുകൂല്യം കുടിശ്ശിക രഹിതമായി അനുവദിക്കാൻ 32.21 കോടി രൂപ ചെലവഴിക്കും.

7. വിദ്യാതീരം പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സൗജന്യ മെഡിക്കൽ എൻട്രൻസ്, പി.എസ്.സി., ബാങ്ക് ടെസ്റ്റ്, സിവിൽ സർവ്വീസ് പരിശീലനം നൽകിവരുന്നു. 2016-17 മുതൽ 794 കുട്ടികൾക്ക് ടി പദ്ധതിയുടെ പ്രയോജനം ലഭിച്ചു. 2015-16 മുതൽ മെഡിക്കൽ എൻട്രൻസ് പരിശീലനം ലഭിച്ച 421 പേരിൽ 54 പേർക്ക് എം.ബി.ബി.എസ്.-നും 95 പേർക്ക് ഇതര കോഴ്സുകൾക്കും അഡ്മിഷൻ ലഭിച്ചിട്ടുണ്ട്. വിദ്യാതീരം പദ്ധതിയിൽ ഉൾപ്പെടുത്തി 2022-23 -ൽ മത്സ്യത്തൊഴിലാളികളുടെ മക്കളുടെ ഉന്നതവിദ്യാഭ്യാസ സഹായത്തിനായി 100 പേർക്ക് മെഡിക്കൽ എൻട്രൻസ് കോച്ചിംഗും 25 പേർക്ക് ഐ.ഐ.ടി, എൻ.ഐ.ടി കോച്ചിംഗും 15 പേർക്ക് സിവിൽ സർവ്വീസ് കോച്ചിംഗും നൽകും.

8. GRFTHS - തീരദേശത്തെ 10 ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് താമസിച്ച് പഠിക്കുന്നതിനാവശ്യമായ എല്ലാ ധനസഹായവും നൽകി വരുന്നു.

9. പ്രതിഭാതീരം - തീരദേശ വിദ്യാർത്ഥികൾക്ക് ഇന്റർനെറ്റ്, പ്രിന്റർ,

സ്കാനർ, ഫോട്ടോസ്റ്റാറ്റ് മുതലായ ആധുനിക ഇലക്ട്രോണിക് ഉപകരണങ്ങളോടുകൂടിയ 75 പഠന മുറികൾ ലൈബ്രറികൾ കേന്ദ്രീകരിച്ച് സജ്ജീകരിച്ചു വരുന്നു.

10. <u>വിദ്യാഭ്യാസ അടിസ്ഥാന സൗകര്യ വികസനം</u> - 77 കോടി രൂപ ചെലവിൽ 33 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യവികസനവും 29 തീരദേശ സ്കൂളുകളിൽ 2.80 കോടി രൂപ ചെലവിൽ 40 സ്മാർട്ട് ക്ലാസ്സ് റൂമുകൾ എന്ന പദ്ധതിപ്രകാരം 26 തീരദേശ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂമുകളും സജ്ജമാക്കി.

തീരദേശ സ്കൂളുകളിൽ 2.50 കോടി രൂപയുടെ സ്പോർട്സ് കിറ്റുകൾ വിതരണം ചെയ്യുന്ന പദ്ധതി 35 വിദ്യാലയങ്ങളിൽ പൂർത്തീകരിച്ചു. ഗ്രൗണ്ട് നവീകരണവും തീരദേശ ജില്ലകളിലെ തിരഞ്ഞെടുത്ത 20 സ്കൂളുകളിൽ 2.00 കോടി രൂപയുടെ അടുക്കള നവീകരണം പദ്ധതിയിൽ 17 എണ്ണവും പൂർത്തീകരിച്ചു. 1.00 കോടി രൂപ ചെലവിൽ മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥിനികൾക്ക് 2000 സൈക്കിൾ വിതരണം ചെയ്തു.

11. <u>നിരാലംബരായ വിദ്യാർത്ഥികളെ ദത്തെടുക്കൽ -</u> മാതാപിതാക്കൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കളെ ദത്തെടുക്കുന്ന പദ്ധതി പ്രകാരം 2018-19 -ൽ 11 പേർക്കും 2019-20-ൽ 13 പേർക്കും 2020-21-ൽ 14

പേർക്കും 2021-22-ൽ 13 പേർക്കും പഠനാവശ്യങ്ങൾക്കുള്ള ധനസഹായം നല്കിയിട്ടുണ്ട്. മാതാപിതാക്കൾ മരണപ്പെട്ട 20 മത്സ്യത്തൊഴിലാളികളുടെ മക്കളെ ദത്തെടുത്ത് വിദ്യാഭ്യാസ ചെലവ് പൂർണ്ണമായും സർക്കാർ വഹിക്കുന്ന പദ്ധതി 2022-23 ൽ നടപ്പാക്കും. ഓഖിയിൽ മരണപ്പെട്ടതും കാണാതായതുമായ 143 മത്സ്യത്തൊഴിലാളികളുടെ മക്കളായ 309 പേരുടെ സൗജന്യ വിദ്യാഭ്യാസത്തിനായി 13.92 കോടി രൂപ അനുവദിക്കുകയും 2018-19-ൽ 53.75 ലക്ഷം രൂപയും 2019-20-ൽ 65 ലക്ഷം രൂപയും 2020-21-ൽ 60 ലക്ഷം രൂപയും 2021-22-ൽ 50 ലക്ഷം രൂപയും അനുവദിച്ച് നല്കിയിട്ടുണ്ട്. 2037 വരെ വിഭാവന ചെയ്തിട്ടുള്ള പദ്ധതിയാണിത്.

12. <u>ആരോഗ്യാടിസ്ഥാന സൗകര്യവികസന പദ്ധതികൾ</u> - 32.22 കോടി രൂപ ചെലവിൽ തീരദേശത്തെ 20 ഫിഷറീസ് ആശുപത്രികൾ, ജില്ലാ ആശുപത്രി, സി.എച്ച്.സി., പി.എച്ച്.സി., സബ് സെന്റർ, ഡിസ്പെൻസറി എന്നിവയ്ക്ക് അടിസ്ഥാന സൗകര്യവികസനം നടപ്പാക്കുന്നു. ആയതിൽ 17 എണ്ണം പൂർത്തീകരിച്ചു.

13. മത്സ്യത്തൊഴിലാളികളുടെ അപകട ഇൻഷ്വറൻസ് 5 ലക്ഷം രൂപയിൽ നിന്നും 10 ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. 241572 മത്സ്യത്തൊഴിലാളികളെയും 85543 അനുബന്ധ മത്സ്യത്തൊഴിലാളികളെയും

അപകട ഇൻഷ്വറൻസ് പരിധിയിൽ കൊണ്ടുവന്നു.

14. മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനോപകരണങ്ങൾ വാങ്ങുന്നതിനായി പലിശ രഹിത വായ്പ നൽകുന്ന പദ്ധതി നടപ്പിലാക്കി.

15. 31-12-2008 വരെ ദേശസാൽകൃത ബാങ്കുകളിൽനിന്നും സഹകരണ സംഘങ്ങളിൽനിന്നും മറ്റു സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്നും മത്സ്യത്തൊഴിലാളികൾ എടുത്ത വായ്പ എഴുതി തള്ളി.

16. വനിതാ മത്സ്യവിപണന തൊഴിലാളികൾക്ക് സൗജന്യയാത്ര ഒരുക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.-യുമായി ചേർന്ന് സമുദ്ര പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരത്തെ ഹാർബറുകൾ, ലാന്റിംഗ് സെന്ററുകൾ എന്നിവിടങ്ങളിൽനിന്നും മാർക്കറ്റുകളിലേയ്ക്കും തിരിച്ചും സൗജന്യമായി യാത്ര ചെയ്യുന്നതിന് 3 കെ.എസ്.ആർ.ടി.സി. ബസുകൾ പ്രവർത്തിക്കുന്നു.

**C. ഓഖി പുനരധിവാസ പദ്ധതി**

1. മത്സ്യബന്ധനോപകരണങ്ങൾ നഷ്ടപ്പെട്ട 481 പേർക്ക് ആറ് ഘട്ടങ്ങളിലായി 7.133 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ഏഴാം ഘട്ടമായി 4 പേർക്ക് നഷ്ടപരിഹാര തുകയായ 24,60,405 /- രൂപ അനുവദിച്ചിട്ടുണ്ട്.

2. ഓഖി ദുരന്തത്തിൽ പൂർണ്ണമായും വീടുകൾ നഷ്ടപ്പെട്ട 72 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലവും വീടും ലഭ്യമാക്കുന്നതിന് 10 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നതിന് 741 ലക്ഷം രൂപയുടെ പദ്ധതിക്ക് അനുമതി നൽകി. കടൽത്തീരത്തുനിന്ന് 50 മീറ്റർ മാറി സുരക്ഷിത സ്ഥലത്ത് സുരക്ഷിത ഭവനമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഗുണഭോക്താക്കൾ സ്വന്തം നിലയിൽ ഭൂമി കണ്ടെത്തേണ്ടതുണ്ട്. ആകെയുള്ള 72 പേരിൽ 16 പേർ ആനുകൂല്യം ആവശ്യമില്ലെന്നറിയിച്ചിട്ടുണ്ട്. 9 പേർ മുൻ വർഷങ്ങളിലെ പദ്ധതികളിൽ ഉൾപ്പെട്ടവരും 5 പേർക്ക് മുട്ടത്തറയിൽ ഫ്ലാറ്റും അനുവദിച്ചിട്ടുണ്ട്. ഫ്ലാറ്റ് വേണമെന്ന് ആവശ്യപ്പെട്ട തിരുവനന്തപുരം ജില്ലയിലെ 20 പേർക്ക് ബീമാപള്ളിയിൽ ഫ്ലാറ്റ് അനുവദിച്ചു. 22 പേരിൽ 20 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചു.

3. ഓഖി പദ്ധതിയുടെ നീക്കിയിരിപ്പ് തുകയിൽനിന്നും തിരുവനന്തപുരം ജില്ലയിൽ സ്ഥലവും വീടും നഷ്ടപ്പെട്ട 32 കുടുംബങ്ങൾക്കും വീട് നഷ്ടപ്പെട്ട 6 കുടുംബങ്ങൾക്കും കൂടി ആകെ 38 കുടുംബങ്ങൾക്ക് 344 ലക്ഷം രൂപ അനുവദിച്ചു. ഇതിൽ സ്ഥലവും വീടും നഷ്ടപ്പെട്ട 32 പേരിൽ 26 പേർ സ്ഥലം വാങ്ങി 12 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചു. 13 പേർ 2-ാം ഘട്ടം

പൂർത്തീകരിച്ചു. വീട് നഷ്ടപ്പെട്ട 6 പേരിൽ 2 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചു.

4. ഓഖി പുനരധിവാസ പദ്ധതിയിലുൾപ്പെടുത്തി കടൽ രക്ഷാ പ്രവർത്തനങ്ങൾക്കായി ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ 900 മത്സ്യത്തൊഴിലാളി യുവാക്കൾക്ക് പ്രത്യേക പരിശീലനം നൽകുന്ന പദ്ധതി നടപ്പാക്കിവരുന്നു. പ്രസ്തുത പദ്ധതിയിൽ നാല് ഘട്ടങ്ങളിലായി 719 യുവാക്കളുടെ പരിശീലനം വിജയകരമായി പൂർത്തിയായിട്ടുണ്ട്.

5. മത്സ്യത്തൊഴിലാളികൾക്ക് 40000 ലൈഫ് ജാക്കറ്റുകൾ വിതരണം ചെയ്തു.

6. കടലിൽ മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന മത്സ്യബന്ധന യാനങ്ങളുമായി വാർത്താവിനിമയം സുഗമമാക്കുവാൻ 941 നാവിക് ഉപകരണങ്ങളും 194 സാറ്റലൈറ്റ് ഫോണുകളും വിതരണം ചെയ്തിട്ടുണ്ട്.

D. **തീരദേശ സ്കൂളുകളുടെ വികസനം**: വിദ്യാഭ്യാസ വകുപ്പിന്റെ അനുമതിയോടെ നടപ്പാക്കുന്ന പദ്ധതിയാണിത്. സംസ്ഥാനത്തെ തീരദേശ മേഖലയിലെ തെരഞ്ഞെടുത്ത 57 വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 66.35 കോടി രൂപയുടെ കിഫ്ബി പദ്ധതിക്ക്

അംഗീകാരം ലഭ്യമായിട്ടുണ്ട്. 22.14 കോടി രൂപയ്ക്ക് 22 വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം പൂർത്തീകരിച്ചു.

E. **സാഫ് മുഖേന നടപ്പാക്കുന്ന പ്രധാന പ്രവർത്തനങ്ങൾ**:

1. സംസ്ഥാനത്ത് മത്സ്യത്തൊഴിലാളി വനിതകളുടെ വരുമാനം വർദ്ധിപ്പിച്ച് അവരുടെ ആപേക്ഷിക പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് മൂല്യവർദ്ധിത ഉത്പന്ന സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി Central Institute of Fisheries Technology (CIFT) മായി ചേർന്ന് ശീതീകരണ സംവിധാനത്തോടുകൂടിയ 20 മത്സ്യവിപണന കിയോസ്കുകൾ വിതരണം ചെയ്തുവരുന്നു. 16 ലക്ഷം രൂപയുടെ പദ്ധതിയുടെ ഭാഗമായി കൊല്ലം, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിൽനിന്നും 44 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിനായി 12.33 ലക്ഷം രൂപ ചെലവഴിച്ചു കഴിഞ്ഞു.

2. കൊച്ചിൻ ഷിപ്പ്‌യാർഡ് ലിമിറ്റഡിന്റെ CSR ഫണ്ടുപയോഗിച്ച് CIFT രൂപകല്പന ചെയ്ത 26 ഹൈജീനിക് റഫ്രിജറേറ്റഡ് മൊബൈൽ ഫിഷ് വെന്റിംഗ് കിയോസ്കുകൾ സാഫിന്റെ ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് വിതരണം ചെയ്യുന്നു. ആദ്യഘട്ടത്തിൽ 14 കിയോസ്കുകൾ വിതരണം ചെയ്തിട്ടുണ്ട്. ബാക്കി 11 കിയോസ്കുകൾ വിതരണം ചെയ്യുന്നതിനായി സജ്ജമാക്കിവരുന്നു.

3. സാഫ് മത്സ്യത്തൊഴിലാളി സ്ത്രീകളെ പ്രവർത്തക ഗ്രൂപ്പുകളാക്കി തിരിച്ച് ബദൽ ജീവനോപാധി മേഖലയിൽ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ സാമ്പത്തിക, സാങ്കേതിക സഹായങ്ങൾ ചെയ്തുവരുന്നു. തീരദേശത്തെ മത്സ്യത്തൊഴിലാളി വനിതകൾക്കുവേണ്ടി ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം (ഡി.എം.ഇ.), ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് (ജെ.എൽ.ജി) എന്നീ പദ്ധതികൾ നടപ്പാക്കുന്നു.

4. 2016-17 മുതൽ 2021-22 വരെയുള്ള കാലഘട്ടത്തിൽ 1070 പുതിയ മത്സ്യത്തൊഴിലാളി വനിതാ സംരംഭങ്ങൾ ആരംഭിച്ചു. ഇതിലൂടെ 3106 വനിതകൾക്ക് വരുമാനവും തൊഴിലും ഉറപ്പാക്കാൻ സാധിച്ചു. 2019-20 വരെ ഒരംഗത്തിന് 75,000 രൂപയായിരുന്ന ഗ്രാന്റ് 1,00,000 രൂപയായി വർദ്ധിപ്പിച്ചുകൊണ്ട് സംരംഭം ആരംഭിക്കുന്നതിനായി ഒരു ഗ്രൂപ്പിന് അഞ്ച് ലക്ഷം രൂപ വരെ നൽകിവരുന്നു. ഇതിനായി 2021-22 വർഷം 2201.18 ലക്ഷം രൂപ ഗ്രാന്റായി അനുവദിച്ചിട്ടുണ്ട്.

5. തീരദേശ ജില്ലകളിലായി 230 മത്സ്യത്തൊഴിലാളി വനിതകളെ ഉൾക്കൊള്ളിച്ചുകൊണ്ട് തിരുവനന്തപുരം-3, കൊല്ലം-7, ആലപ്പുഴ-6, എറണാകുളം-8, തൃശ്ശൂർ-6, മലപ്പുറം-4, കോഴിക്കോട്-6, കണ്ണൂർ-2, കാസർഗോഡ്-4 എന്നിങ്ങനെ 46 തീരമൈത്രി സീ ഫുഡ് റസ്റ്റോറന്റുകൾ

രൂപീകരിക്കുന്നതിന് 643.26 ലക്ഷം രൂപയുടെ പദ്ധതി നടപ്പാക്കി. നിലവിൽ 45 റസ്റ്റോറന്റുകൾ പ്രവർത്തിച്ചുവരുന്നു.

6. മത്സ്യത്തൊഴിലാളി വനിതകളെ കൊള്ളപ്പലിശക്കാരുടെ ചൂഷണത്തിൽനിന്ന് രക്ഷിക്കുന്നതിന് 2018-19 സാമ്പത്തിക വർഷത്തിൽ 3R Package For Ensuring Sustainable Livelihoods of Fisher women in Kerala (Rebuilding, Revival, Reforms) എന്ന പദ്ധതി പ്രകാരം 1000 മത്സ്യത്തൊഴിലാളി വനിതകളുടെ 200 JLG (Joint Liability Group) -കൾ രൂപീകരിച്ചു. കൊല്ലം ജില്ലയിൽ 160 ഉം ആലപ്പുഴ ജില്ലയിൽ 40 ഉം JLG-കൾക്ക് ധനസഹായം നൽകി. 1750 മത്സ്യത്തൊഴിലാളി വനിതകളെ ഉൾക്കൊള്ളിച്ചുകൊണ്ട് 350 Joint Liability Group-കൾ രൂപീകരിച്ചു. തിരുവനന്തപുരം- 100, കൊല്ലം -100, ആലപ്പുഴ-100, എറണാകുളം -50 എന്നീ ജില്ലകളിലായി രൂപീകരിക്കപ്പെട്ട JLG-കൾക്ക് 239 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ പദ്ധതിയിൽ 2020-21 വർഷത്തിൽ 304 JLG -കൾക്ക് ധനസഹായം നൽകി. 2021-22 വർഷത്തിൽ 1385 മത്സ്യത്തൊഴിലാളി വനിതകളെ ഉൾക്കൊള്ളിച്ചുകൊണ്ട് 277 JLG-കൾ രൂപീകരിച്ചു.

7. അഷ്ടമുടി Phase II പദ്ധതി പ്രകാരം 2018-19-ൽ 48

മത്സ്യത്തൊഴിലാളി വനിതകളെ ഉൾക്കൊള്ളിച്ചുകൊണ്ട് 12 തയ്യൽ യൂണിറ്റുകൾ 'Consortium' മാതൃകയിൽ കൊല്ലത്ത് പ്രവർത്തിച്ചുവരുന്നു.

2022-23 വർഷത്തിൽ സാഫ് മുഖേന നടപ്പാക്കുന്ന പദ്ധതികൾ

തീരദേശത്തെ മത്സ്യത്തൊഴിലാളി വനിതകൾക്കുവേണ്ടി ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം (ഡി.എം.ഇ.), ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് (ജെ.എൽ.ജി.) എന്നീ പദ്ധതികൾ 2022-23 വർഷത്തിൽ നടപ്പാക്കുന്നു. ഈ പദ്ധതിക്കായി 15 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം (Development of Micro Enterprises)

മത്സ്യത്തൊഴിലാളി വനിതകൾക്കായി ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 5 പേരടങ്ങുന്ന ഒരു യൂണിറ്റിന് പരമാവധി 5 ലക്ഷം രൂപ വരെ ഗ്രാന്റ് (ഒരംഗത്തിന് ഒരു ലക്ഷം രൂപ) അനുവദിക്കുന്നു. മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി 150-300 ചെറുകിട സംരംഭങ്ങൾ 2022-23 സാമ്പത്തിക വർഷത്തിൽ ആരംഭിക്കുന്നു. ഇതിനായി 800 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

2. JLG Project for Ensuring Livelihood Security of Fisherwomen in Kerala

മത്സ്യമേഖലയിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളി വനിതകളെ സ്വകാര്യ ധനമിടപാടുകാരുടെയും കൊള്ളപ്പലിശക്കാരുടെയും ചൂഷണത്തിൽനിന്നും രക്ഷിക്കുന്നതിന് സാഫ് മുഖേന JLG Project for Ensuring Livelihood Security of Fisherwomen in Kerala പദ്ധതി നടപ്പാക്കുന്നു. 2022-23 വർഷത്തിൽ 500 മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി 100 ജെ.എൽ.ജി. യൂണിറ്റുകൾ ആരംഭിക്കും. ഇതിനായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

<u>കേരള ബാങ്ക് മുഖേന ദീർഘകാല വായ്പ പദ്ധതി</u>

Covid-19-ന്റെ പശ്ചാത്തലത്തിൽ സംരംഭം മുന്നോട്ട് കൊണ്ടുപോകുവാൻ സാമ്പത്തികമായി ബുദ്ധിമുട്ടുന്ന തീരമൈത്രീ യൂണിറ്റുകൾക്ക് പ്രവർത്തിക്കാൻ വേണ്ട Working Capital Assistance നൽകുന്നതിനും അതുവഴി സ്വയം പര്യാപ്തത ഉറപ്പുവരുത്തുന്നതിനും കേരള ബാങ്ക് മുഖേന ദീർഘകാല വായ്പ ലഭ്യമാക്കി Collateral Security ഒന്നുംതന്നെ നൽകാതെ കുറഞ്ഞ പലിശ നിരക്കിലുള്ള ദീർഘകാല വായ്പയാണ് ലഭ്യമാക്കുന്നത്. 2020-21 വർഷത്തിൽ 1054 ഗുണഭോക്താക്കൾ ഉൾപ്പെടുന്ന 359 തീരമൈത്രി യൂണിറ്റുകൾക്കായി കേരള ബാങ്കിൽനിന്നും 5

കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2021-22 വർഷത്തിൽ 139 യൂണിറ്റുകൾക്ക് 1.64 കോടി രൂപയുടെ ദീർഘകാല വായ്പയും അനുവദിച്ചിട്ടുണ്ട്.

സ്നേഹതീരം പദ്ധതി

തീരദേശ ജില്ലകളിലെയും ഉൾനാടൻ മത്സ്യബന്ധനം നടത്തുന്ന മേഖലകളിലെയും മത്സ്യത്തൊഴിലാളികൾക്ക് കുറഞ്ഞ പലിശ നിരക്കിൽ ലോൺ അനുവദിച്ച് അവരെ സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുടെ ചൂഷണത്തിൽനിന്ന് മോചിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേരളത്തിലെ തീരദേശത്തെ മത്സ്യത്തൊഴിലാളികൾക്ക് വായ്പ നൽകുന്നതിന് സ്നേഹതീരം പദ്ധതി നടപ്പിലാക്കുന്നു.

Model Peeling Unit

ആലപ്പുഴ ജില്ലയിലെ 12 മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി 31 ലക്ഷം രൂപയുടെ 'Model Peeling Unit' സ്ഥാപിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലാണ്. പദ്ധതി തുകയുടെ 75 ശതമാനം ഗ്രാന്റും 20 ശതമാനം ബാങ്ക് ലോണും 5 ശതമാനം ഗുണഭോക്തൃ വിഹിതവും ആയിരിക്കും. ഒരംഗത്തിന് ഒരു ലക്ഷം രൂപ ഗ്രാന്റ്. പീലിംഗ് തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ഉയർന്ന ഗുണനിലവാരത്തിലും hygienic ആയും ജോലി ചെയ്യുന്നതിന് മാതൃകയാക്കുക എന്നതാണ് ഈ പദ്ധതികൊണ്ട്

ലക്ഷ്യമിടുന്നത്. ഇതിലൂടെ സ്ഥിരവരുമാനവും സ്ഥിരംതൊഴിലും കണ്ടെത്തുന്നതിനും തൊഴിൽ സാഹചര്യം മെച്ചപ്പെടുത്തുന്നതിനും സാധിക്കും.

**F. മത്സ്യഫെഡ് മുഖേന നടപ്പാക്കുന്ന പ്രധാന പ്രവർത്തനങ്ങൾ**

1. എൻ.സി.ഡി.സി. ധനസഹായത്തോടുകൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി (ഐ.എഫ്.ഡി.പി.)

മത്സ്യഫെഡിലെ അംഗങ്ങളായ പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾക്കും മത്സ്യവിപണന സംവിധാനങ്ങൾ വിപുലീകരിക്കുന്നതിനും ആവശ്യമായ വായ്പ ലഭ്യമാക്കുക, സംഘങ്ങൾക്ക് മത്സ്യസംസ്കരണത്തിന് അടിസ്ഥാന സൗകര്യം ഉണ്ടാക്കുക, മത്സ്യലേലം ശക്തിപ്പെടുത്തുന്നതിന് പ്രവർത്തന മൂലധനം ലഭ്യമാക്കുക എന്നിവ ഈ പദ്ധതി വഴി നൽകിവരുന്നു.

2. എൻ.ബി.സി.എഫ്.ഡി.സി./എൻ.എം.ഡി.എഫ്.സി എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടുകൂടിയുള്ള പദ്ധതികൾ - ടേം വായ്പകൾ, മൈക്രോഫിനാൻസ് വായ്പ, മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണനത്തിന് പലിശരഹിത വായ്പാ പദ്ധതി.

3. ലോൺ ഡിസ്ട്രസ് റിലീഫ് സ്കീം (LDRS), വലകൾക്കുള്ള സബ്സിഡി പദ്ധതി

മത്സ്യഫെഡ് മൈക്രോഫിനാൻസ്, മത്സ്യ വിപണന വനിതകൾക്കുള്ള പലിശരഹിത വായ്പ (ഐ.എഫ്.എൽ.) എന്നീ പദ്ധതികൾ വഴി മത്സ്യഫെഡിൽനിന്നും വായ്പയെടുത്തിട്ടുള്ള ഗുണഭോക്താക്കളിൽ മരണമടയുന്നവരുടെ വായ്പ കണക്കിൽ ബാക്കി നിൽക്കുന്ന വായ്പ തുക പൂർണ്ണമായും ഒഴിവാക്കിക്കൊടുക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

4. മത്സ്യഫെഡ് ഉപകരണ സുരക്ഷാ പദ്ധതി

മത്സ്യഫെഡ് വിവിധ വായ്പാ പദ്ധതികൾ വഴി വിതരണം ചെയ്യുന്ന മത്സ്യബന്ധന ഉപകരണങ്ങൾക്ക് അപകടം, പ്രകൃതിക്ഷോഭം എന്നിവ മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം ഉറപ്പാക്കുന്നതിനുവേണ്ടി മത്സ്യഫെഡ് നേരിട്ട് നടത്തുന്ന ഉപകരണ സുരക്ഷാ പദ്ധതിയാണിത്.

5. മത്സ്യത്തൊഴിലാളികൾക്കുള്ള കിസാൻ ക്രെഡിറ്റ് കാർഡ് (KCC)

മത്സ്യത്തൊഴിലാളികൾക്ക് കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതി വഴി വായ്പ ലഭിക്കുന്നതിന് 440 ബാങ്കുകളിലായി 11065 അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 648 പേർക്ക് 7.08 കോടി രൂപ കെ.സി.സി. വായ്പയായി വിവിധ ബാങ്കുകൾ വിതരണം ചെയ്തുകഴിഞ്ഞു.

6. കോട്ടയം ജില്ലയിലെ എസ്.സി./എസ്.റ്റി. വിഭാഗത്തിൽപ്പെട്ട

<u>മത്സ്യത്തൊഴിലാളികളുടെയും വനിതകളുടെയും ഉപജീവനമാർഗ്ഗം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി.</u>

എം.പി.ഇ.ഡി.എ.-യുടെ കീഴിലുള്ള നെറ്റ് ഫിഷ് ((Network for Fish Quality Management and Sustainable Fishing) എന്ന സ്ഥാപനത്തിന്റെ ധനസഹായത്തോടെ കോട്ടയം ജില്ലയിലെ എസ്.സി/എസ്.റ്റി വിഭാഗത്തിൽപ്പെട്ട മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിന് 50 ലക്ഷം രൂപയും വനിതകളുടെ 5 സ്വയംസഹായ ഗ്രൂപ്പുകൾക്ക് സോളാർ ഫിഷ് ഡ്രൈയറുകൾ നൽകുന്നതിന് 20 ലക്ഷം രൂപയും നൽകുന്ന പദ്ധതി നടപ്പാക്കി. 90 ശതമാനം തുക നെറ്റ്ഫിഷ് ഗ്രാന്റായി അനുവദിച്ചിട്ടുണ്ട്.

7. <u>മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ സബ്സിഡി</u>

മത്സ്യഫെഡിന്റെ മണ്ണെണ്ണ ബങ്കുകൾ വഴി മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിനുള്ള മണ്ണെണ്ണ വിതരണം ചെയ്യുന്നു. ലിറ്ററിന് 25 രൂപ നിരക്കിൽ മണ്ണെണ്ണയ്ക്ക് സബ്സിഡി നൽകുന്നു.

8. <u>മത്സ്യവിപണനം</u>

മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിൽനിന്നും മത്സ്യഫെഡ്

നേരിട്ട് മത്സ്യം സംഭരിക്കുന്നതുവഴി മത്സ്യത്തൊഴിലാളികൾക്ക് അവർ പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിന് മെച്ചപ്പെട്ട വില ലഭ്യമാകുന്നതിനുള്ള സാഹചര്യമുണ്ടാകുന്നു. മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിലെ അംഗങ്ങളായ എസ്.എച്ച്.ജി. ഗ്രൂപ്പുകളിലെ പരിശീലനം ലഭിച്ച വനിതകളാണ് മത്സ്യഫെഡ് ഫിഷ് മാർട്ടുകളും അന്തിപ്പച്ച യൂണിറ്റുകളും നടത്തുന്നത്. ഇതുവഴി അവർക്ക് തൊഴിലും മെച്ചപ്പെട്ട വരുമാനവും ലഭ്യമാകുന്നു.

G. <u>മത്സ്യബോർഡ് മുഖേന നടപ്പാക്കുന്ന പ്രധാന പ്രവർത്തനങ്ങൾ</u>

മത്സ്യത്തൊഴിലാളികളുടേയും അനുബന്ധത്തൊഴിലാളികളുടെയും സാമ്പത്തിക സാമൂഹിക നിലവാരം മെച്ചപ്പെടുത്തുന്നതിനായി വിവിധ പദ്ധതികളിലൂടെ ധനസഹായം നൽകിവരുന്നു. കൂടാതെ സംസ്ഥാന സർക്കാർ തീരാരോഗ്യം, തണൽ പദ്ധതികളും കോവിഡ്-19 മൂലമുള്ള തൊഴിൽ നഷ്ടം കണക്കിലെടുത്ത് നൽകുന്ന ധനസഹായങ്ങളും മത്സ്യബോർഡ് മുഖേന നൽകിവരുന്നു. മത്സ്യത്തൊഴിലാളികൾ, അനുബന്ധത്തൊഴിലാളികൾ എന്നീ വിഭാഗങ്ങൾക്കായി മത്സ്യബോർഡ് ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന വിവിധ ക്ഷേമപദ്ധതികൾ:

1. ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി

2. മത്സ്യബന്ധന സമയത്തോ തൊട്ടുപിന്നാലെയോ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാലുണ്ടാകുന്ന മരണത്തിന് ആശ്രിതർക്ക് ധനസഹായം.

3. വിവാഹ ധനസഹായ പദ്ധതി

4. മത്സ്യത്തൊഴിലാളികളുടെ ആശ്രിതരുടെ മരണാനന്തര ചെലവുകൾക്ക് ധനസഹായം നൽകുന്ന പദ്ധതി.

5. വാർദ്ധക്യകാല പെൻഷൻ

6. അപകടം മൂലമുണ്ടാകുന്ന താൽക്കാലിക അവശതയ്ക്ക് ആശ്വാസ ധനസഹായ പദ്ധതി.

7. മത്സ്യത്തൊഴിലാളികളുടെ മരണത്തോടനുബന്ധിച്ച് ആശ്രിതർക്കുള്ള ധനസഹായ പദ്ധതി.

8. എസ്.എസ്.എൽ.സി. പരീക്ഷയിൽ ഉന്നത വിജയം നേടുന്നവർക്ക് ക്യാഷ് അവാർഡ്

9. കുടുംബ സംവിധാന പദ്ധതി

10. മാരകരോഗ ചികിത്സാ പദ്ധതി

11. ചെയർമാൻസ് റിലീഫ് ഫണ്ട്

12. പ്രസവ ശുശ്രൂഷയ്ക്കുള്ള ധനസഹായ പദ്ധതി

13. ഉന്നത വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതി

14. വിധവ പെൻഷൻ

15. കായിക വിനോദ മത്സരത്തിൽ വിജയം നേടുന്നവർക്കുള്ള പദ്ധതി

16. ബോർഡിന്റെ പ്രത്യേക ധനസഹായം

17. ബോധവൽക്കരണ പരിപാടി

## അനുബന്ധം II

## ചോദ്യം (*61)-ലെ ബി പിരിവിന് അനുബന്ധം II ആയി മേശപ്പുറത്തുവച്ച ഉത്തരം

കേന്ദ്രാവിഷ്കൃത പദ്ധതിയായ PMMSY-യിൽ ഉൾപ്പെടുത്തി 10 പേർ വീതം അടങ്ങുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് 10 യന്ത്രവത്കൃത ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ നൽകുന്ന പദ്ധതിക്ക് 2020-21 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ചു. പദ്ധതി തുക 1200 ലക്ഷം രൂപയാണ്. ആദ്യഘട്ടത്തിൽ pilot പ്രോജക്ടായി തിരുവനന്തപുരം, കൊല്ലം എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലാണ് പ്രാഥമികമായി നടപ്പാക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളത്. നിലവിൽ 6 ഗ്രൂപ്പുകൾ തിരുവനന്തപുരം (2), കൊല്ലം (2) കോഴിക്കോട് (2) എന്ന തരത്തിൽ പദ്ധതിയിൽ അംഗങ്ങളാകാൻ താല്പര്യം അറിയിച്ചിട്ടുണ്ട്.

2. ഓഖി ദുരന്തത്തിൽ മത്സ്യബന്ധന യാനങ്ങൾ പൂർണ്ണമായും അപകടത്തിൽപ്പെട്ട് തൊഴിൽ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് 120 FRP മത്സ്യബന്ധന യൂണിറ്റുകൾ സൗജന്യമായി നൽകുന്നതിന് 2017-18 ലെ ബ്ലൂ-റവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 988 ലക്ഷം രൂപയുടെ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ഓരോ FRP ബോട്ടുകൾക്കും 25 HP യുടെയും 9.9 HP യുടെയും രണ്ട് എഞ്ചിനുകളും ജി.പി.എസ്., എക്കോസൗണ്ടർ, ലൈഫ്ബോയ്, റോപ്പ്, ഫ്ലോട്ട് എന്നിവയും നൽകുന്നു.

3. മത്സ്യത്തൊഴിലാളികൾക്ക് FRP മത്സ്യബന്ധന യൂണിറ്റുകൾ 40% സബ്സിഡിയിൽ വിതരണം ചെയ്യുന്നതിന് 2018-19 സാമ്പത്തികവർഷം ബ്ലൂ-റവല്യൂഷൻ പദ്ധതിയിലുൾപ്പെടുത്തി 412 ലക്ഷം രൂപയുടെ പദ്ധതി മത്സ്യഫെഡ് വഴി നടപ്പാക്കിയിരുന്നു. 200 മത്സ്യത്തൊഴിലാളികൾക്കാണ് ഈ പദ്ധതി പ്രകാരം 2 ലക്ഷം രൂപ വില വരുന്ന FRP മത്സ്യബന്ധന യൂണിറ്റുകൾ അനുവദിച്ചു നൽകിയത്.

4. 2021-22 സാമ്പത്തിക വർഷം PMMSY പദ്ധതിയിലുൾപ്പെടുത്തി മത്സ്യത്തൊഴിലാളികൾക്ക് 5 ലക്ഷം രൂപ ചെലവുവരുന്ന 100 FRP മത്സ്യബന്ധന യൂണിറ്റുകൾ വിതരണം ചെയ്യുന്നതിന് 500 ലക്ഷം രൂപയുടെ അനുമതി നൽകിയിട്ടുണ്ട്. FRP യാനത്തിനുപുറമെ എഞ്ചിൻ

മത്സ്യബന്ധന വലകൾ അനുബന്ധ ഉപകരണങ്ങൾ എന്നിവ ഉൾപ്പെടുന്നതാണ് ഒരു യൂണിറ്റ്. ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടത്തി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ മത്സ്യഫെഡ് വഴി പുരോഗമിക്കുന്നു. കൂടുതൽ സുരക്ഷിതമായ FRP യാനങ്ങൾ നൽകുന്നതിലൂടെ മത്സ്യത്തൊഴിലാളികളുടെ ആത്മവീര്യവും ആത്മവിശ്വാസവും വർദ്ധിപ്പിക്കുകയും സാമൂഹിക സാമ്പത്തിക സുരക്ഷിതത്വം ഉറപ്പുവരുത്തുകയും മത്സ്യത്തൊഴിലാളികളെ മത്സ്യബന്ധനയാനങ്ങളുടെ ഉടമസ്ഥരാക്കി തീർക്കുകയുമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

5. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് വലകൾവാങ്ങുന്നതിന് മത്സ്യഫെഡ് മുഖേന സബ്സിഡി നൽകുന്ന 'Suitable components for fishing gears' എന്ന പദ്ധതി നടപ്പാക്കിവരുന്നു. സംസ്ഥാന സർക്കാരിന്റെ ഒരു തുടർ പദ്ധതിയാണിത്. പദ്ധതി പ്രകാരം വിലയുടെ 25% അല്ലെങ്കിൽ 10,000/- രൂപ ഇവയിൽ ഏതാണോ കുറവ് ആയത് 10 HP യിൽ താഴെ OBM ഘടിപ്പിച്ച യാന ഉടസമസ്ഥരായ മത്സ്യത്തൊഴിലാളികൾക്കാണ് നൽകി വരുന്നത്.

6. 'Motorisation of country crafts' എന്ന പദ്ധതിയിലുൾപ്പെടുത്തി പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 40 HP വരെയുള്ള എൻജിൻ

വാങ്ങുന്നതിന് പരമാവധി 30,000/- രൂപ വരെ സബ്സിഡി അനുവദിക്കുന്നുണ്ട്. പ്രതിവർഷം 200 മത്സ്യത്തൊഴിലാളികൾക്ക് ഈ പദ്ധതിയിലൂടെ സബ്സിഡി അനുവദിക്കുന്നുണ്ട്. 40 HP വരെ എൻജിൻ കപ്പാസിറ്റിയുള്ള ഔട്ട്ബോർഡ് എൻജിൻ ഘടിപ്പിച്ച വള്ളങ്ങൾക്കാണ് സബ്സിഡി അനുവദിക്കുന്നത്.

7. എൻ.സി.ഡി.സി. ധനസഹായത്തോടുകൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി (ഐ.എഫ്.ഡി.പി.) മത്സ്യഫെഡിൽ അംഗങ്ങളായ പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾക്കും മത്സ്യവിപണന സംവിധാനങ്ങൾ വിപുലീകരിക്കുന്നതിനും ആവശ്യമായ വായ്പ ലഭ്യമാക്കുക, സംഘങ്ങൾക്ക് മത്സ്യസംസ്കരണത്തിന് അടിസ്ഥാന സൗകര്യം ഉണ്ടാക്കുക, മത്സ്യലേലം ശക്തിപ്പെടുത്തുന്നതിന് പ്രവർത്തന മൂലധനം ലഭ്യമാക്കുക എന്നിവ ഈ പദ്ധതി വഴി നൽകിവരുന്നു. മത്സ്യബന്ധന ഉപകരണ വായ്പാ പദ്ധതി, പലിശ രഹിത വായ്പാ പദ്ധതിയായിട്ടാണ് 2018-19 വർഷം മുതൽ നടപ്പാക്കിവരുന്നത്. മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമുള്ള എഞ്ചിനുകൾ മത്സ്യഫെഡ് തന്നെ ഇറക്കുമതി ചെയ്ത് നൽകിവരുന്നു. മത്സ്യബന്ധന വലകൾ മത്സ്യഫെഡിന്റെ 3

നെറ്റ് ഫാക്ടറികളിൽ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നു.

8. എൻ.ബി.സി.എഫ്.ഡി.സി./എൻ.എം.ഡി.എഫ്.സി. എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടുകൂടിയുള്ള പദ്ധതികൾ

ടേം വായ്പകൾ - മത്സ്യത്തൊഴിലാളി മേഖലയിൽ വിവിധ തൊഴിൽ സംരംഭങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനും മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനുമായി ടേം വായ്പകൾ നൽകിവരുന്നു. മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള വായ്പ പലിശരഹിതമായി 3 വർഷ കാലാവധിയിൽ നൽകുന്നു.

## അനുബന്ധം III

## ശ്രീ. സി. ആർ. മഹേഷ്, എം.എൽ.എ. അവതരിപ്പിച്ച കരുനാഗപ്പള്ളി കേരള ഫീഡ്സ് പ്ലാന്റിലെ ജീവനക്കാരുടെ ആവശ്യങ്ങൾ എന്ന സബ്മിഷന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ വിശദാംശങ്ങൾ

അതിനുശേഷം ഇ.എസ്.ഐ.-യുടെ പരിധിയിലുള്ളവർക്ക് ഇ.എസ്.ഐ. വ്യവസ്ഥ പ്രകാരമുള്ള ലീവ് അനുവദിക്കുന്നുണ്ട്. ഇ.എസ്.ഐ. പരിധിയിൽനിന്നും പുറത്തായ തൊഴിലാളികൾക്ക് പകരമായുള്ള ഇൻഷ്വറൻസ് പദ്ധതികൾക്കുള്ള നടപടിക്രമങ്ങൾ

പൂർത്തീകരിച്ചുവരുന്നു. കയറ്റിറക്ക് തൊഴിലാളി യൂണിയൻ പ്രതിനിധികളും കമ്പനി മാനേജ്മെന്റും തമ്മിലുള്ള ദീർഘകാല കരാറിന്റെ അടിസ്ഥാനത്തിലാണ് കയറ്റിറക്ക് തൊഴിലാളികളുടെ സേവന വേതനവും മറ്റ് തൊഴിൽ സംബന്ധമായ വ്യവസ്ഥകളും നിർണ്ണയിക്കുന്നത്. അതുപ്രകാരം മാത്രമേ ആശ്രിതനിയമനം പരിഗണിക്കാനാകൂ. കയറ്റിറക്ക് വിഭാഗം തൊഴിലാളികളെ പ്രതിനിധീകരിക്കുന്ന ട്രേഡ് യൂണിയനുകളുമായി ഏർപ്പെട്ടിരിക്കുന്ന ദീർഘകാല കരാറിലെ പാർട്ട് (4) (പൊതു വ്യവസ്ഥകൾ) 12-ാം വ്യവസ്ഥപ്രകാരം "ജോലിയിലിരിക്കെ കയറ്റിറക്ക് തൊഴിലാളികൾക്ക് ഗുരുതരപരിക്ക്/അപകടം/അനാരോഗ്യം/ മരണം എന്നിവമൂലം തൊഴിൽ ചെയ്യാൻ കഴിയാത്ത സാഹചര്യത്തിൽ കയറ്റിറക്ക് തൊഴിലാളികളുടെ നിയമപരമായ അവകാശിക്ക്/ആശ്രിതന് (നിയമപരമായ അവകാശി ഇല്ലാത്ത സാഹചര്യത്തിൽ) ഈ തൊഴിൽ മാനേജ്മെന്റിന്റെ അംഗീകാരത്തിന് വിധേയമായി കൈമാറ്റം ചെയ്യുന്നതിന് അനുവദിക്കുന്നതായിരിക്കും" എന്ന് പ്രസ്തുത കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിൻപ്രകാരം മരണപ്പെട്ടവരുടെ ആശ്രിതരെ അവർ ചെയ്തിരുന്ന ജോലികളിൽ ഏർപ്പെടുത്തുന്നതിന് കമ്പനി തയ്യാറാണെന്ന് തൊഴിലാളി യൂണിയനുകളെ അറിയിച്ചിട്ടുണ്ട്. കൂടാതെ കമ്പനിയിലെ എല്ലാ

തൊഴിലാളികളുടെയും വിരമിക്കൽപ്രായം 58 വയസ്സാണ്. കേരളത്തിലെ ഒരു പൊതുമേഖലാ സ്ഥാപനത്തിലും കയറ്റിറക്ക് തൊഴിലാളികൾക്ക് മിനിമം വേതനം വ്യവസ്ഥ ചെയ്തിട്ടില്ല. നിലവിൽ ഈ വിഭാഗം തൊഴിലാളികൾക്ക് ശരാശരി തുകയായി ഒരാൾക്ക് പ്രതിമാസം 32000 രൂപ ലഭിച്ചു വരുന്നു.

--